# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിന്റെയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിന്റെയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിന്റെയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിന്റെ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിന്റെ അതി വിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിന്റെയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിന്റെ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിന്റെ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.

**വാല്യം 1**

### പാറശ്ശാല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

### പെരുങ്കടവിള ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

### അതിയന്നൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

### നേമം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

### തിരുവനന്തപുരം റൂറൽ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

### കഴക്കൂട്ടം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

### വെള്ളനാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

### നെടുമങ്ങാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

### വാമനപുരം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

### കിളിമാനൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

### ചിറയിൻകീഴ് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

### വർക്കല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

H

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

**വാല്യം 28**

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

**വാല്യം 29**

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

**വാല്യം 30**

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

**വാല്യം 31**

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

**വാല്യം 32**

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

**വാല്യം 33**

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

**വാല്യം 34**

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

**വാല്യം 35**

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

**വാല്യം 36**

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

**വാല്യം 37**

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

**വാല്യം 38**

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

**വാല്യം 39**

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

**വാല്യം 40**

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

**വാല്യം 41**

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

**വാല്യം 42**

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

## വാല്യം 57

### കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

## വാല്യം 58

### അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

## വാല്യം 59

### ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

## വാല്യം 60

### നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

## വാല്യം 61

### ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

## വാല്യം 62

### ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

## വാല്യം 63

### കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

## വാല്യം 64

### തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

## വാല്യം 65

### അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

## വാല്യം 66

### പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. [illegible]

## വാല്യം 67

### ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

## വാല്യം 68

### അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

## വാല്യം 69

### കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

## വാല്യം 70

### വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

## വാല്യം 71

### ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ

## വാല്യം 100

### ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

## വാല്യം 101

### ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

## വാല്യം 102

### മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

## വാല്യം 103

### അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

## വാല്യം 104

### പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ

## വാല്യം 105

### കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

## വാല്യം 106

### ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

## വാല്യം 107

### കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

## വാല്യം 108

### നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

## വാല്യം 109

### ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി

## വാല്യം 110

### മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപ്പുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

## വാല്യം 111

### നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

## വാല്യം 112

### കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

## വാല്യം 113

### വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ

**വാല്യം 114**

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

**വാല്യം 115**

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

**വാല്യം 116**

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

**വാല്യം 117**

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

**വാല്യം 118**

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

**വാല്യം 119**

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

**വാല്യം 120**

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

**വാല്യം 121**

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

**വാല്യം 122**

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

**വാല്യം 123**

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

**വാല്യം 124**

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

**വാല്യം 125**

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

**വാല്യം 126**

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

**വാല്യം 127**

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

### വാല്യം 128

## തോടന്നൂർ ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

### വാല്യം 129

## മേലടി ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

### വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

### വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

### വാല്യം 132

## പന്തലായിനി ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി

### വാല്യം 133

## ചേളന്നൂർ ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

### വാല്യം 134

## കൊടുവള്ളി ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

### വാല്യം 135

## കുന്നമംഗലം ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

### വാല്യം 136

## കോഴിക്കോട് ബ്ലോക്ക്
*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്

### വാല്യം 137

## മാനന്തവാടി ബ്ലോക്ക്
*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

### വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്
*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പൂൽപള്ളി

### വാല്യം 139

## കൽപറ്റ ബ്ലോക്ക്
*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

### വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

**വാല്യം 153**

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

**വാല്യം 154**

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

**വാല്യം 155**

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

**വാല്യം 156**

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

**വാല്യം 157**

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

**വാല്യം 158**

## ഇടുക്കി ജില്ല

1. തൊടുപുഴ

**വാല്യം 159**

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

**വാല്യം 160**

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

**വാല്യം 161**

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

**വാല്യം 162**

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

**വാല്യം 163**

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

**വാല്യം 164**

## വയനാട് ജില്ല

1. കൽപ്പറ്റ

**വാല്യം 165**

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

**വാല്യം 166**

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്


## അബ്ദുറഹിമാൻ നഗർ
## ഗ്രാമപഞ്ചായത്ത്

**ജനകീയാസൂത്രണം**

# വികസന രേഖ



# ഓർമ്മകളിലൂടെ......



മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്

അധികാരം ജനങ്ങൾക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണം

# വികസന രേഖ

## അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

വികസന സെമിനാർ 96 നവംബർ 30

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ശ്രീ.ടി.കെ.മൊയ്തീൻകുട്ടിമാസ്റ്റർ

അംഗങ്ങൾ : പി.എം.ഹബീബുള്ള

സി.ചന്ദ്രമതി

കെ.സത്യൻ

കെ.ടി.അലവിക്കുട്ടി

സി.പി.കൃഷ്ണദാസ്

വി.എ.മൊഹ്യുദ്ദീൻഹാജി

പി.കെ.മധുസൂദനൻ

കെ.ചെല്ലമ്മ

എ.പി.ഹംസ

എൻ.സുരേന്ദ്രൻ

പി.സി.സാമുവൽ

കവർ ഡെയ്സി, ചെമ്മാട്.

## ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് - പൊതുവിവരണം
3. സാമൂഹിക സാംസ്ക്കാരിക ചരിത്രം
4. കൃഷിയും ജലസേചനവും
5. വിദ്യാഭ്യാസം
6. കുടിവെള്ളം പൊതുജനാരോഗ്യം
7. വ്യവസായം
8. ഗതാഗതം, ഊർജ്ജം
9. മൃഗസംരക്ഷണം, മത്സ്യബന്ധനം
10. പാർപ്പിടം, സാമൂഹ്യക്ഷേമം
11. സഹകരണം
12. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
13. വനിത
14. സംസ്ക്കാരം
15. വിഭവസമാഹരണം
16. ഉപസംഹാരം

## പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

1. പി.എം.ഹബീബുള്ള (പ്രസിഡണ്ട്)
2. കെ.മൂസ്സ (വൈസ് പ്രസിഡണ്ട്)
3. പി.കെ.കുഞ്ഞറമുഹാജി (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)
4. വാക്യത്തൊടി കദീജ
5. പി.വി.ഇബ്രാഹിം.
6. മുക്കൻ ആലി
7. കരിയാട്ടിൽ ആയിഷാബീവി
8. കെ.ചന്ദ്രൻ
9. സി.കെ.മുഹമ്മദ്ഹാജി
10. എ.പി.മുഹമ്മദ്കുട്ടിഹാജി
11. സി.ചന്ദ്രമതി ടീച്ചർ
12. കാവുങ്ങൽ പാത്തുമ്മ

# അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



പി.എം.ഹബീബുള്ള
പ്രസിഡണ്ട്



കെ.മൂസ്സ
വൈസ് പ്രസിഡണ്ട്




പി.കെ.കുഞ്ഞറമുഹാജി
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ

## മെമ്പർമാർ



വി.ടി.കതീജ




പി.വി.ഇബ്രാഹിം




മുക്കൻ ആലി



കെ.ആയിഷാബീവി



കെ.ചന്ദ്രൻ



സി.കെ.മുഹമ്മദ്ഹാജി




എ.പി.മുഹമ്മദ്കുട്ടിഹാജി



സി.ചന്ദ്രമതി



കെ.പാത്തുമ്മ


തേഞ്ഞിപ്പലം പഞ്ചായത്ത്
VI
വലിയപറമ്പ്
VII
പുകയൂർ-കളത്തിങ്ങൽപ്പാറ
VIII
പാലമഠത്തിൽ ചെന
IX
ചെപ്പിയാലം
X
കക്കാടംപുറം
V
ചെണ്ടപ്പുറായ
N·H·17
N·H·17
IV
വി.കെ.പടി.
XI
എ.ആർ നഗർ ബസാർ
II
മമ്പുറം നോർത്ത്
III
ഇരുമ്പുചോല
N·H·17
XII
കൊളപ്പുറം സൗത്ത്
I
മമ്പുറം സൗത്ത്
മൂന്നിയൂർ പഞ്ചായത്ത്
വേങ്ങര പഞ്ചായത്ത്
വേങ്ങര പഞ്ചായത്ത്
കടലുണ്ടിപ്പുഴ.
N
അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്ത് വാർഡുകൾ.

# 1

# ആമുഖം

ഭാരതം സ്വാതന്ത്ര്യയായി. ആഗസ്ത് 15 സ്വാതന്ത്ര്യദിനമായി നാം ആചരിച്ചുവരുന്നു. പിന്നോക്ക വിഭാഗങ്ങളുടേയും പിന്നോക്ക പ്രദേശങ്ങളുടേയും ക്ഷേമത്തിനു വേണ്ടി ഒട്ടനവധി പദ്ധതികൾ കഴിഞ്ഞ കാലഘട്ടങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി. എട്ടുപഞ്ചവത്സരപദ്ധതികൾ നാം പിന്നിട്ടു. പഞ്ചവത്സര പദ്ധതികളുടെ ലക്ഷ്യപ്രാപ്തിനേടാൻ നമുക്ക് കഴിഞ്ഞില്ല. ഇതിൻെറ മുഖ്യ കാരണം സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിൽ നിന്നും ഭരണാധികാരി വർഗ്ഗങ്ങളിൽ നിന്നും ഉണ്ടായ വീഴ്ചകളാണ്. സ്വാതന്ത്ര്യത്തിൻെറ ഗുണഫലം ജനങ്ങളിലെത്തിക്കാൻ നമുക്ക് കഴിഞ്ഞില്ല. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രങ്ങളിലൊന്നായ ഇന്ത്യയിൽ അധികാരം മേൽത്തട്ടിൽ മാത്രം ഒതുങ്ങിനിന്നു. ഇതുകൊണ്ടു തന്നെ ജനക്ഷേമകരങ്ങളായ ഒട്ടനവധി പദ്ധതികൾ പരാജയപ്പെട്ടുപോയി.

അധികാരം താഴെക്കിടയിലുള്ള ജനതയിലേക്കെത്തിക്കുക എന്ന രാഷ്ടപ്രിതാവിൻെറ സ്വപ്നം സാക്ഷാത്കരിക്കുവാൻ മാറിവന്ന ഭരണകൂടങ്ങൾക്കായില്ല. ഈ സ്വപ്നസാക്ഷാൽകാരത്തിനുവേണ്ടി ചില ഒറ്റപ്പെട്ട നീക്കങ്ങൾ ഉണ്ടായെങ്കിലും വിജയിക്കാതെപോയി. അന്തരിച്ച മുൻ പ്രധാനമന്ത്രി ശ്രീ.രാജീവ്ഗാന്ധിയാണ് ഭരണഘടനയുടെ പിൻബലത്തോടെ, നിയമനിർമ്മാണങ്ങളിലൂടെ താഴേത്തട്ടിലുള്ള ജനതയിലേക്ക് അധികാരം കൈമാറാനുള്ള ഒരു ശ്രമം നടത്തിയത്. ഇപ്പോഴത്തെ പുതിയ സംരംഭമായ ജനകീയാസൂത്രണ പ്രക്രിയ നടപ്പാക്കാൻ പോകുന്ന ഈ വേളയിൽ നമുക്ക് രാജീവ്ജിയെ സ്മരിക്കാം.

പരേതനായ ശ്രീ.രാജീവ്ജിയുടെ സ്വപ്നം സാക്ഷാത്കരിക്കുവാൻ 73,74 ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ന് നമുക്ക് സാധ്യമായിട്ടുണ്ട്. ഈ ഭരണഘടനാ ഭേദഗതിയിലൂടെ അധികാരവും ആസൂത്രണവും താഴേത്തട്ടിലേക്ക് വന്നു. എന്നിട്ടും ഇത് ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് കഴിഞ്ഞില്ല. ഇതു പൂർണ്ണതയിലെത്തിക്കുവാനുള്ള ഒരു ശ്രമം എന്നുള്ള നിലയിൽ ജനകീയാസൂത്രണ പ്രക്രിയ താഴേത്തട്ടിൽ നിന്നും തുടങ്ങുന്നതിന്നുവേണ്ടി കേരള സംസ്ഥാന ഗവൺമെൻറ മുന്നോട്ടുവന്നിരിക്കുന്നു.

ജനകീയാസൂത്രണ പദ്ധതിയെ വിലയിരുത്തുവാനുള്ള സമയമായിട്ടില്ല. ഒരു പഞ്ചവത്സരപദ്ധതിക്കാലം നാം ഇതിന്നുവേണ്ടി കാത്തിരിക്കേണ്ടതുണ്ട്. ഭാവിയിൽ എന്തൊക്കെ വീഴ്ചകൾ സംഭവിച്ചാലും പുതിയ ഒരു വികസന സംസ്കാരത്തിൻെറ തുടക്കമെന്ന നിലയിലും, പുതിയ ഒരു രാഷ്ട്രീയ സംസ്കാരമെന്ന നിലയിലും ഇതിനെ നമുക്ക് നോക്കി കാണാം. 9 ാം പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കെ അധികാരത്തോടൊപ്പം സാമ്പത്തികവും പഞ്ചായത്തുകൾക്ക് നൽകുമെന്നതിനാൽ ഒരു പരിധിവരെ ജനതാല്പര്യം സംരക്ഷിക്കാൻ കഴിയുമെന്ന വിശ്വാസം

ജനങ്ങളിൽ വളർന്നിട്ടുണ്ട്.

പഞ്ചായത്തുകൾക്കുള്ള കേന്ദ്ര സർക്കാർ വിഹിതം, സംസ്ഥാന സർക്കാർ വിഹിതം, സഹകരണ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകൾ, പഞ്ചായത്തിൻെറ നികുതിവരുമാനം, ഇതിനെല്ലാത്തിനും പുറമെ സന്നദ്ധസംഘടനകളിൽ നിന്നുള്ള ജനകീയ സംഭാവനകൾ (അദ്ധ്വാനം, പണം, വിഭവങ്ങൾ) തുടങ്ങിയവ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകളാണ്. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ നിലവിലുള്ള പദ്ധതികളുടേയും ഏറ്റെടുക്കാൻ പോകുന്ന പദ്ധതികളുടേയും നടത്തിപ്പ് സ്വാഭാവികമായും വേഗത്തിലും കാര്യക്ഷമമായും നമുക്ക് നിർവഹിക്കാൻ കഴിയും. അഴിമതിയുടെ എല്ലാ കൈവഴികളും തടഞ്ഞുനിറുത്താനും നമുക്ക് സാധിക്കും.

കേരള സർക്കാർ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിൻെറ മുൻപുതന്നെ അബ്ദുറഹിമാൻ നഗർ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രക്രിയക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 1996 ആഗസ്ത് 8 ാം തിയതി നിലവിൽ വന്ന എ.ആർ.നഗർ പഞ്ചായത്ത് വികസന സമിതി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരേയും, രാഷ്ട്രീയ പ്രവർത്തകരേയും, സന്നദ്ധ സംഘടനാ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തിൻെറ ബഹുമുഖമായ വികസനകാര്യങ്ങളെക്കുറിച്ചുള്ള ചർച്ചയും ഭൂപടനിർമാണം പോലെയുള്ള പ്രവർത്തനങ്ങളും നടത്തിക്കഴിഞ്ഞിട്ടുണ്ട്. സാമൂഹിക സാമ്പത്തിക സർവെ നടത്തുന്നതിന് വികസനസമിതി തീരുമാനമെടുത്തിട്ടുണ്ട്. ജനകീയാസൂത്രണത്തിൻെറ ഭാഗമായി നടത്തപ്പെടുന്ന സർവേകൾ സമിതിയുടെ പ്രവർത്തനത്തിന് സഹായകമാണ്.

കേരള സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒട്ടുമിക്ക രാഷ്ട്രീയപാർട്ടികളും അബ്ദുറഹിമാൻ നഗറിലുണ്ട്. പഞ്ചായത്തിലെ ജനകീയടിത്തറയുള്ള പ്രബലമായ രാഷ്ട്രീയപാർട്ടികൾ മുസ്ലീംലീഗ്, കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിറ്റ്) എന്നിവയാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രവർത്തകരും ജനകീയാസൂത്രണത്തിൽ പങ്കാളികളാണ്. അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിലെ രാഷ്ട്രീയ ബോധത്തിൻേറയും സന്നദ്ധസേവന തല്പരതയുടേയും അടിത്തറയിൽ നിന്നുകൊണ്ട് മുൻകാല സേവകരുടെ പ്രവർത്തനങ്ങളിൽ നിന്ന് മാതൃക സ്വീകരിച്ചുകൊണ്ട് ചരിത്രത്തിൻെറ ഒരു നിയോഗമെന്ന നിലയിൽ ഇന്ന് വന്നുചേർന്നിട്ടുള്ള ജനകീയാസൂത്രണ പ്രക്രിയ യാഥാർത്ഥ്യമാക്കാൻ സർക്കാറുകളുടെ ഭാഗത്തുനിന്നും സഹായകരമായ നിലപാടുകൾ ഉണ്ടാകുമെങ്കിൽ നമുക്ക് സാധിക്കും.

# 2

## പഞ്ചായത്ത് - പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | അബ്ദുറഹിമാൻ നഗർ |
| ഉൾപ്പെടുന്ന വില്ലേജ് | : | അബ്ദുറഹിമാൻ നഗർ |
| ബ്ലോക്ക് പഞ്ചായത്ത് | : | വേങ്ങര |
| താലൂക്ക് | : | തിരൂരങ്ങാടി |
| അസംബ്ലി മണ്ഡലം | : | തിരൂരങ്ങാടി |
| വിസ്തീർണ്ണം | : | 14.83 ച.കി.മീ. |
| അതിരുകൾ | : | വടക്ക് - തേഞ്ഞിപ്പലം പഞ്ചായത്ത് |
| | | തെക്ക് - കടലുണ്ടിപുഴ |
| | | കിഴക്ക് - വേങ്ങര പഞ്ചായത്ത് |
| | | പടിഞ്ഞാറ് - മൂന്നിയൂർ പഞ്ചായത്ത് |
| ജനസംഖ്യ | : | 30,071 (1991 സെൻസസ്) |
| പുരുഷന്മാർ | : | 14,593 |
| സ്ത്രീകൾ | : | 15,485 |
| ജനസാന്ദ്രത | : | 2028 |
| അക്ഷരാഭ്യാസമുള്ളവർ | : | 22765 |
| വാർഡുകൾ | : | 12 |
| പ്രസിഡണ്ടിന്റെ പേര് | : | പി.എം.ഹബീബുള്ള |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | കെ.മൂസ്സ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : | പി.കെ.കുഞ്ഞറമുഹാജി |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | : | കെ.സത്യൻ |
| വികസനസമിതി കൺവീനർ | : | ടി.കെ.മൊയ്തീൻകുട്ടിമാസ്റ്റർ |

# അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ

1. പഞ്ചായത്ത് ഓഫീസ്
2. വില്ലേജ് ഓഫീസ്
3. പ്രാഥമികാരോഗ്യകേന്ദ്രം
4. ഗവണ്മെൻറ് ആയുർവ്വേദ ഡിസ്പെൻസറി, മമ്പുറം
5. ഗവണ്മെൻറ് ഹോമിയോ ഡിസ്പെൻസറി, പുകയൂർ
6. ഗവണ്മെൻറ് വെറ്ററിനറി ഡിസ്പെൻസറി, കുന്നുംപുറം
7. കൃഷിഭവൻ
8. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്, കൊളപ്പുറം
9. ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ്, ഇരുമ്പുചോല
10. കെ.എസ്.ഇ.ബി. സബ് എഞ്ചിനീയറുടെ ഓഫീസ്, കുന്നുംപുറം.
11. ആരോഗ്യ ഉപകേന്ദ്രങ്ങൾ കൊളപ്പുറം, പുകയൂർ, പുതിയത്തുപുറായ, മമ്പുറം
12. ബ്രാഞ്ച് പോസ്റ്റ്ഓഫീസ്, ഒളകര
13. ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, മമ്പുറം.

# 3

# സാമൂഹിക സാംസ്കാരിക ചരിത്രം

പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിച്ച് മലപ്പുറം ജില്ലയിലെ വിവിധ പഞ്ചായത്ത് പ്രദേശങ്ങളിലൂടെ ഒഴുകി അറബിക്കടലിൽ ചേരുന്ന കടലുണ്ടിപുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഒരു കൊച്ചുഗ്രാമമാണ് അബ്ദുറഹിമാൻ നഗർ. കൊടുവായൂർ എന്ന പേരിലാണ് ആദ്യകാലങ്ങളിൽ ഈ ഗ്രാമം അറിയപ്പെട്ടിരുന്നത്. അതി വിപുലമായ ഒരു ചരിത്ര പശ്ചാത്തലമോ ഇന്ത്യാരാജ്യത്ത് അറിയപ്പെടുന്ന ചരിത്രപുരുഷന്മാരോ ഈ പഞ്ചായത്തിലില്ലെങ്കിലും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ഒട്ടനവധി വ്യക്തികളുടെ ചരിത്രം പഞ്ചായത്തിനുണ്ട്.

കടലുണ്ടിപുഴ, പട്ടിശ്ശേരിപാടം, പെരുവള്ളൂർപാടം, കുറ്റൂർ പാടം എന്നിവയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ കൊച്ചുഗ്രാമം വർഷകാലങ്ങളിൽ ഒരു ദ്വീപിൻെറ പ്രതീതി സൃഷ്ടിക്കുമായിരുന്നു. പുറം ലോകവുമായി ബന്ധപ്പെടാൻ വളരെയേറെ പ്രയാസങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. കൊടുവായൂർ എന്നപേരിൽ അറിയപ്പെട്ടിരുന്ന ഈ ഗ്രാമം മമ്പുറം, കൊടുവായൂർ, പുകയൂർ എന്നീ മൂന്ന് ദേശങ്ങളായിരുന്നു. ഈ മൂന്ന് ദേശങ്ങളും കൊടുവായൂർ അംശത്തിൻെറ കീഴിലായിരുന്നു. പഞ്ചായത്തിലേയും പരിസരപഞ്ചായത്തിലേയും 22 ദേശങ്ങളുടെ ഭരണാധികാരിയായിരുന്ന കപ്പേടത്ത് മൂപ്പിൽനായരുടെ നാടുവാഴി ഭരണത്തിലായിരുന്നു ഈ പ്രദേശം. കൊടുവായൂർ എന്ന പേര് ഈ ഗ്രാമത്തിന് സിദ്ധിച്ചത് അബ്ദുറഹിമാൻ നഗർ ബസാറിനടുത്ത് സ്ഥിതിചെയ്യുന്ന ശ്രീ.സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൻെറ ചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്നു.

കപ്പേടത്ത് മൂപ്പിൽ നായരുടെ ഭരണകാലഘട്ടത്തിനുശേഷം ഗ്രാമത്തിലെ ഏതാനും ചില ഭൂവുടമകളായ നാട്ടുകാരണവന്മാരുടെ ഭരണത്തിലേക്ക് മാറി. ഈ നാട്ടുകാരണവന്മാർക്ക് ബ്രിട്ടീഷ് ഗവണ്മെൻറ് എല്ലാവിധ സൗകര്യങ്ങളും ഒത്താശകളും ചെയ്ത് കൊടുത്തുപോന്നു. പിൽക്കാലത്ത് ബ്രിട്ടീഷുകാർ അവരുടെ ഭരണം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിന് ഈ കാരണവന്മാരെ ഉപയോഗപ്പെടുത്തി. ഈ ഗ്രാമത്തിൻെറ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽപെട്ട കൃഷിഭൂമിയുടെ 95% വും നാലുജന്മിമാരുടെ അധീനതയിലായിരുന്നു. കൃഷിഭൂമിയിൽ നിന്നും കാണാവകാശമായും പാട്ടാവകാശമായും കർഷകരുടെ വരുമാനത്തിൽ നിന്നും വലിയൊരു പങ്ക് ഈ ഭൂവുടമകൾ വസൂലാക്കിപോന്നു. കർഷകർ വളർത്തുന്ന മൃഗങ്ങളിൽ നിന്നും നല്ലയിനം മൃഗങ്ങളും മറ്റു കാർഷിക ഉല്പന്നങ്ങളിൽ നിന്ന് ഏറ്റവും നല്ലതും ജന്മിമാരുടെ മുന്നിൽ കാഴ്ചവെക്കുന്ന പതിവ് പഴയകാലത്തുണ്ടായിരുന്നു. കേരളത്തിൽ പൊതുവെ നിലനിന്നുപോന്നിരുന്ന അയിത്തവും മറ്റ് അനാചാരങ്ങളും ഈ പഞ്ചായത്തിലും നിലനിന്നുപോന്നു. ഏതാനും ചില നെല്പാടങ്ങളും, നെല്പാടങ്ങളോട് ചേർന്നുകിടക്കുന്ന കേര കൃഷിക്ക് ഉപയോഗിക്കുന്ന

സ്ഥലങ്ങളും ഇഞ്ചി, മരച്ചീനിപോലെയുള്ള കൃഷിക്കുപയോഗിക്കുന്ന സ്ഥലങ്ങളും മാറ്റിനിറുത്തിയാൽ 80% ഭൂമിയും വെളിമ്പ്രദേശങ്ങളായിരുന്നു. വലിയ കുന്നുകളോ മലകളോ ഇല്ലാത്ത സമനിരപ്പായി കിടക്കുന്ന ഈ പ്രദേശങ്ങളത്രയും കന്നുകാലികളെ മേയ്ക്കുന്നതിനാണ് ഉപയോഗപ്പെടുത്തിയിരുന്നത്. കണ്ണെത്താദൂരത്ത് നീണ്ടുകിടക്കുന്ന ചുവന്ന നടപ്പാതകൾ, നടപ്പാതകളുടെ ഓരങ്ങളിൽ അങ്ങിങ്ങായി കാണുന്ന തണൽ വൃക്ഷങ്ങൾ, ചായപീടികകൾ, തണൽ വൃക്ഷങ്ങളുടെ അടുത്ത് കാണുന്ന അത്താണികൾ, തണൽവൃക്ഷങ്ങളുടെ ചുവട്ടിൽ ക്ഷൗരം ചെയ്യുന്നവർ ഇരിക്കാനുപയോഗിക്കുന്ന കല്ലുകൾ, കൂട്ടമായി മേഞ്ഞുനടക്കുന്ന കന്നുകാലികൾ മൈലുകൾ താണ്ടിചെല്ലുമ്പോൾ കാണുന്ന 'ചിനകൾ' എന്ന പേരിലറിയപ്പെടുന്ന ചെറിയ ജലാശയങ്ങൾ, ഇതൊക്കെത്തന്നെയും ഗ്രാമീണരായ ഞങ്ങളുടെ മനോഹരമായ പഴയകാല കാഴ്ചകളായിരുന്നു.

പച്ചപിടിച്ചുനിൽക്കുന്ന നെൽപ്പാടങ്ങളുടെ ഓരങ്ങളും കടലുണ്ടിപുഴയുടെ തീരപ്രദേശങ്ങളുമായിരുന്നു പഴയകാലത്ത് താമസത്തിന് കൂടുതലും ഉപയോഗപ്പെടുത്തിയിരുന്നത്. എന്നാൽ ഇന്ന്, വെളിമ്പ്രദേശങ്ങളായി കിടന്നിരുന്ന പ്രദേശങ്ങളത്രയും വീടുകളാലും മനോഹരമായ സൗധങ്ങളാലും നിറയ്ക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസ സൗകര്യങ്ങളോ ചികിത്സാസൗകര്യങ്ങളോ ഈ ഗ്രാമവാസികൾക്ക് അപ്രാപ്യമായിരുന്നു. ജലദോഷപ്പനിമുതൽ മാറാരോഗങ്ങൾവരെയുള്ള അസുഖങ്ങൾക്കും നാട്ടുവൈദ്യൻമാരേയും മന്ത്രവാദികളേയുമായിരുന്നു ഗ്രാമീണർ സമീപിച്ചിരുന്നത്. 1947 ൽ ഇന്ത്യ സ്വതന്ത്രയാകുന്നു. രാജ്യം വിഭജിക്കപ്പെട്ടു. ഒട്ടനവധി വർഗ്ഗീയ കലാപങ്ങൾ രാജ്യത്ത് പടർന്നുപിടിച്ചു. എന്നാൽ ഇത്തരം അസ്വസ്ഥതകളിൽ നിന്നെല്ലാം ഈ ഗ്രാമം മുക്തമായിരുന്നു. ബ്രിട്ടീഷു ഭരണത്തിനു പകരം ജനങ്ങൾ,ജനങ്ങൾക്കു വേണ്ടി, ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഗവണ്മെൻറ് അധികാരത്തിൽ വന്നു. ഭരണമാറ്റത്തിൻെറ ഫലമായി സാംസ്കാരിക മേഖലകളിലും, സാമൂഹ്യമേഖലകളിലും വന്ന മാറ്റങ്ങൾ കുറേശ്ശെയെങ്കിലും ഈ ഗ്രാമത്തേയും സ്വാധീനിച്ചു. ഈ സ്വാധീനം രാജ്യത്തിൻെറ മറ്റു ഭാഗങ്ങളിൽ സംഭവിച്ചതുപോലെ ഞങ്ങളുടെ ഗ്രാമത്തിൻെറയും ഉണർവിന് കാരണമായി. ഇതോടെ മതസംഘടനകളുടെ പ്രവർത്തനത്തിന്നും സാംസ്കാരിക പ്രവർത്തനത്തിന്നും ജീവൻ വയ്ക്കാൻ തുടങ്ങി. ഇതിൻഫലമായി ഗ്രാമത്തിലെ ഭൂരിപക്ഷ സമുദായമായ മുസ്ലിംങ്ങളുടെ ഓത്തുപ്പള്ളികളും ഏകാംഗവിദ്യാലയങ്ങളും നിലവിൽ വന്നു. അങ്ങിങ്ങായി ചില ഹിന്ദു എലിമെൻററി സ്കൂളുകളും നിലവിൽ വന്നു. ജനങ്ങളിൽ വിദ്യാഭ്യാസബോധവും സംഘടനാബോധവും അതിവേഗം വളർച്ച പ്രാപിച്ചു. ഈ ബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് പഴയകാല രാഷ്ട്രീയ നേതാക്കൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

കാലം പിന്നേയും മുന്നോട്ട് ഗമിച്ചു. മാറ്റങ്ങൾ വീണ്ടും വീണ്ടും സംഭവിച്ചുകൊണ്ടിരുന്നു. ഇതിൻഫലമായി ജനകീയാസൂത്രണത്തെക്കുറിച്ച് ചിന്തിക്കുവാൻ പോലും കഴിയാത്ത 1954 കാലഘട്ടത്തിൽ, അബ്ദുറഹിമാൻ നഗർ പഞ്ചായത്തിലേയും, വേങ്ങര-തേഞ്ഞിപ്പലം പഞ്ചായത്തുകളിലെ ഏതാനും ചില ഭാഗങ്ങളിൽ നിന്നും നാട്ടുകാരണവന്മാരുടേയും പൊതു പ്രവർത്തകരുടേയും ഒരു യോഗം ചേരുകയുണ്ടായി. ടിപ്പുസുൽത്താൻെറ പടയോട്ട കാലഘട്ടങ്ങളിൽ ഏറ്റവും വലിയ നടവഴിയായിരുന്ന, തിരൂരങ്ങാടിയെ കൊണ്ടോട്ടിയുമായി ബന്ധിപ്പിക്കുന്ന നടപ്പാത, റോഡാക്കി മാറ്റാൻ അവർ തീരുമാനമെടുത്തു. എ.ആർ.നഗറിലെ ജനമുന്നേറ്റത്തിൻെറ തുടക്കമായിരുന്നു ഇത്. നിർദ്ധനരായ ഒട്ടനവധി കുടുംബങ്ങൾ താമസിക്കുന്ന ഇന്നാട്ടുകാർ അക്കാലത്ത് തിരുവിതാംകൂർ ഭാഗത്ത് അടക്കവെട്ടുന്ന ജോലിയിലും, മദിരാശി, ബാംഗ്ളൂർ പോലെയുള്ള നഗരങ്ങളിൽ ബിസ്ക്കറ്റ് നിർമാണ ജോലിയിലും ഏർപ്പെട്ടുപോന്നു. ആറു മാസവും ഒരു വർഷവും കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തുന്ന ഇത്തരക്കാർ ധരിക്കുന്ന വസ്ത്രവും ജീവിതരീതിയും ജനങ്ങളിൽ കൗതുകം വളർത്തിയിരുന്നു. ഈ 'വിദേശികളായ' ജോലിക്കാർ, വീട്ടുകാർക്കായി അയച്ചുകൊടുക്കുന്ന പൈസയും കത്തുകളും വെള്ളക്കാട്ടുപടിയിലുണ്ടായിരുന്ന തപാലാഫീസു മുഖേനയാണ് മേൽവിലാസക്കാർക്ക് കിട്ടിക്കൊണ്ടിരുന്നത്. അക്കാലത്ത് തപാലാഫീസ്സിനോടനുബന്ധിച്ച് കൊടുവായൂർ എന്ന് എഴുതിച്ചേർത്തിരുന്നതിനാൽ തപാലുകൾ പലപ്പോഴും പാലക്കാട് ജില്ലയിലുള്ള കൊടുവായൂരിൽ പോയി താമസം നേരിടുക പതിവായിരുന്നു. ഇതുപോലെയുള്ള ഒട്ടനവധി ബുദ്ധിമുട്ടുകളാൽ കൊടുവായൂർ എന്ന പേരു മാറ്റി മറ്റൊരുപേര് സ്വീകരിക്കണം എന്ന ആശയം

ജനങ്ങളിൽ വളർന്നുവന്നു. കോൺഗ്രസ് പ്രസ്ഥാനത്തിന് വളരെയേറെ വേരുകളുള്ള ഒരു ഗ്രാമമായിരുന്നു കൊടുവായൂർ. സ്വാതന്ത്ര്യസമരനായകൻ അബ്ദുറഹിമാൻ സാഹിബിൻേറയും സഹപ്രവർത്തകരുടേയും പ്രവർത്തനമേഖല കൂടിയായിരുന്നു ഈ പ്രദേശം. എന്തു പേര് സ്വീകരിക്കണം എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നുവെങ്കിലും അന്നത്തെ പ്രബല കക്ഷികളായ കോൺഗ്രസ്സും മുസ്‌ലീംലീഗും പേര് മാറ്റണമെന്നതിൽ ഒരേ അഭിപ്രായക്കാരായിരുന്ന.ു കൊടുവായൂരിലെ കോൺഗ്രസ്സ് നേതാവും, എ.ആർ.നഗർ പഞ്ചായത്തിലെ പ്രഥമ പ്രസിഡണ്ടുമായിരുന്ന വി.അഹമ്മദ് ആസാദ് ഈ ആവശ്യത്തിൻെറ മുന്നിൽ ഉറച്ചുനിന്ന് പ്രവർത്തിച്ചു. പേരുമാറ്റണമെന്നുള്ള ആവശ്യവും, മാറിവരുന്ന പേര് അബ്ദുറഹിമാൻ സാഹിബിൻേറതായിരിക്കണമെന്നും അക്കാലത്ത് ആസാദ് കോൺഗ്രസ്സ് കമ്മറ്റയിൽ ഉന്നയിക്കുകയും പ്രദേശ് കോൺഗ്രസ്സ് കമ്മറ്റിയെക്കൊണ്ട് ഈ പേര് താത്വികമായി അംഗീകരിപ്പിക്കുകയും ചെയ്തു. പേര് മാറ്റം യാഥാർത്ഥ്യമാകാൻ പിന്നേയും വർഷങ്ങൾ പിന്നിട്ടു. അബ്ദുറഹിമാൻ സാഹിബിൻെറ ശിഷ്യനും കോൺഗ്രസ് നേതാവും, കേരളത്തിലെ അറിയപ്പെടുന്ന ഉജ്ജ്വല പ്രാസംഗികനും, സാമൂഹിക സാംസ്കാരിക പ്രവർത്തകനുമായിരുന്ന, ഇന്ന് സാംസ്കാരിക കേരളം അറിയപ്പെടുന്ന പി.പി.ഉമ്മർകോയ സാഹിബ് കേരളത്തിൻെറ സാമൂഹികക്ഷേമ വകുപ്പുമന്ത്രിയായ 1962 ലാണ് കൊടുവായൂരിൻെറ പേര് അബ്ദുറഹിമാൻ നഗർ എന്നാക്കി വിജ്ഞാപനം പുറപ്പെടുവിച്ചത്. തുടർന്ന് നടന്ന പ്രവർ ത്തനഫലമായി വി.കെ.പടി പോസ്റ്റോഫീസ് അബ്ദുറഹിമാൻ നഗർ പോസ്റ്റോഫീസാക്കിമാറ്റി. 1969 കാലഘട്ടംവരെ വില്ലേജിൻെറ പേര് കൊടുവായൂർ എന്നുതന്നെ നിലനിന്നുപോന്നു. 1969 ൽ അധികാരത്തിൽ വന്ന മന്ത്രിസഭയാണ് കൊടുവായൂർ വില്ലേജിൻെറ പേര് അബ്ദുറഹിമാൻ നഗർ എന്നാക്കിമാറ്റിയത്.

## മതസ്ഥാപനങ്ങൾ :

ഞങ്ങളുടെ ഗ്രാമപഞ്ചായത്തിൽ 41 മുസ്‌ലീംപള്ളികളും 19 ഹിന്ദുദേവാലയങ്ങളും 25 മുസ്‌ലീം മതവിദ്യാഭ്യാസ സ്ഥാപനങ്ങളും നിലവിലുണ്ട്. മലപ്പുറം ജില്ലക്ക് അകത്തുംപുറത്തും അറിയപ്പെടുന്ന മമ്പുറം മഖാമും മുസ്‌ലിം ദേവാലയവും വളരെ പ്രസിദ്ധമാണ്. തുല്യ പ്രാധാന്യത്തോടെതന്നെ കൊടുവായൂർ ശ്രീ.സുബ്രഹ്മണ്യസ്വാമിക്ഷേത്രം എ.ആർ.നഗർ ബസാറിനടുത്ത് സ്ഥിതിചെയ്യുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രവുമായി



*മമ്പുറം മഖാം*

ബന്ധപ്പെട്ട ഒട്ടേറെ പൈതൃകങ്ങൾ മമ്പുറം മഖാമുമായി ബന്ധപ്പെട്ടുകിടക്കുന്നു. സ്വാതന്ത്ര്യസമരപ്രസ്ഥാനവുമായി സാധാരണ ജനങ്ങളെ ബന്ധപ്പെടുത്തുന്നതിൽ ഈ സ്ഥാപനം വളരെയേറെ പങ്കുവഹിച്ചിട്ടുണ്ട്.

യമനിൽ നിന്നും കച്ചവടസംഘത്തോടൊപ്പം കോഴിക്കോട്ടെത്തിച്ചേർന്ന ഹസ്സൻ ജിഫ്റി തങ്ങൾ എന്നയാൾ സാമൂതിരിയുടെ ആതിഥ്യം സ്വീകരിക്കുകയും കോഴിക്കോട്ട് താമസമാക്കുകയും ചെയ്തു. പന്നീടദ്ദേഹം പൊന്നാനിയിലും തുടർന്ന് മമ്പുറത്തും എത്തിച്ചേർന്നു. കടലുണ്ടിപുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന മമ്പുറം എന്ന പ്രദേശം അദ്ദേഹത്തിന് വളരെയേറെ ഇഷ്ടപ്പെട്ടു. മമ്പുറം അദ്ദേഹം താമസസ്ഥലത്തിനായി തെരഞ്ഞെടുത്തു. മമ്പുറത്തെ ജീവിതകാലഘട്ടത്തിൽ ഒട്ടേറെ മതപ്രവർത്തനങ്ങൾക്കും സാമൂഹ്യ പ്രവർത്തനങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകി. വിവിധ ജാതിമതവിഭാഗങ്ങളുടെ ആളുകൾ അവരുടെ പ്രശ്നപരിഹാരത്തിന് അദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു. ഹിജറ വർഷം 1178 - ൽ ആണ് അദ്ദേഹം മരണമടഞ്ഞത്. മരണപ്പെടുമ്പോൾ അദ്ദേഹത്തിന് ഒരേയൊരു മകൾ മാത്രമാണ് ജീവിച്ചിരിപ്പുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ മാതൃസഹോദര പുത്രനായ സെയ്ത് അലവിതങ്ങൾ, യമനികളായ കച്ചവടസംഘക്കാരിൽ നിന്നും ജിഫ്റിതങ്ങൾ മലബാറിലുണ്ടെന്നറിഞ്ഞു. എങ്ങനെയെങ്കിലും ജിഫ്റിതങ്ങളുമായി ബന്ധപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഇതിൻഫലമായി ഹിജറ വർഷം 1181ൽ യമനിൽ നിന്നും പുറപ്പെട്ട ഒരു കച്ചവടസംഘത്തോടൊപ്പം അദ്ദേഹം മലബാറിലേക്ക് യാത്ര തിരിച്ചു. കോഴിക്കോട്ടെത്തിച്ചേർന്ന സെയ്ത് അലവിതങ്ങൾ ഒട്ടനവധി അന്വേഷണങ്ങൾക്കുശേഷം ജിഫ്റിതങ്ങൾ മരണപ്പെട്ടുപോയി എന്നും മകൾ ഫാത്തിമ മമ്പുറത്ത് ജീവിച്ചിരിപ്പുണ്ട് എന്നും മനസ്സിലാക്കി. കോഴിക്കോട്ടു നിന്നും അദ്ദേഹം മമ്പുറത്തേക്ക് യാത്ര തിരിച്ചു. അദ്ദേഹം ഫാത്തിമയെ വിവാഹം കഴിക്കുകയും കുടുംബജീവിതം നയിക്കുകയും ചെയ്തു. ഉന്നതനായ മതപണ്ഡിതൻ, വാഗ്മി എന്നീ നിലകളിൽ അറിയപ്പെട്ട സെയ്ത് അലവി തങ്ങൾ മലബാറിലെ ഒട്ടനവധി മതപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിപോന്നു. തൽഫലമായി മലബാറിന്റെ വിവിധ ഭാഗങ്ങളിൽ പള്ളികളും മതസ്ഥാപനങ്ങളും ഉയർന്നുവന്നു. ദാനശീലവും വിശക്കുന്നവർക്ക് ഭക്ഷണം നൽകലും അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങളായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾക്ക് പല അത്ഭുതസിദ്ധികളും ഉള്ളതായി പഴയ തലമുറയിലെ കാരണവന്മാർ ഇന്നും വിശ്വസിച്ചുപോരുന്നു. ഇദ്ദേഹത്തിന്റെ വാക്കുകളുടെ ഫലമായി തിരൂരങ്ങാടിയിലെ ഓടപ്പടി മുതൽ വാടപ്പടിവരെയുള്ള സ്ഥലങ്ങളിൽ പാമ്പുകടിയേറ്റാൽ വിഷമേൽക്കില്ല എന്ന് പറയപ്പെടുന്നു.

ഹിജ്റ വർഷം 1260 - ൽ മുഹറം 7 ന് അദ്ദേഹം മരണമടഞ്ഞു. ബ്രിട്ടീഷുകാരുമായുള്ള ഒട്ടനവധി സമരങ്ങളിൽ പങ്കെടുത്ത ചരിത്രം അദ്ദേഹത്തിനുണ്ട്. ഇങ്ങനെ ചരിത്രകാരന്മാർ ചില ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഹിജ്റ വർഷത്തിന്റെ അടിസ്ഥാനത്തിൽ മുഹറമാസം 7 ന് അദ്ദേഹത്തിന്റെ ചരമവാർഷികമായി ആഘോഷിച്ചുവരുന്നു. ചരമദിനത്തിന്റെ പ്രധാനചടങ്ങ് പാവങ്ങൾക്ക് അന്നദാനം നടത്തുക എന്നതാണ്. വിവിധ ജാതി മതസ്ഥരായ ആളുകൾ അദ്ദേഹത്തിന്റെ മഖ്ബറയിൽ നിത്യസന്ദർശകരാണ്. സെയ്ത് അലവിതങ്ങളുടെ മകനായിരുന്ന ഫസൽ പൂക്കോയതങ്ങളെ അറസ്റ്റ്ചെയ്ത് തടവിലാക്കി. മയ്യഴിയിലായിരുന്നു അദ്ദേഹത്തെ ജയിലിലടച്ചത്. ജയിൽ മോചനത്തിനുശേഷം അദ്ദേഹം പിതാവിന്റെ ജന്മദേശമായ യമനിലേക്ക് പോയി. ഇതോടെ സെയ്ത് അലവി തങ്ങൾക്ക് മലബാറിനോടുണ്ടായിരുന്ന കുടുംബബന്ധം അറ്റുപോയി. സെയ്ത് അലവിതങ്ങൾക്ക് നാട്ടുകാർ ദാനമായി നൽകിയിരുന്ന ഒട്ടേറെ സ്വത്തുക്കളും ദേവാലയത്തിന്റെ വഖഫ്സ്വത്തുക്കളും നാട്ടുകാരണവന്മാരാണ് പിന്നീട് കൈകാര്യം ചെയ്തിരുന്നത്. തങ്ങളുടെ കുടുംബസ്വത്തിന് അവകാശികളല്ലാത്ത, തങ്ങളുടെ അകന്ന ബന്ധത്തിൽ പെട്ടവരാണെന്ന് പറയപ്പെടുന്ന ആററക്കോയതങ്ങൾ എന്നയാളുടെ പിതാവ് ബ്രിട്ടീഷ് ഗവണ്മെൻറിൽ സ്വാധീനം ചെലുത്തി ഈ സ്വത്തുക്കൾ മുഴുവനും കൈവശപ്പെടുത്തി എന്ന് ജീവിച്ചിരിപ്പുള്ള ചില കാരണവന്മാർ പറഞ്ഞുകേൾക്കുന്നു. ആയിരക്കണക്കിന് ഏക്കർ വരുന്ന ഭൂസ്വത്തുക്കൾ പല ആളുകളുടേയും കൈവശത്തിലായി ഇന്ന് നിലനിൽക്കുന്നു.

അബ്ദുറഹിമാൻ നഗർ പഞ്ചായത്തിന്റെ ചരിത്രം കൊടുവായൂർ ശ്രീ.സുബ്രഹ്മണ്യസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഈ ക്ഷേത്രം പരശുരാമനാൽ പ്രതിഷ്ഠിതമായതെന്നാണ് കരുതപ്പെടുന്നത്.

ഇന്ന് ഈ ക്ഷേത്രത്തിനോട് തൊട്ട് ഒരു ശ്രീകൃഷ്ണ ക്ഷേത്രവും ഒരു ശിവക്ഷേത്രവും നിർമിക്കപ്പെട്ടിരിക്കുന്നു. നെച്ചിക്കാട്ടില്ലവും, കാരിശ്ശേരി ഇല്ലവും പഴയകാലത്ത് ഒരൊറ്റ ഇല്ലമായിരുന്നു. ക്ഷേത്രത്തിൻെറ ഉടമകൾ' ഇവരായിരുന്നു. ദേവസ്വം നടത്തിക്കൊണ്ടുപോകാൻ ഇല്ലക്കാർക്ക് കഴിയാതെ വന്നപ്പോൾ ക്ഷേത്രഭരണം കോട്ടക്കൽ കോവിലകത്തേക്ക് താല്ക്കാലികമായി കൈമാറ്റം ചെയ്യപ്പെട്ടു. അക്കാലത്ത് ഈ ക്ഷേത്രത്തിലെ പ്രധാന ശാന്തിക്കാരൻ മംഗലാപുരം സ്വദേശിയായിരുന്ന മാടമനം ഇല്ലത്ത് സുബ്രായൻ എമ്പ്രാന്തിരി ആയിരുന്നു. ക്ഷേത്രവുമായി അഭേദ്യമായ ബന്ധം ഉണ്ടായിരുന്ന മറ്റൊരു കുടുംബമാണ് കണ്ടേങ്ങലത്ത ' പുഷ്പകത്ത് നമ്പീശന്മാർ. ഇവർക്കായിരുന്നു അമ്പലത്തിലെ കഴകം. ടിപ്പുവിൻെറ പടയോട്ടത്തിൽ ഈ ക്ഷേത്രത്തിന് കേടുപാടുകൾ സംഭവിച്ചു. ഈ ക്ഷേത്രത്തിൽ നിന്നാണ് മറ്റു കുടുംബക്ഷേത്രങ്ങളിലേക്ക് കലശങ്ങൾ കൊണ്ടുപോകുന്നത്. തൈപ്പൂയം, പ്രതിഷ്ഠാദിനം, വേട്ടയ്ക്കൊരുമകൻപാട്ട്, ശ്രീകൃഷ്ണജയന്തി എന്നിവയാണ് ക്ഷേത്രത്തിലെ പ്രധാന ഉത്സവങ്ങൾ. ശബരിമല തീർത്ഥാടകരുടെ ഒരിടത്താവളം കൂടിയാണ് ഇവിടം.




*ശ്രീ.സുബ്രഹ്മണ്യസ്വാമി ക്ഷേത്രം*

# ചരിത്രാവശിഷ്ടങ്ങൾ

ഞങ്ങളുടെ ഗ്രാമപഞ്ചായത്തിൽ അറിയപ്പെടുന്ന ചരിത്രാവശിഷ്ടങ്ങൾ ഒന്നും ഇല്ല. ശ്രീ. സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ കൊത്തുപണികൾ, പഴയ ചില മുസ്ലിംദേവാലയങ്ങളിൽ കാണുന്ന കൊത്തുപണികൾ, കൊളപ്പുറം സൗത്തിലേയും കുന്നംപുറത്തിനടുത്ത കുടക്കൽ പ്രദേശത്തും കാണുന്ന 'കുടക്കല്ലുകൾ'. അപൂർവമായി ചില സ്ഥലങ്ങളിൽ കാണപ്പെടുന്ന അത്താണികൾ, പഴയ ഭൂവുടമകളായ കുടുംബങ്ങളിൽ കാണപ്പെടുന്ന ചില പാത്രങ്ങൾ, നാലാംവാർഡിലെ മണ്ണാറക്കൽ തൊടുവിനോടത്തുകാണുന്ന കളരിത്തറ എന്നിവയാണ് ഇന്നവശേഷിക്കുന്ന ചരിത്രശകലങ്ങൾ.

നൂറുകണക്കിന് വർഷങ്ങൾ ജീവിച്ച് വയോവൃദ്ധരായി ആളുകൾ മരണപ്പെടുമ്പോൾ ഒരു വലിയ ഭരണി




*കുടക്കല്ല്*

(നന്നങ്ങാടി) യിലാക്കി കുഴിച്ചുമൂടുക പതിവായിരുന്നു. ശവക്കല്ലറയുടെ മുകളിൽ അടയാളത്തിനുവേണ്ടി സ്ഥാപിച്ചിരുന്ന കുടയുടെ ആകൃതിയിലുള്ള കല്ലുകളാണ് 'കുടക്കല്ലുകൾ' എന്ന് പറയപ്പെടുന്നത്.

പഴയകാലങ്ങളിൽ നിലനിന്നിരുന്ന ഒട്ടേറെ നാടൻ പാട്ടുകൾ, നാടൻ കഥകൾ, നാടൻ കലകൾ ഇങ്ങനെ മണ്ണിൻെറ തനിമയുള്ള ഒട്ടേറെ കലകൾ നമുക്ക് നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഇതേപോലെ പഴയകാലഘട്ടങ്ങളിൽ ധാരാളമായി കണ്ടിരുന്ന 'കട്ടോടം ചാത്തൻ' (വേഴാമ്പൽ) 'കുത്തിച്ചൂളാൻ' (കാലൻകോഴി) കൂമൻ എന്നീ പക്ഷികളും കരുതല, കൊയ്ത എന്നീ ചെറുമത്സ്യങ്ങളും ഇന്നീഗ്രാമത്തിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു.

തിരൂരങ്ങാടി, തിരൂർ, ഏറനാട് താലൂക്കുകളിൽ അറിയപ്പെടുന്ന കളിയാട്ടം എന്ന ഉത്സവം വളരെ പ്രസിദ്ധമാണ്. ഈ ഉത്സവത്തിലെ കാവുതീണ്ടൽ ചടങ്ങ് എ.ആർ നഗർ പഞ്ചായത്തിലെ വലിയപറമ്പിൽ താമസിക്കുന്ന പെരുമ്പറയൻ സമുദായത്തിൽപെട്ട രാമൻകുട്ടി എന്നയാളുടെ കുടുംബത്തിന് അവകാശപ്പെട്ടതാണ്.



*കളരിത്തറ*

# പഞ്ചായത്ത്

1963 ഡിസംബർ 4 നാണ് പഞ്ചായത്തിലേക്ക് ആദ്യമായി തെരഞ്ഞെടുപ്പ് നടന്നത്. മെമ്പർമാരുടെ പ്രഥമയോഗം 1963 ഡിസംബർ 27 ന് നടന്നു. അക്കാലത്തെ ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസറായിരുന്ന ശ്രീ.ടി.കുഞ്ഞിമൊയ്തീനാണ് യോഗ നടപടികൾ നിയന്ത്രിച്ചത്. പ്രഥമ പഞ്ചായത്ത് ബോർഡ് മെമ്പർമാർ. (1) ചോലക്കപ്പറമ്പിൽ മൂസ്സ (2) കാടേങ്ങൽ ബീരാൻകുട്ടി (3) വി.അഹമ്മദ് ആസാദ് (4) ഇമ്പിച്ചിപൂക്കോടൻ (5) മുഖംവീട്ടിൽ എറമു (6) തുപ്പിലിക്കാട്ട് മൊയ്തീൻകുട്ടി ഹാജി (7) ഇളയേടത്ത് വാപ്പാട്ട് മാധവൻ നായർ. പ്രഥമ പ്രസിഡണ്ടായി വി.അഹമ്മദ് ആസാദ് സാഹിബിനെ പഞ്ചായത്ത് ബോർഡ് എതിരില്ലാതെ തെരഞ്ഞെടുത്തു. 18.1.1964ൽ ബോർഡിലേക്കുള്ള വനിതാമെമ്പറായി ശ്രീമതി സരോജിനിയമ്മയെ, ഐക്യകണ്ഠേനയുള്ള ബോർഡിൻെറ തീരുമാനാടിസ്ഥാനത്തിൽ പ്രസിഡണ്ട് നോമിനേറ്റ് ചെയ്തു. ശ്രീമതി സരോജിനിയമ്മ ജോലി കിട്ടി സ്ഥാനം രാജി വച്ചപ്പോൾ പ്രസ്തുത ഒഴിവിലേക്ക് ശ്രീമതി ജനാകിയമ്മയെ തെരഞ്ഞെടുത്തു. നീണ്ട പതിനാറു വർഷം ഈ ബോർഡ് ഭരണം നടത്തി.

1979 - ൽ രണ്ടാമത്തെ ബോർഡിലേക്ക് തെരഞ്ഞെടുപ്പ് നടന്നു. ബോർഡിലെ മെമ്പർമാർ (1) പി.ടി.കുഞ്ഞാലൻ (2) പി.പി.മൊയ്തീൻകുട്ടിഹാജി, (3) കെ.മുഹമ്മദ്കുട്ടി (4) പി.ടി.അഹമ്മദ് (5) പാറമ്മൽ തുപ്രൻ (6) കാവുങ്ങൽ പാത്തുമ്മ (7) പി.കെ.കുഞ്ഞറമുഹാജി (8) വി.എ.ആസാദ് (9) ടി.കെ.മൊയ്തീൻകുട്ടി മാസ്റ്റർ.

ബോർഡ് പ്രസിഡണ്ടായി പി.ടി.കുഞ്ഞാലൻ സാഹിബും വൈസ് പ്രസിഡണ്ടായി പാറമ്മൽ തുപ്രനും തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡണ്ടായിരുന്ന പി.പി.കുഞ്ഞാലൻ സാഹിബ് മരണപ്പെട്ടപ്പോൾ 1980 ൽ പി.പി.മൊയ്തീൻകുട്ടി ഹാജി പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

ന്ദ്രൻ (7) സി.കെ.മുഹമ്മദ്ഹാജി (8) എ.പി.മുഹമ്മദ്കുട്ടി ഹാജി (9) കെ.മൂസ്സ (10) പി.കെ.കുഞ്ഞറമുഹാജി (11) സി.ചന്ദ്രമതിടീച്ചർ (12) കാവുങ്ങൽ പാത്തുമ്മ. 4.10 '95 ന് ചേർന്ന ബോർഡ് യോഗത്തിൽ വച്ച് പി.എം.ഹബീബുള്ള പ്രസിഡണ്ടും, കെ.മൂസ്സ വൈസ് പ്രസിഡണ്ടും, പി.കെ.കുഞ്ഞറമുഹാജി സ്റ്റാൻറിംഗ്



*പഞ്ചായത്താഫീസ്*

1988-ൽ വീണ്ടും തെരഞ്ഞെടുപ്പ് നടന്നു. ഫെബ്രുവരി 6 ാം തീയതി മൂന്നാമത്തെ ബോർഡ് നിലവിൽ വന്നു. മെമ്പർമാർ (1) ചെമ്പൻകദീജ (2) കെ.എം.കുഞ്ഞിമുഹമ്മദ് ഹാജി (3) കാവുങ്ങൽ മുഹമ്മദ്കുട്ടി (4) പി.എം.ഹബീബുള്ള (5) വി.എ.ആസാദ് (6) കെ.ഇട്ടിയാത്തൻ (7) എ.പി.മുഹമ്മദ് എന്ന ബാവഹാജി (8) ചാനക്കത്തി കദീജ (9) കെ.മൂസ്സ (10) പി.പി.മൊയ്തീൻ കുട്ടിഹാജി. പ്രസ്തുത ബോർഡിൻെറ പ്രസിഡണ്ടായി കാവുങ്ങൽ മുഹമ്മദ്കുട്ടി സാഹിബും, വൈസ് പ്രസിഡണ്ടായി എ.പി.മുഹമ്മദ് എന്ന ബാവഹാജിയും തെരഞ്ഞെടുക്കപ്പെട്ടു.

1995 - സെപ്തംബർ മാസം 25 ന് നാലാമത്തെ ബോർഡിലേക്ക് തെരഞ്ഞെടുപ്പ് നടന്നു. തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ. (1) വാക്യത്തൊടിക കദീജ (2) പി.വി.ഇബ്രാഹിം (3) മുക്കൻ ആലി (4) പി.എം.ഹബീബുള്ള (5) കരിയാട്ടിൽ ആയിഷാബീവി, (6) കെ.ച

കമ്മിറ്റി ചെയർമാനുമായി തെരഞ്ഞെടുക്കപ്പെട്ടു.

## കേരളപ്പിറവിക്കുശേഷം

1956 - ൽ കേരള സംസ്ഥാനം നിലവിൽ വരുന്ന കാലഘട്ടംവരെ ഈ ഗ്രാമം മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായിരുന്നു. മദിരാശി അസംബ്ലിയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ ഈ ഗ്രാമവാസികൾ കോട്ടക്കൽ ഫർക്ക (നിയോജക മണ്ഡലം) യിൽ ഉൾപ്പെട്ടതായിരുന്നു. അന്നത്തെ എം.എൽ.എ. ശ്രീ.ചാക്കീരി അഹമ്മദ്കുട്ടി സാഹിബായിരുന്നു. മണ്ഡലങ്ങൾ വീണ്ടും വിഭജിക്കപ്പെട്ടു. കോഴിക്കോട് ജില്ലക്കാരായിരുന്ന ഞങ്ങൾ മലപ്പുറം നിയോജകമണ്ഡലത്തിലായിരുന്നു. അക്കാലത്ത് ഞങ്ങളുടെ എം.എൽ.എ ഹസ്സൻ ഗനി സാഹിബായിരുന്നു. വീണ്ടും മണ്ഡലങ്ങൾക്ക് മാറ്റം സംഭവിച്ചു. ഇതോടെ ഈ ഗ്രാമവാസികളായ ഞങ്ങൾ തിരൂരങ്ങാടി നിയോജകമണ്ഡലക്കാരായി. കേരളപ്പിറവി

യോടെ സംസ്ഥാനത്തിനുണ്ടായ പുരോഗതി അതിവേഗതയിലായിരുന്നു. ഈ പുരോഗതിക്ക് ആക്കം കൂട്ടിക്കൊണ്ട് 1962 ൽ പഞ്ചായത്തുകളുടെ വിഭജനം നടന്നു. കേരളത്തിന്റെ വികസനം തെക്കൻ ജില്ലകളിൽ ഒതുങ്ങിനിന്നപ്പോൾ മലബാർ ഭാഗത്ത് വികസനത്തിന്റെ മേഖല മന്ദഗതിയിലായി. ഭാഗികമായിട്ടാണെങ്കിലും വികസനത്തിന്റെ ഒട്ടേറെ മേഖലകളിലേക്ക് കടന്നു ചെല്ലാൻ മലബാറിനു സാധ്യമായിട്ടുണ്ട്. ഞങ്ങളുടെ ഗ്രാമപഞ്ചായത്തിലും വികസനത്തിന്റെ അടിയൊഴുക്കുകളുണ്ടായി. ഈ പഞ്ചായത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കുന്നതിൽ വലിയ പങ്കുവഹിച്ചത് കൊണ്ടോട്ടി- തിരൂരങ്ങാടി റോഡിന്റെ നിർമ്മാണത്തോടെയായിരുന്നു. പുറം ലോകവുമായി ബന്ധപ്പെടാൻ യാതൊരു ഗതാഗത സൗകര്യവും ഇല്ലാതിരുന്ന ഞങ്ങൾക്ക് കൊണ്ടോട്ടി തിരൂരങ്ങാടി റോഡിനുശേഷം നാഷണൽ ഹൈവെ 17 പഞ്ചായത്തിലൂടെ കടന്നുപോയതോടെ ഗതാഗതമേഖലയിൽ അഭൂതപൂർവ്വമായ മാറ്റം സംഭവിച്ചു. ഇതിനുശേഷം ഈ പഞ്ചായത്തിൽ വികസനത്തിന്റെ ഒരു വേലിയേറ്റം തന്നെ നടന്നു. മമ്പുറം ലിങ്ക്റോഡ്, വലിയ പറമ്പ്-തോട്ടശ്ശേരിയറ എം.എൽ.എ റോഡ്, ഒട്ടനവധി ചെറുകിട വ്യവസായ യൂണിറ്റുകൾ, ചികിത്സാരംഗത്ത് സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികൾ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് സൗകര്യമില്ലാതിരുന്ന ഈ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ, മുരടിച്ച കാർഷിക മേഖലയിൽ അല്പം ഉണർവ്വു നൽകിയ കൊളപ്പുറം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, വെളിച്ചത്തിന് മണ്ണെണ്ണയെമാത്രം ആശ്രയിച്ചിരുന്ന ഈ പഞ്ചായത്തിലെ വൈദ്യുത പുരോഗതി- ഇവയെല്ലാം വികസനത്തിന്റെ ഏതാനും ഉദാഹരണങ്ങൾ മാത്രം.

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിലെ പുരോഗതിയെക്കുറിച്ച് പറയുമ്പോൾ മേൽ പ്രസ്താവിച്ച പുരോഗതികളുടെ എല്ലാററിന്റെയും പിന്നിൽ നിന്നും പ്രവർത്തിച്ച തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ദീർഘകാലം എം. എൽ. എ ആയിരുന്ന ശ്രീ. അവുക്കാദർകുട്ടി നഹ സാഹിബിനെ മാററി നിറുത്തിക്കൊണ്ടുള്ള ഒരു ചരിത്രരചന ഞങ്ങൾക്ക് പൂർത്തിയാക്കാൻ കഴിയില്ല. പഞ്ചായത്ത് നിവാസികളേയും പഞ്ചായത്ത് പ്രദേശങ്ങളേയും നേരിട്ടറിയുകയും മനസ്സിലാക്കുകയും ചെയ്തിരുന്ന നഹസാഹിബ് ഈ പഞ്ചായത്തിൽ ദീർഘകാലം പ്രസിഡണ്ടായിരുന്ന ശ്രീ. വി. എ. ആസാദ് സാഹിബിന്റെ വികസന മേഖലയിലുള്ള പ്രവർത്തനങ്ങൾക്ക് രാഷ്ട്രീയനിറം നോക്കാതെ പിന്തുണ നൽകിപോന്നു. മാറിമാറിവന്ന പ്രസിഡണ്ടുമാരോടും ഈ സമീപനം തന്നെ അദ്ദേഹം തുടർന്നു. സർക്കാർ സ്ഥാപനങ്ങൾ കൊണ്ടുവരുമ്പോഴും റോഡുകൾ നിർമ്മിക്കപ്പെടുമ്പോഴും ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി നഹസാഹിബ് നേരിട്ട് ഇടപെടുമായിരുന്നു. നഹസാഹിബിനോട് 'സ്ഥലം നൽകില്ല' എന്നു പറയാൻ ആർക്കും മനസ്സനുവദിക്കുമായിരുന്നില്ല. നഹയുടെ പ്രവർത്തനഫലമായി മേൽ പ്രസ്താവിച്ച പുരോഗതികൾക്കു പുറമെ സർക്കാർ സഹായത്തോടെത്തന്നെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി, വില്ലേജ് ഓഫീസ് കെട്ടിടം, സ്കൂൾ കെട്ടിടങ്ങൾ, മമ്പുറം നടപ്പാലം തുടങ്ങിയ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

അറിയപ്പെടുന്ന ഒരു തീർത്ഥാടന കേന്ദ്രമായ മമ്പുറത്തെ തിരൂരങ്ങാടിയുമായി ബന്ധപ്പെടുത്തുന്ന നടപ്പാലം, കേരളത്തിന്റെ മുഖ്യമന്ത്രിയും ഉപമുഖ്യമന്ത്രിയും, വിദ്യാഭ്യാസ പൊതുമരാമത്ത് വകുപ്പ് മന്ത്രിയും ആയി പ്രവർത്തിച്ചിരുന്ന മഹാനായ സി. എച്ച്. മുഹമ്മദുകോയ സാഹിബാണ് ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ച് ഈ പാലം യാഥാർത്ഥ്യമാക്കിയത്. ഹൈദരാബാദിൽ വച്ച് സി. എച്ച്. മുഹമ്മദുകോയ സാഹിബ് അന്തരിക്കുന്നതിന്റെ അല്പം ദിവസങ്ങൾക്ക് മുമ്പ് മാത്രമാണ് അദ്ദേഹം ഈ ചടങ്ങ് നിർവഹിച്ചത്. ഇത് അദ്ദേഹത്തിന്റെ, ഞങ്ങളുടെ പഞ്ചായത്തിലെ അവസാനത്തെ പരിപാടിയായിരുന്നു.

തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട അബ്ദുറഹിമാൻ നഗർ നിവാസികൾക്ക് ശ്രീ. സി. പി. കുഞ്ഞാലിക്കുട്ടികേയി സാഹിബ്, മുൻ മന്ത്രി യു. എ ബീരാൻ സാഹിബ്, മുൻ മുഖ്യമന്ത്രി എ. കെ. ആൻറണി എന്നിവരെല്ലാം, നഹാസാഹിബിനുപുറമെ ഞങ്ങൾക്ക് എം. എൽ. എ മാരായി വന്നിട്ടുണ്ട്. കേരളത്തിന് മുഖ്യമന്ത്രിയേയും, ഉപമുഖ്യമന്ത്രിയേയും സംഭാവന ചെയ്യാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. ശ്രീ. എ. കെ. ആൻറണി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഞങ്ങളുടെ ചിരകാല സ്വപ്നമായിരുന്ന, നഹസാഹി

ബിൻെറ അഭിലാഷമായിരുന്ന തിരൂരങ്ങാടി താലൂക്ക് ഞങ്ങാംക്ക് നേടാൻ കഴിഞ്ഞത്. ഇപ്പോാം ഞങ്ങളുടെ എം. എൽ. എ ആയ ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി സാഹിബ് പഞ്ചായത്തിൻെറ എല്ലാ വികസന പ്രവർത്തനങ്ങാംക്കും നേതൃത്വം നല്കി ഞങ്ങളോടൊപ്പം പ്രവർത്തിച്ചുവരുന്നു.

ലുണ്ട്. വി. എ ആസാദ്സാഹിബ്, എ. പി. മുഹമ്മദ്സാഹിബ് മമ്പുറം, ടി. കെ. മൊയ്തീൻകുട്ടിഹാജി, കാടേങ്ങൽ ബീരാൻകുട്ടി, പി. കെ. മൊയ്തീൻഹാജി, സി. പി. ആണ്ടി, എം. എ. എറമുസാഹിബ്, കുറുക്കൻ അഹമ്മദ്കുട്ടി, വെട്ടിയാടൻ കമ്മുക്കുട്ടി മാസ്റ്റർ, ഫസൽ ഹാജി, കാടേങ്ങൽ അബ്ദുള്ളകുട്ടി, ഇരുകുളങ്ങര മൊ



*വികസനസമിതിയോഗം എം.എൽ.എ ഉൽഘാടനം ചെയ്യുന്നു*

ചെറുതും വലുതുമായ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങാംക്ക് നേതൃത്വം നൽകി പി. എം. ഹബീബുള്ള പ്രസിഡണ്ടും കെ. മൂസ്സ വൈസ് പ്രസിഡണ്ടും, പി. കെ. കുഞ്ഞറമുഹാജി സ്റ്റാൻറിംഗ് കമ്മിററി ചെയർമാനുമായി ഇപ്പോാം പഞ്ചായത്തിൽ നിലവിലുള്ള ബോർഡ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ സാമൂഹ്യ-സാംസ്ക്കാരിക മേഖലകളിലെ ഒട്ടനവധി പൗരപ്രമുഖരുടെ നേതൃത്വവും പ്രവർത്തനവും പഞ്ചായത്തിൻെറ വികസന ചരിത്രത്തിൽ ചാലിച്ചു കിടക്കുന്നു. ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ഇത്തരം ഒട്ടനവധി വ്യക്തിത്വങ്ങാം ഈ പഞ്ചായത്തി

യ്തീൻകുട്ടി, ടി. കെ. മുഹമ്മദാജി കൊളപ്പുറം, രാഘവനുണ്ണി അധികാരി, തലാപ്പോളിൽഅധികാരി, ഇ. വി. മാധവൻ നായർ പോലെയുള്ള വ്യക്തിത്വങ്ങളെ ഞങ്ങാം ഇത്തരുണത്തിൽ സ്മരിക്കുന്നു. ഈ മുൻഗാമികളുടെ കാൽപ്പാടുകാം പിന്തുടർന്നുകൊണ്ട് ഒരു പുതിയ വികസന രാഷ്ട്രീയ സംസ്ക്കാരത്തിലൂടെ അബ്ദുറഹിമാൻ നഗർ പഞ്ചായത്തിനൊരു പുതിയ ചരിത്രം സൃഷ്ടിക്കാൻ, നമുക്കൊരു മെയ്യായ്, ഒരു ലയമായ്, ഒരുതാളമായ് മുന്നോട്ടുപോകാം.

**അവലംബം:** *നാട്ടുകാരണവന്മാരിൽ നിന്നുള്ള അറിവും, പഞ്ചായത്ത് രേഖകളും മററു പ്രസിദ്ധീകരണങ്ങളും.*

# 4

# കൃഷിയും ജലസേചനവും

അബ്ദുറഹിമാൻ നഗർ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. കടലുണ്ടി പുഴയോട് ചേർന്ന് കിടക്കുന്ന ഈ ഗ്രാമം അല്പം തെക്കോട്ട് ചെരിഞ്ഞ സമതല പ്രദേശമാണ്. നെല്ല്, തെങ്ങ് എന്നിവയാണ് പ്രധാന കൃഷികൾ, ഇടവിളകളായി വാഴ, മരച്ചീനി. ചേന, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ്, ഇഞ്ചി, കുരുമുളക്, ജാതി എന്നിവ കൃഷി ചെയ്ത് വരുന്നു. പഞ്ചായത്തിലെ ജലസേചനസൗകര്യമുള്ള ഏതാനും ചില ഭാഗങ്ങളിൽ കമുങ്ങും ഒരു പ്രധാന കൃഷിയാണ്. ഈ പഞ്ചായത്തിലൂടെ തെക്കുപടിഞ്ഞാറോട്ടൊഴുകുന്ന തോടുകൾ കടലുണ്ടി പുഴയിൽ ചെന്നുചേരുന്നു. മിക്കവാറും ഭൂവുടമകൾ ഒരു ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ളവരാണ്. ആദ്യകാലങ്ങളിൽ കർഷകർ പൂർണ്ണമായി ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് നെൽകൃഷിയിൽ മാത്രമായിരുന്നു. മഴയെ ആശ്രയിച്ചുകൊണ്ടാണ് കൃഷികൾ നടത്തിപ്പോന്നത്. കുളങ്ങളും, തോടുകളും, ഏത്തക്കുഴികളും, ചിറകെട്ടിയും, വെള്ളം തിരിച്ചുവിട്ടും കൃഷിക്കുവേണ്ടി ഉപയോഗിച്ചുപോന്നു. പഞ്ചായത്തിലെ കൃഷി ഭൂമി മുഴുവനും നാലു ജന്മിമാരുടെ കൈവശത്തിലായിരുന്നു.

ആകെ ഭൂമിയുടെ 25% നെൽകൃഷിക്ക് ഉപയോഗപ്പെടുത്തിയിരുന്ന വയലുകളായിരുന്നു. പലതരം കീടങ്ങളേയും അതിജീവിക്കാൻ കഴിയുന്ന നല്ലയിനം നാടൻ വിത്തിനങ്ങളാണ് അന്ന് ഉപയോഗിച്ചുപോന്നത്. ഈ വിത്തിനങ്ങൾ ആര്യൻ, വെള്ളരി, ചീര, പൊന്നാര്യൻ തവളക്കണ്ണൻ, തെക്കൻ ചീര, തോട്ടച്ചീര എന്നീ നാമങ്ങളിൽ അറിയപ്പെടുന്നു. കുളങ്ങളേയും തോടുകളേയും ആശ്രയിച്ചുകൊണ്ട് പാടശേഖരങ്ങളിൽ ഒട്ടുമിക്ക സ്ഥലങ്ങളിലും മുന്നുപൂൽ കൃഷി നടത്തിവന്നിരുന്നു. പാടശേഖരങ്ങളിൽ 5% സ്ഥലങ്ങൾ വേനൽക്കാലത്ത് പച്ചക്കറി കൃഷിക്ക് ഉപയോഗിക്കുമായിരുന്നു. വയലുകളുടെ ഉപരിഭാഗങ്ങളിലുള്ള പറമ്പുകളിൽ ചിലയിനം നെൽകൃഷികൾ നടത്തിപ്പോന്നു. വ്യാപകമായും ഉപയോഗിച്ചുപോന്നിരുന്നത് 'മോടൻ' എന്ന നെൽവിത്താണ്. ആദ്യകാലഘട്ടങ്ങളിൽ നെൽകൃഷിയിലുള്ള കീടങ്ങളെ നശിപ്പിക്കാൻ മുറം വീശൽ, വെണ്ണീറുവിതറൽ, ചാഴിവീശൽ, തെങ്ങിൻ കുലച്ചിൽകൊണ്ടിളക്കൽ എന്നീ മാർഗങ്ങൾ സ്വീകരിച്ചുപോന്നു. വയലുകളിൽ, പഴയ കാലഘട്ടങ്ങളിൽ, ഇരുഭാഗങ്ങളിലും കൈതകൾ വച്ചുപിടിപ്പിച്ച തോടുകളാണ് ഉണ്ടായിരുന്നത്. ഈ കൈതയുടെ ഓല ഞങ്ങളുടെ ഗ്രാമത്തിന്റെ കിടക്കാനുപയോഗിക്കുന്ന പായനെയ്ത്തിന് ഉപയോഗിച്ചുപോന്നു. കൈതകളുടെ വേരുകൾ തോട്ടിലേക്ക് വളർന്നു കിടക്കുന്നതിനാൽ ഇത് ചിലയിനം മത്സ്യങ്ങൾക്ക് വളരാനുള്ള ഒരു താവളം കൂടിയായിരുന്നു.

കാലംമാറി; കോലവും മാറി. കൃഷി രീതിയും മാറി, ആധുനിക കൃഷി സമ്പ്രദായങ്ങൾ നിലവിൽ വന്നു. ഒന്നായ് കിടന്നിരുന്ന പാടശേഖരങ്ങൾ പല ആളുകളുടെ കൈവശത്തിലായി തീർന്നു. ഇതോടെ ഏക്കറുകൾ

സെൻറുകളായി മാറി. തോടുകളുടെ സ്വഭാവത്തിലും രീതിയിലും മാററം സംഭവിച്ചു. കുളങ്ങളും കുഴികളും നികത്തപ്പെട്ടു. നെൽകൃഷിക്കുപകരം പാടശേഖരങ്ങളിൽ വീടുകൾ ഉയർന്നുവന്നു. വെള്ളം കെട്ടി നിൽക്കാനും, ഒഴുകിപോകാനുമുള്ള സ്ഥലങ്ങൾ നഷ്ടപ്പെട്ടു. ഇതോടെ കാർഷിക മേഖലക്ക് മുരടിപ്പ് അനുഭവപ്പെട്ടു. ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടെ സ്വന്തമായി വയലുകൾ ലഭിച്ച കർഷകർ നെൽകൃഷിക്കു പകരം തെങ്ങു കൃഷി പാടങ്ങളിൽ കൊണ്ടുവന്നു. കാർഷിക മേഖലകളിൽ പണിയെടുത്തിരുന്ന കർഷകർക്ക് സമൂഹത്തിൽ കിട്ടിക്കൊണ്ടിരുന്ന മാന്യത ആധുനിക കാലഘട്ടത്തിൽ കുറഞ്ഞുവന്നു. ഇതവരെ മററു തൊഴിൽ മേഖലകളിലേക്ക് തിരിച്ചുവിടാൻ കാരണമായി. കാർഷിക രംഗത്ത് കടന്നുവന്ന കൂലി വർദ്ധനവ്, സ്വയം അദ്ധ്വാനിക്കാനുള്ള സന്നദ്ധതക്കുറവ്, ഇതെല്ലാം കാർഷിക മേഖലയെ തളർത്തി. കാർഷിക മേഖല മുരടിച്ചതോടെ, കർഷക ത്തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാൻ തുടങ്ങി. ഈ കർഷക തൊഴിലാളികളും മററു തൊഴിൽ മേഖലകളന്വേഷിച്ചുപോകാൻ തുടങ്ങി. നെൽകൃഷിക്കു പകരം കടന്നുവന്ന തെങ്ങുകൃഷി ഇന്ന് ഈ ഗ്രാമത്തിൽ വ്യാപകമാണ്. മററു കാർഷിക വിളകളുമായി താരതമ്യപ്പെടുത്തുമ്പോൾ തെങ്ങു കൃഷിക്ക് കുറഞ്ഞ പരിചരണമേ ആവശ്യമുള്ളു എന്നുള്ളത് കാർഷിക മാററത്തിൻെറ ഒരു പ്രധാന കാരണമാണ്.

1960 നു മുമ്പുള്ള കാലഘട്ടങ്ങളിൽ രാത്രി സമയങ്ങളിൽ നെൽപ്പാടങ്ങളിൽ അങ്ങിങ്ങായി കണ്ടിരുന്ന ചൂട്ടുവെളിച്ചം ഇന്ന് കാണാനേ സാധിക്കുകയില്ല. ഈ വെളിച്ചം കണ്ടാൽ നെൽപ്പാടങ്ങളിലേക്ക് വെള്ളം തിരിച്ചുവിടുന്നതിനുവേണ്ടി ഒരു കർഷകനും ആ വെളിച്ചത്തോടൊപ്പമുണ്ടാകുമെന്ന് ഊഹിക്കാമായിരുന്നു. പകൽ സമയങ്ങളിൽ കേട്ടിരുന്ന 'കന്നാക്കം' തുലാമാസത്തിൽ ആകാശത്ത് ഇടിവെട്ടുന്ന ശബ്ദം കേൾക്കുമ്പോൾ, ആ ഇടി നാദത്തിൻെറ താളത്തിനൊപ്പം കർഷക കണ്ഠങ്ങളിൽ നിന്നുയരുന്ന ആരവങ്ങൾ ഇതൊന്നും ഇന്ന് കേൾക്കാനില്ല. തുലാമാസത്തിലെ പകലുകളിൽ കത്തിജ്വലിക്കുന്ന സൂര്യൻെറ ചൂടോ, വൈകുന്നേരങ്ങളിൽ കടന്നുവരുന്ന മഴയോ ഇടിനാദമോ കർഷകരുടെ കാളപൂട്ട് ഉത്സവത്തിന് വിഘാതമായി അവർ കണ്ടില്ല.

ഞങ്ങളുടെ ഗ്രാമപഞ്ചായത്തിൻെറ വിസ്തൃതി 3608.08 ഏക്കർ സ്ഥലമാണ്. ഈ ഭൂമിയിൽ 2339 ഏക്കർ പുരയിടങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന സ്ഥലങ്ങളാണ്. 782 ഏക്കർ 14 സെൻറ് നിലം 148 ഏക്കർ 50 സെൻറ് പുറമ്പോക്ക്, 331 ഏക്കർ 22 സെൻറ് തരിശു ഭൂമി എന്നിങ്ങനെ വിഭജിക്കപ്പെട്ടിരിക്കുന്നു (പട്ടിക I A പരിശോധിക്കുക)

പട്ടിക I A

**പഞ്ചായത്തിലെ ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| പുരയിടം | | നിലം | | പുറമ്പോക്ക് | | തരിശ് | | ആകെ | |
|---|---|---|---|---|---|---|---|---|---|
| ഏക്കർ | സെൻറ് | ഏക്കർ | സെൻറ് | ഏക്കർ | സെൻറ് | ഏക്കർ | സെൻറ് | ഏക്കർ | സെൻറ് |
| 2339 | 22 | 782 | 14 | 148 | 50 | 333 | 22 | 3608 | 08 |

ആധുനിക കാലഘട്ടത്തിൻെറ വരവോടെ ജീവിത രീതിയോടുള്ള സമീപനം മാറിവന്നപ്പോൾ മററു മേഖലകളിൽ സംഭവിച്ചതുപോലെ ഒട്ടനവധി മാററങ്ങൾ സംഭവിച്ചു. പഴയകാലത്ത് ഞങ്ങളുടെ ഗ്രാമത്തിൻെറ ആവശ്യങ്ങൾ നിറവേററാനുള്ള പച്ചക്കറികൾ, ഞങ്ങളുടെ ഗ്രാമത്തിൽ തന്നെ ഉല്പാദിപ്പിക്കപ്പെട്ടിരുന്നു. പച്ചക്കറിയുടെ ഉപയോഗത്തിനുവേണ്ടി മററു സ്ഥലങ്ങളെ ഞങ്ങൾക്ക് ആശ്രയിക്കേണ്ടിവന്നിട്ടില്ല. അക്കാലത്ത് ഓ

രോ പുരയിടത്തിനോടനുബന്ധിച്ചും വിവിധതരം പച്ചക്കറിത്തോട്ടങ്ങൾ കാണാമായിരുന്നു. പച്ചക്കറി ത്തോട്ടങ്ങൾക്കു പുറമെ, വീടുകൾക്ക് ചുററും വിവി ധതരം രോഗങ്ങൾക്ക് ഔഷധങ്ങളായി ഉപയോഗിക്കുന്ന കച്ചൂരം, കഞ്ഞികൂർക്കൽ, ആടലോടകം, ചെറുവഴുതന, കർലായം, പുത്തിരിചുണ്ട, ഉമ്മത്ത്, കസ്തൂരി, കൂവളം, ആര്യവേപ്പ്, വാതം കൊല്ലി, തുളസി, കറിവേപ്പില എന്നി വ കൃഷിചെയ്തിരുന്നു. പഴയ കാലത്ത് പറമ്പുകളിൽ സുലഭമായികണ്ടിരുന്ന കൂവ, മുക്കിഴങ്ങ്, പൊടിക്കിഴങ്ങ്, കൂർക്കൽ, എന്നിവ ഈ ഗ്രാമത്തിൽ നിന്ന് നാമാവ ശേഷമായിരിക്കുന്നു. പഞ്ചായത്തിലെ ഒരു പ്രധാന കൃ ഷിയായിരുന്ന വെററില കൃഷി ജലദൗർലഭ്യത്താൽ നിന്നുപോയിരിക്കുന്നു. പഞ്ചായത്തിൻെറ വിവിധ ഭാ ഗങ്ങളിൽ ആകാശം മുട്ടെ തലയുയർത്തി നിന്നിരുന്ന മു ളംകാടുകൾ ഇന്നു നാമമാത്രമാണ്.

കന്നുകാലികളെ ഉപയോഗിച്ചുകൊണ്ടാണ് കർ ഷകർ പഴയകാലത്ത് നിലം ഉഴുതിരുന്നത്. എന്നാൽ ഇന്ന് ട്രാക്ടർ, ടില്ലർ മുതലായവയാണ് പ്രയോഗത്തിൽ ഉള്ളത്. യന്ത്രവൽക്കരണത്തിലേക്ക് മാററം സംഭവിച്ചു. എങ്കിലും ഈ മാററം കാർഷികരംഗത്തിൻെറ ഉണർവി ന് കാരണമായിട്ടില്ല. ഇതിനു പ്രധാനകാരണം ആധുനി ക വളപ്രയോഗം, ജൈവവളങ്ങളോടുള്ള അലർജി, അമി തമായ കീടനാശിനികളുടെ ഉപയോഗം, ഫലപ്രദമായ മണ്ണുപരിശോധന ഇല്ലായ്മ എന്നിവയെല്ലാം കൃഷിഭൂമി യെ നശിപ്പിച്ചിരിക്കുന്നു.

# കാലാവസ്ഥയും

# മണ്ണിൻെറ സ്വഭാവവും

മിതശീതോഷ്ണ കാലാവസ്ഥയാണ് ഈ ഗ്രാമത്തി ലും, രാജ്യത്ത് അനുഭവപ്പെടുന്ന മൺസൂൺ ലഭ്യതയിൽ നിന്ന്, മററു സ്ഥലങ്ങളിൽ നിന്ന് വ്യത്യസ്തമല്ലാത്ത തോതിൽ തന്നെ ഇവിടേയും അനുഭവപ്പെടുന്നു. ഏററവും കൂടുതൽ വരൾച്ചയും ചൂടും ഏപ്രിൽ-മേയ് മാസങ്ങളിലാണ് അനുഭവപ്പെടുന്നത്. ഏറ്റവും കുറവ് ചൂട് അനുഭവപ്പെടുന്നത് ജൂലായ് മാസത്തിലും, തണു പ്പ് കടന്നുവരുന്നത് ഡിസംബർ മാസത്തിലുമാണ്. പഴയ കാലഘട്ടങ്ങളിൽ തണുപ്പകറ്റാൻ കാരണവന്മാർ കമ്പി ളിവസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. കാലാവസ്ഥാമാററ ത്തോടെ കമ്പിളി വസ്ത്രങ്ങൾ അപ്രത്യക്ഷമായി. ഡി സംബർ മാസത്തിലെ തണുപ്പ് വളരെ ചെറിയ തോതി ലേ ഇന്ന് അനുഭവപ്പെടുന്നുള്ളു.

ഈ ഗ്രാമത്തിലെ മണ്ണ് ഫലപുഷ്ടി കുറവുള്ളതാ ണ്. സമതല പ്രദേശമായി കിടക്കുന്നതിനാൽ മണ്ണൊ ലിപ്പ് എന്ന പ്രതിഭാസം പഞ്ചായത്തിൽ അപൂർവ്വമാണ്. ആകെ മണ്ണിൻെറ 40% ചരൽ മണ്ണും, 25% വയൽ മണ്ണും, 10 % ചെമ്മണ്ണും 25% വെട്ടുപാറയുമാണ്.

# ജല ലഭ്യത

ഇവിടെ വർഷത്തിൽ ശരാശരി 2863 മി. മീറ്റർ മഴ ലഭി ക്കുന്നു. മഴ ഏററവും കൂടുതൽ ലഭിക്കുന്നത് ജൂൺ- ജൂ ലായ് മാസങ്ങളിലും ഏറ്റവും കുറവ് ഫെബ്രുവരിയിലു മാണ്. മിക്ക പ്രദേശങ്ങളിലും ഭൂഗർഭജല ലഭ്യത വള രെകുറവാണ്. കുഴൽക്കിണറുകൾ വ്യാപകമായതോടെ വീട്ടുകിണറുകളിൽ ജല ലഭ്യത കുറഞ്ഞുപോയിരി ക്കുന്നു. ഈ ഗ്രാമപഞ്ചായത്തിൽ ഏററവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ താഴെപ്പറ യുന്നവയാണ്. 10 ാം വാർഡിലെ, കുററൂർ, 11 ാം വാർഡി ലെ കക്കാടംപുറം 8ാം വാർഡിലെ പത്രാട്ടുപാറ 7ാം വാർ ഡിലെ പുകയൂർ കുന്നത്ത്, കളത്തിങ്ങൽ പുറായ, 6ാം വാർഡിലെ വലിയപറമ്പ്, 10ാം വാർഡിലെ കുന്നുംപുറം നിലപറമ്പ്, തെക്കെപറമ്പ്, അറലപറമ്പ്, 12 ാം വാർഡി ലെ കൊളപ്പുറം പുൽത്തടം.

ഈ ഗ്രാമപഞ്ചായത്തിൽ 6 തോടുകളും 4 പൊതുകു ളങ്ങളുമുണ്ട് (പട്ടിക എ 3, എ4) കാർഷികരംഗത്തെ ജല ലഭ്യതക്കുവേണ്ടി കൊളപ്പുറം നെൽപാടങ്ങളോടനു ബന്ധിച്ച് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തി ക്കുന്നുണ്ട്. ഞങ്ങളുടെ ഈ ഗ്രാമപഞ്ചായത്തിൻെറ തെക്കുഭാഗത്തുകൂടെ കടലുണ്ടിപുഴ ഒഴുകിപോകുന്നു ണ്ടെങ്കിലും, ഈ ഒഴുകന്ന വെള്ളം മുഴുവനും അറബി ക്കടലിൽ ചെന്നുചേരുന്നു എന്നതൊഴിച്ചാൽ ഞങ്ങൾ ക്ക് പ്രകൃതി അനുഗ്രഹിച്ചു നൽകിയ ഈ പുഴയുടെ മാറിടത്തിലൂടെ ഒഴുകുന്ന വെള്ളം ഞങ്ങളുടെ ജലക്ഷാ മം പരിഹരിക്കാൻ ഉപയോഗപ്പെടുത്താവുന്ന പദ്ധതിക ളൊന്നും ഞങ്ങളുടെ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

പട്ടിക A 2

| | |
|---|---|
| ചരൽ മണ്ണ് | 40% |
| വയൽ മണ്ണ് | 25% |
| ചെമ്മണ്ണ് | 10% |
| പാറ | 25% |
| ആകെ | 100% |

പട്ടിക A 3

| | തോടിന്റെ പേര് | ആകെ നീളം മീറ്റർ | ആകെ വീതി മീറ്റർ |
|---|---|---|---|
| 1. | കാട്ടുവായിപാടം തോട് | 2500 | 8 |
| 2.. | പട്ടിശ്ശേരിപാടം തോട് | 18000 | 8 |
| 3. | കൊടുവായൂർ വയൽതോട് | 4000 | 4 |
| 4. | കൈതോട് | 500 | 3 |
| 5. | അരീതോട് തോട് | 400 | 2 1/2 |
| 6. | വലിയതോട്(കൊളപ്പുറം വയൽ) | 400 | 4 |

പട്ടിക A 4

തോടുകളുടെയും പുഴയുടേയും കുളത്തിന്റെയും ആകെ വിസ്തൃതി

| | ഏക്കർ | സെൻറ് |
|---|---|---|
| തോട് | 32 | 42 |
| കുളം | 00 | 30 |
| പുഴ | 48 | 93 |

# ഭൂവിനിയോഗം

ആകെ വിസ്തൃതിയായ 1484.9051 ഹെക്ടറിൽ 315 ഹെക്ടർ സ്ഥലവും നെൽകൃഷിക്കു ഉപയോഗിക്കുന്നു. മൊത്തം 640000 കി. ഗ്ര[redacted]നല്ല് ഉല്പാദിപ്പിക്കുന്നു. ഉല്പാദനക്ഷമത 2000 കി. ഗ്രാം /ഹെക്ടർ

പട്ടിക A 5

ഭൂമിസംബന്ധിച്ച വിവരങ്ങാം(കൃഷിഭവൻ രേഖ)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 350 ഹെക്ടർ |
| പുരയിടം | 873 ഹെക്ടർ |
| പുറമ്പോക്ക് | 141 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | 85 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 35 ഹെക്ടർ |
| ആകെ | 1484.9051 ഹെക്ടർ |

പഞ്ചായത്ത്/പുറമ്പോക്ക് ഭൂമിയെ സംബന്ധിച്ച വിവരങ്ങാം

പട്ടിക A 6

| തോട് | | കുളം | | പുഴ | | റവന്യു | | ശ്മശാനം | | ചിറ | | ആയുർവേദം പഞ്ചായത്ത് വെറ്ററനറി | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഏക്കർ | സെൻറ് | ഏ: | സെ: | ഏ: | സ: | ഏ: | സെ: | ഏ: | സെ: | ഏ: | സെ: | ഏ: | സെ: | ഏ: | സെ: |
| 32 | 42 | | 30 | 48 | 93 | | 8 | 1 | 32 | | 73 | 2 | 58 | 86 | 36 |

പട്ടിക എ 5ൽ നിന്ന് ഈ പഞ്ചായത്തിലെ ആകെയുള്ള ഭൂമിയുടെ അളവും, അതിൽ കൃഷിക്ക് ഉപയോഗിക്കാവുന്ന ഭൂമിയുടെ അളവും, ഇപ്പോാം ഉപയോഗിക്കുന്ന ഭൂമിയുടെ അളവും, തീരെ കൃഷിക്ക് അനുയോജ്യമല്ലാത്ത ഭൂമിയുടെ അളവും മനസ്സിലാക്കാം. പട്ടിക ഏ 6ൽ നിന്ന് കൃഷിക്ക് ഉപയോഗിക്കാത്ത ഭൂമി എപ്രകാരം വിനിയോഗിക്കപ്പെട്ടിരിക്കുന്നു എന്നും മനസ്സിലാക്കാം.

## വിളവിസ്തീർണ്ണവും ഉൽപ്പാദനവും

പട്ടിക A 7

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപ്പാദനം | ഉൽപ്പാദന ക്ഷമത-ഹെക്ടർ |
|---|---|---|---|
| നെല്ല്-ഒന്നാംവിള | 85 ഹെക്ടർ | | |
| നെല്ല്-രണ്ടാം വിള | 120 " " | 6,40,000 Kg | 2000 Kg/Hec |
| നെല്ല്- മൂന്നാംവിള | 110 " " | | |
| പയർ | 20 " " | | |
| എള്ള് | 20 " " | | |
| പച്ചക്കറികൾ | 6 " " | | |
| തെങ്ങ് | 795 ഹെക്ടർ | 40,54500 Nos | 5100 Nos/Hec |
| വാഴ | 35 ഹെക്ടർ | 8,75,00 Kg | 10 Kg/No |
| മരച്ചീനി | 50 ഹെക്ടർ | 700000 Kg | 14[illegible]00 Kg/Hec |
| കുരുമുളക് | 18 ഹെക്ടർ | 6300 Kg. | 350 Kg/Hec |
| പ്ലാവ് | 5 ഹെക്ടർ | | |
| കശുമാവ് | 70 ഹെക്ടർ | 56000 Kg | 800 Kg/Hec |
| മാവ് | 10 ഹെക്ടർ | | |
| റബ്ബർ | - - | | |
| കവുങ്ങ് | 50 ഹെക്ടർ | 12500000 Nos | 250000 /Hec |
| ജാതി | 1/2 ഹെക്ടർ | | |
| ഗ്രാമ്പു | 1/4 ഹെക്ടർ | | |
| ഇഞ്ചി | 10 ഹെക്ടർ | 31000 Kg | 3100 Kg/Hec |
| മഞ്ഞൾ | 1/2 ഹെക്ടർ | 1500 Kg | 3000 Kg/Hec |

പട്ടിക എ 7ൽ നിന്നും, കൃഷിക്ക് ഉപയോഗിച്ചിരിക്കുന്ന ഭൂമിയിൽ എത്രത്തോളം ഓരോ ഇനവും കൃഷി ചെയ്യുന്നു എന്നും, അതിൻെറ ഉൽപ്പാദനക്ഷമത എത്ര എന്നും മനസ്സിലാക്കാം.

പട്ടിക A 8

രാസവള-കീടനാശിനി വിപണനം

| ക്രമ നമ്പ്ര് | സ്ഥാപനത്തിൻെറ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി | |
| | | | ഖരം | ദ്രവം | | ഖരം | ദ്രവം | | ഖരം | ദ്രവം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | NIL | - | - | - | - | - | - | - | - |
| | സ്വകാര്യം | - | - | - | - | - | - | - | - | - |
| | കുന്നുംപുറം ഏജൻസീസ് | 5 മെട്രിക് ടൺ | 125 കി. ഗ്രാം | 60 ലിറ്റർ | 40.2 ടൺ | 301 കി. ഗ്രാം | 79 ലിറ്റർ | 35 ടൺ | 316 കി. ഗ്രാം | 62 ലിറ്റർ |

പട്ടിക എ 8ൽ നിന്നും കൃഷിക്ക് ഉപയോഗിച്ചിട്ടുള്ള വളം, കീടനാശിനി എന്നിവയുടെ സൂചന ലഭിക്കുന്നതാണ്.

പട്ടിക A 9

ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | സ്വകാര്യ ജലസേചന കിണർ | കുഴൽ കിണർ | സ്വകാര്യ കുളം | പൊതുകുളം | ക്രോസ് ബാർ | ആയക്കെട്ട് ഹെക്ടർ |
|---|---|---|---|---|---|---|
| 1. | 3 | - | 1 | - | 1 | - |
| 2. | - | - | 1 | 1 | 1 | - |
| 3. | 1 | - | 3 | - | 1 | - |
| 4. | - | - | - | 1 | - | - |
| 5. | 2 | - | 1 | 1 | - | - |
| 6 | 5 | - | 1 | - | 4 | - |

| | | | | | | |
|---|---|---|---|---|---|---|
| 7. | 3 | - | - | - | - | - |
| 8. | 1 | - | - | - | - | - |
| 9. | 3 | - | 1 | - | - | - |
| 10. | 3 | - | 2 | - | - | - |
| 11. | - | - | 4 | 1 | - | - |
| 12. | 4 | - | 3 | - | - | - |
| ആകെ | 25 | - | 17 | 4 | 7 | |

പട്ടിക എ 9ൽ നിന്നും ഈ പഞ്ചായത്തിലെ നിലവിലുള്ള ജലസേചന സംവിധാനങ്ങളെക്കുറിച്ച് മനസ്സിലാക്കാം.

## നടീൽ വസ്തു വിതരണം

### പട്ടിക A10

| | എണ്ണം | | |
|---|---|---|---|
| ഇനം | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 600 Nos | 480 Nos | 300 Nos |
| കശുമാവ് | 1650 Nos | 960 Nos | 960 Nos |
| കുരുമുളക് | 5000 Nos | 3000 Nos | 3000 Nos |
| കവുങ്ങ് | 166 Nos | 250 Nos | 250 Nos |
| നെൽവിത്ത് | 1200 Kg | 250 Kg | 250 Kg |
| പയർ | 400 Kg | 40 Kg | 25 Kg |
| മാവ് | 46 Nos | 200 Nos | 200 Nos |
| വാഴ | NIL | 210 | NIL |

പട്ടിക എ 10ൽ നിന്നും കൃഷിഭവൻ മുഖേന 93-94, 94-95, 95-96 എന്നീ വർഷങ്ങളിൽ വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിവരങ്ങൾ ലഭിക്കുന്നതാണ്.

പട്ടിക A11

| തെങ്ങ്, ആകെ എണ്ണം | | | | രോഗം ബാധിച്ചവ | | | | | |
|---|---|---|---|---|---|---|---|---|---|
| വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | വേര് ചീയൽ | ഓല ചീയൽ | കൂമ്പ് ചീയൽ | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 755 ഹെക്ടർ | 60,000 | 1,00,000 | 160,000 | - | - | - | 1000 | 2,000 | 3,000 |

പട്ടിക എ 11ൽ നിന്നും കായ്ഫലം തരുന്നതും, അല്ലാത്തതും, രോഗബാധിതവുമായ തെങ്ങുകളെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നു. (അവലംബം-കൃഷിഭവൻ രേഖ)

## കാർഷിക വായ്പകൾ

ഒരു സഹകരണ സ്ഥാപനവും അതിൻെറ ശാഖയും ഒരു ഗ്രാമീണ ബാങ്കും, കനറാബാങ്കിൻെറ ശാഖയും അടക്കം 4 ധനകാര്യസ്ഥാപനങ്ങളാണ് ഇവിടെ ഉള്ളത്. ഇതിൽ കർഷകർ കാർഷികവായ്പയ്ക്കായി പ്രധാനമായും ആശ്രയിക്കുന്നത് സഹകരണ ബാങ്കിനെയും ഗ്രാമീണ ബാങ്കിനെയുമാണ്. ചുരുക്കം ചിലർ തിരൂർ കാർഷിക വികസന ബാങ്കിൻെറ ചെമ്മാട് ശാഖയുടെ സഹായവും തേടാറുണ്ട്

പട്ടിക A12

കാർഷിക വായ്പ സംബന്ധിച്ച വിവരങ്ങൾ

സഹകരണ ബാങ്ക് 1995-96

| | ഇനം | തുക |
|---|---|---|
| 1 | ഹ്രസ്വകാലം | 10,83490 |
| 2. | ദീർഘകാലം | 54,700 |
| 3. | മധ്യകാലം | 31,000 |

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൻെറ ശാഖയിൽ മൊത്തം 104 ലക്ഷം നിക്ഷേപവും, 96 ലക്ഷം വായ്പയുമാണ്. അതിൽ 50 % ഗോൾഡ്ലോൺ ആണ്. കർഷകർക്ക് ജാമ്യമില്ലാത്ത കാർഷികാവശ്യങ്ങൾക്കായി 25000 രൂപവരെ നൽകാൻ ഗ്രാമീണ ബാങ്ക് സന്നദ്ധമാണ്. എങ്കിലും ഈ ആവശ്യത്തിലേക്ക് അപേക്ഷകർ വേണ്ടത്രയില്ല.

# കൃഷിഭവൻ

പഞ്ചായത്തിലെ കൃഷിഭവൻ പ്രവർത്തിക്കുന്നത് 9ാം വാർഡിലെ ഒരു വാടകക്കെട്ടിടത്തിലാണ്. പഞ്ചായത്തിൻെറ മററു ഭാഗങ്ങളിൽ കൃഷി ഭവൻെറ സേവനം വേണ്ടത്ര ലഭ്യമാകുന്നില്ലായെന്ന് എല്ലാ വാർഡിലെയും ഗ്രാമസഭകളിൽ നിന്നും പരാതി ഉയർന്നിട്ടുണ്ട്. കൃഷി

ഭവൻെറ പ്രവർത്തനത്തെക്കുറിച്ചോ അതിൻെറ വികസന പദ്ധതികളെക്കുറിച്ചോ കാർഷിക സഹായങ്ങളെക്കുറിച്ചോ മിക്കവാറും ജനങ്ങൾ ബോധവാന്മാരല്ല. കൃഷിഭവൻെറ സേവനം പൂർണ്ണമായ തോതിൽ ജനങ്ങൾക്കു ലഭിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ:

പഞ്ചായത്തിലെ കർഷകർ അനുഭവിക്കുന്ന മുഖ്യ പ്രശ്നം ജലദൗർലഭ്യമാണ്. വേനൽക്കാലങ്ങളിൽ ജലം കിട്ടാത്ത അവസ്ഥ, വർഷക്കാലത്ത് ജലാധിക്യം. ഈ പഞ്ചായത്തിലെ തോടുകൾക്ക് ആഴവും സൈഡ്ഭിത്തിയും. ആവശ്യമായ സ്ഥലത്ത് ബണ്ടുകളും ഇല്ല.

ജലസേചനത്തിൻെറ അഭാവം, രാസവളങ്ങളുടെ വിലവർദ്ധനവ്, ജൈവവളങ്ങളുടെ അഭാവം, തൊഴിലാളികളുടെ എണ്ണക്കുറവ്, ഉല്പ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കായ്മ, വിപണിയില്ലായ്മ എന്നിവ നെൽക്കൃഷിയെയും, തെങ്ങുകൃഷിയെയും സാരമായി ബാധിക്കുന്നു.

കൃഷിഭവൻ രേഖയനുസരിച്ച് 160000 തെങ്ങുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവയിൽ 60000 എണ്ണവും കായ്ഫലം ഇല്ലാത്തവയാണ് (പട്ടിക എ. 7) മററു കൃഷികളായ കമുക്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനം കുറഞ്ഞുവരുന്നതായി പട്ടിക എ. 8ൽ നിന്നും മനസ്സിലാക്കാം. കൃഷിയോടുള്ള താൽപര്യക്കുറവ് ജനങ്ങളിൽ വർദ്ധിച്ചുവരുന്നു.

കർഷികസെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ ഇവ നടക്കാറില്ല. കൃഷിഭവൻെറ സഹായം എല്ലാ വാർഡുകളിലും വേണ്ടത്ര ലഭിക്കുന്നില്ല. കൃഷി ഭൂമി മുഴുവൻ കൃഷി ചെയ്യുന്നില്ല. നെൽവയലുകൾ നികത്തപ്പെടുന്നു. നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ല ജൈവവളങ്ങളുടെ ദൗർലഭ്യം, യന്ത്രോപകരണങ്ങളുടെ അഭാവം, നിലവിലുള്ള ജലസേചനോപാധികൾ സംരക്ഷിക്കപ്പെടുന്നില്ല. കാർഷിക വായ്പ ലക്ഷ്യപ്രാപ്തി നേടുന്നില്ല. ഉല്പന്ന സംസ്ക്കരണത്തിനുള്ള സൗകര്യക്കുറവ് എന്നിവയാണ് പൊതുവെ അനുഭവപ്പെടുന്ന മററു പ്രശ്നങ്ങൾ.

## നിർദ്ദേശങ്ങൾ:

പുഞ്ചപ്പാടം പട്ടശ്ശിരിവയൽ(ഒന്നാംവാർഡ്) ചോലക്കൻതോട്(രണ്ടാം വാർഡ്) കൊളപ്പുറംവയൽ(മൂന്നാം വാർഡ്) കൈത്തോട്ട്പാടം(നാലാം വാർഡ്) കൊടുവായൂർ പാടം(അഞ്ചാം വാർഡ്) പട്ടിശ്ശേരി പുഞ്ചപ്പാടം (ആറാം വാർഡ്) കൊളപ്പുറം വയൽ (12 ാം വാർഡ്) എന്നിവിടങ്ങളിലേക്ക് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തുക, നിലവിലുള്ള 40 എച്ച്. പി മോട്ടോർ 70 എച്ച്. പി ആക്കി ഉയർത്തുക (കുളപ്പുറം ലിഫ്റ്റ് ഇറിഗേഷൻെറ) ഒരപ്പിനങ്ങൽ തോട്(ഒന്നാം വാർഡ്) ചോലക്കൻ തോട്(രണ്ടാം വാർഡ്) പുഞ്ചപ്പാടം, പട്ടിശ്ശേരി പണിക്കർ ചിറ (നാലാം വാർഡ്) കൊടുവായൂർ തോട് (അഞ്ചാം വാർഡ്) ചോലക്കൻ അരു ചെക്ക്ഡാം(ആറാം വാർഡ്) മംഗലങ്ങാട്ട് ചോല(പത്താംവാർഡ്) ചിറക്കൽ താഴം, തുമ്പങ്ങൽ (പതിനൊന്നാം വാർഡ്) വലിയതോട് (പന്ത്രണ്ടാം വാർഡ്) എന്നിവിടങ്ങളിൽ ബണ്ട്, ചിറ എന്നിവ നിർമ്മിക്കുക, പോത്തുകുഴിചിറ, വലിയചിറ എന്നിവ അററകുററപ്പണി നടത്തി ഉപയോഗ യോഗ്യമാക്കുക,

ഒന്ന്, അഞ്ച്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് വാർഡുകളിലെ വയലുകളിൽ കിണറുകൾ കുഴിക്കുക.

രണ്ടാം വാർഡിൽ മോയൻതോടിന് കൈത്തോടും, മൂന്നാം വാർഡിൽ നാല് സബ്കനാലുകളും, നാല്, ആറ്, ഏഴ് വാർഡുകളിലെ കരിപ്പയിൽ ഇടവഴി കളത്തിങ്ങൽ പള്ളിയാളിവരെയും, പന്ത്രണ്ടാം വാർഡിൽ കൊളപ്പുറം വയലിലും തോടുകൾ നിർമ്മിക്കുക, ചോലക്കൻതോട്, കൊടുവായൂർ തോട്, വലിയതോട്, പൊററാണിൽ തോട് എന്നിവയ്ക്ക് അററകുററപ്പണി നടത്തുക

പാലാത്തറക്കു താഴെ (രണ്ടാം വാർഡ്)യും, കൊളപ്പുറം വയലിലും (മൂന്നാം വാർഡ്) കരിപ്പായിൽ വയലിനു മുകൾ വശത്തും (ഏഴാം വാർഡ്), തലയാണിപ്പാടത്തും (ഒമ്പതാം വാർഡ്) ഊക്കത്ത് പള്ളിക്ക് താഴെയും (പതിനൊന്നാം വാർഡ്) കുളങ്ങൾ നിർമ്മിക്കുക, നാല്, അഞ്ച്, പതിനൊന്ന്, പന്ത്രണ്ട് വാർഡുകളിലെ കുളങ്ങൾക്ക് അററകുററപ്പണി നടത്തുക.

എല്ലാ വാർഡുകളിലും ജലസേചനത്തിനായി വൈദ്യുതിയും പമ്പുസെററും സ്ഥാപിക്കുക.

പത്താം വാർഡിൽ ഡ്രിപ്പ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തുക.

ഒന്നാം വാർഡിൽ മൂഴിക്കൽ മുതൽ വലിയപള്ളിവ

രെയുള്ള പുഴയുടെയും പന്ത്രണ്ടാം വാർഡിലെ പുഴയുടെയും സൈഡ് ഭിത്തി കെട്ടുക

എല്ലാ വാർഡുകളിലും മണ്ണു പരിശോധന നടത്തി അവിടെ നടത്തേണ്ട വളപ്രയോഗത്തെപ്പററിയും, തോടുകളും, കുളങ്ങളും സംരക്ഷിക്കപ്പെടേണ്ടതിനെപ്പററിയും, ജൈവവളത്തിനാവശ്യമായ ജൈവവേലികാം നിർമ്മിക്കുന്നതിനെക്കുറിച്ചും, നെൽവയലുകാം നികത്തുന്നതിനെതിരെയും, അശാസ്ത്രീയമായ രീതിയിൽ കീടനാശിനികാം ഉപയോഗിക്കുന്നതിനെതിരെയും ബോധവൽക്കരണ ക്ലാസ്സുകാം നടത്തുക.

ഈ പഞ്ചായത്തിലെ എല്ലാ പാടങ്ങളിലേക്കും ട്രാക്ടർ സൗകര്യം ഏർപ്പെടുത്തുക.

പണ്ട് കാലത്ത് നടത്തിയിരുന്ന മോടൻ നെല്ല് പ്രോത്സാഹിപ്പിക്കുക.

നാളികേര സംഭരണ കേന്ദ്രം സ്ഥാപിക്കുക.

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങാം വിതരണം ചെയ്യുക. പ്രാദേശികമായി വിത്ത് ശേഖരണ സംവിധാനം ഉണ്ടാക്കുക.

കൃഷി ഓഫീസർ പഞ്ചായത്തിലെ വീടുകാം തോറും നടന്ന് കൃഷി രീതികാം ആരായുകയും വേണ്ട നിർദ്ദേശങ്ങാം നൽകുകയും ചെയ്യുക.സാധ്യതയുള്ള കൃഷിരീതിയെപ്പററിയും കൃഷിയിനങ്ങളെപ്പററിയും വിശദീകരിക്കുക.

ചപ്പുചവറുകാം ഉപയോഗിച്ച് ജൈവ വളം നിർമ്മിക്കുക.

കൂടുതൽ പാടശേഖര സമിതികളും കേരകർഷക സമിതികളും അടുക്കളത്തോട്ട സമിതികളും രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.

കർഷക സംഘങ്ങാം രൂപീകരിച്ച് ഓരോ വാർഡിലെയും വിവിധ ഇനം കൃഷികളെ പ്രോത്സാഹിപ്പിക്കുക.

അടുക്കളത്തോട്ടങ്ങാം നിർമ്മിക്കുകയും അവയിൽ പുകയില കഷായം, പ്ലാസ്റ്റിക് കവർ എന്നിവ ഉപയോഗിച്ച് കീടങ്ങളെ അകററുന്ന ചിലവ് കുറഞ്ഞ രീതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ഔഷധ സസ്യങ്ങളുടെയും, ഇഞ്ചി, മഞ്ഞാം തുടങ്ങിയവയുടെയും വെററിലയുടെയും കൃഷി പ്രോത്സാഹിപ്പിക്കുക. തെങ്ങ്, കവുങ്ങ് എന്നിവയിൽ കുരുമുളക് വള്ളി വെച്ച് പിടിപ്പിക്കുക.

വിപണനത്തിനായി പഞ്ചായത്തടിസ്ഥാനത്തിലും വാർഡ് അടിസ്ഥാനത്തിലും വിപണന മേളകാം സംഘടിപ്പിക്കുക.

പുഷ്പഫലപ്രദർശനം, കന്നുകാലിപ്രദർശനം കാളപൂട്ട് മത്സരം ഇവയിലൂടെ കർഷകർക്ക് പ്രോത്സാഹനം നൽകുക.

കർഷകരെ സഹായിക്കാൻ മോണിറ്ററിംഗ് സമിതി ഏർപ്പെടുത്തുക. കർഷകർക്കും വിളകാംക്കും സൗജന്യ ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുക. കാർഷിക അവാർഡുകാം ഏർപ്പെടുത്തുക. കാർഷിക പരിശീലന കേന്ദ്രങ്ങാം സ്ഥാപിക്കുക.

കാർഷികോൽപ്പന്നങ്ങാം, അസംസ്കൃത വസ്തുക്കളായുപയോഗിക്കാവുന്ന വ്യവസായങ്ങാംക്ക് മുൻഗണന നൽകുക.

തീററപ്പുൽ കൃഷിചെയ്യുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുക.

പഞ്ചായത്തിലെ മൊത്തം കർഷകത്തൊഴിലാളികളുടെയും കൂലി ഏകീകരിക്കുക.

കാർഷിക വായ്പ ലക്ഷ്യ പ്രാപ്തി നേടുന്നുണ്ടോ എന്ന് പരിശോധിക്കുക

കർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളെപ്പററി ബോധവൽക്കരണം നടത്തുക.

കൃഷിഭവൻ എല്ലാവർക്കും സൗകര്യപ്രദമായ പഞ്ചായത്ത് ഓഫീസിലേക്ക് മാററി സ്ഥാപിക്കുക.

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൻെറ മുഖച്ഛായ മാററാൻ പര്യാപ്തമായ കാർഷിക വിപ്ലവത്തിന് ആക്കം കൂട്ടുന്ന ഒട്ടേറെ നിർദ്ദേശങ്ങാം ഇതിലടങ്ങിയിട്ടുണ്ട്. പ്രാചീന കൃഷി രീതിയിൽ നിന്നും ശാസ്ത്രീയമായ ആധുനിക കൃഷി രീതിയിൽ നിന്നും പാഠങ്ങാം ഉാംക്കൊണ്ടുകൊണ്ട് ഒരു പുത്തൻ കാർഷിക സംസ്കാരം പടുത്തുയർത്താൻ നാം തയ്യാറാകേണ്ടതാണ്.

# അറ്റകുറ്റപണി

പട്ടിക A13

| വാർഡ് | തോട്/പുഴ | കുളം | ബണ്ട്/ചിറ |
|---|---|---|---|
| 1. | ചോലക[illegible]തോട് | - | - |
| 2. | മോയ[illegible] തോട് | - | - |
| 3. | കുണ്ടൻ ചോല | - | - |
| 4. | - | ചെറേക്കുളം | - |
| 5. | കൊടുവായൂർതോട് | മുന്നൂർ കുളം | |
| | | പഞ്ചായത്ത് കുളം | |
| 6. | വലിയതോട് | | പോത്തുകുഴിചിറ |
| | | | വലിയ ചിറ |
| 7. | - | - | - |
| 8. | - | - | - |
| 9. | - | - | - |
| 10. | കൊടുവായൂർ തോട് | - | - |
| 11. | കൊടുവായൂർ തോട് | നിലവിലുള്ളവ | - |
| 12. | പുഴയുടെ തീരം | നിലവിലുള്ളവ | |

നിർമ്മാണം പുനർനിർമാണം എന്നിവ വാർഡ് തലത്തിൽ സൂചിപ്പിക്കുന്ന പട്ടിക :

| വാർഡ് | ലിഫ്റ്റ്ഇറിഗേഷൻ | ട്രാക്ടർ സൗകര്യം | ബണ്ട്/ചിറ | കിണർ | തോടുകൾ | കുളങ്ങൾ | ജലസേചനം | മറ്റിനങ്ങൾ വൈദ്യുതി/ പമ്പ്സെറ്റ് | മണ്ണ് പരിശോധന കൃഷിഭവൻ ബോധവൽക്കരണ |
|---|---|---|---|---|---|---|---|---|---|
| 1 | പുഞ്ചപ്പാടം പട്ടിശ്ശിരി വയൽ | കൊളപ്പുറം പട്ടിശ്ശിരി | വരപ്പിനങ്ങൾ തോട് | - | - | - | വൈദ്യുതി പമ്പ്സെറ്റ് | - | എല്ലാംവേണം |
| 2 | ചോലക്കൻ തോട് | പട്ടിശ്ശിരി വയൽ | ചോലക്കൻ തോട് | കണ്ടംമാട് | മോയിൻ തോടിന് കൈത്തോട് | പാലാന്തറയ്ക്ക് താഴെ | Do | - - | Do |
| 3 | കൊളപ്പുറം വയൽ | - | - | - | 4 സബ്കനാലുകൾ | കൊളപ്പുറം വയൽ | Do | - | Do |
| 4 | കൈത്തോട് പാടം | - | പുഞ്ചപ്പാടം പട്ടിശ്ശേരി പണിക്കർചിറ | - | കരിപ്പായിൽ ഇടവഴി കളത്തിൽ പള്ളിയാളി | - | Do | - | Do |
| 5 | കൊടുവായൂർ പാടം | കൊടുവായൂർ പാടം | കൊടുവായൂർ തോട് | കൊടുവായൂർ വയൽ | - | - | Do | - | Do |
| 6 | പട്ടിശ്ശിരി പുഞ്ചപ്പാടം | പട്ടിശ്ശിരി പാടം | ചോലക്കൻ അരു(ചെക്ക്ഡാം) | - - | കരിപ്പായിൽ ഇടവഴി കളത്തിൽ പള്ളിയാളി | - - | Do | - - | Do |
| 7 | - | കരിപ്പായിൽ വയൽ | - - | - - | | കരിപ്പായിൽ വയലിന് മുകൾവശം | Do | - - | Do |
| 8 | - | - | - | - | - | - | - | - | Do |
| 9 | - | തലയാണി പാടം | - | - | - | തലയാണി | Do | - | Do |
| 10 | - | കൊടുവായൂർ പാടം | മംഗലംകാട്ട് ചോല | വയലിൽ | - | - | | മണ്ണൊലിപ്പ് തടയൽ ഡ്രിപ്പ് ഇറിഗേഷൻ | Do |
| 11 | - | കൊടുവായൂർ പാടം | ചിറക്കൽ താഴം തൂമ്പുങ്ങൽ | വയലിൽ | - | ഊക്കത്ത് പള്ളിയ്ക്ക് താഴെ | Do | - - | Do |
| 12 | കൊളപ്പുറം വയൽ | - | വലിയതോട് | വയലിൽ | കൊളപ്പുറം വയൽ | - | Do | - | Do |

# 5

# വിദ്യാഭ്യാസം

കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും 9 കി. മീ സമദൂരത്തായി സ്ഥിതിചെയ്യുന്ന ഒരു കൊച്ചു ഗ്രാമമാണ് അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത്. വേങ്ങര തേഞ്ഞിപ്പലം പഞ്ചായത്തുകളോടു തൊട്ടുകിടക്കുന്ന കടലുണ്ടി പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിന് അയൽ പഞ്ചായത്തുകളുടെ പകുതി വിസ്തൃതിയേ ഉള്ളു. വിദ്യാഭ്യാസരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണിവിടം. ഓത്തുപള്ളികളായി തുടങ്ങിയ മതപഠന ശാലകൾക്കു ഈ പഞ്ചായത്തിൽ തുടക്കം കുറിച്ചത് നൂറ്റാണ്ടിനുള്ളിലാണ് (പട്ടിക 1എ) 1920ലാണ് ആദ്യവിദ്യാലയം സ്ഥാപിതമായത്. ആദ്യത്തെ ഹൈസ്ക്കൂൾ 1975ലും സ്ഥാപിതമായി. ഈ കാലഘട്ടംവരെ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി വിദൂര സ്ഥലങ്ങളിലെ വിദ്യാലയങ്ങളെയാണ് ആശ്രയിച്ചിരുന്നത്. പരപ്പനങ്ങാടി, കോട്ടക്കൽ, മലപ്പുറം എന്നീ ഹൈസ്ക്കൂളുകളെ ഏതാനും ചില വിദ്യാർത്ഥികൾ മാത്രമേ ഉപയോഗപ്പെടുത്തിയുള്ളു. ഈ വിദ്യാലയങ്ങളിൽ സാമ്പത്തികമായി പന്നോക്കം നില്ക്കുന്ന ഈ പ്രദേശത്തുകാർക്ക് എത്തിച്ചേരുക ദുഷ്ക്കരമായിരുന്നു. 1957 കാലഘട്ടംവരെ ഈ അവസ്ഥ നിലനിന്നു 1957നു ശേഷം സ്ഥാപിതമായ തിരൂരങ്ങാടി, വേങ്ങര, കുററൂർ നോർത്ത് എന്നീ ഹൈസ്ക്കൂളുകൾ നിലവിൽ വന്നതോടെ ഈ സ്ഥിതിയിൽ മാററം സംഭവിച്ചു. എങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ കോളേജ് സൗകര്യം ഇല്ല. തിരൂരങ്ങാടി പി. എസ്. എം. ഓ കോളേജ്, മലപ്പുറം ഗവൺമെൻറ് കോളേജ് മഞ്ചേരി എൻ. എസ്. എസ് കോളേജ്, ഫാറൂഖ് കോളേജ് ഫറോക്ക്, കൊണ്ടോട്ടി ഇ. എം. ഇ. എ കോളേജ് എന്നിവയെയാണ് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് ആശ്രയിക്കുന്നത്. പരിസരപ്രദേശങ്ങളിലെ ഒട്ടനവധി പാരലൽ കോളജുകളെയും വിദ്യാർത്ഥികൾ ആശ്രയിക്കുന്നു.

ചരിത്രപരമായി നോക്കുമ്പോൾ ഈ ഗ്രാമത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസത്തോടുള്ള സമീപനത്തിൽ മാററം വന്നതായി കാണാം. 19ാം നൂറ്റാണ്ടിൻെറ ആദ്യപാദത്തിൽ പടർന്നു പിടിച്ച കോളറ നൂറുകണക്കിനു കുടുംബങ്ങളെ നാമാവശേഷമാക്കി. തുടർന്നുള്ള ദശകങ്ങളിലെ ടിപ്പു സുൽത്താൻെറ പടയോട്ടം, 1921 ലെ മലബാർ കലാപം എന്നിവയാണ് ഈ പ്രദേശത്ത് സ്വാധീനം ചെലുത്തിയ വലിയ സംഭവങ്ങൾ. ഭക്തി പ്രസ്ഥാനം, ശ്രീനാരായണഗുരുപ്രസ്ഥാനം, ക്ഷേത്ര പ്രവേശന പ്രവർത്തനങ്ങൾ എന്നിവയൊന്നും ഇവിടെ സ്വാധീനം ചെലുത്തിയില്ല. പഴയ സംസ്ക്കാരത്തിൻെറ തുടർപ്രവർത്തനങ്ങൾ നാമാവശേഷമാവുകയും പുതിയ സംസ്ക്കാരത്തിൻെറ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്ത കാലഘട്ടമാണിത്. നൂറ്റാണ്ട് പഴക്കമുള്ള മദ്രസ്സകളും ഏതാനും കുടിപള്ളിക്കൂടങ്ങളും മിക്കവാറും ജനങ്ങളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിർവ്വഹിച്ചു

പോന്നു. മദ്രസ്സകളിൽ പഠിപ്പിച്ചിരുന്ന അദ്ധ്യാപകരെയാണ് മൊല്ലമാർ എന്ന് അറിയപ്പെട്ടിരുന്നത്. ഈ പഞ്ചായത്തിൻെറ പ്രഥമ പ്രസിഡണ്ടായിരുന്ന വെട്ടിയാടൻ അഹമ്മദ്മൊല്ല എന്ന ആസാദ്സാഹിബ് ഒട്ടേറെ സാമൂഹ്യപരിഷ്ക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. അദ്ദേഹത്തിൻെറ ജേഷ്ഠന്മാരായ വെട്ടിയാടൻ മൊയ്തീൻകുട്ടി മൊല്ല, അഹമ്മദ്കുട്ടി മൊല്ല, എന്നിവർ സ്ഥാപിച്ച ഏകാദ്ധ്യാപക വിദ്യാലയമാണ് ഇന്നത്തെ അബ്ദുറഹിമാൻ നഗർ ഹൈസ്ക്കൂൾ. 1924ൽ കൊടുവായൂർ നോർത്ത് എ. എം. എൽ. പി സ്കൂളായിരുന്ന ഈ സ്ഥാപനം 1964ൽ യു. പി. സ്കൂളായും 1975ൽ ഹൈസ്ക്കൂളായും ഉയർത്തപ്പെട്ടു.1918ൽ തോട്ടോളി കോയക്കുട്ടിമാസ്റ്റർ ആരംഭിച്ച കാരപ്പുറ എ. എം. യു. പി സ്കൂൾ കുട്ടികളില്ലാത്തതുകാരണം അടച്ചുപൂട്ടേണ്ടിവന്നു. മുപ്പതുകൊല്ലങ്ങൾക്കുശേഷം കൊടുവായൂർ എ. എം. എൽ. പി. സ്കൂൾ (പുതിയത്തുപുറായ) ആയി ഈ സ്കൂൾ പുനഃസ്ഥാപിക്കപ്പെട്ടു 1924നു ശേഷം കൊടുവായൂർ ഹിന്ദുസ്കൂൾ, പുകയൂർ ഹരിജൻസ്കൂൾ, കൊളപ്പുറം ജി. എം. എൽ. പി സ്കൂൾ, മമ്പുറം ഗേൾസ് സ്കൂൾ എന്നിവ ആരംഭിച്ചു. പിന്നീട് ഈ സ്കൂളുകൾക്ക് ഡിസ്ത്രിക്ട് ബോർഡ് അംഗീകാരം നല്കുകയും ചെയ്തു. കുന്നുംപുറത്ത് ഒരു പീടിക മുറിയിൽ നടത്തിവന്നിരുന്ന വയോജന വിദ്യാഭ്യാസ സ്ഥാപനമാണ് കൊടുവായൂർ ഹിന്ദുസ്ക്കൂളായി മാറിയത്. പട്ടിക 1 ബി. സി) ഈ സ്കൂൾ ഇപ്പോൾ ജി. യു. പി. സ്കൂൾ ഏ. ആർ. നഗർ എന്നറിയപ്പെടുന്നു. പുള്ളിശ്ശേരിമൊയ്തീൻ സാഹിബിൻെറ നേതൃത്വത്തിൽ കൊളപ്പുറത്തു നടത്തപ്പെട്ടിരുന്ന വയോജന വിദ്യാഭ്യാസ സ്ഥാപനമാണ് ഇന്നത്തെ ജി. എം. യു. പി. സ്കൂൾ, കൊളപ്പുറം, 1980ലാണ് സർക്കാർ കെട്ടിടത്തിലേക്ക് ഈ സ്ഥാപനം മാററി സ്ഥാപിച്ചത്. പഞ്ചായത്തിലെ സർക്കാർ ഉടമസ്ഥതയിലുള്ള രണ്ട് സ്കൂളുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 1960ലാണ് ഇരുമ്പുചോല സ്കൂളിൻെറ തുടക്കം. 1976ൽ പ്രസ്തുത എൽ. പി. സ്കൂൾ യു. പി സ്കൂളായി ഉയർത്തി (പട്ടിക 2 എ. ബി. സി, 3 എ. ബി. സി, 4 എ. ബി. സി)

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് പുരോഗതികളുണ്ടാക്കുന്നതിനു വേണ്ടി സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികൾ പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ ഈ പരിഷ്ക്കരണങ്ങളുടെ മുമ്പന്തിയിൽ അന്ന് ഈ പഞ്ചായത്തിലെ പ്രബല രാഷ്ട്രീയ പാർട്ടിയായ ഇന്ത്യൻ നാഷനൽ കോൺഗ്രസ് ഉണ്ടായിരുന്നു. ദേശീയ പ്രസ്ഥാനത്തിനോടു ബന്ധപ്പെട്ട ഒര രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ കോൺഗ്രസ്സിനോട് കൂറുപുലർത്തിപ്പോന്ന മുസ്ലീംകളെ ദേശീയ മുസ്ലീംകൾ എന്ന പേരിൽ അന്നും ഇന്നും അറിയപ്പെടുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന് പഞ്ചായത്തിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടെത്തിയത് ഇങ്ങനെ ക്രോഡീകരിക്കാം.

1. ജനസംഖ്യക്ക് ആനുപാതികമായി വിദ്യാലയങ്ങൾ ഇല്ല.
2. ഉള്ള വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കൂടുതൽ
3. സ്കൂളുകളിലെ സൗകര്യക്കുറവ്

**നിർദ്ദേശിക്കപ്പെടുന്ന പരിഹാരമാർഗ്ഗങ്ങൾ:**

1. നിലവിലുള്ള അബ്ദുറഹിമാൻ നഗർ ഹൈസ്ക്കൂൾ പ്രൈമറിയായും ഹൈസ്ക്കൂളുമായും വേർതിരിക്കുക. രണ്ടിലും വേണ്ടത്ര സൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. കൊളപ്പുറം ഗവ. യു. പി സ്കൂൾ ഹൈസ്ക്കുളായി ഉയർത്തുക.
3. അബ്ദുറഹിമാൻ നഗർ യു. പി. സ്കൂൾ പൂർണ്ണമായും ഗവൺമെൻറ് ഉടമസ്ഥതയിലാക്കുക.
4. പുകയൂർ ജി. എൽ. പി സ്കൂളിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചുററുമതിൽ കെട്ടുകയും ചെയ്യുക.
5. പുതിയത്തുപുറായയിൽ ഒരു യി. പി സ്കൂൾ അനുവദിക്കുക
6. കുന്നുംപുറം, അബ്ദുറഹിമാൻ നഗർബസാർ, വി. കെ. പടി എന്നിവിടങ്ങളിൽ പ്രീ-പ്രൈമറി ക്ലാസ്സുകളുള്ള എൽ. പി. സ്കൂളുകൾ ആരംഭിക്കുക.
7. പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ആരംഭിക്കുക.

8. മമ്പുറം ജി. എൽ. പി സ്കൂൾ യു. പി. സ്കൂളായി ഉയർത്തുക

9. ഇരുമ്പുചോല എ. യു. പി. സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തുക

10. പുകയൂർ ജി. എൽ. പി. സ്കൂൾ യു. പി. സ്കൂളായി ഉയർത്തുക.

11. പുകയൂർ പൊററാണിൽ ഒരു എൽ. പി. സ്കൂൾ അനുവദിക്കുക

12. മമ്പുറം രണ്ടാം വാർഡിൽ ഒരു എൽ. പി. സ്കൂൾ അനുവദിക്കുക.

13. 8ാം വാർഡിലെ നെടുങ്ങാട്ടപുറായയിൽ ഒരു എൽ. പി സ്കൂൾ അനുവദിക്കുക.

14. 9ാം വാർഡിൽ ചെപ്യാലത്ത് ഒരു എൽ. പി. സ്കൂൾ അനുവദിക്കുക

15. അബ്ദുറഹിമാൻ നഗർ ഹൈസ്ക്കൂൾ ഹയർ സെക്കൻററിയായി ഉയർത്തുക

16. കുററൂ നോർത്തിലുള്ള അൽ-ഹുദാ ഇംഗ്ലീഷ് മീഡിയം നെഴ്സറി സ്കൂൾ എൽ. പി. സ്കൂളായി അംഗീകാരം നല്കുക.

17. എല്ലാ സ്കൂളുകളിലും അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ ശക്തിപ്പെടുത്തുക.

18. പ്രാദേശിക മദ്രസ്സ ഭാരവാഹികളെ ഉൾപ്പെടുത്തി സ്കൂളുകളിൽ കോ-ഓർഡിനേഷൻ കമ്മററി രൂപീകരിക്കുക.

19. സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ച് രക്ഷിതാക്കളിൽ നിലനിൽക്കുന്ന തെററിദ്ധാരണകൾ മാററിയെടുക്കുന്നതിന് നടപടി സ്വീകരിക്കുക.

20. തുടർസാക്ഷരതാകേന്ദ്രങ്ങളും വായനശാലകളും കൂടുതൽ ആരംഭിക്കുക.

21. പ്രോഗ്രസ്കാർഡ് രക്ഷിതാക്കളെ സ്കൂളിൽ വരുത്തി ഒപ്പുവെപ്പിക്കുക.

22. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ പ്രാദേശിക വിദ്യാഭ്യാസ സമിതികളും പഞ്ചായത്തു വിദ്യാഭ്യാസ സമിതിയും രൂപീകരിച്ച് ആവശ്യമായ മേൽനോട്ടം വഹിക്കുക.

23. ക്ലാസ്സു തലത്തിൽ അദ്ധ്യാപക രക്ഷാകർതൃ സമിതി രൂപീകരിക്കുക.

**II വിദ്യാലയങ്ങളിലെ ഗുണമേന്മയുടെ കുറവ്, വിദ്യാർത്ഥികളിലെ നിരക്ഷരത, അച്ചടക്കരാഹിത്യം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

1. ഡി. പി. ഇ. പി, ക്യു. ഐ. പി പരിപാടികൾ പഞ്ചായത്ത് മുൻകൈയ്യെടുത്ത് നടപ്പാക്കുക.

2. വിദ്യാലയതലത്തിൽ സംരക്ഷണസമിതികൾ മാതൃസമിതികൾ, പൂർവ്വ വിദ്യാർത്ഥി സമിതികൾ എന്നിവ രൂപീകരിച്ച് പി. ടി. എയുടെ പ്രവർത്തനവുമായി യോജിപ്പിക്കുക.

3. സർക്കാർ വിദ്യാലയങ്ങളിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുക.

4. മാനേജ്മെൻറ് നിയമനങ്ങളിലും സർക്കാർ നിയമനങ്ങളിലും തദ്ദേശീയർക്ക് മുൻഗണന നല്കുന്നതിന് ബന്ധപ്പെട്ടവരെ നിർബന്ധിപ്പിക്കുക.

5. പത്തിൽ കൂടുതൽ അദ്ധ്യാപകർ ഉള്ള സ്കൂളുകളിൽ പത്തിന് ഒന്ന് എന്ന അനുപാതത്തിൽ റിസർവ്വ് അദ്ധ്യാപകരെ നിയമിക്കുക.

6. അദ്ധ്യാപകരുടെ അവധി മൂലം വരുന്ന അദ്ധ്യയന നഷ്ടം ഒഴിവാക്കാൻ യഥാസമയം നടപടി സ്വീകരിക്കുക.

7. ശിശു വിദ്യാഭ്യാസത്തിന് കൂടുതൽ അംഗനവാടികൾ അനുവദിക്കുക.

8. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളോടും ചേർന്ന് പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുക. ആയതിനാവശ്യമായ കെട്ടിടങ്ങൾ പഞ്ചായത്തും പി. ടി. എയും നിർമ്മിച്ചു നല്കുക.

പട്ടിക 1 A മദ്രസ്സകളുടെ വിവരം

| ക്രമ നമ്പ്ര് | സ്ഥാപനം, സ്ഥലം | എണ്ണം | ആൺ | പെൺ | ആകെ | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| 1. | നിബ്രാസുൽ ഇസ്ലാം. കൊളപ്പുറം സൗത്ത് | 1 | 159 | 193 | 252 | 11 |
| 2. | ദാറുൽ ഇസ്ലാം. ഇരുമ്പൂചോല | 1 | 261 | 265 | 526 | 16 |
| 3. | അൻവാറുൽഹുദാ-കൊളപ്പുറം സൗത്ത് | 1 | 40 | 46 | 86 | 6 |
| 4. | ദാറുൽ ഇസ്ലാം മദ്രസ്സ. വി. കെ. പടി | 1 | 286 | 293 | 679 | 17 |
| 5. | മൻഹജുൽ ഉലൂം മദ്രസ്സ. കുന്നുംപുറം | 1 | 114 | 118 | 232 | 7 |
| 6. | മള്ഹറുൽ ഉലൂം മദ്രസ്സ. കക്കാടംപുറം | 1 | 273 | 230 | 503 | 14 |
| 7. | ഹയാത്തുൽ ഇസ്ലാം മദ്രസ്സ. പാലമടത്തിൽ ചിന | 1 | 325 | 276 | 601 | 12 |
| 8. | തർബിയത്തുൽ ഔലാദു മദ്രസ്സ പുകയൂർ-പൊറ്റാങ്ങിൽ | 1 | 81 | 75 | 156 | 7 |
| 9. | " " " | 2 | 154 | 137 | 291 | 8 |
| 10. | തർബിയത്തുൽ ഔലാദു.കൊട്ടംചാലിൽ | 3 | 37 | 38 | 75 | 3 |
| 11. | " " " | 4 | 25 | 18 | 43 | 2 |
| 12. | തഅ്ലീമുസ്സിബിയാൻ മദ്രസ്സ. പുകയൂർ -കുന്നത്ത് | 1 | 39 | 45 | 84 | 4 |
| 14. | " " " | 2 | 89 | 84 | 173 | 8 |
| 16. | നജാത്തുസ്സിബിയാൻ മദ്രസ്സ. പുതിയത്ത്പുറായ | 1 | 102 | 76 | 178 | 6 |
| 15. | രുഷ്ദുദുൽവിൽദാൻ മദ്രസ്സ. ചെപ്പിയാലം | 1 | 203 | 183 | 386 | 11 |
| 16. | സിറാജുൽ ഇസ്ലാം മദ്രസ്സ. വലിയപറമ്പ് | 1 | 48 | 36 | 84 | 4 |
| 17. | സിറാജുൽഹുദാ മദ്രസ്സ. വലിയപറമ്പ് | 1 | 68 | 70 | 138 | 7 |
| 18. | മൻബ്വഹുൽഹിദായമദ്രസ്സ. ചെണ്ടപ്പുറായ | 1 | 129 | 127 | 256 | 7 |
| 19. | മിസ്ബാഹുൽ ഉലൂം കേന്ദ്ര മദ്രസ്സ ശാരത്തപ്പടി-മമ്പുറം | 1 | 224 | 204 | 428 | 13 |
| 20. | " " മമ്പുറം ബ്രാഞ്ച് | 2 | 103 | 99 | 202 | 8 |
| 21. | " " ബ്രാഞ്ച് ചെങ്ങണാംകുന്നുപറമ്പ് | 3 | 40 | 28 | 68 | 2 |
| 22. | അസാസുൽഹുദാമദ്രസ്സ. ഹിദായത്ത്നഗർ | 1 | 65 | 60 | 125 | 4 |
| 23. | അൽ-ഹുദാ ഇസ്ലാമിക് സെക്കണ്ടറി മദ്രസ്സ കുറൂർ നോർത്ത് | 1 | 110 | 90 | 200 | 7 |
| | | | 3435 | 3185 | 6620 | 211 |

## പട്ടിക 1 B സ്കൂളുകളുടെ വിവരം

| ക്രമ നമ്പർ | പേര് | അധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | എ.ആർ.നഗർഹൈസ്ക്കൂൾ ചെണ്ടപ്പുറായ (എയ്ഡഡ്) | 55 | 72 | 127 | 2100 | 2101 | 4201 |
| 2 | എ.യു.പി.സ്ക്കൂൾ ഇരുമ്പുചോല (എയ്ഡഡ്) | 18 | 22 | 40 | 619 | 608 | 1227 |
| 3 | ജി.എം.യു.പി.സ്ക്കൂൾ കൊളപ്പുറം (ഗവൺമെൻറ്) | 7 | 13 | 20 | 387 | 418 | 805 |
| 4 | ജി.യു.പി.സ്ക്കൂൾ അബ്ദുൾറഹിമാൻനഗർ (ബസാർ) കക്കാടംപുറം (ഗവൺമെൻറ്) | 13 | 7 | 20 | 375 | 353 | 728 |
| 5 | ജി.എൽ.പി. സ്ക്കൂൾ പുകയൂർ (ഗവൺമെൻറ്) | 3 | 4 | 7 | 157 | 157 | 314 |
| 6 | ജി.എം.എൽ.പി. സ്ക്കൂൾ മമ്പുറം (ഗവൺമെൻറ്) | 5 | 4 | 9 | 178 | 142 | 320 |
| 7 | എ.എം.എൽ.പി.സ്കൂൾ കൊടുവായൂർ (പുതിയത്ത് പുറായ) | 8 | 11 | 19 | 368 | 281 | 649 |

## പട്ടിക 1 C മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം

| ക്രമ നമ്പർ | പേര് | അധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | എ.എ.എം.യു.പി.സ്ക്കൂൾ (പുതിയത്ത്പുറായി) | 2 | 1 | 3 | 39 | 41 | 80 |
| 2 | അൽഹദാ ഇംഗ്ലീഷ്മീഡിയം എൽ.പി. സ്ക്കൂൾ ആൻറ് ഇസ്ലാമിക് നേഴ്സറി | 4 | 4 | 8 | 95 | 61 | 156 |
| 3 | മലബാർ സെൻട്രൽ എൽ.പി.സ്ക്കൂൾ ആൻറ് നേഴ്സറി | 4 | 9 | 13 | 162 | 125 | 287 |
| 4 | ഖുത്തബ്ബിയ ഇസ്ലാമിക് നേഴ്സറി | 1 | 2 | 3 | 22 | 13 | 35 |
| 5 | വിദ്യാകോളേജ് അബ്ദുറഹിമാൻനഗർ | 7 | - | 7 | 150 | 200 | 350 |
| 6 | സിൻസിയർ കോളേജ് ചെണ്ടപ്പുറായ (ട്യൂട്ടോറിയൽ) | 7 | 1. | 8 | 98 | 102 | 200 |

പട്ടിക II A സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത

| സ്കൂളുകളുടെ പേര് | ജി.എം.എൽ.പി സ്കൂൾ, മമ്പുറം | ജി. എൽ. പി. സ്കൂൾ, പുകയൂർ | എ. എം. എൽ. പി. സ്കൂൾ, കൊടുവായൂർ | ജി. എം. യു.വി. പി. സ്കൂൾ കൊളപ്പുറം | എ. യു. പി. സ്കൂൾ ഇരുമ്പുചോല | ജി. യു. പി. സ്കൂൾ കക്കാടംപുറം | എ.ആർ.നഗർ ഹൈസ്കൂൾ ചെണ്ടപ്പുറായ |
|---|---|---|---|---|---|---|---|
| തറവിസ്തീർണ്ണം | $35m^2$ | $103m^2$ | $100\ m^2$ | $260\ m^2$ | $300m^2$ | $270m^2$ | $350m^2$ |
| ഓഫീസ്മുറി | ✔ | × | ✔ | ✔ | ✔ | ✔ | ✔ |
| സ്റ്റാഫ്മുറി | × | × | × | × | ✔ | × | ✔ |
| ലബോറട്ടറി | × | × | × | ✔ | ✔ | × | ✔ |
| പാചകസ്ഥലം | × | × | × | ✔ | ✔ | × | × |
| മൂത്രപ്പുര ഉള്ളത് | 2 | 2 | 1 | 1 | 2 | 2 | 4 |
| ഇനി വേണ്ടത് | 2 | - | 2 | 2 | 2 | 2 | 4 |
| കക്കൂസ് ഉള്ളത് | 1 | 2 | - | 1 | 1 | 1 | 2 |
| ഇനി വേണ്ടത് | 1 | - | 1 | 1 | 1 | - | 2 |
| കളിസ്ഥലം | × | ✔ | × | ✔ | ✔ | × | ✔ |
| കിണർ (കുടിവെള്ളം ഉള്ളത്) | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| ഡസ്ക് ഇനിവേണ്ടത് | 18 | 50 | 64 | 75 | 10 | 18 | 150 |
| ബഞ്ച് ഇനി വേണ്ടത് | 35 | 25 | - | 75 | 15 | 35 | 50 |
| കസേര ഇനി വേണ്ടത് | 10 | 5 | - | 25 | 5 | 10 | 5 |
| മേശ ഇനി വേണ്ടത് | 4 | 5 | - | 12 | 5 | 4 | 5 |
| അലമാര ഇനിവേണ്ടത് | 3 | 2 | 1 | 2 | 2 | 3 | 2 |
| വൈദ്യുതി ലഭ്യത | × | × | × | × | ✔ | ✔ | ✔ |

# പട്ടിക II B അക്കാദമിക് സൗകര്യങ്ങളുടെ ആവശ്യം/ലഭ്യത

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ലൈബ്രറി | ലാബറട്ടറി | റേഡിയോ | ടേപ്പ് റിക്കാർഡർ, | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | വി.സി.ആർ വി.സി.പി | കമ്പ്യൂട്ടർ | പാഠോപകരണങ്ങൾ മേപ്പ്,ചാർട്ട്, ഗ്ലോബുകൾ മുതലായവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | എ.എം.എൽ.പി.സ്കൂൾ, കൊടുവായൂർ - പുതിയത്ത് പുറായ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | ജി.എൽ.പി.സ്കൂൾ പുകയൂർ വലിയപറമ്പ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | ജി.എം.എൽ.പി.സ്കൂൾ മമ്പുറം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | ജി.യു.പി.സ്കൂൾ അബ്ദുറഹിമാൻ നഗർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല |
| 5 | ജി.എം.യു.പി.സ്കൂൾ കൊളപ്പുറം | നാമമാത്ര ലൈബ്രറി പ്രവർത്തിക്കുന്നു | നാമമാത്ര ലാബറട്ടറി പ്രവർത്തിക്കുന്നു | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല |
| 6 | എ.യു.പി.സ്കൂൾ ഇരുമ്പുചോല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 7 | അബ്ദുറഹിമാൻ നഗർ ഹൈസ്കൂൾ ചെണ്ടപ്പുറായ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |

# പട്ടിക II C സ്ക്കൂളിൻെറ ഭൗതിക സാഹചര്യങ്ങളുടെ വിവരങ്ങൾ.

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ്മുറി | സ്റ്റാഫ് മുറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ | മറ്റിനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ജി.എം.എൽ.പി.സക്കൂൾ മമ്പുറം | ഏ. സെ<br>" 35 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 2 | ജി.എൽ.പി.സ്ക്കൂൾ പുകയൂർ വലിയപറമ്പ് | 1.03 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 3 | ഏ.എം.എൽ.പി.സ്ക്കൂൾ കൊടുവായൂർ പുതിയത്ത് പുറായ | 1.00 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 4 | ജി.യു.പി.സ്കൂൾ അബ്ദുറഹിമാൻ നഗർ കക്കാടം പുറം | .27 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 5 | ജി.എം.യു.പി.സ്ക്കൂൾ കൊളപ്പുറം | 2.60 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 6 | എ.യു.പി.സ്ക്കൂൾ ഇരുമ്പുചോല | 3.00 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 7 | അബ്ദുറഹിമാൻ നഗർ ഹൈസ്ക്കൂൾ ചെണ്ടപ്പുറായ. | 3.50 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |

പട്ടിക III A കുട്ടികളുടെ വിശദവിവരം

| കുട്ടികൾ | എൽ.പി.വിഭാഗം | | യു.പി.വിഭാഗം | | എച്ച്.എസ്.വിഭാഗം | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| SC/ST | 171 | 4.5% | 166 | 6.3% | 130 | 6.8% |
| പെൺ | 1082 | 48% | 1241 | 47% | 1058 | 55% |
| ആൺ | 1967 | 52% | 1395 | 53% | 861 | 45% |
| ആകെ | 3220 | 100% | 2802 | 100% | 2049 | 100% |

പട്ടിക III B പഠനം നിർത്തിയ കുട്ടികൾ(7ാം തരത്തിന് മുമ്പ്)

| SC/ST | | | മറ്റുള്ളവർ | | | ആകെ | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 9 | 5 | 14 | 177 | 92 | 269 | 186 | 97 | 283 |

പട്ടിക III C അധ്യാപകരുടെ വിശദാംശങ്ങൾ

| അധ്യാപകരുടെ എണ്ണം | | | | |
|---|---|---|---|---|
| സ്കൂളുകൾ | ആൺ | പെൺ | ആകെ | ശതമാനം |
| ഗവർമ്മെണ്ട് | 28 | 28 | 56 | 23% |
| എയിഡഡ് | 81 | 105 | 186 | 77% |
| അൺഎയിഡഡ് | 11 | 16 | 27 | - |

പട്ടിക IV A കുട്ടികളുടെ പഠന നിലവാരം (1996-97 ആദ്യപാദം)

| ക്ലാസുകൾ | 30 ശതമാനത്തിൽ താഴെ മാത്രം മാർക്ക് നേടുന്നവർ | 30% മുതൽ 40% വരെ മാർക്ക് നേടുന്നവർ | 40% മുതൽ 50% വരെ മാർക്ക് നേടുന്നവർ | 50% മുതൽ 60% വരെ മാർക്ക് നേടുന്നവർ | 60 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയവർ |
|---|---|---|---|---|---|
| 3 | 274 | 144 | 212 | 117 | 188 |
| 4 | 223 | 150 | 214 | 177 | 135 |
| 5 | 138 | 173 | 260 | 187 | 99 |
| 6 | 207 | 143 | 242 | 123 | 133 |
| 7 | 251 | 182 | 250 | 136 | 101 |
| 8 | 149 | 149 | 298 | 74 | 74 |
| 9 | 141 | 141 | 281 | 70 | 70 |
| 10 | 94 | 94 | 190 | 47 | 47 |

പട്ടിക IV B SSLC വിജയശതമാനം

| വർഷം | മൊത്തം പരീക്ഷയ്ക്കിരുന്നവർ | വിജയികൾ | ശതമാനം |
|---|---|---|---|
| 1992 | 279 | 53 | 19% |
| 1993 | 272 | 65 | 22.3% |
| 1994 | 327 | 53 | 16% |
| 1995 | 403 | 55 | 14% |
| 1996 | 401 | 61 | 15.2% |

## സാക്ഷരത

സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളോടൊപ്പം 1910-30 കാലഘട്ടത്തിൽ തന്നെ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും പ്രവർത്തിച്ചിരുന്നു. സ്വാതന്ത്ര്യലബ്ധിയോടെ കാൻഫെഡിൻെറയും, സർക്കാരിൻെറയും സഹായത്തോടെ ഏതാനും വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ നടന്നിരുന്നു. ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനം ആരംഭിച്ചതോടെ ഈ രംഗത്ത് വലിയ മാറ്റങ്ങൾ വന്നു. മുഴുവൻ ജനങ്ങളുടെയും പിന്തുണയോടെ പഞ്ചായത്തിൽ 254 സാക്ഷരതാ കേന്ദ്രങ്ങൾ വളരെ ഫലപ്രദമായി പ്രവർത്തിച്ചു. ഒന്നാംഘട്ടസാക്ഷരതയിൽ മലപ്പുറം പ്രോജക്ടിനു കീഴിലെ ഏറ്റവും മികച്ച പഞ്ചായത്തെന്ന സ്ഥാനം എ.ആർ.നഗർ - പഞ്ചായത്ത് നേടുകയുണ്ടായി. ഈ ഘട്ടത്തിൽ നൂറ് കണക്കിന് പൊതുയോഗങ്ങളും കലാപരിപാടികളും ആയിരക്കണക്കിന് കുടുംബസദസ്സുകളും ഇതിൻെറ ഭാഗമായി നടന്നു. അന്നത്തെ APO ശ്രീ.വി

ജയൻ മാസ്റ്റർ, പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ കാവുങ്ങൽ മുഹമ്മദ്കുട്ടിഹാജി, RP മാരായ ഏതാനും അധ്യാപകർ, നൂറുകണക്കിന് സാക്ഷരതാ ഇൻസ്ട്രക്ടർമാർ എന്നിവർ കാഴ്ചവെച്ച കൂട്ടായ പ്രവർത്തനം ആവേശകരമായിരുന്നു. സ്ക്കൂൾ കുട്ടികളിലെ നിരക്ഷരത ഇല്ലാതാക്കാനായി നടത്തപ്പെട്ട 'അമ്മതൻമണിക്കുട്ടൻ' പരിപാടി ഈ പഞ്ചായത്തിലും ഏതാനും സ്ക്കൂളുകളിൽ ഫലപ്രദമായി നടക്കുകയുണ്ടായി.

രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനത്തിൻെറ ഭാഗമായി നടത്തപ്പെട്ട 'പുഞ്ചിരി പൊട്ടിച്ചിരി' പരിപാടിയും വിദ്യാഭ്യാസരംഗത്ത് ചൈതന്യം പകരാനുള്ളതായിരുന്നു. ഈ രണ്ട് പരിപാടികൾക്കും വിദ്യാലയങ്ങൾ അത്ര ആവേശകരമായ സഹകരണം നൽകിയെന്ന് പറയാനാവില്ല. നാട്ടുകാരിലും വിദ്യാർത്ഥികളിലും സമ്പാദ്യശീലം വളർത്താനായി നടത്തപ്പെട്ട പരിശ്രമങ്ങളുടെ ഫലമായി ദേശീയ സമ്പാദ്യപദ്ധതിയിൽ അവരെ അംഗങ്ങളാക്കുകയും അതുവഴി ഇന്ത്യയിലെ മൂന്നാമത്തെ 'ബാചത് പഞ്ചായത്ത്' എന്ന ബഹുമതി എ.ആർ.നഗർ പഞ്ചായത്ത് കൈവരിയ്ക്കുകയും ചെയ്തു. തുടർ വിദ്യാഭ്യാസ പരിപാടിയ്ക്കായി സ്ഥാപിച്ച മൂന്ന് ജനവിദ്യാകേന്ദ്രങ്ങൾ ഇപ്പോഴും പ്രവർത്തിയ്ക്കുന്നുണ്ട്. സാക്ഷരതാ പ്രവർത്തനം മാതൃകാപരമായി നടത്തിയതിൻെറ ഫലമായി ജില്ലയ്ക്ക് ലഭിച്ച സാമൂഹ്യാധിഷ്ഠിത പോഷകാഹാര പരിപാടി (CBNP) ദാരിദ്ര്യനിർമ്മാർജ്ജന പരിപാടി (PAP) എന്നിവ ഈ പഞ്ചായത്തിലും ഏറെക്കുറെ നടക്കുന്നുണ്ട്.

വനിതാ സന്നദ്ധ സാക്ഷരതാ പ്രവർത്തകർ DPEP പദ്ധതിയുടെ ഭാഗമായി നടത്തിയ "കൊഴിഞ്ഞ് പോക്ക്, സ്ക്കൂളിൽ ചേരായ്മ" സർവ്വെ വളരെ ഫലപ്രദമായി നടന്ന ഒരു പ്രവർത്തനമാണ്. അഞ്ച് വയസ്സിന് മുകളിലുള്ള മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിയ്ക്കുന്നതിന്നുള്ള പ്രവർത്തനങ്ങൾ ഇതിനെ തുടർന്ന് നടന്നു. മിക്ക വിദ്യാലയങ്ങളിലും മാതൃസംഗമങ്ങൾ നടത്തുന്നതിനും രക്ഷിതാക്കളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും C B N P വളണ്ടിയർമാരുടെ സേവനം സഹായകരമായിട്ടുണ്ട്.

വനിതാ സന്നദ്ധ സാക്ഷരതാ പ്രവർത്തകർ നടത്തിയ CBNP, PAP പരിപാടികളും സാമാന്യം ഫലപ്രദമായി. സമൂഹത്തിൽ അവശതയനുഭവിയ്ക്കുന്നവരെ കണ്ടെത്താനുള്ള സർവ്വെ, ഇങ്ങനെ കണ്ടെത്തിയ കുടുംബങ്ങളെ സഹായിക്കാനായുള്ള അയൽക്കൂട്ടങ്ങൾ, ഏരിയാ ഡവലപ്പ്മെൻറ് സൊസൈറ്റികൾ എന്നിവ ഇവിടെ പ്രവർത്തിയ്ക്കുന്നുണ്ട്. 18 അയൽക്കൂട്ടങ്ങളും- 5 ADS കളും ഒരു CDS - ഉം നിലവിലുണ്ട്. അംഗങ്ങളിൽ മിതവ്യയ ശീലമുണ്ടാക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിന്നും, കക്കൂസ് നിർമ്മാണം, മറ്റു വികസന പദ്ധതികൾ എന്നിവയ്ക്കും CBNP വളണ്ടിയർമാരുടെ സേവനം സഹായകരമായിട്ടുണ്ട്.

CBNP പ്രവർത്തനത്തിൻെറ ആണിക്കല്ലുകളായ കമ്യൂണിറ്റി ഓർഗനൈസർമാർ, അസോസിയേറ്റ് പഞ്ചായത്ത് കോ-ഓർഡിനേറ്റർ എന്നിവർ ഇല്ലാതായത് ഈ പ്രവർത്തങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

ജനവിദ്യാ കേന്ദ്രങ്ങൾക്ക് സ്വന്തം കെട്ടിടം കൺവീനർമാർക്ക് നാമമാത്രമായെങ്കിലുമുള്ള പ്രതിമാസ അലവൻസ് എന്നിവ ലഭ്യമാക്കിയാൽ ഈ പ്രവർത്തനങ്ങൾ മുന്നോട്ട് നയിയ്ക്കാനാകും.

ഒരു പഞ്ചായത്ത് കമ്യൂണിറ്റിഹാൾ നിർമ്മിയ്ക്കുന്നത് പലതരത്തിലുള്ള പരിശീലനപരിപാടികൾക്കും യോഗങ്ങൾക്കും സഹായകരമായിരിയ്ക്കും.

# 5

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

എ. ആർ. നഗർ പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്ശുദ്ധജലക്ഷാമം. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഇത് രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. ജനങ്ങളുടെ ആവശ്യമനുസരിച്ച് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ട സൗകര്യമില്ലാത്തതും ജലസ്രോതസ്സുകളുടെ അപര്യാപ്തതയുമാണ് ഇതിന് മുഖ്യകാരണം.

പനമ്പുഴ ശുദ്ധജല വിതരണ പദ്ധതിയും കക്കാടം പുറത്തുള്ള കുഴൽ കിണറിൽ നിന്ന് വെള്ളം നേരിട്ട് പമ്പു ചെയ്യുന്ന പദ്ധതിയുമാണ് പഞ്ചായത്തിൽ നിലവിലുള്ള ഔദ്യോഗിക ശുദ്ധജലവിതരണ സംവിധാനം. 34 പൊതുകിണറുകളും കുഴൽ കിണറുകളും ഇപ്പോൾ നിലവിലുള്ള പഞ്ചായത്തിൽ 66 പൊതുടാപ്പുകളുമുണ്ട്.

## പനമ്പുഴ പദ്ധതി

പനമ്പുഴയിൽ നിന്ന് വെള്ളം പമ്പുചെയ്ത്, കുന്നം പുറത്ത് സംഭരിച്ച് പഞ്ചായത്തിലെ എല്ലാ ഭാഗത്തേക്കും ശുദ്ധജല വിതരണം നടത്തുന്നതിന്വേണ്ടി നടപ്പാക്കിയ ഈ പദ്ധതി നിർമാണത്തിലെ വൈകല്യം കാരണം ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല. സംഭരണിയിലേക്ക് ജലമെത്തിക്കുന്നതിനും തിരിച്ച് വെള്ളം വിതരണം ചെയ്യുന്നതിനും ഒറ്റ പൈപ്പാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് മാറ്റി പ്രത്യേകം പൈപ്പുകൾ സ്ഥാപിക്കുകയും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും പൈപ്പ് ലൈൻ നീട്ടുകയും ചെയ്യേണ്ടതാണ്.

## കക്കാടംപുറം കുഴൽ കിണർ

കുഴൽ കിണറിൽ നിന്നും നേരിട്ട് പൊതുടാപ്പിലേക്ക് വെള്ളമെടുക്കുന്ന സംവിധാനമാണ് ഇവിടെയുള്ളത്. അതുകൊണ്ടുതന്നെ പമ്പിംഗ് നടത്തുന്ന സമയത്തുമാത്രമേ പൊതു ടാപ്പുകളിൽ വെള്ളം വരികയുള്ളൂ. കിണറിന് സമീപം ഒരു ജലസംഭരണി സ്ഥാപിച്ചും പൊതുടാപ്പുകൾ കൂടുതൽ പ്രദേശത്തേക്ക് വ്യാപിപ്പിച്ചും ശുദ്ധ ജല വിതരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. കൂടുതൽ വിശകലനത്തിനായി ഗ്രാമസഭയിലെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അനുബന്ധമായി ചേർക്കുന്നു.

### കുടിവെള്ള ക്ഷാമ പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

**വാർഡ് 1:** തടത്തിൽ കോളനിയിലാണ് ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. ആയുർവേദ ആശുപത്രിയിലും പരിസരപ്രദേശത്തും ശുദ്ധജലക്ഷാമം

അനുഭവപ്പെടുന്നു. രണ്ടിടത്തും ഓരോ കുഴൽ കിണർ കുഴിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്. ക്ഷാര ത്തുപടിയുടെ മുൻ വശം ഒരു പൊതുടാപ്പ് സ്ഥാപി ക്കേണ്ടതാണ്. നിലവിലുള്ള പൈപ്പ് ലൈൻ നന്നാക്കു കയും വേണം. മമ്പുറം ലിങ്ക്റോഡിൽ വി. കെ. പടി മുതൽ മമ്പുറം വരെ പുതിയതായി പൈപ്പ് ലൈൻ നിർ മിക്കണം.

**വാർഡ് 2:** മുക്കമ്മൽ കോളനിയിലും പതിനാറിങ്ങലും ഓരോ കുഴൽ കിണർ നിർമിക്കണം. കണ്ടമ്മാട് കോ ളനി വരെ നിലവിലുള്ള പൈപ്പ് ലൈൻ നീട്ടണം. വി. കെ. പടി ഒരപ്പനിങ്ങൽ റോഡിൽ പൈപ്പ് ലൈൻ സ്ഥാ പിക്കണം.

**വാർഡ് 3:** കുഴൽ കിണറുകളിൽ നിലവിലുള്ള പൈപ്പ് മാറ്റി പി. വി. സി. പൈപ്പ് സ്ഥാപിക്കുക. അത്താ ണിക്കൽ മുതൽ അരീതലവരെ പൈപ്പ് ലൈൻ സ്ഥാ പിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതാണ്. നിലവി ലുള്ള പൈപ്പ് ലൈനുകളിൽ നിന്നും ശരിയാംവിധം വെള്ളം ലഭിക്കുന്നില്ല. ലൈനിലെ തകരാറുകൾ നീക്കി ശുദ്ധജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഹൗസ് കണക്ഷൻ ആവശ്യപ്പെട്ടവർക്ക് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അരീ തല റോഡുമുതൽ ലക്ഷം വീട് കാവുങ്ങൽ പാറ വരേ യും ഇരുമ്പുചോല സ്കൂൾ വരെയും പൈപ്പ് ലൈൻ സ്ഥാപിക്കണം.

**വാർഡ്4:** ഉള്ളാട്ട് പറമ്പ് ഹരിജൻ കോളനിയിൽ നിലവി ലുള്ള കിണർ റിപ്പയർ ചെയ്ത് വെള്ളം ലഭ്യമാക്കണം. കോളനിയിലേക്ക് പൈപ്പ് ലൈൻ ഏർപ്പെടുത്തണം. കുറ്റി ക്കാട്ട് തൊടുപുറം കണ്ടി-മണ്ണാരക്കൽ ഇടവഴി ഇല്ലിക്കൽ റോഡ് കോരുട്ടിൽ റോഡ് എന്നിവിടങ്ങളിൽ പൊതു ടാപ്പ് സ്ഥാപിക്കണം.

**വാർഡ് 5:** നിലവിലുള്ള പൈപ്പ് ലൈനിൽ നിന്നും കൂടുതൽ ടാപ്പുകൾ അനുവദിക്കുകയും ശരിയാംവിധം വെള്ളം വിതരണം ചെയ്യുകയും വേണം.

**വാർഡ്6:** നിലവിലുള്ള പൈപ്പ് ലൈൻ പുനരുദ്ധരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക. എൻ. എച്ച്. മുതൽ പാലാന്തറ വരെ പുതിയ പൈപ്പ് ലൈൻ നിർമിക്കുക യും കൂടുതൽ പൊതുടാപ്പുകൾ അനുവദിക്കുകയും വേ ണം. കുന്നത്തിൻെറ വടക്കുഭാഗത്തും ശുദ്ധജലം എത്തി ക്കണം. ഉപയോഗശൂന്യമായ കുഴൽ കിണറുകൾ റിപ്പയർ ചെയ്യുക.

**വാർഡ് ഏഴ്:** കുന്നത്ത്, അരീത്തോട്, പുകയൂർ എന്നി വിടങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്. നിലവി ലുള്ള പൈപ്പ് ലൈൻ ഈ പ്രദേശത്തേക്ക് നീട്ടുകയും കൂടുതൽ ടാപ്പുകൾ അനുവദിക്കുകയും ചെയ്യണം. കുന്നത്ത്-അരീത്തോട് റോഡിൽ അത്താണിക്ക് സമീ പം, കുന്നത്ത് പൊറ്റാളിൻ റോഡിൽ, പൂതം കുറിഞ്ഞി മാട് എന്നീ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമി ക്കണം. കരിപ്പായി മാട് കോളനി അംഗനവാടിക്ക് സമീപം പൊതുടാപ്പ് സ്ഥാപിക്കണം.

**വാർഡ്8:** മണ്ണിൽ തൊടി ലക്ഷം വീട് കോളനിയിൽ പുതിയതായി ഒരു കുഴൽ കിണർ കൂടി സ്ഥാപിക്കണം. പഞ്ചായത്തിലെ നിലവിലുള്ള പൈപ്പ് ലൈൻ കോളനി യിലേക്ക് നീട്ടുകയും കൂടുതൽ പൊതുടാപ്പുകൾ സ്ഥാ പിക്കുകയും, ആവശ്യപ്പെടുന്നവർക്ക് വീടുകണക്ഷ നുകൾ നൽകുകയും വേണം. മേപ്പടി കോളനിയിലും കുട്ടശ്ശേരി ചെന, കാരച്ചെനപ്പുറായ, അരീക്കാട്ട്മാട്, പത്രാട്ടുപാറ എന്നീ പ്രദേശങ്ങളിലും ശുദ്ധജലവി തരണത്തിന് ആവശ്യമായ മിനി വാട്ടർ സ്കീം നടപ്പാ ക്കണം.

**വാർഡ്9:** അത്തംപുറ, കുഴിചെന, കൊമ്മങ്ങാട്ട് മാട്, പ ത്രാട്ടുപാറ എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ നിർ മിച്ച് ശുദ്ധജല സംവിധാനം ഏർപ്പെടുത്തണം. പൊരി യങ്ങൽ ലക്ഷം വീട്, കുഴിച്ചെന എന്നിവിടങ്ങളിൽ നി ലവിലുള്ള പൊതുകിണർ റിപ്പെയർ ചെയ്ത് ശുദ്ധജലം ലഭ്യമാക്കണം. വാർഡിലെ എല്ലാ ഭാഗത്തും പൊതുടാ പ്പുകൾ സ്ഥാപിക്കുകയും ആവശ്യപ്പെടുന്നവർക്ക് വീട്ടു കണക്ഷൻ നൽകുകയും വേണം. പുതിയത്തുപുറായ സ്കൂളിനുസമീപം നിലവിലുള്ള കുഴൽ കിണറിൽ നിന്ന് വെള്ളം സംഭരിക്കാൻ ഒരു സംഭരണി നിർമിക്കുകയും ശുദ്ധജല വിതരണം നടത്തുകയും വേണം.

**വാർഡ് 10:** നിലവിലുള്ള പൊതുകിണർ റിപ്പയർ ചെയ്ത് ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കണം. കക്കാടം പുറം കുഴൽ കിണറിൻെറ പമ്പ് സെറ്റ് നന്നാക്കി കുറ്റൂർ നോർത്ത്, നിലപറമ്പ്, തെക്കെ പറമ്പ് ഹരിജൻ കോ ളനി എന്നിവിടങ്ങളിലേക്ക് ജലവിതരണം നടത്തണം. കുന്നംപുറം വാട്ടർ ടാങ്കിൽ നിന്നും കൂടുതൽ പൊതുടാ

പ്പുകൾ സ്ഥാപിച്ച് വാർഡിലെ എല്ലാ ഭാഗത്തും ശുദ്ധ ജലം വിതരണം ചെയ്യണം.

വാർഡ്11: കൂമൻ ചെന, പട്ടികജാതി സങ്കേതം, അങ്കൻ വാടി, കോൽപറമ്പ്, കരിയാടൻ കോളനി, ചങ്ങരം പാട്ട് കോളനി, ഹെൽത്ത് സെൻററിന് സമീപം എന്നിവിടങ്ങളിൽ സ്ഥിരമായി ശുദ്ധജലമെത്തിക്കാനുള്ള നടപടി സ്വീകരിക്കുക. എ. ആർ. നഗർ ബസാറിൽ നിന്നും അമ്പലം റോഡി(ഫസൽഹാജി റോഡ്) ൽ പൈപ്പ് ലൈൻ സ്ഥാപിക്കുക. കൊളപ്പുറം ഹെൽത്ത് സെൻറർ -കൊണ്ടോട്ടി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുകയും വേണം. ആസാദ് നഗറിൽ നിന്നും ചെണ്ടപ്പുറായയിലേക്കുള്ള റോഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് കോരമ്പാട്ട് പറമ്പ്, വേളത്ത് പറമ്പ് എന്നീ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കേണ്ടതാണ്. കക്കാടം പുറം വയൽ റോഡ് പള്ളിയാളി പ്രദേശത്തും, മുരിങ്ങോട്ട് വളപ്പ് ഭാഗത്തും ശുദ്ധജലവിതരണത്തിന് പദ്ധതികൾ ആവിഷ്കരിക്കുക.

**വാർഡ് 12:** കൊളപ്പുറം ജി. എം. യു. പി സ്കൂൾ പരിസരം, കുന്നുമ്മൽ , എരഞ്ഞിപ്പിലാക്കൽ, നിബ്രാസുൽ ഇസ്ലാം മദ്രസ്സാപരിസരം, കൊള്ളാനിപാറ, കൂമൻ ചെന, അമ്പലത്തിങ്ങൽ പറമ്പ്, ആട്ടയിൽ എന്നിവിടങ്ങളിൽ ശുദ്ധജല വിതരണത്തിന് വേണ്ട പൈപ്പ് ലൈൻ സ്ഥാപിക്കുകയും കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുകയും വേണം. കൊളപ്പുറം സൗത്തിലുള്ള പൊതുകിണർ റിപ്പയർ ചെയ്യുകയും ചുറ്റുമതിൽ കെട്ടുകയും വേണം.

## പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

### 1. എ. ആർ. നഗർ ജലവിതരണ പദ്ധതി

കുന്നംപുറം ജലസംഭരണിയിൽ നിന്നും ജലവിതരണത്തിനായി പുതിയൊരു പൈപ്പ് സ്ഥാപിച്ച് ശുദ്ധജലവിതരണം സുഗമമാക്കുക. പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലേക്കും പൈപ്പ്ലൈൻ നീട്ടുകയും കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.

### 2.കക്കാടംപുറം കുഴൽ കിണർ

കക്കാടംപുറം കുഴൽ കിണറിൻെറ നിലവിലുള്ള പമ്പ് സെറ്റ് റിപ്പയർ ചെയ്യുകയും, കുറ്റൂർ ഭാഗത്ത് ജലസംഭരണി നിർമിക്കുകയും 9, 10, 11 വാർഡുകളിലെ എല്ലാ ഭാഗത്തും ടാപ്പുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുകയും ചെയ്യുക.

## പഞ്ചായത്ത് തലത്തിൽ പുതുതായി തുടങ്ങേണ്ട പദ്ധതികൾ

1. കണ്ണമ്മാട്ട് കോളനിയ്ക്ക് താഴെ ഭാഗം പട്ടിശ്ശേരി പാടത്തിന് അടുത്ത് പുതിയതായി ഒരു കിണർ നിർമ്മിക്കുകയും കണ്ണമാട് കോളനിയിൽ ജലസംഭരണി സ്ഥാപിക്കുകയും ചെയ്താൽ 1, 2, 3, 4, 5, 6, 12 വാർഡുകളിലേക്ക് ആവശ്യമായ ശുദ്ധജലം വിതരണം നടത്താൻ സാധിക്കും. ഇതൊരു മിനി ജലവിതരണ പദ്ധതിയായി നടപ്പാക്കുകയും മേൽ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുകയും വേണം
2. കടലുണ്ടിപുഴയിൽ കുന്ദംകുലം ഭാഗത്ത് പുതുതായി കിണർ നിർമ്മിക്കുകയും പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിൽ ജലസംഭരണികൾ സ്ഥാപിക്കുകയും ചെയ്താൽ പഞ്ചായത്തിൻെറ മൊത്തം പ്രദേശത്തും വിതരണം ചെയ്യാൻ ആവശ്യമായ വെള്ളം ലഭിക്കുന്നതാണ്. ആയതിനാൽ ഇതൊരു മിനി ജലവിതരണ പദ്ധതിയായി നടപ്പാക്കി പഞ്ചായത്തിൻെറ മൊത്തത്തിലുള്ള ജലക്ഷാമം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. ഗ്രാമസഭകളിൽ ആവശ്യപ്പെട്ടതു പ്രകാരമുള്ള പദ്ധതികൾ പ്രാവർത്തികമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.
4. എല്ലാ വാർഡുകളിലും കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങൾ കണ്ടെത്തി അനുയോജ്യമായിടങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുക.

## കുടിവെള്ള പ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

പട്ടിക ഒന്ന് (1)

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗങ്ങൾ |
|---|---|---|
| 1. | തടത്തിൽ കോളനി ആയുർവേദാശുപത്രി പരിസരം | കുഴൽ കിണർ നിർമിക്കുക. വി. കെ. പടി മുതൽ മമ്പുറം വരെ പുതുതായി പൈപ്പ് ലൈൻ നിർമ്മിക്കുക. |
| 2 | മുക്കമ്മൽ കോളനി, പതിനാറിങ്ങൽ, കണ്ടം മാട് കോളനി | കുഴൽ കിണർ നിർമിക്കുക. കണ്ടം മാട് കോളനിയിലേക്ക് പൈപ്പ്ലൈൻ നീട്ടുക. വി. കെ. പടി ഒരപ്പനങ്ങൽ റോഡിൽ പൈപ്പ് ലൈൻ. |
| 3 | വട്ടോളിൽ പറമ്പ് കണ്ണൻ തൊടുപാറ കൂടൻ തൊടുവിൽ പറമ്പ് കല്ലിടുമ്പിൽ പറമ്പ് അരീത്തല | അത്താണിമുതൽ അരീത്തലവരെ പൈപ്പ് ലൈൻ. അരീത്തല റോഡ് മുതൽ ചോലക്കൻ ലക്ഷം വീട് കോളനി കാവുങ്ങൽപ്പാറ വരെയും ചോലക്കൽ സ്ക്കൂൾ വരെയും പൈപ്പ് ലൈൻ നീട്ടുക. |
| 4. | ഉള്ളാട്ടു പറമ്പ് ഹരിജൻ കോളനി വി. കെ. പടി | നിലവിലുള്ള കിണർ ഉപയോഗയോഗ്യമാക്കുക. ഉള്ളാട്ടു പറമ്പ് ഹരിജൻ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടുക. കൂടുതൽ പൊതുടാപ്പുകൾ അനുവദിക്കുക. |
| 5. | തടത്തിൽ പുൽപ്പറമ്പ് പൂളക്കൽ പുറായ-ഹരിജൻ കോളനി ചെണ്ടപ്പുറായ തുമ്പിങ്ങൽ റോഡ് പരിസരം, കളത്തിങ്ങൽ പുറായ കുയ്യാട്ടിൽ കുണ്ട് | വാർഡിൻെറ എല്ലാ ഭാഗത്തും പൈപ്പ്ലൈൻ എത്തിക്കുക. കൂടുതൽ പൊതുടാപ്പുകൾ അനുവദിക്കുക. |
| 6. | കുന്നത്തിൻെറ വടക്ക്ഭാഗം പാലന്തറ, അണ്ടിവളപ്പ് | ദേശീയ പാത മുതൽ പാലന്തറ വരെ പൈപ്പ് ലൈൻ നീട്ടുക. അണ്ടിവളപ്പിലേക്ക് പൈപ്പ്ലൈൻ എത്തിക്കുക. വലിയ പറമ്പിലെ കുഴൽകിണറിന് പമ്പിംഗ് ഏർപ്പെടുത്തുക |
| 7 | കുന്നത്ത്, അരീത്തോട്, പുകയൂർ, പുതം കുറിഞ്ഞിമാട്, കരിപ്പായിമാട്. | എല്ലാപ്രദേശങ്ങളിലേക്കുംപൈപ്പ്ലൈൻനീട്ടുക. കൂടുതൽ ടാപ്പുകൾ അനുവദിക്കുക. അരിതോട് അത്താണിക്കൽ ഭാഗത്ത് കുഴൽ കിണർ നിർമിക്കുക. |
| 8. | മണ്ണിൽ തൊടിക ലക്ഷം വീട് കുട്ടശ്ശേരി ചിന കാരച്ചിനപ്പുറായ, അരീക്കാട്മാട്, പത്രാട്ടുപാറ ആലുങ്ങൽ പറമ്പ് പുളിക്കൽ കണ്ടി നെടുങ്ങാട് പുറായ | മണ്ണിൽ തൊടിയിലേക്ക് പൈപ്പ് ലൈൻ നീട്ടുക. പത്രാട്ടു പാറ കേന്ദ്രീകരിച്ച് ചെറുകിട ജലപദ്ധതി നടപ്പാക്കുക. കൂടുതൽ പൊതുടാപ്പുകൾ അനുവദിക്കുക. |

| | | |
|---|---|---|
| 9. | അത്തം പുറം കുഴിച്ചെനക്കൽ, കൊമ്മങ്ങാട് മാട് പത്രാട്ടുപാറ പൊരിയെങ്ങൽ | വാർഡിലെ എല്ലാ ഭാഗത്തും ദൂരപരിധികുറച്ച് കൂടുതൽ പൊതുടാപ്പുകൾ അനുവദിക്കുക. നിലവിലുള്ള പൊതുകിണർ ഉപയോഗയോഗ്യമാക്കുക. |
| 10. | കുന്നുംപുറം, കുറ്റൂർ നോർത്ത്, തെക്കേപറമ്പ് കക്കാടം പുറം | കുറ്റൂർ നോർത്ത്, നിലപറമ്പ്, തെക്കേപറമ്പ് എന്നിവിടങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുക. കുന്നംപുറം ജലസംഭരണ കേന്ദ്രത്തിൽ നിന്നും കൂടുതൽ പൊതുടാപ്പുകൾ അനുവദിക്കുക. |
| 11. | കുമൻചിന കോൽപറമ്പ്, വേളത്ത് പറമ്പ് കക്കാടം പുറം, കരിയാടൻ കോളനി, ആരോഗ്യ കേന്ദ്രംഭാഗം, ചങ്ങരമ്പാട് കോളനി മുരിങ്ങോളിൽ വളപ്പ് വാരിയങ്ങാട്ടിൽ | വാർഡിലെ എല്ലാഭാഗത്തും പൈപ്പ്ലൈൻ എത്തിക്കുക. കൂടുതൽ പൊതുടാപ്പുകൾ അനുവദിക്കുക. ഫസൽ ഹാജി റോഡിലൂടെ പൈപ്പ് ലൈൻ നീട്ടുക. |
| 12 | കൊളപ്പുറം സ്കൂൾ പരിസരം കുന്നുമ്മൽ, കുമൻ ചിന, അമ്പലത്തിങ്ങൽ പറമ്പ്, ആട്ടയിൽ നിബ്രാസുൽ ഇസ്ലാം മദ്രസ്സ പരിസരം | വാർഡിൽ കൂടുതൽ പൈപ്പ്ലൈൻ സ്ഥാപിക്കുക. പൊതുകിണർ ഉപയോഗയോഗ്യമാക്കുക. |

## പൊതുജന ആരോഗ്യം

വികസനമെന്ന കാഴ്ചപ്പാടിൽ ജനങ്ങളുടെ ആരോഗ്യം പ്രഥമ സ്ഥാനം അർഹിക്കുന്നു. ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനവും ജനങ്ങൾക്ക് ആരോഗ്യത്തെക്കുറിച്ചുള്ള അവബോധവും ഇതിന് ആവശ്യമാണ്. യഥാസമയം രോഗപ്രതിരോധ കുത്തിവെയ്പുകൾ നടത്തുക, ശുചിത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുക മലിനജലവും വസ്തുക്കളും സംസ്കരിക്കുക, ശുദ്ധജലവിതരണ സംവിധാനം കാര്യക്ഷമമാക്കുക എന്നിവയെല്ലാം ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുന്നതിന് ആവശ്യമാണ്.

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 34896 ജനങ്ങളുണ്ട്. ഇതിൽ 18370 പേർ പുരുഷന്മാരും 16526 പേർ സ്ത്രീകളുമാണ്. 6 വയസിന് താഴെ പ്രായമുള്ളവരുടെ എണ്ണം 4017 ആണ്. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിലെ ജനന നിരക്ക് 18. 4ഉം മരണനിരക്ക് 4.2ഉം ശിശുമരണനിരക്ക് 26.3 ഉം ആണ്. 10ാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു പുറമേ മമ്പുറം, കൊളപ്പുറം, പുകയൂർ, പുതിയത്തുപ്പുറായ എന്നിവിടങ്ങളിൽ ഉപകേന്ദ്രങ്ങളുണ്ട്. മമ്പുറത്തെ സർക്കാർ ആയുർവേദ ഡിസ്പെൻസറിയും പുകയൂരിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറിയും പഞ്ചായത്തിലെ ആരോഗ്യസംരക്ഷണത്തിനായുള്ള സ്ഥാപനങ്ങളാണ്. കൂടാതെ രണ്ട് സ്വകാര്യ ആശുപത്രികളും ഈപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### പ്രാഥമിക ആരോഗ്യകേന്ദ്രം- എ. ആർ. നഗർ

19-6-1972 ൽ സ്ഥാപിച്ച ഈ സ്ഥാപനം വിശാലമായ 1 ഏക്കർ 92 സെൻറ് സ്ഥലത്ത് കുന്നുംപുറത്ത് സ്ഥിതി ചെയ്യുന്നു. നിലവിൽ ഔട്ട് പേഷ്യൻറ് സംവിധാനം മാത്രമേ ഇവിടെ നിലവിലുള്ളൂ. "സോഷ്യൽ സെഫ്റ്റി നെറ്റ്" സ്കീമിൽ ഒരു ഒബ്സർവേഷൻ വാർഡ് നിർമ്മാണത്തിലാണ്. ആരോഗ്യകേന്ദ്രത്തിന് കീഴിൽ നാല് ഉപകേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ചെണ്ടപ്പുറായ ഉപകേന്ദ്രത്തിന് ഇതുവരെ കെട്ടിടവും സ്ഥലവും ലഭ്യമായിട്ടില്ല. കൊളപ്പുറം ഉപകേന്ദ്രം ശോചനീയാവസ്ഥയിലാണ്. നിലവിലുള്ള ആരോഗ്യകേന്ദ്രത്തിൽ

പ്രസവ വാർഡോടുകൂടിരോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ജീവനക്കാർക്ക് ക്വാർട്ടേഴ്സ്, ആശുപത്രിക്ക് ചുറ്റുമതിൽ എന്നിവ യും, ആശുപത്രിയിലേക്ക് ആവശ്യമായ ലേഡി ഡോക്ടർ, സ്റ്റാഫ് നേഴ്സ് എന്നിവരെ അടിയന്തിരമായി നിയമിക്കുകയും പൊതുജന സൗകര്യാർത്ഥം കുത്തിവെയ്പുകൾ നടത്തുന്നതിനും, പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനും വേണ്ട പ്രവർത്തനം ഊർജിതപ്പെടുത്തുന്നതിന് ഒരു വാഹനം അനുവദിക്കുകയും വേണം. ജനസംഖ്യാ അടിസ്ഥാനത്തിൽ ആനുപാതികമായ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ആരോഗ്യപ്രവർത്തകരെ നിയമിക്കുകയും വേണം. നിലവിൽ ശുദ്ധജല വിതരണ സംവിധാനം ഇല്ലാത്ത പ്രാഥമിക ആരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ശുദ്ധ ജലം ലഭ്യമാക്കണം.

## ഗവ: ആയുർവേദ ഡിസ്പൻസറി - മമ്പുറം

സ്വന്തമായി കെട്ടിടമുള്ള ഈ സ്ഥാപനത്തിൻെറ മുഖ്യപ്രശ്നം ശുദ്ധജലം ലഭ്യമല്ലാത്തതാണ്. ഇതിന് ഒരു കുഴൽക്കിണർ അടിയന്തിരമായി സ്ഥാപിക്കണം. മരുന്നുകൾ സൂക്ഷിക്കാൻ തട്ടിക നിർമ്മിക്കേണ്ടതാണ്. കഷായചണ്ടി, ചാരം മുതലായവ കുട്ടിയിടുന്നതിന് വേണ്ട സംവിധാനം ഏർപ്പെടുത്തണം. ആശുപത്രിയോട് ചേർന്ന് വളർത്തുന്ന ഔഷധച്ചെടികൾ സംരക്ഷിക്കുവാനും കൂടുതൽ വ്യാപകമായി ഇവ വളർത്തുന്നതിനും വേണ്ട നടപടികൾ ആവശ്യമാണ്.

## ഗവ: ഹോമിയോ ഡിസ്പെൻസറി

1987 ഫെബ്രുവരി 20ം തിയ്യതി നിലവിൽ വന്ന ഈ സ്ഥാപനത്തിന് സ്വന്തമായി 10 സെൻറ് സ്ഥലമുണ്ടെങ്കിലും ഇതുവരെ കെട്ടിടമായിട്ടില്ല. അതുകൊണ്ട് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എം. പി. ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും രണ്ടു വർഷമായിട്ടും കെട്ടിടത്തിൻെറ നിർമ്മാണം തുടങ്ങിയിട്ടില്ല. വാട്ടർ ഫിൽട്ടർ, ഇലക്ട്രിക്കൽ സ്റ്റൗ, സ്റ്ററൈലൈസർ എന്നിവയുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കേണ്ടതാണ്.

### പ്രാഥമിക സൗകര്യം

പഞ്ചായത്തിലെ 4655 വീടുകളിൽ 3687 വീടുകളിൽ മാത്രമാണ് കക്കൂസ് ഉള്ളത്. കക്കൂസുകൾ ഇല്ലാത്തതു കാരണം വയറിളക്കം തുടങ്ങിയ ജലജന്യരോഗങ്ങൾ താരതമ്യേന കൂടുതൽ കണ്ടുവരുന്നു. ദാരിദ്ര്യം മൂലമാണ് കക്കൂസുകൾ നിർമ്മിക്കാൻ സാധിക്കാത്തത്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ ധനസമാഹരണം നടത്തി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണേണ്ടതാണ്. പഞ്ചായത്തിൻെറ പ്രധാന കവലകളായ കുന്നുപുറം, കൊടുവായൂർ, കൊളപ്പുറം, മമ്പുറം, വി.കെ. പടി, ചെണ്ടപ്പുറായ എന്നിവിടങ്ങളിൽ കക്കൂസ് ഉൾപ്പെടെ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കേണ്ടതാണ്.

### പരിസരശുചിത്വം

ഗ്രാമസഭാ റിപ്പോർട്ടുകളിൽ പരിസര ശുചിത്വത്തിന് വെല്ലുവിളിയായി കാണുന്നത് മുഖ്യമായും വഴിയോരങ്ങളിലുള്ള മത്സ്യമാംസ വില്പനയും പൊതു സ്ഥലങ്ങളിൽ വെച്ചുള്ള അറവുമാണ്. പഞ്ചായത്തിന് സ്വന്തമായി അറവുശാലയോ, മാർക്കറ്റോ ഇല്ല. പഞ്ചായത്തിൽ ഒരു പൊതു അറവുശാലയും വ്യാപാരകേന്ദ്രത്തോട് ചേർന്ന് മാർക്കറ്റും സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. ഹോട്ടലുകളിൽ നിന്നുള്ള മാലിന്യങ്ങളും വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മലിനവസ്തുക്കളും പൊതുവഴിയിലേക്ക് ഉപേക്ഷിക്കുന്നതും പൊതുജനങ്ങളുടെ ആരോഗ്യത്തിന് നേരെ ഭീഷണിയുണ്ടാക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഹോട്ടലുകളും മറ്റ് സ്ഥാപനങ്ങളും അവയുടെ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുവേണ്ട സംവിധാനം സ്വയം രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിനുവേണ്ടി അവരെ ബോധവൽക്കരിക്കുകയും വീഴ്ച വരുത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിയ്ക്കുകയും വേണം. നിലവിലുള്ള പൊതുജനാരോഗ്യനിയമങ്ങൾ കാലഹരണപ്പെട്ടതായതിനാൽ പൊതുജനാരോഗ്യപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്ന് പുതിയ നിയമ നിർമാണം നടത്തേണ്ടതുമാണ്. അടുക്കളയിൽ നിന്ന് അവശിഷ്ടങ്ങളും ചപ്പുച

വറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ അടുക്കളതോട്ടത്തിൽ വളമായി ഉപയോഗിക്കാം. ഒപ്പം വീടും പരിസരവും ശുചിയായി സൂക്ഷിക്കുകയും ആവാം. വീടിനടുത്ത് മലിനജലം കെട്ടിനില്ക്കുന്നത് തടയുക, മണ്ണെണ്ണ ഉപയോഗിച്ച് കൂത്താടികളെ നശിപ്പിക്കുക, കക്കൂസ് ടാങ്കുകൾക്കുള്ള വിള്ളലുകൾ സിമൻറുപയോഗിച്ച് അടയ്ക്കുകയും ഗ്യാസ് പൈപ്പുകൾക്കു മുകളിൽ നെറ്റ് ഉപയോഗിക്കുക, വീടുകളിൽ ഡി. ഡി. ടി. അടിക്കുക തുടങ്ങിയ മാർഗങ്ങളാൽ കൊതുകു നശീകരണം ഫലപ്രദമാവും. കുട്ടികൾക്ക് സ്കൂൾ തലത്തിൽത്തന്നെ ശുചിത്വബോധം വളർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും, തിളപ്പിച്ചതും ശുദ്ധവുമായ വെള്ളം ശീലമാക്കുന്നതിനുവേണ്ട ബോധവൽക്കരണം നടത്തുകയും ചെയ്യാം. പരിസരശുചിത്വം പ്രാവർത്തികമാക്കുന്നതിന് ആരോഗ്യപ്രവർത്തകരും ജനപ്രതിനിധികളും, സന്നദ്ധ സംഘടനകളും പൊതുജനങ്ങളും ഒത്തൊരുമിച്ച് ബോധവൽക്കരണം നടത്തേണ്ടതുമാണ്.

**പഞ്ചായത്ത് തലത്തിൽ**
**പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ**

1. കുന്നുംപുറത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രസവ വാർഡ്, കിടത്തി ചികിത്സിക്കാനുള്ള സൗകര്യം മറ്റ് ആധുനിക സൗകര്യങ്ങൾ ഇവയുള്ള ഒരു ആശുപത്രിയായി ഉയർത്തുക.
2. പുകയൂരിൽ നിലവിലുള്ള ഉപകേന്ദ്രത്തോടനുബന്ധിച്ച് ഒരു ഡിസ്പെൻസറി സ്ഥാപിക്കുക.
3. പഞ്ചായത്തിൽ കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുകയും കക്കൂസ് ശരിയാം വിധം ഉപയോഗിക്കുന്നതിനുവേണ്ട ബോധവൽക്കരണം നടത്തുകയും ചെയ്യുക.
4. പഞ്ചായത്തിൽ ഒരു പൊതു അറവുശാല സ്ഥാപിക്കുകയും നിലവിലുള്ള ആരോഗ്യപ്രവർത്തകരെ ഉപയോഗിച്ച് പരിശോധനാ വിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതിനുള്ള സംവിധാനം നടപ്പാക്കുകയും പ്രധാന കേന്ദ്രങ്ങളിൽ മത്സ്യമാംസ മാർക്കറ്റുകൾ നിർമ്മിക്കുകയും ചെയ്യുക.
5. പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി നിയമങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തുക.

### പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡു തിരിച്ചുള്ള സ്ഥിതിവിവരവും

| സ്ഥാപനങ്ങൾ | | | കാണപ്പെടുന്ന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| വാർഡ് | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 1 | ഒരു ഐ.പി.പി.സെൻറർ, ആയുർവേദ ഡിസ്പെൻസറി ഉണ്ട് | ഇല്ല | വയറിളക്കം, ചൊറി പനി,ദന്തരോഗങ്ങൾ | കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പുകാം നടത്താറുണ്ട്. ആരോഗ്യ ക്ലാസുകൾ നടക്കാറുണ്ട് | പരിസരമലിനീകരണം തടയാനുള്ള നടപടി സ്വീകരിക്കുക ആയുർവേദാശുപത്രിരോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രിയാക്കി മാറ്റണം. |
| 2 | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല | ഇല്ല | ചൊറി, പനി, ദന്ത, രോഗങ്ങൾ | അംഗനവാടിയിൽ വച്ച് ആരോഗ്യക്ലാസുകൾ നടത്താറുണ്ട്. | അംഗനവാടികേന്ദ്രീകരിച്ച് പ്രതിരോധ കുത്തിവെയ്പുകൾ നടത്താനുള്ള സംവിധാനം ഉണ്ടാക്കണം. മൂക്കമ്മൽ റോഡ് കോളനിയിൽ പൊതു കക്കൂസ് സ്ഥാപിക്കണം. |

| | | | | | |
|---|---|---|---|---|---|
| 3 | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല | ഇല്ല | വയറിളക്കം, ചൊറി, പനി | ആരോഗ്യക്ലാസുകൾ നടക്കാറുണ്ട്. ലക്ഷം-വീട് കോളനിയിൽ ആവശ്യത്തിന് കക്കൂസ് ഇല്ലാത്തതിനാൽ പരിസര മലിനീകരണം നടക്കുന്നു. | ലക്ഷം വീട് കോളനി കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് സഹായം നൽകേണ്ടതാണ്. മത്സ്യം,മാംസം എന്നിവ വിൽക്കുന്നതിനു വേണ്ടിപൊതുസ്ഥലം നിർമിക്കേണ്ടതാണ്. അറവുശാലയിലെ അവശിഷ്ടങ്ങൾ, പച്ചക്കറിക്കടയിലെ അവശിഷ്ടങ്ങൾ എന്നിവ പകർച്ച വ്യാധികൾ ഉണ്ടാക്കുന്നതിന് കാരണമാവുന്നു. ഇവ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുക. |
| 4 | ആരോഗ്യസ്ഥാപനങ്ങൾ ഒന്നും തന്നെയില്ല | ഇല്ല | വയറിളക്കം, ദന്തരോഗങ്ങൾ, ചൊറി | ആരോഗ്യക്ലാസുകൾ നടക്കാറുണ്ട്. | വാർഡിൽ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിച്ച് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്. |
| 5 | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല | ഇല്ല | വയറിളക്കം, ദന്തരോഗം, ചൊറി | പഞ്ചായത്ത് ഓഫീസിൽ വെച്ച് പ്രതിരോധ കുത്തിവെയ്പുകൾ നടത്താറുണ്ട്. ആരോഗ്യ ക്ലാസുകളും നടത്താറുണ്ട് | വാർഡിൽ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കണം. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമിക്കണം. സ്കൂൾ പരിസരത്തുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. |
| 6 | ആരോഗ്യകേന്ദ്രം ഇല്ല | ഇല്ല | ദന്തരോഗം, പനി, ചൊറി | ആരോഗ്യക്ലാസുകൾ നടത്താറുണ്ട്. | റോഡുസൈഡിൽ കോഴിയുടെ അവശിഷ്ടങ്ങൾ ഉപേക്ഷിക്കുന്നത് തടയുക. കുപ്പത്തൊട്ടികൾ സ്ഥാപിക്കുക. കൊതുക് നിവാരണത്തിനുള്ള നടപടികൾ സ്വീകരിക്കണം. കക്കൂസുകൾ നിർമിക്കുന്ന തിനുള്ള സാമ്പത്തിക സഹായം നൽകണം. |

| | | | | | |
|---|---|---|---|---|---|
| 7. | ഒരു ഐ. പി. പി. സെൻറർ ഉണ്ട്. ഹോമിയോ ഡിസ്പെൻസറി ഉണ്ട് | ഇല്ല | പനി, ദന്തരോഗം ചൊറി | പ്രതിരോധ കുത്തി വെയ്പുകൾ നടക്കുന്നുണ്ട്. ആരോഗ്യക്ലാസുകൾ നടക്കുന്നുണ്ട്. അത്യാവശ്യമരുന്നുകളൊന്നും ലഭ്യമല്ല | ഈ വാർഡിലുള്ള ഹെൽത്ത് സെൻററിൽ പ്രാഥമിക ചികിത്സക്കാവശ്യമായ മരുന്നുകൾ പഞ്ഞി എന്നിവ ലഭ്യമാക്കേണ്ടതാണ്.ഹോമിയോഡിസ്പെൻസറിയുടെ പണി പൂർത്തിയാക്കേണ്ടതാണ്. വാർഡിൽ പൊതുശ്മശാനം അനുവദിക്കേണ്ടതാണ്. കക്കൂസു നിർമ്മാണത്തിനുള്ള ധന സഹായം നൽകേണ്ടതാണ്. |
| 8. | ഒരു ഐ. പി. പി. സെൻറർ ഉണ്ട്. | ഇല്ല | പനി, ദന്തരോഗങ്ങൾ | പ്രതിരോധ കുത്തിവെയ്പുകൾനടത്താറുണ്ട്. ആരോഗ്യ ക്ലാസുകൾ നടത്താറുണ്ട്. | ദുർബല വിഭാഗങ്ങൾക്കിടയിൽ കക്കൂസ് ഇല്ലാത്തവർക്ക് നിർമാണത്തിന് ധനസഹായം നൽകേണ്ടതാണ്. |
| 9. | ആരോഗ്യസ്ഥാപനങ്ങൾ ഇല്ല | ഉണ്ട് | ദന്തരോഗങ്ങൾ പനി, ചൊറി | ബോധവൽകരണ ക്ലാസുകൾ നടത്താറുണ്ട്. | കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകേണ്ടതാണ്. അങ്ങാടിയും പരിസരവും ശുചിയാക്കാൻ നടപടി സ്വീകരിക്കണം. കുപ്പത്തൊട്ടി സ്ഥാപിക്കണം. |
| 10. | പ്രാഥമിക ആരോഗ്യകേന്ദ്രമുണ്ട് | ഉണ്ട് | പനി, ചൊറി ദന്തരോഗം | ആശുപത്രിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ് | കുന്നുംപുറം പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ പ്രസവവാർഡ്, കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഉള്ള ആശുപത്രിയായുർത്തുക. ഒരു ലേഡി ഡോക്ടറെ നിയമിക്കുക.മാർക്കറ്റിലെ അവശിഷ്ടങ്ങൾ ദൂഷ്യമുണ്ടാക്കാത്ത തരത്തിൽ സംസ്ക്കരിക്കണം.അറവിനു കൊണ്ടുവരുന്ന കന്നുകാലികളെ പരിശോധിക്കാൻ നടപടി സ്വീകരിക്കണം. പഴകിയ മത്സ്യങ്ങൾ വിൽക്കുന്നത് തടയുക. ആരോഗ്യവാർത്താ ബോർഡ് സ്ഥാപിക്കുക. |

| | | | | |
|---|---|---|---|---|
| 11. കുടുംബക്ഷേമ കേന്ദ്രം ഉണ്ട്. | ഉണ്ട് | ചൊറി, പനി, വയറി ളക്കം ദന്തരോഗങ്ങൾ | പ്രതിരോധ കുത്തി വെയ്പുകൾ നടത്താറു ണ്ട്. ആരോഗ്യ ക്ലാസു കൾ നടക്കാറുണ്ട്. പ്രവ ർത്തനങ്ങൾ തൃപ്തി കരം. പ്രാഥമിക ചികി ത്സയ്ക്ക് ആവശ്യത്തി നുള്ള മരുന്നുകളും പരു ത്തിയും ഇല്ല | കുടുംബക്ഷേമകേന്ദ്രം ഡിസ് പൻസറിയായി ഉയർത്തുക. അത്യാവശ്യമരുന്നുകൾ ലഭ്യ മാക്കുക. കെട്ടിടത്തിൻെറ തകർച്ച ഒഴിവാക്കുക. മാർക്ക റ്റും അങ്ങാടിയും പരിസര മലിനീകരണമുണ്ടാക്കുന്നതി നാൽ അത് ശാസ്ത്രീയമായി സംവിധാനം ചെയ്ത് പരിസര മലിനീകരണം ഒഴിവാക്കുക. കൊളപ്പുറം ഹോട്ടലുകളിൽ നിന്ന് പുറത്തുവിടുന്ന മലി നജലം പരിസര മലിനജലം പരിസര മലിനീകരണമാണ മാവാത്ത വിധത്തിൽ സംസ് കരിക്കുക. എ. ആർ. നഗർ, കൊളപ്പുറം എന്നിവിടങ്ങളി ലെ കോഴിക്കടയിൽ നിന്നുള്ള അവശിഷ്ടങ്ങൾ സംസ്കരി ക്കുക. കൊളപ്പുറം, എ. ആർ നഗർ എന്നിവിടങ്ങളിൽ കുപ്പ ത്തൊട്ടിസ്ഥാപിക്കുക. |
| 12. ആരോഗ്യസ്ഥാപ നങ്ങൾ ഇല്ല | ഇല്ല | ചൊറി വയറിളക്കം ദന്തരോഗങ്ങൾ | പ്രവർത്തനങ്ങൾ തൃപ്തികരം. ആരോഗ്യക്ലാസുകൾ നടത്താറുണ്ട്. | പരിസരമലിനീകരണം തടയു ന്നതിനുള്ള നടപടി സ്വീകരി ക്കുക. കൊതുകുനിവാരണ ത്തിനുള്ള നടപടി സ്വീകരിക്കു ക. ആട്ടയിൽ ഭാഗത്ത് പൊതു കക്കൂസ് നിർമിക്കുക. ആരോ ഗ്യ വാർത്താബോർഡ് സ്ഥാ പിക്കുക. |

പട്ടിക - 3 പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപന വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യകേന്ദ്രം എ. ആർ. നഗർ | X | 1972 | 16 |
| 2 | കുടുംബക്ഷേമകേന്ദ്രം, കൊടുവായൂർ | XI | | 1 |
| 3 | സർക്കാർ ആയുർവേദ ഡിസ്പൻസറി മമ്പുറം | I | 1984-85 | 4 |
| 4 | ഐ.പി.പി ഉപകേന്ദ്രം മമ്പുറം | I | 1984-85 | 1 |
| 5 | ഐ.പി. പി. ഉപകേന്ദ്രം പുകയൂർ | VII | 1984-85 | 1 |
| 6 | സർക്കാർ ഹോമിയോ ഡിസ്പൻസറി പുകയൂർ | VII | 3-2-87 | 4 |
| 7 | ഐ. പി. പി. ഉപകേന്ദ്രം പുതിയത്തു പുറായ | VIII | 1984-85 | 1 |
| 8 | ചെണ്ടപ്പുറായ കെട്ടിടം ഇല്ല ഐ.പി.പി.ഉപകേന്ദ്രം | V | | 1 |

# 7

# വ്യവസായം

മലപ്പുറം ജില്ലയിൽ വ്യാവസായികമായി തീരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് അബ്ദുറഹിമാൻ നഗർ. ഈ ഗ്രാമപഞ്ചായത്ത് പരിധിയിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. ആധുനിക വ്യാവസായിക രംഗത്ത് യതൊരു വളർച്ചയും അവകാശപ്പെടാനില്ലാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. പുതിയ വ്യവസായ സംരംഭകർക്കും ആവശ്യമായ സ്ഥലജലഗതാഗതസൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാണെങ്കിലും വിരലിലെണ്ണാവുന്നവർക്ക് ജോലി സാദ്ധ്യതയുള്ള നാമമാത്രമായ ചെറുകിട വ്യവസായ യൂണിറ്റുകളെ പഞ്ചായത്തിലുള്ളൂ. ഈ യൂണിറ്റുകളത്രയും സ്വകാര്യമേഖലയിലാണ്. മുമ്പ് നിലവിലുണ്ടായിരുന്ന കൊളപ്പുറം തീപ്പെട്ടിക്കമ്പ നിർമ്മാണ കമ്പനി ഇരുമ്പുചോല ഭാഗത്ത് പ്രവർത്തിച്ചിരുന്ന സോപ്പു നിർമ്മാണം വലിയ പറമ്പ് ഭാഗത്തെ നാടൻ ചുടുകട്ട നിർമ്മാണം അരീത്തോട് ഭാഗത്തെ തുണിനെയ്ത്ത് എന്നിവ പാടേ നിന്നുപോയി. ധാരാളം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്തിരുന്നു. ഭൂരിഭാഗം സ്ത്രീ തൊഴിലാളികളായിരുന്നു.

പരമ്പരാഗത വ്യവസായങ്ങളായ കൊട്ടനെയ്ത്ത്, പായ നെയ്ത്ത് എന്നിവ അപൂർവ്വമായി മാത്രം അവശേഷിക്കുന്നു. ഓല, മുള എന്നിവയുടെ ദൗർലഭ്യം ഇത്തരം വ്യവസായങ്ങളെ അനുദിനം ശോഷിപ്പിക്കുന്നു. 1950 കാലത്ത് നിലവിലുണ്ടായിരുന്ന നൂൽ നൂൽപ്പ്, കയറുപിരി എന്നിവ ഇപ്പോൾ ഈ പഞ്ചായത്തിൽ എവിടേയും കാണുന്നില്ല. മൺപാത്ര നിർമ്മാണം മാത്രം പരമ്പരാഗത വ്യവസായങ്ങളിൽ നിലനിൽക്കുന്നു. ഇരുപത്തഞ്ചോളം കുംഭാര കുടുംബങ്ങൾ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. അസംസ്കൃത സാധനങ്ങളായ മണ്ണ്, വിറക് എന്നിവയുടെ അഭാവം സാങ്കേതിക പരിശീലനത്തിൻെറ കുറവ് എന്നീ കാരണങ്ങളാൽ മൺപാത്ര വ്യവ സായം തകർച്ചയിലേക്ക് നീങ്ങുന്നു.

ഈ പഞ്ചായത്തിലെ എടുത്തു പറയത്തക്ക വ്യവസായങ്ങളായ ജ്യോതി ഓയിൽ ഇൻഡസ്ട്രീസ്, യുണൈറ്റഡ് റബ്ബർ ഇൻഡസ്ട്രീസ്, ന്യൂ കോഹിനൂർ ബിസ്കറ്റ് കമ്പനി, എന്നിവ ആറാം വാർഡിലെ വലിയ പറമ്പിൽ സ്ഥിതി ചെയ്യുന്നു. കൂടാതെ കോഹിനൂർ ക്ലേ വർക്സ്, മമ്പുറം ക്ലേ വർക്സ് ചോനാരി ക്ലേ വർക്ക്സ്, മെറ്റർ ക്രഷർ എന്നിവയും വലിയ പറമ്പിലാണ് പ്രവർത്തിച്ചു വരുന്നത്. രണ്ട് ഈർച്ചമില്ലുകൾ ഒരു സോഡ നിർമ്മാണ കമ്പനി, നാല് ഹോളോ ബ്രിക്സ് ഫാക്ടറികൾ, നാല് പപ്പട നിർമ്മാണ കേന്ദ്രം എന്നിവയും ഈ പഞ്ചായത്തിൻെറ പരിധിയിൽ പ്രവർത്തിച്ചു വരുന്ന വ്യവസായങ്ങളാണ്.

ഇൻവെർട്ടർ, സ്റ്റൈപ്പ്പ്പ്, ഇലക്ട്രോണിക് ചോക്ക്, ട്യൂബ്, സ്റ്റെബലൈസർ, എമർജൻസി ലൈറ്റുകൾ

എന്നിവ നിർമ്മിച്ച് വിതരണം നടത്തുന്ന ഒരു സ്വകാര്യ വ്യവസായ യൂണിറ്റും (റിയ ഇല്കട്രിക്കൽസ് വി. കെ. പടി) നമ്മുടെ പഞ്ചായത്ത് പരിധിയിലുണ്ട്. നാല് ഗ്രിൽസ് ഇൻഡസ്ട്രീയലുകൾ നാല് മോട്ടോർ വർക്ക്ഷോപ്പുകൾ, പത്ത് റൈസ് ഫ്ളോർ മില്ലുകൾ, അഞ്ച് എണ്ണയാട്ടു മില്ലുകൾ എന്നിവയും അബ്ദുറഹിമാൻ നഗർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങളിൽ ആകെ 200 ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നതിൽ 13% സ്ത്രീ തൊഴിലാളികളാണ്. വ്യവസായ യൂണിറ്റുകളിൽ സ്ത്രീ പ്രാതിനിധ്യം വളരെ കുറവാണ്.

## വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ:-

1. പുതിയ വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ കുറവുമൂലം തൊഴിൽ ശേഷിയുള്ള യുവാക്കൾ പോലും മറ്റു പ്രദേശങ്ങളിലേക്ക് തൊഴിൽ തേടി പോകുന്നത് നമ്മുടെ പഞ്ചായത്തിൽ ഇത്തരം സംരംഭങ്ങൾക്കുള്ള അവസരം നഷ്ടമാക്കുന്നു.
2. പരമ്പരാഗത വ്യവസായ രംഗത്തെ കൂലിക്കുറവ് തൊഴിലാളികളെ മറ്റു മേഖലകളിലേക്ക് ആകർഷിക്കാൻ കാരണമാവുന്നു.
3. പരമ്പരാഗത വ്യവസായരംഗത്തെസാങ്കേതിക അറിവിൻെറ അഭാവം.
4. വ്യവസായ ഉൽപന്നങ്ങൾക്ക് വിപണന സൗര്യം കുറവായതിനാൽ സാമ്പത്തിക ഭീഷണി നിലനിൽക്കുന്നു.
5. വൈദ്യുതി കണക്ഷൻ ലഭിക്കാൻ താമസം നേരിടുന്നു.
6. ഭൂമിയുടെ വിലവർദ്ധനവും, ലഭ്യതക്കുറവും.
7. അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം മൂലം കുടിൽ, ചെറുകിട വ്യവസായ യൂണിറ്റുകൾ തകർച്ച നേരിടുന്നു.
8. സഹകരണമേഖലയിലുള്ള വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം ആശാവഹമല്ല.
9. വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.
10. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തിരഞ്ഞെടുക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവം.
11. വ്യവസായരംഗത്തെ തൊഴിലാളികളുടെ ചുരുങ്ങിയ കൂലി.
12. പ്ലാസ്റ്റിക്, അലൂമിനിയ പാത്രങ്ങളുടെ വൻ തോതിലുള്ള ഉപയോഗം മൺപാത്ര വ്യവസായത്തെ മുരിടിപ്പിക്കുന്നു.
13. കുടിൽ വ്യവസായ ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതുമൂലം പ്രതിസന്ധി നേരിടുന്നു. തൊഴിൽ സന്നദ്ധതാകുറവും ഈ മേഖലയിൽ തീവ്രമായിതിനാൽ പല കുടിൽ, ചെറുകിട വ്യവസായങ്ങളും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.
14. ഗൾഫ് സ്വാധീനവും അഭിനിവേശവും വ്യവസായങ്ങളുടെ വളർച്ചയെ നിരുത്സാഹപ്പെടുത്തുന്നു.
15. വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര ലഭ്യമല്ലാത്തതും വ്യവസായങ്ങളുടെ തകർച്ചക്ക് കാരണമാകുന്നു.

## സാധ്യതകളും നിർദ്ദേശങ്ങളും

1. വ്യവസായ സംരംഭങ്ങളെ ക്കുറിച്ച് ബോധവൽക്കരണ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക.
2. പരമ്പരാഗത വ്യവസായരംഗത്തെ കൂലി പരിഷ്കരിക്കുക.
3. വ്യവസായ ഉൽപന്നങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ വിപണന സൗകര്യം ഏർപ്പെടുത്തുക.

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന തേങ്ങ സംസ്കരിക്കുന്നതിന് ഒരു നാളികേര സംസ്ക്കരണ ഫാക്ടറിക്ക് നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ച സാധ്യതയുണ്ട്.

നവീന രീതിയിലുള്ള ചകിരി നാര്, സംസ്കരണം, കയർ നിർമ്മാണ യൂണിറ്റ്, ചകിരി ചോറ് ഉപയോഗിച്ചുള്ള വളംനിർമാണം,ഇളനീർ ഐസ്ക്രീം, നാളീകേര

ക്കുഴമ്പ, വെളിച്ചെണ്ണ ഫാക്ടറി, കാലിത്തീറ്റ നിർമ്മാണം തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയ നിർമ്മാണ കേന്ദ്രം, ചിരട്ട കരകൗശല വ്യവസായ യൂണിറ്റ് ചകിരി നാരുപയോഗിച്ചുള്ള ഫൈബർ യൂണിറ്റ് അവിൽ വ്യവസായം, തെങ്ങിൻ തടി ഉപയോഗിച്ച് ഫർണീച്ചർ വ്യവസായം, പാഴ്ത്തടികാം ഉപയോഗിച്ച് ഫർണ്ണിച്ചർ വ്യവസായം, വെളിച്ചെണ്ണ ഉപയോഗിച്ച് സോപ്പ് നിർമ്മാണം എന്നിവയുടെ സംരംഭങ്ങൾക്ക് അബ്ദുറഹിമാൻ നഗർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വർദ്ധിച്ച സാദ്ധ്യതകൾ ഉണ്ട്. ആയതിനു വേണ്ട സൗകര്യങ്ങളും ധനസഹായവും ലഭ്യമാക്കണം.

ഈ പഞ്ചായത്തിൽ സർക്കാർ ഉടമയിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. സർക്കാർ മുന്നോട്ടു വരികയാണെങ്കിൽ ഒരു നാളികേര സംസ്കരണ യൂണിറ്റ് തുടങ്ങാനുള്ള എല്ലാസാദ്ധ്യതകളും ഉണ്ട്.

ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണം കടലാസ് നിർമ്മാണം, തീപ്പെട്ടി വ്യവസായം ആധുനിക രീതിയുള്ള മൺപാത്ര നിർമ്മാണ യൂണിറ്റ്,ബുക്ക് ബൈൻറിങ്ങ്, ചെരിപ്പു നിർമ്മാണ ഫാക്ടറി, ആയുർവേദ മരുന്ന് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പേപ്പർ കവർ നിർമ്മാണം എന്നിവക്ക് പഞ്ചായത്തിൽ വളരെ വലിയ സാദ്ധ്യതകൾ ഉണ്ട്.

ബീഡിതെറുപ്പ്, പായ നെയ്ത്ത്, കൊട്ട നിർമ്മാണം, പ്ലാസ്റ്റിക് കവർനിർമ്മാണം, പെയിൻറ് നിർമ്മാണം, അച്ചടിശാല സ്ഥാപിക്കൽ എന്നിവക്ക് ധനസഹായം നൽകിയാൽ പഞ്ചായത്തിൽ വിജയകരമായി പ്രവർത്തിക്കാൻ സാധ്യതയുണ്ട്.

വനിതകൾക്കായി എംബ്രോയ്ഡറിവർക്കുകൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, തയ്യൽ പരിശീലന കേന്ദ്രങ്ങൾ, അച്ചാർ നിർമ്മാണ യൂണിറ്റ്, ചന്ദനത്തിരി,മെഴുക്തിരി നിർമ്മാണ കേന്ദ്രങ്ങൾ, കയർ വ്യവസായ യൂണിറ്റ്, കളിക്കോപ്പുകളുടെ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, സോപ്പു നിർമ്മാണം, കവർ നിർമ്മാണം, ചെരിപ്പ് (ലെതർ ) നിർമ്മാണം, പ്ലാസ്റ്റിക് കൗതുക വസ്തുക്കളുടെ നിർമ്മാണം എന്നിവക്ക് വിദഗ്ധരായ വനിതകൾ നമ്മുടെ പഞ്ചായത്തിൽ പരിശീലനം ലഭിച്ചിട്ടുള്ളതിനാൽ ഇവക്ക് വർദ്ധിച്ച സാധ്യതയുണ്ട്. വനിതാ വ്യവസായ സംരംഭങ്ങൾക്ക് അടിയന്തിര പ്രാധാന്യം നൽകി സ്ത്രീകളെ തൊഴിൽ മേഖലയിലേക്ക് ആകർഷിക്കേണ്ടത് അടിയന്തിര ആവശ്യമാണ്.വ്യവസായിക മേഖലയുടെ വളർച്ചയുടെ തോത് പരിഗണിച്ച് പുരോഗതി വിലയിരുത്തുന്ന ഇന്നത്തെ കാലഘട്ടത്തിൽ വ്യവസായ സംരംഭക നിർദ്ദേശങ്ങൾക്ക് വർദ്ധിച്ച പിന്തുണയും പ്രോത്സാഹനവും സാമ്പത്തിക സഹായവും നല്കി നമ്മുടെ പഞ്ചായത്തിൻെറ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം അനുസരിച്ച് നടപ്പാക്കിയാൽ ഈ പഞ്ചായത്തിൽ ഏതാനും വർഷങ്ങൾക്കുള്ളിൽ കുടിൽ ചെറുകിട വ്യവസായരംഗത്ത് ഗണ്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെ തന്നെ ലഭ്യമാക്കാനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കാനും ഒരു പരിധിവരെ കഴിയും. തൊഴിലില്ലായ്മ ഒരളവുവരെ പരിഹരിക്കുന്ന തിനും നമ്മുടെ പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും നമുക്ക് സാധിക്കും. ഭാവിയിൽ വ്യാവസായിക പുരോഗതി നേടുന്ന ഒരു സ്വപ്നഗ്രാമത്തിൻെറ സൃഷ്ടിക്കായി ഈ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

# 8

# ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

## ഗതാഗതം

1947 നു മുമ്പ് ഗതാഗതസൗകര്യത്തിൻെറ അപര്യാപ്തത മൂലം പുറംലോകവുമായി ബന്ധപ്പെടുവാൻ വളരെയധികം പ്രയാസപ്പെട്ടിരുന്ന ഒരു ഗ്രാമമായിരുന്നു അബ്ദുറഹിമാൻ നഗർ. മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ കാലഘട്ടത്തിൽ കൊണ്ടോട്ടി തിരൂരങ്ങാടി റോഡ് ശ്രമദാനമായി നിർമ്മിക്കുന്നതുവരെയും ഈ ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു. 5.4 കി. മീ ദൂരം പഞ്ചായത്തിലൂടെ കടന്നുപോകുന്ന ഈ റോഡ് അബ്ദുറഹിമാൻ നഗർ വേങ്ങര പഞ്ചായത്തുകളിലെ ഗ്രാമവാസികൾക്ക് ഒരുപോലെ ഗുണം ചെയ്യുന്നു. പഞ്ചായത്തിലെ കാർഷികോല്പന്നങ്ങളും നാണ്യവിളകളും വിറ്റഴിക്കുന്നതിനും ഭക്ഷണസാധനങ്ങളും നിത്യോപയോഗ സാധനങ്ങളും തിരിച്ചുകൊണ്ടുവരുന്നതിനും കടലുണ്ടി പുഴയിലൂടെയുള്ള ജലഗതാഗതത്തെയാണ് ആശ്രയിച്ചിരുന്നത്. ദേശീയ-പാത-17 ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നതുവരെയും ഗ്രാമീണർ ഈ ബുദ്ധിമുട്ട് അനുഭവിച്ചുപോന്നു. ദേശീയപാത നിലവിൽ വന്നതോടെയും കൊണ്ടോട്ടി-തിരൂരങ്ങാടി റോഡ് യാഥാർത്ഥ്യമായതോടെയും പഞ്ചായത്തിലെ ഗതാഗത സൗകര്യത്തിൽ സുപ്രധാനമായ മാറ്റങ്ങൾ സംഭവിച്ചു.

4, 800 കി. മീ ദേശീയ പാത ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. അബ്ദുറഹിമാൻ നഗർ പഞ്ചായത്തിൽ ദേശീയപാത കടന്നുപോകുന്ന ദൂരമത്രയും 40 മീറ്റർ വീതിയിലാണ് ദേശീയ പാതയ്ക്ക് ജനങ്ങൾ സ്ഥലം നല്കിയത്. ഈ സ്ഥലങ്ങളിൽ 50% ത്തിലേറെ സ്ഥലങ്ങളും നാണ്യവിളകൾ കൃഷി ചെയ്യുന്നതിനുപയോഗിച്ചിരുന്ന ഏറ്റവും നല്ല ഭൂമിയായിരുന്നു.

കൊണ്ടോട്ടി-തിരൂരങ്ങാടി റോഡിൻെറ ലക്ഷ്യം കൊണ്ടോട്ടിയെ തിരൂരങ്ങാടിയുമായി ബന്ധിപ്പിക്കുക എന്നതായിരുന്നുവെങ്കിലും ദേശീയ പാത വന്നതോടെ ലക്ഷ്യം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഈ റോഡ് പനമ്പുഴ കടവിൽ ചെന്നവസാനിക്കുന്നു. താലൂക്ക് ഓഫീസ്, താലൂക്ക് ആശുപത്രി, പോലീസ് സ്റ്റേഷൻ, എംപ്ലോയ്മെൻറ് ഓഫീസ്, സപ്ലൈ ഓഫീസ്, ട്രഷറി, പി. എസ്. എം. ഒ. കോളേജ് , തിരൂരങ്ങാടി യത്തീംഖാനയും അനുബന്ധ സ്ഥാപനങ്ങളും എന്നിവ പ്രവർത്തിച്ചുവരുന്ന തിരൂരങ്ങാടിയുമായി റോഡിനെ ബന്ധിപ്പിക്കൽ വളരെ അത്യാവശ്യമാണ്. ഈ പ്രാധാന്യങ്ങൾ കണക്കിലെടുത്തുകൊണ്ട് മുൻ കേരളാ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി പനമ്പുഴ പാലം നിർമ്മിക്കുന്നതിനു വേണ്ട നടപടി ക്രമങ്ങൾ പൂർത്തിയാക്കിയെങ്കിലും ഇതുവരെയും ഇത് യാഥാർത്ഥ്യമായിട്ടില്ല. ഈ പഞ്ചായത്തു നിവാസികളുടെ ഒട്ടേറെ പഴക്കമുള്ള ഒരാവശ്യമാണ്. കരിപ്പൂർ വിമാനത്താവളം നിലവിൽ വന്നതോടെ ഈ

പാലത്തിൻെറ നിർമ്മാണവും കൊണ്ടോട്ടി തിരൂരങ്ങാടി റോഡിൻെറ വിപുലീകരണവും അത്യാവശ്യമായി വന്നിരിക്കുന്നു.

വലിയപറമ്പ്-തോട്ടശ്ശേരിയറ എം. എൽ. എ റോഡ് പഞ്ചായത്തിൻെറ ബഹുഭൂരിഭാഗം പ്രദേശങ്ങളിലെയും യാത്രാ ക്ലേശത്തിന് അറുതി വരുത്തുന്നതാണ് ഈ റോഡിൻെറ നിർമ്മാണം തലപ്പാറ-നെടിയിരുപ്പ് ഹരിജൻ കോളനി റോഡ് എന്നുള്ള നിലയിൽ വേങ്ങര ബ്ലോക്കിൻെറ കീഴിലാണ് ആദ്യ നിർമ്മാണം നടന്നത്. പഞ്ചായത്തിലെ 6, 7, 8, 9 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്നതും വലിയ പറമ്പ് എൻ. എച്ച് റോഡിൽ നിന്നു തുടങ്ങി തോട്ടശ്ശേരിയറയിൽ കൊണ്ടോട്ടി-തിരൂരങ്ങാടി റോഡുമായി ബന്ധിപ്പിക്കുന്ന ഈ റോഡ് പഞ്ചായത്തിൻെറ മുഖഛായ മാറ്റിയെടുക്കുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. താറിംഗടക്കമുള്ള എല്ലാപണികളും പൂർത്തിയാക്കിയ ഈ റോഡിലൂടെ ഇടക്കാലത്ത് ബസ് സർവ്വീസ് ഉണ്ടായിരുന്നുവെങ്കിലും സർവ്വീസ് അനുവദിക്കുന്നതിൽ പുതിയ നിയമങ്ങൾ നിലവിൽ വന്നതോടെ ബസ്സുടമകൾ പുതിയ മേച്ചിൽ പുറങ്ങൾ തേടുകയും ഈ റൂട്ടിലെ ബസ് സർവ്വീസ് നിലച്ചുപോവുകയും ചെയ്തു. ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ ഉടമയിലുള്ള ബസ്സുകൾ സർവ്വീസ് നടത്താൻ മുന്നോട്ടുവരികയോ പഴയ നിയമത്തിലേക്കു തിരിച്ചുപോവുകയോ ചെയ്യണം. ഈ പ്രദേശത്തുള്ളവർ 4. കി. മീ സമദൂരമുള്ള കുന്നുംപുറം തലപ്പാറ, കൊളപ്പുറം എന്നീ സ്ഥലങ്ങളിൽ എത്തിച്ചേരാൻ പ്രയാസപ്പെടുകയാണ്.

കുന്നുംപുറത്തുനിന്നും വേങ്ങരയിലേക്കുപോകുന്ന കുന്നുംപുറം-വേങ്ങര റോഡ് ഒട്ടനവധി യാത്രക്കാർക്ക് ആശ്രയമാണ്. ഈ റോഡിൻെറ വിപുലീകരണം വളരെ അത്യാവശ്യമാണ്. എങ്കിൽ മാത്രമേ അബ്ദുറഹിമാൻ നഗർ പഞ്ചായത്തിൻെറ വടക്കുപ്രദേശത്തുള്ളവർക്കും പെരുവള്ളൂർ വില്ലേജിൽപ്പെട്ടവർക്കും ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് എത്തിച്ചേരാൻ സൗകര്യമാവുകയുള്ളൂ.

ദേശീയ പാതയിലെ വി. കെ പടിയിൽ നിന്നു തുടങ്ങി കേരളത്തിലെ പ്രസിദ്ധമായ ഒരു തീർത്ഥാടന കേന്ദ്രമായ മമ്പുറത്ത് അവസാനിക്കുന്ന മമ്പുറം ലിങ്ക്റോഡിന് 3 കി. മീ ദൂരമാണുള്ളത്. കേരളത്തിൻെറ വടക്കൻ ജില്ലകളിൽ നിന്നും തീർത്ഥാടന കേന്ദ്രത്തിലേക്കു വരുന്നവർക്ക് വി. കെ. പടിയിൽ ഇറങ്ങി വളരെയധികം പ്രയാസമനുഭവപ്പെടേണ്ടിവരുന്നു. വേണ്ടത്ര ബസ്സ് ഗതാഗതം ഈ റൂട്ടിലൂടെയില്ല. കേരളത്തിൻെറ വിവിധ കേന്ദ്രങ്ങളിലേക്ക് ഈ തീർത്ഥാടന കേന്ദ്രത്തിൽ നിന്ന് ബസ് റൂട്ടുകൾ അനുവദിക്കണമെന്ന പഞ്ചായത്തു നിവാസികളുടെ ആവശ്യം ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ മുന്നോട്ടു വരേണ്ടതാണ്.

അബ്ദുറഹിമാൻ നഗർ പഞ്ചായത്തിനെയും തേഞ്ഞിപ്പലം പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പുകയൂർ-കൊല്ലംചിന എം. എൽ. എ റോഡ് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഈ റോഡ് പൂർത്തിയാക്കി ഗതാഗതത്തിനു തുറന്നുകൊടുത്താൽ പുകയൂർ പ്രദേശത്തുകാരുടെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കും. അതോടൊപ്പം തന്നെ താനൂർ, പരപ്പനങ്ങാടി, ചെമ്മാട്, എന്നീ പ്രദേശങ്ങളിൽ നിന്ന് വിമാനത്താവളത്തിലേക്കു പോകുന്ന യാത്രക്കാർക്ക് 9 കി. മീ ദൂരവും സമയവും ലാഭിക്കാൻ കഴിയും. കൊണ്ടോട്ടി -തിരൂരങ്ങാടി റോഡിലെ തിരക്ക് ഭാഗികമായി കുറക്കുവാനും സാധിക്കും.

വി. കെ. പടിയവൽ നിന്ന് ആരംഭിച്ച് കുട്ടശ്ശേരിചിനയിൽ അവസാനിക്കുന്ന ടിപ്പുസുൽത്താൻ റോഡ് പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, പഞ്ചായത്തിലെ ഏക ഹൈസ്കൂൾ, മിനി സ്റ്റേഡിയം, കുട്ടശ്ശേരിചിന ഐ. പി. പി. സബ്സെൻററർ എന്നിവയുടെ സമീപത്തുകൂടി കടന്നുപോകുന്ന അതി സുപ്രധാനമായ ഒരു ഗ്രാമീണ റോഡാണ്. സർക്കാറിൻെറ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ഈറോഡ് താറിംഗ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ഇതുവരെ ബസ് റൂട്ടുകൾ അനുവദിച്ചിട്ടില്ല. ഈ റോഡിലൂടെ ബസ് റൂട്ടുകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് നിരവധി ഗ്രാമീണ റോഡുകൾ റോഡിൽ വന്നു ചേരുന്നു.

## പഞ്ചായത്തിലെ പി. ഡബ്ല്യു. ഡി. റോഡുകൾ

പട്ടിക ആർ. 1

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം കി. മീ | ശരാശരി ടാറിങ്ങ് വീതി | ബസ് ഗതാഗതം |
|---|---|---|---|---|
| 1 | ദേശീയപാത (എൻ. എച്ച് 17) | 4.800 | 7.00 | ഉണ്ട് |
| 2. | കൊണ്ടോട്ടി-തിരൂരങ്ങാടി റോഡ്; | 3.800 | 5.60 | ഉണ്ട് |
| | കൊളപ്പുറം മുതൽ പനമ്പുഴ വരെ | 1.600 | 3.80 | ഇല്ല |
| 3. | വലിയ പറമ്പ്-തോട്ടശ്ശേരിയറ റോഡ് | 6.200 | 3.80 | ഇല്ല |
| 4. | കുന്നുംപുറം-വേങ്ങര | 0.400 | 3.80 | ഉണ്ട് |
| 5. | മമ്പുറം ലിങ്ക് റോഡ് | 2.750 | 3.80 | ഇല്ല |
| 6. | പുകയൂർ-കൊല്ലം ചിന റോഡ് | 0.300 | ടാറിംഗ് ഇല്ല | ഇല്ല |
| | ആകെ | 19.850 | | |

അവലംബം: ദ്വിതീയ വിവരശേഖരണം

പി. ഡബ്ല്യു. ഡി റോഡ് രജിസ്റ്റർ

പുകയൂർ -കൊല്ലം ചിന റോഡ് പണിപൂർത്തീകരിച്ചിട്ടില്ല ഇത് ഗതാഗതയോഗ്യമാക്കുന്നതോടെ പഞ്ചായത്തിൻെറ വടക്കുഭാഗത്തുള്ളവർ പറമ്പിൽ പീടിക, കോഴിക്കോട് എന്നിവയുമായുള്ള ബന്ധം സൗകര്യപ്രദമാക്കാൻ സഹായിക്കുന്നതാണ്.

പട്ടിക R.2

നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

| നമ്പ്ര് | പാതയുടെ പേര് | നീളം | ടാറിംഗ് | ടാറിംഗ് രഹിതം | പി. ഡബ്ല്യു. ഡി | പഞ്ചായത്ത് | വാർഡ് |
|---|---|---|---|---|---|---|---|
| 1 | കളത്തിങ്ങൽപ്പുറായ-കരിപ്പായിൽ | 0.360 | - | ✔ | - | ✔ | 7 |
| 2 | രാജീവ്ജി റോഡ് കൊളപ്പുറം സൌത്ത് എരിഞ്ഞിപ്പിലാക്കൽ | 1.000 | ഭാഗികം | - | - | ✔ | 12 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ടിപ്പു സുൽത്താൻ റോഡ് | | | | | | |
| | പി.കെ.പടി കുട്ടശ്ശേരി ചിന | 3.000 | ✔ | - | - | ✔ | 4,5,8 |
| 4. | പുകയൂർ-കുന്നത്ത്-അരീതോട് | 0.800 | ഭാഗികം | ✔ | - | ✔ | 7,6 |
| 5. | ടി. കെ. മുഹമ്മദാജിറോഡ് | | | | | | |
| | മാറാപ്പിൽ ഇടവഴി | 0.400 | | ✔ | - | ✔ | 12 |
| 6. | കുഴിയാട്ടുപുറായ-തൊട്ടിയിൽപ്പുറായ | 0.500 | | ✔ | - | ✔ | 5 |
| 7. | പുതിയത്ത് പുറായ-അരീക്കാട്മാട് | 0.600 | | ✔ | - | ✔ | 8,9 |
| 8. | തൊട്ടിയിൽപുറായ-കുറുങ്ങോടത്ത് | 0.400 | | ✔ | - | ✔ | 8 |
| 9. | കളത്തിങ്ങൽ പുറായ | 0.300 | | ✔ | - | ✔ | 7 |
| 10. | അരീത്തല-കൊളപ്പുറം വയൽ | 1.200 | ✔ | | - | ✔ | 3 |
| 11. | ഓവുങ്ങൽ മാട്-കാവുങ്ങൽ പാറ | 0.600 | ഭാഗികം | | - | ✔ | 3 |
| 12. | കൂമൻചിന | 0.500 | | ✔ | - | ✔ | 12 |
| 13. | പൊരിയേങ്ങൽ-കുന്നുംപുറം | 0.500 | ഭാഗികം | - | - | ✔ | 9 |
| 14. | വി. കെ. പടി-ഒരപ്പിനങ്ങൽ | 1.500 | ഭാഗികം | - | - | ✔ | 2 |
| 15 | ഉള്ളാട്ട്പറമ്പ്-ദേ. പാ. റോഡ് | 0.330 | ✔ | - | - | ✔ | 4 |
| 16. | കുന്നുംപുറം-അത്തംപുറായ | 0.300 | | ✔ | - | ✔ | 9 |
| 17. | ഉള്ളാട്ട്പറമ്പ്-തലാപ്പിൽപടി | 0.360 | | ✔ | - | ✔ | 4 |
| 18. | നാട്ടുകല്ല്-ഉള്ളാട്ട്പറമ്പ് | 0.275 | | ✔ | | | ✔ |
| | | | | | - | ✔ | 4 |
| 19 | പിലാത്തോട്ടത്തിൽ ഇടവഴി-മോസ്ക് | 0.330 | | ✔ | - | ✔ | 4 |
| 20. | ഇല്ലിക്കൽ ഇടവഴി | 0.150 | | ✔ | - | ✔ | 4 |
| 21. | പുകയൂർവയൽ-ഇല്ലിക്കൽ ഇടവഴി | 0.200 | | ✔ | - | ✔ | 4 |
| 22. | കണ്ടമ്മാട് റോഡ് | 0.190 | | ✔ | - | ✔ | 2 |
| 23 | പൂളക്കൽ ഇടവഴി റോഡ് | 0.225 | | ✔ | - | ✔ | 5 |
| 24. | ചെനക്കപ്പുറായ-പുകയൂർ | 0.325 | | ✔ | - | ✔ | 7 |
| 25. | കാഞ്ഞോൾ ഇടവഴി | 0.100 | | ✔ | - | ✔ | 11 |
| 26. | പുകയൂർ-പോക്കാട്ട് റോഡ് | 0.150 | - | ✔ | - | ✔ | 11 |
| 27. | കളത്തിങ്ങൽ പുറായ-പൊറ്റാളിൽ | 0.800 | - | ✔ | - | ✔ | 7 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 28. | പല്ലാട്ട് ഇടവഴി-പുകയൂർ വയൽ | 0.400 | - | ✔ | - | ✔ | 7 |
| 29. | പഞ്ചായത്താഫീസ്-കൊടുവായൂർ | 0.500 | - | ✔ | - | ✔ | 7 |
| 30 | കൊളപ്പുറം-ചെണ്ടപ്പുറായ | 1.250 | ഭാഗികം | ഭാഗികം | - | ✔ | 5 |
| 31. | പാലമഠത്തിൽ ചിന-മണ്ണിൽതൊടി | 0.200 | | - | - | ✔ | 5,11 |
| 32. | കള്ളിശ്ശേരി റോഡ് | 0.800 | - | ✔ | - | ✔ | 8 |
| 33. | ചെണ്ടപ്പുറായ-കളത്തിങ്ങൽപ്പുറായ | 1.350 | ഭാഗികം | - | - | ✔ | 8 |
| 34. | കുണ്ടിൽപ്പാററോഡ് | 0.300 | | ✔ | - | ✔ | 5,7 |
| 35. | വെട്ടത്ത് പീടിക-യാറത്ത് പടി നടപ്പാത | 0.800 | | ✔ | - | ✔ | 8 |
| 36 | വി. കെ. പടി-കാവുങ്ങൽപ്പാറ | 0.800 | | ✔ | - | ✔ | 1 |
| 37. | ഷാരത്ത്പടി-ശ്മശാനം | 0.800 | - | ✔ | - | ✔ | 2 |
| 38. | കുണ്ടിൽപ്പുറായ-ചെപ്പ്യാലത്ത്പുറായ | 0.800 | | ✔ | - | ✔ | 2 |
| 39. | ഫസൽ ഹാജി സ്മാരക റോഡ് | 0.800 | - | ഭാഗികം | - | ✔ | 9 |
| 40. | മാരാത്ത് ഇടവഴിറോഡ് | 0.500 | - | ✔ | - | ✔ | 11,8,5 |
| 41. | ബീരാൻ കുട്ടി സ്മാരകറോഡ് | 0.600 | ഭാഗികം | ഭാഗികം | - | ✔ | 5.11 |
| 42. | കൂമൻ ചിന-പൂങ്ങാട്ടിട വഴി | 0.800 | - | ✔ | - | ✔ | 3,5,11 |
| 43. | വി കെപടി-പട്ടിശ്ശേരി വയൽ | 0.400 | - | ✔ | - | ✔ | 12 |
| 44. | നിലപറമ്പ്-കുറ്റൂർ നോർത്ത് ഹൈസ്കൂൾ | 0.800 | - | ✔ | - | ✔ | 2 |
| 45. | വലിയപീടിക-പുതിയത്തുപുറായ | 1.000 | ✔ | - | - | - | 9 |
| 46. | ഇരുമ്പുചോലജുമാമസ്ജിദ് | 0.600 | ✔ | ✔ | - | ✔ | 3 |
| 47. | അറക്കൽ-ഇട്ടിലാക്കൽ | 0.4000 | - | ✔ | - | ✔ | 8 |
| 48. | തലനക്കാട്-പുങ്ങാട്ടിടവഴി | 0.086 | - | ✔ | - | ✔ | 11,12 |
| 49. | കള്ളി വളപ്പ് റോഡ് | 0.550 | - | ✔ | - | ✔ | 10 |
| 50. | പുകയൂർ-നടുവിലക്കണ്ടി | 0.520 | - | ✔ | - | ✔ | 6 |
| 51. | തലനക്കാട് മാട്റോഡ് | 0.200 | - | ✔ | - | ✔ | 12 |
| 52. | ശങ്കരൻ ചിറ-പള്ളിയാളി | 0.240 | - | ✔ | - | ✔ | |
| 53. | ദേശീയപാത-പാലാന്തറ | 0.350 | - | ✔ | - | ✔ | 6 |
| 54. | കണ്ണംതൊടിറോഡ് | 0.200 | - | ✔ | - | ✔ | 3 |

| | | | | | | | |
|---|---|---|---|---|---|---|---|
| 55. | പുകയൂർ-കൂത്താടിപ്പാറ | 0.460 | - | ✔ | - | ✔ | 6 |
| 56. | നിലപറമ്പ്-കുറ്റൂർ നോർത്ത് | 0.250 | - | ✔ | - | ✔ | 10 |
| 57. | കളളിവളപ്പ് റോഡ് | 0.113 | - | ✔ | - | - | 10 |
| 58. | കുറ്റൂർ ഹൈസ്കൂൾ,കളളിവളപ്പ് | 0.290 | - | ✔ | - | ✔ | 10 |
| 59. | സന്മനസ് റോഡ് | 0.200 | ✔ | - | - | ✔ | 12 |
| 60. | ഇരുമ്പുചോല-തലാപ്പിൽ പടി | 0.225 | - | ✔ | - | ✔ | 3 |
| 61. | പുകയൂർ പൂവത്തുപറമ്പ് | 0.200 | - | ✔ | - | ✔ | 7 |
| 62. | ഓവുങ്ങൽ ഇടവഴി-കാറളാത്ത് | 0.125 | - | ✔ | - | - | 1 |
| 63. | പറയങ്ങണ്ടി-പാറക്കപ്പറമ്പ് | 0.240 | - | ✔ | - | ✔ | 6 |
| 64. | പുകയൂർ എൽ. പി. സ്ക്കൂൾ-അഴുവളപ്പ് | 0.305 | - | ✔ | - | - | 6 |
| 65. | അരിക്കാട്മാട്-എള്ളാടിശ്ശേരി | 0.155 | - | ✔ | - | ✔ | 8 |
| 66. | അരീതല-കുമൻതൊടു | 0.175 | - | ✔ | - | ✔ | 3,11 |
| 67. | കുമൻ ചെന-കുളപ്പുറം വയൽ | 0.340 | - | ✔ | - | ✔ | 11,12 |
| 68. | കുട്ടശ്ശേരിചിന-അരിക്കാട്മാട് | 0.505 | - | ✔ | - | ✔ | 8 |
| 69. | പുകയൂർ-പൊറ്റാളിൽ പള്ളി | 0.424 | - | ✔ | - | ✔ | 7 |
| 70. | പാറമ്മൽ താഴെ-കോൽക്കാട് | 0.035 | - | ✔ | - | ✔ | 2 |
| 71. | കുറ്റൂർ നോർത്ത്-അരയക്കുളം | 0.035 | - | ✔ | - | ✔ | 2 |
| 72. | കുന്നുംപുറം കുറ്റൂർ നോർത്ത് | 0.240 | - | ✔ | - | ✔ | 10 |
| 73. | അരീക്കാട്മാട്-എരഞ്ഞിപ്പുറം | 0.450 | ✔ | - | - | ✔ | 10 |
| 74. | ഇരുമ്പുചോല-ഓവുങ്ങൽ മാട് | 0.300 | - | ✔ | - | ✔ | 9 |
| 75. | ആറ്റകോയ തങ്ങൾ റോഡ് | 0.635 | - | ✔ | - | ✔ | 1 |
| 76. | മുക്കമ്മൽ കോൽക്കാട് | 0.635 | - | - | - | ✔ | 2 |
| 77. | കോരുട്ടിൽ ഇടവഴിറോഡ് | 0.330 | - | ✔ | - | ✔ | 4 |
| 78. | കൊളപ്പുറം പി. എച്ച്. സി.- കൊണ്ടോട്ടി റോഡ് | 0.420 | - | ✔ | - | ✔ | 11 |
| 79. | മാളിൽ ഇടവഴി-പനച്ചിക്കൽ | 0.317 | - | ✔ | - | ✔ | 12 |
| 80. | കക്കാടംപുറം-കൊടുവായൂർ | 0.230 | - | ✔ | - | ✔ | 11 |
| 81. | കളളിശ്ശേരിമാട്-കൊടുവായൂർ | 0.165 | - | ✔ | - | ✔ | 11,8 |

| | | | | | | | |
|---|---|---|---|---|---|---|---|
| 82. | തലനക്കാട് -വരമ്പിലാക്കൽ | 0.120 | - | ✔ | - | ✔ | 3 |
| 83. | കൊടുവായൂർ-പൂളക്കപ്പുറായ | 0.500 | - | ✔ | - | ✔ | 5,11 |
| 84. | വി. കെ. പടി-ഒരപ്പിനങ്ങൽ | 0.250 | - | ✔ | - | ✔ | 2 |
| | പരപ്പിൽ | | | ✔ | | | |
| 85. | കുണ്ടാട്ടുപുറായ | 0.330 | - | | - | ✔ | 6,7 |
| 86. | പുളക്കപുറായ-ഫസലാജി | 0.121 | - | ✔ | - | ✔ | 11,5 |
| 87. | പാലാന്തര-പട്ടിശ്ശേരിവയൽ | 0.215 | - | ✔ | - | ✔ | 6 |
| 88. | മമ്പുറംലിങ്ക്-ചിനയിൽ | 0.480 | - | ✔ | - | ✔ | 1 |
| 89. | അഴുവളപ്പ്-ഹരിജൻ കോളനി | 0.155 | - | ✔ | - | ✔ | 6 |
| 90. | പുകയൂർ പൊറ്റാളിൽ | 0.415 | - | ✔ | - | ✔ | 7 |

## പഞ്ചായത്തിലെ നിലവിലുള്ള നടപ്പാത

| ക്രമ നമ്പ് | നടപ്പാതയുടെ പേര് | നീളം (മീറ്ററിൽ) | ബന്ധപ്പെട്ട വാർഡ് |
|---|---|---|---|
| 1 | ചെനക്കപുറായ-പൊറ്റാണിൽ | 500 | 5,7 |
| 2. | വാക്കയിൽ ഇടവഴി | 300 | 10 |
| 3. | ഇരുമ്പുചോല വി. സി ബി. -മണ്ണാരക്കൽ | 97 | 4 |
| 4. | പാപ്പാട്ട്-തോട്ടശ്ശേരി | 120 | 4 |
| 5. | ചെമ്പായിൽ ഇടവഴി | 1000 | 7 |
| 6. | മാട്ടുമ്മൽ-കല്ലുങ്ങൽ | 600 | |
| 7. | കരോളിൽ പുറായ ഫുട്പാത്ത് | 600 | |
| 8. | തടത്തിൽപ്പാറ-പുകയൂർ വയൽ | 1000 | 7 |
| 9. | കുനാരി-പുകയൂർ വയൽ | 800 | 5 |
| 10. | വലിയപറമ്പ്-തരിപ്പ്വയൽ | 400 | 6 |
| 11. | ചെണ്ടപ്പുറായ-എ. ആർ. നഗർ | 1000 | 5,11 |
| 12. | കൊട്ടംചേരി ഇടവഴി | 800 | |
| 13. | ചെണ്ടപ്പുറായ-തലാപ്പിൻ പടി | | |
| 14. | ദേ.പാ-17-വി. കെ. പടി | 300 | 4 |

| | | | |
|---|---|---|---|
| 15. | മാപ്പിളക്കാട് ഇടവഴി | 250 | 10 |
| 16. | ചേമ്പട്ടിൽ ഇടവഴി | 300 | 10 |
| 17. | അഞ്ഞങ്ങാട്ട് അരു-ആലുങ്ങൽ അരു | 400 | 2 |
| 18. | ഓവുങ്ങൽ-ഒരപ്പിനങ്ങൽ വെസ്റ്റ് | 300 | 1 |
| 19. | ഓവുങ്ങൽ-ഒരപ്പിനങ്ങൽ (ഈസ്റ്റ്) | 200 | 1,3 |
| 20 | പാലമഠത്തിൽ ചിന | 800 | 8 |
| 21. | ഊക്കത്ത് ഫുട്പാത്ത് | 400 | 10 |
| 22. | കൊടുവാപറമ്പൻ ഇടവഴി | 500 | 11 |
| 23 | കൊളപ്പുറം ജംഗ്ഷൻ-അരീത്തല | 600 | 11 |
| 24 | ദേ.പാത:17-വെള്ളത്ത് പറമ്പ് | 600 | 3 |
| 25 | വി. കെ. പടി-ഇരുമ്പുചോല വി. സി. ബി | 800 | 4 |
| 26. | ഇരുമ്പുചോല-അരീതല | 400 | 3 |
| 27. | ഉള്ളാട്ടിൽ ഇടവഴി | 800 | 5 |
| 28. | മൂന്നൂർ കുളം ഫുട്പാത്ത് | 85 | 5 |
| 29. | അത്തംപുറം-ചേലോക്കോട് | 300 | 9 |
| 30 | ഇരുമ്പുചോല-ഊക്കത്ത്വയൽ | 3000 | 3, 5, 11 |
| 31. | പട്ടിശ്ശേരി വയൽ ഫുട്പാത്ത് | 1000 | 2,6 |
| 32. | ചെറുകുളും-അരീതോട് പുകയൂർ | 4000 | 5, 6, 7 |
| 33. | ചാനത്ത് നടപ്പാത | 365 | 12 |
| 34. | പനച്ചിക്കൽ ഫുട്പാത്ത് | 160 | 12 |
| 35 | പാപ്പാട്-പട്ടിശ്ശേരി | 140 | 2 |
| 36 | ഊരത്തിൽ ഇടവഴി | 1000 | 12 |
| 37 | ആറ്റയിൽ ഇടവഴി | 120 | |
| 38 | വാക്കത്ത്-പാപ്പാട് | 230 | |
| 39 | പാറക്കുളം-തലാനിപ്പാടം | 105 | 11 |
| 40 | ദേ-പാ: 17-കുണ്ടം ചോലനടപാത | 87 | 3 |
| 41. | വെള്ളക്കുണ്ട് ഇടവഴി | 325 | 12 |
| 42 | കാവുങ്ങൽപ്പാറ-പരപ്പിൻ | 100 | 3 |

| | | | |
|---|---|---|---|
| 43 | ചെപ്പാലത്ത് പള്ളി-പൊരിയേങ്ങൽ | 105 | 9 |
| 44. | പുകയൂർ പൊറ്റാനിൻ പള്ളി ചാനക്കത്തി | 83 | 7 |
| 45. | ആശാരിമാട് ഇടവഴി | 90 | 3 |

അവലംബം: ദ്വിതീയ വിവര ശേഖരണം.

## പ്രശ്നങ്ങൾ

മൊത്തമുള്ള പഞ്ചായത്തുപാതകളിൽ കേവലം 7. 8 കി. മീ ദൂരം മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. മിക്കറോഡുകളും ഉയർന്ന സമതലങ്ങളിൽ നിന്നും വയലുകളിലേക്ക് ചരിഞ്ഞ് പോകുന്നതിനാൽ വർഷക്കാലങ്ങളിൽ വെള്ളത്തിൻെറ ശക്തിയായ ഒഴുക്ക് കാരണം മണ്ണ് ഒലിച്ച് ഗതാഗതയോഗ്യമല്ലാതായിതീരുന്നു. കൃഷിസ്ഥലങ്ങളിൽ ചരൽ മണ്ണിടിഞ്ഞ് കൃഷിക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുകയും ചെയ്യുന്നു. കൂടാതെ കാലാകാലങ്ങളിലുള്ള" പ്രവർത്തനക്ഷമമാക്കലി" നുള്ള സംഖ്യകൾ പാഴായി പോകാൻ ഇടവരുന്നു. റോഡ് നിർമ്മാണത്തിനും താറിംഗിനും മിനിമം 8 മീറ്റർ വീതി വേണമെന്ന നിയമം ജനസാന്ദ്രത കൂടിയ ഈ ചെറിയ പഞ്ചായത്തിലെ ഗതാഗത വികസനം മുരടിക്കുന്നതിന് ഒരു കാരണമാണ്.

ദേശീയപാതയിലെ ഗതാഗതത്തിരക്കുമൂലവും വാഹനങ്ങളുടെ അമിതവേഗതമൂലവും ജില്ലയിലെ ഏറ്റവും വലിയ അപകട മേഖലയായി മാറിയിരിക്കുന്നു ഈ പ്രദേശം. കാൽ നട യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ദേശീയപാതയുടെ അരികിൽ കൂടി ഒരു നടപ്പാത ആവശ്യമാണ്. റോഡുകൾക്ക് ഓടകൾ നിർമ്മിക്കുകയാണെങ്കിൽ റോഡുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സാധിക്കുന്നതോടൊപ്പം തുടരെയുള്ള അറ്റകുറ്റപണികൾ ഒഴിവാക്കുന്നതിനും സാധിക്കും.

ഗ്രാമസഭാ തീരുമാനങ്ങളനുസരിച്ച് പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

പട്ടിക R-4

| നമ്പ്ര് | വാർഡ് | റോഡുകളുടെ പേര് | നീളം കി. മീ | ബന്ധപ്പെട്ട വാർഡുകൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 1 | വെട്ടത്തുബസാർ മുതൽ എരഞ്ഞിപ്പുലാക്കൽ വരെ (കനാലിനോടു ചേർന്ന്) | 2,500 | 1,3,12 |
| 2 | 2 | കണ്ടംമാട്-നടുക്കണ്ടി- പാലന്തറ റോഡ് | 1,000 | 2,6 |
| 3 | 2 | പാലന്തറ-പൊതുശ്മശാനം റോഡ് (പട്ടിശ്ശേരി പാടത്തിൻെറ ഓരത്തുകൂടി | 2,500 | 2,6 |
| 4 | 3 | ഓവുങ്ങൽ മാട്-അടിയോട്ടിൽ | 2,500 | 3, 1, 12 |
| 5 | 2 | വി. കെ. പടി-ഒരപ്പനങ്ങൽ പാപ്പാട്ട് ഇടവഴി) | 1,000 | 2 |
| 6 | 2 | ആലുങ്ങൽ ഇടവഴി | 1,000 | 2 |
| 7 | 3 | അരീത്തല-കുമൻ ചിന റോഡ് | 0.500 | 3,11 |

| | | | | |
|---|---|---|---|---|
| 8 | 3 | ഇരുമ്പുചോല-തലാപ്പിൽ- | 0.400 | 3,5 |
| 9 | 4 | ഉള്ളാട്ട് പറമ്പ്-പഞ്ചായത്ത് കുളം | 0.500 | 4,5 |
| 10 | 4 | വി. കെ. പടി-പൊനക്കൻ പറമ്പ്-മമ്പുറം ലിങ്ക്റോഡ് | 0.500 | 4 |
| 11 | 4 | പിലാത്തോടൻ ഇടവഴി | 0.300 | 4 |
| 12 | 4 | ടിപ്പുനഗർ-പുകയൂർ വയൽ | 0.500 | 4 |
| 13 | 4 | വി.െ കെ. പടിദേ:പാ:-കുതിരപ്പടിക്കൽ | 0.500 | 4 |
| 14 | 4 | ഇരുമ്പു ചോല -ഉള്ളാട്ട് പറമ്പ് | 700 | 3,4 |
| 15 | 5 | ചെണ്ടപ്പുറായ-എ. ആർ. നഗർബസാർ (കുറുക്കൻ ഇടവഴി) | 0.800 | 5, 11 |
| 16 | 5 | വില്ലേജ് ഓഫീസ് കൊട്ടൻ ചാലിൽ (ചുടലകുണ്ടിൽ ഇടവഴി) | 0.700 | 5,7 |
| 17 | 6 | ദേശീയപാത-മൂച്ചിചിറ | 0.700 | 6 |
| 18. | 5 | വൈദ്യർ തൊടു-ചെണ്ടപ്പുറായ റോഡ് | 0.500 | 5 |
| 19. | 7 | പൊറ്റാളിൽ-അന്നങ്ങാട് ഇടവഴി-കുന്നത്ത് | 0.500 | 7 |
| 20 | 7 | കൊട്ടൻ ചാലിൽ-ചെണ്ടപ്പുറായ ( കൂനാരി ഇടവഴി) | 0.700 | 7, 5, 8 |
| 21 | 7 | പൊറ്റാളിൽ-വടേരി ഇടവഴി-ടിപ്പുനഗർ | 0.500. | 4, 6, 7 |
| 22 | 7 | ബാലവാടി-കുണ്ടൻ ചാലിൽ-പൊറ്റാളിൽ റോഡ് | 0.500 | 7 |
| 23 | 8 | അരക്കൽ -ചെമ്പായിമാട് (മിച്ചഭൂമികോളനി) | 0.400 | 8 |
| 24. | 8 | പാലമാത്തിൽ ചിന-പത്രാട്ടുപാറ റോഡ് | 0.400 | 8 |
| 25 | 8 | അറക്കൽ -കല്ലടമാട് | 0.850 | 8,7 |
| 26 | 8 | കൊട്ടൻ ചാലിൽ -പൂളക്കപുറായ കൂനാരിഇടവഴി | 600 | 5, 8 |
| 27 | 8 | കാരചീന-പുത്തലത്ത് | 0.300 | 8 |
| 28 | 8 | പാലമാത്തിൽചിന-കാരച്ചിന | 0.500 | 8 |
| 29 | 9 | പേങ്ങാട്ടുകുണ്ടിൽ -സ്ക്കൂൾ-കുന്നുംപുറം വാട്ടർ ടാങ്ക് | 0.300 | 9 |
| 30 | 9 | പുതിയത്തുപുറായ-എരഞ്ഞിപ്പുറത്ത് | 0.300 | 9 |
| 31 | 9 | കുഴിച്ചിന-പുളിക്കൻകുണ്ട്-മുക്കിൽ ബസാർ | 0.700 | 9 |
| 32 | 9 | അത്തംപുറ-ചേലേക്കോട്-കുന്നുംപുറം | 0.700 | 9 |

| | | | | |
|---|---|---|---|---|
| 33 | 9 | കുണ്ടിൽപ്പാറ-നിസ്കാരപള്ളി മണ്ണാൻതൊടി | 0.200 | 9 |
| 34 | 10 | വാക്കയിൽ-അരളുപറമ്പ്-തേക്കേപറമ്പ് | 0.800 | 10 |
| 35 | 10 | കുറ്റൂർ നോർത്ത്-കക്കാടം പുറം-മാപ്പിളക്കാട് | 0.200 | 10 |
| 36. | 11 | കക്കാടം പുറം മില്ല്-യാക്കിരി-പുത്തലത്ത് കുണ്ട് | 0.200 | 11 |
| 37. | 11 | കുമൻചിന-അരീത്തല | 0.300 | 11,12,3 |
| 38. | 11 | കൊളപ്പുറം ഹെൽത്ത് സെൻറർ-കൊണ്ടോട്ടിബൈ | 0.400 | 11 |
| 39 | 11 | കാഞ്ഞോളിൽ-കൊണ്ടോട്ടി-തിരൂരങ്ങാടി | 0.300 | 11 |
| 40 | 12 | മാളിൽ-കൊളപ്പുറം | 0.200 | 12 |
| 41 | 12 | വെള്ളക്കുണ്ട് ഇടവഴി | 0.400 | 12 |
| 42. | 12 | താഴെ കൊളപ്പുറം മദ്രസചാനത്ത് ഇടവഴി | 0.300 | 12 |
| 43. | 12 | കുമൻ ചീന-പൂങ്ങാട്ട് ഇടവഴി | 0.300 | 12 |
| 44. | 3 | അരീത്തല-ഇരുമ്പുചോല | 0.400 | 3 |
| 45. | 12 | മച്ചിങ്ങൽ ഇടവഴി-ആട്ടിരി | 0.200 | 12 |
| 46. | 12 | ആട്ടിരി-കൊളപ്പുറം വയൽ | 0.200 | 12 |
| 47. | 5 | ചേരത്ത് ഇടവഴി | 0.700 | 11 |
| 48. | 12 | മാസ്റ്റർ ഇടവഴി | 0.300 | 12 |
| 49. | 10 | കുന്നുംപുറം വലിയ പീടിക -വാക്കയിൽ -നിലപറമ്പ് | 0.800 | 10 |
| 50 . | 12 | തൊട്ടിക്കാട്ടിൽ ആട്ടയിൽ | 0.200 | 12 |
| 51. | 12 | ഊരത്തിൽ-വേങ്ങര പഞ്ചായത്തതിർത്തി | 0.200 | 12 |
| 52 | 11 | അരീത്തല-ഓവുങ്ങൽ മാട് റോഡ്- കൊളപ്പുറം ജംഗ്ഷൻ (മുക്കുടത്തിങ്ങൽ കോൽപറമ്പിൽ ഇടവഴി) | 0.500 | 11 |

പട്ടിക R5 ഗ്രാമസഭാ തീരുമാനങ്ങൾ പ്രകാരം ടാറിംഗ്, പൂർത്തീകരണം, അറ്റകുറ്റപണികൾ എന്നിവ നടത്തേണ്ട റോഡുകൾ താഴെ ചേർക്കുന്നു.

| നമ്പ്ര് | റോഡിൻെറ പേര് | ടാറിംഗ് | അറ്റകുറ്റപ്പണി | പൂർത്തീകരണം | ബന്ധപ്പെട്ട വാർഡുകൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ആറ്റകോയതങ്ങൾ റോഡ് (മൂന്നിയൂർ പഞ്ചായത്തുമായി $1^{1/2}$ മീറ്റർ ഉയർത്തികെട്ടുക | ✔ | ✔ | ✔ | 1 |

| | | | | | |
|---|---|---|---|---|---|
| 2 | തടത്തിൽ കോളണി | ✔ | ✔ | ✔ | 1 |
| 3 | വികെ. പടി-ഒരപ്പിനങ്ങൽ റോഡ് | ✔ | ✔ | ✔ | 2 |
| 4 | ശ്മശാനം റോഡ് | ✔ | ✔ | ✔ | 2 |
| 5. | വെട്ടത്ത് പീടിക-മൂക്കമ്മൽ | ✔ | ഉയർത്തൽ | - | 2 |
| 6 | വി. കെ. പടി-കണ്ടമ്മാട് | ✔ | ഓവുചാൽ ഇറക്കം കുറക്കുക | - | 2 |
| 7 | വെട്ടം റോഡ്-കാവുങ്ങൽപ്പാറ | ✔ | - | - | 2 |
| 8. | അരീത്തല-കൂമൻ തൊട്ടു | ✔ | ✔ | - | 3,11 |
| 9. | കുമൻ തൊടു-കാവുങ്ങൽ പാറ | ✔ | - | - | 3,2 |
| 10. | ബീരാകുട്ടി സ്മാരകം | ✔ | ✔ | - | 3, 5, 11 |
| 11. | ഇരുമ്പ്ചോല-കൊടുവായൂർ വയൽ | ✔ | - | - | 3 |
| 12. | അരീതല-ദേ: പാ:റോഡ് | ✔ | - | - | 3 |
| 13. | സ്ക്കൂൾ റോഡ്-കൊളപ്പുറം | ✔ | ✔ | ✔ | 3 |
| 14. | ഓവുങ്ങൽ മാട്-മമ്പുറം ലിങ്ക് | ✔ | ✔ | - | 1,3 |
| 15. | കോരുട്ടിൽ | ✔ | ✔ | - | 4,7 |
| 16. | ഇല്ലിക്കൽ | ✔ | ✔ | - | 4 |
| 17. | ഉള്ളാട്ടുപറമ്പ്-ടിപ്പുനഗർ | ✔ | - | - | 4 |
| 18. | വി. കെ. പടി-ഇരുമ്പുചോല | ✔ | ✔ | - | 4 |
| 19. | ചെണ്ടപ്പുറായ-കളത്തിങ്ങൽ പുറായ | ✔ | - | | 5,7 |
| 20. | ചെണ്ടപുറായ-ആസാദ്നഗർ | ✔ | - | - | 5,11 |
| 21. | ചെണ്ടപ്പുറായ-ചേരത്ത് | ✔ | ✔ | ✔ | 5,11 |
| 22. | പൂളക്കപുറായ-കൊടുവായൂർ വയൽ | ✔ | ✔ | - | 5,11 |
| 23. | ടിപ്പുസുൽത്താൻ റോഡ് | - | ✔ | - | 4,5,8 |
| 24. | പാലാത്തറ. ദേ. പാ:റോഡ് | ✔ | ✔ | - | 6 |
| 25. | കുന്നത്ത്-നടുവിലകണ്ടി | ✔ | ✔ | - | 6 |
| 26. | അരീക്കോട്-പുകയൂർ ശാന്തി | ✔ | - | - | 6 |
| 27. | വലിയ പറമ്പ്-എനാവൂർ | ✔ | ✔ | - | 6 |

| | | | | | |
|---|---|---|---|---|---|
| 28. | വലിയപറമ്പ്-ഹരിജൻ കോളനി | ✔ | - | - | 6 |
| 29. | അരീതോട്-കുന്നത്ത് | ✔ | - | - | 6,7 |
| 30. | വലിയപറമ്പ്-ഹരിജൻ-ശ്മശാനം | ✔ | ✔ | - | 6 |
| 31. | കുന്നത്ത്-പൊറ്റാണിൽ | ✔ | - | - | 7 |
| 32. | കുളത്തിങ്ങൽ പുറായ-പൊറ്റാണിൽ | ✔ | - | - | 7 |
| 33. | അരീക്കോട്-പൊറ്റാണിൽ | ✔ | ✔ | - | 7,6 |
| 34. | പുതിയത്തുപുറായ-അരീക്കോട്മാട് | ✔ | - | - | 9,8 |
| 35. | അറക്കപുറായ-ഇരട്ടിലാക്കൽ | ✔ | - | - | 8 |
| 36. | യാറത്തുംപടി-എ. ആർ നഗർ | ✔ | - | - | 8,11 |
| 37. | കാരച്ചിനപുറായ-കക്കാട്പുറം | - | ഓവു പാലം | - | 8,11 |
| 38. | കുട്ടശ്ശേരിചെന-അരീക്കാട്മാട് | ✔ | - | - | 8 |
| 40. | പുതിയത്ത് പുറായ-വലിയ പീടിക | ✔ | - | - | 9 |
| 41. | കുണ്ടിൽപാറ-കോമ്മങ്ങാട് | ✔ | - | - | 9 |
| 42. | കുണ്ടിൽപ്പാറ-ചെപ്പ്യാലം | ✔ | - | - | 9 |
| 43. | ചേലക്കോട്-നടുപ്പറമ്പ് | ✔ | - | - | 9 |
| 44. | കുറ്റൂർനോർത്ത്-കുന്നുംപുറം | ✔ | - | - | 10 |
| 46. | കുന്നുംപുറം-വീരാശ്ശേരി | ✔ | - | - | 10 |
| 47. | മാരാത്ത്ഇടവഴി | ✔ | - | - | 11,5 |
| 48. | ജി. യു. പി. എസ്. കൂമൻചിന | ✔ | - | - | 11,12 |
| 49. | എരഞ്ഞിപ്പിലാക്കൽ | ✔ | - | - | 12 |
| 50. | കൂമൻചിന-കുളപ്പുറം വയൽ | ✔ | - | - | 11,12 |
| 51. | മാളിൽ-എരഞ്ഞിപ്പുലാക്കൽ | ✔ | ✔ | - | 12 |
| 52. | ടി കെ. മുഹമ്മദാജി | ✔ | - | | 12 |
| 53. | പിലാത്തോടൻ ഇടവഴി | ✔ | - | - | 4 |

## പ്രധാന നിർദ്ദേശങ്ങൾ

1. എല്ലാ റോഡുകളും ടാറിംഗ് നടത്തുക.

2.വയലുകളുമായി ബന്ധപ്പെടുന്ന ഭാഗങ്ങൾ ട്രാക്ടർ മററു വാഹനങ്ങൾ എന്നിവ എത്തിക്കുന്നതിന് റോഡ് എത്രയും വേഗം ഗതാഗതയോഗ്യമാക്കുക.

3. മഴക്കാലത്ത് റോഡിൽ നിന്നും മണ്ണൊലിപ്പ് തടയുന്നതിന് വെള്ളത്തിൻെറ ഒഴുക്ക് സുഗമമാക്കുന്നതിനും റോഡുകൾക്ക് ഓടകൾ, ആവശ്യമായ കലിങ്കുകറം ഓവുപാലങ്ങൾ എന്നിവ നിർമിക്കുക.

4. വാഹനങ്ങളുടെ അമിതവേഗതയും വാഹനത്തിരക്കും റോഡപകടങ്ങൾക്ക് പ്രധാന കാരണമാണല്ലോ പ്രധാന റോഡുകളുടെ അരികിലൂടെ കാൽ നട യാത്രക്കാരുടെ സൗകര്യാർഥം നടപ്പാത അടിയന്തിരമായി നിർമിക്കുക.

5. ബസ്സ് സർവീസ് നിലച്ചുപോയ വലിയപറമ്പ് തോട്ടശ്ശേരിയറ റോഡ് മമ്പുറം ലിങ്ക് റോഡ് എന്നിവവഴി ബസ്സ് ഗതാഗതം പുന:സ്ഥാപിക്കുക.

6. പഞ്ചായത്തിലെ ഏക ഹൈസ്കൂൾ പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, എന്നിവ സ്ഥിതി ചെയ്യുന്ന ചെണ്ടപ്പുറായിലൂടെ ബസ്സ് സർവീസ് ആരംഭിക്കുക.

7. മമ്പുറം ലിങ്ക്റോഡ്, വലിയപറമ്പ്-തോട്ടശ്ശേരിയററോഡ്, ടിപ്പുസുൽത്താൻ റോഡ് എന്നീ മാർഗങ്ങളിലൂടെ ഓരോ കെ. എസ്. ആർ. ടി. സി. ബസ്സ് സർവീസുകൾ ആരംഭിക്കുക.

# ഊർജ്ജം

1962 ൽ അബ്ദുറഹിമാൻ നഗർ പഞ്ചായത്ത് നിലവിൽ വന്നുവെങ്കിലും ഏഴ് വർഷങ്ങൾക്കുശേഷം 1969 ൽ മാത്രമാണ് ഈ പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. ശ്രീമാൻ എം. എൻ: ഗോവിന്ദൻ നായർ വൈദ്യുത വകുപ്പ് മന്ത്രി ആയിരിക്കേ കേന്ദ്ര നിയമവകുപ്പ് മന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ 1969 ലെ ഒരു സുദിനത്തിൽ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ പ്രകാശിപ്പിച്ചുകൊണ്ട് ഈ പ്രക്രിയ ഉദ്ഘാടനം ചെയ്തു. അന്നത്തെ പഞ്ചായത്ത് ബോർഡും വിശിഷ്യാ ബോർഡ് പ്രസിഡണ്ട് ആയിരുന്ന വി: എ. ആസാദ് സാഹിബും ഇതിനായി ചെയ്ത സേവനങ്ങൾ നിസ്തുലമാണ്.

എന്നാൽ ഏറ്റവും അധികം ഊർജ്ജ പ്രതിസന്ധി നേരിടുന്ന ഒരു പ്രദേശമാണ് ഇന്നും എ. ആർ നഗർ ഗ്രാമ പഞ്ചായത്ത്.

മലപ്പുറം ജില്ലയിലെ കിഴിശ്ശേരി 110 കെ. വി സബ്സ്റ്റേഷനിൽ നിന്നും എടരിക്കോട് 66 കെ. വി. സബ് സ്റ്റേഷനിൽ നിന്നുമാണ് ഈ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. കെ. എസ്. ഇ. ബിയുടെ തിരുരങ്ങാടി സെക്ഷൻ ഓഫീസ് വഴിയാണ് പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തപ്പെടുന്നത്. തിരുരങ്ങാടി സെക്ഷൻ ഓഫീസിൻെറ കീഴിൽ ഒരു സബ്ബ് എഞ്ചിനീയർ ഓഫിസ് ഇപ്പോൾ പഞ്ചായത്തിലെ കുന്നുംപുറത്ത് പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിലെ 1, 2, 6 വാർഡുകളിലെ ഉപഭോക്താക്കൾ 8 കി. മീ അകലെ സ്ഥിതിചെയ്യുന്ന ചേളാരി സെക്ഷൻ ഓഫീസിലാണ് വൈദ്യുത ചാർജ്ജ് അടക്കുന്നത്. അയ്യായിരത്തോളം ഉപഭോക്താക്കളിൽ 83 ശതമാനവും ഗാർഹിക ഉപഭോക്താക്കളാണ്.

പഞ്ചായത്തിലെ നിലവിലുള്ള ഉപഭോക്താക്കളുടെ സ്ഥിതി വിവര പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക ഇ. I

ഉപഭോക്താക്കളുടെ എണ്ണം

| ഗാർഹികം | വ്യാപാരം | വ്യാവസായികം | കാർഷികം | ആകെ |
|---|---|---|---|---|
| 4165 | 345 | 40 | 150 | 4700 |

അവലംബം: ദ്വിതീയ വിവരശേഖരണം

ഈ പഞ്ചായത്തിലെ ധാരാളം അപേക്ഷകർ ഇനിയും വൈദ്യുതി കണക്ഷനു വേണ്ടി കാത്ത് നിൽക്കുന്നുണ്ട്. വിശദ വിവരങ്ങൾ താഴെ പട്ടിക ഇ.2

| | | |
|---|---|---|
| ഓർഡിനറി | ഒ.എച്ച്. 97 | ഡബ്ല്യു./ പി. 156 |
| ഒ. ടി. പി. | 7 | - |
| ഒ. വൈ. ഇ. സി. | ഒ. എച്ച്. 38 | ഡബ്ല്യു. /പി. 39 |

പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. അത്കൊണ്ട് തന്നെ എല്ലാ ഗ്രാമസഭകളിൽ നിന്നും പുതിയ ട്രാൻസ്ഫോർമർ വേണം എന്ന ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള ട്രാൻസ്ഫോർമറുകളും അമിതഭാരം ചുമക്കുന്നവയാണ്.

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ പട്ടിക താഴെ കൊടുക്കുന്നു. പട്ടിക ഇ. 3

| ക്രമനമ്പർ | ട്രാൻസ്ഫോർമറിൻെറ പേര് | കപ്പാസിറ്റി |
|---|---|---|
| 1 | കൊളപ്പുറം സൗത്ത് | 100 കെ .വി. |
| 2 | കൊളപ്പുറം നോർത്ത് | 250 കെ. വി. |
| 3 | ഇരുമ്പുചോല | 250 കെ. വി. |
| 4. | വി. കെ. പടി | 100 കെ. വി. |
| 5. | കുറ്റൂർ നോർത്ത് | 100 കെ. വി. |
| 6. | കുന്നുംപുറം | 250 കെ .വി. |
| 7 | കൊടക്കല്ല് | 100 കെ. വി. |
| 8 | കക്കാടം പുറം | 100 കെ. വി. |
| 9 | ചെണ്ടപ്പുറായ നം. 1 | 100 കെ. വി. |
| 10. | ചെണ്ടപ്പുറായ നം. 2 | 100 കെ. വി. |
| 11. | ഒളകര | 100 കെ. വി. |
| 12 | പുകയൂർ | 100 കെ. വി. |
| 13 | വലിയപറമ്പ്-ബിസ്കറ്റ് കമ്പനി | 100 കെ. വി. |
| 14 | തോട്ടശ്ശേരി അറ | 100 കെ. വി. |
| 15 | മമ്പുറം-മഖാം | 100 കെ. വി |
| 16. | മമ്പുറം പമ്പ്ഹൗസ് | 100 കെ. വി |

പഞ്ചായത്തിലെ നിലവിലുള്ള വൈദ്യുത ലൈനുകളുടെ പട്ടിക

പട്ടിക ഇ. 4

| ക്രമനമ്പർ | 11 കെ വി. | ത്രീഫേസ് | സിങ്കിൾഫേസ് |
|---|---|---|---|
| 1 | 16കി. മീ | 15 കി. മീ | 21 കി. മീ |

പഞ്ചായത്തിലെ തെരുവിളക്കുകളുടെ എണ്ണം

| സോഡിയം വേപ്പർ ലാമ്പ് | ബൾബ് | മറ്റുള്ള എം. എഫ്. എൽ. | ആകെ |
|---|---|---|---|
| 22 | 40 | 52 | 114 |

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 95-96 വർഷത്തിൽ 40140 രൂപ പഞ്ചായത്ത് ചെലവഴിച്ചു. ഇത് മൊത്തം വരുമാനത്തിൻെറ 0.028 ശതമാനമാണ്.

## പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. രൂക്ഷമായ വോൾട്ടേജ് ക്ഷാമം
3. പ്രേക്ഷണ വിതരണ രംഗങ്ങളിലെ ബോർഡിൻെറ അശ്രദ്ധ മൂലമുള്ള വൈദ്യുത നഷ്ടം.
4. വൈദ്യുതീകരിക്കാത്ത ഹരിജൻ /ലക്ഷം വീട് കോളനി
5. തെരുവ് വിളക്കുകളുടെ അപര്യാപ്തത
6. വോൾട്ടേജ് ക്ഷാമത്തിനെതിരെ സ്റ്റപ്-അപിൻെറ അമിതമായ ഉപയോഗം
7. സ്പോട്ട് ബില്ലിംഗ് സമ്പ്രദായത്തിൻെറ അഭാവം.

**ഗ്രാമസഭകളിൽ നിന്ന് വന്ന നിർദ്ദേശപ്രകാരം പുതുതായി വൈദ്യുത ലൈൻ വലിക്കേണ്ട പ്രദേശങ്ങൾ**

പട്ടിക ഇ. 6

| വാർഡ് നമ്പർ | പുതുതായി ലൈൻ വലിക്കേണ്ട സ്ഥലം | ലൈനിൻെറ സ്വഭാവം |
|---|---|---|
| 1 | 1. മമ്പുറം മഖാം മുതൽ മൂഴിക്കൽ വരെയുള്ള ഭാഗം | ത്രീഫേസ് |
| | 2. അമ്പലിപടി മുതൽ എരഞ്ഞിപുലാക്കൻ വരെയുള്ള ഭാഗം | ത്രീഫേസ് |
| 2 | 1. വാർഡിൻെറ വടക്ക് പടിഞ്ഞാറ് പാലന്തറ ഭാഗം | ത്രീഫേസ് |
| 4. | 1. പുറം കണ്ടി വളപ്പ് | ത്രീഫേസ് |
| | 2. കുറ്റിക്കാട്തൊടു | |
| 5. | 1. കൂനാരിക്കുണ്ട് ഭാഗം | ത്രീഫേസ് |
| 7. | 1. കരിപ്പായിമാട് ഹരിജൻ കോളനി | |
| | 2. കണക്കൻ ചേരി കോളനി | ത്രീഫേസ് |
| | 3. പുകയൂർ പറാട്ട് ഭാഗം | ത്രീഫേസ് |
| 8. | 1. മണ്ണിൽ തൊടു ലക്ഷംവീട് കോളനി | ത്രീഫേസ് |
| | 2. ആലുങ്ങൻ പറമ്പ് മിച്ചഭൂമി കോളനി | ത്രീഫേസ് |
| | 3. അരീക്കാട്മാട് കോളനി | ത്രീഫേസ് |
| | 4.കാരച്ചെന കോളനി | |
| | 5. മൂക്കിൽ പീടിക | ത്രീഫേസ് |
| 10. | 1. തെക്കേ പറമ്പ് | ത്രീഫേസ് |
| 12. | 1.കൊളപ്പുറം ജി. എം. യു. പി. | |
| | സ്ക്കൂളിൻെറ കിഴക്കുഭാഗത്തുളള കുന്നുമ്മൽഭാഗം | ത്രീഫേസ് |
| | 2., ചെള്ളിക്കുണ്ട് കോളനി | ത്രീഫേസ് |

പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

പട്ടിക ഇ. 7

| വാർഡ് നമ്പർ | സ്ഥലം |
|---|---|
| 1 | 1. ഷാരത്ത്പടി-വെട്ടത്ത്ബസാർ |
| 2. | 1. പട്ടിശ്ശേരി വയൽ. കാർഷികാവശ്യത്തിന് |
| 3. | !. അരീത്തല/അത്താണിക്കൽ |
| 2. | കൊളപ്പുറം വയൽ |
| 3. | കൈതോട്ട് പാടം } കാർഷികാവശ്യത്തിന് |
| 4. | കൊടുവായൂർ പാടം |
| 4. | 1. വി.കെ. പടി-ടിപ്പുനഗർ |
| 5. | 1. നാട്ടുകല്ല് |
| 7. | 1. പുകയൂർ-പൊറ്റാനിൽ |
| 8. | 1. മുക്കിൽ പീടിക |
| 2. | കാരച്ചിന പുറായ |
| 9. | 1. ചേലേക്കോട് |
| 2. | പുതിയത്ത് പുറായ |
| 3. | ചെപ്യാലം |
| 4. | പള്ളിപ്പുറായ |
| 11. | 1. എ. ആർ. നഗർ ബസാർ (ചെണ്ടപുറായ റോഡ്) |
| 2. | എ. ആർ. നഗർ ബസാർ (ഫസൽ ഹാജി റോഡ്) |
| 3. | ആസാദ് നഗർ |

## ഗ്രാമസഭകളിൽ നിന്നും വന്ന മറ്റു ചില ആവശ്യങ്ങാം

വാർഡ് 1 : 1991 ൽ പഞ്ചായത്ത് വയറിംഗ് ചെയ്ത് കൊടുത്ത മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുക.

വാർഡ് 2 : പുതിയ കണക്ഷൻ ലഭിക്കുന്നതിന് ത്രീ ഫേസുലൈൻ വേണമെന്ന നിബന്ധന ഒഴിവാക്കുക.

- നിർദ്ധനകുടുംബങ്ങൾക്ക് സർക്കാർ/പഞ്ചായത്ത് സഹായത്തോടെ വൈദ്യുതി കണക്ഷൻ നൽകുക.

വാർഡ് 3 : 1991ൽ പഞ്ചായത്ത് വയറിംഗ് ചെയ്ത് കൊടുത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുക.

വാർഡ് 6 : ഹരിജൻ കോളനിയിൽ10 വീടുകൾക്ക് 1 എന്ന നിലയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

വാർഡ് 7 : കരിപ്പായിമാട് ഹരിജൻ കോളനി വൈദ്യു തീകരിക്കുക.

വാർഡ് 9 : 1. ഒരുസിങ്കിൾ ഫേസിൽ നിന്നും 6 സർവ്വീസ് വയറോ അല്ലെങ്കിൽ 10 കെ. ഡബ്ള്യൂ ലോഡോ മാത്രമേ
കണക്ഷൻ അനുവദിക്കുകയുള്ളൂ എന്ന കെ. എസ്. ഇ. ബി യുടെ ഓർഡർ പിൻവലി ക്കുന്നതിന് നടപടി സ്വീകരിക്കുക.

2. കെ. എസ്. ഇ. ബി സബ് എഞ്ചിനീയറുടെ ഓഫീസ് അസിസ്റ്റൻറ് എഞ്ചിനീയറുടെ ഓഫീസ് ആയി ഉയർത്തുക

വാർഡ് 10 : 1. ഒരു സിങ്കിൾ ഫേസിൽ നിന്നും 10 ൽ കുടുതൽ കണക്ഷൻ ലഭിക്കുകയില്ല എന്ന കർശന നിലപാട് ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിക്കുക.

2. കുറ്റൂർ നോർത്തിലെ ട്രാൻസ്ഫോർമർ പവർ കൂട്ടി സ്ഥാപിക്കുക.

### വോൾട്ടേജ് ക്ഷാമ പരിഹാരമാർഗ്ഗങ്ങൾ-ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വൈദ്യുത ലൈനുകൾ മുട്ടികിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റുക.
2. കാലിൽ ഉറപ്പിച്ച ട്രാൻസ്ഫോർമറുകൾ തറകെട്ടി ഉറപ്പിക്കുക.
3. നിലവിലുള്ള സിങ്കിൾ ഫേസ് ലൈനുകൾ എല്ലാം ത്രീഫേസ് ലൈനുകളാക്കി മാറ്റുക.
4. ആവശ്യമായ സ്ഥലങ്ങളിലെല്ലാം ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
5. സ്റ്റെപ്-അപ് വെച്ച വീടുകളിൽ നിന്നും /കടകളിൽ നിന്നും സ്റ്റെപ് അപ് ഒഴിവാക്കുക.
6. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി ഇരട്ടി ആയെങ്കിലും വർദ്ധിപ്പിക്കുക.
7. നിലവിലുള്ള ലൈനുകളുടെ അറ്റകുറ്റപണികൾ ഉടൻ തീർക്കുക.
8. വൈദ്യുത ദുരുപയോഗം തടയുന്നതിനുള്ള ബോധവൽക്കരണം നടത്തുക.
9. സ്ലാബ് സമ്പ്രദായം നിർത്തലാക്കി ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം ഉപഭോക്താവിൽ നിന്നും പണം ഈടാക്കുന്ന
സമ്പ്രദായം നടപ്പിലാക്കുക.
10. തെരുവ് വിളക്കുകൾ സൗരോർജ്ജ സെല്ലുകൾ മൂലം പ്രവർത്തിക്കുന്നതാക്കുക.
11. ദക്ഷത കൂടിയ വൈദ്യുത വിളക്കുകൾ സബ്സിഡി ആയി ഉപഭോക്താക്കൾക്ക് നൽകുക.
12. ദക്ഷത കൂടിയ വൈദ്യുത വിളക്കുകളെകുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുക.

## മറ്റ് ഊർജ്ജ സ്രോതസ്സുകൾ

പാചകാവശ്യത്തിനായി പഞ്ചായത്തിലെ 95 ശതമാനം ജനങ്ങളും വിറകിനെ ആണ് ആശ്രയിക്കുന്നത്. എന്നാൽ വിറക് ക്ഷാമം രൂക്ഷമാണ്. ചുരുക്കം ചിലർ പാചകാവശ്യത്തിനായി മണ്ണെണ്ണയും വിരലിൽ എണ്ണാവുന്നവർ ഗ്യാസും ഉപയോഗിക്കുന്നു.

### പരിഹാരങ്ങൾ

1. ദക്ഷതകൂടിയ അടുപ്പുകൾ, സ്റ്റൗകൾ എന്നിവയുടെ ഉപയോഗത്തെ പറ്റി ബോധവൽക്കരണം നടത്തുക;പഞ്ചായത്തിലെ എല്ലാ വീടുകൾക്കും പ്രസ്തുത അടുപ്പുകൾ സൗജന്യ നിരക്കിലോ സബ്സിഡി ആയോ വിതരണം ചെയ്യുക.
2. ആവശ്യപ്പെടുന്നവർക്ക് പാചക ആവശ്യത്തിന് മണ്ണെണ്ണ പെർമിറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
3. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും തിരൂരങ്ങാടി പാചക ഗ്യാസ് ഏജൻസിയുടെ പരിധിയിൽ കൊണ്ടു വരികയോ, എ. ആർ നഗർ ആസ്ഥാനമായി ഒരു ഗ്യാസ് എജൻസി തുടങ്ങുവാൻ നടപ്ടി സ്വീകരിക്കുകയോ ചെയ്യുക.
4. ബയോ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കാൻ ആവശ്യമായ

സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കുക.

5. ഇന്ധന ദുരുപയോഗം തടയാനുള്ള സമഗ്ര ബോധവൽക്കരണം നടത്തുക.

## മാർക്കറ്റ്

അബ്ദുറഹിമാൻ നഗർ പഞ്ചായത്തിൻെറ ഹൃദയഭാഗമായ അബ്ദുറഹിമാൻ നഗർ ബസാർ ആദ്യകാലത്ത് കാർഷികോൽപന്നങ്ങളായ തേങ്ങ, അടക്ക, കശുഅണ്ടി, ഇഞ്ചി, കപ്പ, കുരുമുളക്, മധുരക്കിഴങ്ങ്, ചേന, ചേമ്പ് എന്നിവ വ്യാപകമായ തോതിൽ ശേഖരണവും വിൽപനയും നടന്നിരുന്ന കേന്ദ്രമായിരുന്നു. കൂടാതെ ചുക്ക്, കൊപ്ര എന്നിവയുടെ വ്യാപാരവും വൻ തോതിൽ നടന്നിരുന്നു. അടക്കാ സംസ്കരണ കേന്ദ്രം കൂടി ആയിരുന്ന അബ്ദുറഹിമാൻ നഗർ ബസാറിലേക്ക് കൊണ്ടോട്ടി, കിഴിശ്ശേരി എന്നീ പ്രദേശങ്ങളിൽ നിന്നുപോലും വ്യാപാരികൾ എത്തിയിരുന്നു. എന്നാൽ ഇപ്പോൾ ഈ വ്യാപാര മേഖല പൂർണ്ണമായും തകർന്നുകഴിഞ്ഞിരിക്കുന്നു.

പഞ്ചായത്തിൽ ഇപ്പോൾ കുന്നുംപുറത്ത് ഒരാഴ്ച ചന്തമാത്രമാണ് (ബുധനാഴ്ച മാത്രം പ്രവർത്തിക്കുന്നത്) നിലവിലുള്ളത്. അത് തന്നെ ഒരു സ്വകാര്യ വ്യക്തിയുടെ കീഴിലും നാമമാത്രമായി പ്രവർത്തിക്കുന്നതുമാണ്.

പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ അബ്ദുറഹിമാൻ നഗർ ബസാർ, കൊളപ്പുറം, കുന്നുംപുറം, വി. കെ. പടി, മമ്പുറം, പുകയൂർ-കളത്തകങ്ങൽ പുറായ എന്നിവിടങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ കാർഷികോൽപന്നങ്ങളുടെ സംഭരണ-വിതരണ കേന്ദ്രം സ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്തിലെ വ്യാപാര മേഖല അഭിവൃദ്ധിപ്പെടുകയും കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുകയും ചെയ്യുന്നതാണ്. പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന നേന്ത്രക്കായ ശേഖരിക്കുകയും ഉപോൽപന്നമായ കായ വറുത്തത് നിർമ്മിച്ചു വിപണനം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ വാണിജ്യ മേഖലയും കാർഷിക മേഖലയും അഭിവൃദ്ധിപ്പെടുന്നതാണ്.

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും ഉപയോഗിക്കുന്ന മത്സ്യം, മാംസം എന്നിവ വിൽപന നടത്തുന്നിന് സൗകര്യപ്രദവും ആരോഗ്യകവുമായ ചുറ്റുപാടുമുള്ള കേന്ദ്രങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇന്ന് നിലവിലില്ല. അതിനാൽ പഞ്ചായത്തിലെ ഓരോ വാർഡിലും ചുരുങ്ങിയത് ഒരു സ്ഥലത്തെങ്കിലും മത്സ്യം, മാംസം എന്നിവ വിപണനം നടത്തുന്നതിന് വേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന് വിൽപനക്കാരിൽ നിന്നും വാടക ഈടാക്കാവുന്നതാണ്. ഇത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിൻെറ വിഭവ സമാഹരണത്തിനും സഹായകരമായിരിക്കും.

# 9

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

ഭൂമിശാസ്ത്രപരമായി മൃഗസംരക്ഷണമേഖലയ്ക്ക് വളരെയധികം അനുയോജ്യമായ പഞ്ചായത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കന്നുകാലികൾ കുറഞ്ഞുകൊണ്ടിരിക്കുന്നതായ അവസ്ഥയാണിന്നുളളത്. മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞുവരുന്നതിനാലും, കാലിത്തീററയുടെ അമിതമായ വില വർദ്ധനവിനാലും വൈക്കോൽ ദൗർലഭ്യവും, തീററപ്പുൽകൃഷിയുടെ അപര്യാപ്തതയും, മിക്കവീട്ടിലെയും പുരുഷന്മാർ വിദേശത്തേയ്ക്ക് ജോലിതേടിപ്പോയതിനാലുമാണ്, ഈ അവസ്ഥ സംജാതമായത്.

എങ്കിലും വീട്ടാവശ്യത്തിനായും, മററു വീടുകളിലും, ചെറിയഹോട്ടലിലും പാൽ നല്കുന്നതിനായും കന്നുകാലികളെ വളർത്തുന്നവർ ഏറെയുണ്ട്. പഞ്ചായത്തിൽ വളർത്തുമൃഗങ്ങൾ മുഖ്യമായും, പശു, ആട്, എരുമ, പോത്ത്, ഉഴവുകാളകൾ മുയൽ മുതലായവയാണ്. വളർത്തു പക്ഷിയിനങ്ങളിൽ കോഴികൾ, താറാവ്, കാട, (ജപ്പാനീസ് കുയിൽ), ടർക്കി കോഴികൾ, മുതലായവയാണ്.

ഇതിൽ പശു 1464, ആട് 1495, പോത്ത് 95, എരുമ111, കാള 282 മുയൽ, കോഴി 15118, താറാവ് 14 ടർക്കി കോഴി 20 (അവലംബം: ദ്വിദിയ വിവരശേഖരണം-കന്നുകാലി സെൻസസ് 1987)

പഞ്ചായത്തിലെ ഒട്ടുമിക്ക ജനങ്ങളും കന്നുകാലി വളർത്തലിൽ തൽപ്പരരാണ്. പശു വളർത്തൽ മുഖ്യതൊഴിലായും, ഉപതൊഴിലായും വീട്ടാവശ്യത്തിലേക്കുളള പാലിനായും, മററും വളർത്തുന്നവർ ഈ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ ഇവരെ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കാലിത്തീററയുടെ അമിതമായ വിലയും വൈക്കോലിൻെറ ദൗർലഭ്യതയും തീറ്റപ്പുൽകൃഷിയുടെ അപര്യാപ്തതയും, പാൽവിപണനത്തിനുളള സൗകര്യമില്ലായ്മയും, ധനകാര്യസ്ഥാപനങ്ങളുടെ സഹകരണമില്ലായ്മയും, മൃഗസംരക്ഷണ വകുപ്പിൻെറ വിവിധ പദ്ധതികളെക്കുറിച്ചുളള അറിവില്ലായ്മയും, ചികിത്സക്കാവശ്യമായ മരുന്നുകളുടെ അമിതമായ വിലയുമാണ്.

സഹകരണാടിസ്ഥാനത്തിലും സർക്കാർ തലത്തിൽ സബ്സിഡിയായും, ധനകാര്യസ്ഥാപനങ്ങളുടെ സഹകരണമുണ്ടെങ്കിലും പലരും ഈ മേഖലയിൽ താൽപര്യം കാണിക്കുന്നുണ്ട്.

സർക്കാർ തലത്തിൽ ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പല പദ്ധതികളും (ഉദാ:- പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതിയും, സ്കൂൾ കുട്ടികൾക്കായുളള പൗൾട്രി ക്ലബ്ബും മററും ഈ പഞ്ചായത്തിലും നടപ്പാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ മൃഗങ്ങളിൽ കണ്ടുവരുന്ന പ്രധാനരോഗങ്ങൾ, അകിടുവീക്കം, ഉദരസംബന്ധമായ

രോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ തൊലിപ്പുറത്തെ രോഗങ്ങൾ, ഒരുതരം വാതരോഗം, (ഡൗണർ കൗസിൻ ഡ്രോം) പനി കാലാവസ്ഥക്കനുസരിച്ച് മുതലായവയാണ്.

ഒട്ടുമിക്ക വീടുകളിലും വളർത്തുന്നത് സങ്കരയിനം പശുക്കളെയാണ്. എന്നാൽ ഉല്പ്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും, വിപണനത്തിന് ഈ പഞ്ചായത്തിൽ സൊസൈറ്റിയോ മററു സംവിധാനങ്ങളോ ഇല്ല. തീററപ്പുൽകൃഷിയ്ക്ക് ഒഴിഞ്ഞ പ്രദേശങ്ങൾ ഇല്ലെങ്കിലും, ചില പ്രദേശങ്ങളിലൊക്കെ തീററപ്പുൽകൃഷി ചെയ്യാവുന്ന സൗകര്യങ്ങൾ ഉണ്ടെങ്കിലും ഈ മേഖലയിൽ അറിവില്ലാത്തതിനാൽ ആരും തീററപ്പുൽ കൃഷി ചെയ്യുന്നില്ല.

ഉഴവുകാളകൾ ഉപയോഗിച്ച് ഉപജീവനം കഴിക്കുന്നവർ ഈ പഞ്ചായത്തിൽ ഉണ്ട്. ധനകാര്യസ്ഥാപനങ്ങളുടെ സഹായമോ മററ് സബ്സിഡി നിരക്കിലുള്ള സഹായമോ ലഭ്യമായാൽ ചിലരൊക്കെ ഇതിലും താൽപര്യം കാണിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഓരോ വീട്ടിലും പാൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി പഞ്ചായത്തിൽ പശു വളർത്തലിൽ താൽപര്യമുള്ള എല്ലാ വീടുകളിലും ഓരോ പശുവെങ്കിലും വളർത്തുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

പഞ്ചായത്തിലെ മൃഗാശുപത്രി കുന്നുംപുറം എന്ന സ്ഥലത്ത് പഞ്ചായത്തിൻെറ സ്വന്തം സ്ഥലത്തും സ്വന്തം കെട്ടിടത്തിലും ആണെങ്കിലും പ്രാഥമികാവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മൃഗാശുപത്രിയിൽ വരുന്ന ജനങ്ങൾക്കും ജീവനക്കാർക്കും ഇല്ല. കൃത്രിമബീജ സങ്കലനത്തിന് ആവശ്യമായ ഷെഡോ മൃഗങ്ങളെകെട്ടാനുള്ളസൗകര്യമില്ല. മൃഗങ്ങളുടെ പാൽ, ചോര, ചാണകം, മൂത്രം എന്നിവ പരിശോധിക്കുന്നത് ഇന്ന് തിരൂരങ്ങാടിയില്വുള്ള സ്വകാര്യ ലാബിലാണ്. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ലാബ് സൗകര്യവും, ചെറിയ മൃഗങ്ങൾക്കുള്ള ഓപ്പറേഷൻ സൗകര്യവും, ഫോൺ സൗകര്യവും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നവീകരിക്കണം.

മൃഗാശുപത്രിയുടെ സേവനം ഓരോ വാർഡിലും ലഭ്യമാക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക വഴി എല്ലാ വാർഡിലും സേവനം എത്തിക്കാവുന്നതാണ്.

പഞ്ചായത്തിന് ആവശ്യമായ മാംസം അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മൃഗങ്ങളെയാണ് ആശ്രയിക്കുന്നത്. അത് പരിഹരിക്കുന്നതിനായി പഞ്ചായത്തിലെ മുഴുവൻ പോത്ത് കുട്ടികളെയും, സങ്കരയിനം കാളക്കുട്ടികളെയും ദത്തെടുത്ത് സബ്സിഡി നിരക്കിൽ വളർത്തി പഞ്ചായത്തിൻെറ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ വൃത്തിയുള്ള ഒരു അറവുശാലാകേന്ദ്രം ഇല്ല. ഇന്നത്തെ രീതി അനാരോഗ്യകരവും, മലീമസവുമായ അന്തരീക്ഷത്തിൽ ഗ്രാമപ്രദേശങ്ങളിൽ കശാപ്പുചെയ്യുകയാണ്. ഇതിനായി പഞ്ചായത്തിൻെറ നിയന്ത്രണത്തിലുള്ള ഒരു അറവുശാലയും പ്രായോഗിക പരിശീലനം കിട്ടിയിട്ടുള്ള അറവുകാരെയും ഏർപ്പെടുത്താവുന്നതാണ്. അതുകൊണ്ട് ഒരു പരിധിവരെ പരിസരമലിനീകരണവും ഒഴിവാക്കാൻ കഴിയുന്നതാണ്.

ആട് വളർത്തലിൽ വളരെയധികം പേർ താൽപര്യം കാണിക്കുന്നുണ്ട്. ചെറിയ ആട് വളർത്തൽ യൂണിററുകൾ കുറെ വീട്ടിലെങ്കിലും ഉണ്ട്. വീട്ടാവശ്യത്തിനുള്ള പാലും, ആട്ടിറച്ചിയുടെ വർദ്ധിച്ച വിലയും, കുറച്ച് ഭൂമിയുള്ളതിൽ വളർത്താനുള്ള സൗകര്യവുമാണു ഇതിന് പ്രേരിപ്പിക്കുന്നത്. ഇതിനായി ധനകാര്യസ്ഥാപനങ്ങൾ വഴി വായ്പ ലഭ്യമായാൽ പലരും ചെറുകിട ആട് വളർത്തൽ യൂണിറ്റുകൾ തുടങ്ങാൻ തയ്യാറാണ്.

ചില വീടുകളിൽ ഇന്ന് മുയൽ വളർത്തുന്നത് ഓമനമൃഗമായാണ്. എന്നാൽ മേൽത്തരം മുയൽ കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണെങ്കിലും ധനകാര്യസ്ഥാപനങ്ങളുടെ സഹകരണമുണ്ടെങ്കിലും മുയൽ വളർത്തലിൽ താൽപര്യം കാണിക്കുന്നവരും ഉണ്ട്.

പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിലും പേപ്പട്ടി ശല്യം അനുഭവപ്പെടുന്നുണ്ട്. ആയതുകൊണ്ട് പഞ്ചായത്തൊരു പേവിമുക്ത പഞ്ചായത്താക്കി മാറേറണ്ടതാണ്.

പൊതുവെ കോഴി വളർത്തലിൽ താൽപ്പര്യം കാണിക്കുന്നവരാണെങ്കിലും 7 ാം വാർഡിൽ ഒരു ഇറച്ചിക്കോഴി വളർത്തുകേന്ദ്രമൊഴിച്ചാൽ പഞ്ചായത്തിൽ പറയത്തക്ക മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളോ, ഇറച്ചി

ക്കോഴി വളർത്തൽ കേന്ദ്രങ്ങളോ, കോഴിക്കുഞ്ഞ് വിരിയിപ്പിക്കൽ കേന്ദ്രങ്ങളോ, ഇല്ല. പഞ്ചായത്തിനാവശ്യമായ മുട്ടയും, കോഴി ഇറച്ചിക്കാവശ്യമായ കോഴിയും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്.എന്നാൽ മേൽത്തരം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാക്കുകയും സർക്കാറിൻെറ സബ്സിഡിയും, ധനകാര്യ സ്ഥാപനങ്ങളുടെ സഹായവും വളർത്തുന്നതിന് ആവശ്യമായ പരിശീലനവും ലഭിക്കുകയാണെങ്കിൽ സഹകരണാടിസ്ഥാനത്തിലും സ്വകാര്യമേഖലയിലും ഈ സംരംഭത്തിന് ആളുകൾ മുന്നോട്ട് വന്നിട്ടുണ്ട്.

അടുക്കള മുറ്റത്തെ കോഴിവളർത്തൽ എല്ലാ വീട്ടിലും നിർബന്ധമാക്കുകയാണെങ്കിൽ ഒരുപരിധിവരെ വീട്ടാവശ്യത്തിനുള്ള മുട്ടയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടാവുന്നതാണ്.

വിദേശപൈസയുടെ ഒഴുക്ക് കുറച്ചെങ്കിലും അനുഭവപ്പെടുന്ന പഞ്ചായത്തിൽ പോഷക ഗുണമുള്ള കാടയിറച്ചിയ്ക്ക് വിപണന മേഖലയുണ്ട്. ആയതുകൊണ്ട് മേൽത്തരം കാടക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണെങ്കിലും, ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെയും സാങ്കേതിക പരിജ്ഞാനവും കിട്ടുകയാണെങ്കിൽ കാടവളർത്തൽ യൂണിററുകൾ തുടങ്ങാവുന്നതാണ്.

സ്വയം തൊഴിൽ ഉപതൊഴിൽ എന്ന നിലക്ക് തേനീച്ച വളർത്തലിൽ സാങ്കേതിക പരിജ്ഞാനം ലഭിക്കുകയാണെങ്കിൽ ചിലരെങ്കിലും ഇതിനും മുന്നോട്ട് വന്നിട്ടുണ്ട്.

## പ്രധാനപ്രശ്നങ്ങൾ

1. കാലിത്തീററയുടെ അമിതമായ വില
2. വൈക്കോലിൻെറ ദൗർലഭ്യതയും, പുൽകൃഷിയിലുള്ള അറിവില്ലായ്മയും
3. പാലിന് വിപണന സൗകര്യമില്ലായ്മ.
4. ശാസ്ത്രീയ രീതിയിൽ മൃഗങ്ങളെ വളർത്തുന്നതിനുള്ള അറിവില്ലായ്മ.
5. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രയാസം.
6. മൃഗങ്ങൾക്കുള്ള മാരകരോഗങ്ങൾ
7. മേൽത്തരം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതയും ശാസ്ത്രീയമായി വളർത്തുന്നതിനുള്ള അറിവില്ലായ്മയും

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. ഒട്ടേറെപേർക്ക് സ്വയം തൊഴിലിലൂടെ ഉപജീവനമാർഗ്ഗം തേടുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെ കിടക്കുന്നവരുടെ വരുമാനം ഉയർത്തുന്നതിനും സാധിക്കും.
2. പഞ്ചായത്ത് തലത്തിൽ മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക.
3. ഓരോ വാർഡിലും ഉൽപാദിപ്പിക്കുന്ന മുഴുവൻപാലും, സംഭരിച്ച് പാലുൽപന്നങ്ങളാക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. സബ്സിഡി നിരക്കിൽ കാലിത്തീററ ലഭ്യമാക്കുക. കാലിത്തീററയുടെ ചെറിയ ഉല്പ്പാദനകേന്ദ്രം സ്ഥാപിക്കുക.
5. പാലിൻെറ കാര്യത്തിൽ സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ടി താൽപര്യമുള്ള എല്ലാ കർഷകരുടെയും വീടുകൾതോറും ഓരോ പശുവിനെ വീതം വളർത്തുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുക.
6. സഹകരണാടിസ്ഥാനത്തിൽ മിനിഡയറി യൂണിററുകൾ സ്ഥാപിക്കാനുള്ള സാമ്പത്തിക സഹായം ഏർപ്പെടുത്തുക.
7. വനിതകൾക്കായി പശുവളർത്തൽ സംരംഭം സഹകരണാടിസ്ഥാനത്തിൽ നടപ്പാക്കുക.
8. തീറ്റപുൽകൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ഏർപ്പെടുത്തുക.
9. മൃഗചികിത്സാ സൗകര്യങ്ങൾ എല്ലാ വാർഡിലും എത്തിക്കുന്നതിനായി മാസത്തിൽ ഒരിക്കലെങ്കിലും ക്യാമ്പ് സംഘടിപ്പിക്കുക.

10. പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യവും ലാബും, ഓപ്പറേഷൻ നടത്താനുള്ള സൗകര്യവും, മൃഗങ്ങളെ കെട്ടാനുള്ള സൗകര്യവും ഷെഡും ഉണ്ടാക്കി, പൊതുജനങ്ങൾക്കാവശ്യമായ തോതിൽ മൃഗാശുപത്രി നവീകരിക്കുക.

11. ഉഴുവുകാളയെ ഉപയോഗിച്ച് ഉപജീവനം കഴിക്കാനാഗ്രഹിക്കുന്നവർക്കും ഉപജീവനം കഴിക്കുന്നവർക്കും സബ്സിഡി അനുവദിക്കുക.

12. പശു, ആട്, എരുമ, ഉഴവുകാള എന്നിവയ്ക്ക് സമഗ്ര ഇൻഷുറൻസും വരുമാനപരിധിക്ക് താഴെയുള്ളവർക്ക് മിനിമം, ഇൻഷുറൻസും ഏർപ്പെടുത്തുക.

13. കന്നുകാലി കർഷകർക്ക് പെൻഷൻ ആനുകൂല്യം നിർബന്ധമാക്കുക.

14. മൃഗസംരക്ഷണത്തിൽ താൽപര്യമുള്ള കർഷകരെ തെരഞ്ഞെടുത്ത് മൃഗസംരക്ഷണപരിപാടികളിൽ പരിശീലനം നല്കുക.

15. മൃഗങ്ങളെ കശാപ്പുചെയ്യുന്നതിന് പഞ്ചായത്തിൻെറ അധികാരപരിധിയിൽ ഒരു അറവുശാല സ്ഥാപിക്കുക

16. മൃഗങ്ങളെ കശാപ്പുചെയ്യുന്നവർക്ക് ലൈസൻസ് ഏർപ്പെടുത്തുകയും, മനുഷ്യരിലേക്ക് വരുന്ന രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണവും, പരിശീലനവും നല്കുക.

17. മൃഗങ്ങളെ അറക്കുന്നതിന് മുമ്പും, അറുത്തതിനു ശേഷവും നിർബന്ധമായും, പഞ്ചായത്തിലെ വെററിനറി സർജ്ജനെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതാണ്.

18. പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിലും സ്വകാര്യമേഖലയിലും മുട്ടക്കോഴി വളർത്തൽ യൂണിററും കോഴിക്കുഞ്ഞുങ്ങൾ വിരിയിപ്പിക്കാനുള്ള കേന്ദ്രവും സ്ഥാപിക്കേണ്ടതാണ്.

19. ആട് വളർത്തൽ യൂണിററുകൾ തുടങ്ങുന്നതിനായ് താൽപര്യമുള്ള കർഷകർക്ക് സബ്സിഡിയും ധനകാര്യസ്ഥാപനങ്ങളുടെ സഹായവും ഉറപ്പുവരുത്തുക.

20. ധനകാര്യസ്ഥാപനങ്ങളുടെ സഹായം ലഭിക്കുന്നതിന് നിബന്ധനകൾ ലഘൂകരിക്കുകയും സഹായങ്ങൾ കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

21. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യുകയും വളർത്തുനായ, പൂച്ച എന്നിവയ്ക്ക് പ്രതിരോധകുത്തിവെപ്പ് നടത്തി ലൈസൻസ് ഏർപ്പെടുത്തുകയും വേണം.

## മത്സ്യബന്ധനം

ഇതൊരു തീരദേശ പഞ്ചായത്തല്ലെങ്കിലും ശുദ്ധജല മത്സ്യകൃഷി ചിലിടങ്ങളിൽ എങ്കിലും നടത്തുന്നുണ്ട്. പഞ്ചായത്തിൽ 5ൽ കൂടുതൽ പൊതുകുളങ്ങളും, സ്വകാര്യകുളങ്ങളും ഉണ്ട്. ഇതിലൊന്നും മത്സ്യകൃഷി ആരും നടത്തുന്നില്ല. പഞ്ചായത്തിൻെറ തെക്കേ അതിർത്തിയിൽകൂടിയാണ് കടലുണ്ടിപ്പുഴ (മമ്പുറം) കടന്നുപോകുന്നത്. ധാരാളം ചെറുകുഴികളും മററ് കുളങ്ങളും ഉണ്ടെങ്കിലും ശാസ്ത്രീയമായ മത്സ്യം വളർത്തുന്നതിനുള്ള അറിവില്ലായ്മകൊണ്ടാണ് മത്സ്യകൃഷി ആരും തന്നെ നടത്താതിരിക്കുന്നത്. അമിതമായ കടൽ മത്സ്യത്തിൻെറ വില പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്. മത്സ്യകൃഷി പരിപോഷിപ്പിക്കുയാണെങ്കിൽ ഒരു പരിധിവരെ ഇതിനെ പിടിച്ചുനിർത്താൻ കഴിയും. സാങ്കേതിക പരിജ്ഞാനവും, ധനകാര്യസ്ഥാപനങ്ങൾ വായ്പകൾ നല്കുകയും ആണെങ്കിൽ ഇതിൽ ഏർപ്പെടുന്ന ധാരാളം പേരുണ്ട്. ഇതൊരു തൊഴിലോ ഉപതൊഴിലോ ആയി സ്വീകരിക്കാനും തയ്യാറുള്ളവരുണ്ട്.

ഇന്നു കാണുന്ന പ്രധാന ശുദ്ധജല മത്സ്യം, കടുക്, മുഴു, കാരി, വരാൽ ഈൽ(വലഞ്ഞിൽ) മുതലായവയാണ്.

മേൽത്തരം മത്സ്യക്കുഞ്ഞുങ്ങൾ സബ്സിഡിനിരക്കിൽ ലഭ്യമാക്കുകയും, തീററ സബസിഡി നിരക്കിൽ ലഭ്യമാക്കുകയും ചെയ്താൽ പലരും ഈ മേഖലയിൽ വന്നിട്ടുണ്ട്.

സംയോജിത കൃഷി (മത്സ്യത്തിൻെറ കൂടെ കോഴി വളർത്തൽ, താറാവ് വളർത്തൽ, പന്നിവളർത്തൽ) മുതലായവയും കൃഷി ചെയ്യാവുന്നതാണ്.

മത്സ്യബന്ധന വകുപ്പിന്റെ യാതൊരു പ്രവർത്തനവും ഈ പഞ്ചായത്തിൽ എത്തിയിട്ടില്ല. മത്സ്യബന്ധനവകുപ്പുമായി ബന്ധപ്പെടാൻ ജനങ്ങൾക്ക് കഴിയുന്നില്ല. അതുകൊണ്ട് മത്സ്യബന്ധന വകുപ്പിന്റെ ഒരു പ്രവർത്തനവും പഞ്ചായത്തിൽ എത്തിയിട്ടില്ല.

ശുദ്ധജല മത്സ്യത്തിന് ഉണ്ടായ രോഗവും, ജനങ്ങളിൽ ഭീതിപരത്തിയിട്ടുണ്ട്. സാങ്കേതിക പരിശീലനവും, വകുപ്പിന്റെ വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിവും, ഉപദേശവും കിട്ടുകയാണെങ്കിൽ ഇന്ന് പഞ്ചായത്തിൽ ഉപയോഗശൂന്യമായ കുളങ്ങളും തോടുകളും വെള്ളം കെട്ടിനില്ക്കുന്ന താഴ്ന്ന പ്രദേശവും ഇരുപ്പു നിലങ്ങളും ഉപയുക്തമാക്കി മത്സ്യകൃഷി നടത്താൻ കഴിയുന്നതാണ്.

## പ്രധാന പ്രശ്നങ്ങൾ

1. മത്സ്യകൃഷിയിലുള്ള അറിവില്ലായ്മയും സാങ്കേതിക പരിജ്ഞാനകുറവും
2. മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള സൗകര്യമില്ലായ്മ.
3. വകുപ്പിന്റെ പ്രവർത്തനം പഞ്ചായത്തിന് ലഭ്യമാകാതിരിക്കുന്നതുകൊണ്ട്

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. പലജനങ്ങൾക്കും, തൊഴിലായോ, ഉപതൊഴിലായോ മത്സ്യകൃഷിയിലേർപ്പെടാവുന്നതാണ്.
2. സഹകരണ മേഖലയിൽ പൊതുകുളങ്ങൾ മത്സ്യത്തിന് ഉപയുക്തമാക്കുക.-
3. സ്വകാര്യമേഖലയിലെ ചെറിയ കുളങ്ങളും, കുഴികളും തോടും, ഉപയുക്തമാക്കി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.
4. മത്സ്യകൃഷിക്കുള്ള മത്സ്യക്കുഞ്ഞുങ്ങളും തീറ്റയും, സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
5. മത്സ്യകൃഷിയിൽ ഏർപ്പെടുന്ന കർഷകർക്ക് വാർഡിൽ 10 പേർക്കെങ്കിലും വർഷത്തിലൊരിക്കൽ പരിശീലനം നൽകുക.
6. വകുപ്പിന്റെ പ്രവർത്തനം പഞ്ചായത്തിൽ കൊണ്ടുവരിക
7. മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക; രോഗങ്ങൾ ഇല്ലായ്മ ചെയ്യാൻ നടപടിയെടുക്കുക.
8. പഞ്ചായത്തടിസ്ഥാനത്തിൽ മത്സ്യമാർക്കററ് വൃത്തിയായും ശുചിത്വത്തോടുംകൂടി നിർമ്മിക്കുകയും എല്ലാ വാർഡിലും ഓരോന്ന് വീതം നിർമ്മിക്കുകയും വേണം.

# 10
# പാർപ്പിടം സാമൂഹ്യക്ഷേമം

## പാർപ്പിടം

മനുഷ്യൻെറ പ്രാഥമിക ആവശ്യങ്ങളിലൊന്നാണല്ലോ പാർപ്പിടം. താമസിയ്ക്കാൻ ഒരു വീട് എന്നത് ഏതൊരു വ്യക്തിയുടെയും ജീവിതാഭിലാഷമായിരിക്കും. സാമ്പത്തിക പരാധീനത കാരണം എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം നമുക്ക് ഇനിയും അപ്രാപ്യമായികിടക്കുകയാണ്. ദുർബല വിഭാഗക്കാരെ ഉദ്ദേശിച്ച് പ്രത്യേകിച്ചും പട്ടികജാതി പട്ടികവർഗ്ഗക്കാരെ ഉദ്ദേശിച്ച് വിവിധ ഭവന നിർമ്മാണ പദ്ധതികൾ സർക്കാർ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിയ്ക്കുന്നത് ഈ പ്രശ്നത്തിന് ചെറിയൊരാശ്വാസമായിട്ടുണ്ട്. എ. ആർ.നഗർ പഞ്ചായത്തിലെ ഗ്രാമസഭാ റിപ്പോർട്ടുകൾ തന്നെ ഭവന രാഹിത്യത്തിൻെറ രൂക്ഷത പ്രതിഫലിപ്പിക്കുന്നു.

ജനസംഖ്യയിൽ കൂടുതൽ പേരും കൂലിപണിയെ ആശ്രയിച്ചുകഴിയുന്ന ഈ പഞ്ചായത്തിൽ ഇപ്പോൾ 4655 വീടുകളാണുളളത്. ഇതിൽ ഗൾഫിൽ ജോലി ചെയ്യുന്നവരുടെ കോൺക്രീറ്റ് വീടുകൾ ഒഴിച്ചാൽ ബാക്കിയെല്ലാം ചെറിയ വീടുകളാണ്. ഉയർന്ന കൂലി ച്ചെലവും അസംസ്കൃത സാധനങ്ങളുടെ വില വർധനയും ചെറിയ വീടുകൾ നിർമ്മിക്കുന്നതിന് പോലും വെല്ലുവിളിയുയർത്തുന്നു. ആഡംബരപൂർണ്ണമായ കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കുകയെന്നത് അഭിമാനമായി കരുതുന്ന ഒരു പ്രവണത ഇവിടെ ഉയർന്നുവരുന്നുണ്ട്. ഇത് ഉൽപാദനപരമായ മേഖലകളിലേക്ക് തിരിച്ച് വിടേണ്ട പണം പ്രയോജനരഹിതമായ മേഖലകളിൽ മുടക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു.

എ. ആർ. നഗർ പഞ്ചായത്ത് ഒന്നാം വാർഡിൽ സർക്കാറിൻെറ പദ്ധതികളിലായി ഇതുവരെ 10 വീടുകൾ അനുവദിച്ചിട്ടുണ്ട്. 295 വീടുകൾ നിലവിലുളള ഈ വാർഡിലെ മൊത്തം കുടുംബങ്ങളിൽ 30% പേർക്ക് ഇനിയും വീടുകളും ആവശ്യമാണ്. ഇതിൽ 32 കുടുംബങ്ങൾ ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുളളവരാണ്. രണ്ടാം വാർഡിൽ സർക്കാർ പദ്ധതികളിലൂടെ ഇതുവരെ അനുവദിച്ചിട്ടുളളത് ഏഴ് വീടുകളാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുളള 24 കുടുംബങ്ങൾക്ക് ഇനിയും വീടുകൾ ആവശ്യമാണ്. 400 വീടുകൾ നിലവിലുളള മൂന്നാം വാർഡിൽ 7 വീടുകൾ സർക്കാർ പദ്ധതിയിലൂടെ അനുവദിച്ചിട്ടുണ്ട്. വീട് ഇല്ലാത്ത 41 കുടുംബങ്ങളുളള ഈ വാർഡിൽ നിലവിലുളള വീടുകളിൽ 15 എണ്ണം കുടിലുകളാണ്. മുപ്പതോളം ഓലമേഞ്ഞ കുടിലുകളുളള നാലാം വാർഡിൽ 12 വീടുകൾ ഇതുവരെ ദുർബല വിഭാഗക്കാർക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്. നിലവിൽ വീട് ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം ഈ വാർഡിൽ 23 ആണ്. 5ാം വാർഡിൽ 13 വീടുകൾ ഇതുവരെ സർക്കാർ അനുവദിച്ചി

ട്ടുണ്ട്. 33 കുടുംബങ്ങാം ഭവനരഹിതരായി ഇപ്പോഠം ഈ വാർഡിലുണ്ട്. രണ്ട് പട്ടികജാതി സങ്കേതങ്ങളുഠം പ്പെട്ട 6 ാം വാർഡിൽ 48 വീടുകാം വിവിധ പദ്ധതികളിലൂടെ അനുവദിച്ചിട്ടുണ്ട്. ഇവിടെ 12 കുടുംബങ്ങാം ഇപ്പോഠം വീട് ഇല്ലാത്തവരായിട്ടുണ്ട്. ഏഴാം വാർഡിൽ ആകെയുള്ള വീടുകളിൽ 30% ഓലമേഞ്ഞവയാണ്. 24 കുടുംബങ്ങാം ഭവനരഹിതരായിട്ടുള്ള ഈ വാർഡിൽ വിവിധ പദ്ധതികാം വഴി നിർമ്മിച്ച വീടുകളുടെ എണ്ണം 8 ആണ്. 33 വീടുകാം സർക്കാർ പദ്ധതികാം വഴി പണിതിട്ടുള്ള 8ാം വാർഡിൽ 24 കുടുംബങ്ങാം ഇനിയും ഭവനരഹിതരാണ് അററകുററപ്പണികാം ആവശ്യമായിട്ടുള്ള വീടുകളും ഈ വാർഡിലുണ്ട്. മണ്ണിൽതൊടി ലക്ഷം വീട് കോളനി ഈ വാർഡിലാണ്. പ്രസ്തുത കോളനിയിലെ മിക്ക വീടുകളുടെയും നില വളരെ ശോചനീയമാണ്. പൊരിയേങ്ങൽ ലക്ഷം വീട് കോളനി ഉാംപ്പെടുന്ന 9 ാം വാർഡിൽ 3 വീടുകാം സർക്കാർ പദ്ധതിവഴി നിർമ്മിച്ചിട്ടുണ്ട്ഈ കോളനിയിലേയും വീടുകളുടെ സ്ഥിതി പരിതാപകരമാണ്. 10ാം വാർഡിൽ 7 വീടുകാം സർക്കാർ പദ്ധതിവഴി നിർമ്മിച്ചിട്ടുണ്ട്. അററകുററപണികാം ആവശ്യമായിട്ടുള്ള ഒട്ടേറെ വീടുകളുള്ള ഈ വാർഡിൽ 17 കുടുംബങ്ങാംക്ക് വീടില്ല. 11 ാം വാർഡിൽ 4 വീടുകളാണ് സർക്കാർ പദ്ധതിവഴി നടപ്പാക്കിയിട്ടുള്ളത്. വളരെ ശോചനീയമായ നിലയിൽ ധാരാളം വീടുകളുള്ള 12 ാം വാർഡിൽ സർക്കാർ പദ്ധതിവഴി 6 വീടുകാം ലഭ്യമായിട്ടുണ്ട്. കുംഭാരവിഭാഗത്തിലുാംപ്പെട്ടവരടക്കം ഒട്ടേറെ കുടുംബങ്ങാംക്ക് ഇപ്പോഠം വീടുകളില്ല.

ഉയർന്ന കൂലിചെലവും അസംസ്കൃത വസ്തുക്കളുടെ വിലവർധനയും മൂലം സർക്കാർ ഏജൻസികാം ഭവനനിർമ്മാണത്തിന്ന് നൽകുന്ന തുക തീരെ അപര്യാപ്തമാണ്. ഭവന രഹിതരിൽ വളരെക്കുറച്ച് പേർക്ക് മാത്രമേ സർക്കാർ പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടുള്ളു. രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന്ന് പഞ്ചായത്ത് തലത്തിൽ താഴെ പറയുന്ന പരിപാടികാം നടപ്പാക്കാവുന്നതാണ്.

1. വീടും സ്ഥലവുമില്ലാത്ത കുടുംബങ്ങാംക്ക് മിച്ചഭൂമി പതിച്ചു നൽകാൻ ആവശ്യമായ നടപടികാം സ്വീകരിക്കുക.

2. നിലവിലുള്ള പദ്ധതികാം വഴി നൽകിവരുന്ന തുക വർദ്ധിപ്പിക്കുന്നതിന് വേണ്ടി സർക്കാരിനോട് ആവശ്യപ്പെടുക.

3. കൂടുതൽ പേർക്ക് ഭവനനിർമ്മാണത്തിനുള്ള സഹായം നൽകുക.

4. സഹകരണ ഭവന നിർമ്മാണ പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുക.

5. ചെലവുകുറഞ്ഞ വീടുകാം നിർമ്മിക്കുന്നതിനെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും അതിന്ന് വേണ്ടി നിർമ്മിതി കേന്ദ്രം പോലുള്ള സ്ഥാപനങ്ങളുടെ സഹകരണം തേടുകയും ചെയ്യുക.

6. വൻതോതിൽ മുതൽമുടക്ക് വരുന്ന വീടുകാം നിർമ്മിയ്ക്കുന്നതിൽ നിന്നും ജനങ്ങളെ നിരുത്സാഹപ്പെടുത്താൻ 3 ലക്ഷത്തിൽ കൂടുതൽ നിർമ്മാണ ചെലവ് വരുന്ന വീടുകാംക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുക

7. കുറഞ്ഞ പലിശനിരക്കിൽ ഭവന നിർമ്മാണത്തിനും അററകുററപ്പണികാം നടത്തുന്നതിനും വായ്പ ലഭ്യമാക്കാനുള്ള നടപടികാം സ്വീകരിക്കുക. പ്രസ്തുത വായ്പകളുടെ കാലാവധി നീട്ടുക.

8. പൂർത്തിയാക്കാൻ കഴിയാത്ത വീടുകാംക്ക് സാമ്പത്തിക സഹായം അനുവദിയ്ക്കുക.

9. പ്രകൃതിക്ഷോഭങ്ങളിൽ നാശം സംഭവിക്കുന്ന വീടുകാംക്ക് റിപ്പയറിനുള്ള തുക വർദ്ധിപ്പിക്കുകയും എളുപ്പം ലഭ്യമാക്കുകയും ചെയ്യുക.

10. ഓലമേഞ്ഞ വീടുകാം ഓട്മേയുന്നതിന് പഞ്ചായത്ത് സഹായം നൽകുക.

## സാമൂഹ്യക്ഷേമം

നമ്മുടെ രാജ്യത്തെ ജനതക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങാം ലഭിയ്ക്കുമാറ് ഒട്ടേറെ വികസന പദ്ധതികാം സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. ഈ സേവനങ്ങാം ഉയർന്ന തോതിൽ പൗരന്മാർക്ക് ലഭ്യമാക്കിക്കൊടുക്കുകയെന്നത് പ്രാദേശി

കഭരണകൂടങ്ങളുടെ ചുമതലയാണ്. അരക്ഷിതബോധം ജനങ്ങളിൽ നിന്നും മാററിയെടുക്കുകയെന്നതാണ് എല്ലാ ക്ഷേമപദ്ധതികളുടെയും ലക്ഷ്യം. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെയും സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്നവരുംപ്പെടെയുള്ള ദുർബല വിഭാഗക്കാരെയും സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികളെയും ലക്ഷ്യമാക്കിയുള്ള പരിപാടികളാണ് ഇപ്പോഠ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി ചില പ്രത്യേക പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. ഗ്രാമവികസനം, സാമൂഹ്യ ക്ഷേമം എന്നീ വകുപ്പുകളാണ് മിക്ക ക്ഷേമപദ്ധതികളും ഇപ്പോഠ നടപ്പാക്കുന്നത്.

## ഐ. ആർ. ഡി. പി

കേന്ദ്ര സംസ്ഥാന സർക്കാരുകളും ധനകാര്യ സ്ഥാപനങ്ങളും സഹകരിച്ച് നടപ്പാക്കുന്ന ദാരിദ്ര്യനിർമമാർജ്ജന പരിപാടിയാണ് സംയോജിത ഗ്രാമവികസന പരിപാടി. പ്രതിവർഷം 11000 രൂപയിൽ താഴെവരുമാനമുള്ള കുടുംബങ്ങളാണ് ഈ പദ്ധതിക്ക് കീഴിൽ വരുന്നത്. 1980-81 മുതൽ, വേങ്ങരവികസന ബ്ലോക്കിന് കീഴിൽ പ്രവർത്തിക്കുന്ന രണ്ട് വി. ഇ. ഒ ഓഫീസുകഠ വഴി ഈ പരിപാടി എ. ആർ. നഗർ പഞ്ചായത്തിൽ നടപ്പാക്കുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങഠക്ക് വരുമാന വർധനവിനുള്ള പദ്ധതികഠക്ക് വായ്പയും ധനസഹായവും നൽകി അവരെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയ്ക്കുകയും അതുവഴി അവരുടെ പൊതുജീവിത നിലവാരം മെച്ചപ്പെടുത്തുകയുമാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

എ. ആർ. നഗർ വി. ഇ. ഒ സർക്കിഠ വഴി 408 കുടുംബങ്ങഠക്ക് ഇതുവരെ സഹായം ലഭ്യമാവുകയുണ്ടായി. 697 കുടുംബങ്ങളാണ് ഈ സർക്കിളിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളത്. ഇതിൽ 60 കുടുംബങ്ങഠ പട്ടികജാതിയിൽപ്പെട്ടവരാണ്. 1980-81 മുതൽ 1995-96വരെ സഹായം ലഭിച്ചവരിൽ 106 കുടുംബങ്ങഠ പട്ടിക ജാതിയിൽപ്പെട്ടവരാണ്. കുന്നുംപുറം വി. ഇ. ഒ സർക്കിളിന് കീഴിൽ 1116 കുടുംബങ്ങളാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെയുണ്ടായിരുന്നത്. ഇതിൽ 237 കുടുംബങ്ങഠ പട്ടികജാതിയിൽപ്പെട്ടവരാണ്. ഇവിടെ സഹായം അനുവദിയ്ക്കപ്പെട്ട 587 കുടുംബങ്ങളിൽ 214 കുടുംബങ്ങഠ പട്ടികജാതിയിൽപ്പെടുന്നു. ഇതുവരെ സഹായം ലഭിച്ചവരിൽ 40%പേർ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തുകയും ബാക്കിയുള്ളവർക്ക് അവരുടെ നിലവിലുള്ള വരുമാനം വർധിപ്പിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കഠക്ക് പദ്ധതി നടത്തുന്നതിലുള്ള അറിവില്ലായ്മയും ആസ്തികളുടെ ദുരുപയോഗവും അപര്യാപ്തമായ മൂലധനവും പദ്ധതി പൂർണ്ണ ലക്ഷ്യം കൈവരിയ്ക്കുന്നതിന് തടസ്സമായിട്ടുണ്ട്.

**ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം**

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങഠ | ഇതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയവരുടെ എണ്ണം | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ ആകെ |
|---|---|---|---|---|---|---|
| 1. | 147 | 11 | 65 | 18 | 35 | 112 |
| 2. | 132 | 8 | 71 | 9 | 39 | 93 |
| 3. | 110 | 1 | 82 | 6 | 50 | 60 |

| | | | | | | |
|---|---|---|---|---|---|---|
| 4. | 144 | 10 | 71 | 19 | 30 | 114 |
| 5. | 164 | 30 | 119 | 50 | 55 | 109 |
| 6. | 229 | 93 | 116 | 88 | 80 | 149 |
| 7. | 227 | 54 | 157 | 44 | 71 | 206 |
| 8. | 259 | 48 | 127 | 45 | 68 | 191 |
| 9. | 191 | 29 | 105 | 24 | 60 | 131 |
| 10. | 160 | 13 | 82 | 13 | 35 | 125 |

*1995-96 സാമ്പത്തികവർഷം വരെ നടപ്പാക്കിയത്*

## DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങൾ

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങൾ | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| II | പലഹാര നിർമ്മാണം, ആടു വളർത്തൽ | 1989-90 | 13 | പ്രവർത്തനക്ഷമമാണ് |
| IV | ആട് വളർത്തൽ | 1995-96 | 7 | പ്രവർത്തനക്ഷമമാണ് |
| VII. | റെഡിമെയ്ഡ്വസ്ത്ര നിർമ്മാണം | 1990-91 | 10 | പ്രവർത്തനക്ഷമമാണ് |
| VIII | ആട് വളർത്തൽ | 1989-90 | 13 | പ്രവർത്തനക്ഷമമാണ് |
| X | ആട് വളർത്തൽ | 1991-92 | 10 | പ്രവർത്തിക്കുന്നുണ്ട് |
| IX. | ആട് വളർത്തൽ | 1995-96 | 8 | പ്രവർത്തിക്കുന്നുണ്ട് |

### ഡി. ഡബ്ല്യു. സി. ആർ. എ

ഈ പരിപാടിപ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻ നിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിയ്ക്കുന്നതിന്നാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും ധനസഹായവും നൽകുന്നു. ഐ. ആർ. ഡി. പിയുടെ അനുബന്ധപരിപാടിയായ ഇതിൻെറ പ്രയോജനം 10 മുതൽ 15വരെയുള്ള വനിതകളുടെ ഗ്രൂപ്പുകൾക്കാണ് ലഭിക്കുന്നത്

എ. ആർ. നഗർ പഞ്ചായത്തിൽ ഇപ്പോൾ 6 ഡി. ഡബ്ല്യു. സി. ആർ. എ യൂണിററുകളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആറ് യൂണിററുകളിലായി 61 അംഗങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ 54 പേർ മാത്രമേ ഉള്ളു. എ. ആർ. നഗർ സർക്കിളിനു കീഴിലുള്ള രണ്ട് ആട് വളർത്തൽ യൂണിററുകളും കുന്നുംപുറം സർക്കിളിന്നു കീഴിൽ മുന്ന് ആട് വളർത്തൽ യൂണിററുകളും ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിററുമാണിവ. വിപണന സംവിധാനത്തിലെ പിന്നോക്കാവസ്ഥ റെഡി

മെയ്ഡ് നിർമ്മാണ യൂണിറ്റ് നേരിടുന്ന മുഖ്യപ്രശ്നങ്ങളി ലൊന്നാണ്. വനിതകൾക്ക് ഏറ്റെടുക്കാൻ പറ്റുന്ന തൊഴിൽ പദ്ധതികൾ നടപ്പാക്കുകയും ഉല്പാദിപ്പി ക്കുന്ന ഉല്പ്പന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തു കയും വിപണനത്തിന് പഞ്ചായത്ത് തലത്തിൽ സൗകര്യ മുണ്ടാക്കുകയും ചെയ്താൽ വനിതാ തൊഴിൽ മേഖലകളിൽ വൻ സാധ്യത സൃഷ്ടിക്കാവുന്നതാണ്.

## ട്രൈസം

ഗ്രാമീണ യുവജനങ്ങൾക്ക് സ്വയം തൊഴിൽ സംരം ഭങ്ങൾ തുടങ്ങുന്നതിന് സഹായകരമായി തൊഴിൽ പരി ശീലനം നൽകുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച ഈ പരിപാടിയിൽ ടൈലറിംഗ്, ഇലക്ട്രോണിക്സ് പ്ലാ സ്റ്റിക് വർക്സ്, പ്രിൻറിംഗ്, വെൽഡിംഗ്, എംബ്രോ യ്ഡറി, മോട്ടോർ വൈൻഡിംഗ് എന്നീ ട്രേഡുകളിൽ എ. ആർ. നഗർ സർക്കിൾ മുഖേന 35 പേർക്കും കുന്നു പുറം സർക്കിൾ മുഖേന 48 പേർക്കും ഇതുവരെ പരിശീ ലനം നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ ഈ പരിശീലനം ലഭിച്ചവരിൽ മൊത്തം 38 പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. പരിശീലന കാലത്ത് സ്റ്റൈപ്പൻറ് നൽകുന്നുണ്ടെങ്കിലും ഈ പദ്ധതിക്ക് അപേക്ഷകരെ വേണ്ടത്ര ലഭിയ്ക്കാറില്ല. ഇതിനായി പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

## ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് തൊഴിലു പകരണങ്ങൾ നൽകുന്ന പദ്ധതിയാണ് റൂറൽ ആർട്ടി സാൻ പ്രോഗ്രാം (. ആർ.എ. പി) രണ്ട് വി. ഇ. ഒ സർക്കി ളുകൾ വഴി 76 പേർക്ക് ഇതുവരെ തൊഴിലു പകരണങ്ങൾ ലഭിച്ചിട്ടുണ്ട്. ഗുണഭോക്താവിൻെറ വിഹിതമായ 200 രൂപയുൾപ്പെടെ 2000 രൂപയുടെ ഉപകരണങ്ങളാണ് നല്കിവരുന്നത്. 1992 ലെ ഐ. ആർ. ഡി. പി സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 25 കുടുംബങ്ങൾക്ക് ഇനിയും ഈ പദ്ധതി വഴി ആനു കൂല്യം ലഭിക്കേണ്ടതുണ്ട്.

## സി. ആർ. എസ്. പി.

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ സഹായം നൽകുന്ന പദ്ധതി യാണ് സി. ആർ. എസ്. പി (കേന്ദ്ര ഗ്രാമ ശുചിത്വ പരി പാടി) ഒരു കക്കൂസിന് 2500 രൂപ നിർമമാണ ചിലവു കണക്കാക്കി അതിൻെറ 80% ആയ 2000 രൂപയാണ് ഇതുവഴി ഗുണഭോക്താവിന് ലഭിക്കുന്നത്. ഇപ്പോ ഴത്തെ കണക്കനുസരിച്ച് 968 കുടുംബങ്ങൾ കക്കൂസി ല്ലാത്തവരായി ഈ പഞ്ചായത്തിലുണ്ട്. സി. ആർ. എസ്. പി പദ്ധതിയിൽ ഇതുവരെ 48 കക്കൂസുകൾ അനുവദി ച്ചിട്ടുണ്ട്.

## ജവഹർ റോസ്ഗാർ യോജന

1989ൽ നിലവിൽ വന്ന ഈ പദ്ധതിയിൽ അതുവരെ നിലവിലുണ്ടായിരുന്ന എൻ. ആർ. ഇ. പി, ആർ. എൽ. ഇ.ജി. പി എന്നീ പദ്ധതികൾ ലയിപ്പിച്ചു. ഗ്രാമങ്ങളിൽ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുകയും ഗ്രാമീ ണതൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്യുകയാണീ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ചെലവു കേന്ദ്ര സംസ്ഥാന സർക്കാരുകൾ 80:20 അനുപാതത്തിൽ വഹിക്കുന്നു. 8ാം പദ്ധതിക്കാ ലത്ത് 22 പ്രവൃത്തികൾ എ. ആർ നഗർ ഗ്രാമ പഞ്ചാ യത്തിൽ ഈ പദ്ധതിയിൽ ഏറ്റെടുത്ത് നടത്തിയിട്ടു ണ്ട്.

വികസന ബ്ലോക്ക് വഴി യുവജനക്ഷേമ വകുപ്പ് നടപ്പാ ക്കുന്ന സ്പോർട്സ് കിറ്റ്, മഹിളകളിൽ സമ്പാദ്യം വളർത്തുന്ന മഹിളാസമൃദ്ധിയോജന, മഹിളാസമാ ജങ്ങൾ, ഡി. ഡബ്ല്യു. സി. ആർ. എ യൂണിററുകൾ എന്നിവ വഴി നടത്തുന്ന വനിതാബോധവൽക്കരണ ക്യാമ്പുകൾ തുടങ്ങിയ ക്ഷേമപരിപാടികളും എ. ആർ. നഗർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിവരുന്നു.

### ജവഹർ തൊഴിൽദാന പദ്ധതിയിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ

വി. കെ. പടി കുട്ടശ്ശേരിചെനറോഡ് (ടാറിങ്ങ്)

തലാപ്പിൽകുളം

ചെറുത്ത്-അരുതോട് സൈഡ്പ്രൊട്ടക്ഷൻ

മമ്പുറം തടത്തിൽ കോളനി കിണർ നിർമ്മാണം

അരീതല കാവുങ്ങൽ പാറ റോഡ്

തലാനിപാടം മുതൽ അക്കരകോതേരിവരെ തോട് സൈഡ് പ്രൊട്ടക്ഷൻ

കൊളപ്പുറം സൗത്ത് എരഞ്ഞിപ്പുലാക്കൽ റോഡ് കാംവർട്ട് നിർമ്മാണം

ഊക്കത്ത് പള്ളിമുതൽ പള്ളിയാളി അരുവരെ സൈഡ്പ്രൊട്ടക്ഷൻ

കാരച്ചെനത്തുമ്പുങ്ങൽ റോഡ് മെറ്റൽ ചെയ്ത് ടാറിടൽ

കൊളപ്പുറം സൗത്ത് എരഞ്ഞിപ്പുലാക്കൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ

മൂലത്തോടിൽ പടുകുളത്തുതാഴം മുതൽ പാറമ്മൽവരെ സൈഡ് പ്രൊട്ടക്ഷൻ

ഉള്ളാട്ടുപറമ്പ് ഹരിജൻ കോളനിയിൽ കിണർ നിർമ്മാണം.

മണ്ണിൽതൊടി ഹരിജൻ കോളനിയിൽ കിണർ നിർമ്മാണം

വരപ്പിനങ്ങൽ ഫുട്പാത്തുമുതൽ മുക്കമ്മൽവരെ തോടിനു സൈഡ് പ്രൊട്ടക്ഷൻ

അരീതല ഓവുങ്ങൽമാട്റോഡ് മെറ്റലിംഗ് ആൻറ് ടാറിംഗ്

എരഞ്ഞിപ്പുലാക്കൽ റോഡിൽ കാംവർട്ടു നിർമ്മാണവും സൈഡ് പ്രൊട്ടക്ഷനും

ആണിതോടിനു പൂക്കൊളം മുതൽ കള്ളിശ്ശേരികാവുവരെ സൈഡ് പ്രൊട്ടക്ഷൻ

കാവുങ്ങൽ പാറമുതൽ പരപ്പിൽറോഡ്വരെ ഫുട്പാത്തു നിർമ്മിക്കൽ

ചെപ്പിയാലത്തുപള്ളി-പൊരിയേങ്ങൽ റോഡു ഫുട്പാത്തു നിർമ്മാണം.

ചേമ്പട്ടിചോല മുതൽ പാപ്പാട്ട് അരുവരെ തോടിനു സൈഡ് പ്രൊട്ടക്ഷൻ

വലിയപറമ്പ് ഹരിജൻ ശ്മശാനത്തിന് ചുററുമതിൽ കെട്ടൽ

ആലഞ്ചീരി താഴത്ത് തോടിൻെറ സൈഡ്കെട്ടി സംരക്ഷിക്കൽ

പുകയൂർ പൊററാണിപള്ളി-ചാണകത്തി ഫുട്പാത്തു നിർമ്മാണം

ചെറൂത്ത്അരു -പാപ്പാട്ട്അരു തോടിൻെറ സൈഡ് കെട്ടി സംരക്ഷിക്കൽ

കൊളപ്പുറം സൗത്ത്- എരഞ്ഞിപ്പുലാക്കൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ ഐെറ്റിയേക്കേൽ പറമ്പ് മുതൽ പുഴവരെ

തെക്കെ പറമ്പിൽ കിണർ നിർമാണം

വീടുകാം : 29

കക്കൂസുകാം : 14

## സംയോജിത ശിശുവികസന പദ്ധതി

ശിശുവികസനത്തിന്നും പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്നും മുന്തിയ പരിഗണനന നൽകുന്ന ഈ പദ്ധതി കേരളത്തിൽ ആദ്യമായി നടപ്പാക്കിയത്. എ. ആർ. നഗർ ഗ്രാമപഞ്ചായത്ത് ഉാംപ്പെടുന്ന വേങ്ങര ബ്ലോക്കിലാണ്.

എ. ആർ. നഗർ ഗ്രാമപഞ്ചായത്തിൽ ഇപ്പോാം 6 വയസ്സിന്ന് താഴെ 3702 കുട്ടികളുണ്ട്. ഇതിൽ 6 കുട്ടികാം ഗുരുതരമായ പോഷകകുറവുള്ളവരാണ്. 20 അംഗൻവാടികളാണ് ഇപ്പോാം പ്രവർത്തിച്ചുവരുന്നത്. 1000 ജനങ്ങാംക്ക് ഒരു അംഗൻവാടി എന്ന അനുപാതത്തിലെത്തണമെങ്കിൽ ഇനിയും 16 അംഗൻവാടികാം വേണം. നിലവിലുള്ള 10 അംഗൻവാടിയ്ക്ക് പുതിയ കെട്ടിടം ഉണ്ടാകേണ്ടതുണ്ട്. നിലവിലുള്ള കെട്ടിടങ്ങാംക്ക് അററകുററപ്പണികാം ആവശ്യമാണ്. കൂടാതെ ആവശ്യമായ ഫർണിച്ചർ, ഭക്ഷണം പാകം ചെയ്യാനുള്ള പാത്രങ്ങാം ഭക്ഷണം കഴിക്കുന്നതിനുള്ള പാത്രങ്ങാം, കുട്ടികാംക്ക് കിടന്നുറങ്ങുന്നതിനുള്ള ഷീററുകാം, കളിക്കോപ്പുകാം റജിസ്ററുകാം എന്നിവയും ഉടനെ വേണ്ടതായിട്ടുണ്ട്.

ഒന്നാം വാർഡിൽ മമ്പുറം മുക്കമ്മൽ കോളനി 7ാം വാർഡിൽ കരിപ്പായിമാട് 8ാം വാർഡിൽ മണ്ണിൽ തൊടി ലക്ഷം വീട് കോളനി, ആലുങ്ങാപറമ്പ്, 10ാം വാർഡിൽ ചെറൂത്തുപാറ, 12 ാം വാർഡ് തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ ഉടൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. 2 ാം വാർഡിലെ കണ്ടംമാട് കോളനിയിൽ നിലവിലുളള അംഗൻവാടിക്ക് നീക്കിവെച്ച സ്ഥലത്ത് കെട്ടിടം പണിയേണ്ടതാണ്.

അംഗൻവാടിയിൽ വരുന്ന നിർധനരായ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകുക, അമ്മമാരെ സംഘടിപ്പിച്ച് അവർക്ക് വേണ്ടി ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക എന്നീ പരിപാടികളും പഞ്ചായത്ത്തലത്തിൽ നടപ്പാക്കാവുന്നതാണ്.

അംഗൻവാടി ജീവനക്കാരുടെ നിലവിലുളള വേതനം വർദ്ധിപ്പിക്കേണ്ടതാണ്.

## വികലാംഗക്ഷേമപ്രവർത്തനങ്ങൾ

എ. ആർ. നഗർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 340 വികാലംഗരാണുളളത്. ഇതിൽ 26 പേർ 5 വയസ്സിന് താഴെയുളളവരാണ്. 1990-95 കാലഘട്ടത്തിൽ 20 പേർക്ക് വികലാംഗപെൻഷൻ കിട്ടിയിട്ടുണ്ട്. ബാക്കിയുളളവർക്ക് പെൻഷൻ ലഭ്യമാക്കേണ്ടതാണ്.

## കർഷകത്തൊഴിലാളി പെൻഷൻ

കാർഷികമേഖലയിലെ രൂക്ഷമായ തൊഴിലില്ലായ്മ നിമിത്തം തൊഴിലാളികൾ ഇന്ന് മററു മേഖലകളിലേക്ക് ചേക്കേറുകയാണ്. എങ്കിലും എ. ആർ. നഗർ ഗ്രാമപഞ്ചായത്തിൽ മൊത്തം തൊഴിലാളികളിൽ പകുതിയോളം പേരും കാർഷിക മേഖലയുമായി ബന്ധമുളളവരാണ് 1991-92 മുതൽ കർഷകത്തൊഴിലാളി പെൻഷൻ എ.ആർ. ഗ്രാമനഗർ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്.

| വർഷം | പെൻഷൻ കൈപ്പററിയവർ |
|---|---|
| 1991-92 | 198 |
| 1992-93 | 198 |
| 1993-94 | 198 |
| 1994-95 | 194 |
| 1995-96 | 183 |

## വിധവപെൻഷൻ

നിലവിൽ 55 പേർക്ക് എ. ആർ. നഗർ ഗ്രാമപഞ്ചായത്തിൽ വിധവാപെൻഷൻ ലഭിക്കുന്നുണ്ട്.

## രോഗികൾക്കുളള പെൻഷൻ

ക്ഷയം, കുഷ്ഠം, കാൻസർ എന്നീ രോഗങ്ങൾ ബാധിച്ചവർക്ക് സർക്കാർ നല്കിവരുന്ന പെൻഷൻ എ. ആർ. നഗർ ഗ്രാമപഞ്ചായത്തിൽ 24 പേർക്ക് ലഭിക്കുന്നുണ്ട്.

## തൊഴിലില്ലായ്മ വേതനം

പ്രത്യക്ഷമായി തന്നെ തൊഴിലില്ലാത്തവരായി ധാരാളം പേർ ഈ പഞ്ചായത്തിലുണ്ടെങ്കിലും 24 പേർക്ക് മാത്രമേ തൊഴില്ലിലായ്മാവേതനം ലഭിക്കുന്നുളളു.

കഴിഞ്ഞവർഷം മുതൽ നടപ്പാക്കി തുടങ്ങിയ വാർധക്യകാല പെൻഷൻ, പ്രസവകാല ആനുകൂല്യം എന്നീ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം ആവശ്യമാണ്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാത്തതുകൊണ്ട് തൊഴിലാളി-തൊഴിലുടമസഹകരണത്തോടെ നടപ്പാക്കുന്ന ക്ഷേമപരിപാടിയുടെ ആനുകൂല്യം ഇവിടെ ആർക്കും ലഭിക്കുന്നില്ല. കെട്ടിടനിർമ്മാണം, മൺപാത്രം, കൃഷി എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ ധാരാളം പേർ ഇനിയും ബന്ധപ്പെട്ട ക്ഷേമ പദ്ധതികളിൽ അംഗങ്ങളായിട്ടില്ല.

## സി. ബി. എൻ. പി ആൻറ് പി. എ. പി

ഒന്നും രണ്ടും ഘട്ട സാക്ഷരതാ പ്രവർത്തന

ഫലമായി മലപ്പുറം ജില്ലയിൽ യൂണിസെഫിൻെറ സഹായത്തോടെ പ്രവർത്തനം ആരംഭിച്ച സാമൂഹ്യാധിഷ്ഠിത പോഷകാഹാരപരിപാടിയും ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിയും, എ. ആർ. നഗർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. വനിതകാംക്ക് വേണ്ടിയുള്ള ഈ പരിപാടി സന്നദ്ധസേവകരുടെ സഹായത്താൽ വനിതാസാക്ഷരതാപ്രവർത്തകരാണ് നടത്തുന്നത്. സർവ്വേയിലൂടെ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തി അയൽകൂട്ടങ്ങളാക്കി മിതവ്യയം, ലഘുസമ്പാദ്യം എന്നീ സ്വഭാവങ്ങാം പരിചയിപ്പിക്കുകയും ഇങ്ങനെ സമ്പാദിക്കുന്ന തുക ശേഖരിച്ച് സ്വയം സഹായ ഗ്രൂപ്പുകളാക്കുകയാണ് ഈ പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്. സമ്പാദ്യനിധി അംഗങ്ങളുടെ അത്യാവശ്യകാര്യങ്ങാംക്കും സ്വയം തൊഴിൽ സംരംഭങ്ങാംക്കും ഉപയോഗിക്കാം. എ. ആർ. നഗർ ഗ്രാമപഞ്ചായത്തിലെ സി. ഡി. എസിന് കീഴിൽ 5 പ്രാദേശിക വികസന സമിതികളും 18 അയൽ കൂട്ടങ്ങളും നിലവിലുണ്ട്.

ഗ്രാമീണ സ്ത്രീകളിൽ സ്വാശ്രയശീലവും, സാമൂഹ്യബോധവും വളർത്താനുതകുന്ന ഈ പരിപാടി പലതരം വെല്ലുവിളികളെ നേരിടുന്നുണ്ട്. പ്രാദേശിക സമിതികാംക്ക് പ്രവർത്തിക്കുവാൻ സൗകര്യപ്രദമായ സ്ഥലമില്ലാത്തതും എ. പി. ഒ, സി. ഒ മാർക്ക് നൽകിയിരുന്ന നാമമാത്രമായ അലവൻസ് നിർത്തലാക്കിയതും നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

# 11

# സഹകരണം

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് തന്നെ ഈ പഞ്ചായത്തിൽ സഹകരണ രംഗത്ത് പ്രവർത്തനം തുടങ്ങിയിരുന്നു. 1922ൽ അന്നത്തെ ഏറനാട് താലൂക്കിൽപ്പെട്ട കൊടുവായൂർ വില്ലേജിൽ കാരശ്ശേരി ഇല്ലത്തെ നാരായണൻ മൂസ്സതിന്റെ അദ്ധ്യക്ഷതയിൽ രൂപീകൃതമായ "ഏറനാട്-കൊടുവായൂർ വിവിധോദ്ദേശ ഐക്യനാണയ സഹകരണ സംഘം" ആണ് ഇന്നത്തെ അബദുറഹിമാൻ നഗർ സർവ്വീസ് സഹകരണ ബാങ്ക്. ഈ സ്ഥാപനമൊഴികെ സഹകരണ രംഗത്ത് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്ന മററ് സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

അബ്ദുറഹിമാൻ നഗർ ഹരിജൻ സഹകരണസംഘം എന്ന പേരിൽ ഒരു ഹരിജൻ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. കൂടാതെ "എ. ആർ. നഗർ ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി" എ. ആർ. നഗർ എഡ്യുക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ രണ്ട് വിദ്യാലയ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. വിദ്യാരംഭവർഷത്തിൽ ടെക്സ്റ്റ് ബുക്കുകൾ, നോട്ടുബുക്കുകൾ എന്നിവയുടെ വിതരണത്തിൽ മാത്രം ഇവയുടെ പ്രവർത്തനം ഒതുങ്ങുന്നു.

**അബദുറഹിമാൻനഗർ സർവീസ് സഹകരണ ബാങ്ക്**

ഈ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രം അബ്ദുറഹിമാൻ നഗർ സർവീസ് സഹകരണ ബാങ്കിന്റെ ചരിത്രമാണെന്നു പറയാം. 1922ൽ ഐക്യനാണയ സംഘമായി പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനം 1978വരെ ലാഭകരമായി നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ 1979ൽ നടന്ന ചില ക്രമക്കേടുകളെത്തുടർന്ന് 1980വരെ ബാങ്കിന്റെ പ്രവർത്തനത്തിൽ നിശ്ചലാവസ്ഥയുണ്ടായി. എങ്കിലും 1981 മുതൽ ബാങ്കിന്റെ പ്രവർത്തനത്തിൽ വീണ്ടും പുരോഗതി ദൃശ്യമായി. 1994ആയപ്പോഴേക്കും മലപ്പുറം ജില്ലയിലെ പ്രധാന സഹകരണ സ്ഥാപനങ്ങളിലൊന്നായി ഉയർന്നു. 1994 മുതൽ കഴിഞ്ഞ രണ്ട് വർഷക്കാലം 100% അധികം പ്രവർത്തന പുരോഗതി കൈവരിച്ചു. ഇന്ന് മലപ്പുറം ജില്ലയിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന ചുരുങ്ങിയ ചില സഹകരണ സ്ഥാപനങ്ങളിൽ ഒന്നാണിത്. മററ് വായ്പാസ്ഥാപനങ്ങൾ ഈ പഞ്ചായത്തിനെ ഒരു വിഭവസമാഹരണ മേഖലയായി കാണുമ്പോൾ അയൽ പഞ്ചായത്തുകളിൽ നിന്നുകൂടി നിക്ഷേപം സമാഹരിച്ച് ഈ പഞ്ചായത്തിൽ മാത്രം വിതരണം നടത്തുന്ന ഈ സ്ഥാപനം നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക ഘടനയിൽ നിർണായക സ്വാധീനം ചെലുത്തുന്നു. കുന്നുംപുറത്ത് ഇതിന്റെ ഒരു ശാഖ പ്രവർത്തിക്കുന്നു.

1995-96 പ്രവർത്തന വർഷത്തിലെ ഓഡിറ്റ് പ്രകാ

രമുളള പ്രധാനമായ വിവരങ്ങാം താഴെ കൊടുക്കുന്നു.

## I പ്രാഥമിക വിവരങ്ങാം

| | | |
|---|---|---|
| 1. | സ്ഥാപനത്തിൻെറ പേര്: | അബ്ദുറഹിമാൻ നഗർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പ്ര് എഫ് 583 |
| 2. | പ്രവർത്തന പരിധി: | എ ആർ നഗർ വില്ലേജ് |
| 3. | ക്രെഡിറ്റ്/നോൺക്രെഡിറ്റ്: | ക്രെഡിറ്റ് |
| 4. | പ്രവർത്തനം ആരംഭിച്ച വർഷം | 1922 |
| 5. | ആകെ അംഗങ്ങാം | 4492(95-96) |
| 5. | ഓഹരിയുടെ വില | പത്ത്രൂപ |
| 7. | അംഗീകൃത മൂലധനം | 25 ലക്ഷം രൂപ |
| 8. | പിരിഞ്ഞുകിട്ടിയ മൂലധനം | 19,92,653/- (30-6-95) |
| 9. | സർക്കാർ ഒഹരിയുണ്ടോ | ഉണ്ട് |
| 10. | ഉണ്ടെങ്കിൽ ലഭിച്ചതുക | 99550/- |
| 11. | പരമാവധി കടം എടുക്കാവുന്ന തുക | 6 കോടി രൂപ |

## II പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച നിക്ഷേപങ്ങാം

| | | |
|---|---|---|
| a | സ്ഥിരം (Fixed) | 170,93840/- |
| b | ഹ്രസ്വകാലം | 130,59311/- |
| c | ആകെ | 301,53151/- |

*(30-6-96ലെ ഓഡിറ്റ് ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ്)*

**95-96 വർഷത്തിൽ നൽകിയ വായ്പകാം**

| | വായ്പയുടെ പേര് | തുക | ശതമാനം |
|---|---|---|---|
| a കാർഷിക വായ്പകാം:- | | | |
| 1 | ഹ്രസ്വകാലം | 10,83490 | 2.72 |
| 2. | മധ്യകാലം | 54700 | 0.13 |
| 3. | ദീർഘകാലം | 31000 | 0.07 |
| | ആകെ | 11,79190 | 2.96 |

b കാർഷികേതരവായ്പകൾ

| | | | |
|---|---|---|---|
| 1. | ഹ്രസ്വകാലം | 34,22347 | 8.59 |
| 2. | മധ്യകാലം | 81.10000 | 20.37 |
| 3. | ദീർഘകാലം | Nil | |
| | ആകെ | 115,32347 | 28.96 |

c മററുവായ്പകൾ

| | | | |
|---|---|---|---|
| 1 | ഉപഭോക്തൃവായ്പകൾ | 1,70950 | .42 |
| 2. | നിക്ഷേപ വായ്പകൾ | 32,81900 | 8.24 |
| | ആകെ | 34,52850 | 8.67 |

| | | |
|---|---|---|
| d സ്വർണ്ണ പണയ വായ്പകൾ | 236,49025 | 59.40 |
| ആകെ | 398,13412 | 100% |

IV 30-6-96ലെ ബാക്കിപത്രപ്രകാരം വായ്പ നീക്കിയിരുപ്പ്

| | വായ്പയുടെ തരം | സംഖ്യ | % |
|---|---|---|---|
| A കാർഷികവായ്പ | | | |
| 1. | ഹ്രസ്വകാലം | 10,28425 | 3.08 |
| 2. | മധ്യകാലം | 2,33031 | 0.68 |
| 3. | ദീർഘകാലം | 1,66600 | 0.48 |
| | ആകെ | 14,28056 | 4.20 |

**B കാർഷികേതരവായ്പ**

| | | | |
|---|---|---|---|
| 1. | ഹ്രസ്വകാലം | 54,17075 | 15.95 |
| 2. | മധ്യകാലം | 125,08261 | 36.83 |
| | ആകെ | 179,25236 | 52.79 |

**C മററുവായ്പകാം**

| | | | |
|---|---|---|---|
| 1. | ഉപഭോക്തൃവായ്പകാം | 5,56263 | 1.63 |
| 2. | നിക്ഷേപവായ്പകാം | 13,33125 | 3.92 |
| 3. | ഭവന നിർമ്മാണം | 29,816 | 0.08 |
| | ആകെ | 1919204 | 5.65 |

| | | |
|---|---|---|
| **D സ്വർണ വായ്പകാം** | 126,82503 | 37.34 |
| ആകെ വായ്പതുക | 339,55099 | 100 |

**V മലപ്പുറം ജില്ലാ ബാങ്കിൽ നിന്നും 1995-96 വർഷത്തിൽ ബാങ്കിന് ലഭിച്ച വായ്പകാം**

| | | |
|---|---|---|
| 1. | ഹ്രസ്വകാല കാർഷിക വായ്പ | 10,28485 |
| 2. | സ്വർണപണയ വായ്പ | 55,00,000 |
| | | 65,28,485 |

**D അവധിബാക്കി** (Overdue as on 30-6-96)

| | വായ്പാതരം | സംഖ്യ | % |
|---|---|---|---|
| **a കാർഷിക വായ്പ** | | | |
| 1. | ഹ്രസ്വകാലം | 2,34936 | 22.25 |
| 2. | മധ്യകാലം | 31124 | 13.35 |

| | | | |
|---|---|---|---|
| **3 കാർഷികേതരവായ്പ** | | | |
| 1. | ഹ്രസ്വകാലം | 14,48060 | 26.70 |
| 2. | മധ്യകാലം | 14,81664 | 8.44 |
| **c മറ്റ്വായ്പകൾ** | | | |
| 1. | ഉപഭോക്തൃവായ്പ | 2,67982 | 48.00 |
| **d സ്വർണ പണയ വായ്പ** | | 5,90625 | 4.66 |

. പഞ്ചായത്തിലെ പ്രധാന അങ്ങാടിയായ കുന്നുംപുറത്ത് 1994 നവംബർ 10ന് പ്രവർത്തനം ആരംഭിച്ച ശാഖ രണ്ടുവർഷംകൊണ്ട് 85 ലക്ഷം രൂപ നിക്ഷേപവും 75 ലക്ഷം രൂപ വായ്പയും ആയി നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ഓണക്കാലത്തും പ്രത്യേക ഓണച്ചന്തകൾ, മാവേലിസ്റ്റോറുകൾ എന്നിവ നടത്തിവരുന്നു. കൂടാതെ കൊപ്ര സംഭരണത്തിൽ കേരഫെഡിൻെറയും കശുവണ്ടി സംഭരണത്തിൽ കാഷ്യൂ കോർപ്പറേഷൻെറയും ഏജൻറായി പ്രവർത്തിക്കുന്നുണ്ട്. നിക്ഷേപകർക്ക് അവരുടെ വിലപ്പെട്ട രേഖകളും, ആഭരണങ്ങൾ മുതലായവയും സൂക്ഷിക്കാൻ ലോക്കർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## മററ് സഹകരണ പ്രവർത്തനങ്ങൾ

തിരൂർ താലൂക്ക് ഭൂവികസന ബാങ്ക്,തിരൂർ താലൂക്ക് ഹൗസിങ്ങ് സൊസൈറ്റി, കോട്ടക്കൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽപ്പെടുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. പക്ഷേ, മേൽ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളിൽ ഈ പഞ്ചായത്തിലെ നിവാസികളുടെ പങ്കാളിത്തം വളരെ കുറവാണ്. ഈ സ്ഥാപനങ്ങളുടെ ആസ്ഥാനവുമായുള്ള ദൂരമാണ് ഇതിന് പ്രധാനകാരണം.

എന്നാൽ തിരൂരങ്ങാടി താലൂക്കിൻെറ രൂപീകരണത്തോടെ തിരൂരങ്ങാടി ആസ്ഥാനമായി ഭൂവികസനബാങ്ക് ഹൗസിങ്ങ് സൊസൈറ്റി, അർബൻബാങ്ക് എന്നിവ ഉയർന്നുവന്നാൽ മാത്രമേ ഈ രംഗത്തെ സേവനം ഇവിടുത്തുകാർക്ക് ഫലപ്രദമായി ലഭ്യമാവുകയുള്ളൂ.

## ത്രിഫ്റ്റ് സൊസൈറ്റികൾ

ഗ്രാമീണ വനിതകളുടെ സമ്പാദ്യശീലം ഉയർത്തുവാനും സാമ്പത്തിക ഉന്നമനവും മുന്നിൽ കണ്ടുകൊണ്ടാണ് ത്രിഫ്റ്റ് സൊസൈറ്റി രൂപീകരണത്തിനാധാരം. എന്നാൽ ഈ പഞ്ചായത്തിൽ ഏതാനും വാർഡുകളിൽ നാമമാത്ര പ്രവർത്തനങ്ങളുമായി ചുരുക്കം ചില സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

ത്രിഫ്റ്റ് സൊസൈറ്റികളുടെ പ്രവർത്തനം വ്യാപകവും കാര്യക്ഷമവുമാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## പ്രശ്നങ്ങളും സാധ്യതകളും

### കാർഷികരംഗം

അബ്ദുറഹിമാൻ നഗർ സർവ്വീസ് സഹകരണബാങ്കിൻെറ പ്രവർത്തനം കാര്യക്ഷമമാണെങ്കിലും ചില പോരായ്മകൾ ഉണ്ട്.

കാർഷികരംഗത്തെ വായ്പാ വിതരണം ആവശ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണെന്ന് കാണാം. ഉദാഹരണത്തിന് 1995 -96 കാലഘട്ടത്തിൽ 398 ലക്ഷം രൂപ മൊത്തം വായ്പ വിതരണം ചെയ്തപ്പോൾ കാർഷികമേഖലയിൽ 12 ലക്ഷം രൂപാ മാത്രമാണ് വിതരണം ചെയ്തത്. ഇത് മൊത്തം വിതരണം ചെയ്ത വായ്പയുടെ 3%ത്തിലും താഴെയാണ്. പഞ്ചായത്തിലെ സാമ്പത്തിക രംഗത്ത് കാർഷിക മേഖലയ്ക്കുള്ള സ്ഥാനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് നിരാശാജനകമാണെന്ന്

കാണാം.

കാർഷിക വായ്പക്ക് ആവശ്യക്കാരുടെ കുറവാണ് ഇതിനൊരു പ്രധാനകാരണം. എന്നാൽ വ്യക്തി ജാമ്യത്തിൽ 10000 രൂപവരെ കാർഷികേതര വായ്പ നൽകുമ്പോഠം ഇതേ വ്യവസ്ഥയിൽ 3000 രൂപ മാത്രമാണ് ബാങ്ക് കാർഷിക വായ്പ നൽകുന്നത്. അതുകൊണ്ട് കാർഷിക വായ്പാ വ്യവസ്ഥയിൽ നബാർഡ് ഇളവുകഠം വരുത്തുകയും കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകഠം ലഭ്യമാക്കാനുതകുന്ന രീതിയിൽ വ്യവസ്ഥകഠം ലഘൂകരിക്കാൻ ഭരണ സമിതി ശ്രദ്ധിക്കേണ്ടതുമാണ്.

വളം, കീടനാശിനി എന്നിവയുടെ സംഭരണവും, വിതരണവും മിക്ക സഹകരണ ബാങ്കുകളുടെയും പ്രധാന പ്രവർത്തനങ്ങളിൽ താരതമ്യപ്പെടുത്തുമ്പോഠം എ. ആർ. നഗർ സർവ്വീസ് സഹകരണ ബാങ്ക് ഈ രംഗത്ത് പ്രവർത്തിക്കുന്നില്ലെന്ന് കാണാം.

കർഷകർക്ക് മിതമായ നിരക്കിൽ സ്വകാര്യവ്യക്തികളുടെ ചൂഷണത്തിൽ നിന്ന് മോചനം ലഭിക്കാൻ രാസവളം, കീടനാശിനി, കാർഷികോപകരണങ്ങഠം എന്നിവയുടെ സംഭരണവും, വിതരണവും ബാങ്ക് ഏറ്റെടുത്ത് നടത്തേണ്ടതാണ്. ആയതിനു വേണ്ട നടപടിക്രമങ്ങഠം ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.

## തൊഴിൽ രംഗം

ബാങ്ക് ഇന്ന് നൽകുന്ന വലിയ വായ്പകഠം ഉല്പാദനക്ഷമമായ കാര്യങ്ങഠംക്ക് അല്ല വിനിയോഗിക്കുന്നത് എന്ന് കാണാം.. വാഹനം വാങ്ങുന്നതിനോ, വൻവീടുകഠം നിർമ്മിക്കുന്നതിനോ, മക്കളുടെ വിവാഹാവശ്യത്തിനോ ഒക്കെയാണ് തുകകഠം ചിലവാക്കുന്നത്. ഇത് പ്രത്യുൽപ്പാദനപരമല്ല എന്നതുകൊണ്ട് തന്നെ വികസനോന്മുഖവുമല്ല.

വായ്പകഠം പ്രത്യുല്പ്പാദനപരവും അതുവഴി തൊഴിൽ സാധ്യതകഠം വർദ്ധിപ്പിക്കുന്നതുമായ സംരംഭങ്ങഠംക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കുകയും, വ്യവസ്ഥകഠം ഉണ്ടാക്കാൻ ഭരണസമിതി ശ്രദ്ധിക്കുകയും ചെയ്യുക.

## കൺസ്യൂമർ

ഉപഭോക്തൃമേഖലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ സേവനം നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോർ വി. കെ. പടിയിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും അതിന്റെ സേവനം പരിമിതമാണ്.

ഇതിനൊരു പരിഹാരം എ. ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിന് ഒരു കൺസ്യൂമർ വിങ്ങ് തുടങ്ങുകയോ പുതിയ ഒരു സഹകരണ കൺസ്യൂമർ സൊസൈറ്റി രൂപീകരിക്കുകയോ ചെയ്യാവുന്നതാണ്.

## ബാങ്കിംഗ്

പഞ്ചായത്തിലെ പ്രധാന ജനവാസകേന്ദ്രങ്ങളായ മമ്പുറം, പുകയൂർ, കൊളപ്പുറം ഭാഗങ്ങളിൽ സഹകരണ ബാങ്കിന്റെ സേവനം പരിമിതമായ തോതിലേ ലഭിക്കുന്നുള്ളു.

മേൽപറഞ്ഞ മൂന്ന് സ്ഥലങ്ങളിലും ബാങ്കിന്റെ ശാഖകഠം തുടങ്ങുവാൻ വേണ്ട നടപടിക്രമങ്ങഠം ഭരണസമിതി ചെയ്യേണ്ടതാണ്. കാര്യക്ഷമമായ മാനേജ്മെൻറിലൂടെ ബ്രാഞ്ചുകഠം ലാഭകരവും തൃപ്തികരവുമാക്കാൻ സാധിക്കുമെന്നതിന് ബാങ്കിന്റെ കുന്നുംപുറം ശാഖ തന്നെ തെളിവാണ്.

## ചെറുകിട വ്യവസായം

ചെറുകിട വ്യവസായരംഗത്ത് സഹകരണ പ്രസ്ഥാനത്തിനുള്ള സ്വാധീനം കേരളത്തിൽ അനുഭവപ്പെടാത്ത ചുരുക്കം ചില പഞ്ചായത്തുകളിൽ ഒന്നാണ് അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത്. ഒട്ടനവധി തൊഴിൽ സാധ്യതകഠം ഉള്ള ചെറുകിട വ്യവസായം ഈ ഗ്രാമപഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ പോഷിപ്പിക്കാനുള്ള ശ്രമങ്ങഠം ഇതുവരെ ഉണ്ടായിട്ടില്ല.

പഞ്ചായത്തിലെ ഏതാനും ചില വാർഡുകളിൽ റെഡിമെയ്ഡ് വസ്ത്രങ്ങഠം നിർമ്മിക്കുന്ന തയ്യൽ

യൂണിറ്റുകൾ പ്രവർത്തിക്കുന്നു. സ്ത്രീകളാണ് ഇവിടങ്ങളിൽ അധികവും ജോലിചെയ്യുന്നത്. സമീപപ്രദേശങ്ങളിലെ വൻകിട തുണിക്കടകളിലേക്ക് ഇവ നൽകുന്നു. എന്നാൽ ഈ രംഗത്ത് തൊഴിലാളികൾക്ക് കിട്ടുന്ന വേതനം ആശ്വാസകരമല്ല. സഹകരണാടിസ്ഥാനത്തിൽ ഈ തൊഴിലാളികളെ സംഘടിപ്പിച്ച് പൂർണമായി വനിതകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് ഒരു സംരംഭം തുടങ്ങിയാൽ ലാഭകരമായ ഒരു വ്യവസായത്തിന്റെ വളർച്ചയ്ക്കും ഒട്ടനവധി തൊഴിലിനും സാധ്യതയുണ്ട്.

നമ്മുടെ പഞ്ചായത്തിലെ 12 ാം വാർഡിൽ മൺപാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിത്താമസിക്കുന്നുണ്ട്. സ്റ്റീൽ അലൂമിനിയം പാത്രങ്ങളുടെ ആവിർഭാവത്തോടുകൂടി മൺപാത്ര വ്യവസായം തകർച്ചയെ നേരിടുകയാണ്. എന്നാൽ പൂച്ചട്ടി, കൗതുകപാത്രങ്ങൾ എന്നിവയുടെ നിർമ്മാണത്തിലൂടെ ഈ വ്യവസായത്തെ പുനരുദ്ധരിക്കുവാൻ സാധിക്കും. അതിന് പരിശീലനം നല്കി അസംഘടിതരായ ഈ തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സംരംഭം ആരംഭിക്കാവുന്നതാണ്.

## ക്ഷീര വ്യവസായം

കറവമാടുകളെ വളർത്തി ഉപജീവനമാർഗം നേടുന്നവർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉണ്ട്. എന്നാൽ അവർ ഉല്പാദിപ്പിക്കുന്ന പാൽ സംഭരിക്കാനോ ആവശ്യമായവർക്ക് വിതരണം നടത്താനോ ക്ഷീരോല്പാദക സഹകരണ സംഘമോ, വിതരണ സംഘമോ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. മിൽമ പോലുള്ള വൻകിട സ്ഥാപനങ്ങളുടെ സേവനവും ലഭ്യമല്ല. ഉല്പാദകർ അവരുടെ വീടിനടുത്തുള്ള ആവശ്യക്കാർക്ക് നേരിട്ട് എത്തിക്കുന്ന ഒരു സംവിധാനമാണ് ഇവിടെയുള്ളത്. അതുകൊണ്ട് തന്നെ പാലിന് മററ് ഭാഗങ്ങളിൽ ലഭിക്കുന്ന വില കിട്ടാതെ പോകുന്നു. പഞ്ചായത്തിൽ ഒരു ക്ഷീരോല്പാദക വിതരണസഹകരണ സംഘത്തിന്റെ സംസ്ഥാപനം അത്യന്താപേക്ഷിതവും അടിയന്തിരവുമാണ്.

## കോഴി വളർത്തൽ

പഞ്ചായത്തിലെ V, VIII വാർഡുകളിൽ ചെറിയ രീതിയിൽ സ്വകാര്യമേഖലയിൽ 3 കോഴി വളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു ഇന്ന് കോഴിവളർത്തൽ ആദായകരമായ ഒരു തൊഴിലാണ്. സഹകരണ മേഖലയിൽ ഇത്തരം സംരംഭങ്ങൾക്ക് സാധ്യതയുണ്ട്.

ചുരുക്കത്തിൽ സഹകരണ പ്രസ്ഥാനം വ്യാപിപ്പിക്കാവുന്ന ഒട്ടനവധി മേഖലകൾ ഈ പഞ്ചായത്തിലുണ്ട് ദൃഢനിശ്ചയത്തോടുകൂടി കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിച്ചാൽ സഹകരണ പ്രസ്ഥാനത്തിലൂടെ ഒരു വിപ്ലവം സൃഷ്ടിക്കാൻ എ. ആർ. നഗർ ഗ്രാമ പഞ്ചായത്തിനു കഴിയും.

# 12

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

അബ്ദുറഹ്മാൻ നഗർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗം ജനസംഖ്യയുടെ 6.43 ശതമാനം മാത്രമാണ്. ഇതിൽ 1045 സത്രീകളും 965 പുരുഷന്മാരുമാണ്. പട്ടികവർഗ്ഗവിഭാഗം ഈ പഞ്ചായത്തിലില്ല. ഒററപ്പെട്ട് ജീവിക്കുന്നതിനുപകരം കൂട്ടായി ജീവിക്കുന്നതിനാണ് പട്ടിക ജാതി വിഭാഗം ഇഷ്ടപ്പെടുന്നത്. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ ഒട്ടനവധി പ്രയാസങ്ങൾ ഈ വിഭാഗത്തിന് സഹിക്കേണ്ടിവന്നിട്ടുണ്ട്. ഉയർന്ന ജാതിക്കാരുടെ വീടുകളിലോ, അവർ നടക്കുന്ന നടപ്പാതകളിലോ ഇവരെ കാണാൻ പാടില്ലായിരുന്നു.അയിത്തം എന്ന അനാചാരത്തിൻെറ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്ന ഒരു വിഭാഗം ഇവരല്ലാതെ മററാരും ഈ പഞ്ചായത്തിലുണ്ടായിരുന്നില്ല. അന്ധവിശ്വാസങ്ങളും, വികലമായ ആചാര സമ്പ്രദായങ്ങളും ഈ വിഭാഗത്തെ സമൂഹത്തിൽ നിന്ന് ഒററപ്പെടുത്തി. ഋതുമതിയാകുന്ന സ്ത്രീകളെ സ്വന്തം വീട്ടിൽ നിന്നുപോലും അകററി നിർത്താൻ ഇവരുടെ ഇടയിൽത്തന്നെയുള്ള വിശ്വാസങ്ങൾ ഇവരെ നിർബന്ധിതരാക്കി. സ്വന്തം കുടുംബത്തിൽ പ്രസവിക്കാറാവുന്ന സ്ത്രീകൾക്ക് മറെറാരു കുടിലുകെട്ടി വേർതിരിക്കുകയും പ്രസവാനന്തരം അവർ താമസിക്കാനുപയോഗിച്ച വീടും, വസ്ത്രങ്ങളും ചുട്ടുകരിക്കുകയുചെയ്യുക എന്നതും ഇവരുടെ ഒരു സമ്പ്രദായമായിരുന്നു.. കുടുംബങ്ങളിൽ മരണം സംഭവിച്ചാൽ മററയൽപ്രദേശങ്ങളിൽ നിന്ന് ആളുകളെ വരുത്തി കരയിക്കുക എന്നത് ഇവരുടെ ഇടയിലെ ഒരു ആചാരമായിരുന്നു.

ജാതി വ്യവസ്ഥ എല്ലാ അർത്ഥത്തിലും കൊടികുത്തി വാണിരുന്ന കാലഘട്ടം നമുക്ക് കഴിഞ്ഞുപോയി. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും, വഴിനടക്കാനും വെള്ളംകുടിക്കാൻപോലും സ്വാതന്ത്ര്യമില്ലായ്മയും പഴയകാല ചരിത്രസംഭവങ്ങളായിരുന്നു. പകൽ അന്തിയോളം വിയർപ്പൊഴുക്കി പണിയെടുക്കുന്ന ഇവർക്ക് ഈ അദ്ധ്വാനമല്ലാതെ ജീവിതത്തിൽ ഒരു സാമ്പദ്യത്തിനും തമ്പുരാക്കന്മാർ ഇട നൽകിയില്ല. തമ്പുരാക്കന്മാരുടെ മുന്നിൽ മാറുമറയ്ക്കാൻ അവകാശമില്ലാത്തവരായിരുന്നു ഈ വിഭാഗം. ജീവിതത്തിൻെറ പരുപരുത്ത അനുഭവങ്ങൾ മനസ്സുകളെ നൊമ്പരപ്പെടുത്തുമ്പോൾ ദൈവസന്നിധിയിൽച്ചെന്ന് പ്രാർത്ഥിക്കാൻപോലുമുള്ള അവകാശം ഇവർക്ക് നിഷേധിക്കപ്പെട്ടിരുന്നു.

ഒട്ടനവധി സാംസ്ക്കാരിക നായകന്മാരുടെ സാമൂഹ്യസാംസ്ക്കാരിക രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ഫലമായി ഈ വ്യവസ്ഥകൾക്ക് ഒരു പരിധിവരെ മാററം വരുത്തുവാൻ നമുക്ക് സാധ്യമായി. ഈ മണ്ണിൻെറ സന്തതികളായ പാവപ്പെട്ട ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിന് മഹാത്മജി ഒരു പാട് ത്യാഗങ്ങൾ സഹിച്ചിട്ടുണ്ട്. ഇതുകൊണ്ടൊക്കെത്തന്നെ മാററങ്ങൾ ഒട്ടനവധി സംഭവിച്ചു. പഴയ സമ്പ്രദായങ്ങളും, ജീവിതരീതിയും മാറി അന്ധവിശ്വാസങ്ങളും അനാചാ

രങ്ങളും, ഒരുപരിധിവരെ വിട്ടകന്നു. ഇന്ന് ആ പഴയ കറുത്ത നാളുകളുടെ ഓർമ്മകൾ പഴയ തലമുറയിലെ ചില കാരണവന്മാരിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. മാറി മാറി വന്ന സർക്കാരുകൾ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിന്റെ ക്ഷേമത്തിനായി ഒട്ടനവധി ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയുണ്ടായി. ഇതിൻ ഫലമായി വമ്പിച്ച മാററങ്ങൾ ദൃശ്യമായി. വിദ്യാഭ്യാസമേഖലയിലേക്ക് ക്രമേണ ഈ വിഭാഗം ആകർഷിക്കപ്പെട്ടു. വിദ്യാഭ്യാസത്തിന് കുട്ടികളെ അയക്കാത്ത ഒരു പട്ടികജാതി കുടുംബവും ഇന്നു നമ്മുടെ പഞ്ചായത്തിലില്ല. വിദ്യാഭ്യാസ മേഖലയിലേക്ക് കുട്ടികൾ കടന്നുവരുന്നുണ്ടെങ്കിലും പഠന നിലവാരത്തിൽ ഇപ്പോഴും പിന്നിലാണ്. എസ്. എസ്. എൽ. സി ക്ലാസ്സുകളിൽ എത്തുന്നവരുടെ വിജയശതമാനം വളരെ പിന്നിൽ നിൽക്കുന്നു. വിദ്യാഭ്യാസത്തിനു വേണ്ടി അനേകം ആനുകൂല്യങ്ങൾ സർക്കാർ നൽകുന്നുണ്ടെങ്കിലും അത് പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല.

## പ്രശ്നങ്ങൾ

1 പട്ടികജാതികോളനികളിൽ കുടിവെള്ളത്തിന് വേനൽക്കാലത്ത് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

2.. ഏതാനും പട്ടികജാതികോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല.

3. മിക്ക കോളനികളിലും പ്രാഥമികസൗകര്യങ്ങൾ ഇല്ല

4. പട്ടികജാതിക്കാർക്ക് എല്ലാവർക്കും സ്വന്തമായി വീടില്ല. വീട് നിർമ്മിക്കാൻ സ്ഥലമില്ല. വിട് നിർമ്മിക്കാൻ നൽകുന്ന സഹായംകൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുന്നില്ല.

5. കാർഷികമേഖലയിൽ തൊഴിൽ സാധ്യതകൾ കുറഞ്ഞുവരുന്നു.

6. വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

7. ഐ. ആർ. ഡി. പിയും സർക്കാരിന്റെ മററു ക്ഷേമപദ്ധതികളും വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.

8. ആരോഗ്യപരിപാലനം പൊതുവേ മെച്ചപ്പെട്ടതല്ല

## പരിഹാരമാർഗ്ഗങ്ങൾ

1. കുഴൽകിണറുകൾ മുഖേനയും പൈപ്പുലൈനുകൾ മുഖേനയും, കോളനികളിൽ കുടിവെള്ളമെത്തിക്കുക.

2. കോളനികളിൽ വൈദ്യുതി എത്തിക്കാൻ നിലവിലുള്ള കെ. എസ്. ഇ ബിയുടെ നിയമങ്ങൾ ലഘൂകരിക്കുക

3. ത്രിതല പഞ്ചായത്തുകൾ മുഖേന കക്കൂസുകൾ നിർമ്മിച്ച് നൽകുക.

4. വീട്വയ്ക്കാനുള്ള സ്ഥലം പഞ്ചായത്തു സംഘടിപ്പിച്ച് നൽകുകയും, വീട് നിർമ്മിക്കാനുള്ള ധനസഹായം വർധിപ്പിക്കുകയും ചെയ്യുക.

5 സ്വയം തൊഴിൽ കണ്ടെത്താൻ ധനസഹായം നൽകുക. സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

6. ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

7. കോളനികളെ ഘട്ടംഘട്ടമായി ഐ. എച്ച്. ഡി. പി പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

8. വീട് നിർമ്മിക്കാൻ തുക നൽകുന്നതിനുപകരം സർക്കാരിന്റെ പ്ലാൻ അനുസരിച്ച് വീടുകൾ നിർമ്മിച്ച് നൽകുക.

9. പട്ടികജാതി സഹകരണ സംഘങ്ങളുടെ ശോചനീയാവസ്ഥ മാററാൻ നടപടികൾ സ്വീകരിക്കുക.

10. സർക്കാർ നൽകുന്ന ധനസഹായങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് തടയാൻ പഞ്ചായത്തു തലത്തിൽ കമ്മററികൾ രൂപീകരിക്കുക.

11. എല്ലാ പട്ടികജാതി കോളനികളിലും ടെലിവിഷൻ സെററ് സ്ഥാപിക്കുക.

12. പട്ടികജാതി കോളനികളിൽ ആരോഗ്യസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

13. പട്ടികജാതി വനിതകൾക്കായി തൊഴിൽ യൂണിററുകൾ ആരംഭിക്കുക.

14. വീടുവെയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതുപോലെ വീടുകളുടെ പുനർ നിർമ്മാണത്തിനും ധനസഹായം ലഭ്യമാക്കുക.

15. പട്ടികജാതി യുവതികളുടെ പഠനത്തിനും, വിവാഹത്തിനും പ്രത്യേക ധനസഹായം നൽകുക.

16. പട്ടികജാതി പെൺകുട്ടികൾക്ക് ഡ്രൈവിംഗ് പരിശീലനവും, വാഹനം വാങ്ങുന്നതിന് ധനസഹായം നൽകുകയും ചെയ്യുക.

17. പരമ്പരാഗത കൈത്തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവർക്ക് സാങ്കേതിക പരിശീലനം നൽകി ആവശ്യമായ ധനസഹായം നൽകുക.

## അംഗീകൃത പട്ടികജാതി കോളനികൾ

| ക്രമ നമ്പർ | കോളനിയുടെ പേര് | കുടുംബങ്ങൾ | അംഗങ്ങൾ |
|---|---|---|---|
| 1. | വലിയപറമ്പ് | 53 | 305 |
| 2. | അറളപറമ്പ് | 12 | 86 |
| 3. | കുറ്റൂർനോർത്ത് | 13 | 62 |
| 4. | അഴുവളപ്പ് | 21 | 115 |
| 5. | ചെണ്ടപ്പുറായ | 38 | 160 |
| 6. | മണ്ണിൽതൊടി | 12 | 65 |

## അംഗീകാരം ലഭിക്കേണ്ട പട്ടികജാതി കോളനികൾ

| ക്രമ നമ്പർ | കോളനിയുടെ പേര് | കുടുംബങ്ങൾ | അംഗങ്ങൾ |
|---|---|---|---|
| 1. | പൊരിയേങ്ങൽ കോളനി | 14 | 77 |
| 2. | ഉള്ളാട്ടുപറമ്പ് കോളനി | 12 | 60 |
| 3. | കൂമൻചിറ കോളനി | 10 | 62 |
| 4. | അരീക്കാട്ട്മാട്ടിൽ കോളനി | 12 | 77 |
| 5. | കരിപ്പായിമാട് കോളനി | 14 | 73 |

പട്ടികജാതിക്കാർക്ക് അനുവദിച്ച ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട്ആവശ്യമുളള കുടുംബങ്ങളുടെ എണ്ണം | വിവിധപരിപാടി കളിലായി അനുവദിച്ച വീടുകാം | പൂർത്തീകരിച്ച വീടുകാം | പൂർത്തീകരിക്കാനുളള വീടുകാം | അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1. | 45 | 13 | 11 | 02 | 32 |
| 2. | 31 | 07 | 06 | 01 | 24 |
| 3. | 48 | 07 | 07 | 01 | 41 |
| 4. | 35 | 12 | 12 | NIL | 23 |
| 5. | 46 | 13 | 12 | 03 | 33 |
| 6. | 48 | 36 | 33 | 03 | 12 |
| 7. | 32 | 08 | 05 | 03 | 24 |
| 8. | 57 | 33 | 31 | 02 | 24 |
| 9. | 19 | 01 | 01 | NIL | 18 |
| 10. | 24 | 07 | 06 | 01 | 17 |

# 13

# വനിത

കേരളത്തിലുടനീളമുള്ള സാമൂഹ്യ,സാംസ്കാരിക രംഗങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് അബ്ദുറഹിമാൻ നഗർ പഞ്ചായത്തിലുമുണ്ട്. വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സ്വാധീനം ചെലുത്തുന്ന ഈ അവസരത്തിൽ ഈ ഗ്രാമ പഞ്ചായത്തിലെ ഭൂരിപക്ഷം സ്ത്രീകളും ഇതൊന്നുമറിയാതെ ഒതുങ്ങിക്കൂടുകയാണ്. സ്ത്രീ പങ്കാളിത്തം സാമൂഹിക പ്രവർത്തന മേഖലയിൽ വളരെ കുറവായാണ് കാണപ്പെടുന്നത്. ആദ്യകാലത്ത് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം വിദൂരസ്വപ്നമായിരുന്നു. കുടിപള്ളിക്കൂടത്തിലൂടെയും ഓത്തുപള്ളിക്കൂടത്തിലൂടെയും ആയിരുന്നു പെൺകുട്ടികൾക്ക് എഴുതാനും വായിക്കാനും അറിവ് ലഭിച്ചത്. എന്നാൽ എല്ലാ ജാതിയിൽപെട്ടവർക്കും ഇവിടെ പ്രവേശനം ഇല്ലായിരുന്നു.

പഞ്ചായത്തിലെ 34896 പേരിൽ 15200 പേർ സ്ത്രീകളാണ് പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചിരുന്നുവെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമില്ലായിരുന്നു. തൊഴിൽ മേഖലകളിലേക്ക് കടന്നുവരാൻ സ്ത്രീകൾ ഇപ്പോഴും വിമുഖത കാണിക്കുന്നു. കുടുംബത്തിൽ ഒതുങ്ങിക്കഴിയാനാണ് കൂടുതൽ സ്ത്രീകളും ഇഷ്ടപ്പെടുന്നത്. വികസനമേഖലയിൽ സ്ത്രീ പങ്കാളിത്തം ഇന്നും നാമമാത്രമാണ്. ഈ ദുരവസ്ഥയിൽ നിന്ന് മോചിതരാവാൻ സമൂഹത്തിൻെറ സ്ത്രീകളോടുള്ള കാഴ്ചപ്പാടിൽ മാറ്റം ആവശ്യമാണ്. തൊഴിൽ മേഖലകളിലും മറ്റും സ്ത്രീപങ്കാളിത്തത്തിനു വേണ്ടി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെങ്കിലും ഇതൊന്നും തന്നെ ഫല പ്രാപ്തിയിലെത്തുന്നില്ല.

വനിതകളുടെ മാത്രം വികസനം ലക്ഷ്യമാക്കി 'വനിതാ വികസന കോർപ്പറേഷൻ:' സ്ഥാപിതമായിട്ടുണ്ടെങ്കിലും അതിൻെറ പ്രവർത്തനം ഗ്രാമങ്ങളിൽ ഇനിയും എത്തിയിട്ടില്ല. മൊത്തം വരുന്ന ഗ്രാമീണ സ്ത്രീകളിൽ സ്വാശ്രയ ശീലം വളർത്തുന്നതിനാവശ്യമായ തൊഴിൽസംരംഭങ്ങൾ സൃഷ്ടിക്കാൻ പദ്ധതികൾ ഉണ്ടെങ്കിലും അവയുടെ നടത്തിപ്പിനെ കുറിച്ചുള്ള അജ്ഞത ഈ പദ്ധതിയുടെ പരാജയത്തിനു കാരണമാവുന്നു. പിന്നോക്കവിഭാഗങ്ങളിലേയും പ്രത്യേകിച്ച് പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ സ്ഥിതി വളരെ ശോചനീയമാണ്. സാമ്പത്തിക പ്രയാസങ്ങളും മററ് അസൗകര്യങ്ങളും മൂലം ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസം സ്കൂൾ തലങ്ങളിലൊതുങ്ങുന്നു. വേണ്ടത്ര ശിക്ഷണം ലഭിക്കാത്തതിനാൽ സ്കൂൾ പഠനത്തിൽ

ഇവർ പിന്തള്ളപ്പെട്ടുപോകുന്നു. ചാരായ നിരോധനം കുടുംബാന്തരീക്ഷത്തിൽ സമാധാനം നിലനിർത്താൻ വളരെയധികം സഹായകമായിട്ടുണ്ട്.

സ്ത്രീകളോടുള്ള സമൂഹത്തിൻെറ മനോഭാവത്തിൽ സമൂലമായ പരിവർത്തനം സൃഷ്ടിക്കുന്നതിന് സ്ത്രീകളുടെ മേൽ പുരുഷൻ മന:പൂർവമായി മേധാവിത്വം അടിച്ചേൽപിക്കുന്നതിനെതിരിലും ബുദ്ധിപരമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നിയമനിർമാണങ്ങളും നടത്തി ഈ അവസ്ഥ മാറ്റിയെടുക്കാൻ കഴിയേണ്ടതുണ്ട്. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഗാംഫ് പണത്തിൻെറ സ്വാധീനവും വിദ്യഭ്യാസത്തോടുള്ള ജനങ്ങളുടെ സമീപനത്തിലുള്ള മാറ്റവും സ്ത്രീകളുടെയിടയിൽ കാര്യമായ വ്യതിയാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

ഈ ഗ്രാമത്തിൽ ഒരു കാലത്ത് വിദ്യാഭ്യാസരംഗം പൂർണമായും അവഗണിച്ചിരുന്ന മുസ്ലിം പെൺകുട്ടികൾ മേൽ പ്രസ്താവിച്ച കാരണങ്ങളാൽ ഉന്നതവിദ്യാഭ്യാസത്തെ ആശ്രയിക്കാൻ തുടങ്ങി എന്നുള്ളത് ആശ്വാസകരംതന്നെ. സ്ത്രീകളോടുള്ള സമൂഹത്തിൻെറ കഴിഞ്ഞകാലഘട്ടങ്ങളിൽ നിലനിന്നിരുന്ന സമീപനത്തിൽ മാറ്റം സൃഷ്ടിക്കാൻ പുതിയ പഞ്ചായത്തീരാജ് നിയമമനുസരിച്ചുള്ള സ്ത്രീ സംവരണം ഒരു കാരണമായിതീർന്നിട്ടുണ്ട്. സ്ത്രീ സമൂഹത്തെ പൊതുരംഗവുമായി അടുപ്പിക്കുന്നതിൽ അംഗനവാടികളും ബാലവാടികളും വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഇതിൻെറ പ്രതിഫലനം എന്നുള്ള നിലയിൽ തന്നെ കഴിഞ്ഞ കാലഘട്ടങ്ങളെ അപേക്ഷിച്ച് ഗ്രാമസഭകളിലെ സ്ത്രീകളുടെ പങ്കാളിത്തം എടുത്തുപറയത്തക്കതാണ്. മദർ, പി.ടി.എ യോഗങ്ങളിൽ ഇന്നു ധാരാളം സ്ത്രീകളെ കാണാൻ സാധിക്കും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ജനസംഖ്യയുടെ പകുതിയോളം സ്ത്രീകളാണെങ്കിലും നാമമാത്രമായ സ്ത്രീകളെ തൊഴിൽ മേഖലകളിലുള്ളു.

2. പൊതുരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വേണ്ടത്രയില്ല.

3. വനിതകൾക്കു മാത്രമായുള്ള തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ വളരെകുറവാണ്.

4. ഉല്പാദന വിപണന സംവിധാനത്തിലെ അപര്യാപ്തതയും അറിവില്ലായ്മയും.

5. അസംസ്കൃതപദാർത്ഥങ്ങളുടെ ദൗർലഭ്യം.

6. കൂലിവ്യവസ്ഥയിൽ പുരുഷ-സ്ത്രീ വിവേചനം.

7. തൊഴിൽ ആരംഭിക്കുന്നതിനാവശ്യമായ പരിശീലനത്തിൻെറ അഭാവം.

8. തൊഴിൽ രംഗത്തെ സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

9. തൃപ്തികരമായി പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളുടെ കുറവ്.

10. വിധവാപെൻഷൻ, വാർദ്ധക്യകാലപെൻഷൻ തുടങ്ങിയ സർക്കാർ ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മ.

11. സ്കൂളുകളിലെ പാഠ്യേതര വിഷയങ്ങളിലുള്ള പെൺകുട്ടികളുടെ പങ്കാളിത്തക്കുറവ്

## സാദ്ധ്യതകൾ

1. സ്ത്രീകൾക്കായി തൊഴിൽ യൂണിററുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

2. പഞ്ചായത്ത് മുൻകൈയെടുത്ത് വാർഡ് തലത്തിൽ മഹിളാസമാജങ്ങൾ സംഘടിപ്പിക്കുക.

3. വനിതകൾക്കായി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

4. വിപണനത്തിന് പഞ്ചായത്ത് തലത്തിൽ സൗകര്യങ്ങൾ ഉണ്ടാക്കുക

5. സർക്കാർ ട്രൈസം പദ്ധതിപ്രകാരം നടത്തുന്ന പരിശീലനത്തിന് വനിതകൾക്ക് മുൻഗണന നല്കുക.

6. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കാം ഉപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങാം ആരംഭിക്കുന്നതിന് പ്രോത്സാഹനം നല്കുക.

7. സ്ത്രീകാംക്ക് അടുക്കളതോട്ടങ്ങാം ഉണ്ടാക്കാൻ പററാവുന്ന രീതിയിലുള്ള വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുക.

8. പാവപ്പെട്ട സ്ത്രീകാംക്ക് കോഴി, ആടുമാടുകളെ വളർത്തി ഉപജീവനമാർഗ്ഗത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.

9. സ്ത്രീകളെ അവഹേളിക്കുന്ന തരത്തിലുള്ള പ്രസിദ്ധീകരണങ്ങാം നിരോധിക്കുക.

## വിവിധ വകുപ്പുകാം മുഖേന നടപ്പിലാക്കുന്ന പദ്ധതികാം:

ഗ്രാമീണ വനിതകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അനുയോജ്യമായ തൊഴിൽ സംരംഭങ്ങാം ഏറെറടുത്തു നടത്താൻ ഐ. ആർ. ഡി. പിയുടെ അനുബന്ധപരിപാടിയായ ഡി. ഡബ്ല്യു. സി. ആർ. എ പദ്ധതിയിലൂടെ സഹായം ലഭിക്കുന്നുണ്ട്. 10 മുതൽ 15വരെ അംഗങ്ങളുള്ള സംഘങ്ങാംക്കാണ് ഈ പദ്ധതിയിലൂടെ സഹായം ലഭിക്കുക. ഇതിൻെറ മൊത്തം മുതൽ മുടക്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകാം തുല്യമായി ധനസഹായവും ധനകാര്യസ്ഥാപനങ്ങാം വായ്പയുമായാണ് നല്കിവരുന്നത്. ഓരോ സംഘത്തിനും സമ്പാദ്യവായ്പാ പദ്ധതിപ്രകാരം ബാങ്കിൽ നിക്ഷേപിക്കുന്ന സംഖ്യയുടെ (പരമാവധി 10000/-) അത്രയും തുക സർക്കാർ ഗ്രാൻറായി നല്കുന്നു. ഈ തുക അവരുടെ കുടുംബപരമായ ആവശ്യങ്ങാംക്ക് പലിശ രഹിതവായ്പയായി ഉപയോഗിക്കാവുന്നതാണ്.

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം 5 യൂണിററുകളിലായി 54 സ്ത്രീകാം തൊഴിൽ ചെയ്യുന്നു.

വ്യവസായ വകുപ്പുമുഖേന വനിതകാംക്കായി ധാരാളം പദ്ധതികളും ആനുകൂല്യങ്ങളും നിലവിലുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ അത്തരത്തിലുള്ള യൂണിററുകാം പ്രവർത്തിക്കുന്നില്ല.

സാമൂഹ്യക്ഷേമവകുപ്പു മുഖേന നടപ്പാക്കുന്ന പദ്ധതികാം 1975 മുതൽ ഈ പഞ്ചായത്തിൽ നടപ്പാക്കിവരുന്നു. മാതൃശിശുസംരക്ഷണ കേന്ദ്രങ്ങാംവഴി പോഷകാഹാര വിതരണവും കുഞ്ഞുങ്ങാംക്കും ഗർഭിണികാംക്കും പ്രതിരോധകുത്തിവെയ്പുകളും നല്കിവരുന്നു. അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 20 അംഗനവാടികാം മുഖേനയാണ് ഇതു നടപ്പിലാക്കുന്നത്. ആരോഗ്യവകുപ്പുമായി സഹകരിച്ചാണ് കുത്തിവെപ്പുകാം നടത്തുന്നത്.

### പ്രശ്നങ്ങാം

1. ആയിരംപേർക്ക് ഒരു അംഗനവാടി എന്ന കണക്കിൽ അംഗനവാടികാം ആവശ്യമാണ്.

2. നിലവിലുള്ള അംഗനവാടികളിൽ ആവശ്യമായ സാമഗ്രികാം നിലവിലില്ല.

3. അംഗനവാടി ജീവനക്കാർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല.

4. അംഗനവാടി ജീവനക്കാരെ സർക്കാർ ഉദ്യോഗസ്ഥരായി അംഗീകരിക്കുന്നില്ല.

5. അംഗനവാടി ജീവനക്കാർക്ക് പ്രമോഷൻ സാദ്ധ്യതകാം ഇല്ല.

### പരിഹാരമാർഗ്ഗങ്ങാം

1. പുതിയ അംഗനവാടികാം സ്ഥാപിക്കുക.

2. നിലവിലുള്ള അംഗനവാടികളിൽ ആവശ്യമായ സൗകര്യങ്ങാം ഏർപ്പെടുത്തുക.

3. അംഗനവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുക

4. അംഗനവാടി ജീവനക്കാർക്ക് പ്രമോഷൻ സാദ്ധ്യതകാം ഉണ്ടാക്കുക.

5. അംഗനവാടികാംക്ക് സ്വന്തം കെട്ടിടങ്ങാം നിർമ്മിക്കുക

അംഗനവാടികൾ സംബന്ധിച്ച പട്ടിക

| ക്രമ നമ്പർ | കെട്ടിടങ്ങൾ സ്വന്തമായുള്ള അംഗനവാടികൾ | സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗനവാടികൾ |
|---|---|---|
| 1. | | മമ്പുറംസൗത്ത് AW/No 79 |
| 2. | | മമ്പുറം നോർത്ത് AW/No. 80 |
| 3. | | കെ. പടി. AW/No25 |
| 4. | | അരീതോട്(പാലാന്തറ) AW/No. 26 |
| 5. | വലിയപറമ്പ് AW/No 81 | |
| 6. | കൊളപ്പുറം നോർത്ത് AW/No 27 | |
| 7. | | കൊളപ്പുറം സൗത്ത്AW/No 78 |
| 8. | | തട്ടറമ്പിൽ പുറായ.AW/No.106 |
| 9. | ഉള്ളാട്ടുപറമ്പ് AW/No.105 | |
| 10. | ചെണ്ടപ്പുറായ AW/No.82 | |
| 11. | | കക്കാടംപുറം AW/No.23 |
| 12 | | ഏ. ആർ. നഗർ ബസാർ AW/No. 24 |
| 13 | കുററൂർ നോർത്ത് AW/No.50 | |
| 14. | കളത്തിങ്ങൽ പുറായ AW/No.83 | |
| 15. | പുതിയത്ത് പുറായ AW/No.84 | |
| 16. | | പത്രാട്ടുപാറ. AW/No.85 |
| 17. | കുന്നുംപുറം.AW/No.86 | |
| 18. | പാലമഠത്തിൽ ചിനAW/No.118 | |
| 19. | പൊരിയങ്ങൽ AW/No.121 | |
| 20. | | കോരംമ്പാട്. AW/No.132 |

ഗ്രാമവികസന പ്രവർത്തനങ്ങളിലെ വനിതകളുടെ സന്നദ്ധ സേവനത്തിന് മഹിളാസമാജങ്ങൾ വളരെ സഹായകരമായിട്ടുണ്ട്. ഗ്രാമീണ സ്ത്രീസമൂഹത്തിന് പോഷണം രോഗപ്രതിരോധം സമ്പാദ്യശീലം, കുടുംബജീവിതം, സ്വയംതൊഴിൽ എന്നിവ സംബന്ധിച്ച ബോധനം നല്കാൻ മഹിളാസമാജങ്ങളുടെ പ്രവർത്തനം ഉതകുന്നവയാണ്. നമ്മുടെ പഞ്ചായത്തിൽ നാലു മഹിളാസമാജങ്ങൾ പ്രവർത്തിച്ചുവരുന്നു.

## സാമൂഹ്യാധിഷ്ഠിത പോഷകാഹാരപരിപാടി (സി. ബി. എൻ. പി)

ദാരിദ്ര്യരേഖയുടെ താഴെകിടക്കുന്ന കുടുംബങ്ങളുടെ ഉന്നമനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സി. ബി. എൻ. പി, വനിതകൾ ഏറ്റെടുത്തു നടത്തുന്ന ഒരു പദ്ധതിയാണ്. പഞ്ചായത്തിൽ നിലവിലുള്ള അയൽക്കൂട്ടങ്ങളെയും പ്രാദേശിക വനിതാവികസന സൊസൈററികളെയും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | എ. ഡി. എസ്സുകളുടെ പേര് | അയൽക്കൂട്ടങ്ങളുടെ എണ്ണം | ബന്ധപ്പെടുന്ന വാർഡുകൾ |
|---|---|---|---|
| 1. | മമ്പുറം-ഇരുമ്പുചോല | 3 | 1,2,3 |
| 2. | വി. കെ. പടി-ചെണ്ടപ്പുറായ | 3 | 4,5,6 |
| 3. | പുകയൂർ- വലിയപറമ്പ് | 3 | 6,7 |
| 4. | പാലമഠത്തിൽ ചിന-പുതിയത്തുപുറായ | 5 | 8,9 |
| 5. | കക്കാടംപുറം-കൊളപ്പുറം | 4 | 10,11,12 |

വനിതകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും വനിതകൾ ഒത്തുചേരുന്ന പുതിയ പരിപാടിയായ വനിത വിജ്ഞാനോത്സവം നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാണ്. ആയതിന് അടിയന്തിര ശ്രമം വേണം.

മാതൃസംഗമത്തിൽ സ്ത്രീ പങ്കാളിത്തം കൂട്ടുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തേണ്ടതാണ്.

# 14

# സംസ്കാരം

അബ്ദുറഹിമാൻനഗർഗ്രാമപഞ്ചായത്ത് സ്വാതന്ത്ര്യസമരപോരാളിയും ധീരദേശാഭിമാനിയുമായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ നാമധേയത്തിൽ അറിയപ്പെടുന്ന എന്നുള്ളത് തന്നെ ഈ പ്രദേശത്തിന്റെ സാംസ്കാരിക മഹത്വം വിളിച്ചോതുന്നു. ഓത്തുപള്ളിക്കൂടങ്ങളിലൂടെയും എഴുത്ത്പള്ളിക്കൂടങ്ങളിലൂടെയും പള്ളിദർസുകളിലൂടെയുമുള്ള വിദ്യാഭ്യാസത്തിലൂടെ ജനങ്ങളെ അറിവുള്ളവരും സംസ്കാര സമ്പന്നരുമാക്കുന്നതിന് സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ ഈ പ്രദേശത്ത് ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഇതുകൊണ്ടുതന്നെ അദ്ധ്വാനശീലം, ദാനശീലം, ആതിഥ്യശീലം, സഹജീവിസ്നേഹം എന്നീ മേഖലകളിൽ ഈ ഗ്രാമവാസികൾ, മാതൃകാജീവിതമാണ് നയിച്ചുപോന്നിരുന്നത്. എന്നാൽ ആധുനികതയുടെയും പരിഷ്കാരത്തിന്റെയും ഈ കാലഘട്ടത്തിൽ മഹത്തായ ഈ സംസ്കാരങ്ങൾക്ക് കോട്ടം സംഭവിച്ചോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആദ്യകാലഘട്ടങ്ങളിൽ കാളപൂട്ട് കണ്ടങ്ങളിലും അമ്പലങ്ങളിലെ ഉത്സവങ്ങളിലും കളിയാട്ടങ്ങളിലും പള്ളികളിലെ നേർച്ചകളിലും മററും പുലരുവോളം എല്ലാ വിഭാഗം ജനങ്ങളും ആത്മാർത്ഥമായ സൗഹാർദ്ദത്തോടെ പങ്കെടുത്തിരുന്നു എന്നുള്ളത് ഇവിടത്തെ മതസൗഹാർദ്ദത്തെ സൂചിപ്പിക്കുന്നു. ബഹുഭൂരിപക്ഷം കർഷകരും, കൃഷിപണിക്കാരായിരുന്ന ഗ്രാമീണരുടെ ഏററവും വലിയ ഉത്സവം കാളപൂട്ടുമത്സരമായിരുന്നു. കോൽക്കളി, വായ്പാട്ട്, ചവിട്ടുകളി, കാറകളി എന്നിവയും ആദ്യകാലത്ത് ജനങ്ങളുടെ പ്രിയപ്പെട്ട വിനോദ ഇനങ്ങളായിരുന്നു.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് ഈ ഗ്രാമത്തിന്റെ പലഭാഗങ്ങളിലായി അന്നത്തെ വിദ്യാഭ്യാസ തല്പരരായ ആളുകൾ സ്ഥാപിച്ച അനൗപചാരിക വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളാണ് പിൽക്കാലത്ത് ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി മാറിയത്. ഔപചാരിക വിദ്യാഭ്യാസം സ്കൂളുകൾ വഴി പഞ്ചായത്തിൽ എത്തുന്നതിന് മുമ്പ് ജനങ്ങൾ, വിദ്യാഭ്യാസത്തിനായി തിരൂരങ്ങാടി പരപ്പനങ്ങാടി, മലപ്പുറം തുടങ്ങിയ സ്ഥലങ്ങളെയാണ് ആശ്രയിച്ചിരുന്നത്.

അബ്ദുറഹിമാൻ നഗറിൽ ആദ്യമായി സ്ഥാപിച്ച ലൈബ്രറിയായ പോപ്പുലർ ലൈബ്രറി ആൻറ് റീഡിംഗ് റൂം പ്രവർത്തന മാന്ദ്യത്തിലായിരുന്നുവെങ്കിലും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കമ്മററി ഈ ലൈബ്രറിയുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. 1974ൽ സ്ഥാപിച്ച ഇരുമ്പുചോല ബാഹലിതങ്ങൾ സ്മാരക ലൈബ്രറി ആൻറ് വായനശാല സജീവമായി പ്രവർത്തിക്കുന്നുണ്ട് ഇരുമ്പുചോല മാപ്പിള കലാവേദി, ജനവിദ്യാകേന്ദ്രം എന്നിവയും ഈ ലൈബ്രറിയോടു ചേർന്ന് പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ഗ്രന്ഥശാലകളെയും വായനശാലകളെയും സംബന്ധിച്ച് വിവരങ്ങൾ പട്ടിക. സി. 1 ൽ ചേർത്തിട്ടുണ്ട്.

1979 മുതൽ 1989വരെയുള്ള കാലഘട്ടത്തിൽ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വായനാശാലകൾ സ്ഥാ

പിച്ചിരുന്നു. പ്രധാന ദിനപത്രങ്ങളെല്ലാം ഈ വായനശാലകളിലുണ്ടായിരുന്നു. വായനശാലകാംക്കു വേണ്ട കെട്ടിട സൗകര്യങ്ങാം നാട്ടുകാർ സൗജന്യമായി ഏർപ്പെടുത്തി കൊടുത്തിരുന്നു. പഞ്ചായത്ത് സ്ഥാപിച്ച വായനശാലകളിൽ പഞ്ചായത്ത് ഓഫീസ് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന വായനശാലമാത്രമെ ഇപ്പോാം നിലനില്ക്കുന്നു ള്ളു. നാല് അംഗീകൃത ലൈബ്രറി ആൻറ് വായനശാലകാംക്ക് പഞ്ചായത്തുവക പ്രധാന ദിനപത്രങ്ങാം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ വിവിധ മതസാംസ്ക്കാരിക സംഘടനകളുടെ കീഴിൽ അനവധി പൊതുവായനശാലകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെകുറവാണ്. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ടി.വി സ്വാധീനം ഒരു പുതിയ ഉപഭോഗസംസ്ക്കാരം സൃഷ്ടിച്ചിരിക്കുന്നു. ജനങ്ങളുടെ പ്രത്യേകിച്ച് വിദ്യാർത്ഥികളുടെ വായനാസമയത്തിൻെറ വലിയൊരു പങ്ക് ടി. വി പരിപാടികാം അപഹരിക്കുന്നു. പഞ്ചായത്തിലെ നല്ലൊരു ശതമാനം ജനങ്ങളും ടി. വിയുടെ മായിക സ്വാധീനത്തിന് വിധേയരാകുന്നു. പഞ്ചായത്തിൻെറ വിവിധ വാർഡുകളലായി സാംസ്ക്കാരിക സംഘടനകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെടുന്ന വായനശാലകാം പലതും സാമ്പത്തിക ബുദ്ധിമുട്ടുകാം നേരിടുകയാണ്. ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടവയ്ക്ക് നാമമാത്രമായ ഗ്രാൻറ് ലഭിക്കുന്നുണ്ടെങ്കിലും മററുള്ളവ ഗുണഭോക്താക്കളിൽ നിന്നുലഭിക്കുന്ന വരുമാനം കൊണ്ടുമാത്രം നിലനിന്നുവരികയാണ്. പുസ്തകങ്ങളുടെ വിലയിലുണ്ടായ വർദ്ധനവ് പുതിയ പുസ്തകങ്ങാം ശേഖരിക്കുന്നതിന് തടസ്സമാവുകയും ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ തള്ളിക്കയററം വായനാശീലത്തിൽ മാന്ദ്യം സൃഷ്ടിച്ചിരിക്കുന്നു എന്നതു ഗ്രന്ഥാലയങ്ങളുടെയും വാനയശാലകളുടെയും പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്നു.

പഞ്ചായത്തിലെ 8ാം വാർഡിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുന്നതിന് പ്രാഥമിക നടപടികാം നടന്നിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അതിൻെറ പ്രവൃത്തി നടക്കുകയുണ്ടായില്ല.

ഗ്രന്ഥശാല, വായനശാല ആവശ്യങ്ങാംക്ക് പഞ്ചായത്ത് 1995-96 വർഷത്തിൽ ചെലവഴിച്ചത് 10342/- രൂപയാണ്.

മതസാംസ്ക്കാരിക മേഖലകളിൽ ഒട്ടേറെ വ്യക്തിമുദ്രകാം പതിപ്പിച്ച കേരളത്തിനകത്തും പുറത്തും അറിയപ്പെടുന്ന മതപണ്ഡിതനും ഭക്തനുമായിരുന്ന ഖുത്തബിമുഹമ്മദ് മുസ്ല്യാർ ഈ പഞ്ചായത്തിൻെറ സന്തതിയാണ്.

## ഗ്രന്ഥശാലകളും വായനശാലകളും പ്രധാനമായും നേരിടുന്ന പ്രശ്നങ്ങാം

1. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലായ്മ. സ്വന്തം കെട്ടിടം ഇല്ലാത്തതിനാൽ ഗ്രന്ഥശാലകളും വായനശാലകളും ഇടയ്ക്കിടെ സ്ഥലം മാറേണ്ടിവരുന്നു. സാധാരണക്കാർക്കും നവസാക്ഷരർക്കും ലൈബ്രറിവേണ്ട രൂപത്തിൽ ഉപയോഗപ്പെടുത്താൻ കഴിയാതെ വരുന്നു.
2. ഗ്രാൻറുകാം യഥാസമയം ലഭിക്കുന്നില്ല.
3. ടി. വി. സിനിമ എന്നിവയുടെ അതിപ്രസരം മൂലം വായനാശീലം കുറഞ്ഞുവരുന്നു. തന്മൂലം ലൈബ്രറികാം വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ ജനങ്ങാം വിമുഖരാകുന്നു.
4. മിക്ക വാർഡുകളിലും വായനശാലകാം ഇല്ല
5. സ്കൂളുകളിലെ ലൈബ്രറി സൗകര്യം പരിമിതമാണ്.
6. സ്കൂളുകളിൽ കലാ-കായിക പ്രവർത്തനങ്ങാംക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

## പരിഹാരമാർഗ്ഗങ്ങാം:-

1. എല്ലാ ഗ്രന്ഥശാല/വായനശാലകാംക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിന് പഞ്ചായത്തിൻെറ സഹായം ലഭ്യമാക്കുക.
2. ഗ്രാൻറുകാം യഥാസമയം ലഭ്യമാക്കുക.
3. എല്ലാ ഗ്രന്ഥശാല/വായനശാലകളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന ചെയ്യുക.
4. വായനക്കാരുടെ താല്പര്യം അനുസരിച്ചുള്ള നല്ല പുസ്തകങ്ങാം ലഭ്യമാക്കുക. ലൈബ്രേറിയന്മാർക്ക് പരിശീലനം നല്കുക.
5. പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും വായനശാലകാം സ്ഥാപിക്കുക.
6. പാഠ്യേതര വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സ്കൂളുകളിലും ആവശ്യമായ ലൈബ്രറി സൗകര്യം ഏർപ്പെടുത്തുക.
7. പഞ്ചായത്തിന് സ്വന്തമായി ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

### പഞ്ചായത്തിലെ ഗ്രന്ഥശാല/വായനശാലകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെചേർക്കുന്നു

| ക്രമ നമ്പർ | വാർഡ് നമ്പർ | ഗ്രന്ഥശാല/വായനശാലയുടെ പേര് | സ്ഥാപന വർഷം | അംഗീകാരം ലഭിച്ചിട്ടുണ്ടോ | പുസ്തകങ്ങളുടെ എണ്ണം | പത്രങ്ങളുടെ എണ്ണം | പ്രധാനപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | 3 | ബാഫഖിതങ്ങൾ സ്മാരക വായനശാല ആൻറ് ഗ്രന്ഥശാല ഇരുമ്പുചോല രജി:നമ്പർ 4 769/84 | 1974 | ഉണ്ട് | 2324 | 3 | ശാസ്ത്ര-കലാസാഹിത്യ സാക്ഷരതാ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു |
| 2. | 4 | ടിപ്പുസുൽത്താൻ സ്മാരക വായനശാല വി. കെ. പടി | 1995 | ഇല്ല | - | 2 | |
| 3. | 5 | പഞ്ചായത്ത് ഓഫീസ് വായനശാല | 1979 | - | | 3 | - |
| 4. | 7 | സി. എച്ച്. മുഹമ്മദ്കോയ സ്മാരക വായനശാല പുകയൂർ | - | ഇല്ല | | 2 | |
| 5. | 9 | പുതിയത്തുപുറായ വായനശാല | 1994 | - | - | - | |
| 6. | 11 | പോപ്പുലർ ലൈബ്രറി ആൻറ് റീഡിംഗ് റൂം എ. ആർ. നഗർ ബസാർ രജി: നമ്പർ 3251 | 1965 | ഉണ്ട് | 3100 | 2 | |

*അവലംബം: ദ്വിതീയ വിവരശേഖരണം.*

പട്ടിക C 2

### പഞ്ചായത്തിൽ നിലവിലുള്ള കലാ-സാംസ്ക്കാരിക/ സ്പോർട്സ് ക്ലബുകൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിൻെറ പേര് | പ്രധാനപ്രവർത്തനങ്ങൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | 1. | പി. പി. എം. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് മമ്പുറം | കലാസാഹിത്യരംഗങ്ങളിൽ താല്പര്യമുള്ളവർക്ക് പരിശീലനം നല്കുക. വളർന്നുവരുന്ന കലാകാരന്മാർക്ക് കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേദിയൊരുക്കുക. കായികരംഗത്തുള്ള പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക സാക്ഷരതാ സന്നദ്ധപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക |
| 2 | 3 | ദേശബന്ധു ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്. ഇരുമ്പുചോല | 1989ൽ രൂപീകരിച്ച ഈ ക്ലബ് 441/89 ാം നമ്പറായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാ വോളിബോൾ, അമേച്വർ അത്‌ലററിക്, കേരള കൺസ്യൂമർ എഡ്യൂക്കേഷൻ, നെഹ്റു യുവകേന്ദ്ര എന്നിവയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.. കലാ-സാഹിത്യരംഗങ്ങളിൽ താല്പര്യമുള്ളവരെ പങ്കെടുപ്പിച്ച് മത്സരങ്ങളും, കലോത്സവങ്ങളും നടത്തുക. 15 വയസ്സിന് താഴെയുള്ള കുട്ടികൾക്ക്വേണ്ടി വർഷം തോറും ചിത്രരചനാമത്സരം നടത്തുക. കൂടാതെ റിലീഫ് പ്രവ |

| | | | |
|---|---|---|---|
| | | | ർത്തനങ്ങാം, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ഇല്ലാതാക്കാനുള്ള സമഗ്രപദ്ധതികാം, ഒരു ഹെൽത്ത് അവയർനസ് യൂണിറ്റായും പ്രവർത്തിക്കുന്നു- ദേശബന്ധു മിനി മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. |
| 3 | 7 | പുകയൂർകലാസമിതി പുകയൂർ | കലാസാഹിത്യരംഗത്ത് താല്പര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹനം നല്കിവരുന്നു. |
| 4. | 9 | വിക്ടറി ആർട്സ് ആൻറ് സപോർട്സ് ക്ലബ്, പൊരിയേങ്ങിൽ | കലാരംഗത്തും, സ്പോർട്സ് രംഗത്തും വാസനയുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. |
| 5. | 10 | ഡൈമേസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്. കുന്നുംപുറം | കായിക-കലാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പ്രോത്സാഹനം നല്കുക. |
| 6. | 11 | ദോസ്താന ആർട്സ് ആൻറ് സ്പോർടസ് ക്ലബ്. കൊളപ്പുറം സൗത്ത് | കലാവാസനയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നു. മത്സരങ്ങളിൽ പങ്കെടുക്കുന്നു. സന്നദ്ധ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. |
| 7. | 5 | വി. എ. ആസാദ്സാഹിബ് സ്മാരക സാംസ്ക്കാരിക സമിതി. ചെണ്ടപുറായ | ഈ സാംസ്ക്കാരികസമിതി 1996 ജൂൺ 5 ാം തിയ്യതി 221/96ാം നമ്പറായി രജിസ്ററർ ചെയ്തു. വായനശാലകളും, ലൈബ്രറികളും, വിദ്യാഭ്യാസസ്ഥാപനങ്ങളും സ്ഥാപിക്കുക. നിരക്ഷരതാനിർമ്മാർജ്ജനത്തിനുള്ള പ്രായോഗിക പദ്ധതികാംനടപ്പിലാക്കുക. യുവാക്കളിലെകായികകലാ കഴിവുകാം<br>പരിപോഷിപ്പിക്കുക. സാമൂഹ്യതിന്മകാംക്കും, ദുരാചാരങ്ങാംക്കുമെതിരെ ബോധവൽക്കരണംനടത്തുക. മതമൈത്രിയും, സാഹോദര്യവും നിലനിർത്തുന്നതിന് പരിശ്രമിക്കുക. രക്തദാന, രക്തനിർണ്ണയ ക്യാമ്പുകാം നടത്തുക. വികസനകാര്യങ്ങളിൽ സന്നദ്ധപ്രവർത്തനങ്ങാം നടത്തുക. ദേശസേവ , ദേശസ്നേഹം, രാഷ്ട്ര അഖണ്ഡത എന്നീ ഉന്നതാശയങ്ങാം വളർത്തുക. സ്കോളർഷിപ്പുകാം അവാർഡുകാം എന്നിവ ഏർപ്പെടുത്തുക. സർക്കാറിൻെറ സാമൂഹ്യക്ഷേമപദ്ധതികാം പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ഉപഭോക്താക്കളെ സഹായിക്കുക. തൊഴിൽ പരിശീലന കേന്ദ്രങ്ങളും, ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തുക എന്നിവയാണ് സമിതി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങാം |
| 8 | 3 | മാപ്പിളകലാവേദി. ഇരുമ്പുചോല | കലാസാഹിത്യരംഗത്ത് താല്പര്യമുള്ളവർക്ക് വേദികാം ഒരുക്കുന്നു. കോൽക്കളി, ദഫ്മുട്ട്, ഒപ്പന, കൈകൊട്ടിക്കളി തിരുവാതിരക്കളി എന്നിവക്ക് പരിശീലനം നൽകുന്നു. |
| 9 | 3 | ജിദ്ദ-മുസ്ലീം വെൽഫെയർ കമ്മററി ഇരുമ്പുചോല. | സമൂഹത്തിലെ പാവപ്പെട്ടവരെ സഹായിക്കുന്നതിനുള്ള റിലീഫ് പ്രവർത്തനങ്ങാം, സ്വയം തൊഴിലുകാംക്കുള്ള സഹായം, വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് അവാർഡുകാം എന്നിവ നല്കുന്നു. |

## കായിക രംഗം

അബ്ദുറഹിമാൻനഗർ ഗ്രാമപഞ്ചായത്തു നിവാസികളിൽ ഏററവും കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുള്ള കളി ഫുട്ബോളാണ്. വോളി ബാാം, അത്ലററിക്സ് ഒക്കെ പ്രചാരത്തിലുണ്ടെങ്കിലും അവയ്ക്കൊന്നും ഗ്രാമവാസികളിൽ ഫുട്ബോളിൻെറ അത്ര പ്രചാരം ലഭിച്ചിട്ടില്ല. പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും നൽക്കാലത്ത് പാടശേഖരങ്ങളിലും, മററു തുറസ്സായ സ്ഥലങ്ങളിലും കായിക പ്രേമികളായ കുട്ടികാം പ്രാദേശിക തലത്തിൽ ഫുടബോാം മത്സരങ്ങാ നടത്താറുണ്ട്. സർക്കാർ നിർദ്ദേശം അനുസരിച്ച് ഈ പഞ്ചായത്ത് യുവജനമേള, കേരളോത്സവം, ഓണം സ്പോർട്സ് മുതലായവ നടത്താറുണ്ട്. ഈ മത്സരങ്ങളിലൊക്കെത്തന്നെ ഫുട്ബോാം ടീമുകളുടെ തള്ളിക്കയററം തന്നെ ഉണ്ടാകാറുണ്ട്. ഈ കായികപ്രേമികളുടെ അഭിരുചി മനസ്സിലാക്കിത്തന്നെയാണ് ഒരു ലക്ഷത്തിലേറെ രൂപ ചെലവഴിച്ച് പഞ്ചായത്ത് ഒരു മിനിസ്റ്റേഡിയം നിർമ്മിച്ചിട്ടുള്ളത്. ദൂരദർശൻ, ക്രിക്കററിന് നൽകുന്ന അമിത പ്രാധാന്യത്തിൻെറ ഫലമായി വളർന്നുവരുന്ന തലമുറയിൽ ക്രിക്കററ് ജ്വരമായി പടർന്നു പിടിച്ചിരിക്കുന്നു. അടുത്തകാലത്ത് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രാദേശികമായ ക്രിക്കററ് ടൂർണമെൻറുകാം സംഘടിപ്പിച്ചു വരുന്നുണ്ട്.

### പ്രശ്നങ്ങാം

1.കളിസ്ഥലങ്ങളുടെ അപര്യാപ്തത.
2.ശാസ്ത്രീയമായ പരിശീലനത്തിൻെറ കുറവ്
3.സ്പോർട്സ് സാമഗ്രികളുടെ വിലവർദ്ധനവ്
4.സ്കൂളുകളിൽ സ്പോർട്സിന് വേണ്ടത്ര പ്രോത്സാഹനം നൽകുന്നില്ല.
5.സ്കൂാം തലങ്ങളിൽ ഗെയിംസ് മത്സരങ്ങാം നടത്തുന്നില്ല

### പരിഹാരങ്ങാം

1.വാർഡ് തലങ്ങളിൽ കളിസ്ഥലങ്ങാം ഏർപ്പെടുത്തുക
2.വിദഗ്ധരായ പരിശീലകരുടെ സേവനം ലഭ്യമാക്കുക.
3.സ്കൂളുകളിൽ സ്പോർട്സ് ഉപകരണങ്ങളു, കളിസ്ഥലങ്ങളും ലഭ്യമാക്കുക.
4.സ്കൂാം തലങ്ങളിൽ ഗെയിംസ് മത്സരം നടത്തുക.
5.പഞ്ചായത്തു തലത്തിൽ പ്രാദേശിക മത്സരങ്ങാം സംഘടിപ്പിക്കുക.
6.പഞ്ചായത്ത് മിനിസ്റ്റേഡിയം വിപുലീകരിക്കുക.

# 15

# വിഭവസമാഹരണം

അബ്ദുറഹിമാൻ നഗർ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനവരുമാനം കൃഷിയിൽ നിന്നുള്ള ആദായമാണ്. കാർഷിക മേഖലയിലുള്ള ഏതൊരു പ്രതിസന്ധിയും പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു. പാവപ്പെട്ട നാമമാത്രകർഷകരും കൃഷിപ്പണിക്കാരുമാണ് ബഹുഭൂരിപക്ഷം ജനങ്ങളും.

പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ പ്രവർത്തിക്കുന്ന വൻകിട ഇടത്തരം വ്യവസായങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല പഞ്ചായത്തിലെ 1/3 ഭാഗം കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി നിയന്ത്രിക്കുന്നത് വിദേശത്ത് ജോലിചെയ്യുന്നവരെ ആശ്രയിച്ചാണ്. അതുകൊണ്ട്തന്നെ വിദേശ രാജ്യങ്ങളിൽ അനുദിനം ഉണ്ടായികൊണ്ടിരിക്കുന്ന തൊഴിൽ രംഗത്തെ പ്രതിസന്ധി ഈ പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതിയെ കാര്യമായി ബാധിക്കുന്നു.

നമ്മുടെ പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങൾ വിനോദനികുതി, കെട്ടിടനികുതി, തൊഴിൽകരം എന്നിവയാണ്. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് പ്രധാനമായും ആശ്രയിക്കുന്നത് സർക്കാർ സഹായത്തെയാണ്. 1995-96ലെ പഞ്ചായത്തിലെ പ്രധാനവരുമാനമാർഗത്തെ കാണിക്കുന്ന ഒരു പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

**വരുമാനം സംബന്ധിച്ച വിവരം 95-96**

| ക്രമ നമ്പർ | ഇനം | (ഗ്രാൻറ് ഒഴികെ) സംഖ്യ |
|---|---|---|
| 1. | വിനോദനികുതി | 3,45,887.50 |
| 2. | കെട്ടിട നികുതി | 1,99,564.65 |
| 3. | തൊഴിൽകരം | 95,060.00 |
| 4. | ലൈസൻസ് ഫീസ് | 7,281.75 |
| 5. | വസ്തുകൈമാററ നികുതി | 1,29,307.00 |
| 6. | മററുവരുമാനം | 31,668.00 |
| 7. | ഡെപ്പോസിറ്റ് | 66,555.00 |
| | ആകെ | 8,75,323.90 |

*അവലംബം: ദ്വിതീയ വിവര ശേഖരണം*

1995-96 വർഷത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാൻറ് വിവരം താഴെ കാണിക്കുന്നു.

| ക്രമ നമ്പർ | ഇനം | സംഖ്യ |
|---|---|---|
| 1. | വില്ലേജ് റോഡ് മെയിൻറനൻസ് | 27,650.00 |

| | | |
|---|---|---|
| 2. | മൈനർ ഇറിഗേഷൻ | 3149.00 |
| 3. | വെഹിക്കിൾടാക്സ് കോമ്പൻസേഷൻ | 2,38,448.00 |
| 4. | അടിസ്ഥാന നികുതി 25% | 23,844.00 |
| 5. | ജവഹർ റോസ്ഗർയോജന (ജെ. ആർ. വൈ) | 2,61,582.00 |
| 6. | അൺടൈഡ് ഫണ്ട് | 3,15,000.00 |
| | ആകെ | 8,69,673.00 |

*അവലംബം: ദ്വിതീയ വിവരശേഖരണം.*

കഴിഞ്ഞ നാല് തുടർച്ചയായ സാമ്പത്തിക വർഷങ്ങളിൽ നികുതിയിനത്തിൽ 100% പിരിവു നടന്നു എന്നുള്ളത് അഭിനന്ദനാർഹമാണ്.

പൊതുമരാമത്ത് ജോലികൾക്കാണ് പഞ്ചായത്തിൻെറ വരുമാനം ഏറിയ പങ്കും ചെലവഴിച്ചിട്ടുള്ളത്. തന്മൂലം ക്ഷേമ പ്രവർത്തനങ്ങൾ വേണ്ടത്ര ഏറ്റെടുത്ത് നടത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്തിൻെറ പ്രധാന ചെലവുകളെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

**ചെലവു സംബന്ധിച്ച പട്ടിക 1995-96**

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1. | ഭരണം | 4,84902.00 |
| 2. | പൊതുമരാമത്ത് | |
| | ഗ്രാൻറ് തുക | 682722.00 |
| | പഞ്ചായത്ത് ഫണ്ട് | 426363.00 |
| 3. | വിദ്യാഭ്യാസം | 25960.00 |
| 4. | ജലവിതരണം, | |
| | പൊതുജനാരോഗ്യം | 6974.75 |
| 5. | തെരുവുവിളക്കുകൾ | 40,939.00 |
| 6. | മററുള്ളവ | 100677.15 |
| | ആകെ | 1768537.90 |

## പഞ്ചായത്തിലെ പ്രധാന ധനകാര്യസ്ഥാപനങ്ങൾ:

### 1.സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്: എ. ആർ. നഗർ

ഏററവും അടുത്തു ലഭിച്ച കണക്കുകൾ അനുസരിച്ച് 104 ലക്ഷം രൂപ ഡെപ്പോസിററും 96 ലക്ഷം രൂപ വായ്പാ നീക്കിയിരിപ്പുമായി ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. വായ്പകളിൽ 50% ഗോൾഡ് ലോണാണ്. ദീർഘകാല വായ്പകൾ കുറവാണ്. കാർഷിക രംഗത്തെ വിവിധ പരിപാടികൾക്ക് വായ്പ നൽകുന്നതിന് ബാങ്ക് തയ്യാറാണെങ്കിലും ഈ രംഗത്ത് ആവശ്യക്കാരുടെ ദൗർലഭ്യം ഉണ്ട്. നടപടി ക്രമങ്ങൾ ലഘൂകരിച്ചാൽ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കാൻ സാധിക്കും.

### 2.കാനറാബാങ്ക് കുന്നുംപുറം

ഏകദേശം 5 വർഷത്തോളമായി കുന്നുംപുറത്ത് പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൻെറ ഡെപ്പോസിററ് ഏകദേശം രണ്ട് കോടിയോളം വരും. എന്നാൽ വായ്പ ഒരു കോടി രൂപയ്ക്ക് താഴെയാണ്. കാർഷിക, സ്വയം തൊഴിൽ പദ്ധതികൾക്ക് ഇവിടെ നിന്നും വായ്പ ലഭ്യമാണ്.

### 3. അബ്ദുറഹിമാൻ നഗർ സർവ്വീസ് സഹകരണ ബാങ്ക്

ഏകദേശം നാലുകോടി രൂപയോളം ഡെപ്പോസിറ്റും അത്ര തന്നെ വായ്പാ നീക്കിയിരിപ്പുമുള്ള ഈ സ്ഥാപനത്തിന് കുന്നുംപുറത്ത് ഒരു ബ്രാഞ്ചും ഉണ്ട്.

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ മററു ജനവാസകേന്ദ്രങ്ങളായ മമ്പുറം, പുകയൂർ, കൊളപ്പുറം എന്നീ പ്രദേശങ്ങളിൽ ബാങ്കിംഗ് സ്ഥാപനങ്ങൾ ഒന്നും ഇല്ല. സർവ്വീസ് സഹകരണ ബാങ്കിൻെറ ഓരോ ശാഖകൾ ഈ പ്രദേശങ്ങളിൽ ആരംഭിക്കാവുന്നതാണ്.

**കഴിഞ്ഞ അഞ്ചുവർഷത്തെ പഞ്ചായത്ത് വരുമാന വിവരപ്പട്ടിക (1991-96)**

| ക്രമ നമ്പർ | ഇനം | 1991-92 | 1992-93 | 193-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1. | കെട്ടിടനികുതി | 1,26,935.27 | 47,884.34 | 2,92233.03 | 1,83734.55 | 1,99,564.65 |
| 2. | തൊഴിൽക്കരം | 43,232.00 | 40,820.00 | 59,600.00 | 80,265.00 | 95,060.00 |
| 3. | വിനോദനികുതി | 1,85,029.50 | 95,292.30 | 2,61290.75 | 3,06,590.25 | 3,45,887.50 |
| 4. | വസ്തുകൈമാററ നികുതി | 1,92,664.00 | 2,35,791.00 | 3,48371.00 | 2,84540.00 | 1,29,307.00 |
| 5. | ഡെപ്പോസിററ് | 32,760.15 | 43,715.00 | 49,205.75 | 76,976.90 | 66,555.00 |

| | | | | | | |
|---|---|---|---|---|---|---|
| 6. | ഗവ: ഗ്രാൻറ് ആൻറ് കോൺട്രിബ്യൂഷൻ | 1,25,680.00 | 65,272.00 | 1,73824.00 | 56,144.00 | 2,93,091.00 |
| 7. | അൺടൈഡ് ഫണ്ട് | 2,00,437.00 | 2,10100.00 | 2,19,800.00 | 3,04,500.00 | 3,15,000.00 |
| 8. | മററുവരുമാനം | 31,876.93 | 36,342.00 | 25,541.32 | 49,658.40 | 31,668.00 |
| 9. | ലൈസൻസ് ഫീസ് | 5197.00 | - | 6605.00 | 6535.00 | 7281.75 |
| 10. | ജവഹർ റോസ്ഗാർ യോജന (ജെ. ആർ. വൈ) | 3,48,100.00 | 3,22,100.00 | 3,87,100.00 | 1,88728.00 | 3,42,124.00 |

*അവലംബം: ദ്വിതീയ വിഭവശേഖരണം*

**അഞ്ച് വർഷത്തെ പഞ്ചായത്ത് ചെലവ് വിവരപ്പട്ടിക**

| ക്രമ നമ്പർ | ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1. | ഭരണം | 3,18,960.70 | 2,92,618.75 | 3,58826.85 | 4,50983.95 | 4,84902.00 |
| 2. | പൊതുമരാമത്ത് | 3,80,364.00 | 6,69,199.00 | 5,94172.00 | 1096866.00 | 1109085.00 |
| 3. | വിദ്യാഭ്യാസം | 6842.00 | 12386.00 | 8145.50 | 8838.35 | 25960.00 |
| 4. | ജലവിതരണം ഓടകൾ | 4476.00 | 15,378.00 | 19871.50 | 51525.00 | 6974.75 |
| 5. | പൊതുജനാരോഗ്യം | 250.00 | 243.00 | | | |
| 6. | തെരുവ് വിളക്കുകൾ | 9828.80 | 11670.00 | 43944.00 | 81484.00 | 40939.00 |
| 7. | മററുള്ളവ | 87116.20 | 83466.38 | 1,14,877.10 | 1,43,328.80 | 1,00677.00 |

*അവലംബം: ദ്വിതീയ വിവരശേഖരണം.*

കൂടാതെ ഗ്രാമീണ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിൽ ഗണനീയമായ പങ്ക് വഹിക്കുന്ന ആറു മഹിളാപ്രധാൻ ഏജൻറുമാർ പോസ്റ്റ് ഓഫീസ് കേന്ദ്രമായി പ്രവർത്തിക്കുന്നു.

## നിർദ്ദേശങ്ങൾ

1. എല്ലാ വിഭാഗം തൊഴിലാളികളും ഇന്ന് തൊഴിൽ നികുതി നൽകുന്നില്ല. അത്കൊണ്ട് ജോലി എടുക്കുന്ന എല്ലാ വിഭാഗത്തിൽപ്പെട്ടവരെയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. അസംഘടിത മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ശരിയായ വിവരം പഞ്ചായത്തിൽ ഇന്ന് ലഭ്യമല്ല. ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യാനുള്ള ഒരു മാനദണ്ഡം പഞ്ചായത്തിൽ തൊഴിൽ കരം അടച്ചിരിക്കണം എന്നതാക്കാവുന്നതാണ്. ഈ നിബന്ധന വെച്ച് എല്ലാ തൊഴിലാളികളേയും പഞ്ചായത്തിൻെറ വികസനത്തിൽ പങ്കാളികളാക്കാം.
2. പഞ്ചായത്തിലെ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കുന്ന റവന്യ ടാക്സിൻെറ അമ്പത് ശതമാനം പഞ്ചായത്തുകൾക്ക് ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്.
3. പഞ്ചായത്തിലെ പ്രധാന സെൻററുകളായ കൊളപ്പുറം, കുന്നുംപുറം, വി. കെ. പടി, എന്നീ സ്ഥലങ്ങളിൽ ടാക്സി സ്റ്റാൻറുകൾ, കംഫർട്ട് സ്റേറഷൻ എന്നിവ ഏർപ്പെടുത്തി വാഹനമുടമകളിൽ നിന്നും ഹാൾട്ടിംഗ് ടാക്സ് ഈടാക്കാവുന്നതാണ്.
4. പഞ്ചായത്ത് വക ഓഡിറ്റോറിയം നിർമ്മിച്ച് വാടകക്ക് നൽകാവുന്നതാണ്.
5. വികസന പ്രവർത്തനങ്ങൾ അതാത് വാർഡുകളിലെ ജനപങ്കാളിത്തത്തോടെ നടപ്പാക്കിയാൽ ചെലവുഗണ്യമായി കുറക്കുന്നതിനോടൊപ്പം ഗുണമേന്മയും ഉറപ്പുവരുത്താവുന്നതാണ്.
6. വിദേശത്ത് ജോലി ചെയ്യുന്ന ആളുകളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിച്ച് തൊഴിൽ സ്ഥാപനങ്ങൾ സ്ഥാപിക്കുകവഴി ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരെയും ഗ്രാമവികസനത്തിൽ പങ്കാളികളാക്കാവുന്നതാണ്.
7. വസ്തു കൈമാററ നികുതി ഇനത്തിൽ 1994 ഏപ്രിൽ ഒന്നു മുതൽ പഞ്ചായത്തിന് ലഭിക്കുവാനുള്ള തുക കുടിശ്ശിക ആയി കാണുന്നു. ഇത് യഥാസമയം ലഭ്യമാക്കാൻ നിലവിലുള്ള സംവിധാനം പര്യാപ്തമാണ് എന്ന് തോന്നുന്നില്ല. ആയതിനാൽ വസ്തു കൈമാററം രജിസ്റ്റർ ചെയ്ത ഉടനെ

കൈമാററ നികുതി പഞ്ചായത്തിൻെറ ട്രഷറി അക്കൗണ്ടിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

8. പഞ്ചായത്തിൽ വളരെ ആർഭാട പൂർവ്വം നടത്തുന്ന വിവാഹങ്ങൾക്ക് പ്രത്യേകം നികുതി ചുമത്താവുന്നതാണ്.

9. സ്വന്തമായി പണം അടക്കാൻ തയ്യാറുള്ളവർക്ക് ശുദ്ധജലവിതരണത്തിനുള്ള പൈപ്പ്ലൈൻ നീട്ടി ടാപ്പ് ഇട്ട് കൊടുക്കാവുന്നതാണ്.

10. പൊതുടാപ്പുകൾ കേടാവുന്നത് നന്നാക്കുന്നതിനുള്ള ചെലവിൻെറ ഒരു ഭാഗം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാവുന്നതാണ്.

11. പ്രവർത്തനക്ഷമമല്ലാത്ത തെരുവുവിളക്കുകൾക്ക് പണം അടക്കാതിരിക്കാൻ മീററർ സംവിധാനം ഏർപ്പെടുത്തുകയും ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ബില്ലടക്കുന്ന സംവിധാനം വരുത്തുകയും ചെയ്താൽ ഈ ഇനത്തിലുള്ള ചെലവ് ചുരുക്കാവുന്നതാണ്.

12. അന്യരുടെ കൈവശമുള്ള പുറമ്പോക്ക് ഭൂമികൾ നിയമ പ്രകാരം വീണ്ടെടുക്കാനുള്ള ശ്രമം പഞ്ചായത്ത് നടത്തേണ്ടതാണ്.

13. വളരെ ആഡംബരപൂർവ്വം നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് 'വീടുകൾക്ക് പ്രത്യേക നികുതി ചുമത്താവുന്നതാണ്.

14. കുന്നുംപുറം പ്രൈമറി ഹെൽത്ത് സെൻററിനോട് ചേർന്ന് ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു ഷോപ്പിംഗ്കോംപ്ലക്സ് നിർമ്മിച്ച് വാടകക്ക് നൽകാവുന്നതാണ്.

വിഭവസമാഹരണം പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന പരമപ്രധാനമായ ഒരു ഘടകമാണ്. പഞ്ചായത്തിൻെറ നിലവിലുള്ള ധനാഗമമാർഗങ്ങളും നൂതനമായ വിഭവസമാഹരണ പ്രവർത്തനങ്ങളും, ബാങ്കുകളിലൂടെയുള്ള നിക്ഷേപവർദ്ധനയും കാര്യക്ഷമമാക്കിയാൽ വിഭവസമാഹരണ രംഗത്ത് പുതിയ കാൽവെപ്പ് നടത്താൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.



പഞ്ചായത്ത് വികസനസമിതിഅംഗങ്ങൾ MLA യോടും CDS ഉദ്യോഗസ്ഥരോടുമൊപ്പം

# ഉപസംഹാരം

വികസനത്തോടുള്ള സമീപനം അശാസ്ത്രീയമായതിനാൽ ഇന്നത്തെ വികസനം ജനവിരുദ്ധമായി തീർന്നിരിക്കുന്നു. വികസനത്തിൻെറ പൂർണ്ണത കേവലം റോഡിലോ, പാലത്തിലോ, കോൺക്രീറ്റുകെട്ടിടത്തിലോ ഒതുങ്ങുന്നില്ല. വികസനതന്ത്രം മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നാടിൻെറയും അതുവഴി ജനതയുടെയും നന്മ ലക്ഷ്യമാക്കി നാളിതുവരെ പിന്തുടർന്നുവന്ന പദ്ധതി ആവിഷ്ക്കരണ പരിപാടികൾ തീർത്തും വികലമായിരുന്നു. അതുകൊണ്ട് തന്നെ ക്ഷേമപ്രവർത്തനങ്ങളും പദ്ധതികളും വേണ്ട വിധത്തിൽ ഉപയോഗപ്രദമാകാതെ കോടിക്കണക്കിന് വരുന്ന നികുതിപ്പണം പാഴായിപ്പോയി എന്നുതന്നെ പറയാം. അതിൽ നിന്നെല്ലാം വ്യത്യസ്തമായി പദ്ധതി ആവിഷ്ക്കരണത്തിന് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടി കാലോചിതമായി തീർന്നിരിക്കുകയാണ്. കാർഷിക-വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ വികസനം ത്വരിതമാക്കുന്ന പ്രവർത്തനങ്ങളാണ് ഇന്ന് ആവശ്യം.

വളരെ കാലമായി കാത്തിരുന്ന ഒരു പരിവർത്തനമാണ് ജനങ്ങൾ ഉത്തരവാദിത്വത്തോടെ അധികാരം ഏറ്റെടുക്കണമെന്നുള്ളത്. ഡിപ്പാർട്ടുമെൻറലിസം തീരണമെങ്കിൽ രാജ്യവാസികളുടെയും വകുപ്പുകളുടെയും ഇടയിൽ പടുത്തുയർത്തിയിട്ടുള്ള ബ്യൂറോക്രസിയുടെ കനത്ത കോട്ടകൾ തകരണം. താൻകൂടിയാണ് സർക്കാർ എന്ന് ഓരോ പൗരനും വിശ്വാസം വരണം. വ്യവസായമേഖല മുരടിക്കുന്നതിന് കാരണം ബ്യൂറോക്രസിയാണ്. വ്യവസായത്തിൻെറ ആയോജനം ഉപഭോക്താക്കളുടെയും ഉൽപ്പാദകരുടെയും സഹകരണത്തോടെ ആവിഷ്ക്കരിക്കണം. വ്യവസായത്തിൻെറ ലക്ഷ്യം ലാഭനഷ്ടം മാത്രമായിരിക്കരുത്. ഉപഭോക്താക്കളിൽ അഭിരുചി വളർത്താനും അനാരോഗ്യകരമായ ഭ്രമം വളർത്താതിരിക്കാനും ഉൽപ്പാദകർ ശ്രദ്ധിക്കണം.

വികസനം സാധ്യമാകണമെങ്കിൽ ഫണ്ട് അനിവാര്യമാണ്. നാടിൻെറ വികസനത്തിന് തൻെറ കൂടി സേവനം ആവശ്യമാണെന്ന ബോധം ജനങ്ങളിലുണ്ടാക്കികൊണ്ടുള്ള ഫണ്ട് ശേഖരണമാണ് അഭികാമ്യം. സർക്കാരേതര ഏജൻസികളെ കണ്ടെത്തി പററിയ പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കാൻ വിഷമമില്ല.

മുൻഗണനാ ക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കുവാനുള്ള പ്രതിബദ്ധത പഞ്ചായത്തുകൾക്കുണ്ടാകണം. ആസൂത്രണം അർത്ഥവത്താകുന്നത് വികസനോപാധികളെ ഫലപ്രദമായി ഉപയോഗിക്കുമ്പോഴാണ്. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണനകൾ നിർണയിക്കാൻ. എല്ലാതരം വിഭവങ്ങളും ഉപയോഗപ്പെടുത്തി, ചരിത്രപരമായ സാഹചര്യബന്ധങ്ങളെ വിശകലനം ചെയ്ത്, പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്തിയെടുക്കാൻ കഴിയണം. എങ്കിൽ മാത്രമേ ജനകീയാസൂത്രണ പദ്ധതി വിജയസോപാനത്തിലെത്തുകയുള്ളു.

ജനകീയാസൂത്രണം, ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല, മറിച്ച് ജനോപകാരപ്രദമായ ജനകീയ പദ്ധതികൾ, ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്. ആസൂത്രണം അടിത്തട്ടിൽ നിന്നും മേൽപ്പോട്ടാവുന്നത് മൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസന മുന്നേറ്റം നേടാനാവുന്നത്.

അധികാരം ജനങ്ങളിലേക്ക് എന്ന മഹത്തായ പ്രതീക്ഷ നിറവേറ്റാൻ സമീപഭാവിയിൽ തന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ 'സമഗ്രവികസന രേഖ' നമ്മുടെ ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും, ചർച്ചക്കും, പരിഷ്കരണത്തിനും വേണ്ടി.....

**പി. എം. ഹബീബുള്ള**
**പ്രസിഡണ്ട്**
**അബ്ദുറഹിമാൻനഗർ ഗ്രാമപഞ്ചായത്ത്**

# റിപ്പോർട്ട് ക്രോഡീകരണത്തിന് സഹായിച്ചവർ:

ഡോ. കെ. നാരായണൻ
കെ. ബാലകൃഷ്ണൻ മാസ്റ്റർ
എ. മൊയ്തീൻകുട്ടി
കെ. അബ്ദുറഹിമാൻ മാസ്റ്റർ
അനിൽകുമാർ നെച്ചിപ്പൊയിൽ
കെ. ഗോപാലകൃഷ്ണൻ നായർ
ലില്ലിതോമസ്
ടി. ഉമ്മർ മാസ്റ്റർ
ജയരാജൻ വാരിയങ്ങാട്ടിൽ
കെ. ഭാസ്കരൻ മാസ്റ്റർ
കെ. ഉണ്ണികൃഷ്ണൻ
കെ. ടി. കമ്മുമാസ്റ്റർ
സുധീർ വാരിയങ്ങാട്ടിൽ

123

# സമഗ്ര ഗ്രാമവികസനം

○ സമഗ്രഗ്രാമവികസനം നമ്മുടെ ലക്ഷ്യം
ഗ്രാമവികസനത്തിന് വിഭവം ആവശ്യം
വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല.

○ ഗ്രാമവികസനത്തിൻെറ ചാലകശക്തി
പഞ്ചായത്തുകളുടെ സമ്പത്താണ്.

○ വിഭവസമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക
പഞ്ചായത്തുകൾക്ക് നല്കേണ്ട വിവിധയിനം
നികുതികൾ, ഫീസുകൾ തുടങ്ങിയവ
യഥാസമയം നൽകുക.
അതുവഴി ഗ്രാമവികസനത്തിൽ പങ്കാളികളാവുക.

**ജനകീയാസൂത്രണ പ്രസ്ഥാനം**
**അബ്ദുറഹിമാൻ നഗർ**
**ഗ്രാമപഞ്ചായത്ത്.**

"സ്വന്തം രാജ്യത്തിന്റെ നിർമ്മി
തിയിൽ തങ്ങൾക്കും ഫലപ്രദമാ
യൊരു പങ്കുണ്ടെന്ന് പരമ
ദരിദ്രനുപോലും അനുഭവപ്പെടു
ന്നൊരു ഭാരതം, ഉയർന്ന വർഗ്ഗ
ക്കാരോ താഴ്ന്ന വർഗ്ഗക്കാരോ
ഇല്ലാത്തൊരു ഭാരതം, എല്ലാ
സമുദായങ്ങളും പരിപൂർണ്ണ
രഞ്ജിപ്പിൽ കഴിയുന്നൊരു
ഭാരതം കെട്ടിപ്പടുക്കുന്നതിനു
വേണ്ടി ഞാൻ പ്രവർത്തിക്കും"

- മഹാത്മാഗാന്ധി





# എടരിക്കോട് ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണം
# സമഗ്ര വികസനരേഖ

ഒമ്പതാം പദ്ധതി ജനകീയപദ്ധതി

# എടരിക്കോട് ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസനരേഖ

ഏല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടേയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ല താനും

–മഹാത്മഗാന്ധി


**എഡിറ്റർ**

അബ്ദുൽറഹിമാൻ പി

**എഡിറ്റോറിയൽ സ്റ്റാഫ്**

1. ശശിധരൻ ക്ലാരി
2. ബാലൻ. പി
3. യൂസഫ് തൈക്കാടൻ
4. വേലായുധൻ .എൻ
5. ഇഖ്റാമുൽ ഹഖ്. വി. ടി.
6. അലവി തയ്യിൽ
7. ഉസ്മാൻ .സി
8. പി.വി. പദ്മനാഭൻ നായർ

**കവർ :**

കബനി, കോട്ടക്കൽ

**ഡി.ടി.പി. & ലേഔട്ട് :**

ഗ്രാഫിക്സ് പോയിന്റ്, കോട്ടക്കൽ
ഫോൺ: 2233

**പ്രിന്റിംഗ്:**

ഡാറ്റാപ്രിൻറ്, കോഴിക്കോട്
ഫോൺ : 720827

138

## ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 7–8 |
| 2. | പഞ്ചായത്ത്; പൊതുവിവരണം | 9–9 |
| 3. | സാമൂഹ്യ–സാംസ്കാരിക ചരിത്രം | 10–13 |
| 4. | ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം | 14–15 |
| 5. | സാമൂഹിക–സാമ്പത്തിക മേഖലകൾ | |
| 5.1 | കൃഷിയും ജലസേചനവും | 16–22 |
| 5.2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 23–24 |
| 5.3 | വ്യവസായം | 25–26 |
| 5.4 | വിദ്യഭ്യാസം | 27–29 |
| 5.5 | കുടിവെള്ളവും പൊതുജനാരോഗ്യവും | 30–34 |
| 5.6 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 35–41 |
| 5.7 | പാർപ്പിടവും സാമൂഹ്യക്ഷേമവും | 42–44 |
| 5.8 | സംസ്ക്കാരം | 45–46 |
| 5.9 | വനിത | 47–50 |
| 5.10 | സഹകരണം | 51–52 |
| 5.11 | പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം | 53–55 |
| 5.12 | വിഭവസമാഹരണം | 56–57 |
| 6. | ഉപസംഹാരം | 58–59 |

139

## എടരിക്കോട് ഗ്രാമപഞ്ചായത്ത്
### ഭരണസമിതി



വി.ടി. ഇക്രാമുൽഹഖ് (പ്രസിഡന്റ്)



ടി. മുഹമ്മദാലി (വൈസ് പ്രസിഡന്റ്)



കണ്ണാടൻ മുഹമ്മതുഷാഫി (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)

| | |
|---|---|
| തയ്യിൽ അലവി | (അംഗം) |
| ഹനീഫ പുതുപ്പറമ്പ് | " |
| ചൂലൻ.സി | " |
| റോസിജോൺ | " |
| കെ.സരോജിനി | " |
| കെ.എം. അലവിക്കുട്ടി | " |
| വി.വിജയലക്ഷ്മി | " |
| പി. തിത്താച്ചു ടീച്ചർ | " |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | " |
| സി. വേലായുധൻ | " |

# 1 ആമുഖം

## 1947 ആഗസ്റ്റ് 15

ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ കെട്ടുകെട്ടിച്ച്, 'മതേതര ജനാധിപത്യ സോഷ്യലിസ്റ്റ്' രാഷ്ട്രമായി തീർന്നു. വിദേശിയർ കാർന്നുതിന്ന സമ്പദ്ഘടനയും ഭരണസംവിധാനവും നേരെയാക്കാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചു. പിന്നിട്ട 49 വർഷങ്ങൾ ! ഗ്രാമീണരുടെ അധികാരവും ഗ്രാമവികസനവും എന്ന മഹാത്മജിയുടെ സ്വപ്നം പൂവണിഞ്ഞില്ല. ഭരണം കയ്യാളിയവർ, 'ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട്, ജനങ്ങൾക്കുവേണ്ടി ഭരണം' നടത്തുന്നതിൽ വേണ്ടത്ര വിജയിച്ചില്ല. ജനാധിപത്യത്തിന് വോട്ടവകാശം എന്ന സമവാക്യം മാത്രമേയുള്ളൂ എന്ന നിലവന്നുചേർന്നു. പഞ്ചവത്സരപദ്ധതികൾ പലതും കഴിഞ്ഞിട്ടും, വികസനപ്രക്രിയയിൽ അടിസ്ഥാനമാകേണ്ടിയിരുന്ന ജനകീയസംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. ഇത്തരം ഒരു സാഹചര്യത്തിൽ, ഗ്രാമവികസനം സാക്ഷാത്കരിക്കപ്പെടാതെ, അപൂർണ്ണമായി നിലനിന്നുപോന്നു.

അധികാരം സാധാരണജനങ്ങളിൽ നിക്ഷിപ്തമാകണം; ആസൂത്രണം, ജനകീയാവശ്യങ്ങൾക്കുവേണ്ടിയാകണം. ഈയൊരുചിന്തയിൽനിന്നാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ആരംഭം. അധികാരവും, ആസൂത്രണവും താഴെതട്ടിൽനിന്നും മുകളിലേക്ക് ഒഴുകണം. ഒരുപദ്ധതിയുടെ 15%മോ, കൂടിയാൽ 35%മോ മാത്രമേ, ജനകീയാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനുള്ളു എന്ന അനുഭവം, ഇതുവരെയുണ്ടായിരുന്ന ആസൂത്രണത്തിന്റെയും വികസനത്തിന്റെയും രീതി മാറ്റാൻ, നമ്മെ പ്രേരിപ്പിക്കുന്നു. വരുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതി, ജനകീയാസൂത്രണ പ്രസ്ഥാനമായിട്ടാണം, ഇച്ഛാശക്തിയുള്ള ഒരുഭരണത്തിൻ കീഴിൽ കേരളം നടപ്പിലാക്കാൻ പോകുന്നത്.

'ആസൂത്രണം' എന്നത് വിഭവങ്ങളുടെ ലഭ്യതക്കനുസരിച്ച് മുൻഗണനാക്രമത്തിലുള്ള വിനിയോഗമാണ്. ത്വരിതവും സ്ഥായിയായതും നീതിയുക്തവുമായ പ്രക്രിയയാണ് 'വികസനം'. രണ്ടിലും ജാതി-മത- രാഷ്ട്രീയ ഭിന്നതകൾക്കതീതമായി തുല്യപങ്കാളിത്തം ഉറപ്പുവരുത്തുകയാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. ഇത് നമ്മുടെ വികസനചരിത്രത്തിന്റെ സുവർണ്ണരേഖയാണ്.

വികസനത്തിന്നാവശ്യമായ സമ്പത്തിന്റെ 40% പദ്ധതിവിഹിതമായി ഗ്രാമപഞ്ചായത്തുകളെ ഏല്പിക്കുവാൻ പോകുകയാണ്. ആസൂത്രണപ്രക്രിയയെ ത്വരിതപ്പെടുത്താനുള്ള വിഭവസമാഹരണശ്രമങ്ങൾ പലതാണ്; കേരളസർക്കാറിന്റെ ചിലപദ്ധതികൾ, കേന്ദ്രസർക്കാറിന്റെ ഫണ്ടുകൾ, അന്താരാഷ്ട്ര വിനിമയങ്ങളിലൂടെ ലഭിക്കുന്ന ധനസഹായങ്ങൾ, സന്നദ്ധസംഘടനകളിൽനിന്നു ലഭിക്കുന്ന വികസനഫണ്ടുകൾ, നികുതിവരുമാനത്തിൽനിന്നും ലഭിക്കുന്നത് എന്നിങ്ങനെ. എല്ലാറ്റിനും ഉപരിയായി ജനകീയശക്തിയും സമ്പത്തും ലക്ഷ്യസാക്ഷാത്കാരത്തിനായി, സംഭരിക്കപ്പെടണം.

എങ്കിൽ മാത്രമേ, കേരളത്തിന്റെയും നമ്മുടെ ഗ്രാമത്തിന്റേയും മുഖചരായ മാറ്റാനും, അഴിമതി രഹിതമായ ഒരു സമൂഹത്തെ വളർത്തിയെടുക്കാനും സാധിക്കുകയുള്ളു.

എടരിക്കോട് ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രക്രിയക്കുതുടക്കം കുറിക്കുന്നത്,

19-9-96 ഗ്രാമപഞ്ചായത്ത് ശില്പശാല

20-9-96 മുതൽ1-10-96 വരെ ഗ്രാമസഭകളുടെ യോഗം

ഏതുപ്രവർത്തനവും ഏറ്റെടുക്കാൻ തയ്യാറുള്ള, സേവനസന്നദ്ധതയുള്ള ജനതയുടെ കയ്യിൽ വികസനം, സുരക്ഷിതമാണ്. കർമ്മോത്സുകരായ യുവതിയുവാക്കളും, അനുഭവസമ്പത്തിലൂടെ, ഉപദേശം ചൊരിയാൻ പ്രാപ്തരായ പഴമക്കാരും, ഇവിടെയുണ്ട്. 'ഒത്തുപിടിച്ചാൽ മലയും പോരും' എന്ന പഴഞ്ചൊല്ലിന്റെ ഉൾക്കാഴ്ചയിൽ, ജനകീയാസൂത്രണത്തിന്റെ, വികസനത്തിന്റെ തേരുതെളിക്കാൻ, നമുക്കും ഒത്തൊരുമിക്കാം. ചുണ്ടിൽ മന്ത്രണം ചെയ്യുന്നത് 'വികസനം' ആയിരിക്കട്ടെ.

കേരളത്തിന്റെ വികസന ചരിത്രത്തിൽ നൂതനാധ്യായം കുറിച്ച ഇന്നത്തെ സർക്കാരിനൊപ്പം, എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി ദൃഢപ്രതിജ്ഞയെടുക്കാം. ജനകീയാവശ്യങ്ങൾക്കായി, ഒരുപ്രസ്ഥാനമായി, നാം മുന്നോട്ട് !



# 2 പഞ്ചായത്ത്: പൊതുവിതരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | എടരിക്കോട് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | തെന്നല, പെരുമണ്ണ വില്ലേജുകളുടെ ഭാഗങ്ങൾ |
| ബ്ലോക്ക് പഞ്ചായത്ത് | - | വേങ്ങര |
| താലൂക്ക് | - | തിരൂരങ്ങാടി, തിരൂർ |
| അസംബ്ലിമണ്ഡലം | - | താനൂർ |
| വിസ്തീർണ്ണം | - | 18.901 ചതുരശ്ര കി.മി |
| അതിരുകൾ | - | വടക്ക് - പെരുമ്പുഴയും പറപ്പൂർ പഞ്ചായത്തും കിഴക്ക് പറപ്പൂർ, കോട്ട ക്കൽ, മാറാക്കര പഞ്ചായത്തുകൾ<br>തെക്ക് - കല്പകഞ്ചേരി, വളവന്നൂർ പഞ്ചാ യത്തുകൾ, കുറുകത്താണി മുച്ചിക്കൽ ഫുട്പാത്ത്<br>പടിഞ്ഞാറ് - പൊന്മുണ്ടം പഞ്ചായത്ത്, കഞ്ഞിക്കുഴിങ്ങര ഫുട്പാത്ത്, മേലേ പാലച്ചിറമാട് ഫുട്പാത്ത്, പെരുമ്പഴതോട് |
| ജനസംഖ്യ | - | 28726 |
| പുരുഷൻ | - | 14673 |
| സ്ത്രീ | - | 14053 |
| ജനസാന്ദ്രത | - | 1354 |
| അക്ഷരാഭ്യാസമുള്ളവർ | - | 24315 |
| വാർഡുകളുടെ എണ്ണം | - | 11 |
| പ്രസിഡന്റിന്റെ പേര് | - | വി.ടി. ഇക്രാമുൻഹഖ് |
| വൈസ് പ്രസിഡന്റിന്റെ പേര് | - | ടി. മുഹമ്മദാലി |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | - | കണ്ണാടൻ മുഹമ്മതുഷാഫി |

# 3 സാമൂഹിക– സാംസ്ക്കാരിക ചരിത്രം

തികച്ചും ഒരു കാർഷികഗ്രാമമാണ് എടരിക്കോട്. ഒരുകാലത്ത് ഒഴിഞ്ഞുകിടന്നിരുന്ന 'എടാർകോട്' (വെളിപ്രദേശം) ആയിരുന്നു ഇത്.

രണ്ടുനൂറ്റാണ്ടുകൾക്കപ്പുറം ഈ പ്രദേശത്തിന്റെ ചരിത്രം ഏറെയൊന്നും അറിയാൻ കഴിവില്ല. 'മൈസൂർ സിംഹം' എന്നറിയപ്പെട്ടിരുന്ന, ടിപ്പുസുൽത്താൻ പടയോട്ടകാലത്ത് ഈ ദേശത്തുക്കൂടെ കടന്നുപോയിരുന്നതായി പറയപ്പെടുന്നു. പാലച്ചിറമാട് കാണുന്ന 'ടിപ്പുസുൽത്താൻ വഴി' ഇതിന്നൊരു തെളിവായി, പഴമക്കാർ ചൂണ്ടിക്കാണിക്കുന്നു. രാജാധികാരത്തിന്റെ നാളുകളിൽ, ഈ ഗ്രാമത്തിന്റെ പലദേശങ്ങളും കോട്ടക്കൽ സാമൂതിരി കോവിലകത്തിനധീനമായിരുന്നു. പില്ക്കാലത്ത് നാടുവാഴികളായ ജന്മി കുടുംബങ്ങൾ അധികാരവും ഭൂമിയും കയ്യടക്കി, ഇഷ്ടാനുസരണം വാണു. കോട്ടക്കൽ കിഴക്കേകോവിലകംതന്നെ നേരിട്ട് കൃഷി നടത്തിയിരുന്ന നിലങ്ങൾ ഉണ്ടായിരുന്നു. ചെറുശ്ശോല, തേയിഞ്ചേരി മൂസത് കുടുംബങ്ങൾക്കും ചെങ്കളം, മുല്ലശ്ശേരി തറവാടുകൾക്കും ഐവന്ത്രൻകാവ് ദേവസ്വത്തിനും ജന്മമായിതന്നെ കൃഷി ഉണ്ടായിരുന്നു. ഇവ അധികവും പാട്ടക്കാരുടെ കൈവശവുമായിരുന്നു.

എടരിക്കോട് ഉൾപ്പെടുന്ന ഈ പ്രദേശത്തിന് 'ക്ലാരി' എന്ന പേർ നിലനില്ക്കുന്നുണ്ട്. ആയുധപരിശീലനം നടത്തിയിരുന്ന 'കളരി'കൾ ഉണ്ടായിരുന്നിരിക്കണം. ചെറുശ്ശോലയിൽ, ഈ നൂറ്റാണ്ടിന്റെ ആരംഭം വരെ ഒരു 'കളരി' നിലനിന്നിരുന്നതായിട്ടാണ് കേൾവി. 'കളരി' എന്നവാക്കിന്റെ ഉച്ചാരണഭേദമായിരിക്കണം 'ക്ലാരി'.

ബ്രിട്ടീഷ് മലബാറിലും സ്വാതന്ത്ര്യാനന്തര മദ്രാസ് മലബാറിലും ഉൾപ്പെട്ടിരുന്ന എടരിക്കോട് പ്രദേശം പെരുമണ്ണ, തെന്നല, ക്ലാരി, വാളക്കുളം, ചെറുശ്ശോല എന്നീ അംശങ്ങളിലായി വ്യാപിച്ചുകിടന്നിരുന്നു. ഇതിൽ പെരുമണ്ണ അംശം, പഴയ പൊന്നാനിതാലൂക്കിന്റേയും മറ്റ് അംശങ്ങൾ ഏറനാടുതാലൂക്കിന്റേയും ഭാഗമായിരുന്നു.

എടരിക്കോടിന്റെ വടക്കുപടിഞ്ഞാറായി കിടക്കുന്ന പുതുപ്പറമ്പ്, കടലുണ്ടിപ്പുഴയുടെ തീരത്താണ്. ഇവിടെ ഈ പുഴക്ക് 'പെരുമ്പുഴ' എന്നാണ് പറയുന്നത്. എടരിക്കോടിന്റെ 'നെല്ലറ' ഇവിടെയാണ്. എല്ലാവർഷത്തിലും ഈ ഭാഗങ്ങൾ വെള്ളപ്പൊക്കഭീഷണിയെ നേരിടുന്നുണ്ട്.

എടരിക്കോടിന്റെ തെക്കുകിഴക്കായി കുറുകയിൽ സ്ഥിതിചെയ്യുന്ന ഐവന്ത്രൻകാവ്, ഒരുകാലത്ത് പ്രധാന ആരാധനാകേന്ദ്രമായിരുന്നു. ദക്ഷയാഗം കഴിഞ്ഞ്, ശിവഭൂതഗണങ്ങളിൽ പെട്ട ഐവന്ത്രൻ, ഇവിടെ വന്ന് കുടികൊണ്ടു എന്നാണ് ഐതീഹ്യം.

ദേശീയസ്വാതന്ത്ര്യസമരത്തിന്റെ അലയൊലി ഈ ഗ്രാമത്തിലും എത്തിയിരുന്നു. 1921ലെ ഖിലാഫത്ത് പ്രസ്ഥാനം, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്നെതിരെയുള്ള പോരാട്ടമായി വളർത്തിയെടുക്കാൻ ഒരുപരിധിവരെ കഴിഞ്ഞിട്ടുണ്ട്. മേക്കണ്ണി അഹമ്മത് അന്ന്, ഒരു സന്നദ്ധസേനയുണ്ടാക്കി ബ്രിട്ടീഷുകാർക്കെതിരെ പോരാടി എന്നുള്ളത് അഭിമാനത്തോടെ ഓർമ്മിക്കണം. സമരത്തിൽ പങ്കെടുത്ത തിരുനിലത്ത് അലവിഹാജിക്ക് ബ്രിട്ടീഷ് പട്ടാളക്കാരിൽനിന്നും വെടിയേറ്റു. ഇതൊക്കെയാണെങ്കിലും ഖിലാഫത്ത് പ്രസ്ഥാനം, വഴിമാറി ലഹളയായിരൂപാന്തരപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലും മതസൗഹാർദ്ദത്തിന്റെ ഉത്തമമാതൃക കാണിച്ച ഒട്ടനവധി കുടുംബങ്ങൾ ഉണ്ടായിരുന്നു എന്നതും അഭിമാനകരംതന്നെ.

ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം ഉണ്ടായിരുന്ന ഇന്ത്യൻനാഷണൽ കോൺഗ്രസ്സിന്റെ ഒരു സമ്മേളനം 1939ൽ പറപ്പൂലെ ആസാദ്നഗറിൽ നടക്കുകയുണ്ടായി. ദേവർപ

റമ്പിൽ മുഹമ്മതുകുട്ടിമാസ്റ്റർ, കല്ലുമംഗലം ശങ്കരൻ എമ്പ്രാന്തിരി, കോടിയേരിത്തൊടി രാമൻമാസ്റ്റർ തുടങ്ങിയവർ അതിൽ പങ്കെടുത്തിരുന്നു. ആ സമ്മേളനത്തിന്റെ ആവശ്യാർത്ഥം മുഹമ്മത് അബ്ദുറഹിമാൻ സാഹിബും ഈ.എം.എസ്സും ഈ ഗ്രാമത്തിന്റെ വിവിധഭാഗങ്ങൾ സന്ദർശിച്ചിരുന്നു. സമ്മേളനപന്തലിനാവശ്യമായ മുള, കമുക് എന്നിവ അന്നു തേയിഞ്ചേരി മൂസതിന്റെ തോട്ടത്തിൽനിന്നും കൊണ്ടുപോയിട്ടുണ്ട്.

ജന്മിത്വത്തിന്നെതിരെയുള്ള പോരാട്ടങ്ങളിൽ കർഷകരേയും കർഷകത്തൊഴിലാളികളേയും അണിനിരത്തികൊണ്ടാണ്, കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടേയും പ്രവർത്തനം ആരംഭിച്ചത്. എ. കെ.ജി, കെ.ദാമോദരൻ, ഈ.കെ. നായനാർ എന്നിവർ ഈ പ്രദേശത്ത് താമസിച്ച് പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയിരുന്നു. അഴീക്കോടൻ രാഘവൻ, പി.വി. കുഞ്ഞിക്കണ്ണൻ, പാലോളി മുഹമ്മതുകുട്ടി തുടങ്ങിയവർ പലഘട്ടങ്ങളിലായി മൂച്ചിക്കൽ ഭാഗത്തെ വീടുകളിൽ ഒളിവുജീവിതം നയിച്ചിട്ടുണ്ട്.

ബഹുഭൂരിപക്ഷം വരുന്ന മുസ്ലിം ജനതയെ സാമൂഹ്യവും സാംസ്ക്കാരികവും വിദ്യാഭ്യാസവുമായി മുന്നണിയിലെത്തിക്കുന്നതിനുവേണ്ടി പ്രയത്നിച്ച അബ്ദുറഹിമാൻ ബാഫഖിതങ്ങൾ, പാണക്കാട് പൂക്കോയതങ്ങൾ, സി.എച്ച്. മുഹമ്മതുകോയ സാഹിബ് എം.കെ. ഹാജിസാഹിബ് തുടങ്ങിയവരും പലഘട്ടങ്ങളിലായി ഈ ഗ്രാമത്തിൽ നിന്നുകൊണ്ടു തന്നെ പ്രവർത്തിച്ചിട്ടുണ്ട്.

ജന്മികുടുംബത്തിൽ ജനിച്ചിട്ടും ജാതിവിവേചനത്തിന്നെതിരെ തേയിഞ്ചേരി കുമാരൻ മൂസത് നടത്തിയ പരിശ്രമങ്ങളും ഇവിടെ സ്മരണീയമാണ്.

ഭൂസ്വത്തുക്കൾ കയ്യടക്കിവെച്ചിരുന്ന ജന്മിമാർ, അത് കൃഷിചെയ്യുന്നതിന് പാട്ടക്കാർക്കുനല്കും. ആദായത്തിന്റെ വിഹിതമാണ് 'പാട്ടം' ഇങ്ങനെ പാട്ടത്തിന് ഏല്പിക്കുമ്പോൾ ഒരു നിശ്ചിത സംഖ്യ 'കാണം' ആയി, ജന്മിക്ക് കൊടുക്കണം. ജന്മിയും പാട്ടക്കാരനും തമ്മിൽ ഒരു രേഖ കൈമാറും. ഇതിനെ 'ചാർത്ത്' എന്നാണ് വിളിച്ചിരുന്നത്. ഒരു കൊല്ലം മുതൽ പന്ത്രണ്ടുകൊല്ലം വരെയാണ് ചാർത്തിന്റെ കാലാവധി. ഭൂനികുതിയും മറ്റും കൈവശക്കാരൻ ജന്മിക്കടച്ച്, ജന്മി അത് സർക്കാർ ഖജനാവിൽ അടക്കണം. കൃഷിഭൂമി കൃഷിക്കാരനുനൽകാൻ വ്യവസ്ഥചെയ്യുന്ന കാർഷികബന്ധ ബില്ലും കുടികിടപ്പവകാശനിയമവും നടപ്പിലായതോടുകൂടി ജന്മിത്വം അവസാനിച്ചു. ഭൂ ബന്ധങ്ങളിലുണ്ടായ ഈ മാറ്റം, സാമൂഹ്യസമത്വത്തിലേക്ക് ജനതയെ നയിച്ചു എന്നുമാത്രമല്ല, ജാതിമേൽക്കോയ്മക്ക് അറുതിയും വന്നു.

പൊതുവിതരണ സമ്പ്രദായം ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽതന്നെ ഇവിടെ ആരംഭിച്ചിരുന്നു. കർഷകരിൽനിന്നും, അവന്റെ ആവശ്യം കഴിച്ച് ബാക്കി ഉല്പന്നങ്ങൾ, സർക്കാർ സമാഹരിച്ചിരുന്നു. 'പാലക്കാടൻ പറ' അളവിൽ നെല്ല് ഇത്തരം കേന്ദ്രങ്ങളിൽ കൊടുക്കണം. 1963നു ശേഷം റേഷൻ കടകളുടെ സൗകര്യവും പ്രയോജനപ്പെട്ടു.

പരമ്പരാഗത കുടിൽവ്യവസായങ്ങൾ ചുരുങ്ങിയതോതിൽ ഉണ്ടായിരുന്നു. അതിൽ പ്രധാനം കളിയടക്ക ഉണ്ടാക്കലും, വള്ളിക്കൊട്ട മെടയലുമാണ്. കപ്പ പറിച്ച് വെട്ടി ഉണക്കി 'നുറുക്ക്' (പൂള നുറുക്ക്) അന്യനാടുകളിലേക്ക് കയറ്റി അയച്ചിരുന്നു. ഇഞ്ചി, ചുക്ക്, കുരുമുളക്, വെറ്റില എന്നിവയും സുലഭമായിരുന്നു. എല്ലാചൊവ്വാഴ്ചയിലും കൂടുന്ന ഒരു ചന്ത കോഴിച്ചെനയിൽ കാൽനൂറ്റാണ്ടുകൾക്കപ്പുറം ഉണ്ടായിരുന്നു.

പ്രാഥമികവിദ്യാഭ്യാസസൗകര്യങ്ങൾ ഇവിടെ കുറവായിരുന്നു. എടരിക്കോട് യു.പി. സ്ക്കൂളിനു മുൻവശം ദേവർ പറമ്പിൽ 'ഓത്തുപള്ളിക്കൂടം', തിരുത്തിയിൽ പള്ളിക്കൂടം, കഞ്ഞിക്കുഴിങ്ങര സർക്കാർ പള്ളിക്കൂടം എന്നിവയാണ് ആദ്യകാല പാഠശാലകൾ. മുസ്ലീം കുട്ടികളെ വീടുകളിൽ പോയി വിളിച്ചുകൊണ്ടുവന്നിരുത്തേണ്ട സ്ഥിതി ഉണ്ടായിരുന്നു. അന്നത്തെ മാനേജിമെന്റ് സ്ക്കൂളുകളിൽ, ഇഷ്ടമുള്ള ആളെ അധ്യാപകനായി നിയമിക്കും. വർഷാവസാനം കിട്ടുന്ന ഗ്രാന്റിൽനിന്നുവേണം ശമ്പളം കൊടുക്കാൻ. അധ്യാപകരെ പരിശോധിക്കാൻ പൊന്നാനി റെയ്ഞ്ചിൽനിന്നും ഡെപ്യൂട്ടി ഇൻസ്പെക്ടർമാർ വരും.ഇങ്ങനെ മാനേജർമാരുടേയും വിദ്യാഭ്യാസ ഉദ്യോഗസ്ഥൻമാരുടെയും ചൂഷണത്തിനുവിധേയമായിരുന്ന അധ്യാപകർക്ക്, ആശാകേന്ദ്രമായി മലബാർ എയിഡഡ് സ്ക്കൂൾ ടീച്ചേഴ്സ് യൂണിയൻ എന്ന സംഘടന ഉണ്ടായിരുന്നു.

ഗതാഗതസൗകര്യത്തിന്റെ കാര്യത്തിൽ ഏറ്റവും ആദ്യം ഉണ്ടായത് തിരൂർ- മലപ്പുറം റോഡാണ്. ഇന്നത്തെ എൻ.എച്ച് റോഡ് 1962ൽ എടരിക്കോടിനും പാലച്ചിറമാടിനും ഇടക്ക് പാലം കെട്ടി ഉയർത്തിയതോടുകൂടി കോട്ടക്കൽനിന്നും കോഴിക്കോട്ടേക്കും പരപ്പനങ്ങാടിക്കുമുള്ള വാഹനഗതാഗതം മെച്ചപ്പെട്ടു. പി.എം. മൗലവി, കമ്മുക്കുട്ടി നഹ, പരികുഞ്ഞി മൊയ്തീൻ, അച്യുതൻ മേസ്ത്രി (കക്കോടി) എന്നിവരുടെ മേൽനോട്ടം ഈ റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ ലഭിക്കുകയുണ്ടായി.

1942ലെ കോളറബാധ എടരിക്കോടിന്റെ പ്രധാനപ്പെട്ട ഒരു ദുരന്തമായിരുന്നു. ഒട്ടേറെ പേരുടെ മരണത്തിനിടയാക്കിയ ഈ മഹാമാരി മൂലം പൂർണ്ണമായി നശിച്ചകുടുംബങ്ങൾ തന്നെയുണ്ട്.

ആതുരശുശ്രൂഷാരംഗത്ത് കോട്ടക്കൽ ആര്യവൈദ്യശാലയുടെ സേവനം വർഷങ്ങളായി നമുക്ക് ലഭിക്കുന്നുണ്ട്. താമു വൈദ്യർ, പെരുന്തൻ വൈദ്യർ, വേലമ്മ, കുഞ്ഞഹമ്മത് മുസ്ല്യാർ തുടങ്ങിയ നാട്ടുവൈദ്യൻമാരുടെ സേവനവും ഈ

രംഗത്ത് ഏറെപ്രയോജനപ്പെട്ടിരുന്നു. 'വേലമ്മയുടെ എണ്ണ' തേച്ചാൽ എല്ലാരോഗങ്ങളും മാറും എന്നവിശ്വാസം മൂച്ചിക്കൽക്കാർക്കുണ്ടായിരുന്നു. എടരിക്കോട്ടെ കാപ്പാട് മുല്ലക്കോയതങ്ങളുടെ കുടുംബവും പ്രസിദ്ധരായ നാട്ടുവൈദ്യൻമാർ തന്നെയായിരുന്നു. അവർ നല്കിയിരുന്ന 'നെയ്യ്' അപസ്മാരത്തിനുള്ള ദിവ്യമായ ഔഷധമായിട്ടാണ് കരുതപ്പെട്ടിരുന്നത്. പില്ക്കാലത്ത് കോട്ടക്കലിൽ ഡോ ടി.എം. മേനോൻ, ഡോ പി. രാമൻകുട്ടി വാരിർ എന്നിവരുടെ അലോപ്പതി ചികിത്സാസൗകര്യങ്ങളും ഉപയോഗപ്പെടുത്തുകയുണ്ടായി. കോഴിച്ചെന എം.എസ്.പി. ക്യമ്പിനോടനുബന്ധിച്ച്, ഒരാശുപത്രി നിലവിൽവന്നതോടെ അതിന്റെ പ്രയോജനവും ലഭിച്ചു.

മന്ത്രവാദചികിത്സാരീതിയും എടരിക്കോടിന്റെ സവിശേഷതയാണ്. ഇക്കാര്യത്തിൽ കല്ലൂർ മന നമ്പൂതിരിപ്പാടുകൾ കേരളത്തിലൊട്ടുക്കും പ്രശസ്തരായിരുന്നു.

മതസൗഹാർദ്ദത്തിന്റെ അന്തരീക്ഷം നിലനില്ക്കുന്നത് ആഘോഷങ്ങളിലൂടെയും ഉത്സവങ്ങളിലൂടെയുമാണ്. ഏറ്റവും പഴക്കം ചെന്ന പള്ളി ചെറുശോല അരീക്കൽ പള്ളിയാണ്. എടരിക്കോട്ടെ പള്ളിക്കും രണ്ടുനൂറ്റാണ്ടിലേറെ പഴക്കമുണ്ട്. എടരിക്കോട്ടെ മേലേ അങ്ങാടിയിലെ തങ്ങന്മാരുടെ ജാറത്തിൽ ഉണ്ടായിരുന്ന നേർച്ച വലിയ ആഘോഷമായിരുന്നു. അതിലെ ഏറ്റവും പ്രധാനപ്പെട്ട ഇനം 'പെട്ടിവരവ്' ആണ്. ക്ലാരി, മൂച്ചിക്കൽ, അമ്പലവട്ടം ദേശങ്ങളിലെ സുബ്രഹ്മണ്യക്ഷേത്രങ്ങളിൽ 'തൈപ്പൂയം' ആഘോഷിച്ചിരുന്നു. മൂച്ചിക്കൽ ക്ഷേത്രത്തിലെ കുളക്കടവിൽ ആനയെ ഇറക്കിയിരുന്ന 'ആനക്കടവ്' ഇന്നും കാണാം. കുറുക ഐവന്ത്രൻ കാവിലെ താലപ്പൊലി പ്രസിദ്ധമായിരുന്നു. ഇവിടുത്തെ വെളിച്ചപ്പാടൻമാരും അവരുടെ കൽപനകളും പഴം മനസ്സുകളിൽ ഇന്നും നിലനില്ക്കുന്നുണ്ട്. അമ്പലവട്ടത്തെ 'നരിക്കാവിൽ' ആഴ്ചയിലൊരിക്കൽ 'തിരുവിളക്കും, കോമരം തുള്ളലും' ഉണ്ടായിരുന്നു. ഒട്ടനവധി തറകളും മണ്ടകങ്ങളും ഉണ്ടെങ്കിലും മാക്കുട്ടി കുടുംബത്തിന്റെ മണ്ടകത്തിൽ 'കലങ്കരി' ഇന്നും നല്ലനിലയിൽ നടന്നുവരുന്നു.

കാർഷികാനുഷ്ഠാനത്തിന്റെ ഭാഗമായ 'നിറ' എന്ന ചടങ്ങ് ഉണ്ടായിരുന്നു. ചിങ്ങമാസത്തിലെ കൊയ്ത്തിനുമുൻപ് വാതിലുകളും, ജനലുകളുമൊക്കെ അരിമാവുകൊണ്ടണിഞ്ഞ് നെൽക്കതിർകൊണ്ടലങ്കരിക്കും. ഞാറുനടുമ്പോഴുള്ള നടീൽപ്പാട്ടുകൾ, നാടോടിവിജ്ഞാനീയത്തിൽ സൂക്ഷിച്ചുവെയ്ക്കേണ്ടതാണ്. കാളാപ്പൂട്ടുമത്സരങ്ങളും ഇവിടെ ഉണ്ടായിരുന്നു. ക്ഷേത്രോത്സവങ്ങളുടെ ഭാഗമായി കെട്ടുകാളയും പൂതനും വീടുകളിലെല്ലാം കേറിയിറങ്ങുന്നരീതിയുണ്ട്. ഒപ്പന, ദഫ്മുട്ട്, കോൽക്കളി, പരിചമുട്ടുകളി തുടങ്ങിയ നാടൻകലകളും ഇവിടെ പ്രചാരത്തിലുണ്ട്.

1979 ന് മുമ്പ് തെന്നല പഞ്ചായത്തിന്റേയും പൊൻമുണ്ടം പഞ്ചായത്തിന്റേയും ഭാഗമായിരുന്നു ഈ പ്രദേശങ്ങൾ. വികസനപ്രവർത്തനങ്ങൾ വേണ്ടത്ര ഇവിടെ എത്തിനോക്കിയിരുന്നില്ല. അതിനാൽ എടരിക്കോട് ആസ്ഥാനമാക്കി ഒരു പഞ്ചായത്ത് രൂപീകരിക്കേണ്ടത് ജനകീയാവശ്യമായിതീർന്നു. ഇതിനുവേണ്ടി അക്ഷീണം പ്രവർത്തിച്ചത് മുൻ മന്ത്രി യു.എ. ബീരാൻസാഹിബും, യശഃശരീരനായ മുൻ പഞ്ചായത്തുപ്രസിഡന്റ് പി. ഇബ്രാഹിം ഹാജിയും ആയിരുന്നു എന്നത് പ്രത്യേകം സ്മരണീയമാണ്.

79 ലെ ജി.ഒ (എം.എസ്) 161/79 നമ്പർ കേരളസർക്കാർ ഉത്തരവുപ്രകാരം, തെന്നലപഞ്ചായത്തിലെ വാളക്കുളം അംശത്തിന്റെ പുതുപ്പറമ്പ് ഭാഗവും, ക്ലാരി അംശവും പൊൻമുണ്ടം പഞ്ചായത്തിന്റെ കുറുക, ക്ലാരി മൂച്ചിക്കൽ, പാലച്ചിറമാട് ഭാഗങ്ങളും ഉൾപ്പെടുന്ന എടരിക്കോട് പഞ്ചായത്ത് രൂപീകരിച്ചു. 1979 മാർച്ച് തൊട്ട് 1988 ജനുവരി വരെ സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട ഉപദേശകസമിതിയാണ് ഭരണകാര്യങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത്. അതിൽ ടി. മൊയ്തീൻ കുട്ടിഹാജി പ്രസിഡന്റും, ടി. കുഞ്ഞിമുഹമ്മത് മാസ്റ്റർ, പി. കുഞ്ഞിപ്പാലൻ, പി. നാരായണ മേനോൻ, ടി. മമ്മാലിക്കുട്ടി, പി.വി. ജാനകിഅമ്മ എന്നിവർ അംഗങ്ങളുമായിരുന്നു.

1988 ജനുവരി 20 നാണ് എടരിക്കോട് പഞ്ചായത്ത് ഭരണസമിതിയിലേക്ക് ആദ്യത്തെ തിരഞ്ഞെടുപ്പ് നടന്നത്. അന്ന് പത്തു വാർഡുകളിൽനിന്നായി തറമ്മൽ കമ്മുഹാജി, സി.പി. കുഞ്ഞിതുഹാജി, പി. കുമാരൻ, ടി. കുഞ്ഞുമുഹമ്മത് മാസ്റ്റർ, പി. സുബൈറത്തുബീവി, ടി. കോയക്കുട്ടി, സി. മുഹമ്മദലിമാസ്റ്റർ, പി. ഇബ്രാഹിംഹാജി, തിത്താച്ചു ടീച്ചർ, കെ.പി. സൈതലവി എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. പി. ഇബ്രാഹിംഹാജി പ്രസിഡന്റും ടി. കുഞ്ഞുമുഹമ്മത് മാസ്റ്റർ വൈസ്പ്രസിഡന്റും ആയിട്ടാണ് പ്രവർത്തിച്ചത്. പഞ്ചായത്തിൽ ഇക്കാലത്താണ് ഏറെശ്രദ്ധേയമായ സാക്ഷരതാപ്രവർത്തനം നടന്നത്.

1995 സപ്തംബർ 27നാണ് വീണ്ടും പഞ്ചായത്തുതിരഞ്ഞെടുപ്പ് നടന്നത്. 11 വാർഡുകൾ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ഇവരാണ്.

1. ടി. മുഹമ്മദാലി
2. പി. ഹനീഫ

3. ചൂലൻ .സി
4. റോസി ജോൺ
5. വി.ടി. ഇക്രാമുൽഹഖ്
6. കെ. സരോജിനി
7. കെ.എം. അലവിക്കുട്ടി
8. വി. വിജയലക്ഷ്മി
9. കണ്ണാടൻ മുഹമ്മതു ഷാഫി
10. തയ്യിൽ അലവി
11. പി. തിത്താച്ചു ടീച്ചർ

തയ്യിൽ അലവി പ്രസിഡന്റായും ടി. മുഹമ്മദാലി വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. 1996 മെയ് ആദ്യത്തിൽ തയ്യിൽ അലവി സ്ഥാനം രാജിവെച്ചതിനെ തുടർന്ന് വി.ടി. ഇക്രാമുൽഹഖ് പ്രസിഡന്റായി ചുമതലയേറ്റു. എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പരിപാടികളുടെ നേതൃത്വം വഹിക്കുന്നത് ഈ ഭരണസമിതിയാണ്.

# 4 ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി

പഞ്ചായത്തിന്റെ കിഴക്ക്, പടിഞ്ഞാറ്, തെക്ക് ഭാഗങ്ങളിൽനിന്നും കുന്നിൻ ചെരിവായും വടക്കും മദ്ധ്യഭാഗവും സമതലമായും കിടക്കുന്നു. വൈലിക്കുളമ്പ് നിന്നും ആരംഭിക്കുന്ന വടക്കോട്ടുള്ള ചെരിവ് എടരിക്കോട്ടെത്തുന്നതോടെ സമതലമായി വടക്ക് പഞ്ചായത്ത് അതിർത്തിയായ പെരുമ്പുഴവരെ വ്യാപിച്ചുകിടക്കുന്നു.

ചെരിവുഭാഗങ്ങളിൽ ചരൽ കലർന്ന ചെമ്മണ്ണും ഇടക്കിടെ വെട്ടുപാറയും കാണുന്നു. സമതലങ്ങളിൽ എക്കൽ മണ്ണ് കലർന്ന ചെമ്മണ്ണും താഴ് വരകളിൽ എക്കൽ മണ്ണുമാണ്. കിഴക്ക്, പടിഞ്ഞാറ്, തെക്ക് ഭാഗങ്ങളിലെ കുന്നിൻമുകളിൽ ചരൽ നിറഞ്ഞ ചെമ്മണ്ണും വെട്ടുപാറയും ഇടകലർന്ന് കാണുന്നു. കുന്നിൻമുകളിൽ തെങ്ങ്, കവുങ്ങ്, കശുമാവ്, പ്ലാവ്, മാവ്, മുള, പൊടുവണ്ണി, ഞാവൽ, മറ്റുപടുവൃക്ഷങ്ങൾ ഇവ കാണുന്നു. കുന്നിൻ ചെരുവിൽ കവുങ്ങ്, തെങ്ങ്, വാഴ എന്നിവയും മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും, പടുവൃക്ഷങ്ങളും കാണുന്നു. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുള്ള സമതലത്തിൽ തെങ്ങ്, കവുങ്ങ് എന്നിവ സുലഭമാണ്. വടക്ക് ഭാഗത്തെ പുഴയോരപ്രദേശങ്ങളിൽ പൈൻ വൃക്ഷം, കവുങ്ങ്, ഇല്ലിക്കൂട്ടങ്ങൾ, മാവ്, എന്നിവ വ്യാപകമായും ഉണ്ട്.

പുഴയോര ഭാഗങ്ങളിലൊഴികെ പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ വേനൽ ശക്തിയാവുന്നതോടെ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു. പഞ്ചായത്തിലെ മൂന്നാം വാർഡിലെ പട്രാട്ട് ചോലയിൽ നിന്നും എക്കാലത്തും കുടിവെള്ളം ലഭ്യമാണ്. പുഴയോരഭാഗത്ത് ജലാധക്യം മൂലം ഒരുപ്പൂ കൃഷിയും, മദ്ധ്യഭാഗത്തുള്ള സമതലത്തിൽ ഇരുപ്പൂ കൃഷിയും നടത്തുന്നു. ജലലഭ്യതയനുസരിച്ച് ഇരിപ്പുനിലങ്ങളിൽ പുഞ്ചകൃഷികൂടി നടത്താൻ കഴിയും. മോടൻ, ചാമ, രാഗി, എള്ള്, കപ്പ, ചക്കരക്കിഴങ്ങ്, ഇഞ്ചി, പച്ചക്കറി, വെറ്റില, കുരുമുളക്, വാഴ എന്നിവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷി ചെയ്യുന്നു.

## കാലാവസ്ഥ

പഞ്ചായത്തിൽ സാമാന്യം നല്ലതോതിൽ ഇടവപ്പാതിയും മോശമല്ലാത്ത തുലാവർഷവും ലഭ്യമാണെങ്കിലും മഴവെള്ളം മണിക്കൂറുകൾക്കകം പുഴയിൽ എത്തുന്ന പരിതാപകരമായ അവസ്ഥയാണുള്ളത്. ഇടമഴ വ്യാപകമായി കാണാറില്ല.

## ജലലഭ്യത

കൽപ്പകഞ്ചേരി പഞ്ചായത്തിൽ നിന്നും ആരംഭിക്കുന്ന രണ്ട് തോടുകൾ പഞ്ചായത്തിന്റെ എട്ടാം വാർഡിൽ വെച്ച് ഒന്നായിത്തീർന്ന് തെക്ക് നിന്നും വടക്കോട്ട് ഒഴുകി പൊൻമുണ്ടം പഞ്ചായത്തിൽനിന്ന് തന്നെ ഉൽഭവിച്ച് പത്താം വാർഡായ മൂച്ചിക്കലൂടെ ഒഴുകി എൻ.എച്ച് റോഡിലെ വലിയപാലത്തിന്നരികിൽ എത്തുന്ന തോടുമായി ഒന്നിച്ച് വീണ്ടും വടക്കോട്ടൊഴുകി പഞ്ചായത്തതിർത്തിയിലുള്ള പെരുമ്പുഴയിൽ ചേരുന്നു. പഞ്ചായത്തിന്റെ ഒന്നാം വാർഡിനെ തൊട്ടുരുമ്മി പെരുമ്പുഴ എന്ന കടലുണ്ടിപുഴ കിഴക്ക് നിന്നും പടിഞ്ഞാറോട്ടൊഴുകുന്നു. പഞ്ചായത്തിൽ മൂച്ചിക്കലുള്ള നമ്പിക്കുളം പഞ്ചായത്തുകുളം കുറുകയിലെ അമ്പലകുളം, ചെമ്പുകുളം എന്നിവയും കെ.പി. മാധവികുട്ടിയമ്മ (പ്ലാപ്പറ കുടുംബം) ബ്ലോക്കിലേക്ക് വിട്ടുകൊടുത്ത നരിക്കുളവും പഞ്ചായത്തിലെ പൊതുകുളങ്ങളാണ്. വേനലാരംഭത്തോടെ തന്നെ തോടുകളിലെ നീരൊഴുക്ക് നിലക്കുന്ന സ്ഥിതിയാണ്. പെരുമ്പുഴതോടിന് ആവശ്യാനുസരണം ബണ്ടുകൾ നിർമ്മിക്കാൻ കഴിഞ്ഞാൽ ജലക്ഷാമത്തിന് കുറെയേറെ

വരുത്താൻ കഴിയും.

### മണ്ണ്

സമതലങ്ങളിലെ ചരൽ കലർന്ന ചെമ്മണ്ണ് താഴ്വരയിലെ എക്കൽ മണ്ണും ഫലഭൂയിഷ്ഠമായതും കുന്നിൻ ചെരിവിലും മുകളിലും ഉള്ള ചെമ്മണ്ണ് ഭൂരിഭാഗത്തും സാമാന്യം ഫലഭൂയിഷ്ഠമായതുമാണ്. താഴ് വരയിലെ എക്കൽമണ്ണ് നെൽകൃഷിക്കും സമതലം കുന്നിൻ ചെരിവ് എന്നിവിടങ്ങളിലെ മണ്ണ് തെങ്ങ്, കവുങ്ങ് എന്നിവക്ക് അനുയോജ്യവുമാണ്.

### ഭൂവിനിയോഗം

മൊത്തം ഭൂമിയിൽ ഉദ്ദേശം 60 ശതമാനത്തോളം നെൽകൃഷിയേതര വിളകൾക്കും 25 ശതമാനം ഭൂമി നെൽകൃഷിയാവശ്യത്തിനും 10 ശതമാനത്തോളം ഭൂമി കെട്ടിടനിർമ്മാണത്തിനും ബാക്കി വരുന്ന പ്രദേശങ്ങൾ തരിശായും കിടക്കുന്നു.

### ജൈവസമ്പത്ത്

പ്രധാനമായും കണ്ടുവരുന്ന വളർത്തുമൃഗങ്ങൾ പശു, ആട്, എരുമ, പോത്ത്, മൂരി എന്നിവയും വളർത്തുപക്ഷികൾ കോഴി, താറാവ് എന്നിവയുമാണ്. പ്രധാനമായികാണുന്ന സസ്യജാലങ്ങളിൽ തെങ്ങ്, കവുങ്ങ്, കശുമാവ്, വാഴ, മരച്ചീനി, വെറ്റില, കുരുമുളക്, ഇഞ്ചി, എന്നീ കാർഷികവിളവുകളും പ്ലാവ്, മാവ്, പുളി, നെല്ലി, ഞാവൽ, ഇല്ലിക്കൂട്ടം, പൊടിയാന, ഇടല, ആഞ്ഞില എന്നീ പടുവൃക്ഷങ്ങളും, ജാതിക്ക, ഗ്രാമ്പൂ, ആരിവേപ്പ്, ബ്രഹ്മി, കൊടലരിക്ക, കൂവ, മഞ്ഞൾ എന്നീ ഔഷധ സസ്യങ്ങൾ വിരളമായും കാണപ്പെടുന്നു.

### മനുഷ്യവിഭവം

യുവജനങ്ങളിൽ ഭൂരിഭാഗവും ജോലിതേടി ഗൾഫിലോ അന്യസംസ്ഥാനങ്ങളിലോ ആയി കഴിഞ്ഞ് കൂടുന്നു. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ചെറിയ ഒരു ശതമാനം ഇവിടെത്തന്നെയാണ്. നിർമ്മാണതൊഴിലാളികളുടെ ശതമാനവും അത്രകുറവല്ല. ബാക്കിയുള്ളവരിൽ ഒരുഭാഗം സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയിൽജോലിനോക്കുന്നു. അഭ്യസ്ഥവിദ്യരുൾപ്പെടുന്ന നല്ലൊരുവിഭാഗം ജനങ്ങൾ തൊഴിലവസരങ്ങൾ ഉണ്ടായിട്ടും ഒരുതൊഴിലും ചെയ്യാതെ ദിനരാത്രങ്ങൾ തള്ളിനീക്കുന്ന ദുരവസ്ഥ കാണുന്നു. രൂക്ഷമായ തൊഴിലില്ലായ്മ ഇല്ല എന്നതാണ് മൊത്തത്തിലെ അനുഭവം. എന്നാൽ കാർഷിക മേഖലയിലെ മുരടിപ്പുമൂലം സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ അനു



5

# സാമൂഹിക സാമ്പത്തിക മേഖലകൾ

# 5.1 കൃഷിയും ജലസേചനവും

**എടരിക്കോട്** തികച്ചും ഒരു കാർഷികഗ്രാമപ്രദേശമായിരുന്നു. ചെറിയ കുന്നിൻ പ്രദേശങ്ങളും താഴ്വരകളിലെ നെൽവയലുകളും സമതലപ്രദേശങ്ങളും അടങ്ങിയതാണ് ഭൂപ്രദേശം. പ്രധാനകൃഷികൾ നെല്ല്, തെങ്ങ്, കവുങ്ങ്, വെറ്റില, വാഴ, മരച്ചീനി, ഇഞ്ചി തുടങ്ങിയവയായിരുന്നു. ഈ പ്രദേശത്തെ ജനങ്ങളുടെ മുഖ്യജീവനോപാധി കൃഷിയും മറ്റ് കാർഷിക തൊഴിൽമേഖലയുമായിരുന്നു.

ഈ പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും പ്രദേശങ്ങൾ ചെറിയ കുന്നിൻ പ്രദേശങ്ങളാണ് ഇതിനിടയിലുള്ള താഴ്വരയിലാണ് നെൽവയലുകളും സമതലപ്രദേശങ്ങളും സ്ഥിതിചെയ്യുന്നത്. ഈ താഴ് വരയിൽ ചെരിവുകളിൽനിന്നും ഒട്ടേറെ തോടുകൾ ഒഴുകിവന്ന് പ്രധാനതോടായ കല്പകഞ്ചേരിയിൽ നിന്നുൽഭവിച്ചുവരുന്ന തോട്ടിൽ ചേരുകയും ഈ തോട് പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ പുതുപറമ്പിനെ സ്പർശിച്ച് ഒഴുകുന്ന കടലുണ്ടിപുഴ (നാട്ടുകാർ പെരുമ്പുഴ എന്ന് വിളിക്കുന്നു)യിൽ ചെന്ന് ചേരുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിക്കാരും ചെറുകിട നാമമാത്ര കർഷകരാണ്. ആദ്യകാലത്ത് കാര്യമായി കൃഷി ചെയ്തിരുന്നത് നെൽകൃഷിയായിരുന്നു. മഴയെ ആശ്രയിച്ചാണ് കൃഷി നടത്തി വന്നിരുന്നത്. ജലസേചനത്തിനായി തോടുകളിൽ കൃഷിക്കാർ സഹകരിച്ച് ഓലയും കവുങ്ങും മുളയുമുപയോഗിച്ച് ചിറകെട്ടി ജലസേചനം ചെയ്ത് കൃഷി നടത്തിയിരുന്നു. പഞ്ചായത്തിലെ കൃഷിഭൂമി സാമൂതിരിതാവഴികളായ വൻകിട ജന്മിമാരുടെ കൈവശത്തിലായിരുന്നു.

മൊത്തം കൃഷിഭൂമിയുടെ ഉദ്ദേശം 55% നെൽകൃഷിയായിരുന്നു. പ്രധാന നാടൻ നെൽവിത്തിനങ്ങൾ ആര്യൻ, വെള്ളരി, തവളകണ്ണൻ, എന്നിവയായിരുന്നു. പ്രധാന നെൽകൃഷിരീതികൾ വിരിപ്പ്, മുണ്ടകൻ എന്നിവ കൂടാതെ വേനലിൽ പാടത്തോടനുബന്ധിച്ചുണ്ടായിരുന്ന കുളങ്ങളിൽ നിന്നും ഏത്തം തേവി നടത്തിവന്നിരുന്ന 'പുഞ്ച'കൃഷിയും, കാലവർഷാരംഭത്തിൽ ഒഴിഞ്ഞ പറമ്പുകളിൽ നടത്തിവന്നിരുന്ന മോടൻ കൃഷിയും മറ്റ് രണ്ട് നെൽകൃഷി രീതികളായിരുന്നു.

പാടങ്ങളിൽ വേനലിൽ വ്യാപകമായി പച്ചക്കറികൃഷി നടത്തി വെള്ളരി, മത്തൻ, വെണ്ട, പൂള എന്നിവ ഉല്പാദിപ്പിച്ചു വന്നിരുന്നു. പഞ്ചായത്തിലെ നെൽ കൃഷിക്ക് പച്ചചാണകം പച്ചിലവളം, (തോല്) തുടങ്ങിയ ജൈവവളം ഉപയോഗിച്ചാണ് കൃഷിചെയ്തിരുന്നത്. ഉഴുന്നതിന് മൂരി,(കാള പോത്ത് എന്നീ മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. പറമ്പുകളിൽ ഇടവിളയായി പലവിധം ചേന, ചേമ്പ്, കാവിത്ത് തുവര, മുതിര, നനകിഴങ്ങ്, മധുരകിഴങ്ങ്, മരച്ചീനി (പൂള) വാഴ, ഇഞ്ചി, ചാമ, രായി, എള്ള്, പയറ്, കൊള്ളി കിഴങ്ങ് എന്നിവ വ്യാപകമായി കൃഷിചെയ്തിരുന്നു.

ജനങ്ങൾ ജീവനോപാധിക്കായി വെറ്റിലകൃഷി, കവുങ്ങ്, കും പൂള, എന്നിവയും ആഹാരത്തിനായി നെൽകൃഷിയും ചെയ്തിരുന്നു. ഭൂപരിഷ്കരണനിയമം കേരളത്തിൽ നടപ്പാക്കിയതിനു ശേഷമാണം പഞ്ചായത്തിലും തെങ്ങ് കവുങ്ങ് കൃഷികൾ കൈവശകുടിയാന്മാർ വ്യാപകമായി നടത്താൻ തുടങ്ങിയത്.

ഇന്ന് വെറ്റില കൃഷിക്കാരെ മറ്റ് കൃഷിക്കാരോടൊപ്പം സർക്കാരും, തബാർഡും, ബേങ്കുകളും അംഗീകരിച്ചത് എടരിക്കോട് പഞ്ചായത്തിലെ കർഷകരുടെ സമരത്തിന്റെ ഫലമായാണ്.

പ്രധാന കാർഷികോൽപന്നങ്ങളായിരുന്ന അടക്ക, വെറ്റില തേങ്ങ, എന്നിവയുടെ വിപണി പുത്തൂർ ചന്ത (കോട്ടക്കൽ ചന്ത), കല്പകഞ്ചേരി ചന്ത, തലകടത്തൂർ എന്നീ വിപണികളിലായിരുന്നു. ചെറുകിട കർഷകരുടെ ഉൽപന്നങ്ങൾ ഇടത്തട്ടുകാർ വഴിയാണ് വിപണനം ചെയ്തിരുന്നത് കൂടാതെ ഉല്പന്ന പാട്ടവ്യവസ്ഥയിൽ ഇടത്തട്ടുകാർ ഒന്നിച്ച് മുൻകൂർ പണം നൽകി കർഷകരുടെ ഉല്പന്നങ്ങൾ

വാങ്ങിവന്നിരുന്നു. ഈ വ്യവസ്ഥയിൽ ഉല്പന്ന പാട്ടക്കാരൻ ചെറുകിട കർഷകന്റെ ഭൂമികൂടി കൈവശമാക്കി ഭൂവുടമ യായി മാറിയ ചരിത്രമുണ്ട്.

ഭൂപരിഷ്കരണ നടപടികളുടെ ഫലമായി കർഷകർക്ക് സ്വന്ത മായി വയലുകളും മറ്റ് കൃഷിഭൂമികളും ലഭിക്കുകയുണ്ടായി. ഇത്തരം കൃഷിക്കാർ വീടുവെയ്ക്കുന്നതിന് വേണ്ടിയും, തെങ്ങ്കൃഷി വ്യാപകമാക്കുന്നതിനുവേണ്ടിയും നെൽ വയ ലുകൾ നികത്താൻ ആരംഭിച്ചു. ഇതിൻ ഫലമായി നെൽകൃ ഷിയോടുള്ള താല്പര്യം കുറഞ്ഞ് വരാൻ തുടങ്ങി. നെല്ലിന്റെ ഉല്പാദനവും ഇതിൻ ഫലമായി കുറഞ്ഞു.

ഗൾഫ് മേഖലകളിലേക്ക് തൊഴിൽ തേടി പ്രയാണം തുടങ്ങിയ തിന് ശേഷം കൃഷിയോടുള്ള താല്പര്യം ജനങ്ങൾക്ക് കുറ ഞ്ഞുവരികയുണ്ടായി. കർഷകർക്ക് സമൂഹത്തിൽ ലഭിച്ചി രുന്ന മാന്യത കുറഞ്ഞുവന്നപ്പോൾ യഥാർത്ഥ കർഷകർ മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിയുന്നതിന് കളമൊ രുക്കി. ആവശ്യമായ തൊഴിലാളികളുടെ അഭാവം കൃഷിഭൂമി തരിശിടുവാനും, നെൽവയലുകൾ നികത്തുന്നതിനും ഉള്ള സംസ്ക്കാരം വളർത്തുന്നതിനിടയാക്കി.

കർഷക- കർഷകതൊഴിലാളികളുടെ പിൻമുറക്കാർ ആധുനിക വിദ്യഭ്യാസം നേടിയതും, നെൽകൃഷി ലാഭകരമല്ലാതായതും ഇവരെ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. കൃഷിഭൂമി തുണ്ടുഭൂമിയായി ചെറുകിട കർഷകർ കൈമാ റ്റോപാധിയായി ഭൂമി കച്ചവടചരക്കാക്കിമാറ്റിയതും കന്ന് വളർത്തുന്നത് നിർത്തിയതും കന്ന് മേയ്ക്കാൻ സ്ഥലമി ല്ലാതെ വന്നതും കാർഷികവൃത്തി നശിക്കുന്നതിനിടയാക്കി. ഇതോടെ പരമ്പരാഗത ഇടവിളകൃഷികൾ തീർത്തും നശിച്ചു. നെൽകൃഷിനാമമാത്രമാവുകയും ചെയ്തു.

ഗൾഫ് പണ കുത്തൊഴുക്കിന്റെ ഫലമായി കൃഷിഭൂമി നികത്തി വീടുകളും, മറ്റ് നിർമ്മാണപ്രവർത്തനങ്ങളും നടത്തുന്ന പ്രവണത ഇപ്പോൾ വ്യാപകമായി കഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഫലമായി തെങ്ങ് ഒഴികെയുള്ള കൃഷിയിനങ്ങൾ എല്ലാംതന്നെ നാമാവശേഷമായിരിക്കയാണ്. കൃഷിഭൂമിയുടെ ഭാഗമായ കുളങ്ങളും, കിണറുകളും, തോടുകളും, ഇല്ലാതാ യതും കൃഷിക്ക് വേണ്ടിയല്ലാതെ കൃഷിഭൂമിയിലൂടെ അശാ സ്ത്രീയ റോഡുനിർമ്മാണം കൂടിയതും നെൽകൃഷിയുടെ പരിമിതിക്ക് ആക്കം കൂട്ടി.

## ഭൂവിനിയോഗം

ചെറിയകുന്നുകളും, ചെരിവുകളും, താഴ്വരകളും എന്നിങ്ങനെ യാണ് പഞ്ചായത്തിലെ ഭൂമി കാണപ്പെടുന്നത്. കുന്നൻ പ്രദേ ശങ്ങളിലും ചെരിവുകളിലും ചരൽ കലർന്ന മണ്ണും താഴ്വര കളിൽ പശിമയുള്ള മണ്ണുമാണ് കാണുന്നത്. കുന്നിൻ പ്രദേ ശങ്ങളിലെ ചിലഭാഗങ്ങളിൽ വെട്ടുകൽപാറ കാണപ്പെടുന്നു.

## ഉല്പാദനം

1. നെൽകൃഷി (പട്ടിക ഒന്ന്)

| വിള | വിസ്തീർണ്ണം | ഉല്പാദനം | ഉല്പാദന ക്ഷമത |
|---|---|---|---|
| ഒന്നാം വിള | 310 | 220 മെ. ടൺ | 300 മെ. ടൺ |
| രണ്ടാം വിള | 50 | 125 „ „ | 200 „ „ |
| മൂന്നാം വിള | 15 | 37.5 „ „ | 50 „ „ |

2. ഇടവിളകൾ (പട്ടിക രണ്ട്)

| | വിള | വിസ്തീർണ്ണം (ഹെക്റ്റർ) | ഉല്പാദനം (മെട്രിക്ടൺ) | ഉല്പാദന ക്ഷമത |
|---|---|---|---|---|
| 1. | പയർ | 10 | 200 kg/ഹെക്ടർ | 350 kg/ഹെക്ടർ |
| 2. | എള്ള് | 4 | 50 kg/ഹെക്ടർ | 75 kg/ഹെക്ടർ |
| 3. | വാഴ | 15 | 6 kg/1 | 10kg/1 |
| 4. | മരച്ചീനി | 25 | 2kg/1 | 4kg/1 |
| 5. | കുരുമുളക് | | 10 | 100gm/1250 gm/1 |

ഭൂരിഭാഗം വരുന്ന കുന്നിൻ ചെരിവുകളിലും താഴ്വരകളിലും ഉല്പാദനക്ഷമത കുറവാണ്. ശാസ്ത്രീയമായ കൃഷിരീതിയു ടെയും, ജലസേചനരീതിയുടെയും അഭാവവും അശാസ്ത്രീ യമായ വളപ്രയോഗവും കാർഷികോല്പാദനം കുറയുന്നതിന് കാരണമാകുന്നു.

## വളം

ഈ പഞ്ചായത്തിൽ വളംവിപണനകേന്ദ്രങ്ങൾ ഒന്നും തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ കൃഷിക്കുപയോഗി ക്കുന്നത് ഭൂരിഭാഗവും രാസവളങ്ങളാണ്. മണ്ണുപരിശോധന യുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തിവരുന്നത്. ഇത്പോലെതന്നെ കീടനാശിനികളും ഉപയോഗിക്കുന്നതിൽ ശാസ്ത്രീയമായ രീതി പരിഗണിക്കാറില്ല.

## കാർഷിക വികസനപ്രവർത്തനങ്ങൾ

**കൃഷിഭവൻ:** ഈ പഞ്ചായത്തിലെ കൃഷിഭവൻ പഞ്ചായത്തിന്റെ മൊത്തം കർഷകർക്ക് എത്തിപ്പെടാൻ അസൗകര്യമുള്ള പഞ്ചായത്തിന്റെ ഒരറ്റത്താണ് സ്ഥിതിചെയ്യുന്നത്. ഇത്കൊണ്ടുതന്നെ കൃഷിഭവന്റെ സേവനം പൂർണമായ തോതിൽ കർഷകർക്ക് ലഭിക്കുന്നില്ല. കൃഷിഭവനിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതും പ്രശ്നം തന്നെയാണ്.

**പാടശേഖരസമിതി** : പഞ്ചായത്തിൽ ഇപ്പോൾ മൂന്ന് പാടശേഖരസമിതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**രോഗങ്ങൾ**: ഒരോവിളയേയും പലരീതിയിലുള്ള രോഗങ്ങൾ സാധാരണയായി ബാധിച്ചുവരുന്നുണ്ട്. ഇത് കാർഷികോല്പാദനം കുറയുന്നതിനും കർഷകർക്ക് വ്യാപകമായ കഷ്ടനഷ്ടങ്ങൾക്കിടവരുത്തുന്നതിനും കാരണമാകുന്നു. തെങ്ങിന്റെ മണ്ടചീയൽ, ചെന്നീരൊലിപ്പ്, കവുങ്ങിന്റെ മഹാളിരോഗം, വെറ്റിലയുടെയും കുരുമുളകിന്റെയും ധ്രുതവാട്ടം, നെല്ലിന്റെ തണ്ടുതുരപ്പൻ, ചാഴി എന്നിവ വിളകളെ ബാധിക്കുന്ന പ്രധാന രോഗങ്ങളാണ്.

**കൂലി, സേവനവ്യവസ്ഥകൾ** : കാർഷിക മേഖലയിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞുപോകുന്ന പ്രവണതയാണ് ഇപ്പോൾ കണ്ടുവരുന്നത്. പഞ്ചായത്തിലെ 80% കുടുംബങ്ങളും കൃഷി ഒരു മുഖ്യ ഉപജീവനമാർഗ്ഗമായി കണക്കാക്കുന്നില്ല.

ഏകദേശം ആയിരത്തിൽ താഴെ ആളുകളാണ് കർഷകതൊഴിലാളികളായി ഈ പഞ്ചായത്തിലുള്ളത്. പുരുഷതൊഴിലാളികൾക്ക് 120 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 80 രൂപയുമാണ് ശരാശരി കൂലിനിരക്ക്.

## കാർഷികവിപണ സൗകര്യങ്ങൾ

പഞ്ചായത്തിൽ ഇന്ന് കാർഷികോല്പന്നവിപണനത്തിനായി ഒരു കേന്ദ്രവും പ്രവർത്തിച്ചുവരുന്നില്ല.

## കാർഷികവായ്പാസൗകര്യങ്ങൾ

പഞ്ചായത്തിന്റെ പരിധിയിൽ മൂന്ന് സഹകരണ ബാങ്കുകളും ഒരു ഗ്രാമീണബാങ്ക് ശാഖയും പ്രവർത്തിച്ചുവരുന്നുണ്ട്. തിരൂർ കാർഷികവികസനബാങ്കിന്റെ തിരൂരങ്ങാടി ശാഖയിൽനിന്നും ഈ പഞ്ചായത്തിലെ കാർഷകർക്ക് വായ്പ ലഭിച്ചുവരുന്നുണ്ട്. എന്നാൽ കൃഷിക്ക് വേണ്ടിവാങ്ങിക്കുന്ന വായ്പകൾ കാർഷികേതര ആവശ്യങ്ങൾക്കാണ് ഭൂരിഭാഗവും ഉപയോഗിച്ചുവരുന്നത്. നബാർഡിന്റെ ആഭിമുഖ്യത്തിൽ നൽകുന്ന വായ്പാസൗകര്യങ്ങൾ ഉത്തരേന്ത്യൻ രീതിയനുസരിച്ച് 21/2 ഏക്കറിൽ കുറയാത്ത ഭൂമിയുള്ളവരെയുദ്ദേശിച്ചാണ് എന്നാൽ നമ്മുടെ കൃഷിക്കാർ തുണ്ടുഭൂമിയിൽ കൃഷിചെയ്യുന്ന നാമമാത്രകൃഷിക്കാരാണ് എന്നുള്ളത്കൊണ്ട്തന്നെ ഇവിടെ 10 സെന്റ് ഭൂമിയുള്ള കർഷകനെയും പ്രസ്തുത പരിധിയിൽ ഉൾപ്പെടുത്തേണ്ടതാവശ്യമാണ്.

## ജലസേചനം

ഈ പഞ്ചായത്തിൽ പ്രധാനമായും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷിനടത്തിവരുന്നത്. ഇടവപ്പാടി കാലവർഷവും, തുലാവർഷവുമായി രണ്ട് ഘട്ടങ്ങളിലായാണ് മഴ ലഭിച്ചുവരുന്നത്. എന്നാൽ മഴയുടെ അളവ് പരിസ്ഥിതിപ്രശ്നങ്ങളുടെ ഫലമായി വ്യാപകമായുള്ള വർഷവ്യതിയാനങ്ങൾ പഞ്ചായത്തിലും ഉണ്ടായികൊണ്ടിരിക്കുന്നു. കടലുണ്ടിപുഴ പഞ്ചായത്തിന്റെ വടക്കേ ഓരത്തുകൂടി ഒഴുകുന്നുണ്ടെങ്കിലും അതുകൊണ്ട് ജലസേചനത്തിനായി പഞ്ചായത്തിന് വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

**തോടുകൾ** : ഈ പഞ്ചായത്തിൽ 4 തോടുകളുണ്ട് 2 സ്ഥലങ്ങളിൽ ങ.ക. വകുപ്പുകാർ നിർമ്മിച്ച രണ്ടു ചീർപ്പുകൾ ഉണ്ടെങ്കിലും ഇത് കൊണ്ടുള്ള പ്രയോജനം കർഷകർക്ക് വേണ്ട രീതിയിൽ ലഭിക്കുന്നില്ല. നാടൻ രീതികൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ചിറകളിൽ ശേഖരിക്കുന്ന വെള്ളം ഉപയോഗിച്ചാണ് കൃഷിക്കുപയോഗിച്ചുവരുന്നത്.

**കുളങ്ങൾ** : പഞ്ചായത്തിൽ വലുതും ചെറുതുമായി ഒട്ടേറെ കുളങ്ങൾ ഉണ്ടെങ്കിലും ശരിയായി സംരക്ഷിക്കപ്പെടാത്തതുമൂലം കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നില്ല. കൂടാതെ മുൻകാലങ്ങളിൽ കൃഷിക്ക് ഉപയോഗിച്ചിരുന്ന പല കുളങ്ങളും നികത്തപ്പെടുകയും മറ്റും ചെയ്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പ്രധാനകൃഷിയായ നെൽകൃഷി തകർന്നുവരുന്നതിന് പ്രധാന കാരണം ആവശ്യമായ രീതിയിലുള്ള ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയുണ്ട്. ചെറുശോലമുതൽ പെരുമ്പുഴവരെ നീണ്ടു കിടക്കുന്ന തോട്ടിൽ നിന്നും ജലം കുത്തനെ ഒഴുകിവരുന്നതും പുഴയിലെ ജലം പാടത്തേക്ക് ഒഴുകി സമീപ

താഴ്‌വരയിലെ നീർക്കെട്ട് മൂലവും കൃഷി നശിച്ച് ഒരു പൂമാത്രമെ എടുക്കാൻ കഴിയുന്നുള്ളു.

2. അതുപോലെതന്നെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന വലിയ കുളങ്ങളും പ്രകൃതിദത്തമായ ചോലകളും കിണറുകളും സംരക്ഷിക്കപ്പെടാത്തതും അറ്റകുറ്റപണികൾ ചെയ്യാത്തതുംമൂലം ജലസേചനത്തിനും ജലലഭ്യതക്കും ഉപയോഗപ്പെടുന്നില്ല.

3. പഞ്ചായത്തിലൂടെ ഒഴുകുന്ന ചെറുതും വലുതുമായ തോടുകൾക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കപ്പെടാത്തതുമൂലവും വി.സി.ബി. കളും തടയണകളും ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കപ്പെടാത്തത് മൂലവും ജലസേചനസൗകര്യം ശരിയായി ലഭിക്കുന്നില്ല.

4. മുമ്പ് സ്ഥിരമായി കൃഷിചെയ്യാറുണ്ടായിരുന്ന വയലുകളും, മറ്റ് കൃഷി ഭൂമികളും കൃഷിചെയ്യാതെ തരിശിടുന്നു.

5. കൃഷിഭൂമി നികത്തി വീടുവെയ്ക്കുകയോ, വാണിജ്യഷോപ്പുകളും, ക്വാർട്ടേഴ്സുകളും നിർമ്മിക്കുകയോ ചെയ്യുന്നതുമൂലം കൃഷിഭൂമിയുടെ വിസ്തൃതിയും, ഉല്പാദനവും അനുബന്ധമായ തൊഴിലും കുറയുന്നു. ഉല്പാദനചിലവിൽ വന്ന വർദ്ധനവ് കാർഷികതൊഴിലാളികളുടെ അഭാവവും കൂലികൂടുതലും ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത് കാർഷിക - കീടരോഗങ്ങൾ, കൃഷി ജീവനോപാധിയായി സ്വീകരിച്ചവരുടെ കുറവ് എന്നിവ നെൽകൃഷിയുടെ ഉല്പാദനം കുറയുന്നതിന് കാരണമായിട്ടുണ്ട്.

6. കാർഷികയന്ത്രങ്ങളായ ട്രാക്ടറും, ട്രില്ലറും കൃഷിസ്ഥലങ്ങളിലേക്കിറക്കാനുള്ള സൗകര്യകുറവ് കൃഷിയെ ബാധിച്ചിട്ടുണ്ട്.

7. കൃഷിഭൂമി നെടുകെ പിളർത്തി റോഡുണ്ടാക്കുന്നതുമൂലം രണ്ട് അരികിലുള്ള പാടം നികത്തുന്നതിന് കാരണമാകുന്നു. ഇതും കൃഷിഭൂമിക്ക് ഭീഷണിയാകുന്നു. കൃഷി ആവശ്യത്തിന് ആവശ്യമായരീതിയിൽ ട്രാക്ടർ ഇല്ലാത്തത് പഞ്ചായത്തിൽ അനുഭവപ്പെടുന്നു.

8. പഞ്ചായത്തിലെ കൃഷിക്ക് ആകമാനം പടർന്നു പിടിച്ചു കൊണ്ടിരിക്കുന്ന കവുങ്ങിന്റെ മഞ്ഞളിപ്പ്, വൈക്കല്ലരി വെറ്റിലകൃഷിയുടെ ധൃതവാട്ടം എന്നീ മാരകരോഗങ്ങൾക്ക് മണ്ണുപരിശോധന നടത്തി പരിഹാരം കാണേണ്ടതുണ്ട്.

9. കാർഷികവിളകൾക്ക് വേണ്ടി വിള ഇൻഷൂറൻസ് വെറ്റില കൃഷിക്കിപ്പോൾ ബാധകമല്ല. കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിന് പഞ്ചാത്തിൽ ഇപ്പോൾ കേന്ദ്രീകൃതസ്വഭാവമില്ല.

10. വെറ്റിലകൃഷിക്ക് സബ്സിഡി ലഭിക്കാൻ രാസവളം വാങ്ങിയതിന്റെ രസീതി ആവശ്യപ്പെടുന്നതുമൂലം അർഹരായവർക്ക് വായ്പയും സബ്സിഡിയും ലഭിക്കുന്നില്ല.

11. പാട്ടഭൂമിയിൽ കൃഷിചെയ്യുന്ന കർഷകന് കാർഷിക ധനസഹായം അനുവദിക്കുന്നില്ല.

12. കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷന് മുൻഗണന ലഭിക്കുന്നില്ല.

13. കശുവണ്ടിസംഭരിക്കുന്നതിന് പഞ്ചായത്ത് ആസ്ഥാനത്ത് ന്യായമായ സംവിധാനമില്ല.

14. കൊപ്രസംഭരണത്തിന് പഞ്ചായത്തിൽ ന്യായമായ വില കിട്ടുന്നതിനും സംഭരിക്കുന്നതിനും സംവിധാനമില്ല.

15. കൃഷിഭവന്റെ സേവനം പഞ്ചായത്തിൽ പൂർണ്ണമായതോതിൽ കർഷകർക്ക് ലഭിക്കുന്നില്ല. വായ്പക്കാർക്ക് ഭൂപരിധി നിശ്ചയിച്ചിട്ടുള്ളതുകാരണം ഭൂരിഭാഗം കർഷകർക്കും കൃഷിയാവശ്യത്തിന് വായ്പകൾ ലഭിച്ചുവരുന്നില്ല. എന്ന വസ്തുത നിലനിൽക്കുന്നു.

16. രോഗംമൂലവും പ്രകൃതിക്ഷോഭം മൂലവും കൃഷിക്ക് നഷ്ടം സംഭവിക്കുന്ന വേളയിൽ കർഷകർക്ക് കാർഷിക കടങ്ങൾ യഥാസമയം തിരിച്ചടക്കാൻ കഴിയുന്നില്ല.

17. കാർഷികവകുപ്പിൽനിന്നും വിത്ത്, വളം, തൈകൾ, രാസവളസബ്സിഡി എന്നിവ യഥാസമയം കർഷകർക്ക് ലഭിച്ചുവരുന്നില്ലാത്തതും, സർക്കാരിൽ നിന്നും ലഭിക്കുന്ന കാർഷിക ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മ തുടങ്ങിയവയെല്ലാം കൃഷിയുടെ പുരോഗതിക്ക് തടസമായി നിൽക്കുന്ന ഘടകങ്ങളാണ്.

## സാദ്ധ്യതകൾ

1. സുമാർ 10 കി.മീ. നീളത്തിലും 3 കി.മീ. വീതിയിലും പരന്നുകിടക്കുന്ന പഞ്ചായത്തിലെ പ്രധാന നെൽപ്പാടം ചെറുശോലയിൽ നിന്നുൽഭവിച്ച് പെരുമ്പുഴയിൽ ചെന്ന് ചേരുന്ന തോടിന് ഇരുവശങ്ങളിലായിട്ടാണ് സ്ഥിതിചെയ്യുന്നത്. ഈ തോടിന്റെ ഇരുവശവും സംരക്ഷണഭിത്തി കെട്ടുകയും ആവശ്യമായ ഇടങ്ങളിൽ ˝രയ യും തടയണകളും സ്ഥാപിച്ച് ജലസേചനസൗകര്യമേർപ്പെടുത്തു

കയാണെങ്കിൽ നെൽകൃഷിയുൽപാദനം ഗണ്യമായതോതിൽ വർദ്ധിപ്പിക്കാൻ കഴിയും. പഞ്ചായത്തിലെ 11 വാർഡുകളിൽ 2 വാർഡുകളിൽ മാത്രമെ ഈ തോട് സ്പർശിക്കാതിരിക്കുന്നുള്ളു. അതുകൊണ്ട് തന്നെ ഈ പദ്ധതി പഞ്ചായത്തിന് മൊത്തം മുൻഗണനയിൽ വരേണ്ടതാണ്.

2. പെരുമ്പുഴയിൽ കടലുണ്ടിപുഴക്ക് കുറുകെ ഒരു റഗുലേറ്റർ കം ബണ്ട് നിർമ്മിച്ചാൽ എടരിക്കോട്-തെന്നല-പറപ്പൂർ പഞ്ചായത്തുകൾക്ക് ജലസേചനസൗകര്യത്തിനും വെള്ളപ്പൊക്കനിയന്ത്രണത്തിനും ജലലഭ്യതക്കും ഉപകാരപ്രദമായിരുക്കും.

3. നാലാം വാർഡിൽ സ്ഥിതിചെയ്യുന്ന 'നരിക്കുളം' പാർശ്വഭിത്തികെട്ടി, ചെളികോരി ആഴം കൂട്ടി പമ്പുസ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്തിലെ 4,5,6 വാർഡുകളിലെ പള്ളിയാൽ വൈലിപാടം എന്നിവിടങ്ങളിലെ നെൽകൃഷിക്ക് ജലസേചനത്തിനും, കന്നുകാലികളെ കഴുകുന്നതിനും, ചുറ്റുമുള്ള കിണറുകളിലെ ജലസ്രോതസ്സ് നിലനിർത്തുന്നതിനും കഴിയും.

4. താഴെപറയുന്ന തോടുകളിൽ 'രയ നിർമ്മിച്ചാൽ നൂറുകണക്കിന് ഏക്കർ നെൽകൃഷിക്ക് ജലസേചനം ഏർപ്പെടുത്താൻ കഴിയും.

   1. തോണിപ്പാടം തോട് (6,8 വാർഡുകളിൽ)
   2. പാലചിറമാട്-കൊളമ്പിൽപടി തോട് (വാർഡ് 11)
   3. വൈലിപാടത്തിന്റെ ഇരുകരകളിലുമുള്ള ചെറിയ തോടുകളിൽ (വാർഡ് 4)
   4. അച്ചാണിപാടം-കരിപ്പോട്ടുപാടം (വാർഡ് 8)
   5. മംഗലംപാടത്ത്, (തോണിക്കടവ്-മൂട്ടപ്പുറം) (വാർഡ് 8)
   6. മൂച്ചിക്കൽ മുതൽ പാലച്ചിറമാട് വരെയുള്ളതോടിന്റെ ആഴം കൂട്ടി പാർശ്വഭിത്തികെട്ടി ആവശ്യമായ ഇടങ്ങളിൽ (വാർഡ് 10 , വാർഡ് 11)
   7. പരവതോടിന്റെ ഇരുവശവും പാർശ്വഭിത്തികെട്ടുക (6 വാർഡ്)
   8. തോണിക്കടവ് തോട് (8 വാർഡ്)
   9. എൻ.എച്ച്. പാലത്തിന്റെ ഓരത്ത് (5 വാർഡ്)

5. താഴെ കൊടുത്തിരിക്കുന്ന കുളങ്ങൾ, ചോലകൾ എന്നിവ പുനരുദ്ധാരണം നടത്തി കൃഷിക്ക് ജലസേചനസൗകര്യമേർപ്പെടുത്തുക.

   1. പുത്തൻ കുളം (11 വാർഡ്)
   2. കുറുകപാടത്തുള്ള പൊതുകുളം ( വാർഡ് 10)
   3. പട്ടരാട്ട് ചോല ( വാർഡ് 3)
   4. താണുകുണ്ട് കുളം ( ീ)
   5. പാലക്കച്ചിറ ( വാർഡ് 8)
   6. കണ്ണൻകുളം (വാർഡ് 6)
   7. പൊടിയാട്ട് ചോല (വാർഡ് 5)

6. താഴെ പറയുന്ന സ്ഥലങ്ങളിൽ കൃഷിയാവശ്യത്തിന് ട്രാക്ടർ ഇറക്കുന്നതിന് ട്രാക്ടർ പാത്തുകൾ നിർമ്മിക്കുക.

   1. അമ്പലവട്ടം കല്ലുവെട്ടുപാററോഡിൽ നിലവിലുള്ള ചീർപ്പ് വഴി.
   2. ചെറുശോലപാടത്ത് നിന്നും അച്ചാണിപാടത്തേക്ക് കല്ലകത്ത്മാട് നിന്നും.
   3. വൈലി പാടത്തേക്ക്.
   4. എടരിക്കോട് ജമുഅത്ത് പള്ളിയുടെ തെക്ക്ഭാഗത്ത്നിന്നും പാടത്തേക്ക്.
   5. കല്ല് വെട്ട് വരമ്പ് ഭാഗത്തേക്ക്
   6. 11 വാർഡിൽ എൻ.എച്ച് റോഡിൽ നിന്നും വടക്ക് ഭാഗത്തേക്ക്
      - 6.1 അമ്പലവട്ടത്തിൽനിന്നും പള്ളിയാൽക്കുളം ഭാഗത്തേക്ക്.
   7. പെരുമ്പുഴ-മഞ്ഞമ്മാട്ട് ഭാഗത്ത്
   8. മംഗലം പാടത്തേക്ക്
   9. വലിയ വരമ്പ് കടന്ന് ട്രാക്ടർ കൊണ്ടുപോകാൻ ഒരു കോൺക്രീറ്റ് സ്ലാബ് സ്ഥാപിക്കുക.
   10. മങ്കലംപാടത്ത് ജെ.ആർ.വൈ. പാലം ഭാഗം.

7. മൂന്നാം വാർഡിൽ ഒരു പൊതുകുളം നിർമ്മിക്കുക. ഇതിന് 20 സെന്റ് സ്ഥലം ലഭ്യമാക്കാനും, മനുഷ്യശേഷിയും, വിഭവശേഷിയും നൽകാനും വാർഡിലെ ജനങ്ങൾ തയ്യാറാണ്.

8. പുതുപറമ്പ് പുഞ്ചപാടത്ത് കാട്ടിങ്ങൾ ചിറയും വലിയവരമ്പ് ചിറയുംബന്ധിപ്പിച്ച് കൃഷിക്ക് ജലസേചനം നടത്താൻ ഒരു കനാൽ നിർമ്മിക്കാവുന്നതാണ്.

9. പഞ്ചായത്തിലെ തോട്ടുവരമ്പും പൊതുവഴിയും സ്വകാര്യസ്വത്താക്കിമാറ്റുന്ന പ്രവണത അവസാനിപ്പിച്ച് പഞ്ചായത്ത് പൊതുവഴി അളന്ന് തിട്ടപ്പെടുത്തി കർഷകർക്ക് ഉപയോഗയോഗ്യമാക്കി തീർക്കുക.

10. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പുഷ്ടിപ്പെടുത്തി പാടശേഖര കമ്മിറ്റികൾ മുഖേന വിത്തും വളവും കീടനാശിനികളും വിതരണം ചെയ്യുക.

11. തെങ്ങ്, കവുങ്ങ്, വെറ്റില കൃഷികൾക്ക് പടർന്ന് പിടിച്ചുകൊണ്ടിരിക്കുന്ന രോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്തുകയും കഷ്ടതയനുഭവിക്കുന്ന കർഷകർക്ക് ധനസഹായം നൽകുകയും ചെയ്യുക.

12. കാർഷികവിളകൾക്ക്, പ്രത്യേകിച്ച് വെറ്റില കൃഷിക്ക് വിള ഇൻഷൂറൻസ് ആനുകൂല്യം ലഭ്യമാക്കണം.

13. പച്ചക്കറികൃഷി പഞ്ചായത്തിൽ വ്യാപകമായി നടത്തുന്നതിനുള്ള സംവിധാനമേർപ്പെടുത്തുക. ഇതിനാവശ്യമായ ഗുണമേന്മയുള്ള വിത്തിനങ്ങൾ പഞ്ചായത്തിന് നേരിട്ട് നൽകാവുന്നതാണ്.

14. പഞ്ചായത്തിൽ വ്യാപകമായി കുറ്റിമുല്ല കൃഷി, ഔഷധച്ചെടി കൃഷി, മൾബറികൃഷി എന്നിവ നടപ്പാക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകുക.

15. കൃഷിഭവന്റെ സേവനം പഞ്ചായത്തിലെ എല്ലാഭാഗത്തെ കർഷകർക്കും ലഭ്യമാകുന്ന രീതിയിൽ കൃഷിഭവന്റെ ആസ്ഥാനം പഞ്ചായത്തിന്റെ മദ്ധ്യഭാഗമായ എടരിക്കോട് ടൗണിലേക്കാക്കുകയാണെങ്കിൽ കർഷകർക്ക് അത് സൗകര്യപ്രദമായിരിക്കും.

16. പാടങ്ങൾ വ്യാപകമായി നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതും, വരമ്പുകളിൽ തെങ്ങ് വെച്ചുപിടിപ്പിക്കുന്നതും കർശനമായി നിയന്ത്രിക്കുന്നതിന് ഇന്നുള്ള നിയമം ശക്തമായി നടപ്പാക്കേണ്ടതാണ്.

17. ജൈവവളം യഥേഷ്ടം ലഭ്യമാക്കുന്നതിന് വയലോരങ്ങളിൽ ശീമക്കൊന്ന തുടങ്ങിയ പച്ചിലവളച്ചെടികൾ വ്യാപകമായി വളർത്തുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

18. കാർഷികോല്പന്നങ്ങളുടെ സംഭരണത്തിന് ഒരു കശുവണ്ടി ഡെപ്പോയും, കൊപ്രാസഹകരണസംഘവും രൂപീകരിക്കാവുന്നതാണ്. ഇതോടൊപ്പം വെറ്റില കൃഷികാർക്കായി ജില്ലാതലത്തിൽ എടരിക്കോട് കേന്ദ്രമാക്കി ഒരു മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കാവുന്നതാണ്.

19. പഞ്ചായത്തിൽ വിവിധ കൃഷി പ്രദേശങ്ങളിലെ മണ്ണ് - ജല സംരക്ഷണ നടപടികൾ സ്വീകരിക്കുക.

20. കർഷകർക്കാവശ്യമായ രാസവളവും കീടനാശിനിയും ലഭിക്കുന്നതിനാവശ്യമായ സഹകരണവളംഡിപ്പോ പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതും ഇവ ശാസ്ത്രീയമായും, ആവശ്യമായും മാത്രം ഉപയോഗിക്കുന്നത് സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണ ക്ലാസുകളും നൽകാവുന്നതാണ്.

21. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കൂട്ടുവാനും, ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും, ഉല്പാദനം കൂട്ടുവാനും ഇന്നുള്ള ഉല്പാദനവുമായി ബന്ധമില്ലാത്ത അശാസ്ത്രീയമായ കൂലി സമ്പ്രദായം ഒരു പുനർചിന്തനത്തിന് വിധേയമാക്കേണ്ടതുണ്ട്. ഇതിനായി പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക - കർഷകതൊഴിലാളി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് ഫലപ്രദമായ ഒരു സംവിധാനം ഏർപ്പെടുത്തി മാതൃക കാട്ടാവുന്നതാണ്.

22. കുറുകപാടം പഞ്ചായത്തിലെ പ്രധാനപ്പെട്ട പാടശേഖരത്തിൽ നിന്നും തെന്നിമാറി കിടക്കുന്ന ഏകദേശം 300 ഏക്കർ പാടമാണ്. ഈ പാടത്ത് കൃഷിയിറക്കാൻ കുറുകപാടത്തുള്ള പഞ്ചായത്ത് ഏറ്റെടുത്ത അമ്പലകുളമെന്ന പൊതുകുളം നന്നാക്കി, പമ്പ്സെറ്റ് സ്ഥാപിക്കാൻ 300 ഏക്കർ കൃഷിക്ക് ജലസേചനസൗകര്യമെർപ്പെടുത്താൻ കഴിയും.

23. മൂച്ചിക്കൽ പഞ്ചായത്തുകുളത്തിലേക്ക് വഴിനിർമ്മിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

എടരിക്കോട് പഞ്ചായത്തിന്റെ സമഗ്ര പുരോഗതി കാർഷികോൽപാദനവുമായി ബന്ധപ്പെടുത്തി പുനർ ചിന്തിക്കേണ്ട സ്ഥിതി സംജാതമായിരിക്കയാണ്. ഇതിനായി സമഗ്ര കാർഷിക പുരോഗതിക്ക് ഉതകുന്ന ഏതാനും പദ്ധതി നിർദ്ദേശങ്ങളാണ് ഇവിടെ ഉയർത്തികാണിച്ചിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ ആവേശമുൾകൊണ്ട് ഒരു പുതിയ കൂട്ടായ്മയിലൂടെ വികസന സങ്കല്പം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി മണ്ണിനെയും മനുഷ്യനെയും വീണ്ടും സജ്ജമാക്കുന്ന പ്രക്രിയ ഇതോടെ നമുക്ക് ആരംഭിക്കാം.

# 5.2 മൃഗസംരക്ഷണം

പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട്, എരുമ, പോത്ത്, മൂരി എന്നിവയും പ്രധാന വളർത്തുപക്ഷി കോഴി, താറാവുകളുമാണ്. അപൂർവ്വമായി മുയലുകളേയും വളർത്തിവരുന്നു.

പട്ടിക
വളർത്തുമൃഗങ്ങളും പക്ഷികളും 1996

| മൃഗങ്ങളുടെ ഇനം | എണ്ണം |
|---|---|
| കാള നാടൻ | 285 |
| കാളനാടൻ സങ്കരം | 56 |
| പശു നാടൻ (കറവ) | 1244 |
| പശു നാടൻ (കറവയില്ലാത്തത്) | 306 |
| പശു സങ്കരം (കറവയുള്ളത്) | 177 |
| പശു സങ്കരം (കറവയില്ലാത്തത് | 62 |
| എരുമ (കറവയുള്ളത്) | 156 |
| എരുമ (കറവയില്ലാത്തത്) | 48 |
| പോത്ത് | 128 |
| ആട് | 464 |
| പട്ടി | 403 |
| പൂവൻ കോഴി | 3623 |
| പിടകോഴി (മുട്ടയിടുന്നത്) | 6402 |
| പിടക്കോഴി (മുട്ടിയിടാത്തത്) | 1113 |
| താറാവ് ആൺ | 13 |
| താറാവ് പെൺ | 36 |

കാർഷികരംഗത്ത് വന്ന മാന്ദ്യവും ഗൾഫ് സ്വാധീനം വഴിയൊരുക്കിയ സംസ്ക്കാരത്തിന്റെ ഉൽഭവവും പഞ്ചായത്തിലെ കന്നുകാലി വളർത്തലിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. കാലിതീറ്റയുടെ വിലവർദ്ധനവും, വൈക്കോലിന്റെയും എല്ലിന്റെയും ലഭ്യതകുറവും, മൃഗചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തതയും പൊതുവിൽ കാലിവളർത്തലിനെ തളർത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെ മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ ഒരു മൃഗാശുപത്രിയുണ്ടെങ്കിലും കാലികൾക്ക് യഥാസമയം ചികിത്സ കിട്ടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾ പാലിനുവേണ്ടി 'മിൽമ'യേയും, മുട്ടക്കും കോഴിയിറച്ചിക്കും വേണ്ടി തമിഴ്നാട്ടിൽനിന്നുള്ള ഇറക്കുമതിയേയുമാണ് ആശ്രയിക്കുന്നത്. അറവിനായി ധാരാളം കാലികൾ പഞ്ചായത്തിൽ എത്തുന്നുണ്ടെങ്കിലും ശാസ്ത്രീയമായ അറവുശാല പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. കാലികച്ചവടവും, അറവും പാരമ്പര്യതൊഴിലാക്കി അഭിവൃദ്ധിപ്രാപിച്ച് ഇന്നും തുടർന്ന് വരുന്ന പ്രമുഖകുടുംബങ്ങൾ ഉള്ള ഒരു പഞ്ചായത്ത് കൂടിയാണിത്.

### പ്രശ്നങ്ങൾ

1. കാലിതീറ്റ, കോഴിതീറ്റ എന്നിവയുടെ വിലവർദ്ധന
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
3. പഞ്ചായത്തിൽ മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
4. കോഴിവളർത്തലിനും, കാലിവളർത്തലിനും വേണ്ട വായ്പകളും മറ്റും ലഭിക്കായ്മ

### സാദ്ധ്യതകൾ

1. കോഴിവളർത്തൽ, ഓരോവീട്ടിലും ആരംഭിച്ച് മുട്ട, മാംസം എന്നിവയുടെ ലഭ്യതയിൽ പഞ്ചായത്തിന് മുൻപന്തിയിലെത്താവുന്നതാണ്

2. കോഴികുഞ്ഞുങ്ങളെ സൗജന്യമായി നൽകി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും കോഴികളെ വളർത്തൽ പ്രോത്സാഹിപ്പിക്കുക

3. കാലിതീറ്റ, കോഴിതീറ്റ എന്നിവ സബ്സിഡി നിരക്കിൽ ലഭിക്കാനുള്ള നടപടി സ്വീകരിക്കുക

4. മൃഗചികിത്സാസൗകര്യം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിൽ എടരിക്കോട്ട് ഒരു മൃഗാശുപത്രി സ്ഥാപിക്കുകയും ആവശ്യമായിടങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

5. സഹകരണാടിസ്ഥാനത്തിൽ കാലിവളർത്തൽ പ്രോത്സാഹിപ്പിച്ച് പാൽ സംഭരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

പഞ്ചായത്തുകളിൽ അലഞ്ഞുനടക്കുന്ന പട്ടികളെ ഉന്മൂലനം ചെയ്യുകയും നായവളർത്തലിന് പഞ്ചായത്തിന്റെ ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക.

## മത്സ്യമേഖല

എടരിക്കോട് ഗ്രാമപഞ്ചായത്തിൽ ഒട്ടേറെ തോടുകളും കുളങ്ങളും മറ്റും ഉണ്ടെങ്കിലും ശാസ്ത്രീയമായ രീതിയിൽ മത്സ്യം വളർത്തുന്ന പദ്ധതികൾ ഒന്നുംതന്നെയില്ല. ജലാശയങ്ങളിൽ –, കണ്ണൻ, തടു, മുഴു, പരൽ തുടങ്ങിയ മത്സ്യങ്ങൾ കണ്ടുവരുന്നുണ്ട്. പൊതുകുളങ്ങളിലും സ്വകാര്യകുളങ്ങളിലും സംഘടിതമായി ശാസ്ത്രീയമായരീതിയിലുള്ള മത്സ്യംവളർത്തൽ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ തീർച്ചയായും പഞ്ചായത്തിലെ കുറച്ചുപേർക്കെങ്കിലും അത് തൊഴിലും ഉപജീവനത്തിനുള്ളമാർഗ്ഗവും നേടിക്കൊടുക്കും എന്നുള്ള കാര്യത്തിൽ സംശയമില്ല.

മത്സ്യകച്ചവടം ഉപജീവനമാർഗ്ഗമാക്കിയ ഒട്ടേറെ പേർ ഈ പഞ്ചായത്തിലുണ്ട്.

# 5.3 വ്യവസായം

പ്രായേണ ദരിദ്രമായൊരു വ്യവസായ ചരിത്രമേ എടരിക്കോട് പഞ്ചായത്തിന് അവകാശപ്പെടാന്നുള്ളു. കാര്യമായ സംഘ ടിത വ്യവസായങ്ങൾ ഒന്നും പഞ്ചായത്തിൽ ഇല്ലായിരുന്നു. എന്നാൽ പ്രധാനപ്പെട്ട ഒരു വാണിജ്യകേന്ദ്രം എന്ന നിലക്ക് എടരിക്കോട് 1950 നു മുൻപ്തന്നെ അറിയപ്പെട്ടിരുന്നു. കോഴിക്കോട്, തിരൂർ, വളാഞ്ചേരി എന്നിവിടങ്ങളിൽനിന്നും കാളവണ്ടിക്ക് വാണിജ്യസാധനങ്ങൾ കൊണ്ടുവന്ന് വിപ ണനം ചെയ്യുന്ന സംവിധാനമായിരുന്നു ഇവിടെ നിലനിന്നി രുന്നത്. പനംചക്കര നിർമ്മാണം, അവിൽ ഇടിച്ച് വിപണനം ചെയ്യുക, കളിയടക്ക സംസ്ക്കരിച്ച് കയറ്റിഅയക്കുക, വാട്ടി യകപ്പ, ഉണക്കകപ്പ എന്നിവ ഉല്പാദിപ്പിക്കുക, ബീഡിതെ റുപ്പ്, തുടങ്ങിയവ ഈ പഞ്ചായത്തിൽ നിലനിന്നിരുന്ന പാര മ്പര്യ വ്യവസായങ്ങളായിരുന്നു. ഏറെക്കുറെ 196065 കാല ഘട്ടം വരെ ഈ പ്രതാപം നിലനിന്നു. പിന്നീട് കോട്ടക്കൽ അങ്ങാടി വളർന്നതോടുകൂടി ഇതിന് ഒരു മാറ്റം വരാൻ തുടങ്ങി.

1978 ൽ പാലച്ചിറമാട്ടെ പാറയിൽ മുഹമ്മത്കുട്ടി തന്റെ ഉടമ സ്ഥതയിൽ ഒരു സ്റ്റീൽ അലമാര നിർമ്മാണ യൂണിറ്റ് ആരം ഭിച്ചതോടെയാണ് എടരിക്കോടിന്റെ ചരിത്രത്തിൽ ആധുനിക വ്യവസായത്തിന് ഇടം ലഭിച്ചത്. പഞ്ചായത്തിൽ ഇപ്പോൾ പൊ തുമേഖലയിൽ പ്രവർത്തിക്കുന്ന എടരിക്കോട് ടെക്സ്റ്റൈൽസ്, കെൽ യൂണിറ്റ് എന്നിവ എടുത്ത് പറയ ത്തക്ക വ്യവസായസ്ഥാപനങ്ങളാണ്. 355 ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നു.

പഞ്ചായത്തിലെ കണക്കുകൾ പ്രകാരം നമ്മുടെ പഞ്ചായത്തിൽ വിവിധ സ്ഥാപനങ്ങളിലായി ആകെ 1628 ജീവനക്കാർ ഉണ്ട്. അതുകൊണ്ടുതന്നെ ഈ പഞ്ചായത്തിനെ ഇ. എസ്. ഐ. സ്കീം പരിധിയിൽ പെടുത്താവുന്നതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഇനം തിരി ച്ചുള്ള പട്ടിക അനുബന്ധം 1ൽ ചേർത്തിരിക്കുന്നു.

### വ്യവസായ മേഖലയിലെ സ്ത്രീ പങ്കാളിത്തം.

വ്യവസായ മേഖലയിലെ സ്ത്രീ ജോലിക്കാരുടെ പങ്കാളിത്തം വളരെയേറെ പരിമിതമാണ്.

### പ്രശ്നങ്ങൾ

1. മേൽ സൂചിപ്പിച്ച തരത്തിൽ 60ൽ പരം ചെറുകിട വ്യവ സായസ്ഥാപനങ്ങൾ നിലവിലുണ്ട്. ആയതിന് വേണ്ട വിദ ഗ്ദരായ തൊഴിലാളികൾ ലഭ്യമല്ലാത്തതിനാൽ ഈ യൂണി റ്റുകളിലെ തൊഴിലാളികൾ മുക്കാൽപങ്കും പുറമെനിന്നു ള്ളവരാണ്.
2. സഹകരണ മേഖലയിൽ ഈ പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല.
3. പഞ്ചായത്തിൽ ലഭ്യമായ കാർഷിക വിഭവങ്ങൾ ഉപ യോഗപ്പെടുത്തികൊണ്ടുള്ള വ്യവസായങ്ങൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല.
4. സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികളുടെയും വ്യവസായ സംരഭകരുടെയും കുറവ്.
5. വ്യവസായസംരഭത്തിനുള്ള ധനസഹായം ലഭിക്കുന്നതി നുള്ള സാങ്കേതികബുദ്ധിമുട്ട്.
6. വനിതകൾക്ക് തൊഴിലവസരം വളരെ കുറവ്.
7. വ്യവസായ സംരഭകർക്ക് ആവശ്യമായ ലൈസൻസുകൾ ലഭിക്കുന്നതിനുള്ള കാലതാമസവും നൂലാമാലകളും.
8. വ്യവസായങ്ങൾ ആരംഭിക്കാൻ പറ്റിയ സ്ഥലത്തിന്റെ അപര്യാപ്തയും വൈദ്യുതിയുടെ പ്രശ്നങ്ങളും.

## സാദ്ധ്യതകൾ

1. എടരിക്കോട് പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന തേങ്ങയും ഉപോല്പന്നങ്ങളും ഉപയോഗപ്പെടുത്തി വെളിച്ചെണ്ണ, പിണ്ണാക്ക്, ക്രീമുകൾ, മിഠായികൾ, കയറുൽപന്നങ്ങൾ തുടങ്ങിയവ ഉൽപാദിപ്പിച്ച് വിപണനം നടത്തുന്നതിന് സാദ്ധ്യതയുണ്ട്.

2. ഇവിടെ സുലഭമായി ലഭിക്കുന്ന അടക്ക സംസ്ക്കരിച്ച് ആദായകരമായി വിപണനം ചെയ്യുവാനുള്ള സാദ്ധ്യതകൾ ഉണ്ട്. അതുപോലെ പാഴായിപോകുന്ന കഴുങ്ങിൻപാള ഉപയോഗപ്പെടുത്തി കരകൗശലവസ്തുക്കൾ നിർമ്മിച്ച് വിപണനം ചെയ്യുവാനുള്ള സാദ്ധ്യതയുണ്ട്.

3. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന സ്ത്രീശക്തി പ്രയോജനപ്പെടുത്തി ടൈലറിംങ് യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ, എംബ്രോയ്ഡറി യൂണിറ്റ് എന്നിവ ആരംഭിക്കുവാനുള്ള സാദ്ധ്യതകളുണ്ട്.

4. പഞ്ചായത്തിൽ ധാരാളമായി ചിലവാകുന്ന ബാർസോപ്പ് ഉൽപാദിപ്പിച്ച് വിപണനം നടത്തുവാൻ ധാരാളം സാദ്ധ്യതയുണ്ട്.

5. പഞ്ചായത്തിൽ ഇ.എസ്.ഐ സ്കീം നടപ്പിലാക്കുക.

6. കേരളത്തിലെ പ്രധാന രാജവീഥികളിലൊന്നായ ദേശീയ പാത 17ഉം തിരൂർ-മഞ്ചേരി ജില്ലാ പാതയും കടന്ന് പോകുന്നത് ഈ പഞ്ചായത്തിലൂടെയാണ്. ഈ അനുകൂല സാഹചര്യം മുതലാക്കി ധാരാളം ഓട്ടോമോബൈൽ വർക്ക്സ് ഷാപ്പുകൾ വളർന്നു വന്നിട്ടുണ്ട്. ആവശ്യമായ സ്പെയർ പാർട്ടുകൾ, വൈദ്യുതോപകരണ കിറ്റുകൾ, റബ്ബർ ഉപകരണങ്ങൾ തുടങ്ങിയവ ഇപ്പോൾ വരുന്നത് പുറത്തുനിന്നുമാണ്. ഇത്തരം സാധനങ്ങൾ പഞ്ചായത്തിൽതന്നെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന കുടിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സാദ്ധ്യതകൾ ആരായാവുന്നതാണ്.

7. സഹകരണാടിസ്ഥാനത്തിൽ അച്ചാർ, സുർക്ക, മസാല പൊടി നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക.

8. ചക്ക, മരച്ചീനി, നേന്ത്രകായ സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുക.

9. സൈക്കിൾ പാർട്സ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

10. പ്ലാസ്റ്റിക് ഉൽപന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

11. പഞ്ചായത്തിലെ വ്യവസായ മേഖലയായി വളർന്നുവരുന്ന ചുടലപാറ- പുതുപറമ്പ് മേഖലയിൽ ഒരു ഇൻഡ്രസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

മേൽ പറഞ്ഞ നിർദ്ദേശങ്ങളെ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചു നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിടവ്യവസായരംഗത്ത് കാര്യമായമാറ്റം ഉണ്ടാക്കാൻ സാധിക്കും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കാനും ഇത് ഉപകരിക്കും. ഇത് വഴി പഞ്ചായത്തിലെ ആളോഹരി വരുമാനം വർദ്ധിക്കുകയും പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഇത് കാരണമായി തീരും.

ഇത് സ്വാഭാവികമായും പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹിക- സാംസ്ക്കാരിക-സാമ്പത്തിക പുരോഗതിക്ക് ആക്കം കൂട്ടുമെന്ന് പ്രത്യാശിക്കുകയും ചെയ്യാം.

### അനുബന്ധം-1

**പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക.**

| | | |
|---|---|---|
| 1. | എടരിക്കോട് ടെക്സ്റ്റയിൽസ് | 1 എണ്ണം |
| 2. | 'കെൽ' യൂണിറ്റ് | 1 |
| 3. | കോട്ടൺ മിൽ (സ്വകാര്യമേഖല) | 1 |
| 4. | സ്റ്റീൽ ഫർണീച്ചർ നിർമ്മാണയൂണിറ്റുകൾ | 9 |
| 5. | അലൂമിനിയം അടിസ്ഥാന വസ്തുവാക്കിയ വ്യവസായ യൂണിറ്റുകൾ | 3 |
| 6. | കെമിക്കൽ യൂണിറ്റുകൾ | 3 |
| 7. | പ്ലാസ്റ്റിക് | 1 |
| 8. | തടി വ്യവസായ യൂണിറ്റുകൾ | 16 |
| 9. | റബ്ബർ വ്യവസായ യൂണിറ്റുകൾ | 2 |
| 10. | റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റ് | 5 |
| 11. | റെക്സിൻ ബാഗ് നിർമ്മാണ യൂണിറ്റ് | 2 |
| 12. | ഫ്ലവർ മില്ലുകൾ | 9 |
| 13. | ഹോളോ ബ്രിക്സ് നിർമ്മാണം | 2 |
| 14. | പി.വി.സി. പൈപ്പ് നിർമ്മാണം | 1 |
| 15. | പ്രിന്റിംഗ് പ്രസ്സുകൾ | 3 |
| 16. | ബേക്കറി നിർമ്മാണം (കുടിൽ വ്യവസായം) | 3 |
| 17. | ഓഫ് സെറ്റ് പ്രസ്സ് | 1 |
| 18. | അച്ചാർ നിർമ്മാണം | 1 |

# 5.4 വിദ്യാഭ്യാസം

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പ്രാഥമിക വിദ്യഭ്യാസ സൗകര്യങ്ങൾപോലും എടരിക്കോട് പ്രദേശത്ത് ഉണ്ടായിരുന്നില്ല. 3-ാം തരം വരേയും 5-ാം തരം വരേയും മാത്രം പഠനം ഉണ്ടായിരുന്ന വിദ്യാലയങ്ങളാണ് പ്രവർത്തിച്ചിരുന്നത്. എടരിക്കോട് ദേവർ പറമ്പിൽ ഓത്തുപള്ളിക്കൂടവും തിരുത്തിയിൽ പള്ളിക്കൂടവുമാണ് ആദ്യകാലത്തുണ്ടായിരുന്ന പാഠശാലകൾ. പില്ക്കാലത്ത് കഞ്ഞിക്കുഴിങ്ങര, പാലച്ചിറമാട്, അമ്പലവട്ടം, ചെറുശ്ശോല എന്നിവിടങ്ങളിൽ സ്ക്കൂളുകൾ ആരംഭിച്ചു. ഏഴാംതരം വരെയുള്ള പഠനങ്ങൾക്ക് കോട്ടക്കൽ നായാടിപ്പാറ സ്ക്കൂളിനേയും മാപ്പിള യു.പി. സ്ക്കൂളിനേയും ആശ്രയിക്കേണ്ടിവന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ഏറെ സഹായിച്ചത് കോട്ടക്കൽ രാജാസ് ഹൈസ്ക്കൂൾ തന്നെ. ഉപരിപഠനത്തിന് ഫാറൂക്ക് കോളേജിലേക്കാണ് ഇവിടുത്തുകാർ പോയിരുന്നത്. അധ്യാപകപരിശീലനത്തിന് മലപ്പുറം ഗവൺമെന്റ് ട്രെയിനിംഗ് സ്ക്കൂളിന്റെ പ്രയോജനം ഏറെ ലഭിച്ചിരുന്നു. ചെറുശ്ശോല ഭാഗത്ത് ഒട്ടേറെ പേർ അധ്യാപകരംഗത്തേക്കു കടന്നുവരാൻ ഈ സാഹചര്യം വഴിയൊരുക്കി.

സ്വാതന്ത്ര്യാനന്തരം ഈ പ്രദേശത്ത് ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യ രംഗത്തും സർക്കാർ രംഗത്തും വരികയുണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക

| ക്രമ നമ്പർ | സ്ക്കൂൾ | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകർ | എയിഡഡ്/ സർക്കാർ |
|---|---|---|---|---|---|---|
| 1. | ജി.എച്ച്.എസ് പുതുപറമ്പ് | 871 | 819 | 1690 | 49 | സർക്കാർ |
| 2. | പി.കെ.എം.എം.എച്ച്.എസ് എടരിക്കോട് | 751 | 688 | 1439 | 55 | എയിഡഡ് |
| 3. | ജി.യു.പി.എസ്. എടരിക്കോട് | 545 | 452 | 1027 | 21 | സർക്കാർ |
| 4. | എ.എം.യു.പി.എസ്. പാലച്ചിറമാട് | 785 | 738 | 1523 | 41 | എയിഡഡ് |
| 5. | ജി.എൽ.പി.എസ്. ക്ലാരി | 126 | 119 | 245 | 5 | സർക്കാർ |
| 6. | ജി.എൽ.പി.എസ്. ക്ലാരിവെസ്റ്റ് | 51 | 57 | 108 | 5 | സർക്കാർ |
| 7. | എ.എം.എൽ.പി.എസ്. ക്ലാരിസൗത്ത് | 270 | 228 | 498 | 12 | എയിഡഡ് |
| 8. | എ.എം.എൽ.പി.എസ്. ചെറുശ്ശോല | 224 | 212 | 436 | 12 | എയിഡഡ് |
| 9. | എ.എം.എൽ.പി.എസ്. വാളക്കുളം | 279 | 255 | 534 | 17 | എയിഡഡ് |

ആകെയുള്ള വിദ്യാലയങ്ങളിൽ നാല് എണ്ണം മാത്രമാണ് സർക്കാർ മേഖലയിൽ ഉള്ളത്. മറ്റു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഉന്നതവവിദ്യാഭ്യാസത്തിനായി മലപ്പുറം, മഞ്ചേരി, തിരൂർ, തിരൂരങ്ങാടി എന്നിവിടങ്ങളിലെ കോളേജുകളേയും തിരൂരിലെ പോളിടെക്നിക്, കോട്ടക്കൽ വനിതാപോളിടെക്നിക്, കല്ലിങ്ങൽപറമ്പ് ഹയർ സെക്കന്ററി സ്ക്കൂൾ (പ്ലസ് ടു) എന്നീ സ്ഥാപനങ്ങളെയാണ് ആശ്രയിച്ചുവരുന്നത്.

പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും മലയാളം മീഡിയം സ്ക്കൂളുകളിലേക്ക് തന്നെയാണ് തങ്ങളുടെ കുട്ടികളെ അയക്കുന്നത്. പുറത്തുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് കുറച്ചാളുകൾ കുട്ടികളെ അയക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്തെ പുത്തൻ സംസ്ക്കാരത്തിന്റെ ഭാഗമായി ഗൾഫുകാർക്കിടയിലും മറ്റും ചെലുത്തുന്ന സ്വാധീനം വ്യാപകമായി വരുന്നുണ്ട്.

മൂന്നുവയസ്സിനും അഞ്ചുവയസ്സിനും ഇടയിലുള്ള കുട്ടികളധികവും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കൻവാടികളിലാണ് പോകുന്നത്. ഏതാനും ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറി സ്ക്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാഭ്യാസ മേഖലയിൽ ഒരുപാട് പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. വിദ്യാർത്ഥികൾ ചെറുപ്പത്തിലെ ഗൾഫ് സ്വപ്നം കാണുന്നതിനാൽ പഠനകാര്യങ്ങളിൽ തീരെ ശ്രദ്ധചെലുത്തുന്നില്ല. പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിലെ എസ്.എസ്.എൽ.സി വിജയശതമാനം കുത്തനെ ഇടിഞ്ഞുവരുന്നത് ഇതിനുദാഹരണമാണ്. സ്ത്രീ വിദ്യാഭ്യാസരംഗത്ത് ബാല്യവിവാഹം മൂലവും കൊഴിഞ്ഞുപോക്കുമൂലവും പിന്നോക്കാവസ്ഥ നിലനിൽക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ സർക്കാർ സ്ക്കൂളുകൾക്ക് ആവശ്യമായ കെട്ടിടങ്ങൾ, ഫർണിച്ചർ, പഠനസാമഗ്രികൾ, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, കുടിവെള്ളസൗകര്യം എന്നിവയില്ലാത്തതും വേണ്ടത്ര അധ്യാപകരില്ലാത്തതും പഠനനിലവാരത്തെ കാര്യമായി ബാധിക്കുന്നു.
2. ചില സർക്കാർ സ്ക്കൂളുകൾ വേണ്ടത്രസൗകര്യമില്ലാത്ത സ്വകാര്യ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.
3. പാഠപുസ്തകങ്ങൾ മിക്കപ്പോഴും തക്കസമയത്ത് ലഭിക്കുന്നില്ല.
4. ആവശ്യമായ സ്ഥലങ്ങളിൽ യു.പി. സ്ക്കൂളുകളും, എൽ.പി. സ്ക്കൂളുകളും ഇല്ല.
5. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നില്ല.
6. സ്ക്കൂളുകളുടെ ഭാഗമായി മലയാളം മീഡിയം പ്രീ പ്രൈമറിസ്ക്കൂളുകൾ പ്രവർത്തിക്കുന്നില്ല.
7. ഡി.പി.ഇ.പി. ഫണ്ട് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ക്കൂളുകൾക്ക് ലഭിക്കുന്നില്ല.
8. അശാസ്ത്രീയമായ സിലബസും കൂട്ടപ്രമോഷനും പഠന നിലവാരത്തെ ദോഷകരമായി ബാധിക്കുന്നു.

## സാദ്ധ്യതകൾ

1. വാർഡുകൾ തോറും ആവശ്യമായ ഇടങ്ങളിൽ എൽ.പി. സ്ക്കൂളുകളും, അങ്കൻവാടികളും സ്ഥാപിക്കാവുന്നതാണ്.
2. യു.പി. സ്ക്കൂളുകൾ ഇല്ലാത്തഭാഗങ്ങളിലെ എൽ.പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാവുന്നതാണ്.
3. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ക്കൂളുകളുടെ സ്ഥലവും കെട്ടിടവും സർക്കാർ ഏറ്റെടുക്കാവുന്നതാണ്.
4. സർക്കാർ സ്ക്കൂളുകൾക്ക് ആവശ്യമായ കെട്ടിടം, ഫർണിച്ചർ, പഠനോപകരണങ്ങൾ, മൂത്രപ്പുര, കക്കൂസ്, കുടിവെള്ളസൗകര്യം എന്നിവ ജനപങ്കാളിത്തത്തോടെ ഏർപ്പെടുത്താവുന്നതാണ്.
5. എൽ.പി., യു.പി., ഹൈസ്ക്കൂൾ എന്നിവക്ക് പ്രത്യേകം ഹെഡ്മാസ്റ്റർമാരെ നിയമിക്കാവുന്നതാണ്.
6. പാഠപുസ്തകങ്ങൾ തക്ക സമയത്ത് സൗജന്യമായി വിതരണം ചെയ്യാവുന്നതാണ്.
7. അദ്ധ്യാപകരക്ഷാകർതൃസമിതി, മാതൃസംഗമം എന്നിവ സജീവമാക്കാം.

8. സാങ്കേതിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി വനിതാപോളിടെക്നിക് പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്.

9. എൽ.പി, യു.പി. സ്ക്കൂളുകളിൽ ഉച്ചഭക്ഷണം സൗജന്യമായി ജനപങ്കാളിത്തത്തോടെ നൽകാൻ നടപടിയെടുക്കാം.

10. ആവശ്യമായ സ്ക്കൂളുകളിൽ പ്രീപ്രൈമറി സ്ക്കൂളുകൾ സ്ഥാപിക്കാം.

11. പഞ്ചായത്തിലെ പ്രധാനസ്ഥലങ്ങളിൽ ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ആവശ്യമായ ഫർണിച്ചറുകളും പത്രമാസികകളും അനുവദിക്കുകയും ചെയ്യാം.

12. കുട്ടികളുടെ കലാ- കായിക രംഗങ്ങളിലെ പ്രോത്സാഹനത്തിനായി സംവിധാനങ്ങൾ ഏർപ്പെടുത്താം.

13. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി രൂപീകരിച്ച് പഞ്ചായത്തിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാം.

14. സർക്കാർ സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ തക്കസമയങ്ങളിൽ നികത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

15. പുതുതായി ട്രസ്റ്റുകളുടെ കീഴിൽമാത്രം സ്വകാര്യസ്ക്കൂളുകൾ അനുവദിക്കാവുന്നതാണ്.

16. ആൾപ്രമോഷൻ നിർത്തലാക്കിയും സിലബസ് ശാസ്ത്രീയമായി പരിഷ്കരിച്ചും വിദ്യാഭ്യാസനിലവാരം ഉയർത്താൻ സർക്കാർ നടപടിയെടുക്കാവുന്നതാണ്.

17. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ക്കൂൾ കെട്ടിടറിപ്പയർ കെട്ടിടഉടമകൾ യഥാസമയം നടത്താതിരിക്കുന്ന സാഹചര്യങ്ങളിൽ റിപ്പയർ നടത്തുവാൻ നടപടിയെടുക്കാവുന്നതാണ്.

18. പുതുപറമ്പ് സ്ക്കൂളിലെ എൽ.പി., ഹൈസ്ക്കൂൾ വിഭാഗങ്ങൾ വേർപ്പെടുത്തി രണ്ടിനും പ്രത്യേകം പ്രധാനാദ്ധ്യാപകരെ നിയമിക്കാൻ സംവിധാനം ഉണ്ടാവണം.

## സാക്ഷരതാപ്രവർത്തനങ്ങൾ

നിരക്ഷരതാ നിർമ്മാർജ്ജനപരിപാടികൾ പഞ്ചായത്തിൽ സജീവമായി നടന്നുവരുന്നുണ്ട്. സംസ്ഥാനത്തിലെ മറ്റു ഭാഗങ്ങൾക്കൊപ്പം എടരിക്കോട് പഞ്ചായത്തും സമ്പൂർണ്ണ സാക്ഷരതാലക്ഷ്യം കൈവരിക്കുകയുണ്ടായിട്ടുണ്ട്.



163

# 5.5 പൊതുജനാരോഗ്യവും കുടിവെള്ളവും

## പൊതുജനാരോഗ്യം

ഉദ്ദേശം 1970 വരെ നമ്മുടെ പഞ്ചായത്തിൽ അന്ധവിശ്വാസത്തിലധിഷ്ഠിതമായ മന്ത്രവാദങ്ങൾ, ഉറുക്ക്, നൂൽ, ചരടുജപം തുടങ്ങിയ ചികിത്സാസമ്പ്രദായങ്ങൾ നിലനിന്നിരുന്നു. പാരമ്പര്യവൈദ്യൻമാരുടെ സേവനവും പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ലഭ്യമായിരുന്നു. കോളറ, വസൂരി എന്നീ പകർച്ചവ്യാധികളൊഴിച്ചാൽ മറ്റു രോഗങ്ങൾ വളരെ വിരളമായി മാത്രമെ കണ്ടിരുന്നുള്ളൂ. പ്രസവസംബന്ധമായ രോഗമായിരുന്നു ജനങ്ങൾ മുമ്പു ഭയപ്പെട്ടിരുന്ന ഒരു രോഗാവസ്ഥ. ഇതിനും അബദ്ധജഡിലമായ ചികിത്സാരീതിയാണ് നിലനിന്നിരുന്നത്. പാരമ്പര്യ ആയുർവേദ ചികിത്സാരീതിയായിരുന്നു കുറച്ചെങ്കിലും ശാസ്ത്രീയമായ ചികിത്സാരീതി. 1902ൽ കോട്ടക്കൽ ആര്യവൈദ്യശാലയുടെ സ്ഥാപനത്തോടെ ആയുർവേദം സ്വീകാര്യവും വ്യാപകവുമായിത്തുടങ്ങി.

1921ലെ മലബാർ കലാപത്തെതുടർന്ന് 1922ൽ കോഴിച്ചെനയിൽ എം.എസ്.പി. ക്യാമ്പ് സ്ഥാപിതമാവുകയും അവിടുത്തെ ഉദ്യോഗസ്ഥർക്കായി ഒരു അലോപ്പതി ഡിസ്പൻസറി ആരംഭിക്കുകയും ചെയ്തു. 1963 - 64 കാലഘട്ടത്തോടെ പൊതുജനങ്ങൾക്ക് ഇവിടെനിന്നും ചികിത്സ ലഭ്യമായിതുടങ്ങി.

1962ൽ അമ്പലവട്ടത്ത് ഒരു സബ്സെന്റർ സ്ഥാപിതമാവുകയും ഒരു മിഡ്‌വൈഫിന്റെ സേവനം ഈ പ്രദേശത്തുകാർക്ക് ലഭ്യമാവുകയും ചെയ്തു.

1974ൽ സഹകരണമേഖലയിൽ ഒരു അലോപ്പതി ആശുപത്രി സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കുകയും ഏതാനും വർഷത്തിനകം അതിന്റെ പ്രവർത്തനം നിലക്കുകയും ചെയ്തു.

കോട്ടക്കൽ ആര്യവൈദ്യശാലയുടെ ധർമ്മാശുപത്രി നിലവിൽവന്നതോടെ പഞ്ചായത്തിലെ പലഭാഗങ്ങളിലെ രോഗികളും ഇതിനെ ആശ്രയിച്ചുതുടങ്ങി. ആദ്യമായി സ്വകാര്യമേഖലയിൽ അലോപ്പതി ചികിത്സയാരംഭിച്ചത് കോട്ടക്കലിൽ ഉള്ള ടി.എം. മേനോൻ ആയിരുന്നു. പഞ്ചായത്തിലെ ശിശുരോഗികളെ മിക്കവാറും ഇദ്ദേഹമാണ് ചികിത്സിച്ചിരുന്നത്.

ക്ഷയം, കുഷ്ഠം, മലമ്പനി എന്നീ പകർച്ചവ്യാധികൾ നേരിയതോതിൽ ഇന്ന് പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ കണ്ടുവരുന്നുണ്ട്. കാലാവസ്ഥാമാറ്റങ്ങൾക്കനുസരിച്ചുണ്ടാവുന്ന രോഗങ്ങൾക്ക് പുറമെ കാര്യമായ മറ്റു രോഗങ്ങൾ ഇപ്പോൾ കണ്ടുവരുന്നില്ല.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 1991ലെ സെൻസസ് പ്രകാരം 28726 ആണ്. ഇതിൽ സ്ത്രീകൾ 14053 ഉം പുരുഷന്മാർ 14673 ഉം ആണ്. ഒരു വയസ്സിന് താഴെയുള്ള കുട്ടികൾ 665 ഉം ഒന്നുമുതൽ മൂന്നുവയസ്സുവരെയുള്ള കുട്ടികൾ 1279 ഉം മൂന്നു വയസ്സുമുതൽ ആറ് വയസ്സുവരെയുള്ള 1227 കുട്ടികളും ആറ് വയസ്സിന് മുകളിൽ പ്രായമുള്ള 1379 കുട്ടികളുമാണുള്ളത്.

പഞ്ചായത്തിലെ പൊതുമരണനിരക്ക് 2.38% വും ശിശുമരണനിരക്ക് 7.

96% ഉം ജനനനിരക്ക് 9% വുമാണ്. മാതൃമരണനിരക്ക് നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

മലിനജലം, കക്കൂസിന്റെ അഭാവം, കൊതുകുശല്യം മുതലായ കാരണങ്ങളാൽ പകർച്ചവ്യാധികൾ ഇടക്കുണ്ടാവാറുണ്ട്. അടിയന്തിരഘട്ടത്തിൽ ഉപയോഗിക്കേണ്ട ബ്ലീച്ചിങ് പൗഡർ, ഡി.ഡി.ടി. തുടങ്ങിയവ പ്രൈമറി ഹെൽത്ത് സെന്ററിൽ ലഭ്യമല്ല. അത് പോലെ ആവശ്യമായ വാക്സിനുകൾ സൂക്ഷിക്കാനുള്ള സംവിധാനവും ഇവിടെ ഇല്ല.

164

പഞ്ചായത്തിലെ ഒരു വയസ്സിന് താഴെയുള്ള കുട്ടികളിൽ 125 പെൺകുട്ടികളും 119 ആൺകുട്ടികളും ലഘുവായ പോഷകകുറവുള്ളവരും, 95 പെൺകുട്ടികളും 75 ആൺകുട്ടികളും മിതമായ പോഷണക്കുറവുള്ളവരുമാണ്. മൂന്ന് വയസ്സുവരെയുള്ള കുട്ടികളിൽ 258 ആൺകുട്ടികളും 217 പെൺകുട്ടികളും ലഘുവായ പോഷണകുറവുള്ളവരും 206 ആൺകുട്ടികളും 163 പെൺകുട്ടികളും മിതമായ പോഷണകുറവുള്ളവരും ഒരാൺകുട്ടി ഗുരുതരമായ പോഷണകുറവുള്ളവനുമാണ്. മൂന്ന് വയസ്സിനുമുകളിൽ ആറ് വയസ്സിന് താഴെയുള്ള കുട്ടികളിൽ ലഘുവായ പോഷണകുറവുള്ള 208 ആൺകുട്ടികളും 208 പെൺകുട്ടികളുമുണ്ട്. മിതമായ പോഷണകുറവുള്ള 202 ആൺകുട്ടികളും 156 പെൺകുട്ടികളുമുണ്ട്. പഞ്ചായത്തിൽ അനുപൂരക പോഷകാഹാരം ലഭിക്കുന്ന 2667 കുട്ടികളും 184 ഗർഭിണികളും 225 മുലയൂട്ടുന്ന അമ്മമാരുമുണ്ട്. പഞ്ചായത്തിലെ ഒരൊറ്റസ്ക്കൂളിലും പലകാരണങ്ങളാൽ ഉച്ചക്കഞ്ഞിവിതരണ പരിപാടി നടക്കുന്നില്ല.

1980 മൂച്ചിക്കലിൽ പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തനമാരംഭിച്ചു. ഇവിടെ മൊത്തം 17 ജീവനക്കാരുണ്ട്. പുതുപറമ്പ്, അമ്പലവട്ടം, കുറുക എന്നിവിടങ്ങളിൽ ഓരോ ഉപകേന്ദ്രവും പ്രവർത്തിച്ചുവരുന്നു. പുതുപറമ്പിൽ ഒരു ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി പ്രവർത്തിക്കുന്നുണ്ട്. ഗവ. തലത്തിലോ സ്വകാര്യമേഖലയിലോ പഞ്ചായത്തിൽ ഹോമിയോ ചികിത്സാകേന്ദ്രങ്ങളൊന്നുമില്ല. സ്വകാര്യമേഖലയിൽ എടരിക്കോടും, കുറുകയും ഓരോ അലോപ്പതി ആശുപത്രിയും എടരിക്കോട് ഒരു അലോപ്പതി ക്ലിനിക്കും മൂന്ന് ആയുർവേദ ക്ലിനിക്കുകളും നാല് പരമ്പരാഗത ചികിത്സാകേന്ദ്രങ്ങളും, രണ്ട് മർമ്മ ചികിത്സാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ഒരു അലോപ്പതി മെഡിക്കൽ ഷോപ്പും ഏഴ് ആയുർവേദ മെഡിക്കൽ ഷോപ്പുകളുമുണ്ട്.

1994 - 95 കാലത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മൊത്തം 37211 പേർ ചികിത്സക്കെത്തിയതിൽ 377 പേർ ഇൻപേഷ്യൻസും 37334 പേർ ഔട്ട് പേഷ്യൻസുമായിരുന്നു. ആരോഗ്യപ്രവർത്തനവുമായി സഹകരിക്കുന്ന മൂന്ന് സന്നദ്ധസംഘടനകൾ പഞ്ചായത്തിലുണ്ട്. (സി.ബി.എൻ.പി., യാക്ക., ന്യൂസ്റ്റാർ സ്പോർട്സ് ക്ലബ്)

## ജലലഭ്യത

ജലസേചനാവശ്യാർത്ഥം വാളക്കുളം, അമ്പലവട്ടം, തോട്, ആലിക്കൽപടി എന്നിവിടങ്ങളിൽ വി.സി.ബി. ഉണ്ട്. കൽപ്പകഞ്ചേരി പഞ്ചായത്തിൽനിന്നും ഉൽഭവിച്ച് പെരുമ്പുഴയിൽ ചേരുന്ന തോടാണ് പഞ്ചായത്തിലെ മുഖ്യ ജലസേചനസ്രോതസ്സ്. പഞ്ചായത്തിന്റെ ഒന്നാം വാർഡായ കാരട്ടങ്ങാടി ഭാഗത്ത് കടലുണ്ടിപുഴയിൽ നിന്നും പമ്പ് ഉപയോഗിച്ച് ജലസേചനം നടത്തുന്നുണ്ട്. മഞ്ഞന്മാട് കടവ് പെരുമ്പുഴതോട് ഈ ഭാഗങ്ങളിൽ മാത്രമേ ജലസേചനത്തിന് വെള്ളം ലഭ്യമാവുന്നുള്ളൂ. പഞ്ചായത്തിൽ വർഷക്കാലത്ത് കിട്ടുന്ന മഴവെള്ളം ചുരുങ്ങിയസമയം കൊണ്ട് പുഴയിൽ എത്തുന്ന ഒരവസ്ഥയാണിന്നുള്ളത്. നാലാം വാർഡിൽ നരിക്കുളം എന്ന ഒരു ജലാശയമാണ് പൊതുകുളമായി മാറ്റാൻ പറ്റാവുന്ന ഒരു ജലസ്രോതസ്സ്.

പഞ്ചായത്തിലെ ജലക്ഷാമമനുഭവപ്പെടുന്ന ഭാഗങ്ങളാണ് കുട്ടാട്/മാട്ടിൻപീടിക, പുളിക്കൽ മദ്രസ്സഭാഗം, കല്ലുവെട്ടുപാറമദ്രസ്സഭാഗം, എടരിക്കോട് പന്തക്കാൻ റോഡ്ഭാഗം (ഐറിസ് ഹോട്ടലിന് പിൻവശം) ജി.യു.പി.എസ്. വൈലിക്കുളമ്പുറോഡ്, കൊളമ്പിൻപാറ, പുതുപറമ്പ് വാളക്കുളം റോഡിൽ ആലിൻചുവട്, അബ്ദുൽ ബാരിമസ്ജിദിന് സമീപം, കുളത്തിങ്ങൾമാട്, കല്ലുവെട്ടിക്കൽ, വൈദ്യരങ്ങാടി, വൈലികുളമ്പ്, പറമ്പിലങ്ങാടി മദ്രസ്സകൾക്ക് സമീപം, കാച്ചടിപാറ, തിരുത്തി റോഡ്, തറമ്മൽ റോഡ്, എടരിക്കോട് മഹിളാസമാജപരിസരം, കല്ലുവെട്ടുപാറ, മുണ്ടിയൻതറ, നിലപറമ്പ്, കോഴിച്ചെന കോളനി, മമ്മാലിപടി മുതൽ മൂച്ചിക്കൽ വരെ ഉള്ള ഉയർന്നസ്ഥലങ്ങൾ പഞ്ചായത്തിലെ പൊതുകുഴൽകിണറുകളുടെയും, പൊതുകിണറുകളുടെയും സ്ഥിതിവിവരം തഴെകാണുംവിധമാണ്.

| വാർഡ് | കുഴൽകിണർ | പൊതുകിണർ |
|---|---|---|
| 1 | 3 | 3 |
| 2 | 3 | 3 |
| 3 | 3 | 2 |
| 4 | 3 | 2 |
| 5 | 3 | 5 |
| 6 | 2 | 3 |
| 7 | 1 | - |
| 8 | 4 | - |
| 9 | 3 | 3 |
| 10 | 2 | 2 |
| 11 | 2 | 2 |

4,5,11 എന്നീ വാർഡുകളിൽ ഉദ്ദേശം 2 കി.മീ നീളത്തിൽ കുടിവെള്ളത്തിന് പൈപ്പ്ലൈൻ ഉണ്ട്. പഞ്ചായത്ത് കോമ്പൗണ്ടിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ കുഴൽകിണറിൽനിന്നാണ് ഈ പൈപ്പിലൂടെ ജലവിതരണം നടത്തുന്നത്. ഗുണനിലവാരം കുറഞ്ഞ വെള്ളമായതിനാൽ കുടിവെള്ളതിന് ഇത് വ്യാപകമായി ഉപയോഗിക്കുന്നില്ല. ഈ വാർഡുകളിൽ മൊത്തം 16 പൊതു ടാപ്പുകൾ ഉണ്ട്. പഞ്ചായത്തിലെ പൊതു ടാപ്പിൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 5 മണിവരെ വെള്ളം ഉണ്ടായിരിക്കും.

പഞ്ചായത്തിലെ 3-ാം വാർഡിൽ ഉള്ള ആണ്ടേങ്ങാട്ട് ചോലയിൽനിന്നും വർഷകാലത്തും പട്ടരാട്ട് ചോലയിൽനിന്നും എല്ലാകാലത്തും കുടിവെള്ളം ലഭ്യമാണ്. നല്ല ഗുണമേൻമയുള്ള ജലസ്രോതസ്സാണ് ഇത്. കുടിവെള്ള സ്രോതസ്സുകളിൽ ഒന്നിലും നിറവെത്യാസമോ, രുചിവ്യത്യാസമോ അനുഭവപ്പെടുന്നില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ താഴെ പറയുന്ന ഭാഗങ്ങളിൽ കുഴൽകിണർ കുഴിക്കാനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്. ഒന്നാം വാർഡിൽ കല്ലുവെട്ടിക്കൽ, വൈദ്യരങ്ങാടി, പാറകണ്ണിയിൽ ; രണ്ടാം വാർഡിൽ സ്പിന്നിംഗ് മിൽ പരിസരം, ആലിൻചുവട്, ഒറ്റതെങ്ങ്, കുളങ്ങര ഇടവഴി റോഡ്, പുഞ്ചപ്പാടം റോഡ്, മിൽതറക്കൽ പ്രദേശം ; മൂന്നാം വാർഡിൽ പരപ്പിൻപടി ഭാഗം, താണ്ണുകുണ്ട് ; നാലാം വാർഡിൽ വൈലികുളമ്പ്, ഹൈസ്ക്കൂൾ പ്രദേശം, പറമ്പിലങ്ങാടി മദ്രസക്കുസമീപം ; അഞ്ചാം വാർഡിൽ എടരിക്കോട് ടൗണിന്റെ പടിഞ്ഞാറു ഭാഗം (ഐറിസ് ഹോട്ടലിന് പിൻഭാഗം) ; ആറാം വാർഡിൽ കല്ലുവെട്ടുപാറ മദ്രസക്കുസമീപം, അമ്പലവട്ടം മുണ്ടിയംതറക്കുസസമീപം, കല്ലുവെട്ടുപാറ മുണ്ടിയംതറഭാഗം, പറമ്പിലങ്ങാടി ഐ.പി.പി. അങ്കൻവാടിക്കുസമീപം, കല്ലുവെട്ടുപാറ അങ്കൻവാടിക്കു സമീപം; ഏഴാം വാർഡിൽ കുന്നത്തുപടി, മങ്ങാട്ടുപടി, സ്വാഗതമാട് പുളിക്കൽ മദ്രസക്കുസമീപം, ചീനക്കൽ പൂക്കോടുപ്രദേശം; എട്ടാം വാർഡിൽ കല്ലുവെട്ടുപാറ, മാട്ടിൽ പീടിക, കളത്തിങ്ങൽമാട്; ഒൻപതാം വാർഡിൽ കാച്ചടിപാറ, കളത്തിങ്ങൽമാട്, ക്ലാരി സൗത്ത് ; പത്താം വാർഡിൽ കുളമ്പിൽപാറ ഭാഗം, കഞ്ഞികുഴങ്ങര മേലെ ഭാഗം ; പതിന്നൊന്നാം വാർഡിൽ നിലപറമ്പ് ചാത്തുവിന്റെ പടിക്കൽ, പുതുകുളങ്ങര ചക്കുവിന്റെപടി, തിരുത്തി റോഡിൽ തറമ്മൽ ഭാഗം.

പഞ്ചായത്തിൽ 75% വരുന്ന ജനങ്ങൾ വൃത്തിയുള്ള കക്കൂസുകൾ ഉപയോഗിക്കുന്നു. 20% കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് സഹായം ആവശ്യമാണ്. എടരിക്കോട്ടങ്ങാടിയിൽ ഒരു പൊതു കക്കൂസിന് പ്രസക്തി ഉണ്ട്. പുതുപറമ്പങ്ങാടിയിലും പൊതുകക്കൂസിന്റെ സാദ്ധ്യതയുണ്ട്. എടരിക്കോട്ടങ്ങാടിയിൽ പൊതുകക്കൂസും, കുളിമുറിയും (കംഫർട്ട് സ്റ്റേഷൻ) നടത്തികൊണ്ടുപോകാൻ സംവിധാനമൊരുക്കാവുന്നതാണ്.

എടരിക്കോട്ടങ്ങാടിയും പരിസരവും ദിവസേന വൃത്തിയാക്കാനുള്ള സംവിധാനം ഉണ്ട്. പഞ്ചായത്തിലെ പ്രധാനഭാഗങ്ങളിൽ കുപ്പതൊട്ടികൾ സ്ഥാപിച്ചിട്ടുണ്ട്.

പറമ്പിലങ്ങാടിയിലെ ഒരു സ്വകാര്യ ആശുപത്രിയുടെ മുൻഭാഗത്ത് കെട്ടികിടക്കുന്ന മലിനജലത്തിൽ കൊതുക് ധാരാളമായി തഴച്ചുവളർന്ന് സമീപപ്രദേശങ്ങളിൽ വലിയ ശല്യം ചെയ്യുന്നുണ്ട്. പറമ്പിലങ്ങാടി അമ്പലവട്ടം റോഡിലേക്ക് ഹോട്ടലിൽനിന്നും മലിനജലം ഒഴുകുന്നതുമൂലം ആ പ്രദേശം ദുർഗ്ഗന്ധപൂരിതവും, കൊതുകുവളർത്തൽ കേന്ദ്രവുമായി തീർന്നിരിക്കുകയാണ്.

### പ്രശ്നങ്ങൾ

1. നിലവിലുള്ള ഹെൽത്തുസെന്ററുകളിൽ മുഴുവൻസമയവും ഡോക്ടർമാരുടെ സേവനം ലഭ്യമല്ല.
2. എടരിക്കോട് ടൗണിൽ ഒരു ആരോഗ്യകേന്ദ്രം ഇല്ല.
3. മൂച്ചിക്കൽ പ്രൈമറിഹെൽത്ത്സെന്ററിൽ ഒരു ഗൈനകോളജിസ്റ്റിന്റെ സേവനം ലഭ്യമല്ല.
4. സബ്സെന്ററുകളിൽ അത്യവശ്യം മരുന്നും ഡോക്ടർമാരുടെ സേവനവും ലഭ്യമല്ല.
5. സ്വാഗതമാട് ഐ.പി.പി. യിൽ ഒരു ലേഡിഡോക്ടറുടെ സേവനം ലഭ്യമല്ല.
6. എടരിക്കോട് പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രിയോ, ഡിസ്പെൻസറിയോ ഇല്ല.
7. എല്ലാവാർഡുകളിലും ആരോഗ്യബോധവൽക്കരണം നടത്തുന്നത് ആവശ്യമാണ്.
8. അറവുശാലയിൽനിന്നും നീക്കം ചെയ്യുന്ന മാലിന്യങ്ങൾ, റോഡിൽ വണ്ടിക്ക് കുടുങ്ങി ചാകുന്ന നായ്ക്കൾ, മൃഗ

ങ്ങൾ എന്നിവ ചീഞ്ഞുനാറുന്നവ റോഡരുകിൽ നിക്ഷേപിക്കുന്നത് പല പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്.

9. ഹോട്ടലുകളിൽനിന്നും ഒഴുകുന്ന മലിനജലം വിവിധ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

10. കൊതുകുനശീകരണത്തിന് ആവശ്യമായ നടപടികൾ ഇല്ല.

11. മൊത്തം പഞ്ചായത്തിൽ മണ്ണിനടിയിൽ കരിമ്പാറ ഉള്ളതിനാൽ കിണറുകൾ കുഴിക്കാൻ ബുദ്ധിമുട്ടു നേരിടുന്നു.

12. കൊതുകുനശിപ്പിക്കാനുള്ള സംവിധാനമില്ലായ്മ പലരോഗങ്ങളും കൂട്ടുന്നു.

13. പഞ്ചായത്തിന്റെ 11 വാർഡിലും പലഭാഗത്തായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

14. ജലസേചനത്തിനും കന്നുകാലികളെ കഴുകുന്നതിനും ഉപയോഗിച്ചിരുന്ന പല കുളങ്ങളും ഇന്ന് ഉപയോഗശൂന്യമായി കിടക്കുന്നതുകൊണ്ട് ഉപയോഗിക്കാൻ കഴിയുന്നില്ല.

15. പഞ്ചായത്തിന്റെ ചുരുക്കം 3 വാർഡുകളിൽ മാത്രമെ പൈപ്പ്ലൈൻ ഉള്ളു. അത് പലഭാഗത്തേക്കും നീട്ടാനുള്ള സന്നദ്ധത കാണുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

## സാദ്ധ്യതകൾ

1. മൂച്ചിക്കൽ പി.എച്ച്.സി. ൽ ഒരു ലേഡിഡോക്ടറെ (ഗൈനക്കോളജിസ്റ്റ്) നിയമിക്കുകയാണെങ്കിൽ അവിടെ പ്രസവമുറി സൗകര്യം ഒരുക്കി ജനങ്ങൾക്ക് തുച്ഛമായ ചിലവിൽ പ്രസവചികിത്സ നടത്താൻ കഴിയും.

2. പി.എച്ച്.സി. ൽ ഇപ്പോൾ ഉള്ള പഴയ വാഹനം മാറ്റി പുതുത് വാങ്ങിയാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ആരോഗ്യ പ്രവർത്തനങ്ങൾക്ക് എളുപ്പം എത്താൻ കഴിയും.

3. പകർച്ചവ്യാധി വ്യാപകമാകുമ്പോൾ അടിയന്തിരഘട്ടത്തിൽ ഉപയോഗിക്കേണ്ട ബ്ലീച്ചിംഗ് പൗഡർ, ഡി.ഡി.ടി. തുടങ്ങിയ രാസപദാർത്ഥങ്ങൾ പി.എച്ച്.സി. ൽ സ്റ്റോക്കുണ്ടായാൽ പകർച്ചവ്യാധികളുടെ വ്യാപനം തടയാൻപറ്റും.

4. സബ്സെന്ററുകളിൽ അത്യാവശ്യം മരുന്നും സേവനതൽപ്പരരായ ഉദ്യോഗസ്ഥരും ഉണ്ടായാൽ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ട ഗതികേട് ഒഴിവാക്കാം.

5. ഹോമിയോ ചികിത്സാരീതി ഇന്ന് കൂടുതൽ ആളുകൾക്ക് സ്വീകാര്യമായതിനാൽ എടരിക്കോട്ട് ഒരു ഹോമിയോ ഡിസ്പെൻസറി ഗവൺമെന്റ് ഉടമസ്ഥതയിൽ സ്ഥാപിക്കുന്നത് ഉപകാരപ്രദമാകും.

6. പ്രാഥമികസൗകര്യങ്ങളില്ലാത്ത നിർദ്ധനരായ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തികസഹായം ചെയ്തുകൊടുത്താൽ ജനങ്ങൽ തിങ്ങിതാമസിക്കുന്ന കോളനികളിലും മറ്റും വലിയൊരളവിൽ ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയും.

7. ഓരോ വാർഡിലും ആരോഗ്യബോധവൽക്കരണം നടത്തി മലിനീകരണം ഒഴിവാക്കാൻ ഉള്ള സംവിധാനം ഒരുക്കാൻ ശ്രമിക്കാവുന്നതാണ്.

8. കടലുണ്ടിപുഴയിൽ മുച്ചിറാണി കടവിൽനിന്നും വെള്ളം പമ്പുചെയ്ത് 'കെൽ'ന്റെ ഭാഗത്ത് വലിയൊരുടാങ്ക് സ്ഥാപിച്ച് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലേക്ക് കുടിവെള്ളം എത്തിക്കാൻ കഴിയും.

9. ഇന്ന് നിലവിലുള്ള പൈപ്പ്ലൈനുകൾ പലഭാഗങ്ങളിലേക്കും നീട്ടി കുടിവെള്ളക്ഷാമം ഒഴിവാക്കാൻ ശ്രമിക്കണം. കുഴൽകിണറുകൾക്ക് പകരം പൈപ്പ്ലൈൻ സംവിധാനം വിപുലീകരിച്ച് ജനങ്ങളേയും, ഭൂമിയേയും രക്ഷിക്കാൻ ഉള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്.

10. കോട്ടക്കൽ പഞ്ചായത്ത് പറമ്പിലങ്ങാടിയിൽ സ്ഥാപിച്ചിട്ടുള്ള ശുദ്ധജലവിതരണപൈപ്പിന് പറമ്പിലങ്ങാടിയിൽ ഒരുടാപ്പിടാനും പറമ്പിലങ്ങാടി മദ്രസ ഭാഗത്തേക്ക് പൈപ്പ്ലൈൻ നീട്ടി മദ്രസ ഭാഗത്തുള്ള കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടുകൂടെ എന്ന് ചിന്തിക്കാവുന്നതാണ്.

11. സ്വാഗതമാട് കുന്നുമലങ്ങാടിയിലെ കുഴൽകിണർഭാഗത്ത് ടാംങ്ക് കെട്ടി സ്വാഗതമാട്ടിലേക്ക് പൈപ്പ്ലൈൻ സംവിധാനം ഏർപ്പെടുത്തികൂടെ എന്ന് ചിന്തിക്കാവുന്നതാണ്.

12. പൈപ്പ്ലൈൻ താഴെപറയുന്ന ഭാഗങ്ങളിലേക്ക് നീട്ടി കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

1. പൊട്ടിപാറ അരീക്കൽപ്രദേശത്ത് പറപ്പൂരിൽനിന്നുള്ള പൈപ്പ് ലൈൻ നീട്ടുക.

2. ആയുർവേദകോളേജിന്റെ ഭാഗം, വൈരികുളമ്പ് തോട്ടുങ്ങൽഭാഗം, ജി.യു.പി. സ്ക്കൂൾ ഭാഗത്തുനിന്നും അമ്പലവട്ടംവരെ, പറമ്പിലങ്ങാടി കല്ലുവെട്ടുപാറ റോഡിൽ എൻ.എച്ചിൽ കൂടെ പോകുന്ന പൈപ്പ്‌ലൈൻ നീട്ടുക, ടിപ്പു സുൽത്താൻ റോഡ്, തിരുത്തി റോഡ്, തറമ്മൽ റോഡ് എന്നിവിടങ്ങളിലേക്ക് പൈപ്പ്‌ലൈൻ നീട്ടാവുന്നതാണ്.

13. നമ്പികുളത്തിൽനിന്നും വെള്ളം പമ്പുചെയ്ത് ക്ലാരിസൗത്തിൽ ചുടലപറമ്പ് ഭാഗത്ത് ടാംങ്ക് നിർമ്മിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുദ്ധജലവിതരണം നടത്താവുന്നതാണ്.

14. കുറുകതാണി ഉള്ള പൈപ്പ്‌ലൈൻ മൂച്ചിക്കൽ, കുറുകപള്ളി എന്നിവിടങ്ങളിലേക്ക് നീട്ടുക.

15. എടരിക്കോട് ജി.യു.പി. സ്ക്കൂൾ ഭാഗത്തുനിന്നും മണ്ടായപ്പുറം കോളനിയിലേക്ക് പൈപ്പ്‌ലൈൻ നീട്ടുക.

16. പമ്പ്ഹൗസിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ മുടങ്ങികിടക്കുന്ന കോഴിച്ചെനയിലെ പെരുമ്പുഴ ശുദ്ധജലവിതരണപദ്ധതി ത്വരിതഗതിയിൽ കമ്മീഷൻ ചെയ്ത് നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിവെള്ളം എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

17. പുതുപറമ്പിലെ ഗവ. ആയുർവേദ ആശുപത്രിക്ക് ഒരു സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള ഒരു ഏർപ്പാട് ഉണ്ടായിരിക്കണം.

# 5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

ദേശീയപാതകടന്നുപോകുന്ന പഞ്ചായത്തുകളിലൊന്നാണ് എട രിക്കോട് പഞ്ചായത്ത്. പഴയകാലത്ത് തിരൂരിലേക്കും, പര പ്പനങ്ങാടിയിലേക്കും, കോട്ടക്കലിലേക്കും മാത്രമാണ് റോഡ് ഉണ്ടായിരുന്നത്. അത് തന്നെ ചെങ്കൽ പതിച്ച പാതകൾ മാത്ര മായിരുന്നു. പിന്നീട് മേൽപറഞ്ഞ റോഡുകൾ ഘട്ടംഘട്ടമായി ടാർ റോഡുകളായിമാറുകയും കാലക്രമേണ തിരൂർ, മഞ്ചേരി, പരപ്പനങ്ങാടി, എന്നീ ഭാഗങ്ങളിലേക്ക് ബസ്സ് ഗതാ ഗതം തുടങ്ങുകയും ചെയ്തു. പാറക്കടവ് പാലം പണി പൂർത്തിയായതോടുകൂടിയാണ് കോഴിക്കോട് ഭാഗത്തേക്ക് നേരിട്ട് ബസ്സ് സർവ്വീസ് ആരംഭിക്കുന്നത്.

പഞ്ചായത്തിൽ ആകെ ഗതാഗതയോഗ്യമായ 52.772 കി.മീ. റോഡാണുള്ളത്. ഇതിൽ 23.897 കി.മീ. മൺറോഡും 15.625 കി.മീ. പഞ്ചായത്തിന്റെ അധീനതയിലുള്ള ടാർ റോഡും 8.25 കി.മീ. പി.ഡബ്ലിയു.ഡി. ടാർ റോഡും 5 കി.മീ. നാഷ ണൽ ഹൈവേയും ആണ്. പഞ്ചായത്തിന്റെ വിരിമാറിലൂ ടെയാണ് ദേശീയപാതയായ എൻ.എച്ച്. 17 കടന്നുപോകു ന്നത്. തിരൂർ-മലപ്പുറം റോഡും പഞ്ചായത്തിലൂടെ കടന്നു പോകുന്നു. കേരളത്തിലെ വിവിധ പ്രധാന പട്ടണങ്ങളി ലേക്കും, ബോംബെ, മംഗലാപുരം, ബാംഗ്ലൂർ, മൈസൂർ എന്നിവിടങ്ങളിലേക്കും എടരിക്കോട് സ്പർശിച്ചുകൊണ്ട് ബസ് സർവ്വീസ് ഉണ്ട്. പഞ്ചായത്തിലെ ഉൾപ്രദേശങ്ങളായ പുതുപ്പറമ്പ്, കുറുക തുടങ്ങിയ പ്രദേശങ്ങളിലേക്കും സ്വകാര്യ ബസ് സർവ്വീസുകൾ ഉണ്ട്. കൂടാതെ പഞ്ചായ ത്തിൽ ഒട്ടേറെ ടാക്സി കാറുകളും, ജീപ്പുകളും, ഓട്ടോറി ക്ഷകളും സർവ്വീസ് നടത്തികൊണ്ടിരിക്കുന്നു. പല പ്രധാന റോഡുകളും ടാറിട്ടിട്ടുണ്ടെങ്കിലും അമ്പലവട്ടം-പറമ്പില ങ്ങാടി റോഡുൾപ്പെടെയുള്ള പലറോഡുകളും ടാറിടാൻ ബാക്കിയാണ്. പല റോഡുകളുടെയും ഇന്നത്തെ അവസ്ഥ ശോചനീയമാണ്. റോഡുകളെ സംബന്ധിച്ച് പറയുകയാണെ ങ്കിൽ നമ്മുടെ പഞ്ചായത്തിൽ മറ്റു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ വാർഡുകളും തമ്മിൽ റോഡുകളുമായി ബന്ധിക്കപ്പെട്ടിട്ടുണ്ട്. വികസനമെന്നാൽ റോഡുനിർമ്മാണം മാത്രമാണെന്ന വികല ധാരണയാൽ പൊതു ഫണ്ടിന്റെ ഭൂരിഭാഗവും റോഡുനിർമ്മാണത്തിനും അഭിവൃദ്ധിക്കുമായി ചിലവഴിക്കപ്പെടുന്ന പ്രവണതമൂലം ഒട്ടേറെ റോഡുകൾ വിവിധ വാർഡുകളിലായി കഴിഞ്ഞകാ ലങ്ങളിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. ടാർചെയ്ത റോഡുകൾ യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതിനാലും ഓവുചാലുകളുടെയും കലുങ്കുക ളുടെയും അഭാവം മൂലവും ഇവകളുടെ ഇന്നത്തെ അവസ്ഥ ശോചനീയമാണ്. റോഡുകളുടെ വീതികുറവും അപകടകരങ്ങളായ വളവുകളും പരിഗണിക്കപ്പെടേണ്ട കാര്യങ്ങളാണ്.

2. നിലവിലുള്ള മൺ റോഡുകൾ പൊട്ടിപൊളിഞ്ഞും താറു മാറായും ഗതാഗതയോഗ്യമല്ലാത്ത രീതിയിലാണിന്നുള്ളത്. പല റോഡുകളും ടാർ ചെയ്യാനുള്ള നിർദ്ദേശങ്ങളും വിവിധ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. പുതിയ ഒട്ടേറെ റോഡുകൾ നിർമ്മിക്കുന്നതിനും നിലവി ലുള്ളവ ബന്ധിപ്പിക്കുന്നതിനും അതുപോലെതന്നെ ഇട വഴികൾ റോഡാക്കിമാറ്റുന്ന പ്രവണതമൂലവും പാടശേ ഖരങ്ങളിലൂടെ പുതിയ റോഡുകൾ നിർമ്മിക്കുന്നതും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ ഉളവാക്കുന്നു. വർഷ കാലത്ത് വെള്ളം ഒഴുകി പോകുന്നതിന് ഇടവഴികൾ സഹായകമായിരുന്നു. റോഡുനിർമ്മാണം മൂലം ഈ ഒഴു ക്കിന് തടസ്സം നേരിട്ടു. വയലുകളിലൂടെ നിർമ്മിച്ച റോഡു കൾമൂലം കൂടുതൽ വയലുകൾ നികത്തുന്നതിന് കാര ണമായി.

169

## സാദ്ധ്യതകൾ

റോഡുഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഒട്ടേറെ പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ ടാർ ചെയ്യുന്നതിനും പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനും വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

**ടാർ ചെയ്യേണ്ട റോഡുകൾ**

1. കുട്ടാട്ടുപാറ - അരീക്കൽ - സ്വാഗതമാട് റോഡിന്റെ ബാക്കി ഭാഗം.
2. മുള്ളൻമട - കാട്ടുമാടം റോഡ് അമ്പലവട്ടം റോഡുമായി ബന്ധപ്പെടുത്തി ടാർ ചെയ്യുക.
3. മൂച്ചിക്കൽ - കഞ്ഞികുഴിങ്ങര ഹരിജൻ കോളനി റോഡ് ബാക്കിഭാഗം.
4. ഒറ്റതെങ്ങ് - കുളങ്ങര ഇടവഴിറോഡ്
5. ക്ലാരി മൂച്ചിക്കലിൽനിന്നും തോട്ടിയാംപാറയിലേക്കുള്ള റോഡ്
6. പൊട്ടിപാറലക്ഷംവീട് കോളനിയിലേക്ക് പറപ്പൂർ റോഡിൽനിന്നും ബാക്കിഭാഗം റോഡ്.
7. ഞാറത്തടം റോഡ്.
8. പുതുപറമ്പ് - പുഞ്ചപ്പാടം റോഡ്.
9. കാരാട്ടങ്ങാടി - പാറകടവ് റോഡ്.
10. ഒന്നാം വാർഡിലെ ഹരിജൻകോളനി റോഡ്.
11. തിരുത്തി റോഡ്.
12. താണുകുണ്ട് റോഡ്.
13. എടരിക്കോട് വൈ.എസ്.സി., ഹൈസ്ക്കൂൾ റോഡിൽ നടപ്പാലം മാറ്റി ഓവുപാലം നിർമ്മിച്ച് റോഡ് ടാർ ചെയ്യുക.
14. സിറ്റിയിൽ പന്തക്കൽ ഹംസഹാജിയുടെ വീടിന് മുൻവശത്തുകൂടി പോകുന്ന റോഡ്.
15. പാലത്തറ - കുന്നുമ്മൽ അങ്ങാടി റോഡ്.
16. കുറുമ്പത്ത്പടി - ആശാരിപടി റോഡ്.
17. കല്ലുവെട്ട്പാറ - മൂട്ടപ്പുറംപടി റോഡ്.
18. കളത്തിങ്ങൽമാട് - തോണികടവ് റോഡ്.
19. കുളമ്പിൽപാറ റോഡ്
20. പി.എം. മൗലവി റോഡ്
21. തറമ്മൽ റോഡ്.
22. ക്ലാരിസൗത്ത് - മണലൊടിപാടം റോഡ്.
23. അരീക്കൽ - പൂഴിക്കുന്ന് റോഡ്.
24. പുതുപറമ്പ് - വാളകുളം റോഡ് പെരുമ്പുഴവരെ അഭിവൃദ്ധിപ്പെടുത്തി ടാർ ചെയ്യുക.
25. പെരുമ്പുഴ തോടിന് കുറുകെ പാലം പണിത് റോഡ് ടാർചെയ്യുക.
26. പുതുപറമ്പ് - പാറകണ്ണി റോഡ്.
27. പുതുപറമ്പ് - എം.കെ. മാട് റോഡ്.
28. കല്ലുവെട്ടുപാറ - അമ്പലവട്ടം - നരിക്കാവ് റോഡ് അഭിവൃദ്ധിപ്പെടുത്തി ടാർ ചെയ്യുക.
29. കുറുക - കൊണ്ടാട്ടുപടി റോഡ്.
30. കുന്നുമ്മൽ - കോന്ദ്രശാല റോഡ്.
31. കുറുക പൊതുകുളം റോഡ് നിലാപറമ്പ് റോഡുമായി ബന്ധിപ്പിച്ച് ടാർചെയ്യുക.
32. സുലൈഖപടി - കടാകുളം റോഡ്.
33. ചെനക്കൽ - പൂക്കോട് റോഡ്.
34. കുളമ്പിൽപാറ - കഞ്ഞികുഴിങ്ങര റോഡ് - കാര്യവട്ടത്ത് ചോലറോഡ് പൂർത്തിയാക്കി ടാർ ചെയ്യുക.
35. വി.ടി. അബ്ദുള്ളകോയതങ്ങൾ റോഡ്.

170

36. ആലിൻചുവട് - പുഞ്ചപ്പാടം റോഡ്.

37. മണമ്മാട് - കോളനി റോഡ്.

38. അബ്ദുൾബാരി റോഡ്.

39. അരീക്കൽ കെട്ടുങ്ങൽ റോഡ്.

40. കുളമ്പിൽപാറ - പാലച്ചിറമാട് - പട്ടർകടവ് റോഡ്.

41. എടരിക്കോട് - കല്ലാക്കുത്തുമാട് റോഡ്.

42. എടരിക്കോടുനിന്നും വയലികുളമ്പലേക്കുള്ള രണ്ടു റോഡും.

43. സ്പിന്നിംങ്മിൽ കല്ലുവെട്ടിറോഡ്.

44. കുറുകനിന്നും കൊങ്ങാട്ടുപടി റോഡ് പാടത്തേക്ക് മുട്ടിച്ച് ടാർ ചെയ്യുക.

45. പറമ്പിലങ്ങാടി - കോന്ദ്രചോല - മുണ്ടിയംതറ റോഡ്.

## പുതുതായി നിർമ്മിക്കേണ്ട റോഡുകളും നടപാതകളും പാലങ്ങളും

1. കുളമ്പിൽപാറ - മമ്മാലിപടി റോഡ്

2. കൽപകഞ്ചേരി പഞ്ചായത്ത് അവസാനിക്കുന്ന സ്ഥല ത്തുനിന്നും കൂട്ടാട്ടുപാറയിലേക്ക് വരുന്ന ഇടവഴി റോഡാക്കുക.

3. സ്വാഗതമാട് - എൻ.എച്ച്. ഓവുപാലം മുതൽ പൂക്കോട് ഇടവഴി റോഡാക്കുക.

4. കല്ലാകുത്തുമാടിനുതാഴെ പാലം നിർമ്മിക്കുക.

5. ക്ലാരി ജി.യു.പി. സ്ക്കൂളിന് മുൻപിലൂടെയുള്ള ഇടവഴി റോഡാക്കി പാടഞ്ചിറ റോഡുമായി ബന്ധിപ്പിക്കുക.

6. നാലാം വാർഡിൽ വൈലിപാടത്ത് വന്നുനിൽക്കുന്ന ചുണ്ടൽമാട്, പറമ്പിലങ്ങാടി റോഡുകൾ പരസ്പരം ബന്ധിപ്പിക്കുക.

7. കെ.എസ്.ഇ.ബി. സബ്സ്റ്റേഷന് പടിഞ്ഞാറുഭാഗത്തുകൂടി പോകുന്ന ഇടവഴി പൊട്ടിപാറ കോളനിറോഡുമായി ബന്ധിപ്പിക്കുക.

8. കല്ലാംകുത്തുമാട് - നരിക്കാവ് ഇടവഴി റോഡാക്കി അമ്പലവട്ടം റോഡുമായി ബന്ധിപ്പിക്കുക.

9. ഉണ്ണിപള്ളിയാൽ ഇടവഴി റോഡാക്കുക.

10. ക്ലാരിസൗത്തിൽ നിന്നോ അടിവാരത്ത്നിന്നോ തോട്ടിൽ പാറവഴി മൂച്ചിക്കൽ എത്തുന്ന ഇടവഴി റോഡാക്കുക.

11. പറമ്പിൽപടി - കുളമ്പിൽപടി എന്നിവിടങ്ങളിൽ നടപാലം നിർമ്മിക്കുക.

12. മൂച്ചിക്കൽ - നിലാപറമ്പ് - കുറുക റോഡ് പണി പൂർത്തിയാക്കുക.

13. അടിവാരം മുതൽ മാമ്പറ്റപാടം ഇടവഴി റോഡാക്കുക.

14. കല്ലുവെട്ടുപാറ - പതിയിൽമൂല ഇടവഴി റോഡാക്കുക.

15. കടാങ്കുളം - പുളിക്കൽ മദ്രസ ഇടവഴി റോഡാക്കുക.

16. ചുണ്ടൻമാട് - നരിക്കാവ് റോഡ് അമ്പലവട്ടം റോഡുമായി ബന്ധിപ്പിക്കുക.

17. പുതുപറമ്പ് - പാറകടവ് - പാണൻമല വഴി റോഡ് നിർമ്മിക്കുക.

18. പഞ്ചായത്താഫീസിന്റെ മുൻവശത്തുകൂടി പോകുന്ന റോഡ് തിരൂർ റോഡുമായി ബന്ധിപ്പിക്കുക.

19. നടക്കൽപടി - കടാങ്കുളം ഇടവഴി റോഡാക്കുക.

20. മംഗലം പാടത്ത് വലിയ തോടിന് കുറുകെ നടപാലം നിർമ്മിക്കുക.

21. കുറുക ജമായത്ത് പള്ളി വഴി പാടത്തേക്കുള്ള ഇടവഴി റോഡാക്കുക.

22. ചെനപ്പുറം ഭാഗത്തേക്കുള്ള ഇടവഴി റോഡാക്കിമാറ്റി എൻ.എച്ച്. റോഡുമായി ബന്ധിപ്പിക്കുക.

23. കുളമ്പിൽപാറ താഴേക്ക് വരുന്ന റോഡ് മൂച്ചിക്കൽ - കഞ്ഞികുഴിങ്ങര റോഡുമായി ബന്ധിപ്പിക്കുക.

24. മമ്മാലിപടിക്ക് മുകളിലുള്ള വട്ടപറമ്പിൽ ഇടവഴി റോഡാക്കുക.

25. പറമ്പിലങ്ങാടി-മുണ്ടിയംതറ റോഡ് അമ്പലവട്ടം റോഡുമായി ബന്ധിപ്പിക്കുക.

26. കളത്തിൽമാടുറോഡ് മൂട്ടപ്പുറം റോഡുമായി ബന്ധിപ്പിക്കുക.

27. തൊട്ടിയാപാറയിൽനിന്നും മണ്ണാത്തികല്ലിൽനിന്നും ക്ലാരിസൗത്തിലേക്കുള്ള ഇടവഴി റോഡാക്കിമാറ്റുക.

28. കരിപ്പൊട്ടുപടി- നടക്കൽ ഇടവഴി റോഡാക്കുക.

29. തൊട്ടികതൊടി- കൊടപ്പാറ ഇടവഴി റോഡാക്കുക.

30. ക്ലാരിസൗത്ത് എലാപറമ്പ് നമസ്ക്കാരപള്ളിക്കുസമീപം വലിയതോടിന് നടപ്പാലം നിർമ്മിക്കുക.

31. മൂച്ചിക്കൽ അങ്ങാടിയിൽനിന്നുള്ള ഇടവഴി പൂർത്തീകരിച്ച് കല്ലുവെട്ടിടവഴി റോഡാക്കി മാറ്റുകയും തോടിന് പാലം നിർമ്മിക്കുകയും ചെയ്യുക.

32. മമ്മാലിപടിയിൽനിന്ന് കല്ലുവെട്ട് നടപാതയിൽ തോടിനു കുറുകെ നടപാലം നിർമ്മിക്കുക.

33. കടലുണ്ടിപുഴക്ക് മഞ്ഞമാട് പാലം നിർമ്മിച്ച് വേങ്ങര പഞ്ചായത്തുമായി ബന്ധിപ്പിക്കുക.

34. ചുണ്ടൽമാട് റോഡിൽനിന്ന് അമ്പലവട്ടം റോഡിലേക്ക് കീൽത്തിവഴി പുതിയറോഡ് നിർമ്മിക്കുക.

35. നരിപറമ്പിലേക്ക് നടപാത നിർമ്മിക്കുക.

36. വൈലിപാടത്തുനിന്ന് തുടങ്ങി എൻ.പി. അഹമ്മദുകുട്ടി ബാപ്പുവിന്റെമുൻവശത്തുകൂടിപോയി എൻ. എച്ച്. ൽ എത്തുന്ന നടപ്പാത നിർമ്മിക്കുക.

37. തറമ്മൽ റോഡ് പുതിയേടത്ത് ഭാഗത്തേക്ക് ഒരു പൊതുവഴി നിർമ്മിക്കുക.

38. എടരിക്കോട് ബ്രാഞ്ച് മദ്രസയിൽനിന്ന് യു.പി. സ്ക്കൂളുമായി ബന്ധിപ്പിച്ച് ഇടവഴി നിർമ്മിക്കുക.

**റോഡുകളും നടപാതകളും നന്നാക്കൽ**

1. അമ്പലവട്ടം-മേലേകുളമ്പു വയൽവക്കിലെ ഇടവഴി നന്നാക്കുക.

2. മാതേതൊടി ഇടവഴി നന്നാക്കുക.

3. സ്വാഗതമാട്-ചെറുശ്ശോല റോഡ് റീടാറിംഗ്

**പൊതുആവശ്യങ്ങൾ**

1. മൂച്ചിക്കൽ അങ്ങാടിയിലേക്ക് ഒഴുകിവരുന്ന വെള്ളം അഴുക്കുചാൽ വഴി തോട്ടിലേക്ക് ഒഴുകുന്നതിന് പദ്ധതി നടപ്പാക്കുക.

2. വയസ്സൻപടിക്കൽനിന്നും കരിപറമ്പിലേക്കുള്ള അടഞ്ഞുകിടന്നവഴി തുറക്കാനുള്ള ഏർപ്പാടുചെയ്യുക.

3. പുതുപറമ്പ് ബസ് സർവ്വീസ് കാരാട്ടങ്ങാടിവരെ ദീർഘിപ്പിക്കുകയും എടരിക്കോട് ടൗൺ ടച്ചുചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

4. കോട്ടക്കൽ നിന്നും കുറുകവഴി തിരൂരിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുക.

പഞ്ചായത്തിലെ റോഡുകളുടെ വികസനത്തിനും പുതിയ റോഡുകളുടെ നിർമ്മാണത്തിനും വേണ്ടി ഒട്ടേറെ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ പരിമിതമായ ഫണ്ടുപയോഗിച്ച് ഇത്രയും വികസനപ്രവർത്തനങ്ങൾ സമീപഭാവിയിലൊന്നുംതന്നെ നടപ്പാക്കുവാൻ കഴിയുകയില്ലെന്ന് ഉറപ്പാണ്. പുതിയൊരു കൂട്ടായ്മയിലൂടെ ജനകീയപങ്കാളിത്തത്തോടെ ശ്രമദാനങ്ങളിലൂടെയും പൊതുസംഭാവനകളിലൂടെയും ഇത്തരം വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന കാര്യത്തിൽ ആശങ്കക്കവകാശമില്ല.

## ഊർജ്ജം

ജലവൈദ്യുതപദ്ധതി മുഖേനയാണ് കേരളത്തിൽ ഇന്ന് 90% വൈദ്യുതിയും ഉൽപാദിപ്പിക്കുന്നത്. കാലവർഷം കുറഞ്ഞാലും കഴിഞ്ഞാലും വൈദ്യുതിക്ഷാമം അനുഭവപ്പെടും. മലബാർഭാഗത്ത് കുറ്റ്യാടി ജലവൈദ്യുതപദ്ധതി മാത്രമെ ഉള്ളൂ. വൈദ്യുതി പ്രതിസന്ധി തീരണമെങ്കിൽ ഈ ഭാഗത്ത് വൻകിടപദ്ധതികൾതന്നെ ആവശ്യമാണ്.

എടരിക്കോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന 66 കെ.വി. സബ്സ്റ്റേഷൻ കപ്പാസിറ്റി കുറവായതിനാൽ വൈകുന്നേരം 6 മണി മുതൽ 10 മണി വരെയുള്ള സമയത്ത് ലോഡ്ഷെഡിംങ് ഇല്ലാതെ വൈദ്യുതി വിതരണം ചെയ്യാൻ സാധ്യമ

ല്ലാത്ത അവസ്ഥയാണ്. ഈ സബ്സ്റ്റേഷൻ കപ്പാസിറ്റി 110 കെ.വി. ആക്കി. അതിനുവേണ്ടുന്ന പുതിയ 110 കെ.വി. ടവർലൈൻ മലപ്പുറത്തുനിന്നും കൊണ്ടുവരേണ്ടതുണ്ട്. എടരിക്കോട് സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ പുതുതായി നിർമ്മിക്കുന്ന ജനറേറ്റിംഗ് സ്റ്റേഷൻ ഏത് സ്ത്രോതസെങ്കിലും ഉപയോഗിച്ച് വൈദ്യുതി ഉൽപാദനസജ്ജമാക്കിയാലും പ്രശ്നങ്ങൾ കുറെയധികം തീർക്കാൻ കഴിയും. നിലവിലുള്ള സിങ്കിൾ ഫെയ്സ് ലൈനുകൾ കഴിയുന്നതും ത്രീ ഫെയ്സ് ലൈനുകളാക്കിമാറ്റിയാലും, ലൈൻ റീഅലൈൻമെന്റ് നടത്തിയാലും, ലൈനിൽ തട്ടുന്ന മരങ്ങളും ചില്ലകളും വെട്ടിമാറ്റിയാലും ഒരളവോളം പ്രശ്നപരിഹാരമാവും.

6 മണിമുതൽ 10 മണിവരെയുള്ള പീക്ക് ഹവറിൽ വീട്ടാവശ്യത്തിനും കച്ചവടാവശ്യത്തിനുമുള്ള വൈദ്യുതി ഉപയോഗം സ്വയം കുറക്കുകയാണെങ്കിൽ ഈസമയത്തെ വോൾട്ടേജ്ക്ഷാമം കുറച്ചെങ്കിലും പരിഹരിക്കാൻകഴിയും. താൽക്കാലികമായ ലൈൻഎക്സ്റ്റെൻഷൻ കഴിയുന്നത്ര ഒഴിവാക്കണം. നിലവിലുള്ള ഒരു ട്രാൻസ്ഫോർമറിന് കീഴിൽ കൂടുതൽ ഉപഭോക്താക്കൾ ഉണ്ടാവുമ്പോൾ പുതിയ ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്. കാർഷികാവശ്യം പറഞ്ഞ് കണക്ഷൻ തരപ്പെടുത്തി വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പ്രവണത അവസാനിപ്പിക്കണം.

താഴെപറയുന്ന കാര്യങ്ങളിൽ വീട്ടമ്മമാരുടെ സത്വര ശ്രദ്ധപതിയുകയാണെങ്കിൽ വൈദ്യുതിയുടെ അനാവശ്യഉപയോഗം തടഞ്ഞ് വൈദ്യുതി നല്ലൊരു ശതമാനം ലാഭിക്കാനും പീക്കവറിൽ വോൾട്ടേജ്ക്ഷാമം കുറക്കാനും കഴിയും.

1. വീട്ടിൽ അത്യാവശ്യത്തിനുള്ള ബൾബ്, ഫാൻ എന്നിവ മാത്രം ഓൺചെയ്യുകയും ആവശ്യം കഴിഞ്ഞാൽ ഉടൻ നിർത്തുകയും ചെയ്യുക.
2. ഇസ്തിരിയിടാനുള്ള വസ്ത്രങ്ങൾ പലപ്പോഴായി ഇസ്തിരിയിടാതെ ഒന്നിച്ച് ഒരേസമയം ചെയ്യുക.
3. ഫ്രിഡ്ജിന്റെയും, ഫ്രീസറിന്റെയും വാതിലുകൾ തുറന്നിടാതിരിക്കുക.
4. നിലവാരമുള്ളസാധനങ്ങൾ മാത്രം ഉപയോഗിച്ച് വയറിങ്ങ് നടത്തുക.
5. ഐ.എസ്.ഐ. മുദ്രയുള്ള ഇലക്ട്രിക്ക് ഉപകരണങ്ങൾ മാത്രം ഉപയോഗിക്കുക.
6. ഹീറ്റർ, ഹോട്ട് പ്ലേറ്റ്, വാഷിങ്ങ് മെഷ്യൻ എന്നിവ ആവശ്യം കഴിഞ്ഞാൽ ഉടൻ ഓഫാക്കുക.
7. വീട്ടുപകരണങ്ങളും മെയിൻ സ്വിച്ചും മറ്റും നിയമപ്രകാരമുള്ള എർത്ത് ചെയ്യുക.

ലഭ്യമാകുന്ന വൈദ്യുതി സൂക്ഷിച്ചും, ശ്രദ്ധിച്ചും ചിലവാക്കുവാൻ നാം ഓരോരുത്തരും ജാഗ്രതപുലർത്തുകയാണെങ്കിൽ നാം ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന വോൾട്ടേജ് കുറവിനും വൈദ്യുതിക്ഷാമത്തിനും ചെറിയൊരാശ്വാസം ലഭ്യമാവും എന്നത് നിസ്തർക്കമാണ്.

**പഞ്ചായത്തിലെ വൈദ്യുതിസംബന്ധിച്ച വിവരങ്ങൾ**

1. *നിലവിലുള്ള ഉപഭോക്താക്കൾ*

| | | |
|---|---|---|
| 1. | ഗാർഹികം | 4303 |
| 2. | വ്യാപാരം | 685 |
| 3. | വ്യാവസായികം | 68 |
| 4. | കാർഷികം | 189 |

2. ***കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം 19.10.96 വരെ***

| | | |
|---|---|---|
| 1. | ഓർഡിനറി | 69 |
| 2. | ഒ.ടി.പി. | 03 |
| 3. | ഒ.വൈ.ഇ.സി. | 42 |

3. ***തെരുവുവിളക്കുകളുടെ എണ്ണം***

| | | |
|---|---|---|
| 1. | ബൾബ് | 122 |
| 2. | ട്യൂബ് | 7 |
| 3. | സോഡിയം പേപ്പർ ലാബ് | 2 |

4. ***തൽവർഷത്തെ കണക്ഷൻ***

| | | |
|---|---|---|
| 1. | ഓർഡിനറി | 137 |
| 2. | ഒ.ടി.പി. | 4 |
| 3. | ഒ.വൈ.ഇ.സി. | 214 |

5. *പഞ്ചായത്തുപരിതിയിൽ വൈദ്യുതിവിതരണം ചെയ്യുന്ന എൽ.ടി. ട്രാൻസ്ഫോർമറുകളുടെ എണ്ണം 22.*

6. *ഹരിജൻകോളനി വൈദ്യുതികരണം സംബന്ധിച്ച വിവരങ്ങൾ*

| വാർഡ് നമ്പർ | കോളനിയുടെപേര് | കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 3 | അരിക്കൽ | 11 |
| 5 | കയറ്റിപറമ്പ് | 8 |
| 5 | എടരിക്കോട് | 10 |

7. *ആകെ വൈദ്യുതിലൈനിന്റെ നീളം - 7.6 കി.മീ.*

8. *തെരുവുവിളക്ക് ചാർജ്ജ് ഇനത്തിൽ തൽവർഷം അടച്ചതുക (ഒക്ടോബർ 96 വരെ) 11844 രൂപ*

9. *വരുമാനത്തിന്റെ ശതമാനം - 3.97%*

പഞ്ചായത്തിലെ ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ്ക്ഷാമം അനുഭവിക്കുന്നവരാണ് അതുകൊണ്ടുതന്നെ ഈ പ്രദേശത്തെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിരനടപടി വേണമെന്ന് എല്ലാഗ്രാമസഭകളിൽനിന്ന് ശക്തമായ ആവശ്യം ഉയർന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. പഞ്ചായത്തിൽ എല്ലായിടത്തും രൂക്ഷമായ വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നു.
3. നാലാം വാർഡിലെ ലക്ഷംവീട് കോളനിയിലെ വീടുകളും ഹരിജൻവീടുകളും വൈദ്യുതീകരിച്ചിട്ടില്ല.
4. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവുവിളക്കുകൾ ഇനിയും സ്ഥാപിക്കപ്പെടേണ്ടതുണ്ട്.
5. അഞ്ചാംവാർഡിലെ ഹരിജൻകോളനിയിൽ ഇനിയും വൈദ്യുതികരിക്കാത്ത വീടുകൾ ഉണ്ട്.
6. ആറാം വാർഡിലെ താഴെകൊടുത്തഭാഗങ്ങളിലെ വീടുകൾ വൈദ്യുതികരിച്ചിട്ടില്ല.

   1. കല്ലുവെട്ടുപാറ (മുത്തപ്പൻപാറ)
   2. അമ്പലവട്ടത്തിനുസമീപം

## സാദ്ധ്യതകൾ

1. പഞ്ചായത്തിന്റെ താഴെകൊടുത്തിരിക്കുന്ന ഭാഗങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കാവുന്നതാണ്.
   1. മൂന്നാം വാർഡിൽ ആയുർവേദകോളേജ് റോഡ്, പുതുപറമ്പുറോഡ്, ഞാറതടം-താണുകുണ്ട് റോഡ്, സിറ്റി-എടരിക്കോട് റോഡ്.
   2. നാലാം വാർഡിലെ വിവിധഭാഗങ്ങളിൽ
   3. അഞ്ചാം വാർഡിൽ എടരിക്കോടുമുതൽ ക്ലാരി മൂച്ചിക്കൽ വരെയും പഞ്ചായത്ത് ഓഫീസ് റോഡിലും, വൈ.എസ്.സി. റോഡിലും കല്ലാകുത്ത്മാട് റോഡിലും
   4. 6-ാം വാർഡിലെ അനിവാര്യമായസ്ഥലങ്ങളിലും അമ്പലവട്ടം- കല്ലുവെട്ടുപാറ റോഡിൽ സ്വകാര്യവഴിയിലൂടെ പോകുന്ന ലൈൻമാറ്റി.
   5. എഴാം വാർഡിലെ എല്ലാപഞ്ചായത്തുറോഡിലും
   6. എട്ടാം വാർഡിലെ എല്ലാപഞ്ചായത്തുറോഡിലും
   7. ഒൻപതാം വാർഡിലെ എല്ലാ തെരുവുകളിലും
   8. പത്താം വാർഡിലെ കുറുകതാണി, നിലപറമ്പ്, കഞ്ഞികുഴിങ്ങര റോഡുകളിൽ
2. പഞ്ചായത്തിലെ താഴെകൊടുത്തസ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കാം.
   1. നാലാം വാർഡിലെ പ്രധാന ജംഗ്ഷനുകളിൽ
   2. അഞ്ചാം വാർഡിൽ അമ്പലവട്ടം റോഡ് ജംഗ്ഷനിൽ
   3. ആറാം വാർഡിൽ അമ്പലവട്ടത്തും, കല്ലുവെട്ടുപാറയിലും
   4. എഴാം വാർഡിലെ പ്രധാന ജംഗ്ഷനുകളിൽ
   5. ഒൻപതാം വാർഡിലെ പ്രധാന ജംഗ്ഷനുകളിൽ
   6. എട്ടാം വാർഡിൽ കുട്ടാട്ടുവയസ്സൻ വഴി
   7. പുതുപറമ്പ് അങ്ങാടിയിൽ, മുനമ്പത്ത് ഇടവഴി

8. മൂച്ചിക്കൽ, കുറുകതാണി
9. പാലച്ചിറമാട് പള്ളി
10. എടരിക്കോട് ജുമാഅത്ത് പള്ളി
11. പഞ്ചായത്തിൽ മൊത്തം തെരുവുവിളക്കുകൾ സ്ഥാപിക്കുക.

3. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് താഴെകൊടുത്തിരിക്കുന്ന സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാവുന്നതാണ്.

    1. ക്ലാരി മൂച്ചിക്കൽ (ശക്തിപ്പെടുത്തുക)
    2. കളത്തിങ്ങൽമാട്

4. പഞ്ചായത്തിലെ രൂക്ഷമായ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് ഡീസൽനിലയം പണിപൂർത്തിയാക്കുക.

5. വൈദ്യുതീകരിക്കാത്ത താഴെകൊടുത്തിരിക്കുന്ന സ്ഥലങ്ങളിലെ വീടുകൾ വൈദ്യുതീകരിക്കുവാൻ നടപടി എടുക്കാവുന്നതാണ്.

    1. നാലാം വാർഡിലെ ലക്ഷംവീട് കോളനിയും, ഹരിജൻവീടുകളും
    2. ആറാംവാർഡിലെ അമ്പലവട്ടം, കല്ലുവെട്ടുപാറ ഭാഗങ്ങൾ (25 ളം വീടുകൾ)
    3. ഒൻപതാം വാർഡിലെ വൈദ്യുതീകരിക്കാത്തവീടുകൾ
    4. പത്താം വാർഡിലെ ഹരിജൻ കോളനി
    5. അഞ്ചാം വാർഡിലെ മൂച്ചിക്കൽഭാഗത്തെ വൈദ്യുതികരിക്കാത്ത വീടുകൾ

6. അനർട്ടിന്റെ സഹായത്തോടെ സൗരോർജ്ജവിളക്കുകളും, അടുപ്പുകളും പഞ്ചായത്തിൽ സ്ഥാപിക്കാം.

## മാർക്കെറ്റ്

പഞ്ചായത്തിൽ വിപുലമായ രീതിയിൽ ഒരു പഞ്ചായത്ത് മാർക്കറ്റ് പ്രവർത്തിക്കുന്നില്ല. നാളികേരം, അടക്ക, വെറ്റില തുടങ്ങിയ കാർഷികോൽപന്നങ്ങളുടെ വിപണനത്തിന് ഒരു മാർക്കറ്റില്ലാത്തത് ഒരു പോരായ്മതന്നെയാണ്. പഞ്ചായത്തിൽ നിലവിലുള്ള മത്സ്യ-മാംസ മാർക്കറ്റ് അസൗകര്യമുള്ളതും ജീർണ്ണിച്ചകെട്ടിടത്തിലുമാണ് സ്ഥിതിചെയ്യുന്നത്.

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ അങ്ങാടികളായ എടരിക്കോട്, പുതുപറമ്പ് അങ്ങാടികളിൽ ഓരോ മത്സ്യ-മാംസ-പൊതു മാർക്കറ്റ് പഞ്ചായത്തിന്റെ വകയായി സ്ഥാപിക്കുക.
2. കാർഷികോൽപന്നങ്ങളുടെ വിപണനത്തിനായി ഒരു സഹകരണമാർക്കറ്റ് സ്ഥാപിക്കാവുന്നതാണ്.

# 5.7 പാർപ്പിടവും സാമൂഹ്യ ക്ഷേമവും

മുൻകാലങ്ങളിൽ കാർഷികമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന കർഷകരും തൊഴിലാളികളുമായിരുന്നു ഈ പഞ്ചായത്തിൽ ഭൂരിഭാഗവും. അതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളും ആയിരുന്നു ഈ പഞ്ചായത്തിൽ ഭൂരിഭാഗം. പിന്നീട് ഗൾഫ് പണത്തിന്റെ സ്വാധീനം സാമ്പത്തിക-സാമൂഹിക മേഖലയിൽ വരുത്തിയ മാറ്റത്തിന്റെ ഫലമായി ഇപ്പോൾ ഭവനനിർമ്മാണസങ്കൽപം കോൺക്രീറ്റ് സൗധങ്ങളായി മാറികഴിഞ്ഞിട്ടുണ്ട്. മെയിൻ റോഡ് ഓരങ്ങളിൽ വയലുകൾ നികത്തി ലക്ഷങ്ങൾ മുടക്കി രമ്യഹർമ്മങ്ങൾ നിർമ്മിക്കുന്ന പ്രവണത നിലനിൽക്കുമ്പോൾ കൂലിപണിഎടുത്ത് ഉപജീവനം കഴിക്കുന്നവർ വാസയോഗ്യമായ പാർപ്പിടങ്ങൾ നിർമ്മിക്കാൻ പാടുപെടുന്നു.

ഈ പഞ്ചായത്തിൽ ഒട്ടേറെ കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരായുണ്ട്. നിലവിൽ 572 വീടുകൾ ഓലമേഞ്ഞതും നിലവാരം കുറഞ്ഞതും ആയിട്ടുണ്ട്. പുത്തൻ സാമൂഹ്യവ്യവസ്ഥിതിയുടെ പരിണതഫലമായി ഈ പട്ടിക ഇനിയും വിപുലമായികൊണ്ടിരിക്കും. സ്വന്തമായി വീടില്ലാത്തവർക്ക് സർക്കാരും, മറ്റ് ഏജൻസികൾ മുഖേനയും ലഭ്യമായ വീടുകളുടെ എണ്ണം ആശക്ക് വകനൽകുനില്ലെന്നകാര്യം കണക്കുകൾ കാണിക്കുന്നു. ദുർബല വിഭാഗങ്ങൾക്കും ഇടത്തരക്കാർക്കും വീടുനിർമ്മാണത്തിനും, പുതുക്കിപണിയാനും ആവശ്യമായ സഹായങ്ങളോ വായ്പകളോ ലഭിക്കുന്നതിനുള്ള വിഷമതകൾ നിരവധിയാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും ഈ വിഭാഗക്കാർക്ക് ആത്മവിശ്വാസവും ആരോഗ്യകരമായ സാഹചര്യവും ഉണ്ടാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. ഭവനനിർമ്മാണസാമഗ്രികളുടെ അമിതമായ വിലയും കൂലിനിരക്കിലെ ക്രമാധീതമായ വർദ്ധനവും മൂലം പാവപ്പെട്ടവന്റെ സ്വന്തമായ ഒരുവീട് എന്ന സങ്കൽപം ഒരു ആഗ്രഹമായിതന്നെ അവശേഷിക്കുന്നു.
2. പഞ്ചായത്തിലുള്ള മൂന്ന് ലക്ഷംവീട് കോളനികളിലും വാസയോഗ്യമായവീടുകളോ പ്രാഥമികസൗകര്യങ്ങളോ ഇല്ല.
3. ഭവനരഹിതർക്ക് സർക്കാരിൽനിന്നും വിവിധ ഏജൻസികളിൽനിന്നും ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾകൊണ്ടും വീടുകൾ നിർമ്മിക്കുന്നതിന് കഴിയുന്നില്ല.

## സാദ്ധ്യതകൾ

1. ചിലവുകുറഞ്ഞതും അത്യാവശ്യസൗകര്യങ്ങളുമുള്ള ഭവനനിർമ്മാണരീതി പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തിൽ ശക്തമായ പ്രോത്സാഹനം നടത്തേണ്ടതുണ്ട്.
2. വലിയവീടുകളുടെ നിർമ്മാണം കർശനമായി തടയുകയോ ആയതിന് വൻനികുതിചുമത്തുകയോ ചെയ്യുക.
3. സർക്കാർമുഖേന ഭവനനിർമ്മാണസാമഗ്രികൾ ന്യായവിലക്ക് ലഭ്യമാക്കുക.
4. പഞ്ചായത്തിലെ ഭൂരഹിതർക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമി സൗജന്യമായി നൽകുകയും ഭവനനിർമ്മാണത്തിനുള്ള വായ്പ ലഭ്യമാക്കുകയും ചെയ്യുക.

5. കോളനികളിലെ സങ്കീർണ്ണമായ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ശാസ്ത്രീയമായ പരിഹാരങ്ങൾ കണ്ടെത്തുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രനിർമ്മാർജ്ജനം ലക്ഷ്യം വെച്ചുകൊണ്ട് ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നിലവിലുള്ള പദ്ധതികളുടെ ദീർഘവീക്ഷണമില്ലായ്മയും അപര്യാപ്തതയും ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് പദ്ധതിയെകുറിച്ച് അറിവില്ലായ്മ സമയത്തിന് ആനുകൂല്യങ്ങൾ ലഭിക്കായ്മ, അർഹർ അവഗണിക്കപ്പെടുക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണത്തിന്റെ കുറവ്, സാങ്കേതിക നൂലാമാലകൾ എന്നിവ പ്രത്യേകിച്ചും പ്രകടമാണ്. വിവിധ ക്ഷേമനിധികളിൽ പഞ്ചായത്തിലെ എല്ലാ കാർഷികതൊഴിലാളികളും കെട്ടിടനിർമ്മാണതൊഴിലാളികളും അംഗങ്ങളായി ചേർന്നിട്ടില്ല.

എടരിക്കോട് വി.ഇ.ഒ. സർക്കിളിൽ ഐ.ആർ.ഡി.പി. സർവ്വേയിൽ 1171 കുടുംബങ്ങൾ ദാരിദ്രരേഖക്ക് താഴെയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 157 കുടുംബങ്ങൾ പട്ടികജാതി കുടുംബങ്ങളാണ്.

ട്രൈസം പദ്ധതിപ്രകാരം 24 യുവതിയുവാക്കൾ തൊഴിൽപരിശീലനം നേടിയതായി കാണുന്നു. ഗ്രാമീണകൈതൊഴിൽകാർക്ക് ആധുനികഉപകരണങ്ങൾ നൽകുന്ന പരിപാടിപ്രകാരം 17 ആളുകൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പെൻഷൻ ധനസഹായങ്ങളെ സംബന്ധിച്ച വിവരങ്ങൾ.

| | | |
|---|---|---|
| 1. | വിധവാ പെൻഷൻ | 64 |
| 2. | വികലാംഗ പെൻഷൻ | 67 |
| 3. | വാർദ്ധക്യപെൻഷൻ | 33 |
| 4. | കാർഷകതൊഴിലാളി പെൻഷൻ | 29 |

## അങ്കൻവാടികൾ

അഞ്ചാം പഞ്ചവത്സരപദ്ധതിയിൽ രൂപംനൽകിയ സംയോജിത ശിശുവികസനസേവന പദ്ധതി കേരളത്തിലാദ്യമായി നടപ്പാക്കപ്പെട്ടത് വേങ്ങര ബ്ലോക്കിൽ എടരിക്കോട് പ്രദേശത്ത് 1975 ഒക്ടോബർ 2ാം തീയതിയാണ് പ്രവർത്തനം ആരംഭിച്ചത്. എടരിക്കോട് പഞ്ചായത്തിൽ ഇപ്പോൾ ഈ പദ്ധതിക്ക് കീഴിൽ 11 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 7 അങ്കൻവാടികൾക്ക് സ്വന്തമായി കെട്ടിടസൗകര്യമുണ്ട്. 4 എണ്ണത്തിന് സ്വന്തമായി കെട്ടിടസൗകര്യം ആവശ്യമാണ്.

## മഹിളാസമാജം

ഈ പഞ്ചായത്ത് തെന്നലപഞ്ചായത്തിന്റെ ഭാഗമായിരുന്നപ്പോൾതന്നെ സജീവമായ രീതിയിൽ മഹിളാസമാജം അമ്പലവട്ടം ആസ്ഥാനമായി പ്രവർത്തിച്ചുവന്നിരുന്നു. ആയത് ഇന്നും നിലനിൽക്കുന്നുവെങ്കിലും അതിന്റെ പ്രവർത്തനം നിർജീവമാണ്. യശശരീരനായ ശ്രീ പോൽത്തരൻ കോരൻ എന്നവർ സംഭാവനയായി നൽകിയ 8 സെന്റ് സ്ഥലവും സ്വന്തമായി കെട്ടിടവുമുണ്ട്. ഈ കെട്ടിടത്തിൽ എടരിക്കോട് അങ്കൻവാടി പ്രവർത്തിച്ചുവരുന്നു. ഇടിഞ്ഞുപൊളിഞ്ഞുകൊണ്ടിരിക്കുന്ന ഈ കെട്ടിടത്തിലേക്ക് മാതാപിതാക്കൾ കുട്ടികളെ പറഞ്ഞുവിടുന്നില്ല.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഇനിയും അർഹതപ്പെട്ട ഒട്ടേറെപേർക്ക് കർഷകതൊഴിലാളി, കെട്ടിടനിർമ്മാണതൊഴിലാളി, വിധവ- വാർദ്ധക്യ-വികലാംഗ പെൻഷനുകൾ ലഭിക്കേണ്ടതായുണ്ട്.

2. ദാരിദ്ര്യനിർമ്മാർജ്ജന ക്ഷേമ പദ്ധതികൾ മുഖേനയുള്ള ധനസഹായം യഥാസമയം ഗുണഭോക്താകൾക്ക് ലഭിക്കുന്നില്ല.

3. കെട്ടിടമില്ലാത്ത അങ്കൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. (പുതുപറമ്പ്, കഞ്ഞികുഴങ്ങര, അമ്പലവട്ടം, അരിക്കൽ)

4. എടരിക്കോട് മഹിളാസമാജത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്.

5. അങ്കൻവാടികളിലൂടെ കുട്ടികൾക്കും, അമ്മമാർക്കും പോഷകാഹാരം നൽകുന്നതിനുള്ള ഫണ്ട് വർദ്ധിപ്പിക്കേണ്ടതുണ്ട്.

6. ദുർബലവിഭാഗങ്ങൾക്ക് ആവശ്യമായ ചികിത്സാസഹായം ലഭിക്കുന്നില്ല.

5,9,11 വാർഡുകളിൽ അങ്കൻവാടികൾ സ്ഥാപിക്കണം.

നാലാംവാർഡ് ലക്ഷംവീട് കോളനിയിൽ, ഏഴാംവാർഡ് പുളിക്കൽ മദ്രസക്കുസമീപം, നിലപറമ്പ്ഭാഗം എന്നിവിടങ്ങളിൽ അങ്കൻവാടികൾ സ്ഥാപിക്കണം.

## സാദ്ധ്യതകൾ

പഞ്ചായത്തിൽ അർഹതപ്പെട്ടഎല്ലാവർക്കും കാലോചിതമായി ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച് യഥാസമയം ലഭ്യമാക്കേണ്ടതാണ്.

2. കെട്ടിടമില്ലാത്ത എല്ലാ അങ്കൻവാടികൾക്കും കെട്ടിടം നിർമ്മിക്കാവുന്നതാണ്.

3. അമ്പലവട്ടം മഹിളാസമാജംവക ജീർണ്ണിച്ചകെട്ടിടം പൊളിച്ച് പ്രസ്തുതസ്ഥലത്ത് മഹിളാസമാജം, സാംസ്ക്കാരികകേന്ദ്രം, ഗ്രന്ഥാലയം, അങ്കൻവാടി, കമ്മ്യൂണിറ്റിഹാൾ തുടങ്ങിയവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

4. ദുർബലവിഭാഗങ്ങൾക്ക് ആവശ്യമായ ചികിത്സാസഹായം പഞ്ചായത്തുതലത്തിൽ എത്തിക്കുക.

5. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സർവ്വേഅടിസ്ഥാനത്തിൽ യഥാസമയം ദുരിദാശ്വാസനടപടികൾ സ്വീകരിക്കുകയും ധനസഹായം എത്തിക്കുകയും ചെയ്യുക.

6. റേഷൻകടകൾ ഇല്ലാത്തസ്ഥലങ്ങളിൽ പുതുതായി സ്ഥാപിക്കുകയും നിലവിലുള്ളവ കാര്യക്ഷമമാക്കുകയും ചെയ്യുക.

7. പഞ്ചായത്തുതലത്തിൽ ഒരുഅബലാമന്ദിരം പണിയുക.

8. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം സ്ഥാപിക്കാവുന്നതാണ്.

9. നിലവിലുള്ള അങ്കൻവാടികളുടെ അറ്റകുറ്റപണികൾചെയ്ത് കുടിവെള്ളം, കക്കൂസ്, എന്നീ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക.

178

# 5.8 സംസ്ക്കാരം

എടരിക്കോടിന്റെ സാംസ്ക്കാരിക ചരിത്രം പരിശോധിക്കുമ്പോൾ എടുത്തുപറയത്തക്ക സാംസ്ക്കാരിക മുന്നേറ്റങ്ങൾ ഉണ്ടായതായി കാണുന്നില്ല. എങ്കിലും ദേശീയപ്രസ്ഥാനത്തിന്റേയും അതിനോടനുബന്ധിച്ച ചരിത്രസാംസ്ക്കാരികമുന്നേറ്റങ്ങളുടേയും അലയൊലികൾ ഈ പഞ്ചായത്തിലെ ജനമനസ്സുകളിൽ പ്രതിഫലനം കൊണ്ടിട്ടുണ്ട്. മുൻകാല സാംസ്ക്കാരിക ചരിത്രം പരിശോധിക്കുമ്പോൾ ജനങ്ങൾ ജാതി-മത വിദ്വേഷത്തിന്റെ അതിപ്രസരം ഏശാതെ സൗഹാർദ്ദത്തോടും സ്നേഹത്തോടുംകൂടി അധിവസിച്ചുവന്നതായി മനസ്സിലാകുന്നു.

ഈ ഗ്രാമത്തിലെ ജനങ്ങൾ കാർഷികവൃദ്ധിയിലധിഷ്ഠിതമായി കഴിഞ്ഞുവന്നിരുന്നതുകൊണ്ടുതന്നെ കാർഷിക സംസ്ക്കാരത്തിന്റെ കൂട്ടായ്മ ഉള്ളവരും, പരസ്പരസഹായസഹകരണ മനോഭാവമുള്ളവരുമായിരുന്നു. ഇതിന്റെ ഫലമായി വിദ്യാഭ്യാസരംഗത്തും, പൊതുപ്രവർത്തനരംഗത്തും എടുത്തുപറയത്തക്ക ഒരു ചലനം ഉണ്ടാവുകയും ക്രമേണ കലാ-സാംസ്ക്കാരിക-കായികരംഗങ്ങളിൽ ഉണർവുണ്ടാവുകയും ചെയ്തു. അതുകൊണ്ടുതന്നെ ഏതാനും വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്നുവന്നു. കാലക്രമേണ വിദ്യാസമ്പന്നരും പുരോഗമന-കായിക അഭിരുചിയുമുള്ള ചില യുവാക്കളുടെ ശ്രമഫലമായി 50 കളിൽ അമ്പലവട്ടത്ത് യംഗ് സ്റ്റാർ സ്പോട്സ് ക്ലബും (വൈ.എസ്.സി) അതിനുകീഴിൽ ഒരു ഗ്രന്ഥാലയവും വനിതകളുടെ നേതൃത്വത്തിൽ ഒരു മഹിളാസമാജവും പ്രവർത്തിച്ചുതുടങ്ങി.

പിന്നീട് 60 കളിൽ ഏതാനും ചില അദ്ധ്യാപകർ ചേർന്ന് ബുഖാറ ലൈബ്രറി എന്നപേരിൽ ഒരു ഗ്രന്ഥാലയം എടരിക്കോട് സ്ഥാപിച്ചു. ഇന്ന് വൈ.എസ്.സി എടരിക്കോട്ട് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വൈ.എസ്.സി. ക്ക് സ്വന്തമായി ഗ്രൗണ്ട് ഉണ്ട്. വർഷംതോറും വൈ.എസ്.സി. ട്രോഫി സെവൻസ് ഫുട്ബോൾ നടത്തിവരുകയും ചെയ്യുന്നു.

70 കളിൽ വ്യക്തമായ സാംസ്ക്കാരിക കാഴ്ചപാടോടെ ബുഖാറ ലൈബ്രറി അംഗങ്ങളായ ഏതാനും ചില ചെറുപ്പക്കാർ ചേർന്ന് യൂത്ത് ആട്സ് & കൾച്ചറൽ അസോസിയേഷൻ (യാക്ക) എന്ന പേരിൽ ഒരു കലാസാംസ്ക്കാരിക സംഘടനക്ക് രൂപം കൊടുത്തു. ഇതുപോലെതന്നെ നിരവധ് കലാ-കായിക സംഘടനകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപം കൊള്ളുകയുണ്ടായി. അവയിൽ പലതും ഇടക്കാലത്ത് നിർജീവമായിട്ടുണ്ട്. ഇന്ന് ഈ പഞ്ചായത്തിൽ കലാ-കായിക- സാംസ്ക്കാരികരംഗത്ത് സജീവമായി നിലകൊള്ളുന്ന സംഘടനകളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക

| | | |
|---|---|---|
| 1 | യംഗ് സ്റ്റാർ സ്പോട്സ് ക്ലബ് (വൈ.എസ്.സി.) | എടരിക്കോട് |
| 2. | ബുഖാറ ലൈബ്രറി | എടരിക്കോട് |
| 3. | യൂത്ത് ആർട്സ് & കൾച്ചറൽ അസോസിയേഷൻ (വൈ.എ.സി.എ) | എടരിക്കോട് |
| 4. | മാമിൽ ലൈബ്രറി | പുതുപറമ്പ് |
| 5. | മൃദുല കലാഭവൻ | അരീക്കൽ |
| 6. | ശ്രുതിലയ കലാവേദി | ചുടലപാറ |
| 7. | ന്യൂസ്റ്റാർ ആർട്സ് & സ്പോട്സ് ക്ലബ് | ചെറുശ്ശോല |
| 8. | ഗ്രാമീണലൈബ്രറി | പുതുപറമ്പ് |
| 9. | എസ്ക്കോ | എടരിക്കോട് |
| 10. | ബാസ്ക്ക് | പുതുപറമ്പ് |

മുൻകാലങ്ങളിൽ കോളാമ്പിപാട്ട്, കോൽക്കളി, മാപ്പിളപാട്ട്, ചവിട്ടുകളി, കൈകൊട്ടികളി എന്നീ കലാരൂപങ്ങൾ ഇവിടെ നിലനിന്നിരുന്നു. കായികരംഗങ്ങളിൽ വൈ.എസ്.സി. യിലൂടെ വളർന്നുവന്ന് ഇന്ത്യയിലെ അറിയപ്പെടുന്ന പ്രമുഖ ഫുട്ബോൾടീമുകളെ പ്രതിനിധീകരിച്ച സർവ്വശ്രീ പ്രഭാകർദാസ്, ദേവിദാസ്, മോഹൻദാസ് എന്നിവരെ സംഭാവന ചെയ്യുന്നതിന് ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്.

### പ്രശ്നങ്ങൾ

പഴയകാലത്ത് പരസ്പരസ്നേഹത്തിനും, സൗഹാർദ്ദത്തിനും ആരോഗ്യകരമായ കലാസാംസ്ക്കാരിക പാരമ്പര്യം വളർത്തിയെടുക്കുന്നതിനും ഉപകരിച്ചിരുന്ന പഴയകാല കലാരൂപങ്ങളേയും കായികവിനോദങ്ങളേയും അവഗണിക്കപ്പെടുന്നു.

കാർഷിക സംസ്ക്കാരത്തിന്റെയും കായികവിനോദത്തിന്റെയും ഭാഗമായ കാളപൂട്ട് മത്സരങ്ങൾ നാമാവശേഷമായിട്ടുണ്ട്.

സാക്ഷരതാപ്രവർത്തനത്തിന്റെ തുടർപരിപാടി അവഗണിക്കപ്പെടുന്നതിനാൽ സാക്ഷരതാപ്രവർത്തനം കൊണ്ടുണ്ടായ പ്രവർത്തനങ്ങളും, ജനവിദ്യാകേന്ദ്രങ്ങളും നിർജ്ജീവമായി.

മനുഷ്യന്റെ സാംസ്ക്കാരിക വളർച്ചക്കും, അറിവിനും, നൻമക്കും ആരോഗ്യകരമായ വിനോദങ്ങൾക്കും ഉപാദിയാകേണ്ടുന്ന ഇലക്ട്രോണിക്ക് മാധ്യമങ്ങൾ ലോകത്തെല്ലായിടത്തുമുള്ള മനുഷ്യനെ ബാധിക്കുന്നപ്പോലെതന്നെ ഈ പഞ്ചായത്തിലെ ജനങ്ങളുടെ മനസ്സിനേയും അവനവനിലേക്കും പരസ്വത്തിന്റെ മായാ പ്രപഞ്ചത്തിലേക്കും ഉപഭോഗസംസ്ക്കാരത്തിന്റെ അടിമത്വത്തിലേക്കും ചുരുക്കുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പൊതുവായനശാലകളും ഗ്രന്ഥശാലകളും പ്രവർത്തിക്കുന്നില്ല.

നിലവിൽ പ്രവർത്തിച്ചുവരുന്ന വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും ആവശ്യമായത്ര പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നില്ല.

7. കലാ-കായികാഭിരുചി വളർത്തുന്നതിനാവശ്യമായ വേണ്ടത്ര പ്രോത്സാഹനവും സാമ്പത്തിക സഹായവും ലഭ്യമല്ല.

കലാ-കായിക-സാംസ്ക്കാരിക സംഘടനകൾക്ക് പഞ്ചായത്തുതലത്തിൽ ഒരു ഐക്യനിര നിലവിലില്ല.

9. നിലവിലുള്ള കലാസാംസ്ക്കാരികസംഘടനകൾക്ക് പ്രവർത്തിക്കുന്നതിന് സ്വന്തമായി കെട്ടിടമില്ലായ്മ നിലനിൽക്കുന്നു.

### സാദ്ധ്യതകൾ

1. അവഗണിക്കപ്പെട്ട പാരമ്പര്യ കലാ-കായിക-സാംസ്ക്കാരിക വിനോദങ്ങൾ പ്രോത്സാഹിക്കപ്പെടണം.

2. ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കി സാക്ഷരതാതുടർപ്രവർത്തനം തുടരാവുന്നതാണ്.

3. ഉപഭോഗ്തൃപ്രസ്ഥാനവും സാംസ്ക്കാരികപ്രവർത്തനങ്ങളും കൂട്ടായ്മയും ശക്തിപ്പെടുത്തി മനുഷ്യന്റെ ഉൾവലിയലും ഉപഭോഗാടിമത്വവും അവസാനിപ്പിക്കാവുന്നതാണ്.

5. പഞ്ചായത്തിൽ ആവശ്യമായ ഇടങ്ങളിൽ പൊതുവായനശാലകളും ഗ്രന്ഥശാലകളും സ്ഥാപിക്കാവുന്നതാണ്.

6. നിലവിൽ പ്രവർത്തിച്ചുവരുന്ന വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും പ്രമുഖ പത്രങ്ങളും മറ്റു പ്രമുഖ ആനുകാലികങ്ങളും വാങ്ങിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം പഞ്ചായത്തിൽനിന്നും അനുവദിക്കപ്പെടണം.

7. കലാ-കായികാഭിരുചി വളർത്തുന്നതിന് പ്രോത്സാഹനവും സാമ്പത്തികസഹായവും അനുവദിക്കപ്പെടണം.

8. കലാകായികസാംസ്ക്കാരിക സംഘടനകൾക്ക് പഞ്ചായത്തുതലത്തിൽ ഒരു ഐക്യപ്രസ്ഥാനം വളർത്തണം.

9. നിലവിലുള്ള കലാസാംസ്ക്കാരിക സംഘടനകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പുറംപോക്കുസ്ഥലങ്ങളും സാമ്പത്തികസഹായവും അനുവദിക്കണം.

കലാകായികസാംസ്ക്കാരിക വിനോദങ്ങൾ ഇന്ന് ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ കടന്നാക്രമണംമൂലം നമ്മുടെ പങ്കാളിത്തത്തെ ഒഴിവാക്കി നമ്മെ കാഴ്ചക്കാരാക്കിമാറ്റി. ഇതിന്റെ ഫലമായി ലോകത്തിലെ നൻമകൾക്കുപകരം തിൻമകളും അധമവാസനകളും മാത്രം നമ്മുടെ വീട്ടിലും, സമൂഹത്തിലും, പ്രത്യേകിച്ചും യുവതലമുറയിലും എത്തുന്നു. ഇതിനെതിരെ ശക്തമായ പ്രതിരോധം ഓരോരുത്തരുടെ മനസ്സിലും അങ്ങനെ ഈ ഗ്രാമത്തിലും സൃഷ്ടിക്കുവാൻ ഒൻപതാംജനകീയപദ്ധതിക്കുവേണ്ടിയുള്ള കൂട്ടായ്മയിലൂടെ നമുക്ക് ലക്ഷ്യമിടാം.

# 5.9 വനിത

കേരള വികസനപ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിലൊന്നാണ് സ്ത്രീകൾ അവഗണിക്കപ്പെടുന്നത്. 9-ാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഈ പോരായ്മ തിരുത്തുകയാണ്.

സംസ്ഥാന-ജില്ലാ ശരാശരിയേക്കാളും ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലൊന്നാണ് നമ്മുടെ പഞ്ചായത്ത് പ്രദേശം. ഇവിടെ ഒരു ച.കി.മീ. വിസ്തീർണ്ണമുള്ള സ്ഥലത്ത് ശരാശരി 1354 പേർ താമസിക്കുന്നു. 1991 ലെ സെൻസസ് റിപ്പോർട്ടു പ്രകാരം സംസ്ഥാനത്ത് 749 ഉം ജില്ലയിൽ 871 മാണ്. ഈ പ്രദേശത്തെ ജനസാന്ദ്രതകൂടിയാൽ അതിന്റെ ദൂഷിതഫലം കൂടുതലായി അനുഭവിക്കേണ്ടി വരുന്ന വിഭാഗം സ്ത്രീകളാണ്.

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിലെ സ്ത്രീ-പുരുഷ അനുപാതം ഏറെക്കുറെ മെച്ചപ്പെട്ടതാണ്. ഇവിടെ 1000 പുരുഷൻമാർക്ക് 1044 സ്ത്രീകളുണ്ട്. സംസ്ഥാന ശരാശരി 1036 മാത്രമാണ്. കൂടാതെ, ഇവിടത്തെ ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ജനനനിരക്ക് എന്നിവ തുലോം കുറവാണ്. 1991 ലെ സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനത്തിലൂടെ പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 89% ത്തിലധികമാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

എന്നാൽ ഏറെക്കുറെ മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങളും ഉയർന്ന ജീവിതനിലവാരവും സ്ത്രീകൾക്കിടയിൽ ഉണ്ടായിട്ടും വരുമാനമുണ്ടാക്കുന്ന പണികളിലേർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. ഇടക്കാലത്ത് വളർന്ന് വികസിച്ച നവീന വ്യവസായ സ്ഥാപനങ്ങളിലൊക്കെ തന്നെ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം ഇല്ലാ എന്നുതന്നെ പറയാം. റെഡിമെയ്ഡ് വസ്ത്രനിർമ്മാണരംഗവും അച്ചടി സ്ഥാപനങ്ങളുമാണിതിന് ഒരപവാദം. ഇവിടത്തെ ഭൂരിപക്ഷം തൊഴിലാളികളും സ്ത്രീകളാണെങ്കിലും പുരുഷന്മാരെ അപേക്ഷിച്ച് വളരെ കുറഞ്ഞ കൂലി നിരക്കാണ് ഇത്തരം സ്ഥാപനങ്ങളിൽ നിലനിൽക്കുന്നത്. നെൽകൃഷിരംഗമാണ് സ്ത്രീ പങ്കാളിത്തം കൂടുതലുള്ള മറ്റൊരു മേഖല. മൊത്തമുള്ള 1073 കർഷകതൊഴിലാളികളിൽ 131 പേർ സ്ത്രീകളാണ്. (1991 ലെ കാനേഷുമാരി റിപ്പോർട്ട്) വിവിധ തൊഴിൽ തുറകളിൽ ജോലിചെയ്യുന്ന സ്ത്രീ-പുരുഷൻമാരുടെ വേർത്തിരിച്ചുള്ള പട്ടിക ഇതോടൊപ്പമുള്ള അനുബന്ധത്തിൽ കാണിച്ചിരിക്കുന്നു. 328[illegible] പുരുഷൻമാർ വിവിധ തുറകളിലായി ജോലിചെയ്യുമ്പോൾ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം കേവലം 389 മാത്രമാണ്. ബാക്കിയുള്ളവരിൽ ഭൂരിഭാഗവും വീട്ടമ്മമാരാണ്. ഇവരിൽ ചെറിയൊരു ശതമാനംപേർ ആടുമാടുകളെ വളർത്തുക, വിറകുശേഖരണം, സ്വന്തം പുരയിടത്തിലെ ചെറിയ പണികൾ എന്നിവ ചെയ്യുന്നു. അടുക്കളത്തോട്ട നിർമ്മാണം ഒരു സ്വഭാവമാക്കിയവർ ഒരു ശതമാനത്തിലും താഴെ മാത്രമെ വരൂ. എന്നാൽ നല്ലൊരു ശതമാനം പേർ അലങ്കാരചെടി വളർത്തുന്നതിലും വീട് മോടിയായി സൂക്ഷിക്കുന്നതിലും താൽപര്യം കാണിക്കുന്നവരാണ്. സി.ബി.എൻ.പി. പദ്ധതിപ്രകാരം രൂപീകൃതമായിട്ടുള്ള എ[illegible]രിക്കോട് സി.ഡി.എസ്. ന്റെ കണക്കുപ്രകാരം ഏറ്റവും ദരിദ്രരായ 709 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ ഒരു സ്ത്രീ മാത്രം അദ്ധ്വാനിച്ച് കുടുംബം പുലർത്തുന്ന 73 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അനുയോജ്യമായ കക്കൂസ് ഇല്ലാത്ത 503 പേരും നിലവാരം കുറഞ്ഞ വീടുകളിൽ മാത്രം താമസിക്കുവാൻ വിധിക്കപ്പെട്ട 579 പേരും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ പട്ടിക തിരിച്ചുള്ള കണക്ക് അന്യത്ര.

വിധവാ പെൻഷൻ ലഭിക്കുന്ന 64 സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിലായി ആകെ 11 അങ്കൻവാടികളുണ്ട്. 3 വാർഡിൽ അങ്കൻവാടി തീരെ ഇല്ല. പുതുതായി 17 അങ്കൻവാടികൾകൂടി സ്ഥാപി

ക്കേണ്ടതുണ്ട് എന്ന് ഐ.സി.ഡി.എസ്. ന്റെ റിപ്പോർട്ടിൽ കാണുന്നു. ഇവയുടെ അധികാരപരിധിക്കുള്ളിലായി 225 മുലയൂട്ടുന്ന അമ്മമാരും 184 ഗർഭിണികളും ഇവയുടെ ഫലം അനുഭവിക്കുന്നു.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്ന ഡി.ഡബ്ലിയു. സി.ആർ.എ. യൂണിറ്റുകൾ ഉണ്ട്. എന്നാൽ അവയുടെ ഉദ്ദേശലക്ഷ്യം പൂർണ്ണമായും കൈവരിച്ചുഎന്ന് അവകാശപ്പെടാൻ സാധിക്കുമോ എന്നത് പരിശോധനാവിധേയമാക്കേണ്ടതാണ്. അതുപോലെ വനിതാസംരംഭകരാരുംതന്നെയില്ല പഞ്ചായത്തിൽ. വനിതകൾ നേതൃത്വം കൊടുക്കുന്ന ബഹുജനസംഘടനകളോ, പ്രസ്ഥാനങ്ങളോ പഞ്ചായത്തിലില്ല. എന്നാൽ 709 ദരിദ്രകുടുംബങ്ങളിലെ സ്ത്രീകളെ മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സി.ബി.എൻ.പി. പദ്ധതിയിലെ 5 ഏരിയാഡെവലപ്മെന്റ് സോസൈറ്റികളുടെയും പഞ്ചായത്ത് കമ്യൂണിറ്റി സോസൈറ്റിയുടെയും നേതൃത്വവും ഭരണപരവുമായ നടത്തിപ്പും പൂർണ്ണമായും സ്ത്രീകൾക്കുമാത്രമാണ്. ഇവക്കു കീഴിൽ 14 അയൽകൂട്ടങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. 260 പേർ ഇതിനകം ഈ പരിപാടിയിൽ അംഗങ്ങളായിട്ടുണ്ട്. നേതൃത്വമേറ്റെടുക്കാനുള്ള സ്ത്രീകളുടെ വൈമുഖ്യമാണ് മറ്റുസ്ഥലങ്ങളിലേക്ക് ഈ പരിപാടി വ്യാപിപ്പിക്കുന്നതിനുള്ള മുഖ്യതടസ്സം.

സാഹചര്യങ്ങളുടെ അഭാവവും താൽപര്യകുറവുമാണ് പൊതുവെ സ്ത്രീകൾ പൊതുരംഗത്ത് വളർന്നുവരുന്നതിന് വിഘാതമായി വർത്തിക്കുന്നത് എന്ന് ചൂണ്ടികാണിക്കപ്പെടുന്നു.

പഞ്ചായത്തിലിപ്പോൾ സജീവമായി പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ ഒന്നുംതന്നെയില്ല. തന്നെയുമല്ല സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള അമ്പലവട്ടം മഹിളാസമാജത്തിന്റെ കെട്ടിടം ഇന്ന് ജീർണ്ണിച്ച് നാശോൻമുഖവുമാണ്.

സ്ത്രീധനത്തിന്റെ പേരിൽ പീഢനമനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ പരിമിതമാണ്. എന്നാൽ സ്ത്രീധനം കൊടുക്കുവാൻ സാധിക്കാത്തതിന്റെ പേരിൽ വിവാഹം ചെയ്തുകൊടുക്കുവാൻ സാധിക്കാത്ത യുവതികൾ ധാരാളമുണ്ട്.

സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന സിനിമാപോസ്റ്ററുകളും 'മ' പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിൽ വ്യാപകമാണെങ്കിലും ഇവക്കെതിരെയുള്ള ചെറുത്തുനിൽപ്പ് വളരെ ദുർബലമാണ്.

## പ്രശ്നങ്ങൾ

1. സ്ത്രീകൾക്കിടയിൽ കഴിവും വിദ്യാഭ്യാസവുമുള്ള ധാരാളം പേർ ഉണ്ടെങ്കിലും അവർക്ക് അനുയോജ്യമായ തൊഴിൽ അവസരങ്ങൾ വളരെകുറവാണ്.
2. പഞ്ചായത്തിൽ വികസിച്ചുവരുന്ന വിവിധവ്യവസായരംഗങ്ങളിൽ സ്ത്രീസാന്നിദ്ധ്യം തീരെ ഇല്ല.
3. ദരിദ്രകുടുംബങ്ങളിലെ സ്ത്രീകൾ മാത്രം ഉൾപ്പെടുന്ന പഞ്ചായത്ത് സി.ഡി.എസ്. ന്റെ പ്രവർത്തനങ്ങൾക്കും, അയൽകൂട്ടങ്ങൾക്കും അർഹമായ പ്രോത്സാഹനം ലഭിക്കുന്നില്ല.
4. ദാരിദ്രനിർമ്മാർജ്ജനപരിപാടികളിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം കിട്ടുന്നില്ല.
5. പൊതുരംഗത്തും ബഹുജനരംഗത്തും സ്ത്രീസാന്നിദ്ധ്യം വളരെ പരിമിതമാണ്. തീരെ ഇല്ല എന്നുതന്നെപറയാം.
6. സ്ത്രീധനതുകയുടെ വലുപ്പവും, വികലമായ സൗന്ദര്യസങ്കൽപ്പവും ധാരാളം യുവതികളുടെ മംഗല്യ സ്വപ്നങ്ങൾക്ക് വിലങ്ങായിപ്രവർത്തിക്കുന്നു.

## സാദ്ധ്യതകൾ

1. പരമ്പരാഗതവ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുകയും സാങ്കേതികവിദ്യാനവീകരണം വഴി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.
2. എല്ലാവാർഡിലും മഹിളാസമാജങ്ങൾ പുതുതായി രൂപീകരിക്കുകയോ നിർജ്ജീവമായവയെ സജീവമാക്കുകയോ ചെയ്യുക.
3. അമ്പലവട്ടം മഹിളാസമാജം കെട്ടിടം പുതുക്കിപണിയുക.
4. സ്ത്രീകൾക്ക് കൂടുതൽ വരുമാനമുണ്ടാക്കുവാൻ സഹായിക്കുന്നവിധം കോഴിവളർത്തൽ, ആടുവളർത്തൽ, പച്ചക്കറികൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക.

5. പഞ്ചായത്തിൽ വികസിച്ചുവരുന്ന ഫർണിച്ചർ വ്യവസായരംഗങ്ങളിൽ സ്ത്രീതൊഴിലാളികൾക്കുകൂടി പ്രാതിനിധ്യം കിട്ടത്തക്കവിധം ഉൽപന്ന/ഉൽപാദന വൈവിധ്യം നടപ്പിലാക്കുക.

6. കെ.എസ്.ഇ.ബി., എനർജിമീറ്റർ, റിപ്പയറിംഗ് യൂണിറ്റ് ആരംഭിക്കുക.

7. വനിതകൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ വിവിധതുറകളിൽ വനിതാവ്യവസായ സഹകരണസംരഭങ്ങൾ ആരംഭിക്കുക. ഉദാ: ഗാർമെന്റ് മെയ്ക്കിംഗ്.

8. വിവിധരംഗങ്ങളിൽ ചുമതല ഏറ്റെടുക്കുവാൻ പ്രാപ്തരാക്കുന്ന രീതിയിൽ വനിതകൾക്കുമാത്രമായി പ്രത്യേക നേതൃത്വപരിശീലനപരിപാടികൾ ആരംഭിക്കുക.

9. അങ്കൻവാടികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും അത്യാവശ്യമായ ഇടങ്ങളിൽ പുതിയ അങ്കൻവാടികൾ പ്രവർത്തനമാരംഭിക്കുകയും ചെയ്യുക.

10. സ്ത്രീകൾ നാഥനായുള്ള കുടുംബങ്ങൾക്ക് പ്രത്യേകപരിഗണനനൽകുക.

11. എടരിക്കോട് കമ്യൂണിറ്റിഡെവലപ്മെന്റ് സൊസൈറ്റിയുടെയും, അയൽകൂട്ടങ്ങളുടെയും പ്രവർത്തനം വിപുലീകരിച്ച് സ്ത്രീകൾക്ക് നേതൃത്വഗുണവും, തൊഴിലവസരങ്ങളും, സാമ്പത്തിക സ്വാശ്രയത്വവും ഉറപ്പുവരുത്തുന്നതിനുള്ള സഹായസഹകരണങ്ങൾ നൽകുക.

12. അയൽകൂട്ടങ്ങൾ സജീവമല്ലാത്ത പ്രദേശങ്ങളിൽ കൂടുതൽ സജീവമാക്കുന്നതിനുള്ള പ്രോത്സാഹനം നൽകുക.

13. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്കെതിരെ ദുഷ്പ്രചരണം കുറച്ചുകൊണ്ടുവരുന്നതിനും കൂടുതൽ സ്ത്രീകളെ പൊതുരംഗത്തേക്ക് ആകർഷിക്കുവാൻ ഉതകുന്ന പ്രചരണപരിപാടികളും, ബോധവൽക്കരണപരിപാടികളും സംഘടിപ്പിക്കുക.

14. അന്യന്റെ പറമ്പിലെ ചെടിക്ക് വളമിടുമ്പോലെയാണ് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നത് എന്ന ചിന്താഗതി പാടെമാറ്റി ഉന്നതവിദ്യാഭ്യാസരംഗത്തുനിന്നുള്ള പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിരുൽസാഹപ്പെടുത്തുക.

15. വിവാഹദൂർത്ത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

16. വിവാഹപ്രായം ഉയർത്തുന്നതിന് ആസൂത്രിതമായ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.

17. 11-ാം വാർഡിൽ ഒരു പൊടിമില്ല് സ്ഥാപിച്ച് പൊടികൾ പാക്കുചെയ്തു വിതരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുക.

മേൽസൂചിപ്പിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ നമ്മുടെ ഭാഗത്തുനിന്നുണ്ടായാൽ സമൂഹം മൊത്തത്തിലും സ്ത്രീകൾ പ്രത്യേകിച്ചും ഇന്നനുഭവിക്കുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഇത് ഉപകരിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

### അനുബന്ധം -1

### പട്ടിക -1

### സ്ത്രീ- പുരുഷ തൊഴിൽ പങ്കാളിത്ത്വം സൂചിപ്പിക്കുന്ന പട്ടിക

| നമ്പർ | മേഖല | പുരുഷൻ (എണ്ണം) | സ്ത്രീ (എണ്ണം) |
|---|---|---|---|
| 1. | കൃഷിക്കാർ | 334 | 17 |
| 2. | കർഷകതൊഴിലാളികൾ | 942 | 131 |
| 3. | വ്യാവസായിക അനുബന്ധമേഖലകൾ | 54 | 4 |
| 4. | മറ്റുതൊഴിലാളികൾ | 1755 | 171 |
| 5. | ഭാഗികമായി മാത്രം (മാർജിനൽ) തൊഴിൽചെയ്യുന്നവർ | 204 | 66 |
| 6. | തൊഴിലാളികൾ അല്ലാത്തവർ | 5996 | 9589 |

*അവലംബം 1991ലെ കാനേഷുമാരി കണക്ക്.*

## അനുബന്ധം - 2

## പട്ടിക - 2

### ദരിദ്രകുടുംബങ്ങളിൽ അനുഭവിക്കുന്ന വിവിധപ്രശ്നങ്ങളുടെ ഇനംതിരിച്ചുള്ള പട്ടിക.

| നമ്പർ | പ്രശ്നങ്ങൾ | അനുഭവിക്കുന്നകുടുംബങ്ങളുടെഎണ്ണം | ആകെ കുടുംബങ്ങൾ |
|---|---|---|---|
| 1. | നിരക്ഷരത (കുടുംബത്തിൽ ഒരാളെങ്കിലും) | 322 | 709 |
| 2. | നിലവാരം കുറഞ്ഞതോ ഓലമേഞ്ഞതോ ആയവീടുകളിൽ താമസിക്കുന്നവർ | 572 | |
| 3. | സാനിറ്ററി കക്കൂസില്ലായ്മ | 503 | |
| 4. | ഒരാൾ മാത്രം അദ്ധ്വാനിച്ച് കുടുംബം പുലർത്തുന്ന കുടുംബങ്ങൾ | 579 | |
| 5. | കുടിവെള്ളപ്രശ്നം | 437 | |
| 6. | രണ്ടുനേരത്തെഭക്ഷണമെങ്കിലും കഴിക്കുവാൻ വകയില്ലാത്തവർ | 18 | |
| 7. | വിധവകൾ | 62 | |
| 8. | വികലാംഗർ | 40 | |
| 9. | മാറാരോഗികൾ | 41 | |
| 10. | സ്ത്രീമാത്രം അദ്ധ്വാനിച്ച് പുലർത്തുന്ന കുടുംബങ്ങൾ | 73 | |

*അനുബന്ധം പഞ്ചായത്ത് സി.ഡി.എസി. ന്റെ റിസ്ക് ഫാമിലി സർവ്വെ റിപ്പോർട്ട്.*



# 5.10 സഹകരണമേഖല

ഈ പ്രദേശങ്ങളിൽ ആദ്യമായി എടരിക്കോട്ട് ഐക്യനാണയ സംഘം എന്ന പേരിലും പെരുമണ്ണയിൽ മൾട്ടിപെർപ്പസ് സഹകരണസംഘം എന്നപേരിലും ഓരോ സഹകരണ സ്ഥാപനങ്ങളും പ്രവർത്തിച്ചുവന്നിരുന്നു. പ്രസ്തുതസം ഘങ്ങളിൽനിന്നും ചുരുങ്ങിയതോതിൽ കാർഷികവായ്പ, മറ്റുവായ്പകളും നൽകിവന്നിരുന്നു.

അതിനുശേഷം 1967 ൽ ക്ലാരി സർവ്വീസ് സഹകരണസംഘവും 1960 ന്റെ തുടക്കത്തിൽ പെരുമണ്ണക്ലാരി സർവ്വീസ് സഹക രണസംഘവും സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ എടരിക്കോട്പ ഞ്ചായത്തിലെ 1,2,3, വാർഡുകൾ (വാളകുളം അംശം) തെന്നല സർവ്വീസ് സഹകരണബാങ്കിന്റെ കീഴിലും, 10,11 വാർഡുകൾ (പെരുമണ്ണ അംശം) പെരുമണ്ണ ക്ലാരി സർവ്വീസ് സഹകരണബാങ്കിന്റെ കീഴിലും ശേഷിക്കുന്ന വാർഡുകൾ എടരിക്കോട് സർവ്വീസ് സഹകരണബാങ്കിന്റെ പരിതിയിലു മാണ്. എടരിക്കോട് സർവ്വീസ് സഹകരണബാങ്കിൽ 4694 അംഗങ്ങളുണ്ട്. ബാങ്കിന്റെ അംഗീകൃത ഓഹരിമൂലധനം 17 ലക്ഷം രൂപയും പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 16,83,944 രൂപയുമാണ്. ഈ ബാങ്കിൽനിന്നും താഴെപറയുന്നരീതിയിൽ വായ്പകൾ നൽകിയിട്ടുണ്ട്.

1. *കാർഷികവായ്പ*

| | |
|---|---|
| ഹ്രസ്വകാലവായ്പ | - 14,13,845 രൂപ |
| ദീർഘകാലവായ്പ | - 6,49,950 രൂപ |

2. *മറ്റുവായ്പ*

| | |
|---|---|
| ഹ്രസ്വകാലകാർഷികേതരവായ്പ | - 30,37,440 രൂപ |
| മദ്ധ്യകാലവായ്പ | - 39,11,986 രൂപ |
| പണ്ടംപണയവായ്പ | - 5,78,99,269 രൂപ |
| നിക്ഷേപവായ്പ | - 4,20,787 രൂപ |

3. *പ്രത്യേകവായ്പ*

| | |
|---|---|
| ഐ.ആർ.ഡി.പി. | - 2,98,808 രൂപ |
| സ്വയംതൊഴിൽ വായ്പ | - 24,573 രൂപ |
| ആകെ | - 1,55,46,298 രൂപ |

മറ്റുസഹകരണസ്ഥാപനങ്ങളൊന്നുംതന്നെ ഇവിടെ പ്രവർത്തി ച്ചുവരുന്നില്ല.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വിവിധപ്രദേശങ്ങൾ മൂന്നു സഹകരണ ബാങ്കുകളുടെ പ്രവർത്തനപരിധിയിൽ വരുന്നതിനാൽ പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവ പ്പെടുന്നു.
2. വ്യവസായികൾക്കും, കച്ചവടക്കാർക്കും വായ്പ ലഭിക്കു ന്നതിനായി ഒറ്റ സഹകരണ സ്ഥാപനവും ഇവിടെ പ്രവർത്തിക്കുന്നില്ല.
3. നിത്യോപയോഗസാധനങ്ങൾ ന്യായവിലക്ക് ലഭിക്കുന്നതി നാവശ്യമായ കൺസ്യൂമർസ്റ്റോർ ഇപ്പോൾ നിലവിലില്ല.
4. നാളികേരം, അടക്ക, വെറ്റില മുതലായ ഉൽപന്നങ്ങളുടെ വിപണനത്തിനായി മാർക്കറ്റിംഗ് സൗകര്യങ്ങൾ ഇപ്പോൾ ഇല്ല.
5. നേരത്തെ നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്ന സഹക രണാശുപത്രി ഇപ്പോൾ പ്രവർത്തനരഹിതമാണ്.
6. ഈ പഞ്ചായത്തിലെ ജനങ്ങളുടെ 85% നിക്ഷേപങ്ങൾ ദേശസാൽകൃത/സ്വകാര്യ വാണിജ്യബാങ്കുകളിലായാണ് നിക്ഷേപിച്ചിട്ടുള്ളത്. ഈ തുകയുടെ 10 ശതമാനംപോലും എടരിക്കോട് പഞ്ചായത്തിൽ വിനിയോഗിക്കുന്നില്ല.

7. കാർഷിക-വികസന-ഭവനനിർമ്മാണ-ക്ഷീരസഹകരണ സംഘങ്ങളോ, ശാഖകളോ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

## സാദ്ധ്യതകൾ

1. എടരിക്കോട് പഞ്ചായത്തുപ്രദേശം മുഴുവനായും എടരിക്കോട് സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനപരിധിയിൽ കൊണ്ടുവരേണ്ടതാണ്.

2. എടരിക്കോട് ആസ്ഥാനമായി ഒരു സഹകരണകൺസ്യൂമർസ്റ്റോർ സ്ഥാപിക്കാവുന്നതാണ്.

3. കാർഷികോൽപന്നക്ഷീരവിപണനത്തിനായി വിപണനസഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

4. നിർജ്ജീവമായി കിടക്കുന്നതും എൻ.എച്ച്. ൽ സ്വന്തമായി സ്ഥലമുള്ളതുമായ സഹകരണാശുപത്രി പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കാവുന്നതാണ്.

5. വ്യവസായികൾക്കും കച്ചവടക്കാർക്കും വായ്പലഭിക്കുന്നതിന് കോട്ടക്കൽ അർബ്ബൻസഹകരണബാങ്കിന്റെ ഒരു ശാഖ എടരിക്കോട് തുറക്കാവുന്നതാണ്.

6. കാർഷികവികസനബാങ്കിന്റേയും, ഭവനനിർമ്മാണ വായ്പാസഹകരണസംഘത്തിന്റേയും ഓരോ ശാഖകൾ എടരിക്കോട്ട് തുറക്കുന്നപക്ഷം എല്ലാതരത്തിലുള്ള വായ്പകളും ജനങ്ങൾക്ക് ലഭ്യമാക്കാവുന്നതാണ്.

7. സഹകരണബാങ്കിന്റെ കീഴിൽ വളവും കീടനാശിനികളും കാർഷികോപകരണങ്ങളും സംഭരിക്കുവാനും വിതരണം ചെയ്യുവാനും സംവിധാനം ഉണ്ടാകണം.

8. എടരിക്കോട് സഹകരണബാങ്കിന്റെ കീഴിൽ ചിട്ടി ഇടപാട് നടത്താവുന്നതാണ്.

9. എടരിക്കോട് ടൗണിൽ ഒരു മാവേലിസ്റ്റോർ തുറക്കുക. പെരുമണ്ണ സർവ്വീസ് സഹകരണബാങ്കിന്റെ ഓരോ ശാഖകൾ കുറുകത്താണിയിലും പാലച്ചിറമാട്ടും തുറക്കാവുന്നതാണ്.


# പെരുമണ്ണ ക്ലാരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം,

നമ്പർ F.770, P.O. കുന്നിപ്പാ-ല, തിരൂർ താലൂക്ക്, മലപ്പുറം ജില്ല.

✆ HO: 2265(KKL), HO Main Branch: 2265(KKL), Perumanna Branch: 2765(KKL)

അംഗങ്ങൾ : 7000 ഓഹരി മൂലധനം : 15 ലക്ഷം നിക്ഷേപങ്ങൾ : 2.75 കോടി
വായ്പകൾ : 2.58 കോടി പ്രവർത്തന മൂലധനം : 3 കോടി

**തയ്യിൽ അലവി**
(പ്രസിഡന്റ്)
✆ 7774(കൽപകഞ്ചേരി)

**എം. കെ. ഉണ്ണി**
(സിക്രട്ടറി)
✆ 2779(കോട്ടക്കൽ)

**പരുത്തിക്കുന്നൻ മുഹമ്മത് കുട്ടി**
വൈസ് പ്രസിഡന്റ്
✆2277(കോട്ടക്കൽ)

**കുറുകത്താണിയിലും കോഴിച്ചെനയിൽ ക്ലാരി എൻ. എച്ച്. ഈവ-നിങ് ബ്രാഞ്ച് തുറക്കുന്നു**

# 5.11 പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

എടരിക്കോട് പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ മാത്രമെ അധിവസിച്ചുവരുന്നുള്ളു. പഞ്ചായത്തിൽ ആകെ 6 അംഗീകൃതപട്ടികജാതി കോളനികളുണ്ട്.

വിദ്യാഭ്യാസ-സാമൂഹ്യമേഖലകളിലോ, സാമ്പത്തികരംഗത്തോ, സ്വയംതൊഴിൽരംഗത്തോ, വേണ്ടത്രപുരോഗതികൈവരിക്കുന്നതിന് ഈ പഞ്ചായത്തിലെ പട്ടികജാതിവിഭാഗങ്ങൾക്ക് കഴിഞ്ഞിട്ടില്ല. സമൂഹത്തിന്റെ താഴെതട്ടിൽ നിരവധികാലം സാമൂഹിക-സാമ്പത്തികരംഗത്ത് ചൂഷണത്തിനും, അന്ധവിശ്വാസത്തിനും വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും ചെറിയൊരളവിൽ സാമൂഹികപുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ടെന്ന് പറയാം. സാമൂഹിക-സാമ്പത്തികരംഗത്ത് വന്ന മാറ്റങ്ങൾ കാർഷിക ഉൽപാദനത്തിനും, തൊഴിലിനും വരാതിരുന്നതിനാലും ഈ മേഖലകളുടെ തകർച്ചക്കും ഈ വിഭാഗം ജനങ്ങൾ ഇന്ന് പാരമ്പര്യതൊഴിലുകളിൽനിന്നൊക്കെയകന്ന് സ്ഥായിയല്ലാത്ത മറ്റുതൊഴിലുകളിൽ വ്യാപരിക്കുന്ന അവസ്ഥയാണുള്ളത്.

മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങൾ ഇന്നില്ല. എല്ലാമതസ്തരുടെയും മറ്റു ചടങ്ങുകളിൽനിന്ന് ഈ വിഭാഗത്തെ ഒഴിച്ചുനിർത്തുന്ന പ്രവണത ഈ പഞ്ചായത്തിൽ കണ്ടുവരുന്നില്ല. സർക്കാർ നടപ്പാക്കുന്ന പദ്ധതികളും മറ്റും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾകൊണ്ടും ആയതിനെകുറിച്ചുള്ള അറിവിന്റെ അഭാവംകൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.

സർക്കാർ പദ്ധതികൾവഴി പട്ടികജാതിവികസനത്തിന് ലഭിക്കുന്ന ഫണ്ട് ഉദാഹരണം. അൺടൈയ്ഡ്/ജെ.ആർ.വൈ. എന്നിവ റോഡിനും മണ്ണൊലിപ്പ് തടയുന്നതിനും മറ്റും ചില വഴിക്കുന്നതുകൊണ്ടുതന്നെ പട്ടികജാതിഉന്നമനത്തിന് ചില വഴിച്ചതുക ഭീമമായി കാണുന്നു. അനുവദിക്കുന്ന തുക ഫലപ്രദമായി ചിലവഴിക്കുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്.

## വിദ്യാഭ്യാസം

പഞ്ചായത്തിൽ പൊതുവെ പ്രായമുള്ള പട്ടികജാതിക്കാർ നിരക്ഷരരാണ്. 50 വയസ്സിനുതാഴെ പ്രായമുള്ളവർ പൊതുവെ സാക്ഷരരാണ്. എസ്.എസ്.എൽ.സി. ക്കുശേഷം തുടർവിദ്യാഭ്യാസമോ, മറ്റു സാങ്കേതിക വിദ്യാഭ്യാസമോ എന്നത് വളരെ അപൂർവ്വമാണ്. രക്ഷിതാക്കളുടെ താൽപര്യമില്ലായ്മയും വേണ്ടത്രബോധവും, സാമ്പത്തികശേഷിയും രക്ഷിതാക്കൾക്ക് ഇല്ലാത്തതുമാണ് ഇക്കാര്യത്തിൽ ഒരുപുരോഗതിയും ഉണ്ടാകാതിരിക്കുന്നതിന് കാരണം. പൊതുവെ എസ്.എസ്.എൽ.സി. ക്കുമുകളിൽ വിദ്യാഭ്യാസമുള്ളവരും സാങ്കേതികമോ, മറ്റോ ആയ വിദ്യാഭ്യാസം സിദ്ധിച്ചവരും അത്യപൂർവ്വമാണ്.

## തൊഴിൽ

കാർഷികമേഖലയിൽ പ്രധാനമായും ജോലിചെയ്തുകൊണ്ടിരുന്ന ഈ വിഭാഗത്തിൽ പെട്ടവർക്ക് പ്രസ്തുതമേഖല നശിച്ചതോടെ തൊഴിൽ നഷ്ടപ്പെടുകയും അവർ കെട്ടിട നിർമ്മാണം തുടങ്ങി കൂലി കൂടുതൽ ലഭിക്കുന്ന മേഖലകളിലേക്ക് പ്രവേശിക്കുകയും ചെയ്തു. സ്ഥിരമല്ലാത്ത ഈ തൊഴിൽ ശാശ്വതമല്ലാത്തതിനാൽ ഈ വിഭാഗത്തിലുള്ളവരുടെ പരമ്പരാഗതതൊഴിലുകളും കൈതൊഴിലുകളും പുനരുജ്ജീവിപ്പിക്കപ്പെടേണ്ടതുണ്ട്.

## പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായല്ലെങ്കിലും ഒരുപരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകരമായിട്ടുണ്ട്. ചെറ്റകുടിൽ പഞ്ചായത്തിൽനിന്നും പരമാവധി അപ്രത്യക്ഷമായിട്ടുണ്ട്. അനുവദിക്കുന്ന വായ്പതുകയുടെ അപര്യാപ്തതകാരണം പല വീടുകളും പൂർത്തിയാകാതെ കിടക്കുന്നുണ്ട്.

187

## പ്രശ്നങ്ങൾ

1. കക്കൂസ് ഇല്ലാത്തതും, വൈദ്യുതിഎത്താത്തതുമായ പട്ടികജാതി വീടുകൾ നിലവിലുണ്ട്.

2. പട്ടികജാതി വിഭാഗങ്ങളുടെ വീടുകൾ തിങ്ങിനിൽക്കുന്ന സ്ഥലങ്ങൾക്ക് സമീപംതന്നെ മദ്യഷാപ്പ് സ്ഥിതിചെയ്യുന്നതുമൂലം ഈ വിഭാഗങ്ങളിലെ ചെറുപ്പക്കാർ ചെറുപ്പത്തിൽതന്നെ മദ്യപാനാസക്തരും അതിനുശേഷം ഷാപ്പിനെ ചുറ്റിപറ്റിയുള്ള ചീട്ടുകളി, തായംകളി തുടങ്ങിയവയിൽകുടുങ്ങി തന്നെകൊണ്ടാവുന്നജോലിക്കൊന്നും പോകാതെ അലസരായികഴിയുന്നു.

3. പട്ടികജാതി കോളനികളിലെ വിദ്യഭ്യാസം സിദ്ധിച്ച യുവതീയുവാക്കൾ എസ്.എസ്.എൽ.സി. ക്കുശേഷം വെറുതെ നടക്കുന്നു.

4. കാർഷികരംഗത്തെ മുരടിപ്പിൻഫലമായി ഈ രംഗത്ത് പ്രവർത്തിച്ചിരുന്ന നിരവധിപേർ തൊഴിലില്ലാതെയും, ഭാഗികമായി തൊഴിലുള്ളവരായും ഉണ്ട്.

5. കിണർകുഴിക്കുക, പമ്പുസെറ്റുകൾസ്ഥാപിക്കുക തുടങ്ങിയുള്ള വായ്പകൾ ഇപ്പോൾ 30 സെന്റ് ഭൂമിയുള്ളവർക്കെ ലഭിക്കുകയുള്ളു. 96% പട്ടികവിഭാഗകാർക്കും ഇപ്പോൾ ഇത്രയും സ്ഥലം സ്വന്തമായിട്ടില്ല. അതുകൊണ്ട് ഈ ഇനത്തിലുള്ള ധനസഹായം പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് ലഭിക്കുന്നില്ല.

6. ജെ.ആർ.വൈ., ഉപാധിരഹിതഫണ്ട്, എന്നിവയുടെ വിനിയോഗം പട്ടികജാതിക്കാർക്ക് വേണ്ടിയാണെങ്കിൽ കുറച്ചുപട്ടികജാതിക്കാർതാമസിക്കുന്ന സ്ഥലം സ്പർശിച്ച് റോഡുണ്ടാക്കുയോ, ടാർചെയ്യുകയോ, മണ്ണൊലിപ്പ് തടയുകഎന്നപേരിൽ എന്തെങ്കിലും ചെയ്യുകയോ ആണ് പതിവ്. ഇതുമൂലം വ്യക്തിഗതമായോ സാമൂഹ്യസാമ്പത്തികമായോ ഈ വിഭാഗങ്ങൾക്ക് നേട്ടമുണ്ടാകുന്നില്ല. എന്നാൽ രേഖകളിൽ ഈ വിഭാഗത്തിന്റെ ക്ഷേമത്തിനു വേണ്ടി ഭീമമായതുക ചെലവഴിച്ചതായി കാണുകയും ചെയ്യുന്നു.

7. ഈ വിഭാഗങ്ങളിലെ സ്ക്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിൽ തീരെ നിലവാരം പോരാ.

8. സഹകരണബാങ്കുകളിൽ നിന്നൊഴിച്ചാൽ മറ്റു ദേശസാൽകൃത/സ്വകാര്യവാണിജ്യബാങ്കുകളിൽനിന്നൊന്നും പട്ടികജാതിവിഭാഗങ്ങൾക്ക് വായ്പ അനുവദിക്കുന്നതായോ, വാങ്ങിക്കുന്നതായോ കാണുന്നത് വിരളമാണ്.

## സാദ്ധ്യതകൾ

1. കക്കൂസില്ലാത്തതും, വൈദ്യുതിഎത്താത്തതുമായ മുഴുവൻ പട്ടികജാതിവീടുകളിലും അവരുടെ പങ്കാളിത്തത്തോടെ ആയത് എത്തിക്കുന്നതിനും, നിർമ്മിക്കുന്നതിനും മുൻഗണനനൽകണം.

2. പട്ടികജാതിവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്തിന് സമീപം നിശ്ചിതദൂരപരിധിക്കുള്ളിൽ മദ്യഷാപ്പ് നടത്തുന്നതിന് അനുമതി നൽകരുത്.

3. എസ്.എസ്.എൽ.സി. ക്കുശേഷം വെറുതെ നടക്കുന്ന ഈ വിഭാഗത്തിലെ യുവതിയുവാക്കൾക്ക് ഏതെങ്കിലും ഇലക്ട്രോണിക്സ് അസംബ്ലിംഗിൽ പരിശീലനംനൽകി ഏതെങ്കിലും കമ്പനിയുടെ അസംബ്ലിംഗ് അനുവദിച്ചു നൽകിയാൽ ഇത്തരം യുവാക്കൾക്ക് അത് ഉപകാരപ്രദമായിരിക്കും.

4. കാർഷികരംഗത്തുനിന്നും തൊഴിലില്ലാതായവർക്ക് പരമ്പരാഗതതൊഴിൽ ഉദാ: പായനെയ്ത്ത്, കുട്ടനിർമ്മാണം, റെഡിമെയ്ഡ് നിർമ്മാണം തുടങ്ങിയ തൊഴിലുകൾക്ക് ധനസഹായം നൽകി പ്രസ്തുത തൊഴിലുകളെ പുനരുജ്ജീവിപ്പിക്കാവുന്നതാണ്.

5. കിണർകുഴിക്കുക, പമ്പുസെറ്റ് സ്ഥാപിക്കുക, തുടങ്ങിയ വായ്പകൾക്ക് അപേക്ഷിക്കാൻ കുറഞ്ഞത് 30 സെന്റ് സ്ഥലംവേണമെന്ന നിബന്ധനക്ക് പട്ടികജാതിവിഭാഗങ്ങളുടെ കാര്യത്തിൽ ഇളവ് അനുവദിച്ച് 10 സെന്റ് എന്ന് തീരുമാനിക്കുക.

6. സഹകരണബാങ്കുകൾ ഒഴിച്ച് ദേശസാൽകൃത/സ്വകാര്യ ബാങ്കുകൾ ഈ വിഭാഗങ്ങളിൽ പെട്ടവർക്ക് നല്കിയ വായ്പകളുടെ എണ്ണം പ്രസിദ്ധീകരിക്കുകയും ആവശ്യമായ സഹായം ലളിതവ്യവസ്ഥയിൽ നൽകുന്നതിന് നടപടിയെടുക്കുകയും ചെയ്യുക.

7. ജെ.ആർ.വൈ.യിലും, അൺടൈയ്ഡ് ഫണ്ടിലും ഉൾപ്പെടുത്തി റോഡുവെട്ടുക, ടാർചെയ്യുക തുടങ്ങിയ പ്രവർത്തിക്ക് പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ഭീമമായതുക ചെലവഴിച്ചതായി കാണിക്കാതെ പ്രസ്തുത തുക നീതിപൂർവ്വസാമൂഹിക-സാമ്പത്തിക വികസനത്തിനുതകുന്നരീതിയിൽ ചിലവഴിക്കുക.

8. ഈ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പഞ്ചായത്തിൽ ഒരു കേന്ദ്രീകൃതമായ ട്യൂഷൻസെന്റർ സ്ഥാപിക്കുക.

9. പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണസംഘം സ്ഥാപിക്കാവുന്നതാണ്.

# 5.12 വിഭവസമാഹരണം

തികച്ചും കാർഷികമേഖലയിലായിരുന്ന എടരിക്കോട് ഇന്ന് വികസനകാര്യത്തിൽ ഒരുതരം മുരടിപ്പ് അനുഭവിച്ചുവരികയാണ്. ഗൾഫുപണത്തിന്റെ സ്വാധീനഫലമായിവന്ന കുത്തൊഴുക്ക് സംസ്ക്കാരത്തിന്റെ ഉപഭോഗ- നിർമ്മാണപ്രക്രിയകളുടെ ഒരു പരമ്പരതന്നെ ഇവിടെയുണ്ടായി. കൃഷിയിടങ്ങൾ നികത്തപ്പെട്ട് പാർപ്പിടങ്ങളായോ, തെങ്ങിൻതോപ്പുകളായോ മാറി. കർഷകരും കർഷകതൊഴിലാളികളും നിർമ്മാണപ്രവർത്തനവ്യാപാരരംഗങ്ങളിലേക്ക് തിരിഞ്ഞു. കാര്യമായ വ്യവസായ തൊഴിൽസ്ഥാപനങ്ങളോ, ഉൽപാദനകേന്ദ്രങ്ങളോ സ്ഥാപിക്കപ്പെട്ടില്ല. ഈ രംഗങ്ങളിലെ പ്രശ്നങ്ങൾ വിഭവസമാഹരണത്തിന് വിഘാതം സൃഷ്ടിക്കുന്നു. നാളിതുവരെയായി പഞ്ചായത്തിൽ വിഭവസമാഹരണത്തിനായി വിവിധ നികുതിവരുമാനങ്ങളും സർക്കാർ ഗ്രാന്റുകളുമാണ് പ്രധാനമായും ആശ്രയിക്കുന്നത്. പ്രകൃതിവിഭവങ്ങളുടെ വിനിയോഗവും പ്രാധാന്യം കൽപ്പിക്കേണ്ട മാനുഷിക വിഭവങ്ങളുടെ വിനിയോഗവും ഇന്നുവരെ കണക്കിലെടുക്കപ്പെട്ടിട്ടില്ല.

ഇന്ന് അവനവന്റെ സങ്കുചിതതാൽപര്യങ്ങളിലേക്കും ഗ്രൂപ്പുതിരിഞ്ഞുള്ള വിധ്വംസകമേഖലകളിലേക്കും പ്രദാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യാദ്ധ്വാനം നാടിന്റെ വികസനത്തിന് വിഭാഗീയകതകൾക്കതീതമായി വിനിയോഗിക്കാൻ കഴിയുന്ന ഒരു സംസ്കാരം വളർത്തിയെടുത്താൽ നമ്മുടെ വികസന ആസൂത്രണം വളരെ മെച്ചപ്പെട്ടരീതിയിൽ മുന്നേറും.

പട്ടിക -1

പഞ്ചായത്തിന്റെ വരുമാനം (199596)

| നമ്പർ | ഇനം | സംഖ്യ |
|---|---|---|
| 1. | കെട്ടിടനികുതി | 402597.50 |
| 2. | തൊഴിൽനികുതി | 68470.00 |
| 3. | പ്രദർശനനികുതി | 975.00 |
| 4. | ചന്തവരവ് | 700.00 |
| 5. | ലൈസൻസ് ഫീസ് | 8172.50 |
| 6. | വസ്തുകൈമാറ്റനികുതി (75%) | 92365.00 |
| 7. | ഗ്രാന്റുകൾ, സംഭാവനകൾ | 71858.00 |
| 8. | ഉപാധിരഹിതഫണ്ട് | 296400.00 |
| 9. | ജെ.ആർ.വൈ. | 225435.00 |
| 10. | മറ്റുവകുപ്പുകളിൽനിന്നുള്ള വരവ് | 112571.00 |
| 11. | ഡിപ്പോസിറ്റ് | 116814.50 |
| 12. | മറ്റുവരവുകൾ | 374549.70 |
| | **ആകെ വരവ്** | 1770907.70 |
| | **ആകെ ചിലവ്** | 1380545.45 |

### പ്രശ്നങ്ങൾ

1. കെട്ടിടനികുതി ചുമത്തുന്നതിന് ഇപ്പോൾ ശാസ്ത്രീയമായ സംവിധാനമില്ല. വിലക്കൂടുതലുള്ള സാധനസാമഗ്രികൾ ഉപയോഗിച്ചുനിർമ്മിക്കുന്ന ആഡംബരപൂർണ്ണമായ വീടുകൾക്ക് യഥാർത്ഥചിലവ് കണക്കാക്കി നികുതി ചുമത്തുന്നില്ല.
2. തൊഴിൽനികുതി വാഹനഡ്രൈവർമാർക്ക് ചുമത്തുന്നില്ല.
3. പരസ്യനികുതി ഇപ്പോൾ ചുമത്തിവരുന്നില്ല.
4. പഞ്ചായത്തിൽ ഒരു സിനിമാതിയേറ്റർ ഇല്ലാത്തതിനാൽ വിനോദനികുതിവകയിൽ വരുമാനമില്ല.
5. പഞ്ചായത്തിൽ മത്സ്യമാർക്കറ്റ്, ടാക്സി സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ സ്ഥാപിച്ചിട്ടില്ല.

6. വികസനകാര്യങ്ങളിൽ മാനുഷികവിഭവം ഇപ്പോൾ വേണ്ട വിധം പ്രയോജനപ്പെടുത്തുന്നില്ല.

7. വാടകലഭിക്കുന്ന കോമേഴ്സ്യൽ കെട്ടിടങ്ങൾക്ക് അധിക നികുതി ചുമത്തുന്നില്ല.

8. പഞ്ചായത്തിന് കൂടുതൽ വരുമാനം ലഭിക്കുവാൻ സാധ്യതയുള്ള വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

## സാദ്ധ്യതകൾ

1. കെട്ടിടനികുതി ശാസ്ത്രീയമായരീതിയിൽ ചുമത്തി വരുമാനം വർദ്ധിപ്പിക്കാം. വിലകൂടിയ സാമഗ്രികൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ആഡംബരപൂർണ്ണമായ വീടുകൾക്കും വലിയ വാടകക്ക് നൽകുന്ന കെട്ടിടങ്ങൾക്കും അധികരിച്ച നികുതി ചുമത്താവുന്നതാണ്.

2. തൊഴിൽനികുതി മറ്റുമേഖലകളിലെ തൊഴിലാളികൾക്കുകൂടി ബാധകമാക്കുക.

3. പരസ്യനികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുക.

4. ടാക്സി, പ്രൈവറ്റ് മോട്ടോർ വാഹനങ്ങൾക്ക് വാഹനനികുതി ചുമത്തുക.

5. എടരിക്കോട്ട് മത്സ്യമാർക്കറ്റ്, ടാക്സി സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ നിർമ്മിക്കുക.

6. ഒരു പഞ്ചായത്ത് വികസന സമിതി രൂപീകരിച്ച് റജിസ്റ്റർ ചെയ്ത് വിഭവസമാഹരണത്തിന് ഒരു ഫണ്ട് രൂപീകരിക്കുക. ഈ ആവശ്യത്തിനായി ഒരു മാസാന്തലേലക്കുറി നടത്തി ലാഭം വികസനസമിതിയിലേക്കെടുക്കുക.

7. ഓരോ വാർഡിലും മത്സ്യവിൽപനക്ക് സ്ഥലം സൗകര്യപ്പെടുത്തി നികുതി ഈടാക്കുക.

8. നിർമ്മാണപ്രവർത്തനങ്ങൾക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്നും കടം എടുക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകുക.

9. വികസന കാര്യങ്ങൾക്കായി ഒരുകുടുംബത്തിൽനിന്നും ധനപരമായോ, ഉൽപന്നമായോ സംഭാവനപിരിവുനടത്തുക.

10. മഞ്ഞമ്മാടുകടവിൽനിന്നും റോഡുസൗകര്യം ഏർപ്പെടുത്തി മണൽവാരൽ ഊർജ്ജിതപ്പെടുത്തുക.

11. വികസനസമിതിയുടെ കീഴിൽ മിനിഇന്റസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരിച്ച് വനിതകൾക്കായി പ്രത്യേക വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

12. വാർഡുതല വിഭവസമാഹരണസമിതി രൂപീകരിക്കുക.

13. തൊഴിൽരഹിതരെ സഹായിക്കുന്നതിന് ഒരു ഗൈഡൻസ് ബ്യൂറോ സ്ഥാപിച്ച് സ്വയംതൊഴിൽ കണ്ടെത്താൻവേണ്ട സംവിധാനം ഏർപ്പെടുത്തുക.

14. ജലസേചനസൗകര്യം ഏർപ്പെടുത്തി വെള്ളത്തിന് കരം ഈടാക്കുക.

15. പദ്ധതി വികസനത്തിനായി മനുഷ്യവിഭവത്തിന്റെ 15% അതാതുവാർഡുകളിൽനിന്നും സമാഹരിക്കുക.

# 6 ഉപസംഹാരം

അശാസ്ത്രീയവും ജനവിരുദ്ധവുമായിതീർന്ന വികസനത്തിന്റെ കാഴ്ചപാടുകളിൽതന്നെയുള്ളമാറ്റം അനിവാര്യതയാണ്. വികസനമെന്നാൽ റോഡുകളും പാലങ്ങളും നിർമ്മിക്കലാണെന്ന അബദ്ധധാരണയിൽ കുടുങ്ങിനിൽക്കുന്ന ജനമനസ്സുകളിൽ വികസനത്തെകുറിച്ചുള്ള പുതിയ ബോധം ഉണർത്തുകയാണ് ഇന്നതെ കടമ. ഉൽപാദനപ്രക്രിയ വികസനത്തിന്റെ അടിസ്ഥാനശിലയാണെന്ന് ബോധ്യപ്പെടണം.കാർഷിക- വ്യാവസായികമേഖലകളിൽ ഉൽപാദന വർദ്ധനവുണ്ടാക്കി അതിന്റെ അധികോർജ്ജം സാമൂഹിക ക്ഷേമരംഗത്തേക്കുകൂടി വ്യാപിപിക്കുകയാണ് വികസനത്തിന്റെ പുതിയ തന്ത്രം.

വികസനപ്രക്രിയയെ കടിഞ്ഞാണിടുന്ന ഉദ്യോഗസ്ഥ മേൽക്കോയ്മ ഒരുവശത്ത്; ജനകീയാവശ്യങ്ങളുടെ നിരാസവും അഴിമതിയും നിലനിൽക്കുന്ന ഭരണസംവിധാനങ്ങൾ മറുവശത്ത്. ഇതിൽനിന്നും വികസനരംഗം മോചിക്കപ്പെടണം. ജനപങ്കാളിത്തത്തോടെ, ജനകീയാവശ്യങ്ങൾ നിറവേറ്റാനുള്ള പ്രവർത്തന പ്രതിബദ്ധതകൊണ്ടേ ഇത് സാധ്യമാകൂ.

വികസനപദ്ധതികളുടെ മുൻഗണനാക്രമം നിർണ്ണയിക്കുന്നത് ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്. പദ്ധതികൾ നിശ്ചയിക്കപ്പെട്ട മുൻഗണനാക്രമത്തിൽ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ആർജ്ജവവും പ്രതിബദ്ധതയും ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കുണ്ടായിരിക്കണം.

പ്രകൃതി - ജനവിഭവങ്ങളെ പ്രയോജനപ്പെടുത്തി ചരിത്രപരമായ സാഹചര്യങ്ങളെ വിശകലനം ചെയ്ത് തികഞ്ഞ പ്രായോഗികബുദ്ധിയോടെ നമ്മുടെ വികസനപദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഓരോവിഷയത്തിലും പ്രഗത്ഭരായ വിദഗ്ദരുടെ സേവനം ഉറപ്പുവരുത്തണം. സർക്കാരേതര ഏജൻസികളിൽനിന്നും പരമാവധി വിഭവങ്ങൾ സ്വരൂപിച്ചെടുക്കണം. അത്തരം ഏജൻസികളുടെ നിയമാവലികൾ പഠിച്ച് ഗ്രാമപഞ്ചായത്തിനാവശ്യമായ പുതിയ പദ്ധതികൾ കണ്ടെത്താനും കഴിയണം.

ജനകീയാസൂത്രണം നടപ്പിലാക്കുന്ന ഇന്നത്തെ കേരളസർക്കാർ നൽകുന്ന 40% വരുന്ന പദ്ധതിവിഹിതംതന്നെ, മുൻകാലങ്ങളെ അപേക്ഷിച്ച്, ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഉയർത്തുവാനും വികസനരംഗത്ത് കുതിച്ചുചാട്ടം ഉണ്ടാക്കാനും പര്യാപ്തമാകുമെന്നുള്ളത് ഉറപ്പാണ്. ഏകദേശം 3000 കോടി രൂപയോളം കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്കാകെ പദ്ധതിവിഹിതമായി ലഭിക്കും. 25% ജനകീയ വിഹിതമായി സമാഹരിച്ചെടുക്കണം. അങ്ങിനെവന്നാൽ ഒരു ഗ്രാമപഞ്ചായത്തിന് ചുരുങ്ങിയത് 75 ലക്ഷത്തോളംരൂപ പ്രതിവർഷം ലഭിക്കാനാണിട. ഇത് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനപ്രക്രിയയെ ത്വരിതപ്പെടുത്തും.

ആസൂത്രണം താഴെതട്ടിൽനിന്നും മേൽപ്പോട്ടൊഴുകുന്നത്, യഥാർത്ഥജനാധിപത്യത്തിന്റെ രീതിയാണ്. ഇത് വികസനമുന്നേറ്റത്തിന് വഴിയൊരുക്കും. ജനോപകാരപ്രദമായ ജനകീയപദ്ധതികൾ ധ്യതഗതിയിൽ നടപ്പാക്കാനുള്ള ശ്രമംകൂടിയാണ് ഇത്. അതുകൊണ്ടുതന്നെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 'സമഗ്രവികസനരേഖ' സംപുഷ്ഠമാക്കി പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാനുള്ള ഭാരിച്ച ചുമതല നാം ഏറ്റെടുത്തേ മതിയാകൂ. നാടിന്റെ വികസനത്തിനായി അണിചേരാനുള്ള സന്നദ്ധതയാണ് നമുക്ക് വേണ്ടത്. ഗ്രാമസഭകളുടെ ജനകീയ ശക്തിയിൽനിന്നും കുതിച്ചുയരുക. വികസിതഗ്രാമം എന്ന യാഥാർത്ഥ്യത്തിലേക്ക്, ഏറെ പ്രത്യാശയോടെ, എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 'സമഗ്രവികസനരേഖ' വിശദമായ ചർച്ചക്കും പൂർത്തീകരണത്തിനും വേണ്ടി വികസനസെമിനാറിൽ സമർപ്പിക്കുന്നു.

# എടരിക്കോട് സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം)

**No. F. 10739, എടരിക്കോട് - 676 501**

ഫോൺ 04934/2805

☞ നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശയുംഇടപാടുകാർക്ക് മികച്ച സേവനവും ലഭിക്കുന്നു.

☞ അംഗങ്ങളുടെ കാർഷികവും കാർഷികേതരവുമായ എല്ലാ ആവശ്യങ്ങൾക്കും വായ്പ നൽകി വരുന്നു.

*co-operate with co-operative banks*

നാസർ ഏറിയാടൻ
(പ്രസിഡണ്ട്)


കെ.പി. സെയ്തലവി
(സെക്രട്ടറി)

## ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# വികസന രേഖ

അധികാരം ജനങ്ങളിലേക്ക്


മലപ്പുറം ജില്ല
ഒതുക്കുങ്ങൽ പഞ്ചായത്ത്

## എഡിറ്റോറിയൽ സ്റ്റാഫ്

ഇ വി. അബ്ദുറഹിമാൻ

മുസ്തഫ കടമ്പോട്ട്

അജിത് ആയഞ്ചേരി

സലീം മാസ്റ്റർ

ജോയ് വർഗ്ഗീസ്



വി. കുഞ്ഞിമുഹമ്മദ്
പ്രസിഡണ്ട്



സൈദ് പുല്ലാണി
വൈസ് പ്രസിഡണ്ട്



കെ. പി. കുഞ്ഞിമൊയ്തീൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

# ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി

| | | |
|---|---|---|
| വി. കുഞ്ഞിമുഹമ്മദ് | : | പ്രസിഡണ്ട് |
| സൈദ് പുല്ലാണി | : | വൈസ് പ്രസിഡണ്ട് |
| കെ. പി. കുഞ്ഞിമൊയ്തീൻ | : | സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ |
| കെ. എം. റംല | : | മെമ്പർ |
| എം.കെ. മുഹമ്മദ്കുട്ടി | : | " |
| കെ. പി. കോയക്കുട്ടി | : | " |
| കടമ്പോട്ട് ആദംകുട്ടി | : | " |
| വി. റംലത്ത് | : | " |
| പരി പ്രഭാകരൻ | : | " |
| ദേവകി രാമകൃഷ്ണൻ | : | " |
| ടി. ടി. റുഖിയ്യ | : | " |
| കരുവക്കോട്ടിൽ ബീരാൻകുട്ടി | | |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ | : | കെ. പി. കുഞ്ഞാലൻ കുട്ടി<br>ലൈസമ്മാ തോമസ് |
| ജില്ലാ പഞ്ചായത്ത് മെമ്പർമാർ | : | പി. ഉബൈദുള്ള<br>തുപ്പിലിക്കാട്ട് മൂസ |
| നിയമസഭാംഗം | : | ഡോ: എം. കെ. മുനീർ |
| പാർലമെൻറംഗം | : | അഡ്വ: ഇ. അഹമ്മദ് |

# വികസന രേഖ തയ്യാറാക്കിയവർ

ചെയർമാൻ : വി. കുഞ്ഞിമുഹമ്മദ് (പ്രസിഡണ്ട്)
കൺവീനർ : എം. കെ. ചേക്കു

ദ്വിതീയ വിവരശേഖരണം :

മുസ്തഫ കടമ്പോട്ട് (കൺവീനർ)
കുരുണിയൻ അബ്ദുൾ ലത്തീഫ്
സൈദ് പുല്ലാണി
കെ. പി. കുഞ്ഞാലൻ കുട്ടി
ദേവകീ രാമകൃഷ്ണൻ
കെ. എം. റംല
ടി. ടി. മമ്മി

തൃതീയ വിവരശേഖരണം :

എം. കെ. മുഹമ്മദ്കുട്ടി (കൺവീനർ)
പുല്ലാണി സൈദ്
കുരുണിയൻ അബ്ദുൽ ലത്തീഫ്
ഗോപാലകൃഷ്ണൻ (അഗ്രി: അസിസ്റ്റൻറ്)
കടമ്പോട്ട് ആദം കുട്ടി
മുസ്തഫ കടമ്പോട്ട്
പരി പ്രഭാകരൻ
കെ. എം. റംല
കെ. ചന്ദ്രൻ
അബ്ദുൽ ഹമീദ് സി. പി.
പി.കെ. റഷീദ്

# കോർഗ്രൂപ്പ്

| | | |
|---|---|---|
| കൃഷി ജലസേചനം<br>മൃസംരക്ഷണം, മത്സ്യബന്ധനം | : | വാക്കത്ത് മുഹമ്മദ് |
| | | വി. യു.കുഞ്ഞാലൻ കുട്ടി ഹാജി |
| | | കെ. പി. കുഞ്ഞാലൻ കുട്ടി |
| | | എം. കെ. ചേക്കു |
| | | കെ. കെ. അബൂബക്കർ |
| | | ഗോപാലകൃഷ്ണൻ |
| വിദ്യാഭ്യാസം | : | അഷ്റഫ്മാസ്റ്റർ |
| | | ടി. സി. മമ്മുതു |
| | | ടി. ടി. കുഞ്ഞീൻകുട്ടി |
| | | പുല്ലാണി സൈദ് |
| ആരോഗ്യം കുടിവെള്ളം | : | കെ. കെ. അബൂബക്കർ |
| | | കരുവാകോട്ടിൽ ബീരാൻകുട്ടി |
| | | വാക്കത്ത് മുഹമ്മദ് |
| | | വി. റംലത്ത് |
| | | ഡോ. കെ. ടി. മുഹമ്മദ് കുട്ടി |
| റോഡ്, ഊർജം, വ്യവസായം | : | എം. കുട്ടിഹസ്സൻ |
| | | പി. കുഞ്ഞിമുഹമ്മദ് |
| | | അബ്ദുൾ ഹമീദ് സി. പി. |
| | | കെ. പി. കോയക്കുട്ടി |
| ഭവന നിർമാണം, സംസ്കാരം | : | പാലേരി മുഹമ്മദ് |
| | | പി. കെ. റഷീദ് |
| | | പരി പ്രഭാകരൻ |
| | | കെ. പി. കുഞ്ഞിമൊയ്തീൻ |
| വനിത, സാമൂഹ്യക്ഷേമം | : | ദേവകീ രാമകൃഷ്ണൻ |
| | | കെ. പി. മുനീറ |
| | | പ്രേമ ഗോപാലകൃഷ്ണൻ |
| | | കാരി മൊയ്തീൻ |
| | | കടമ്പോട്ട് ആദം കുട്ടി |
| വിഭവസമാഹരണം, സഹകരണം | : | പി. സൈദ് |
| | | സി. മൊയ്തുട്ടി മാസ്റ്റർ |
| | | എം. കെ. മുഹമ്മദ്കുട്ടി |
| | | അബ്ദുൾ ഹമീദ് സി.പി. |
| | | കുരുണിയൻ അബ്ദുൾ ലത്തീഫ് |
| പട്ടികജാതി, പട്ടികവർഗക്ഷേമം | : | രാമകൃഷ്ണൻ മാസ്റ്റർ |
| | | എൻ. ഹംസ |
| | | പരി പ്രഭാകരൻ |
| | | ടി. ടി. റുഖിയ്യ |

199

# ഉള്ളടക്കം


1. ആമുഖം
2. സാമൂഹിക സാംസ്കാരിക ചരിത്രം
3. ഭൂപ്രകൃതിയും വിഭവങ്ങളും
4. വികസന മേഖലകൾ

4.1 കൃഷിയും ജലസേചനവും

4.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

4.3 വിദ്യാഭ്യാസം

4.4 ആരോഗ്യം, കുടിവെള്ളം, പരിസര ശുചീകരണം

4.5 വ്യവസായം

4.6 റോഡുകൾ, ഊർജ്ജം

4.7 ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ

4.8 സംസ്കാരം

4.9 വനിത

4.10 സഹകരണമേഖല

4.11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

4.12 വിഭവസമാഹരണം

5 ഉപസംഹാരം

200

# 1

# ആമുഖം

1951 ൽ സമാരഭിച്ച 'പഞ്ചവൽസര പദ്ധതികൾ' വികസന രംഗത്ത് ഉദ്ദേശിച്ചത്ര ചലനങ്ങൾ സൃഷ്ടിക്കാതെ കടന്നു പോയി. കാരണമെന്തെന്നന്വേഷിക്കാൻ പോലും നാം ഏറെവൈകുകയും നമ്മുടെ ജനാധിപത്യം തിരഞ്ഞെടുപ്പിൻെറ നിറഭേദങ്ങളിൽ കുരുങ്ങുകയും ചെയ്തു. എന്നാൽ '1994,' 'ഗ്രാമപഞ്ചായത്തുകൾ' നടപ്പാക്കാനുള്ള നിർദ്ദേശക തത്വത്തിലൂടെ നമ്മെ സംബന്ധിച്ചിടത്തോളം ഒരു നാഴികക്കല്ലായി. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കണ്ടെത്തിയ രാഷ്ട്രപിതാവിനെ ഇത്തരുണത്തിൽ നമുക്ക് സ്മരിക്കാം.

മുകളിൽ നിന്ന് അടിച്ചേല്പിക്കപ്പെടുന്നന ആസൂത്രണം ദരിദ്രനാരായണന്മാരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ പങ്ക് കണ്ടെത്താനുള്ള അവസര നിഷേധത്തിന് വഴിവെച്ചു. കേരളം നടപ്പാക്കുന്ന 'ജനകീയാസൂത്രണ പദ്ധതി' അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് ദിശാമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 9-ാം പഞ്ചവത്സര പദ്ധതി വികസന ചരിത്രത്തിൽ ഒരു നാഴികക്കല്ലാകുന്നു.

പഞ്ചായത്തുവഴി ജനങ്ങളിലെത്തിക്കുന്ന സമ്പത്ത് (40% പദ്ധതിവിഹിതം) അവരുടെ താല്പര്യം സംരക്ഷിക്കാനുള്ള അവസരം ഉറപ്പുവരുത്തുന്നു. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം, കേരള സർക്കാറിൻെറ 60% ത്തിൽപ്പെട്ട സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട് അന്താരാഷ്ട്ര വികസന ഏജൻസികളിൽ നിന്ന് സന്നദ്ധ സംഘടനകൾ വഴി ലഭിക്കുന്ന ഫണ്ടുകൾ, നികുതി, മറ്റു ജനകീയ സംഭാവനകൾ (ധനം, അദ്ധ്വാനം) തുടങ്ങിയ വികസനോന്മുഖമായ നിരവധി ഘടകങ്ങളുണ്ട്. ഇവയുടെ പിൻബലത്തിൽ 'ജനകീയാസൂത്രണ പദ്ധതി' ഒരു വൻ വിജയമാകുമെന്ന് നിസ്സംശയം പറയാം. ബഹുജന പങ്കാളിത്തം ശക്തിപ്പെടുമ്പോൾ , നിലവിലുള്ളതും ഏറ്റെടുക്കാൻ പോകുന്നതുമായ സ്കീമുകളുടെ നടത്തിപ്പ് സുതാര്യമാകുകയും അഴിമതിയുടെ സാധ്യതകൾ ഇല്ലാതാകുകയും ചെയ്യും.

സെപ്തംബർ 14, 15, 16 തീയതികളിൽ കോട്ടക്കൽ ജി. എം. യു. പി. സ്കൂളിൽ വച്ചുനടന്ന ഒന്നാം ഘട്ട ഡി.ആർ. പി. ക്യാമ്പിനോടനുബ്നധിച്ച് 19. 9. 96ന് പഞ്ചായത്തു തല എൽ. ആർ. പി. ശില്പശാല സംഘടിപ്പിക്കപ്പെട്ടു. ഇതിൽ 94 എൽ. ആർ. പി. എമാർ പങ്കെടുത്തു. 27. 9. 96, 29. 9. 96, 2. 10. 96 എന്നീ തിയ്യതികളിലായി പന്ത്രണ്ട് വാർഡുകളിലും ചേർന്ന ഗ്രാമസഭകളിൽ ആയിരത്തിലേറെ ജനങ്ങൾ പങ്കെടുത്തു. ഒക്ടോബർ 10ന് ഗ്രാമസഭാഗ്രൂപ്പ് കൺവീനർമാർ ഡി. ആർ. പി. മാർ എൽ. ആർ. പി. മാർ എന്നിവരുടെ യോഗം ഒതുക്കുങ്ങൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്നു. പ്രസ്തുത യോഗം ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനുവേണ്ടി നാല് സബ് കമ്മിറ്റികളെ നിയോഗിച്ചു. ഒക്ടോബർ 16, 17, 19 തിയ്യതികളിൽ ചേർന്ന സബ് കമ്മിററി നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു.

ഒക്ടോബർ 22, 23, 24 തിയ്യതികളിൽ ദ്വിതീയ വിവര ശേഖരണം നടന്നു. രണ്ടാം ഘട്ട ഡി. ആർ. പി. പരിശീലന ക്യാമ്പ് കോട്ടക്കൽ കല്ല്യാണ മണ്ഡപത്തിൽ ഒക്ടോബർ 29, 30, 31 തീയതികളിൽ നടന്നു. തീരുമാനമനുസരിച്ച് 5.11. 96 ൽ ഒതുക്കുങ്ങൽ ഖുവ്വത്തുൽ ഇസ്ലാം മദ്രസ്സയിൽ നടന്ന രണ്ടാം ഘട്ട ശില്പശാലയിൽ 57 പേർ പങ്കെടുത്തു. നവം: 6, 7 തിയ്യതികളിൽ പഠന പര്യടനം നടന്നു. 8.11. 96ന് വികസന സെമിനാർ സ്വാഗതസംഘം രൂപീകരിച്ചു. നവംബർ 13, 15 തീയതികളിൽ സബ് കമ്മിറ്റി ചേർന്ന് ഗ്രൂപ്പ് റിപ്പോർട്ട് തയ്യാറാക്കി.

'ജനകീയാസൂത്രണ പദ്ധതി' തുടക്കത്തിൽത്തന്നെ ജനങ്ങളിലുണ്ടാക്കിയ ആവേശോജ്വലമായ പ്രതികരണം നമുക്ക് ഏറെ പ്രത്യാശ നൽകുന്നു. സുചിന്തിതമായ ഏതൊരു ആസൂത്രണ പദ്ധതിയും രാഷ്ട്രീയ പ്രബുദ്ധമായ കേരളം സ്വാംശീകരിച്ചിട്ടുണ്ട്. ഇന്നിൻെറ വൈതരണികളും നാളെയുടെ വെല്ലുവിളികളും നിശ്ചയദാർഢ്യത്തോടെ ഏറ്റെടുക്കുവാൻ തളരാത്ത ബഹുജനശക്തിയുടെ

പിൻബലത്തിൽ 'ജനകീയാസൂത്രണ പദ്ധതി'യിൽ നമുക്ക് പങ്കുചേരാം.

### ഭരണപരമായ ചരിത്രം

മദ്രാസ് മുഖ്യമന്ത്രിയായിരുന്ന കെ. കാമരാജ് നാടാർ ഒതുക്കുങ്ങൽ സന്ദർശിച്ച അവസരത്തിൽ ജനങ്ങൾ കൊടുത്ത നിവേദനത്തിൻെറ ഫലമായി മറ്റത്തൂർ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. 1955ൽ വോട്ടെടുപ്പ് നടത്തുക്യും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ബോർഡ് 1955 ഡിസംബർ 8ാം തിയ്യതി അധികാരമേൽക്കുകയും ചെയ്തു. കടമ്പോട്ട് ചേക്കുട്ടി സാഹിബായിരുന്നു പ്രസിഡണ്ട്. 1961 ലാണ് പഞ്ചായത്ത് ഡി. ലിമിറ്റേഷൻ ഉത്തരവ് പ്രകാരം മറ്റത്തൂർ പുത്തുർ എന്നീ അംശങ്ങൾ ഉൾപ്പെടുത്തി ഒതുക്കുങ്ങൽ പഞ്ചായത്ത് രൂപീകരിച്ചത്. ആദ്യത്തെ പ്രസിഡണ്ടായിരുന്ന ചേക്കുട്ടി സാഹിബിൻെറ മരണശേഷം വൈസ് പ്രസിഡണ്ടായിരുന്ന കുരുണിയൻ കുഞ്ഞറമു 30-8-1961ന് പഞ്ചായത്ത് പ്രസിഡണ്ടായി സ്ഥാനമേററു. പിന്നീട് പ്രസിഡണ്ടായത് കടമ്പോട്ട് മുഹമ്മദ് എന്ന ബാപ്പുവായിരുന്നു. പിന്നീട് പ്രസിഡണ്ടായിരുന്ന പൂളക്കുണ്ടൻ മുഹമ്മദ് എന്ന ബാവ 1989 ഡിംസബർ 9ാം തിയ്യതി ഒരു വാഹനാപകടത്തിൽ മരിച്ചതിനു ശേഷം വൈസ് പ്രസിഡണ്ടായിരുന്ന കടമ്പോട്ട് അബ്ദുറഹ്മാൻ ആക്ടിംഗ് പ്രസിഡണ്ടായി ചുമതലയേറ്റു. 1995 ൽ നടന്ന തെരഞ്ഞെടുപ്പിനുശേഷം 1995 ഒക്ടോബർ 2ന് അധികാരമേററ വി. കുഞ്ഞിമുഹമ്മദിൻെറ നേതൃത്വത്തിലുളള ഭരണസമിതിയാണ് നിലവിലുളളത്. 6-3-1962 മുതൽ ഒതുക്കുങ്ങലിൽ വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പഞ്ചായത്ത് ഓഫീസ് 23-4-1969 മുതൽ സ്ഥിരം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

## പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിൻെറ പേര് | : | ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് |
| 2. | പഞ്ചായത്തിൻെറ ആസ്ഥാനം | : | ഒതുക്കുങ്ങൽ |
| 3. | ഉൾപ്പെടുന്ന വില്ലേജ് | : | ഒതുക്കുങ്ങൽ (മറ്റത്തൂർ, പുത്തുർ അംശങ്ങൾ) |
| 4. | ബ്ലോക്ക് പഞ്ചായത്ത് | : | വേങ്ങര |
| 5. | താലൂക്ക് | : | തിരൂരങ്ങാടി |
| 6. | ജില്ല | : | മലപ്പുറം |
| 7. | അസംബ്ലി നിയോജകമണ്ഡലം | : | മലപ്പുറം |
| 8. | വിസ്തീർണ്ണം | : | 17.27 ചതുരശ്ര കി. മീ. |
| 9. | അതിരുകൾ | : | വടക്ക് -കടലുണ്ടിപ്പുഴ<br>തെക്ക്-പൊന്മള, കോട്ടക്കൽ പഞ്ചായത്തുകൾ<br>കിഴക്ക്-പൊന്മള പഞ്ചായത്ത്, മലപ്പുറം മുനിസിപ്പാലിറ്റി<br>പടിഞ്ഞാറ്-കടലുണ്ടിപ്പുഴ, കോട്ടക്കൽ, പറപ്പൂർ പഞ്ചായത്തുകൾ |
| 10. | ജനസംഖ്യ | : | 35260 (പുരുഷൻ 16614. സ്ത്രീ 18646) |
| 11 | വാർഡുകളുടെ എണ്ണം | : | 12 |
| 12. | പ്രസിഡണ്ടിൻെറ പേര് · | : | വി. കുഞ്ഞിമുഹമ്മദ് |
| 13. | വൈസ് പ്രസിഡണ്ടിൻെറ പേര് | : | പുല്ലാണി സെയ്ദ് |
| 14. | സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | : | കെ. പി. കുഞ്ഞിമൊയ്തീൻ |

202

# 2

# സാമൂഹിക-സാംസ്കാരിക ചരിത്രം

സ്വാതന്ത്ര്യത്തിനു മുമ്പ് ബ്രിട്ടീഷ് രാജിൻെറ നേരിട്ടുള്ള ഭരണത്തിന് വിധേയമായ ഏറനാട്ടിലെ രണ്ടംശങ്ങളാണ് ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് ഉൾക്കൊള്ളുന്ന മറ്റത്തൂരും പുത്തൂരും. രണ്ടംശങ്ങളിലുമുള്ള മുക്കാൽ പങ്ക് ഭൂമിയുടെയും അവകാശം അന്യപ്രദേശങ്ങളിലുള്ള ഏതാനും ജന്മികുടുംബങ്ങൾക്കായിരുന്നു. പൊന്മളഅംശത്തിലെ ചണ്ണഴി ഇല്ലം, കരിപ്പോട്ട്മന, കോട്ടക്കൽ കോവിലകം, കുറ്റിപ്പുറം പണിക്കർ എന്നീ ജന്മികുടുംബങ്ങൾക്കും , പുത്തൂരംശത്തിൽ കോട്ടക്കൽ കോവിലകം, സാമൂതിരി കോവിലകം, ചെറുകുന്ന് ദേവസ്വം, ചേങ്ങോട്ടൂർ അംശത്തിലെ പുല്ലാനിക്കാട്ട് മന എന്നിവയ്ക്കും അവകാശപ്പെട്ടതായിരുന്നു. ആയതിനാൽ ജന്മിത്വത്തിൻെറ അധീശത്വവും നാടുവാഴി മേൽക്കോയ്മയും ഈ പ്രദേശത്തിൻെറ ചരിത്ര സന്ധികളിൽ അസ്വാരസ്യങ്ങൾ സൃഷ്ടിച്ചതായി കാണുന്നില്ല.

ബഹുഭൂരിപക്ഷം മാപ്പിളകർഷകരും കൃഷിത്തൊഴിലാളികളും അധിവസിക്കുന്ന ഈ പ്രദേശങ്ങളുടെ കഴിഞ്ഞകാലം മതസൗഹാർദ്ദത്തിൻെറതും സമാധാനത്തിൻെറതുമാണ്. മറ്റത്തൂർ വലിയ ജുമുഅത്ത് പള്ളിക്ക് സുമാർ 500 വർഷത്തിൻെറ പഴക്കം കണക്കാക്കപ്പെടുന്നു. പള്ളി നിൽക്കുന്നസ്ഥലം മലപ്പുറത്തെ നാടുവാഴിയായിരുന്ന പാറനമ്പി നൽകിയതാണ്. അതുപോലെ കുന്നത്തെ പട്ടികജാതിക്കാരുടെ ക്ഷേത്രത്തിനും ആ നാടുവഴി കനിഞ്ഞതാണ്. ഇതുമായി ബന്ധപ്പെട്ടു പറഞ്ഞുകേൾക്കുന്ന ഒരു കഥയുണ്ട്. പള്ളി നിൽക്കുന്ന സ്ഥലം അമ്പലത്തിനും അമ്പലം നിൽക്കുന്ന സ്ഥലം പള്ളിക്കുമായിരുന്നുവത്രെ നല്കിയിരുന്നത്. ആയിടയ്ക്ക് പാറനമ്പി കുടുംബത്തിലാർക്കോ രോഗമുണ്ടായി അതു ചികിൽസിച്ചു മാറ്റിയത് മറ്റത്തൂരിലെ മഠത്തിൽ കുടുംബാംഗമായ പാരമ്പര്യ മുസ്‌ലിം വൈദ്യനായിരുന്നു. അദ്ദേഹത്തിന് എന്ത് പ്രതിഫലമാണ് വേണ്ടതെന്ന് നമ്പി ആരാഞ്ഞു. പുഴയോരത്ത് പള്ളിക്ക് സ്ഥലം കിട്ടിയാൽ കൊള്ളാമെന്ന് അദ്ദേഹം ഉണർത്തിച്ചു. അങ്ങനെ പള്ളിക്കനുവദിച്ച സ്ഥലം അമ്പലത്തിനും അമ്പലത്തിനുവദിച്ച സ്ഥലം പള്ളിക്കും പരസ്പരം മാറ്റം ചെയ്തുകൊടുത്തുവെന്നാണ് കഥ. ഒതുക്കുങ്ങൽ ജുമുഅത്ത് പള്ളിയുടെ സ്ഥലം പുല്ലാനിക്കാട്ട് നമ്പൂതിരി മുസ്ലിംകൾക്ക് പള്ളിയുണ്ടാക്കേണ്ട പൊതു ആവശ്യത്തിനായി ജന്മം തീരു നൽകിയതാണ്. അക്കാലത്ത് ജന്മം തീർ നൽകുക പതിവില്ല.

1920-21 കാലത്ത് കൈപറ്റ പ്രദേശത്ത് 'ദൗലത്തുസഭ' എന്ന പേരിൽ ഒരു സംഘം പ്രവർത്തിച്ചിരുന്നു. ഇവരുടെ പ്രവർത്തനം ഭൂമി കയ്യേറ്റവും അക്രമവുമായിത്തീർന്നപ്പോൾ അതിൽ നിന്ന് രക്ഷനേടാൻ ചില മാപ്പിള കർഷകർ തങ്ങളുടെ ഭൂമിയുടെ അവകാശം കുറ്റിപ്പുറം പണിക്കരെ ഏല്പിച്ചു. കൊല്ലത്തിൽ ഒരു കുല തേങ്ങയാണ് പണിക്കർ ജന്മം പിരിച്ചുള്ളു. മാപ്പിള കർഷകർ തങ്ങളുടെ ഭൂവിഭാഗം കുറ്റിപ്പുറം പണിക്കരെ ഏല്പിച്ചത് സുരക്ഷക്കുവേണ്ടി; പരസ്പര വിശ്വാസത്തിൻെറയും സൗഹാർദ്ദത്തിൻെറയും പേരിലാണ്.

സ്വാതന്ത്ര്യ സമരത്തിൻെറ ഭാഗമായി നടന്ന പ്രസ്ഥാനങ്ങളിൽ ഭാഗഭാക്കാവുകയും കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്ത പ്രദേശങ്ങളാണ് ഇവ രണ്ടും. 1921- ലെ കലാപകാലത്ത് മറ്റത്തൂരിലെ കുറെ യുവാക്കളെ മലപ്രം തുക്കിടി സായിപ്പിൻെറ ഉത്തരവു പ്രകാരം 'ഹാജറിന്' കൊണ്ടുപോയി. അക്കൂട്ടത്തിൽ 18 വയസ്സുള്ള ഇല്ലിക്കോട്ടിൽ അലവി എന്നയാൾ പാതി രാത്രിയിൽ പാറാവുകാരൻെറ തോക്കും രണ്ട് സഞ്ചി തിരകളുമായി അതി സാഹസികമായി രക്ഷപ്പെടുകയും ബ്രിട്ടീഷാധിപത്യത്തെ വിറപ്പിക്കുകയും ചെയ്തു. അലവിയുടെ കഥ പഴമക്കാർക്ക് രോമാഞ്ചമാണ്. ഇതിനാൽ ബ്രിട്ടീഷു പട്ടാളത്തിൻെറ കൊടിയ മർദ്ദനത്തിനും കൊള്ളിവെപ്പിനും ഈ പ്രദേശങ്ങൾ ഇരയായി. ലഹള ഒതുക്കാൻ ആസ്ത്രേലിയൻ പട്ടാളത്തെ കൂലിക്കു വിളിച്ചവകയിൽ ഒരു പ്രത്യേക കപ്പം നൽകാൻ തുക്കിടി സായിപ്പു ആവശ്യപ്പെട്ടു. കപ്പം നൽകാൻ കുരുണിയൻ കോയാമു ഹാജി

വിസമ്മതിച്ചതിനാൽ അദ്ദേഹത്തിൻെറ വീടിന് തീ കൊടുത്തു.

ദേശീയ പ്രസ്ഥാനത്തിൻെറ സന്ദേശവുമായി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഈ പ്രദേശം സന്ദർശിക്കുക പതിവായിരുന്നു. മഞ്ഞക്കണ്ടൻ അവറുമാസ്റ്റർ, വാഴയിൽ ഉമ്മിണിക്കടവത്ത് (കുഴിങ്ങര) മൊയ്തീൻ, കുരുണിയൻ ബാപ്പുട്ടി മുതലായവർ അദ്ദേഹത്തിൻെറ വിശ്വസ്ത അനുയായികളായിരുന്നു.

1950 കളുടെ ആരംഭത്തിൽ മദിരാശി മുഖ്യമന്ത്രിയായ ശ്രീ കാമരാജ് നാടാർ ഒതുക്കുങ്ങൽ സന്ദർശിച്ചു. അന്നു നൽകിയ നിവേദനത്തിൻെറ ഫലമായി ഇന്ന് ഊരകം പഞ്ചായത്തിൽപ്പെട്ട കോട്ടുമല ഉൾപ്പെടുന്ന പ്രദേശം മറ്റത്തൂർ പഞ്ചായത്തായി. വേറെ രണ്ടു പഞ്ചായത്തുകൾ മാത്രമേ ഇതിന് മുമ്പ് രൂപീകൃതമായിട്ടുള്ളൂ. 1955 ഡിസംബർ 8ാം തിയ്യതി കടമ്പോട്ട് ചേക്കുട്ടി സാഹിബ് പ്രസിഡണ്ടായി ആദ്യത്തെ പഞ്ചായത്ത് ബോർഡ് അധികാരമേറ്റു. കുരുണിയൻ കുഞ്ഞറമ്മു ആയിരുന്നു വൈസ് പ്രസിഡണ്ട്. അംഗങ്ങൾ വി. യു. കോയാമുഹാജി, കെ. പി. ബീരാൻ കുട്ടി, കെ.പി. കുഞ്ഞിമൊയ്തീൻ ഹാജി, കടമ്പോട്ട് മുഹമ്മദ്എന്ന ബാപ്പു, എം. കെ. കുഞ്ഞിമുഹമ്മദ്, കീരൻ കുട്ടി, കടമ്പോട്ട് മൊയ്തീൻ ഹാജി.

1961 ജൂലൈ മാസത്തിൽ കടമ്പോട്ട് ചേക്കുട്ടി സാഹിബിൻെറ മരണത്തെ തുടർന്ന് കുരുണിയൻ കുഞ്ഞറമ്മു 30-8-61 ന് ആക്ടിംഗ് പ്രസിഡണ്ടായി. മററത്തൂർ പഞ്ചായത്തും പുത്തൂരംശവും ചേർന്ന് ഒതുക്കുങ്ങൽ പഞ്ചായത്ത് രൂപീകരിക്കുകയും 1962 ൽ കുരുണിയൻ മുഹമ്മദാജി വക വാടക കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ഒതുക്കുങ്ങൽ പഞ്ചായത്തിൻെറ ആദ്യ പ്രസിഡണ്ടായി രണ്ടാം വാർഡിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കടമ്പോട്ട് മുഹമ്മദ് എന്ന ബാപ്പു ഹാജി അധികാരമേറ്റു. നാലാം വാർഡിൽ നിന്ന് തെരഞ്ഞെടുത്ത സി. മൊയ്തുട്ടി മാസ്റ്റർ വൈസ് പ്രസിഡണ്ടും, മെമ്പർമാർ (ഒന്ന്) വി. യു. അബുഹാജി, (മൂന്ന്) ഇ.കെ. മൊയ്തീൻ, (അഞ്ച്)കുരുരണിയൻ ബാവ, (ആറ്) വി. കെ. കുഞ്ഞുണ്ണിനായർ, (ഏഴ്) എം. മൊയ്തുട്ടി, സുബൈദ ടീച്ചർ (വനിത). ഒന്നാം വാർഡ്മെമ്പർ വി. യു. അബുഹാജി രാജിവെച്ചതിനെ തുടർന്ന് വി. യു മൊയ്തീൻ ഹാജി തെരഞ്ഞെടുക്കപ്പെടുകയും 3-12-1996 ൽ സത്യപ്രതിജ്ഞ ചെയ്യുകയുമുണ്ടായി.

പിന്നീടു നടന്ന തെരഞ്ഞെടുപ്പിൽ രണ്ടാം വാർഡിൽ നിന്നുള്ള കടമ്പോട്ട് മുഹമ്മദ് എന്ന ബാപ്പുഹാജി വീണ്ടും പ്രസിഡണ്ടായി. 5ാം വാർഡിൽ നിന്നുള്ള കാരി അലവി ഹാജി വൈസ് പ്രസിഡണ്ടും. അംഗങ്ങൾ.

1. കെ. പി. കുഞ്ഞിമൊയ്തീൻ, 3. നാടി (സംവരണം) 4. കരുണിയൻ സൈദ്, 6. പൂളക്കുണ്ടൻ ബാവ, 7. എം. കെ. ബിയ്യുട്ടി (വനിത ) 8. വി. ടി. ആറ്റക്കോയ തങ്ങൾ, 9. വി. കുഞ്ഞിമുഹമ്മദ്

അടുത്ത തെരഞ്ഞെടുപ്പിൽ ആറാം വാർഡിൽ നിന്നുളള പൂളക്കുണ്ടൻ ബാവ പ്രസിഡണ്ടും മൂന്നാം വാർഡ് മെമ്പർ കടമ്പോട്ട് അബ്ദുറഹിമാൻ വൈസ് പ്രസിഡണ്ടുമായി. മെമ്പർമാർ:

1. കെ. പി. കുഞ്ഞിമൊയ്തീൻ, 2. കടമ്പോട്ട് പാത്തുമ്മക്കുട്ടി, 4. കാരി മൊയ്തീൻ, 5. എം. കെ. ബിയ്യുട്ടി, 7. സി. സുബ്രഹ്മണ്യൻ, 8. അടാട്ടിൽ മുഹമ്മദ്കുട്ടി എന്ന കുഞ്ഞാപ്പു, 9. വി. കുഞ്ഞിമുഹമ്മദ്, 10. കുരുണിയൻ മായിൻ

1989 ഡിസംബർ 9ന് പ്രസിഡണ്ട് പൂളക്കുണ്ടൻ ബാവ വാഹനാപകടത്തിൽ മരിക്കുകയാൽ വൈസ് പ്രസിഡണ്ട് കടമ്പോട്ട് അബ്ദുറഹിമാൻ ആക്ടിംഗ് പ്രസിഡണ്ടായി സ്ഥാനമേററു.

ഇപ്പോൾ നിലവിലുളള പഞ്ചായത്ത് 1995 ഒക്ടോബർ രണ്ടിന് വി. കുഞ്ഞിമുഹമ്മദ് പ്രസിഡണ്ടും പുല്ലാണിസൈദ് വൈസ് പ്രസിഡണ്ടുമായി അധികാരമേററു. അംഗങ്ങൾ.

1. കെ. എം. റംല. 2. എം. കെ. മുഹമ്മദ് കുട്ടി 3. കെ. പി. കോയക്കുട്ടി, 4. കടമ്പോട്ട് ആദംകുട്ടി. 6. വാക്കേത്ത് റംലത്ത്. 7. പരി പ്രഭാകരൻ, 8. ദേവകീ രാമകൃഷ്ണൻ. 10. ടി. ടി. റുഖീയ്യ 11. കെ. പി. കുഞ്ഞിമൊയ്തീൻ. 12. കരുവക്കോട്ടിൽ ബീരാൻ കുട്ടി.

ഇന്ന് നിലവിലുള്ള പഞ്ചായത്ത് ഓഫീസു കെട്ടിടം സ്ഥിതി ചെയ്യുന്നത് കുരുണിയൻ മുഹമ്മദാജി നൽകിയ സ്ഥലത്താണ്. 1968-ൽ കടമ്പോട്ട് മുഹമ്മദ് എന്ന ബാപ്പു ഹാജി തറക്കല്ലിടൽ കർമ്മം നിർവഹിക്കുകയും 23-4-1969ാം തിയ്യതി അന്നത്തെ തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി ജ: അവുക്കാദർ കുട്ടി നഹ ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയുമുണ്ടായി.

204

# 3

# ഭൂപ്രകൃതിയും വിഭവങ്ങളും

മലപ്പുറം ജില്ലയുടെ ഏതാണ്ട് മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിന് വടക്ക് കടലുണ്ടിപ്പുഴയും പടിഞ്ഞാറ് പറപ്പൂർ പഞ്ചായത്തും തെക്ക് പെരുമളകോട്ടക്കൽ പഞ്ചായത്തുകളും കിഴക്ക് മലപ്പുറം മുനിസിപ്പാലിറ്റിയും പൊന്മള പഞ്ചായത്തും അതിരിട്ടിരുന്നു. ഉദ്ദേശം 1727.54 ഹെക്ടർ വിസ്തൃതിയിലുള്ള ഈ പഞ്ചായത്തിലുൾപ്പെടുന്ന പ്രദേശം പ്രധാനമായും 4 ആയി തിരിക്കാം.

പട്ടിക 1

| പ്രദേശം | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| സമതല പ്രദേശം | 863. 50 ഹെക്ടർ | 50% |
| ഉയർന്ന പ്രദേശം | 345.40 ഹെക്ടർ | 20% |
| ചരിഞ്ഞ പ്രദേശം | 376.98 ഹെക്ടർ | 21.8% |
| പുഴ | 141.66 ഹെക്ടർ | 8.2% |

ഇതനുസരിച്ച് ഭൂമിയുടെ പൊതുചരിവ് തെക്ക് നിന്ന് വടക്കോട്ടും തെക്ക്-കിഴക്ക് ദിശയിൽ നിന്ന് വടക്ക്-പടിഞ്ഞാറ് ദിശയിൽ നദിയിലേക്കുമാണ്.

ഉയർന്ന പ്രദേശങ്ങൾ:

മൊത്തം വിസ്തൃതിയുടെ 20% ഉയർന്ന പ്രദേശമാണ്. വെട്ടുപാറകളും നേരിയപാളി ചരൽ മണ്ണുമാണ് മൺതരങ്ങൾ. നിർമ്മാണ പ്രവർത്തനങ്ങൾ (വീടുകൾ) കൂടുതൽ നടക്കുന്നത് ഈ മേഖലയിലാണ്. മണ്ണൊലിപ്പ് കൂടുതലുള്ള പ്രദേശവും ഇത് തന്നെ. കുടിവെള്ളത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന ഈ പ്രദേശ ങ്ങളിൽ തെങ്ങ്, കശുമാവ്, മാവ്, മരിച്ചീനി എന്നിവ കൃഷി ചെയ്യുന്നു.

## സമതലപ്രദേശം

സമതലപ്രദേശങ്ങളിൽ പെട്ട പുഴയോരങ്ങളിൽ മണൽ കലർന്ന മണ്ണും മറ്റിടങ്ങളിൽ പശിമയുള്ള മണ്ണുമാണ്. ചാലിപ്പാടത്ത് കളിമണ്ണും ഉയർന്ന സമതലങ്ങളിൽ വെട്ടു പാറയുമാണ്. കവുങ്ങ്, നെല്ല്, വാഴ, വെറ്റില , കപ്പ, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നു.

## ചരിഞ്ഞ പ്രദേശം

വിസ്തൃതിയുടെ 22 ശതമാനത്തോളം ചെറുചെരിപുകളും ഇടത്തരം ചരിവുകളുമാണ്. ഇവ താഴ്വരയിലോ നദീതിരങ്ങളിലോ അവസാനിക്കുന്നു. ചരൽ മണ്ണും ചെമ്മണ്ണുമാണ് ഈ മേഖലകളിൽ. മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. തട്ടുകളായി തിരിച്ചാൽ കൃഷിക്കുപയുക്തമാക്കാം. നെല്ല് ഒഴികെയുള്ള കൃഷികളൊക്കെ നടക്കുന്നുണ്ടെങ്കിലും തെങ്ങ്,കവുങ്ങ്, കശുമാവ് എന്നിവ കൂടുതൽ കൃഷിചെയ്യുന്നു.

കുത്തനെയുള്ള ചരിവല്ലാത്തതിനാൽ ഈ പ്രദേശങ്ങൾ വാസസ്ഥലമാക്കാവുന്നതാണ്. താഴ്വരയോട് അടുത്ത പ്രദേശങ്ങളിൽ വീടുകൾ കൂടി വരുന്നുണ്ട്.

## ജലവിഭവങ്ങൾ

കാലവർഷത്തെ ആശ്രയിച്ച് കഴിയുന്ന ഭൂപ്രദേശമാണ് ഒതുക്കുങ്ങൽ പഞ്ചായത്ത്. വർഷത്തിൽ ജൂൺ, ജൂലൈ മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് നവമ്പർ, ഡിസംബർ മാസങ്ങളിലാണ്. ഉയർന്ന പ്രദേശങ്ങളിൽ നിന്ന് ചരിഞ്ഞ പ്രദേശങ്ങളിലൂടെ ഒഴുകി താഴ്വരയിലെത്തുന്ന മഴവെള്ളം പുത്തൂർ തോട് ചെറുകുന്ന് തോട്, കല്ലൻ ചിറതോട്, വഴി പുഴയിലേക്ക് ഒഴുകു

കയും കുറച്ച് വെള്ളം കിണറുകളിലും മററും കെട്ടിനിൽക്കുകയും ചെയ്യുന്നു. പുഴയിൽ ജലവിതാനം ഉയരുന്നതിനനുസരിച്ച് തോടുകളിലൂടെ തിരിച്ചൊഴുകുന്ന പുഴവെള്ളം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വെള്ളപ്പൊക്കത്തിന് കാരണമാകുന്നു. കാലവർഷം ശക്തിപ്പെടുന്നതോടെ പഞ്ചായത്തിൽ വെള്ളപൊക്കം മൂലം വളരെയധികം കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായും വരുന്നു. ഇക്കാലത്ത് ഉയർന്ന പ്രദേശങ്ങളിലുള്ള കിണറുകളിൽ പോലും സുലഭമായി വെള്ളം ലഭിക്കുന്നു. പഞ്ചായത്തിൻെറ വടക്ക്, വടക്ക്കിഴക്ക്, വടക്ക്-പടിഞ്ഞാറ് ദിശകളിൽ കൂടി ഒഴുകുന്ന കടലുണ്ടിപുഴയിൽ പോലും വേനൽക്കാലത്ത് ജലം കുറഞ്ഞുവരുന്നു. താഴ്ന്ന പ്രദേശങ്ങളിൽ ഒഴികെ മറ്റൊരിടത്തും ജലം സംഭരിച്ച് നിർത്തുന്ന ഉറവിടങ്ങൾ തീരെയില്ല. താഴ്ന്ന പ്രദേശങ്ങളൊഴികെ മറ്റെല്ലാ പ്രദേശങ്ങളിലും വേനൽക്കാലത്ത് കടുത്ത ജലക്ഷാമം നേരിടുന്നു.

❖

206

# 4

# വികസനവും പുരോഗതിയും

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയുടെ ഏതാണ്ട് മധ്യത്തിൽ സ്ഥിതി ചെയ്യുന്ന ഒതുക്കുങ്ങൽ പഞ്ചായത്തിന് വികസനത്തിന്റെ വെളിച്ചമേകിയത് പഞ്ചായത്ത് രൂപവൽകരണത്തോടുകൂടിയാണ്. അതിനുമുമ്പ് ഈ പ്രദേശത്തിന്റെ ചരിത്രം വളരെ ശോചനീയമാണെന്ന് കാണാം. സ്വാതന്ത്ര്യത്തിന് മുമ്പ് രണ്ട് പ്രധാന ഗതാഗത മാർഗ്ഗങ്ങൾ മാത്രമാണുണ്ടായിരുന്നത്. കോട്ടക്കൽ മലപ്പുറം റോഡും, കോട്ടക്കൽ ചാപ്പനങ്ങാടി റോഡും ടിപ്പുസുൽത്താന്റെ കാലത്ത് ഉണ്ടാക്കിയതാണത്രെ! അദ്ദേഹത്തിന്റെ സൈന്യത്തിന്റെ സഞ്ചാര മാർഗ്ഗങ്ങളാണിവ എന്ന് പറയപ്പെടുന്നു.

ഒതുക്കുങ്ങൽ പഞ്ചായത്തിലെ ആദ്യ വിദ്യാലയം 1912-ൽ സ്ഥാപിതമായ മറ്റത്തൂർ ജി. എം. എൽ. പി. സ്കൂളാണ്. മറ്റത്തൂരിലെ മുനമ്പത്ത്, ഒരു ഏകാധ്യാപക പെൺ പള്ളിക്കൂടം പ്രവർത്തിച്ചിരുന്നു. 1919 ആയപ്പോഴേക്കും അതിന്റെ പ്രവർത്തനം നിലക്കുകയും അതിലെ വിദ്യാർത്ഥികളെയും മറ്റത്തൂരങ്ങാടിയിലുണ്ടായിരുന്ന സ്കൂളിലെ വിദ്യാർത്ഥികളെയും ചേർത്ത് 1920-ൽ ആരംഭിച്ചതാണ് തെക്കും മുറിയിലെ മറ്റത്തൂർ നോർത്ത് എ. എം.എൽ. പി. സ്കൂൾ. 1968 ലാണ് ഒതുക്കുങ്ങൽ പ്രദേശത്ത് ഒരു ഹൈസ്കൂൾ എന്നസ്വപ്നം പൂവണിയുന്നത്. ഈ ഹൈസ്കൂൾ അടക്കം പലപ്രധാന സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നത് കുരുണിയൻ മുഹമ്മദാജി സൗജന്യമായി നൽകിയ സ്ഥലത്താണ്. 1961 -മുതൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന അറബി കോളേജാണ് ഒതുക്കുങ്ങൽ മഖ്ദൂമാബാദ് തഇഹ്‌യാ ഉസ്സുന്ന.

1977 ഏപ്രിൽ 27നാണ് കൊളത്തുപറമ്പിൽ ആദ്യത്തെ മഹിളാ സമാജം പ്രവർത്തനമാരംഭിച്ചത്. രാധാ ബാലഗോപാലന്റെയും ദേവകീ രാമകൃഷ്ണന്റെയും നേതൃത്വത്തിൽ വാടക കെട്ടിടത്തിൽ ആരംഭിച്ച സമാജത്തിന് ഇന്ന് സ്വന്തമായി കെട്ടിടമുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി സമാജം വളർന്നിട്ടുണ്ട്.

ഒതുക്കുങ്ങൽ പഞ്ചായത്തിലെ ഇന്നത്തെ വികസന പരമായ മുന്നേറ്റങ്ങൾക്കെല്ലാം പ്രചോദനം നൽകിയത് മുൻ മന്ത്രിമാരായ ചാക്കീരി അഹമ്മദ്കുട്ടി സാഹിബും സി. എച്ച് മുഹമ്മദ്കോയാസാഹിബുമാണ്. ചരിത്രത്തിന്റെ ദശാസന്ധിയിൽ ആരോരും തിരിഞ്ഞുനോക്കാനില്ലാതെ അവഗണിക്കപ്പെട്ടുപോയ ഈ പ്രദേശത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞു പ്രചോദനമേകാൻ ഇവർ വഹിച്ച പങ്ക് കാലത്തിന് മറക്കാൻ കഴിയില്ല.

ഇനിയും ചരിത്രം അവസാനിക്കുന്നില്ല. പുതിയ ചരിത്രത്തിന് നാന്ദിയേകാൻ വികസന സമൃദ്ധമായ നല്ല നാളേക്കുവേണ്ടി ഇനിയും നമുക്ക് കാത്തിരിപ്പു തുടരാം.

# 4-1
# കൃഷിയും ജലസേചനവും

ഒതുക്കുങ്ങൽ പഞ്ചായത്ത് ഒരു കാർഷികമേഖലയാണ്. ഭൂരിഭാഗം കുടുംബങ്ങളും കൃഷിയെയും അതിനോടനുബന്ധിച്ച ജോലികളെയും ആശ്രയിച്ചാണ് കഴിയുന്നത്. മറ്റത്തൂർ ചാലിപാടം, ആളായിപാടം ചെറുകുന്ന് പാടം, പുത്തൂർ പാടം, ആട്ടീരി പാടം അത്തിക്കോട് പാടം, എന്നിവ ഈ പഞ്ചായത്തിലെ പ്രധാന വയലുകളാണ്. 1980 വരെ വയലായിരുന്ന എരണിപാടം ഇന്ന് തോട്ടമായി മാറിയിരിക്കുന്നു. ഭൂരിഭാഗം കർഷകരും 1/2 ഹെക്ടറിൽ താഴെ മാത്രം കൃഷിഭൂമി കൈവശമുള്ളവരാണ്. ആളോഹരി കൃഷി ഭൂമി 0.06 ഹെക്ടറാണ്. (പട്ടിക ഒന്ന് നോക്കുക)

| പട്ടിക 1 | | |
|---|---|---|
| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
| 1 | നാമമാത്ര കർഷകർ (1 ഹെക്ടറിന് താഴെ) | 2865 |
| 2 | ചെറുകിട കർഷകർ (1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ) | 211 |
| 3 | വൻകിട കർഷകർ (2 ഹെക്ടറിന് മീതെ) | 74 |

ഈ പ്രദേശത്തെ പ്രധാന കൃഷി നെല്ല്, തെങ്ങ്, കവുങ്ങ്, വെറ്റില, ഇഞ്ചി, മഞ്ഞൾ എന്നിവയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് ചില കൃഷികൾ നാമാവശേഷമായി തീർന്നിട്ടുണ്ട്. ഉയർന്ന പ്രദേശങ്ങളായ തെക്കും പറമ്പ്, മുണ്ടോത്തുപറമ്പ്, കൊടവണ്ടൂർ പറമ്പ്, കാവുംപറമ്പ് എന്നിവിടങ്ങളിൽ പ്രധാനമായും ഇഞ്ചിയാണ് കൃഷി ചെയ്തിരുന്നത്. ഇന്ന് ഇഞ്ചികൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ തെങ്ങ്, മരച്ചീനി എന്നിവയാണ് കൃഷി ചെയ്യുന്നത്. പഞ്ചായത്തിലെ കൈപ്പറ്റ പ്രദേശം വെറ്റിലകൃഷിക്ക് പ്രസിദ്ധമാണ്. മലബാറിലെ ഏറ്റവും വലിയ മാർക്കറ്റായ കോഴിക്കോട്, 'കുഴിപ്പുറം വെറ്റില' എന്ന പേരിലറിയപ്പെടുന്ന വെറ്റില ഈ പ്രദേശത്ത് കൃഷി ചെയ്യുന്നതാണ്. ചീയൽ രോഗം കാരണം ഈ കൃഷി ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്.

ഈ പഞ്ചായത്തിലെ ആകെ ഭൂമിയിൽ 720 ഏക്കർ വയലായിരുന്നു. എന്നാലിപ്പോൾ 351 ഏക്കറിൽ മാത്രമാണ് നെൽകൃഷി ചെയ്യുന്നത്. ബാക്കിയുള്ള വയലുകൾ തോട്ടമാക്കി മാറ്റി തെങ്ങ്, കവുങ്ങ് മുതലായവയുടെ കൃഷിക്കായി ഉപയോഗിക്കുകയാണ്. നെൽകൃഷിക്ക് മുൻകാലങ്ങളിൽ നാടൻ വിത്തിനങ്ങളായ വെള്ളരി, ആര്യൻ, തെക്കൻ ചീര, കുട്ടുമുണ്ടകൻ മുതലായവയായിരുന്നു ഉപയോഗിച്ചിരുന്നത്. രാസവളങ്ങൾ, കീടനാശിനികൾ എന്നിവയൊന്നും അക്കാലങ്ങളിൽ ഉപയോഗിച്ചിരുന്നില്ല. 1960 കളിലെ രൂക്ഷമായ ഭക്ഷ്യക്ഷാമത്തെത്തുടർന്ന് അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും ഉപയോഗിക്കാൻ തുടങ്ങിയതോടെ കർഷകർക്ക് കീടനാശിനികളെ ആശ്രയിക്കേണ്ടിവന്നു. ഭക്ഷ്യക്ഷാമം പരിഹരിക്കപ്പെട്ടശേഷം , അരിയുടെ വില നാണ്യവിളകളായ, നാളികേരം, അടക്ക മുതലായവയെ അപേക്ഷിച്ച് കുറവായപ്പോൾ തെങ്ങ്, കവുങ്ങ് മുതലായ കൃഷിക്ക് പ്രാധാന്യം കൈവരികയും നെൽകൃഷി അവഗണിക്കപ്പെടുകയും ചെയ്തു. ഇതുമൂലം നെല്ല് കൃഷി ചെയ്തിരുന്ന ഭൂമിയുടെ ആകെ വിസ്തീർണം 350 ഏക്കറിൽ താഴെയായി കുറയുകയും ചെയ്തു. നെൽകൃഷിക്കാർക്ക് സമൂഹത്തിൽ മാന്യത കുറയുകയും, കൃഷിപ്പണി അന്തസ്സുകുറഞ്ഞ ജോലിയാണെന്ന തെറ്റിദ്ധാരണയും കാരണം തൊഴിലാളികൾ മറ്റുമേഖലകളിലേക്ക് ആകർഷിക്കപ്പെട്ടു.

ആദ്യകാലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറികൃഷി വളരെക്കുറവായിരുന്നു. പുരയിടം, പുഴക്കര, തോട്ടുവക്ക്, എന്നിവിടങ്ങളിൽ സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറി കൃഷി ചെയ്യുകയും മിച്ചം വരുന്ന പച്ചക്കറി അന്യോന്യം കൈമാറി ഉപയോഗിക്കുകയും ചെയ്തിരുന്നു. അക്കാലത്ത് ഈ പഞ്ചായത്തിൽ

ഒരു പച്ചക്കറിക്കടപോലും ഉണ്ടായിരുന്നില്ല. മിക്ക കുടുംബങ്ങളും സ്വന്തം ആവശ്യത്തിനുള്ള ചേന, ചേമ്പ്, വാഴ,പപ്പായ, പയർ, വെണ്ട മുതലായവ സ്വന്തം പുരയിടത്തിൽ തന്നെ കൃഷി ചെയ്തിരുന്നു.

പട്ടിക 2

വിള വിസ്തീർണവും ഉൽപാദനവും

| വിള | വിസ്തീർണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത |
|---|---|---|---|
| നെല്ല് ഒന്നാം വിള | 25 ഹെക്ടർ | 62.5 M.T. | 2.5 M.T. |
| നെല്ല് രണ്ടാം വിള | 50 ഹെക്ടർ | 146.0 M.T. | 2.925 M.T. |
| നെല്ല് മൂന്നാം വിള | 5 ഹെക്ടർ | 12.0 M.T. | 2.4 M.T. |
| പയർ | 20 ഹെക്ടർ | 8.0 M.T. | 0.4 M.T. |
| എള്ള് | 10 ഹെക്ടർ | 2.5 M.T. | 0.25 M.T. |
| പച്ചക്കറി | 15 ഹെക്ടർ | 165.0 M.T. | 11 M.T. |
| തെങ്ങ് | 745 ഹെക്ടർ | 44.70 Lakhs | 6000 Nuts/Htre |
| വാഴ | 30 ഹെക്ടർ | 222 M.T. | 7400 Kg/Htre |
| മരച്ചീനി | 30 ഹെക്ടർ | 570 M.T. | 19 M.T. |
| കുരുമുളക് | 18 ഹെക്ടർ | 5.4 M.T. | 0.3 M.T. |
| പ്ലാവ് | 3 ഹെക്ടർ | 2.5 M.T. | |
| കശുമാവ് | 30 ഹെക്ടർ | 18 M.T | 0.6 M.T. |
| മാവ് | 5 ഹെക്ടർ | 15 M.T. | |
| റബ്ബർ | 3 ഹെക്ടർ | 1.3 M.T. | 0.650 M.T. |
| കവുങ്ങ് | 80 ഹെക്ടർ | 11.94 Lakhs | 1.49 Lakhs/Htre |
| വെറ്റില | 45 ഹെക്ടർ | 2593500 Bundles of 100 | 57600 Bundle/Htre |
| ഇഞ്ചി | 5 ഹെക്ടർ | 35 M.T. | 3000 kg/Htre |
| മഞ്ഞൾ | 3 ഹെക്ടർ | 54 M.T. | 1.8 M.T. |
| ചേന, ചേമ്പ്, കാച്ചിൽ | 18 ഹെക്ടർ | 360 M.T. | 20 M.T. |

## കൃഷിഭവൻ

1987 മുതൽ ഒരു കൃഷിഭവൻ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഒരു കൃഷി ഓഫീസറും മൂന്ന് കൃഷി അസിസ്റ്റൻറുമാരും ഇവിടെ ജോലി ചെയ്യുന്നു. കൃഷിഭവൻെറ സേവനം വേണ്ടത്ര കൃഷിക്കാർക്ക് ലഭിക്കുന്നില്ല. കൃഷിഭവൻെറ ആഭിമുഖ്യത്തിൽ 3 പാടശേഖരസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല.

പട്ടിക - 3

പ്രധാന പാടശേഖരങ്ങൾ

| | പാടശേഖരം | ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|
| 1 | മറ്റത്തൂർ ചാലി | ഇല്ല | നെല്ല്, വാഴ മരച്ചീനി | ഇല്ല |
| 2 | അത്തിക്കോട് പള്ളിയാളി | നെല്ല് | ഇല്ല | ഇല്ല |
| 3 | ചെറുകുന്ന് പാടം | നെല്ല് | നെല്ല്, വാഴ | ഇല്ല |
| 4 | പുത്തൂർപാടം | ഇല്ല | നെല്ല് | ഇല്ല |
| 5 | ആട്ടീരിപാടം | ഇല്ല | നെല്ല് | ഇല്ല |

## വായ്പാ സൗകര്യങ്ങൾ

സൗത്ത് മലബാർ ഗ്രാമീണബാങ്കിൻെറ ഒരു ശാഖയും ഒതുക്കുങ്ങൽ സർവീസ് സഹകരണബാങ്കും പഞ്ചായത്തിലെ കൃഷിക്കാർക്ക് വായ്പാസൗകര്യങ്ങൾ ലഭ്യമാക്കത്തക്കവിധത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ തിരൂർ ഭൂപണയബാങ്കും കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാ‑ങ്കുംപഞ്ചായത്തിലെ കർഷകർക്ക് വായ്പ നൽകി വരുന്നുണ്ട്.

## നഴ്സറി

പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ഒരു നേഴ്സറിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

## വേതന വ്യവസ്ഥകൾ

കർഷകതൊഴിലാളികളുടെ എണ്ണം ദിനംപ്രതി കുറഞ്ഞുവരുന്നതായാണ്കാണപ്പെടുന്നത്. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിലെ അശാസ്ത്രീയത, ഗൾഫ് ജോലികളോടുള്ള താല്പര്യം മുതലായവ ഇതിനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടാവുന്നതാണ്. ഇവിടെ ആവശ്യത്തിന് കർഷകതൊഴിലാളികൾ ലഭ്യമല്ലാത്തതിനാൽ തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളാണ് ഭൂരിഭാഗം കാർഷികജോലികളും ചെയ്തുവരുന്നത്. പഞ്ചായത്തിലെ മൊത്തം കർഷകതൊഴിലാളികളുടെ എണ്ണം 500ന് താഴെയാണ്.

പട്ടിക4

കൂലിനിരക്ക്

| ജോലി | കൂലി | | |
|---|---|---|---|
| | ആൺ | പെൺ | |
| സാധാരണ കൃഷിപ്പണി | 100രൂ | 60രൂ | ഭക്ഷണം പുറമെ |
| കറ്റചുമക്കൽ | 200 രൂപ | | " |
| ഞാറ് പറിക്കൽ | - | 16രൂപ<br>100 മുടിക്ക് | " |
| നടീൽ | - | 65 രൂപ | " |
| കൂലി കന്ന് | 200രൂപ | | |
| വരമ്പിടൽ | 150 രൂപ | | |

## ജലസേചനം

പഞ്ചായത്തിലെ പ്രധാന ജലസേചന സ്രോതസുകൾ കിണർ, കുളം, പുഴ, തോട്, എന്നിവയാണ്. മുമ്പ് ജലസേചനത്തിനുപയോഗിച്ചിരുന്ന മൂന്ന് പ്രധാന കുളങ്ങളുണ്ടായിരുന്നു. (1) കൊടവണ്ടൂർ കുളം. (2) നെടുങ്ങോട്ട് കുളം (3) മാമ്പ്ര കുളം ഇവ ഇന്ന് ഉപയോഗശൂന്യമായിക്കിടക്കുകയാണ്. ജലസേചനാർത്ഥം 1978 ൽ ചാലിലിഫ്ട് ഇറിഗേഷൻ പദ്ധതി പ്രവർത്തനമാരംഭിച്ചു. മുൻ എം. എൽ. എ. എം. മൊയ്തീൻ കുട്ടിഹാജിയുടെയും അന്നത്തെപഞ്ചായത്ത് പ്രസിഡണ്ട് മുഹമ്മദ് എന്ന ബാപ്പു സാഹിബിൻെറയും നിരന്തരശ്രമത്തിൻെറ ഫലമായാണ് ഇറിഗേഷൻ പദ്ധതിക്ക് തുടക്കം കുറിച്ചത്.

## പ്രശ്നങ്ങൾ

കൃഷിയെ സംബന്ധിച്ചിടത്തോളം പ്രധാനപ്രശ്നം ജലസേചനത്തിൻെറ അപര്യാപ്തതയാണ്. കൂലിവർധനവ്, ഉല്പാദനച്ചിലവുകളുടെ വർധനവ്, ഉല്പന്നങ്ങളുടെ വിലയിടിവ് മുതലായവ എല്ലാ കൃഷിയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

സർവീസ് സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള കാർഷിക വായ്പ യഥാസമയം ലഭിക്കുന്നില്ല. പല കർഷകരും കാർഷികവായ്പ, മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായും കണ്ടുവരുന്നു.

ചില വാർഡുകളിലെ ചുരുക്കം ചില സ്ഥലങ്ങളിലൊഴികെ പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളിലും കൃഷിഭവൻെറ പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ എത്തുന്നില്ല. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവ യഥാസമയം ലഭിക്കാറില്ല. ഇതിനുപുറമെ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന തൈകൾക്ക് നാട്ടിലുള്ള വിലയേക്കാൾ കൂടുതൽ സർക്കാർ ഈടാക്കുന്നുമുണ്ട്.

ആധുനിക കൃഷി സമ്പ്രദായം, പുതിയ ഇനം വിത്തുകൾ എന്നിവയെകുറിച്ചുള്ള അജ്ഞതയും സർക്കാറിൻെറ

സാമ്പത്തിക സഹായത്തെ സംബന്ധിച്ചുള്ള അവ്യക്തതയും കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. ആധുനിക കാർഷികോപകരണങ്ങളുടെ ലഭ്യതക്കുറവും കൃഷിക്കാർക്കുള്ള ആനുകൂല്യങ്ങളുടെ പരിമിതിയും പാടശേഖരക്കമ്മിറ്റിയുടെ പ്രവർത്തനങ്ങളിലെ നിർജ്ജീവതയും കാർഷികരംഗത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രദേശത്തിൻെറ ഭൂപ്രകൃതിയുടെ ചില പ്രത്യേകതകൾ മണ്ണൊലിപ്പിന് കാരണമാകുന്നുണ്ട്.

പഞ്ചായത്തിൽ ഒരു വളം വിപണന കേന്ദ്രമില്ലാത്തത് കർഷകരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇപ്പോൾ കോട്ടക്കൽ, മലപ്പുറം എന്നിവിടങ്ങളിൽ നിന്നാണ് വളം കൊണ്ടുവരുന്നത്. രാസവളങ്ങളും മറ്റും കുറഞ്ഞ അളവിൽ ഇത്ര ദൂരത്തുനിന്നും കൊണ്ടുവരേണ്ടിവരുന്നത് കൃഷിച്ചെലവ് വർധിപ്പിക്കുന്നതിന് കാരണമാവുന്നു. മണ്ണ് പരിശോധനയുമൊന്നും നടത്താതെ, അശാസ്ത്രീയമായാണ് രാസവളങ്ങൾ ഉപയോഗിക്കുന്നത്. ജൈവവളങ്ങൾ വളരെ കുറഞ്ഞ അളവിൽ മാത്രമാണ്ഉപയോഗിക്കുന്നത്. ആവശ്യത്തിനു ജൈവവളം പ്രാദേശികമായി ലഭ്യമല്ലാത്തതിനാൽ തമിഴ്നാട്ടിൽ നിന്നും വരുന്ന കലർപ്പുള്ള കാലിവളവും മറ്റുമാണ് ഉപയോഗിക്കുന്നത്.

നെല്ല്, വാഴ, പച്ചക്കറി, കവുങ്ങ് മുതലായ കൃഷികൾക്ക് കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെങ്കിലും അവ ശാസ്ത്രീയമായ രീതിയിലല്ല.

കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി നൽകുന്നതിലുള്ള താമസം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പ്രശ്നമായിത്തീരുന്നുണ്ട്.

പഞ്ചായത്തിൻെറ വടക്കു-കിഴക്കു-പടിഞ്ഞാറ് ഭാഗങ്ങളിൽ കൂടി ഒഴുകുന്ന കടലുണ്ടിപുഴയിലും, പുത്തൂർ തോട്ടിലും വർഷകാലങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നതിനാൽ പുഴയുടെയും തോടിൻെറയും കരകളിടിഞ്ഞ് കൃഷിഭൂമി നഷ്ടമാവുകയും കൃഷിക്ക് നാശമുണ്ടാവുകയും ചെയ്യുന്നു. വെള്ളപ്പൊക്കം, കൊടുങ്കാറ്റ് മുതലായവ മൂലമുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് ഗവൺമെൻറിൽ നിന്നും മതിയായ നഷ്ടപരിഹാരം ലഭിക്കുന്നില്ല.

പഞ്ചായത്തിലെ മിക്ക പാടശേഖരങ്ങളിലും ട്രാക്ടർ, ട്രില്ലർ മുതലായവ എത്തിക്കുന്നതിനും വളങ്ങൾ എത്തിക്കുന്നതിനും മറ്റും ആവശ്യമായ റോഡ് സൗകര്യം വേണ്ടത്രയില്ല.

കന്നുകാലികളെ അനിയന്ത്രിതമായി അഴിച്ചുവിടുന്നതിനാൽ വേലി നിർമിക്കാതെ കൃഷിയിറക്കാൻ പറ്റാത്ത സ്ഥിതി വിശേഷമുള്ളതിനാൽ കൃഷി ചെലവ് വർധിക്കാനിടയാകുന്നു.

വെറ്റിലയുടെ ചീയൽരോഗം, കുരുമുളകിൻെറ ദ്രുതവാട്ടം, കവുങ്ങിൻെറ മഞ്ഞളിപ്പ് രോഗം, തെങ്ങിൻെറ കൂമ്പുചീയൽ രോഗം എന്നിവക്കുള്ള പ്രതിവിധികളെ കുറിച്ചുള്ള അറിവ് വേണ്ടത്രയില്ലാത്തതിനാലും, ആവശ്യമായ വിദഗ്ധോപദേശം യഥാസമയം ലഭിക്കാത്തതിനാലും കർഷകർ നിരവധി പ്രതിസന്ധികൾ നേരിടുന്നുണ്ട്.

വയലുകളിൽ നെല്ലിനുപകരം മറ്റ് വിളകൾ കൃഷി ചെയ്യുന്നത് നെല്ലുൽപാദനത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

മറ്റത്തൂർ ചാലിലിഫ്റ്റ് ഇരിഗേഷൻ പദ്ധതി ചാലിപാടത്തെ 200 ഏക്കർ നെൽപാടത്തിൽ പുഞ്ചകൃഷി ഉദ്ദേശിച്ച് നടപ്പിലാക്കിയതാണെങ്കിലും ഇന്ന് 10 ഏക്കർ പുഞ്ചകൃഷിപോലും നടത്താൻ കഴിയുന്നില്ല. 25 എച്ച്. പി. മോട്ടോർ രണ്ടെണ്ണമുണ്ടെങ്കിലും ഒരെണ്ണം കേടായാൽ പകരം പ്രവർത്തിപ്പിക്കാൻ മറ്റൊന്നില്ലാത്തിനാലും, ആവശ്യമുള്ള സമയത്ത് പുഴയിൽ വെള്ളം കുറവ് വരുന്നതിനാലും കൃഷിക്കാർക്ക് പുഞ്ചകൃഷിയും, വേനൽക്കാലത്ത് മറ്റുകൃഷികളും ചെയ്യാൻ കഴിയാതെ വരുന്നു.

തെങ്ങ്, കവുങ്ങ്, വാഴ എന്നീ കൃഷികൾക്ക് പുഴ തോട്, കുളം, കിണർ എന്നിവയിൽ നിന്ന് വെള്ളം പമ്പു ചെയ്താണ് ജലസേചനം നടത്തുന്നത്. കടലുണ്ടിപുഴയിൽ നിന്നും അനിയന്ത്രിതമായി മണൽ വാരുന്നതിനാലും വേനൽക്കാലത്ത് പുഴയിലും തോടിലും കിണറിലും മറ്റും വെള്ളം വറ്റുന്നതിനാലും കൃഷിക്ക് ആവശ്യമുള്ള സമയത്ത് ജലസേചനം നടത്താൻ പറ്റാതെ വരുന്നു.

ചാലിപാടത്തിൻെറ മൂന്നുവശങ്ങളും ഉയർന്ന പ്രദേശങ്ങളായതിനാൽ വർഷകാലങ്ങളിൽ വെള്ളം ഒഴുകിവന്ന് പാടത്ത് കെട്ടിനിൽക്കുന്നതിനാൽ സമയത്ത് കൃഷിയിറക്കാൻ കഴിയാതെ വരുന്നു. ഈ വെള്ളം കല്ലൻ ചിറ തോടുവഴി കടലുണ്ടി പുഴയിലേക്ക് ഒഴുക്കുകയായിരുന്നു മുമ്പ് ചെയ്തിരുന്നത്. ഈ തോട് വശങ്ങളിടിഞ്ഞ് തകർന്നതിനാൽ ഇതിനു കഴിയാതെ വരുന്നു.

പള്ളിപ്പുറം ചിറ, ചെറുകുന്ന് ചിറ എന്നിവക്ക് ഷട്ടറുകളില്ലാത്തതിനാൽ കൃഷിക്ക് ഉപയുക്തമല്ല. പള്ളിപ്പുറം ചിറക്ക് കിഴക്കുഭാഗത്ത് ബ്രാഞ്ച് കനാലില്ലാത്തിനാൽ ജലസേചനത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല.

ജലസേചനത്തിനായി ചെറുകുന്ന് അമ്പലപ്പടിയിൽ നാട്ടുകാർ താൽക്കാലിക ചിറ നിർമിച്ചാണ് കൃഷി നടത്തുന്നത്. എല്ലാവർഷവും ചിറ നിർമിക്കേണ്ടി വരുന്നതിനാൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ബാധ്യതയുണ്ടാകുന്നു.

## പരിഹാരമാർഗങ്ങൾ

കൃഷിഭവൻെറ സുഗമമായ പ്രവർത്തനത്തിന് ഗോഡൗൺ ഉൾപ്പെടെയുള്ള കെട്ടിടം നിർമിക്കുക.

ഓരോ വാർഡിലും ആളുകൾ കൂടുന്ന പ്രദേശങ്ങളിൽ പഞ്ചായത്തുവക കാർഷിക വാർത്താ ബോർഡുകൾ സ്ഥാപിക്കുക.

വാർഡു തലത്തിൽ കൃഷിക്കാർക്ക് മാസത്തിൽ ഒരു പ്രാവശ്യം ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

ആധുനിക കാർഷികോപകരണങ്ങളായ ട്രാക്ടർ, ട്രില്ലർ മുതലായവ ചുരുങ്ങിയ വാടകക്ക് കൃഷിക്കാർക്ക് നൽകുന്നതിനായി പഞ്ചായത്തു തലത്തിൽ ഒരു സൊസൈറ്റി രൂപീകരിക്കുക.

പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് കൃഷിഭവൻെറ മേൽ നോട്ടത്തിൽ ഒരു നേഴ്സറി സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക.

ഓരോ വീടിനോടനുബന്ധിച്ചും അടുക്കളത്തോട്ടം നിർമിക്കുന്നതിന് ആവശ്യമുള്ള വിത്തും വളവും സബ്സിഡി നിരക്കിൽ പഞ്ചായത്ത് തന്നെ വിതരണം ചെയ്യുകയും കൃഷിഭവൻ മുഖേന ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്യുക.

ചെരിവുള്ള കൃഷിഭൂമി തട്ടുകളായി തിരിച്ച് കൃഷിയയോഗ്യമാക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും വേണ്ട ചെലവിൻെറ 50% സർക്കാറിൽ നിന്നും കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ ചെയ്യുക.

ഒതുക്കുങ്ങലിൽ വളം ഡിപ്പോ ആരംഭിക്കുക.

മണ്ണ് പരിശോധനക്കായുള്ള മൊബൈൽ യൂണിറ്റ് വർഷത്തിൽ ഒരു തവണ നിശ്ചിത തീയ്യതിയിൽ വന്ന് മണ്ണ് പരിശോധനക്കുള്ള സാമ്പിൾ ശേഖരിക്കണം.

പുത്തൂർ പാടത്തേക്ക് ട്രാക്ടർ ഇറങ്ങുന്നതിന് പാറക്കോറി താഴത്തേക്കുണ്ട് റോഡ് പാടത്തേക്ക് നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുക. ആട്ടീരി എട്ടുന്തറ മുതൽ പാടത്തേക്കുള്ള ഇടവഴി റോഡാക്കുക.

മറ്റത്തൂർ അങ്ങാടിപ്പടിയിൽ നിന്ന് പാറങ്ങാടിയിലേക്ക് പാടത്തിൻെറ കിഴക്കുവശത്തുകൂടി റോഡ് നിർമിച്ചാൽ പ്രധാന കൃഷിസ്ഥലമായ ചാലിപ്പാടത്തേക്ക് ട്രാക്ടർ ഇറക്കുന്നതിനു സാധിക്കുമെന്നതിനാൽ അതിനുള്ള നടപടി സ്വീകരിക്കുക.

പുത്തൂർ ഉദരാണി ബാലവാടിക്കു മുൻവശത്തുള്ള റോഡ്, മുണ്ടോത്തുപറമ്പ് വിളക്കത്തിൽ റോഡ്, കൊളത്തുപറമ്പ് കുളത്തിൽ പടി റോഡ്, ചെറുകുന്ന് മേലേ കുളമ്പ് റോഡ് എന്നിവ പുത്തൂർ പാടത്തേക്ക് ബന്ധിപ്പിക്കുക.

ലിഫ്റ്റ് ഇറിഗേഷൻെറ തെക്കെ കനാൽ സ്ലാബ് ഇട്ടു മൂടി റോഡ് സൗകര്യം ഉണ്ടാക്കുക.

ചെറുകുന്ന് മേലേകുളമ്പിൽ പറയർ പടിക്കൽ തോടിന് ചിറകെട്ടുക.

മറ്റത്തൂർ ചാലിലിഫ്റ്റ് ഇറിഗേഷൻെറ കനാൽ പടിഞ്ഞാറ് ഭാഗത്തേയ്ക്ക് പുഴിക്കുന്നിലേക്ക് നീട്ടുക.

പാടശേഖരക്കമ്മിറ്റികളും കേരവികസന സമിതിയും അർഹതയുള്ളവരെ മാത്രം ഉൾപ്പെടുത്തി പുന:സംഘടിപ്പിക്കുക.

കീടനാശിനികളുടെയും രാസവളങ്ങളുടെയും സബ്സിഡി വർധിപ്പിക്കുകയും പ്രചരണത്തിനായി സൗജന്യമായി ജീവാണുവളം നൽകുകയും ചെയ്യുക.

25 എച്ച്. പി. യുടെ ഒരു പമ്പുസെറ്റുകൂടി മറ്റത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ സ്ഥാപിക്കുക.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ താഴെ കാദർ കയത്തിലും കൈപ്പറ്റ ചേക്കത്ത് കടവിലും ഓരോ ചെക്കുഡാം നിർമ്മിക്കുക.

കല്ലഞ്ചിറതോട് ആഴവും വീതിയും കൂട്ടുകയും കല്ലഞ്ചിറ, പണിക്കർകുണ്ട് എന്നിവിടങ്ങളിൽ ഓരോ സ്ഥിരം ചിറ നിർമിക്കുകയും ചെയ്യുക.

പള്ളിപ്പുറം ചിറ, ചെറുകുന്ന് ചിറ എന്നിവക്ക് ഷട്ടർ നിർമിക്കുക. പള്ളിപ്പുറം ചിറയുടെ ബ്രാഞ്ച് കനാൽ ആട്ടീരി ചിറവരെ നീട്ടുക. ചെറുകുന്ന് അമ്പലപ്പടിയിൽ ചിറ നിർമ്മിക്കുക.

പുത്തൂർ പെരുന്തട്ടിച്ചിറയിൽ നിന്നുള്ള ആണിച്ചാൽ 300 മീറ്റർ കൂടി നീട്ടുക.

പള്ളിപ്പുറം ചിറയോട് ചേർന്നുകിടക്കുന്ന താഴ്ന്നഭാഗങ്ങളിൽ തോടിന് ഭിത്തി കെട്ടി സംരക്ഷിക്കുക.

കാങ്കര കടവുമുതൽ തേർമണ്ണിൽ കടവ് വരെയും കാവും കുണ്ട് മുതൽ തേർമണ്ണിൽ കടവ് വരെയും ഭിത്തി കെട്ടുക. പുത്തൻ പീടിയൻ കടവ് മുതൽ പൊടുവണ്ണിക്കാവ് വരെയും മമ്മിപ്പാറ മുതൽ പച്ചിലേങ്ങൽ വരെയും ഭിത്തികെട്ടുക.

മൂലപറമ്പ് എരണിക്കയത്ത് തെങ്ങ്കൃഷിക്കും മറ്റ് കരകൃഷികൾക്കും ജലസേചനം നടത്തുന്നതിന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയിൽ 25 എച്ച് പിയുടെ പമ്പ്സെറ്റ് സ്ഥാപിക്കുക.

കൊടാട്ടുപടിയിലെ ജമാർ കുഴി ആഴം കൂട്ടി വശങ്ങൾ കെട്ടി ജലസേചനത്തിന് സൗകര്യം ചെയ്യുക.

മറ്റത്തൂർ മാമ്പ്രക്കുളം നെടുങ്കോട്ടുകുളം ചെറുകുന്ന് ചോല, കുണ്ടൻ ചോല അയ്യപ്പൻ ചോല എന്നിവ ആഴവും വീതിയും കൂട്ടി നന്നാക്കി ജലസേചന ത്തിന് സൗകര്യം ചെയ്യുക.

ചെരക്കാക്കുളം തോട് ആഴം കൂട്ടി റിപ്പയർ ചെയ്യുക.

പഞ്ചായത്തിലെ ചുരുക്കം ചില സ്ഥലങ്ങളിൽ നിലവിലുള്ള ദേശീയ നീർമറി പദ്ധതി പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിൽ കൂടി നടപ്പിലാക്കുക.

ചാലി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പടിഞ്ഞാറെ കനാൽ കാട്ടുപാടം വരെ നീട്ടുക.

അത്തിക്കോട് പാടത്തെ കനാലിൻെറ വശങ്ങൾ കെട്ടുക.

പഞ്ചായത്തിലെ ഭൂരിഭാഗം തെങ്ങ്കൃഷിക്കാരും 50 സെൻറിൽ താഴെ ഭൂമിയുള്ള വരായതുകൊണ്ട് 50 സെൻറ് കൃഷിഭൂമിയുള്ള കേരകർഷകർക്ക് മാത്രം നൽകുന്ന സബ്സിഡി സമ്പ്രദായം 25 സെൻറ് ഭൂമിവരെയുള്ള കർഷകർക്കും കിട്ടത്തക്കവിധത്തിൽ പുനർ നിർണയം ചെയ്യേണ്ടതാണ്.

# 4-2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

പശു, ആട്, എരുമ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. ആദ്യകാലങ്ങളിൽ വീടുകളുടെ പ്രതാപത്തിന്റെ ഭാഗമായിരുന്നു പശു. കന്നുകാലി വളർത്തൽ പിന്നീട് താല്പര്യമില്ലാത്ത ഒരു മേഖലയായി പരിണമിച്ചു. മിക്കവീട്ടിലും ഒരുജോടി ഉഴവുകാളകൾ ഉണ്ടായിരുന്ന കാലമുണ്ടായിരുന്നു. നെൽകൃഷി ക്രമാതീതമായി കുറഞ്ഞപ്പോൾ ഉഴവുകാളകളുടെ എണ്ണവും കുറഞ്ഞു. ഇപ്പോൾ 72 എണ്ണം ഉഴവുകാളകളേ പഞ്ചായത്തിലുള്ളു. ഗതാഗതത്തിന് കാളവണ്ടികൾ ഉപയോഗിക്കാതായതും കാളകളുടെ എണ്ണം കുറയാൻ കാരണമായി. മുമ്പ് മിക്ക വീടുകളിലും ഒന്നോരണ്ടോ പശുക്കളെ വീതം വളർത്തിയിരുന്നു. ഇപ്പോൾ പശു വളർത്തുന്ന വീടുകൾ വളരെകുറവാണ്. ഇപ്പോഴത്തെ ശരാശരി പ്രതിദിന പാലുല്പാദനം 1680 ലിറ്ററാണ്. ഉല്പാദിപ്പിക്കുന്ന പാൽ ശരിയായ രീതിയിൽ വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ അഭാവം, കാലിത്തീററയുടെ വില വർധനവ്, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത മുതലായവ കാലിവളർത്തലിൽ നിന്നും കൃഷിക്കാരെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളാണ്.

ഈ പ്രദേശത്തെ പ്രധാന വളർത്തു പക്ഷി കോഴിയാണ്. മുൻകാലങ്ങളിൽ ഓരോ വീട്ടിലും കോഴികളെ വളർത്തുകയും ആവശ്യത്തിലധികമുള്ള മുട്ട വിപണനം ചെയ്യുകയും പതിവായിരുന്നു. എന്നാലിന്ന് കോഴിമുട്ടയും ഇറച്ചിക്കോഴിയും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്.

പട്ടിക 1

വളർത്തുമൃഗസംഖ്യ

| | ഇനം | ആകെ |
|---|---|---|
| 1. | നാടൻകാള | 72 |
| 2. | നാടൻ പശു(കറവ ഉള്ളത്) | 198 |
| 3. | നാടൻ പശു(കറവ ഇല്ലാത്തത്) | 122 |
| 4. | സങ്കരയിനം പശു(കറവ ഉള്ളത്) | 650 |
| 5. | സങ്കരയിനം പശു(കറവ ഇല്ലാത്തത്) | 341 |
| 6. | എരുമ(കറവ ഉള്ളത്) | 39 |
| 7. | എരുമ (കറവ ഇല്ലാത്തത്) | 23 |
| 8. | പോത്ത് | 24 |
| 9. | ആട് | 1902 |
| 10. | പട്ടി | 199 |

പട്ടിക 2

വളർത്തുപക്ഷി സംഖ്യ

| | ഇനം | ആകെ |
|---|---|---|
| 1. | പൂവൻകോഴി | 620 |
| 2. | പിടക്കോഴി(മുട്ടയിടുന്നത്) | 3870 |
| 3. | പിടക്കോഴി(മുട്ടയിടാത്തത്) | 900 |
| 4. | താറാവ് (ആൺ) | 77 |
| 5. | താറാവ്(പെൺ) | 123 |

പഞ്ചായത്തിൽ മൃഗസംരക്ഷണരംഗത്ത് ആകെ ഒരു ഐ. സി. ഡി. പി സബ്സെൻറർ ആണുള്ളത്. ഈ സ്ഥാപനത്തിൽ നിന്ന് കാലികൾക്ക് വേണ്ട സൗകര്യം ലഭിക്കുന്നില്ല. പഞ്ചായത്തിലെ കാലികൾക്ക് രോഗം വന്നാൽ 7 കിലോമീറ്റർ ദൂരെയുള്ള കോട്ടക്കൽ, മലപ്പുറം തുടങ്ങിയ സ്ഥലങ്ങളിലെ മൃഗാശുപത്രികളിൽ എത്തിക്കേണ്ടതുണ്ട്.

പട്ടിക 3

രോഗവിവരങ്ങൾ

| | രോഗങ്ങൾ | പശു | എരുമ | ആട് |
|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 260 | 10 | 270 |
| 2. | ത്വക്രോഗങ്ങൾ | 280 | - | 109 |
| 3, | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 220 | - | 188 |
| 4. | വന്ധ്യത | 98 | - | - |
| 5. | അകിടുവീക്കം | 487 | - | 40 |
| 6. | മുടന്തൻ പനി | 240 | - | - |

## പരിഹാരസാധ്യതകൾ

ഒതുക്കുങ്ങൽ പഞ്ചായത്തിൽ എല്ലാ സൗകര്യങ്ങളോ ടുംകൂടിയ മൃഗാശുപത്രി നിർമ്മിക്കുക.

പഞ്ചായത്ത് തലത്തിൽ ക്ഷീരവികസനസമിതി രൂപീ കരിച്ച്, പാലും പാലുൽപ്പന്നങ്ങളും വിപണനം ചെയ്യുന്നതി നുള്ള സാധ്യതകൾ സൃഷ്ടിക്കുക.

മുട്ടക്കോഴി കുഞ്ഞുങ്ങളെ വളർത്തി വിതരണം ചെയ്യുന്നതിന് ഒരു ഹാച്ചറി നഴ്സറി പഞ്ചായത്തിൽ സ്ഥാ പിക്കുക.

പൗൾട്രി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള സഹാ യങ്ങൾ ചെയ്തുകൊടുക്കുക.

സങ്കരയിനം പശുക്കളെ വളർത്തുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുകയും കാലിത്തീററ സബ്സിഡിയായി നൽകുന്നതിനുള്ള സംവിധാനമുണ്ടാ ക്കുകയും ചെയ്യുക.

ഗോബർഗ്യാസ് പ്ലാൻറിനെ സംബന്ധിച്ചുള്ള ബോ ധവൽക്കരണം നടത്തുകയും ഗോബർഗ്യാസ് പ്ലാൻറ് നിർ മ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

ആവശ്യമുള്ള എല്ലാ വീട്ടുകാർക്കും സബ്സിഡി നിരക്കിൽ 5 മുട്ടക്കോഴി കുഞ്ഞുങ്ങൾ വീതം വിതരണം ചെയ്യുക.

ആവശ്യമുള്ള കർഷകർക്ക് മലബാറി, ജംനാപുരി തുടങ്ങിയ വർഗങ്ങളിൽപെട്ട ആട്ടിൻകുട്ടികളെയും സങ്കരയിനം പശുക്കളെയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. ഇതിന് സർക്കാർ തലത്തിൽ സംവി ധാനമേർപ്പെടുത്തുക.

തീറ്റപ്പുല്ല് കൃഷിക്കാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുക.

പഞ്ചായത്തിൽ പൊതു കറവ കേന്ദ്രങ്ങൾ സ്ഥാപിച്ച് ക്ഷീരോല്പാദനരംഗത്തെ സജീവമാക്കുക.

കാലിത്തീററ നിർമ്മാണത്തിനുള്ള സാധ്യതകൾ കണ്ടെത്തി പ്രോത്സാഹനം നൽകുകയും സർക്കാർ സഹായം ലഭ്യമാക്കുകയും ചെയ്യുക.

## മത്സ്യബന്ധനം

മത്സ്യബന്ധനത്തിൻെറ സാധ്യത വളരെ വിരളമായ പഞ്ചായത്താണ് ഒതുക്കുങ്ങൽ. കൊടവണ്ടൂർകുളം, അരി ച്ചോൾചിന, അത്തിക്കോട്ട്കുളം, എന്നിവിടങ്ങളിൽ മത്സ്യം വളർത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താ വുന്നതാണ്.

ശുദ്ധജല മത്സ്യകൃഷി പഞ്ചായത്തിൻെറ കാലാ വസ്ഥക്ക് യോജിക്കാത്തതിനാൽ ഈ രംഗത്ത് താല്പര്യം പ്രകടിപ്പിക്കാൻ കർഷകർ തയ്യാറാവുന്നില്ല.



# 4-3

# വിദ്യാഭ്യാസം

മലപ്പുറം ജില്ലയുടെ ഏകദേശം മദ്ധ്യഭാഗത്തും കടലുണ്ടിപ്പുഴയുടെ തെക്കുകിഴക്കുഭാഗത്തും ആയി 1727. 54 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന കുന്നുകളും താഴ്‌വരകളും നിറഞ്ഞ ഒരു ഗ്രാമപ്രദേശമാണ് ഒതുക്കുങ്ങൽ പഞ്ചായത്ത്. മൊത്തം ജനസംഖ്യയിൽ 85% മുസ്‌ലിംങ്ങളും 7% പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളും ബാക്കി വിവിധ മതസ്ഥരും ഉൾപ്പെടുന്നു.

| പട്ടിക 1 | | |
|---|---|---|
| | എണ്ണം | ശതമാനം |
| പുരുഷന്മാർ | 16614 | 47.19 |
| സ്ത്രീകൾ | 18646 | 52.88 |
| ആകെ | 35260 | |

ക്രമമായ സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി സാക്ഷരതാശതമാനം 89% ആയി ഉയർത്തുവാൻ സാധിച്ചുവെങ്കിലും തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ പോരായ്മമൂലം നവസാക്ഷരർ ക്രമേണ നിരക്ഷരരായിക്കൊണ്ടിരിക്കുന്നു.

പ്രാഥമിക വിദ്യാഭ്യാസരംഗത്ത് ഏറെക്കുറെ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്നും പിന്നിൽ തന്നെയാണ് ഈ പഞ്ചായത്ത്. ജി. എം. എൽ.പി. സ്കൂൾ മറ്റത്തൂർ (ഒതുക്കുങ്ങൽ) ആണ് നമ്മുടെ പഞ്ചായത്തിലെ പ്രഥമ വിദ്യാലയം. അതിനുശേഷം എ. എം. എൽ. പി. സ്കൂൾ മറ്റത്തൂർ നോർത്ത് നിലവിൽ വന്നു. 1968-ൽ മാത്രമാണ് ഒരു ഹൈസ്കൂൾ (ഗവ: ഹൈസ്കൂൾ ഒതുക്കുങ്ങൽ) സ്ഥാപിതമായത്. ഈ സ്കൂളിനുവേണ്ടി സ്ഥലം സംഭാവന ചെയ്ത പരിതേനായ കരുണിയൻ മുഹമ്മദ് ഹാജിയേയും അദ്ദേഹത്തിന് മാർഗ്ഗനിർദ്ദേശം നൽകിയ മർഹും എം. കെ. ഹാജിയേയും ഈ അവസരത്തിൽ സ്മരിക്കുന്നു.

ഇപ്പോൾ ഈ പഞ്ചായത്തിൽ എട്ട് എൽ. പി. സ്കൂളുകളും രണ്ട് യു. പി. സ്കൂളുകളും ഒരു ഹൈസ്കൂളുമാണുള്ളത്. 11 വിദ്യാലയങ്ങളിലുമായി 6482 വിദ്യാർത്ഥികൾ പഠിക്കുന്നു. അധ്യാപകരായി 194 പേർ സേവനമനുഷ്ഠിക്കുന്നു. (പട്ടിക II (1) കാണുക) 12ാം വാർഡിൽ താല്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവ: വനിതാ പോളിടെക്നിക്ക് പഞ്ചായത്തിലെ ഏകസാങ്കേതിക വിദ്യാഭ്യാസ സ്ഥപനമാണ്. അൺ എയ്ഡഡ് സ്ഥാപനങ്ങളായി മൂന്ന് എൽ. പി. സ്കൂളുകളും 3 നഴ്സറികളും ഒരു പാരലൽ കോളേജുമുണ്ട്. ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും രണ്ടു തയ്യൽ പരിശീലനകേന്ദ്രവുമൊഴികെ മറ്റു തൊഴിൽ പരിശീലനകേന്ദ്രങ്ങളൊന്നും പഞ്ചായത്തിലില്ല. രക്ഷിതാക്കളുടെ ഉൾക്കാഴ്ചയില്ലായ്മയും മറ്റു സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളും വിദ്യാർത്ഥികളുടെ പഠനം ഇടക്കുവെച്ച് നിർത്താൻ പ്രേരിപ്പിക്കുന്നു.

**പട്ടിക രണ്ടിൽ ഒന്ന്**

| | | | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| Sl. No | സ്കൂളിന്റെ പേര് | ഗവ:/ എയ്ഡഡ് | ആൺ | പെൺ | ആകെ | പുരു | സ്ത്രീ | ആകെ |
| 1. | ജി. എച്ച്. എസ്. ഒതുക്കങ്ങൽ | ഗവ: | 769 | 794 | 1563 | 22 | 33 | 55 |
| 2. | ടി.എസ്.എ.എം. മറ്റത്തൂർ എൽ. പി. | എയ്ഡഡ് | 187 | 216 | 979 | 15 | 17 | 32 |
| | യു. പി. | | 278 | 298 | | | | |
| 3. | എ. എം. യു. പി. ആട്ടീരി എൽ. പി. | എയ്ഡഡ് | 370 | 327 | 1368 | 10 | 23 | 33 |
| | യു.പി. | | 331 | 340 | | | | |
| 4. | ജി. എം. എൽ. പി. എസ്. മറ്റത്തൂർ | ഗവ: | 259 | 234 | 493 | 6 | 4 | 10 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | (ഒതുക്കുങ്ങൽ) | | | | | | | |
| 5. | ജി. എം. എൽ. പി. എസ്. പുത്തൂർ | ഗവ: | 227 | 200 | 427 | 7 | 5 | 12 |
| 6. | ജി. എം. എൽ. പി. എസ്. ചെറുകുന്ന് | ഗവ: | 133 | 98 | 231 | 2 | 3 | 5 |
| 7. | ബി. പി. എ. എൽ. പി. എസ്. ചെറുകുന്ന് | എയ്ഡഡ് | 86 | 96 | 182 | 3 | 3 | 6 |
| 8. | എ. എം. എൽ. പി. എസ്. മുണ്ടോത്തുപറമ്പ് | എയ്ഡഡ് | 154 | 163 | 317 | 4 | 6 | 10 |
| 9. | എ. എം. എൽ. പി. എസ്. പടിഞ്ഞാറേക്കര | എയ്ഡഡ് | 145 | 183 | 362 | 3 | 8 | 11 |
| 10. | എ. എം. എൽ. പി. എസ്. കൈപ്പറ്റ | എയ്ഡഡ് | 179 | 150 | 295 | 3 | 7 | 10 |
| 11 | എ. എം. എൽ. പി. എസ് മറ്റത്തൂർ നോർത്ത് | എയ്ഡഡ് | 139 | 126 | 265 | 4 | 6 | 10 |
| | ആകെ | | 3257 | 3225 | 6482 | 79 | 115 | 194 |

പട്ടിക II (2)

പഠനം നിർത്തിയ വിദ്യാർത്ഥികളുടെ കണക്ക്

| പട്ടികജാതി/പട്ടികവർഗം | | | മറ്റുള്ളവർ | | | |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ശതമാനം |
| ഇല്ല | ഇല്ല | ഇല്ല | 84 | 56 | 140 | 2 |

പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 68 പേർ എൽ. പി. സ്കൂളുകളിലും 70 പേർ ഹൈസ്കൂളുകളിലുമായി പഠിക്കുന്നു. (പട്ടിക II (3))

| പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ | | | | | | | | |
|---|---|---|---|---|---|---|---|---|
| എൽ. പി. സ്കൂൾ | | | യു. പി. സ്കൂൾ | | | ഹൈസ്കൂൾ | | |
| ആകെ | SC/ST | ശതമാനം | ആകെ | SC/ST | ശതമാനം | ആകെ | SC/ST | ശതമാനം |
| 3672 | 68 | 1.8 | 1247 | 60 | 4.8 | 1563 | 70 | 4.5 |

ആകെയുള്ള 11 വിദ്യാലയങ്ങളിൽ 7 എണ്ണം സ്വകാര്യമേഖലയിലും ബാക്കി സർക്കാർ മേഖലയിലുമാണുള്ളത്. അധ്യാപകരിൽ 57.8% പേർ എയ്ഡഡ് സ്കൂളുകളിലും 42.2% പേർ സർക്കാർ സ്കൂളുകളിലുമാണ് സേവനമനുഷ്ഠിക്കുന്നത്. ഗവ/എയ്ഡഡ് സ്ക്കൂൾ വിദ്യാർത്ഥികളിൽ 42.2% പേർ സർക്കാർ സ്കൂളുകളിലും ബാക്കി എയ്ഡഡ് സ്ക്കൂളുകളിലും പഠിക്കുന്നു. പട്ടിക III (1)

പട്ടിക III (1)

| | അദ്ധ്യാപകർ | | | | വിദ്യാർത്ഥികൾ | | | |
|---|---|---|---|---|---|---|---|---|
| | ഗവ: സ്ക്കൂൾ | | എയ്ഡഡ് സ്ക്കൂൾ | | ഗവ: സ്ക്കൂൾ | | എയ്ഡഡ്സ്ക്കൂൾ | |
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| H. S. | 55 | 28.3 | - | - | 1563 | 24.1 | - | - |
| U. P. S. | | | 65 | 33.5 | | | 1247 | 19.2 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| L. P. S. | 27 | 13.9 | 47 | 24.2 | 1151 | 17.7 | 2521 | 38.9 |
| ആകെ | 82 | 42.2 | 112 | 57.8 | 2714 | 41.9 | 3768 | 58.1 |

ആകെ അദ്ധ്യാപകർ 194

ആകെ വിദ്യാർത്ഥികൾ 6482

എൽ പി. വിഭാഗത്തിൽ ആൺകുട്ടികളാണ് കൂടുതൽ. എന്നാൽ യു. പി. വിഭാഗത്തിൽ പെൺകുട്ടികളാണ് കൂടുതൽ

പട്ടിക III (2)

പട്ടിക III (2)

**എൽ. പി, യു. പി, എച്ച്. എസ്. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ**

| എൽ. പി. എസ്. | | | യു. പി. എസ്. | | | എച്ച്. എസ്. | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1879 | 1793 | 3672 | 609 | 638 | 1247 | 769 | 794 | 1563 |

സമ്പന്ന വർഗ്ഗത്തിൽ നിന്നുംസാധാരണക്കാരിലേക്ക് ഇംഗ്ലീഷ് മാധ്യമപഠനം ഒരു ജ്വരമായി പകർന്നുകൊണ്ടിരിക്കുന്നു. നിലവിലുള്ള മലയാളം മീഡിയം സ്കൂളുകളുടെ ശോച്യാവസ്ഥയാണ് ഇതിന് കാരണമായത് എന്നു കരുതപ്പെടുന്നു. പഞ്ചായത്തിലെ 150 ഓളം വിദ്യാർത്ഥികൾ കോട്ടക്കൽ മലപ്പുറം പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിക്കുന്നു. നിലവിലുള്ള ഏക സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ വനിതാ പോളിടെക്നിക് കെട്ടിടത്തിന്റെ അഭാവം മൂലം ഈ പഞ്ചായത്തിൽ നിന്നും മാറ്റപ്പെടുമോ എന്ന ആശങ്കയിലാണ്.

മലപ്പുറം ഗവ. കോളജ് പി. എസ്. എം. ഒ. കോളജ് തിരൂരങ്ങാടി എം. ഇ. എസ്. കോളജ് വളാഞ്ചേരി തിരൂർ ഗവ. കോളജ് തുടങ്ങിയ വിദൂര വിദ്യാഭ്യാസസ്ഥാപനങ്ങളെയാണ് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിഇവിടുത്തെ കുട്ടികൾ ആശ്രയിക്കുന്നത്. കോട്ടക്കൽ ഒരു കോളജ് സ്ഥാപിതമായാൽ ഉന്നത വിദ്യാഭ്യാസത്തിന് ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഒരു അനുഗ്രഹമായിരിക്കും. വിദൂരസ്ഥാപനങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികളുടെ കണക്ക് പട്ടിക IV ൽ കൊടുത്തിരിക്കുന്നു.

പട്ടിക IV

**ഉന്നത വിദ്യാഭ്യാസത്തിന് വിദൂരസ്ഥാപനങ്ങളിൽ പോകുന്ന കുട്ടികൾ**

| കോഴ്സ് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| പ്രീ.ഡിഗ്രി / പ്ലസ്ടു | 146 |
| ഡിഗ്രി കോഴ്സ് | 32 |
| ഐ. ടി. ഐ/ഐ. ടി. സി. | 18 |
| ബി. എഡ് | 14 |
| പോളിടെക്നിക് | 6 |
| കമ്പ്യൂട്ടർ പഠനം | 27 |
| മെഡിസിൻ | 4 |
| എഞ്ചിനിയിംഗ് | 6 |
| മറ്റുള്ളവ | 56 |

കമ്പ്യൂട്ടർ പരിശീലനകേന്ദ്രങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല. ഗൾഫുനാടുകളിലും മറ്റും തൊഴിൽ തേടുന്നവർ ടൈപ്പ്റൈറ്റിംഗ്, കമ്പ്യൂട്ടർ പഠനം തുടങ്ങിയവ പഠിക്കുന്നതിനുവേണ്ടി അകലെ പോകേണ്ടിവരുന്നു. ഇതിന് പരിഹാരമായി വാർഡുകൾ തോറും തൊഴിൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ എസ്. എസ്. എൽ. സി. വിജയശതമാനം വളരെ ദയനീയമാണ്. സ്ക്കൂൾ അധ്യയനാരംഭത്തിൽ അധ്യാപകരെ നിയമിക്കാത്തതും, യഥാസമയം പാഠപുസ്തകം വിതരണം ചെയ്യാത്തതും, ആവശ്യമായ ഫർണീച്ചറുകളുടെ അഭാവവും പി. ടി എ. കാര്യക്ഷമമായി പ്രവർത്തിക്കാത്തതും പഠന നിലവാരം താഴാൻ ഇടയാക്കിയിട്ടുണ്ട്.

35000-ത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തിൽ 18 അംഗനവാടികൾ മാത്രമാണുള്ളത്. ഇതിൽ രണ്ടെണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. (വാർഡ് 3, 4) സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടങ്ങളില്ലാത്തവയുമായി 2 അംഗനവാടികളും (വാർഡ് 2, 6) നിലവിലുണ്ട്. ഇവയ്ക്കെല്ലാം ആവശ്യമായ സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതുണ്ട്. ജനസംഖ്യാനുപാതികമായി ഇനിയും 20-ൽ അധികം അംഗനവാടികൾ അനുവദിച്ചാലേ പഞ്ചായത്തിലെ എല്ലാ അമ്മമാരുടെയും കുട്ടികളുടെയും സാംസ്ക്കാരികവും സാമൂഹികവുമായ നിലവാരം മെച്ചപ്പെടുത്താനാവൂ. മുസ്ലീം വിദ്യാർത്ഥികളിൽ ധാർമികബോധം വളർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന 10 മദ്രസ്സകൾ പഞ്ചായത്തിലുണ്ട്. രാവിലെയും വൈകുന്നേരവുമാണ് മദ്രസ്സകൾ പ്രവർത്തിക്കുന്നത്. വൈകുന്നേരങ്ങളിലെ മദ്രസ്സപഠനം വിദ്യാർത്ഥികളുടെ സ്ക്കൂൾ പഠനത്തെ ബാധിക്കുന്നുണ്ടെന്ന പരാതിയുണ്ട്.

ഇവിടത്തെ വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. മൊത്തം അദ്ധ്യാപകരിൽ 70% മററു ജില്ലക്കാരാണ്. അഭ്യസ്ത വിദ്യരായ തദ്ദേശീയർ തൊഴിൽ രഹിതരായി ഇവിടെ ഉണ്ടായിട്ടും സാമ്പത്തികലാഭം മുന്നിൽ കണ്ടുകൊണ്ടുള്ള അദ്ധ്യാപക നിയമനമാണ് മിക്ക സ്കൂളുകളിലും നടക്കുന്നത്.

ഗവ. ഹൈസ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായ സൗകര്യങ്ങളില്ല. ഇത് ഷിഫ്ടു സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. താൽക്കാലിക ഷെഡ്ഡുകളിലാണ് മിക്ക ക്ലാസുകളും നടക്കുന്നത്. ഹൈസ്കൂളിനു ആവശ്യമായ കെട്ടിടം നിർമിച്ചില്ലെങ്കിൽ പഠന നിലവാരം ഉയർത്തുക എന്ന ലക്ഷ്യം നേടാൻ കഴിയുകയില്ല. ഈ സ്കൂളിനോടനുബന്ധിച്ച് ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി തുടങ്ങുന്നത് ഏറെ അഭികാമ്യമാണ്.

പഞ്ചായത്ത് ആസ്ഥാനമായ ഒതുക്കുങ്ങലിൽ ഒരു യു. പി. സ്കൂൾ അനുവദിക്കണമെന്ന നാട്ടുകാരുടെ നിരന്തരമായ അഭ്യർത്ഥന ഇതുവരെ ബന്ധപ്പെട്ടവർ പരിഗണിച്ചിട്ടില്ല. പഞ്ചായത്തിലുള്ള 8 എൽ. പി. സ്കൂളുകളിൽ നിന്ന് എത്തുന്ന കുട്ടികൾക്ക് പഞ്ചായത്തിന്റെ രണ്ടറ്റത്തായി സ്ഥിതി ചെയ്യുന്ന ടി. എസ്. എ. എം. യു. പി. എസ്. മറ്റത്തൂരിനെയും എ. എം. യു.പി. സ്ക്കൂൾ ആട്ടീരിയെയും ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. ജി. എം. എൽ. പി. എസ്. മറ്റത്തൂർ (ഒതുക്കുങ്ങൽ) അപ്ഗ്രേഡ് ചെയ്യുന്നത് ഒരു പരിധിവരെ ഈ പ്രശ്നത്തെ പരിഹരിക്കും.

പഞ്ചായത്തിൽ ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശമായ മുലപ്പറമ്പിലെ വിദ്യാർത്ഥികൾ പ്രാഥമിക വിദ്യാഭ്യാസത്തിനായി മഴക്കാലത്ത് വളരെ പ്രയാസപ്പെട്ട് പുഴകടന്നാണ് സ്കൂളുകളിൽ പോകുന്നത്. ഇവിടെ അടിയന്തിരമായി ഒരു എൽ. പി. സ്കൂൾ നിർമിക്കേണ്ടതാവശ്യമാണ്.


ഇനിയും ക്ലാസുമുറികളാവശ്യമുള്ള 7 സ്കൂളുകൾ ഇവിടെയുണ്ട്. ഇതിൽ രണ്ടുസ്കൂളുകൾ കെട്ടിടം നിർമ്മിക്കാനാവശ്യമായ ഭൂമി ഉള്ളവയാണ്. നിലവിലുള്ള 11 സ്കൂളുകളിൽ 4 എണ്ണത്തിന് മൂത്രപ്പുരയും 5 എണ്ണത്തിന് കക്കൂസും ഇല്ല. കുടിവെള്ളം ലഭ്യമല്ലാത്ത 6 സ്കൂളുകളും വൈദ്യുതീകരിക്കാത്ത 7 സ്കൂളുകളും പഞ്ചായത്തിലുണ്ട്. ഒരു സ്ക്കൂളിൽപോലും മതിയായ ഫർണീച്ചറുകൾ ഇല്ല എന്നുള്ളത് ശ്രദ്ധേയമാണ്.

ഏതൊരു വിദ്യാലയത്തിന്റെയും പഠനനിലവാരത്തെ ബാധിക്കുന്ന മർമ്മ പ്രധാനമായ ആവശ്യമാണ് അക്കാദമിക് സൗകര്യങ്ങൾ. പഠനം മനസ്സിന് കുളിർമയേകുന്ന ഒരു അനുഭവമാകണമെങ്കിൽ പഠനോപകരണങ്ങൾ, ലബോറട്ടറി, ലൈബ്രറി, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുതലായവ വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടുത്തിയേ തീരൂ. പട്ടിക VI പരിശോധിച്ചാൽ വളരെ പരിതാപകരമായ ദൃശ്യമാണ് തെളിയുന്നത്. ലബോറട്ടറികളില്ലാത്ത 8 സ്ക്കൂളുകളും, ലൈബ്രറിയില്ലാത്ത മൂന്നും ശ്രാവ്യമാധ്യമങ്ങളില്ലാത്ത മൂന്നും സ്കൂളുകളുണ്ട്. ദൃശ്യമാധ്യമം ഒരു സ്കൂളിലും ഇല്ല. ബ്ലാക് ബോർഡുകളുടെ അപര്യാപ്തത എല്ലാ സ്ക്കൂളുകളിലുമുണ്ട്. ഹൈസ്ക്കൂളിൽ 7 ബോർഡും യു. പി. എൽ സി ൽ 50 ബോർഡും , എൽ. പി. എസി -ൽ 65 ബോർഡും കുറവുള്ളതായികാണുന്നു.

1995-96 വർഷത്തിൽ സമരം മൂലം അധ്യയന ദിവസങ്ങൾ ഒന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല. 214 അധ്യയന

ദിവസങ്ങൾ ഹൈസ്ക്കൂളിൽ [redacted]പ്പാൾ എല്ലാ യു. പി, എൽ. പി. സ്കൂളുകളിലും മുസ്‌ലിം വിദ്യാഭ്യാസ കലണ്ടർ പ്രകാരം അവധി നൽകുന്നതിനാൽ 184 അധ്യയന ദിവസങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഷിഫ്ടു സമ്പ്രദായം ഹൈസ്ക്കൂളിൽ നിലവിലുള്ളതുകൊണ്ടാണ് അധ്യയന ദിവസങ്ങൾ കൂടുതൽ ലഭിച്ചത്.

കഴിഞ്ഞ 4 അധ്യയന വർഷങ്ങളിലെ വിജയശതമാനം കാണിക്കുന്ന ചിത്രം




ഒതുക്കുങ്ങൽ ജി. എ.്. എസ് - ലെ 95-96 വർഷത്തെ വിജയശതമാനം 7.6 മാത്രമാണ്. സംസ്ഥാന ശരാശരി 50 ശതമാനത്തോളമാണെന്ന് ഓർക്കുമ്പോഴാണ് നമ്മുടെ സ്ക്കൂളിൻെറ പരിതാപകരമായ അവസ്ഥ മനസ്സിലാകുന്നത്.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

1. വർഷാരംഭത്തിൽത്തന്നെ അധ്യാപക നിയമനം പൂർത്തിയാക്കുകയും എല്ലാ കുട്ടികൾക്കും കൃത്യസമയത്ത് പാഠപുസ്തകങ്ങൾ ലഭ്യമാക്കുകയും, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സന്നദ്ധ സംഘടനകളുടേയും മറ്റും സഹായത്തോടെ സൗജന്യമായി പുസ്തകം വിതരണം ചെയ്യുകയും വേണം.
2. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലയിരുത്താൻ ഒരു സമിതി രൂപീകരിക്കുക.
3. ആൾപ്രൊമോഷൻ സമ്പ്രദായം നിർത്തിലാക്കുകയും 7ാം ക്ലാസിൽ പൊതുപരീക്ഷ ഏർപ്പെടുത്തുകയും ചെയ്യുക സിലബസ് കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ ലഘൂകരിക്കുകയും നിത്യജീവിതവുമായിബന്ധപ്പെടുത്തി പരിഷ്കരിക്കുകയും ചെയ്യുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും മുൻഗണന കൊടുക്കണം.
4. അധ്യാപകരെ ഉപയോഗിച്ച് വിവിധ കണക്കെടുപ്പുകൾ നടത്തുന്ന നിലവിലുള്ള രീതിക്കു പകരം വിദ്യാസമ്പന്നരായ തൊഴിൽ രഹിതരെ നിയോഗിക്കേണ്ടതാണ്.
5. അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുകയും അധ്യാപകർക്കായി നിശ്ചിതസമയങ്ങളിൽ റിഫ്രഷർ കോഴ്സകൾ നടത്തി ആധുനിക രീതിയിലുള്ള ബോധനം സാധ്യമാക്കുകയും ചെയ്യുക.
6. വിദ്യാലയങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ അവ സ്ഥാപിക്കുക. എല്ലാ വിദ്യാലയങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
7. മാതൃസംഗമം, പി. ടി. എ എന്നിവ സജീവമാക്കുക. രക്ഷിതാക്കളിൽ വിദ്യാഭ്യാസവബോധം സൃഷ്ടിക്കുക.

സാമ്പത്തികനില ഭദ്രമാക്കാനുള്ള ബദ്ധപ്പാടിൽ എസ്. എസ്. എൽ. സി പഠനം കഴിഞ്ഞ വളരെയധികം യുവാക്കൾ ഗൾഫ് നാടുകളിലേക്ക് ചേക്കേറുന്ന സ്ഥിതിയാണുള്ളത്. ഉയർന്ന ശമ്പളവും, വീട്ടിലെ പ്രാരാബ്ധങ്ങളും ഇതിനു കാരണമാകുന്നു. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ മൂലവും ധാരാളം മാനവശേഷി നമുക്ക് വിദേശ രാജ്യങ്ങൾക്ക് നൽകേണ്ടിവരുന്നു.

അവാർഡുകൾ, സ്ക്കോളർഷിപ്പുകൾ, മറ്റു പ്രോത്സാഹന സമ്മാനങ്ങൾ എന്നിവ വിദ്യാർത്ഥികളെ പഠനോത്സുകരാക്കുന്നു. വിദ്യാർത്ഥികളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകൾ കണ്ടെത്താൻ പദ്ധതികൾ ആസുത്രണം ചെയ്യേണ്ടതുണ്ട്. നിർജീവമായ സ്ക്കൂൾ കോംപ്ലക്സുകൾ പുനരുജ്ജീവിപ്പിച്ചാൽ വിദ്യാലയങ്ങൾ തമ്മിൽ പരസ്പരധാരണയോടെ പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കാവുന്നതാണ്. വിദ്യാഭ്യാസരംഗത്ത് ഇന്നുള്ള പിടിപ്പുകേടുകൾ ഒഴിവാക്കാൻ മാനേജുമെൻറും പി. ടി. എ കളും ബഹുജന സംഘടനകളും പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടതാണ്. ആത്മാർത്ഥതയോടെ ഒറ്റക്കെട്ടായി മുന്നേറിയാൽ ഒരുന്നത വിദ്യാഭ്യാസ സംസ്കാരം വളർത്തിയെടുക്കാൻ നമുക്ക് സാധിക്കും.

ഗ്രാമസഭാ റിപ്പോർട്ടുകളെ അവലംബിച്ച് പുതിയ വിദ്യാലയങ്ങളുടെ ആവശ്യകത താഴെ കൊടുത്തിരിക്കുന്നു.

1. ജി. എം. എൽ. പി. എസ്. മറ്റത്തൂർ (ഒതുക്കങ്ങൽ) യു. പി. ആയി അപ്ഗ്രേഡ് ചെയ്യുക.
2. കൂടാതെ ജി. എം. എൽ. പി. എസ്. പുത്തൂർ, എ. എം. എൽ. പി. എസ്. പടിഞ്ഞാറെക്കര ബി. പി. എ. എൽ. പി. എസ്.ചെറുകുന്ന് എം. എം. എൽ. പി. എസ്.

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകൾ | കെട്ടിടങ്ങളുടെ എണ്ണം: സ്ഥിരം | കെട്ടിടങ്ങളുടെ എണ്ണം: അർദ്ധ സ്ഥിരം | കെട്ടിടങ്ങളുടെ എണ്ണം: താൽക്കാലികം | മുറികളുടെ എണ്ണം: സ്ഥിരം | മുറികളുടെ എണ്ണം: അർദ്ധ സ്ഥിരം | മുറികളുടെ എണ്ണം: താൽക്കാലികം | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരേസമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ള എണ്ണം | നിലവിലുള്ള കക്കൂസ് | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകും /ഇല്ല | ഇനി ആവശ്യമായ എണ്ണം: ഡസ്ക് | ഇനി ആവശ്യമായ എണ്ണം: ബഞ്ച് | ഇനി ആവശ്യമായ എണ്ണം: മേശ | ഇനി ആവശ്യമായ എണ്ണം: കസേര | ഇനി ആവശ്യമായ എണ്ണം: ഓഫീസ് ഫർണീച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| ജി. എച്ച്. എസ്. ഒതുക്കുങ്ങൽ | 36 | 1 | 2 | 3 | 8 | 7 | 3 | ഉണ്ട് | ഉണ്ട് | 2 | 10 | 10 | 2 | - | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 180 | 180 | 16 | 30 | 5 |
| ടി. എസ്. എ. എം. യു. പി. എസ്. മറ്റത്തൂർ | 25 | 5 | - | - | 27 | - | - | 2 | ഉണ്ട് | 3 | 1 | 2 | 2 | - | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 25 | 5 | 5 | 2 |
| എ. എം. യു. പി. എസ് ആട്ടീരി | 24 | 6 | - | - | 26 | - | - | 7 | ഉ . | 4 | 25 | 3 | 2 | - | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 10 | 25 | 5 | 5 | - |
| ജി. എം. എൽ. പി. സ്കൂൾ മറ്റത്തൂർ (ഒതുക്കുങ്ങൽ) | 8 | 4 | - | - | 13 | - | - | 1 | ഉണ്ട് | 1 | 8 | 4 | 1 | - | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 35 | 2 | 3 | 2 | 2 |
| ജി.എം.എൽ.പി. എസ്. പുത്തൂർ | 11 | 2 | 2 | - | 11 | - | - | - | ഇല്ല | 3 | 15 | ഇല്ല | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 25 | 5 | 5 | - |
| ജി. എം. എൽ. പി. എസ്. ചെറുകുന്ന് | 6 | 2 | - | - | 6 | - | - | 2 | ഇല്ല | ഇല്ല | - | - | - | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 36 | 36 | 6 | 6 | - |
| ബി. പി. എ. എൽ. പി. എസ്. ചെറുകുന്ന് | 5 | 2 | - | - | 5 | - | - | - | ഇല്ല | ഇല്ല | 5 | 1 | ഇല്ല | - | ഇല്ല | ഇല്ല | ഉണ്ട് | 1 | ഇല്ല | 20 | 20 | 1 | 1 | - |
| എ. എം. എൽ. പി. എസ്. മുണ്ടോത്തുപറമ്പ് | 8 | 3 | 1 | - | 9 | 1 | - | 2 | ഉണ്ട് | 2 | 5 | 2 | - | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 25 | 10 | 6 | 5 | - |
| എ.എം.എൽ.പി. എസ് പടിഞ്ഞാറെക്കര | 9 | 4 | - | - | 10 | - | - | 2 | ഉണ്ട് | - | - | 5 | - | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 24 | 15 | 5 | 5 | - |
| എ. എം. എൽ. പി. എസ്. കൈപ്പറ്റ | 8 | 1 | 1 | - | 10 | - | - | ഇല്ല | ഇല്ല | ഇല്ല | - | 3 | - | - | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 25 | - | 5 | - |
| എ.എം. എൽ. പി. എസ്. മറ്റത്തൂർ നോർത്ത് | 8 | 1 | 1 | - | 8 | - | - | ഉണ്ട് | ഉണ്ട് | ഉണ്ട് | 10 | 2 | 1 | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 10 | 2 | 4 | 1 |

## പട്ടിക 6

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല | ലാബ് ഉണ്ട്/ഇല്ല | പഠനോപകരണങ്ങൾ ഉണ്ട്/ഇല്ല | അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത | | | | | | | | | | 95-96 ൽ അദ്ധ്യയന ദിവസം | സമരങ്ങൾ മുഖേനെ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ | പ്രത്യേക അവധിയിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ | മാതൃസംഗമം സജീവം/ സജീവമല്ല | ക്ലാസ് റൂം പി. ടി. എ കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി. വി. | വി. സി. ആർ./വി. സി. പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ്പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളവർ | നിലവിലുള്ളത്. | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 1. ജി.എച്ച്.എസ്. ഒതുക്കുങ്ങൽ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 25 | 18 | 214 | - | 12 | സജീവം | ഉണ്ട് |
| 2. ടി.എസ്.എ. എം. യു.പി. എസ് മറ്റത്തൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 25 | 25 | 184 | - | 16 | സജീവം | ഇല്ല |
| 3. എ. എം. യു. പി. എസ്. ആട്ടീരി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 25 | 25 | 184 | - | 16 | സജീവം | ഇല്ല |
| 4. ജി.എം.എൽ. പി. എസ്. മറ്റത്തൂർ (ഒതുക്കുങ്ങൽ) | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12 | 12 | 184 | - | 16 | സജീവം | - |
| 5. ജി.എം.എൽ. പി. എസ്. പുത്തൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 11 | 184 | - | 16 | സജീവം | - |
| 6.ബി.പി.എ.എൽ.പി.എസ് ചെറുകുന്ന് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 | 183 | - | 16 | സജീവം | |
| 7. എ.എം. എൽ.പി.എസ്. മുണ്ടോത്തുപറമ്പ് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 5 | 184 | - | 16 | സജീവം | - |
| 8. എ.എം.എൽ.പി. എസ്. പടിഞ്ഞാറേക്കര | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9 | 5 | 184 | - | 16 | സജീവം | - |
| 9. എ.എം.എൽ. പി. എസ്. കൈപ്പറ്റ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 5 | 184 | - | 16 | സജീവം | - |
| 10. എ.എം.എൽ.പി.എസ്. മറ്റത്തൂർ നോർത്ത് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 2 | 184 | - | 16 | സജീവം | - |

കൈപ്പറ്റ എന്നിവയും യു. പിയായി അപ്ഗ്രേഡ് ചെയ്യുക.

3. ജി. എം. എൽ. പി. എസ്. ചെറുകുന്നിന്ന് സ്ഥിരം കെട്ടിടം ഉണ്ടാകേണ്ടതുണ്ട്. അപഗ്രേഡ് ചെയ്യണം.
4. ടി. എസ്. എ. എം. യു. പി. എസ്. മറ്റത്തൂർ, എ. എം. യു. പി. എസ്. ആട്ടീരി എന്നീ സ്കളുകൾ ഹൈസ്ക്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുക.
5. ജി. യു. പി.എസ്. മുണ്ടോത്തുപറമ്പ് (പറപ്പൂർ പഞ്ചായത്ത്) ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്താൽ ഒതുക്കുങ്ങൽ ഗവ: ഹൈസ്കൂളിലെ തിരക്ക് കുറയുകയും അതുവഴി ഷിഫ്ടു സമ്പ്രദായം ഒഴിവാക്കാനും സാധിക്കും.
6. എൽ. പി. സ്ക്കൂളുകൾ ഇല്ലാത്ത വാർഡുകളായ 3ാം വാർഡിലെ മൂലപ്പറമ്പിലും 11ാം വർഡിലെ പാറപ്പുറത്തും എൽ. പി. സ്ക്കൂൾ അനുവദിക്കുക.
7. 9ാം വാർഡിലെ കാച്ചടിപ്പാറയിൽ ഒരു എൽ. പി. സ്ക്കൂൾ ആവശ്യമുണ്ട്.

# 4-4

# ആരോഗ്യം, കുടിവെള്ളം, പരിസര ശുചീകരണം

പഞ്ചായത്തിലെ ആരോഗ്യ രംഗത്ത് ആധുനിക സൗകര്യങ്ങൾ ഇല്ലാത്ത കാലത്ത് ജനങ്ങൾ അധികവും പാരമ്പര്യ വൈദ്യന്മാരുടെ സേവനമായിരുന്നു ഉപയോഗിച്ചിരുന്നത്. 1972ൽ ഒതുക്കുങ്ങൽ സ്ഥാപിച്ച ഗവ. റൂറൽ ഡിസ്പെൻസറിയാണ് ആദ്യത്തെ ചികിത്സാ കേന്ദ്രം. ഇന്ന് 8 സ്ഥാപനങ്ങൾ ആരോഗ്യ രംഗത്ത് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 35260 ആണ്. ഇത്രയും ജനസംഖ്യയുള്ള പഞ്ചായത്തിൽ ഈ സ്ഥാപനങ്ങൾ അപര്യാപ്തമാണ്. അതിനാൽ പൊതു ആരോഗ്യ സ്ഥിതിയിൽ ഗുണപരമായ വ്യതിയാനം കാണുന്നില്ല എന്നാണ് സ്ഥിതി വിവരകണക്കുകൾ കാണിക്കുന്നത്. 1995-96ൽ 753 ത്വക്ക് രോഗങ്ങളും 221 വാതരോഗങ്ങളും 7 പകർച്ചവ്യാധിരോഗങ്ങളും 22177 മറ്റു രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. 20 കുഷ്ഠരോഗവും റിപ്പോർട്ട് ചെയ്തു. പഞ്ചായത്തിലെ ജനസംഖ്യാ വർദ്ധനവ് വർഷത്തിൽ 2 1/2 ശതമാനമാണ്. ശരാശരി കുടുംബവലിപ്പം 6 അംഗങ്ങളുള്ളതാണ്.

പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാൻ സൗകര്യങ്ങൾ ഇല്ല. അതിനാൽ പത്തും ഇരുപതും കിലോമീറ്റർ ദൂരമുള്ള ചികിത്സാ കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. സർക്കാരിൽ നിന്ന് ആരോഗ്യരംഗത്ത് കാര്യമായ പരിഗണന പഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്നാണ് സ്ഥിതി വിവര കണക്കുകൾ കാണിക്കുന്നത്. ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്ര ആരോഗ്യപരിപാടിക്ക് തുടക്കം കുറിച്ച് പഞ്ചായത്തിലെ ജനങ്ങളെ രോഗവിമുക്തരാക്കി മാറ്റാൻ ശ്രമിക്കേണ്ടതാണ്

## സ്ഥാപനങ്ങളും സേവനങ്ങളും:

ഒതുക്കുങ്ങൽ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

പ്രാഥമിക ആരോഗ്യ കേന്ദ്രം- 1,ഐ. സി. ഡി. എസ് പുത്തൂർ

ഫാമിലി വെൽഫയർ സെൻറർ-1, എഫ്. ഡബ്ല്യു. സെൻറർ പൊട്ടിക്കല്ല്

ഹോമിയോ ഡിസ്പെൻസറി-1

ഐ. പി. പി. സെൻറർ -3

ഇവയിൽ എല്ലാം കൂടി 16 ജീവനക്കാരാണുള്ളത്

പട്ടിക 1

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പ്ര് | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | പി. എച്ച്. സി | V | 1972 | 6 |
| 2. | ഐ. സി. ഡി. എസ് | VIII | - | 1 |
| 3. | ഫാമിലിവെൽഫെയർ സെൻറർ | V | - | 1 |
| 4. | ഐ. പി. പി. മെയിൻ സെൻറർ | V | 1972 | 2 |
| 5. | ഐ. പി. പി. സബ്സെൻറർ | X | 1992 | 2 |
| 6. | ഐ. പി. പി. സബ്സെൻറർ | IX | 1990 | 1 |
| 7. | ഹോമിയോ ഡിസ്പെൻസറി | VI | 1990 | 2 |
| 8. | എഫ്. ഡബ്ല്യു. സെൻറർ | I | - | 1 |

| പട്ടിക 2<br>1993-94.1994-95,1995-96 വർഷങ്ങളിൽ പി. എച്ച്. സിയിൽ നിന്ന് നല്കിയ ചികിത്സ സംബന്ധിച്ച വിവരങ്ങൾ | | | | |
|---|---|---|---|---|
| വർഷം | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധി | മററു രോഗ ങ്ങൾ |
| 1993-94 | 7561 | 250 | 35 | 21343 |
| 1994-95 | 1411 | 216 | -7- | 21505 |
| 1995-96 | 753 | 221 | -7- | 22177 |

## പ്രശ്നങ്ങൾ

1.നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല. ഔഷധങ്ങളുടെ അപര്യാപ്തത പാവപ്പെട്ട രോഗികളെ ബുദ്ധിമുട്ടിലാക്കുന്നു.

2.പഞ്ചായത്തിൽ ആകെ രണ്ട് ഐ. പി. പി.സബ്സൻെററുകളാണ് പ്രവർത്തിക്കുന്നത്. ഇതിൻെറ പ്രവർത്തനപരിധി വളരെ വിസ്തൃതമായതിനാൽ പ്രവർത്തനം കാര്യക്ഷമമാക്കി ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

3.പഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രി ഇല്ല.

4.പഞ്ചായത്ത് വകയിൽ മെഡിക്കൽ ക്യാമ്പുകൾ കുറേക്കാലമായി സംഘടിപ്പിച്ചിട്ടില്ല.

പരിഹാരങ്ങൾ

1.നിലവിലുള്ള പി. എച്ച്. സി 25 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്യുക. പഞ്ചായത്തിലെ ഒരു പ്രധാന ജനവാസകേന്ദ്രമായ പൊട്ടിക്കല്ലിൽ ഒരു പി. എച്ച്. സി അനുവദിച്ച് കിട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

2.പഞ്ചായത്തിലെ ഐ. പി. പി. സബ്സെൻററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പഞ്ചായത്തിലെ 4 പ്രധാന കേന്ദ്രങ്ങളിൽ പുതിയ സബ്സെൻററുകൾ അനുവദിച്ച്കിട്ടാൻ വേണ്ടത്രശ്രമം നടത്തുകയും ചെയ്യുക.

3.പി. എച്ച്. സി. യിൽ ആവശ്യമായ മരുന്നുകൾ എത്തിക്കുക.

4.ആവശ്യമായ മെഡിക്കൽ സ്പെഷ്യലിസ്റ്റുകളെ ഉൾപ്പെടുത്തി വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

5.പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുക.

6.പഞ്ചായത്തിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.

## പരിസരശുചീകരണം

പരിസരമലിനീകരണം പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും വളരെയധികം അനുഭവപ്പെടുന്നു. കോട്ടക്കൽ പഞ്ചായത്തിൽ നിന്ന് ഒതുക്കുങ്ങൽ പഞ്ചായത്തിലേക്ക് ഒഴുക്കപ്പെടുന്ന മലിനജലം 12ാം വാർഡിലെ ജനങ്ങളുടെ ആരോഗ്യത്തെ വളരെയധികം ബാധിക്കുന്നു.

## പ്രശ്നങ്ങൾ

1.പഞ്ചായത്തിലെ 12ാം വാർഡിൽ കോട്ടക്കൽ ടൗണിലെ ആശുപത്രികളിൽ നിന്നും ഹോട്ടലുകളിൽ നിന്നും ഒഴുകി വരുന്ന മലിനജലം പരിസരത്തുള്ള കിണറുകളിലും തോടുകളിലും കലരുന്നതിനാൽ ആ പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. വേനൽക്കാലത്ത് ഈ വെള്ളം ഇവിടങ്ങളിൽ കെട്ടിക്കിടക്കുന്നതിനാൽ അസഹ്യമായ ദുർഗന്ധം വമിക്കുകയും കൊതുക് പെരുകുകയും ചെയ്യുന്നു. ഈ പ്രദേശത്തുള്ള മുപ്പതിലധികം കിണറുകളിലെ വെള്ളം ഇതിൻെറ ഫലമായി മലീമസമാണെന്ന് പോല്യൂഷൻ കൺട്രോൾ ബോർഡിൻെറ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്.

2.പഞ്ചായത്തിൽ പ്രധാന അങ്ങാടികളിലെ റോഡരുകിലുള്ള മത്സ്യകച്ചവടം, അറവുശാല, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ റോഡരുകിൽ നിക്ഷേപിക്കുന്നതിനാൽ ദുർഗന്ധവും കൊതുക്ശല്യവും പൊതുജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

3.പഞ്ചായത്തിൽ പൊതുമലമൂത്ര വിസർജ്ജന സൗകര്യങ്ങൾ ഇല്ല

4.ദുർബ്ബല പിന്നോക്ക വിഭാഗങ്ങൾക്ക് മതിയായ മലമൂത്ര വിസർജ്ജന സൗകര്യങ്ങളില്ല.

5.അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ ശല്യം വർദ്ധിച്ചിരിക്കുന്നു.

6.പുത്തൂർതോട്ടിലും കടലുണ്ടിപുഴയുടെ ചില ഭാഗങ്ങളിലും വേനൽക്കാലങ്ങളിൽ വാഹനങ്ങൾ ഇറക്കി കഴുകുന്നതിനാൽ വെള്ളം മലിനമാകുന്നു.

7.കോഴിയുടെ അവശിഷ്ടങ്ങൾ പഞ്ചായത്തിലെ റോഡുകളിൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്നതിനാൽ പരിസരവാസികൾക്കും യാത്രക്കാർക്കും പ്രയാസങ്ങളുണ്ടാക്കുന്നു.

## പരിഹാരങ്ങൾ

1.കോട്ടക്കൽ ടൗണിൽ നിന്നും ഒഴുകിവന്നു പുത്തൂർ പ്രദേശത്തെ മലിനമാക്കുന്ന പാഴ്ജലം ഇങ്ങോട്ട് ഒഴുകുന്നത് തടയാനുള്ള കർശന നടപടി സ്വീകരിക്കുക. ഇങ്ങിനെ ഒഴുകുന്ന മലിനജലം കോട്ടക്കൽ പഞ്ചായത്ത് സ്യൂയേജ് പിറ്റ് ഏർപ്പെടുത്തി തടയേണ്ടതാണ്.

2.പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ അറവുശാലകളും മത്സ്യമാർക്കററും ഏർപ്പെടുത്തേണ്ടതാണ്.

3.കൊതുക് നിർമ്മാർജ്ജനത്തിന് വേണ്ട നടപടി സ്വീകരിക്കുക. പ്രധാന അങ്ങാടികളിലെ ഓപ്പ് ചവറുകൾ നീക്കി ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ വേണ്ട ജീവനക്കാരെ നിയമിക്കുക.

4.പഞ്ചായത്തിലെ പൊട്ടിക്കല്ല്, മററത്തൂരങ്ങാടി, മുസ്ല്യാരങ്ങാടി, ഒതുക്കുങ്ങൽ, പുത്തൂർ, ചെറുകുന്ന്, കുളത്തുപറമ്പ്, കൊടവണ്ടൂർ പള്ളിക്ക് സമീപം (ആട്ടീരി) എന്നീ സ്ഥലങ്ങളിൽ പൊതു കക്കൂസുകൾ ഏർപ്പെടുത്തുക. സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ 998 കക്കൂസുകൾ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ആവശ്യമാണ്. പ്രസ്തുത ആവശ്യത്തിനായി ഇന്ന് സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായം വളരെ പരിമിതമാണ്. ആയതിനാൽ പ്രസ്തുത സഹായം ചുരുങ്ങിയത് 5000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

5.പഞ്ചായത്തിലെ പിന്നോക്ക ദുർബ്ബല വിഭാഗങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6.അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പിടിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

7.പരിസര മലിനീകരണം ഉണ്ടാക്കുന്ന വിധത്തിൽ കോഴിയുടേയും മററും അവശിഷ്ടങ്ങൾ റോഡരുകിൽ നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## കുടിവെള്ളം

ഒതുക്കുങ്ങൽ പഞ്ചായത്തിന്റെ അതിരിലൂടെ 7 കിലോമീറ്ററോളം നീളത്തിൽ കടലുണ്ടിപ്പുഴ ഒഴുകുന്നുണ്ടെങ്കിലും. 70% ജനങ്ങളും കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. പ്രസ്തുത പഞ്ചായത്തിൽ 90% ആളുകളും കിണറുകളെയാണ് കുടിവെള്ളത്തിനായി ഉപയോഗിക്കുന്നത്. മൊത്തം 3219 കിണറുകളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 60% കിണറുകളും വേനൽക്കാലത്ത് ആവശ്യത്തിന് വെള്ളം കിട്ടാത്തവയാണ്. പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിൽ 68% പ്രദേശങ്ങളും വേനൽക്കാലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നവയാണ്.

മററത്തൂർ കാരിപുറയാ, കൊങ്ങംപറമ്പ്, പുത്തൂർ എന്നിവിടങ്ങളിലുള്ള കുഴൽ കിണറുകളിൽ നിന്ന് ലൈനിലേക്ക് വെള്ളം പമ്പ് ചെയ്യുന്ന 3 പദ്ധതികൾ മാത്രമാണ് പഞ്ചായത്തിൽ നിലിവിലുള്ളത്. 79 പൊതുടാപ്പുകളും വിവിധ വാർഡുകളിലായി 18 കുഴൽ കിണറുകളും പഞ്ചായത്തിൽ നിലവിലുണ്ട്.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ പൊട്ടിക്കല്ല്, കുരുണിയൻ പറമ്പ്, ഒതുക്കുങ്ങൽ, മൂലപറമ്പ്, മുനമ്പത്ത്, കവല, കുഴിപ്പുറം, ആനോം, ചെറുകുന്ന്, മുണ്ടിയാട്, കുളത്തുപറമ്പ് , അരിച്ചോം, ആട്ടീരി എന്നിവിടങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ പഞ്ചായത്തിലെ വളരെക്കുറഞ്ഞ വിഭാഗത്തിന് മാത്രമേ ഉപകരിക്കുന്നുള്ളു.

## പരിഹാരങ്ങൾ

1.പനങ്കയത്ത് നിന്ന് വെള്ളം പമ്പ് ചെയ്ത് കാവുപറമ്പിൽ( നെട്ടിച്ചാടി) സംഭരിച്ച് 1, 2, 10 വാർഡുകളിലേക്ക് വിതരണം ചെയ്യാവുന്നതാണ്.

2.കാങ്കരകടവത്ത് നിന്ന് വെള്ളം പമ്പ് ചെയ്ത് കൊങ്ങംപറമ്പിൽ സ്റ്റോർ ചെയ്ത് 2, 3, 4, 10 വാർഡുകളിൽ വിതരണം നടത്താവുന്നതാണ്.

3.കുഴിപ്പുറം പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ഒതുക്കുങ്ങൽ ശേഖരിച്ച് 5, 6, 7, 10 വാർഡുകളിൽ വിതരണം നടത്താവുന്നതാണ്.

4,പുത്തൂർ പാടത്ത് കിണർ നിർമ്മിച്ച് ആനോളിൽ ശേഖരിച്ച് 7, 8, 12 വാർഡുകളിൽ വിതരണം ചെയ്യുക.

5.പുത്തൂരിലെ നിലവിലുള്ള കുഴൽ കിണറിലെ വെള്ളം ഈ പഞ്ചായത്തിലേക്ക് തന്നെ ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

6.കൊടവണ്ടൂർകുളം വൃത്തിയാക്കി ആഴംകൂട്ടി വെള്ളം പമ്പ് ചെയ്ത് സൂപ്പിബസാറിൽ ശേഖരിച്ച് ആട്ടീരിയിലെ എല്ലാ പ്രദേശത്തും വിതരണം ചെയ്യുക.

7. 8,9,12 വാർഡുകളിലെ കിണറുകളിൽ വേനൽക്കാലത്ത് ജലവിതാനം ഉയർത്തുന്നതിനായി ആട്ടീരിചിറയിലും, പള്ളിപുറംചിറയിലും വള്ളം തടഞ്ഞുനിർത്താൻ സൗകര്യങ്ങൾ ഒരുക്കുക.

8.കടലുണ്ടി പുഴയിൽ മുഴിക്കൽ തോട് ഭാഗത്തും കാങ്കരക്കടവ് ഭാഗത്തും ഓരോ ചെക്ക്ഡാം നിർമ്മിച്ചാൽ 1, 2, 3, 4, 10, 11 വാർഡുകളിലെ കിണറുകളിൽ ജലവിതാനം ഉയർത്താൻ കഴിയും.

| കുഴൽകിണർ | നിർദ്ദേശം |
|---|---|
| വാർഡ് - I | പൊട്ടിക്കല്ല് അങ്ങാടി, പാറമ്മൽ, -3<br>ചേക്കത്ത്റോഡ് ജംഗ്ഷൻ |
| വാർഡ്-II | തോട്ടക്കോട്മാട്, പള്ളിക്കടവ്, -4<br>കൊങ്ങപ്പറമ്പ്, പാറമ്മൽസ്കൂറം |
| വാർഡ് III | വെളിയോട്,നരിമട-2 |
| വാർഡ്-IV | മീങ്കല്ല്, പാറങ്ങാടി, മുനമ്പത്ത് -3 |
| വാർഡ്-VI | നൊട്ടനാലക്കൽ, അസൈൻ-3<br>സ്മാരകറോഡ്, ചെറുകുന്ന്<br>കൊപ്പംഭാഗത്ത് |
| വാർഡ് - V | റഹ്മത്തുനഗർ, നൊട്ടനാലക്കൽ-5<br>പാറക്കളം, പൂക്കുന്ന്,<br>വെളുത്തേങ്ങാട് |
| വാർഡ്-VII | കൊളത്തുപറമ്പ് കളത്തിങ്ങൽ<br>ഇടവഴി, കൊളത്തുപറമ്പ് മണ്ണാര<br>ക്കുളമ്പ്, പെരിങ്ങോട്ട്കുളമ്പ് - 6<br>ഹരിജൻ കോളനി, പുത്തൂർ അകായ്<br>വളവ്, മൂശാലികുളമ്പ്, തുമ്പ്രൻകുന്ന്<br>ഹരിജൻ കോളനി താഴ്ഭാഗം |
| വാർഡ്VIII | മിച്ചഭൂമിക്കോളനി, മേലേപറമ്പിൽ,<br>പാറക്കോരിതാഴെകുണ്ടിൽ, ചെന - 5<br>ക്കൽ, പെരിങ്കോട്ട് |
| വാർഡ് IX | കാച്ചടിപ്പാറ ഹരിജൻ കോളനി,<br>കുറ്റിപൊന്ത, ഇഖ്‌ലാസ് നഗർ - 4<br>പള്ളിപ്പുറം റോഡ്. |
| വാർഡ് X | കുന്നുംകുററി, പാറക്കളം, താമര<br>ശ്ശേരിമാട്, തെക്കുമുറി, കുരുണിയ - 5<br>പറമ്പ്, നാങ്കുന്ന് പുറായ |
| വാർഡ് XI | പെരുങ്കൊല്ലൻമാട്, കുരുണിയ പറ -3<br>മ്പ്, അത്തൊള്ളിക്കുണ്ട് |
| വാർഡ് XII | ലക്ഷംവീട് കോളനി, വലിയപറമ്പ്<br>തോപ്പിൽ സ്റ്റീൽ ഇൻഡസ്ട്രീസിന് -3<br>സമീപം |

| ശുദ്ധജല സ്രോതസ്സുകൾ പഞ്ചായത്തിൽ നിലവിലുള്ളത് | | | | |
|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണർ | | കുഴൽകിണർ |
| വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | |
| 26 | 15കിണർ<br>6മാസം വെള്ളം ഇല്ല | 3219 | - | 18 |

# 4-5
# വ്യവസായം

കാർഷിക-വ്യാവസായിക രംഗങ്ങളിൽ ഏറെ സാധ്യതകളുള്ള ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് വ്യവസായ രംഗത്ത് വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. മാനവശേഷിയുടെ ചെറിയൊരു ശതമാനം മാത്രമേ ഈ രംഗത്ത് ഉപയോഗപ്പെടുത്തുന്നുള്ളു. ഇതിൽ തന്നെ കൂടുതൽ ശതമാനവും കാർഷിക പരമ്പരാഗത വ്യവസായ രംഗങ്ങളിലാണ് പ്രവർത്തിക്കുന്നത്. വിദഗ്ധ തൊഴിലാളികൾ പഞ്ചായത്തിൽ വിരളമാണ്. അഭ്യസ്ത വിദ്യരിൽ കൂടുതൽ പേരും വൈററ്കോളർ ജോലി ആഗ്രഹിക്കുന്നവരാണ്. തൊഴിലിന് ഭൂരിപക്ഷം ആളുകളും ഗൾഫ്മേഖലയെ ആശ്രയിക്കുന്ന പ്രവണത കൂടിവരികയാണ്. ബിസിനസ് രംഗത്തുള്ളതുപോലെ വ്യാവസായികരംഗത്തും വിപണന സാധ്യതകൾ മനസ്സിലാക്കാതെയുള്ള അനുകരണഭ്രമമാണ് കണ്ടുവരുന്നത്. സമ്പത്തിൻെറ നല്ലൊരു ശതമാനം ചെലവാകുന്നതും കച്ചവടരംഗത്തും ഭവനിർമ്മാണ രംഗങ്ങളിലുമാണ്. പഞ്ചായത്തിൽ രജിസ്ററർ ചെയ്തിട്ടുള്ള വ്യവസായങ്ങളിൽ കൂടുതലും അരിപൊടിക്കുന്ന മില്ലുകളാണ്. ഈ രംഗത്ത് കേവലം 258 ആളുകൾ മാത്രമേ പണിയെടുക്കുന്നുള്ളു.

പട്ടിക -1
**വ്യവസായരംഗത്തെ തൊഴിലാളികളുടെ ഇനം തിരിച്ചുള്ള കണക്ക്**

| നമ്പ്ര് | വിഭാഗം | തൊഴിലാളികൾ | ശതമാനം |
|---|---|---|---|
| 1. | പരമ്പരാഗത വ്യവസായങ്ങൾ | 132 | 38.15 |
| 2. | കുടിൽ വ്യവസായങ്ങൾ | 34 | 9.83 |
| 3. | ചെറുകിട വ്യവസായങ്ങൾ | 83 | 23.98 |
| 4. | റിപ്പയർ ഷോപ്പുകൾ | 45 | 13.01 |
| 5. | മററ് വ്യവസായങ്ങൾ | 52 | 15.03 |
| | ആകെ | 346 | |

പട്ടിക -2
**വ്യവസായ യൂണിറ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ**

| നമ്പ്ര് | വ്യവസായം | തൊഴിലാളികളുടെ എണ്ണം | | മൊത്തംയൂണിറ്റുകൾ | മൊത്തംതൊഴിലാളികൾ |
|---|---|---|---|---|---|
| | | 10ൽതാഴെ | 10-20 | | |
| 1. | ഈർച്ചമിൽ | 7 | | 7 | 63 |
| 2. | പൊടിമിൽ | 13 | | 13 | 19 |
| 3. | എഞ്ചിനീയറിംഗ് | 5 | | 5 | 15 |
| 4. | ബേക്കറി | 9 | | 9 | 60 |
| 5. | സോഡാ നിർമ്മാണം | 2 | | 2 | 5 |
| 6. | സ്വർണപ്പണി | 5 | | 5 | 15 |
| 7. | വാച്ച് റിപ്പയർ | 1 | | 1 | 3 |
| 8. | മററുള്ളവ | 8 | 1 | 9 | 78 |
| | ആകെ | | | 52 | 258 |

രജിസ്റ്റർ ചെയ്ത സ്ത്രീ തൊഴിൽ യൂണിററുകളുടെ(ഡി. ഡബ്ല്യു. സി. ആർ. എ) എണ്ണം ആറ് ആണ്. ഇതിലാകെ 55 തൊഴിലാളികാം ജോലിചെയ്യുന്നു.

പട്ടിക 3

ഡി. ഡബ്ല്യു. സി. ആർ. എ പ്രകാരമുള്ള തൊഴിൽ സംരംഭങ്ങാം

| വാർഡ് | തൊഴിൽ സംരംഭം | ആരംഭിച്ചവർഷം | അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 2. | ആടുവളർത്തൽ | 91-92 | 10 | പ്രവർത്തിക്കുന്നുണ്ട് |
| 4. | കരിങ്കൽ ഉടക്കൽ | 89-90 | 13 | നിലച്ചു |
| 5. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 88-89 | 10 | പ്രവർത്തിക്കുന്നുണ്ട് |
| 6. | ആടുവളർത്തൽ | 95-96 | 12 | പ്രവർത്തിക്കുന്നു |
| 9. | ആടുവളർത്തൽ | 90-91 | 13 | പ്രവർത്തിക്കുന്നുണ്ട് |

പഞ്ചായത്തിലെ പരമ്പരാഗത മൺപാത്ര നിർമാണ വ്യവസായം ഇന്ന് പ്രതിസന്ധിയിലാണ്. ഉല്പ്പാദനച്ചെലവ് വർധിച്ചതും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഈ വ്യവസായത്തെ ലാഭകരമല്ലാതാക്കി മാററി. ശാസ്ത്രീയമായ ഉൽപ്പാദനപ്രക്രിയകാം ഈ മേഖലയിൽ അപരിചിതമാണ്.

ഒതുക്കുങ്ങൽ ആസ്ഥാനമായി മുൻകാലങ്ങളിൽ അടയ്ക്ക വാണിജ്യവ്യവസായം പുരോഗമിച്ചിരുന്നു. അടക്ക അടിസ്ഥാനമായുള്ള പല ഉപോല്പ്പന്നങ്ങളും കയററി അയച്ചിരുന്ന വിപണന കേന്ദ്രവും കൂടിയായിരുന്നു. അക്കാലത്ത് വലിയൊരു വിഭാഗം തദ്ദേശീയരുടെ തൊഴിൽ മേഖലയായിരുന്നു ഈ വ്യവസായം. 1960 ഓടെ ഈ വ്യവസായം കുററിയററുപോവുകയും തൽസ്ഥാനത്ത് കൊട്ടടയ്കി വ്യാപാരം രംഗത്തുവരികയും ചെയ്തു.

മുള അധിഷ്ഠിത വ്യവസായം ഇന്ന് വിസ്മൃതിയിൽ ആണ്ടിരിക്കുന്നു. കൊല്ലപ്പണി വേണ്ടത്ര പുരോഗതിയിലല്ല. ശാസ്ത്രീയമായി സംവിധാനം ചെയ്താലിത് മെച്ചപ്പെടുത്താനും കഴിയും. സ്വർണ പണി പുരോഗതിയിലാണ്.

പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങാം മുഴുവനും സ്വകാര്യ മേഖലയിലാണ്. സഹകരണ രംഗത്തോ, സർക്കാർ മേഖലയിലോ ഉള്ള ഒരു ചെറുകിട വ്യവസായം പോലും ഇവിടില്ല. വൻകിട വ്യവസായങ്ങാംക്ക് സാധ്യതകളില്ലെങ്കിലും ചെറുകിട വ്യവസായങ്ങാംക്ക് ഒട്ടേറെ സാധ്യതകളുണ്ട്. തൊഴില്ലില്ലായ്മക്ക് പരിഹാരവുമാണിത്.

എഞ്ചിനീയറിംഗ് വ്യവസായത്തിനുള്ള അസംസ്കൃത സാധനങ്ങാം ലഭ്യമല്ലെങ്കിലും പുറമെനിന്നും സാധനങ്ങാം കൊണ്ടുവന്ന് ആരംഭിക്കാവുന്ന വ്യവസായങ്ങാംക്ക് സാധ്യതയുണ്ട്. ചെറുകിട-കുടിൽവ്യവസായങ്ങാംക്ക് ഉപയോഗിക്കാൻ കഴിയുന്ന അസംസ്കൃത വസ്തുക്കാം കൂടിയ അളവിൽ ലഭ്യമാണ്. ചിരട്ട, മുള, കപ്പ, കശുമാങ്ങ, ചക്ക, മാങ്ങ, മൃഗങ്ങളുടെതോലുകാം, എല്ലുകാം,മുതലായവ എളുപ്പത്തിൽ ലഭിക്കുന്നവയാണ്.

നിലവിലുള്ള വ്യവസായങ്ങാംക്ക് വൈദ്യുതി ലഭ്യത ഒരു പ്രധാന പ്രശ്നമാണ്. വ്യവസായങ്ങളുടെ എണ്ണം കുറയാനുള്ള കാരണങ്ങാം നിരവധിയാണ്. വ്യവസായ മേഖലകളെക്കുറിച്ചുള്ള അറിവില്ലായ്മയും, വൈദ്യുതി ലഭ്യതയുടെ കുറവും, ഗവൺമെൻറിൻെറ സാമ്പത്തിക സഹായങ്ങാം വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കഴിയാത്തതും ജനങ്ങാം നേരിടുന്ന പ്രശ്നങ്ങളാണ്.

## പ്രശ്നങ്ങാം

1. സാങ്കേതിക പരിജ്ഞാനത്തിൻെറ കുറവ്.
2. മുതൽമുടക്കിനുള്ള കഴിവില്ലായ്മ
3. വൈദ്യുതിക്ഷാമവും-കിട്ടാനുള്ള കാലതാമസവും
4. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
5. സംരംഭകത്വ പരിജ്ഞാനക്കുറവ്.

## നിർദ്ദേശങ്ങാം

പഞ്ചായത്തിൽ ലഭ്യമായ നാളീകേരം പരമാവധി ഉപയോഗപ്പെടുത്തി വ്യവസായങ്ങാം ആരംഭിക്കാനുള്ള സാധ്യത ശരിയായി ഉപയോഗപ്പെടുത്തുക.

പഞ്ചായത്തിലെ പരമ്പരാഗത വ്യവസായ കളിമൺ പാത്രനിർമ്മാണ യൂണിററുകാംക്ക് വേണ്ട അസംസ്കൃത വസ്തുക്കാം ലഭ്യമാക്കണം.

പാഴായിപ്പോവുന്ന ചക്ക, മാങ്ങ, കശുമാങ്ങ എന്നിവ

ഉപയോഗപ്പെടുത്തി ഒരു പഴംസംസ്ക്കരണ ഫാക്ടറി ആരംഭിക്കുക.

സിമന്റ്, മണൽ, കമ്പി എന്നിവ ഉപയോഗപ്പെടുത്തി ഒരു കോൺക്രീറ്റ് മതിൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കാനുള്ള സാധ്യത വിലയിരുത്തുക

മല്ലി, മഞ്ഞൾ, മുളക് എന്നിവ പൊടിച്ച് പാക്ക് ചെയ്ത് വിതരണം നടത്തുന്ന വ്യവസായ യൂണിറ്റ് ആരംഭിക്കുക.

സഹകരണാടിസ്ഥാനത്തിൽ ഒരു ബേക്കറി ആരംഭിക്കുക.

അടക്കയിൽ നിന്ന് ഉൽപ്പാദിപ്പിക്കാവുന്ന സാധനങ്ങളെ അടിസ്ഥാനമാക്കി ഒരു വ്യവസായ സ്ഥാപനം തുടങ്ങുക.

പഞ്ചായത്തടിസ്ഥാനത്തിൽ ഗാർമെൻറ് മേക്കിംഗ് യൂണിറ്റ് ആരംഭിക്കുക.

ഒരു ഹവായ് ചെരുപ്പ് നിർമ്മാണ യൂണിററും നോട്ട് ബുക്ക് നിർമ്മാണ യൂണിററും ആരംഭിക്കുക.

പഞ്ചായത്തടിസ്ഥാനത്തിൽ ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ അസംബ്ലിങ്ങ് യൂനിററും അതോടനുബന്ധിച്ചു റിപ്പയർ യൂനിറ്റും ആരംഭിക്കുക.

വേസ്റ്റ് ആവുന്ന അസംസ്കൃത വസ്തുക്കാം ഉപയോഗിച്ച് കളിപ്പാട്ട നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

വൈക്കോൽ അധിഷ്ഠിത വ്യവസായം ആരംഭിക്കാനുള്ള സാധ്യത വിലയിരുത്തുക.

കപ്പ അടിസ്ഥാനമാക്കി സ്റ്റാർച്ച് ഫാക്ടറി തുടങ്ങാനുള്ള സാധ്യത വിലയിരുത്തുക.

ബ്ലാക്ക് സ്മിത്ത് വ്യവസായത്തിൻെറ സാധ്യതകാം പരമാവധി ഉപയോഗപ്പെടുത്തുക.

പാഴായിപ്പോകുന്ന ചകിരി ശരിയായി ഉപയോഗിക്കാവുന്നതിനുള്ള സംവിധാനങ്ങളുടെ സാധ്യത അന്വേഷിക്കുക.

മത്സ്യഫെഡിൻെറ മാർഗ നിർദ്ദേശത്തോടെ മത്സ്യം ഉണക്കൽ കേന്ദ്രം ആരംഭിക്കുക.

സെറിഫെഡിൻെറ സഹായങ്ങാം ഉപയോഗപ്പെടുത്തി സെറികാംച്ചറുമായി ബന്ധപ്പെട്ട വ്യവസായങ്ങാം ആരംഭിക്കാവുന്നതാണ്.

ഒരു ഹാച്ചറി യൂണിറ്റും കോഴിത്തീററ നിർമ്മാണ യൂണിറ്റും ആരംഭിക്കുക.

മുകളിൽ പറഞ്ഞ വ്യവസായ സാധ്യതകാം വിലയിരുത്തുന്നതിനായി ജില്ലാ വ്യവസായകേന്ദ്രം, കയർബോർഡ്, മത്സ്യഫെഡ്, സെറിഫെഡ്, മററ് വിദഗ്ധർ എന്നിവരുടെ സഹകരണത്തോടെ പഞ്ചായത്തിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന ശില്പശാല സംഘടിപ്പിക്കുക.

ഓരോ വ്യവസായരംഗത്തും പ്രവർത്തിക്കാനാഗ്രഹിക്കുന്നവരുടെ പേരുവിവരം ശേഖരിച്ച് അവർക്കുവേണ്ട മാർഗ നിർദ്ദേശങ്ങാം നൽകുക.

നിലവിലുള്ള വ്യവസായ പ്രശ്നങ്ങാം ചർച്ച ചെയ്യാനും പുതിയ വ്യവസായങ്ങാംക്കുള്ള മാർഗ നിർദ്ദേശങ്ങാം നൽകാനും സ്ഥിരം വിദഗ്ധ സമിതി രൂപീകരിക്കുക.

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങാംക്ക് ലഭിക്കുന്ന സഹായങ്ങാം വ്യവസായരംഗത്ത് വിനിയോഗിക്കാൻ പ്രേരിപ്പിക്കുക.

ഇപ്പോാം പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തി ഒരേ ഉൽപ്പന്നം നിർമ്മിക്കുന്ന യൂണിററുകളെ സഹകരിപ്പിച്ച് ശാസ്ത്രീയമായി സംവിധാനം ചെയ്യുക.

വ്യാവസായിക ഉൽപ്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്ത് മേളകാം, പ്രദർശനങ്ങാം, സെമിനാറുകാം എന്നിവ സംഘടിപ്പിച്ചുകൊണ്ട് പരമാവധി പ്രചാരണം നൽകുക.

# 4-6
# റോഡുകൾ, ഊർജ്ജം

ഗതാഗതപ്രശ്നങ്ങൾ: 1946 കാലഘട്ടത്തിൽ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന തിരൂർ-മഞ്ചേരി റോഡല്ലാതെ മററ് ഗതാഗത മാർഗ്ഗങ്ങൾ ഉണ്ടായിരുന്നില്ല. പിന്നീട് 1955ന് ശേഷമാണ് അന്നത്തെ മററത്തൂ പഞ്ചായത്തിൻെറ ആദ്യത്തെ റോഡായ ഒതുക്കുങ്ങൽ-മററത്തൂർ റോഡ് പഞ്ചായത്തിൻെറ പ്രഥമ അദ്ധ്യക്ഷനായിരുന്ന ക...മ്പാട്ട് ചേക്കുട്ടി സാഹിബിൻെറ നേതൃത്വത്തിൽ രൂപം കൊണ്ടത്. പഞ്ചായത്തിൻെറതായി ആദ്യം നിർമ്മിക്കപ്പെട്ട റോഡും ഇത് തന്നെ. അതിനുശേഷം അതാത് കാലങ്ങളിൽ വന്ന പഞ്ചായത്ത് സമിതികൾ ജനങ്ങളുടെയും പ്രദേശങ്ങളുടെയും ആവശ്യങ്ങളനുസരിച്ച് പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും പുതിയ റോഡുകൾ നിർമ്മിച്ചു. ആകെ 44 കി. മീ റോഡുകളാണ് ഇപ്പോൾ ഈ പഞ്ചായത്തിലുള്ളത്. ഇത്രയും വിസ്തൃതമായ പഞ്ചായത്തിൽ ഇനിയും വളരെയധികം പുതിയ റോഡുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള 44 കി. മീ റോഡുകളിൽ തന്നെ പല റോഡുകളുടേയും സ്ഥിതി വളരെ മോശമാണ്. ഓവുപാലങ്ങളും വെള്ളം ഒഴുകിപ്പോകാൻ വേണ്ട ഓവുചാലുകളും പല സ്ഥലങ്ങളിലും ആവശ്യമാണ്. റോഡിൻെറ ഉപരിതലം പല സ്ഥലങ്ങളിലും പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു. ഇവയെല്ലാം ഉടനടി നന്നാക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൻെറ അതിർത്തിയിൽ കൂടി കടലുണ്ടിപ്പുഴ കിലോമീറ്ററുകളോളം ഒഴുകുന്നുണ്ടെങ്കിലും ഒരേ ഒരു പാലം മാത്രമാണ് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നത്. ഇതിൻെറ ജോലികഴിഞ്ഞാൽ ഈ പഞ്ചായത്തിനെ മലപ്പുറം മുനിസിപ്പാലിറ്റിയിലെ പാണക്കാടുമായി റോഡുവഴി ബന്ധിപ്പിക്കാം. വടക്കുഭാഗത്തുള്ള ഊരകം പഞ്ചായത്തുമായി ബന്ധിപ്പിക്കുവാനുള്ള ഒരു സൗകര്യവും ഇപ്പോൾ നിലവിലില്ല. ആയതിനാൽ കാങ്കരക്കടവ് എന്ന സ്ഥലത്ത് ഒരു നടപ്പാലം അത്യാവശ്യമായിരിക്കയാണ്. പഞ്ചായത്തിൽ ഈ കടവ് വരെ ഇപ്പോൾ തന്നെ റോഡ് നിലവിലുണ്ട്. അതുകൊണ്ട് കാങ്കരക്കടവിലെ ഈ നടപ്പാലം പഞ്ചായത്തിൻെറ വികസനത്തിന് അത്യാവശ്യമാണ്. പ്രസ്തുത പാലത്തിന് വേണ്ട ഭരണാനുമതിയും സർക്കാറിൻെറ പ്രത്യേകാനുമതിയും ലഭിക്കുകയും പഞ്ചായത്തിൻെറ ഒരു വിഹിതം അടക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമായ കുഴിപ്പുറംകടവ് പാലത്തിൻെറ നിർമ്മാണവും അത്യന്താപേക്ഷിതമാണ്. കൂടാതെ താഴെ പറയുന്ന റോഡുകളുടെയും മററും പ്രവൃത്തികൾ താമസംവിനാ ഏറെറടുക്കേണ്ടിയിരിക്കുന്നു.

### റോഡുകൾ ടാർ ചെയ്യാനുള്ളത്

| വാർഡ് | റോഡിൻെറ പേര് |
|---|---|
| 1. | 1) പൊട്ടിക്കല്ല്-കല്ലൻകുത്ത് റോഡ് |
| | 2) കൈപ്പററ-പള്ളിക്കവല മുക്കിൽകടവ് റോഡ് |
| | 3) നെട്ടിച്ചാടി-പൊട്ടിക്കല്ല്-കൈപ്പറററോഡ് റീടാറിംഗ് |
| 2. | 1) മുസ്ല്യാരങ്ങാടി-അത്തിക്കോട് റോഡ് |
| | 2) മററത്തൂരങ്ങാടി-കുയ്യണ്ണ്റോഡ് |
| | 3) മററത്തൂരങ്ങാടി- കുളമ്പിലക്കടവ് റോഡ് |
| 5. | 1) ഒതുക്കുങ്ങൽ-ചെറുകുന്ന് റോഡ് പൂർത്തീകരണം |
| | 2) ഗവ. ഹൈസ്ക്കൂൾ- മാണൂർ റോഡ് |
| | 3) അസൈൻ സ്മാരക റോഡ് |
| | 4) ചെറുകുന്ന്-ചെറുകുത്തുംപള്ളിയാലി റോഡ് |
| | 5)ഒതുക്കുങ്ങൽ-മാണൂർറോഡ് (തങ്ങൾസ് ലൈൻ) |
| | 6) പി. എച്ച് സെൻറർ റോഡ് |
| | 7) പാറക്കളം-കുമംകല്ല് റോഡ് |
| | 8) ചെറുകുന്ന് മേലേകുളമ്പ്-വെളുത്തേങ്ങാട റോഡ് |
| | 9) മാണൂർ- കാഞ്ഞിരപ്പള്ളി റോഡ് |
| | 10)ഒതുക്കുങ്ങൽ-അത്തിക്കൽ പള്ളിയാൽറോഡ് പൂർത്തീകരണം |
| 4. | 1) മുനമ്പത്ത്- മററത്തൂരങ്ങാടി റോഡ് റീ ടാറിംഗ് |

6. മുണ്ടോത്ത് പറമ്പ് എൽ. പി സ്കൂൾ റോഡ്
കുഴിപ്പുറം ഹെൽത്ത് സെൻറർ- കൊപ്പം റോഡ്
മുക്കൻമാട്-കല്ലുവെട്ടിക്കൽ മാട് റോഡ്'
മിനിസ്റേറഡിയം റോഡ്. പൂളക്കുണ്ടൻ റോഡ്
കമാനത്തിങ്ങൽ-തച്ചിഞ്ചീരി റോഡ്
7. ചെറുകുന്ന്-കാക്കേരിക്കുളമ്പ് റോഡ്
കുരിപ്പറമ്പ്-അമ്പലപ്പടി (ശങ്കരത്ത്ഇടവഴി)റോഡ്
പൂളക്കുണ്ടൻ ബാവ സ്മാരക റോഡ്
8. 1) പാറക്കോരി-കൊളത്തുപറമ്പ് റോഡ് (താഴത്തെകുണ്ട് വഴി)
2) പാറക്കോരി-മേലേപ്പറമ്പ് റോഡ്
3) പുത്തൂർ മേനോൻ റോഡ്
9. 1) കല്ലുവളപ്പ്-പള്ളിപ്പുറം റോഡ്
സൂപ്പിബസാർ-ഇറച്ചിപ്പുരറോഡ്
ഇറച്ചിപ്പുര- കടവത്ത് റോഡ്
പള്ളിപ്പടി-സ്ക്കൂൾ പടി റോഡ്
സ്കൂൾപടി- കല്ലുവളപ്പ് ഇഖ്ലാസ് റോഡ്
കൊടവണ്ടൂർകുളം-സ്കൂൾപടി റോഡ്
സൂപ്പിബസാർ-കച്ചടിപ്പാററോഡ്
കുററിപ്പൊന്ത-ആട്ടീരിച്ചിററോഡ്
10. മാവേലി-കുന്നുംകുററിറോഡ്
പെരുമ്പള്ളിയിൽ-അന്തത്തുംപടിറോഡ്
കുരുണിയപ്പറമ്പ് ലക്ഷംവീട് കോളനിറോഡ്.
12 പുത്തൂർ-കല്ലടറോഡ്
പുത്തൂർ-പള്ളിപ്പുറം റോഡ്

## റോഡുകളും ഇടവഴികളും
## (പുരോഗമനപ്രവൃത്തി നടത്തേണ്ടവ)

വാർഡ്

1 1) പൊട്ടിക്കല്ല്- കല്ലംകുത്ത് റോഡ്
2) ആലുങ്ങൽ ഇടവഴി
2. 1) കാരിയിൽമാട്- കാരിത്തൊടു ഇടവഴി
2) കൊങ്ങം പറമ്പ്- കുയ്യണ്ണ് ഇടവഴി
3) കൊങ്ങം പറമ്പ്-കൂനാരി ഇടവഴി
4) കൊങ്ങം പറമ്പ്-പുളിക്കൽ ഇടവഴി
5) മുസ്ല്യാരങ്ങാടി-കാരിയിൽ ഇടവഴി

4. 1) മുനമ്പത്ത്- തെക്കുംമുറി പള്ളിയാളിറോഡ് കയററം ചുരുക്കുക
2) മുനമ്പത്ത് ചോലക്കൽ ഇടവഴി
5. മല്ലിത്തൊടിമല ഇടവഴി
6. നൊട്ടനാലക്കൽ-ചെറുകുന്ന്പാടം ഇടവഴി
7. 1) നെഞ്ഞാംകുന്ന് നെടുങ്ങോട്ട് കുളമ്പ്-ചെറുകുന്ന് റോഡിൽ നിന്ന് നെടുങ്ങോട്ടുകുളമ്പ് ഹരിജൻ കോളനിയിലേക്ക് നടപ്പാത നിർമ്മിക്കുക
2) നിരപറമ്പിൽ നിന്ന്-കൊളമ്പിൽ പാടത്തേക്കുള്ള ഇടവഴി
3) കുരിപ്പറമ്പിൽ നിന്ന്-അയ്യപ്പൻ ചോലക്കൽ ഇടവഴി നന്നാക്കുകയും വലിയപറമ്പ് വരെ നീട്ടുകയും ചെയ്യുക.
4) മേലേകുളമ്പിൽ പൊന്നാത്ത് ഇടവഴി
5) കൊളത്തുപറമ്പ് ഹരിജൻകോളനിയിൽ നിന്ന് ചെങ്ങണക്കുന്നൻ മുഹമ്മദ്, കല്ലാരമംഗലത്ത് കൃഷ്ണൻകുട്ടി എന്നിവരുടെ പറമ്പ് അതിരിലൂടെയുള്ള ഇടവഴി
6) കുളത്തുപറമ്പ്-മേച്ചേരിക്കുണ്ട് ഇടവഴി.
8. 1) പാറക്കോരിയിൽ നിന്നും ആട്ടീരിയിലേക്കുള്ള നടവഴി
2)ചൂളളിയൻ കുണ്ടിലേക്കുള്ള ഇടവഴി സ്റ്റെപ്പ്കെട്ടുക
3) താഴത്തെകുണ്ട് റോഡിൽ നിന്ന് മിച്ച ഭൂമിയിലേക്കുള്ള നടവഴി വീതികൂട്ടുക
4) അകായി വളവിൽ നിന്നും താഴത്തെകുണ്ട് റോഡിലേക്കുള്ള നടവഴി.
5) അകായി വളവിൽ നിന്നുള്ള ചെറുകര ഇടവഴി
9. ചെനക്കൽ മുതൽ എം. ഐ. മദ്രസ്സവരെയുള്ള ഇടവഴി
10. 1) തെക്കുംമുറി- പാറക്കളം റോഡ്
2) കുരുണിയപ്പറമ്പ്- നാങ്കത്ത്പുറായ ഇടവഴി
3) മാവേലി-പൂഴിക്കുന്ന് ഇടവഴി
4) കുരുണിയപ്പറമ്പ് നിന്ന് കല്ലംകുത്ത് റോഡ് വരെയുള്ള ഇടവഴി
5) വെളൂത്തേടത്ത് ഇടവഴി
11 പാറപ്പുറത്ത് നിന്ന് പുത്തമ്പുടിയൻ കടവ് വരെയുള്ളറോഡ് പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കുക

## റോഡുകൾ-പുതുതായി നിർമ്മിക്കേണ്ടത്

വാർഡ്

1 1) കല്ലങ്കുത്ത് ഇടവഴി വീതികൂട്ടി പുത്തൻപുടിയൻ കടവ് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.
2) കൈപ്പററ റോഡും ചേക്കത്ത് കുണ്ട് റോഡും ബന്ധിപ്പിച്ച് കൊണ്ട് കുണ്ടംമണ്ണ് ഇടവഴി വീതി കൂട്ടിയുള്ള റോഡ്
3) കല്ലൻകുത്ത് റോഡ് പാത്തമ്പുടിയൻ

കടവ് വരെ നീട്ടുക.

2. 1)മുസ്ല്യാരങ്ങാടി-കുയണ്ണ് വഴി മററത്തൂരങ്ങാടി യിലേക്കുളള ഇടവഴി റോഡാക്കുക.
2) കൊങ്ങംപറമ്പ് മുതൽ-തോട്ടക്കോട്ട് മണ്ണുവരെ
3) ഹരിജൻ ശ്മശാനം മുതൽ-മറ്റത്തൂർ യു. പി. സ്കൂ൦ വരെ
4) പമ്പ്ഹൗസ് മുതൽ-ഖാദിർകയംവരെ (പുഴ സൈഡ് കെട്ടിക്കൊണ്ട്)
5) തേർമണ്ണക്കടവ് മുതൽ- മററത്തൂരങ്ങാടിവരെ
6) മുതരോട് പറമ്പ്- അത്താ[illegible]ാട് റോഡ്

3. 1)വെളിയോട് റോഡ്-പാണക്കാട്പാലംവരെ
2) കടലുണ്ടിപ്പുഴ 33ം വാർഡ് അത്യത്തി മുതൽ ചൂരക്കായ് കടവ് വരെ തീരദേശ റോഡ്
3) മൂലപ്പറമ്പ വടക്കുമണ്ണ-പാണക്കാട്പാലംവരെ
4) വടക്കുമണ്ണ പ്രദേശത്ത് ഉറനാടുകളിലൂടെ പുഴയുമായി ബന്ധിപ്പിക്കുന്ന റോഡ്

4. 1) പാറങ്ങാടി- ചാലിപ്പാടം റോഡ്
2) എടക്കണ്ടൻ ഇടവഴി റോഡാക്കുക
3) ഒതുക്കുങ്ങൽ ഗവ. ഹൈസ്ക്കൂ൦ റോഡ് മുനമ്പത്ത് മീൻകല്ല് റോഡ് എന്നിവ ബന്ധിപ്പി ക്കുന്ന റോഡ്
4)മുനമ്പത്ത് -അത്തിക്കോട് റോഡ്
5) പുവ്വാട് മോതിപ്പളളി റോഡ് തൊടുകുത്ത് പറമ്പ്റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.

5. 1) മല്ലിത്തൊടിമല ഇടവഴി റോഡാക്കി ചെറുകുന്ന് വെളുത്തേങ്ങാട് റോഡുമായി ബന്ധിപ്പിക്കുക.
2) വെളുത്തേങ്ങാട് നിന്ന് കൊരണിയിലേക്ക് റോഡ്
3) അത്തിക്കൽ പളളിയാൽ റോഡിൽ നിന്ന് ചങ്ങ മ്പളളി വഴി ചാമച്ചീരിമാട് ഇടവഴി റോഡാക്കുക.
4) നെട്ടനാലുക്കൽ-ചങ്ങമ്പളളി നടവഴി റോഡാക്കുക
5) പാറക്കളം കുമംകല്ല് മുതൽ അങ്ങാടിവരെയു ളള നടവഴി റോഡാക്കുക.
6) ചെറുകുന്ന് വെളത്തേങ്ങാട് റോഡ് ആനോാ൦ ചെറുകുന്ന് റോഡുമായി ബന്ധിപ്പിക്കുക.

6. 1) മുണ്ടോത്ത്പറമ്പ് എൽ. പി സ്കൂ൦ റോഡ് വിളക്കത്ത് വഴി കൊളത്തുപറമ്പുമായി ബന്ധി പ്പിക്കുന്ന റോഡ്
2) കമാനത്തിങ്ങൽ- മേലേകുളമ്പ് റോഡ് പൂർത്തീകരണം
3) മുണ്ടോത്ത് പറമ്പ്കവല- മുണ്ടോത്ത് പറമ്പ് അംഗവനാടി റോഡ്

7. 1) ചെറുകുന്ന്- കാക്കേരികുളമ്പ് റോഡ് ചിനവഴി ആനോാ൦-ചെറുകുന്ന് റോഡുമായി ബന്ധിപ്പിക്കുക
2) കാക്കേരിക്കുളമ്പ് റോഡിൽ നിന്ന് മണ്ണാരുണ്ടിൽ ഇടവഴി നെടുങ്ങോട്ട്കുളം റോഡിലേക്ക് ബന്ധിപ്പിക്കുക.
3) ആനോാ൦-ചെറുകുന്ന് റോഡിൽ നിന്ന് നെഞ്ഞാംകുന്നിലൂടെ നെടുങ്ങോട്ട് കുളമ്പ് ചെറു കുന്ന് മെയിൻ റോഡിലേക്ക് പോവുന്ന റോഡ് പൂർത്തീകരണം.
4) കൊളത്തുപറമ്പ് ഹരിജൻ കോളനി റോഡ് ചെറുകുന്ന് റോഡുമായി ബന്ധിപ്പിക്കുക.
5) കൊളത്തുപറമ്പ്- പൂഴിത്തൊടി മുണ്ടോത്ത് പറമ്പ് എൽ. പി സ്കൂ൦ റോഡ് നിർമ്മാണം പൂർത്തിയാക്കുക.

8. 1)മൂശാലിപ്പാറ, മണ്ണാൻ കോളനി എന്നിവിടങ്ങ ളിലൂടെ കടന്ന് പോവുന്ന റോഡ് കൊളത്തുപറമ്പ് ഹരിജൻ കോളനി റോഡുമായി ബന്ധിപ്പിക്കുക
2) അകായി വളവിൽ നിന്ന് ആവണക്കാട് മലവഴി ചിനവരെ

9. 1)പളളിയാൽ ഇടവഴി റോഡാക്കുക.
2) ചെടിയായിക്കൽ ഇടവഴി റോഡാക്കി മാററുക
3) സ്കൂ൦പടി റോഡ് മലയിൽ പറമ്പ് വഴി പളളി പ്പുറം റോഡുമായി ബന്ധിപ്പിക്കുക.
4) കൊടവണ്ടൂർ മിൽറോഡ് സൂപ്പിബസാർ റോ ഡുമായി ബന്ധിപ്പിക്കുന്ന റോഡ്
5) എട്ടുംതറ മുതൽ പാടംവരെയുളള ഇടവഴി റോഡാക്കുക
6) മാർക്കററ് ഇടവഴി റോഡാക്കുക
7) കോരുവിൻെറ ഇടവഴി റോഡാക്കിമാററുക
8) കൊടവണ്ടൂർകുളം മുതൽ-കൊടവണ്ടൂർ പറമ്പ് വരെയുളള ഇടവഴി റോഡാക്കുക.
9) കോമുഹാജിപ്പടി മുതൽ പാടംവരെയുളള ഇടവഴി റോഡാക്കുക.
ഇറച്ചിപ്പുര- കടവത്ത്റോഡ് പൂർത്തീകരണം

10. 1) കുരുണിയപ്പറമ്പ് കൊടാട്ട് ഇടവഴി പാടംവരെ റോഡ് നിർമ്മിക്കുക.
2) പാറപ്പുറം പുഴിക്കുന്നു റോഡ്

11. 1) അത്തൊളളി ഇറക്കത്തിൽ നിന്ന് കിഴക്കോട്ട് പാടം വരെ റോഡ് നിർമ്മിക്കുക.
2) പുത്തൻ പുടിയൻ കടവ്- മുഴിക്കൽ തോട്

.രെ റോഡ്

3) അത്തോളി ഇറക്കത്തിൽ നിന്നു കാട്ടുപാടം വരെയുള്ള ഇടവഴി റോഡാക്കുക.

12. 1) ഉദരാണി-കൊളക്കോട്റോഡ് പൂർത്തീകരണം

2) അരിച്ചോറ- ആനോറപറമ്പ് റോഡ് പുത്തൂർവരെ നീട്ടുക

3) മമ്മിപീടിക- ഉദരാണിചോല ഇടവഴി റോഡാക്കുക

## പാലങ്ങളും ഓവ്പാലങ്ങളും പണിയേണ്ടത്

വാർഡ്

1. 1) കൈപ്പററയേയും മമ്പീനിയെയും ബന്ധിപ്പിക്കുന്ന നടപ്പാലം

2) പണിക്കർക്കുണ്ട് തോടിനു പാലം

3) മുഴിക്കൽ തോടിൽ നടപ്പാലം

4) ചേക്കത്ത്കടവ് പറപ്പൂർ ഞ്ചായത്തുമായി ബന്ധിപ്പിക്കാൻ ക്രോസ്‌വേ.

2. കടലുണ്ടിപ്പുഴക്ക് കാങ്കരക്കടവിൽ നടപ്പാലം

3 വടക്കുംമണ്ണ തയ്യിൽ റോഡിൽ നിന്ന്- കാരാതോട്ടിലേക്ക് നടപ്പാല

. ചങ്ങമ്പള്ളിയിൽ റോഡിന് ഓവുപാലം

2 പുത്തൂർ-കല്ലട റോഡിൽ കുണ്ട തോടിൽ ഓവുപാലം

## പുഴയിലേക്ക് റാമ്പുകാം കെട്ടാനുള്ളത്.

വാർഡ്

1 മുക്കിൽക്കടവ് പുഴയിലേക്ക്

## ൦െ ഡഡ്ഭിത്തിയും ഡ്രൈനേജും കെട്ടാനുള്ളത്

വാർഡ്

4. മുനമ്പത്ത്-മററത്തൂരങ്ങാടി റോഡിൽ മുനമ്പത്ത് ജംഗ്ഷൻ മുതൽ ഓവുപാലംവരെ

11 1) അത്തോളി ഇറക്കത്തിൽ സൈഡ് ഭിത്തി കെട്ടുക

2) പുളിക്കലക്കാട് പാലത്തിൻെറ സൈഡ് റിപ്പയർ

5 ഒതു ...ൽ-ചെറുകുന്ന് റോഡിൽ മരത്തിങ്ങ ഡ്രൈനേജ് നിർമ്മിക്കുക.

## ഊർജ്ജം

ആധുനിക യുഗത്തിൻെറ ജീവൽപ്രധാന പ്രശ്നമാണ് ഊർജ്ജം. ഇന്നുപയോഗിക്കുന്ന ഊർജ്ജത്തിൻെറ നല്ലൊരുറവിടം വൈദ്യുതിയാണ്. പരിമിതമായി ലഭിക്കുന്ന വൈദ്യുതോർജ്ജം ശരിയായി ഉപയോഗിക്കേണ്ടത് സാമൂഹികബാധ്യതയാണ്.

ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ ആദ്യമായി വൈദ്യുതി ലഭിച്ചത് പാറമ്മൽ പ്രദേശം, ഒതുക്കുങ്ങൽ ടൗൺ എന്നിവിടങ്ങളിലാണ്. മലപ്പുറം മുണ്ട്പറമ്പ് 110 കെ. വി സബ്സ്റേറഷനിൽ നിന്നും 11 കെ. വി കോഡൂർ ഫീഡറിൽ നിന്നായിരുന്നു ഇവിടേക്ക് വൈദ്യുതി നൽകിയത്. ഉപഭോക്താക്കളുടെ എണ്ണം വർധിച്ചതനുസരിച്ച് കൂടുതൽ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകാം സ്ഥാപിച്ചു. പഞ്ചായത്തിൻെറ അടുത്ത പ്രദേശമായ എടരിക്കോടുള്ള 66 കെ. വി സബ്സ്റേറഷനിൽ നിന്നും വരുന്ന 11 കെ. വി കോട്ടക്കൽ ഫീഡറിൽ നിന്നും പുത്തൂർ പ്രദേ ശത്തുള്ള No18, No 2 ട്രാൻസ്ഫോമറുകാംക്ക് വൈദ്യുതി നൽകുന്നുണ്ട്. ഉപഭോക്താക്കളുടെ എണ്ണം വർധിച്ചപ്പോാം കോട്ടക്കൽ ഇലക്ട്രിസിറ്റി ഓഫീസ് ആരംഭിക്കുകയും പഞ്ചായത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങാം ധൃതഗതിയിലാവുകയും ചെയ്തു.

പഞ്ചായത്തിൽ വൈദ്യുതി വിതരണത്തിനായി 16 ട്രാൻസ്ഫോർമർ ഇപ്പോാം സ്ഥാപിച്ചിട്ടുണ്ട്. 4 ട്രാൻസ്ഫോർമറുകാം പുതുതായി അനുവദിച്ചതിൽ മററത്തൂർ തെക്കുംമുറി, അരിച്ചോർ എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ നടന്നുവരുന്നു. ഈ ട്രാൻസ്ഫോർമറുകാം സ്ഥാപിക്കുകയും നിലവിലുള്ള സിംഗിാം ഫേസ് ലൈനുകാം ത്രീ ഫേസ് ലൈനുകളാക്കുകയുമാണെങ്കിൽ ഒരു പരിധിവരെ വോാംട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്. നിലവിലുള്ള സ്ട്രീറ്റ് ലൈററുകളുടെ വൈദ്യുതി ചാർജ്ജായി നല്ലൊരു തുക ചിലവാകുന്നുണ്ട്. ഇവക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയാൽ ഒരു പരിധിവരെ അമിതചാർജിൽ നിന്ന് മോചനം നേടാവുന്നതാണ്. മററ് പ്രദേശങ്ങളിലെ പോലെ ഇവിടെയും സ്ലാബ് സിസ്റ്റം മാററി മീറ്റർ റീഡിംഗിന് ചാർജ് നൽകുന്ന സംവിധാനം നിലവിൽ വരേണ്ടതുണ്ട്.

പട്ടിക 1

സ്ഥാപിച്ച ട്രാൻസ്ഫോർമറുകാം

| No | ലോഡ് KVA | സ്ഥലം |
|---|---|---|
| 1. | 160 | മുനമ്പത്ത് |
| 2. | 160 | മററത്തൂർ |
| 3. | 100 | മൂലപറമ്പ് |

| | | |
|---|---|---|
| 4. | 160 | ചാലി |
| 5. | 100 | ഒതുക്കുങ്ങൽ കുഴിപ്പുറം റോഡ്1 |
| 6. | 100 | ഒതുക്കുങ്ങൽ നമ്പർ 2 |
| 7. | 63 | നെട്ടിച്ചാടി |
| 8. | 250 | പൊട്ടിക്കല്ല് |
| 9. | 100 | ചെറുകുന്ന് |
| 10. | 160 | കൊളത്തുപറമ്പ് |
| 11. | 100 | ആട്ടീരി No 1 |
| 12. | 100 | ആട്ടീരി No 2 |
| 13. | 160 | നെട്ടിച്ചാടി-ബിസ്ക്കറ്റ് |
| 14. | 100 | പൂക്കുന്ന്-മാണൂർ |
| 15. | 250 | പുത്തൂർ No 1 |
| 16. | 160 | പുത്തൂർ No 2 |

പട്ടിക 2

പുതുതായി അനുവദിച്ച ട്രാൻസ്ഫോർമർ

| No | ലോഡ് KVA | സ്ഥലം |
|---|---|---|
| 1. | 100 | പാറപ്പുറം |
| 2. | 100 | മററത്തൂർ-തെക്കുംമുറി |
| 3. | 100 | അറബികോളേജ് |
| 4. | 100 | അരിച്ചോൾ |

ഒതുക്കുങ്ങൽ പഞ്ചായത്ത് വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ
   a)ഗാർഹികം 3270
   b)വ്യാപാരം 632
   c)വ്യാവസായികം 43
   d)കാർഷികം 270

2.കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളഅപേക്ഷകരുടെ എണ്ണം
   a)ഓർഡിനറി 285
   b)ഒ. ട്ടി. പി 5
   c)ഒ. വൈ. ഇ. സി 62

3.സ്ട്രീറ്റ് ലൈററുകളുടെ എണ്ണം
   a)ബൾബ് 40W-100No.
   b)ട്യൂബ് 10No
   c)മെർക്കുറിവേപ്പർ
   d)സോഡിയം വേപ്പർ150ൽ 8 No

4.ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ -1

5.തൽവർഷത്തെ കണക്ഷൻ- ഓർഡിനറി -24
   ഒ. ടി. പി 8
   ഒ. വൈ. ഇ. സി 71

6. സ്ട്രീറ്റ് ലൈററിന് വേണ്ടി പ്രതിമാസം ചെലവാകുന്ന തുക-1863 രൂപ

പട്ടിക 3

വൈദ്യുതി ലഭിച്ച ഹരിജൻ കോളനികൾ

| വാർഡ് | ഹരിജൻകോളനിയുടെ പേര് | കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യ സ്ലാബ് | പണം നൽകി ലഭിച്ചവർ |
|---|---|---|---|---|
| | തുമ്പ്രക്കുന്ന് ഹരിജൻ കോളനി | 7 | ഇല്ല | 7 |

നിലവിലുള്ള ട്രാൻസ്ഫോർമറുകളിൽ ഡിപ്പാർട്ട്മെൻറ് കണക്ക്പ്രകാരം ഒതുക്കുങ്ങൽ നമ്പർ 1 ട്രാൻസ്ഫോർമറിൽ നിന്നുമാത്രമേ ഓവർലോഡായി കണക്ഷൻ നൽകിയിട്ടുള്ളു. എങ്കിലും പലരൂപത്തിലുള്ള വൈദ്യുതി നഷ്ടം കാരണം മററ് ട്രാൻസ്ഫോർമറുകളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. അപേക്ഷ നൽകിയിട്ടുള്ളവർക്ക് കണക്ഷൻ നൽകാൻ പുതിയ ട്രാൻസ്ഫോർമറുകൾ (അനുവദിച്ചവ) പ്രവർത്തനക്ഷമമാക്കിയാൽ മതി. ഗാർഹിക-വ്യാവസായിക രംഗങ്ങളിലെ ഊർജ്ജ നഷ്ടം ഒഴിവാക്കാൻ ആവശ്യമായ എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതുണ്ട്. ലോഡ്ഷെഡിംഗും പവർകട്ടും ഗാർഹിക വ്യാവസായിക ഉപഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ട ഉണ്ടാക്കുന്നുണ്ട്. ഇതിന് പരിഹാരമായി പുതിയ ഊർജ്ജസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തണം- സോളാർ എനർജി പരീക്ഷിക്കാവുന്നതാണ്.

മററ് ഊർജ്ജദായക വസ്തുക്കളിൽ പ്രധാനം വിറക്, പെട്രോൾ, ഡീസൽ, മണ്ണെണ്ണ എന്നിവയാണ്. പാചകവാതക ഗ്യാസ് ഉപയോഗിക്കുന്നവർ വളരെ പരിമിതമാണ്. വിറകിൻെറ ഉപയോഗം വളരെ കൂടുതലാണ്. ഇതിൻെറ പ്രധാനകാരണം അടുപ്പ് സംവിധാനത്തിലെ അശാസ്ത്രീയതയാണ്. മെച്ചമായ (പുകയില്ലാത്ത)അടുപ്പ് സംവിധാനത്തിലൂടെ വിറക് ലാഭിക്കാം. ചൂടാക്കിയതിനുശേഷം അതേ താപനില നിലനിർത്താൻ കച്ചിപ്പെട്ടികൾ ഉപയോഗിക്കാം. ഗാർഹിക വൈദ്യുതീകരണം കൂടുമ്പോഴും മണ്ണെണ്ണയുടെ ഉപയോഗം കുറയുന്നില്ല. ഇതിനുകാരണം പവർകട്ടും, വോൾട്ടേജ് ക്ഷാമവും, കാർഷികരംഗത്തെ ഉപയോഗവുമാണ്. ബയോഗ്യാസ് പ്ലാൻറുകൾ

സ്ഥാപിച്ച് വിറകിൻെറ ഉപയോഗം ഒരു പരിധിവരെ ലാഭിക്കാം. കുറവുമാത്രം ഊർജ്ജമുപയോഗിക്കുന്ന ഇലക്ട്രിക്ക് ഉപകരണങ്ങാം, മെഷീനുകാം, പ്രവർത്തനക്ഷമതയുള്ള അടുപ്പുകാം, ഗ്യാസ് സ്ററൗവുകാം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണമാവശ്യമാണ്.

## പ്രശ്നങ്ങാം

1 ഉപയോഗിച്ച വൈദ്യുതിയുടെ അളവനുസരിച്ച് ബിൽ അടക്കാനുള്ള സംവിധാനമില്ല.

2. ബിൽ അടക്കാൻ വേണ്ടി പ്രദേശത്തെ ജനങ്ങാം ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്.

3. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകാം കത്തുന്നില്ലെങ്കിലും നിശ്ചിത തുക അടക്കേണ്ടിവരുന്നു.

4. പഞ്ചായത്തിലെ ഉാംപ്രദേശങ്ങളിലും പ്രധാന കച്ചവട സ്ഥലങ്ങളിലും രാത്രിയിൽ വേണ്ടത്ര വെളിച്ചം ലഭിക്കുന്നില്ല

5. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളായ പൊട്ടിക്കല്ല്, അത്തിക്കോട്, നൊട്ടനാലുക്കൽ, മരത്തിങ്ങൽ, ചെറുകുന്ന്, മേലെകുളമ്പ്, മുണ്ടോത്ത്പറമ്പ് ലക്ഷംവീട് പരിസരം, മുക്കൻമാട്, ഇഖ്ലാസ്നഗർ, തെക്കുപറമ്പ്, കുരുണിയൻ പറമ്പ്, തെക്കുംമുറി, പാറപ്പുറം, പുത്തൂർ, ഉദരാണി, പട്ടായിമാട്, കാരിപ്പുറായ് എന്നിവിടങ്ങളിൽ രൂക്ഷമായ വോാംട്ടേജ് ക്ഷാമം നേരിടുന്നുണ്ട്.

## നിർദ്ദേശങ്ങാം

അരിച്ചോളിൽ സ്ഥാപിച്ച ട്രാൻസ്ഫോർമർ ഉടനെ ചാർജ് ചെയ്യുക.

മററത്തൂർ-പാറങ്ങാടി ലൈൻ പൊതുറോഡിലേക്ക് മാററുക.

പൊതുജന പങ്കാളിത്തത്തോടുകൂടി സാധ്യമായ സ്ഥലങ്ങളിൽ ജനറേറ്ററുകാം ഉപയോഗിച്ച് വൈദ്യുതക്ഷാമം പരിഹരിക്കുക.

സ്ട്രീറ്റ് ലൈററുകാംക്ക് സൗരോർജ്ജം ഉപയോഗിക്കാവുന്നതാണ്

ലൈനിലേക്ക് ചാഞ്ഞ് നിൽക്കുന്ന വൃക്ഷ ശാഖകാം വെട്ടിമാററി പ്രസരണ നഷ്ടം ഒഴിവാക്കുക

വോാംട്ടേജ് ക്ഷാമപരിഹാരത്തിന് താഴെ പറയുന്ന സിംഗിാംഫേസ് ലൈനുകാം ത്രീഫേസ് ആക്കുക.

മററത്തൂർ പാറങ്ങാടി, ഒതുക്കുങ്ങൽ എൽ. പി. സ്കൂാം വഴിയുള്ള ലൈൻ, തുമ്പ്രൻ കുന്നത്ത് കോളനി ലൈൻ

സി. കെ. എച്ച് ഇൻഡസ്ട്രിയുടെ ഭാഗത്ത് നിന്ന് കാക്കേരി കുളമ്പ് ലൈൻ

കുളത്തുപറമ്പ് ത്രീസ്റ്റാർ സോമില്ലിന് സമീപത്ത് കൂടെ താഴെപോവുന്ന ലൈൻ.

പാറക്കോരി താഴത്തെകുണ്ട് റോഡ് ലൈൻ

മേനോൻ റോഡ്- മേലേകുളമ്പ്റോഡ്, അരിച്ചോൾ -ഉദരാണി. അരിച്ചോൾ-കൂരിപ്പറമ്പ്

പഞ്ചായത്തിലെ മൊത്തം ഊരജ്ജ സംരക്ഷണത്തിനായി സ്ഥിരമായ വിദഗ്ധ സമിതിയെ ഏർപ്പെടുത്തുക.

ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, സിംഗിാം ഫേസ് ത്രീഫേസ് ആക്കിമാററൽ തുടങ്ങിയവയ്ക്ക് പൊതുജനപങ്കാളിത്തത്തോടെ ഫണ്ട് രൂപീകരിക്കുക.

ഊർജ്ജ നഷ്ടം തടയാൻ ക്ഷമതകൂടിയ ഉപകരണങ്ങാം തെരഞ്ഞെടുത്ത് ഉപയോഗിക്കാൻ പ്രചാരണം നടത്തുക

സ്ട്രീറ്റ് ലൈററുകാംക്ക് സോളാർ ഊർജ്ജം ഉപയോഗിക്കാൻ പററുമോ എന്നുള്ളതിന്റെ സാധ്യതകാം അന്വേഷിക്കുക.

ബയോഗ്യാസ് പ്ലാൻറ്, പുകയില്ലാത്ത അടുപ്പുകാം മുതലായവക്ക് പ്രചരണം നൽകുക.

ഒതുക്കുങ്ങൽ കേന്ദ്രമാക്കി ഒരു ഇലക്ട്രിസിററി ബിൽ കൗണ്ടർ തുടങ്ങുക.

സ്ലാബ് സിസ്റ്റം ഒഴിവാക്കി മീറ്റർ റീഡിംഗ് സംവിധാനം നടപ്പിൽ വരുത്തുക.

# 4-7

# ഭവന നിർമ്മാണവും, ക്ഷേമപ്രവർത്തനങ്ങളും

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മററത്തൂർ, പുത്തൂർ എന്നീ രണ്ട് അംശങ്ങാം ചേർന്നതാണ് ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്. കൃഷിയും അനുബന്ധതൊഴിലുകളുമാണ് ജനങ്ങളുടെ പ്രധാന ജീവിത സ്രോതസ്. ഗാംഫ് പണത്തിൻെറ സ്വാധീനം പബ്ലിക് റോഡുകളുടെ വശങ്ങളിൽ അലങ്കാരപൂർണവും ആഡംബരമുളളതുമായ കെട്ടിടങ്ങളുയർത്തുന്നുവെങ്കിലും അടിസ്ഥാന സാമ്പത്തികനില ഭദ്രമല്ല. തൊഴിൽ (വിദേശത്തായാലും സ്വദേശത്തായാലും) കച്ചവടം മുതലായവയിൽ നിന്ന് അന്നന്ന് ലഭിക്കുന്ന വരുമാനമാണ് 75 ശതമാനത്തിൻെറയും ആശ്രയം. വ്യാപാര-വ്യാവസായിക -കാർഷികവരുമാനത്തിൻെറ ആദായമുപയോഗിച്ച് ജീവിക്കുന്നവർ 10 ശതമാനം മാത്രമേ വരികയുളളു. 15 ശതമാനം പേരും വളരെ താഴ്ന്ന വരുമാനക്കാരാണ്. വരുമാനത്തിൻെറ മുക്കാൽപങ്കും കെട്ടിടനിർമ്മാണത്തിനും വീടുകളുടെ ആഡംബരങ്ങാം വർധിപ്പിക്കുന്നതിനും ഉപയോഗിക്കുന്നുവെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

സ്വന്തമായൊരു വീട് സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഒരു സ്വപ്നമാണ്. ഭൂമിയുടെ ലഭ്യതക്കുറവും ക്രമാതീതമായ വിലക്കയററവും ഭവന നിർമ്മാണ പ്രക്രിയയെ സങ്കീർണമാക്കുന്നു. ഭൂമി ഇന്നൊരു കിട്ടാക്കനിയായിത്തീർന്നിരിക്കുന്നു. സാധാരണക്കാരന് താങ്ങാൻ കഴിയാത്ത വിലയാണ് ഭൂമിക്ക്.

ഒതുക്കുങ്ങൽ പഞ്ചായത്തിലെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ കെട്ടിടനിർമ്മാണ രംഗം പരിശോധിച്ചാൽ, കോൺക്രീറ്റ് കെട്ടിടങ്ങളോടുളള ആഭിമുഖ്യം കൂടിവരുന്നതായി കാണാം. മരത്തിൻെറ അമിതമായ വിലയും ആവശ്യത്തിന് മരം കിട്ടാതെവരുന്നതും പണിതീർന്നുകിട്ടാനുളള കാലതാമസവും വിദഗ്ധതൊഴിലാളികളുടെ കുറവുമാണിതിന് കാരണമായി ചൂണ്ടിക്കാണിക്കാനുളളത്.

ഒതുക്കുങ്ങൽ പഞ്ചായത്തിൻെറ നിലവിലുളള 5501 വീടുകളിൽ 782 എണ്ണം (14.21%)കോൺക്രീറ്റ് ചെയ്തതും 3924 എണ്ണം (71.33%) ഓടിട്ടവയും 795 എണ്ണം (14.45%) ഓലമേഞ്ഞവയുമാണ്

പട്ടിക-1

വീടുകളുടെ തരംതിരിച്ച കണക്ക്.

| വാർഡ് | ഓടിട്ടത് | ഓലമേഞ്ഞത് | കോൺക്രീറ്റ് ചെയ്തത് |
|---|---|---|---|
| 1. | 317 | 70 | 17 |
| 2. | 269 | 85 | 25 |
| 3. | 311 | 80 | 42 |
| 4. | 322 | 89 | 37 |
| 5. | 594 | 70 | 148 |
| 6. | 247 | 53 | 193 |
| 7. | 315 | 96 | 44 |
| 8. | 223 | 25 | 39 |
| 9. | 498 | 110 | 102 |
| 10. | 289 | 68 | 25 |
| 11. | 332 | 29 | 54 |
| 12. | 207 | 20 | 56 |
| ആകെ | 3924 | 795 | 782 |

വിവാഹം ചെയ്തു ഒന്നോ രണ്ടോ കുഞ്ഞുങ്ങളായാൽ പുതിയ വീടുണ്ടാക്കി താമസം മാററുന്ന സമ്പ്രദായമാണുളളത്. എന്നാൽ ഇതിനു കഴിയാതെ ഞെരുങ്ങിക്കഴിയുന്ന കൂട്ടുകുടുംബങ്ങാം ധാരാളമുണ്ട്. വീടുവയ്ക്കാനുളള സ്ഥലം സ്വന്തമാക്കാനും കിട്ടിയാൽ തന്നെ വീടുവയ്ക്കാനുളള സാമ്പത്തിക ശേഷിയില്ലായ്മയുമാണ് അവർക്ക് പ്രശ്നം. കൂടുതൽ അംഗങ്ങളുളള കൂട്ടുകുടുംബങ്ങാംക്ക് പലവിധത്തിലുളള സാമ്പത്തികാനുകൂല്യങ്ങളും ലഭിക്കാൻ പ്രയാസം നേരിടുന്നു. നാല്പതും, നാല്പത്തഞ്ചും അംഗങ്ങളുളള റേഷൻ കാർഡുകാംവരെ ഈ പഞ്ചായത്തിലുണ്ട്. സ്വന്തമായി വീടില്ലാത്തതിൻെറ പേരിൽ വാടകവീടുകളിൽ താമസിക്കുന്നവരുണ്ട്.

കാര്യമായ ഭവന നിർമ്മാണ പദ്ധതികളോ വായ്പാ പദ്ധതികളോ ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ രംഗത്ത് നടപ്പാക്കാൻ സാധിച്ചിട്ടില്ല. വർഷങ്ങൾക്ക് മുമ്പ് ലക്ഷം വീട് പദ്ധതിപ്രകാരം ലഭിച്ച 70 വീടുകളും മററു പദ്ധതികൾ മുഖേന ലഭിച്ച കുറച്ചു വീടുകളും മാത്രമാണിതിന് അപവാദം.

### ലക്ഷം വീട് പദ്ധതിപ്രകാരം ലഭിച്ച വീടുകൾ

| | |
|---|---|
| മുണ്ടോത്ത് പറമ്പ് കോളനി | 40 എണ്ണം |
| കുരുണിയൻ പറമ്പ് കോളനി | 20 എണ്ണം |
| ആനോൾ കോളനി | 7 എണ്ണം |

ഒതുക്കുങ്ങൽ പഞ്ചായത്തിലെ പട്ടികജാതി പിന്നോക്ക വിഭാഗങ്ങളുടെ പാർപ്പിട സൗകര്യങ്ങൾ അപര്യാപ്തമാണ്. വീടുവയ്ക്കാനുള്ള സ്ഥലം ഇല്ലായ്മയാണ് പ്രശ്നം. ഇവരുടെ കാര്യത്തിൽ ചില വസ്തുതകൾ പ്രത്യേകം പരിഗണനയർഹിക്കുന്നു.

* പുരനില്ക്കുന്ന തറയ്ക്കപ്പുറം ഭൂമിയില്ല. മറെറാരു പുരയിടം വിലയ്ക്കുവാങ്ങുവാൻ സാമ്പത്തികശേഷിയുമില്ല.
* സ്വന്തം പുരിയിടത്തിനു ജന്മാവകാശമില്ല. മറെറാരാളുടെ ഭൂമിയിൽ കാവലിനോ മറേറാ താമസിക്കാൻ അനുവദിക്കപ്പെട്ടവരാണിവർ.

ഇത്തരക്കാരുടെ പാർപ്പിട പ്രശ്നം വളരെ ഗുരുതരമാണ്. പിരിഞ്ഞു താമസിക്കാൻ നിവൃത്തിയില്ലാതെ തലമുറകൾ ഒരുമിച്ചുകഴിയേണ്ടിവരുന്നു. ധനകാര്യസ്ഥാപനങ്ങൾ നല്കുന്ന ലോൺ മുതലായ ആനുകൂല്യങ്ങൾ മുഖേന പാർപ്പിടം കണ്ടെത്താനും സാങ്കേതിക പ്രയാസങ്ങളുമുണ്ട്. ഉള്ളതിനുതന്നെ ഈടുനൽകാൻ കൈവശ സർട്ടിഫിക്കററ് മുതലായരേഖ ലഭിക്കുകയുമില്ല.

പട്ടികജാതിക്കാരുടെ എട്ടുകോളനികളാണ് ഒതുക്കുങ്ങൽ പഞ്ചായത്തിലുള്ളത്. ഒമ്പതാമത്തേത് അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

പട്ടിക 2

കോളനികളുടെയും നടപ്പിലാക്കിയ പദ്ധതികളുടെയും വിവരം

| കോളനിയുടെ പേര് | ജന സംഖ്യ | കുടുംബങ്ങളുടെ എണ്ണം | വീടുകളുടെ എണ്ണം | RLEGP | IAY | JRY | NREP |
|---|---|---|---|---|---|---|---|
| ആട്ടീരി | 204 | 29 | 26 | 6 | 3 | - | - |
| കൊളത്തുപറമ്പ | 132 | 25 | 25 | - | 4 | - | 12 |
| തുമ്പ്രകുന്നത്ത് | 105 | 18 | 18 | 5 | - | 20% | 10 |
| അരിച്ചോൾ | 116 | 20 | 20 | 5 | 2 | 2 | 5 |
| നെടുങ്ങോട്ട്കുളമ്പ് | 75 | 13 | 13 | - | - | 20% | - |

പട്ടിക 3

ഐ. ആർ. ഡി. പി പദ്ധതിപ്രകാരം ലഭിച്ച വീടുകളുടെ എണ്ണം

| വാർഡ് | അനുവദിച്ചവ | പണിപൂർത്തിയായവ |
|---|---|---|
| II | 3 | 3 |
| III | 12 | 11 |
| IV | 4 | 4 |
| V | 1 | 1 |
| VI | 13 | 11 |
| VII | 17 | 16 |

### ഭവന നിർമ്മാണം ത്വരിതപ്പെടുത്താനുള്ള ചില സുപ്രധാന നിർദ്ദേശങ്ങൾ:

പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണ സൊസൈറ്റി രൂപീകരിച്ച് ആവശ്യമായ ആളുകൾക്ക് ഭവന നിർമ്മാണത്തിന് ലോൺ അനുവദിക്കേണ്ടതാണ്.

ജില്ലാ നിർമ്മിതി കേന്ദ്രത്തിൻെറ പ്രവർത്തനം വിപുലീകരിക്കുകയും പഞ്ചായത്തിൽ രൂപീകരിക്കുന്ന ഭവന നിർമ്മാണ സൊസൈറ്റിയുമായി ഏകാപിപ്പിച്ച് ചിലവു കുറഞ്ഞതും മനോഹരവുമായ ഭവന നിർമ്മാണ രീതി ആവിഷ്ക്കരിക്കുക.

പിന്നോക്ക ദുർബ്ബല വിഭാഗങ്ങൾക്ക് വീടുവെയ്ക്കാനുള്ള പദ്ധതി നടപ്പാക്കുക.

ഭവന നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായ പദ്ധതികൾക്ക് വീടു നിർമ്മിക്കുന്ന പുരയിടം ഈടായി സ്വീകരിക്കുക.

ഐ. എ. വൈ, ജെ. ആർ. വൈ സ്കീമനുസരിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് ആദ്യഗഡു അഡ്വാൻസായി നല്കുക.

പഞ്ചായത്തിലെ വിതരണം ചെയ്യാതെ കിടക്കുന്ന മിച്ച

ഭൂമി ദുർബ്ബല വിഭാഗങ്ങൾക്ക് വീടുവെയ്ക്കാൻ പതിച്ചു കൊടുക്കുക.

പഞ്ചായത്തിൽ നിലവിലുള്ള ലക്ഷം വീട് കോളനികൾ അളന്ന് തിട്ടപ്പെടുത്തി താമസക്കാർ ക്ക് പട്ടയം ഉൾപ്പെടെയുള്ള രേഖകൾ നൽകേണ്ടതും ബാക്കി സ്ഥലം അർഹതപ്പെട്ടവർക്ക് വീടു വെക്കാൻ വിതരണം ചെയ്യേണ്ടതുമാണ്.

പഞ്ചായത്തിലുള്ള ഓലമേഞ്ഞ വീടുകൾ ഓട് മേയുവാനുള്ള ധനസഹായം നല്കുക.

ഭവന നിർമ്മാണത്തിന് ഇപ്പോൾ നല്കുന്ന സംഖ്യതീരെ അപര്യാപ്തമായതിനാൽ സംഖ്യ വർദ്ധിപ്പിക്കേണ്ടതാണ്.

## സാമൂഹ്യക്ഷേമം

1992ലെ ഐ. ആർ ഡി. പി സർവ്വേ കണക്കനുസരിച്ച് പഞ്ചായത്തിൽ 1160 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുളളവരാണ്. ഇവരെ ഉദ്ധരിക്കാനുളള ക്ഷേമപദ്ധതികളും തൊഴിലാളികളുടെ ക്ഷേമത്തിനായുളള പദ്ധതികളും നിലവിലുണ്ടെന്ന് പറയാം. ഇവയിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി മുഖേനയുള്ള ചെറിയ സഹായങ്ങൾ മാത്രമാണ് മുഖ്യമായും ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. വനിതകളെ ഉദ്ദേശിച്ചുള്ള വനിതാ വികസന കോർപ്പറേഷനും പട്ടികജാതിക്കാർക്കുവേണ്ടിയുള്ള പട്ടികജാതിവികസന കോർപ്പറേഷനും നിലവിലുണ്ടെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ടത്ര സഹായങ്ങൾ ലഭിച്ചിട്ടില്ല. ഇത്തരം കോർപ്പറേഷനുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചുളള അജ്ഞതയാണ് കാരണം. പലപ്പോഴും ഗുണഭോക്താക്കൾക്ക് ആവശ്യമുളള സമയത്ത് സഹായങ്ങൾ ലഭിക്കാറുമില്ല. മാത്രമല്ല അർഹതപ്പെട്ടവർക്കല്ല മിക്കപ്പോഴും പദ്ധതിയുടെ ഗുണങ്ങൾ ലഭിക്കുന്നത്. പദ്ധതിയുടെ സാങ്കേതിക നൂലാമാലകൾ കാരണവും ആളുകൾ ഇവയിൽ നിന്നകന്നു നിൽക്കാൻ കാരണമാവുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ആഭിമുഖ്യത്തിലുളള ക്ഷേമ പദ്ധതികളെക്കുറിച്ചുളള അജ്ഞതയും. പദ്ധതികളുടെ ഗുണങ്ങൾ ജനങ്ങൾക്കു ലഭിക്കാതിരിക്കാൻ കാരണമാവുന്നു. ഈ രംഗത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. നാലുവർഷമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന ക്രസൻറ് എഡ്യുക്കേഷണൽ ആൻറ് സോഷ്യൽ വെൽഫെയർ സൊസൈററി (ഒതുക്കങ്ങൽ) മാത്രമാണ് പഞ്ചായത്തിൽ സാമൂഹ്യക്ഷേമ രംഗത്ത് പ്രവർത്തിച്ചുവരുന്ന സംഘടന.

വിവിധ തൊഴിലാളിക്ഷേമ ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ വളരെക്കുറച്ച് തൊഴിലാളികൾ മാത്രമേ പ്രസ്തുത ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ളൂ. കെട്ടിടനിർമ്മാണ തൊഴിലാളികൾ, തെങ്ങ്കയററ തൊഴിലാളികൾ എന്നിവരൊന്നും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. കാർഷികമേഖലയിലുള്ള വിവിധ തൊഴിലാളി സംഘടനകളുടെ ശ്രമഫലമായി ഏതാണ്ട് 400 ഓളം പേർ കർഷകം തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാണെന്നത് ആശാവഹമാണ്. വനിതാ വികസന കോർപ്പറേഷൻെറ പ്രവർത്തനങ്ങളെക്കുറിച്ച് പഞ്ചായത്തിലെ വനിതകൾക്ക് വേണ്ടത്ര അറിവില്ല. സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശകബോർഡിൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ചുപോലും ഈയടുത്തകാലത്തുമാത്രമാണ് ഈ പ്രദേശത്തെ ആളുകൾ അറിഞ്ഞു തുടങ്ങിയതും ചില അപേക്ഷകൾ ഏതാനും സന്നദ്ധസംഘടനകൾ സമർപ്പിച്ചതും.

കേന്ദ്ര-കേരള ഗവൺമെൻറുകളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിപ്രകാരമുള്ള സഹായങ്ങൾ ബ്ലോക്ക് മുഖേന പഞ്ചായത്തിൽ നിലവിലുള്ള രണ്ട് വില്ലേജ് എക്സ്ററൻഷൻ ഓഫീസർമാർ മുഖേനയാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇതിൻെറ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള വിവേചനവും പദ്ധതി നടത്തിപ്പിനെപ്പററിയുളള സർക്കാറിൻെറ കാലഹരണപ്പെട്ട മാനദണ്ഡങ്ങളും നിമിത്തം അർഹതപ്പെട്ട പല കുടുംബങ്ങൾക്കും ഈ ആനുകൂല്യങ്ങ. ലഭിക്കാതെ പോവുന്നു എന്നുള്ളതൊരു വസ്തുതയാണ്. ഇന്നത്തെ നിലക്ക് ദാരിദ്ര്യരേഖയുടെ പരിധി ഉയർത്തിയാലല്ലാതെ ഇതിൻെറ ആനുകൂല്യം പാവപ്പെട്ടവർക്ക് ലഭ്യമാക്കാൻ കഴിയില്ല.

ഐ. ആർ. ഡി. പി പദ്ധതിയനുസരിച്ചുള്ള വായ്പ ലഭിക്കുന്നതിന് ബാങ്കുകളെ സമീപിക്കുമ്പോൾ ബാങ്കുകൾ തികഞ്ഞ വിമുഖതയാണ് കാണിക്കുന്നത്. ഗുണഭോക്താക്കൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായിരിക്കെ അവർക്ക് ഉപകാരപ്രദമായ ഒരു സമീപനം ബാങ്കുകളുടെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടിയിരിക്കുന്നു. ഫണ്ട് അനുവദിച്ചുകൊടുക്കുകയാണെങ്കിൽ ദേശസാൽകൃത ബാങ്കുകളേക്കാൾ നല്ല സേവനം ഈ രംഗത്ത് ചെയ്യാൻ കഴിയുക സഹകരണ ബാങ്കുകൾക്കാണ്. അതുകൊണ്ട് ഐ. ആർ. ഡി. പി പദ്ധതി അനുസരിച്ചുള്ള ലോൺ വിതരണത്തിന് സംസ്ഥാനതലത്തിൽ തന്നെ സഹകരണ ബാങ്കുകളെ ചുമതലപ്പെടുത്തണം.

വിവിധ ക്ഷേമപദ്ധതികളനുസരിച്ച് പഞ്ചായത്തിൽ ലഭ്യമാക്കിയ സഹായങ്ങൾ താഴെകൊടുക്കുന്നു.

ഐ. ആർ. ഡി. പി പദ്ധതിപ്രകാരമുള്ള

വീടുകൾ - അനുവദിച്ചത് 83. പൂർത്തീകരിച്ചത് 75

സി. ആർ. എസ്. പി പദ്ധതിപ്രകാരമുള്ള

കക്കൂസുകാം - അനുവദിച്ചത് 30 പൂർത്തീകരിച്ചത് 28

ഡി. ഡബ്ല്യു. സി. ആർ. എ യൂണിറ്റ്- 6 എണ്ണം

ട്രൈസം- പരിശീലനം ലഭിച്ചവർ 68

സ്വയം തൊഴിൽ കണ്ടെത്തിയവർ -33

ആർ. എ. പി അനുസരിച്ച് സഹായം ലഭിച്ചവർ 30

മേൽപ്പറഞ്ഞ പദ്ധതികളനുസരിച്ച് ഭവന നിർമ്മാണത്തിനും, കക്കൂസ് നിർമ്മാണത്തിനും കൂടുതൽ തുക ലഭിക്കേണ്ടിയിരിക്കുന്നു. കുടിവെള്ളത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന ഗ്രാമീണർക്ക് കിണർ കുഴിക്കുന്നതിന് സാമ്പത്തികസഹായം ലഭ്യമാക്കുന്ന ഒരു പരിപാടി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കാവുന്നതാണ്.

ഡി. ഡബ്ല്യു. സി. ആർ. എ പദ്ധതി അനുസരിച്ച് 6 യൂണിററുകാം പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ഒരു വിശകലനത്തിൽ ഈ പദ്ധതി പഞ്ചായത്തിൽ പരാജയമാണെന്ന് കാണുന്നു. 4-ാം വാർഡിലെ മെററൽ ക്രഷിങ്ങ് യൂണിറ്റ് ഇപ്പോഠം പ്രവർത്തിക്കുന്നേയില്ല. 2, 6, 9 വാർഡുകളിലുള്ള ആടുവളർത്തുയൂണിററുകാം താരതമ്യേന നന്നായി നടക്കുന്നുണ്ടെങ്കിലും ഇനിയും പുരോഗമിക്കേണ്ടതുണ്ട്.

പരമ്പരാഗത കൈത്തൊഴിലുകളിലേർപ്പെട്ടിട്ടുള്ള 46 പേർ 1992ലെ കണക്കനുസരിച്ച് സഹായം ലഭിക്കാൻ അർഹരായിട്ടുണ്ട്. ഇവരിൽ 30 പേർക്ക് സഹായം വിതരണം ചെയ്തിട്ടുണ്ട്. നേരത്തെ സഹായം ലഭിച്ചിട്ടുള്ളവർ പുതിയ കണക്കിൽ ഉഠംപ്പെടുന്നില്ല.

## പെൻഷനുകാം

സാമൂഹ്യക്ഷേമരംഗത്ത് സംസ്ഥാനത്ത് റവന്യു വകുപ്പ് പലവിധ പെൻഷനുകളും നൽകി വന്നിരുന്നതിൽ കുറച്ചൊക്കെ ഈ പഞ്ചായത്തിലും ലഭ്യമാണ്. പലകാരണങ്ങളാലും അർഹരായവരുടെ കൈയിലല്ല പെൻഷനുകാം എത്തിച്ചേരുന്നത്. അതുകൊണ്ട് പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരെ തെരഞ്ഞെടുക്കാനുള്ള ചുമതല പൂർണമായും ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുകയും ഫണ്ട് എത്രയും പെട്ടെന്ന് പഞ്ചായത്തിന് ലഭ്യമാക്കുകയും വേണം. അവശതമൂലം ബുദ്ധിമുട്ടുന്ന ആളുകാംക്ക് പെൻഷൻ ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കാൻ ഇതുമൂലം കഴിയും.

പഞ്ചായത്തിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ കണക്ക്

| | |
|---|---|
| വിധവാപെൻഷൻ- | 20 |
| വാർധക്യകാലപെൻഷൻ- | 7 |
| ക്ഷയരോഗ പെൻഷൻ - | 14 |

മേൽപ്പറഞ്ഞ കണക്കുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ വിവിധ പെൻഷനുകാംക്ക് അർഹരായ ആളുകളില്ല എന്നു ധരിക്കേണ്ടതില്ല. യഥാർത്ഥത്തിൽ അർഹരായവർക്ക് ഇവ കിട്ടുന്നില്ല. അറുപതും അറുപത്തഞ്ചും വയസ്സുകഴിഞ്ഞ് വിശ്രമജീവിതം നയിക്കുന്നവർക്ക് ന്യായമായും ലഭിച്ചിരിക്കേണ്ട പെൻഷൻ വിതരണത്തിൽ കുറച്ചുകൂടി ഉദാരമായ നയം സ്വീകരിക്കേണ്ടിയിരിക്കുന്നു. വികലാംഗരായ പാവപ്പെട്ട ഒരുപാടു പേർ പഞ്ചായത്തിലുണ്ട്. പക്ഷേ പ്രകടമായ, അവരുടെ വികലാംഗത്വം തെളിയിക്കുന്നതിൽ ബുദ്ധിമുട്ടുകളുണ്ട്. അതിന് ജില്ലാ ആശുപത്രിയെതന്നെ സമീപിക്കേണ്ടതുണ്ട്. വികലാംഗപെൻഷനുള്ള നടപടിക്രമങ്ങാം ലഘൂകരിക്കുന്നതിനായി വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കററ് നൽകാനുള്ള അധികാരം അതത് പ്രൈമറി ഹെൽത്ത് സെൻററുകളിലെ ഡോക്ടർമാർക്ക് നൽകണം.

ഇതുപോലെ തന്നെയാണ് മററു പെൻഷനുകളുടെയും സ്ഥിതി. അർഹരായവർ പെൻഷൻ കിട്ടാതെയിരിക്കുമ്പോഠം അനർഹരായ ധാരാളംപേർ ഇവ കൈപ്പററുന്നു. അർഹരായ ആളുകളെ കണ്ടെത്തുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്തുകാംക്ക് നൽകുകയും, അങ്ങിനെ കണ്ടെത്തിയവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്താൽ നിലവിലുള്ള പോരായ്മകാം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. ഇപ്പോഠം നിലവിലുള്ള രീതി അനുസരിച്ച് 21 പേർക്കുള്ള വാർധക്യകാല പെൻഷനും 14 പേർക്കുള്ള മെറേറണിറ്റി ബെനഫിററും പാസാക്കി തുടർ നടപടികാംക്കായി കലക്ട്രേറ്റിലേക്ക് അയച്ചിട്ടുണ്ട്.

## വിവാഹ സഹായധനം

റവന്യൂ വകുപ്പ് മുഖേന നിർധനരായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനായി സഹായം നൽകി വരുന്നുണ്ട്. വളരെവർഷങ്ങാംക്ക് മുമ്പ് നിശ്ചയിച്ച ഒരു ചെറിയ തുകയാണ് ഇപ്പോഴും നൽകിവരുന്നത്. വിവാഹസഹായധനമായാണ് നൽകുന്നതെങ്കിലും വിവാഹസംബന്ധമായ ആവശ്യങ്ങാംക്ക് ഈ തുക വിനിയോഗിക്കാൻ കഴിയാറില്ല. കാരണം വിവാഹശേഷം മാസങ്ങാം കഴിഞ്ഞാണ് ഈ സഹായം അനുവദിച്ചുകിട്ടാറുള്ളത്. അതുകൊണ്ട് ഇത്തരം സഹായം വിവാഹസമയത്തുതന്നെ അർഹതപ്പെട്ടവർക്ക് ലഭിക്കാനും സംഖ്യ കാലാനുസൃതമായി വർധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണം.

## അംഗനവാടികാം

സാമൂഹ്യക്ഷേമരംഗത്ത് സ്തുത്യർഹമായ സേവനമാണ് അംഗനവാടികാം നിർവഹിക്കുന്നത്. പഞ്ചായത്തിലെ 12 വാർഡുകളിലായി 18 കേന്ദ്രങ്ങാം പ്രവർത്തിച്ചു

വരുന്നുണ്ട്. സാധാരണക്കാരുടെ കുഞ്ഞുങ്ങളെ സംബന്ധിച്ച് ഇത്തരം കേന്ദ്രങ്ങൾ വളരെ ഉപകാരപ്രദമാണ്. പക്ഷെ അംഗനവാടികളുടെയും ബാലവാടികളുടെയും സ്ഥിതി വളരെ പരിതാപകരമാണ്. സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ല എന്നുള്ളതാണ് പ്രശ്നം. പഞ്ചായത്തിൽ മൊത്തമുള്ള 18 അംഗനവാടികളിൽ രണ്ടെണ്ണത്തിനുമാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. മുണ്ടോത്തുപറമ്പ് അംഗനവാടിക്കുള്ള കെട്ടിടം പണി നടക്കുന്നുണ്ട്. ബാക്കിയുള്ളവയിൽ സ്ഥലമുള്ള മററത്തൂർ അംഗനവാടിക്ക് കെട്ടിടം നിർമ്മിക്കാനും അല്ലാത്തവക്ക് സ്ഥലം കണ്ടെത്തി കെട്ടിടം പണിയാനുമുള്ള നടപടികൾ സ്വീകരിക്കണം. പിഞ്ചുകുഞ്ഞുങ്ങൾക്ക് ഇരുന്നു പഠിക്കാനും കളിക്കാനുമുള്ള സൗകര്യങ്ങളുടെ കുറവ് കുട്ടികളെ അംഗനവാടികളിൽ അയക്കുന്നതിൽ നിന്ന് രക്ഷിതാക്കളെ പിന്തിരിപ്പിക്കുന്നു. പുതിയ വിദ്യാഭ്യാസ സംസ്ക്കാരത്തിൻെറ ഭാഗമായി കുട്ടികളെ നഴ്സറി സ്കൂളുകളിൽ അയക്കുന്നത് കാരണം അംഗനവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുന്നില്ല.

ഭാവിതലമുറയെ വാർത്തെടുക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന അംഗനവാടി വർക്കർമാർക്കും ഹൈൽപ്പർമാർക്കും അവർ നിർവഹിക്കുന്ന ജോലിക്കനുസരിച്ച പ്രതിഫലം ലഭിക്കുന്നില്ല എന്നത് ഖേദകരമാണ്. കാലാനുസൃതമായി ഇവരുടെ സേവന വേതന വ്യവസ്ഥകൾ പുനർ നിർണയിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

1. നിലവിൽ അംഗനവാടികൾ ഇല്ലാത്ത സ്ഥലങ്ങളായ പാറങ്ങാടി, കൊളത്തുപറമ്പ്, അരിച്ചോൾ, പാറപ്പുറം എന്നിവിടങ്ങളിൽ അതാരംഭിക്കാനുള്ള നടപടി സ്വീകരിക്കുക.
2. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടതാണ്.
3. കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കാനുള്ള സഹായം ലഭ്യമാക്കത്തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.
4. ലക്ഷംവീട് കോളനികളിൽ വഴി, കക്കൂസ്, വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.
5. നിലവിൽ നൽകിവരുന്ന മുഴുവൻ പെൻഷനുകൾക്കും അർഹരായവരെ തെരഞ്ഞെടുക്കാൻ പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങിയ ഒരു സമിതി രൂപീകരിച്ച് പെൻഷൻ വിതരണം കാര്യക്ഷമമാക്കാവുന്നതാണ്.
6. മന്ദബുദ്ധികളായ ആളുകൾക്ക് പെൻഷൻ ഏർപ്പെടുത്തേണ്ടതാണ്.
7. പഞ്ചായത്തിലെ നിരാലംബരായ പ്രായം ചെന്നവർക്കായി വൃദ്ധമന്ദിരം സ്ഥാപിക്കണം.
8. വിവിധ പെൻഷൻ ലഭിക്കുന്നതിന് നിലവിലുള്ള വരുമാനപരിധി വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

# 4-8

# സംസ്കാരം

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ നേരിട്ടുള്ള ദുർഭരണത്തിന് വിധേയമായ പ്രദേശങ്ങളാണ് ഒതുക്കുങ്ങൽ പഞ്ചായത്ത് ഉൾക്കൊള്ളുന്ന മററത്തൂർ, പുത്തൂർ അംശങ്ങൾ. വിദേശമേൽക്കോയ്മയ്ക്കും കിരാതവാഴ്ച്ക്കുമെതിരെ സന്ധിയില്ലാസമരം നയിച്ച ധീരമായ മാപ്പിള കുലമഹിമയാണ് ഈ പ്രദേശത്തെ സാംസ്കാരിക പൈതൃകം. 'മാപ്പിള ഔട്ട്റേജസ്സ് ആക്ട്' തുടങ്ങിയ ഭീകര നിയമങ്ങൾ ഈ പ്രദേശത്തെ ഞെരിച്ചമർത്തി. പാഠശാലകൾ അന്യമായ ഈ പ്രദേശത്ത് കാംഗിരുമ്പഴികൾക്ക് പഞ്ഞമുണ്ടായിരുന്നില്ല. കാലം തട്ടിയുടച്ചെങ്കിലും മററത്തൂർ എന്ന കുഗ്രാമത്തിൽ ഉണ്ടായിരുന്ന പോലീസ്-ഔട്ട്പോസ്റ്റിന്റെ അവശിഷ്ടങ്ങൾ ഇന്നുമുണ്ട്.

കലയുടെയും കായികവിനോദങ്ങളുടെയും കാര്യത്തിൽ മററത്തൂരംശവും പുത്തൂരംശവും വ്യത്യസ്തത പുലർത്തുന്നു. മററത്തൂരിലെ കൈപ്പററ പണ്ടുമുതലേ പണ്ഡിതശ്രേഷ്ഠന്മാർ ജീവിച്ചിരുന്ന പ്രദേശമാണ്. മഹാനായ മാപ്പിള മഹാകവി മോയിൻകുട്ടി വൈദ്യരുടെ പ്രസിദ്ധമായ ബദർകിസ്സപ്പാട്ടിന്റെ എഡിറ്റിംഗ് നിർവ്വഹിച്ച കുനാരി പെഴുന്തറമുഹമ്മദ് മുസ്ല്യാർ ഈ പ്രദേശത്തുകാരനാണ്. ഗ്രന്ഥകാരനും പണ്ഡിതശ്രേഷ്ഠനുമായിരുന്ന കൈപ്പററ മമ്മുട്ടി മുസ്ല്യാർ, കൈപ്പററ ബീരാൻ കുട്ടി മുസ്ല്യാർ തുടങ്ങിയവർ ഈ പ്രദേശം ജന്മം നൽകിയ പ്രഗത്ഭരാണ്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 85% മുസ്ലീങ്ങളും 7% പട്ടികജാതിക്കാരും ബാക്കി വിവിധ മതസമുദായങ്ങളിൽപെട്ടവരുമാണ്. മററത്തൂരംശത്തിൽ ഇരുപതോളം കുംഭാര(കുശവ) കുടുംബങ്ങളുമുണ്ട്.

മററത്തൂർ മണൽപ്പുറത്ത് പഴയകാലത്ത് പടാളിത്തല്ല് മത്സരം നടന്നിരുന്നു. മറെറാരു വിനോദം കാളപൂട്ട് ഊർച്ച മത്സരങ്ങളാണ്. മററത്തൂർ തെക്കുംമുറി, പുത്തൂർപാടം എന്നിവിടങ്ങളിൽ കാളപൂട്ടു മത്സരങ്ങളും മററത്തൂർ ചാലിാടം, അത്തിക്കോട്, പുത്തൂർ എന്നിവിടങ്ങളിൽ ഊർച്ച മത്സരങ്ങളും നടന്നിരുന്നു. പുത്തൂരിലെ കാളപൂട്ട്- ഊർച്ച മത്സരങ്ങൾക്ക് നായകത്വം വഹിച്ചിരുന്നത് പടിഞ്ഞാറെപ്പാട്ട്, തെക്കേപ്പാട്ട് എന്നീ നായർ കുടുംബാംഗങ്ങളായിരുന്നു. കൃഷിയോട് പൊതുവെ ആഭിമുഖ്യം കുറഞ്ഞതോടുകൂടി ഇത്തരം മത്സരങ്ങളും ഇല്ലാതായി.

മററത്തൂരംശം മാപ്പിളകലയായ കോൽക്കളിക്ക് പ്രസിദ്ധമാണ്. മററത്തൂർ ജോളിബ്രദേഴ്സ്, കാരിമൊയ്തീൻ സംഘം, ടി. ടി. യുസഫ് ആൻറ് പാർട്ടി എന്നിവ പ്രസിദ്ധമാണ്. ആകാശവാണിയും ദൂരദർശനും ഇവരുടെ പരിപാടികൾ പ്രക്ഷേപണം ചെയ്യാറുണ്ട്. ചെറുകുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന ചവിട്ടുമുട്ട്, വേലയോട് അനുബന്ധിച്ചു നടക്കുന്ന ചവിട്ടുകളി, ആശാരിമാരുടെ പരിചമുട്ട് എന്നിവയും ഉത്സവങ്ങൾക്കും നേർച്ചകൾക്കും അവതരിപ്പിക്കപ്പെടുന്ന നാടൻ കലകളാണ്.

വേനൽക്കാലം നേർച്ചകളുടെയും വേലകളുടെയും കാലമാണ്. തോട്ടക്കോട് നേർച്ച, ബീമാമാൻറ നേർച്ച, ചേക്കത്തിൽ നേർച്ച എന്നിവ മററത്തൂരംശത്തിലെ പ്രസിദ്ധ നേർച്ചകളാണ്. പുത്തൂരംശത്തിൽ കാര്യമായ നേർച്ചകളുണ്ടായിരുന്നില്ല. നേർച്ചകളോടനുബന്ധിച്ച് പെട്ടിവരവുണ്ടാകും. ബാൻറ് വാദ്യങ്ങളും കോൽക്കളി, ദഫ്മുട്ട് തുടങ്ങിയ നാടൻകലകളും കരിമരുന്ന് പ്രയോഗങ്ങളും പെട്ടിവരവിന് കൊഴുപ്പേകും. പെട്ടിവരവേൽപ്പിന് ഗജവീരന്മാരുടെ അകമ്പടിയുണ്ടാകും. നേർച്ചകളുടെ അവസാനം തട്ടാന്മാരുടെ പെട്ടിയുണ്ടാകും. മണ്ഡലവ്രതത്തോടനുബന്ധിച്ച് കൊളത്തുപറമ്പിൽ അയ്യപ്പൻവിളക്ക് ഉൽസവം നടക്കും. കുരുണിയപ്പറമ്പിലെ കുട്ടൻകോവിൽ ഉത്സവം, പുത്തൂർ പൂളക്കലെ കലങ്കരി ഉത്സവം കണക്കസമുദായത്തിന്റെ കുന്നത്തുവേല, അറിച്ചോളിലെ പറയരുടെ വേല കുംഭാര സമുദായത്തിന്റെ മാരിയമ്മൻകോവിൽ ഉത്സവം, ചെറുകുന്ന് ക്ഷേത്രത്തിലെ ശിവരാത്രി ഉത്സവം, ആട്ടീരിയിലെ കലങ്കരി ഉത്സവം, ചരൽക്കുന്നിലെ കലങ്കരി ഉത്സവം, മററത്തൂരിലെ പെരുങ്കൊല്ലന്മാരുടെ തേർപൂജ എന്നിവ വർഷങ്ങളായി ആചരിച്ചു

വരുന്നവയാണ്.

കലാസാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന ഏതാനും സംഘങ്ങൾ മാത്രമേ ഈ പഞ്ചായത്തിലുള്ളു. കാര്യമായ സാമ്പത്തികസഹായമോ ധനാഗമമാർഗങ്ങളോ ഇല്ലാതെ ഇഴഞ്ഞുനീങ്ങുന്ന പ്രവർത്തനമാണ് മിക്കതിനും. ഇവയിൽ മുമ്പന്തിയിലുള്ളത് ബ്രദേഴ്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ഒതുക്കുങ്ങൽ (ബാസ്കോ) ആണ്. ജില്ലാ ലീഗ് മത്സരങ്ങളിൽ പങ്കെടുക്കുന്ന നല്ലൊരു ഫുട്ബോൾ ടീം ഇതിൻെറ കീഴിലുണ്ട്. ഒതുക്കുങ്ങൽ കേന്ദ്രമാക്കി ഫുട്ബോൾ മേളകൾ സംഘടിപ്പിച്ച പരിചയവും ഇതിനുണ്ട്. ബ്ലൂൺ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ഒതുക്കുങ്ങൽ വളർന്നുവരുന്ന കലാകാരന്മാരുടെയും കായികതാരങ്ങളുടെയും ആശ്രയമാണ്. മെട്രോ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് കൊളത്തുപറമ്പ്,ബ്രദേഴ്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് കിരുണിയപറമ്പ് എന്നിവയും സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഒതുക്കുങ്ങൽ ആസ്ഥാനമായി നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന സെസ്കോ ക്ലബിൻെറ പ്രവർത്തനം മരവിച്ചമട്ടാണ്. ഇരുപതു വയസ്സിന് താഴെയുള്ള കുട്ടികളുടെ കലാസാംസ്ക്കാരികവേദിയായ ജെസ്സോ ഒതുക്കുങ്ങൾ ആസ്ഥനമായി കലാരംഗത്ത് പലപരിപാടികളും നടത്താറുണ്ട്.

ഒതുക്കുങ്ങൽ പഞ്ചായത്തിൽ ഒരു ഗ്രന്ഥശാല നിലവിലില്ല എന്നത് വിരോധാഭാസമാണ്. വർഷങ്ങൾക്ക് മുമ്പ് ഒതുക്കുങ്ങലിൽ ഗ്രന്ഥശാലാ സംഘത്തിൻെറ ധനസഹായത്തോട്കൂടി പൊതുജനവായനശാലയും ഗ്രന്ഥാലയവും പ്രവർത്തിച്ചിരുന്നുവെങ്കിലും, ഇന്ന് നിലവിലില്ല. മുനമ്പത്ത്. മററത്തൂരങ്ങാടി, തൊടുകുത്ത്പറമ്പ്, പൊട്ടിക്കല്ല്, കൊളത്തുപറമ്പ്, പുത്തൂർ എന്നിവിടങ്ങളിൽ വായനശാലകൾ പ്രവർത്തിച്ചിരുന്നു. ഇവയോടനുബന്ധിച്ച് ഒതുക്കുങ്ങൽ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പബ്ലിക് റേഡിയോകളും സ്ഥാപിച്ചിരുന്നു. ആട്ടീരിയിലെ അൽ-അസ്ഹർ യൂത്ത് സെൻറർ ആൻറ് റീഡിംഗ്റും മാത്രമേ ഇന്ന് നിലവിലുള്ളു. പബ്ലിക് റേഡിയോ ഇന്നെവിടെയും നിലവിലില്ല.

പഞ്ചായത്ത് മിനിസ്റേറഡിയമാണ് കായികരംഗത്ത് ഏകാശ്രയമായിട്ടുള്ളത്. അത് വർഷങ്ങളേറെയായിട്ടും പണിപൂർത്തിയാകാതെ കിടക്കുകയാണ്. നാമമാത്രമണ്ണിട്ട് ഉയർത്തിമിനുക്കിയ പാറപ്പുറമാണത്.

## ചില നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു ലൈബ്രറിയും വായനശാലയും സ്ഥാപിക്കുക.
2. പഞ്ചായത്തിൽ സാംസ്ക്കാരികേന്ദ്രവും കുട്ടികളുടെ പാർക്കും കമ്മ്യൂണിററിഹാളും നിർമ്മിക്കുക.
3. നിലവിലുണ്ടായിരുന്ന വായനശാലകൾ പുനഃസ്ഥാപിക്കുകയും അവിടങ്ങളിൽ ഓരോ പൊതു ടി. വി. സെററ് സ്ഥാപിക്കുകയും ചെയ്യുക.
4. പഞ്ചായത്ത് മിനിസ്റേറഡിയം മണ്ണിട്ടു നികത്തി പരിശീലനത്തിനും മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും യോഗ്യമാക്കുക.

# 4-9

# വനിത

അടിസ്ഥാന സാക്ഷരതയുടെ കാര്യത്തിൽ ഒട്ടേറെ മുന്നോട്ടുപോയെങ്കിലും ഉന്നത വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ സ്ത്രീകളിന്നും പിന്നിലാണ്. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം, മിക്കമാതാപിതാക്കളും പെൺകുട്ടികളെ തുടർന്നു പഠിക്കുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തുന്നു. കോളേജ് വിദ്യാഭ്യാസം ലഭിച്ച വനിതകൾ വളരെ ചുരുക്കമാണ്. ഒതുക്കുങ്ങൽ പഞ്ചായത്തിൽ ഉദ്യോഗസ്ഥകൾ വളരെകുറവാണ്. വനിതകൾക്ക് വളരെ നേരത്തെ തന്നെ കുടുംബജീവിതത്തിലകപ്പെടേണ്ടി വരുന്നു. പൊതുപ്രവർത്തനത്തിൻെറ വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. വിദ്യാഭ്യാസ നിലവാരത്തിൻെറ പിന്നോക്കാവസ്ഥയാണിതിനുകാരണം.

സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള സംഘടിത ശ്രമങ്ങൾ തീരെ കുറവാണ്. സ്ത്രീകളിൽ നേതൃത്വഗുണം വളർത്തത്തക്കവിധത്തിലുള്ള പ്രവർത്തനങ്ങൾ തീരെയില്ല എന്നുതന്നെ പറയാം. പൊതുപ്രവർത്തനത്തിൽ പങ്കെടുക്കുന്നതിൽ നിന്നും പുരുഷന്മാർ സ്ത്രീകളെ നിരുത്സാഹപ്പെടുത്തുന്നുണ്ട്.

ഒതുക്കുങ്ങൽ പഞ്ചായത്തിലെ ജനസംഖ്യയിൽ 13809 പേർ സ്ത്രീകളാണ്. കർഷകത്തൊഴിലാളികളായ സ്ത്രീകളുടെ എണ്ണം കൂടുതലാണ്. കാർഷികതൊഴിലാളികളിൽ നിന്ന് സ്ത്രീകൾ പിന്നോട്ടുപോകുന്നുണ്ട്. വനിതകൾക്കുള്ള ആറ് ഡി. ഡബ്ല്യു. സി. ആർ. എ യൂണിററുകൾ നടപ്പിലുണ്ട്. ഡി. ഡബ്ല്യു. സി. ആർ. എ യൂണിററുകളുടെ പ്രവർത്തനത്തിൽ സ്ത്രീകളുടെയിടയിൽ നിന്നുള്ള നേതൃത്വത്തിൻെറ അഭാവം പ്രകടമാണ്.

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. ഇക്കാര്യത്തിൽ രാഷ്ട്രീയ സാംസ്ക്കാരിക സംഘടനകളും മുൻകൈയെടുക്കേണ്ടതാണ്. സി. ബി. എൻ. പി. യൂണിററിൻെറ അഭാവം ഒതുക്കുങ്ങൽ പഞ്ചായത്തിൻെറ പല കാര്യങ്ങളിലും പ്രകടമാണ്. വിധവാ പെൻഷൻ, അഗതി പെൻഷൻ മുതലായ ആനുകൂല്യങ്ങൾ അർഹരായവർക്കെല്ലാം ലഭിക്കേണ്ടതുണ്ട്.

ഇടത്തരം വീട്ടമ്മമാർക്കും പെൺകുട്ടികൾക്കും ഒരു വരുമാനമാർഗ്ഗമെന്ന നിലയിൽ കോഴിവളർത്തലും അടുക്കളത്തോട്ട നിർമ്മാണവും പ്രോത്സാഹിപ്പിക്കണം. തയ്യൽ തൊഴിൽ അറിയുന്ന സ്ത്രീകൾ പഞ്ചായത്തിൽ ധാരാളമുണ്ട്. അവരെ സംഘടിപ്പിച്ച് റെഡിമെയ്ഡ് വസ്ത്രനിർമാണ മേഖലയിൽ പുതിയ ചലനങ്ങൾ ഉണ്ടാക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന അടക്ക ഉപയോഗിച്ച് ഒരു അടയ്ക്കാ പ്രോസസിംഗ് യൂണിറ്റ് തുടങ്ങുകയാണെങ്കിൽ കുറേ സ്ത്രീകൾക്ക് വരുമാന മാർഗമാകും. പാക്ക്, കളിയടക്ക എന്നിവ ഉണ്ടാക്കി മററ് സംസ്ഥാനങ്ങളിലേക്കു കൂടി കയററി അയക്കുവാൻ സാധിക്കും. മിക്കവീടുകളിലും പശു, ആട് തുടങ്ങിയ വളർത്തുമൃഗങ്ങൾ ഉളളതിനാൽ, ഒരു ക്ഷീരവികസനസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചാൽ സ്ത്രീകളുടെ വരുമാനം വർധിപ്പിക്കാൻ കഴിയും.

പഞ്ചായത്തിൽ സ്വന്തം സ്ഥലവും കെട്ടിടവുമുള്ള ഒരു മഹിളാസമാജം പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള താല്ക്കാലികകെട്ടിടം മാററി രണ്ടുനില കെട്ടിടം പണിതാൽ നിരവധി പ്രവർത്തനങ്ങൾ അവിടെ കേന്ദ്രീകരിച്ച് നടത്താനാകും. രണ്ടോ മൂന്നോ മഹിളാസമാജങ്ങൾ കൂടി നമ്മുടെ പഞ്ചായത്തിൽ രൂപീകരിക്കേണ്ടതുണ്ട്. അംഗനവാടികളില്ലാത്ത പ്രദേശത്ത് അംഗനവാടികൾ നിർമ്മിക്കേണ്ടതുണ്ട്. സ്വന്തമായി കെട്ടിട സൗകര്യങ്ങളില്ലാത്ത അംഗനവാടികളുടെ സൗകര്യങ്ങൾ വർധിപ്പിക്കേണ്ടതുണ്ട്.

മദ്യപാനം മൂലം ദുരിമനുഭവിക്കുന്ന വനിതകൾ ധാരാളമുണ്ട്. അതുകൊണ്ട് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം. മാതാപിതാക്കളെ സംബന്ധിച്ചടത്തോളം സ്ത്രീധനം ഒരു പ്രധാന പ്രശ്നമാണ്. സ്ത്രീധന നിരോധനം

പൂർണമായി നടപ്പിലാക്കുന്നതിൻെറ ആവശ്യകത വളരെ വലുതാണ്. അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളെയും ദൂരീകരിച്ച് സ്ത്രീകളെ സ്വാശ്രയ ശീലരാകുവാൻ പ്രേരിപ്പിക്കുന്ന ബോധവൽക്കരണം അത്യാവശ്യമാണ്. സാമ്പത്തികം ആർജിക്കുന്നതിൽ സ്ത്രീകളെക്കൂടി ബന്ധിപ്പിച്ചാലേ അവരുടെ സ്വയം പര്യാപ്തതയും കുടുംബക്ഷേമവും ഉറപ്പുവരുത്താനാവൂ.

ഏതുരംഗത്തും വനിതകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകുന്ന കാഴ്ചപ്പാട് ഒരു രാഷ്ട്രീയപ്പാർട്ടിയിലും കാണാനില്ല. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ പഞ്ചായത്തിൽ പൊതുവെ കുറവാണ്.

ചെറുകിടവ്യവസായങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള തീവ്രയത്നം അടിയന്തിരാവശ്യമാണ്. പഞ്ചായത്തിൽ സ്ത്രീകൾ ചെറുകിട വ്യവസായങ്ങളിൽ ഏർപ്പെടുന്നതിൽ വിമുഖരാണ്. പുരുഷന്മാരുടെ പ്രോത്സാഹനക്കുറവും സർക്കാർ സ്ഥാപനങ്ങളിൽ നിന്നുമുള്ള മാർഗ നിർദ്ദേശങ്ങളുടെ അഭാവവുമാണ് പ്രധാനകാരണം. സ്ത്രീകളും പുരുഷന്മാരും ഒരേതൊഴിൽ ചെയ്യുന്നുണ്ടെങ്കിലും സ്ത്രീകളുടെ വേതനം പുരുഷന്മാരേക്കാൾ കുറവാണ്. സ്വയം തൊഴിൽ ചെയ്യുന്നതിനാവശ്യമായ മൂലധനത്തിൻെറ കുറവ് സ്ത്രീകളെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നു.

ആരോഗ്യപരമായും സ്ത്രീകൾ വളരെ പിന്നോക്കാവസ്ഥയിലാണ്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ഒതുക്കുങ്ങൽ, പൊട്ടിക്കല്ല്, മററത്തൂർ, ആട്ടീരി എന്നിവിടങ്ങളിൽ മഹിളാസമാജങ്ങൾ രൂപീകരിക്കുക
2. വനിതകൾക്കായി നോട്ടുബുക്ക് നിർമ്മാണം, തുന്നൽ പരിശീലനം, അച്ചാർ നിർമ്മാണം എന്നീ യൂണിററുകൾ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വിവിധ വാർഡുകളിൽ ആരംഭിക്കുക.
3. മററത്തൂർ ആസ്ഥാനമായി മാതൃശിശുസംരക്ഷണ കേന്ദ്രം തുടങ്ങുക.
4. പഞ്ചായത്തിലുള്ള അംഗനവാടികൾ കേന്ദ്രീകരിച്ച് വനിതബോധവൽക്കരണ ക്യാമ്പ്, മെഡിക്കൽ ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക.
5. ആവശ്യമായ സ്ഥലങ്ങളിൽ ക്രഷ് ആരംഭിക്കുക.
6. സ്ത്രീകൾക്ക് പ്ലാസ്റ്റിക്ക് കസേര, കൊട്ട, കളിക്കോപ്പുകൾ എന്നിവ നിർമ്മിക്കുന്നതിനും കയർപിരി, പപ്പട നിർമ്മാണം പഴ സംസ്ക്കരണ യൂണിറ്റ് എന്നിവയും സ്വയം തൊഴിൽ സംരംഭങ്ങളായി തുടങ്ങുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കുക.
7. കോട്ടക്കൽ വനിതാപോളിടെക്നിക്കിൻെറ കീഴിൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കമ്മ്യൂണിറ്റി പോളിടെക്നിക്ക് സ്കീം അനുസരിച്ച് തൊഴിൽ പരിശീലനം നൽകുക.

# 4-10
# സഹകരണ മേഖല

സഹകരണമേഖലയെ സംബന്ധിച്ച് ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൻെറ അവസ്ഥ വളരെ ശോചനീയമാണ്.ഈ മേഖലയിൽ ഒട്ടേറെ സഹകരണ സംഘങ്ങളുടെ രൂപീകരണത്തിന് സാധ്യതകളുണ്ട്.

1939ൽ ഒതുക്കുങ്ങൽ പഞ്ചായത്തിലെ മററത്തൂർ, ഇപ്പോഠം ഊരകം പഞ്ചായത്തിൽ പെട്ട കോട്ടുമല ഭാഗങ്ങളും ഉഠംപ്പെടുത്തി മററത്തൂർ ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച വിവിധോദ്ദേശ ഐക്യനാണയ നവീകരണ സംഘമാണ് പഞ്ചായത്തിലെ പ്രഥമസംരംഭം.

പിന്നീട് നിലവിൽ വന്ന നിയമങ്ങഠംക്കനുസൃതമായി പ്രസ്തുത സംഘം ഇപ്പോഴുള്ള സർവീസ് സഹകരണ ബാങ്കായി രൂപാന്തരപ്പെടുകയാണുണ്ടായത്. സഹകരണ പ്രസ്ഥാനത്തെക്കുറിച്ചുള്ള അവബോധത്തിൻെറ കുറവ് പഞ്ചായത്തിൽ പ്രകടമാണ്. വിവിധ രംഗങ്ങളിൽ സഹകരണ സംഘങ്ങളുടെ രൂപീകരണത്തിന് സാധ്യതയുണ്ടെങ്കിലും തുടക്കം കുറിക്കപ്പെടുകയുണ്ടായില്ല. ഇതിനപവാദമായി ആകെയുള്ളത് പഞ്ചായത്തിലെ ഗവ. ഹൈസ്ക്കൂളടിസ്ഥാനത്തിലുള്ള സ്കൂഠം കോ-ഓപ്പറേറ്റീവ് സൊസൈറ്റി മാത്രമാണ്. ഫലത്തിൽ കാർഷികേതര മേഖലയിൽ പഞ്ചായത്തിൽ ഒരൊററ സഹകരണ സംഘവും പ്രവർത്തിക്കുന്നില്ല എന്ന അവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. ഈ പഞ്ചായത്തിലെ കർഷകരുടെ കാർഷികാവശ്യത്തിനായുള്ള ഹ്രസ്വകാല- മധ്യകാല വായ്പകഠം വിതരണം ചെയ്യുന്നത് ഒതുക്കുങ്ങൽ സർവീസ് സഹകരണ ബാങ്ക് ആണ്

## സർവ്വീസ് സഹകരണ ബാങ്ക്

1939 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും അക്കാലത്ത് കാർഷികലോണുകളൊന്നും വിതരണം ചെയ്യാൻ ബാങ്കിന് കഴിഞ്ഞിട്ടില്ല. 10 രൂപ. ഓഹരിവിലയുള്ള ബാങ്കിൽ ആകെ അംഗങ്ങളായിട്ടുള്ളത് 1692 പേർ മാത്രമാണ്. പരമാവധി ഒരംഗത്തിന് 25000 രൂപവരെ വായ്പ നൽകാൻ വ്യവസ്ഥയുണ്ടെങ്കിലും ഫണ്ടിൻെറ കുറവുകാരണം ആകെ 45 ലക്ഷം രൂപമാത്രമാണ് വിവിധ വായ്പയായി നൽകിയിട്ടുള്ളത്. നബാഡ് നിർദ്ദേശിക്കുന്ന നിബന്ധനപ്രകാരം കാർഷികവായ്പ വിതരണം ചെയ്യാനുള്ള പ്രയാസം പ്രകടമാണ്. ഏകദേശം മൂന്ന് ലക്ഷം രൂപ മാത്രമാണ് ഹ്രസ്വകാലവായ്പയായി വിതരണം ചെയ്തിട്ടുള്ളത്. വായ്പാവിതരണ സംവിധാനത്തിൽ നബാർഡ് വരുത്തിയിട്ടുള്ള പുതിയ നിബന്ധനകഠം മാററിയെങ്കിൽ മാത്രമേ കാർഷികാവശ്യത്തിനുള്ള ലോണുകഠം കർഷകർക്ക് ലഭ്യമാക്കാൻ കഴിയുകയുള്ളു.

പൊതുവെ സഹകരണബാങ്കുകളോട് ജനങ്ങഠംക്ക് താല്പര്യം കുറവാണ്. ഇത് മനസ്സിലാക്കണമെങ്കിൽ നിക്ഷേപത്തിൻെറ കാര്യം പരിശോധിച്ചാൽ മതി. ദേശസാൽകൃത ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്യാനാണ് ജനങ്ങഠം താല്പര്യം കാണിക്കുന്നത്. ഒതുക്കുങ്ങൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും പ്രവർത്തനപരിധിയാക്കിയിട്ടുള്ള ബാങ്കിനെ പഞ്ചായത്തിൻെറ ബാങ്കായി കണ്ട് തങ്ങളുടെ കൊച്ചുകൊച്ചു സമ്പാദ്യങ്ങഠം ഇവിടെ നിക്ഷേപിക്കുകയാണെങ്കൽ അത് ഈ പഞ്ചായത്തിലെ സാധാരണക്കാരായ ആളുകഠംക്ക് കാർഷിക-കാർഷികേതര വായ്പകഠം നൽകി സഹായിക്കാൻ കഴിയും. അതുവഴി പഞ്ചായത്തിൻെറ കാർഷികമേഖല വികസിപ്പിക്കാവുന്നതാണ്. കാർഷികാവശ്യത്തിനുള്ള വിത്ത്, വളം, ഉപകരണങ്ങഠം, കീടനാശിനികഠം എന്നിവ സംഭരിക്കുകയും വിതരണം ചെയ്യുകയും ബാങ്കിൻെറ പ്രവർത്തനങ്ങളിൽ പെട്ടതാണെങ്കിലും അത്തരം പ്രവർത്തനങ്ങളൊന്നും ഇപ്പോഠം നടക്കുന്നില്ല.

ബാങ്കിൻെറ ലാഭനഷ്ട കണക്കനുസരിച്ച്, ലാഭത്തിലല്ല ഇപ്പോഠം പ്രവർത്തിക്കുന്നത്.

## കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്

നല്ല നിലയിൽ പ്രവർത്തിക്കുന്ന കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിൻെറ പിരിധിയിലാണ് ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്. മുൻകാലങ്ങളിൽ കാര്യമായ വായ്പകളൊന്നുംലഭിച്ചിരുന്നില്ലെങ്കിലും അടുത്ത

കാലങ്ങളിൽ പ്രസ്തുത ബാങ്ക് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കാർഷിക-കാർഷികേതര വായ്പകൾ ലഭ്യമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

## ഭൂവികസന ബാങ്ക്

തിരൂർ സഹകരണ ഭൂവികസന ബാങ്കിൻെറ പരിധിയിൽപ്പെടുന്ന ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ബാങ്കിൻെറ ചെമ്മാട് ശാഖയിൽ നിന്നും കാർഷിക-കാർഷികേതരവായ്പകൾ ലഭിക്കുന്നുണ്ട്.

സഹകരണ രംഗത്ത് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതും പ്രാവർത്തികമാക്കാവുന്നതുമാണ്.

## നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ നിലവിലുള്ള ഏക സഹകരണ സ്ഥാപനമായ സർവീസ് സഹകരണ ബാങ്ക് പൊതുജനങ്ങളുടെയും അംഗങ്ങളുടെയും സൗകര്യാർത്ഥം ഒതുക്കുങ്ങൽ ടൗണിൽ സ്ഥിരം കെട്ടിടമുണ്ടാക്കി മാററുക.

സർവീസ് സഹകരണ ബാങ്കിൽ കൂടുതൽ അംഗങ്ങളെ ചേർത്ത് ബാങ്കിൻെറ ഓഹരി മൂലധനം വർധിപ്പിക്കുക.

നിക്ഷേപസമാഹരണം ത്വരിതപ്പെടുത്തി നിക്ഷേപം വർധിപ്പിച്ച് കൂടുതൽ വായ്പകൾ അർഹരായവർക്ക് ലഭ്യമാക്കുക.

പഞ്ചായത്ത് ആസ്ഥാനത്ത് ഒരു സഹകരണ മാർക്കററിംഗ് സൊസൈറ്റി രൂപീകരിച്ച് കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്താവുന്നതാണ്.

സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു ആശുപത്രി, കോളേജ് എന്നിവ ആരംഭിക്കുക.

ഭവനനിർമ്മാണത്തിന് പഞ്ചായത്തിലെ ജനങ്ങളെ സഹായിക്കുന്നതിന് ഒരു കോ-ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി രൂപീകരിക്കുക.

ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

തിരൂരങ്ങാടി താലൂക്കടിസ്ഥാനത്തിൽ ഒരു പ്രാഥമിക ഭൂവികസനബാങ്ക് ആരംഭിക്കേണ്ടതാണ്.

ഒരു ക്ഷീരസഹകരണ സംഘം, വ്യവസായ സഹകരണസംഘം എന്നിവ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

# 4-11

# പട്ടികജാതി-പട്ടികവർഗ ക്ഷേമം

## ആമുഖം

കാലാകാലങ്ങളായി അടിച്ചമർത്തപ്പെട്ട ജനവിഭാഗമായിരുന്നു പട്ടികജാതിക്കാർ. ഒരു കാലഘട്ടത്തിൽ മനുഷ്യരായിത്തന്നെ ഇവർ പരിഗണിക്കപ്പെട്ടിരുന്നില്ല. വിവാഹം തുടങ്ങിയ സാമൂഹ്യചടങ്ങുകളിൽ ഇവർക്ക് പ്രവേശനം നിഷിദ്ധമായിരുന്നു. ഉന്നത ജാതിക്കാർ വഴി നടക്കുന്നിടങ്ങളിൽ അവർക്ക് അതിന് അനുമതി ഇല്ലായിരുന്നു. ക്ഷേത്രദർശനത്തിനു പോലും മറ്റു പിന്നോക്കവിഭാഗങ്ങളായ തിയ്യ തുടങ്ങിയ സമുദായക്കാരോടൊപ്പം ഇവർക്കും വിലക്കു കല്പിക്കപ്പെട്ടിരുന്നു. ജന്മിത്വ സമ്പ്രദായത്തിൻെറ ഭാഗമായി പല ജന്മിമാരുടെയും അധികാരത്തിലുള്ള ഭൂമിയിൽ കുടിൽ കെട്ടി താമസിച്ചു വന്നിരുന്ന ഇവർ ജന്മിമാരുടെയോ മുന്നോക്ക വിഭാഗങ്ങളുടെയോ അനിഷ്ടത്തിനു പാത്രമായാൽ ഏതു നിമിഷവും അടിച്ചിറക്കപ്പെടാവുന്ന അവസ്ഥയിലായിരുന്നു. മുന്നോക്ക സമുദായക്കാരുടെ കൃഷിയിടിങ്ങളിൽ കർഷകത്തൊഴിലാളികളായി ജോലി ചെയ്യുന്നവർക്ക് പാത്രങ്ങളിൽ ഭക്ഷണം കഴിക്കാൻ പോലും അനുമതിയില്ലായിരുന്നു. മണ്ണിൽ കുഴിയുണ്ടാക്കി അതിൽ ഇല വെച്ചു വേണമായിരുന്നു കഞ്ഞികുടിക്കാൻ. ചായക്കടകളിൽ ഈ വിഭാഗക്കാർക്ക് അവരവർ പ്രത്യേകമായി സൂക്ഷിക്കുന്ന ചിരട്ടകളിലേ ചായ കഴിക്കാൻ പാടുള്ളുമായിരുന്നു. വിദ്യാഭ്യാസ രംഗത്തുനിന്നും പാടേ മാറ്റിനിർത്തപ്പെടുകയും ചെയ്തിരുന്നു. നാടുവാഴികളുടെ അടി, നാടുകടത്തൽ തുടങ്ങിയ ശിക്ഷാനടപടികൾക്കും ഗുണ്ടാമർദ്ദനങ്ങൾക്കും നിസ്സഹായരായി പ്രതിഷേധിക്കാൻ പോലുമാവാതെ അനുഭവസ്ഥരാകാനേ ഇവർക്ക് നിവൃത്തിയുണ്ടായിരുന്നുള്ളു. ഇങ്ങനെ ജാതിയുടെയും ജന്മിത്വത്തിൻെറയും നാടുവാഴി പ്രഭുത്വത്തിൻെറയും കീഴിൽ തികച്ചും അടിച്ചമർത്തപ്പെട്ടവരായിരുന്നു പട്ടികജാതി വിഭാഗങ്ങൾ.

ചെറുമൻ, കണക്കൻ, കള്ളാടി, പറയൻ, മണ്ണാൻ എന്നീ പട്ടികവിഭാഗങ്ങളാണ് നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളത്. ചെറുമൻ, കണക്കൻ, കള്ളാടി വിഭാഗങ്ങൾ മുഖ്യമായും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട വരമ്പുവെക്കൽ, ഞാറുപറിക്കൽ, നടീൽ, കളപറിക്കൽ, കൊയ്ത്ത്, മെതി, വേലികെട്ടൽ, തടം തുറക്കൽ, ഭൂമികിളക്കൽ, തോലു വെട്ടൽ, തുടങ്ങിയ തൊഴിലുകളിലാണേർപ്പെട്ടിരുന്നത്. ഞാറുപറിക്കൽ, നടീൽ, കളപറിയ്ക്കൽ, കൊയ്ത്ത്, മെതി തുടങ്ങിയ ജോലികൾ സ്ത്രീ തൊഴിലാളികളും മറ്റുള്ളവ പുരുഷന്മാരുമാണ് ചെയ്തുവന്നിരുന്നത്. കൂലി പ്രധാനമായും ഉല്പന്നങ്ങളായാണ് കിട്ടിക്കൊണ്ടിരുന്നത്. പറയർ പൊതുവെ കൊട്ട, മുറം, കൊട്ടകയ്യിൽ, കുണ്ട, ഒറ്റൽ തുടങ്ങിയ ഉപകരണങ്ങൾ മുള ഉപയോഗിച്ചു നിർമിക്കുന്ന പ്രവൃത്തിയിലാണേർപ്പെട്ടിരുന്നത്. ഉണ്ടാക്കി വീടുകളിലെത്തിച്ചുകൊടുക്കുന്ന ഈ വസ്തുക്കളുടെ വിലയു- ഉല്പന്നങ്ങളായാണ് മുൻകാലങ്ങളിൽ ലഭിച്ചിരുന്നത്. മണ്ണാൻ വിഭാഗത്തിൽപ്പെട്ടവർ പാരമ്പര്യ വൈദ്യം, പ്രസവശുശ്രൂഷ, അലക്ക് തുടങ്ങിയ തൊഴിലുകളിലാണ് ഏർപ്പെട്ടിരുന്നത്. വൈദ്യം മുഖ്യമായും പുരുഷന്മാരുടെയും പ്രസവ ശുശ്രൂഷയും അലക്കും സ്ത്രീകളുടെയും തൊഴിലുകളായിരുന്നു.

വർഷത്തിൽ മിക്കസമയവും വറുതിയിൽ കഴിയേണ്ടിവരുന്ന പട്ടികജാതി വിഭാഗക്കാർക്ക് കൊയ്ത്തുകാലം ആഹ്ലാദത്തിൻെറയും ഉത്സവത്തിൻേറയും നാളുകളായിരുന്നു. ആഘോഷങ്ങളെല്ലാം ഈ കാലത്തായിരുന്നു നടത്തിയിരുന്നത്. തങ്ങളുടെ തൊഴിലിന് കൃഷിക്കാരിൽ നിന്ന് നെല്ലും മറ്റ് ഉല്പന്നങ്ങളുമായി വേതനം ലഭിച്ചിരുന്ന ഈ കാലയളവിലായിരുന്നു പിന്നോക്കക്കാരുടെ ആരാധനാലയങ്ങളിൽ വേലകൾ നടത്തപ്പെട്ടിരുന്നത്. ഈ വേലകളിലേക്ക് കാള, കുതിര, തുടങ്ങിയ പൊയ്ക്കോലങ്ങളുമായി ഘോഷയാത്രകൾ പോകുന്ന പതിവുണ്ടായിരുന്നു. ഈ സന്തോഷാവസരങ്ങളിൽ തനതു കലകളായ ചവിട്ടുകളി, ചാടിമുട്ട്, തെയ്യം തുടങ്ങിയവയും നടത്തപ്പെടാറുണ്ടായിരുന്നു.

എല്ലാറ്റിനും പുറമെ പറയ സമുദായം അനുഭവിച്ചു വന്നിരുന്ന മറ്റൊരാരോപണമായിരുന്നു ഒടിയൻെറ പേരിൽ

ഉണ്ടായിരുന്നത്. സമൂഹത്തിൽ നടക്കുന്ന ദുരൂഹവും, ഹൃദ്രോഗവും പിടികിടാത്തതുമായ മറ്റു രോഗങ്ങൾ കൊണ്ടുണ്ടാവുന്നതുമായ മരണങ്ങൾക്ക് ഉത്തരവാദിത്തം പലപ്പോഴും ഒടിയന്റെ പേരിൽ ചുമത്തപ്പെട്ടിരുന്നു. ഇതിന്റെ പേരിൽ സമുദായം അനുഭവിക്കേണ്ടിവന്നിരുന്ന പീഡനങ്ങൾ വിവരണാതീതമായിരുന്നു. മേലാളരുടെ വൈരാഗ്യം തീർക്കാൻ ഇത് അവസരമായി ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു.

ഈ പിന്നോക്കാവസ്ഥകൾക്ക് മാറ്റം വന്നു തുടങ്ങിയത് സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളുടെയും മറ്റുഭരണപരമായ സാമൂഹ്യപരിഷ്ക്കരണ നടപടികളുടേയും ഭാഗമാണ്. അമ്പതുകളുടെ അവസാനത്തിലും അറുപതുകളുടെ അവസാനത്തിലും നടന്ന ഭൂ പരിഷ്ക്കരണ നടപടികൾ പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യപദവി ഉയർത്തുന്നതിൽ ഒരു കുതിച്ചുചാട്ടം തന്നെയുണ്ടാക്കി. കുടികിടപ്പിന് സ്വന്തമായി അവകാശം കിട്ടിയത് സാമൂഹ്യപദവി ഉയർത്തുന്നതിനും അരക്ഷിതബോധത്തിൽ നിന്ന് പുതിയൊരു അവകാശബോധത്തിലേക്ക് ഉയരുന്നതിനും സഹായിച്ചു. ഇതും വിദ്യാഭ്യാസത്തിന് ലഭിച്ച ആനുകൂല്യങ്ങളും പഠനത്തെക്കുറിച്ച് ആവശ്യബോധമുണ്ടാക്കുന്നതിനും വിദ്യാഭ്യാസ രംഗത്തേക്ക് ആകർഷിക്കുന്നതിനും വഴിവെച്ചു. വീടുവെക്കുന്നതിന് ലഭിച്ച ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുക വഴി കുറേകൂടി മെച്ചപ്പെട്ട താമസസൗകര്യങ്ങൾ ഉണ്ടായി. ഭൂരഹിതർക്ക് ഭൂമി പതിച്ചു കിട്ടിയതും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ പ്രദാനം ചെയ്തു.

ഗൾഫ് മേഖലകളിലെ പുതിയതൊഴിൽ സാധ്യത, കാർഷികരംഗത്തുണ്ടായ പുറകോട്ട് പോക്ക് തൊഴിൽ മേഖലകളിൽ കാര്യമായ വ്യതിയാനമുണ്ടാക്കി. ഗൾഫ് പണത്തിന്റെ പുത്തനൊഴുക്ക് കാരണം തുറന്നു കിട്ടിയ നിർമ്മാണ രംഗത്തെ പുതിയ തൊഴിൽ സാധ്യതകൾ വളരെയേറെ യുവാക്കളെ പ്രത്യേകിച്ചും ആ മേഖലയിലേക്കാകർഷിച്ചു. കൃഷിഭൂമിയിൽ പണിയെടുത്ത് ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്ന പട്ടികജാതി കുടുംബങ്ങളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർമ്മാണ മേഖലയിൽ വേതനം കാര്യമായ പങ്കുവഹിച്ചു. ചുരുക്കം പേർക്കാണെങ്കിലും ലഭിച്ച സർക്കാർ ജോലി ആ കുടുംബങ്ങളുടെയും നിലവാരമുയർത്താൻ കാരണമായി.

## നിലവിലുള്ള സ്ഥിതിഗതികളും പ്രശ്നങ്ങളും

കോളനികൾ:- വടക്കുംമണ്ണതൊടുകുത്ത് പറമ്പ്, മുണ്ടിയാട്, കുന്നത്ത്, നെടുങ്ങോട്ടുകുളമ്പ്, കൊളത്തുപറമ്പ്, തുമ്പ്രക്കുന്നത്ത്, കൂരിപറമ്പ്, അരിച്ചോൾ, ചുള്ളിയൻ കുളമ്പ്, വലിയ പറമ്പ്, ആട്ടീരി, കാക്കേരി കുളമ്പ്, കൊളത്തുപറമ്പ് മിച്ചഭൂമി, മുണ്ടോത്തു പറമ്പ് എന്നിവിടങ്ങളിലായാണ് പട്ടികജാതി വിഭാഗക്കാർ അധിവസിക്കുന്നത്. ഇതിൽ വടക്കും മണ്ണകോളനി, വലിയ പറമ്പ് കോളനി, മുണ്ടോത്തു പറമ്പിലെ ഒറ്റപ്പെട്ട വീടുകൾ എന്നിവയൊഴികെയുളള പട്ടികജാതിക്കാർ അധിവസിക്കുന്ന പ്രദേശങ്ങൾ അംഗീകൃത കോളനികളുടെ പരിധിയിൽ വരുന്നു.

പട്ടിക 1

| ക്രമ നമ്പർ | കോളനിയുടെ പേര് | അംഗീകരിച്ചതൊ അല്ലാത്തതൊ | ഉൾപ്പെടുന്ന പ്രദേശങ്ങൾ |
|---|---|---|---|
| 1. | ആട്ടീരി | അംഗീകൃതം | ആട്ടീരി, കുറ്റിപ്പൊന്ത, ചുണ്ടയിൽ പറമ്പ് |
| 2. | അരിച്ചോൾ | " | അരിച്ചോൾ, വലിയ പറമ്പ്, ചുള്ളിയിൽ കുളമ്പ് |
| 3. | തുമ്പ്രക്കുന്നത്ത് | " | തുമ്പ്രക്കുന്നത്ത് കൂരിപറമ്പ് |
| 4. | കൊളത്തുപറമ്പ് | " | കൊളത്തുപറമ്പ്, കാക്കേരി കുളമ്പ്, മിച്ചഭൂമി |
| 5. | നെടുങ്ങോട്ടുകുളമ്പ് | " | നെടുങ്ങോട്ടുകുളമ്പ് |
| 6. | കുന്നത്ത് | " | കുന്നത്ത് |
| 7. | മുണ്ടിയാട് | " | മുണ്ടിയാട് |
| 8. | തൊടുകുത്ത്പറമ്പ് | " | തൊടുകുത്ത് പറമ്പ് |
| 9. | വടക്കുംമണ്ണ | അംഗീകരിച്ചിട്ടില്ല | വടക്കുംമണ്ണ് |

കൊളത്തുപറമ്പ്, മിച്ചഭൂമി, കാക്കേരികുളമ്പ് എന്നി പ്രദേശങ്ങൾ കൊളത്തുപറമ്പ് കോളനി എന്നും തുമ്പ്രകുന്നത് കൂരിപ്പറമ്പ് എന്നിവ തുമ്പ്രക്കുന്നത്കോളനി എന്നും അരിച്ചോൾ, ചുള്ളിയൻ കുളമ്പ്, വലിയപറമ്പ് എന്നിവ അരിച്ചോൾ കോളനി എന്ന പേരിലുമാണ് അംഗീകരിക്കപ്പെട്ടിട്ടുളളത്, കോളനികൾ എന്ന നിലയിലുളള ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ സാങ്കേതിക വിഷമങ്ങൾ സൃഷ്ടിക്കുന്നു. കോളനിയായി അംഗീകരിക്കുന്നതിന് ചുരുങ്ങിയത് പത്തു വീടുകൾ വേണമെന്ന നിബന്ധനയും പ്രയാസമുണ്ടാക്കുന്നു.

കൈവശഭൂമി- കുടികിടപ്പിന് പട്ടയവും മിച്ചഭൂമിയും ലഭിച്ചിട്ടുണ്ടെങ്കിൽ പോലും കുറെയേറെ ഹരിജൻ കുടുംബങ്ങൾ ഇപ്പോഴും ഭൂരഹിതരായുണ്ട്. ഇതുമൂലം വീടു വെക്കുന്നതിനും മറ്റുമുളള ആനുകൂല്യങ്ങൾ വാങ്ങിക്കാൻ സാധിക്കുന്നില്ല.

കാലാകാലങ്ങളായി അുഭവിച്ചു പോരുന്നതും കൈവശം വച്ചു കൃഷി ചെയ്യുന്നതുമായ ഭൂമിക്ക് പട്ടയം കിട്ടാത്തതും കൈവശസർട്ടിഫിക്കറ്റ് ലഭിക്കാത്തതുമായ പ്രശ്നങ്ങളും വീടുവെക്കാൻ വേണ്ട ധനസഹായങ്ങൾക്ക് അപേക്ഷിക്കുന്നതിന് പ്രയാസത്തിനു കാരണമാകുന്നു.

പാർപ്പിടം:- വീടുവെയ്ക്കുന്നതിന് ഇന്ന് ലഭിച്ചുവരുന്ന ധനസഹായത്തുക തീരെ അപര്യാപ്തമാണ്. ഇത് പാവപ്പെട്ട ഹരിജൻ കുടുംബങ്ങൾക്ക് വീടു പണി മുഴുമിപ്പിക്കാൻ കഴിയാതെ വരുന്നതിന് ഇടയാക്കുന്നു.

പട്ടിക 2

വീടുകൾ

| ക്രമ നമ്പർ | കോളനി | വീടുകൾ: കുടുംബങ്ങൾ | ഓല | ഓട് | RCC | ഇല്ലാത്തത് | ആകെ | കക്കൂസുകൾ: ഉള്ളത് | കക്കൂസുകൾ: ഇല്ലാത്തത് | വൈദ്യുതി: ഉള്ളത് | വൈദ്യുതി: ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ആട്ടീരി | 34 | 1 | 25 | - | - | 26 | 18 | 8 | 18 | 8 |
| 2 | അരിച്ചോൾ | 40 | 2 | 26 | 1 | - | 29 | 8 | 21 | 4 | 25 |
| 3 | തുമ്പ്രക്കുന്ന് | 33 | 1 | 18 | - | - | 19 | 4 | 15 | 10 | 9 |
| 4 | കൊളത്തു പറമ്പ് | 57 | 2 | 44 | - | - | 46 | 23 | 23 | 14 | 32 |
| 5 | നെടുങ്ങോട്ട് കുളമ്പ് | 19 | 2 | 13 | - | - | 15 | 4 | 11 | 1 | 14 |
| 6. | കുന്നത്ത് | 18 | 2 | 10 | - | - | 12 | 1 | 11 | 2 | 10 |
| 7. | മുണ്ട്യാട് | 21 | 3 | 7 | - | 6 | 16 | 1 | 15 | 6 | 10 |
| 8 | തൊടുകുത്ത് പറമ്പ് | 21 | 3 | 9 | - | - | 12 | 6 | 6 | 6 | 6 |
| 9 | വടക്കുംമണ്ണ | 12 | 1 | 6 | - | - | 7 | 3 | 4 | 2 | 5 |
| | ആകെ | 255 | 17 | 158 | 1 | 6 | 182 | 68 | 114 | 57 | 125 |

1991 ലെ സെൻസസ് പ്രകാരമുള്ള പട്ടികജാതി കുടുംബങ്ങളുടെ കണക്ക്:-

| കോളനിയുടെ പേര് | ജന സംഖ്യ | കുടുംബങ്ങളുടെ എണ്ണം | വീടുകളുടെ എണ്ണം |
|---|---|---|---|
| ആട്ടീരി | 204 | 29 | 26 |
| കൊളത്തു പറമ്പ് | 132 | 25 | 25 |
| തുമ്പ്രകുന്നത്ത് | 105 | 18 | 18 |
| അരിച്ചോൾ | 116 | 20 | 20 |
| നെടുങ്ങോട്ട് കൊളമ്പ് | 75 | 13 | 13 |

മുൻകാലങ്ങളിൽ ലഭിച്ച ധനസഹായം ഉപയോഗിച്ചോ സ്വന്തമായോ നിർമ്മിച്ച വീടുകൾ അറ്റകുറ്റപണികൾ നടത്തുന്നതിനുവേണ്ട സാമ്പത്തിക ശേഷിയില്ലാത്തതിനാൽ പല കുടുംബങ്ങളും അധിവസിക്കുന്ന വീടുകൾ വളരെയേറെ ശോചനീയാവസ്ഥയിലാണ്. ഈ ആവശ്യത്തിന് ഇന്ന് കിട്ടുന്ന സാമ്പത്തിക സഹായം കേവലം ആയിരം രൂപയാണ്. ഇത് നേടുന്നതിന് ചെലവഴിക്കേണ്ട തുകയും, ചെലവഴിക്കേണ്ട തൊഴിൽ ദിനങ്ങളുടെ ഭാഗമായി വരുന്ന നഷ്ടവും മൂലം ഇത് ഫലത്തിൽ നഷ്ടമാകുന്ന സ്ഥിതിയിൽ കലാശിക്കുന്നു.

വീടുവെക്കുന്നതിനുവേണ്ടി ലഭിക്കുന്ന ധനസഹായത്തുക അപര്യാപ്തമാണെന്നതിനു പുറമെ, ഇക്കാ

ര്യത്തിലുള്ള സാങ്കേതിക നൂലാമാലകൾ നിമിത്തം ഒട്ടേറെ പ്രയാസങ്ങൾക്കിടയാക്കുന്നു. ഇത് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്തുന്നതിനും അനാവശ്യയാത്രച്ചിലവുകൾക്കും കൈക്കൂലി കൊടുക്കേണ്ട അവസ്ഥയിലേക്കും കാര്യങ്ങൾ എത്തിക്കുന്നു.

## ശുചിത്വ സൗകര്യങ്ങൾ

കക്കൂസ്, കുളിമുറി തുടങ്ങിയ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന്വേണ്ട സൗകര്യങ്ങളും ദുർലഭം വീടുകളിലേ ഉള്ളു. ഇത് ശുചിത്വമില്ലായ്മയിലേക്കും ആരോഗ്യപ്രശ്നങ്ങളിലേക്കും നയിക്കുന്നു.

## കുടിവെള്ളം

കുടിവെള്ളത്തിൻെറ പ്രശ്നവും ഇന്ന് പല കോളനികളിലും നിലനിൽക്കുന്നു. ചുണ്ടയിൽപ്പറമ്പ്, ചുള്ളിയൻ കുളമ്പ്, അരിച്ചോൾ, കാക്കേരി കുളമ്പ്, നെടുങ്ങോട്ട് കുളമ്പ്, കുന്നത്ത് വടക്കുംമണ്ണ എന്നിവിടങ്ങളിൽ പൊതുകിണർ ഇല്ലാത്തതും തുമ്പ്രകുന്നത്ത് കോളനയിലെ കിണറിൽ ആവശ്യത്തിന് വെള്ളം ഇല്ലാത്തതും കുടിവെള്ള രംഗത്തെ പ്രശ്നങ്ങളാണ്. കൊളത്തുപറമ്പ് കോളനിയിലെ മണ്ണാൻ സമുദായത്തിൽപ്പെട്ടവർ താമസിക്കുന്ന പ്രദേശത്തും കുടിവെള്ള ക്ഷാമം നേരിടുന്നു.

## വിദ്യാഭ്യാസം

കഴിഞ്ഞ കാലങ്ങളിൽ നിലനിന്നതും ഇപ്പോഴും ഏറെകുറെ നിലനിൽക്കുന്നതുമായ സാമൂഹ്യ -സാമ്പത്തിക രംഗത്തെ പിന്നോക്കാവസ്ഥയും കുടുംബങ്ങളിലെ ദാരിദ്ര്യവും കാരണം പട്ടികജാതി വിഭാഗങ്ങളിലുള്ളവരുടെ വിദ്യാഭ്യാസ നിലവാരം മറ്റു വിഭാഗക്കാരെ അപേക്ഷിച്ച് വളരെയേറെ താഴ്ന്നതാണ്. ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം മക്കൾക്ക് നൽകാൻ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്നതിന് വേണ്ടി നാട്ടിലെസാധാരണ തൊഴിലുകൾക്ക് പോകേണ്ടി വരുന്നതും ഉയർന്നു പഠിക്കാൻ കഴിയാതെ വരുന്നതിന് കാരണമാകുന്നു. മുതിർന്നവർ ജോലിക്കുപോവുമ്പോൾ കുടുംബത്തിലെ ഇളയകുട്ടികളെ ശ്രദ്ധിക്കുന്നതിന് വേണ്ടി പ്രാഥമിക തലത്തിൽ വെച്ചു തന്നെ പഠിത്തം നിർത്തേണ്ട സ്ഥിതി അടുത്തകാലം വരെ നിലവിലുണ്ടായിരുന്നു. ഇതു കാരണം ഇന്നത്തെ തലമുറക്ക് കാര്യമായ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തതിനാൽ പുതിയ തലമുറയുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിന് സാധിക്കുന്നില്ല.

ഇന്നത്തെ തലമുറ ഏറെക്കുറെ സെക്കണ്ടറിതലം വരെയുള്ളവിദ്യാഭ്യാസം പൂർത്തിയാക്കുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തം ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാണ് എന്ന ശക്തമായ ബോധം സെക്കണ്ടറി തലം വരെയുള്ള പഠനം തന്നെ ചടങ്ങു തീർക്കുന്ന നിലയിലേക്ക് താഴ്ത്തുന്നു. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും വിരലിലെണ്ണാവുന്ന യുവാക്കൾ ഉന്നത വിദ്യാഭ്യാസം നേടിയവരായും ഉണ്ട്.

സ്കൂൾ തുറക്കുന്ന അവസരങ്ങളിലെ ഭാരിച്ച സാമ്പത്തിക ബാധ്യതകൾ നിർവഹിക്കാൻ പല കുടുംബങ്ങൾക്കും കഴിയുന്നില്ല. സെക്കണ്ടറി തൊട്ടുള്ള തലങ്ങളിൽ തുടർച്ചെലവുകൾ വഹിക്കുന്നതിനും പ്രയാസമനുഭവിക്കേണ്ടിവരുന്നു. യൂനിഫോം പോലെയുള്ള കാര്യങ്ങൾക്ക് വേണ്ട അധികരിച്ച സാമ്പത്തിക ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കാൻ പലർക്കും ആവുന്നില്ല.

സെക്കണ്ടറിമുതൽ മേലോട്ടുള്ള തലങ്ങളിൽ പരാജയപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ കുടുംബത്തെ ആശ്രയിക്കേണ്ടതുള്ളതിനാലും കുടുംബത്തിന് അതിനുള്ള സാഹചര്യം ഇല്ലാത്തതിനാലും അവർക്ക് തുടർന്ന് പഠിക്കാൻ സാധിക്കുന്നില്ല.

## തൊഴിൽ

പട്ടികജാതി വിഭാഗങ്ങളുടെ പരമ്പരാഗത തൊഴിൽ മേഖലകൾ തകർന്നു കൊണ്ടിരിക്കുകയാണ്. കൂടുതൽ സാധ്യതകളുള്ളതും ആകർഷകവുമായ രംഗങ്ങളിലേക്ക് ഇവർ മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. കാർഷിക രംഗത്തൊഴികെയുള്ള പരമ്പരാഗത മേഖലകളിൽ നിന്ന് യുവതലമുറ പാടേ മാറ്റിനിർത്തപ്പെട്ടിട്ടുണ്ട്. ഇതിനാൽ പരമ്പരാഗത വൈദ്യം, കൊട്ട, മുറം തുടങ്ങിയവയുടെ നിർമാണം എന്നീ മേഖലകൾ കണ്ണിയറ്റുകൊണ്ടിരിക്കുന്നു.

പറയ സമുദായത്തിൽപ്പെട്ടവരാണ് കൊട്ട തുടങ്ങിയ ഉപകരണങ്ങളുടെ നിർമ്മാണം പരമ്പരാഗതമായി ചെയ്തുവന്നിരുന്നത്. അസംസ്കൃത വസ്തുവായ മുളയുടെ ദൗർലഭ്യം ഉൽപ്പന്നങ്ങൾക്ക്, അസംസ്കൃത വസ്തുവിൻെറ വിലയും ചെലുത്തപ്പെടുന്ന അധ്വാനത്തിന് അർഹമായ വേതനവും ഉൾപ്പെടെ ന്യായമായി ലഭിക്കേണ്ട വില കിട്ടായ്ക എന്നീ പ്രശ്നങ്ങൾ യുവതലമുറക്ക് ഈ തൊഴിൽ അനാകർഷകമാക്കുന്നു. വിപണനരംഗത്തെ പ്രശ്നങ്ങളും ഇതിന്കാരണമാകുന്നു.

പാരമ്പര്യവൈദ്യരംഗത്തേക്കും യുവതലമുറ നാമമാത്രമായിപ്പോലും കടന്നുവന്നിരുന്നില്ല. സാമൂഹ്യമാറ്റങ്ങളുടെ ഭാഗമായി അലോപ്പതിക്ക് കൈവന്ന മേൽക്കോയ്മയാണ് ഒരു പ്രധാന കാരണം. ഇതിൻെറഫലമായി പാരമ്പര്യ വൈദ്യന്മാർക്ക് സമൂഹത്തിൽ നേരത്തെയുണ്ടായിരുന്ന മാന്യതയും പദവിയും നഷ്ടമായി. യുവതലമുറ

ഈ രംഗത്തേക്ക് കടന്നുവരാത്തതിനാൽ പാരമ്പര്യവൈദ്യ ശാസ്ത്ര വിജ്ഞാനം നമുക്ക് നഷ്ടമാവുകയാണ്.

ഗൾഫ് പണത്തിൻെറ കുത്തൊഴുക്കും ഉൽപ്പന്ന ങ്ങൾക്ക് അർഹമായ വില ലഭിക്കാത്തതും കാർഷിക മേഖലയുടെ മുരടിപ്പിന് വഴിയൊരുക്കിയതിൻെറ ഫല മായി ഈ രംഗത്തെ തൊഴിൽ സാധ്യതകൾ വിരളമാക്കി. ഒട്ടേറെ കൃഷിഭൂമി ഉപയോഗപ്പെടുത്തപ്പെടാതെ കിട ക്കുന്നുണ്ടെങ്കിലും തങ്ങളുടെ കൈവശം ഭൂമിയില്ലാത്തതും ഈ മേഖലയിലെ തൊഴിൽ സാധ്യതകളിൽ കുറവു വരു ത്തുന്നു. കാർഷികരംഗത്തെ ആനുകൂല്യങ്ങൾ ലഭിക്കു ന്നതിനും നിശ്ചയിക്കപ്പെട്ട ചുരുങ്ങിയ ഭൂമിപരിധി മിക്ക കുടുംബങ്ങൾക്കും കൈവശമില്ലാത്തതിനാൽ അത്തരത്തി ലുള്ള യാതൊരു ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നി ല്ല.

പട്ടികജാതി-പട്ടികവർഗക്ഷേമ വകുപ്പിൽ നിന്ന് പല ആനുകൂല്യങ്ങളും ഇന്ന് ഈ വിഭാഗക്കാർക്കായുണ്ടെങ്കി ലും ഇതിൻെറ നിബന്ധനകൾ പലതും അപ്രാപ്യമാണ്. ഇതിനാൽ ഇവർക്ക് ലഭിക്കുന്ന വാഹനങ്ങൾ വാങ്ങുന്നതിനും മറ്റുമുള്ള ആനുകൂല്യങ്ങൾ ബിനാമി പേരിൽ സമൂഹത്തിലെ മേലേക്കിടയിലുള്ള പലരും തട്ടി യെടുത്ത് അനുഭവിച്ചുവരികയാണ്. ഇതിനാൽ പട്ടികജാ തിക്കാരുടെ ജീവിത നിലവാരത്തിൽ മാറ്റം വരുത്തുക യെന്ന യഥാർത്ഥലക്ഷ്യം സാധിക്കപ്പെടാതെ പോവുകയും ഇതിൻെറ പേരിൽ മററുപലർക്കും അനർഹമായ ആനു കൂല്യങ്ങൾ വളഞ്ഞ വഴിയിലൂടെ നേടാൻ കഴിയുകയുമാ ണ്.

മൃഗസംരക്ഷണം പോലുള്ള മേഖലകളിൽ തൊ ഴിൽ സാധ്യതകൾ ഉപയുക്തമാക്കുന്ന തരത്തിൽ കാര്യ മായ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല.

വ്യവസായ രംഗത്ത് പരിശീലനങ്ങൾ ലഭിക്കുന്നതി നും ധനസഹായം ലഭിക്കുന്നതിനും വേണ്ടസൗകര്യങ്ങളും ആവശ്യമായ തോതിൽ ഇല്ല.

## ആരോഗ്യം

മൂലപറമ്പ്, തൊടുകുത്ത്പറമ്പ്, മുണ്ടിയാട് അരി ച്ചോൾ, തുമ്പ്രക്കുന്നത്ത്, കൊളത്തുപറമ്പ് നെടുങ്ങോട്ടു കുളമ്പ് എന്നീ കോളനികൾക്ക് ഇന്ന് പ്രാഥമികരോഗ്യ കേന്ദ്രങ്ങളുടെ സേവനങ്ങൾ ലഭ്യമാകുന്നില്ല.

ഹരിജൻ കുടുംബങ്ങളിലെ ഗർഭിണികളും കുഞ്ഞുങ്ങളും പോഷകാഹാരക്കുറവിൻെറ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇത് കുഞ്ഞുങ്ങളുടെ വളർച്ചയെ സാരമായി ബാധിക്കുന്നു.

## ഗതാഗതം

ചുള്ളിയൻ കുളമ്പ് കോളനിയിലേക്കും കൊളത്തു പറമ്പ് മിച്ചഭൂമിയിലേക്കും ഇന്ന് ഗതാഗതസൗകര്യങ്ങളി ല്ല. വടക്കുംമണ്ണ, കൊളത്തുപറമ്പ്, കാക്കേരികുളമ്പ്, നെടു ങ്ങോട്ടുകുളമ്പ് ഭാഗങ്ങളിലേക്കുള്ള റോഡുകൾ ഗതാഗത യോഗ്യങ്ങളുമല്ല. കൊളത്തുപറമ്പ് കോളനിയെ ചെറുകു ന്നുമായി ബന്ധിപ്പിക്കുന്ന റോഡും ഗതാഗതയോഗ്യമല്ല. തുമ്പ്രക്കുന്നത്ത് കോളനിയെ ഒതുക്കുങ്ങലുമായി ബന്ധി പ്പിക്കുന്ന ആനോൾ-ചെറുകുന്ന് റോഡിൻെറ ടാറിങ്ങ് പൂർത്തിയായിട്ടില്ല. കൊളത്തുപറമ്പ് ഹരിജൻ കോളനി റോഡിനെ ചെറുകുന്ന് റോഡുമായി ബന്ധിപ്പിക്കുന്ന റോ ഡും തുമ്പ്രക്കുന്ന് കോളനിയെ ചെറുകുന്നുമായി ബന്ധി പ്പിക്കുന്ന റോഡും നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്. സൂപ്പിബസാർ- ഇരച്ചിപ്പുറ ഹരിജൻ കോളനി റോഡ് ടാറിങ്ങ് നടത്തണം.

## സംസ്കാരം

സാമൂഹ്യ-സാമ്പത്തിക രംഗത്തെ പിന്നോക്കാ വസ്ഥയുടെ പ്രതിഫലനമെന്നോണം സാംസ്കാരിക രംഗത്തും പട്ടികജാതി വിഭാഗങ്ങൾ പിന്നോക്കം നിൽ ക്കുന്നു. വായനശാല തുടങ്ങിയ സൗകര്യങ്ങൾ ഒന്നും തന്നെ കോളനികളിലെന്നല്ല പഞ്ചായത്തിലൊരിടത്തും ഇല്ല. കലാകായിക രംഗങ്ങളിൽ പ്രതിഭയുള്ള ഒട്ടേറെ പേർ ഈ വിഭാഗങ്ങളിലുണ്ടെങ്കിലും അവർക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിന്നുള്ള അവസരങ്ങൾ ലഭി ക്കുന്നില്ല. ഈ വിഭാഗങ്ങളുടെ തനതുകലകൾ പഞ്ചാ യത്ത് തലത്തിലുള്ള യുവജനോൽസവങ്ങളിലും മറ്റും ഉൾപ്പെടുത്തപ്പെട്ടിട്ടില്ല.

ചവിട്ടുകളി, ചാടിമുട്ട്, തെയ്യം, കാർഷികവൃത്തിയു മായി ബന്ധപ്പെട്ട നാടൻ പാട്ടുകൾ എന്നിവക്ക് അർഹി ക്കുന്ന പ്രോത്സാഹനം ലഭിക്കുന്നില്ല.

## വൈദ്യുതി

ചുള്ളിയൻ കുളമ്പ്,കൊളത്തുപറമ്പ്,തൊടു കുത്ത്പറമ്പ്കോളനി, അരിച്ചോൾ ലക്ഷംവീട് ഭാഗം, വടക്കുംമണ്ണ, നെടുങ്ങോട്ട് കുളമ്പ് എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്തിയിട്ടുള്ള മറ്റു കോളനികളുടെ ഭാഗങ്ങളിൽ തന്നെ വൈദ്യുതീകരി ക്കാത്ത വീടുകളാണ് ഒട്ടുമിക്കതും.

## ഊർജ്ജസംരക്ഷണം

പുകയില്ലാത്ത അടുപ്പുകളുടെ ആവശ്യകതയും പ്രാ ധാന്യവും ഇനിയും കുടുംബങ്ങൾ മനസ്സിലാക്കിയിട്ടില്ല.

ഈ അടുപ്പുകൾ സ്ഥാപിക്കുന്നതിന്നും പട്ടിക ജാതിക്കാർക്ക് പ്രത്യേകമായി ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല.

സൗരോർജ വിളക്കുകൾ സ്ഥാപിക്കുന്നത് വൈദ്യുതിലാഭിക്കാൻ സഹായകരമാകുമെങ്കിലും അതിനുള്ള പദ്ധതികളൊന്നും ഇന്ന് നിലവിലില്ല.

പാചകാവശ്യത്തിന് ഗോബർ ഗ്യാസ് ഉൽപ്പാദിപ്പിച്ചുപയോഗിക്കാനാവശ്യമായ ധനസഹായപദ്ധതികളും ഇന്ന് നിലവില്ല.

## മറ്റ് പ്രശ്നങ്ങൾ

കൊളത്തുപറമ്പിലുള്ള പൊതുശ്മശാനം അളന്ന് തിട്ടപ്പെടുത്തുകയോ അതിർത്തി തിരിക്കുകയോ ചെയ്തിട്ടില്ല. അരിച്ചോൾ ചെനയും നെടുങ്ങോട്ട് കുളവും ഹരിജൻ കുടുംബങ്ങളുടെ ശുചീകരണാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും ഇവയുടെ അവസ്ഥ ശോചനീയമാണ്.

## സാധ്യതകൾ

പട്ടികജാതിവിഭാഗത്തിൽപ്പെട്ട ജനതയെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും അവരുടെ സാമൂഹ്യ-സാമ്പത്തിക -സാംസ്കാരിക രംഗത്തെ നിലവാരമുയർത്തുന്നതിന്നും ഇന്ന് നിലവിലുള്ള ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലുള്ള വൈഷ്യമങ്ങൾ പരിഹരിക്കുകയും നിബന്ധനകൾ ലളിതമാക്കുകയും, ഗുണഭോക്താക്കളെ തീരുമാനിക്കുവാനും ആനുകൂല്യങ്ങൾ നൽകുന്നതിന്നുമുള്ള അധികാരങ്ങൾ ഗ്രാമപഞ്ചായത്തിന്നാക്കുകയും പുതിയ വായ്പാ-ധനസഹായ-ക്ഷേമപദ്ധതികൾക്ക് രൂപം നൽകുകയും തൊഴിൽ സംരംഭങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും ലഭ്യമാക്കുകയും കലാ-കായിക-സാഹിത്യ വിദ്യാഭ്യാസാദി രംഗങ്ങളിൽ പ്രോൽസാഹനം നൽകുകയും വേണം. ഈ വിഭാഗക്കാരുടെ ഉന്നമനം മുൻനിർത്തി ചില കർമപരിപാടികൾതാഴെവിവരിക്കുന്നു.

1. വടക്കുംമണ്ണ കോളനിക്ക് അംഗീകാരം നൽകുക.
2. വിവിധ ഭാഗങ്ങളിലായി കിടക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി അംഗീകരിച്ചിരിക്കുന്ന കോളനികൾ വിഭജിച്ച് അംഗീകാരം നൽകുക.

| | |
|---|---|
| 1. ആട്ടീരി | 1. കാച്ചടിക്കൽ |
| | 2. കുറ്റിപ്പൊന്ത |
| | 3. ചുണ്ടയിൽ പറമ്പ് |
| 2. അരിച്ചോൾ | 1. അരിച്ചോൾ |
| | 2. ചുള്ളിയൻ കുളമ്പ് |
| | 3. വലിയപറമ്പ് |
| 3.തുമ്പ്രക്കുന്ന് | 1. തുമ്പ്രക്കുന്ന് |
| | 2. കൂരിപറമ്പ് |
| 4. കൊളത്തുപറമ്പ് | 1. കാക്കേരി കുളമ്പ് |
| | 2. കൊളത്തൂപറമ്പ് |
| | 3. മിച്ചഭൂമി |

3. കോളനിയായി അംഗീകരിക്കുന്നതിനുള്ള നിലവിലുള്ള മാനദണ്ഡമായ ചുരുങ്ങിയത് 10 വീടുകൾ എന്നത് 5 ആക്കിചുരുക്കുക.
4. കോളനികളിലെ ഹരിജനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഒറ്റപ്പെട്ട വീടുകളിൽ താമസിക്കുന്ന ഹരിജനങ്ങൾക്ക് ലഭ്യമാക്കുക.
5. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് അത് ലഭ്യമാക്കുന്നതിനുള്ള ഒരു പ്രത്യേകപരിപാടി അടിയന്തിര പ്രാധാന്യം നൽകി നടപ്പിൽ വരുത്തുക.
6. ഭൂരഹിത ഹരിജൻ കുടുംബങ്ങൾക്ക് ലക്ഷം വീട് കോളനികളിലും മിച്ചഭൂമിയിലും മററുമുള്ള ശേഷിക്കുന്ന ഭൂമി പതിച്ചു നൽകുകയും ശേഷിക്കുന്ന ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് പലിശരഹിത വായ്പ അനുവദിക്കുകയും ചെയ്യുക. മിച്ചഭൂമി പതിച്ചുകൊടുക്കുമ്പോൾ 50% ഹരിജനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ കർശനമായി പാലിക്കണം.
7. വീടു നിർമാണത്തിന് നൽകുന്ന ധനസഹായം വർധിപ്പിക്കുക. വിവിധ ധനസഹായ പദ്ധതികൾ സംയോജിപ്പിച്ച് ഒറ്റപദ്ധതിയാക്കുകയും ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കുകയും ചെയ്യുക.
8. പഴകിപ്പൊളിഞ്ഞ വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ധനസഹായത്തുക 10000 രൂപയെങ്കിലുമാക്കി വർധിപ്പിക്കുകയും പദ്ധതി ഗ്രാമപഞ്ചായത്തു വഴി നടപ്പിലാക്കുകയും ചെയ്യുക.
9. കക്കൂസ്, കുളിമുറി തുടങ്ങിയവ നിർമിക്കുന്നതിന്മുൻഗണന നൽകി ഒരടിയന്തിര കർമപരിപാടി നടപ്പിലാക്കി മുഴുവൻ കുടുംബങ്ങൾക്കും ഒരു വർഷത്തിനകം പ്രാഥമിക സൗകര്യങ്ങൾ ലഭ്യമായി എന്നുറപ്പുവരുത്തുക.
10. വീടുകൾ വൈദ്യുതീകരിക്കുന്നതിന് ധനസഹായം നൽകുക.
11. ചുണ്ടയിൽ പറമ്പ്, ചുള്ളിയൻ കുളമ്പ്, അരിച്ചോൾ ലക്ഷംവീട്, കാക്കേരി കുളമ്പ്, നെടുങ്ങോട്ടുകുളമ്പ്, കുന്നത്ത്, വടക്കുംമണ്ണ, കൊളത്തുപറമ്പ് കോളനിയിലെ മണ്ണാൻ സമുദായക്കാർ താമസിക്കുന്ന പ്രദേശം എന്നിവിടങ്ങളിൽ പൊതുകിണർ നിർമ്മിക്കുക. തുമ്പ്രൻകുന്നം-മുണ്ടിയാട് എന്നീ കോളനകിളിൽ പൊതുകിണർ നന്നാക്കുക.
12. ഹരിജൻ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ

സൗജന്യമായി വിതരണം ചെയ്യുക.

13. ലംപ്സം ഗ്രാൻറ് തുക ചെലവുകൾക്ക് ആനുപാതികമായി വർധിപ്പിക്കുകയും സ്കൂൾ തുറക്കുമ്പോൾ തന്നെ ലഭ്യമാക്കുകയും ചെയ്യുക. വിതരണാധികാരം ഗ്രാമപഞ്ചായത്തിന് നൽകുക.
14. സെക്കണ്ടറിതൊട്ട് മേലോട്ടുള്ള തലങ്ങളിൽ പ്രതിമാസ സ്റ്റൈപ്പൻറ് നൽകുക.
15. ഹരിജൻ വിദ്യാർത്ഥികൾക്ക് യൂണിഫോം സൗജന്യമായി നൽകുകയോ അലവൻസ് നൽകുകയോ ചെയ്യുക.
16. ഒന്നുമുതൽ 10 വരെ ക്ലാസുകളിലെ ഒന്നാം സ്ഥാനം നേടുന്ന സ്കൂൾ തലത്തിലെയും പഞ്ചായത്ത് തലത്തിലെയും വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി സ്കോളർഷിപ്പ് നൽകുക.
17. വടക്കുംമണ്ണ, കുന്നത്ത്, നെടുങ്ങോട്ടുകുളമ്പ്, കൊളത്തുപറമ്പ്, അരിച്ചോൾ എന്നിവിടങ്ങളിൽ അംഗനവാടികൾ ആരംഭിക്കുക.
18. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസുകൾ നടത്തുക.
19. പത്താം ക്ലാസ് തൊട്ടുള്ള പൊതുപരീക്ഷകളിൽ പരാജയപ്പെട്ട് തുടർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ധനസഹായം നൽകുക.
20. ഹരിജൻ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് വിദ്യാർത്ഥികളുടെ പഠനത്തിൽ ശ്രദ്ധിക്കേണ്ടതെങ്ങനെയെന്നതു സംബന്ധിച്ച് സ്റ്റാൻേറർഡ് അടിസ്ഥാനത്തിൽ സ്കൂൾ തലത്തിൽ വിളിച്ചുചേർത്ത് ക്ലാസുകൾ നടത്തുക.
21. പാരമ്പര്യ വൈദ്യവിജ്ഞാനം സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
22. ഔഷധസസ്യങ്ങളുടെ കൃഷിക്ക് പ്രോത്സാഹനം നൽകുക.
23. പാരമ്പര്യവൈദ്യൻമാർക്ക് ആവശ്യമായ അംഗീകാരം നൽകുകയും ഔഷധ നിർമാണത്തിനും വിപണനത്തിനും ആവശ്യമായ സൗകര്യങ്ങളുണ്ടാക്കുന്നതിന് ധനസഹായം നൽകുകയും ചെയ്യുക.
24. കൊട്ട, മുറം തുടങ്ങിയവയുടെ നിർമാണത്തിന് ധനസഹായം നൽകുക. ഉൽപന്നങ്ങളുടെ വിപണനത്തിന് ഒരു സൊസൈറ്റി രൂപീകരിച്ച് സംവിധാനമുണ്ടാക്കുക.
25. തരിശിടുന്ന ഭൂമികൾ ഗ്രാമപഞ്ചായത്ത് പാട്ടത്തിനെടുക്കുകയും കൃഷിചെയ്യാൻ താല്പര്യമുള്ളവർക്ക് നൽകുകയും ചെയ്യുക.
26. കാർഷികമേഖലയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
27. കാർഷികാനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിലവിലുള്ള ചുരുങ്ങിയ പരിധി 50 സെൻറ് എന്നത് ഹരിജനങ്ങൾക്ക് 15 സെൻറ് എന്നാക്കി ചുരുക്കുക.
28. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾ ബിനാമി പേരിൽ മറ്റുവിഭാഗക്കാർ തട്ടിയെടുക്കുന്നത് തടയുക. അതിനായി വ്യസ്ഥകൾ ലളിതവും ഉദാരവുമാക്കുക. ഗുണഭോക്താക്കളെ നിശ്ചയിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുക.
29. മൃഗസംരക്ഷണരംഗത്ത് വരുമാനമാർഗമുണ്ടാക്കുന്നതിനായി ധനസഹായങ്ങളും പലിശരഹിതവായ്പകളും അനുവദിക്കുകയും ദുരുപയോഗപ്പെടുത്തുന്നത് തടയാൻ വ്യവസ്ഥകളുണ്ടാക്കുകയും ചെയ്യുക.
30. നിർമാണ-വ്യവസായ രംഗങ്ങളിൽ പരിശീലനം നൽകുക. പരിശീലനം സിദ്ധിച്ചവർക്ക് പലിശരഹിത വായ്പകൾ നൽകുക.
31. സർക്കാർ സർവീസിലെ സംവരണതത്വം കർശനമായി പാലിക്കുക.
32. എഴുത്തുപരീക്ഷ, ഇൻറർവ്യു എന്നിവക്കായി പോകുന്ന ഹരിജൻ ഉദ്യോഗാർത്ഥികൾക്ക് സാമ്പത്തികസഹായം നൽകുക.
33. വടക്കുംമണ്ണ, മുണ്ടിയാട്, കൊളത്തുപറമ്പ്, അരിച്ചോൾ എന്നിവിടങ്ങളിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുക.
34. അംഗനവാടികൾ വഴി ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം വിതരണം ചെയ്യുക.
35. അംഗനവാടികൾ കേന്ദ്രീകരിച്ച് പോഷകാഹാരത്തിൻെറയും കുടുംബാസൂത്രണത്തിൻെറയും രോഗപ്രതിരോധനടപടികളുടെയും പരിസരശുചിത്വത്തിൻെറയും ആവശ്യകതകളേയും ശ്രദ്ധിക്കേണ്ടതും ചെയ്യാവുന്നതുമായ കാര്യങ്ങളെകുറിച്ചും ക്ലാസുകൾ സംഘടിപ്പിക്കുക.
36. കാച്ചടിക്കൽ-ഇറച്ചിപ്പുര റോഡ് ടാർ ചെയ്യുക.
37. ചുള്ളിയൻ കുളമ്പിലേക്ക് റോഡ് നിർമ്മിക്കുക.
38. അരിച്ചോൾ ലക്ഷം വീട് ഭാഗത്തേക്കുള്ള വഴി ഗതാഗതയോഗ്യമാക്കുക.
39. തൂമ്പ്രൻ കുന്നിനെ ചെറുകുന്നുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം പൂർത്തിയാക്കി ടാർ ചെയ്യുക.
40. നെടുങ്ങോട്ടു കുളമ്പിലേക്ക് ചെറുകുന്നിൽ നിന്നുള്ള റോഡ് ടാർ ചെയ്യുക.
41. നെടുങ്ങോട്ട് കുളമ്പിലേക്ക് കുരിപറമ്പിൽ നിന്നുള്ള

റോഡ് ടാർ ചെയ്യുക.

42. നെടുങ്ങോട്ട് കുളമ്പിലേക്ക് കൊളത്തുപറമ്പിൽ നിന്ന് റോഡ് നിർമ്മിക്കുക.
43. കാക്കേരികുളമ്പ്-അരിച്ചോൾ റോഡ് നിർമിക്കുക.
44. മണ്ണാരുകുണ്ടൻ ഇടവഴി ഗതാഗത യോഗ്യമാക്കുക.
45. കൊളത്തുപറമ്പ്-അകായി വളവ്ഫുട്പാത്ത് ഗതാഗത യോഗ്യമാക്കുക.
46. കൊളത്തുപറമ്പ്-മിച്ചഭൂമി റോഡ് നിർമ്മിക്കുക.
47. വടക്കുംമണ്ണ കോളനിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.
48. കൊളത്തുപറമ്പ്-ചെറുകുന്ന് റോഡ് ടാർ ചെയ്യുക.
49. കൊളത്തുപറമ്പ് ഹരിജൻ കോളനി റോഡിനെ കൊളത്തുപറമ്പ് ചെറുകുന്ന് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമിക്കുക.
50. കോളനി കമ്മററികൾക്ക് വായനശാലകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക.
51. പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട കലാ-കായിക-സാഹിത്യ രംഗത്തെ പ്രതിഭകൾക്ക് പ്രോൽസാഹനം നൽകുന്നതിന് പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
52. ചവിട്ടുകളി, തെയ്യം, ചാടിമുട്ട്, നാടൻപാട്ടുകൾ എന്നിവ പഞ്ചായത്തുതല യുവജനോത്സവങ്ങളിൽ ഉൾപ്പെടുത്തുക.
53. ചുള്ളിയൻ കുളമ്പ്, അരിച്ചോൾ ലക്ഷംവീട് ഭാഗം, നെടുങ്ങോട്ട് കുളമ്പ്, കൊളത്തുപറമ്പ്, മിച്ചഭൂമി, വടക്കംമണ്ണ, തൊടുകുത്ത് പറമ്പ് എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കുക.
54. പട്ടികജാതിക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് ധനസഹായം നൽകുക.
55. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക.
56. ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കുക.
57. പട്ടികജാതി കോളനികളിൽ സൗരോർജ വിള ക്കുകൾ സ്ഥാപിക്കുക.
58. പാവപ്പെട്ട ഹരിജൻ കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് വിവാഹാവശ്യത്തിന് അനുവദിക്കുന്ന ധനസഹായത്തുക വർധിപ്പിക്കുകയും ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കുകയും ചെയ്യുക.
59. ഗർഭിണികൾക്ക് അനുവദിക്കുന്ന പ്രസവാനുകൂല്യത്തുക ആയിരം രൂപയെങ്കിലുമാക്കി വർധിപ്പിക്കുക.
60. പൊതുശ്മശാനം അളന്നുതിട്ടപ്പെടുത്തി അതിർത്തി നിർണയിച്ചുനൽകുക. ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മിക്കുക.
61. അരിച്ചോൾചെന സ്ഥിരമായി പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ പറ്റുന്ന രൂപത്തിലാക്കുക.
62. നെടുങ്ങോട്ടുകുളംവൃത്തിയാക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
63. ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം അനുവദിക്കുന്നതിനുള്ള നിലയിൽ വില്ലേജ് അധികൃതർക്കുള്ളത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന് നൽകുക.
64. പഞ്ചായത്തിൽ ഒരു പട്ടികജാതി സർവ്വീസ് സഹകരണ സംഘം രൂപീകരിക്കണം.
65. വായനശാലകൾ, അംഗനവാടികൾ, എന്നിവക്ക് കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് നിർമിച്ചു നൽകണം.
66. വായനശാലകൾക്ക് റേഡിയോ, ടിവി.സെറ്റുകൾ നൽകുക.
67. സാധ്യതയുള്ള സ്ഥലങ്ങളിൽ മഹിളാസമാജങ്ങൾ ആരംഭിക്കുക.
68. കൂരിപറമ്പ് തുടങ്ങി വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

# 4-12

# വിഭവസമാഹരണം

വികസനത്തിൻെറ അടിസ്ഥാനഘടകം വിഭവങ്ങളാണ്. വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം പഞ്ചായത്തിൻെറ വികസനത്തിന് അത്യാവശ്യമാണ്. പഞ്ചായത്തിലെ ഏററവും പ്രധാന വിഭവങ്ങൾ ലഭ്യമായ ഭൂമിയും സേവനതുറകളിലെ മാനുഷിക സഹകരണവുമാണ്. നികുതി ഇനങ്ങളിൽ നിന്നുളള വരുമാനമാണ് പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗം, കെട്ടിടനികുതി, വിനോദനികുതി, മുതലായവയിൽ വർഷത്തിൽ ശരാശരി 10% വർധന കാണുന്നുണ്ട്. തൊഴിൽ നികുതിയിൽ വളരെ നേരിയ തോതിലുളള വർധന 1% മാത്രമേ കാണുന്നുളളു.

അധികവിഭവസമാഹരണത്തിന് ആശ്രയിക്കാൻ പററുന്ന പ്രധാന മേഖലകൾ വ്യാവസായിക-ബിസിനസ് രംഗങ്ങളാണ്. ബിസിനസ് രംഗത്ത് വളർച്ച പ്രകടമാണെങ്കിലും വ്യാവസായികരംഗം വളരെ പിന്നോക്കമാണ്. ശാസ്ത്രീയമായ കെട്ടിടനികുതി ഏകീകരിക്കൽ, ടാക്സി സ്റ്റാൻറ്, ഷോപ്പിങ്ങ് കോംപ്ലക്സുകൾ തുടങ്ങിയ മേഖലകൾ വിഭവസമാഹരണത്തിന് ആശ്രയിക്കാവുന്നതാണ്. നികുതിചോർച്ച തടഞ്ഞാൽത്തന്നെ ഒരു പരിധിവരെ സാമ്പത്തിക മേഖല പരിപോഷിപ്പിക്കാവുന്നതാണ്. സ്ട്രീറ്റ് ലൈററുകൾ സോളാർ സിസ്റ്റം ഉപയോഗിച്ച് സംവിധാനം ചെയ്യുകയാണെങ്കിൽ വൈദ്യുതി ചാർജിൽ ഗണമ്യായ കുറവ് വരുത്താവുന്നതാണ്. മററ് എസ്റ്റാബ്ലിഷ്മെൻറ് ചാർജ് കുറക്കാൻ ബുദ്ധിമുട്ടാണ്.

## കെട്ടിടനികുതി

വീടുകളുടെ പ്ലിൻറ് ഏരിയ നിർമ്മാണ വസ്തുക്കളുടെ ഗുണമേന്മ എന്നിവ അടിസ്ഥാനപ്പെടുത്തി നികുതി പുനസംഘടിപ്പിക്കേണ്ടതുണ്ട്.

## മാനവശേഷി

ഓരോ നിർമ്മാണ പ്രവർത്തനങ്ങളിലും ജനങ്ങളുടെ ശ്രമദാനം ഒരു നിശ്ചിത തുകയ്ക്കുളളത് നിർബന്ധമായും ഉൾക്കൊളളിക്കുക. മാനവശേഷി വികസനത്തിന് പ്രത്യേക സമിതി രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## ബാങ്കുകൾ

ബാങ്കുകളുടെ ലാഭത്തിൻെറ നിശ്ചിതശതമാനം പഞ്ചായത്ത് വികസനത്തിന് ഉപയോഗിക്കേണ്ടതാണ്. പഞ്ചായത്തിൽ നിലവിലുളള സർവീസ് സഹകരണ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണബാങ്ക് തുടങ്ങിയവയിലെ നിക്ഷേപത്തിൻെറ ഒരു നിശ്ചിതശതമാനം പഞ്ചായത്തിൻെറ വികസനത്തിന് ഉപയോഗിക്കേണ്ടതുണ്ട്.

പട്ടിക 1

ലൈസൻസ് ഫീസ് 1995-96

| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മററുളളവ | ആകെ | ഫീസ് |
|---|---|---|---|---|---|---|
| 1. | 2 | 3 | 9 | 1 | 15 | 199.50 |
| 2. | 2 | 1 | 5 | 1 | 9 | 153.25 |
| 3. | - | - | 3 | 2 | 5 | 118.75 |
| 4. | 5 | 1 | 8 | 2 | 16 | 225.25 |
| 5. | 24 | 6 | 19 | 28 | 77 | 1196.75 |
| 6. | 4 | 1 | 3 | 1 | 9 | 160.00 |

| | | | | | | |
|---|---|---|---|---|---|---|
| 7. | 3 | 1 | 4 | - | 8 | 180.00 |
| 8. | 2 | - | 3 | 3 | 8 | 113.75 |
| 9. | 2 | 1 | 7 | 5 | 15 | 192.40 |
| 10. | 8 | 3 | 2 | - | 13 | 206.00 |

പട്ടിക 2

## വരവു സംബന്ധിച്ച വിവരങ്ങൾ

| നമ്പ്ര് | ഇനം | 1991-92 | 1995-96 | വ്യത്യാസം |
|---|---|---|---|---|
| 1. | കെട്ടിടനികുതി | 122242.44 | 181422.15 | +59179.71 |
| 2. | തൊഴിൽനികുതി | 41923.00 | 42458.00 | +535 |
| 3. | വിനോദനികുതി | 22647.44 | 52409.95 | +29762.51 |
| 4. | പ്രദർശനനികുതി | 1016.00 | 574.00 | -442 |
| 5. | പ്രദർശനസർ ചാർജ്ജ് | 254.00 | 143.50 | -110.5 |
| 6. | ലൈസൻസ്ഫീ | 3529.25 | 4322.00 | +792.75 |
| 7. | വസ്തുകൈമാറ്റ നികുതി 25% | 50000.00 | 175000.00 | +125000 |
| 8. | വസ്തുകൈമാററ നികുതി 75% | 12816.00 | 148062.00 | +135246 |
| 9. | സർക്കാർ ഗ്രാൻറും സഹായധനവും ഒഴികെയുള്ള മററു വരുമാനം | 424922.00 | 146277.10 | -278644.9 |
| 10. | ഡെപ്പോസിറ്റ് | 43736.32 | 125047.60 | +445008.73 |

പട്ടിക 3

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| നമ്പ്ര് | ഇനം | 1991-92 | 1995-96 | വ്യത്യാസം |
|---|---|---|---|---|
| 1. | ഭരണം | 173036.95 | 310303 | +137266.05 |
| 2. | പൊതുമരാമത്ത് | 293765 | 502066 | +208301 |
| 3. | വിദ്യാഭ്യാസം | - | - | - |
| 4. | ജലവിതരണം,ഓട കൾ പൊതുജനാ രോഗ്യം | 24656 | 25078.50 | +422.5 |
| 5. | തെരുവുവിളക്ക് | 19822 | 19800.00 | -22 |
| 6. | മററുള്ളവ | 43414.92 | 142456.10 | +99041.18 |
| | ആകെ | 554694.87 | 999703.6 | +44508.73 |

## വിഭവസമാഹരണ പ്രശ്നങ്ങൾ

നിലവിൽ ലഭ്യമായ മാനവശേഷി, കൃഷിചെയ്യാത്ത ഭൂമി എന്നിവ ശരിയായി ഉപയോഗിക്കുന്നില്ല.

ടാക്സിസ്റ്റാൻറ്, പൊതുചന്ത, ഷോപ്പിംഗ് കോംപ്ലക്സുകൾ മുതലായവക്ക് ലഭ്യമായ സൗകര്യങ്ങൾ ശരിയായി ഉപയോഗിക്കുന്നില്ല.

കെട്ടിടനികുതി, പരസ്യനികുതി, മററുനികുതികൾ എന്നിവ ശരിയായി ലഭിക്കുന്നില്ല. സ്ട്രീറ്റ് ലൈററുകൾക്ക് അമിതമായ ചാർജ് നൽകേണ്ടിവരുന്നു.

എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ കുറക്കാൻ സാധിക്കുന്നില്ല.

വ്യാവസായിക, ബിസിനസ് രംഗം വിഭസമാഹരണത്തിന് ഉപയോഗപ്പെടുന്നില്ല. കൈമാററ നികുതി ശാസ്ത്രീയമായി സംവിധാനം ചെയ്തിട്ടില്ല.

## സാധ്യതകൾ

മാനവശേഷി ശരിയായി ഉപയോഗിക്കാൻ പഞ്ചായത്ത് തലത്തിൽ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ശ്രമദാനക്കമ്മിറ്റി രൂപീകരിക്കുക.

പഞ്ചായത്തിലെ സർക്കാറിൻെറ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി ടാക്സിസ്റ്റാൻറ്, പൊതുമാർക്കററ്, ഷോപ്പിംഗ് കോംപ്ലക്സുകൾ മുതലായവ ആരംഭിക്കുക.

നികുതിഘടന ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ക്ലാസ്സുകൾ സംഘടിപ്പിച്ച് തീവ്രയത്ന പരിപാടി ആരംഭിക്കുക.

നികുതികൾ ശാസ്ത്രീയമായി സംവിധാനം ചെയ്യുന്നതിന് വിദഗ്ധ സമിതി രൂപീകരിക്കുക.

സ്ട്രീറ്റ് ലൈററുകളിൽ സൗരോർജ്ജ സംവിധാനം ഏർപ്പെടുത്തുക.

പൊതുമരാമത്ത് പണികളിൽ ശ്രമദാനമായി മാനവശേഷി പരമാവധി ഉപയോഗപ്പെടുത്തി ചെലവുകൾ കുറക്കുക.

വ്യവസായ-ബിസിനസ് രംഗം പ്രോത്സാഹിപ്പിക്കാൻ പ്രചരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

പഞ്ചായത്ത് കോമ്പൗണ്ടിൽ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.

പഞ്ചായത്തിലെ വിദേശത്തും സ്വദേശത്തുമുള്ള മുഴുവൻ ആളുകളുടെയും നിക്ഷേപങ്ങൾ പഞ്ചായത്ത് അതിർത്തിയിലുള്ള ബാങ്കുകളിൽ നിക്ഷേപിക്കുക.

ഒതുക്കുങ്ങൽ അങ്ങാടിയിൽ കംഫർട്ട് സ്റേറഷൻ നിർമ്മിച്ച് നടത്തിപ്പ് ലേലം ചെയ്യുക.

കൈപ്പററ മുക്കിൽ കടവിലും പുത്തമ്പുടിയൻ കടവിലും റോഡ് സൗകര്യം ഏർപ്പെടുത്തി മണൽ ലേലം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.

ലൈസൻസ് ഫീ പുതുക്കി നിശ്ചയിക്കുക

വാഹന നികുതി, വസ്തു കൈമാററ നികുതി എന്നിവയിൽ നിന്ന് പഞ്ചായത്തിന് ലഭിക്കുന്ന വിഹിതം വർധിപ്പിക്കുക.

പഞ്ചായത്ത് അതിർത്തിയിലുള്ള പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിനെ ഏൽപ്പിക്കുകയും സ്ഥലം ലീസിന് കൊടുക്കുകയും ചെയ്യുക.

പുതുതായി നിർമ്മിക്കുന്ന റോഡുകൾക്ക് സ്ഥലവും മൊത്തം നിർമ്മാണ ചെലവിൻെറ 15 % വും ജനപങ്കാളിത്തത്തോടെ നിർവഹിക്കുന്നതാണ്.

# 5

# ഉപസംഹാരം

അധികാരം ജനങ്ങളിലേക്ക് എന്ന മഹത്തായ മുദ്രാവാക്യവുമായി നാമേറെറടുത്ത ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഈ വികസന രേഖ അവതരിപ്പിക്കുമ്പോൾ അടിയന്തിര ശ്രദ്ധ പതിയേണ്ട നിരവധി പ്രശ്നാധിഷ്ഠിത മേഖലകൾ നമുക്ക് മുന്നിലുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, വിഭവസമാഹരണം തുടങ്ങിയ രംഗങ്ങളിൽ എക്കാലത്തും പ്രശ്നങ്ങൾ നേരിടുന്നവയാണ്. പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്നതരത്തിൽ നിരവധി കമ്മ പദ്ധതികൾ എല്ലാ വിഭാഗീയതകൾക്കുമതീതമായി നാമേറെറടുക്കേണ്ടതുണ്ട്. കാർഷികരംഗത്തുള്ള പിന്നോക്കാവസ്ഥ, വിദ്യാഭ്യാസ നിലവാരത്തിലുള്ള പോരായ്മ, ജലദൗർലഭ്യം, ഊർജ്ജ പ്രതിസന്ധി, ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ, വ്യാവസായിക രംഗത്തുള്ള അവികസിതാവസ്ഥ, ഗതാഗതസൗകര്യങ്ങളുടെ കുറവ്, വിഭവങ്ങളുടെ അപര്യാപ്തത തുടങ്ങി നാം നേരിടുന്ന പ്രതിസന്ധികൾ നിരവധിയാണ്.


ജനകീയ പങ്കാളിത്തത്തോടെയല്ലാതെ ഒരു ക്ഷേമ പ്രവർത്തനവും പൂർണമായി വിജയിപ്പിക്കാൻ കഴിയില്ല. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്നു നാം അവകാശപ്പെടുമ്പോൾ, അത് ആസൂത്രണത്തിന്റെ രംഗത്തുമാത്രമൊതുങ്ങിപ്പോകരുത്, മറിച്ച്, പദ്ധതികളുടെ നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും ജനപങ്കാളിത്തം ആവശ്യമുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ അഭിമാനകരമായ പാരമ്പര്യം നിലനിർത്തിക്കൊണ്ട് വികസനത്തിന്റെ പുതിയ ചക്രവാളങ്ങൾ കണ്ടെത്തുന്നതിനുള്ള കൂട്ടായ്മയാണ് നമുക്കാവശ്യം.

നമ്മുടെ പരാധീനതകളും പ്രശ്നങ്ങളും പ്രതിസന്ധികളും അതിന്റേതായ അർത്ഥത്തിൽ തിരിച്ചറിഞ്ഞ്, അതിന്റെ പരിഹാരങ്ങളിലേക്ക് നയിക്കത്തക്ക വിധത്തിലുള്ള അന്വേഷണങ്ങൾ മുന്നോട്ടുവെക്കാൻ ഈ സമഗ്രവികസന രേഖക്ക് വലിയൊരു പരിധിവരെ കഴിയുന്നുണ്ട്. ജനശക്തിയാണ് ഗ്രാമവികസനത്തിന്റെ കാതൽ എന്ന തത്വം അർത്ഥവത്താക്കിത്തീർക്കാൻ പദ്ധതിയുടെ എല്ലാ ഘട്ടങ്ങളിലും നമ്മുടെ കൂട്ടായ്മക്ക് പ്രാധാന്യമുണ്ട്. സ്വാശ്രയത്വത്തിലേക്കുള്ള ചുവടുകൾ എന്ന രീതിയിൽ ആസൂത്രണം ചെയ്തിട്ടുള്ള ജനകീയ പദ്ധതിയിലൂടെ നമ്മുടെ പഞ്ചായത്തിന്റെ സർവ്വ മേഖലകളിലുമുള്ള വികസനം കൈവരിക്കാൻ കഴിയുമെന്നതിൽ തർക്കമില്ല.

മഹത്തായ ഒരു സ്വപ്നസാക്ഷാൽക്കാരത്തിനുവേണ്ടി, ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന രേഖ, വിശദമായ ചർച്ചകൾക്കും വിശകലനത്തിനുമായി, വികസന സെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് ലഭ്യമായ സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിലാണ്






MAP OF OTHUKKUNGAL PANCHAYATH

"സ്വന്തം രാജ്യത്തിന്റെ നിർമ്മി
തിയിൽ തങ്ങൾക്കും ഫലപ്രദമാ
യൊരു പങ്കുണ്ടെന്ന് പരമ
ദരിദ്രനുപോലും അനുഭവപ്പെടു
ന്നൊരു ഭാരതം, ഉയർന്ന വർഗ്ഗ
ക്കാരോ താഴ്ന്ന വർഗ്ഗക്കാരോ
ഇല്ലാത്തൊരു ഭാരതം, എല്ലാ
സമുദായങ്ങളും പരിപൂർണ്ണ
രഞ്ജിപ്പിൽ കഴിയുന്നൊരു
ഭാരതം കെട്ടിപ്പടുക്കുന്നതിനു
വേണ്ടി ഞാൻ പ്രവർത്തിക്കും"

- മഹാത്മാഗാന്ധി



# ഒളുക്കങ്ങൽ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 - 1

1. എല്ലാ കാർഷിക വായ്പകളും കൃഷിഭവന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ കൊടുക്കാൻ പാടുള്ളൂ.

2. പെറുകുന്ന് പാടത്ത് കിണറുകൾ കുഴിക്കുന്നതിനും പമ്പുസെററുകൾ വെക്കുന്നതിനും ധനസഹായം നൽകണം.

3. ചാലി ലിഫ്ററ് ഇറിഗേഷനിൽ 50 H.P യുടെ മോട്ടോർ കൂടി സ്ഥാപിക്കണം.

4. കല്ലഞ്ചിറ തോട്ടം എരഞ്ഞിപ്പാടം തോട്ടം (1.5KM) ആഴവും വീതിയും കൂട്ടി ചാലിയിലെ വെള്ളം ഒഴുകിപ്പോവാൻ സംവിധാനമുണ്ടാക്കണം.

5. പഞ്ചായത്തിന്റെ സ്വന്തമായ സ്ഥലത്ത് കൃഷിഭവൻ കെട്ടിടം നിർമ്മിക്കണം.

6. കർഷകർ പമ്പുസെററുകൾ റെയ്ഡ്കോയിൽനിന്നുതന്നെ വാങ്ങണമെന്ന നിർദ്ദേശം ഒഴിവാക്കണം.

7. കർഷകർക്ക് തൈകളും വളങ്ങളും കാലവർഷാരംഭത്തിൽത്തന്നെ ലഭ്യമാക്കണം.

8. കമ്പോസ്ററ്കുഴിക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കണം.

9. കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം

10. ആററുകടവു മുതൽ തേർമണ്ണിൽ കടവുവരെ കടലുണ്ടി പുഴക്ക് ഭിത്തി കെട്ടുക.

11. കുരിപറമ്പ് - അമ്പലപ്പടി റോഡ് ഗതാഗതയോഗ്യമാക്കുക.

12. ഒളുക്കങ്ങൽ സർവ്വീസ് സഹകരണ ബാങ്കിന്റെ അഭിമുഖ്യത്തിൽ വളം ഡിപ്പോ ആരംഭിക്കണം.

13. ഒളുക്കങ്ങൽ ഗ്രാമ പഞ്ചായത്ത് വക ആല ഉടൻ നിർമ്മിക്കുകയും നിയമം കർശനമാക്കുകയും ചെയ്യണം.

14 വെററിലയുടെ ചീയൽ, കവുങ്ങിന്റെ മഞ്ഞളിപ്പ്, തെങ്ങിന്റെ കൂമ്പ് ചീയൽ എന്നീ രോഗങ്ങൾക്കുള്ള കീടനാശിനികൾക്ക് സബ്സിഡി അനുവദിക്കുക.

15. വിള ഇൻഷൂറൻസ് പദ്ധതിയിൽ വാഴയുടെ കുമ്പടപ്പ്, തെങ്ങിന്റെ കൂമ്പുചീയൽ എന്നിവ ഉൾപ്പെടുത്തുക.

16. നെൽവയൽ മണ്ണിട്ട് നികത്തുന്നത് തടയുന്ന നിയമം കർശനമാക്കുക.

17. മണൽവാരൽ നിയമം കർശനമായി പാലിക്കണം.

18. പാടശേഖരക്കമ്മിററികൾ നിലവിലുള്ളവ പുന സംഘടിപ്പിക്കുന്നതോടൊപ്പം പുതിയവ വേണ്ടിടത്ത് രൂപീകരിക്കുകയും ചെയ്യണം.

19. പഞ്ചായത്തിലെ മററു വിളകൾക്കും കൂടി കർഷക സമിതികൾ രൂപീകരിക്കണം.

20. ഡ്രിപ്പ് ഇറിഗേഷൻ രീതിയിലുള്ള ജലസേചനത്തെ കർഷകരിൽ ബോധവൽക്കരണം നടത്തുകയും അതിന് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുകയും ചെയ്യണം

21. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

# ഒളുക്കങ്ങൽ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 – 2

### പക്ഷി വളർത്തൽ

1. വീടുകളിൽ മുട്ടക്കോഴി വളർത്തൽ കുറഞ്ഞു വരുന്നത് സാംക്രമിക രോഗങ്ങൾ വ്യാപകമായതുകൊണ്ടാണ്. ഇതിനെതിരെ മൃഗസംരക്ഷണ വകുപ്പിലൂടെ പ്രതിരോധ കുത്തിവെപ്പ് ക്യാമ്പുകൾ മാസത്തിലൊരിക്കൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടത്തുക.

2. മൃഗസംരക്ഷണ വകുപ്പിലൂടെ ബോധവൽക്കരണവും സാങ്കേതിക പരിജ്ഞാനവും നൽകുക.

3. മുയൽ വളർത്തൽ, കാടപ്പക്ഷി വളർത്തൽ, താറാവ് വളർത്തൽ എന്നിവക്ക് വ്യാപകമായ പ്രോത്സാഹനം നൽകുക.

4. I C D P സെൻററുകളിലൂടെ ആവശ്യത്തിനുള്ള മരുന്നുകളും വാക്സിനും വിതരണം ചെയ്യുക.

5. വാർഡുകൾ തോറും ഓരോ I C D P സെൻററുകൾ സ്ഥാപിക്കുക.

6. ശുദ്ധജല മത്സ്യ ബന്ധനത്തിന് താല്പര്യമുള്ളവക്ക് സബ്സിഡി നിരക്കിൽ മത്സ്യ ബന്ധന ഉപകരണങ്ങൾ വി ത ര ണം ചെയ്യുക.

7. മററത്തൂർ ചാലിപോലുള്ള ചെമ്മീൻ കൃഷിക്കനുയോജ്യമായ സ്ഥലത്ത് മത്സ്യവകുപ്പുമായി ബന്ധപ്പെട്ട് പ്രോത്സാഹനങ്ങൾ നൽകുക.

8. കടലുണ്ടി പുഴയിലെ കയങ്ങളിൽ വളർത്തു മത്സ്യ കുഞ്ഞുങ്ങൾ (കട്ട്ല, റോഹു, മൃഗാല മുതലായവ) വളർത്താനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക,

# ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 – 3

1. എല്ലാ വാർഡുകളിലും സ്കൂളുകളുമായി ബന്ധപ്പെടുത്തി പ്രീ പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കുക.

2. രക്ഷിതാക്കൾ മാത്രമല്ല അധ്യാപകരും കൂടുതൽ ശ്രദ്ധ കാണിച്ചാലേ പഠന നിലവാരം ഉയർത്താൻ കഴിയുകയുള്ളു.

3. പുത്തൂരിൽ ജി. എം. എൽ. പി. സ്കൂളിൽ പ്രവർത്തിക്കുന്ന വനിതാ പോളി ടെക്നിക്കിന് മറ്റൊരു സ്ഥിരം കെട്ടിടം കണ്ടെത്തി എൽ. പി. സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കാൻ സംവിധാനം ഉണ്ടാക്കണം. പകരം ആ കെട്ടിടം യു. പി. ആക്കി ഉയർത്താൻ ഉപയോഗിക്കുക.

4. പഞ്ചായത്തിൽ 12-ാം വാർഡിൽ വലിയപറമ്പിൽ അടിയന്തിരമായും ഒരു എൽ. പി. സ്കൂൾ അനുവദിക്കുകയോ അല്ലെങ്കിൽ ഡി.പി.ഇ.പി. സ്കീമിൽ ഒരു ഏകാംഗ സ്കൂളോ അനുവദിക്കുക. ഇവിടെ ഇപ്പോൾ സ്വകാര്യമായി ഒരു വിദ്യാലയം നടത്തുകയും ആ കുട്ടികളെ പ്രൈവറ്റ് സ്റ്റഡി ആയി മററ സ്കൂളിൽ ചേർത്തുവരികയും ചെയ്യുന്നുണ്ട്.

5. സ്കൂളുകളിൽ താല്ക്കാലിക അധ്യാപക നിയമനാധികാരം അതത് ഗവ: സ്കൂൾ ഹെഡ് മാസ്റ്റർമാർക്ക് വിട്ടുകൊടുക്കുക.

6. ഉച്ചഭക്ഷണം എല്ലാ സ്കൂളിലും പി. ടി. എ. യുടെ സഹകരണത്തോടെ കാര്യക്ഷമമാക്കുക. അത് വിദ്യാഭ്യാസ നിലവാരമുയർത്താൻ ഉപകരിക്കും. പഞ്ചായത്തിന്റെ സാമ്പത്തിക സഹായം ഉണ്ടാകുന്നത് നല്ലതാണ്.

7. ചെറുകുന്ന് ജി. എം. എൽ. പി. സ്കൂൾ കുട്ടികൾക്ക് പ്രാഥമിക കാര്യങ്ങൾ നടത്താൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കണം.

8. പഞ്ചായത്തിൽ നല്ല ഒരു അധ്യാപകനേയും നല്ല ഒരു സ്കൂളിനേയും തെരഞ്ഞെടുത്ത് വർഷംതോറും അവാർഡ് നൽകണം.

9. പഞ്ചായത്ത് പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലത്തെ സ്കൂളുകൾക്ക് പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ വാട്ടർ കണക്ഷൻ നൽകുക.

# ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 - 4

### പ്രശ്നങ്ങൾ

1. പൊട്ടിക്കല്ല് F. W. സെൻററിന് സ്ഥലവും കെട്ടിടവും ഇല്ല. പ്രസ്തുത സ്ഥാപനത്തിന് വേണ്ടതായ സ്ഥലവും കെട്ടിടവും കണ്ടെത്തണം.

2. പുത്തൂർ ഐ. സി. എസ്. സബ്സെൻററിന് സ്ഥലവും കെട്ടിടവും കണ്ടെത്തണം.

3. ചെറുകുന്നിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും കണ്ടെത്തണം.

4. സബ്സെൻററുകളിലെ സേവനം കാര്യക്ഷമമാക്കണം.

5. ഇപ്പോൾ നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം പൊട്ടിക്കല്ലിൽ നിന്നും വളരെ ദൂരത്ത് സ്ഥിതി ചെയ്യുന്നതിനാൽ പൊട്ടിക്കല്ല് ഭാഗങ്ങളിലെ ജനങ്ങൾക്ക് ആരോഗ്യസേവനം ലഭിക്കുന്നതിന് വേണ്ടി ഒരു ഡിസ്പൻസറി പൊട്ടിക്കല്ലിൽ അനുവദിക്കുക.

6. 3-ാം വാർഡിലെ മൂലപ്പറമ്പിലും 2.ാം വാർഡിലെ മററത്തൂർ പാറപ്പുറത്തും 6_ാം വാർഡിൽ മണ്ണോത്തുപറമ്പ് കോളനിയിലും 12 ാം വാർഡിൽ അരിച്ചോളിലും ഓരോ സബ് സെൻററുകൾ അനുവദിക്കുക.

7. ഒതുക്കുങ്ങൽ പഞ്ചായത്തിൽ അവശ്യപ്പെട്ട ആയുർവേദാശുപത്രി മുസ്ല്യാരങ്ങാടിയിൽ സ്ഥാപിക്കുക

### പരിസര ശുചീകരണം

1. കോട്ടക്കൽ പഞ്ചായത്തിൽ നിന്നും ഒഴുകിവരുന്ന മലിനജലം ഒതുക്കുങ്ങൽ പഞ്ചായത്തിലെ പുത്തൂർ പ്രദേശത്തെ മലിനമാക്കുന്നു. ഈ അഴുക്കുജലം പുത്തൂർ പ്രദേശങ്ങളിലേക്ക് ഒഴുകുന്നത് തടയാനുള്ള കർശന നടപടി സ്വീകരിക്കുക കോട്ടക്കൽ പഞ്ചായത്ത് സീവേജ്പിററ് ഏർപ്പെടുത്തുന്നതുവരെ അതത് വ്യക്തികളോ സ്ഥാപനങ്ങളോ അവിടങ്ങളിൽ നിന്ന് ഉണ്ടാകുന്ന അഴുക്കുജലം അവരവർ തന്നെ വററിച്ചുകളയുവാനുള്ള സംവിധാനം ഏർപ്പെടുത്തുക. ഈ പ്രശ്നം പരിഹരിക്കാൻ പഞ്ചായത്ത് ഭാരവാഹികൾ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവൃത്തിക്കണം.

2. 5_ാം വാർഡിൽ നൊട്ടനാലക്കൽ ഉള്ള എല്ലുകുഴി പ്രസ്തുത സ്ഥലത്തു നിന്നു് മാററുകയോ അല്ലാത്ത പക്ഷം കുഴി ശാസ്ത്രീയമായ രീതിയിൽ നന്നാക്കി സ്ലാബിട്ട് മൂടുകയോ ചെയ്യണം.

3. പരിസരമലിനീകരണം ഉണ്ടാക്കുന്ന വിധത്തിൽ കോഴികളുടേയും മററും അവശിഷ്ടങ്ങൾ റോഡരുകിലും മററും നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം പ്രസ്തുത അവശിഷ്ടങ്ങൾ പഞ്ചായത്ത് തന്നെ നീക്കം ചെയ്യുആൾ താമസമില്ലാത്ത സ്ഥലം കണ്ടെത്തി പ്രത്യേക കുഴികളുണ്ടാക്കി നിക്ഷേപിക്കണം.

4. പുഴക്കടവുകളിൽ പ്രത്യേകിച്ച് വേനൽകാലത്ത് കാലികളെയും വാഹനങ്ങളും കഴുകുന്നത് നിരോധിക്കണം.

### കുടിവെള്ളം

1. പനങ്കയത്തു നിന്ന് വെള്ളം പമ്പ് ചെയ്ത് കാവുംപറമ്പിൽ സംഭരിച്ച് 1,11,10വാർഡുകളിലേക്ക് വിതരണം ചെയ്യാവുന്നതാണ് എന്നത് 11-ാം വാർഡിലേക്ക്

കൂടി വിതരണം ചെയ്യാവുന്നതാണ് എന്ന് ആക്കി മാററണം.

2. കടലുണ്ടിപുഴയിൽ നിന്നും മററത്തൂർ ചാലി ലിഫ്ററ് ഇറിഗേഷൻ പമ്പ്ഹൗസിനു താഴെ പള്ളിക്കടവിൽ കിണർ നിർമ്മിച്ച് തോട്ടക്കോട് മാട്ടിൽ ടാങ്ക് പമ്പ്ഹൗസ് സ്ഥാപിച്ച് 2, 11 വാർഡുകളിൽ ശുദ്ധ ജലം വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കണം.

3. കടലുണ്ടി പുഴയിൽ മൂഴിക്കൽ തോട് ഭാഗത്തും കൂടകാദർ കയംഭാഗത്തും ഓരോ ചെക്ക് ഡാം നിർമ്മിക്കണം (കാങ്കരക്കടവ് ചെക്ക്ഡാം ഒഴിവാക്കാവുന്നതാണ്.)

## കുഴൽകിണർ

1. തൊട്ട കത്തിപറമ്പ് ഹരിജൻ കോളനി, വടക്കുംമണ്ണ ഹരിജൻകോളനി മൂലപ്പറമ്പ് എന്നീ സ്ഥലത്തുകൂടി നിർമ്മിക്കാൻ നിർദ്ദേശിക്കുന്നു.

2. വാർഡ് 6ൽ നൊട്ടനാലക്കൽ അസൈൻ സ്മാരക റോഡ്, ചെറുകന്ന് കൊപ്പം ഭാഗത്ത് കുഴൽകിണർ നിർമ്മിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത് മുണ്ടോത്തു പറമ്പ് ലക്ഷംവീട് കോളനിയിൽ കൂടി കുഴൽ കിണർ നിർമ്മിക്കാൻ നിർദ്ദേശിക്കുന്നു.

3. വാർഡ് 11ൽ പെരിങ്കൊല്ലൻ മാട്. കരുണിയപറമ്പ്. അത്തുള്ളിക്കണ്ട് ഭാഗങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത് കല്ലംകുത്ത്കൂടി നിർമ്മിക്കാൻ നിർദ്ദേശിക്കുന്നു.

നിലവിലുള്ള കുഴൽ കിണറുകളുടെ പ്രവൃത്തന രീതി കാര്യക്ഷമമാക്കണം.

# ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 – 5

### പ്രശ്നങ്ങൾ

6. പരമ്പരാഗത കളിമൺ വ്യവസായ ഉല്പന്നങ്ങൾക്ക് വേണ്ടത്ര ഡിമാൻറ് ലഭിക്കുന്നില്ല.

7. സർക്കാരിൽനിന്നുള്ള സഹായവും ബാങ്കിൽ നിന്നുള്ള ലോണും ലഭിക്കാനുള്ള കാലതാമസവും പ്രയാസങ്ങളും.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽനിന്നു ലഭിക്കുന്ന അസംസ്കൃതസാധനങ്ങളും മററുള്ളവയും ചേർത്ത് ഒരു പോഷകാഹാര യൂണിററ് സ്ഥാപിക്കുക.

2. ചിരട്ട, വേസ്റ്റ് മരം മുതലായവ ഉപയോഗപ്പെടുത്തി ഒരു കരകൗശല യൂണിററ് തുടങ്ങുക.

3. ഒരു എഞ്ചിനീയറിംഗ് വ്യവസായം (സഹകരണാടിസ്ഥാനത്തിൽ) തുടങ്ങുക.

4. വേസ്റ്റ് പേപ്പർ ഉപയോഗപ്പെടുത്തി ഒരു പേപ്പർ നിർമ്മാണ യൂണിററ് ആരംഭിക്കുക.

5. ഒരു ക്ഷീര വ്യവസായ യൂണിററ് ആരംഭിക്കുക.

6. ലഭ്യമായ കളിമണ്ണ് ഉപയോഗിച്ച് ഒരു ഇഷ്ടിക – ഓട് നിർമ്മാണ യൂണിററ് ആരംഭിക്കുക.

7. ഒരു റെഡിമെയ്ഡ്-ബിൽഡിംഗ്-സാമഗ്രിനിർമ്മാണ യൂണിററ് ആരംഭിക്കുക.

8. ഒരു കമ്പോസ്ററ് നിർമ്മാണ യൂണിററ് (ജൈവ വളം) ആരംഭിക്കുക.

9. ഒരു ആയുർവേദ മരുന്ന് നിർമ്മാണ യൂണിററാരംഭിക്കുക.

10. ഒരു സോപ്പ് നിർമ്മാണ യൂണിററ് ആരംഭിക്കുക.

11. പഞ്ചായത്തിൽ യോജിച്ച സ്ഥലം കണ്ടെത്തി പൊതുജന പങ്കാളിത്തത്തോടെ വ്യവസായത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

# ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 – 6

### റോഡുകൾ ടാർ ചെയ്യാനുളളത്

വാർഡ് റോഡിന്റെ പേര്

1 പൊട്ടിക്കല്ല് ചേക്കത്ത്കണ്ട് റോഡ്

3 1 മൂലപ്പറമ്പ് ഹരിജൻ കോളനി റോഡ്

2 മൂലപ്പറമ്പ് അംഗനവാടി എരണി പ്പാടം റോഡ്

3 മൂലപ്പറമ്പ് വടക്കംമണ്ണറോഡ് } ടാറിംഗ്
4 മൂലപ്പറമ്പ് പാങ്കോറം റോഡ് }

4 1 മുനമ്പത്ത് പുവ്വാട് റോഡിൽ മീൻ കല്ല് മുതൽ പുവ്വാട്വരെ ടാർ ചെയ്യുക

6 മുണ്ടോത്തുപറമ്പ് ചെറുതൊടി റോഡ്

7 1 ചെറുകുന്ന് അരിച്ചോറം റോഡ് ബാക്കി ഭാഗം ടാർ ചെയ്യുക.

2 കൊളത്തുപറമ്പിൽനിന്നും നെട്ടങ്കോട്ട് കളമ്പ് റോഡ് ടാർ ചെയ്യുക.

3 ആനോളിൽ നിന്നും തോട്ട്യപുറത്ത് കോളനി ചെറുകന്ന് റോഡ് ടാർ ചെയ്യുക.

### റോഡുകളും ഇടവഴികളും (പുരോഗമന പ്രവൃത്തി നടത്തേണ്ടവ)

വാർഡ് റോഡിന്റെ പേര്

1 1 പെരുകൊല്ലൻ ഇടവഴി നന്നാക്കുക.

3 1 മൂലപറമ്പ് പടിഞ്ഞാറെ കന്ന് ഇട വഴി

2 മൂലപറമ്പ് പള്ളിമുതൽ എരണികഴ വരെ ഇടവഴി

6 1 തച്ചൻച്ചീരി ഇടവഴി

2 ചേക്കത്ത് മാട്ടിൽനിന്നും ചരൽകന്ന് ഇടവഴി

7 ചെറുകന്ന് അരിച്ചോള് റോഡിൽ തുപ്രകുന്നത്ത് വളവിൽ റോഡിന് സൈഡ് കെട്ടുക.

10 പടിഞ്ഞാറക്കര LP സ്കൂറം മുതൽ മാമ്പ്ര കുളംവരെ ഇടവഴി നിർമ്മിക്കുക

11 കരുണിയൻ പറമ്പ് പാറകളം റോ ഡിൽ H. S. മദ്രസ പരിസരത്തിൽ നിന്നുള്ള ചാലിപ്പാടം താഴെ ഭാഗ ത്തേക്ക് ഉള്ള ഇടവഴി തറയങ്കണ്ടം ഇട വഴി വളപ്പിൻപ്പടി വരെയും നന്നാ ക്കുക

12 1 പുത്തൂർ പഴയ ചെത്ത് നടവഴി പാ തക്ക് സൈഡ് കെട്ടുക

2 വലിയപറമ്പ്, അരിച്ചോള് എന്നി വിടങ്ങളിൽ ബസ് വെയിററിംഗ് ഷെഡ് നിർമ്മിക്കുക.

### റോഡുകൾ പുതുതായി നിർമ്മിക്കേണ്ടത്

വാർഡ്

1 പൊട്ടിക്കല്ല് കല്ലൻകത്ത് റോഡ് പുതുതായി നിർമ്മിക്കുന്ന കല്ലൻകത്ത് പുത്തൻപിടിയൻ കടവ് റോഡുമായി ബന്ധിപ്പിക്കുക.

3 1 മൂലപ്പറമ്പ് അംഗനവാടി എരണി പ്പാടംറോഡ് പാണക്കാട് പാലംവരെ പുതുതായി നിർമ്മിക്കുക.

2 മൂലപ്പറമ്പ് നരിമട മുതൽ പാണ ക്കാട് തോണിക്കടവ് വരെ റോഡ്

3 പാങ്കോറം കടവ് റോഡ് ഹരിജൻ

കോളനിറോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് (ഇടവഴി വീതി കൂട്ടി നിർമ്മിക്കുക)

4 മൂലപ്പറമ്പ് പുതുന്നിപ്പാടംറോഡ് ചൂരക്കായി കടവ് വരെ നീട്ടുക.

4 1 മീൻകല്ലിൽ നിന്നും മോനിപ്പള്ളി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്

2 പനക്കൽ ഇടവഴി റോഡാക്കിമാററുക.

5 ഒതുക്കുങ്ങൽ പി. എച്ച്. സി. മുതൽ പാറക്കളം വരെ പുതിയ റോഡ്

7 [illegible]ിൽതൊടിയിൽനിന്നു കുരിപറമ്പ് ശങ്കരത്ത് റോഡ് വരെ റോഡ് നിർമ്മിക്കുക.

8 പാറക്കോരി മേലേപറമ്പ് റോഡ് ചെറുകുന്ന് അരിച്ചോള് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്

10 1 തെക്കുംമുറി പാറക്കളം റോഡ് നിർമ്മിക്കുക.

2 ചങ്ങൻപള്ളി റോഡ് അന്നങ്ങപടി റോഡുമായി ബന്ധിപ്പിക്കുക.

11 പാറപ്പുറം പുത്തൻപിടിയൻ കടവ് റോഡ് പുഴവരെ പഞ്ചായത്ത് ഏറെറടുത്ത് പുഴയിലേക്ക് ഇറക്കുക.

12 1 വലിയപറമ്പ ചെറുകുന്ന് ഹരിജൻ കോളനി ഇടവഴി റോഡാക്കുക.

2 വെള്ളത്തേങ്ങാട് (ചെറുകുന്ന് മേലേകുളമ്പ്) കുറുകണ്ടിലേക്ക് കാഞ്ഞിരപ്പള്ളി വഴി റോഡ്

3 വലിയപറമ്പ് കതരാണികളം ദേവൻെറ ഇടവഴി റോഡാക്കുക.

4 വെള്ളത്തേങ്ങാട് റോഡ് വലിയ പറമ്പുമായി ബന്ധിപ്പിച്ച് പുതിയ റോഡു നിർമ്മിക്കുക.

പാലങ്ങളും ഓവു പാലങ്ങളും പണിയേണ്ടത്

വാർഡ്

3 1 എറണ്ണിപ്പാടം തോട്ടിന് പുതുതായി നിർമ്മിക്കുന്ന റോഡിന് പാലം

2 പാങ്കോരംകടവ് റോഡിന് കോട്ടമലയിലേക്ക് പുഴക്ക് നടപ്പാലം

3 കയ്യുന്നിപ്പാടം തോടിന് ഇട്ടങ്ങലിൽ എന്ന സ്ഥലത്ത് തോടിന് പാലം

4 വെളിയോട് പൂക്കാട് റോഡിൽ അമ്പലതൊട്ടുവിൽ ഓവുപാലം

5 ചെറുകുന്ന് മേലേകുളമ്പ് നൊണത്ത് അഹമ്മദാജിയുടെ പടിക്കൽ തോടിന് ഒരു ഓവുപാലം

10 മാവേരികുന്നും കററി റോഡിൽ തോടിന് ഓവുപാലം നിർമ്മിക്കുക

ഊർജ്ജം

വാർഡ്

1 1 പള്ളിക്കത്തൊട്ട (കൈപററ) ഒരു പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക

2 ത്രീഫൈസ് ലൈൻ പാറക്കടവ് വരെ നീട്ടുക

3 പൊട്ടിക്കല്ലിൽ 3 സ്ട്രീററ് ലൈററ് സ്ഥാപിക്കുക

3 1 നരിമടക്കലിൽ ഒരു പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

2 വെളിയോട് അങ്ങാടിയിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുക

3 മുസ്ലിയാരങ്ങാടി മൂലപ്പറമ്പറോഡിലും മൂലപ്പറമ്പ പാങ്കോരംകടവ് റോഡിലും സ്ട്രീലൈററ് സ്ഥാപിക്കുക

# 4 - 6

4 തൊട്ടകത്ത് പറമ്പ് അങ്ങാടിയിൽ സ്ട്രീറ്റ് ലൈററ് സ്ഥാപിക്കുക

5 വെളിയോട് അങ്ങാടിയിൽ സ്ട്രീററ് ലൈററ് സ്ഥാപിക്കുക

5 ഹൈസ്ക്കൂരം പടിക്കൽ സ്ട്രീററ് ലൈററ് സ്ഥാപിക്കുക

6 1 ചെറുകുന്ന് മേലേകുളമ്പിൽ പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക

2 ചെറുകുന്ന് പഴയ ട്രാൻസ്ഫോമർ മാററി 100 K. V. A. 250 ഉള്ള ട്രാൻസ്ഫോമർ സ്ഥാപിക്കുക

3 മുണ്ടോത്ത് പറമ്പ് L. P. സ്ക്കൂരം റോഡിലെ ലൈൻ ത്രീ ഫൈസ് ആക്കുക

7 മുക്കം മാട് കൊപ്പം റോഡ് ലൈൻ ത്രീഫൈസ് ആക്കുക

8 പാററക്കോരി മേലേപ്പറമ്പിലൂടെയുള്ള ലൈൻ ത്രീഫൈസ് ആക്കുക

12 1 അരിച്ചോരം ലക്ഷംവീട് കോളനിയിൽ വൈദ്യുതി കണക്ഷൻ നൽകുക

2 പുത്തൂർ പള്ളിപ്പുറം റോഡിൽ സ്ട്രീററ് ലൈററ് സ്ഥാപിക്കുക

3 പുത്തൂർ കല്ലട റോഡിൽ സ്ട്രീററ് ലൈററ് സ്ഥാപിക്കുക

4 കാശ്മീർ കോളനിയിലേക്ക് വൈദ്യുതി എത്തിക്കുക

5 പുത്തൂർമുതൽ കറൂർകുണ്ട്വരെ (പെരിന്തൽമണ്ണ റോഡ്) സ്ട്രീററ് ലൈററ് സ്ഥാപിക്കുക

# ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 - 7

### പുതിയ നിർദ്ദേശങ്ങൾ

1. അംഗനവാടികളുടെ എണ്ണം ജനസംഖ്യാനുപാധികമായി വർദ്ധിപ്പിക്കുക.

| | |
|---|---|
| വിലവില്ലുള്ളവ | 18 |
| ആവശ്യമായവ | 35 |
| കൂടുതൽ വേണ്ടവ | 17 |

2. അംഗനവാടിയുടെ കെട്ടിട നിർമ്മാണത്തിന് നൽകിവരുന്ന സംഖ്യ വർദ്ധിപ്പിക്കുക.

3. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് 1975മുതൽ നൽകിവരുന്ന പ്രതിമാസ വാടകയായ 25 രൂപ കാലാനുസൃതമായി വർദ്ധിപ്പിക്കുക.

4. പ്രീ പ്രൈമറി വിദ്യാഭ്യാസം അംഗനവാടികളിൽ നടപ്പിലാക്കുക.

5. വാർദ്ധക്യകാല പെൻഷൻ പ്രായം 65ൽ നിന്നു് 60 ആയി കുറക്കുക.

6. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിന് സ്വന്തമായ കെട്ടിടം പണി ഉടൻ ആരംഭിക്കുക.

7. നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ പഞ്ചായത്തിലാരംഭിക്കുക. (ഇത് ഒരു ട്രൈസം പരിശീലന കേന്ദ്രമാക്കി വളർത്താൻ കഴിയും.)

8. ദാരിദ്ര്യരേഖക്ക് താഴെയുള്ള എല്ലാവർക്കും വീട് വെക്കാനുള്ള സഹായം നൽകാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുകയും അത് കാലാനുസൃതമായി വർദ്ധിപ്പിക്കുകയും ചെയ്യുക.

# ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 - 8

1. രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്ക് പഞ്ചായത്ത് ഗ്രാൻറ് അനുവദിച്ച് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകുക.

2. പത്തോളം സെവൻസ് ഫുട്ബോൾ നടത്തി കുറച്ച്കാലം ജീർണതയിലായിരുന്ന S. R. M. Sports & Arts Club Puthur ഇപ്പോൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. വികസന രേഖയിൽ ഈ ക്ലബ്ബ് ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ, ഇതിനെ ഉൾപ്പെടുത്തേണ്ടതാണ്.

3 പഞ്ചായത്ത് തലത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ച് പ്രഗത്ഭരായ കലാ കായിക താരങ്ങളെ വളർത്തിയെടുക്കുക. ഇതിൻെറ സുഖമമായ നടത്തിപ്പിന് കലാ - കായിക രംഗത്ത് പ്രവർത്തന പരിചയമുള്ള രണ്ട് അധ്യാപകരെ Full time ആയോ Part time ആയോ പഞ്ചായത്ത് നിയോഗിച്ച് താല്പര്യമുള്ളവർ Practice നൽകുക.

4. കൊല്ലം തോറും കൊളത്തുപറമ്പ് 'പ്രതിഭ മഹിളാസമാജം' നടത്തി വരുന്ന ഓണക്കാലങ്ങളിലെ പൂക്കളമത്സരം പഞ്ചായത്ത് തലത്തിൽ നടത്തി പ്രോത്സാഹിപ്പിക്കുക.

5. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു നല്ല ലൈബ്രറിയും വായനശാലയും ഉടനടി നിർമ്മിച്ച് ജനങ്ങൾക്ക് വായനാശീലം വളർത്തിക്കൊണ്ട് വരണം. വായനശീലമുള്ള ജനതക്കേ സാംസ്കാരികപരമായി ഉയരാൻ കഴിയൂ.

6. കുട്ടികൾക്കായി ഒരു പാർക്കും കുട്ടികളുടെ ഒരു ലൈബ്രറിയും അതോടനുബന്ധിച്ച് ഒരു കമ്മ്യൂണിററിഹാളും സ്ഥാപിക്കണം

7. സാധാരണക്കാരുടെ ഇഷ്ട വിനോദമായ ഫുട്ബോളിനും മററ് കായിക ആവശ്യങ്ങൾക്കും ഇന്ന് നിലവിലുള്ള മിനി സ്റ്റേഡിയം അപര്യാപ്തമാണ്. അത് കൊണ്ട് മിനി സ്റ്റേഡിയം അതിൻെറ വിസ്തീർണ്ണം വർദ്ധിപ്പിച്ച് വികസിപ്പിച്ച് കായികാവശ്യങ്ങൾക്ക് ഉപയുക്തമാക്കി തീർക്കണം

8. 15 വയസ്സിന് താഴെയുള്ള കുട്ടികൾക്കായി കഴിഞ്ഞ നാല് വർഷങ്ങളിൽ ഒതുക്കുങ്ങൽ ബാസ്കോ ക്ലബ്ബ് വെക്കേഷനൽ ഫുട്ബോളിൽ ക്യാമ്പ് നടത്തിയിരുന്നു ഇതിൻെറ ഫലമായി ഈ പഞ്ചായത്തിലെ കായിക പ്രതിഭകൾ സംസ്ഥാന തലത്തിൽ വരെ എത്തപ്പെട്ടിട്ടുണ്ട്. എന്നാൽ സാമ്പത്തിക പരാധീനത മൂലം ഇത് നിർത്തിവെച്ചിരിക്കയാണ്. ക്യാമ്പ് തുടർന്നാൽ അനേകം കായിക താരങ്ങളെ വാർത്തെടുക്കാൻ കഴിയും. ഗ്രാമപഞ്ചായത്തിൻെറ പ്രത്യേക ശ്രദ്ധ ഈവിഷയത്തിൽ ഉണ്ടായിരിക്കണം.

9. വാർഡ് തലത്തിൽ കലാമത്സരം നടത്തി അതിൽ നിന്നുള്ള പ്രതിഭകളെ പഞ്ചായത്ത് തലത്തിലുള്ള മത്സരത്തിൽ പങ്കെടുപ്പിക്കുക. അങ്ങിനെ അവരുടെ കലാപരമായ കഴിവുകൾ വളർത്താൻ ഇത് കൊണ്ട് സാധിക്കും.

10. ജീർണ്ണത ബാധിച്ച ചാടിമുട്ട്, ചവിട്ട്കളി ആശാരിമാരുടെ പരിചമുട്ട് അത്പോലെ കോൽക്കളി. ദഫ്മുട്ട്, ഒപ്പന തുടങ്ങിയ കലകളെയും ഉദ്ധരിപ്പിക്കണം.

11. മുമ്പുണ്ടായിരുന്ന നേർച്ചകളെല്ലാം ഏതാണ്ട് 95%വും മൺമറഞ്ഞ സ്ഥിതിക്ക് ജനങ്ങൾക്ക് പരസ്പരം അറിയുന്നതിന് കഴിയാതെ വന്നിരിക്കുന്നു. അത് കൊണ്ട് ഒരു കാർഷിക, വ്യവസായ, ആരോഗ്യ, എക്സിബിഷൻ സംഘടിപ്പിച്ചാൽ ജനങ്ങൾക്ക് [അന്യോന്യം ബന്ധപ്പെടുന്ന

# 4 – 8

തിന് സാധിക്കും. ഇതിനോടനുബന്ധിച്ച് മത്സരങ്ങളും നല്ലതാണ്.

12. പഞ്ചായത്തിൽ ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കണം

13. വികലാംഗർക്ക് കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും മന്ദ ബുദ്ധികളും, ബധിരരും, മൂകരുമായ വിദ്യാർത്ഥികൾക്ക് പഠിക്കാൻ ഒരു സ്കൂൾ സ്ഥാപിക്കുക.

14. പഞ്ചായത്തിലുള്ള സന്നദ്ധ സംഘടനകളുടെ സഹകരണത്തോട് കൂടി മദ്യം, മയക്കുമരുന്ന്, പുകവലി സ്ത്രീധനം ഇത്യാദി കാര്യങ്ങളെ കുറിച്ചും മാരക രോഗങ്ങളെ കുറിച്ചും ജനങ്ങളെ ബോധവാൻമാരാക്കാൻ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

15. ഒരുക്കങ്ങൾ പഞ്ചായത്ത് മദ്യ വിമുക്തമാക്കാൻ ഇങ്ങനെയുള്ള ബോധവൽക്കരണം കൊണ്ട് സാധിക്കും. അങ്ങനെ പഞ്ചായത്തിനെ മദ്യ വിമുക്തമാക്കുക.

16. വളർന്ന് വരുന്ന കലാ കായിക പ്രതിഭകളെ പ്രോത്സാഹനം നൽകി വളർത്തികൊണ്ട് വരാൻ പഞ്ചായത്ത് ശ്രദ്ധിക്കുക

17. സിനിമാ പോസ്റ്ററുകൾ അവക്ക് പ്രത്യേകമായി സ്ഥാപിക്കപ്പെട്ട ബോർഡുകളിൽ ഒഴികെ മററ് സ്ഥലങ്ങളിൽ പതിക്കുന്നത് നിരോധിക്കുക.

18. സാംസ്കാരിക പാരമ്പര്യത്തിന് വിരുദ്ധമായ തരത്തിലുള്ള വേഷധാരണ രീതികളോടെയുള്ള ചിത്രങ്ങൾ സിനിമാ പോസ്റ്ററുകളിലും പ്രസിദ്ധീകരണങ്ങളിലും വരുന്നത് കർശനമായി തടയുക.

# ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 – 9

ഒതുക്കുങ്ങൽ പഞ്ചായത്തിൽ പൊതുപ്രവർത്തനത്തിൽ സ്ത്രീകൾ വളരെ പിന്നോക്കമായതിനാൽ വാർഡുകൾതോറും ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം. വിദ്യാസമ്പന്നരായ വനിതകൾക്ക് പ്രാദേശിക തലത്തിൽ ജോലി സംവരണം നല്കണം. ഓരോ വാർഡിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും സ്ഥാപനരൂപീകരണത്തിന് വേണ്ട ധനസഹായങ്ങൾ നൽകുകയും വേണം. പഞ്ചായത്തിലെ കഷ്ടപ്പെടുന്നതും വേന രഹിതരുമായ അഗതികളെ കണ്ടെത്തി സ്വയം തൊഴിലിന് വേണ്ട ധനസഹായങ്ങൾ നൽകുക. പഞ്ചായത്തിലുള്ള അശരണരായ വനിതകൾക്കും കുടുംബാംഗങ്ങൾക്കും അഗതി മന്ദിരങ്ങൾ സ്ഥാപിക്കുകയും അവരെ സംരക്ഷിക്കാൻ വേണ്ട സമിതി രൂപീകരിക്കുകയും മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങൾ വികസിപ്പിച്ച് സ്ത്രീകളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുകയും വേണം.

സ്ത്രീധന സമ്പ്രദായം കർശനമായി നീർത്തലാക്കാൻ വേണ്ട നിയമ നടപടി കൈക്കൊള്ളണം. നിർധനരായ മാതാപിതാക്കൾക്ക് പെൺകുട്ടികളുടെ വിവാഹാവശ്യത്തിനു പഞ്ചായത്തിൽ നിന്നു് ധനസഹായം ഏർപ്പെടുത്തുക.

പഞ്ചായത്തിലെ വാർഡുകൾതോറും കോട്ടക്കൽ വനിതാ പോളി ടെക്നിക്കിന്റെ കമ്മ്യൂണിററി പോളി ടെക്നിക് സ്കീം അനുസരിച്ച് തൊഴിൽ പരിശീലനം നടത്തുകയും അതേക്കുറിച്ച് ബോധവൽക്കരണം നടത്തുകയും വേണം. കുടുംബങ്ങളിൽ മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്ന വനിതകൾക്ക് പഞ്ചായത്ത് തലത്തിൽ ഫാമിലി കൗൺസിലിംഗ് സെൻറർ രൂപീകരിക്കുകയും പ്രവർത്തനം ദ്രുതഗതിയിലാക്കുകയും ചെയ്യുക. ചെറുകിട വ്യവസായത്തിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ പഞ്ചായത്തിൽ എത്തിച്ചുകൊടുക്കുക.

വനിതകളുടെയും പെൺകുട്ടികളുടെയും യാത്രാക്ലേശങ്ങൾ പരിഹരിക്കത്തക്ക വിധത്തിലുള്ള യാത്രാ സംവിധാനങ്ങൾ ജില്ലാതലത്തിൽ ഏർപ്പെടുത്തുക. അഗതി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവക്കുള്ള അപേക്ഷകൾ യഥാസമയങ്ങളിൽ വാർഡുകൾ തോറും എത്തിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

# ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 – 10

1. റിസർവ് ബാങ്കിന്റെ S. H. P. പദ്ധതി പ്രകാരമുള്ള വായ്പ സാമ്പത്തികമായി താഴെ കിടയിലുള്ളവരിൽ എത്തിക്കാൻ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ സാംസ്കാരിക സംഘടനകൾ എന്നിവ ചേർത്ത് സഹകരണ സംഘം രൂപീകരിച്ച് വിതരണം നടത്തുക.

2. ഗ്രാമീണബാങ്ക് വഴി ലഭിക്കുന്ന IRDP-CCDP തുടങ്ങിയ വായ്പകൾ ലഭിക്കുന്നതിനുള്ള മാഗ്ഗങ്ങൾ ലളിതമാക്കുക.

3. പഞ്ചായത്തിലെ മുഴുവൻ ആളുകളേയും സർവ്വീസ് സഹകരണ ബാങ്കിൽ മെമ്പർമാരാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

4. പഞ്ചായത്തിന്റെയും പൊതു സ്ഥാപനങ്ങളുടെയും ഫണ്ട് സഹകരണ ബാങ്കുകളുടെ ക്ലാസ് നോക്കാതെ പഞ്ചായത്ത് സർവ്വീസ് ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

5. സഹകരണ മേഖലയിൽ ഓവർ ഡ്യൂ നോക്കാതെ ഡിസ്ട്രിക്റ്റ് ബാങ്ക് റീ - ഫൈനാൻസ് ചെയ്യേണ്ടതാണ്.

6. സഹകരണ ബാങ്കുകളിലെ ഗവൺമെന്റ് ഷെയർ പരമാവധി വർദ്ധിപ്പിക്കേണ്ടതാണ്.

# ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 - 11

1. മിക്ക ഹരിജൻ കോളനികളിലും ശുദ്ധജല വിതരണത്തിനാവശ്യമായ പൈപ്പു ലൈനുകൾ ഇല്ല. ഉള്ളവയിൽ തന്നെ പലപ്പോഴും വെള്ളം കിട്ടാത്ത അവസ്ഥയാണുള്ളത്.

2. കുന്നത്ത് ഹരിജൻ കോളനിയിലേക്കുള്ള ഇടവഴി വീതി കൂട്ടി സൗകര്യ പ്രദമായ രീതിയിൽ ഗതാഗത യോഗ്യമാക്കുക.

3. കൂടുതൽ ഹരിജൻ കുടുംബങ്ങൾ താമസിക്കുന്ന കോളനികളിൽ ഉള്ള സൗകര്യങ്ങൾ കുറച്ചു കുടുംബങ്ങൾ താമസിക്കുന്ന കോളനികൾക്കും കിട്ടുവാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കുക.

4. വികസന റിപ്പോർട്ടിൽ വിദ്യാഭ്യാസത്തിനുള്ള സ്റ്റൈപ്പന്റ് സെക്കണ്ടറി തലം തൊട്ട് പ്രതിമാസം കൊടുക്കണം എന്നത് പ്രൈമറി തലം തൊട്ടുതന്നെ നടപ്പാക്കുവാൻ വേണ്ട ഏർപ്പാടുണ്ടാകണം.

5. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാലാ കാലങ്ങളായി ഹരിജൻ വിഭാഗത്തിൽ പെട്ടവർ ഉപയോഗിച്ചു വരുന്ന ശ്മശാനങ്ങൾ അവർക്കു മാത്രമായി രേഖാമൂലം ലഭ്യമാക്കുവാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കണം.

6. പട്ടികജാതി വിഭാഗങ്ങൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ അവർക്കു തന്നെ കിട്ടുന്നത് ഉറപ്പുവരുത്തുവാൻ ആ വിഭാഗക്കാർ മാത്രം അടങ്ങുന്ന ഒരു സെൽ രൂപീകരിക്കണം. അവർ മുഖേന ആനുകൂല്യങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം അവർക്കുള്ള ആനുകൂല്യങ്ങൾ അവർക്ക് തന്നെ കിട്ടുന്നത് ഉറപ്പ് വരുത്തണം.

# ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്ത് വികസന രേഖ

## അനുബന്ധം

## 4 – 12

1. കെട്ടിട നികുതി ചുമത്തുന്നതിന് കെട്ടിടത്തിന്റെ മുഴുവൻ ചെലവ് കണക്കാക്കാൻ കുറ്റമറ്റതായ സംവിധാനം ഉണ്ടാക്കണം.

2. നികുതി ചോർച്ച തടയുന്നതിന് വേണ്ടി എടുത്ത് കളഞ്ഞ പിഴപലിശ 2%ത്തിൽ നിന്നും 5% ആക്കി കൂട്ടി പുനഃസ്ഥാപിക്കുക

3. പഞ്ചായത്തിൽ പൊതുവെ ലൈസൻസ് പിരിവിൽ വരുമാന വർദ്ധനവ് കാണുന്നില്ല.- അതിന് ജനകീയ സമിതികൾ, വാർഡ് തലത്തിൽ രൂപീകരിക്കുക.

4. വിനോദ നികുതിയിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നത് കൊണ്ട് അതിന് പരിഹാരമെന്നോണം സീറ്റിംഗ് കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം.

5. പഞ്ചായത്തിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഉടമയിൽ നിന്നും പിരിച്ചെടുക്കുന്ന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിൽ നിന്നും വിഹിതം പഞ്ചായത്തിന് നൽകുക.

6. ജനകീയസമിതികൾ രൂപീകരിച്ച് സാമ്പത്തികമായി മുന്നോക്കം നില്ക്കുന്ന വ്യക്തികളിൽ നിന്നും ഷെയർ സ്വീകരിച്ച് അത് ഉൽപ്പാദന മേഖലയിൽ നിക്ഷേപിക്കുക.

7. ഭരണച്ചെലവുകൾ കഴിയുന്നത്ര കുറക്കുക.

8. പഞ്ചായത്തിൽ നിലവിലുള്ളബാങ്കുകളിൽ നിന്ന് വാഹനങ്ങൾ വാങ്ങാൻ വായ്പ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തണം. (സ്വകാര്യ പണമിടപാട് ഒഴിവാക്കണം)

9. നരിമടയിൽനിന്ന് പുഴയിലേക്ക് റോഡ് നിർമ്മിച്ച് മണൽ വാരാനുള്ള അവകാശം ലേലം ചെയ്യുക.

10. ഭൂമി സ്വകര്യ വ്യക്തികളിൽനിന്നും ഓഫീസുകൾക്ക് വേണ്ടി സ്പോൺസർ ചെയ്യിപ്പിക്കണം.

11. പഞ്ചായത്ത് മിനി സ്റ്റേഡിയം വിവിധ ക്ലബ്ബുകൾക്ക് വാടകക്ക് കൊടുക്കുക.

പറപ്പൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ



## അണിയറ ശില്പികൾ

എഡിറ്റിങ്:- അലവി വേങ്ങര (വടക്കൻ ഹൗസ്)

## എഡിറ്റോറിയൽ ബോർഡ്


1. സി. അഹമ്മദ്
2. എം.ജി അജിത് കുമാർ
3. റ്റി. മുഹമ്മദ് ഹിദായത്തുള്ള
4. പി.കെ അലവി
5. എം. അബ്ദുറഹിമാൻ ഹാജി
6. റ്റി. മൊയ്തീൻ കുട്ടി എന്ന കുഞ്ഞു
7. ടി.ടി ബീരാവുണ്ണി
8. പി. ഇബ്രാഹിംകുട്ടി.ഹാജി
9. ഐ. സലീം




കവർ എം.ജി. അജിത്കുമാർ

Printed at MANGALAM offset press Kallai, Calicut, Ph. 300063


# ജനകീയാസൂത്രണം

# പറപ്പൂര് ഗ്രാമപഞ്ചായത്ത്


അധികാരം ജനങ്ങളിലേക്ക്

## സമഗ്രവികസനരേഖ

# പറപ്പൂര് ഗ്രാമ പഞ്ചായത്ത് ഭരണസമിതി



പി. ഇബ്രാഹിംകുട്ടി ഹാജി
(പ്രസിഡണ്ട്)




എം. അബ്ദുറഹ്മാൻ ഹാജി
(വൈസ്. പ്രസിഡണ്ട് )



പി.വി.കെ.ഹസീന
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ)




സി.ടി.മാലതി




യു.ഖദീജടീച്ചർ




ടി.പി.ജുമൈലടീച്ചർ



വി.നീലകണ്ഠൻ




കെ. അബ്ദുസ്സലാം



ടി. മൊയ്തീൻകുട്ടി



ടി.ടി.ബീരാവുണ്ണി



ടി.അലവി

## മുൻപ്രസിഡണ്ടുമാർ


ടി.ഇ. മുഹമ്മദാജി



ടി.ടി.കുഞ്ഞാലസ്സൻകുട്ടിഹാജി



ടി.മൂസ്സ



ടിആലിഹാജി

282

## ജില്ലാറിസോഴ്സ് പേഴ്സൺസ്

1. അലവി വേങ്ങര (ജനറൽ കൺവീനർ)

2. സി.അഹമ്മദ്മാസ്റ്റർ

3. സി. ബീരാൻകുട്ടി മാസ്റ്റർ

4. പി.കെ. അലവി

5.എ.കെ മുഹ്സിൻ

6.മുഹമ്മദ് കുട്ടി.കെ

7. ഐ.സലീം

8.സി. മുഹമ്മദ്കുട്ടി

9. ടി. കുഞ്ഞാലസ്സൻ കുട്ടി

10. ലൈസമ്മാ തോമസ്


11.സി. സുലൈമാൻ

12. ടി. അബൂബക്കർ ഹാജി

13. പി. ആലിക്കുട്ടി

14. ടി.മുഹമ്മദ് ഹിദായത്തുള്ള

15. കെ. മുഹമ്മദാലി



അലവി വേങ്ങര
(ജനറൽ കൺവീനർ)

283

# ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3 സാമൂഹികസാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി
5 .1 കൃഷിയും ജലസേചനവും
2 മത്സ്യമേഖല മൃഗപരിപാലനം
3 വിദ്യാഭ്യാസം
4 ആരോഗ്യം, കുടിവെള്ളം, പരിസരശുചീകരണം
5. വ്യവസായം
6 ഗതാഗതം, ഊർജ്ജം,
7 ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം
8 സംസ്കാരം
9 വനിത
10 സഹകരണമേഖല
11 പട്ടികജാതി, പട്ടിക വർഗ്ഗ ക്ഷേമം,
12 വിഭവസമാഹരണം.



# 1 ആമുഖം

ജനകീയാസൂത്രണമെന്ന ഈ മഹത്തായ പദ്ധതിക്ക് കേരളത്തിൽ തുടക്കം കുറിച്ചത് മലയാളവർഷാരംഭമായ ചിങ്ങം ഒന്നിനാണ്(1996 ആഗസ്ത് 17- ാം തിയ്യതി). എന്നാൽ പറപ്പൂർ ഗ്രാമപഞ്ചായത്തിൽ 19-9-1996ന് സംഘടിപ്പിച്ച ശില്പശാലയോടു കൂടിയാണ് തുടക്കം കുറിച്ചത്. നാളിതുവരെ നാം ചെയ്ത് ശീലിച്ചിട്ടില്ലാത്ത ഒരു പരിപാടിയാണ് ഈ "ജനകീയാസൂത്രണം"കൊണ്ട് വിവക്ഷിക്കുന്നത്. നമ്മുടെ രാജ്യം മേലാളന്മാരുടേയും യജമാനന്മാരുടേയും മുമ്പിൽ അടിമത്തം വലിച്ചെറിഞ്ഞിട്ട് ദശകങ്ങൾ കഴിഞ്ഞുവെങ്കിലും ഭരണരംഗത്തും വികസനരംഗത്തും ജനകീയ പങ്കാളിത്തം കാര്യക്ഷമമായി നടപ്പാക്കുവാനായില്ല. "സ്വയം സമ്പൂർണ്ണ ഗ്രാമസ്വരാജ്" രാഷ്ട്ര പിതാവിന്റെ ചിരകാല സ്വപ്നമായിരുന്നു. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് അരനൂറ്റാണ്ട്ണ്ട് തികയുന്ന ഈ വേളയിലാണ് മഹാത്മജിയുടെ "അധികാരം ജനങ്ങളിലേക്ക്" എന്ന ആ സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുവാൻ പോകുന്നത്.

നാടിനേയും നാട്ടാരെയും അവരുടെ അടിസ്ഥാനപരമായ ആവശ്യങ്ങളെയും മനസിലാക്കാതെയായിരുന്നു നാളിതുവരെ ഉദ്യോഗസ്ഥപ്രമുഖർ മുകളിരുന്നു കൊണ്ട് ജനങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നത്. അക്കാരണത്താൽത്തന്നെ വികസനത്തിന്റെ പേരിൽ പഞ്ചവത്സരപദ്ധതികളിലൂടെ കോടിക്കണക്കിന് രൂപ നമ്മുടെ നാട്ടിൽ ചെലവാക്കിയെങ്കിലും അതെല്ലാം ഗ്രാമീണ ജനതയുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ അപര്യാപ്തമായി ഭവിച്ചു കാരണം ദുർവ്യയം തന്നെ. ഈ സ്ഥിതി വിശേഷത്തിന് എന്നന്നേക്കുമായി മാറ്റം വരുത്തുകയെന്നതാണ് ജനാധിപത്യം ജനങ്ങളുടെ കൈകളിലെത്തി നില്ക്കുന്ന ഈ സന്ദർഭത്തിൽ "ജനകീയാസൂത്രണം" എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമാക്കുന്നത്. ഒരു ഗ്രാമത്തിന്റെ സമഗ്രമായ വികസന പരിപാടികൾ തയ്യാറാക്കുന്നതിന് പഠന പര്യടനവും ഓരോപ്രദേശത്തിന്റെ അടിസ്ഥാന വസ്തുകളും ആവശ്യങ്ങളും വളരെ വിശദമായിത്തന്നെ മനസ്സിലാക്കേണ്ടതുണ്ട് മാത്രമല്ല കേട്ട

റിവും നാട്ടറിവും അനിവാര്യമാണ്. ഇതിനൊക്കെ ലഭ്യമായ സമയം പരിമിതമായിരുന്നുവെങ്കിലും ഉള്ള സമയം കൊണ്ട് പഠന പര്യടനത്തിലൂടെ ദ്രുത വിവരശേഖരണ പ്രക്രിയ ഫലപ്രദവും വിജയകരവും ആയി നടത്താൻ സാധിച്ചിട്ടുണ്ട്. 9–10–96 ന് ചേർന്ന യോഗത്തിൽ ദ്വിതീയ വിഭവ ശേഖരണത്തിന് കോർഗ്രൂപ്പുകളെ നിയോഗിക്കുകയും അവരക്കാര്യം കാര്യക്ഷമമായി നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. വിശേഷാൽ ഗ്രാമ സഭകൾ നിശ്ചിത സമയം തന്നെ നടത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഈ സഭകളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള വികസന രംഗത്തെ പ്രശ്നങ്ങളും അടുത്ത അഞ്ച് കൊല്ലക്കാലത്തേക്ക് നടപ്പിലാക്കേണ്ട നിർദ്ദേശങ്ങളും സാദ്ധ്യതകളുമൊക്കെയാണ് ഈ വികസന രേഖയിൽ ചർച്ച ചെയ്യപ്പെടുന്നതിനും മുൻഗണനാ ക്രമത്തിൽ സ്കീമുകൾ തയ്യാറാക്കുന്നതിനുമായിട്ട് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

പൊയ്പ്പോയ കാലഘട്ടത്തിലെ ഇവിടുത്തെ കാർഷിക രംഗത്തുണ്ടായിരുന്ന ആവേശം നമുക്ക് നഷ്ടമാവുകയും വ്യാവസായികവും കാർഷികവുമായിട്ടുള്ള വളർച്ച നമുക്ക് അന്യമാവുകയും ചെയ്തു. അതുകൊണ്ട് തന്നെ നമ്മുടെ ഈ കൊച്ചു സംസ്ഥാനം ഇന്ന് ഒരു ഉപഭോക്തൃസംസ്ഥാനമായി മാറിയിരിക്കുകയാണ്. കൃഷിമേഖല മുരടിച്ചു കഴിഞ്ഞു. വ്യാവസായിക സ്ഥാപനങ്ങളൊന്നും തന്നെ വളർന്നു വരുന്നില്ല. ഈ അവസ്ഥയ്ക്ക് അറുതി വരുത്തുവാനുള്ള അമൂല്യമായ ഒരവസരമാണ് നമ്മുടെ മുൻപിൽ സംജാതമായിരുക്കുന്നത്. ഇതു പ്രയോഗപ്പെടുത്തേണ്ടത് നാടിനെ സ്നേഹിക്കുന്ന നാടിന്റെ സ്ഥായിയായ വളർച്ചയിൽ താത്പര്യമുള്ള ഓരോ പൗരന്റെയും കടമയാണ്. ആ കടമ നിറവേറ്റാനുള്ള ഉത്തരവാദിത്തബോധം ഉൾക്കൊണ്ടു കൊണ്ട ഈ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്ത അഞ്ചു കൊല്ലക്കാലത്തിനുള്ളിൽ നടപ്പാക്കേണ്ട വിവിധ വികസന പരിപാടികളേപ്പറ്റി ഗ്രാമ സഭാ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന ഗ്രാമത്തിന്റെ സ്പന്ദനങ്ങൾ അറിയുന്ന ജനതതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമാണ് ഈ വികസനരേഖയിൽ, വികസന സെമിനാറിൽ പങ്കെടുക്കുന്നവരുടെ കൂട്ടായ ചർച്ചയ്ക്കും അഭിപ്രായത്തിനുമായി സമർപ്പിക്കുന്നത്.

ഇത് അതർഹിക്കുന്ന ഗൗരവത്തോടെ നമ്മുടെ പൂർവ്വീകരിൽ നിന്നും നാം അനുഭവിച്ചറിഞ്ഞിട്ടുള്ള സന്നദ്ധ സേവനത്തിന്റെയും ജനകീയ പങ്കാളിത്തത്തിന്റെയും ഉദാത്ത മാതൃകകൾ ഉൾക്കൊണ്ടുകൊണ്ട് നമുക്ക് നടപ്പിലാക്കുവാൻ കൂട്ടായി യത്നിക്കാം. കുറ്റങ്ങളും കുറവുകളും ഈ വികസന രേഖയിൽ കടന്നു കൂടിയിട്ടുണ്ടായേക്കാം. ഇതൊരുക്കുന്നതിന് ലഭ്യമായ സമയ പരിമിതിയാണിതിന് കാരണം. എന്നാൽ ഗ്രാമസഭാ ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന എല്ലാ അഭിപ്രായങ്ങളും പൂർണ്ണമായും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശേഷിക്കുന്നവ ഉൾപ്പെടുത്താനുണ്ടെങ്കിൽ അനുബന്ധമായി അവചേർക്കാവുന്നതാണ്. വിശദമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി ഈ റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു.

**അലവി വേങ്ങര**
(ജനറൽ കൺവീനർ)

# 2

# പഞ്ചായത്ത് പൊതുവിവരണം

## പറപ്പൂർ ഗ്രാമ പഞ്ചായത്ത് വികസന റിപ്പോർട്ട്

പഞ്ചായത്തിന്റെ പേര് ............................................: പറപ്പൂർ ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജ് ............................................ പറപ്പൂർ

ബ്ലോക്ക് പഞ്ചായത്ത്............................................: വേങ്ങര

താലൂക്ക് ............................................: തിരൂരങ്ങാടി

അസംബ്ലി മണ്ഡലം ............................................: താനൂർ

വിസ്തീർണ്ണം............................................: 18.5 ച.കി.മി.

**അതിരുകൾ**

വടക്ക്............................................: വേങ്ങര, ഊരകം പഞ്ചായത്തുകൾ

കിഴക്ക്............................................: ഒതുക്കുങ്ങൽ പഞ്ചായത്ത്

തെക്ക്............................................: എടരിക്കോട്, കോട്ടക്കൽ പഞ്ചായത്തുകൾ

പടിഞ്ഞാറ് ............................................: എടരിക്കോട്, വേങ്ങര പഞ്ചായത്തുകൾ

ജനസംഖ്യ ............................................ : 26047 (1991 സെൻസസ്)

പുരുഷന്മാർ............................................: 12627

സ്ത്രീകൾ ............................................: 13421

ജനസാന്ദ്രത ............................................: 1408

അക്ഷരാഭ്യാസമുള്ളവർ ............................................: 95%

വാർഡുകൾ............................................: 11

പ്രസിഡന്റിന്റെ പേര് ............................................: പി. ഇബ്രാഹിംകുട്ടി ഹാജി

വൈ. പ്രസിഡന്റിന്റെ പേര് ............................................: എം. അബ്ദുറഹിമാൻ ഹാജി

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ............................: പി.വി.കെ. ഹസീന

# 3

# സാമൂഹിക - സാംസ്ക്കാരിക ചരിത്രം

**കേ**രള പിറവി വർഷമായ 1956 ൽ തന്നെയാണ് പറപ്പൂർ പഞ്ചായത്തും നിലവിൽ വന്നത്. ആദ്യത്തെ യോഗം പറപ്പൂർ ഈസ്റ്റ് സ്ക്കൂളിൽ ഫെബ്രവരി മാസത്തിൽ ചേർന്നു. പ്രഥമ പ്രസിഡന്റ് ടി ഇ. മുഹമ്മദ് ഹാജിയും വൈ.പ്രസിഡന്റ് ടി.മൊയ്തീൻകുട്ടിയും ആയിരുന്നു. അംഗങ്ങൾ താഴെപറയും പ്രകാരവും :- ടി ടി. കുഞ്ഞാലസ്സൻ കുട്ടി ഹാജി, കെ സി. മൊയ്തീൻ, ടി. ആലിക്കുട്ടി, ടി എം.കൈനാലി, പി.കുഞ്ഞിമ്മു, പി.ചോയി അന്നൊക്കെ വാർഡുകൾ തിരിച്ചല്ല തിരഞ്ഞെടുപ്പ് നടന്നിരുന്നതത്രെ. ബ്ലോക്കടിസ്ഥാനത്തിലായിരുന്നു. ഒരു ബ്ലോക്കിൽ നിന്നും ചിലപ്പോൾ രണ്ടംഗങ്ങൾ ഉണ്ടായിരിക്കും.കൈപൊക്കി പ്രതിനിധികളെ തിരഞ്ഞെടുക്കലായിരുന്നു.വാർഡുതിരിക്കൽ സംമ്പ്രദായം നിലവിൽ വന്നപ്പോൾ ആരംഭത്തിൽ ഏഴ് വാർഡുകളുണ്ടായിരുന്നത് 1979 ൽ ഒമ്പത് വാർഡുകളായും 1995 ലെ പുനർനിർണ്ണയത്തെ തുടർന്ന് ഇപ്പോൾ പതിനൊന്നിലും എത്തിനിൽക്കുന്നു. ഇവയിൽ ഒരു പട്ടികജാതി പട്ടികവർഗ്ഗ റിസർവേഷനും നാല് വാർഡുകൾ വനിതകൾക്കായും നീക്കിവെച്ചിരിക്കുന്നു. പ്രഥമ ബോർഡിനു ശേഷം പ്രസിഡന്റു പദം അലങ്കരിച്ചവർ സർവ്വശ്രീ. ടി ടി കുഞ്ഞാലസ്സൻകുട്ടി ഹാജി, തുപ്പിലിക്കാട്ടു മൂസ, ടി.ആലി ഹാജി എന്നിവരായിരുന്നു.സർവ്വശ്രീ.കെ മുഹമ്മദ് എന്ന ബാപ്പു ഹാജി, കെ കെ.മുഹമ്മദ് മാസ്റ്റർ, കെ.അബ്ദുസ്സലാം, എം.അബ്ദുറഹിമാൻ ഹാജി എന്നിവർ വിവിധകാലഘട്ടങ്ങളിൽ പഞ്ചായത്തിന്റെ വൈ.പ്രസിഡന്റുമാരായിരുന്നിട്ടുണ്ട്.തുടക്കത്തിൽ പറപ്പൂർ വില്ലേജ് മാത്രം ഉൾക്കൊണ്ടിരുന്ന പഞ്ചായത്തിനെ 1961ൽ ഇരിങ്ങല്ലൂർ വില്ലേജും കൂട്ടിച്ചേർത്തുകൊണ്ട് വികസിപ്പിക്കുകയുണ്ടായി. ഇപ്പോൾ ഇരിങ്ങല്ലൂർ വില്ലേജ് നിലവിലില്ല.പറപ്പൂർ വില്ലേജ് മാത്രമേയുള്ളൂ. പഞ്ചായത്തിന്റെ വിസ്തീർണ്ണം 18.5 ച കി മി.ആണ്.

പഞ്ചായത്ത് ആദ്യം പ്രവർത്തനം തുടങ്ങിയത് വാടകകെട്ടിടത്തിലായിരുന്നു. 1972 ൽ സ്വന്തം കെട്ടിടത്തിലേക്കുമാറ്റി. സ്വന്തംകെട്ടിടം പണിയാനുള്ള പത്ത് സെന്റ് സ്ഥലം സൗജന്യമായി നൽകിയത് മുൻ പ്രസിഡണ്ടായിരുന്ന ജ:ടി ടി.കുഞ്ഞാലസ്സൻ കുട്ടി ഹാജിയാണ്.

1921 ലെ ചരിത്രപ്രസിദ്ധമായ കിലാഫത്ത് പ്രസ്ഥാനത്തിൽ കൈമെയ് മറന്നു പങ്കുകൊണ്ടതിന്റെ പേരിൽ ജനങ്ങളെ അടിച്ചമർത്താൻ ഇറങ്ങിത്തിരിച്ച വെള്ളപ്പട്ടാളത്തിനെതിരെ ജാതിമതഭേദമന്യെ ധീരവീരം പൊരുതിയ ജനങ്ങളാണ് ഇവിടുത്തെ പിൻതലമുറക്കാർ.വെള്ളപ്പട്ടാളത്തിന്റെ അഴിഞ്ഞാട്ടം ധനാശി പാടിയപ്പോൾ ഈ ഐതിഹാസികപ്പോരാട്ടത്തിൽ പങ്കെടുത്ത ധീരദേശാഭിമാനികളെ എന്നെന്നേക്കുമായി അന്തമാനിലേക്കു നാടുകടത്തി.ഈ സംഭവവും തുല്യതയില്ലാത്ത വാഗൺ ട്രാജഡിയും ചരിത്രത്തിന്റെ കറുത്ത ഏടുകളിൽ എഴുതപ്പെട്ട ദുഃഖ സത്യങ്ങളാണ്.ഈ ദുരിന്തങ്ങൾക്ക് പാത്രീഭൂതരായവരുടെ പിൻതലമുറക്കാരും ഇവിടെ ജീവിക്കുന്നു.അചഞ്ചലമായ മതസൗഹാർദ്ദത്തിന് പേരുകേട്ട ഗ്രാമമാണ് പറപ്പൂർ.ഹിന്ദുക്കളും മുസ്ലീങ്ങളും ഇവിടെ ഏകോദരസഹോദരങ്ങളെപ്പോലെ ജീവിച്ചുപോരുന്നു.ഖിലാഫത്തു പ്രസ്ഥാനം അതിന്റെ ഉച്ചിയിലെത്തി നിൽക്കെ സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടമുണ്ടായപ്പോഴും പറപ്പൂർ അതിന്റെ തനതായ പൈതൃകം കാത്തുസൂക്ഷിച്ചു.വെള്ളപ്പട്ടാളം തിരൂരങ്ങാടി പള്ളിക്കു വെടിവെച്ചു എന്നു കേട്ടപ്പോൾ നിരായുധരായി തിരൂരങ്ങാടിയിലേക്ക് മാർച്ചു ചെയ്ത മാപ്പിളമാർ കോട്ടക്കൽ കോവിലകത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടിയും വീറോടെ ഓടിയെത്തി കാവൽ നിന്നവരാണ്. ഇവർ പറപ്പൂർ. കുഴിപ്പുറം. ഇരിങ്ങല്ലൂർ എന്നീ ഭാഗങ്ങളിലെ മാപ്പിളകുടിയാന്മാരായിരുന്നു.ഹിന്ദു മുതലാളിയുടെ വിശ്വസ്തനായ കാര്യസ്ഥൻ മാപ്പിളയും മാപ്പിളയുടെ വിശ്വസ്ത കാര്യസ്ഥൻ ഹിന്ദുവും എന്ന പ്രതിഭാസം ഇന്നും ഇവിടെ നിലനിൽക്കുന്നു.സ്വാതന്ത്ര്യ സമരത്തിന്റെ വിവിധ ഘട്ടങ്ങളിൽ സജീവമായി പങ്കെടുത്ത ധീരദേശാഭിമാനികരുടെ ജന്മംകൊണ്ടും സമ്പന്നമാണ് ഈ ഗ്രാമം.ജീവിച്ചിരിക്കുന്ന ഒരു സ്വാതന്ത്ര്യസമരസേനാനി ഈ പഞ്ചായത്തിൽ ഉണ്ട്.നവതി പിന്നിട്ട എം. പി.മുഹമ്മദ്കുട്ടി ഹാജി.

കോഴിക്കോട് സാമൂതിരി രാജാവിന്റെ താവഴിയിൽപെട്ട കോട്ടക്കൽ കിഴക്കെ കോവിലകം ആയിരുന്നു ഈ പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന ഭൂസ്വത്തുക്കളുടെയും ജന്മിമാർ. കോഴിക്കോട് തന്നെ വേരുകളുള്ള കൊളപ്പുറം കീഴാറ്റുകുന്നത്ത് പണിക്കർ കുടുംബവും ഇരിങ്ങല്ലൂർ ഭാഗത്തെ ജന്മിമാരായിരുന്നു.1970ൽ നടപ്പിലാക്കിയ ഐതിഹാസികമായ ഭൂപരിഷ്ക്കരണ നിയമം കേരളത്തിലെ മറ്റു ഭാഗങ്ങളെപ്പോലെ ഈ പ്രദേശത്തും ജന്മിത്വത്തിന് തിരശ്ശീല വീഴ്ത്തി.

പൊന്നാനിയിൽ വേരുകളുള്ള മലബാറിലെ പുരാതനമായ ഖാസി കുടുംബമായ ഓടക്കൽ തറവാട്ടിൽ ഒരു വിഭാഗം അക്കാലത്ത് തന്നെ ഈ പഞ്ചായത്തിലെ കുഴിപ്പുറം ഇരിങ്ങല്ലൂർ ഭാഗങ്ങളിലേക്ക് താമസം മാറ്റിയിരുന്നു .നാൽപതോളം പള്ളി മഹല്ലുകളുടെ ഖാസി സ്ഥാനം അവർ വഹിച്ചിരുന്നു . മുസ്ലീം പഠനകേന്ദ്രത്തിന് പേരു കേട്ട സ്ഥലമായിരുന്നു അന്ന് കുഴിപ്പുറം . ഇല്ലിപ്പിലാക്കൽ ,വെട്ടം ,പാലാണി ,കുഴിപ്പുറം ,പടിഞ്ഞാറെ പള്ളി, കുഴിപ്പുറം കിഴക്കെ പള്ളി ,വീണാലുക്കൽ ജുമാമസ്ജിദ്, വടക്കും മുറി പള്ളി തുടങ്ങിയ പഴയ ജുമാമസ്ജിദുകൾക്ക് 200ഉം 400 ഉം വർഷത്തെ പഴക്കമുണ്ട് .വീണാലുക്കലിലെ ശ്രീ കുറുംബ ക്ഷേത്രം , ശ്രീ സുബ്രഹ്മണ്യ ക്ഷേത്രം , കാട്ട്യാക്കവ് ശ്രീ ഭഗവതി ക്ഷേത്രം ആശ്രമ മംഗലം ശിവക്ഷേതം , ഇരിങ്ങല്ലൂർ ശ്രീ അയ്യപ്പൻ കാവ് ക്ഷേത്രം തുടങ്ങിയ പുരാതന ക്ഷേത്രങ്ങളും മേൽപറഞ്ഞ പള്ളികളോടൊപ്പം ഈ പ്രദേശത്തെ മതസൗഹാർദ്ധത്തിന്റെ ഉദാത്ത മാതൃകകളായി ഇന്നും തലയുയർത്തി നിൽക്കുന്നു .ശ്രീ കുറുമ്പ ക്ഷേത്രത്തിലും ആശ്രമമംഗലം ശ്രീ ത്രിപുരാന്തക ക്ഷേത്രത്തിലും കൊല്ലത്തിൽ കുംഭമാസത്തിൽ ഉത്സവം നടത്തിവരാറുണ്ട് ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിദ്യാഭ്യാസകാര്യങ്ങളിൽ മുൻപന്തിയിൽ നിന്നിരുന്ന പറപ്പൂരിൽ 1901ൽ കിഴക്കേകുണ്ടിൽ സ്ഥാപിച്ച ഓത്തുപള്ളി 1916ൽ ഈസ്റ്റ് എ എം എൽ പി .സ്കൂളായി മാറി .അന്നത്തെ സ്കൂളിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകിയത് വളപ്പിൽ അഹമ്മദ് മുസ്ല്യിയാരായിരുന്നു .

ചരിത്രപ്രധനമായ കോൺഗ്രസിന്റെ പതിനൊന്നാം സംസ്ഥാന സമ്മേളനം 1939ൽ ആസാദ് നഗർ എന്ന നാമകരണം ചെയ്ത് ഇന്നത്തെ കാവും പറമ്പിൽ അന്നത്തെ കെ പി സി സി .പ്രസിഡണ്ട് ശ്രീ .മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെയും സെക്രട്ടറിയായിരുന്ന ഇ എം എസ് നമ്പൂതിരിപ്പാടിന്റെയും നേതൃത്വത്തിലാണ് നടന്നത് .ഈ സമ്മേളന നഗരിയിലേക്ക് കോട്ടക്കലിൽ നിന്ന് 3.K.M ദൂരം വരുന്ന പഞ്ചായത്തിലെ ആദ്യത്തെ റോഡ് സന്നദ്ധ പ്രവർത്തനത്തിലൂടെയാണ് നിർമ്മിച്ചത് .ഈ റോഡിനെ അന്ന് ജയപ്രകാശ് റോഡ് എന്ന് നാമകരണം ചെയ്തിരുന്നു .ഈ റോഡിന്റെ തുടർച്ചയാണ് ഇന്നത്തെ കോട്ടക്കൽ-വേങ്ങര റോഡ് .

സഹ്യാദ്രിയിൽ നിന്നും ഉൽഭവിച്ച് കരുവാരക്കുണ്ട് അടിവാരത്തിലൂടെ മലപ്പുറം ജില്ലയുടെ പലപഞ്ചായത്തുകളിലൂടെ ഒഴുകിവരുന്ന കടലുണ്ടിപുഴ പഞ്ചായത്തിനെ രണ്ടായി വിഭജിക്കുന്നു .1, 2,3, 4എന്നീ വാർഡുകൾ പുഴയുടെ വടക്ക് ഭാഗത്തും ബാക്കി വാർഡുകൾ തെക്ക് ഭാഗത്തും സ്ഥിതി ചെയ്യുന്നു .

അക്ഷരാഭ്യാസത്തിന്റെ കാര്യത്തിലും അദ്ധ്യാപക ജോലി ചെയ്യുന്നവരുടെ എണ്ണത്തിലും ഈ വില്ലേജ് മുൻപന്തിയിൽ ആയിരുന്നുവെങ്കിലും ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന കർഷകരും കൂലിവേലക്കാരുമായിരുന്നു .ഏതാനും ചില കുടുംബങ്ങളിൽ നിന്നുമുള്ളവർ മലേഷ്യ ,സിങ്കപ്പൂർ ,മുതലായ പൂർവ്വേഷ്യൻ രാജ്യങ്ങളിൽ ജീവിതസന്ധാരണമാർഗ്ഗങ്ങൾ തേടി പോയിട്ടുണ്ട് .എഴുപതുകളുടെ ആരംഭത്തിൽ ഇവിടുത്തെ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ അഭൂതപൂർവ്വമായ ഒരു മാറ്റം സംഭവിച്ചു .തൊഴിലന്വേഷിച്ച് യുവജനങ്ങളുടെ ഗൾഫ്നാടുകളിലേക്കുള്ള ഒഴുക്കും തുടർന്നുണ്ടായ സാമ്പത്തിക ഉയർച്ചയുമാണ് ഇതിന് തുടക്കമിട്ടത് . ജീവിത നിലവാരത്തിലുണ്ടായ ഉയർച്ചയും കോൺക്രീറ്റ് സൗധങ്ങളുടെ നിർമ്മാണഭ്രമവും കാരണം കൃഷി, വ്യവസായം എന്നിവയിൽ പ്രത്യുൽപാദനപരമായ നിക്ഷേപം ഒന്നും ഉണ്ടായില്ല . അതുകൊണ്ട് ഗൾഫ് വരുമാനം സ്ഥായിയായ വളർച്ചക്ക് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല .

❖

# 4

# ഭൂപ്രകൃതി

സമുദ്രനിരപ്പിൽ നിന്നും 45 മീറ്റർ ഉയരത്തിലാണ് പറപ്പൂർ പഞ്ചായത്തിലെ ഉയർന്ന സമതലം സ്ഥിതിചെയ്യുന്നത് .പഞ്ചായത്തിലെ ഭൂപ്രകൃതിയെ ആറായി തരംതിരിക്കാം .

1 ഉയർന്ന സമതലം .
2 ചെരിവുകൾ
3 താഴ്വരകൾ
4 സമതലങ്ങൾ
5 പുഴ
6 തോടുകൾ

ഇവ ഓരോന്നിന്റേയും വിസ്തീർണ്ണം താഴെ കൊടുക്കുന്നു .

| ക്രമ നമ്പർ | തരം | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | ഉയർന്ന സമതലം | 308 | 21.6 |
| 2 | വലിയ ചെരിവ് | 284 | 19.9 |
| 3 | ഇടത്തരം ചെരിവ് | 176 | 12.34 |
| 4 | സമതലം | 387.6 | 27.26 |
| 5 | വയലുകൾ | 269.6 | 18.9 |
| | ആകെ | 1425.2 | 100 |

### ഉയർന്ന സമതലം .

പഞ്ചായത്തിലെ മൊത്തം വിസ്തീർണ്ണത്തിന്റെ 21.6% വരുന്ന ഉയർന്ന സമതലം (308 ഹെക്ടർ) സമുദ്രവിതാനത്തിൽ നിന്നും 45 മീറ്റർ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത് .പറപ്പൂർ,ഇരിങ്ങല്ലൂർ ഭാഗത്തുള്ള ചുള്ളിപറമ്പ് ,ഇരിങ്ങല്ലൂർ ഭാഗത്തുള്ള ചെട്ടിയാംചോലമാട് ,കോട്ടപറമ്പ് ,വെട്ടം ,കുഴിപ്പുറം ഭാഗത്തുള്ള ചെനക്കൽ ഉൾപ്പെടുന്ന സ്ഥലം ,പറപ്പൂർ ഭാഗത്തുള്ള ശാന്തിനഗർ ,ഉണ്ണിയാൽ എന്നിവയാണ് ഈ പ്രദേശങ്ങൾ . ഇവിടങ്ങളിൽ കശുമാവ് , തെങ്ങ് , എന്നിവ കൃഷി ചെയ്യുന്നുണ്ട് .നാളികേര ഉൽപാദനം വളരെ കുറവാണ് .

### വലിയ ചെരിവ്

പഞ്ചായത്തിലെ മൊത്തം വിസ്തീർണ്ണത്തിന്റെ 19.9% വരുന്ന വലിയ ചെരിവ് പ്രദേശമാണ് ഇല്ലിപുലാക്കൽ ,എരുമപുഴ ,ചെട്ടിയാംചോല ,വെട്ടം ,അമ്പലമാട് ,തൂമ്പത്ത് ചോല ,ഉണ്ണിയാൽ വട്ടപ്പറമ്പ് ,കുഴിപ്പുറം ഭാഗത്തുള്ള മാട്ടണുപ്പാട് ,മുക്കൻ മാട് എന്നിവ . പൊതുവെ ഈ പ്രദേശത്ത് ചരൽ കലർന്ന ചെമ്മണ്ണും ഇടകലർന്ന് സ്ഥിതിചെയ്യുന്ന വെട്ടുപാറയുമുണ്ട് .ഇവിടങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നുണ്ട് . തെങ്ങ് ,കശുവണ്ടി എന്നിവയാണ് ഈ ഭാഗങ്ങളിൽ കൃഷിചെയ്യുന്നത് .

### ഇടത്തരം ചെരിവ്

പഞ്ചായത്തിലെ മൊത്തം വിസ്തീർണ്ണത്തിന്റെ 12.34% ആണ് . ഇടത്തരം ചെരിവ് ഉള്ളത് . മിക്കവാറും എല്ലാവാർഡുകളിലും ഇത്തരത്തിലുള്ള ഭൂമി

കാണപ്പെടുന്നു . ഇവിടങ്ങളിൽ തെങ്ങ് , കമുക് , മരച്ചീനി ,എന്നിവയും അപൂർവ്വമായി കുരുമുളകും കൃഷി ചെയ്യുന്നു . മുൻകാലങ്ങളിൽ മുഖ്യമായി ഉണ്ടായിരുന്ന ഇഞ്ചികൃഷി ഇന്ന് നാമാവശേഷമായിരിക്കുന്നു . കാരണം കൃഷിഭൂമി തുണ്ടം തുണ്ടമായി വീതിച്ചുപോയതും ഭാരിച്ച കൃഷിചെലവുമാണ് .

**സമതലം**

മൊത്തം വിസ്തീർണ്ണത്തിന്റെ 27.2% വരുന്ന സമതലം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സ്ഥിതിചെയ്യുന്നു . പുഴയോരങ്ങളിലുള്ള പ്രദേശത്ത് മണൽ കലർന്ന ഫലഭൂയിഷ്ഠമായ മണ്ണും മറ്റിടങ്ങളിൽ കൃഷിയോഗ്യമായ ചെമ്മണ്ണുമാണ് . ഇവിടങ്ങളിൽ തെങ്ങ് ,കമുക് വാഴ ,മരച്ചീനി എന്നിവ കൃഷിചെയ്യുന്നു .

**വയലുകൾ**

മൊത്തം വിസ്തീർണ്ണത്തിന്റെ 18.9% വരുന്ന വയൽ പ്രദേശം വർഷകാലത്ത് വെള്ളം കയറുന്ന സ്ഥലമാണ്. 75% വയൽ പ്രദേശം ഒരുപ്പൂൽ കൃഷിക്കുള്ള ജലസേചനം പോലും ലഭ്യമല്ല .ബാക്കി പ്രദേശങ്ങൾ ഇരുപ്പൂൽനടക്കുന്നുണ്ടെങ്കിലും ജലസേചന സൗകര്യത്തിന്റെ അഭാവം മൂലം വരൾച്ച നേരിടുന്നു . ഉൽപാദനക്ഷമത കുറവാണ് . ജലസേചന സൗകര്യം ഉണ്ടായാൽ 80% വയലും ഇരുപ്പൂൽ നിലങ്ങളാക്കി മാറ്റാൻ സാധിക്കും . ഉള്ള സ്ഥലത്ത് നെൽ കൃഷി ചെയ്യുവാൻ കൃഷിക്കാർക്കു ഒട്ടും താൽപര്യവുമില്ല . ഉൽപാദനക്ഷമതയുടെ കുറവും ഉയർന്ന കൂലിചെലവുമാണ് ഇതിന് കാരണം .

**ജനപ്രകൃതി**

1991ലെ കാനേഷുമാരി പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 26047 ഇതിൽ 12627 പുരുഷൻമാരും 13421 വനിതകളുമാണ് .

ഉയർന്ന സാക്ഷരതാ നിരക്കുള്ള പഞ്ചായത്തുകളിലൊന്നാണ് പറപ്പൂർ പഞ്ചായത്തിലെ 50 % യുവജനങ്ങൾ 10-ാം ക്ലാസ് പാസ്സായവരാണ് . എങ്കിലും പഠനനിലവാരം വളരെ കുറവാണ് . മൊത്തം 223 ബിരുദധാരികളും 65 പേർ ബിരുദാനന്തര ബിരുദം ഉള്ളവരും 16 പേർ സാങ്കേതിക ബിരുദം ഉള്ളവരും 35 പേർ ഡിപ്ലോമ ഉള്ളവരും 260 പേരോളം സർട്ടിഫിക്കറ്റ് കോഴ്സ് ലഭിച്ചവരുമാണ് . എല്ലാ രംഗങ്ങളിലുമുള്ള അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ് .സാങ്കേതിക വിദ്യാഭ്യാസം ഉള്ള സ്ത്രീകളുടെ എണ്ണം 10ൽ കൂടകയില്ല .മൊത്തം 8116 പേർ വിവിധ തൊഴിൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നു . 1400 പേർ ഭാഗികമായി തൊഴിൽ ലഭിക്കുന്നവരാണ് .

മൊത്തം തൊഴിലാളികളിൽ 43.12% പേർമാത്രമേ കൃഷി മേഖലയിൽ ജോലി ചെയ്യുന്നുള്ളു .അവരുടെ സ്ഥിതി പരിതാപകരമാണ് .അതിൽ മുക്കാൽ

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 1342 | 1396 | 2726 |
| II | 1342 | 1408 | 2750 |
| III | 1342 | 1428 | 2770 |
| IV | 1348 | 1427 | 2775 |
| V | 916 | 984 | 1900 |
| VI | 940 | 1010 | 1950 |
| VII | 1179 | 1256 | 2435 |
| IX | 1038 | 1392 | 2700 |
| X | 870 | 922 | 1792 |
| XI | 1014 | 1086 | 2100 |
| മൊത്തം | 12627 | 13421 | 26048 |

പേരും കർഷകതൊഴിലാളികളാണ് .വ്യവസായ മേഖലയിൽ കാര്യമായ തൊഴിൽ പങ്കാളിത്തം ഇല്ല .കുടിൽ വ്യവസായങ്ങൾ പഞ്ചായത്തിൽ അപൂർവ്വമായേ ഉള്ളൂ .

മൊത്തം തൊഴിലാളികളിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് മാത്രമേ വരികയുള്ളൂ . കർഷക തൊഴിലാളികൾ കൂടുതലും പുരുഷൻമാരാണ് . എംപ്ലോയ്മെന്റ് എക്സേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം പഞ്ചായത്തിൽ 363 ആണ് . അതിൽ 75% എസ് . എസ് . എൽ സി . പാസ്സായവരാണ് . വളരെ കുറഞ്ഞ പേർ തൊഴിലിലേർപ്പെടുന്നില്ല .സ്ത്രീകളുടെ രംഗത്താണ് തൊഴിലില്ലായ്മ രൂക്ഷമായിട്ടുള്ളത് . പകുതിയിലധികം സ്ത്രീകളും വീട്ടുതൊഴിൽ മാത്രം ചെയ്ത് ജീവിക്കുന്നവരാണ് .ഇവരെ തൊഴിലിലേർപ്പെടുത്താൻ ബോധവൽക്കരണം നടത്തണം .

**ജല വിഭവം**

മഴയെ ആശ്രയിച്ചാണ് ഇവിടം കൃഷി ഇറക്കുന്നത് .ഇവിടെ 3125 മി മി .മഴ ലഭിക്കുന്നുണ്ട് .ഏറ്റവും കൂടതൽ മഴലഭിക്കുന്നത് ജൂൺ-ജൂലായ് മാസത്തിലാണ് ഏപ്രിൽ-മെയ് മാസത്തിൽ പൊതുവിൽ ഇവിടെ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട് .കടലുണ്ടിപുഴ ഈ പഞ്ചായത്തിലൂടെ ഒഴുകുന്നത് കൊണ്ട് ഓരപ്രദേശങ്ങളിൽ ഉള്ളവർക്ക് ഒരു വിധം ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നു .പഞ്ചായത്തിൽ മൊത്തം 82/1കി മീ ദൂരം വരുന്ന തോടുകൾ കടലുണ്ടി പുഴയിൽ ഒഴുകിയെത്തുന്നു .ഈ തോടുകളിൽ കൊല്ലത്തിൽ 6 മാസകാലം മാത്രമെ ചുരുങ്ങിയ തോതിൽ ജലസേചന സൗകര്യം ലഭിക്കുന്നുള്ളൂ . ബാക്കി കുളങ്ങൾ വേനൽകാലത്ത് വറ്റിക്കിടക്കുന്നു .

❖

കുളങ്ങൾ

| ക്രമനമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | എരുമകുളം | I |
| 2 | കുംബാരകുളം | II |
| 3 | അമലപാടം ചാലി | I |
| 4 | താഴെക്കാട്ട് കുളം | IX |
| 5 | ചെറയിൽ കുളം | IX |

# 5

# 1

# കൃഷി
# ജലസേചനം

## ജലവിഭവങ്ങൾ

മഴയെ ആശ്രയിച്ചുള്ള കാർഷിക സംവിധാനമാണ് പഞ്ചായത്തിൽ നിലവിലുള്ളത്. വർഷത്തിൽ ശരാശരി 3105 മി.ലി മഴ ലഭിക്കുന്നുണ്ട്. ഇത് രണ്ട് ഘട്ടങ്ങളിലായിട്ടാണ് ലഭിക്കുന്നത്. ഒന്ന് ഇടവപ്പാതി സമയത്തും മറ്റൊന്ന് തുലാവർഷത്തിലുമാണ്. ഇങ്ങനെ ലഭിക്കുന്ന വെള്ളത്തിന്റെ എഴുപത്തിയഞ്ച് ശതമാനവും പഞ്ചായത്തിന്റെ മധ്യത്തിലൂടെ ഒഴുകുന്ന കടലുണ്ടി പുഴയിലൂടെ പാഴായി പോകുകയാണ്. ഇതു കാരണം വേനൽക്കാലമായാൽ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും കുടിവെള്ളത്തിനും ജലസേചനത്തിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. മേൽപ്പറഞ്ഞ കടലുണ്ടി പുഴയിലേക്ക് വന്നു ചേരുന്ന ആട്ടീരിതോട്, കല്ലക്കയം തോട്, മുണ്ടൻതോട്, പുത്തൻതോട്, വള്ളിക്കാട്തോട്, കാട്ടുപാടം തോട് മുതലായ നവംബർ മാസത്തോടെ വറ്റിപ്പോകുകയാണ്

കടലുണ്ടി പുഴ പഞ്ചായത്തിലൂടെ അഞ്ചര കിലോമീറ്റർ ദൂരം ഒഴുകുമ്പോൾ, ഇതിലേക്ക് വന്നു ചേരുന്ന തോടുകൾ എട്ടര കിലോമീറ്റർ ദൂരം വരുന്നുണ്ട്. ഇത്രയും ദൂരം മഴവെള്ളം ഒഴുകിപോകുമ്പോൾ അതു തടഞ്ഞുനിർത്തി കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കാൻ പറ്റിയതായ സംവിധാനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലവിലില്ല.

250 ഏക്കർ സ്ഥലത്ത് ഇരിപ്പൂ വിളക്കുവേണ്ടി ഉദേശിച്ച് സ്ഥാപിച്ച കല്ലക്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുഴയിലെ വെള്ളത്തിന്റെ ദൗർലഭ്യം കാരണം ഒരിപ്പു കൃഷിക്കു തന്നെ തികയുന്നില്ല.

150 ഏക്കർ സ്ഥത്തെ നെൽകൃഷി ഉദ്ദേശിച്ചു കൊണ്ടു നിർമിച്ച ആട്ടീരിച്ചിറ മറ്റൊരു ജലസേചന പദ്ധതിയാണ്. ഇതുകൊണ്ട് ഒതുക്കുങ്ങൽ പഞ്ചായത്തിലെ കുറെ കൃഷിസ്ഥലങ്ങൾക്കും പറപ്പൂർ പഞ്ചായത്തിലെ ചുള്ളിക്കാട്, ആമ്പുലശേരി നിലങ്ങൾക്കും ഉപയോഗമുണ്ടായിരുന്നു. എന്നാൽ കാലത്തിന് അനുസരിച്ചുള്ള അറ്റകുറ്റപണികൾ നടത്താത്തതു കാരണ ഈ ചിറകൊണ്ടുള്ള ഉപയോഗം കുറഞ്ഞിരിക്കുകയാണ്. ആട്ടീരിതോടിന്റെ ഉപതോടായ മുണ്ടൻതോടിന് നിർമിച്ച ചിറയും നശിച്ചിരിക്കുകയാണ്. ഈ രണ്ടു ചിറകളെയും ആശ്രയിച്ച് കൃഷിചെയ്തിരുന്ന നെൽകർഷകർ, നെൽകൃഷി ഉപേക്ഷിച്ച് പാടശേഖരങ്ങളിൽ കപ്പകൃഷി ചെയ്യേണ്ട ഗതികേടിൽ എത്തിയിരിക്കുന്നു.

പഞ്ചായത്തിലെ മറ്റൊരു ജലസേചന മാർഗമായ ഏരുമപ്പുഴ കുളം, കുമ്പാരകുളം, അമലപാടം, ചാലി, താഴെക്കാട് കുളം, ചിറയിൻകുളം എന്നിവയും അറ്റകുറ്റപണികൾ നിർവഹിക്കാത്തുകൊണ്ട് കൃഷിക്ക് ഉപയോഗിക്കാൻ കഴിയാതെ വന്നിരിക്കുന്നു. ജലസേചനത്തിനായി ഭൂഗർഭജലം എടുക്കുന്ന സംവി

ധാനങ്ങൾ ഒന്നും പഞ്ചായത്തിലിപ്പോൾ നിലവിലില്ല. ഇതുകാരണം പുഴയോരപ്രദേശങ്ങൾ ഒഴിച്ചുള്ള 80 ശതമാനം സ്ഥലത്തും നാളികേരം, കമുക്, വാഴ എന്നിവയ്ക്ക് ജലസേചനം ലഭിക്കുന്നില്ല. ജൂൺ, ജൂലൈ മാസങ്ങളിൽ ഉണ്ടാകുന്ന അധിവർഷം കാരണം കടലുണ്ടിപുഴ കവിഞ്ഞൊഴുകി താഴ്ന്ന പ്രദേശങ്ങളും വയലുകളും വെള്ളത്തിന് അടിയിൽ ആകുന്നതോടൊപ്പം വീടിനും സ്വത്തിനും വമ്പിച്ച ഭീഷണി നേരിടേണ്ടിയും വരുന്നുണ്ട്.

## നെൽകൃഷി

25 വർഷങ്ങൾക്കു മുമ്പ് പഞ്ചായത്തിലെ 80 ശതമാനം ആളുകളും കാർഷികരംഗത്ത് പ്രവർത്തിച്ചവരായിരുന്നു. ആധുനിക കൃഷിസമ്പ്രദായം നിലവിൽ വന്നിട്ടും പഞ്ചായത്തിലെ കാർഷികരംഗം തകരുകയാണ്. ഇതിനു പ്രധാന കാരണമായി കാണുന്നത് നെൽകൃഷി നഷ്ടമാണെന്നുള്ളതാണ്. ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിൽ നെൽകൃഷി നടത്താൻ പറ്റിയത് 674 ഏക്കർ സ്ഥലത്താണ്. ഇത് പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 18.9 % വരുന്നുണ്ട്. നെൽകൃഷി ലാഭകരമല്ലാതായതിനാൽ വയലുകളിൽ കപ്പയും വാഴയുമാണ് ഇപ്പോൾ കൃഷിചെയ്യുന്നത്. കൃഷിനഷ്ടമാണെങ്കിലും സമീപ പഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 80 ശതമാനം കൃഷിസ്ഥലങ്ങളും ഉപയോഗിക്കുന്നുട്. വയലുകൾ നിരത്തി കരയാക്കുന്ന സമ്പ്രദായം ഈ പഞ്ചായത്തിൽ ഇതുവരെ ആരും സ്വീകരിച്ചു കാണുന്നില്ല് ഇത് കടലുണ്ടി പുഴ കവിഞ്ഞൊഴുകുമ്പോൾ വയലേലകളിൽ വെളളം കയറുന്നതുകൊണ്ടാവാം. ഇപ്പോൾ നെൽകൃഷി ചെയ്യുന്നതു തന്നെ കൂലിവർധനവും ജൈവവള ദൗർലഭ്യവും കീടശല്യവും കാരണം ചുരുങ്ങിക്കൊണ്ടിരിക്കുന്ന ദുഃഖസത്യം പറയാതിരിക്കാൻ നിർവാഹമില്ല.

കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കൃഷിഭവനിൽ നിന്ന് കർഷകനു ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും തക്കസമയത്തു വിതരണം ചെയ്യാൻ കഴിയാതെ വരുന്നത് കർഷകനെ നിരുൽസാഹപ്പെടുത്തുകയാണ്.

പഞ്ചായത്തിലെ പ്രധാന നാണവിളകളായ തെങ്ങ്, കമുക്, വെറ്റില എന്നിവയുടെ കൃഷിക്ക് അനുയോജ്യമായ പ്രദേശം കടലുണ്ടി പുഴയുടെ തീരസമതലങ്ങളാണ്. ഈ പ്രദേശങ്ങൾക്ക് 'മമ്പീതി' എന്നാണ് പറഞ്ഞുവരുന്നത്. ഇവിടെയുള്ള മണ്ണ് ഫലപുഷ്ടിയുള്ളതാണ്. ഈ ഭാഗങ്ങളിൽ മേൽപറഞ്ഞ വിള ഉൽപാദനം ശരാശരിക്കൊപ്പം നിൽക്കുമ്പോൾ മറ്റു പ്രദേശങ്ങളിൽ ഇതിന്റെ നേർ പകുതി മാത്രമേ ലഭിക്കുന്നുള്ളൂ. ഇതിനു കാരണം മണ്ണിന്റെ വളക്കൂറു കുറവും ജലദൗർലഭ്യവുമാണ്. പഞ്ചായത്തിൽ മൊത്തം 1500 ഏക്കർ സ്ഥലത്ത് തെങ്ങുകൃഷി ഉണ്ടായിക്കും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ഒന്നുമില്ല. 20 വർഷത്തിനുള്ളിൽ വെട്ടുപാറകൾ ആയി കിടന്നിരുന്ന സ്ഥലങ്ങളിലെല്ലാം വീടുകൾ നിർമ്മിച്ചപ്പോൾ അതിനോടനുബന്ധിച്ചുള്ള സ്ഥലത്ത് പാറകളിൽ വീതിയുള്ള കുഴികൾ നിർമിച്ച് തെങ്ങിന്റെ തൈകൾ നട്ട് വീട്ടാവശ്യത്തിനുള്ള നാളീകേരം ഉത്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തെങ്ങിനു കണ്ടുവരുന്ന കൂമ്പുചിയൽ രോഗത്തിനു പ്രതിവിധിയൊന്നും ചെയ്തിട്ടില്ല.

പഞ്ചായത്തിൽ ഏതാണ്ട് 600 ഏക്കർ സ്ഥലത്താണ് കമുക് കൃഷി ചെയ്യുന്നത്. അടയ്ക്കായുടെ ഉൽപാദനം ശരാശരിക്കു താഴെയാണ്. ജലസേചന സൗകര്യമില്ലാത്തതാണ് പ്രധാന കാരണം. കമുകിനുള്ള മഞ്ഞളിപ്പു രോഗം കാരണം ധാരാളം വൃക്ഷങ്ങൾ നശിച്ചുകൊണ്ടിരിക്കുന്ന പ്രദേശങ്ങളാണ് കുഴിപ്പുറം, മാട്ടണപ്പാട്, പറപ്പൂർ ഇരിങ്ങല്ലൂർ. ഇതിനു പ്രതിവിധിയായി കൃഷിഭവനിൽ നിന്നോ കാർഷിക സർവലകശാലകയിൽ നിന്നോ കാര്യമായ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. മഹാളി രോഗം പല സ്ഥലങ്ങളിലും അനുഭവപ്പെടുന്നുണ്ട്.

## പറമ്പുകൃഷി

25 വർഷങ്ങൾക്കു മുമ്പ് പഞ്ചായത്തിൽ ഉണ്ടായിരുന്ന പറമ്പുകൃഷിയെപ്പറ്റി ഈ അവസരത്തിൽ സ്മരിക്കുന്നത് നന്നായിരിക്കും. അക്കാലങ്ങളിൽ ഇത്രയേറെ വീടുകൾ പഞ്ചായതിലുണ്ടായിരുന്നില്ല. വൃക്ഷങ്ങൾ ഒന്നുമില്ലാതെ ഒഴിഞ്ഞുകിടന്നിരുന്ന പറമ്പുകളായിരുന്നു അധികഭാഗവും. ഇടവപ്പാതിയിൽ മഴ തുടങ്ങുന്നതോടുകൂടി ഇത്തരം പറമ്പുകളിൽ കന്നുപൂട്ടാനുള്ള കന്നുകളും കർഷകതൊഴിലാളികളും കൃഷിപണി ചെയ്യിക്കുന്നവരും സ്ത്രീകളും ഒരുമിച്ചുകൊണ്ട് ഒരേ കാലയളവിൽ തന്നെ പറമ്പുകളിൽ ഇറക്കുന്ന കൃഷിക്കു ഉത്സവഛായ പകർന്നുകൊണ്ട് ആരംഭം കുറിക്കും. ഇതിനുള്ള മുന്നൊരുക്കങ്ങൾ ഓരോ കണ്ടത്തിന്റെയും ഉടമസ്ഥരും 'മൂപ്പണയ'ത്തിന്നെടുത്തവരും തയ്യാറാക്കിയിരിക്കും. ഇങ്ങനെ കുറഞ്ഞ ദിവസത്തിനുള്ളിൽ പറമ്പുകളിലെല്ലാം വിളകൾ ഇറക്കി കഴിയും. ഇടവപാതിയുടെ ആരംഭത്തിനുള്ള മുന്നറിയിപ്പായിട്ടും കർഷകർക്ക് ആവേശം പകർന്നുകൊണ്ടും അക്കാലത്ത ഒരു പ്രത്യേകതരം 'വിത്തും കൈക്കോട്ടും' എന്നു ഈണത്തിൽ കിളി പാടുന്നതു കേൾക്കാമായിരുന്നു. ഇന്ന് ആ കിളിയും അന്നത്തെ കർഷകന്റെ ആവേശവും അന്യം വന്നു പോയിരിക്കുന്നു.

ഒരു വർഷം ഇഞ്ചികൃഷി ചെയ്താൽ അടുത്ത വർഷം അതിൽ മോടൻ വിതയ്കും മോടൻ നെലു കൊയ്തു കഴിയുന്നതോടൊപ്പം തന്നെ എള്ളെറിയുന്നു. അടുത്ത വർഷം ഇതിൽ ചാമ എന്നു പറയുന്ന ഒരു തരം ധാന്യമായിരിക്കും. പിന്നീട് ഈ പറമ്പ് 'മൂക്കാൻ' ഇടുകയെന്നും പറയും. അതായത് ചാമ കർക്കിടകമാസത്തിൽ തന്നെ വിളവെടുപ്പു തീരുന്നതുകൊണ്ട് അടുത്ത മഴക്കാലം വരെ ഒരു കൃഷിയും ചെയ്യാതെ നിർത്തുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ കാലത്ത് ഇവിടെ കന്നുകാലികൾ മേയുകയും ഫുട്ബോൾ, കാരകളി, പടകളി എന്നിങ്ങനെയുള്ള

കളികൾ നടത്തുന്ന ഒരു മൈതാനമായി മാറുകയും ചെയ്യും. വീണ്ടും അടുത്തവർഷം ഇതുപോലുള്ള കൃഷിരീതി തുടരുകയും ചെയ്തിരുന്നു.

ഇഞ്ചികൃഷിയിൽ ഇടവിളകളായി വെണ്ട, വഴുതിന, മുളക്, ചിരങ്ങ മുതലാ പച്ചക്കറികളും ചേമ്പ്, ചേന, കൊള്ളിക്കിഴങ്ങ്, മഞ്ഞൾ, ഇറച്ചികിഴങ്ങ് മുതലായ കിഴങ്ങു വർഗങ്ങളും കൃഷിചെയ്തിരുന്നു. ഇതിനുപുറമെ പുറയിടങ്ങളിലെല്ലാം പയർ, മത്തൻ, വെള്ളരി എന്നീ പച്ചക്കറികൾ കൃഷിചെയ്യാറുണ്ടായിരുന്നു. ഓണംആകുമ്പോഴേക്കും പച്ചക്കറി വിളവുകൾ എടുക്കാൻ തുടങ്ങുകയും മോടൻ നെല്ല് കൊയ്യുകയും ചെയ്യുന്ന സമയമാവും. എന്നാൽ ഓണത്തിനു മുമ്പുണ്ടായിരുന്ന പട്ടിണിക്കു മാറ്റം വരുത്തിക്കൊണ്ടു ഓണദിവസങ്ങളിൽ സദ്യക്കുള്ള അരിയും പച്ചക്കറികളും സുലഭമായി ലഭിക്കുന്നു. മാവേലി തമ്പുരാന്റെ ഐതിഹ്യം ഈയവസരത്തിൽ സ്മരിക്കുന്നു. മേൽ പറഞ്ഞ കൃഷികളെല്ലാം തന്നെ ജൈവ വളങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ടു കീടനാശിനികളൊന്നും ഉപയോഗിക്കാതെയുമായിരുന്നു ചെയ്തിരുന്നത്. അന്നത്തെ ഭക്ഷണത്തിന്റെ രുചി ഇന്ന് ഓർമ്മയിൽ അയവിറക്കാനേ നിവൃത്തിയുള്ളൂ.

ധാരാളം കർഷകർ വാഴ, വെറ്റില, കശുമാവ്, കുരുമുളക്, കപ്പ മുതലായവ കൊണ്ട് ഉപജീവന തേടുന്നുണ്ട്. എന്നാൽ ഇത്തരം കൃഷികൾ ആരംഭിക്കുന്ന സമയത്ത് ഇവർക്ക് അർഹമായ ആനുകൂല്യങ്ങൾ ഒന്നും തന്നെ കൃഷിഭവനിൽ നിന്നോ മറ്റു സഹകരണ സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കുന്നില്ല. മേൽപറഞ്ഞ വിളകൾക്കൊന്നും തന്നെ വിപണന സൗകര്യമില്ലാത്തതുകൊണ്ട് യഥാർത്ഥ വിലയും ലഭിക്കുന്നില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കൃഷിയിറക്കുന്നതിനുള്ള വായ്പാ സൗകര്യവും ലഭിക്കുന്നില്ല.

1970 മുതൽ ധാരാളം കർഷകർ ഗൾഫിൽ പോയതുകാരണം കാർഷികരംഗം അപ്പാടെ തകർന്നിരിക്കയാണ്. എന്നാൽ ഈ അടുത്തകാലത്ത് ഗൾഫിലെ തൊഴിൽ രംഗത്തുണ്ടായ അനിശ്ചിതത്വം കാരണം അവിടെ നിന്നും ധാരാളം പേർ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഇതുമൂലം നാട്ടിലെ സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ വളരെ മാറ്റങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ഗൾഫ് മേഖലക്ക് ക്ഷീണം വന്നാൽ നമുക്ക് അവലംബിക്കാനുള്ള മാർഗം കാർഷികരംഗം മാത്രമായിരിക്കും. അതിനാൽ ശാസ്ത്രീയ രീതിയിലുള്ള കൃഷി സമ്പ്രദായം കർഷകരെ സംഘടിപ്പിച്ചുകൊണ്ട് എത്രയും വേഗം നടപ്പാക്കാനുള്ള മാർഗങ്ങൾ കണ്ടുപിടിച്ച് കർഷകരുടെ ജീവിതമാർഗം ഉയർത്തികൊണ്ടു വരേണ്ടതാണ്.

## ഭൂവിനിയോഗം

| വിനിയോഗം | വിസ്തീർണം |
|---|---|
| നെല്ല് ഒന്നാംവിള | 7500 കി്‌ -2185 ഹെ |
| നെല്ല് രണ്ടാം വിള | 140 കി്‌ 6.28 ഹെ |
| നെല്ല് മൂന്നാം വിള | 40 കി 50 ഹെ |
| തെങ്ങ് 13920 എണ്ണം | 1420 ഏക്കർ |
| തരിശ് കൃഷിയോഗ്യമായത് | 32.69 ഏക്കർ |
| തരിശ് കൃഷിക്കു പറ്റാത്തത് | 161.22 ഏക്കർ |
| നെല്ല്, പച്ചക്കറി, പയറ് ഇവ | 708 |
| ജലാശയം | 0.61 സെൻറ് |
| കുരുമുളക് | 0.75 സെൻറ് |
| കമുക് | 530 ഏക്കർ |
| കശുമാവ് | 60 ഏക്കർ |
| കപ്പ | 95ഏക്കർ |
| വാഴ | 12 ഏക്കർ |
| എള്ള് | 90 ഏക്കർ |
| ആകെ | 3639 ഏക്കർ |

## ഗ്രാമസഭകളിൽനിന്നും ഉയർന്ന കാർഷിക രംഗത്തുള്ള പ്രശ്നങ്ങൾ

നെൽകൃഷി നഷ്ടമായിക്കൊണ്ടിരിക്കുന്നു. നെൽകൃഷിക്കുള്ള ജലസേചന സൗകര്യം കുറവാണ് പാഠശേഖരങ്ങളിലൊന്നും വൈദ്യുതി ഇല്ല. വയലുകളിലേക്ക് ഗതാഗത സൗകര്യമില്ലാത്തതിനാൽ കൃഷിക്കാവശ്യമായ സാധന സാമഗ്രികൾ എത്തിക്കാൻ കഴിയുന്നില്ല.

ഗതാഗത സൗകര്യമില്ലാത്തത് കാരണം വിളവെടുപ്പു സമയത്ത് അവ വിപണിയിൽ എത്തിക്കാൻ ബുദ്ധിമുട്ടുന്നു. കൂട്ടുകൃഷി സമ്പ്രദായം നിലവിലില്ലാത്തതിനാൽ തുണ്ടുഭൂമികളിലുള്ള കൃഷി നഷ്ടമാവുന്നു. കൃഷിപ്പണിക്ക് പണിക്ക് വിദഗ്ദ്ധരായ ജോലിക്കാരെ കിട്ടാനില്ല. കാലവർഷക്കെടുതിയിൽ നൽകുന്ന സാമ്പത്തിക സഹായം തീരെ അപര്യാപ്തമാണ്. പഞ്ചായത്തിൽ മണ്ണു പരിശോധനക്കുള്ള സൗകര്യങ്ങളില്ല. നാളികേരളത്തിന് വേണ്ടത്ര വില ലഭിക്കുന്നില്ല. തെങ്ങിനുണ്ടാകുന്ന കൂമ്പ് ചീയൽ പോലുള്ള രോഗങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നില്ല. തെങ്ങുകൃഷിക്ക് വേണ്ടത്ര ജലസേചന സൗകര്യമില്ല. സമഗ്ര നാളികേരള വികസന പദ്ധതി പലതും സർക്കാർ തലത്തിൽ ഉണ്ടെങ്കിലും കർഷകന് അവ ആശ്വാസപ്രദമായി ലഭിക്കുന്നില്ല. ഉൽപാദിക്കപ്പെടുന്ന നാളികേരളത്തിനു തന്നെ വിപണന സൗകര്യമില്ല. ഇതു കാരണം ഇടത്തട്ടുകാർ കർഷകരെ ചൂഷണം ചെയ്യുന്നു. കൃഷിഭവൻ മുഖേന നടീൽ വസ്തുക്കൾ വർഷാരംഭത്തിൽ ലഭിക്കുന്നില്ല.

സമഗ്ര നാളികേരള വികസന പദ്ധതി പ്രകാരം കിണർ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും നൽകുന്ന സബ്സിഡി അപര്യാപ്തമാണ്. തെങ്ങുകൾ തമ്മിലുള്ള ഇടയകലം വളരെ കുറവാണ്.

കമുക് കൃഷിക്ക് നേരിട്ടുകൊണ്ടിരിക്കുന്ന മഞ്ഞളിപ്പ് രോഗം മൂലം ധാരാളം കമുകുകൾ വർഷംപ്രതി നശിച്ചുകൊണ്ടിരിക്കുന്നു. മഹാളിരോഗം മൂലം ഉൽപാദനം വള

രെ കുറഞ്ഞുകൊണ്ടിരിക്കുന്നു. വിപണന കേന്ദ്രങ്ങളില്ലാത്തത് മൂലം 100 കി.മി അകലെവരെ പോയി വിൽക്കേണ്ടി വരുന്നതുകൊണ്ട് കർഷകന് നഷ്ടം സംഭവിക്കുന്നു. ശാസ്ത്രീയ രീതിയിൽ തയ്യാറാക്കിയ കമുകിൻ തൈകൾ കൃഷിഭവൻ മുഖേന ഒരിക്കലു യഥാസമയത്ത് ലഭിക്കുന്നില്ല.

വെറ്റിലകൃഷിക്കുണ്ടാകുന്ന മാരകരോഗങ്ങൾക്ക് ശാസ്ത്രീയ പ്രതിവിധികൾ ഒന്നും തന്നെ കർഷകന് മനസിലാക്കി കൊടുക്കുന്നില്ല. കാലവർഷക്കെടുതിമൂലവും രോഗം മൂലവും വാഴകൃഷിക്ക് കിട്ടിവരുന്ന നഷ്ടപരിഹാരതുക വളരെ കുറവാണ്.

വർഷാരംഭത്തിൽ നട്ടുപിടിപ്പിക്കേണ്ടതായ കുരുമുളകിൻ വള്ളികൾ തക്കസമയത്ത് കൃഷിഭവനിൽ നിന്ന് ലഭിക്കുന്നില്ല. കശുമാവിൻകൃഷിക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

കർഷകതൊഴിലാളികളുടെ കൂലി വർധിപ്പിച്ചപ്പോൾ ജോലിയിലുള്ള ആത്മാർത്ഥതയും സമയനിഷ്ടയും കുറഞ്ഞു. കന്നുകാലി വളർത്തൽ വളരെ കുറഞ്ഞത് കാരണം ജൈവവളം വേണ്ടത്ര ലഭിക്കുന്നില്ല. ഗൾഫിലെ മേച്ചിൽപുറങ്ങൾ നാട്ടിലെ കാർഷിക രംഗത്തും തളർച്ചയുണ്ടാക്കി.

പച്ചക്കറികൃഷിക്ക് പ്രധാന ഭീഷണിയായ കീടശല്യം ഒരു വിധത്തിലും പരിഹാരിക്കാൻ സാധിക്കുന്നില്ല.

## പ്രശ്നപരിഹാരങ്ങൾ

പഞ്ചായത്തിലെ മിക്ക വാർഡുകളെയും ബന്ധപ്പെടുത്തി ഒഴുകുന്ന കടലുണ്ടിപ്പുഴയിൽ ഡിസംബർ അവസാനത്തോടെ വെള്ളം വറ്റിപോകുന്നു. ഇതുകാരണം മിക്ക കൃഷിസ്ഥലങ്ങളിലും ജലക്ഷാമം നേരിടുന്നുണ്ട്. കൂടാതെ ശുദ്ധജലക്ഷാമവും അനുഭവപ്പെടുന്നു. കാർഷികരംഗത്ത് ഇതുമൂലം ഭീമമായ നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കുടിവെള്ളം മറ്റു പ്രദേശങ്ങളിൽ നിന്ന് ലോറികളിലും മറ്റു വാഹനങ്ങളിലുമായിട്ടാണ് കൊണ്ടുവരുന്നത്. കടലുണ്ടി പുഴ ആഴംകൂടിയതു കാരണം തീരപ്രദേശങ്ങളിലും സമീപ പ്രദേശങ്ങളിലും ഉള്ള കിണറുകളിലെ ജലനിരപ്പ് പുഴയിലെ വെള്ളത്തിൻെറ നിരപ്പിനനുസരിച്ച് താഴ്ച്ചുകൊണ്ടിരിക്കും. ഇതുകാരണം കാലവർഷം തുടങ്ങുന്നതു വരെ ജലക്ഷാമം അതിരൂക്ഷമായിക്കൊണ്ടിരിക്കും.

പറപ്പൂർ-കോട്ടക്കൽ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതിക്കായി ലോകബാങ്കിൻെറ സഹായത്തോടെ കോടികൾ ചെലവഴിച്ച് വെങ്കുട്ടകടവിൽ പമ്പ് ഹൗസ് പണി പൂർത്തിയാക്കി വെള്ളം പമ്പ് ചെയ്യാൻ തുടങ്ങി. എങ്കിലും പുഴയിൽ വെള്ളം വറ്റുന്നതുകൊണ്ട് ഉദ്ദേശിച്ച ഫലം ജനങ്ങൾക്ക് ലഭിക്കാതായിരിക്കുകയാണ്. അതുപോലെ ഊരകം, വേങ്ങര, കണ്ണമംഗലം, പറപ്പൂർ പഞ്ചായത്തിലെ കടലുണ്ടിപുഴയുടെ വടക്കുഭാഗം എന്നിവിടങ്ങളിലേക്കും ശുദ്ധജലം എത്തിക്കാൻ നിലവിലുള്ള കല്ലക്കയം ശുദ്ധജലപദ്ധതിയും പൂർണമായും സഹായകമല്ല.

1. ഇതിനെല്ലാം ഒരേ ഒരു മാർഗം പുഴയിൽ കൂടി ഒഴുകിപ്പോകുന്ന വെള്ളത്തെ അണകെട്ടി നിർത്തുക എന്നുള്ളത് മാത്രമാണ്. ഇങ്ങിനെ ചെയ്യുന്നപക്ഷം. പറപ്പൂർ പഞ്ചാത്തിനു മാത്രമല്ല മറ്റു പഞ്ചായത്തുകളിലെ സമീപ പ്രദേശങ്ങൾക്കും ഉപയോഗപദമായിരിക്കും. പഞ്ചാത്തിൻെറ പ്രധാനകടവായ കാവിൻമുമ്പിൽ കടവ് എന്ന സ്ഥലത്ത് ഒരു റഗുലേറ്റർകംബ്രിഡ്ജ് സ്ഥാപിച്ചാൽ ഈ പറഞ്ഞ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാവും. ഇതിന് ഗവൺമെൻറിൻെറ മുന്തിയ പരിഗണന ആവശ്യമാണ്.
2. ഇപ്പോൾ നിലവിലുള്ള കല്ലക്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കീഴിൽ വരുന്ന കിഴക്കേപാടം, അമലപ്പാടം, ഇല്ലിപ്പുലാക്കൽ,പള്ളിക്കാട്, പാങ്കുഴി എന്നീ പ്രദേശങ്ങളിലേക്ക് വെള്ളം എത്തിക്കുന്നിന് നിലവിലുള്ള 40 എച്ച്.പി. രണ്ട് മോട്ടോർ മാറ്റി രണ്ട് 70 എച്ച്. പി. മോട്ടോർ ആക്കി ആവശ്യമുള്ള ഭാഗത്തേക്ക് ബ്രാഞ്ച് കനാൽ നിർമിക്കുകയും വേണം.
3. കുറുങ്കളം വയലിൽ കെട്ടിനിൽക്കുന്ന വെള്ളം നിലവിലുള്ള തോട് ആഴം കൂട്ടിക്കൊണ്ടു ഒഴിവാക്കേണ്ടതാണ്.
4. പഞ്ചായത്തിൻെറ 5, 6, 7 വാർഡുകളിലുള്ള ചുള്ളിക്കാട് പാടത്തെ കർഷകർക്ക് നിലവിലുള്ള ആട്ടിരിചിറ, മുണ്ടൻചിറ, എന്നിവയുടെ കേടുപാടുകൾ തീർത്ത് തോടുകളുടെ ഇരുപാർശ്വങ്ങളിലും കൽമതിൽ കെടി ചിറയിൽനിന്ന് കട്ടംകുണ്ട് ഭാഗം വരെ ചെറിയ കനാൽ നിർമിച്ച് എല്ലാ ഭാഗത്തും വെള്ളമെത്തിക്കേണ്ടതാണ്. കൊടുവായിക്കൽ തോടിനു കുറുകെ ബണ്ട് നിർമിക്കുകയും വേണം.
5. മേപാടം തോടിനു ചീർപ്പിടുകയും നീലോടും കാട്ടുപാടം തോടും ബന്ധിപ്പിച്ച് ഇടക്ക് പറപ്പൂർ പാടത്ത് ചീർപ്പിടുകയും വേണം. പുത്തൻ തോടിനും വള്ളിക്കാട് തോടിനും വി.സി.ബി നിർമിക്കേണ്ടതാണ്. പുഞ്ചപ്പാടത്ത് നിന്നും കല്ലക്കയം വരെയുള്ള തോടിന് ഒരു ചിറ നിർമിക്കേണ്ടതുമാണ്.
6. കല്ലക്കയം, ലിഫ്റ്റ് ഇറിഗേഷൻെറ ഭാഗമായ പീനിച്ചി, കൈതക്ക ഭാഗങ്ങളിലേക്ക് ജലസേചനം നടപ്പാക്കുക. കണ്ണാടിക്കൽ തോടിന് കോൺക്രീറ്റ് പാത്തി നിർമിച്ചുകൊണ്ട് ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.
7. കുമൻകല്ലിൽ പ്രവർത്തനരഹിതമായ 15 എച്ച്.പി ഡീസൽ എഞ്ചിൻ മാറ്റി വലിയ മോട്ടോർ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷ പദ്ധതി നടപ്പാക്കുക.

8. കുഴിപ്പുറം കുണ്ടാട്ടിൽ കടവിൽ 15 എച്ച്. പി. മോട്ടോർ സ്ഥാപിച്ച് മാട്ടണപ്പാട് ഭാഗത്ത് വെള്ളമെത്തിക്കുക.

9. ചെവിടിക്കയത്തിൽ പമ്പ്ഹൗസ് സ്ഥാപിച്ച് ഇരിങ്ങല്ലൂർ നിലവിലുള്ള കനാലിലേക്ക് വെള്ളമെത്തിക്കുക. ഇടിച്ചിറ പാടത്ത് പള്ളിക്കയത്തിൽ പമ്പ്ഹൗസ് സ്ഥാപിച്ച് ജലസേചനം നടപ്പാക്കുക.

10. കിഴക്കേ പാടത്തേക്കും പടിഞ്ഞാറേപാടത്തേക്കുമുള്ള തോടുകൾ ആഴം കൂട്ടുക. തൂമ്പത്തുചോല, ലിഫ്റ്റ് ഇറിഗേഷനിൽപ്പെടുത്തി കൃഷിക്ക് ഉപയുക്തമാക്കുക.

11. പഞ്ചായത്തിലെ എല്ലാ പാടശേഖരങ്ങളിലേക്കും സൗജന്യമായി വൈദ്യുതി എത്തിക്കുക.

12. ഇടിയറപാടത്ത് കെട്ടിനിൽക്കുന്ന വെള്ളം ഒഴുകിയിരുന്ന മീൻതോട് ആഴംകൂട്ടുകയും പാർശ്വങ്ങൾ ഭിത്തികെട്ടി സംരക്ഷക്കേണ്ടതുമാണ്. കൂടാതെ ഈ തോടിന്നിടക്ക് ഒരു ബണ്ട് നിർമിക്കേണ്ടതുമാണ്.

13. ചെറയിൽ കുളത്തിൻെറ തകർന്ന ഭിത്തികൾ നന്നാക്കി വഴി നടക്കാൻ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ചിറയൻ കുളത്തിൽ നിന്ന് ഒഴുകിപോകുന്ന വെള്ളം ബണ്ട്കെട്ടി കൃഷിക്ക് ഉപയോഗപ്രദമാക്കുക.

14. വെങ്കട്ടകയത്തിൽ നിന്നുംലിഫ്റ്റ് ഇറിഗേഷൻ വഴി ചുള്ളിക്കാട്, ആമ്പിലശേരി, പറപ്പൂർപാടം എന്നീ പാടങ്ങളിൽ നിലവിലുള്ള ഒരിപ്പൂൽ കൃഷി ഇരിപ്പൂൽ സൗകര്യവും മുപ്പൂൽ സൗകര്യവുമാക്കുക. പഞ്ചായത്തിലെ 5, 6, 7 വാർഡുകളിലെ വയലായ ചുള്ളിക്കാട് വയലിലേക്ക് ട്രാക്ടർ, ചെറിയ വാഹനങ്ങൾ എന്നിവ എത്താനും കൊടവണ്ടൂർ- ചുള്ളിക്കാട് ഊടുവഴി വീതികൂട്ടി കടത്തുവരെ എത്തിച്ച് അവിടെ നിന്നും ചെറിയ തോടിന് പാലം നിർമിച്ച് ഗതാഗയോഗ്യമാക്കാനും നടപടി സ്വീകരിക്കുക. ഇതു നിലവിൽ വന്നാൽ കുഴിപ്പുറം ഭാഗത്തുള്ള വിദ്യാർത്ഥികൾക്കും കർഷകർക്കും സൗകര്യപ്പെടുന്ന വിധത്തിൽ പാലത്തിൽ നിന്നും മുക്കൻകാട് വരെ ചുള്ളിക്കാട് പാടത്തിനു കുറുകെ നടപ്പാത നിർമിക്കേണ്ടതാണ്. പുള്ളാട്ടങ്ങാടിയിൽ നിന്നും പടിഞ്ഞാറെ ഇരിങ്ങൂർ വഴിയിലേക്ക് നിലവിലുള്ള റോഡ് ട്രാക്ടർ ഇറങ്ങത്തക്ക രീതിയിൽ നന്നാക്കേണ്ടതാണ്. കിഴക്കേപാടം, പടിഞ്ഞാറു ഭാഗത്തേക്കു ട്രാക്ടർ ഇറക്കാൻ സൗകരപ്പെടുത്തേണ്ടതുണ്ട്. കൊടഞ്ഞി, പുഞ്ചപ്പാടം ഇടവഴി റോഡാക്കി മാറ്റി ട്രാക്ടർ ഇറങ്ങാൻ സൗകര്യപ്പെടുത്തേണ്ടതാണ്. ചെറയിൽ പാടം- മേപ്പാടം എന്നിവിടങ്ങളിലേക്കും ട്രാക്ടർ ഇറങ്ങാൻ സൗകര്യം ചെയ്യേണ്ടതുണ്ട്.

എടയാട്ട് പറമ്പ് ഇരിങ്ങല്ലൂർ വയലിലേക്ക് ട്രാക്ടർ ഇറങ്ങുന്നതിന് നിലവിലുള്ള ഇടവഴി വീതികൂട്ടി നന്നാക്കേണ്ടതാണ്.

നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ കനാലിൻെറ പാർശ്വഭിത്തികൾ വീതികൂട്ടി ട്രാക്ടർ കൊണ്ടുപോകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. അമലപ്പാടത്തേക്ക് ഉള്ള കിഴാറ്റ് കുന്നത്ത്, അമലപ്പാടം റോഡ് ട്രാക്ടർ ഇറങ്ങുന്നതിന് സൗകര്യപ്പെടുത്തുക.

## കൃഷിഭവൻ

കൃഷിഭവനിൽ മണ്ണു പരിശോധനക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണ്ടതുണ്ട്. കൃഷിനാശം വരുത്തുന്ന കന്നുകാലികളെ നിയന്ത്രിക്കാനുള്ള നിയമം കർശനമായി നടപ്പാക്കേണ്ടതാണ്. കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് പഞ്ചാതുതലതിൽ സംവിധാനം ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിലൂടെ ഒഴുകുന്ന കടലുണ്ടിപ്പുഴയുടെ പാർശ്വങ്ങൾ ഇടിഞ്ഞു ഭീഷണിസൃഷ്ടിക്കുന്നതുകൊണ്ട് അത്തരം ഭാഗങ്ങൾ സൈഡുകെട്ടി ഭദ്രമാക്കേണ്ടതാണ്.

പഞ്ചാത്തിലെ നെൽ വയലുകളിലുള്ള തോടുകളുടെയും ഭിത്തികെട്ടി ഭദ്രമാക്കേണ്ടതാണ്.

കാർഷിക വിളകൾക്കുള്ള ഇൻഷൂറൻസ് എല്ലാ കർഷകർക്കും സൗജന്യമാകേണ്ടതാണ്.

കർഷകരെ ശാസ്ത്രീയകൃഷി രീതി പഠിപ്പിക്കുന്നതിന് കൃഷിവിദഗ്ദ്ധർ കാർഷിക ശിൽപശാലകളും സെമിനാറുകളും സംഘടപ്പിക്കേണ്ടതാണ്. കർഷക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ആവശ്യമായ കാർഷിക ഉപകരണങ്ങൾ (ട്രാക്ടർ, പവർ ട്രില്ലർ മുതലായവ) വാങ്ങുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും വേണ്ട നടപടികൾ പഞ്ചാത്ത് തലത്തിൽ കൈക്കൊള്ളേണ്ടതാണ്. പഞ്ചാത്തിൻെറ സൗകര്യപ്രദമായ പാൽ സംഭരിക്കാനുള്ള സൗകര്യം ഉണ്ടാകേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളൊക്കെ നടപ്പാക്കാൻ വേണ്ടി ഇപ്പോൾ പഞ്ചായത്തിൻെറ കുറച്ച് ഭാഗങ്ങളിൽ നടപ്പാക്കിയ നീർത്തട വികസന പദ്ധതി പൂർണമായും നടപ്പാക്കേണ്ടതാണ്.

കീടനാശനികൾക്കും രാസവളങ്ങൾക്കും 50 ശതമാനം സബ്സിഡി നൽകി കൃഷിഭവൻ മുഖേന വിതരണം ചെയ്യേണ്ടതാണ്.

കൃഷിഭവൻ മുഖേന ഒരു പാടശേഖരത്തിന് ഒരു ട്രാക്ടർ എന്ന തോതിൽ അനുവദിച്ച് ന്യായമായ വാടക ഇനത്തിൽ കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്.

പച്ചക്കറിക്കുള്ള വിത്തുകൾ കൃഷിയിറക്കുന്ന സമയത്തു കൃഷിഭവൻ മുഖേന വിതണം ചെയ്യേണ്ടതാണ്. ജൈവവളങ്ങൾ ഉപയോഗിച്ചും കീടനാശിനിക

ൾ ഉപയോഗിക്കാതെയുമുള്ള പച്ചക്കറി കൃഷി നടത്തുന്നതിന് വേണ്ട പ്രോത്സാഹനം പഞ്ചായത്തിൽ നിന്നും നൽകേണ്ടതാണ്.

റിപ്പോർട്ട് തയ്യാറാക്കിയത്:

*ചെയർമാൻ* — *വൈസ് ചെയർമാൻ*

**എം. അബ്ദുറഹിമാൻഹാജി** — **ടി. ബീരാൻകുട്ടിമാസ്റ്റർ**

***കൺവീനർ***

***ടി.ഇ. കുഞ്ഞിപോക്കർ***

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 3.5 നടീൽ വസ്തു വിതരണം

| ഇനം | | എണ്ണം | |
|---|---|---|---|
| | 1993 - 94 | 94 - 95 | 95 - 96 |
| തെങ്ങ് | 358 തൈ | 432 തൈ | 625 തൈ |
| കശുമാവ് | 200 തൈ | 500 തൈ | 800 തൈ |
| കുരുമുളക് | 200 വള്ളി | 5000 വള്ളി | 8000 വള്ളി |
| കവുങ്ങ് | 166 മംഗള തൈ | 100 മംഗള തൈ | 250 മംഗള തൈ |
| കടല | 110 Kg. | 70 കിറ്റ് | 3 കിറ്റ് |
| നെൽവിത്ത് | 810 Kg. | 330 Kg. | 600 Kg. |
| ചെറുപയർ | 100 Kg. | - | - |
| ജാതി | 85 Kg. | - | - |
| ഉഴുന്ന് | 100 Kg. | - | - |
| മഞ്ഞൾ | 45 Kg. | - | - |
| എള്ള് | 45 Kg. | - | - |
| പയർ വിത്ത് | 20 Kg. | 10 Kg. | - |
| പച്ചക്കറി കിറ്റ് | - | 70 എണ്ണം | 13 |
| ഇഞ്ചി | 45 Kg. | - | - |

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 3.7 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| | | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വീൽ | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിങ്ങ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 185 ഏക്കർ | 2500 | 18500 | 21000 | - | - | 4 | - | - | - |
| 2 | 150 " | 2210 | 16300 | 18510 | - | - | 3 | - | - | - |
| 3 | 110 " | 1790 | 11100 | 12890 | - | - | 5 | - | 4 | - |
| 4 | 114 " | 2005 | 10260 | 12265 | - | - | 6 | - | - | - |
| 5 | 136 " | 2460 | 11700 | 14160 | - | - | 2 | - | - | - |
| 6 | 118 " | 1636 | 10620 | 12256 | - | - | 8 | - | - | - |
| 7 | 130 " | 1930 | 11700 | 13630 | - | - | 12 | 3 | - | - |
| 8 | 103 " | 1570 | 9270 | 10840 | - | - | 3 | - | - | - |
| 9 | 105 " | 1470 | 8360 | 9500 | - | - | 4 | - | - | 1 |
| 10 | 109 " | 1670 | 9810 | 11480 | - | - | 2 | 2 | - | - |
| 11 | 170 | 2864 | 15300 | 18164 | - | - | 1 | - | - | 4 |
| | 1420 | 22105 | 132920 | 154725 | | | 50 | 5 | 4 | 5 |

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 3.8 കാർഷികോപകരണങ്ങൾ

| | ഉഴവുപകരണങ്ങൾ | | | | | മരുന്ന് തെളി ഉപകരണങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | | റോക്സ് പെയർ | താപ്പ് സ്റ്റാക്ക് സ്പെയർ | മെതി യന്ത്രം | | പമ്പ് സെറ്റ് |
| 1 | } 1 | 8 | | | 8 | 1 | - | - | 19 |
| 2 | | 16 | | | 4 | 2 | - | - | 16 |
| 3 | | 7 | | | 2 | 1 | - | - | 14 |
| 4 | | 9 | | | 2 | 4 | - | - | 17 |
| 5 | 1 | 12 | | | 2 | 3 | - | - | 20 |
| 6 | | 14 | | | 4 | 2 | - | - | 12 |
| 7 | | 4 | | | 3 | 1 | - | - | 24 |
| 8 | | 6 | | | 2 | 1 | - | - | 11 |
| 9 | | 10 | | | 1 | 1 | - | - | 22 |
| 10 | | 7 | | | 3 | 2 | - | - | 19 |
| 11 | | 12 | | | 2 | 1 | - | - | 26 |

## അനുബന്ധം – 6

### പറപ്പൂർ ഗ്രാമ പഞ്ചായത്ത്

6.1 പണി പൂർത്തിയായതോ നടന്ന് കൊണ്ടിരിക്കുന്നതോ ആയ ജലസേചനപദ്ധതിയുടെ വിവരങ്ങൾ

| ക്രമത്തിൽ | | | | | | |
|---|---|---|---|---|---|---|
| 1 | കല്ലക്കയം Lift Irrigation പദ്ധതി | 1976 | 1977 | – | – | – |
| 2 | ആട്ടിരിച്ചിറ | 1970 | 1973 | – | – | – |
| 3 | മുണ്ടൻ ചിറ | 1971 | 1972 | – | – | – |

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 3.4 ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതു ജല സേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 6 | 2 | 2 | - | 1 |
| 2 | - | - | - | - | - |
| 3 | 2 | 2 | - | - | - |
| 4 | 4 | 1 | - | - | - |
| 5 | 2 | 1 | - | - | - |
| 6 | - | 2 | - | - | - |
| 7 | 0 | 0 | - | - | - |
| 8 | 1 | 3 | - | - | - |
| 9 | - | 2 | 2 | - | - |
| 10 | - | 1 | - | - | - |
| 11 | 2 | 1 | - | - | - |
| | 18 | 15 | 4 | - | 1 |

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഏക്കറിൽ) | | | ധന സഹായം ലഭിച്ചവർ | വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | ഉരുൾ പൊട്ടൽ | | |
| 1993 - 94 | 4.32 ഏക്കർ | - | - | 15 | 5,040.00 |
| 1993 - 94 | 294.49 | - | - | 788 | 307,162.00 |
| 1993 - 94 | - | - | 3.71 | 13 | 6,45.00 |

# അനുബന്ധം – 3

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

3.1 ഭൂമിസംബന്ധിച്ച വിവരങ്ങൾ (REFഅടിസ്ഥാന വിവരക്കണക്ക്)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 610.82 ഏക്കർ |
| പുരയിടം | 2901.61 '' |
| പുറമ്പോക്ക് | 177.45 '' |
| കൃഷിയോഗ്യമായ തരിശ് | 32.69 '' |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 161.69 '' |
| ആകെ | 3883.79 |

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

3.2 വിള വിസ്തീർണ്ണവും ഉൽപാദനവും (REF.അടിസ്ഥാന വിവരരജിസ്റ്റർ)

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത ഏക്കറിൽ |
|---|---|---|---|
| നെല്ല്(ഒന്നാം വിള) | 610.82 ഏക്കർ | 75000 പറ | 90% |
| നെല്ല്(രണ്ടാം വിള) | 177.95'' | 7500 '' | 80% |
| നെല്ല്(മൂന്നാം വിള) | 32.69 '' | 140 '' | 80% |
| പയർ | 50.17 '' | 40 Kg. | 70% |
| എള്ള് | 90 '' | 5380 Kg. | 80% |
| പച്ചക്കറികൾ | 15 " | 21300 Kg. | 80% |
| തെങ്ങ് | 1420 " | 3500000 എണ്ണം | 50% |
| വാഴ | 10 " | 360 " | 60% |
| മരച്ചീനി | 90 " | 7000 ക്വിന്റൽ | 820% |
| കുരുമുളക് | 50 സെന്റ് | 15 ക്വിന്റൽ | 40% |
| പ്ലാവ് | – | – | |
| കശുമാവ് | 60 ഏക്കർ | 960 ക്വിന്റൽ | 70% |
| മാവ് | – | – | - |
| റബ്ബർ | – | – | |
| കവുങ്ങ് | 530 ഏക്കർ | 4, 8000000 | 80% |

## പറപ്പൂര് ഗ്രാമപഞ്ചായത്ത്

### 3.9 കൈവശ ഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകൻ | ചെറുകിട കർഷകൻ | വൻ കിട കർഷകൻ |
|---|---|---|---|
| | 1993 - 94 | 94 - 95 | 95 - 96 |
| 1 | 420 | 24 | 10 |
| 2 | 390 | 22 | 12 |
| 3 | 467 | 20 | 11 |
| 4 | 478 | 22 | 11 |
| 5 | 490 | 20 | 4 |
| 6 | 478 | 16 | 3 |
| 7 | 490 | 12 | 4 |
| 8 | 380 | 14 | 1 |
| 9 | 476 | 10 | 2 |
| 10 | 490 | 9 | 1 |
| 11 | 493 | 8 | 4 |

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 1.5 ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ (REF:1 വില്ലേജ് ലിത്തോമാപ്പ്)

| നമ്പർ | തോടിന്റെ പേര് | നീളം മീറ്റർ | വീതി (ശരാശരി) ഏക്കർ | സംശയിക്കപ്പെട്ട തോടിന്റെ നീളം | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ചാലി – എരുമപ്പുഴ (ആഴക്കെട്ട്) | 325 | 30 | ഇല്ല | ഇല്ല |
| 2 | അമലപ്പാടം – പുത്തൻ | 1000 | 1.80 | 25 | " |
| 3 | വള്ളിക്കാട് – മത്താമാട് തോട് | 800 | 1.50 | - | - |
| 4 | കുറുങ്കുളം – വള്ളിക്കാട് തോട് | 500 | 1.20 | - | - |
| 5 | എരുമപ്പുഴ – ചാലികൈതോട് | 300 | 1.50 | - | - |
| 6 | കുറങ്കുളം – പുഴതോട് | 500 | 1.20 | - | - |
| 7 | ചെട്ടിയം ചോല – കല്ലക്കയം | 1500 | 4 | - | - |
| 8 | ചോലക്കത്തൊടി – പുഞ്ചപ്പാടം | 100 | 2 | - | - |
| 9 | കട്ടേക്കാട് – പോത്തുകുഴി | 100 | 2 | - | - |
| 10 | കട്ടേക്കാട് – കാഞ്ഞിരം തോട് | 70 | 2 | - | - |
| 11 | അരീക്കുളം – ചേലക്കതൊടി | 50 | 1 | - | - |
| 12 | കള്ളിക്കുണ്ട് – പുല്ലിശ്ശേരിക്കോട് | 200 | 1 | - | - |
| 13 | ആട്ടീരിതോട് | 1500 | 20 | - | - |
| 14 | മുണ്ടം തോട് | 500 | 2 | - | - |
| 15 | കല്ലക്കയം തോട് | 3000 | 6 | 100 | - |
| 16 | ആമ്പിലശ്ശേരി – കൈതോട് | 300 | 1.5 | - | - |
| 17 | നീലിതോട് | 1000 | 2.5 | - | - |
| 18 | ആട്ടീരിചിറ – കട്ടക്കുണ്ട് കനാൽ | 1200 | 1 | - | - |
| 19 | കാട് പാടം തോട് | 500 | 5 | 50 | - |
| | ആകെ | 12845 | 88.9 | 175 | |

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 6.2 നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആഴക്കെട്ട് വിസ്തീർണ്ണം | എസ്റ്റിമേറ്റ് | ലക്ഷ്യം |
|---|---|---|---|---|
| 1 | ആട്ടീരിചിറ നന്നാക്കി ചുള്ളക്കാട് പാടത്ത് ജലസേചനം എത്തിക്കൽ | 150 ഏക്കർ | – | ജലസേചനം |
| 2 | മുണ്ടം ചിറ നന്നാക്കി കുഴിപ്പുറം പാടത്ത് ജലസേചനം എത്തിക്കൽ | 75 ഏക്കർ | – | ജലസേചനം |
| 3 | കല്ലക്കയം Lift Irrigation വിപുലമാക്കൽ | 250 ഏക്കർ | – | ജലസേചനം |
| 4 | ചുള്ളക്കാട് പാടത്തേക്ക് ചുള്ളിക്കക്കാട് ഊടുവഴി നന്നാക്കി ട്രാക്ടർ ഇറങ്ങാൻ സൗകര്യപ്പെടുത്തുക | 150 ഏക്കർ | – | ഗതാഗതം |

## പറപ്പൂർ ഗ്രാമ പഞ്ചായത്ത്

### 1-4 കുളങ്ങളെയും കിണറുകളേയും സംബന്ധിച്ച വിവരങ്ങൾ (REF: A.II.J)

| വാർഡ് | 10 സെന്റിന് താഴെ | 10 -20 | 20 -30 | 30 -40 | 40 -50 | 50 ന് മുകളിൽ | കിണറുകൾ |
|---|---|---|---|---|---|---|---|
| 1 | 10 സെന്റ് (2) | – | 20 സെന്റ് (2) | – | – | – | |
| 2 | – | – | – | – | – | – | |
| 3 | – | – | – | – | – | – | |
| 4 | – | – | – | – | – | – | |
| 5 | – | – | – | – | – | – | |
| 6 | – | – | – | – | – | – | |
| 7 | – | – | – | – | – | – | |
| 8 | – | – | – | – | – | – | |
| 9 | – | – | – | – | – | – | |
| 10 | 10 സെന്റ് (1) | 20 സെന്റ് (1) | – | – | – | – | |
| 11 | – | – | – | – | – | – | |
| | 3 കുളം | 1 | 1 | | | | |

# 5 2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

വേണ്ടത്ര വികസനം എത്തി നോക്കിയിട്ടില്ലാത്ത പറപ്പൂർ പഞ്ചായത്തിലെ നല്ലൊരു പങ്ക് ജനവിഭാഗങ്ങളുടെയും ജീവനോപാധി കാലിവളർത്തലായിരുന്നു . ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു . അതിനുപോൽബലകമായാണ് കാലിവളർത്തൽ സ്വീകരിച്ചത് . കൃഷിക്കാവശ്യമായ വളം, നിലംഉഴൽ എന്നീ മുഖ്യ ആവശ്യങ്ങൾ കാലിവളർത്തലിലൂടെ അവർ നേടിയിരുന്നു . പശു , കാള , പോത്ത്, എരുമ ,ആട് എന്നീ വളർത്തു മൃഗങ്ങളെ വളർത്തിയിരുന്നു .കോഴി ,താറാവ് ,എന്നിവയെയും വളർത്തിയിരുന്നു .

സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ വന്ന മാറ്റം കാലി വളർത്തലിൽ ജനങ്ങൾക്കുള്ള താല്പര്യം കുറയാൻ കാരണമായി .പ്രധാനമായും ജനങ്ങൾ തൊഴിലിനായി ഗൾഫ് രാജ്യങ്ങളെ ആശ്രയിച്ചു തുടങ്ങി. കാലി വളർത്തലിൽ സ്ത്രീകളെ സഹായിക്കാൻ പുരുഷൻമാരുടെ എണ്ണം കുറഞ്ഞത് ഒരു കാരണമാണ് .

വയലുഴവ് നടത്തുന്നതിന് ട്രാക്ടർ പ്രചാരത്തിലായതോടെ ഉഴവുമൃഗങ്ങളുടെ ആവശ്യം കുറവായി . കാലിത്തീറ്റയുടെ വിലവർദ്ധനയും മേച്ചിൽസ്ഥലങ്ങളുടെ അപര്യാപ്തതയും ജനങ്ങളെ ഈ മേഖലയിൽനിന്ന് പിന്തിരിപ്പിക്കുന്നതിന് കാരണമായി .

കാലികൾക്ക് വന്നുപെടുന്ന രോഗങ്ങൾക്ക് വേണ്ടത്ര ചികിത്സ ലഭ്യമാകാറില്ല . പഞ്ചായത്തിൽ ആകെ ഒരു ലൈവ്സ്റ്റോക്ക് സെന്റർ (വേങ്ങര വെറ്ററിനറി സെന്ററിന്റെ കീഴിൽ)മാത്രമാണുള്ളത് .ഈ സെന്ററിൽ നിന്നാകട്ടെ ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനം ലഭ്യമാകുന്നില്ല .

അത്യുൽപാദന ശേഷിയുള്ള കന്നുകാലികളുടെ അഭാവം ഒരു കാരണമാണ് .ഇപ്പോൾ പറപ്പൂർ പഞ്ചായത്തിൽ 25% അത്യുൽപാദനശേഷിയുള്ള കാലികൾമാത്രമാണുള്ളത് .കൂടാതെ ക്ഷീരവിപണനത്തിന് സംഘടിതമായ യാതൊരു സംവിധാനവുമില്ല .പണ്ടു കാലത്ത് നടത്തിയിരുന്ന കാളുപൂട്ട് ഇന്ന് തീരെയില്ലാതായത് കാലിവളർത്തലിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള താല്പര്യമില്ലായ്മക്ക് ഏറ്റവും നല്ല ദൃഷ്ടാന്തമാണ് . ഇന്ന് മുഖ്യ ജീവനോപാധിയേക്കാൾ പാലിനും വളത്തിനും വേണ്ടിമാത്രമാണ് കാലികളെ വളർത്തുന്നത് വളരെ ചുരുക്കം പേർ മാത്രമേ മുഖ്യജീവനോപാധിയായി കാലിവളർത്തൽ സ്വീകരിച്ചിട്ടുള്ളു എന്ന് പട്ടിക –1 പരിശോധിച്ചാൽ മനസ്സിലാകും

കോഴി ,താറാവ് എന്നിവയാണ് പ്രധാന വളർത്തു പക്ഷികൾ .നാടൻ കോഴികളെ മാത്രമാണ് ഇന്ന് വീടുകളിൽ വളർത്തുന്നത് . ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തലുകൾ ഈ പഞ്ചായത്തിൽ എവിടെയും ഇല്ല . കോഴിവസന്ത പോലെയുള്ള പകർച്ചവ്യാധികൾ തടയാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ ജനങ്ങൾക്ക് ലഭ്യമല്ല . വളർത്തുപക്ഷികളിൽ ജനങ്ങൾക്കുള്ള വൈമുഖ്യം പട്ടിക –2 പരിശോധിച്ചാൽ മനസ്സിലാകും .

### പ്രധാന പ്രശ്നങ്ങൾ

1 മൃഗചികിത്സാ സൗകര്യത്തിന്റെ അപര്യാപ്തത

2 കാലിത്തീറ്റയുടെ വിലവർദ്ധന

3 അത്യുൽപാദനശേഷിയുള്ള പശുക്കളുടെ ദൗർലഭ്യം

4 കോഴിവസന്ത തടയാനുള്ള ഫലപ്രദമായ നടപടികളില്ല .

5 .കാലിവളർത്തലിനായി സാമ്പത്തിക സഹായം ലഭിക്കുന്നില്ല .

6 ക്ഷീരവിപണിനത്തിന് ഫലപ്രദമായ സംവിധാനമില്ല .

7. മേച്ചിൽ സ്ഥലങ്ങളുടെ അപര്യാപ്ത ,മികച്ചയിനം പുൽവിത്തുകളുടെ ലഭ്യതക്കുറവ് .

### സാധ്യതകൾ

1 പറപ്പൂർ പഞ്ചായത്തിൽ ക്ഷീരവ്യവസായ സഹകരണ സംഘം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ് .ആവശ്യാനുസരണം സംഭരണകേന്ദ്രങ്ങൾ മറ്റു സ്ഥലങ്ങളിലും ആരംഭിക്കുക .പാൽ മിച്ചം വരികയാണെങ്കിൽ പാലുൽപ്പന്നങ്ങൾ ഈ സംഘം വഴി വിപണനം നടത്താം .

2 കാലിത്തീറ്റയും തീറ്റപ്പുൽ കൃഷിക്കുള്ള വിത്തും വളവും സൗജന്യനിരക്കിൽ സഹകരണ സംഘം വഴി വിതരണം ചെയ്യുക .

3. പറപ്പൂർ പഞ്ചായത്തിലുള്ള ലൈവ്സ്റ്റോക്ക് സെന്റർ വെറ്ററിനറി ആശുപത്രിയാക്കുകയും അതിന്റെ മൂന്ന് സബ്സെന്ററുകൾ പഞ്ചായത്തിന്റെ ഭൂമിശാസ്ത്ര മനുസരിച്ച് മൂന്ന് സ്ഥലങ്ങളിൽ ആരംഭിക്കകയും വേണം.

4. ഇറച്ചിക്കോഴി വളർത്ത്ൽ പ്രോത്സാഹിപ്പി ക്കുന്നതിനും കോഴിക്കുഞ്ഞുൽപ്പാദനകേന്ദ്രം സ്ഥാപി ക്കുന്നതിനും വേണ്ടത്ര സാമ്പത്തിക സഹായവും ബോധവൽക്കരണവും സഹകരണാടിസ്ഥാനത്തിൽ നടത്തുക.

5. കോഴി വസന്ത രോഗത്തിനെതിരെയുള്ള പ്രതി രോധകുത്തിവെയ്പ്പ് വാർഡുകൾ തോറും സംഘടി പ്പിക്കുക.

6. കുറഞ്ഞ വിലയ്ക്ക് കോഴിത്തീറ്റ ലഭ്യമാക്കു ന്നതിനും കോഴികളെ വിപണനം നടത്തുന്നതിനും സഹകരണസംഘം മുൻകൈഎടുക്കുക.

7. ജലാശയ സൗകര്യങ്ങൾ ഉള്ളിടത്ത് താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക.

8. മുയൽ വളർത്തുന്നതിന് പ്രോത്സാഹനം നൽകുക.

9. അത്യുൽപാദനശേഷിയുള്ള പശുക്കളെ വാങ്ങുന്നതിനും വളർത്തുന്നതിനും സഹകരണസം ഘങ്ങൾ വഴി ഉദാരമായ വായ്പാസംവിധാനം ഏർപ്പെ ടുത്തുക.

10. ഏറ്റവും മികച്ച ക്ഷീരോൽപാദകനെ കണ്ടെത്തി പ്രോത്സാഹനസമ്മാനം നൽകുകയും ക്ഷീരവികസന സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

**മത്സ്യബന്ധനം**

പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഒഴുകുന്ന തോടുകളും 8 1/2 (എട്ടര) കിലോമീറ്ററോളം ദൂരെ പഞ്ചായത്തിലൂടെ ഒഴുകുന്ന കടലുണ്ടിപ്പുഴയുമാണ് പഞ്ചായത്തിന്റെ ഉപരിതല ജലസ്രോതസ്സുകൾ. മത്സ്യ ബന്ധനം ജീവനോപാധിയായി സ്വീകരിച്ച ഒരാളും ഈ പഞ്ചായത്തിലില്ല. സ്വന്തം ഭക്ഷ്യാവശ്യത്തിനും വെറും ഒരു ഹോബിയായും മാത്രമെ മത്സ്യബന്ധ നത്തെ ഈ പഞ്ചായത്തിലെ ജനങ്ങൾ കാണുന്നുള്ളു.

**നിർദ്ദേശങ്ങൾ**

1. നിലവിലുള്ള ലൈവ്സ്റ്റോക്ക് സെന്റർ ആശു പത്രിയാക്കി ഉയർത്തുക.

2. അത്യുൽപാദനശേഷിയുള്ള പശുക്കളെയും ആടുകളെയും എരുമകളെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള താൽപര്യമുള്ളവർക്ക് സൗജന്യമായി വിതരണം ചെയ്യുക.

3. താൽപര്യമുള്ളവർക്ക് കോഴി വളർത്തലിന്ന് പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുത്തിക്കൊ ടുക്കുക.

4. എരുമക്കുളത്തിൽ മത്സ്യകൃഷിക്ക് സാധ്യത യുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

5. കുഴിപ്പുറത്ത് തൂക്കുളത്തിൽ ചെമ്മീൻ കൃഷി നടത്തുക.

❖

തയ്യാറാക്കിയത്
ചെയർപേഴ്സൺ : സി. മാലതി
കൺവീനർ : പി. കെ. അലവി

## അനുബന്ധം – 4 പറപ്പൂര് ഗ്രാമപഞ്ചായത്ത് 4.1 വളർത്തുമൃഗ സംഖ്യ

| | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | - | 5 | - | 2 | 70 | 20 | 16 | 1 | 3 | 2 | 6 | 115 | - | - |
| II | 1 | 15 | 3 | - | 50 | 40 | 12 | 5 | 2 | - | 8 | 228 | | |
| III | 3 | - | - | - | 60 | 30 | 7 | 10 | 3 | 1 | 6 | 175 | | |
| IV | | | | 3 | 65 | 25 | 11 | 6 | - | 2 | 9 | 160 | | |
| V | | 10 | 4 | | 75 | 15 | 13 | 4 | 5 | 3 | 4 | 245 | | |
| VI | 2 | 2 | | | 55 | 35 | 16 | 2 | | | 8 | 350 | | |
| VII | | 25 | | 7 | 47 | 50 | 10 | 7 | 1 | 1 | 7 | 411 | | |
| VIII | | 3 | 2 | | 62 | 25 | 14 | 3 | | | 8 | 265 | | |
| IX | | 7 | | | 83 | 11 | 9 | 11 | 5 | | 2 | 167 | 4 | |
| X | | 15 | | 11 | 60 | 23 | 14 | 4 | | 2 | 4 | 208 | 3 | |
| XI | 3 | 16 | | | 40 | 35 | 11 | 6 | 7 | 3 | 10 | 305 | 2 | |
| Total | 6 | 98 | 9 | 23 | 667 | 309 | 133 | 59 | 26 | 14 | 72 | 2629 | 9 | |

## അനുബന്ധം – 4 പറപ്പൂർ ഗ്രാമപഞ്ചായത്ത് 4.3 രോഗവിവരങ്ങൾ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | മറ്റുള്ളവ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 170 | 1300 | 205 | 10 | 15 | 44 |
| II | 280 | 1200 | 180 | - | - | 114 |
| III | 150 | 1125 | 300 | 25 | 140 | 4 |
| IV | 344 | 1700 | 150 | - | - | 50 |
| V | 300 | 744 | 175 | 175 | 200 | 150 |
| VI | 650 | 825 | 69 | 125 | 25 | 50 |
| VII | 340 | 1025 | 125 | 25 | 150 | 79 |
| VIIII | 475 | 1015 | 25 | 25 | 50 | 54 |
| IX | 258 | 1286 | 130 | - | - | 70 |
| X | 325 | 1125 | 165 | 60 | 29 | 60 |
| XI | 165 | 1210 | 169 | 50 | 25 | 125 |

## പറപ്പൂർ 4 ഗ്രാമപഞ്ചായത്ത് 4.5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം | ആകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 148 | 11 | - |
| കിടാരി | 40 | 4 | - |
| എരുമ | 112 | 2 | - |

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | ദഹനസംബന്ധമായവ<br>Digestive Disorders | 222 | 25 | 75 | | | | | | |
| 2 | ശ്വാസകോശ സംബന്ധം<br>Respiratory Diseases | 23 | | 13 | | | | | | |
| 3 | ഉപാപചയസംബന്ധം<br>Metabolic Diseases | | | | | | | | | |
| 4 | ത്വക് രോഗങ്ങൾ<br>Skin Diseases | 11 | | 7 | | | | | | |
| 5 | ധാതു ലവണങ്ങളുടെ അഭാവം<br>Deficiency Diseases | 48 | | 17 | | | | | | |
| 6 | പരാദ രോഗങ്ങൾ<br>Pirasitic Diseases | 15 | | | | | | | | |
| 7 | പ്രത്യുത്പാദന വ്യസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological Disorders | 31 | | | | | | | | |
| 8 | വന്ധ്യത<br>Infertility | 5 | | | | | | | | |
| 9 | അകിടു വീക്കം<br>Mastitis | 45 | | 15 | | | | | | |
| 10 | മുടന്തൻ പനി<br>Ephemeral Fever | 115 | | | | | | | | |
| 11 | പകർച്ച വ്യാധികൾ<br>Contagion Diseases | | | | | | | | | |

# 5.3

# വിദ്യാഭ്യാസം

ചരിത്ര പരമായ കാരണങ്ങളാൽ മലബാറിലെ മുസ്ലീംങ്ങൾ പ്രത്യേകിച്ചും വിദ്യാഭ്യാസത്തോട് വിമുഖത പ്രകടിപ്പിച്ച ഒരു കാലഘട്ടമായിരുന്നു ഈ നൂറ്റാണ്ടിന്റെ ആദ്യപാദം .തൻമൂലം ഒട്ടേറെ പിന്നോക്കാവസ്ഥയിലേക്ക് നാം തള്ളപ്പെട്ടു . ഇന്നത്തെ സ്കൂളുകളുടെ ആദ്യരൂപം ഓത്ത് പള്ളികളും എഴുത്തു പള്ളികളുമായിരുന്നു .ഇവ പിന്നീട് ഭൗതിക വിദ്യാഭ്യാസം കൂടി നൽകാനുള്ള സംവിധാനത്തോടെ സ്കൂളുകളായി മാറി.

1901ൽ കൊളക്കാട്ടിൽ കുഞ്ഞാനുമൊല്ല സ്ഥാപിച്ച പറപ്പൂർ വെസ്റ്റ് എ എം എൽ പി . സ്കൂൾ 1916ൽ വളപ്പിൽ അഹമ്മദ് മുസ്ല്യാർ സ്ഥാപിച്ച ഈസ്റ്റ് A.M.L.P സ്കൂളുമാണ് ഈ പഞ്ചായത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന് തുടക്കമിട്ടത് . വിദ്യാഭ്യാസപരമായി മുന്നണിയിലേക്ക് വരാനും ഏറ്റവും അധികം അധ്യാപകരുള്ള പ്രദേശം എന്ന സ്ഥാനം പറപ്പൂരിന് ലഭിക്കാനും പ്രചോദനം നൽകിയത് വളപ്പിൽ അഹമ്മദ് മുസ്ലിയാർ ആയിരുന്നു .

തുടർന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി A.L P. സ്കൂൾ ഇരിങ്ങല്ലൂർ (1918) ,A M.L. Pസ്കൂൾ ഇരിങ്ങല്ലൂർ (1922), A.M.L.Pസ്കൂൾ കുറ്റിത്തറമ്മൽ (1923), G.M.L.P. സ്കൂൾ ഇരിങ്ങല്ലൂർ (1924), A.M.L.P സ്കൂൾ ഇരിങ്ങല്ലൂർ ഈസ്റ്റ് (1925),A M L.Pസ്കൂൾ പറപ്പൂർ-ഇരിങ്ങല്ലൂർ (1926), A.M.L.P സ്കൂൾ പറപ്പൂർ വെസ്റ്റ് ന്യൂ (1932), എന്നിവ സ്ഥാപിതമായി . ജ്യോതിഷപണ്ഡിതനായ നാരായണൻ എഴുത്തച്ഛൻ ,സി .മൊയ്തീൻ മൊല്ല, A.K. മുഹമ്മദ് കുട്ടി മൊല്ല , വള്ളിൽ കുഞ്ഞലവി മുസ്ലിയാർ തുടങ്ങിയവരാണ് ആദ്യകാലം സ്കൂളുകൾ സ്ഥാപിച്ചവരിൽ പ്രമുഖർ .

1930 കളുടെ ആരംഭത്തിൽ പഞ്ചായത്തുകളുടെ വിവിധ ഭാഗങ്ങളിലായി നിലവിൽ വന്ന കണ്ണച്ചനാൽ, തെക്കേകൊളമ്പ് ,ഇല്ലിപുലാക്കൽ ,വെട്ടം ,കുറ്റിത്തറ എന്നിവടങ്ങളിലെ ഗേൾസ് സ്കൂളുകൾ കുട്ടികളുടെ കുറവു കാരണം പിന്നീട് നിർത്തലാക്കി .വെട്ടം പ്രദേശത്ത് പിന്നീട് സിങ്കിൾ ടീച്ചർ സ്കൂൾ നിലവിൽ വന്നെങ്കിലും അതും നിർത്തലാക്കേണ്ടി വന്നു .

ഏകാധ്യാപകസ്കൂളായിരുന്ന ഇന്നെത്തെ ചോലക്കുണ്ട G .U. Pസ്കൂൾ 1957 ൽ എൽ പിയായി . 1981 ൽ യു പി യായും ഉയർത്തി . പഞ്ചായത്തിലെ ആദ്യ U.P സ്കൂളായ പറപ്പൂർ A.U.Pസ്കൂൾ 1968 ലും പഞ്ചായത്തിലെ ആദ്യ ഹൈസ്കൂളായ IU ഹൈസ്കൂൾ 1976 ലും മുണ്ടോത്തു പറമ്പ് G U Pസ്കൂൾ 1974 ലും തെക്കെകൊളമ്പ് T.T.K.M. A.L.P സ്കൂൾ 1976 ലും ഏക അൺഎയിഡഡ് സ്കൂളായ ഫാറൂക്ക് ഇംഗ്ലീഷ് മീഡിയം സ്കൂൾ 1982 ലും സ്ഥാപിതമായി .

1970 കളിലാണ് പ്രൈമറിമേഖലകളിൽ ഒതുങ്ങിക്കിടന്നിരുന്ന വിദ്യാഭ്യാസമേഖല അപ്പർ പ്രൈമറി, ഹൈസ്കൂൾ മേഖലകളിലേക്ക് മുന്നേറിയത് . പഞ്ചായത്തിൽ ഇന്നു ചെറുതും വലുതുമായ 15 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട് .ഇതിൽ 3 എണ്ണം ഗവൺമെന്റ് മേഖലയിലും 11 എണ്ണം സ്വകാര്യമേഖലയിലും 1 സർക്കാറിൽ നിന്നും ധനസഹായമില്ലാത്ത അംഗീകൃതസ്ഥാപനവുമാണ് .

**പട്ടിക –1 A കാണുക**

പഞ്ചായത്തിലെ നല്ലൊരു വിഭാഗം കുട്ടികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി തൊട്ടടുത്ത പഞ്ചായത്തുകളിലെ സ്കൂളുകളെ ആശ്രയിക്കുന്നുണ്ട് .പഞ്ചായത്തിൽ ലോവർ പ്രൈമറി വിഭാഗത്തിൽ 3652 ഉം അപ്പർ പ്രൈമറി വിഭാഗത്തിൽ 3466 ഉം ഹൈസ്കൂൾ വിഭാഗത്തിൽ 2377 ഉം കുട്ടികൾ അടക്കം മൊത്തം 9495 കുട്ടികൾ ഇപ്പോൾ പഠിക്കുന്നുണ്ട് . 285 അദ്ധ്യാപകരും 16 അദ്ധ്യാപകേതര ജീവനക്കാരും സേവനമനുഷ്ഠിക്കുന്നു . അദ്ധ്യാപകരിൽ കൂടുതലും പുരുഷൻമാരാണ് .147പേർ . തദ്ദേശിയർ 70 പേരാണ് .

വിദ്യാർത്ഥികളിൽ 48-13% പെൺകുട്ടികളും 183 % ജാതിക്കാരുമാണ് .

**പട്ടിക 1B പട്ടിക 1 C കാണുക**

പട്ടികജാതി വിദ്യാർത്ഥികൾ ലംപ്സംഗ്രാന്റ് 169 പേർക്കും മെറിറ്റ് സ്കോളർഷിപ്പ് 10 പേർക്കും മുസ്ലിം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് 996 പേർക്കും വികലാംഗർക്കുള്ള അലവൻസ് 33 കുട്ടികൾക്കും , LSS, USS സ്കോളർഷിപ്പ് 9 പേർക്കും ഈ വർഷം അനുവദിച്ചിട്ടുണ്ട് . വിവിധ മത്സരങ്ങളിൽ പഞ്ചായത്തിലെ 14 വിദ്യാർത്ഥികൾ കഴിഞ്ഞവർഷം ജില്ലാതലത്തിൽ വിജയികളായിട്ടുണ്ട് .

പഞ്ചായത്തിലെ ഭൂരിഭാഗം രക്ഷിതാക്കളും കുട്ടികളെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് അയക്കുന്നു .എന്നാൽ ചെറിയ ശതമാനം രക്ഷിതാക്കൾ പഞ്ചായത്തിലും പുറത്തുമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ അയക്കുന്നുണ്ട് . ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാ

ഭ്യാസ സ്ഥാപനങ്ങളോ ഇല്ലാത്തത് കാരണം ഉന്നത വിദ്യാഭ്യാസത്തിനായി മലപ്പുറം ഗവ.കോളേജ്, തിരൂരങ്ങാടി PS M. O .കോളേജ് സമീപപ്രദേശങ്ങളിലുള്ള മറ്റു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസത്തിന് പ്രധാനമായും സമീപ പ്രദേശങ്ങളിലെ അംഗീകാരമില്ലാത്ത സ്വകാര്യ സ്ഥാപനങ്ങളിലും പോകുന്നു.

SSLC വിജയിക്കുന്ന കുട്ടികളിൽ ഭൂരിഭാഗത്തിനും മാർക്ക് കുറവായതിനാൽ അംഗീകൃത കോളേജുകളിൽ വളരെ കുറച്ച് കുട്ടികൾക്കേ അഡ്മിഷൻ ലഭിക്കുന്നുള്ളു. ശേഷിച്ച കുട്ടികൾ വേങ്ങര, കോട്ടയ്ക്കൽ, മലപ്പുറം, തിരൂരങ്ങാടി എന്നീ സ്ഥലങ്ങളിലെ സഹകരണ-പാരലൽ കോളേജുകളെ ആശ്രയിക്കുന്നു. പാരലൽ കോളേജുകൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള സ്ഥാപനങ്ങളും ഇവിടെ കുറവാണ്. ഒരു ടൈപ്പ് റൈറ്റിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ഒഴികെ മറ്റ് സാങ്കേതിക തൊഴിൽ പരീശീലന സ്ഥാപനങ്ങളൊന്നും തന്നെ ഇവിടെയില്ല.

ഫാറൂഖ് ഇംഗ്ലീഷ് മീഡിയത്തോടനുബന്ധിച്ചുള്ള നഴ്സറി വിഭാഗത്തിൽ 240 കുട്ടികൾ പഠിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 16 അംഗൻ വാടികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 5 വയസ്സിൽ താഴയുള്ള 150ഓളം കുട്ടികൾ പഞ്ചായത്തിന് പുറത്തുള്ള ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെയുള്ള മറ്റു സ്വകാര്യസ്ഥാപനങ്ങളിൽ പഠിക്കുന്നു. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായുള്ള വിദ്യാലയങ്ങൾ ഒന്നും തന്നെ ഇവിടെയില്ല.

മതഭൗതിക വിദ്യാഭ്യാസത്തിന് തുല്യപ്രാധാന്യം നൽകിക്കൊണ്ട് പറപ്പൂരിലെ വിദ്യാഭ്യാസമുന്നേറ്റത്തിന് നേതൃത്വം നൽകുന്ന തർബിയത്തുൽ ഇസ്ലാം സംഘത്തിന്റെ കീഴിൽ ഹൈസ്കൂൾ യു.പിസ്കൂൾ എന്നിവയ്ക്കു പുറമെ 4 മദ്രസകൾ കൂടി പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ മൊത്തം 27 മദ്രസകൾ കൂടി പ്രവർത്തിക്കുന്നുണ്ട്. കുഞ്ഞീൻ മുസ്ല്യാർ സ്മാരക ട്രസ്റ്റിന്റെ കീഴിലുള്ള സെക്കന്ററി മദ്രസ്സയിൽ സ്കൂൾ സിലബസ് കൂടി പഠിപ്പിക്കുന്നുണ്ട്.

പറപ്പൂർ ഇസ്ലാമിക് കോളേജ് ആന്റ് ഓർഫനേജിൽ 5 മുതൽ 10 വരെ ക്ലാസുകളിലായി 471 കുട്ടികൾ പഠനം നടത്തി വരുന്നു. ഇവിടെ നിന്ന് പ്രൈവറ്റായി SSLC പരീക്ഷക്കിരുത്തുന്ന എല്ലാ കുട്ടികളും വിജയിക്കാറുണ്ട്. ഈ വർഷം മുതൽ പ്രീ ഡിഗ്രിക്ക് ക്ലാസും ആരംഭിച്ചിട്ടുണ്ട്. മദ്രസകൾ എല്ലാം തന്നെ സ്കൂൾ സമയവുമായി പൊരുത്തപ്പെടുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്.

പറപ്പൂർ IU ഹൈസ്കൂളിലെ S.S.L.C വിജയ ശതമാനം ഈ ജില്ലയിലെ മറ്റു പൊതു വിദ്യാലയങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്

ഗ്രാഫ് V പട്ടിക V IA എന്നിവ കാണുക

എന്നാൽ പഞ്ചായത്തിലെ 1,2,3, വാർഡുകളിലെ ഭൂരിഭാഗം കുട്ടികളും പഠിക്കുന്ന വേങ്ങര ഗേൾസ് ഹൈസ്കൂൾ, ജി എച്ച് എസ്. വേങ്ങര 5,6, വാർഡുകളിലെ ഒരു വിഭാഗം കുട്ടികൾ പഠിക്കുന്ന ജി എച്ച് എസ്. ഒതുക്കുങ്ങൽ, എന്നിവിടങ്ങളിലെ S.S.L.C. വിജയശതമാനം താഴ്ന്നതാണ്.

പറപ്പൂർ 14 ഹൈസ്കൂളിൽ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി 10-ാം ക്ലാസിലെ കുട്ടികൾക്ക് വൈകിയിട്ട് 4.45 വരെ സ്കൂളിൽ ഇരുന്ന് ഹോംവർക്ക് ചെയ്യുന്നതിനും ഈവനിങ് സ്റ്റഡി നടത്തുന്നതിനും പ്രത്യേകം സംവിധാനം ഉണ്ട്.

അക്ഷരങ്ങൾ മുഴുവൻ അറിയാത്തതും ചതുഷ്ക്രിയകൾ ഉറക്കാത്തതുമായ കുട്ടികൾക്ക് പ്രത്യേകം കോച്ചിങ്ങ് കൊടുക്കുന്നുണ്ട്. 1976ൽ 96 കുട്ടികളുമായി ആരംഭിച്ച ഈ വിദ്യാലയത്തിൽ ഇന്ന് 2291 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 1982ൽ ജില്ലയിൽ ഏറ്റവും നല്ല വിദ്യാലയത്തിനുള്ള സംസ്ഥാന സർക്കാറിന്റെ ചാക്കീരി ട്രോഫി ലഭിക്കുകയുണ്ടായി. പഞ്ചായത്തിലെ അദ്ധ്യാപകരിൽ ഐ യു. (IU) ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. പി. അവറു മാസ്റ്റർക്ക് 1990ൽ സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്. സ്കൂളിന്റെ ആരംഭം മുതൽ ഇന്നെവരെ അദ്ധ്യാപകരുടേയോ വിദ്യാർത്ഥികളുടേയോ സമരം മൂലം ഒറ്റ പ്രവൃത്തിദിവസം പോലും നഷ്ടപ്പെട്ടിട്ടില്ല. മാത്രമല്ല ഈ പഞ്ചായത്തിലെ ഒരു സ്കൂളിലും വിദ്യാർത്ഥി സമരം ഉണ്ടായിട്ടില്ല.

ഫാറൂഖ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കഴിഞ്ഞ വർഷം SSLC പരീക്ഷക്കിരുന്ന ഒൻപത് കുട്ടികളും ഫസ്റ്റ് ക്ലാസോടെ വിജയിച്ചിട്ടുണ്ട്.

പഞ്ചായത്തിന് പുറത്തു നിന്നും വരുന്ന കുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിലുള്ള രണ്ട് സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇരുന്നൂറിലധികം കുട്ടികൾ ഇവിടെ താമസിച്ചു പഠിക്കുന്നു.

ഉന്നതവിദ്യാഭ്യാസരംഗത്തും സാങ്കേതിക രംഗത്തും ഉന്നതിയിലെത്തിപ്പെടുന്നവർ ഈ പഞ്ചായത്തിൽ വളരെ തുച്ഛമാണ്. ഉയർന്ന വിദ്യാഭ്യാസം ലഭിക്കുന്നവരിൽ ഭൂരിഭാഗവും പെട്ടന്ന് ജോലി സാധ്യതയുള്ള ബി എഡ്. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിലാണ് ആകർഷിക്കപ്പെടുന്നത്. ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥികളെ പ്രതികൂലമായാണ് ബാധിച്ചിട്ടുള്ളത്. രക്ഷിതാക്കൾ സ്ഥലത്തില്ലാത്തതും പണം കൈകാര്യം ചെയ്യാൻ കുട്ടികൾക്കവസരം ലഭിച്ചതും ടെലിവിഷൻ മാധ്യമങ്ങളുടെ ദുസ്വാധീനവും ഈ രംഗത്തെ നിലവാരത്തകർച്ചയ്ക്കും ഇടക്കുള്ള കൊഴിഞ്ഞു പോക്കിനു പ്രധാനകാരണമായി. പഠിച്ച് ഉന്നതിയിലെത്തണമെന്ന മോഹത്തിനു പകരം എങ്ങനെയെങ്കിലും വിസ സംഘടിപ്പിച്ച് ഗൾഫിലെത്തെണമെന്നചിന്തയാണ് മിക്കരക്ഷിതാക്കളേയും കുട്ടികളെയും നയിക്കുന്നത്. തൻമൂലം ഉന്നത പഠനത്തിനുള്ള അവസരങ്ങളൊന്നും തന്നെ ഉപയോഗപ്പെടുത്തുന്നില്ല. പെൺകുട്ടികളെ പത്താം തരം വരെ പഠിപ്പിക്കുക എന്ന ലക്ഷ്യമാണ് ഭൂരിഭാഗം രക്ഷിതാക്കൾക്കുമുള്ളത്. അതു കാരണം പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസരംഗത്ത് പിൻതള്ള

പ്പെടുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നു .

സാക്ഷരതയുടെ കാര്യത്തിൽ പഞ്ചായത്ത് വളരെ മുൻപന്തിയിലാണ് .60- വയസ്സിൽ താഴെയുള്ള നിരക്ഷരരുടെ എണ്ണം വളരെ കുറവാണ് .നവസാക്ഷരരായ ആളുകൾ തുടർ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതകൊണ്ട് നിരക്ഷരതയുടെ ഭീകരതയിലേക്ക് വഴുതി വീണുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് ഇപ്പോഴുള്ളത് .

പ്രൈമറി വിദ്യാലയങ്ങളിൽ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായുള്ള ഡി പി ഇ പി . പദ്ധതി 1994മുതൽ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നു . എന്നാൽ എം .എൽ .എൽ .പദ്ധതി പഞ്ചായത്തിലെ ഒരു സ്കൂളിലും ഇതുവരെ നടപ്പാക്കിയിട്ടില്ല . പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനും സ്കൂൾ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള ഗ്രാന്റ് കഴിഞ്ഞവർഷം മുതൽ വിതരണമാരംഭിച്ചിട്ടുണ്ട് .വില്ലേജ് എഡ്യൂക്കേഷൻ കമ്മിറ്റി (വി ഇ സി)1994 മുതൽ പ്രവർത്തിച്ചു വരുന്നു .1995 -96 അധ്യയനവർഷത്തെ മികച്ച പ്രൈമറി വിദ്യാലയങ്ങൾക്കായി പഞ്ചായത്ത് ഏർപ്പെടുത്തിയ റോളിംഗ്ട്രോഫി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം ജി യു പി . സ്കൂൾ ചോലക്കുണ്ട് ,എ എം യു പി .സ്കൂൾ കുറ്റിത്തറമ്മൽ , ടി ടി കെ എം എൽ പി . സ്കൂൾ തെക്കേകുളമ്പ എന്നീ വിദ്യാലയങ്ങൾ അർഹരായി .

1996-97 ലെ പാദവാർഷിക പരീക്ഷയുടെ മാർക്കുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ സ്കൂളുകളിലെ പഠനനിലവാരം വിലയിരുത്തിയപ്പോൾ 60 ശതമാനത്തിലധികം വിദ്യാർത്ഥികൾ ശരാശരിയിലും താഴെയാണ് .ഇത് L.P വിഭാഗത്തിൽ 67 ശതമാനവും ഹൈസ്കൂൾ വിഭാഗത്തിൽ 63 ശതമാനവുമാണ് .7ശതമാനത്തിലധികം കുട്ടികൾ തോറ്റു പഠിക്കുന്നവരാണ് .

**പട്ടിക VI B പട്ടിക III കാണുക**

പറപ്പൂർ ഐ.യു .ഹൈസ്കൂളിൽ കഴിഞ്ഞ അഞ്ചു വർഷത്തെ വിഷയാടിസ്ഥാനത്തിൽ തോറ്റവരുടെ ശരാശരി നിരക്ക് പരിശോധിച്ചപ്പോൾ ഏറ്റവുമധികം കുട്ടികൾ പരാജയപ്പെടുന്നത് ഇംഗ്ലീഷ് ,സയൻസ് വിഷയങ്ങളിലാണെന്ന് കാണുന്നു .

**പട്ടിക VI C കാണുക**

പഞ്ചായത്തിലെ മൊത്തം അധ്യാപകരിലും വിദ്യാർത്ഥികളിലും അഞ്ചിലൊന്ന് ഭാഗവും ഗവൺമെന്റ്സ്കൂളുകളിലാണ് . ആകെയുള്ള മൂന്ന് ഗവൺമെന്റ് സ്കൂളുകൾക്കും ആവശ്യത്തിന് കെട്ടിടങ്ങളില്ല .ഇതിൽ G L P S .ഇരിങ്ങല്ലൂർ (കുഴിപ്പുറം)പ്രവർത്തിക്കുന്നത് വാടകകെട്ടിടത്തിലാണ് .ഡി പി ഇ പി .പദ്ധതി പ്രകാരം എട്ട് ക്ലാസ് മുറികളുള്ള ഒരു കെട്ടിടത്തിന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പണിതുടങ്ങിയിട്ടില്ല .ചോലക്കുണ്ട് G.U.P സ്കൂളിൽ രണ്ട് ക്ലാസ് മുറികളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നു .സ്വകാര്യസ്കൂളുകൾക്ക് ആവശ്യത്തിന് കെട്ടിടങ്ങളുണ്ടെങ്കിലും മിക്ക പ്രൈമറി സ്കൂളുകളിലും പ്രീ കെ ഇ ആർ .കെട്ടിടങ്ങളായതിനാൽ സ്ഥലസൗകര്യം വളരെ പരിമിതമാണ് . ആകെയുള്ള 15 വിദ്യാലയങ്ങളിൽ ഒരു സ്കൂളിൽ മൂത്രപ്പുരയും 9 എണ്ണത്തിൽ കക്കൂസുമില്ല .മൂന്ന് വിദ്യാലയങ്ങളിൽ തീരെ കുടിവെള്ള സൗകര്യമില്ല . 5 സ്കൂളുകൾ വൈദ്യുതീകരിച്ചിട്ടുണ്ട് .

**പട്ടിക II പട്ടിക VI ഇവ കാണുക**

സ്കൂൾപ്രായമായ മുഴുവൻ കുട്ടികളെയും ഈ വർഷം സ്കൂളിൽ ചേർത്തിട്ടുണ്ട് .ശരാശരി 2.5% കുട്ടികൾ സാമൂഹ്യമായ കാരണങ്ങളാൽ ഇടയ്ക്കു വെച്ച് പഠനം നിർത്തുന്നുണ്ട് . പഠനം നിർത്തുന്നവരിൽ ഭൂരിഭാഗം കുട്ടികളും യു പി .,ഹൈസ്കൂൾ വിഭാഗങ്ങളിലാണ് . ഹൈസ്കൂൾ വിഭാഗത്തിലെ കൊഴിഞ്ഞുപോക്ക് ഏഴു ശതമാനത്തോളമാണ് .

**പട്ടിക 1D കാണുക**

സ്കൂളുകളിൽ പി ടി എ , മാതൃസംഗമം എന്നിവ പൊതുവെ സജീവമാണ് .വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപകരും രക്ഷിതാക്കളും മാനേജ്മെന്റും ബഹുജനങ്ങളുമടങ്ങിയ ഒരു കൂട്ടായ്മ വളർത്തിയെടുക്കേണ്ടതുണ്ട് . വിദ്യാലയസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മുണ്ടോത്തുപറമ്പ് G U. P. സ്കൂൾ ,ചോലക്കുണ്ട് G U P.സ്കൂൾ പി ടി എ കൾ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട് .പറപ്പൂർ A U P സ്കൂളിലെ ഗ്രൗണ്ട് നിരത്തുന്നതിനും പി ടി എ .പ്രധാന പങ്ക് വഹിച്ചിട്ടുണ്ട് . III. ഗ്രൗണ്ടും ഗ്യാലറിയും നിർമ്മിക്കുന്നതിന് പറപ്പൂർ ഹീറോസ് ക്ലബ്ബ് ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട് .കുറ്റിത്തറമ്മൽ A.M.U.P. സ്കൂളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് പി ടി എ .സഹകരണത്തോടെ 60,000 രൂപ ചെലവ് വരുന്ന ഒരു പദ്ധതി നടന്നു വരുന്നു .വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഇത്തരം പ്രവർത്തനങ്ങൾ മറ്റു വിദ്യാലയങ്ങൾക്ക് മാതൃകയാക്കാവുന്നതാണ് .

മിടുക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി മിക്ക പി ടി എ കളും അവാർഡുകൾ നൽകുന്നുണ്ട് . പറപ്പൂർ പഞ്ചായത്ത് ബോർഡ് SSLC ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട് .

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയുട്ടുള്ളത് . 11 ഗ്രാമസഭകളിലും വിദ്യാഭ്യാസ രംഗം സജീവചർച്ചക്ക് വിധേയമായി .സ്കൂളുകളിലെ പഠന നിലവാരം ,ഭൗതികസൗകര്യങ്ങൾ എന്നിവയെ ആധാരമാക്കി ചർച്ചകൾ നടന്നു .കുട്ടികളുടെ നിലവാരത്തകർച്ച ,പ്രത്യേക അവധികൾമൂലമുണ്ടാകുന്ന അധ്യയന നഷ്ടം ,പാഠപുസ്തകങ്ങളുടെ ലഭ്യതയിലുള്ള കാലതാമസം ,ഗവൺമെന്റ് സ്കൂളുകളിലെ അധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള കാലവിളംബം ,അധ്യാപക

വിദ്യാർത്ഥി അനുപാതം, കൂട്ടക്ലാസ് കയറ്റം, പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ളതിൽ ചില തിന്റെ അപ്ഗ്രേഡേഷൻ ,സാങ്കേതിക ഉന്നത വിദ്യാഭ്യാ സകേന്ദ്രങ്ങളുടെ ആവശ്യകത ,ഡി പി ഇ പി .പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പ് ,മാസാന്തര പരീക്ഷകൾ ,പാഠ്യേ തര തുടങ്ങിയവയെക്കുറിച്ചെല്ലാം ഗ്രാമസഭകൾ സജീവ മായിചർച്ചചെയ്തു .അക്കാദമിക്ക് സൗകര്യങ്ങളുള്ള ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ് അധ്യയനം രസകരമാക്കുന്നതിനും കുട്ടികളെ പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും ആവശ്യ മായ പഠനോപകരണങ്ങൾ ,ലൈബ്രറി ,ലബോറട്ടറി ,ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ എന്നിവ നൽകാൻ മിക്ക സ്കൂളു കളിലും ഇവയുടെ ഉപയോഗം ഫലപ്രദമല്ല .ലബോറട്ടറി മിക്കയിടത്തും പ്രവർത്തന രഹിതമാണ് .ഇത് ഉപയോഗ പ്പെടുത്താത്തത് മൂലം വിദ്യാർത്ഥികളുടെ ,പ്രത്യേകിച്ചും യു പി .,ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികളുടെ ന്യായ മായ അവകാശമാണ് നിഷേധിക്കപ്പെടുന്നത് .

പട്ടിക IV കാണുക

പ്രശ്നങ്ങൾ

1. പല സ്കൂളുകളിലും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല .

2. തൊട്ടടുത്ത കേന്ദ്രങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നു .

3. വിദ്യാർത്ഥികളിലെ നിരക്ഷരത ഇപ്പോഴും ഗണ്യ മായ തോതിൽ നിലനിൽക്കുന്നു .

4. സ്കൂളുകളിലെ പഠനനിലവാരം തൃപ്തികരമല്ല .

5. പഞ്ചായത്തിലെ ഒന്ന് , രണ്ട് , നാല് , വാർഡുക ളിലെ കുട്ടികൾ മറ്റു പഞ്ചായത്തുകളിലെ സ്കൂളുകളി ലേക്ക് പോകേണ്ടി വരുന്നു .

6. പഞ്ചായത്തിലെ ഇല്ലിപ്പുലാക്കൽ ,വെട്ടം ,മാട്ടണ പ്പാട് , പറപ്പൂർ കിഴക്കേകുണ്ട് തുടങ്ങിയ സ്ഥലങ്ങളിലെ കുട്ടികൾക്ക് ഒന്നുമുതൽ മൂന്നു കിലോമീറ്ററിലധികം ദൂരം നടക്കേണ്ടി വരുന്നു .

7. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗക ര്യങ്ങളില്ല .

8. അനൗപചാരിക വിദ്യാഭ്യാസത്തിന് വേണ്ടി ആസൂ ത്രിത പരിപാടികളൊന്നും തന്നെ നടപ്പാക്കുന്നില്ല .

9. പഞ്ചായത്തിൽ ഒറ്റ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ഇല്ല .

10. ഇടയ്ക്കു വെച്ചു കൊഴിഞ്ഞു പോകുന്ന കുട്ടി കളുടെ എണ്ണം ഗണ്യമായ നില നിൽക്കുന്നു .

11. അതത് ക്ലാസ്സിൽ വെച്ച് ആർജിക്കേണ്ട അറിവു കൾ നേടാതെ തൊട്ടടുത്ത ക്ലാസിലേക്ക് കയറ്റം കൊടു ക്കുന്നു .

12. മോണിറ്ററിംഗ് തൃപ്തികരമല്ല .

13. ഉന്നത വിദ്യാഭ്യാസത്തിനായി വളരെ അകലെ യുള്ള കോളേജുകളെ ആശ്രയിക്കേണ്ടി വരുന്നു .

ഗ്രാമസഭാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചു വർഷത്തേക്കു വേണ്ട വിദ്യാഭ്യാസ പ്രവർത്തന ങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

1. കുഴിപ്പുറം ,പറപ്പൂർ-കിഴക്കേക്കുണ്ട് ,ശാന്തി നഗർ , തെക്കേകുളമ്പ്-ലക്ഷം വീട് കോളനി ,കുരിക്കൾ ബസാർ എന്നിവിടങ്ങളിൽ പ്രീ പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപി ക്കുക .

2. പഞ്ചായത്തിൽ ഒരു പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെനിംഗ് സെന്റർ ആരംഭിക്കുക .

3. ഇല്ലിപ്പിലാക്കൽ ,വെട്ടം-ചുള്ളിക്കാട് ,മാട്ടണപ്പാട് , പറപ്പൂർ-കിഴക്കേക്കുണ്ട് , ആലച്ചുള്ളി എന്നിവടങ്ങളിൽ എൽ പി .സ്കൂളുകൾ സ്ഥാപിക്കുക .

4. പറപ്പൂർ ഇരിങ്ങല്ലൂർ A .M L P സ്കൂൾ ,കുഴിപ്പുറം G L.P. സ്കൂൾ ,തെക്കേകുളമ്പ ടി ടി കെ എം എ എൽ പി . സ്കൂൾ എന്നിവ യു പി .ആയി അപ് ഗ്രേഡ് ചെയ്യുക .

5. കുഴിപ്പുറം ജി എം . എൽ . പി . സ്കൂളിന് ഡി പി ഇ പി .സ്കീമിൽ അനുവദിച്ച കെട്ടിടം പണി തുട ങ്ങുക .

6. പഞ്ചായത്തിലെ പ്രൈമറിസ്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ ,ഇട ഭിത്തികൾ ,കോമ്പൗണ്ട് വാൾ ,ഫർണി ച്ചർ എന്നിവ ഉറപ്പു വരുത്തുക .

7. മുണ്ടോത്തു പറമ്പ് ജി യു പി സ്കൂൾ , ചോല ക്കുണ്ട് .G. U.P. സ്കൂൾ എന്നിവയ്ക്കാവശ്യമായ കെട്ടിട ങ്ങൾ നിർമ്മിക്കുക

8. ഇരിങ്ങല്ലൂർ പ്രദേശത്ത് കുട്ടികൾക്ക് സൗകര്യപ്ര ദമാകുന്ന രീതിയിൽ ചുള്ളിപ്പറമ്പിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുക .സ്ഥലസൗകര്യം നൽകാൻ തയ്യാറുള്ളവ രുണ്ട് .

9. പഞ്ചായത്തിൽ നിലവിലുള്ള രണ്ട് ഗവൺമെന്റ് U.P .സ്കൂൾ ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുക .

10. .LU ഹൈസ്കൂളിനോടനുബന്ധിച്ച് ഹയർസെ ക്കൻഡറി അനുവദിക്കുക .

11. പഞ്ചായത്തിൽ ഒരു ടീച്ചേഴ്സ് ട്രെനിംഗ് ഇൻസ്റ്റി റ്റ്യൂട്ട് സ്ഥാപിക്കുക .

12. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാലയം (ഐ ടി ഐ )ആരംഭിക്കുക .

14. പറപ്പൂരിലെയും സമീപ പഞ്ചായത്തുകളിലെയും 11-ഓളം ഹൈസ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സൗകര്യപ്പെടുമാറ് ഒരു കോളേജ് ആരംഭി ക്കുക .

15. പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കാൻ ബി .ആർ .സി .തലത്തിൽ വിതരണ കേന്ദ്രം

**പട്ടിക IV അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത**

| ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കോർഡർ | ടെലിവിഷൻ | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | സ്മോക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഗമം സജീവം | ക്ലാസ്സ് P.T.A. പ്രവർത്തിക്കുന്നുണ്ടോ? | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | |
| 13 | 8 | 8 | 11 | 13 | 0 | 0 | 3 | 8 | 15 | 6 | ഉള്ളത് |
| 2 | 7 | 7 പരിമിതം | 4 | 2 | 15 | 15 | 12 | 7 പരിമിതം | 0 | 9 | ഇല്ലാത്തത് |

ആരംഭിക്കുക.

16.ഗവൺമെൻ സ്കൂളുകളിലെ ഒഴിവുകൾ വർഷാരംഭത്തിൽ തന്നെ നികത്തുക.

17. ഗവൺമെന്റ് സ്കൂളുകളിൽ താത്കാലിക ഒഴിവുനികത്തുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുക.

18. താത്കാലിക ഒഴിവുകളിൽ യോഗ്യതയുള്ളവരെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ അപ്പപ്പോൾ നിയമിക്കാനുള്ള സംവിധാനമുണ്ടാക്കുക

19 ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുകയും ചുമതല പഞ്ചായത്തിന് നൽകുകയും ചെയ്യുക.

20. എല്ലാ സ്കൂളുകളിലും കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ സഹായം നൽകുക.

21. ആൾ പ്രമോഷൻ നിർത്തലാക്കുക

22 പി ടി എ .പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക

23. മാതൃസമാജം സജീവമാക്കുക

24. പഠനനിലവാരം പരിശോധിക്കുന്നതിന് സ്ഥിരമായ സംവിധാനം ഉണ്ടാക്കുക.

25. സ്കൂൾ പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും, കുട്ടികളുടെ ആരോഗ്യത്തിന് ഹാനികരമായ ഐസ്ക്രീം, മിഠായികൾ മറ്റു ഭക്ഷണപദാർത്ഥങ്ങൾ എന്നിവ വിൽക്കുന്നത് തടയുന്നതിനും സംവിധാനം ഉണ്ടാക്കുക.

26.പൈങ്കിളി സാഹിത്യങ്ങൾക്കും ദൃശ്യമാധ്യമങ്ങളിലെ ദുസ്സ്വാധീനങ്ങൾക്കുമെതിരെ ബോധവത്കരണം നടത്തുക.

27.പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യട്യൂഷൻ നൽകുന്നതിന് സന്നദ്ധസംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തുക.

28. സ്കൂളുകളിലെ റാങ്ക് സമ്പ്രദായം മാറ്റി ഗ്രേഡ് സമ്പ്രദായമാക്കുക.

29.സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം സജീവമാക്കുക

30.പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ കീഴിൽ വാർഡ് വിദ്യാഭ്യാസസമിതി രൂപീകരിക്കുക.

31. ദേശീയ ദിനാചരണങ്ങൾ സജീവമാക്കുക.

32. കോംപ്ലക്സ് തലത്തിൽ സ്പോർട്സ് കലാമേള എന്നിവ സംഘടിപ്പിക്കുക.

33.കൊഴിഞ്ഞുപോക്ക് തടയുന്നതിന് നിർധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോമും പഠനോപകരണങ്ങളും വിതരണം ചെയ്യുക.

34. എൽ. ബി. എസി. എന്റെ കീഴിൽ പഞ്ചായത്തിൽ ഒരു കമ്പ്യൂട്ടർ സെന്റർ സ്ഥാപിക്കുക

35. വാർഡ് വിദ്യാഭ്യാസ സമിതികളുടെ കീഴിൽ SSLC വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ സംഘടിപ്പിക്കുക.

❖

തയ്യാറാക്കിയത് :

ചെയർമാൻ :ടി.മൊയ്തീൻ കുട്ടി എന്ന കുഞ്ഞു

കൺവീനർ :സി.അഹമ്മദ് മാസ്റ്റർ

## പട്ടിക VI ഭൗതിക സാഹചര്യങ്ങൾ

| | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | |
|---|---|---|---|---|---|---|---|---|
| 1 | എ.എം.എൽ.പി.എസ്സ്, ഇരിങ്ങല്ലൂർ | 306 | 11 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | |
| 2 | A.M.L.P.S, ഇരിങ്ങല്ലൂർ ഈസ്റ്റ് | 180 | 7 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | |
| 3 | A.M.L.P.S, പറപ്പൂർ ഇരിങ്ങല്ലൂർ | 384 | 11 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | |
| 4 | A.L.P.S, പറപ്പൂർ ഇരിങ്ങല്ലൂർ | 384 | 11 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | |
| 5 | A.M.L.P.S. പറപ്പൂർ ഈസ്റ്റ് | 505 | 13 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | |
| 6 | A.M.L.P.S, പറപ്പൂർ വെസ്റ്റ് | 177 | 6 | 1 | 1 | ഇല്ല | ഇല്ല | |
| 7 | A.M.L.P.S. പറപ്പൂർ വെസ്റ്റ് ന്യൂ | 128 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | |
| 8 | T.T.K.M.L.P.S, തെക്കേക്കുളമ്പ് | 444 | 12 | 1 | ഇല്ല | ഉണ്ട് | ഇല്ല | |
| 9 | G.M..L.P.S, ഇരിങ്ങല്ലൂർ | 259 | 7 | 1 | ഇല്ല | ഇല്ല | ഇല്ല | |
| 10 | G.U.P.S. ചോലകുണ്ട് | 538 | 15 | 1 | 1 | ഇല്ല | ഇല്ല | |
| 11 | A.M.U.P.S, കുറ്റിത്തറമ്മൽ | 778 | 28 | 1 | | ഉണ്ട് | ഇല്ല | |
| 12 | G.U.P.S, മുണ്ടോത്തുപറമ്പ് | 1246 | 29 | 2 | 2 | ഉണ്ട് | ഉണ്ട് | |
| 13 | A.U.P.S, പറപ്പൂർ | 1090 | 33 | 4 | 1 | ഉണ്ട് | ഉണ്ട് | |
| 14 | I.U.H.S, പറപ്പൂർ | 2291 | 69 | 3 | 3 | ഉണ്ട് | ഉണ്ട് | |
| 15 | FEMS, ചങ്കുവെട്ടി | 1057 | 34 | 4 | 2 | ഉണ്ട് | ഉണ്ട് | |

പട്ടിക VI C ഹൈസ്ക്കൂളുകളിലെ കഴിഞ്ഞ അഞ്ചു വർഷത്തെ വിഷയാടിസ്ഥാനത്തിൽ പരാജയപ്പെട്ടവരുടെ ശരാശരി നിരക്ക് (ശതമാനത്തിൽ


| അറബി | മലയാളം I | മലയാളം II | ചരിത്രം | ഭൂമിശാസ്ത്രം | ഹിന്ദി | കണക്ക് | ഊർജ്ജതന്ത്രം | ജീവശാസ്ത്രം | രസതന്ത്രം | ഇംഗ്ലീഷ് I & II |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 0-7 | 4.3 | 14.2 | 22.95 | 26.08 | 31.73 | 32.34 | 34.43 | 42.39 | 49.26 | 53.54 |

പട്ടിക II സർക്കാർ സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അദ്ധ്യാപകർ | ഗവ. സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം | ശതമാനം | വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| 28.5 | 51 | 20% | 9495 | 2063 | 21.7% |

പട്ടിക 1 D പഠനം നിർത്തിയവരുടെ കണക്ക്

| | 1991-92 | 92-93 | 93-94 | 94-95 | 95-96 | 96-97 |
|---|---|---|---|---|---|---|
| ആൺ | 162 | 170 | 218 | 213 | 161 | 53 |
| പെൺ | 109 | 134 | 114 | 129 | 98 | 31 |
| ആകെ | 271 | 304 | 332 | 342 | 259 | 84 |




**പട്ടിക VI A**
**S.S.L.C.വിജയ ശതമാനം**

| സ്ക്കൂൾ | 1991-92 | | 92-93 | | 93-94 | | 94-95 | | 95-96 | |
|---|---|---|---|---|---|---|---|---|---|---|
| I.U. ഹൈസ്ക്കൂൾ പറപ്പൂർ | 172/359 | 47.9 | 198/389 | 50.9 | 253/486 | 5205 | 262/514 | 50.97 | 237/552 | 42.93 |
| ഫാറൂഖ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ചങ്കുവെട്ടി | — | | — | | — | | — | | 9/9 | 100% |

## പട്ടിക VI B

### 96–97 ലെ കാൽപാദ പരീക്ഷ

| ക്ലാസ്സുകൾ | 30% താഴെ മാർക്ക് ലഭിച്ചവർ | 30% നും 40% ത്തിനും ഇടയ്ക്ക് മാർക്ക് ലഭിച്ചവർ | 40% നും 50% ത്തിനും ഇടയ്ക്ക് മാർക്ക് ലഭിച്ചവർ | 50% നും 60% ത്തിനും ഇടയ്ക്ക് മാർക്ക് ലഭിച്ചവർ | 60% ത്തിന് മുകളിൽ മാർക്ക് ലഭിച്ചവർ | ആകെ |
|---|---|---|---|---|---|---|
| III | 246 | 190 | 212 | 128 | 135 | 911 |
| IV | 197 | 194 | 216 | 159 | 159 | 925 |
| V | 497 | 259 | 202 | 110 | 118 | 1186 |
| VI | 522 | 261 | 166 | 87 | 84 | 1120 |
| VII | 535 | 249 | 167 | 92 | 96 | 1139 |
| VIII | 182 | 420 | 215 | 68 | 54 | 939 |
| IX | 152 | 358 | 120 | 94 | 53 | 777 |
| X | 300 | 23 | 159 | 40 | 45 | 567 |
| ആകെ | 2631 | 1954 | 1457 | 778 | 74 | 7564 |

## പട്ടിക III തോറ്റ് പഠിക്കുന്ന കുട്ടികളുടെ എണ്ണം

| വിഭാഗം | ആകെ | | | S.C. | | | തോറ്റ് പഠിക്കുന്നവർ ആകെ | | | തോറ്റ് പഠിക്കുന്നവർ (S.C.) | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T |
| L.P. | 1885 | 1767 | 3652 | 17 | 18 | 35 | 103 | 79 | 182 | 1 | 2 | 3 |
| U.P. | 1816 | 1650 | 3466 | 36 | 29 | 65 | 175 | 105 | 280 | 4 | 1 | 5 |
| H.S. | 1226 | 1151 | 2377 | 25 | 38 | 63 | 184 | 94 | 278 | 4 | 1 | 5 |
| ആകെ | 4927 | 4568 | 9495 | 78 | 85 | 163 | 462 | 278 | 740 | 9 | 4 | 1 |

## പട്ടിക 1 A

| ക്രമനമ്പർ | സ്കൂൾ | വാർഡ് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | എ.എം.എൽ.പി. സ്ക്കൂൾ, ഇരിങ്ങല്ലൂർ | 4 | Aided | 167 | 159 | 306 | 6 | 5 | 11 |
| 2 | എ.എം.എൽ.പി. സ്ക്കൂൾ, ഇരിങ്ങല്ലൂർ ഈസ്റ്റ് | 4 | " | 88 | 92 | 180 | 4 | 3 | 7 |
| 3 | എ.എം.എൽ.പി. സ്ക്കൂൾ, പറപ്പൂർ ഇരിങ്ങല്ലൂർ | 2 | " | 186 | 198 | 384 | 5 | 6 | 11 |
| 4 | എ.എം.എൽ.പി. സ്ക്കൂൾ, ഇരിങ്ങല്ലൂർ | 1 | " | 60 | 52 | 112 | 4 | 1 | 5 |
| 5 | എ.എം.എൽ.പി. സ്ക്കൂൾ, പറപ്പൂർ ഈസ്റ്റ് | 7 | " | 254 | 251 | 505 | 5 | 8 | 13 |
| 6 | എ.എം.എൽ.പി. സ്ക്കൂൾ, പറപ്പൂർ വെസ്റ്റ് | 11 | " | 97 | 80 | 177 | 3 | 3 | 6 |
| 7 | എ.എം.എൽ.പി. സ്ക്കൂൾ, പറപ്പൂർ വെസ്റ്റ് ന്യൂ | 11 | " | 74 | 54 | 128 | 2 | 3 | 5 |
| 8 | ടി.ടി.കെ.എം.എ.എൽ.പി. സ്ക്കൂൾ, തെക്കേ കോളമ്പ | 9 | " | 218 | 226 | 444 | 4 | 8 | 10 |
| 9 | ജി.എം.എൽ.പി. സ്ക്കൂൾ, ഇരിങ്ങല്ലൂർ | 5 | Govt. | 129 | 130 | 259 | 4 | 3 | 7 |
| 10 | ജി.യു.പി. സ്ക്കൂൾ, ചെലക്കുണ്ട | 10 | " | 261 | 277 | 538 | 11 | 4 | 15 |
| 11 | എ..എം.യു.പി. സ്ക്കൂൾ, കുറ്റിതറമ്മൽ | 3 | Aided | 431 | 347 | 778 | 15 | 13 | 28 |
| 12 | ജി.യു.പി. സ്ക്കൂൾ, മുണ്ടോത്തുപറമ്പ | 6 | Govt. | 623 | 623 | 1246 | 10 | 19 | 29 |
| 13 | എ.യു.പി. സ്ക്കൂൾ, പറപ്പൂർ | 8 | Aided | 588 | 502 | 1090 | 15 | 18 | 23 |
| 14 | എ.യു.പി. സ്ക്കൂൾ, പറപ്പൂർ | 7 | Aided | 1181 | 1110 | 2291 | 44 | 25 | 69 |
| 15 | FEMS ചങ്കുവെട്ടി | 8 | Un Aided | 588 | 502 | 1090 | 15 | 18 | 23 |
| | ആകെ | | | 4927 | 4568 | 147 | 138 | 285 | |

പട്ടിക 1 B

L.P., U.P. വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

| L.P. | | | | U.P. | | | | H.S. | | | |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ കുട്ടികൾ | ആൺ | പെൺ | ശതമാനം | ആകെ കുട്ടികൾ | ആൺ | പെൺ | ശതമാനം | ആകെ കുട്ടികൾ | ആൺ | പെൺ | ശതമാനം |
| 3652 | 1885 | 1767 | 48.4 | 3466 | 1816 | 1650 | 47.6 | 2377 | 1226 | 1151 | 48.4 |
| | | | | | | | | | | ആകെ. | 48.13 |

പട്ടിക 1 C

പട്ടിക വിദ്യാർത്ഥികളുടെ എണ്ണം

| L.P. | | | U.P. | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | S.C. | ശതമാനം | ആകെ | S.C. | ശതമാനം | ആകെ | S.C. | ശതമാനം |
| 3652 | 35 | 0.96 | 3466 | 65 | 1.88 | 2377 | 63 | 2.65 |
| | | | | | | | ആകെ 1.83 | |

## 9.8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് | ഉപകരണങ്ങൾ/ ഫർണിച്ചറുകൾ അറ്റകുറ്റ പണിക്ക് | ഉപകരണങ്ങൾ രാസ വസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ-വിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റുമാർഗ്ഗങ്ങളിലൂടെയുള്ള വരവ് | ആകെ വരവ് |
| എ.യു.പി.എസ്. പറപ്പൂർ | 2000 | 3500 | 2637 | 2100 | 500 | 2200 | – | 5000 | – | – | 8340 | – | | 5000 | 10500 | 23840 |
| ടി.ടി.കെ.എം. എ.എൽ.പി.എസ്. തെക്കേകുളംബ് | 1000 | 1250 | – | 780 | 570 | – | – | 425 | – | – | – | – | – | – | 1350 | 1350 |
| ജി.യു.പി.എസ്. ചോലകുണ്ട് | 1324 | 967 | – | 88 | 226 | – | – | 315 | 1667 | – | 1667 | – | – | 100 | 125 | 3017 |
| പറപ്പൂർ വെസ്റ്റ് ന്യൂ എ.എം. എൽ.പി.എസ്. | 1120 | 350 | – | – | – | – | 6000 | – | 397 | – | 397 | – | – | – | 2400 | 2797 |

## 9.8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് | ഉപകരണങ്ങൾ/ ഫർണിച്ചറുകൾ അറ്റകുറ്റ പണിക്ക് | ഉപകരണങ്ങൾ രാസ വസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ-വിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റുമാർഗ്ഗത്തിലൂടെയുള്ള വരവ് | ആകെ വരവ് |
| ജി.എം.എൽ.പി. എസ്. ഇരിങ്ങല്ലൂർ | 12800 | 15000 | – | 200 | – | – | – | 750 | 8000 | – | 8000 | – | – | 5000 | 12800 | 25800 |
| ഗവ. യു.പി.എസ്. മുണ്ടോത്ത്പറമ്പ | 35000 | 8000 | 1000 | 3000 | 2500 | 4000 | 20000 | 1500 | 8015 | – | 2015 | 11000 | – | 61000 | – | 72000 |
| എ.എം.എൽ.പി. എസ്. പറപ്പൂർ ഈസ്റ്റ് | 1324 | 967 | – | 88 | 226 | – | – | 315 | 1667 | – | 1667 | – | – | 100 | 125 | 3017 |
| എ.യു.എച്ച്.എസ്. പറപ്പൂർ | 1600 | 4800 | 250 | 3800 | 1500 | 4250 | – | 2800 | 10640 | – | 10640 | 23396 | – | – | – | 34036 |

# 5

## 4

# ആരോഗ്യം കുടിവെള്ളം പരിസര ശുചിത്വം

## ആരോഗ്യം

**ഈ** പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്നതുകൊണ്ട്, ആരോഗ്യ സംരക്ഷണത്തിൻെറ കാര്യത്തിലും ബോധവാൻമാരാണ്. എന്നാൽ മൊത്തത്തിലുള്ള ജീവിത രീതിയിൽ വന്ന മാറ്റങ്ങൾ ആരോഗ്യരംഗത്തും പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതിന്നു പ്രധാന കാരണം സ്വന്തം ആവശ്യങ്ങൾക്ക് വേണ്ട നെല്ല് മുതൽ മുളക് വരെയുള്ള ഭക്ഷ്യവസ്തുക്കൾ, കൃഷി ചെയ്തുണ്ടാക്കുന്നതിനു പകരം മറ്റു ഭാഗങ്ങളെ ആശ്രയിക്കുന്നതും ഭക്ഷണം തന്നെ കാലാവസ്ഥക്കും ശരീരത്തിന്നും അനുയോജ്യമായ വിധം ക്രമീകരിക്കാത്തതുമാണ്. മറ്റൊന്ന് സർക്കാർ ഏജൻസികളിൽ കൂടി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിലനിർത്തുന്നുണ്ടെങ്കിൽ തന്നെ, പൊതുമാർക്കറ്റിൽ നിന്നു കിട്ടുന്ന പല അവശ്യവസ്തുക്കളും ഗുണനിലവാരം പുലർത്തുന്നവയല്ല എന്നതാണ് സത്യം. പ്രത്യേകിച്ച് മൽസ്യ മാംസാദികളും പച്ചക്കറികളും പഴങ്ങളും മറ്റു "ഫാസ്റ്റ് ഫുഡ്" തരങ്ങളും കാര്യക്ഷമമല്ലാത്ത സംസ്കരണ രീതികളും അലക്ഷ്യമായ രാസവള പ്രയോഗവും നിമിത്തം ആരോഗ്യത്തിന് ഹാനികരമാണെന്ന് പല വിദഗ്ദ്ധരും വാർത്താ മാധ്യമങ്ങളിൽ കൂടി മുന്നറിയിപ്പ് നൽകാറുമുണ്ട്.

പഴയകാലത്ത് രോഗംവന്നാൽ പല അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകി തക്കതായ ചികിൽസ ലഭിക്കാതെ വന്നിരുന്ന അവസ്ഥക്ക് ഒരു പരിധിവരെയെങ്കിലും മറ്റം വരികയും, രോഗം വന്നാൽ ഡോക്ടറെ കാണിക്കുകയെന്ന ഒരു ശീലം പൊതുവെ പ്രകടമാവുകയും ചെയ്തിട്ടുള്ളത് ശുഭസൂചകം തന്നെ.

എന്നാൽ അധികം ആളുകൾക്കും ഒരൊറ്റ പ്രാവശ്യത്തെ പരിശോധന കൊണ്ടുതന്നെ രോഗം മാറ്റുന്ന ഡോക്ടറെയാണ് ഇഷ്ടം. അത്തരക്കാർക്ക് സമൂഹത്തിൽ വൻ പ്രചാരണം ലഭിക്കുകയും ആളുകൾ ഒന്നായി അങ്ങോട്ടൊഴുകുയും ചെയ്യുന്നു. ഈ പ്രവണതക്ക് കാരണം ജനങ്ങളുടെ മരുന്നിൻെറ അമിത ഉപയോഗംമൂലം ഉണ്ടാകാനിടയുള്ള പാർശ്വഫലങ്ങളെപ്പറ്റിയുള്ള അജ്ഞതയാണ്. ദൗർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ ഡോക്ടർമാർ ജനങ്ങളെ ബോധവാന്മാരാക്കുന്നതിനു പകരം അവരുടെ അജ്ഞതയെ ചൂഷണം ചെയ്യുകയാണ്. എന്നാൽ താഴെക്കിടയിലുള്ള വെറും എം.ബി.ബി.എസ്. ബിരുദധാരികളിലും മറ്റു ഉന്നത ബിരുധാരികളിലും സാമൂഹ്യപ്രതിബദ്ധതയുള്ള ധാരാളം ഡോക്ടർമാർ ഉണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല.

പഴയകാലങ്ങളിൽ പാരമ്പര്യ ചികിൽസകൾ നടത്തിയിരുനവരുടെ സേവനം സമൂഹത്തിൽ വളരെ ഉപകാരപ്രദമായിരുന്നു. തലമുറകളായി പകർന്നുവന്ന അത്തരം പാരമ്പര്യ വൈദ്യൻമാർ ഇന്നും പഞ്ചായത്തിലെ പല ഭാഗത്തും ആയുർവേദം, യൂനാനി എന്നീ ചികിൽസാ രീതികൾ നടത്തിവരുന്നുണ്ട്. പക്ഷേ ജീവിതം തന്നെ വേഗതയിൽ കുടുങ്ങിപ്പോയ ഇന്നത്തെ തലമുറക്ക് രോഗവും വേഗത്തിൽ സുഖപ്പെടണമെന്ന ആശയം വന്നപ്പോൾ, സാവകാശത്തിൽ ഫലം കാണുന്ന ചികിൽസാ രീതികളോട് താൽപര്യം കുറഞ്ഞുവരികയാണ്.

പഞ്ചായത്തിലെ പൊതുമരണനിരക്ക് 1-1-96 മുതൽ 14-11-96വരെ 2.41ഉം, ശിശുമരണനിരക്ക് 20.94ഉം ജനന നിരക്ക് 7.33ഉം ശതമാനം ആണ്. 1996ൽ മാതൃമരണം ഉ

ണ്ടായിട്ടില്ല. മൊത്തം ജനസംഖ്യ 26047ഉം അതിൽ പുരുഷൻ ഉം സ്ത്രീ ഉം ആണ്. (1991)

കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നതിന് ഭൂരിഭാഗം രക്ഷിതാക്കളും ശ്രദ്ധിക്കുന്നുണ്ട്. ഇതിനു അങ്കണവാടികൾ ഒരുപരിധിവരെ ഉപകരിക്കുന്നുണ്ട്. മുലയൂട്ടുന്ന അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാരക്കുറവ് ദുർബല വിഭാഗങ്ങളിൽ കണ്ടുവരുന്നു. പഞ്ചായത്തിൽ പൊതുവെ 60 വയസ്സിനു മുകളിലുള്ളവരുടെ ആരോഗ്യം പകുതിയിലധികം തൃപ്തികരമാണ്.

പുകവലി ഇളംതലമുറയിൽ കുറഞ്ഞുവരുന്നതായി കാണുന്നു. മഴക്കാലം തുടങ്ങുന്ന മാസങ്ങളിൽ വയറിളക്കം, വയറുകടി, ടൈഫോയ്ഡ്, ഛർദ്ദി അതിസാരം, മഞ്ഞപ്പിത്തം എന്നിവ കുറഞ്ഞ തോതിൽ കണ്ടുവരാറുണ്ട്. ഛർദ്ദി അതിസാരം കുട്ടികളെയാണ് കൂടുതലായും ബാധിക്കാറുള്ളത്.

### പറപ്പൂർ ഗ്രാമപഞ്ചായത്ത്
### പകർച്ചവ്യാധി വിവരങ്ങൾ

| വർഷം: | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| ജലജന്യരോഗങ്ങൾ: | 368 | 466 | 562 |
| വായുജന്യ രോഗങ്ങൾ: | 84 | 59 | 110 |
| പ്രാണിജന്യ രോഗങ്ങൾ: | 4 | - | - |
| മറ്റുള്ളവ: | 5212 | 342 | 396 |

### പറപ്പൂർ ഗ്രാമപഞ്ചായത്ത്
### പി.എച്ച്.സി. ഇരിങ്ങല്ലൂർ

വർഷം, ഇൻപേഷ്യൻറ് എണ്ണം, ഔട്ട്പേഷ്യൻറ് എണ്ണം, രോഗങ്ങൾ സംബന്ധിച്ച വിവരം- പ്രതിവർഷം (എണ്ണം) [ത്വക്ക് രോഗം, വാതരോഗം (എല്ലാ വിഭാഗവും), പകർച്ച വ്യാധികൾ, വിഷചികിൽസ (പാമ്പുകടി മുതലായവ), മറ്റുള്ള രോഗങ്ങൾ, ആകെ] എന്നീ ക്രമത്തിൽ താഴെക്കൊടുത്തിരിക്കുന്നു.

92-93, -, 12178, 3447, -, 697, -, 8034, 12178
93-94, -, 10067, 927, -, 664, -, 8506, 10067
94-95, -, 10842, 846, -, 867, -, 9124, 10842
95-96, -, 12809, 989, -, 1068, -, 10752, 12809
ആകെ -, 45896, 6209, -, 3296, -, 36421, 45896

മൂന്നാം വാർഡിലെ ഒരു പി.എച്ച്.സി., എട്ടാം വാർഡിലെ ഒരു ഹോമിയോ ഡിസ്പെൻസറി, ഒന്നാം വാർഡിൽ ഒരു ഐ.പി.പി., അഞ്ചും പതിനൊന്നും വാർഡുകളിലെ ഓരോ കുടുംബക്ഷേമ കേന്ദ്രങ്ങൾ (F.W.C) എന്നിവ മാത്രമാണ് ഈ പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനങ്ങൾ.

കൂടാതെ ഏതാനും ആയുർവേദ ഡിസ്പെൻസറികളും യൂനാനി ഡിസ്പെൻസറികളും പാരമ്പര്യ വൈദ്യന്മാരും സ്വകാര്യ മേഖലയിൽ ചികിൽസ നടത്തിവരുന്നുണ്ട്.

പി.എച്ച്.സി. പഞ്ചായത്തിൻെറ മൂന്നാം വാർഡിൽ വടക്കുകിഴക്ക് ഭാഗത്തായതുകൊണ്ടും പഞ്ചായത്തിൻെറ മദ്ധ്യത്തിൽ കൂടി ഒഴുകുന്ന പുഴ യാത്രക്ക് തടസ്സമായതുകൊണ്ടും 1, 2 വാർഡിലുള്ളവർ വേങ്ങരയിലും 5 മുതൽ 11 വരെ വാർഡുകളിലുള്ളവർ കോട്ടക്കൽ, മലപ്പുറം എന്നിവിടങ്ങളിലും അഞ്ച് മുതൽ പന്ത്രണ്ടുവരെ കിലോമീറ്ററുകൾ സഞ്ചരിച്ചുവേണം സർക്കാർ ആസ്പത്രികളിലെത്താൻ. കൂടാതെ കോട്ടക്കൽ, വേങ്ങര, മലപ്പുറം ഭാഗങ്ങളിലെ സ്വകാര്യ ആശുപത്രികളും ഉപയോഗപ്പെടുത്തേണ്ടിവരുന്നു.

സർക്കാർ ആസ്പത്രികളിലും സ്വകാര്യ ആശുപത്രികളിലും വൃത്തിഹീനമായ ചുറ്റുപാടുകളും കാര്യക്ഷമതയില്ലാത്ത നടത്തിപ്പുംമൂലം രോഗികൾക്കും കൂടെ നിൽക്കുന്നവർക്കും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ട്.

**നിർദ്ദേശങ്ങൾ:-**

1. നിലവിലുള്ള കുടുംബക്ഷേമകേന്ദ്രങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനം കാര്യക്ഷമമാക്കുക.
2. ഇപ്പോൾ കുടുംബക്ഷേമകേന്ദ്രങ്ങൾ നിലവിലില്ലാത്ത എല്ലാ വാർഡുകളിലും ഓരോ കേന്ദ്രം സ്ഥാപിക്കുക.
3. നിലവിലുള്ള 3-ാം വാർഡിലെ പി.എച്ച്.സി; 25 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തുകയും നിർമ്മാണഘട്ടത്തിലുള്ള പി.എച്ച്.സി. സ്ഥിരം കെട്ടിടം എത്രയും പെട്ടെന്ന് പണിതീർക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
4. നാലാം വാർഡിൽ ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുക.
5. അഞ്ചാം വാർഡിലുള്ള കുടുംബക്ഷേമ കേന്ദ്രം പി.എച്ച്.സി.യായി ഉയർത്തി ചികിൽസാ സൗകര്യം മെച്ചപ്പെടുത്തുക.
6. ഇരിങ്ങല്ലൂർ, കുഴിപ്പുറം എന്നിവിടങ്ങളിൽ ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുക.
7. ആറാം വാർഡിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുക.
8. വീണാലുക്കൽ കേന്ദ്രമായി ഒരു സഹകരണ ആശുപത്രി സ്ഥാപിക്കുക.
9. എട്ടാം വാർഡിൽ പുത്തനാറക്കൽ ഒരു പി.എച്ച്.സി. സ്ഥാപിക്കുക.
10. മൊല്ലപ്പറമ്പിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.
11. പത്താം വാർഡിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാകത്തക്കവിധം കിടത്തി ചികിൽസിക്കാൻ

കഴിയുന്ന ഒരു ആസ്പത്രി സ്ഥാപിക്കുക.

12. രണ്ടാം വാർഡിൽ വെട്ടം ഭാഗത്ത് ഒരു പി.എച്ച്.സി. ആരംഭിക്കുക.
13. ലക്ഷംവീട് കോളനി, ഹരിജൻ കോളനി, കുമ്പാര കോളനി മുതലായവക്ക് സൗകര്യപ്രദമായ വിധത്തിൽ ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുക.
14. എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ആവശ്യമായത്ര എല്ലാ മരുന്നുകളും ലഭ്യമാക്കുകയും ജീവനക്കാരുടെ കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുക.
15. വാർഡുകൾ തോറും മൂന്നു മാസത്തിലൊരിക്കലെങ്കിലും കുടുംബക്ഷേമകേന്ദ്രങ്ങൾ കേന്ദ്രമാക്കി വൈദ്യപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പ്രതിരോധ കുത്തിവെപ്പുകൾ, ഭക്ഷണക്രമങ്ങൾ, മരുന്നുകളുടെ അമിത ഉപയോഗംമൂലം വരുന്ന പാർശ്വഫലങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
16. സ്കൂൾ വിദ്യാർത്ഥികളുടെ വൈദ്യപരിശോധന കാര്യക്ഷമമാക്കുകയും വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും നടത്തുകയും ചെയ്യുക.
17. കുടുംബക്ഷേമകേന്ദ്രങ്ങളിലും മറ്റും രക്തസമ്മർദ്ദം അളക്കുന്നതിനുള്ള ഉപകരണം ലഭ്യമാക്കുക.
18. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
19. ഒന്നാം വാർഡിലെ ഐ.പി.പി. ഹെൽത്ത് സെൻററായി ഉയർത്തുക.
20. ഒമ്പതാം വാർഡിലെ ഹോമിയോ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുക.
21. പതിനൊന്നാം വാർഡിലെ കുടുംബക്ഷേമകേന്ദ്രം അറ്റകുറ്റപണികൾ നടത്തി നവീകരിക്കുകയും ഹെൽത്ത് സെൻററായി ഉയർത്തുകയും ചെയ്യുക. പി.എച്ച്.സി.യിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന ഡോക്ടറുടെ സേവനം പ്രസ്തുത കേന്ദ്രത്തിൽ ആഴ്ചയിൽ രണ്ട് പ്രാവശ്യമെങ്കിലും ആക്കുന്നതിനു വേണ്ടത് ചെയ്യുക.
22. പഞ്ചായത്തിലെ വളർത്തുനായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം കർശനമാക്കുകയും അവക്ക് പ്രതിരോധ കുത്തിവെപ്പുകൾ നടത്തി എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊന്നൊടുക്കാനുള്ള അടിയന്തിര നടപടികൾ കർശനമായും പഞ്ചായത്ത് നടപ്പിലാക്കുക.
23. താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങൾക്ക് അർഹതക്കനുസരിച്ച് കക്കൂസുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും പാവപ്പെട്ടവർക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ചു നൽകുകയും ചെയ്യുക.
24. ക്യാൻസർ, ടി.ബി., കുഷ്ഠം തുടങ്ങിയവരും അംഗവൈകല്യം, മറ്റു രോഗങ്ങൾ എന്നിവമൂലം കഷ്ടപ്പെടുന്നവരുമായ വ്യക്തികൾക്ക് മതിയായ സാമ്പത്തിക സഹായം നൽകുക.
25. കുഴിപ്പുറം, ഇരിങ്ങല്ലൂർ, ചെമ്മഞ്ചേരി ഭാഗം, വട്ടപ്പറമ്പ് എന്നിവിടങ്ങളിൽ പൊതുശ്മശാനങ്ങൾ ഏർപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
26. പഞ്ചായത്തിലെ ജനങ്ങളുടെ മുഴുവൻ ആവശ്യങ്ങളും കണക്കിലെടുത്ത് ഒരു ആംബുലൻസ് ഏർപ്പെടുത്തുക.

**പൊതുനിർദ്ദേശങ്ങൾ**

1. ഓരോ ബ്ലോക്ക് കേന്ദ്രമായി, ഗൈനക്കോളജി, ഇ.എൻ.ടി., കണ്ണുരോഗം തുടങ്ങി വിദഗ്ദ്ധ ചികിൽസ ലഭ്യമാകേണ്ട രോഗികൾക്ക് സൗകര്യപ്പെടുമാറ് ഓരോ ആസ്പത്രി സ്ഥാപിക്കുക.
2. സ്വകാര്യ സർക്കാർ ആസ്പത്രികളിലെ ചികിൽസാ സൗകര്യങ്ങളും വൃത്തിയും മറ്റും പരിശോധിക്കുകയും, ജനങ്ങൾക്ക് മെച്ചപ്പെട്ടതും അവസരോചിതവുമായ സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
3. സർക്കാർ ആസ്പത്രികളുടെ ഭൗതിക സൗകര്യങ്ങളും ചികിൽസാ സൗകര്യങ്ങളും താലൂക്ക് അടിസ്ഥാനത്തിൽ കൂടുതൽ മെച്ചപ്പെടുത്തി, ജനങ്ങൾക്ക് സർക്കാർ ആശുപത്രികളോടുള്ള മനോഭാവത്തിൽ മാറ്റം വരത്തക്ക രീതിയിൽ അവയുടെ പ്രവർത്തനത്തിന് ബഹുജന പങ്കാളിത്തം വർദ്ധിച്ച തോതിൽ ഉപയോഗപ്പെടുത്തുക.
4. മാർക്കറ്റിൽ യഥേഷ്ടം വിറ്റഴിക്കപ്പെടുന്ന ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണപദാർത്ഥങ്ങൾ, മിഠായികൾ, പാൻമസാലകൾ തുടങ്ങി എല്ലാത്തിൻെറയും വിൽപന കർശനമായി നിരോധിക്കുകയും ജനങ്ങളെ അവയുടെ ദൂഷ്യഫലങ്ങളെപ്പറ്റി ബോധവാൻമാരാക്കുകയും ചെയ്യുക.
5. വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മൽസ്യം, കന്നുകാലികൾ, കോഴി എന്നിവ സർക്കാർ ഏജൻസികളെക്കൊണ്ട് പരിശോധിപ്പിച്ച് അവ ഭക്ഷ്യയോഗ്യമാണോ എന്നുറപ്പ് വരുത്തിയ ശേഷം

മാത്രം കൊണ്ടുവരുന്നതിന് അനുമതി നൽകുക.

6. ഡോക്ടർമാർ മരുന്ന് കുറിക്കുന്ന ശീട്ട് ശരിക്കും വായിക്കാൻ കഴിയാത്ത വിധത്തിലാകയാൽ മരുന്ന് മാറി കൊടുക്കുന്നതിനും മറ്റുമുള്ള സാധ്യത കൂടുതലാണ്. അതുകൊണ്ട് ശരിക്കും വായിക്കാൻ കഴിയുന്ന വിധത്തിൽ മരുന്ന് ശീട്ടുകൾ എഴുതുനനതിനു വേണ്ട നിർദ്ദേശം സർക്കാർ തലത്തിൽ ഉണ്ടാക്കുക.

7. ചുരുക്കം ചില ഡോക്ടർമാരെങ്കിലും സാധാരണ ജനങ്ങളുടെ അറിവില്ലായ്മ ചൂഷണം ചെയ്ത്, വളരെ ചെറിയ രോഗത്തിന്നു പോലും അഞ്ച് മുതൽ പത്ത് വരെ മരുന്നുകൾ (മോഡേൺ മെഡിസിൻ) എഴുതുന്നതായി കാണുന്നു. ഇത്തരം പ്രവണത ഇല്ലാത്ത രോഗം കൂടി ഉണ്ടാകുവാനെ ഉപകരിക്കൂ എന്ന കാര്യത്തിൽ സംശയമില്ല. ഇതിന്നെതിരെ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതും, അങ്ങിനെയുള്ള ഡോക്ടർമാരുടെ അടുത്തേക്ക് ജനങ്ങൾ പോകുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്.

8. കേരളത്തിന്റെ പല ഭാഗങ്ങളിലും ഗ്രാമങ്ങളെന്നൊ, നഗരങ്ങളെന്നൊ വ്യത്യാസമില്ലാതെ വ്യാജ ഡോക്ടർമാർ സാധാരണക്കാരന്റെയും വിദ്യാസമ്പന്നരെപ്പോലും ചൂഷണം ചെയ്തും കബളിപ്പിച്ചും വരുന്നത് കുറച്ചുകാലമായി വാർത്താ മാധ്യമങ്ങളിൽ ഇടക്കിടെ പ്രത്യക്ഷപ്പെടാറുള്ളതാണ്. ഇത്തരക്കാർ തട്ടിപ്പുകാരെക്കാൾ കടുത്ത സാമൂഹ്യദ്രോഹികൾ കൂടിയാണ്-കാരണം മനുഷ്യ ജീവനെക്കൊണ്ട് പന്താടുന്നവരാണവർ. അത്തരക്കാരെ യഥാസമയം കണ്ടുപിടിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനമാക്കി പുതുതായി ക്ലിനിക്കുകളോ, ആസ്പത്രികളോ തുടങ്ങുന്നതിനു മുമ്പായി അവിടത്തെ ഡോക്ടർമാരുടെ സർട്ടിഫിക്കററുകൾ പഞ്ചായത്ത് ബോർഡ് യോഗം കൂടി പരിശോധിക്കുകയും കൂടുതൽ വിവരങ്ങൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലുമായോ, ബിരുദം നൽകിയ യൂണിവേഴ്സിറ്റികളുമായോ ബന്ധപ്പെട്ട് വ്യാജനല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതിനു വേണ്ടിവന്നാൽ ആരോഗ്യവകുപ്പിന്റെ സഹായം സർക്കാർ ലഭ്യമാക്കേണ്ടതാണ്.

9. മോഡേൺ മെഡിസിനിൽ ബിരുദമെടുക്കാത്ത മറ്റു ശാഖകളിലെ ചികിൽസാ രീതികൾ ജനങ്ങളറിയാതെ മോഡേൺ മെഡിസിൻ അവരുടെ മരുന്നിനോടൊപ്പം ചേർത്തിക്കൊടുക്കുന്ന ഒരു സമ്പ്രദായം നിലവിലുണ്ടെന്നറിയുന്നു. ഇത് ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നതായതിനാൽ കർശനമായി നിരോധിക്കേണ്ടതാണ്.

10. അതാതു താലൂക്കുകളിലുള്ള രോഗികൾക്ക് ബന്ധപ്പെട്ട താലൂക്ക് ആശുപത്രികളിൽ നിന്നുതന്നെ ചികിൽസ ലഭിക്കുന്ന തരത്തിൽ താലൂക്ക് ആശുപത്രികൾ വിപുലീകരിക്കുകയും ജില്ലാ ആശുപത്രികൾ റഫറൽ ആശുപത്രികളാക്കുകയും ചെയ്യുക.

11. ഈ നൂററാണ്ടിന്റെ ശാപമായ എയ്ഡ്സിന്നെതിരെയുള്ള ബോധവൽക്കരണം വ്യാപകമായി നടത്തേണ്ടതാണ്.

## കുടിവെള്ളം:

വർഷത്തിൽ ഏകദേശം പകുതിയോളം കാലയളവിൽ മഴ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. ധാരാളം ജലസമ്പത്ത് ദൈവം കനിഞ്ഞുനൽകിയ നമ്മുടെ നാട്ടിന് ദാനമായി അനേകം നദികളും നൽകിയിട്ടുണ്ട്. പക്ഷേ നമ്മുടെ ദീർഘവീക്ഷണമില്ലായ്മയും ആസൂത്രണത്തിലെ പാളിച്ചകളും പദ്ധതി നടത്തിപ്പിലെ കാലതാമസവും ഒരു വർഷത്തിൽ കേവലം മൂന്നു മാസത്തെക്കാവശ്യമായ കുടിവെള്ളത്തിനുവേണ്ടി നമ്മെ വീർപ്പുമുട്ടിക്കുന്നു.

പറപ്പൂർ പഞ്ചായത്തിലെയും സ്ഥിതി വിപരീതമല്ല. പഞ്ചായത്തിന്റെ നടുഭാഗത്തുകൂടി ഒഴുകുന്ന കടലുണ്ടി പുഴ വർഷക്കാലത്ത് നിറഞ്ഞൊഴുകി വെള്ളപ്പൊക്ക ഭീഷണി സൃഷ്ടിക്കാറുണ്ടെങ്കിലും ഫെബ്രുവരി-മാർച്ച്-ഏപ്രിൽ-മെയ് മാസങ്ങളിൽ വററിവരണ്ട് കാക്കക്ക് കുടിക്കാൻപോലും വെള്ളമില്ലാത്ത അവസ്ഥയിലാകും. ഈ പുഴയിലെ വെങ്കട്ടക്കടവിൽ നിന്ന് കോട്ടക്കൽ-പറപ്പൂർ ശുദ്ധജല വിതരണ പദ്ധതിക്കും, കല്ലക്കയത്തുനിന്ന് ഊരകം-വേങ്ങര-കണ്ണമംഗലം ശുദ്ധജല വിതരണ പദ്ധതിക്കും വേണ്ട വെള്ളം പമ്പ് ചെയ്യുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ കടലുണ്ടിപുഴ, കുഴിപ്പുറം തോട്, സ്വകാര്യ കിണറുകൾ, കുളങ്ങൾ, കുഴൽകിണറുകൾ, പൊതുകിണറുകൾ എന്നിവയാണ്. പഞ്ചായത്തിലെ ഇരുപത് ശതമാനത്തോളം വരുന്ന കുത്തനെയുള്ള ചെരിവുകളും പതിനഞ്ച് ശതമാനത്തോളം വരുന്ന ചെറിയ ചെരിവുകളും ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലാണ് കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്.

കുത്തനെ ചെരിവുള്ള പ്രദേശങ്ങൾ ചുള്ളിപ്പറമ്പ്, മേലെപറമ്പ്, ഇരിങ്ങല്ലൂർ ഭാഗത്തുള്ള ചെട്ടിയാംചോലമാട്, കോട്ടപറമ്പ്, വെട്ടം, കുഴിപ്പുറം ഭാഗത്ത് ചെനക്കൽ ഭാഗം, പറപ്പൂർ ഭാഗത്തുള്ള വാട്ടർ ടാങ്കിന്നു കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ, താണിക്കല്ല് ഭാഗം, തൂമ്പത്ത്ചോല, ഉണ്ണിയാൽ, എന്നിവയും ചെറിയ ചെരിവുള്ളവ ഇല്ലിപ്പുലാക്കൽ, ഏരുമപ്പുഴ, ചെട്ടിയാംചോല, വെട്ടം അമ്പലമാട്, ഉണ്ണിയാൽ വട്ടപ്പറമ്പ്, കുഴിപ്പുറം-മാട്ടണപ്പാട്ട്, മുക്കൻമാട് എന്നിവയുമാണ്.

കുത്തനെയും ചെറിയതുമായ ചെരിവുള്ള പ്രദേശങ്ങളിൽ മേൽമണ്ണിന്നടിയിൽ കരിമ്പാറയായതിനാൽ സാധാരണ കിണർ കുഴിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പഞ്ചായത്ത് മൊത്തത്തിൽ 75% ജനങ്ങൾക്കും മാർച്ച്-ഏപ്രിൽ-മെയ് മാസങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. ഇപ്പോൾ നിർമ്മാണം പൂർത്തിയായ രണ്ട് ശുദ്ധജല

വിതരണ പദ്ധതികളും ഭാഗികമായി പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ തന്നെ പുഴയിൽ ആവശ്യത്തിനു വെള്ളം തികയാത്ത സാഹചര്യമാണുള്ളത്. ഇവ പൂർണമായി പ്രവർത്തനക്ഷമമായാൽ തന്നെ പമ്പ് ചെയ്യുന്നതിനു വേണ്ട വെള്ളത്തിൻെറ അപര്യാപ്തത കൂടുതൽ രൂക്ഷമാകും.

## നിലവിലുള്ള സൗകര്യങ്ങൾ:-

വാർഡ് നമ്പർ, പൊതുകിണർ, കുഴൽ കിണർ ( വെള്ളമുള്ളത്, വെള്ളമില്ലാത്തത്) എന്ന ക്രമത്തിൽ:

| | | | |
|---|---|---|---|
| 1 | 5 | 1 | 1 |
| 2 | 1 | – | – |
| 3 | 2 | 2 | – |
| 4 | 3 | 1 | – |
| 5 | 4 | 5 | – |
| 6 | 1 | 2 | – |
| 7 | ' | ' | 1 |
| 8 | 2 | 1 | 1 |
| 9 | 2 | 2 | – |
| 10 | 3 | 2 | – |
| 11 | 2 | 1 | – |
| ആകെ: | 25 | 17 | 3 |

മേൽകാണിച്ച കിണറുകളിൽ 75 ശതമാനത്തിലും വേനൽക്കാലത്ത് വെള്ളം ആവശ്യത്തിന് ലഭിക്കാത്തതാണ്.

കോട്ടക്കൽ-പറപ്പൂര് പദ്ധതി പ്രകാരവും വേങ്ങര-ഊരകം-കണ്ണമംഗലം പദ്ധതി പ്രകാരവും പല റോഡുകളിലും പൈപ്പ്ലൈൻ നടത്തി ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജലവിതരണം നടത്താൻ കഴിയുന്നില്ല. പറപ്പൂര് പഞ്ചായത്തിൻെറ ഒത്തനടുവിലുള്ള പുഴയിൽ നിന്നും വെള്ളം പമ്പ് ചെയ്യാൻ സംവിധാനം ചെയ്തിട്ടുള്ള വേങ്ങര-ഊരകം-കണ്ണമംഗലം പദ്ധതിയിൽ, അതിൻെറ പേരുപോലെത്തന്നെ പറപ്പൂര് പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന 1, 2, 3, 4 വാർഡുകളിലെ ശുദ്ധജല വിതരണം ഇതേ പദ്ധതിയിൽ നിന്നു തന്നെ ന്യായമായും നടത്തേണ്ടതാണ്.

### നിർദ്ദേശങ്ങൾ:

1. 1982ൽ തുടങ്ങിയ പറപ്പൂർ-കോട്ടക്കൽ ശുദ്ധജല വിതരണ പദ്ധതി പതിന്നാല് വർഷം കഴിഞ്ഞിട്ടും പ്രവർത്തനം പരിപൂർണമായി ആരംഭിക്കാത്തതുകൊണ്ട് അതിൻെറ സാങ്കേതിക വൈകല്യങ്ങൾ പരിശോധിച്ച് പരിഹാരം കാണുകയും പദ്ധതി ഉടനടി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.
2. പഞ്ചായത്തിലെ മദ്ധ്യത്തിൽ കൂടി ഒഴുകുന്ന പുഴയിൽ കാട്ട്യാക്കാവ് കടവിൽ വെള്ളം തടഞ്ഞുനിർത്താനുള്ളതും ദീർഘവിക്ഷണത്തോടുകൂടിയതുമായ റഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മിക്കുകയും കോട്ടക്കൽ-പറപ്പൂർ പദ്ധതിക്ക് കൂമൻകല്ല് പാലത്തിന് വടക്കുഭാഗത്ത് പുതിയ കിണർ കുഴിച്ച് പമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. പുഴയിൽ വെള്ളം കെട്ടി നിർത്തുന്നതുമൂലം പഞ്ചായത്തിലെ എല്ല ഭാഗത്തും ജലനിരപ്പ് ഉയരാനും കാരണമാകുന്നതാണ്.
3. വേങ്ങര-ഊരകം-കണ്ണമംഗലം പദ്ധതിയിൽ താഴെ പറയുന്ന പറപ്പൂര് പഞ്ചായത്തിലെ സ്ഥലങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടേണ്ടതാണ്.

വാർഡ് നമ്പർ, പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട ഭാഗം എന്നീ ക്രമത്തിൽ:

I 1. വേങ്ങര-പറപ്പൂർ റോഡിൽ പൂഴച്ചാൽ വരെ
2. കിഴാറ്റുകുന്നത്ത്-അമലപ്പാടം റോഡ്
3. ചേക്കാലിമാട്-ഏരുമപ്പുഴ റോഡ്
4. പുത്തൻപള്ളി-ആശാരിപ്പടി
5. മേലെപറമ്പ്-ഇല്ലിപ്പുലാക്കൽ വാങ്കുഴിറോഡ്

II 1. അരീക്കുളം-കോട്ടപറമ്പ് റോഡ്
2. കൊഴിഞ്ഞിറോഡ്-പേങ്ങാട്ടുപറമ്പ് റോഡ്
3. ചന്നിയൻതൊടി റോഡ്
4. വെട്ടംപള്ളി റോഡ്
5. ചുള്ളിക്കാട് മദ്രസ റോഡ്

III 1. വേങ്ങര-ഊരകം ശുദ്ധജലപദ്ധതിയിൽ നിന്നും പൈപ്പുലൈൻ സ്ഥാപിക്കാൻ സാധ്യമായ എല്ലാ ഭാഗങ്ങളിലും സ്ഥാപിച്ച് പൊതുടാപ്പുകൾ ഏർപ്പെടുത്തുക.

IV 1. വേങ്ങര-ഒതുക്കുങ്ങൽ റോഡ്
2. കോട്ടപ്പറമ്പ്-അമ്പലമാട്-പുള്ളാട്ടങ്ങാടി റോഡ്
3. രാജീവ്ഗാന്ധി റോഡ്
4. പാലാണി-കുണ്ടാട്ടിൽകടവ് റോഡ്
5. പാലാണി-കാഞ്ഞിരക്കടവ് റോഡ്

V കോട്ടക്കൽ-പറപ്പൂര് ശുദ്ധജല വിതരണ പദ്ധതി കുഴിപ്പുറത്തേക്ക് നീട്ടുകയോ, കുഴിപ്പുറത്തിനു പ്രത്യേകമായി പുഴയിൽ നിന്നോ, കച്ചേരി മൈതാനി കുഴൽകിണറിൽ നിന്നൊ വെള്ളം പമ്പ് ചെയ്ത് വായനശാലക്ക് സമീപം വാട്ടർടാങ്ക് നിർമ്മിച്ച് ഈ വാർഡിലെ എല്ലാ റോഡിലും ഇടവഴിയിലും പൊതുവഴിയിലും പൈപ്പ്ലൈൻ ഇട്ട് ടാപ്പുകൾ സ്ഥാപിച്ച് ഈ പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം അടിയന്തരമായി പരിഹരിക്കണം.

V ചിനക്കലുള്ള കുഴൽകിണറിനു സമീപം ഒരു ടാങ്ക് നിർമ്മിച്ച് കുഴൽകിണറിൽ നിനനും വെള്ളം പമ്പ് ചെയ്ത പൈപ്പ്ലൈൻ വഴി ആറാം വാർഡിലെ 1. പൊട്ടിക്കല്ല്-കവല റോഡ്, 2. ചെനക്കൽ-കുമ്മൻചാട്ട് കടവ് റോഡ്, 3. ചെനക്കൽ-നാലുകണ്ടം ഇടവഴി, 4. ചെനക്കൽ-കാവപറമ്പ് റോഡ്,

5. ചെനക്കൽ-പാപ്പായി ഇടവഴി, 6. എളയാട്ട കടവ് ഇടവഴി, 7. വായനശാല-കുണ്ടാട്ടിൽ കടവ് ഇടവഴി, 8. ചാമച്ചേരി റോഡ് എന്നിവിടങ്ങളിലേക്ക് ജലവിതരണം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

കോട്ടക്കൽ-പറപ്പൂര് ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും 6 മുതൽ 11 കൂടിയ വാർഡുകളിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ കൂടി പൈപ്പ്ലൈൻ നീട്ടേണ്ടതാണ്.

VII 1. കുരിക്കൾ ബസാർ-കല്ലങ്ങാട്ടുവളപ്പ് റോഡ്
2. ചക്കിങ്ങൽമാട്-കല്ലങ്ങാട്ടുവളപ്പ് ഇടവഴി
3. വീണാലക്കൽ-കിഴക്കെകുണ്ട് ഇടവഴി
4. ആസാദ്നഗർ-പാത്തിയേക്കൽ ഇടവഴി
5. ആസാദ് നഗർ-പാത്തിയേക്കൽ റോഡ്
6. അണ്ണേങ്ങാടൻപടി-കിഴക്കേകുണ്ട് ഇടവഴി
7. കൂമൻകല്ല് ബൈപാസ് മെയിൻ റോഡ്

VIII 1. ചെമ്മിഞ്ചേരി-മുല്ലപ്പറമ്പ് ഭാഗം
2. വരമ്പൻചോല-കിളിയങ്കുന്ന്
3. പുത്തനാറക്കൽ-ചെങ്കുവട്ടി റോഡ്
4. പുത്തനാറക്കൽ പടിഞ്ഞാറെ ഇടവഴി-മൊല്ലപറമ്പ്

IX 1. പൊട്ടിപ്പാറ-കൊയൂർ റോഡ്
2. പൊട്ടിപ്പാറ-കാടേങ്ങക്കോട്ടി റോഡ്
3. മൊല്ലപ്പറമ്പ്-എൽ.പി. സ്കൂൾ റോഡ്
4. മൊല്ലപ്പറമ്പ്-കൊയൂർമാട് റോഡ്
5. തെക്കെകുളമ്പ്-താഴക്കദെട്ട്പടി റോഡ്
6. വട്ടപറമ്പൻെറ ഇടവഴി

X 1. ഹരിജൻ കോളനി-കുളത്തിങ്ങൽ റോഡ്
2. കാട്ട്പാടം-പാറക്കടവ് റോഡ്
3. ഉണ്ണിയാൽ-പുതുപ്പറമ്പ് റോഡ്
4. കണ്ണശ്ശനാല-പെരിഞ്ചന പുറായ റോഡ്
5. കണ്ണശ്ശനാല-കുളത്തിങ്ങൽ റോഡ്

XI 1. ഉണ്ണിയാൽ-വട്ടപറമ്പ് വെസ്റ്റ് ന്യൂസ്കൂൾ
2. പാറയിൽ-പാലപറമ്പ് വെസ്റ്റ് സ്കൂൾ
3. പാലപറമ്പ്-മദ്രസ റോഡ്
4. ഉണ്ണിയാൽ-ആച്ചാംകുന്ന് റോഡ്
5. പാറയിൽ-പള്ളിമാട് കോളനി

## പൊതുകിണർ ആവശ്യമായവ:

ഒന്നാം വാർഡിൽ ഇല്ലിപ്പുലാക്കൽ മേലെപറമ്പ്, ചേക്കാലിമാട്, നായർപടി എന്നിവിടങ്ങളിൽ പൊതുകിണറും ഒമ്പതാം വാർഡിൽ ലക്ഷംവീട് കോളനിയിലെ പൊതുകിണർ ഉപയോഗ യോഗ്യമാക്കുകയും പത്താം വാർഡിലെ ചോലക്കുണ്ട് സ്കൂൾ കോമ്പൗണ്ട്, ജുമാഅത്ത് പള്ളിക്കു സമീപം എന്നിവിടങ്ങളിൽ പുതിയ കിണർ കുഴിക്കുകയും ചെയ്യുക.

പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന മുറക്ക് വീടുകളിലേക്ക് വാട്ടർ കണക്ഷൻ കിട്ടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
പുതുതായി കുഴൽകിണർ ആവശ്യമുള്ളത്:

വാർഡ് 1. ഇല്ലിപ്പുലാക്കൽ.
2. നായർപടി, ചേക്കാലിമാട്, എടയാട്ടുപറമ്പ്, പുത്തൻപള്ളി, മേലേപറമ്പ്, റഹ്മത്ത് നഗർ

വാർഡ് 3. ഇരിങ്ങല്ലൂർ എ.എം.എൽ.പി.എസ്., വഴിനട
കുറ്റിത്തറയിലെ കേടായ കുഴൽകിണർ നന്നാക്കുക, പാലാണിയിൽ കുഴൽകിണറിന് മോട്ടോർ, ടാങ്ക് എന്നിവ സ്ഥാപിക്കുക
4. കോട്ടപറമ്പ്, കുന്നത്തിരിക്കുണ്ട്, ഇരിങ്ങല്ലൂർ എ.എം.എൽ.പി.എസിന് വടക്ക്, കാഞ്ഞിരക്കടവ്, അമ്പലമാട്, കിഴക്കേകുണ്ട്, പുള്ളാട്ടങ്ങാടി കുഴൽകിണറിന് മോടേടാർ, ടാങ്ക് എന്നിവ സ്ഥാപിക്കുക.
5. ജി.എൽ.പി.സ്കൂളിന് സമീപം, താഴെ പള്ളിക്ക് സമീപം, മേലെപള്ളിക്ക് സമീപം, താഴെ മദ്രസക്ക് സമീപം, മദ്രസത്തുൽ ഹുദാക്ക് സമീപം, ആലുങ്ങൽമാട് റോഡ്, കൃഷ്ണൻെറ വീടിനും അബുഹാജിയുടെ വീടിനും സമീപം, ചെവിടിക്കുന്നൻമാരുടെ കുണ്ടിൽ (നിലവിലുള്ള കുഴൽകിണറുകൾ വാഷ് ചെയ്യുക), കലങ്ങിയ വെള്ളം കിട്ടുന്ന കുഴൽകിണർ പമ്പ് മാറ്റി പുതിയ രീതിയിൽ വാഷ് ചെയ്ത് ഉപയോഗപ്രദമാക്കുക.
6. ചെനക്കൽ കുഴൽകിണറിന് ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തുക, ചാമച്ചിരിമാട്, കുഴിപ്പുറം മീൻകുഴി റോഡ്, (കിഴക്കേപള്ളിക്ക് സമീപം) മാട്ടണപ്പാട് മദ്രസക്കു സമീപം.
7. ടി.കെ. ബാപ്പുവിൻെറ ഇടവഴിക്ക് സമീപം, പന്തലൂക്കാരൻപടി, ബോർഡിംഗ് മദ്രസക്ക് സമീപം, കുഞ്ഞാപ്പമല (വളപ്പിൽ) ആസാദ്നഗർ, കയലാട്ടിൽമല റോഡിനെറ അവസാന ഭാഗം, കൊടുവഴികകൽ, വൈദ്യാർപടി (മുൻഗണനാക്രമത്തിൽ)
8. വരമ്പൻചോല റോഡിൽ പഞ്ചായത്തിനു സമീപം
9. പൊട്ടിപ്പാറ, കാടേങ്ങൽതൊട്ടി, ചുടലക്കത്തൊട്ടി, മുല്ലപറമ്പ്, ചുടല (താഴക്കാട്ട്പടി) തടം (മുല്ലപ്പറമ്പ്)
10. കപ്പച്ചോലക്കുണ്ട്, ആലച്ചുള്ളി ഞാറത്തടം റോഡ് (സി.പി. അബ്ദുറഹിമാൻെറ സമീപം), കള്ളിയത്ത്പാറ
11. നറുങ്ങിൽമാട്, മാട്ടിൽപീടിക (അംഗൻവാടിക്ക് സമീപം) ഉണ്യാൽ ഇറക്കം, പള്ളിമാട് കോളനി

നിലവിലുള്ള കുഴൽകിണറുകളിൽ ചെളി നിറഞ്ഞു വെള്ളം കേടുവന്നതിൽ യഥാസമയം അറ്റകുറ്റപണികൾ നടത്തി വെള്ളം ശുദ്ധമാക്കേണ്ടതാണ്.

## പരിസര ശുചിത്വം:

പഞ്ചായത്തിൽ ഒരു വാർഡിലും മീൻ, മാംസം എന്നിവക്ക് മാർക്കററുകൾ പ്രത്യേകമായി ഇല്ല. അതുകൊണ്ടുതന്നെ ഇഷ്ടംപോലെ കച്ചവടം ചെയ്യുകയും അറവുകൾ നടത്തുകയും ചെയ്യുന്നതിനാൽ അവയിൽ നിന്നു

ള്ള മാലിന്യങ്ങൾ സംസ്കരിക്കപ്പെടുന്നുമില്ല. കോട്ടക്കൽ-വേങ്ങര പ്രദേശങ്ങളിലെ കോഴി വിൽപ്പനക്കാർ കോഴിയുടെ അവശിഷ്ടങ്ങൾ പുഴയിലും തോട്ടിലും തള്ളുന്നത് ഒരു പ്രധാന ഭീഷണിയാണ്. കോട്ടക്കൽ പട്ടണത്തിലെ അഴുക്കുചാലുകളിലെ വെള്ളം പുത്തൂര് തോട്ടിലേക്ക് ഒഴുക്കിവിടുന്നത് വെള്ളം മലിനമാകുന്നതിനും പകർച്ചവ്യാധികൾക്കും കാരണമാകുന്നു. സ്കൂളുകൾക്ക് അടുത്തും പ്രധാന ജനവാസകേന്ദ്രങ്ങളിലും ചപ്പുചവറുകൾ കൂട്ടിയിടുന്നതിനാൽ പരിസരം മലിനമാകുന്നു. റോഡുകളുടെ ഓടകൾ യഥാസമയം വൃത്തിയാക്കാതിരിക്കുനനതിനാലും പല സ്ഥലത്തും അടഞ്ഞുകിടക്കുന്നതിനാലും വെള്ളം കെട്ടിനിൽക്കുവാനും കൊതുക് പെരുകുന്നതിനും കാരണമാകുന്നു. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജനം ചെയ്യുന്നത്-പ്രത്യേകിച്ചും പുഴയോരങ്ങളിലും തോടുകളിലും വേനൽകാലത്തും മഴക്കാലത്തും വെള്ളം അശുദ്ധമാക്കുകയും പകർച്ചവ്യാധികൾക്ക് കാരണമാകുകയും ചെയ്യുന്നു. പുഴയിലും തോട്ടിലും വാഹനങ്ങൾ ഇറക്കി കഴുകുന്നു.

### നിർദ്ദേശങ്ങൾ:

1. എല്ലാ വാർഡുകളിലും അറവുശാലകളും മാർക്കറ്റുകളും സ്ഥാപിക്കുകയും അവയുടെ അവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിന് പഞ്ചായത്ത് സൗകര്യമേർപ്പെടുത്തുകയും ചെയ്യുക.
2. അയൽപ്രദേശത്തു നിന്നും കോഴിയുടെ അവശിഷ്ടങ്ങൾ പുഴയിലും തോട്ടിലും തള്ളുന്നവർക്കെതിരെ കറശന നടപടി സ്വീകരിക്കുക.
3. കോട്ടക്കൽ പട്ടണത്തിലെ അഴുക്കുചാലിൽ കൂടെ വരുന്ന മലിനജലം തോട്ടിലേക്ക് ഒഴുക്കുന്നതിന്നെതിരെ ആ പഞ്ചായത്തിനെക്കൊണ്ട് നടപടി എടുപ്പിക്കുക.
4. സ്കൂളുകൾക്ക് സമീപം പ്രധാന ജനവാസകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ചപ്പുചവറുകൾ നിക്ഷേപിക്കാനും അവ സംസ്കരിക്കാനും ഏർപ്പാട് ചെയ്യുക.
5. പഞ്ചായത്തിൽ വെള്ളം കെട്ടിനിന്ന് മലിനമാകാതാരിക്കാൻ വേണ്ടത് ചെയ്യുക.
6. പുഴക്കരകളിലും തോട്ടിൻ കരകളിലും മറ്റു പൊതുസ്ഥലങ്ങളിലും മലമൂത്ര വിസർജനം ചെയ്യുന്നത് കർശനമായി തടയുക.
7. ആട്ടിരി തോട്ടിൽ പുത്തൂരിലും കുഴിപ്പുറം കടവിലും കൂമൻകല്ല് കടവിലും കാട്ട്യക്കാവ് കടവിലും വാഹനങ്ങൾ ഇറക്കി കഴുകുന്നത് കർശനമായി നിരോധിക്കുക.

ചെയർമാൻ: ടി.ടി. ബീരാവുണ്ണി (ഒപ്പ്)
വൈസ് കൺവീനർ: പി. ആലിക്കുട്ടി (ഒപ്പ്)
വൈസ് ചെയർമാൻ: ടി. അബൂബക്കർഹാജി,
എ.ഇ.ഇ., കെ.ഡബ്ല്യൂ.എ. (റിട്ട.)

| വാർഡ് നമ്പർ | പൊതുകിണർ | കുഴൽ കിണർ | |
|---|---|---|---|
| | | വെള്ളമുള്ളത് | വെള്ളമില്ലാത്തത് |
| 1 | 5 | 1 | 1 |
| 2 | 1 | - | - |
| 3 | 2 | 2 | - |
| 4 | 3 | 2 | - |
| 5 | 4 | 5 | - |
| 6 | 1 | 2 | - |
| 7 | - | | 1 |
| 8 | 2 | 1 | 1 |
| 9 | 2 | 2 | - |
| 10 | 3 | 2 | - |
| 11 | 2 | 1 | - |
| ആകെ | 25 | 17 | 3 |

# 5.5

## വ്യവസായം

പൊതുമേഖലയിലോ സ്വകാര്യമേഖയിലോ വൻകിട വ്യവസായ യൂനിറ്റുകൾ ഒന്നും തന്നെയില്ലാത്ത പറപ്പൂർ ഗ്രാമപഞ്ചായത്തിന് വ്യവസായിക രംഗത്ത് കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല .വിവിധ വാർഡുകളിലായി 15 പൊടിമില്ലുകളും 7 ഫർണിച്ചർ വ്യവസായ യൂണിറ്റുകളും 4 തടിമില്ലുകളുമാണ് പ്രധാനമായും ഉള്ളത് .പാലാണിയിൽ ഒരു ചെരുപ്പു നിർമാണ കേന്ദ്രവും കുരിക്കൾ ബസാറിൽ ഒരു വെൽഡിംഗ് യൂണിറ്റും (എഞ്ചിനിയറിംഗ്) പ്രവർത്തിക്കുന്നു . സിമന്റ് കട്ട നിർമാണം, ടെയ്‌ലറിംഗ്,കൊപ്രസംസ്കരണം,ബേക്കറി നിർമാണം തുടങ്ങിയ വ്യവസായങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്നുണ്ട് .

പഞ്ചായത്തിന്റെ വിവിധ വ്യവസായ മേഖലകളിലായി ആകെ 362 പേർ ജോലി ചെയ്യുന്നു .മൊത്തം തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ് .പരമ്പരാഗതവ്യവസായങ്ങളിൽ പ്രമുഖം മൺപാത്രമിർമ്മാണമാണ് .140 തൊഴിലാളികളുണ്ട് ഈ വിഭാഗത്തിൽ . ഇതിൽ 75 പേർ പുരുഷന്മാരും 65 പേർ സ്ത്രീകളുമാണ് .മൺപാത്രനിർമാണ ജോലിക്കാരുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണപ്പെടുന്നത് .മണ്ണ് ലഭിക്കാത്തതും അധ്വാനത്തിനനുസരിച്ച് പ്രതിഫലം ലഭിക്കാത്ത്തുമാണ് ഇതിനു കാരണം . യന്ത്രസാമഗ്രികളുടെ സഹായത്താൽ ഇവ വികസിപ്പിച്ചെടുക്കാവുന്നതാണ് .

പഞ്ചായത്തിനു പുറത്തുള്ള വ്യവസായ ശാലകളിൽ പണിയെടുക്കുന്ന 47 ആളുകളുണ്ട് .ഇവരിൽ 22 പേർ എടരിക്കോട് സ്പിന്നിംഗ് മില്ലിലും 15 പേർ കോട്ടക്കൽ സ്പിന്നിംഗ് മില്ലിലും 15 പേർ കോട്ടക്കൽ ആര്യവൈദ്യശാലയിലും 10 പേർ കുറ്റിപ്പുറം സ്പിന്നിംഗ് മില്ലിലും പണിയെടുക്കുന്നു . കൂടതെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ വ്യവസായശാലകളിലും ജോലി ചെയ്യുന്ന നിരവധി ആളുകളുണ്ട് .

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക 1 ലും പരമ്പരാഗതകുടിൽ വ്യവസായങ്ങൾ പട്ടിക 2ലും കൊടുത്തിരിക്കുന്നു .

**പ്രശ്നങ്ങൾ**

18.5 ചതുരശ്ര കിലോമീറ്റർ വിസ്തീർണവും 26,047 വരുന്ന ജനസംഖ്യയും 5,268 വീടുകളുമുള്ള ഈ പഞ്ചായത്തിൽ വ്യവസായ വളർച്ചക്കാവശ്യമായ അനുകൂലഘടകങ്ങളുണ്ടായിട്ടും ഒരു വ്യവസായ യൂണിറ്റുപോലും വളർന്നുവരാത്തത് ഗൗരവമായി കണേണ്ടിയിരിക്കുന്നു .ഉയർന്ന ഉപഭോക നിലവാരമുണ്ടായിട്ടും വ്യവസായിക വളർച്ച കൈവരിക്കാൻ സാധിക്കാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ് .

1 അതി രൂക്ഷമായ വൈദ്യുതിക്ഷാമം .

2 സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന തടസ്സങ്ങൾ .

3 വ്യവസായങ്ങൾക്കു വേണ്ട ഭൂമി മിത വിലക്കുകിട്ടായ്ക .

4 വിൽപന നികുതി സൃഷ്ടിക്കുന്ന വിഷമങ്ങൾ .

5 .അസംസ്കൃത പദാർത്ഥങ്ങളുടെ വില വർദ്ധനയോടൊപ്പം അമിതമായ നിർമാണചെലവും .

6 കുത്തക കമ്പനികളുടെ ഉൽപന്നങ്ങളുമായി കിടപിടിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം .

7 .തടി വ്യവസായ ശാലകൾ നേരിടുന്ന പ്രധാന പ്രശ്നമായ ഗുണനിലവാരമുള്ള തടിയുടെ ദൗർലഭ്യം .

8 സ്റ്റീൽ ഫർണ്ണീച്ചറിന്റെ കടന്നു കയറ്റം .

9 വ്യവസായ സംരഭകർക്ക് വേണ്ട ബോധവത്കരണത്തന്റെയും പ്രോത്സാഹനത്തിന്റെയും അഭാവം .

ഇത്തരം പ്രശ്നങ്ങളൊക്കെയുണ്ടെങ്കിലും വ്യവസായ വളർച്ചക്കാവശ്യമായ ധാരാളം അനുകൂല ഘടകങ്ങൾ പഞ്ചായത്തിലുണ്ട് .അവ പ്രയോജനപ്പെടുത്തി വ്യവസായരംഗം മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമായിരിക്കുന്നു .

**അനുകൂലഘടകങ്ങൾ**

1 .ഭൂമിവില കൂടുതലാണെങ്കിലും ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കാൻ പറ്റിയ സ്ഥലസൗകര്യങ്ങൾ പഞ്ചായത്തിലുണ്ട് .

2. വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള തൊഴിൽ രഹിതരായ ,വ്യവസായം തുടങ്ങാൻ തൽപരരായ നിരവധി ആളുകൾ പഞ്ചായത്തിലുണ്ട് .

3. വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ താൽപര്യവും ആത്മധൈര്യവുമുള്ള വനിതാ ഗ്രൂപ്പുകൾ പഞ്ചായത്തിലുണ്ട് .

4 ഗതാഗതവാർത്താവിനിമയസൗകര്യങ്ങൾ ഉണ്ട് .

5 മികച്ച കാർഷികോൽപന്നങ്ങളായ നാളികേരം, അടയ്ക്ക, മരച്ചീനി, ഏത്തക്കായ, അച്ചാർനിർമ്മാണത്തിനാവശ്യമായ പച്ചക്കറികൾ തുടങ്ങിയവ സുലഭമായി ലഭിക്കുന്നു .

6 ഉയർന്ന ഉപഭോഗനിലവാരം .

**സാധ്യതകൾ**

പഞ്ചായത്തിൽ പ്രാഥമിക മേഖലയായ കൃഷിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ചെറുകിട വ്യവസായങ്ങൾക്ക് സാധ്യതകൂടുതലാണ് .മുഖ്യ കാർഷികോൽപന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല .തെങ്ങിൽ നിന്നും കിട്ടുന്ന വിഭവങ്ങളുപയോഗിച്ച് വിവിധയിനം വ്യവസായങ്ങൾ തുടങ്ങുന്നതിൽ ഒരു ബോധവത്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരഭകരെ ആകർഷിക്കനും അതുവഴി ഒരു നാളികേരകോംപ്ലക്സ്തന്നെ സ്ഥാപിക്കാനുള്ള സാധ്യതയും ഇവിടെയുണ്ട് .വ്യവസായ വകുപ്പ് കുടിൽവ്യവസായത്തിലൂടെ ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ബോധവത്കരണവും പരിശീലനവും നൽകുകയാണെങ്കിൽ ഇത്തരം ഉപകരണങ്ങൾ കുടിൽ വ്യവസായത്തിലൂടെ ഉണ്ടാക്കാവുന്നതാണ് . വീട് നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന ഒരു സ്ഥാപനത്തിനും പഞ്ചായത്തിൽ സാധ്യത കൂടുതലാണ് . വ്യവസായ വകുപ്പിന്റെ കീഴിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സെറിഫെഡിന്റെ ആനുകൂല്യത്തോടെ കുറഞ്ഞ മുതൽ മുടക്കിൽ പഞ്ചായത്തിൽ ഒരു പട്ടുനൂൽ വളർത്തുന്ന യൂണിറ്റ് തുടങ്ങാൻ കഴിയും .

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്ന് ലഭിക്കുന്ന അസംസ്കൃത വസ്തുക്കളുപയോഗിച്ച് ചുരുങ്ങിയ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിറ്റുകൾ .

**ജനറൽ എസ് എസ് ഐ .വിഭാഗം**

1 വെളിച്ചെണ്ണ

2 കന്നുകാലിത്തീറ്റ .

3 ചിപ്സ് നിർമാണം .

4 ചവിട്ടി ,കിടക്ക ,ചൂടിപ്പടം തുടങ്ങയവ .

5 യന്ത്രവത്കൃത ചൂടി നിർമ്മാണം .

6 പേപ്പർ പൾപ്പ് ഉപയോഗിച്ചുള്ള കരകൗശല വസ്തു .

7. തെങ്ങ് ,ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ .

8. മാങ്ങ, നാരങ്ങ തുടങ്ങിയവ കൊണ്ട് അച്ചാർനിർമ്മാണം .

9 തീപ്പെട്ടി നിർമ്മാണം .

10. അടയ്ക്ക സംസ്കരണം .

ചുരുങ്ങിയ മുതൽമുടക്കിൽ ,കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ താഴെ കൊടുത്തിരിക്കുന്നു .

**ജനറൽ എസ് എസ് ഐ വിഭാഗം**

1 ഹവായ് ചെരുപ്പ് .

2 സ്കൂൾ ബാഗ് .

3 മരം ഫർണീച്ചർ .

4 ആയുർ വേദമരുന്ന് നിർമ്മാണം .

5 സ്വിച്ച് ബോർഡ് .

6 അലുമിനിയം പാത്രങ്ങൾ .

7. ലിക്വിഡ് ഡിറ്റർജന്റ് ,ക്ലീനിംഗ് പൗഡർ .

8 മോട്ടോർ ബൈന്റിംഗ് .

9 ജനറൽ എഞ്ചിനിയറിംഗ് .

**വനിത**

1 കറിപൗഡർ .

2 റെഡിമെയ്ഡ് വസ്ത്രങ്ങൾ .

3 തലയണ ,കടക്ക നിർമ്മാണം .

4 കാർഡ് ബോർഡ് പെട്ടികൾ .

**സഹകരണ സംഘം ജനറൽ .**

1 ഇഷ്ടിക നിർമ്മാണം .

2 സിമെന്റു കൊണ്ട് ജനാല ,വാതിൽ തുടങ്ങിയവ .

3 അരിപ്പൊടി നിർമ്മാണം .

4 മിഠായി നിർമ്മാണം .

**സഹകരണ സംഘം വനിത .**

1 വീവിംഗ് (നെയ്ത്ത്)

2 കുട ,നോട്ടുബുക്ക് നിർമ്മാണം .

3 കരിങ്കല്ല് ഉടച്ച് ചില്ലിയാക്കൽ .

4 പേപ്പർ കവർ നിർമ്മാണം .

**സഹകരണ സംഘം പട്ടികജാതി .**

1 സിമെന്റ് ഇഷ്ടിക നിർമാണം .

2 ടെയ്‌ലറിംഗ് .

3 കളിമൺ വ്യവസായം

സ്ഥലത്തിന്റെ അപര്യാപ്തതയും വൈദ്യുത പ്രതിസന്ധിയും കാരണം വൻകിട വ്യവസായത്തിനുള്ള സാധ്യത കുറവാണ് .പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതി ക്ഷാമം പരിഹരിക്കുക .

**മറ്റ് ഗ്രാമസഭാ നിർദ്ദേശങ്ങൾ .**

1 പട്ടുനൂൽ വ്യവസായം .

2 ബേക്കിംഗ് യൂണിറ്റ് .

3 വീവിംഗ് സെന്റർ

4 ചകിരി പിരിക്കൽ വ്യവസായം .

5 കൊപ്ര വ്യവസായം .

6 ഇലക്ട്രോണിക് ഉത്പന്നങ്ങൾ .

7 പായ നെയ്ത്ത് .

8 പപ്പട നിർമ്മാണം .

9 പാലുൽപന്നങ്ങൾ .

**നിർദ്ദേശങ്ങൾ .**

1 വ്യവസായം തുടങ്ങുന്നതിന് താത്പര്യമുള്ളവരെ കണ്ടെത്തുന്നതിനാവശ്യമായ പരസ്യം നൽകുകയും കണ്ടെത്തുന്ന വ്യവസായസംരഭകർക്ക് നിരന്തരമായി പ്രോത്സാഹനം നൽകുകയും ചെയ്യുക .

2 കൗതുകവസ്തുക്കൾ നിർമ്മിക്കുന്നതിന് വിദഗ്ധ പരിശീലനം നൽകാൻ സംവിധാനമുണ്ടാക്കുക .

3 കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ വരുമാനം നൽകുന്ന പട്ടുനൂൽ വ്യവസായത്തിനെ കുറിച്ച് ബോധവത്കരണം നടത്തുക .

4 എല്ലാ വൈദ്യുതി ലൈനുകളും ത്രീഫേസ് ആക്കി മാറ്റുവാൻ നടപടിസ്വീകരിക്കുക .

ഇത്രയും കാര്യങ്ങൾ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ നടപ്പിലാക്കാൻ കഴിയുകയാണെങ്കിൽ വ്യവസായ രംഗത്ത് ഒരു വമ്പിച്ച നേട്ടം തന്നെ കൈവരിക്കാൻ ഈ പഞ്ചായത്തിന് സാധിക്കും . പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും തൊഴിലില്ലായ്മ പരിഹരിക്കാനും വ്യാവസായിക മേഖല അഭിവൃദ്ധിപ്പെടുത്തേണ്ടത് അത്യാവശ്യമാണ് .

❖

തയ്യാറാക്കിയത്

ചെയർമാൻ :പി .ഇബ്രാഹിം കുട്ടി ഹാജി

കൺവീനർ :ഐ .സലീം .

## I ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായ ങ്ങൾ | തൊഴിലാളികൾ | | |
|---|---|---|---|---|---|
| | | | പുരുഷന്മാർ | സ്ത്രീ | ആകെ |
| 1 | പൊടി വ്യവസായം | 15 | 21 | 21 | 22 |
| 2 | തടി വ്യവസായം | 4 | 33 | - | 33 |
| 3 | ഫർണീച്ചർ വ്യവസായം | 7 | 42 | - | 42 |
| 4 | എഞ്ചിനിയറിംഗ് | 1 | 5 | - | 5 |
| 5 | ചെരുപ്പു നിർമ്മാണം | 1 | 3 | - | 3 |
| 6 | ഓയിൽ മില്ല് | 1 | 2 | - | 2 |
| 7 | സിമന്റ് കട്ട | 6 | 15 | - | 15 |
| 8 | റെഡിമെയ്ഡ് & ടെയ്റിംഗ് | 12 | 12 | 22 | 34 |
| 9 | കൊപ്ര | 8 | 29 | 6 | 34 |
| 10 | മറ്റുള്ളവ | 4 | 5 | 12 | 17 |
| | ആകെ | 59 | 167 | 41 | 208 |

## പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

**പട്ടിക 2**

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പുരുഷന്മാർ | സ്ത്രീ | ആകെ |
| 1 | മൺപാത്രനിർമ്മാണം | 52 | 84 | 136 |
| 2 | പപ്പടം | 1 | 4 | 5 |
| | ആകെ | | | |

| തൊഴിൽ | സ്ത്രീ | പുരുഷൻ | മൊത്തം |
|---|---|---|---|
| മുഖ്യ തൊഴിലുകൾ | 1476 | 6640 | 8116 |
| ഭാഗിക തൊഴിലുകൾ | 590 | 810 | 1400 |
| മൊത്തം | 2066 | 7450 | 9516 |
| തൊഴിൽ പങ്കാളിത്ത നിരക്ക് | 15.39 | 59 | 36.53 |

| തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം | % |
|---|---|---|---|---|
| കൃഷിക്കാർ | 2975 | 525 | 3500 | 34.12 |
| കർഷക തൊഴിലാളികൾ | 1475 | 500 | 1975 | 24.33 |
| കുടിൽ വ്യവസായം | 75 | 65 | 140 | 1.72 |
| കെട്ടിട നിമ്മാണം | 515 | 165 | 680 | 8.37 |
| വാണിജ്യം | 200 | - | 200 | 2.46 |
| മറ്റു സേവന മേഖലകൾ | 1400 | 221 | 162 | 19.97 |
| മൊത്തം തൊഴിലാളികൾ | 6640 | 1476 | 9116 | 100 |

5

6

# ഊർജ്ജം ഗതാഗതം

ഊർജത്തിൻെറ ഉറവിടം പ്രകൃതിയിൽ നിന്നും കിട്ടുന്ന അനേകം വസ്തുക്കളിൽ അടങ്ങിയിരിക്കുന്നു. പ്രധാനമായും ഊർജ ത്തിനു വേണ്ടി നാം ആശ്രയിക്കുന്നത് വിറക്, കൽക്കരി, മണ്ണെണ്ണ, ഡീസൽ, പെട്രോൾ, ജലം, സൂര്യതാപം, കാറ്റ് എന്നിവയെ ആണ്. മനുഷ്യജീവിതത്തിൻെറ നാനാതുറകളിലും ഊർജം ആവശ്യമാണ്. ആധുനിക ലോകത്തി ൻെറ കണ്ടുപിടുത്തങ്ങളിൽ മനുഷ്യരാശിക്ക് ഏറ്റവും പ്രയോജനപ്രദമായ ഒരു ഊർജമാ ണ് വൈദ്യുതി. വൈദ്യുതി കണ്ടുപിടിച്ചതോ ടെ ആധുനിക ലോകം മറ്റെല്ലാം ഊർജവസ്തു ക്കളെയും അവഗണിക്കാൻ തുടങ്ങി. അതിന് കാരണം ഉപയോഗിക്കാനുള്ള സൗകര്യം, അതി ൻെറ ശക്തി എന്നിവയാണ്. എന്നാലും ചില കാര്യങ്ങൾക്കായി മറ്റു ഊർജവസ്തുക്കളും നാം ഉപയോഗിക്കുന്നു. ഉദാഹരണം വണ്ടി കൾ ഓടിക്കാൻ ഡീസലും പെട്രോളും മറ്റും. വൈദ്യുതി ഉത്പാദിപ്പിക്കാൻ മേൽപറഞ്ഞവ യിൽ ഏതെങ്കിലും ഒരു ഊർജം ആവശ്യമാ ണ്. ആദ്യകാലത്ത് വെള്ളം തിളപ്പിച്ച് ആവികൊ ണ്ടും യന്ത്രങ്ങൾ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉൽപാദിപ്പിച്ചിരുന്നു. ഇത് ലാഭകരമല്ലാതെ വന്നതിനാൽ കൂടുതൽ ചൂടുകിട്ടുന്നതായ കൽക്കരി ഉപയോഗിച്ച് ഇപ്രകാരം വൈദ്യുതി ഉത്പാദിപ്പിക്കാൻ തുടങ്ങി. എന്നാൽ കൽക്കരി ക്ഷാമം നേരിട്ടപ്പോൾ മറ്റു പോംവഴികളെപറ്റി ആലോചിക്കേണ്ടി വന്നു. അപ്പോഴേക്കും വിദേശ രാജ്യങ്ങളിൽ ഓയൽ ഉപയോഗിച്ചും വിദേശ രാജ്യങ്ങളിൽ ഓയൽ ഉപയോഗിച്ചും ആറ്റമിക്ക് പവർ ഉപയോഗിച്ചും ജലസംഭരണി കൾ മുഖേനയും വൈദ്യുതി ഉത്പാദിപ്പി ക്കാൻ തുടങ്ങി അങ്ങനെയാണ് ഇന്ത്യയിലും ജലവൈദ്യുത പദ്ധതികൾ രൂപംകൊണ്ടത്. ഭൂമിയിലെ ജലസമ്പത്തിനെ ആശ്രയിച്ചാണ് ഇതിന് രൂപകൽപന നടത്തിയിട്ടുള്ളത്. ഉയർന്ന മലമ്പ്രദേശങ്ങളിൽ സ്ഥിതിചെ യ്യുന്ന നദികളിൽ അണക്കെട്ടുകൾ നിർമിച്ചു വെള്ളം കെട്ടിനിർത്തി അനേകം അടി താഴേ ക്കും കുത്തനെയുള്ള തുരങ്കങ്ങളിൽ കൂടി യും പൈപ്പുകളിൽ കൂടിയും ശക്തിയോടെ ഒഴുകി ജനറേറ്ററുകൾ പ്രവർത്തിപ്പിച്ചാണ് വൈ ദ്യുതി ഉത്പാദിപ്പിക്കുന്നത്. ഏറ്റവും ലാഭകരമാ യി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന തും ജലവൈദ്യുത പദ്ധതികളിൽ നിന്നു തന്നെ. ഇതിനു മറ്റൊരു വലിയ ഗുണം കൂടി യുണ്ട്. പരിസര മലിനീകരണം ഒട്ടുംതന്നെ ഉണ്ടാകുന്നില്ല. മാത്രവുമല്ല വൈദ്യുതി ഉത്പ്പാ ദനം കഴിഞ്ഞു പുറത്തേക്കു വരുന്ന വെള്ളം കൃഷിക്ക് ഉപയോഗിക്കാവുന്നതുമാണ്.

മറ്റു തരത്തിൽ വൈദ്യുതി ഉൽപാദിപ്പി ക്കുന്ന മേഖലകളിൽ പരിസര മലിനീകരണം മുഖ്യപ്രശ്നമാണ്.

എന്നാൽ ഏറ്റവും ദയനീയമായ വസ് തുത ജലവൈദ്യുത സ്റ്റേഷനുകൾ പ്രവർത്തി പ്പിക്കാൻ ആവശ്യമായ വെള്ളം നമുക്കു

ഭിക്കുന്നില്ല എന്നതാണ്. നമ്മുടെ ജലസ്രോതസ് മഴയാണല്ലോ. കൊല്ലത്തിൽ അഞ്ച് മാസം മഴ ലഭിച്ചിട്ടും ഒരു വർഷത്തേക്ക് വേണ്ട വൈദ്യുതി ഉത്പാദിപ്പിക്കാൻ ആവശ്യമായ വെള്ളത്തിൻെറ പകുതിപോലും നമുക്കു ലഭിക്കുന്നില്ല എന്നതാണ് കണക്കുകൾ കാണിക്കുന്നത്. അതിനാലാണ് കറൻറ് കട്ടും ലോഡ് ഷെഡിംഗും ഒക്കെ ആവശ്യമായിവരുന്നതത്രെ.

കേരളത്തിൻെറ വൈദ്യുതി ഉപയോഗത്തിൻെറ 95 ശതമാനം ജലവൈദ്യുത പദ്ധതികളിൽ നിന്നാണ് ലഭിക്കുന്നത്. എന്നാൽ ഇന്ത്യയിൽ ഇതരസംസ്ഥാനങ്ങളിൽ മറ്റുതരത്തിൽ വിപുലമായി വൈദ്യുതി ഉത്പാദിപ്പിച്ചു വരുന്നു. അവയിൽ പ്രധാനമായവ അണു ശക്തി കൊണ്ടും പ്രവർത്തിപ്പിക്കുന്ന നിലയങ്ങളാണ്. മഹാരാഷ്ട്ര, തമിഴ്നാട്, രാജസ്ഥാൻ, ആന്ധ്ര മുതലാ സംസ്ഥാനങ്ങളിലായി അഞ്ച് അണുശക്തി നിലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഏതാനും താപവൈദ്യുതി നിലയങ്ങളും കേരളത്തിന് വെളിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയൊക്കെ കേന്ദ്രപൂളിലാണ്. നമുക്കും ഇവയിൽ നിന്നും ചെറിയ വിഹിതം കിട്ടുന്നുണ്ടെങ്കിലും അതു പൂർണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ആവശ്യമായ ട്രാൻസ്മിഷൻ ലൈനുകൾ ഇല്ല എന്നതു തന്നെ കാരണം.

കൽക്കരി, ലിഗ്നൈറ്റ്, ഡീസൽ, കാറ്റ്, സൗരോർജം എന്നിവയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട് മറ്റു സംസ്ഥാനങ്ങളിൽ. എന്നാൽ ഇത്തരത്തിലുള്ളവ കേരളത്തിൽ ഇല്ല. തീരെ ഇല്ലെന്നല്ല. അൽപം ചിലവ പ്രവർത്തിപ്പിക്കുന്നുണ്ടെങ്കിലും അവയൊന്നും കേരളത്തിൻെറ ആവശ്യത്തിൻെറ നൂറിൽ ഒരംശത്തിനുപോലും തികയുകയില്ല. ജനസാന്ദ്രത കൂടിയ സംസ്ഥാനമായതിനാൽ കേരളത്തിൽ അണുശക്തി നിലയം പ്രവർത്തിപ്പിക്കൽ പ്രശ്ന സങ്കീർണമായ ഒന്നാണ്.

മഴ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഡീസൽ പവർസ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ് ഇന്നത്തെ നിലക്കും കേരളത്തിന് അനുയോജ്യവും കരണീയവുമായിട്ടുള്ളത്. കാറ്റിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കാവുന്നതാണ്. എന്നാൽ ഇതിന് ഏത് സമയത്തും വീശിയടിക്കുന്ന കാറ്റും അതിന് പറ്റിയ സ്ഥലവും വേണം. അതും കേരളത്തിൽ കുറവാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലും, മൂന്നാറിലും പാലക്കാട് ജല്ലയിലും ചെറിയതോതിൽ ഇങ്ങനെ വൈദ്യുതി ഉൽപാദിപ്പിക്കുണ്ട്. ഇവ കൂടാതെ കടൽ തിരമാലകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും. തിരമാലകൾ ഒരു തുരങ്കത്തിലേക്ക് കടത്തിവിട്ടു ജനറേറ്ററുകൾ പ്രവർത്തിപ്പിക്കാമെന്നും ജപ്പാൻകാർ തെളിയിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ കേരളത്തിൽ ഈ പദ്ധതി തുടങ്ങിയപ്പോൾ തന്നെ മുടങ്ങി. കുറേ പണം ചെലവഴിച്ച് പരീക്ഷണം നടത്തി നോക്കി പരാജയപ്പെട്ടു എന്നാണ് അറിയുന്നത്.

കിട്ടാവുന്ന ജല വിഭവങ്ങൾ എല്ലാം ഉപയോഗപ്പെടുത്തിയാൽ ഒരു പരിധിവരെ നമ്മുടെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ സാധിക്കും.

പരിസ്ഥിതിയുടെ പേരിൽ നിർത്തിവച്ച സൈലൻറ് വാലി, കാരപ്പാറ- കരിയാർകുറ്റി പദ്ധതിൾ വളരെയധികം വൈദ്യുതി ഉൽാദപ്പിക്കാൻ കഴിയുന്നവയാണ്. ഇതിൽ സൈലൻറ് വാലികൊണ്ട് ഏറ്റവുമ അധികം പ്രയോജനം ലഭിക്കുക മലപ്പുറം ജില്ലക്കാണ് വർഷങ്ങൾക്ക് മുമ്പ് ലക്ഷങ്ങൾ ഈ പദ്ധതികൾക്കായി ചെലവഴിച്ചതാണ്. ഈ രണ്ട് പദ്ധതികളുടെ പണി പുനരാരംഭിക്കുന്ന കാര്യം പുനഃപരിശോധനക്കും വിധേയമാകേണ്ടതാണ്. എത്രയും പെട്ടെന്ന് ഇക്കാര്യം കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിൻെറ പരിഗണനക്കായി കൊണ്ടും വരേണ്ടതാണ് കഴിവതും വേഗം പണി പൂർത്തിയാക്കുകയും വേണം. ഈ പദ്ധതികൾ പൂർത്തീകരിച്ചാൽ യാതൊരുവിധ പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാവുകയില്ല. പദ്ധതികൾ പൂർത്തിയായാൽ ഒന്നാംതരം തടാകം അവിടങ്ങളിൽ രൂപം കൊള്ളുമെന്ന കാര്യത്തിൽ സംശയമില്ല. ധാരാളം കാട്ടുമൃഗങ്ങൾക്കും പക്ഷികൾക്കും ജീവിക്കാൻ ഇത് പശ്ചാത്തലമൊരുക്കും. മാലിന്യങ്ങൾ ഒന്നും തന്നെ ഉണ്ടാവുകയില്ല. ബഹുജനങ്ങൾ ഇതിനായി മുന്നോട്ടു വരേണ്ടിയിരിക്കുന്നു. നമ്മുടെ നാട്ടിലെ ജനപ്രതിനിധികളും ഈ പദ്ധതികൾ പ്രാവർത്തികമാക്കാൻ മുന്നിട്ടിറങ്ങണം.

കേരളത്തിൽ ധാരാളം ചെറുപുഴകൾ ഒഴുകുന്നുണ്ട്. അവയിൽ നിന്നും ചെറിയതോതിൽ വൈദ്യുതി ഉൽപാദിപ്പിക്കാവുന്നതാണ്. കൂടാതെ പണി നിർത്തിവെച്ചവയും പണി നടന്നുകൊണ്ടിരിക്കുന്നതുമായ എല്ലാ പദ്ധതികളും യുദ്ധകലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് ഉൽപാദനം തുടങ്ങണം. (പട്ടിക കൊടുത്തിട്ടുണ്ട്)

വരും നാളുകളിൽ വൈദ്യുതി ക്ഷാമം രൂക്ഷമായിരിക്കും എന്നാണ് കണക്കുകൾ കാണിക്കുന്നത്. നമ്മുടെ ഉത്പാദനവും ഉപയോഗവും തമ്മിൽ പൊരുത്തപ്പെടാതായിട്ടും വർഷങ്ങളായി ഉപഭോഗം നാൾക്കുനാൾ വർധിക്കുന്നു. എന്നാൽ ഉൽപാദനം ഒട്ടും തന്നെ കൂടിയിട്ടുമില്ല. ഇപ്പോൾ തുടങ്ങിവച്ച പദ്ധതികൾ എല്ലാം തന്നെ പൂർത്തീകരിച്ചാലും വൈദ്യുതി ക്ഷാമം തീരുകയില്ല. ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും പഞ്ചായത്തിൽ നടപ്പാക്കേണ്ടതുമായ വൈദ്യുതി വികസന ജോലികൾ പൂർത്തീകരിച്ചാൽ ഇന്ന് ഈ പഞ്ചായത്തിൽ മൊത്തം ഉപയോഗിക്കുന്നതിൻെറ ഇരട്ടിയിലധികം വൈദ്യുതി വേണ്ടിവരും. നമ്മുടെ ജില്ലയിൽ വൈദ്യുതി ഉത്പാദന യൂണിറ്റുകൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ മറ്റു പോംവഴികൾ തേടേണ്ടിയിരിക്കുന്നു.

ഒരു ഡീസൽ ജനറേറ്റർ പഞ്ചായത്തിൽ സ്ഥാപിക്കണം.

സൗരോർജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതിയെപ്പറ്റിയും ചിന്തിക്കാ

വുന്നതാണ്. മഹാരാഷ്ട്രയിലെ പിംവിൾവാൾ ട്ടിയിൽ ഇത് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് കേന്ദ്ര സൗരോർജ മന്ത്രാലയത്തിൻെറ സഹായം തേടാവുന്നതാണ്.

## സ്ഥിതിവിവരക്കണക്ക്

● നമ്മുടെ പഞ്ചായത്ത് പ്രദേശത്തേക്കും വൈദ്യുതി വിതരണം നടത്തുന്നത് പ്രധാനമായും എടരിക്കോടും 66 കെ.വി. സബസ്റ്റേഷനിൽ നിന്നാണ്. വർഷങ്ങൾക്കു മുമ്പേ ഓവർ ലോഡ് കൊണ്ട് വിഷമിക്കുന്ന സബ് സ്റ്റേഷനാണ് എടരിക്കോട്. കോട്ടക്കൽ, തിരൂരങ്ങാടി, പുത്തനത്താണി, വളാഞ്ചേരി എന്നീ മേജർ സെക്ഷനുകളും, എടരിക്കോടും വേങ്ങര വെന്നിയൂർ എന്നീ ഇലക്ട്രിക് സെക്ഷനുകളിലേക്കും കൂടാതെ തിരൂരിൻെറ ചില ഭാഗങ്ങളിക്കേും ഈ സബ്സ്റ്റേഷനിൽ നിന്നാണ് ഫീഡ് ചെയ്യുന്നത്. നിലവിലുള്ള സംവിധാനം വച്ച് ഇത്രയും ലോഡ് താങ്ങാനുള്ള കഴിവ് ഈ സ്റ്റേഷനില്ല. മൊത്തം 7600 -ഓളം കൺക്ഷനുകൾ ഈ സ്റ്റേഷൻെറ പിരിധിയിൽ വരുന്നതാണ്. അതേസമയം ഇതിൻെറ പകുതിവരുന്ന ലോഡ് തെക്കന ജില്ലകളിലെ സ്റ്റേഷനുകൾക്ക് ഇല്ല.

അതുകൊണ്ട് എടരിക്കോട് സബ്സ്റ്റേഷൻെറ ശക്തി ഉടൻ തന്നെ 110 കെ.വി ആക്കി മാറ്റാൻ വേണ്ടതായ നടപടികൾ സ്വീകരിക്കണം. അത് ഉടൻ നടപ്പാക്കാൻ പ്രയാസമുണ്ടെങ്കിൽ എടരിക്കോട്ടേക്ക് അനുവദിച്ചിട്ടുള്ളതും പണി തുടങ്ങിവെച്ചിട്ടുള്ളതുമായ ഡീസൽ നിലയം പ്രവർത്തനം ആരംഭിക്കാൻ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

എടരിക്കോടും 66 കെ.വി. സബ്സ്റ്റേഷനിലേക്കും വൈദ്യുതി എത്തുന്നത് ഇടുക്കി പവർ ഹൗസിൽ നിന്നാണ്. വളരെ ദൂരെ നിന്ന് അനേകം പട്ടണ പ്രദേശങ്ങളും ഗ്രാമങ്ങളും കടന്നു അവിടങ്ങളിലെ എല്ലാ ഉപയോഗങ്ങളും കഴിഞ്ഞുള്ളതാണ് എടരിക്കോട് എത്തുന്നത്. ഇവിടെ നിന്നും പല ഭാഗങ്ങളിലേക്ക് വീണ്ടും വിതരണം നടത്തുമ്പോൾ നമ്മുടെ ഉപയോഗത്തിന് കിട്ടുന്നതോ വളരെ കുറഞ്ഞ വോൾട്ടേജ് എടരിക്കോടും സബ്സ്റ്റേഷനിലേക്കും വൈദുതി എത്തിക്കുന്നത് മലപ്പുറം 110 കെ.വി. സ്മറ്റഷനിൽ നിന്നും മലപ്പുറം-തിരൂർ 66 കെ.വി. ലൈനിലൂടെയാണ്. ഇതിന് 25 വർഷതോളമ പഴക്കം ഉണ്ട്. പഴക്കം കാരണം ഓവർ ലോഡ് വരുമ്പോഴൊക്കെ ലൈൻപൊട്ടി വീഴാറുണ്ട്. ലൈൻ പൊട്ടിയാൽ ചിലപ്പോൾ ദിവസങ്ങളോളം വൈദ്യുതി ലഭിക്കാറില്ല. ഇതിനൊരു പരിഹാരമായി തുടങ്ങി വെച്ച പ്രവൃത്തിയാണ് എടപ്പാൾ തിരൂർ 110 കെ.വി. ലൈൻ ഇതിൻെറ പണിപകുതിയോളം പൂർത്തീകരിച്ചിട്ടുണ്ട്.

എന്നാൽ വർഷങ്ങളോളമായി എന്തോ കാരണത്താൽ പണിമുടങ്ങിക്കിടക്കുകയാണ്. ഇത് പൂർത്തിയായാൽ തിരൂരിൽ നിന്നും എടരിക്കോട്ടേക്ക് നിലവിലുള്ള ലൈനിൽ കൂടിയും വിതരണം നടത്താവുന്നതാണ്.

എടരിക്കോട് സബ്സ്റ്റേഷൻെറ ശക്തി വർധിപ്പിക്കേണ്ടത് അടിയന്തിര ആവശ്യമാണ്. 110 കെ.വി. ആക്കി ഉയർത്തണം. എന്നാൽ ഇലക്ട്രിസിറ്റി ബോർഡ് പറയുന്നത് അത്രയ്ക്കു കണക്റ്റഡ് ലോഡ് ഇല്ലാ എന്നാണ് ഓഫീസുകളിലെ റിക്കാർഡുകൾ പരിശോധിച്ചാൽ കാര്യം ശരിയുമാണ്. പക്ഷേ വസ്തുത നേരെ മറിച്ചു ഇതിനു കാരണം ഓരോ ഉപഭോക്താവും ഉപയോഗിക്കുന്ന വൈദ്യുതിയുടെ കണക്കിൻെറ പകുതിപോലും അപേക്ഷയിൽ കാണിക്കാറില്ല. എന്നതാണ് ഓരോ ഉപഭോക്താവും ഉപയോഗക്കുന്ന വൈദ്യുതിുടെ ശരിയായ കണക്കെടുത്തു തിരുവനന്തപുരത്തേക്കയക്കുകയും അതോടൊപ്പം ബന്ധപ്പെട്ട ഓഫീസുകളിലെ രജിസ്റ്ററുകളിൽ സ്ഥിതി വിവരകണക്കുകൾ ശരിയായി രേഖപ്പെടുത്തുകയും ചെയ്താൽ ഇതിന് പരിഹാരമായി.

പ്രധാന വൈദ്യുതി നഷ്ടം പ്രേക്ഷണ വിതരണ ലൈനുകളിലൂടെയാണ് ഇതിനു പ്രധാന കാരണം ലൈനുകളിൽ മരക്കൊമ്പുകളും മറ്റും മുട്ടുന്നതുകൊണ്ടും ലൂസ് കണക്ഷനുകൾ സംഭവിക്കുന്നതുകൊണ്ടുമാണ് . ഈ തകരാറ് പൊതുജനങ്ങളും ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരും കൂട്ടായി പ്രവർത്തിച്ചാൽ ശരിയാക്കാവുന്നതേയുള്ളൂ.

ഈ പഞ്ചായത്തിലെ വൈദ്യുതി വികസന പ്രവർത്തികളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമസഭ ചർച്ചകളിൽ ഉയർന്ന്വന്നിട്ടുള്ളതും കൺവീനർമാർ തയ്യാറാക്കിത്തന്നിട്ടുള്ളവയുമാണ്.

പറപ്പൂർ പഞ്ചായത്തിൽ മൊത്തം 3869 വൈദ്യുതി കണക്ഷൻ നിലവിലുണ്ട്. ഇതിൽ 3184 ഗാർഹിക കണക്ഷനുകളും 406 വ്യാപാരം, 32 വ്യവസായികം, 247 കാർഷികം എന്നിങ്ങനെയാണ് കണക്ഷ ലഭിക്കാൻ പണമടച്ച് കാത്തിക്കുന്നവർ , ഓർഡിനറി 134 ഉം ഒ.വൈ.ഇ.സി. 79-മാണ്.

പഞ്ചായത്തിൽ മൊത്തം 16 ട്രാൻസ്ഫോർമറുകളുണ്ട്. അവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ ചാർട്ടിൽ വിവരിച്ചിട്ടുണ്ട്. ഇനിയും 21 എണ്ണവും കൂടി വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കാനുള്ള നിർദേശങ്ങവും ഉണ്ട്.

നിലവിൽ പഞ്ചായത്തിൽ 39 (40 വാട്ട്) ബൾബുകളും 2 ട്യൂബ് ലൈറ്റുകളും 2 സോഡിയം വേപ്പർലൈറ്റുക്ളും സ്ട്രീറ്റ് ലൈറ്റായിട്ടുണ്ട്. ഇത് അപര്യാപ്തമാണ്.

പഞ്ചായത്തിലെ എല്ലാ ട്രാൻസ്ഫോർറുകളും അധികഭാരം വലിക്കുന്നവയാണ്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്റ്റഡ് ലോഡിലും അതിവേഗം വർദ്ധനവ് ഉണ്ടാകുന്നു. വൈദ്യുതി ഉപഭോഗത്തിൻെറ ഏകദേശം 90.1 ഗാർഹികാവശ്യങ്ങൾക്കാണുപയോഗിക്കുന്നത്.

പഞ്ചായത്തിൽ ഏകദേശം 62 % വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഉപഭോക്താക്ക

ൾ നേരിടുന്ന പ്രധാനപ്രശ്നം വോൾട്ടേജ് കമ്മി തന്നെ. പീക്ക് ലോഡ് സമയത്ത് ( വൈകുന്നേരം 7 മണി മുതൽ 9 വരെ) പഞ്ചായത്തിലുള്ള എൽ.ടി. ലൈനുകളിൽ വൈദ്യുതി 30 വോൾട്ടേ ലഭിക്കുന്നുള്ളൂ എന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഇതിന് കാരണം എടരിക്കോട് സബ്സ്റ്റേഷനിലെത്തുന്ന വൈദ്യുതി തന്നെ വളരെ കുറഞ്ഞ വോൾട്ടേജിലാണ് എന്നുള്ളതാണ്. കേന്ദ്രപൂളിൽ നിന്നും തൃശൂർ മാടക്കത്തറ എന്ന സ്ഥലത്തെ 440 കെ.വി. സബ്സ്റ്റേഷനിൽ ഒരു 220 കെ.വി. ഫീഡർ നേരെ കോഴിക്കോട്ടേക്ക് (നല്ലളം) പോകുന്നുണ്ട്. ഇത് മലപ്പുറം ഭാഗത്തുകൂടെയാണ്. എന്നാൽ മലപ്പുറം 110 കെ.വി. സബ്സ്റ്റേഷനിൽ ടച്ച് ചെയ്യാതെയാണ് കടന്നുപോകുന്നത് മലപ്പുറം സ്റ്റേഷൻെറ ശേഷി 220 കെ.വി. ആക്കി വർദ്ധിപ്പിച്ച് മാടക്കത്തറയിൽ നിന്നും കോഴിക്കോട്ടേക്ക് പോകുന്ന 220 കെ.വി. ലൈൻ മലപ്പുറം സബ്സ്റ്റേഷനിലേക്ക് ടാപ് ചെയ്താൽ എടരിക്കോട് സബ്സ്റ്റേഷൻെറ ശേഷി 110 കെ.വി. ആക്കി മാറ്റാൻ സാധിക്കും. കൂടാതെ വെട്ടിച്ചിറക്കടുത്ത് കഞ്ഞിപ്പുരയിൽ സ്ഥാപികാൻ പാസാക്കിയിട്ടുള്ള 110 കെ.വി. സബ്സ്റ്റേഷൻെറ പണി നിർത്തിവെച്ചിട്ടുള്ളത് ഉടൻ തുടങ്ങണം. അങ്ങനെ വോൾട്ടേജ് ക്ഷാമം പരിഹാരിക്കാവുന്നതാണ്

ഞ്ചായത്തിൽ ഗാസ് ഏജൻസി നിലവിലില്ല. 105 മണ്ണെണ്ണ പെർമിറ്റുകൾ അനുവദിച്ചിട്ടുണ്ട്.

## ആവശ്യമായ വികസന പ്രവർത്തനങ്ങളുടെ വിവരം

### വാർഡ് 1

1. പുഴച്ചാൽ മുതൽ- ഇല്ലിപുലാക്കൽ വരെ വൈദ്യുതി എത്തിക്കണം
2. മമ്പീതി ഭാഗം മുഴുവനും വൈദ്യുതി എത്തികണം
3 ചേക്കാലിമാട്, ഇല്ലിപുലാക്കൽ, പുഴച്ചാൽ, എടയാട്ടുപറമ്പ്, പുത്തൻപള്ളി, റഹ്മത്ത് നഗർ, കുറക്കൻപടി, നായർപടി, ആശാരിപടി എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലൈറ്റ് സ്ഥാപിക്കണം
4. ആശാരിപ്പടി- ഇല്ലിപുലാക്കൽ റോഡ് വേങ്ങര- പുഴച്ചാൽ റോഡ് എന്നിവയിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം
5. ഇല്ലിപുലാക്കൽ, പുഴച്ചാൽ, ചേക്കാലിമാട്, പുത്തൻപള്ളി എന്നിവിടങ്ങളിൽ ട്രാൻസ്ഫാർമർ സ്ഥാപിക്കണം.
6. ലക്ഷം വീട് കോളനിയും, കുംബാര കോളനിയും വൈദ്യുതീകരിക്കണം.

### വാർഡ് -2

1. എടയാട്ട്പറമ്പ്, പുഴച്ചാൽ വടക്കുംപാട്ടും കുണ്ട്, ചുള്ളിക്കാട്, ചാലൊടി എന്നിവിങളിൽ സോഡിയം വേപ്പർ ലൈറ്റുകൾ സ്ഥാപിക്കണം
2. അരീകുളം- കോട്ടപറമ്പ് റോഡ് അരിക്കുളം - ചേക്കാലിമാട റോഡ്, കൊടിഞ്ഞി. വടക്കുമ്പാടം റോഡ് എന്നിവയിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.
3. എടയാട്ട് പറമ്പിൻെറ കിഴക്കു ഭാഗത്ത് കുശവ കോളനിയുടെ ഭാഗം ഉൾപ്പെടുത്തി പാടം വരെ വൈദുതി എത്തിക്കണം.
4. ചെട്ടിയാ ചോലമാടുംകുണ്ട്, കല്ലക്കയം കിഴക്കുംഭാഗം, വടക്കുംപാടം കുണ്ടുവ എന്നീ ഭാഗങ്ങൾ വൈദ്യുീകരിക്കണം.

### വാർഡ് -3

1. കൊടുക്കോൾ, കൈതക്കൽ എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം.
2. കുറ്റിത്തറ, കിഴക്കേകുണ്ടും ഇരിങ്ങല്ലൂർ തോണിക്കടവ് എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
3. കല്ലക്കയത്തു നിന്നും പാലാണിവരെയുള്ള സിങ്ക്ഫെയ്സ് ത്രീഫെയ്സാക്കി മാറ്റണം

### വാർഡ്-4

1. അമ്പലമാട് സ്കൂൾ പരിസരം, കിഴക്കേകുണ്ടും എന്നിവിടങ്ങളിൽ -ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
2. പുത്തൻപറമ്പ് മുതൽ കൂമൻകല്ല് പാലം വരെ സ്ട്രീറ്റ് ലൈറ്റുക സ്ഥാപിക്കണം.
3. പാലാണി, കോട്ടപ്പറമ്പ് ജംഗ്ഷൻ, അമ്പലാട്, പുള്ളാട്ടങ്ങാടി, കിഴക്കേകുണ്ട് എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.
4. നിലവിലുള്ള എല്ലാ സിങ്ക് ഫെയ്സ് ലൈനുകളും ത്രീഫെയ്സാക്കി മാറ്റണം.
5. ലൈനുകളിൽ മുട്ടികിടക്കുന്ന മരക്കൊമ്പുകൾ മുറിച്ചുമാറ്റാൻ നടപടി ഉണ്ടാവണം.

### വാർഡ്-5

1. കുഴിപ്പുറം- പടിഞ്ഞാറെ പറമ്പിൽ ട്രാൻസ്ഫോമർ സ്ഥാപിക്കണം.
2. വായനശാല, പള്ളിച്ചടി, താഴത്തങ്ങാടി, തോണിക്കടവ് എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.
3. കച്ചേരി മൈതാനി- മുക്കൻമാട് റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.
4. ഹെൽത്ത്സെൻറർ-ലക്ഷം വീട് റോഡ്, താഴെപ്പള്ളി -ആലുങ്ങൽ മാടു റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.
5. പാവപ്പെട്ട മൂന്നു കുടുംബങ്ങൾക്ക് സൗജന്യമായി വയറിംഗ് കഴിച്ച്കൊടുക്കണം.

## വാർഡ്-6

1. പരണ്ടാരത്തൊടി, തൊഴുത്തിങ്ങത്തൊടി എന്നീ പ്രദേശങ്ങൾ വൈദ്യുതീകരിക്കുക.
2. പാവങ്ങൾക്ക് വൈദ്യുതി കണക്ഷൻ ഒ.വൈ.ഇ.സി. കെട്ടാതെ നൽകുക
3. കുഴിപ്പുറ കവലയിലും ചിനക്കൽ ജംഗ്ഷനിലും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക
4. കവല മുതൽ തൊട്ടിച്ചാടിവരെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക
5. മേപ്പള്ളി മീൻ കുഴി റോഡിലും ലൈറ്റ് സ്ഥാപിക്കണം
6. മാട്ടണപാട്ട് മദ്രസക്ക് സമീപവും ചാമചിരിയാട് ഭാഗത്തും ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

## വാർഡ്-7

1. കുഴിച്ചുപാടത്തേക്ക് ത്രീഫെയ്ഡ് ലൈൻ വലിക്കണം.
2. കാവിൻമുമ്പിൽ നിന്നും കാട്ടുപാടം വരെ നിലവിലുള്ള സിങ്കിൾഫെയ്സ് ത്രീഫെയ്സാക്കി മാറ്റുക
3. കുരിക്കൾ ബസാർ, ഹൈസ്കൂൾ പടി, കാവിൽ മുമ്പിൽ, കൂൻകല്ല് പാലം, കിഴക്കെകുണ്ട് എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം
4. ആസാദ് നഗർ- കൊല്ലാട്ടുപറമ്പ് റോഡ് കൊലാൻ കടവ്-വെള്ളക്കാട്ടുപടി റോഡ് കുരിക്കൾ ബസാർ -കൽപങ്ങാട്ടു വളവ് റോഡ് കാവിലുംമുമ്പ്- കൂമൻകല്ല്പാലം റോഡ് പെരുന്തൻ എടവഴി എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.
5. കിഴക്കേകുണ്ട്, കൂമൻകല്ല് പാലം എന്നീ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക
6. പാചക വാതക വിതരണത്തിനായി വിണാക്കൽ ഒരു ഏജൻസി അനുവദിച്ച് കണകഷ്നുകൾ നൽകാൻ നടപടി കൈക്കൊള്ളുക

## വാർഡ്-8

1. കുശവക്കോളനിയിൽ വൈദ്യുതി എത്തിക്കുക.
2. കുശവക്കോളനി നിവാസികൾക്ക് സൗജനമായി വയറിംഗ് നടത്തികൊടുക്കുക
3. കിളിയൻകുന്ന് മാട് വരമ്പൻചോല ഭാഗത്ത് വൈദ്യുതി എത്തിക്കുക
4. വൈദ്യുതി ലൈൻ പോകുന്ന എല്ലാ റോഡകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക
5. ശാന്തിനഗർ പുത്തനാറക്കൽ, വൈദ്യർപടി എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം
6. പുത്തനാറക്കൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം

## വാർഡ്-9

1. തെക്കെകുളമ്പ്, താഴെക്കാട്ട്പടി, പൊട്ടിപാറ പഞ്ചായത്ത് ഓഫീസിന് മുൻവശം, കാടേങ്ങൻതൊടി, മുല്ലപറമ്പ് ലക്ഷം വീട് തെക്കേകുളമ്പ് പള്ളി എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക
2. തെക്കുളമ്പ് സെൻററിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക
3. തെക്കുളമ്പ്- ചക്കങ്ങൽ ചാട്ട്റോഡ്, മുല്ലപ്പറമ്പ്- കൊയൂർമാട് റോഡ്, പൊട്ടിപ്പാറ - കൊയ്യൂർമാട് റോഡ്, പൊടിപ്പാറ- കൊയൂർ റോഡ്, താഴെക്കാട്ട്പടി തെക്കെകുളമ്പ് റോഡ്, ലക്ഷം വീട് കോളനി റോഡ്, മുല്ലപ്പറമ്പ്- തെക്കെകുളമ്പ് റോഡ്, എൽ.പി. സ്കൂൾ റോഡ്, കാടേങ്ങത്തൊടി റോഡ്, കിളിയൻ കുന്നുമാട്- വരമ്പൻ ചോല റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
4. ലക്ഷം വീട് കോളനി സൗകര്യമായി വൈദ്യുതീകരിക്കുക.
5. വൈദ്യുതി എത്താത്ത ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കുക.
6. ചോലകുണ്ടും ട്രാൻസ്ഫോർമറിൽ നിന്നും തെക്കെ കുളമ്പ് വരെ ത്രീഫെയ്സ് ലൈൻ വലിക്കുക.

## വാർഡ്-10

1. ചോലമാട് ലക്ഷം വീട് കോളനിയിലേക്ക് വൈദ്യുതി എത്തിക്കുക
2. ഹരിജൻ കോളനിയിൽ വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക
3. ഉണ്ണിയാ,ആലപ്പുള്ളി, ചോലക്കുണ്ട് ജുമാഅത്ത് പള്ളിക്ക് സമീപം എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.
4. ആലച്ചുള്ളി പാറക്കടവ് ലൈൻ ത്രീഫെയ്സ് ആക്കുക
5. ഹരിജൻ കോളനി റോഡ് കുളത്തിങ്ങൽ വരെയും കാടുംപാടം റോഡിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക
7. കണ്ണശനാല കുളത്തിങ്ങൽ റോഡ് വൈദ്യുതീകരിക്കുക

## വാർഡ്-11

1. വായനശാല ഭാഗത്ത് നിന്ന് കാടുപാടം വഴി പറപ്പൂർ വെസ്റ്റിലേക്ക് വരുന്ന ലൈൻ ത്രീഫെയ്സാക്കുക
2. പാറയിൽ കടവത്ത്, പാറക്കടവത്ത്, വട്ടപറമ്പ്, സ്റ്റേഡിയം, പാലപ്പറമ്പ് എന്നിവിടങ്ങളിൽ സോഡിയം വേപ്പർ സ്ഥാപിക്കുക
3. പറപ്പൂർ വെസ്റ്റ് വട്ടപറമ്പ് എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക
4. ദുർബല വിഭാഗങ്ങൾക്ക് വൈദ്യുതി സൗജന്യമായി നൽകുക.

## പട്ടിക 1

അനുബന്ധം - 10

## പറപ്പൂർ ഗ്രാമ പഞ്ചായത്ത്

### 10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

 a) ഗാർഹികം 3184

 b) വ്യാപാരം 406

 c) വ്യാവസായികം 247

 d) കാർഷികം 247

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| | | |
|---|---|---|
| a) Ordinary 134 | അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാതീയതി | |
| b) OTP 1 | Edarikode | OYEC 31-695 |
| c) OYEC 79 | | ND 3-9-94 |
| | | WP 30-9-96 |
| | Kottakkal | 14-8-96 |
| | Vengara | 23-9-96 |

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

 a)ബൾബ് 25W......40W 39 60W......100W....

 b)ട്യൂബ് 2

 c)മെർക്കുറി വേപ്പർ ഇല്ല

 d)സോഡിയം വേപ്പർ 2

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ NIL

മുൻ വർഷത്തെ കണക്ഷൻ

 ഓർഡിനറി 14

 OTP 5

 OYEC 50

5. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ

| | | |
|---|---|---|
| 1. ഇരിങ്ങല്ലൂർ | 6. ചോലമാട് | 11. പറപ്പൂർ I |
| 2. കല്ലക്കയം | 7. പാലാണി | 12. പറപ്പൂർ II |
| 3. ആശാരിപ്പടി | 8. കോട്ടപറമ്പ് | 13. സൂപ്പി ബസാർ |
| 4. തറയിട്ടാൽ | 9. കുഴിപ്പുറം I | 14. ചോലക്കുണ്ട് |
| 5. ഇടയാട്ടുപറമ്പ് | 10. കുഴിപ്പുറം II | 15. ഓലച്ചുള്ള |
| | | 16. പൊട്ടിപ്പാറ |

7. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക Rs. 659/-

## പട്ടിക 2

### പറപ്പൂർ ഗ്രാമ പഞ്ചായത്ത്

1.6 തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ


| | വിളക്കുകളുടെ എണ്ണം | | | | |
|---|---|---|---|---|---|
| വാർഡ് | വേപ്പർലാമ്പ് | ഫ്ളൂ. റ്റ്യൂബ് | ബൾബ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| 2 | " | " | " | " | |
| 3 | " | " | " | " | |
| 4 | " | " | " | " | |
| 5 | 1 | " | 9(40w) | " | 10 |
| 6 | ഇല്ല | " | 4 | " | 4 |
| 7 | 1 | | 26 | " | 27 |
| 8 | ഇല്ല | 2 | ഇല്ല | " | 2 |
| 9 | " | ഇല്ല | " | " | |
| 10 | " | " | " | " | |
| 11 | " | " | " | " | |
| ആകെ | 2 | 2 | 39 | - | 43 |

1. ആകെ വൈദ്യുത ലൈനിന്റെ നീളം - ലഭ്യമല്ല

2. തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജിനിത്തിൽ

തൻ വർഷം ചിലവഴിച്ച തുക Rs. 7908/-

3. വരുമാനത്തിന്റെ എത്ര ശതമാനം 1%



# 5-6

## ഗതാഗതം -

റോഡുകൾ മാത്രമാണ് പഞ്ചായത്തിലെ ഇപ്പോഴത്തെ പ്രാധാന ഗതാഗതമാർഗ്ഗം. അമ്പതുകളിൽ ജലഗതാഗതമായിരുന്നു പ്രധാനം. കുഴിപ്പുറം വീണാലുക്കൽ ഭാഗങ്ങളിൽ അല്പാല്പം കാളവണ്ടികളും ഉപയോഗിച്ചിരുന്നു. ഇവിടുത്തെ മലഞ്ചരക്കുൽപന്നങ്ങൾ, ചക്ക , മാങ്ങ, കപ്പ മുതലായവ കോഴിക്കോട്ട് വിപണിയിലെത്തിച്ചിരുന്നത്. കടലുണ്ടിപ്പുഴയിലൂടെ തോണി മാർഗ്ഗം ആയിരുന്നു. തിരിച്ച് പലവ്യഞ്ജനങ്ങളും മറ്റു നിത്യോപയോഗ സാധനങ്ങളും തോണിമാർഗം ഇവിടേക്കും എത്തിച്ചു. വർഷകാലങ്ങിളിൽ കുഴിപ്പുറം വരേയും വേനൽക്കാലത്ത് പനമ്പുഴവരേയും തോണിയിൽ ചരക്കുകൾ എത്തിക്കുകയും കോഴിക്കോട് വിപണിയിലേക്കുള്ളവ കൊണ്ടു പോവുകയും ചെയ്തിരുന്നു. വടക്കൻ ആലസ്സൻകുട്ടി, വള്ളിൽ കോമു എന്നിവരായിരുന്നു അന്നത്തെ പ്രധാന തോണിക്കാർ പുഴയോരത്തുനിന്നും അക്കാലത്ത് വേങ്ങര, കുഴിപുറം കോട്ടക്കൽ എന്നീവിടങ്ങളിലേക്ക് തലനച്ചുമടായിട്ടായിരുന്നു ചരക്കുകൾ കൊണ്ടുപോയിരുന്നത്. ചുമടേന്തുന്നവർക്ക് വഴി മദ്ധ്യേ പരസഹായം കൂടാതെ ചരക്കിറക്കിവെച്ച് വിശ്രമിക്കാനും അതുപോലെ വീണ്ടും ചുമടേന്തി യാച്ചുയാകാനും സൗകര്യപ്രദമായ അത്താണികൾ അന്ന് ഇടവിട്ടിട വിട്ട് വഴിയോരങ്ങളിൽ ഉണ്ടായിരുന്നു.

തീവണ്ടിപ്പാത ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നില്ല. ഇരുപത് കിലോമീറ്റർ പടിഞ്ഞാറു ഭാഗത്തായി സ്ഥിതിചെയ്യുന്ന പരപ്പനങ്ങാടി, താനൂർ, തിരൂർ എന്നീ റെയിൽവേസ്റ്റേഷനുകളാണ് റെയിൽ മാർഗ്ഗമുമള്ള ഏറ്റവും അടുത്ത ഗതാഗത മർഗ്ഗം.

മലപ്പുറം ജില്ലയുടെ മദ്ധ്യത്തിലൂടെ കടന്നു പോകുന്ന കടലുണ്ടി പഴ ഈ പഞ്ചായത്തിനേയും രണ്ടായി വഭജിച്ച് പടിഞ്ഞാറോട്ടൊഴുകി ജില്ലയിലെ പ്രധാന ജലഗതാഗതപാതയായ താനൂർ കൂടായി കനാലുമായി (കനോലി തോട്) ബന്ധിക്കുന്നുണ്ടെങ്കിലും റോഡുഗതാഗതം കൂടിയായതിനാലും കടലുണ്ടിപ്പുഴ വേനലിൽ വറ്റിപ്പോകുന്നതിനാലും ജലഗതാഗത്തിന് പഞ്ചായത്തിൽ അഞ്ചരകിലോമീറ്റർ ദൂരെ പുഴയുണ്ടെങ്കിലും ഇപ്പോൾ ഉപയോഗം വളരെ കുറച്ചു മാത്രമാണ്.

നാഷണൽ ഹൈവേ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നില്ല. ബസ്സഗതാഗതമുള്ള പ്രധാന റോഡുകൾ പി.ഡബ്ല്യു.ഡി ഉടമയിലുള്ള കോട്ടക്കൽ

– വേങ്ങര റോഡ്, ഒതുക്കങ്ങൽ– കുഴിപ്പുറം റോഡ് എടരിക്കോട് പറപ്പൂർ കാട്ടിയേക്കാവ്– വേങ്ങര എന്നീ റോഡുകളും പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ടാർറോഡുകളും അടക്കം മൊത്തം 21.625കീ.മി ദൂരം ടാർറോഡുകളും (പട്ടിക1.A) 31.38 കി.മി. ദൂരം മൺറോഡുകളും പഞ്ചായത്തിൽ ഉണ്ട്.

പഞ്ചായത്തിലെ ആദ്യത്തെ റോഡ് ചരിത്രപ്രധനമായ കോൺഗ്രസ്സ് സമ്മേളനത്തോടനുബന്ധിച്ച് 1939 ൽ കോട്ടക്കൽ നിന്നും പറപ്പൂർ കാവിൻ മുൻപിൽ വരെ മൂന്നു കിലോമീറ്റർ ദൂരം ശ്രമദാനമായി ഉണ്ടാക്കുകയും പത്ത് വർഷങ്ങൾക്ക് മുമ്പ് പി.ഡബ്ല്യൂ.ഡി ഏറ്റെടുത്ത് കൂമൻകല്ലിൽ ഒരു റോഡ് പാലം നിർമ്മിച്ച് വേങ്ങര റോഡുമായി ബന്ധിപ്പിക്കുകയും ചെയ്യുക വഴി ഈ പഞ്ചായത്തു നിവാസികൾ ആശ്രയിക്കുന്ന പ്രധാനകേന്ദ്രങ്ങളായ കോട്ടക്കൽ, വേങ്ങര എന്നിവിടങ്ങളിലേക്ക് ഗതാഗതസൗകര്യം സുഗമമായിട്ടുണ്ട്. എന്നാൽ 5,6,വാർഡുകളിലെ നിവാസികൾക്ക് മേൽപറഞ്ഞ കോന്ദ്രങ്ങൾ അതുപോലെ പഞ്ചായത്താപ്പീസ് പറപ്പൂർ, ഐ.യു.ഹൈസ്കൂൾ എന്നിവയുമായി റോഡു മാർഗ്ഗം എത്തിപ്പെടാൻ 10 കി.മീ ചുറ്റിവരേണ്ട ഗതികേട് നിലവിലുണ്ട്. വഴിമധ്യേ ആട്ടീരിതോടും, കടലുണ്ടിപ്പുഴയും ഉള്ളതാണ് ഇതിനു കാരണം. ഒതുക്കുങ്ങൽ കുറ്റിപ്പുറം റോഡ് 46 വർഷങ്ങൾക്കു മുമ്പ് ശ്രമദാനമായി ഉണ്ടാക്കിയതാണ്. എട്ടുവർഷങ്ങൾക്കു ശേഷം അതിന്റെ തുടർച്ചയായി കടലുണ്ടപ്പുഴയുടെ വടക്കേകരയിൽ നിന്നും ഇരിങ്ങല്ലൂർ–വേങ്ങര റോഡിന്റെ പണിയും പൂർത്തിയാക്കി. അഞ്ചുകൊല്ലം മുമ്പ് കൂമൻകല്ല് പാലം പണി തീർന്നപ്പോൾ വേങ്ങര ഇരിങ്ങല്ലൂർ റോഡിനെ കോട്ടക്കൽ പറപ്പൂർ റോഡുമായി ബന്ധിപ്പിക്കുകയും ചെയ്തു. അങ്ങനെ കോട്ടക്കൽ വേങ്ങര റോഡ് നിലവിൽ വന്നു. വേങ്ങരയിൽ നിന്നും രണ്ട് കി.മീ ദൂരം വരുന്ന കാട്ടിയേക്കാവ് കടവ് വരെയുള്ള റോഡ് 1957ൽ എൽ.ഡി സ്കീമിൽ നിർമ്മിക്കുകയുണ്ടായി.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നിലവിലുള്ള റോഡുകളുടെ വിശദമായ പട്ടിക പട്ടിക 1 Bയിലും പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യേണ്ട റോഡുകൾ പട്ടിക 2.Bയിലും പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ പട്ടിക 2 Aയിലും അറ്റകുറ്റപണികൾ നടത്തേണ്ട ഇടവഴികൾ ഏതൊക്കെയെന്നു പട്ടിക 2.Cയിലും കൊടുത്തിട്ടുണ്ട്.

പഞ്ചായത്ത് വക ബസ്സ് വെയ്റ്റിങ്ങ് ഷെഡുകൾ ഒന്നും തന്നെ ഇല്ല.

കടലുണ്ടി പുഴക്ക് ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ അഞ്ചു കടവുകൾ ഉണ്ട്. അവയിലൊന്നിലും തോണി സൗകര്യപ്രദമായി അടുപ്പിക്കുവാനോ യാത്രക്കാർക്ക് ബുദ്ധിമുട്ടുകൂടാതെ കയറി ഇറങ്ങുവാനോ സൗകര്യമില്ല.

ഈ പഞ്ചായത്തിൽ പുഴയുടെ വടക്ക് ഭാഗത്ത് കിടക്കുന്ന 1,2,3,4 വാർഡുകളെ വേങ്ങര–കോട്ടക്കൽ, വേങ്ങര–എടരിക്കോട് p.W.D റോഡുകളുമായി ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു റോഡാണ് കുറ്റിത്തറ–ഇല്ലിപ്പുലാക്കൽ റോഡ്. ഈ റോഡിനെ ഒന്നാം വാർഡിൽ ഇല്ലിപ്പുലാക്കൽ– പുഴച്ചാൽ റോഡ് എന്നും 2ഉം, 3ഉം വാർഡുകളിൽ പുഴച്ചാൽ– കുറ്റിത്തറ റോഡ് എന്നും അറിയപ്പെടുന്നു. ഈ റോഡിന്റെ പടിഞ്ഞാറെ അറ്റവും കൂരിയാട്ട റോഡുമായി ബന്ധിപ്പിക്കുന്ന മേലെ പറമ്പ്– ഇല്ലിപുലക്കൽ റോഡ് ഇപ്പോൾ ടാർ ചെയ്തു കൊണ്ടിരിക്കുകയാണ്. പുത്തൻ തോടിനു വേണ്ട കലുങ്കിന്റെ പണിക്ക് ടെണ്ടർ കൊടുത്തു കഴിഞ്ഞു. ഇനി ഈ റോഡ് ടാർ ചെയ്തു ഗതാഗത യോഗ്യമാക്കിയാൽ കുമൻ കല്ല– വേങ്ങര റോഡിന്റെയും, വേങ്ങര– കൂരിയാട് റോഡിന്റെയും ബൈപ്പാസായി ഇതിനെ ഉപയോഗപ്പെടുത്താം. രണ്ടു സ്റ്റേജുകളായിട്ടാണ് ഈ റോഡ് ടാർ ചെയ്യേണ്ടത്. 1) ഇല്ലിപുലാക്കൽ–പുഴച്ചാൽ 2) പുഴച്ചാൽ–കുറ്റിത്തറ. അതുപോലെ അഞ്ചാം വാർഡിലെ കുരിക്കൾ ഇടവഴി–പാത്തിക്കപാടം റോഡിൽ ആട്ടിരി തോടിന് ചക്കും കടവത്ത് പാലമുണ്ടാക്കി ആസാദ് നഗർ റോഡുമായി ബന്ധിപ്പിച്ചാൽ 5,6 വാർഡുകളിലുള്ളവർക്ക് പഞ്ചായത്ത് ഓഫീസ് ഐ.യു. ഹൈസ്ക്കൂൾ എന്നിവയുമായി റോഡ് മാർഗം ബന്ധപ്പെടാൻ പത്തോളം കി.മി. ദൂരം കുറഞ്ഞു കിട്ടുന്നതാണ്.

അതുപോലെ വളരെ പ്രധാനപ്പെട്ട ഓന്നാണ് എടരിക്കോട്–വേങ്ങര PWD റോഡിൽ കടലുണ്ടി പുഴക്ക് കാവിൻ മുമ്പിൽ പാലം നിർമ്മിക്കൽ. ഇത് ഒരു റഗുലേറ്റർ–കം–ബ്രീഡ്ജായി നിർമ്മിച്ചാൽ വേങ്ങര, കോട്ടക്കൽ, എടരിക്കോട് പഞ്ചായത്തുക

ളിലെ കുടിവെള്ളം പ്രശ്നത്തിനും വേങ്ങര പുറപ്പൂൽ പഞ്ചായത്തുകളിലെ ജലസേചനാവശ്യങ്ങൾക്കും, മത്സ്യബന്ധനത്തിനും ഉപോയഗപ്രദമാകുന്നതാണ്. മാത്രമല്ല ചങ്കുവെട്ടിനേഷ്ണൽ ഹൈവേ എടരിക്കോട് ടെക്സ്റ്റയിൽസ് എന്നിവടങ്ങളിൽ നിന്നും കോഴിക്കോട് വിമാനത്താവളത്തിലേക്കുള്ള ദൂരം 20 കി.മീറ്ററോളം കുറക്കാവുന്നതുമാണ്.

ഇനിയും ഒട്ടുവളരെ റോഡുകൾ പഞ്ചായത്തിൽ നിർമ്മിക്കേണ്ടതുണ്ട്. റോഡുകളിൽ ചിലവ വീതി വളരെ കുറഞ്ഞവയും കുലുങ്കുകൾ ഓടകൾ എന്നിവ ഇല്ലാത്തവയുമാണ്. മേൽ പറഞ്ഞ കാര്യങ്ങൾ പഞ്ചവത്സര പദ്ധതികളായും വാർഷിക പദ്ധതികളായും വികസന പദ്ധകളിൽ ഉൾപ്പെടുത്തി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്.

## പട്ടിക 1 (B)
## നിലവിലുള്ള റോഡുകളുടെ പട്ടിക

| വാർഡ് | കോഡ് | റോഡിന്റെ പേര് | ഉടമസ്ഥത | ടാർചെയ്തത് | മെറ്റൽചെയ്തത് | ടാർ ചെയ്യേണ്ടത് | ദൂരം | വീതി |
|---|---|---|---|---|---|---|---|---|
| 1 | 0101 | കാട്ടിയോക്കാവ് - വേങ്ങര റോഡ് | PWD | 1900m | ഇല്ല | ഇല്ല | 1900m | 8m |
| | 0102 | വേങ്ങര കൂരിയാട് എം.എൽ. എ റോഡ് | PWD | 800m | ഇല്ല | ഇല്ല | 800m | 8m |
| | 0103 | ഇല്ലിപുലാക്കൽ - പുഴച്ചാൽ റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 1500m | 1500m | 4.m |
| | 0104 | മേലെപറമ്പ് ഇല്ലിപുലാക്കൽ- പാംകുഴി റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 2000m | 2000m | 4.6m |
| | 0105 | ചേക്കാലിമാട്- എരുമപ്പുഴ | പഞ്ചായത്ത് | 175m | ഇല്ല | 600m | 775m | 4.50m |
| | 0106 | കീഴാറ്റുകുന്നത്ത് അമരപ്പാടം | പഞ്ചായത്ത് | ഇല്ല | ഇല്ല | 600m | 600m | 4.m |
| 2 | 0201 | ഇല്ലിപുലാക്കൽ പുഴച്ചാൽ - കല്ലക്കയം കുറ്റിത്തറ | പഞ്ചായത്ത് | ഇല്ല | ഇല്ല | 2500m | 2500m | 4.m |
| | 0202 | ചാലൊടി വെട്ടം | പഞ്ചായത്ത് | ഇല്ല | ഇല്ല | 800m | 800m | 4.60m |
| | 0203 | ചുള്ളിക്കാട് മദ്രസ പുഞ്ചപ്പാടം | പഞ്ചായത്ത് | ഇല്ല | ഇല്ല | 500m | 500m | 4.m |
| | 0204 | കൊടിഞ്ഞി ഇടവഴി റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 500m | 500m | 4.m |
| | 0205 | പുള്ളാട്ടങ്ങാടി പുഞ്ചപ്പാടം റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 350m | 250m | 4.m |
| 3 | 0301 | വേങ്ങര - കോട്ടക്കൽ റോഡ് | PWD | 1750m | ഇല്ല | ഇല്ല | 1740m | 8m |
| | 0302 | ഇരിങ്ങല്ലൂർ ജംഗ്ഷൻ - തോണിക്കടവ് | PWD | 350m | ഇല്ല | ഇല്ല | 350m | 8m |
| | 0303 | പാലാണികല്ലക്കയം | പഞ്ചായത്ത് | ഇല്ല | ഇല്ല | 980m | 980m | 4m |
| | 0304 | പുള്ളാട്ടങ്ങാടി ഇരിങ്ങല്ലൂർ പാടം | പഞ്ചായത്ത് | ഇല്ല | ഇല്ല | 500m | 500m | 4m |
| | 0305 | ഇരിങ്ങല്ലൂർ ജംഗ്ഷൻ കുറ്റിത്തറ റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 250m | 250m | 4m |
| | 0401 | വേങ്ങര - കോട്ടക്കൽ | PWD | 2400m | ഇല്ല | ഇല്ല | 2400m | 8m |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 0402 | കോട്ടപ്പറമ്പ് അമ്പലമാട് | പഞ്ചായത്ത് | 200m | ഇല്ല | ഇല്ല | 200m | 6m |
| | 0403 | പാലാണി കാഞ്ഞിരക്കടവ് | പഞ്ചായത്ത് | 1000m | ഇല്ല | ഇല്ല | 1000m | 4m |
| 4 | 0404 | അമ്പലമാട് പുള്ളാട്ടങ്ങാടി | പഞ്ചായത്ത് | ഇല്ല | ഇല്ല | 600m | 600m | 4m |
| | 0405 | രാജീവ് ഗാന്ധി റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 600m | 600m | 4m |
| | 0406 | പാലാണി - കുണ്ടാട്ടിൽ കടവ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 1000m | 1000m | 4m |
| | 0407 | ഐ.എം.എൽ.പി.എസ്. ഈസ്റ്റ് - ചുണ്ടയിൽ കടവ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 500m | 500m | 4m |
| | 0501 | കുഴിപ്പുറം - ഒതുക്കുങ്ങൽ റോഡ് | PWD | 1000m | ഇല്ല | ഇല്ല | 1000m | 4m |
| | 0502 | മേലെപ്പള്ളി മീൻകുഴി റോഡ് | പഞ്ചായത്ത് | 600m | ഇല്ല | ഇല്ല | 600m | 8m |
| 5 | 0503 | കച്ചേരി മൈതാനി മുക്കൻമാട് | പഞ്ചായത്ത് | 300m | ഇല്ല | 600m | 900m | 4m |
| | 0504 | താഴെപള്ളി ആലുങ്ങൽ മാട് റോഡ് | പഞ്ചായത്ത് | 300m | 300m | 500m | 800m | 8m |
| | 0505 | ലക്ഷംവീട് കോളനി റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 500m | 500m | 8m |
| | 0601 | ഒതുക്കുങ്ങൾ കുഴിപ്പുറം റോഡ് | PWD | 1000m | ഇല്ല | 500m | 1km | 4m |
| | 0602 | കവല നെട്ടിച്ചാടി | പഞ്ചായത്ത് | 900m | ഇല്ല | ഇല്ല | 900m | 3.60 |
| 6 | 0603 | ചെനക്കൽ കുമ്പളച്ചാട് റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | ഇല്ല | 900m | 8m |
| | 0604 | ഗാന്ധിനഗർ നൊട്ടനാലക്കൽ | പഞ്ചായത്ത് | ഇല്ല | ഇല്ല | 900m | 500m | 8m |
| | 0605 | അല്ലാമ ഇക്ബാൽ റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 500m | 300m | 3.60m |
| | 0701 | ആസാദ് കായനാട്ടിൽ മല | പഞ്ചായത്ത് | 500m | ഇല്ല | 300m | 1350m | 3m |
| | 0702 | കോട്ടക്കൽ - വേങ്ങര | PWD | 1500m | ഇല്ല | 850m | 1500m | 3m |
| 7 | 0703 | കുരിക്കൽ ബസാർ കല്ലങ്കാട്ട വളപ്പ് റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | ഇല്ല | 350m | 5m |
| | 0704 | കൊല്ലംകടവ് വെള്ളേങ്കാട്ട് പടി | പഞ്ചായത്ത് | ഇല്ല | ഇല്ല | 350m | 800m | 8m |
| | 0705 | ആസാദ് നഗർ പാത്തിക്കൽ റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 800m | 800m | 4m |
| | 0706 | കൂമൻ കല്ല കാട്ടുപാടം റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 800m | 450m | 4m |
| | 0801 | വൈദ്യർപടി (ചക്കിങ്ങൽ മാട് ) - തെക്കേകുളമ്പ് ആലച്ചുള്ളി റോഡ് | പഞ്ചായത്ത് | 500m | ഇല്ല | ഇല്ല | 450m | 3.60m |
| | 0802 | വീണാഴക്കൽ - താഴെക്കാട് പടി | പഞ്ചായത്ത് | 450m | ഇല്ല | ഇല്ല | 700m | 3.60 |
| | 0803 | പുത്തനാറക്കൽ ചങ്കുവെട്ടി റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 700m | 350m | 3.60m |
| | 0804 | ചക്കിങ്ങൽ മാട് - വാട്ടർ അതോററ്റി റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 350m | 300m | 3.00 |
| 8 | 0805 | ശാന്തി നഗർ - വാട്ടർ അതോററ്റി റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 300m | 500m | 5m |
| | 0806 | പഞ്ചായത്ത് - വരമ്പൻ ചോല റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 300m | 300m | 5m |
| | 0807 | തടം - ശാന്തി നഗർ റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 500m | 1000m | 5m |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 0901 | വൈദ്യർ പടി - ആലച്ചുള്ളി | പഞ്ചായത്ത് | 1000m | ഇല്ല | 500m | 1400m | 3.60m |
| | 0902 | വീണാലക്കൽ താഴെക്കാട്ടെപ്പടി | PWD | 1000m | ഇല്ല | 300m | 1000m | 3.60m |
| | 0903 | എടരിക്കോട് - വേങ്ങര റോഡ് | പഞ്ചായത്ത് | 1000m | ഇല്ല | ഇല്ല | 600m | 3.60m |
| | 0904 | തെക്കേകുളമ്പ് - കയ്യൂർ റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 400m | 500m | 3.60m |
| | 0905 | തെക്കേകുളമ്പ് - താഴെക്കാട് പടി | പഞ്ചായത്ത് | ഇല്ല | ഇല്ല | ഇല്ല | 450m | 8m |
| | 0906 | പൊട്ടിപ്പാറ - കാടെങ്ങാമെതൊട്ടി | പഞ്ചായത്ത് | ഇല്ല | ഇല്ല | 600m | 300m | 3m |
| | 0907 | പൊട്ടിപ്പാറ - ലക്ഷം വീട് കോളനി | പഞ്ചായത്ത് | ഇല്ല | ഇല്ല | 500m | 500m | 3.60m |
| | 0908 | മൊല്ലപറമ്പ് - തെക്കേകുളമ്പ് എൽ. പി. എസ് റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 650m | 500m | 3.40m |
| | 0909 | പഞ്ചായത്ത് വരമ്പൻ ചോല റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 300m | 500m | 3.40m |
| | 0910 | പൊട്ടിപ്പാറ കൊഴൂർ റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 500m | 300m | 4m |
| | 0911 | മൊല്ലപ്പറമ്പ് - കൊഴൂർ മാട് റോഡ് | PWD | ഇല്ല | ഇല്ല | 500m | 1000m | 4m |
| 10 | 1001 | എടരികോട് - വേങ്ങര | പഞ്ചായത്ത് | 1000m | ഇല്ല | 300m | 1000m | 3.60m |
| | 1002 | മണ്ണാർകുണ്ട് മീൻ കല്ല് റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 300m | 645m | 3.60m |
| | 1003 | ചോലകുണ്ട് - ഉണ്ണ്യാൽ റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 1000m | 410m | 4m |
| | 1004 | ആലച്ചുള്ളി - ഞാറത്തറ | പഞ്ചായത്ത് | ഇല്ല | ഇല്ല | ഇല്ല | 500m | 8m |
| | 1005 | ഉണ്ണ്യാൽ - പുതുപറമ്പ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 645m | 250m | 6m |
| | 1006 | മണ്ണാരുണ്ടു - ഹരിജൻ കോളനി റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 410m | 300m | 6m |
| | 1007 | ചോലകണ്ടു ഹരിജൻ കോളനി ലിങ്ക് റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 500m | 400m | 6m |
| 11 | 1101 | എടരിക്കോട് - വേങ്ങര | PWD | 1500m | ഇല്ല | 250m | 1500m | 6m |
| | 1102 | ഉണ്ണിയാൽ - വട്ടപറമ്പ് | പഞ്ചായത്ത് | 500m | ഇല്ല | 300m | 1000m | 4m |
| | 1103 | വടക്കേപറമ്പ് - കടവത്ത് | പഞ്ചായത്ത് | ഇല്ല | ഇല്ല | 400m | 1500m | 4m |
| | 1104 | പാറയിൽ - പാലപറമ്പ് | പഞ്ചായത്ത് | ഇല്ല | ഇല്ല | ഇല്ല | 500m | 8m |
| | 1105 | പാലപറമ്പ് കുളക്കാട്ടിൽ റോഡ് | പഞ്ചായത്ത് | ഇല്ല | ഇല്ല | 500 | 300m | 6m |

## പട്ടിക 1(A)
## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം(മീറ്റർ) | വീതി(മീറ്റർ) | ഗതാഗത സൗകര്യം ബസ്സ് | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | കാട്ടിയേക്കാവ് വേങ്ങര | PWD | 1900 | 8 | ഉണ്ട് | ഉണ്ട് |
| | വേങ്ങരകൂരിയാട് എം.എൽ.എ റോഡ് | PWD | 800 | 8 | ഉണ്ട് | ഉണ്ട് |
| 2 | ചേക്കിലമാട്-എരുമപ്പുഴ | പഞ്ചായത്ത് | 175 | 4.50 | ഇല്ല | ഉണ്ട് |
| | അരികുളം-കോട്ടപ്പറമ്പ് | പഞ്ചായത്ത് | 600 | 4.50 | ഇല്ല | ഉണ്ട് |
| | വേങ്ങര കോട്ടക്കൽ റോഡ് | PWD | 1750 | 8 | ഇല്ല | ഉണ്ട് |
| 3 | ഇരിങ്ങല്ലൂർ ജംഗ്ഷൻതോണിക്കടവ് റോഡ് | PWD | 350 | 8 | ഇല്ല | ഉണ്ട് |
| | വേങ്ങര കോട്ടക്കൽ | PWD | 2400 | 8 | ഉണ്ട് | ഉണ്ട് |
| | കോട്ടപ്പറമ്പ് അമ്പലമാട് | പഞ്ചായത്ത് | 200 | 6 | ഇല്ല | ഉണ്ട് |
| | പാലാണികാഞ്ഞിരക്കടവ് | പഞ്ചായത്ത് | 1km | 5 | ഇല്ല | ഉണ്ട് |
| 4 | കുഴിപ്പുറം - ഒതുക്കുങ്ങൽ റോഡ് | PWD | 1000 | 8 | ഉണ്ട് | ഉണ്ട് |
| | മേലെപ്പള്ളിമീൻകുഴി റോഡ് | പഞ്ചായത്ത് | 600 | 4 | ഇല്ല | ഉണ്ട് |
| | കച്ചേരി മൈതാനി മുക്കൻമാട് | പഞ്ചായത്ത് | 300 | 8 | ഇല്ല | ഉണ്ട് |
| 5 | താഴെപ്പള്ളി ആലുങ്ങൽമാട് റോഡ് | പഞ്ചായത്ത് | 700 | 4 | ഇല്ല | ഉണ്ട് |
| 6 | ഒതുക്കുങ്ങൽ കുഴിപ്പുറം റോഡ് | PWD | 1000 | 8 | ഉണ്ട് | ഉണ്ട് |
| | കവലനെട്ടിച്ചാടി | പഞ്ചായത്ത് | 900 | 8 | ഉണ്ട് | ഉണ്ട് |
| 7 | ആസാദ് നഗർ കൈനാട്ടിൽ മല റോഡ് | പഞ്ചായത്ത് | 500 | 5 | ഇല്ല | ഉണ്ട് |
| | കോട്ടക്കൽ വേങ്ങര | PWD | 1500 | 8 | ഉണ്ട് | ഉണ്ട് |
| 8 | വൈദ്യർപടി, തെക്കേകുളമ്പു റോഡ് | പഞ്ചായത്ത് | 500 | 3.60 | ഇല്ല | ഉണ്ട് |
| 9 | വൈദ്യർപടി ആലച്ചുള്ളി | പഞ്ചായത്ത് | 1000 | 3.60 | ഇല്ല | ഉണ്ട് |
| | വീണാലക്കൽ താഴെക്കാട്ടെപടി | പഞ്ചായത്ത് | 1000 | 3.60 | ഇല്ല | ഉണ്ട് |
| 10 | എടരിക്കോട് വേങ്ങര | PWD | 1000 | 8 | ഉണ്ട് | ഉണ്ട് |
| | എടരിക്കോട് വേങ്ങര | PWD | 1000 | 8 | ഉണ്ട് | ഉണ്ട് |
| 11 | എടരിക്കോട് വേങ്ങര | PWD | 1500 | 8 | ഉണ്ട് | ഉണ്ട് |
| | ഉണ്ണിയാൽ വട്ടപറമ്പ് | പഞ്ചായത്ത് | 500 | 6 | ഇല്ല | ഉണ്ട് |

## പട്ടിക 2(a)
## പുതതായി നിർമ്മിക്കേണ്ട മൺ റോഡുകൾ

| വാർഡ് | കോഡ് | നിർദ്ദേശിക്കുന്ന പേര് | ദൂരം | പ്രതീക്ഷിക്കുന്ന ചിലവ് | ശ്രമ ദാന ദിനം (മനുഷ്യ) | സംഭാവന |
|---|---|---|---|---|---|---|
| 1 | 0101 | ഇല്ലിപ്പുലാക്കൽ - മഞ്ഞാംമാട് റോഡ് | 1400m | 50,000 | 100 | 5000 |
| | 0102 | പാങ്കുഴി - മുച്ചറാണകടവ് റോഡ് | 600m | 40,000 | 100 | 2000 |
| | 0103 | വള്ളിക്കാട് വയൽ - ഇല്ലിപ്പുലാക്കൽ കനാൽ റോഡ് | 800m | 60,000 | 150 | 2000 |
| | 0104 | എരുമപ്പുഴ - ഇല്ലിപ്പുലക്കൽ റോഡ്, ചേക്കാലിമാട് എരുമ പ്പുഴറോഡുമായി ബന്ധിപ്പിക്കൽ | 1100m | 50,000 | 100 | 5000 |
| | 0105 | മേലെപറമ്പ് - എരുമപ്പുഴവയൽ റോഡ് | 700m | 45,000 | 100 | 2000 |
| | 0106 | കുരുട്ടുക്കൽ മാട് - ഏരുമപ്പുഴയൽ റോഡ് | 1000m | 60,000 | 150 | 6000 |
| | 0107 | അപ്പൻ ചോല ഇടവഴി - ഇല്ലിർരുസാത്തസ് കനാൽ റോഡ് | 2000m | 75,000 | 150 | 8000 |
| | 0108 | കിഴറ്റു കുന്നത്ത്- അമലപ്പാടം റോഡ് (2) | 600m | 40,000 | 100 | 2000 |
| | 0109 | മേലെപറമ്പ് - ലക്ഷം വീട് കോളനി റോഡ് | 200m | 20,000 | 40 | 2000 |
| | 0110 | കുറുക്കൻ ഇടവഴി - അമലപ്പാടം (ഇടവഴി റോഡാക്കി മാറ്റൽ) | 400m | 50,000 | 40 | 1000 |
| | 0111 | ചേക്കാലിമാട് - വടക്കേപള്ളിയായി ഇരിങ്ങലൂർ പാടം റോഡ് | 600m | 75,000 | 60 | 5000 |
| | 0112 | വലിയ പറമ്പ് വള്ളിക്കാട് വയൽ റോഡ് | 300m | 5000 | 50 | 1000 |
| 2 | 0201 | പുഴച്ചാൽ കല്ലക്കയം റോഡ് | 500m | 40,0000 | 100 | 2000 |
| | 0202 | പുഴച്ചാൽ - പുഞ്ചപ്പാടം വെട്ടം റോഡ് | 1000m | 75,000 | 150 | 4000 |
| | 0203 | എടയാട്ടു പറമ്പ് - പുഞ്ചപാടം റോഡ് | 500m | 60,000 | 200 | 3000 |
| | 0204 | കൊടിഞ്ഞി - വടക്കുംമ്പാടം | 200m | 25,000 | 100 | 1000 |
| | 0205 | എഎം.എൽ, യുപിസ്ക്കൂൾ പണിക്കർ തൊടിക -അരീക്കുളം റോഡ് | 1000m | 80,000 | 200 | 5000 |
| | 0206 | അരീക്കുളം - വുള്ളാട്ട് പറമ്പ് എ.എം.സി | 1000m | 75,000 | 200 | 5000 |
| | 0207 | വെട്ടം പുള്ളാട്ടങ്ങാടി റോഡ് | 1250m | 90,000 | 250 | 6000 |
| | 0208 | പുത്തൻ പറമ്പ് ചെട്ട്യൻ ചോലറോഡ് | 1500m | 1,00,000 | 250 | 5000 |
| | 0301 | കുറ്റിത്തറ - കല്ലക്കയം | 450m | 45,000 | 200 | 3000 |

| | | | | | | |
|---|---|---|---|---|---|---|
| | 0302 | ചൂടലക്കുണ്ട് ഇടവഴി റോഡ് | 300m | 30,000 | 100 | 4000 |
| | 0303 | കൊട്ടക്കോൽ - മൂതൂവാട്ടമണ റോഡ് | 450m | 40,000 | 150 | 5000 |
| | 0304 | താഴെ പലാണി കേക്കേകുണ്ട് | 300m | 30,000 | 100 | 4000 |
| 3 | 0305 | പീനിച്ചി പുള്ളാട്ട ത്തടി | 550m | 50,000 | 150 | 5000 |
| | 0306 | കുറ്റിത്തറ (പാക്കാട്ട് കുറിഞ്ഞിക്കാട് റോഡ്) | 200m | 20,000 | 100 | 2000 |
| | 0307 | ചുവപ്പൻ പള്ളിയിൽ കുറ്റിത്തറ ക്ഷേത്രം റോഡ് | 150m | 15,000 | 50 | 2000 |
| | 0308 | തോണി കടവു HC റോഡ് | 200m | 20,000 | 100 | 5000 |
| | 0401 | രാജീവ് ഗാന്ധി റോഡ് റീച്ച് ടൂ | 650m | 75,000 | 150 | 4000 |
| | 0402 | എ. എം.എൽ. പി. കഞ്ഞിക്കടവ് റീച്ചുടു | 800m | 90000 | 200 | 5000 |
| | 0403 | വെട്ടിക്കാട് ഇടവഴി റോഡ് | 700m | 75,000 | 150 | 4000 |
| | 0404 | തട്ടാൻ പടി രാജാവ് ഗാന്ധി റോഡ് | 1KM | 1,20,0000 | 400 | 10,000 |
| | 0405 | കോട്ടപ്പറമ്പ് കുന്നത് തിരികണ്ട് | 800m | 85,000 | 200 | 4000 |
| 4 | 0406 | അവഗനക്കണ്ട് - പാലാണി | 800km | 75,000 | 1500 | 5000 |
| | 0407 | മുണ്ടശ്ശേറി പാങ - കാഞ്ഞത്തിരക്കടവു | 1KM | 90,000 | 1500 | 3000 |
| | 0501 | പാത്തിക്കപാടം ആസ്വാദു നഗർ | 450 | 75,000 | 200 | 5000 |
| | 0502 | മുക്കൻ നാട്ടു കുരിക്കൽ റഡി മുക്കൻ മുട്ട | 700m | 1,00,000 | 200 | 10,000 |
| | 0503 | ആട്ടിരി റോഡ് | 400m | 1,20,000 | 100 | 5000 |
| 5 | 0504 | പള്ളി കടവു റോഡ് | 500m | 75,000 | 100 | 5000 |
| | 0601 | s.s.m ലൈബ്രറി- കബാട്ടിൽ കടവ് | 600m | 75,000 | 100 | 2000 |
| | 0602 | മേലേകല്ലാക്കത്തൊടി അഞ്ചൂട്ടാൻ തൊടിക | 700m | 75,000 | 100 | 2000 |
| 6 | 0603 | കുമ്പളച്ചാട്ട് അംഗൻ വാടി | 1000m | 80,000 | 250 | 5000 |
| | 0604 | മീൻ കുഴികുണ്ടാട് | 300m | 30,000 | 50 | 2000 |
| | 0701 | കല്ലങ്കാട് വളപ്പ് റോഡ് കിഴക്കേ | 800m | 80,000 | 150 | 2000 |
| | 0702 | ആട്ടീരി റോഡ് മുതൽ കിഴക്കേ കുണ്ട് | 500m | 50,000 | 100 | 1000 |
| 7 | 0703 | തൊട്ടിയിൽ കൊനാലി ഇടവഴി റോഡ് | 700m | 75,000 | 100 | 4000 |
| | 0704 | പെരുന്ത ഇടവഴി റോഡ് | 500m | 50,000 | 100 | 5000 |
| | 0705 | യുവധാര ലൈബ്രറി ആബിലവയൽ | 750m | 80,000 | 200 | 5000 |
| | 0801 | പുത്തനാക്കൽ - മുല്ലപ്പറമ്പ്-കൊഴൂർ മാട് | 1000m | 1,00,000 | 250 | 5000 |
| | 0802 | കൊഴൂർ മാട് - കുശവകോളനി | 500m | 50,000 | 150 | 4000 |
| 8 | 0803 | വീഞ്ഞാലുക്കൽ ജുമഅത്ത് പള്ളി പുത്തനാറക്കൽ | 1000m | 1,00,000 | 150 | 5000 |

| | | | | | | |
|---|---|---|---|---|---|---|
| | 0804 | വില്ലേജ് ആഫീസ് - മുടയങ്കാട് കണ്ട് റോഡ് | 400m | 40,000 | 100 | 5000 |
| | 0805 | പെരുന്തൻ ഇടവഴി റോഡ് | 500m | 40,000 | 75 | 4000 |
| | 0806 | വെങ്കളം പറമ്പ് - കുശവകോളനി റോഡ് | 150 m | 10000 | 50 | 2500 |
| | 0807 | ടിപ് ടോപ്പ് ഇൻഡ്രസ്ട്രിയൽ നായിക്കൊരനറോഡ് | 700 | 75,000 | 100 | 2000 |
| | 0906 | ചീറിയിൽ കുളം - മുല്ല പറമ്പ് മോശം | 400 | 50,000 | 100 | 2000 |
| | 0901 | മൊല്ല പറമ്പ് തെക്കേകുളമ്പ് എൽ. പി. എസ്. റീച്ച് ടു | 200m | 50,000 | 100 | 5000 |
| | 0902 | ലക്ഷം വീട് തെക്കേകുളമ്പ് എൻ. പി. എസ് | 600m | 90,000 | 250 | 10,000 |
| | 0903 | പുത്തനാറ മുല്ലപ്പറമ്പ് | 600m | 75,000 | 200 | 7000 |
| 9 | 0904 | അരീങ്ങൽ തോട്താഴെക്കാട്ടെ | 800m | 1,20,000 | 500 | 20,000 |
| | 0905 | ലക്ഷം വീട് തെക്കേ കുളമ്പ് എൽ. പി എസ് | 700 | 1,00,000 | 100 | 5000 |
| | 1001 | ചോലകുഞ്ഞു - ലക്ഷം വീടു കോളനി | 400m | 45,000 | 100 | 10,000 |
| | 1002 | എൽത്ത്സെന്റർ - പുലകടവത്ത് | 350m | 35,000 | 200 | 5000 |
| | 1003 | കുളത്തിങ്ങൽ - കാട്ടു പാടം റോഡ് | 400m | 80,000 | 100 | 10,000 |
| | 1004 | ചോലകണ്ടു - തെമ്മട്ടുകുഞ്ഞു പള്ളിയാളിറോഡ് | 400m | 40,000 | 100 | 15,000 |
| | 1005 | തുമ്പത്ത് ചോല പെരിചെന്ന | 500m | 45,000 | 100 | 10,000 |
| | 1006 | കള്ളിയത്ത് പാറ - കപ്പോചോലകണ്ടു റോഡ് | 400m | 50,000 | 100 | 10,000 |
| 10 | 1007 | ആലച്ചുള്ളി ചെരിചെന്ന | 400m | 45,000 | 100 | 10,000 |
| | 1101 | പാറകടവു - പങ്ങിണി ക്കാടു ഇടവഴി റോഡ് | 150m | 25,000 | 200 | 25,000 |
| | 1102 | മിനി സ്റ്റേഡിയം - നറുങ്ങൽ മാടുറോഡ് | 750m | 1,00,000 | 300 | 20,000 |
| | 1103 | വടക്ക മുറി പള്ളി - വട്ടപറമ്പു | 1000m | 1,00,000 | 200 | 10,000 |
| | 1104 | പാറയിൽ - വട്ട പറമ്പു | 2000m | 1,20,000 | 200 | 20,000 |
| 11 | 1105 | ചകുന്ന കുന്ന് - വടക്കും മുറി | 1000m | 85,000 | 100 | 15,000 |
| | 1106 | പടിഞ്ഞാറെ പാടം മുച്ചറാണി | 1000m | 75,000 | 150 | 20,000 |
| | 1107 | വട്ട പറമ്പു - കെല്ഡ റോഡ് | 1000m | 75,000 | 150 | 20,000 |
| | 1108 | ഉണ്ണിയാൽ - വടക്കും മുറി. | 1000m | 85,000 | 150 | 10,000 |

## പട്ടിക 2 (B)
## പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | കോഡ് | റോഡിന്റെ പേര് | ദൂരം | വീതി(മീറ്റർ) | ചിലവഴിച്ച തുക | ശ്രമദാന ദിനം | സംഭാവന |
|---|---|---|---|---|---|---|---|
| | 0101 | ഇല്ലിപൂലാക്കൽ പുഴച്ചാൽ റോഡ് (ഇല്ലിപുല്ലാക്കൽ റോഡിന്റെ ഒന്നാം ഘട്ടം) | 1500m | 4 | ശ്രമദാനം | 300 | 25,000 |
| | 0102 | ഇല്ലിപുല്ലാക്കൽ പാംകുഴി | 1100m | 4.60 | 25000 | 250 | 15,000 |
| | 0103 | ചേക്കാലിമാട് എരുമപ്പുഴ | 750m | 4.60 | 1000000 | - | 5,000 |
| 1 | 0104 | കീഴാറ്റുകുന്നത്ത് അമലപ്പാടം റോഡ് | 600m | 4.60 | 10000 | 100 | 5,000 |
| | 0201 | പുഴച്ചാൽ കല്ലക്കയം റോഡ് (ഇല്ലിപുല്ലാക്കൽ കുറ്റിത്തറ റോഡ് രണ്ടാം ഘട്ടം) | 800m | 4 | 30000 | - | - |
| 2 | 0202 | ചൂള്ളിക്കാട് പുഞ്ചപ്പാടം | 1250m | 4 | 35000 | - | - |
| | 0203 | കൊടഞ്ഞി വടക്കുംപാടം റോഡ് | 600m | 4 | 40000 | - | - |
| | 0204 | കോട്ടപ്പറമ്പ് വെട്ടം റോഡ് | 700m | 4 | 75000 | - | - |
| | 0301 | പീനിച്ചിപാലാട | 450m | 3 | 75000 | 250 | 10000 |
| 3 | 0302 | നാലുംകൂടിയ ഇടവഴി-പി.എച്ച്. സെന്റർ | 300m | 3 | 65000 | 300 | 10000 |
| | 0303 | കല്ലക്കയം കോട്ടക്കോൾ | 680m | 3 | 60000 | 250 | 15000 |
| 4 | 0401 | കിഴക്കേകുന്ന് ജംഗ്ഷൻ ഹെൽത്ത്സെന്റർ | 200m | 4 | 20000 | 300 | 30000 |
| | 0501 | വാത്തിക്കാപാടം താഴെപള്ളി റോഡ് | 600m | 3.60 | 20000 | 300 | 30000 |
| 5 | 0502 | കുരിക്കൽക്കടവ് പാത്തിക്കാപ്പാടം റോഡ് | 800m | 3.20 | 45000 | 200 | 35000 |
| | 0503 | പടിഞ്ഞാറെപറമ്പ് റോഡ് | 700m | 3.20 | 40000 | 250 | 30000 |
| | 0601 | ഗാന്ധിനഗർ നൊട്ടനാലക്കൽ | 500m | 3 | 20000 | 100 | 10000 |
| | 0801 | കുരിക്കൽ ബസാർ(ഇസ്ലാമിയ കോളേജ്) -ശാന്തിനഗർ റോഡ് | 200m | 3.60 | 50000 | 100 | 10000 |
| | 0802 | പെരിന്തൻ ഇടവഴി റോഡ് | 500m | 3 | 45000 | 150 | 25000 |
| 8 | 0803 | പുത്തനാറക്കൽ-കൊഴൂർ മാട് | 100m | 2 | 40000 | 200 | 20000 |
| | 1001 | കണ്ണച്ചെനാലാ പെരിച്ചന പുറായി റോഡ് | 250m | 4 | 20000 | 100 | 10000 |
| | 1002 | കണ്ണച്ചെനാല -കുളത്തിങ്ങൽ റോഡ് | 400m | 3.50 | 50000 | 150 | 20000 |
| 10 | 1003 | കാട്ടുപാടം - പാറക്കടവ് | 400m | 3 | 45000 | 300 | 15000 |
| | 1101 | പാറക്കടവ്- കാട്ടുപാടം | 200m | 4.20 | 20000 | 200 | 10000 |
| | 1102 | കടവത്ത് - പാക്കടമാട് റോഡ് | 500m | 4.20 | 50000 | 200 | 30000 |
| 11 | 1103 | ഇല്ലിക്കൽ മൂസ്സക്കുട്ടി സ്മാരക റോഡ് | 1000m | 4 | 40,000 | 200 | 20000 |
| | 1104 | വട്ടപറമ്പ് - നമ്മുങ്ങിൽ മാട്ട് റോഡ് | 350m | 4 | 30,0000 | 100 | 20000 |

## പട്ടിക 2(C)
## അറ്റകുറ്റ പണികൾ നടത്തേണ്ട ഇടവഴികൾ

| വാർഡ് | കോഡ് | പേര് | ദൂരം(മീ) | വീതി (മീ) | വർഷത്തിൽ ചെലവഴിച്ച പൊതു ഫണ്ട് ശ്രമദാനം |
|---|---|---|---|---|---|
| 1 | 0101 | അപ്പൻച്ചോല ഇടവഴി | 2കി.മി | 1.20 | |
| | 0102 | കുരിട്ടുക്കൽ റോഡ് | 400 | 1.20 | |
| | 0103 | ആശാരിപ്പടി കുരിടുക്കൽ റോഡ് | 1കി.മി | 1.20 | |
| | 0104 | കുറുക്കൻ അമലപ്പാടം ഇടവഴി | 500 | 1.20 | 10 |
| 2 | 0201 | ഇടയാട് പറമ്പ്–പുതുപാടം ഇടവഴി | 500 | 1.20 | 10 |
| | 0202 | എ.എം.എൽ.എസ് വടക്കുംപാടം ഇടവഴി | 750 | 1.20 | |
| 3 | 0301 | ചുടലക്കുന്ന് ഇടവഴി | 100 | 1.20 | |
| | 0302 | കല്ലക്കയം കൊട്ടക്കോട് ഇടവഴി | 300 | 1.20 | |
| | 0303 | പീനിച്ചിപുളാട്ടങ്ങാടി ഇടവഴി | 500 | 1.20 | |
| | 0304 | നെടുംമ്പുറം–പാച്ചിരി ഇടവഴി | 250 | 1.20 | |
| | 0305 | തോണിക്കടവ് സ്ക്കൂൾ ഇടവഴി | 200 | 1.20 | 20 |
| 4 | 0401 | ആവണക്കുണ്ട് ഇടവഴി | 1കി.മി | 1.20 | |
| | 0402 | തട്ടാൻപടി ഇടവഴി | 500 | 1.20 | |
| | 0403 | രാജീവ്റോഡ് പാറമ്മൽ ഇടവഴി | 650 | 1.20 | |
| | 0404 | വെട്ടിക്കാട് ഇടവഴി | 650 | 1.20 | |
| | 0405 | മുണ്ടശ്ശേരിപ്പാറ കാഞ്ഞിരക്കടവ് | 700 | 1.20 | |
| 5 | 0501 | കുരിക്കൽകടവ് | 600 | 1.30 | |
| | 0502 | ആലുങ്ങൽ മാട്ട റോഡ് | 400 | 1.00 | |
| | 0503 | മീൻകുഴി മേല്ലെപ്പള്ളി റോഡ് | 200 | 1.00 | |
| 6 | 0601 | ഇളയാട് കടവ് ഇടവഴി | 1000 | 1.20 | |
| | 0602 | എസ്.എസ്.എം. ലൈബ്രറി കുണ്ടാട് | 900 | 1.00 | |
| | 0603 | കുന്നത്ത് ഇടവഴി | 100 | 1.00 | |
| | 0604 | ചെന്നക്കൽ നാലുകണ്ടം ഇടവഴി | 500 | 1.20 | |
| | 0701 | ചക്കിങ്ങൽമാട് കേകേകുണ്ട് | 600 | 1.20 | |

| | | | | | |
|---|---|---|---|---|---|
| | 0702 | ചള്ളിക്കാട് ഇടവഴി | 650 | 1.20 | |
| | 0703 | ചെരിച്ചിയിൻ ഇടവഴി | 300 | 1.20 | |
| 7 | 0704 | ആണെക്കാട്ടെപടി ഇടവഴി | 150 | 1.30 | |
| | 0705 | പുത്തൻപടിയേക്കൽ ഇടവഴി | 150 | 1.20 | |
| | 0801 | പുത്തനാറക്കൽ മുടയങ്കാട് ഇടവഴി | 500 | 1.20 | |
| 8 | 0802 | ജമ്അദ് പള്ളി- മുടയൻങ്കാട് ഇടവഴി | 500 | 1.20 | |
| | 0901 | ലക്ഷം വീട് മുല്ലപ്പറമ്പ് ഇടവഴി | 500 | 1.30 | 30 |
| 9 | 0902 | കൊയ്യൂർമാട് ഇടവഴി | 250 | 1.20 | |
| | 0903 | മടത്തിൽ ഇടവഴി | 500 | 1.20 | |
| | 0904 | വട്ടപറമ്പൻ ഇടവഴി | 750 | 1.20 | |
| | 1001 | കുളത്തിങ്ങൽ - താഴെകാളുപടി നടപ്പാത | 250 | 1.20 | |
| | 1002 | കൊട്ടുപ്പാറ അമ്പലം ഇടവഴി | 300 | 1.20 | |
| | 1003 | കുളത്തിങ്കൽ - കാട്ടുപാടം ഇടവഴി | 400 | 1.20 | |
| | 1004 | കുണ്ടൻഇടവഴി | 400 | 1.20 | |
| | 1005 | തൊമ്മാട്ട് ഇടവഴി | 300 | 1.20 | |
| | 1006 | ആലച്ചുള്ളി - പെരിച്ചെന | 400 | 1.20 | |
| 10 | 1007 | പുല്ലാക്കടവത്ത് പാലപ്പറമ്പ് ഇടവഴി | 200 | 1.20 | |
| | 1101 | മിനിസ്റ്റേഡിയം- ഓസാൻ ഇടവഴി | 1000 | 1.20 | |
| | 1102 | തൊട്ടിയിൽ ഇടവഴി | 1000 | 1.20 | |
| 11 | 1103 | ചുകന്നകുന്ന് വടകും മുറി ഇടവഴി | 1000 | 1.20 | |
| | 1104 | പടിഞ്ഞാറെ പാടം - മുച്ചുറാണി ഇടവഴി | 1000 | 1.20 | |
| | 1105 | ഉണ്ണ്യാൽ വടക്കുംമുറി ഇടവഴി | 1000 | 1.20 | |
| | 1106 | പാറക്കടവ് ഇടവഴി | 700 | 1.20 | |

**തയ്യാറാക്കിയത്**
**ചെയർമാൻ – കെ. അബ്ദുസ്സലാം.**
**വൈ. ചെയർമാൻ – കെ. മുഹമ്മദ്കുട്ടി(ഗതാഗതം)**
**കൺവീനർ – വി. അഹമ്മദുണ്ണി. (ഊർജ്ജം)**

# 5.7

## ഭവന നിർമ്മാണം ക്ഷേമപ്രവർത്തനങ്ങൾ

വിദ്യാഭ്യാസപരമായി ഏറെ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് പറപ്പൂർ ഗ്രാമപഞ്ചായത്ത്. ഗൾഫ് പണത്തിന്റെ സ്വാധീനം സൗകര്യപ്രദമായ വീടുകളുടെ നിർമ്മാണത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. എന്നാൽ കൂലിപണി എടുത്ത് ഉപജീവനം നടത്തുന്നവരുടെ വീടുകൾ പഞ്ചായത്തിൽ ഒട്ടുമിക്കവയും കുടിലുകളുമാണ്.

പഞ്ചായത്തിലെ വീടുകളും 5268 വീടുകളിൽ 3368 എണ്ണം ഓട് മേഞ്ഞ ഇടത്തരം വീടുകളും 1122 എണ്ണം സാമാന്യം ഭേദപ്പെട്ട ഓലയോ ഓടോ മേഞ്ഞ കുടിലുകൾക്കു സമാനമായ വീടുകളാണ്. കൂടുതൽ വീടകളുടേയും തറ സിമന്റ് പൂശിയവയും 700 ഓളം വീടുകൾ കടപ്പ, മൊസൈക്ക്, മാർബിൾ എന്നിവ വിരിച്ചതും ബാക്കി വീടുകൾ ചാണകം മെഴുകി തീർത്തവയുമാണ്.

1991-92 വർഷം മുതൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പണികഴിപ്പിച്ച വീടുകൾ നിർമ്മാണച്ചെലവിന്റെ കാര്യത്തിൽ തുല്യതപുലർത്തുന്നുണ്ടെങ്കിലും പൊതുവെ വീടുകളുടെ നിർമ്മാണച്ചെലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നു. കമ്പി, സിമന്റ് തുടങ്ങിയ സാധനങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവ് കാരണം കോൺക്രീറ്റ് വീടുകളുടെ നിർമ്മാണത്തിന് ഭാരിച്ച തുക ചിലവാക്കുന്നുണ്ടെങ്കിലും ആധുനിക സൗകര്യങ്ങളോടുകൂടിയ വീടുകൾ കുറവാണ്.

പഞ്ചായത്തിലെ നെൽപാടങ്ങൾ ഭൂരിഭാഗവും വർഷകാലത്ത് വെള്ളം കയറുന്ന സ്ഥലമായതിനാൽ നെൽപാടം നികത്തി വീട് വെയ്ക്കുന്ന പ്രവണത പഞ്ചായത്തിൽ ഇല്ല. ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ചെമ്മാട് കാർഷിക വികസന ബാങ്കിനെ പഞ്ചായത്തിലെ ജനങ്ങൾ വീട് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും യഥാസമയം വായ്പലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഈ രംഗത്തുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണസംഘങ്ങൾ നിലവില്ലാത്തതും ഭവന നിർമ്മാണ രംഗത്ത് സാധാരണക്കാരന് വിഷമങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഇതര പ്രദേശങ്ങളെപ്പോലെ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ ഇവിടെയുമുണ്ട്. ദുർബല വിഭാഗക്കാർക്ക് വീട് വെയ്ക്കാനും ഇടത്തരക്കാർക്ക് വീട് നിർമ്മാണത്തിനും പുതുക്കി പണിയാനുമുള്ള സഹായങ്ങളോ, വായ്പകളോ ലഭ്യമാക്കാനുള്ള ഏജൻസികൾ ഉണ്ടെങ്കിലും ഈ സംവിധാനം ഇവിടെ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. ജനകീയാവശ്യങ്ങളിൽ മുഖ്യമായ പാർപ്പിടപ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവര പട്ടിക താഴെ കൊടുക്കുന്നു.

**ഭവന ലഭ്യതാ പട്ടിക.**

വിവിധസ്കീമുകൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 1993 മുതൽ 1997 വരെയുള്ള കാലയളവിലൽ വെറും 15 വീടുകൾ മാത്രമേ നിർമ്മിച്ചിട്ടുള്ളു. അതിൽ IAY സ്കീമിൽ 14 വീടുകളും MWSൽ ഒരു വീടുമാണ് നിർമ്മിച്ചിട്ടുള്ളത്. വിവിധ ഗവൺമെന്റ് ഏജൻസികൾ മുഖേന ദുർബലവിഭാഗങ്ങൾക്കുള്ള സഹായവും വായ്പയും വർദ്ധപ്പിക്കേണ്ടതും തക്കസമയത്ത് അവ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും കൂലിനിരക്കിലെ ക്രമാതതീതമായ വർദ്ധനവ് നിമിത്തവും പാവപ്പെട്ടവന് സ്വന്തമായൊരു വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായിത്തന്നെ അവശേഷിക്കുന്നു. കിട്ടിയ ആനുകൂല്യങ്ങൾകൊണ്ട് വീടു നിർമ്മിക്കാനും പണിപൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്.

1972-73 വർഷങ്ങളിൽ വിദഗ്ദ തൊഴിലാളികൾക്ക് 18 രൂപ കൂലി ഉണ്ടായിരുന്നപ്പോൾ അവിദഗ്ദ തൊഴിലാളികൾക്ക് 10 മുതൽ 12 രൂപവരെയായിരുന്നകൂലിനിരക്ക് 1975-76 കാലയളവിൽ വിദഗ്ദ്ധതൊഴിലാളിക്ക് 25 രൂപയാവുകയും അവിദഗ്ദ്ധ തൊഴിലാളിക്ക് 12 മുതൽ 15 രൂപ ആവുകയും 1992-93ൽ അത് യഥാക്രമം 80മുതൽ 90 രൂപവരെയും അവിദഗ്ദ്ധ തൊഴിലാളികളുടേത് 60 മുതൽ 75 ആയും 1994 ൽ 100 മുതൽ 110 വരെ വിദഗ്ദ തൊഴിലാളിക്കും, 75 മുതൽ 85 രൂപവരെ അവിദഗ്ദ്ധ തൊഴിലാളിക്കും ഉണ്ടായിരുന്ന കൂലി നിരക്ക് 1995-96ൽ

പഞ്ചായത്തിലെ കോളനികളുടെ വിവരം

| വാർഡ് | ലക്ഷംവീട് കോളനി | | കുശവ കോളനി | | പട്ടികജാതി പട്ടിക വർഗ്ഗ കോളനി | |
|---|---|---|---|---|---|---|
| | കോളനി | വീടുകൾ | കോളനി | വീടുകൾ | കോളനി | വീടുകൾ |
| I | 1 | 14 | 1 | 9 | - | - |
| II | - | - | 1 | 5 | - | - |
| V | 1 | 12 | - | - | - | - |
| VI | - | - | 1 | 3 | - | - |
| VII | - | - | 2 | 28 | - | - |
| IX | 1 | 40 | - | - | - | - |
| X | 1 | 12 | - | - | 1 | 17 |

90 മുതൽ 130 വരെയും അവിദഗ്ദ്ധ തൊഴിലാളിക്ക് 90 മുതൽ 100 വരെ ആവുകയും ചെയ്തു .സ്ത്രീ തൊഴിലാളികൾ പഞ്ചായത്തിലെ വിദഗ്ദ്ധതൊഴിലാളികളായി അറിയപ്പെടുന്നില്ലെന്ന് മാത്രമല്ല അവരുടെ കൂലിനിരക്ക് പുരുഷതൊഴിലാളികളുടെ കൂലിനിരക്കിനേക്കാൾ വളരെ കുറവാണ് .1995 -96 കാലയളവിൽ സ്ത്രീകളുടെ കൂലിനിരക്ക് 75 മുതൽ 90 വരെയാണ് .

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റ്, കല്ല്, കമ്പി, മരം, ഓട് തുടങ്ങിയവയുടെ വിലയും ക്രമാതീതമായി ഉയർന്നിട്ടുണ്ട് .ഒരു ചാക്ക് സിമന്റിന് 1987-88 ൽ 70 രൂപ ഉണ്ടായിരുന്നത് 89 ൽ 100 രൂപയായും 92-94 കാലയളവിൽ 150 രൂപയായും 1995-96 വർഷങ്ങളിൽ 180 രൂപയുമായി ഉയർന്നു . 1987-88 ൽ ഒരു കിലോഗ്രാം കമ്പിക്ക് 13 രൂപയായിരുന്നത് 96ൽ 16 രൂപയിൽ എത്തിനിൽക്കുന്നു .തടിക്ക് 86-87 കാലഘട്ടത്തിൽ ഉണ്ടായിരുന്നതിനേക്കാൾ മൂന്നിരട്ടിയാണ് ഇന്നത്തെ വില . 1987-88 ൽ 100 കല്ലിന് 300 രൂപയായിരുന്നപ്പോൾ 94 ൽ അത് 500/= രൂപയായും 95 ൽ 700 രൂപയായും 96 ൽ 800/= രൂപയായും വർദ്ധിച്ചു .1995ൽ ഫസ്റ്റ് ക്ലാസ് ഓടിന് 1000 എണ്ണത്തിന് 5000 /-രൂപയുണ്ടായിരുന്നത് 1996 ൽ 6000 / -എത്തിനിൽക്കുന്നു . മണൽ വിലയും ക്രമാതീതമായി ഉയർന്നിട്ടുണ്ട് . കോൺക്രീറ്റ് യൂണിറ്റിന് കൂലിചെലവ് 1987-88 ൽ 1800 രൂപയായിരുന്നത് 1996ൽ 2600 മുതൽ 2800 വരെ ആയി ഉയർന്നിട്ടുണ്ട് .

കൂലിനിരക്കും, സാമഗ്രികളുടെ വിലകൂടുതലും കാരണം സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായവും, വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായവും, വായ്പയും ഇന്നത്തെ പരിധിയിൽ നിന്നും ഉയർത്തേണ്ടതുണ്ട് .അതേ പോലെ ബ്ലോക്ക് തലത്തിൽ നൽകിവരുന്ന RLEGP, NREP, IAY, JRY, MWS എന്നിവയുടെ വായ്പാപരിധികളും ഉയർത്തേണ്ടതാണ് .വായ്പ ലഭ്യമാക്കാനുള്ള സാങ്കേതികമായ സങ്കീർണതകൾ ലഘൂകരിക്കേണ്ടതാണ് .

പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും നഷ്ടപെട്ട വീടുകൾ പുനർ നിർമ്മക്കാനോ നന്നാക്കാനോ, ഈ വായ്പയും സഹായവും കൊണ്ട് കഴിയാത്ത സ്ഥിതിയാണുള്ളത് .

പഞ്ചായത്തിലെ ദുർബലവിഭാഗങ്ങൾക്ക് സാമ്പത്തിക പരാധീനതമൂലം വീട് വെയ്ക്കാൻ കഴിയാത്തതിനാൽ പല വീടുകളിലും രണ്ടോ മൂന്നോ, കുടുംബങ്ങൾ താമസിക്കുന്നു .ഇക്കാരണത്താൽ ഇത്തരം വിഭാഗങ്ങൾക്ക് പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നു .

പഞ്ചായത്തിലെ ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുവാനും ചോർന്നൊലിക്കുന്ന വീടുകൾ നന്നാക്കുന്നതിനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലെന്ന അനുഭവം നമ്മെപഠിപ്പിക്കുന്നു .വാർഡ് തലത്തിൽ ഒരു ബ്രഹത്തായ പദ്ധതി രൂപപ്പെടുത്തിയാൽ മാത്രമേ ഈ അവസ്ഥ മാറ്റിയെടുക്കാൻ സാധിക്കൂ .ഇതിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളുടേയും സന്നദ്ധസംഘടനകളുടേയും ഒരു യോഗം വിളിച്ച് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാ

ഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്.

പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1 പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. വിദഗ്ദരേയും തൊഴിലാളികളേയും ഈ സംഘത്തിലൂടെ ലഭ്യമാക്കുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിൽ ഈ സംഘത്തെക്കൊണ്ട് പ്രവർത്തിപ്പിക്കുക.

2. കെട്ടിട നിർമ്മാണസാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് ഇടപെടുക.

3 നിർമ്മാണ ചെലവ് 5 ലക്ഷം രൂപക്ക് താഴെ വരുന്ന വീടുകളെ കെട്ടിടനിർമ്മാണ നികുതിയിൽ നിന്ന് ഒഴിവാക്കുക.

4 സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്ക് സാങ്കേതിക സങ്കീർണതകൾ ഇല്ലാതാക്കുക. അപേക്ഷകൾ ഗ്രാമ പഞ്ചായത്ത് വഴി വിതരണം ചെയ്യുക. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

5. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

6 ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരണം നൽകുക.

7. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

a IAY, MWS, JRY, RLEGP എന്നീ പദ്ധതികൾ പ്രകാരം നൽകുന്ന സംഖ്യ 22000 കഎന്നുള്ളത് 30000 കയാക്കുക.

b രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരം 26400 രൂപ 40,000 രൂപയാക്കി ഉയർത്തുക.

c. ഭൂരഹിതർക്ക് 5 സെന്റ് ഭൂമിവീതം സൗജന്യമായി നൽകുകയും അവിടങ്ങളിൽ LIC തുടങ്ങിയ കേന്ദ്ര പൊതുസ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശയ്ക്ക് വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതികേന്ദ്രം തുടങ്ങിയ ഏജൻസികളെകൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താക്കളുടേയും സന്നദ്ധയുവജനസംഘടനകളുടേയും പരമാവധി മനുഷ്യദ്ധ്വാനം ഉപയോഗപ്പെടുത്താൻ കഴിയേണ്ടതുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുകയും വേണം.

കോളനികളിൽ വീടുകൾ തൊട്ട്തൊട്ട് കിടക്കുന്നതുകൊണ്ട് സങ്കീർണ്ണമായ പല പ്രശ്നങ്ങളും സംജാതമാകുന്നു. നഗരങ്ങളിലേതുപോലെ വീടുകൾ നിർമ്മിച്ചാൽ കോളനികളിലെ ഒട്ടുമിക്ക പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. ഇതിന് വേണ്ടി ഡാനിഡ, ഇന്ദിര ആവാസ് യോജന, രാജീവ് മെമ്മോറിയൽ ട്രസ്റ്റ് തുടങ്ങിയ ഏജൻസികളുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

**നിർദ്ദേശങ്ങൾ**

1 സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുക.

2 പഞ്ചായത്തിലെ മുഴുവൻ ഓലവീടുകളും ഓടാക്കിമാറ്റാൻ സാമ്പത്തിക സഹായം നൽകുക.

3. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും രാജീവ് ദശലക്ഷം ഭവന പരിപാടി നടപ്പിലാക്കുക.

4 പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണം സഹകരണ സംഘം സ്ഥാപിക്കുക.

5 ഭൂമി ഉള്ളവരും എന്നാൽ വീട് വെക്കാൻ കഴിയാത്തവരുമായ ആളുകൾക്ക് വീട് വെയ്ക്കാൻ ധനസഹായം നൽകുക.

6. ലക്ഷം വീട് കോളനികളിൽ ചോർന്ന് ഒലിക്കുന്ന വീടുകൾ നന്നാക്കാൻ ധനസഹായം നൽകുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമെ പട്ടിക ജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടിക ജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായ് വനിതാ വികസനകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് ചെറിയ തോതിലാണെങ്കിലും പഞ്ചായത്തിൽ ലഭ്യമാവുന്നത്. നാമമാത്രമായി മറ്റ് പദ്ധതികളും പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടവതന്നെ

യാണ്.

പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷകതൊഴിലാളികൾ എന്നിവരാണ് ഉള്ളതെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. സാങ്കേതികത്വത്തിന്റെ നൂലാമാലകൾ കാരണം പട്ടിക ജാതി വികസനകോർപ്പറേഷനെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.

വനിതാ വികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഇതു വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നാണ് പഞ്ചായത്തിലെ സ്ഥിതി വിലയിരുത്തുമ്പോൾ അറിയാൻ കഴിയുക.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരിക്കേണ്ടത് വേങ്ങര ബ്ലോക്ക് ഡവലപ്മെന്റ് ആപ്പീസിന് കീഴിലുള്ള ഇരിങ്ങല്ലൂർ പറപ്പൂർ എന്നീ V. E.O. സർക്കിളുകൾ വഴിയാവണം.

രണ്ട് വി ഇ ഒ സർക്കിളുകളിലായി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പഞ്ചായത്തിൽ ഇരിങ്ങല്ലൂർ** V.E.O. സർക്കിളിൽ IRDP സർവെയിൽ 1995 ലെ സർവ്വെപ്രകാരം 1230 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായി കണ്ടെത്തി.

1992-93 മുതൽ 1995-96 വരെയുള്ള കാലയളവിൽ 98 കുടുംബങ്ങൾക്കായി 2,93,796 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

പറപ്പൂർ V.E.O സർക്കിളിൽ IRDP സർവ്വെപ്രകാരം 1160 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തി. 1992-93 മുതൽ 1995- 96 വരെയും കാലയളവിൽ 73 കുടുംബങ്ങൾക്കായി 2,56,307 രൂപ വിതരണം ചെയ്തതായി കണക്കുകൾ കാണിക്കുന്നു.

ഈ പദ്ധതിക്കുള്ള സാമ്പത്തിക പരിധി കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. വാർഷിക വരുമാനം 18,000 രൂപവരെ ഉള്ളവർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കേണ്ടതുണ്ട്.

ദേശസാൽകൃതബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ അലംഭാവമാണ് കാണിക്കുന്നത്. സഹകരണമേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണബാങ്കുൾക്ക് ഈ മേഖലയിൽ ഗുണഭോക്കളെ സഹായിക്കാൻ ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്. IRDP സർവ്വേ വർഷം തോറും നടത്തണം.

D W C R A സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D. W. C R A

നമ്മുടെ പഞ്ചായത്തിൽ D.W.C.R.A. സഹായത്തോടെ 1989-90 കാലയളവ് മുതൽ 1995 -96 വരെ ആകെ വെറും 8 സ്കീമുകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

ഈ പദ്ധതി ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടിയും അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

ഈ പദ്ധതിയിൽ 1995-96 ൽ ഒരു സ്കീം മാത്രമെ നടപ്പിലാക്കിയിട്ടുള്ളു. സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടിയുള്ള ഈ പദ്ധതിയെപ്പറ്റി വനിതകൾക്ക് തീരെ അറിവില്ലായ്മയും ഉദ്യോഗസ്ഥതലത്തിലുള്ള അലംഭാവവും ഉണ്ട് എന്ന കാര്യം കണക്കിലൂടെ വ്യക്തമാവുന്നു. ഇതിന് ഒരു ബോധവൽക്കരണം ആവശ്യമാണ്.

I.R.D.P. സർവെ സഹായ ലഭ്യതാ കണക്ക്

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1992-93 | 31 | 53,812 | 1,18,408 |
| 1993-94 | 34 | 1,10,043 | 1,58,711 |
| 1994-95 | 30 | 1,19,458 | 2,36,892 |
| 1995-96 | 33 | 1,39,500 | 4,16,026 |
| 1996-97 | 25 | 1,00,000 | 6,35,000 |

**വനിതാ ശിശുവിന്റെ വികസന പരിപാടി** DWCRA.

**ഇരിങ്ങല്ലൂർ V E O .സർക്കിൾ**

1 പറപ്പൂർ -ഇരിങ്ങല്ലൂർ 1989 -90ൽ ആരംഭിച്ചു

2 ചുള്ളിപറമ്പ് യൂണിറ്റ് 1990 -91 "

3 കുറ്റിത്തറ ഇൻഫർമേഷൻ 1993 -94 "

4 ഇടയാട്ട്പറമ്പ് യൂണിറ്റ് 1990 -91 "

**പറപ്പൂർ V E O .സർക്കിൾ**

1 വട്ടപ്പറമ്പ് യൂണിറ്റ് 1989 -90ൽ ആരംഭിച്ചു.

2 പാറയിൽ യൂണിറ്റ് 1991 -92 "

3 കടവത്ത് ഇൻഫർമേഷൻ യൂണിറ്റ് 1993 - 94

4 ചെമ്മൻചെരു യൂണിറ്റ് 1995 -96

വനിതകളുടേയും കുട്ടികളുടേയും ക്ഷേമത്തിന് വേണ്ടിയുള്ള ഈ പദ്ധതി നമ്മുടെ പഞ്ചായത്തിൽ പല വാർഡുകളിലും ഇനിയും ആരംഭിക്കേണ്ടതുണ്ട് .എന്ന് കണക്കുകൾ വ്യക്തമാക്കുന്നു .

**ട്രൈസം**

18 മുതൽ 35വരെ പ്രായമുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം

പറപ്പൂർ പഞ്ചായത്തിൽ 1992-93 മുതൽ 1996-97 വരെയുള്ള കാലയളവിൽ ഇരിങ്ങല്ലൂർ V E O സർക്കിളിൽ നിന്നും വെറും 5 വരെയാണ് തൊഴിൽ പരിശീലനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത് .

ഇതേ കാലയളവിൽ പറപ്പൂർ വി ഇ ഒ .സർക്കിളിൽ വെറും 4 പേരെയാണ് തൊഴിൽ പരിശീലനത്തിന് തെരഞ്ഞെടുത്തത് . ആറ് വർഷത്തിനുള്ളിൽ വെറും 9 പേരെ മാത്രമാണ് തൊഴിൽ പരിശീലനത്തിനായി തെരഞ്ഞെടുത്തത് .ഈ കണക്കുകൾ കാണുമ്പോൾ നമ്മുടെ പഞ്ചായത്തിൽ എത്രകണ്ട് ഈ പദ്ധതി ഉപയുക്തമാവുന്നു എന്ന് മനസ്സിലാക്കാം .

ഓരോഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട് .വളരെ ചുരുക്കം പേർക്കേ ഈ പദ്ധതിയുടെ പരിശീലനം നൽകുവാൻ കഴിയുന്നുയുള്ളു .പരിശീലകരുടെ സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിക്കേണ്ടതുണ്ട് .ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാൻമാരാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ് .

**ടൂൾകിറ്റ്**

പഞ്ചായത്തിൽ 1992-93 മുതൽ 1995-96 വരെ രണ്ട് സർക്കിളുകളായി ആകെ 35 പേർക്കേ ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചിട്ടുള്ളു .ആവശ്യക്കാർക്ക് ആനുകൂല്യം കിട്ടുന്നില്ല എന്ന പരാതി നിലനിൽക്കേ 1995-96ൽ നമ്മുടെ പഞ്ചായത്തിൽ ആർക്കും സാമഗ്രികൾ വിതരണം ചെയ്തിട്ടില്ല .യഥാസമയം വിതരണം ചെയ്യേണ്ടതാണ് .ഈ പദ്ധതിയെക്കുറിച്ച് ഗ്രാമീണ തൊഴിലാളികൾ അജ്ഞരാണ് .

**C R S P .കക്കൂസ്**

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് C.R.S.P. 1993 -94 മുതൽ 1995-96 വരെയുള്ള കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ രണ്ട് സർക്കിളുകളിൽ നിന്നായി 44 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട് .വളരെ കുറഞ്ഞ പേർക്കുമാത്രമെ ഈ ആനുകൂല്യം ലഭിക്കുന്നുള്ളു .കൂടുതൽ പേർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കണം .

**വില്ലേജ് ഓഫിസ് വഴിയുള്ള ക്ഷേമപദ്ധതികൾ**

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പെൻഷനാണ് പഞ്ചായത്ത് ലഭ്യമാക്കുന്നത് . അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടിയിട്ടില്ല .നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ സഹായം കൃത്യമായി കിട്ടുന്നില്ല .

**വിധവാപെൻഷൻ**

പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കാറില്ല .ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാൻ നടപടികൾ സ്വീകരിക്കണം .

**വികലാംഗപെൻഷൻ**

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് കിട്ടുന്നതിന് വളരെ ബുദ്ധിമുട്ടായതുകൊണ്ട് നിലവിലുള്ള നിയമത്തിൽ ചില ഭേദഗതികൾ വരുത്തണം .വികലാംഗസർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം P.H.C . മെഡിക്കൽ ഓഫീസർമാർക്ക് നൽകണം .

**കർഷക തൊഴിലാളി പെൻഷൻ**

അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല .അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം .

**തൊഴിലില്ലായ്മ വേതനം**

നമ്മുടെ പഞ്ചായത്തിൽ ആകെ 86പേർക്ക് തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നു .

**അങ്കൺ വാടികൾ**

സാമൂഹികക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അങ്കൺവാടികൾ നമ്മുടെ പഞ്ചായത്തിൽ 16എണ്ണം ആണുള്ളത് .1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് .I.C.D.Sന്റെ ലക്ഷ്യമെങ്കിലും

C.R.S.P. കക്കൂസുകൾ
പറപ്പൂർ (വി.ഇ.ഒ. സർക്കിൾ)

| കൊല്ലം | എണ്ണം |
|---|---|
| 1992 - 93 | ഇല്ല |
| 1993 - 94 | 6 എണ്ണം |
| 1994 - 95 | 24 എണ്ണം |
| 1995 - 96 | 1 എണ്ണം |

ഇത് ഈ പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ല. ആയതിനാൽ അംഗൻവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുകയും അത് പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും കളിപ്പാട്ടമില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരും തലമുറയെ വാർത്തെടുക്കുന്ന അടിസ്ഥാന സ്ഥാപനമായ അംഗൻ വാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപർ എന്നീ തസ്തികകൾ മാത്രമേ അംഗൻ വാടികളിൽ ഉള്ളു. രാവിലെ 9 മണിമുതൽ വൈകുന്നേരം 3 1/2 വരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം വരെ നടത്തേണ്ടതായും വരുന്നു. പ്രയാസങ്ങൾ സഹിച്ച് നാടിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടതുണ്ട്.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

പഞ്ചായത്തിലെ 560 പേർ കെട്ടിട നിർമ്മാണ

അംഗൻവാടികളുടെ വിവരം

| വാർഡ് | അംഗൻ വാടി എണ്ണം | അംഗൻ വാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാ | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാ | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|
| I | 2 | 37<br>127 | 25<br>25 | പണി നടക്കുന്നു | 1-ഇല്ല | ഉണ്ട് | ഇല്ല . | - | ഇല്ല |
| II | 2 | C.109<br>C.36 | 28<br>48 | - | 2 | - | ഇല്ല . | - | ഇല്ല |
| III | 1 | | 43 | ഉണ്ട് | - | ഉണ്ട് | - | - | ഇല്ല |
| IV | 2 | | 40<br>38 | | ഇല്ല | | ഇല്ല | - | ഇല്ല |
| V | 2 | 13<br>103 | 44<br>32 | | ഇല്ല | | ഇല്ല | - | ഇല്ല |
| VI | 1 | 12 | 38 | | ഇല്ല | | ഇല്ല | | ഇല്ല |
| VII | - | - | - | - | - | - | - | - | - |
| VII | 1 | | 36 | - | ഇല്ല | - | ഇല്ല | - | ഇല്ല |
| IX | 2 | | 43<br>55 | - | ഇല്ല | - | ഇല്ല | - | ഇല്ല |
| X | 1 | | 38 | ഉണ്ട് | ഇല്ല | - | ഇല്ല | - | ഇല്ല |
| XI | 2 | 104 | 42<br>38 | ഉണ്ട് | - | ഉണ്ട് | - | - | ഇല്ല |

രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവനാളുകളേയും ക്ഷേമ നിധിയിൽ അംഗമാക്കിയിട്ടില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ട് 55 വയസ്സാകുമ്പോൾ തൊഴിൽ മേഖലയിൽ നിന്ന് വിട്ടു നിൽക്കുന്നു. പഞ്ചായത്തിൽ 190 പേർ നിർമ്മാണതൊഴിലാളിക്ഷേമനിധിയിൽ അംഗങ്ങളാണ്.

**പൊതുവിതരണം**

പഞ്ചായത്തിലാകെ എട്ട് റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 5250 കാർഡുടമകളുടെ പൊതുവിതരണരംഗത്ത് ഒരുമാവേലി സ്റ്റോർ പോലും പഞ്ചായത്തിലില്ല. ഒരു മാവേലി സ്റ്റോർ അടിയന്തിരമായി പഞ്ചായത്തിൽ തുടങ്ങണം. റേഷൻകാർഡുകളുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ സംവിധാനം ഉണ്ടാക്കണം.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ സന്നദ്ധസംഘടനകൾക്ക് സഹായം ലഭ്യമാക്കണം.

2. സ്പോർട്സ് രംഗത്ത് പ്രതിഭകൾ വളരെയധികം ഉള്ളതുകൊണ്ട് അവരെ പ്രോത്സാഹിപ്പിക്കാൻ ഒരു മിനി സ്റ്റേഡിയം ഉടൻ നിർമ്മിക്കണം.

3. പൊതുമരാമത്തിന്റെ ഉടമസ്ഥതയിലുള്ള പോസ്റ്റ് ഓഫീസിന് സമീപമുള്ള കുറ്റിത്തറമ്മലിൽ ഒരു പൊതു വായനശാല സ്ഥാപിക്കണം.

4. പെൻഷൻ വിതരണ രംഗത്തെ കാലതാമസം ഒഴിവാക്കണം

5. വികലാംഗ സർട്ടിഫിക്കറ്റ് നൽകാൻ P H C യിലെ മെഡിക്കൽ ഓഫീസർക്ക് അധികാരം നൽകണം.

6. എല്ലാവിധ സാമൂഹിക പെൻഷനുകളും ശുപാർശ ചെയ്യാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം.

7. വിവാഹസഹായ പെൻഷൻ 1500/- ൽ നിന്ന് 5000/- രൂപയായി ഉയർത്തുക. ഇതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകുക.

8. വികലാംഗ പെൻഷനും ഉപകരണങ്ങളും ലഭിക്കാനാവശ്യമായ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നു.

9. ഇപ്പോൾ നൽകിവരുന്ന മുഴുവൻ പെൻഷൻ സംഖ്യയും ഇരട്ടിയാക്കണം.

10. ശാരീരികമായി അവശരായവർക്ക് പ്രായം നോക്കാതെ പെൻഷൻ നൽകാൻ സംവിധാനം ഉണ്ടാക്കുക

11. പെൻഷൻ യഥാസമയം അർഹരായവർക്കു ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കുക

12. 6-ാം വാർഡിലെ ചിനക്കൽ ഭാഗത്ത് ഒരു അംഗൻവാടി അനുവദിക്കുകയും നിലവിലുള്ള അംഗൻവാടിക്ക് സ്ഥിരമായി കെട്ടിടവും കളിപ്പാട്ടവും ലഭ്യമാക്കുക.

13. അംഗൻവാടികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക. വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് പഞ്ചായത്ത് തല ബോധവൽക്കരണം നടത്തുക.

14. IX -ാം വാർഡിലും V-ാം വാർഡിലും പൊതു കളിസ്ഥലം ഉണ്ടാക്കുക. IX-ാംവാർഡിലും V-ാം വാർഡിലും വൃദ്ധ മന്ദിരങ്ങൾ സ്ഥാപിക്കുക.

15. കിളിയം കുന്നുമാട് അംഗൻവാടിക്ക് പഞ്ചായത്തിന്റെ 2 സെന്റ് സ്ഥലം വിട്ട് കൊടുത്ത് സ്ഥിരം കെട്ടിടം നിർമ്മിക്കുക

16. ക്ഷേമധനസഹായ പദ്ധതികൾ ഗ്രാമപഞ്ചായത്തിലൂടെ നടപ്പാക്കുക.

17. കുരിക്കൾബസാർ, കിഴക്കേ കുണ്ട്, ആസാദ് നഗർ, എന്നിവിടങ്ങളിൽ മുൻഗണനാക്രമത്തിൽ അംഗൻവാടികൾ സ്ഥാപിക്കുക

18. സ്ത്രീകൾക്ക് സ്വയം തൊഴിലിനുവേണ്ടി തുന്നൽ പരിശീലനകേന്ദ്രം, സോപ്പ് നിർമ്മാണ കേന്ദ്രം, കോഴിവളർത്തൽ കേന്ദ്രം തുടങ്ങിയ തൊഴിൽ കേന്ദ്രങ്ങൾ ഉടൻ ആരംഭിക്കുക.

19. 7-ാം വാർഡിൽ അന്ധബധിര മൂക വിദ്യാലയം സ്ഥാപിക്കുക

20. 7-ാം വാർഡിലും V-ാം വാർഡിലും ഒരു മഹിളാ സമാജം ആരംഭിക്കുക.

21. വാർഡു തലത്തിൽ ജനങ്ങളുടെ പ്രശ്നങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് വീണാലുക്കലിൽ ഒരു പരാതിപ്പെട്ടി സ്ഥാപിക്കുക.

22. വാർഡു തലത്തിൽ വാർഡ്മെമ്പർമാർ കൺവീനറായും പഞ്ചായത്ത് തലത്തിൽ പ്രസിഡണ്ട് കൺവീനറായും ഒരു ഉപഭോക്തൃസംരക്ഷണസമിതി രൂപീകരിച്ച് ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

23. ഗവൺമെന്റിലേക്കും പഞ്ചായത്തിലേക്കുമുള്ള പൊതു ജനങ്ങളുടെ പരാതികൾ പഞ്ചായത്ത് സ്വീകരിച്ച് അവക്കുള്ള രശീതി നൽകി മേൽ നടപടിക്കായി അവ ബന്ധപ്പെട്ട മേലധികാരിക്ക് സമർപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

24. അംഗൻ വാടികളുടെ എണ്ണം 16ൽ നിന്ന് 29 ആക്കുക.

25. 3394 കുടുംബങ്ങൾക്കേ ഇപ്പോൾ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമുള്ളു. ബാക്കി വീടുകൾക്കും അത് ലഭ്യമാക്കുക.

26. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് കൊടുക്കുക.

27. അംഗൻവാടികളിലെ കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ സ്റ്റീൽ പാത്രങ്ങളും കിടന്നുറങ്ങുന്നതിന് ഷീറ്റും, കളിക്കുന്നതിന് കളിക്കോപ്പുകളും, ഓഫീസിലെ ആവശ്യങ്ങൾക്ക് റജിസ്റ്റർ എന്നിവയും ലഭ്യമാക്കണം.

28. അംഗൻ വാടികളുടെ വാടക പരിഷ്കരണം.

29. പട്ടിക ജാതി അമ്മമാർക്ക് ആരോഗ്യ ക്ലാസ് സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുക.

30. വികലാംഗർക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.

31. സ്ത്രീകൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് വേണ്ടി മഹിളാസമാജങ്ങൾ വഴി ധനസഹായം നൽകുക.

32. ഗൾഫ് മേഖലയിൽ നിന്നും തിരിച്ചു വരുന്ന തൊഴിൽരഹിതരെ പുനരധിവസിപ്പിക്കുന്നതിനു സത്വര നടപടികൾ കൈകൊള്ളേണ്ടതാണ്.

❖

തയ്യാറാക്കിയത്
ചെയർപേഴ്സൺ :പി.വി.കെ.ഹസീന
കൺവീനർ :മുഹസിൻ.എ.കെ.

I.R.D.P. സർവെ സഹായ ലഭ്യതാ കണക്ക്
ഇരിങ്ങല്ലൂർ (V.E.O. സർക്കിൾ)

| | വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|---|
| | 1992-93 | 19 | 35156 | 66044 |
| SC | 1992-93 | 4 | 5675 | 5675 |
| സ്ത്രീ | 1992-93 | 8 | 10324 | 14976 |
| | 1993-94 | 18 | 54691 | 75759 |
| SC | 1993-94 | 5 | 20125 | 21625 |
| സ്ത്രീ | 1993-94 | 10 | 32325 | 36775 |
| | 1994-95 | 15 | 59750 | 114000 |
| SC | 1994-95 | 4 | 15750 | 15750 |
| സ്ത്രീ | 1994-95 | 1 | 4000 | 9200 |
| | 1995-96 | 18 | 79000 | 236526 |
| SC | 1995-96 | 5 | 27000 | 55000 |
| സ്ത്രീ | 1995-96 | 2 | 8000 | 22526 |

I.R.D.P. സർവെ സഹായ ലഭ്യതാ കണക്ക്
പറപ്പൂർ (V.E.O. സർക്കിൾ)

| | വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|---|
| | 1992-93 | 12 | 18656 | 52364 |
| SC | 1992-93 | 3 | 4350 | 4350 |
| സ്ത്രീ | 1992-93 | ഇല്ല | - | - |
| | 1993-94 | 16 | 55352 | 82952 |
| SC | 1993-94 | ഇല്ല | - | - |
| സ്ത്രീ | 1993-94 | 6 | 18158 | 21442 |
| | 1994-95 | 15 | 59708 | 122892 |
| SC | 1994-95 | 3 | 12375 | 12375 |
| സ്ത്രീ | 1994-95 | 3 | 27708 | 46042 |
| | 1995-96 | 15 | 60500 | 179500 |
| SC | 1995-96 | ഇല്ല | - | - |
| സ്ത്രീ | 1995-96 | ഇല്ല | 44500 | 135500 |

D.W.C.R.A. സഹായലഭ്യതാ കണക്ക്

| വർഷം | സ്കീമികളുടെ എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1989 - 90 | 2 | | |
| 1990 - 91 | 2 | | |
| 1991 - 92 | 1 | | |
| 1993 - 94 | 2 | | |
| 1994 - 95 | ഇല്ല | | |
| 1995 - 96 | 1 | | |

ട്രൈസം പരിശീലന ലഭ്യതാ പട്ടിക
ഇരിങ്ങല്ലൂർ

| വർഷം | പരിശീലകരുടെ എണ്ണം |
|---|---|
| 1992 - 93 | ഇല്ല |
| 1993 - 94 | ഇല്ല് |
| 1994 - 95 | 1 |
| 1995 - 96 | 1 |
| 1996 - 97 | 2 |

പറപ്പൂർ (വി.ഇ.ഒ. സർക്കിൾ)

| വർഷം | എണ്ണം |
|---|---|
| 1992 - 93 | ഇല്ല |
| 1993 - 94 | ഇല്ല |
| 1994 - 95 | 1 |
| 1995 - 96 | 2 |

ടൂർകിറ്റ്
ഇരിങ്ങല്ലൂർ വി.ഇ.ഒ. കൊടുത്തത്

| കൊല്ലം | എണ്ണം |
|---|---|
| 1992 - 93 | 6 പേർക്ക് |
| 1993 - 94 | 7 പേർക്ക് |
| 1994 - 95 | ഇല്ല |
| 1995 - 96 | 4 പേർക്ക് |

ടൂർകിറ്റ്
പറപ്പൂർ വി.ഇ.ഒ. കൊടുത്തത്

| കൊല്ലം | എണ്ണം |
|---|---|
| 1992 - 93 | 8 പേർക്ക് |
| 1993 - 94 | 6 പേർക്ക് |
| 1994 - 95 | 4 പേർക്ക് |
| 1995 - 96 | ഇല്ല |

C.R.S.P. കക്കൂസുകൾ
ഇരിങ്ങല്ലൂർ (വി.ഇ.ഒ. സർക്കിൾ)

| കൊല്ലം | എണ്ണം |
|---|---|
| 1992 - 93 | ഇല്ല |
| 1993 - 94 | 6 എണ്ണം |
| 1994 - 95 | 2 എണ്ണം |
| 1995 - 96 | 5 എണ്ണം |

# 5

## 8

# സംസ്ക്കാരം

സാംസ്കാരിക നവോത്ഥാനത്തിന് ദേശീയ പ്രസ്ഥാനത്തിനൊപ്പം പ്രാമുഖ്യം നേടിയ ഒരു പഞ്ചായത്താണ് പറപ്പൂർ. 1957-ൽ രൂപം കൊണ്ട പറപ്പൂർ യുവജനസംഘം, പ്രവർത്തനം വ്യാപിച്ചതോടെ ഈ പ്രവർത്തനങ്ങൾക്ക് സംഘടിത രൂപം കൈവന്നു. തുടർന്നുള്ള കാലഘട്ടത്തിൽ വിവിധ വാർഡുകളിലായി ഒട്ടേറെ വായനശാലകൾ ഉയർന്നുവെന്നുവെങ്കിലും പ്രവർത്തനം നാമമാത്രമായിരുന്നു എന്നാലും രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിലെ അതാത് കാലഘട്ടത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളോട് ശക്തമായിപ്രതികരിക്കാൻ യുവാക്കൾ തയ്യാറായിരുന്നു. പറപ്പൂർ പഞ്ചായത്തിൽ ആദ്യമായി രൂപം കൊണ്ട വിദ്യാഭ്യാസ സ്ഥാപനം 1901-ൽ സ്ഥാപിച്ച കൊളക്കാട്ടിൽ സ്കൂളും 1903 കിഴക്കേകുണ്ടിൽ സ്ഥാപിച്ച ഏകാദ്ധ്യാപക വിദ്യായവുമായിരുന്നു ഇവ ആരംഭത്തിൽ ഓത്തു പള്ളിയായി സ്ഥാപിച്ച് പിന്നീട് വിദ്യാലയമായി മാറുകയാണുണ്ടായത്.

പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ട ലൈബ്രറികൾ അഞ്ചാണ്. 4-ാം വാർഡിൽ പ്രവർത്തിക്കുന്ന നവോദയ ലൈബ്രറി, 6-ാം വാർഡിൽ പ്രവർത്തിക്കുന്ന എസ്.എസ്. എം ലൈബ്രറി, 7-ാം വാർഡിൽ പ്രവർത്തിക്കുന്ന യുവധാര ലൈബ്രറി, 10-ാം വാർഡിൽ പി.വൈ.എസ്. ലൈബ്രറി, 11-ാം വാർഡിൽ പ്രവർത്തിക്കുന്ന ടി.പി.എം.എസ്. ലൈബ്രറി എന്നിവക്ക് ഗ്രന്ഥശാല സംഘത്തിൻെറ അംഗീകാരമുണ്ട്. അംഗീകാരല്ലാത്ത പത്തോളം ക്ലബുകളും അംഗീകാരം ഉള്ള 4 ക്ലബുകളും ഇവിടെ പ്രവർത്തിച്ചുവരുന്നു

### പ്രശ്നങ്ങൾ

1. രണ്ടു ലൈബ്രറിയൊഴിച്ച് മറ്റുള്ളവയെല്ലാം സ്വന്തമായി കെട്ടിടമില്ലാത്തവയാണ്
2. കലാകായിക രംഗത്ത് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല
3. ടി.വി.- പ്രചാരത്തിൽ വന്നതിനാൽ പുസ്തകം വായനയിൽ ജനങ്ങൾ പിന്നോട്ടം പോയിരിക്കുന്നു.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന് ഒരു പൊതു കമ്യൂണിറ്റി ഹാൾ രൂപികരിക്കണം.
2. നിലവിലുള്ള ലൈബ്രറികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കാനുള്ള സാഹചര്യമുണ്ടാക്കുക
3. ഓരോ വാർഡിലും പൊതുവായനശാലകൾ ജനപങ്കാളിത്തത്തോടെ നിർമിക്കുക,
4. അംഗീകൃത ലൈബ്രറികൾക്ക് ടി.വി. സെറ്റുകൾ നൽകാൻ ആവശ്യമായ സഹായം നൽകുക
5. നിലവിലുള്ള വായനശാല ലൈബ്രറി, ക്ലബുകൾ എന്നിവ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമാക്കുക
6. വിവിധ കായിക ഇനങ്ങളിൽ ആഭിമുഖ്യമുള്ള യുവജനങ്ങൾക്ക് ഉപയുക്തമാകുമാറ് ഒരു സ്റ്റേഡിയം പണിയുക

ചെയർമാൻ: ടി. അലവി

**കൺവീനർ : എം.ജി. അജിത്കുമാർ**

# 5

# 9

# വനിത

ഇന്നത്തെ സാമൂഹ്യചുറ്റുപാടിൽ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സുപ്രധാനമായ ഒരു പങ്ക് വനിതകൾക്ക് നിർവഹിക്കാനുണ്ട്. ഇന്ന് നാടെങ്ങും വനിതാ വിമോചന പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ അലയടികൾ പറപ്പൂർ ഗ്രാമപഞ്ചായത്തിലും ദർശിക്കാവുന്നതാണ്.

1991-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പറപ്പൂർ ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 26047 ആളുകളിൽ 13421 സ്ത്രീകളും 12626 പുരുഷൻമാരുമാണുള്ളത്. ഇത് പ്രകാരം പുരുഷൻമാരേക്കാൾ 795 സ്ത്രീകൾ ഈ പഞ്ചായത്തിൽ കൂടുതലാണെന്ന് കാണാവുന്നതാണ്.

പറപ്പൂർ ഗ്രാമപഞ്ചായത്തിലെ മൊത്തമുള്ള 5268 കുടുംബങ്ങളിൽ പലതിലും കുടുംബനാഥൻമാർ ഗൾഫുനാടുകളിലായത് കൊണ്ടും മറ്റും 1250 കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളവയാണ്.

ഈ പഞ്ചായത്തിലെ വനിതകളുടെ സാമൂഹ്യ വിദ്യാഭ്യാസ, തൊഴിൽപരമായ പശ്ചാത്തലം താഴെപറയും പ്രകാരമാണ്.

സാമൂഹ്യപ്രവർത്തനരംഗത്ത് പഴയകാലം മുതൽ തന്നെ സ്ത്രീജന പങ്കാളിത്തം വളരെകുറവായിരുന്നു. പൊതുപരിപാടികളിലും വിദ്യാഭ്യാസ മേഖലയിലും ആഘോഷപരിപാടികളിലും തുടങ്ങി എല്ലാ പൊതുപ്രവർത്തന തുറകളിലും വനിതാ പങ്കാളിത്തം വിരളമായിരുന്നു.. പറപ്പൂർ ഗ്രാമപഞ്ചായത്തിൽ 1991ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പുരുഷൻമാരേക്കാൾ 795 സ്ത്രീകൾ കൂടുതലാണെങ്കിലും ഈ വർധനവിനനുസരിച്ചുള്ള വനിതാ പ്രാതിനിധ്യം ഒരു മേഖലയിലും കാണാൻ കഴിയുന്നില്ല.

മൂന്ന് മഹിളാ സമാജങ്ങളാണ് ഈ പഞ്ചായത്തിൽ പ്രവർത്തനപഥത്തിലുള്ളത്. കൂടാതെ ദരിദ്രരായ വനിതകളുടെ സംഘടനയായ സി.ബി.എൻ.പിയിൽ 4 യൂണിറ്റുകളിലായി 92 വനിതകളും ഈ പഞ്ചാത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന് പുറമെ പഞ്ചായത്തിലെ 16 അംഗൻവാടികളിലേയും ജീവനക്കാരും സന്നദ്ധരായ ഏതാനും അധ്യാപികമാരും പഞ്ചായത്ത് ബോർഡിലെ വനിതാമെമ്പർമാരും അടക്കമുള്ള ചുരുക്കം ചിലർ മാത്രമാണ് സാമൂഹ്യസേവന രംഗത്ത് പ്രവർത്തിക്കുന്ന വനിതകൾ. മറ്റുള്ളവരെല്ലാം തന്നെ സ്വന്തം വീടുകളിൽ മാത്രം ഒതുങ്ങികൂടികഴിയുകയാണ്. ഇതിനൊരു മാറ്റം കൂടിയേ തിരൂ.

20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലുണ്ടായിരുന്ന ഓത്തുപള്ളികളും എഴുത്തുപള്ളികളുമാണ് അക്കാലത്ത് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുണ്ടായിരുന്ന ഏക ആശ്രയം. എന്നാൽ പിന്നീട് 1930-കളിൽ പഞ്ചായത്തിന്റെ കണ്ണച്ചാൽ, തെക്കെകുളമ്പ്, ഇല്ലിപുലാക്കൽ, വെട്ടം കുറ്റിത്തറമ്മൽ എന്നിവിടങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമായുള്ള സ്കൂളുകൾ ഉണ്ടായിരുന്നെങ്കിലും ക്രമേണ

കുട്ടികളുടെ അഭാവം നിമിത്തവും മറ്റും അവയുടെ പ്രവർത്തനം നിലക്കുകയായിരുന്നു. ഇന്ന് ഈ പഞ്ചായത്തിൽ വനിതാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. ഇന്ന് പറപ്പൂർ ഗ്രാമപഞ്ചായതിൽ മൊത്തമുള്ള 9495 സ്കൂൾ വിദ്യാർത്ഥികളിൽ 4921ആൺകുട്ടികളും 4568 പെൺകുട്ടികളുമാണുള്ളത്. ഇത് പ്രകാരം ആൺകുട്ടികളെ അപേക്ഷിച്ച് 395 പെൺകുട്ടികൾ കുറവാണ് ഈ പഞ്ചായത്തിൽ പഠിക്കുന്നത് എന്ന് കാണാൻ കഴിയുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും സ്ത്രീകൾ ഈ പഞ്ചായത്തിൽ പുരുഷൻമാരെ അപേക്ഷിച്ച് വളരെ പിറകിലാണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ കൂടിയാൽ ബി.എഡ്‌വരെയാണ് എത്തിപ്പെടുന്നത്. സാക്ഷരതാ രംഗത്ത് 1990-ലെ സാക്ഷരതാ പദ്ധതിയോടെ പഞ്ചായതിലെ നിരക്ഷരരായിരുന്ന ഒട്ടുമിക്ക വനിതകളേയും സാക്ഷരരാക്കുവാൻ സാധിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ തൊഴിൽ മേഖലകളിൽ കാർഷികവൃത്തി, അധ്യാപനം, മൺപാത്ര നിർമാണം, മറ്റുകൂലിവേലകൾ എന്നിവയിലാണ് സ്ത്രീ തൊഴിലാളികൾ കാണപ്പെടുന്നത് എന്നാൽ മിക്ക തൊഴിൽ മേഖലകളിലും ഈ പഞ്ചായത്തിൽ സ്ത്രീ-പുരുഷ അന്തരം വളരെ കൂടുതലാണ്. പഞ്ചായത്തിൽ മൊത്തമുള്ള തൊഴിലാളികളുടെ 16 ശതമാനത്തോളം മാത്രമെ സ്ത്രീപ്രാതിനിധ്യമുള്ളു ബാക്കിയുള്ളു. 84 ശതമാനം പുരുഷതൊഴിലാളികളാണ്. സ്ത്രീ പുരുഷഅന്തരം വ്യക്തമാക്കുന്ന പട്ടിക ശ്രദ്ധിക്കുക.

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകൻ | 525 | 2975 |
| കർഷകതൊഴിലാളികൾ | 500 | 1475 |
| കുടിൽ വ്യവസായം | 65 | 75 |
| കെട്ടിട നിർമാണം | 165 | 515 |
| വാണിജ്യം | 20 | 180 |
| മറ്റുള്ളവ | 221 | 1400 |

ഈ പഞ്ചായത്തിൽ സ്ത്രീകൾക്ക് മാത്രമായി 2 ചെറിയ തൊഴിൽ സ്ഥാപനങ്ങളും 8 DWCRA യൂണിറ്റുകളുമാണുള്ളത്. വനിതാ സഹകരണസംഘങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. അതുപോലെ തന്നെ ഉന്നത തൊഴിൽ മേഖലകളിലൊന്നും തന്നെ സ്ത്രീകൾ എത്തിപ്പെട്ടിട്ടില്ല. തൊഴിൽമേഖലകളിൽ സ്ത്രീ-പുരുഷ അന്തരം ഉള്ളത്പോലെ തന്നെ കൂലിനിരക്കിലും പ്രകടമായ അന്തരം കാണാൻ കഴിയുന്നു.

പൊതുപ്രവർതനത്തിൻെറ വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം പഞ്ചായത്തിൽ വളരെ വളരെകുറവാണ്. ഈ പഞ്ചായത്തിൽ നിലവിലുള്ള പൊതു സംഘടനകളിലൊന്നിലും തന്നെ സ്ത്രീകൾ നേതൃത്വം നൽകുന്നതായികാണുന്നില്ല. എന്നാൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന മാതൃസംഘടനകളുടെയും സി.ബി.എൻ.പി.യുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ പ്രാതിനിധ്യ വർധവിൻേറയും ഫലമായി ഈ അടുത്ത കാലത്ത് ഒരളവോളം ഈ രംഗത്ത് മാറ്റം കണ്ടുവരുന്നുണ്ട്. ഇത് ഫലപ്രദമാക്കിയെടുക്കുന്നതിനാവശ്യമായ ബോധവൽക്കരണം ആവശ്യമാണ്. സ്ത്രീപീഡന കേസുകളോ, സ്ത്രീകക്കെതിരെയുള്ള ആക്രമണങ്ങളോ റിപ്പോർട്ട് ചെയ്യപ്പെടാത്ത ഈ പഞ്ചായത്തിൽ മദ്യപാനദുരിതം അനുഭവിക്കുന്ന കുടുംബങ്ങൾ ഇല്ല.

*വനിതാ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ*

1. മിക്കതൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര പ്രാതിനിധ്യം ലഭിക്കുന്നില്ല
2. തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് പുരുഷൻമാരെ അപേക്ഷിച്ച് കൂലി നിരക്കിൽ പ്രകടമായ അന്തരമുണ്ട്.

*കൂലിഅന്തരം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു:*

| *തൊഴിൽ മേഖല* | *സ്ത്രീകൾക്കുള്ള കൂലിനിരക്ക്* | *പുരുഷന്മാർക്കുള്ള കൂലിനിരക്ക്* |
|---|---|---|
| *കർഷക തൊഴിലാളി* | [illegible] | *120* |
| *മറ്റു കൂലി വേലകൾ* | *70* | *140* |

3. *സ്വയം തൊഴിൽ സംരംഭങ്ങളുമായി സ്ത്രീകൾ വേണ്ടത്ര മുന്നിട്ടിറങ്ങുന്നില്ല*
4. *സ്ത്രീകളിൽ ഉന്നത വിദ്യാഭ്യാസത്തിൻെറ അഭാവം മൂലം ഉന്നതമായ തൊഴിൽ മേഖലകളും അവർക്ക് അന്യമാവുന്നു.*
5. *വനിതാക്ഷേമ പദ്ധതികളെക്കുറിച്ചും സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ചും സ്ത്രീകൾ വേണ്ടത്ര ബോധവതികളല്ല*
6. *സാമൂഹ്യ സേവനരംഗത്തും പൊതുപ്രവർത്തനരംഗത്തും വനിതാ പങ്കാളിത്തം കുറവാണ്.*
7. *മഹിളാ സമാജനങ്ങൾപോലുള്ള വനിതാ സംഘടകളുടെ അഭാവം നിമിത്തം സ്ത്രീകളിൽ നേതൃത്വപരമായ ഗുണങ്ങൾ വളർത്തിയെടുക്കാൻ കഴിയുന്നില്ല*
8. *പഞ്ചാത്തിൽ നിലവിലുള്ള 16 അംഗൻവാടികളിലെ 13 എണ്ണത്തിനും സ്വന്തം കെട്ടിടങ്ങളില്ല*
9. *അംഗൻവാടി ജീവനക്കാർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല.*
10. *തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള സാത്തിക ഞെരുക്കവും സാങ്കേതികജ്ഞാനമല്ലായ്മയും അതിലുപരിയായി ഇച്ഛാശക്തിയുടെ അഭാവവും പുതിയ തൊഴിൽ മേഖലകൾകണ്ടെത്തുന്നതിന് വനിതകൾക്ക് വിഘാതമായി നിൽക്കുന്നു.*
11. *സ്ത്രീകൾക്ക് സമൂഹത്തിലുള്ള സുരക്ഷ*

തത്വബോധമില്ലായ്മ സാമൂഹ്യ പൊതുപ്രവർത്തന രംഗങ്ങളലേക്ക് കടന്നുവരുന്നതിന് വിഘാതമായി നിൽക്കുന്നു.

12. സമൂഹത്തിൽ ഇന്ന് വർധിച്ചുവരുന്ന സ്ത്രീപീഡന കേസുകളും മറ്റും പൊതുവെ പൊതുരംഗത്തേക്ക് കടന്ന് വരുന്നതിന് വൈമനസ്യം കാണിക്കുന്ന സ്ത്രീകളിൽ കൂടുതൽ ആശങ്കയുണ്ടാക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ വരുന്ന 5 വർഷത്തേക്ക് നടപ്പിലാക്കേണ്ട വനിതാ ക്ഷേമ പദ്ധതികൾ സംബന്ധിച്ച നിർദേശങ്ങൾ താഴെ കൊടുക്കുന്നു.

## വാർഡ് -1

1. വനിതകൾക്കായി സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുവാൻ മുൻകൈ എടുക്കുക
2. നാളികേരം, അടക്ക, നേന്ത്രക്കായ തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക
3. കോഴിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക
4. വാർഡിൽ ഒരു മഹിളാ സമാജം രൂപീകരിക്കുക

## വാർഡ് -2

1. വാർഡിൽ ഒരു മഹിളാ സമാജം സ്ഥാപിക്കുക, അതിനോടനുബന്ധിച്ച് ഒരു തുന്നൽ പരശീലനകേന്ദ്രം ആരംഭിക്കുക
2. കോഴിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക
3. മൺപാത്ര നിർമാണത്തിന് സഹായങ്ങൾ നൽകുക

## വാർഡ് -3

1. ഒരു മഹിളാ സമാജം രൂപീകരിക്കുക
2. സ്ത്രീകൾക്കായി സാങ്കേതിക വിദ്യാഭാസസ്ഥാപനം ആരംഭിക്കുക
3. കൈതൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക
4. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക

## വാർഡ് -4

1. വാർഡിൽ ഒരു മഹിളാ സമാജം ആരംഭിക്കുക
2. സഹകരസംഘത്തിൻെറ കീഴിൽ ഏതെങ്കിലും ഒരു വനതാ വ്യവസായ യൂണിറ്റ് ആരംഭിക്കുക
3. ക്ഷീരവികസന കേന്ദ്രം, കോഴിവളർത്തൽ കേന്ദ്രം എന്നിവ ആരംഭിക്കുക
4. കുടിൽ വ്യവസായങ്ങൾക്ക് വേണ്ട സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ലഭ്യമാക്കുക

## വാർഡ് -5

1. വനിതകൾക്ക് ഒരു വായനശാല ആരംഭിക്കുക
2. തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരായ വനിതകൾക്ക് കൈതൊഴിൽ പരിശീലനകേന്ദ്രത്തിനുള്ള സഹായം നൽകുക
3. ഒരു വനിതാ സഹകരണസംഘം രൂപീകരിക്കുക
4. വനിതകൾക്ക് കോഴിവളർത്തൽ കേന്ദ്രം അച്ചാർ നിർമാണ യൂണിറ്റ് തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കാൻ ധനസഹായം നൽകുക
5. നിലവിലുള്ള അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമിക്കുക, സ്ഥലം കണ്ടെത്താൻ നാട്ടുകാർ തയ്യാറാണ്.
6. ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശത്തെ അംഗൻവാടിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക
7. അഞ്ചും, ആറും വാർഡുകൾ കേന്ദ്രീകരിച്ച് 5-ാം വാർഡിൽ ഒരു പോസ്റ്റ് ഓഫീസ് ആരംഭിക്കുക
8. ജി.എം.എൽ.പി സ്കൂൾ ഇരിങ്ങല്ലൂരിൽ ശുദ്ധജല സൗകര്യം ഏർപ്പെടുത്തുക

## വാർഡ് -6

1. കുഴിപ്പുറം സീതിസാഹിബ് മെമ്മോറിയൽ ലൈബ്രറിയോട് ചേർന്ന് ഒരു കമ്യൂണിറ്റി സെൻറർ നിർമിച്ച് സ്ത്രീകളെ മെമ്പർമാരാക്കി അവിടെ സ്വയം തൊഴിൽ പദ്ധതികൾ കണ്ടെത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക
2. ഒരു തുന്നൽ പരിശീലന കേന്ദ്രം ആരംഭിക്കുക.
3. നിലവിലുള്ള മഹിളാ സമാജത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക
4. ക്ഷീര വികസന കേന്ദ്രം തുടങ്ങാൻ സാമ്പത്തിക സഹായം നൽകുക

## വാർഡ് -7

1. കുരിക്കൾ ബസാർ, കിഴക്കെകുണ്ട് എന്നിവിടങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക
2. വാർഡിൽ ഒരു മഹിളാസമാജം രൂപീകരിക്കുക
3. സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി നോട്ടുബുക്ക് നിർമാണം കോഴിവളർതൽ കേന്ദ്രം അച്ചാർ നിർമാണം കരകൗശലവസ്തുക്കളുടെ നിർമാണം, തയ്യൽ പരിശീലനകേന്ദ്രം തുടങ്ങിയവ തുടങ്ങുന്നതിന് സാമ്പത്തികവും

സാങ്കേതികവുമായ സഹായങ്ങൾ നൽകുക.

4. വാർഡിൽ ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുക
5. ഒരു കൈതൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കുക
6. കോട്ടക്കൽ വനിതാപോളിയുടെ ഒരു എക്സ്റ്റെൻഷൻ സെൻറർ ഐ.യു. ഹൈസ്കൂളിൽ ആരംഭിക്കുക

### വാർഡ് -8

1. നിലവിലുള്ള അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമിക്കുക
2. കുശവകോളനിക്ക് സമീപം ഒരു അംഗൻവാടി സ്ഥാപിക്കുക
3. മഹിളാ സമാജം രൂപീകരിക്കുക
4. ഒരു കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കുക
5. സഹകരണാടിസ്ഥാനത്തിൽ അച്ചാർ നിർമാണ യൂണിറ്റ് ആരംഭിക്കുക
6. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 'നിറ്റ് വെൽ ഗാർമെൻറ്സ്' എന്ന സ്ഥാപനം വിപുലീകരിക്കുകയും വാർഡിൽ അതുപോലുള്ള മറ്റൊരു യൂണിറ്റ് കൂടി ആരംഭിക്കുക
7. പുത്തനാറക്കലും ശാന്തിനഗറിലും ഓരോ അംഗൻവാടിതുടങ്ങുക.
8. സ്ത്രീകൾക്കായി ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുക

### വാർഡ് -9

1. വനിതകൾക്കായി ഒരു ടെയ്‌ലറിംഗ് സ്കൂൾ സ്ഥാപിക്കുക
2. പൊട്ടിപ്പാറ- ലക്ഷംവീട് കോളനിയിൽ ഒരു അംഗൻവാടി സ്ഥാപിക്കുക
3. പപ്പട നിർമാണം, കോഴിവളർത്തൽ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുവാൻ വേണ്ട സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകുക
4. തെക്കേകുളമ്പ് കേന്ദ്രീകരിച്ച് വനിതകൾക്കായി ഒരച്ചാർ നിർമാണ യൂണിറ്റ് ആരംഭിക്കുക.
5. ടൈലറിംഗ്, പായ നിർമാണം തുടങ്ങിയ തൊഴിലുകളിലേർപ്പെട്ടിട്ടുള്ള വനിതൾക്കാവശ്യമായ സഹായങ്ങൾ നൽകുക.

### വാർഡ് -10

1. വനിതകൾകായി ഒരു തയ്യൽ പരിശീലനകേന്ദ്രം ആരംഭിക്കുക
2. നിലവിലുള്ള മഹിളാ സമാജത്തിൻെറ പ്രവർത്തനം കാര്യക്ഷതമാക്കുക
3. മഹിളാസമാജം മുഖേന കോഴിവളർത്തൽ അടുക്കളത്തോട്ടം തുടങ്ങിയവ ആരംഭിക്കുക ഏറ്റവും നല്ല അടുക്കളത്തോട്ടത്തിന് പഞ്ചായത്ത് സമ്മാനം ഏർപ്പെടുത്തുകയും ചെയ്യുക

### വാർഡ് -11

1. വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുക
2. മഹിളാ സമാജം സ്ഥാപിച്ച് ബഹുജനസംഘടനകളിലെ വനിതാ പ്രാതിനിധ്യം ഉയർത്തുക
3. പെൺകുട്ടികൾക്ക് മാത്രമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക
4. പ്രാഥമിക ആരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് മാതൃശിശുസംരക്ഷണ കേന്ദ്രം സജീവമാക്കുക
5. മഹിളാ സമാജങ്ങളിൽ സ്ത്രീകളുടെ വയനാ ശീലം വളർത്തുന്നതിനാവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കുക
6. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും തുന്നൽ പരിശീലന കേന്ദ്രവും സ്ഥാപിക്കുക
7. പാടങ്ങളിൽ കൃഷിയിറക്കുന്നതിനുള്ള സഹായങ്ങൾ നൽകി കർഷകതൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

### പൊതുനിർദ്ദേശങ്ങൾ

1. വനിതകളിൽ നേതൃത്വഗുണം വളർത്തുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
2. സ്ത്രീകൾക്കായി വിദ്യാഭ്യാസ, ആരോഗ്യം, ശിശുപരിപാലനം, കൃഷി തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക
3. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക
4. അശ്ലീല പോസ്റ്ററുകൾ നിരോധിക്കുക
5. തൊഴിലിനാനുപാതികമായി കൂലി നിരക്ക് സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ നടപ്പിലാക്കുക
6. വനിതകൾക്കായുള്ള വിവിധ പെൻഷൻ പദ്ധതികൾ പഞ്ചാത്ത് മുഖേന യാഥസമയങ്ങളിൽ വിതരണം ചെയ്യാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക
7. സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിന് പഞ്ചായത്തിൽ സഞ്ചരിക്കുന്ന ലൈബ്രറി ഏർപ്പെടുത്തുക
8. സർക്കാരിൻെറ വിവിധ വനിതാക്ഷേമ പദ്ധതികളെപ്പറ്റിയും മറ്റ് ആനുകൂല്യങ്ങളെപ്പറ്റിയും മുഴുവൻ വനിതകളേയും ബോധവൽക്കരിക്കുന്ന യഥാസമയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിക്കുക
9. സമൂഹത്തിൽ സ്ത്രീകൾക്ക് സുരക്ഷിതത്വബോധം ഉണ്ടാക്കുന്നതിന് അവർക്കെതിരെയുണ്ടാകുന്ന കുറ്റകൃത്യങ്ങളെ കർശനമായി നേരിടുക
10. അംഗൻവാടി ജീവനക്കാർക്ക് ന്യായമാ

യ വേതനം നൽകുകയും അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുകത്തുകയും ചെയ്യുക

11. തൊഴിലവസരങ്ങൾ തൊഴിൽ നിയമങ്ങൾ തുടങ്ങിയ സംബന്ധിച്ച വിവരങ്ങൾ യഥാസമയങ്ങളിൽ നൽകുക

12. പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നിനു വേണ്ടി രക്ഷിതാക്കളെ ബോധവക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക

13. സ്വയം തൊഴിൽ പദ്ധതികളും മറ്റുമായി രംഗത്തെത്തുന്ന സ്ത്രീകൾ ഇന്ന് നേരിടുന്ന സാങ്കേതികമായ നൂലാമാലകൾ കഴിയുന്നത്ര ലഘൂകരിക്കുക

14. ജീവിതത്തിന്റെ സമസ്ത മേഖലകളിലും മറ്റുള്ളവരോടൊപ്പം തങ്ങൾക്കും തുല്യ അവകാശങ്ങളുണ്ടെന്നും അർഹമായ പ്രാതിനിധ്യം എല്ലാരംഗത്തും തങ്ങൾക്കും ലഭിക്കണമെന്നുമുള്ള ഒരവബോധം സ്ത്രീകൾക്കിടയിൽ വളർന്ന് വരേണ്ടതത്ത്യാവശ്യമാണ്.

15. സ്ത്രീധനവിരുദ്ധ നിയമങ്ങൾ കർശനമായി നടപ്പിലാക്കുകയും, അർഹതപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുകയും ചെയ്യുക

16. സാമൂഹ്യസാംസ്കാരിക, രാഷ്ട്രീയ പൊതുസംഘടനകൾ നേതൃസ്ഥാനങ്ങളിൽ വനിതകൾക്ക് മതിയായ പ്രാതിനിധ്യം നൽകുക.

ചെയർപേഴ്സൺ: വി. ഖദീജ ടീച്ചർ

കൺവീനർ: സി.സുലൈമാൻ

# 5

## 10

# സഹകരണം

സഹകരണം എന്ന പദത്തിന് ഒന്നിച്ചു ചേർന്ന് പ്രവൃത്തിക്കുക, കൂട്ടായി പ്രവൃത്തിക്കുക എന്നീ അർത്ഥങ്ങളാണുള്ളത്. ഒരു പ്രത്യേക രീതിയിൽ വ്യാപാരം ചെയ്യുക എന്നുള്ളതാണ് സഹകരണത്തിൻെറ സാങ്കേതിക അർത്ഥം. സ്വന്തം സാമ്പത്തിക താൽപര്യങ്ങളുടെ ഉന്നമനാർത്ഥം വ്യക്തികൾ മനുഷരെന്ന സമഭാവനയുടെ അടിസ്ഥാനത്തിൽ സ്വമേധയാ സംഘടിക്കുകയും അതിൻെറ ഭരണം നീതിനിഷ്ഠമായ രീതിയിൽ നടത്തുകയും ചെയ്യുന്ന സ്വയം പ്രേരിതമായ ഒരു സംഘടനയാണ് സഹകരണം എന്ന് കാൾവർട്ട് നിർവചിച്ചിരുന്നു.

1969-ലെ സഹകരണ സംഘം നിയമപ്രകാരമാണ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. സ്വകാര്യ കുത്തക മുതലാളിമാരുടെ ചൂഷണത്തിൽ നിന്ന് കർഷകർക്കും, കർഷകകേതർക്കും രക്ഷാകവചമായി മാറിയ സഹകരണ പ്രസ്ഥാനം ഇന്ന് വളർന്നു വികസിച്ചു നിൽക്കുകയാണ്. 'ജനാധിപത്യത്തിനുള്ളിലെ ജനാധിപത്യ സ്ഥാപനങ്ങളായിട്ടാണ് സഹകരണ പ്രസ്ഥാനം അറിയപ്പെടുന്നത്.

ഓരോ ഗ്രാമപ്രദേശങ്ങളിലും ജനങ്ങളുടെ കൂട്ടായ്മയിൽ വളർത്തിയെടുത്ത ഈ പ്രസ്ഥാനത്തിന് ന്യായമായാദായം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ജനപങ്കാളിത്തം വർധിച്ചാൽ മാത്രമേ ഈ പ്രസ്ഥാനത്തി വളരാനും, വികസിക്കാനും സാധിക്കുകയുള്ളൂ, സർക്കാർ ഭാഗത്തു നിന്ന് സാമ്പത്തിക സഹായം പരിമിതമാണെങ്കിലും ശക്തമായ നിയന്ത്രണം സഹകരണത്തിന് വ്യക്തമായ ദിശാബോധം ഉണ്ടാക്കി തന്നിട്ടുണ്ട്.

## പഞ്ചായത്തിൻെറ സഹകരണ ചരിത്രം

സഹകരണ രംഗത്ത് പറപ്പൂർ പഞ്ചായത്തിൽ 1946-ൽ ആരംഭിച്ച ഐക്യനാണയ സംഘവും 1969-ൽ തുടങ്ങിയ ഇരിങ്ങല്ലൂർ സർവീസ് സഹകരണ ബാങ്കും ഇന്ന് നിലവിലില്ല. വായ്പകൾ തിരിച്ചടവ് വരാത്തതുകൊണ്ട് പ്രവർത്തന രഹിതമായി തീർന്ന ഈ സംഘങ്ങൾ യഥാക്രമം 1966ലും 1993ലും സർക്കാർ ലികിഡേറ്റ് ചെയ്തു. ഇരിങ്ങല്ലൂർ സർവീസ് സഹകരണ ബാങ്കിൻെറ പ്രവർത്തപരിധി പിന്നീട് പറപ്പൂർ സർവീസ് സഹകരണ ബാങ്ക് പരിധിയിൽ ഉൾപ്പെടുത്തുകയുണ്ടായി.

ആതുര സേവന രംഗത്ത് ഏറെ പ്രതിക്ഷയോടെ തുടങ്ങിയ സഹകരണ ആശുപത്രി ആദ്യകാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. വർധിച്ച ദൈനംദിന ചെലവുകൾ നിർവഹക്കാനുള്ള വരുമാനമില്ലാത്തുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനു വേണ്ടി എടരിക്കോട്ടേക്ക് മാറ്റി സ്ഥാപിച്ചുവെങ്കിലും അവിടെയും പ്രതീക്ഷിച്ചതുപോലെ മുന്നോട്ട് പോകാനായില്ല. പ്രവർത്തനം നിലച്ചുപോയ സംഘം ഇന്ന് ലികിഡേഷനിലാണ്. ഈ ആശുപത്രിക്ക് സ്വന്തമായി എടരിക്കോട് സ്ഥലമുണ്ട്. ജനങ്ങളുടെ കൂട്ടായ ശ്രമത്തിലൂടെ ഈ സ്ഥാപനത്തിന് പുതുജീവൻ നൽകാൻ സാ

ധിച്ചാൽ സാധാരണക്കാരന് മെച്ചപ്പെട്ട ചികിത്സയും സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിൽ നിന്നുള്ള മോചനവും ലഭ്യമാക്കാവുന്ന താണ്.

# നിലവിലുള്ള സഹകരണ സംഘങ്ങൾ

### പറപ്പൂർ സർവീസ് സഹകരണ ബാങ്ക്:-

1969-ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൻെറ ആദ്യത്തെ പ്രസിഡൻറ് ടി.ടി. കുഞ്ഞാലസ്സൻകുട്ടിഹാജിയായിരുന്നു. ഇപ്പോഴത്തെ പ്രസിഡൻറ് തുപ്പിലിക്കാട്ട് മൂസയാണ്.
1984-ൽ ബാങ്കിന് പറപ്പൂർപാറയിൽ സ്വന്തം കെട്ടിടം നിർമിക്കുവാനും താൽകാലിക കെട്ടിടത്തിൽ നിന്നും സുരക്ഷിതത്വമുള്ള സ്ഥലത്തേക്ക് മാറ്റുവാനും സാധിച്ചു. ഗ്രാമീണ സഹകരണ സംഘങ്ങൾ സാധാരണക്കാരനെ മാത്രം ആശ്രയിച്ചാണല്ലോ നിലനിൽക്കുന്നത്. ഇടത്തരം വരുമാനക്കാരും തൊഴിലാളികളും താമസിക്കുന്ന ഈ പ്രദേശത്ത് ബാങ്കിന് വേണ്ടത്ര നിക്ഷേപം സമാഹരിക്കാൻ സാധിച്ചിട്ടില്ല. കാർഷിക കടങ്ങളും മെമ്പർമാരുടെ ആവശ്യത്തിനനുസരിച്ച് വിതരണ ചെയ്യാൻ കഴിയുന്നില്ല.
പതിനൊന്ന് വാർഡുകളിലും നടന്ന സ്പെഷ്യൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദേശങ്ങളിൽ പാലാണി, വീണാലക്കൽ, അമ്പലമാട് എന്നിവിടങ്ങളിൽ ബാങ്കിൻെറ ശാഖ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ബാങ്കിൻെറ പുരോഗമനത്തിൽ കൂടുതൽ ആളുകളെ പങ്കാളികളാക്കാൻ ഈ നിർദേശം പരിഗണിക്കാവുന്നതാണ്. എന്നാൽ സംഘത്തിൻെറ ഇപ്പോഴത്തെ സാമ്പത്തിക അടിതറ ഭദ്രമല്ലാത്തത് ഇത്തര പ്രവർത്തനങ്ങൾക്ക് തടസമുണ്ടാക്കുന്നു. കൂട്ടായ പ്രയത്നത്തിലൂടെ ബാങ്കിനെ വളർത്തുവാൻ നിഷ്പ്രയാസം സാധ്യമാണ്.

പ്രവർത്തന പരിധി: പറപ്പൂർ പഞ്ചായത്ത്.
സ്ഥാപക വർഷം : 1969
അംഗങ്ങളുടെ എണ്ണം : 1250
ജീവനക്കാരുടെ എണ്ണം : 4
അംഗീകൃത ഓഹരി മൂലധനം : 1210,000
സ്ഥിര നിക്ഷേപം : 446, 185
ഹ്രസ്വകാലനിക്ഷേപം : 1583836

# നൽകിയിട്ടുള്ള വായ്പകൾ

ഹ്രസ്വകാല കാർഷിക കടമായി 32,094 രൂപയും ദീർഘകാല കാർഷിക കടമായി 67,028 രൂപയും വതരണം ചെയ്തിട്ടുണ്ട്.

# മറ്റു വായ്പകൾ

സ്വർണപണ്ട പണത്തിൻ മേൽ 6,19,151 രൂപയും ഐ.ആർ.ഡി.പി. ഇനത്തിൽ 67920 രൂപയും, കാർഷികേതര മദ്ധ്യകാല വായ്പയായി 333154 രൂപയും, കാർഷികേതര ഹ്രസ്വകാ വായ്പയായി 562622 രൂപയും വിതരണം ചെയ്തിട്ടുണ്ട്

### സ്ഥാപനങ്ങളിൽ നിന്നു സ്വീകരിച്ച വായ്പകൾ

സഹകരണ ബാങ്കിൽ നിന്ന് കടങ്ങൾ നൽകുന്നിനുവേണ്ടി 13,46,146 രൂപയും ബ്ലോകിൽ നിന്ന് ഫർണിച്ചറുകൾ വാങ്ങുന്നതിനുവേണ്ടി 1000 രൂപയും സ്വീകരിച്ചിട്ടുണ്ട്.

### കാലാവധി കഴിഞ്ഞ് കൂട്ടാനുള്ള വായ്പകൾ

കാർഷിക കാർഷികേത കടങ്ങൾ വിതരണം ചെയ്തവകയിൽ മെമ്പർമാരിൽ നിന്ന് മൊത്തം 430728 രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

# ബാങ്കിൻെറ പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങൾ

**അംഗത്വം:**

ബാങ്കിൻെറ പ്രവർത്തന പരിധിയിൽപെട്ടതും മെമ്പർമാർ കുറഞ്ഞതുമായ പ്രദേശങ്ങളിൽ നിന്ന് കൂടുതൽ ആളുകളെ മെമ്പർമാരാക്കണം

**നിക്ഷേപങ്ങൾ:**

ദേശസാൽകൃത ബാങ്കുകൾ നൽകുന്നതിനേക്കാൾ ഉയർന്ന നിരക്കിലുള്ള പലിശ പ്രാഥമിക സംഘങ്ങൾ നൽകുന്നുണ്ടെങ്കിലും നിക്ഷേകരെ ഉയർന്നതോതിൽ ആകർഷിക്കാനുള്ള കരുത്ത് ഈ രംഗത്ത് ആർജച്ചിട്ടില്ല എന്നത് ഒരു വസ്തുയാണ്. മതിയായ ഫണ്ടുകൾ ലഭിക്കണമെങ്കിൽ മെമ്പർമാരുടെയും മറ്റ് സഹകാരി സുഹൃത്തുക്കളുടെയും സ്ഥാപനങ്ങളുടെയും കൂട്ടായ്മ ആവശ്യമാണ്. സർക്കാർ, അർധ സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ മറ്റു സ്ഥാപനങ്ങൾ എന്നിവുടെ ഫണ്ടുകൾ അതാത് പഞ്ചായത്തുകളിലെ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കണം.
സർവീസ് സഹകരണ ബാങ്കുകളിലെ നിക്ഷേപം പൂർണമായി അതുൾക്കൊള്ളുന പഞ്ചായത്തിലെ അംഗങ്ങൾക്കു മാത്രം ഉപയോഗപ്പെടുത്താവുന്നതുകൊണ്ട് സ്ഥാപനങ്ങളും വ്യക്തികളും പരമാവധി നിക്ഷേപം സഹകരണ ബാങ്കുകൾക്ക് നൽകേണ്ടതാണ്.

നിക്ഷേപങ്ങൾക്ക് മറ്റ് ബാങ്കുകളേയും കടങ്ങൾക്ക് സഹകരണ ബാങ്കുകളെയും എന്ന അവസ്ഥ മാറ്റി എല്ലാ ഇടാപാടുകളും സഹകരണ ബാങ്ക് മുഖേന നിർവഹിക്കേണ്ടതാണ്.

**കടങ്ങൾ:**

കാർഷിക കടങ്ങൾക്ക് ഇന്ന് നിലവിലുള്ള വായ്പാപരിധി സമ്പ്രാദായത്തിൽ മാറ്റം വരുത്തണം. പകരം ബാങ്കിൻെറ പ്രവർത്തന

പരിധിയിലുള്ള കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിനും കൃഷിയുടെ സ്വഭാവതിനും അനുസൃതമായി വായ്പാ പരിധി നിർണ്ണിക്കുകയും ആവശ്യുള്ള മെമ്പർമാർക്ക് അവർ ആവശ്യപ്പെടുന്ന സമയത്ത് അവ ലഭ്യമാക്കുകയും വേണം. ഇതിന് കൃഷിഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റ് വില്ലേജിൽ നിന്നും കൃഷി ചെയ്യുന്നതിനുള്ള സർട്ടിഫിക്കറ്റ് കൃഷിഭവനിൽ ലഭ്യമാക്കണം. പാട്ട ഭൂമിയിൽ കൃഷി ചെയുന്നവർ യഥാർത്ഥ ഉടമസ്ഥനെ ഒരു ജാമ്യക്കാരനാക്കി ഉൾപ്പെടുത്തിയാൽ മതി.

സ്വർണപണ്ടത്തിൻെറ ഈടിൻമേൽ കാർഷിക കടങ്ങൾ അനുവദിക്കണം. ജാമ്യമൊഴിച്ചുള്ള മറ്റ് നിബന്ധനകൾ ഇതിനും ബാധകമാക്കാവുന്നതാണ്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഭൂരിഭാഗവും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. ഈ അവസ്ഥ മാറ്റിടെയുക്കാൻ താഴെപറയുന്ന നിർദേശങ്ങൾ സമർപ്പിക്കുന്നു.

1. സംഘത്തിന് ആവശ്യമായ ബുക്കുകൾ, ഫോറങ്ങൾ, എന്നിവ മിതമായ നിരക്കിൽ അച്ചടിച്ച് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.
2. പഞ്ചായത്ത് ഈടാക്കുന്ന തൊഴിൽ നികുതി, കെട്ടിട നികുതി, എന്നിവയും മറ്റു വകുപ്പുകൾ ഈടാക്കുന്ന എല്ലാതരം നികുതികളും സംഘത്തിൽ നിന്നും ഒഴിവാക്കുക
3. ഭരണസമിതിയുടെ കാലാവധി അഞ്ച് വർഷമാക്കുക
4. ഭൂമിയുടെ വാങ്ങലും വിൽക്കലും രജിസ്റ്റർ ചെയ്യുമ്പോൾ ബന്ധപ്പെട്ട സഹകരണ സംഘത്തിൽ കടം ഇല്ല എന്ന സർട്ടിഫിക്കറ്റ് ബാധകമാക്കുക
5. കടം പിരിച്ചെടുക്കുന്നതിന് ഡിപ്പാർട്ട്മെൻറ് തലത്തിൽ ഉണ്ടാവുന്ന കാലതാമസം ഒഴിവാക്കുക

## പറപ്പൂർ ഹരിജൻ സഹകരണസംഘം

1985 ജനുവരി 22-ാം തിയതി പറപ്പൂർ ഹരിജൻ സംഘം ക്ലിപ്തം എം. 332 എന്ന പേരിൽ ഇരിങ്ങല്ലൂർ ആസ്ഥാനമായി ഒരു സഹകരണസംഘം സ്ഥാപിച്ചു. 23-3.85 പകൽ 12 മണിക്ക് ചേർന്ന പ്രാഥമിക യോഗ നടപടികളിൽ 34 അംഗങ്ങൾ പങ്കെടുത്തു.

ഈ സംഘത്തിൻെറ പ്രവർത്തന പരിധി പറപ്പൂർ പഞ്ചായത്ത്, എടരിക്കോട് പഞ്ചായത്ത്, ഒതുക്കുങ്ങൽ പഞ്ചായത്ത് തുടങ്ങി മൂന്ന് പഞ്ചായത്തുകൾ ചേർന്നതാണ്. സംഘത്തിൻെറ ആദ്യ പ്രസിഡൻറായി കെ. ഭാസ്കരൻ വൈദ്യരെ 3 മാസത്തേക്ക് തെരഞ്ഞെടുക്കുകയും ഓണറി സെക്രട്ടറിയായി തുമ്പത്ത് ചെള്ളിയെ നിയമിക്കുകയും ചെയ്തു. അന്നത്തെ ഡയറക്ടർമാരായി ടി. ചെള്ളി, പി. ഉണ്ണി, വി. നീലകണ്ഠൻ, കെ. അയ്യപ്പൻ, കെ. വേലായുധൻ എന്നിവരെയും പ്രസിഡൻറായി കെ. ഭാസ്കരനേയും തെരഞ്ഞെടുത്തു.

13-9-85-ന് ചേർന്ന സംഘത്തിൻെറ സാധാരണ യോഗത്തിൽ കെ. ശ്രീധരൻ പുത്തൻപുരക്ക വീട് മഞ്ചേരി എന്നയാളെ സെക്രട്ടറിയായി നിയമിച്ചു.

28-12-85-ന് ചേർന്ന സംഘത്തിൻെറ യോഗത്തിൽ 23 മെമ്പർമാർക്ക് 20,000 രൂപ വിവിധ ആവശ്യങ്ങൾക്ക് ലോൺ അനുവദിച്ചു.

19-11-90 യോഗതീരുമാനപ്രകാരം മുൻ സെക്രട്ടറിയുടെ രാജിയുടെ അടിസ്ഥാനത്തിൽ പുതിയ ഒരു സെക്രട്ടറിയായി കെ. പ്രമിദയെ നിയമിച്ചു. പ്രസിഡൻറ് ഭാസ്കരൻ വൈദ്യർക്ക് ശേഷം ടി. താമിയെ പ്രസിഡൻറായി തെരഞ്ഞെടുത്തു.

13-2-92 മുതൽ 17-12-92 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണമായിരുന്നു. അതിനുശേഷം 23-12-92 മുതൽ കെ. വിശ്വംഭരൻ പ്രസിഡൻറായും 5 ഡയറക്ടർമാരും ഉൾപ്പെടുന്ന ഭരണസമിതിയെ തെരഞ്ഞെടുത്തു. 5-11-94 മുതൽ സംഘം സെക്രട്ടറി പ്രമിദ രാജിവെയ്ക്കുകയും തുടർന്ന് 3-4-95 അനിൽകുമാറിൻെറ അപേക്ഷയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ പെയ്ഡ് സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. ഇത്രയും കാലയളവിൻെറ ഇടയിൽ കൂടുതൽ മെമ്പർമാരെ ചേർക്കുന്നിന് ഈ ഭരണസമിതികൾ കൂടുതൽ ശ്രദ്ധിച്ചിട്ടുണ്ട്. കുടിശികയായ ലോണുകൾ കഴിയുന്നതു പിരിച്ചെടുക്കാൻ ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്.

22-12-95-ന് കെ. വിശ്വംഭരനെ ഐക്യകണ്ഠ്യേന തെരഞ്ഞെടുത്തു. നിലവിലുള്ള സെക്രട്ടറി കെ. അനിൽകുമാർ ജെ.ഡി.സി. കോഴ്സിന് സംഘം മുഖേന അയക്കുവാനും 30-5-96-ന് ചേർന്ന യോഗം തീരുമാനിച്ചു. സംഘത്തിൻെറ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി കണക്കിലെടുത്തുകൊണ്ട് ഒരു താൽക്കാലിക സെക്രട്ടറിയെ നിമിക്കാൻ സാധിക്കാത്തതുകൊണ്ട് സംഘം പ്രസിഡൻറിനെ ഈ സ്ഥാനത്തേക്ക് ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഇപ്പോൾ സംഘത്തിൽ 149 മെമ്പർമാരുണ്ട്.

ഈ സംഘത്തിൽ കൂടുതൽ മെമ്പർമാരെ ചേർക്കുകയാണെങ്കിൽ ഇതിൻെറ പ്രവർത്തനം ഒന്നും കൂടിമെച്ചപ്പെടുത്തുവാൻ കഴിയും. സംഘത്തിന് ലഭ്യമായ പ്രവർത്തനമൂലധനം ഇതുവരെ ഉൽപാദനപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. സംഘത്തിനിപോൾ അനുവദിച്ചുകിട്ടിയ ഫണ്ടുപയോഗിച്ച് (25,000 രൂപ) ഒരു മേരേജ്സ്റ്റോർ തുടങ്ങാൻ സംഘം തീുമാനിച്ചിട്ടുണ്ട്. തുടങ്ങികഴിഞ്ഞാൽ ഇതിൽ നിന്നു കിട്ടുന്ന വരുമാനം ഈ സംഘത്തിന് ഒരു മുതൽകൂട്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മറ്റ് വായ്പാസംഘങ്ങൾ

പറപ്പൂർ പഞ്ചായത്തിനെകൂടി പ്രവർത്തന പരിധിയാക്കി ഈ പഞ്ചായത്തിന് പുറത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളാണ് കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, തിരൂർ അഗ്രികൾച്ചറൽ റൂറൽ ഡെവലപ്മെൻറ് ബാങ്ക്, തിരൂർ താലൂക്ക് ഹൗസിംഗ് സൊസൈറ്റി തുടങ്ങിയവ

ഇതിൽ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വായ്പ വിതരണം ചെയ്തിട്ടുള്ളത് കോട്ടക്കൽ അർബൻ ബാങ്കാണ്. ഭൂമി പണയപ്പെടുത്തി 50,000 രൂപ വരെയുള്ള കാർഷികേതര ലോണുകളും ഉദ്യോഗസ്ഥർമാർക്ക് 12000 രൂപയും കൺസ്യൂമർ ലോണായി 25,000 രൂപയും വിസ ലോണായി 25,000 രൂപയും വാഹനങ്ങൾ വാങ്ങുന്നതിന് മൂന്നുലക്ഷം രൂപയും ചെറുകിട വ്യവസായങ്ങൾക്ക് 25,000 രൂപയും ആൾജാമ്യത്തിൽ ഒരാൾക്ക് 3000 രൂപ വിതവും ഇവിടെ നിന്ന് വായ്പയായി അനുവദിച്ചുവരുന്നു.

തിരൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കാർഷിക ഭൂ വികസന ബാങ്ക് കർഷകർക്ക് ഭൂമിയുടെ ഈടിൻമേൽ നൽകിവരുന്ന ലോണുകൾ ഈ പഞ്ചായത്തിൽ നിരവധിപേർക്ക് ലഭിച്ചിട്ടുണ്ട്. വീട് നിർമിക്കാനും വാഹനങ്ങൾ വാങ്ങുവാനും കൃഷി ഭൂമി വികസിപ്പിക്കുവാനും ഈ ബാങ്ക് വായ്പ നൽകിവരുന്നു.

പരപ്പനങ്ങാടി കേന്ദ്രമായി പ്രവർത്തിക്കുന്ന തിരൂർ താലൂക്ക് ഹൗസിംഗ് സഹകരണ സംഘത്തിൻെറ പ്രവർത്തനപരിധിയിൽ ഈ പഞ്ചായത്ത് ഉൾപ്പെടുന്നു. ഭൂമി കുറഞ്ഞവർക്കും ഈ സംഘത്തിൽ നിന്ന് ഭവന നിർമാണ വായ്പ ലഭിക്കുന്നുണ്ട്.

*വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദേശങ്ങളിൽ നിന്നും താഴെ പറയുന്ന സംഘങ്ങളുടെ സേവനം പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## ക്ഷീരവികസന സഹകരണസംഘം

*നിലവിൽ ക്ഷീരവികസന സഹകരണസംഘം പ്രവർത്തിക്കുന്നില്ല. ക്ഷീരോൽപ്പാദകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുവാനും ന്യായമായ വിലക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനും ഇത്തരമൊരു സംഘം ആവശ്യമാണ്.*

### സംഭരണ കേന്ദ്രങ്ങൾ

*കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലക്ക് വിറ്റഴിക്കുന്നതിന് സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ സംഭരണകേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്.*

*പരമ്പരാഗത വ്യവസായമായ മൺപാത്ര തൊഴിലാളികളുടെ ഉന്നമനത്തിന് വേണ്ട ഒരു സഹകരണസംഘം തുടങ്ങാവുന്നതാണ്. ഈ രംഗത്ത് ജോലിചെയ്യുന്നവർക്ക് ആവശ്യമായ സാമ്പത്തിക സഹായവും, മറ്റ് സൗകര്യങ്ങളും ഇതുവഴി നിർവഹിക്കാം.*

*തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് ജോലി ലഭ്യമാക്കുന്നതിനുവേണ്ടി നോട്ടുബുക്ക് നിർമാണം, റെഡിമെയ്ഡ്സ് വസ്ത്ര നിർമാണം, കുട നിർമാണം, കോഴി വളർത്തൽ തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സഹകരണ സംഘത്തിന് രൂപം നൽകാവുന്നതാണ്.*

*പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ന്യായമായ വിലക്ക് പുസ്തകങ്ങളും മറ്റും ലഭ്യമാക്കുന്നതിന് സ്കൂളുകൾക്ക് സഹകരണാടിസ്ഥാനത്തിലുള്ള സൊസൈറ്റികൾ ആവശ്യമാണ്. ഈ പഞ്ചായത്തിൽ ഇത്തരം ആവശ്യങ്ങൾക്കുവേണ്ടി ഇപ്പോൾ സ്ഥാപനങ്ങളില്ലാത്തതുകൊണ്ട് പറപ്പൂരിന് പുറത്തുനിന്നാണ് പുസ്തകങ്ങൾ കൊണ്ടുവരുന്നത്. ഇത് വളരെ ബുദ്ധിമുട്ടാണല്ലോ. പറപ്പൂർ പഞ്ചായത്തിലെ മുഴുവൻ പ്രൈമറി സ്കൂളുകൾക്കുമായി ഒരു സൊസൈറ്റി രൂപീകരിച്ചാൽ ഈ ബുദ്ധിമുട്ട് പരിഹരിക്കാനാകും. ഐ.യു.എച്ച്.എസിൽ പ്രവർത്തിക്കുന്ന സഹകരണ സംഘത്തി ആ സ്കൂളിൽ മാത്രമേ പുസ്തകം വിതരണം ചെയ്യാൻ സാധിക്കുന്നുള്ളൂ.*

## മറ്റു നിർദ്ദേശങ്ങൾ

*ഒമ്പതാം പദ്ധതിയിൽ കാർഷിക മേഖലക്കാണല്ലോ പ്രഥമവും പ്രധാനവുമായ പരിഗണന കൊടുത്തിട്ടുള്ളത്. അതുകൊണ്ടു തന്നെ കൃഷിക്കാരൻെറ ആവശ്യങ്ങൾക്ക് മുന്തിയ പരിഗണന ലഭിക്കേണ്ടതുണ്ട്. അവരുടെ ഉൽപ്പന്നങ്ങൾ ഇടത്തട്ടുകാരുടെയും മുകൾ തട്ടുകാരുടെയും ചൂഷണങ്ങൾക്ക് വിധേയമാകാതെ മാർക്കറ്റിൽ ഇറങ്ങണം. ഉപഭോക്താക്കൾക്ക് മാന്യമായ വിലക്ക് അവ ലഭിക്കുകയും വേണം. ഇതിനുവേണ്ടി ഇന്ന് പ്രധാന കച്ചവടകേന്ദ്രങ്ങളിൽ കാണുന്ന ആഴ്ചച്ചന്തകൾക്ക് സമാന്തരമായി സഹകരണ റഗുലേറ്റഡ് മാർക്കറ്റുകൾ ഉണ്ടാക്കണം. കൃഷിക്കാരുടെ എല്ലാതരം ഉൽപ്പന്നങ്ങളും മാർക്കറ്റിൽ കൊണ്ടുവരുകയും അവിടെ സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്യുന്ന ഒരവസ്ഥ സംജാതമാവണം. ഇങ്ങിനെ വരുമ്പോൾ ഒരേതരം ഉൽപ്പന്നങ്ങൾക്ക് വ്യത്യസ്ത വില കർഷകന് ലഭിക്കുന്ന അവസ്ഥയും, ഒരേതരം സാധനത്തിന് വ്യത്യസ്ത വില ഉപഭോക്താവിന് നൽകേണ്ടിവരുന്ന അവസ്ഥയും ഇല്ലാതാക്കാൻ കഴിയും. അതുകൊണ്ട് സഹകരണ റഗുലേറ്റഡ് മാർക്കറ്റുകൾ എല്ലാ കേന്ദ്രങ്ങളിലും സ്ഥാപിക്കണം.*

*മേൽ പറഞ്ഞ കാര്യങ്ങൾ നട്ടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ തലത്തിലും സംഘം തലത്തിലും ഉണ്ടാക്കി ജനങ്ങളുടെ ക്ഷേമവും, ഐശ്വര്യവും മുന്നിൽ കണ്ടുകൊണ്ട് ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഈ ജനകീയാസൂത്രണ പദ്ധതി പ്രചോദനമാകട്ടെ എന്ന എല്ലാ ജനവിഭാഗങ്ങളും ആഗ്രഹിക്കുന്നു.*

ചെയർമാൻ: **ടി.ടി. കുഞ്ഞാലസ്സൻകുട്ടി**
കൺവീനർ: ടി. മുഹമ്മദ് ഹിദാത്തുള്ള

# 5.11

## പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

പറപ്പൂർ പഞ്ചായത്തിൽ 96 പട്ടിക ജാതികുടുംബങ്ങളാണുള്ളത് .ഇവരിൽ അധികവും വളരെ പരിതാപകരമായ ചുറ്റുപാടിലാണ് ജീവിക്കുന്നത് .അവരുടെ പട്ടിക തിരിച്ചുള്ള താഴെ കണക്ക് ചേർക്കുന്നു .

| വാർഡ് | വീടുകളുടെ എണ്ണം | മൊത്തം ജനസംഖ്യ | | |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീകൾ | ആകെ |
| 1 | 8 | 37 | 20 | 57 |
| 2 | 20 | 50 | 47 | 97 |
| 3 | 15 | 37 | 23 | 60 |
| 4 | 1 | 2 | 4 | 6 |
| 5 | 3 | 6 | 6 | 12 |
| 6 | 3 | 10 | 5 | 15 |
| 7 | 1 | 1 | 2 | 3 |
| 8 | 3 | 8 | 4 | 12 |
| 9 | 11 | 20 | 22 | 42 |
| 10 | 30 | 60 | 34 | 94 |
| 11 | 1 | 1 | 3 | 4 |
| – | 96 | 232 | 170 | 402 |

ഹരിജനങ്ങൾ അധികം താമസിക്കുന്നതിന് ലക്ഷം വീട് നാല്സെന്റ് കോളനികളിലാണ് .പഞ്ചായത്തിലെ 3-ാം വാർഡിൽ ഉണ്ടായിരുന്ന ഹരിജനങ്ങളുടെ പൊതുശ്മശാനം ഇപ്പോൾ അന്യാധീനപ്പെട്ടിരിക്കുകയാണ് .പഞ്ചായത്തിൽ പറപ്പൂര് ഭാഗത്തും ഇരിങ്ങല്ലൂർ ഭാഗത്തും ,ഓരോ പൊതു ശ്മശാനം ആവശ്യമാണെന്ന് ,ഗ്രാമസഭാചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട് .

### പ്രശ്നങ്ങൾ

1 .ഹരിജനങ്ങൾക്ക് ഭാഗികമായേ തൊഴിൽ ലഭിക്കുന്നുള്ളു

2 സർക്കാർ ആനുകൂല്യങ്ങൾ യഥാകാലം വാങ്ങാനുള്ള അറിവില്ലായ്മ

3 വിദ്യാഭ്യാസ കാര്യത്തിൽ താൽപര്യം കാണിക്കുന്നില്ല .

4 .മററു സമുദായങ്ങളുമായി സമ്പർക്കമില്ലായ്മ .

### പരിഹാരങ്ങൾ

1 എല്ലാ ഹരിജനങ്ങൾക്കും തൊഴിലുണ്ടാക്കി ക്കൊടുക്കാനുള്ള പശ്ചാത്തല സൗകര്യമൊരുക്കുക .

2 സർക്കാർ ആനുകൂല്യങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക .

3 .അടിസ്ഥാന ജീവിത സൗകര്യങ്ങൽ വർദ്ധിപ്പിക്കാൻ സഹായിക്കുക .

❖

തയ്യാറാക്കിയത് :-
ചെയർമാൻ :വി .നീലകണ്ഠൻ
കൺവീനർ :സി .മുഹമ്മദ് കുട്ടി

പട്ടിക I വീടുകളുടെ തരം തിരിവ്

| വാർഡ് | ഓട് | ടെറസ് | കുടിൽ | ആകെ |
|---|---|---|---|---|
| I | 332 | 134 | 62 | 528 |
| II | 349 | 104 | 129 | 572 |
| III | 389 | 107 | 67 | 563 |
| IV | 372 | 110 | 53 | 535 |
| V | 474 | 126 | 114 | 714 |
| VI | 639 | 225 | 94 | 958 |
| VII | 372 | 183 | 88 | 643 |
| VIII | 215 | 66 | 93 | 374 |
| IX | 226 | 67 | 88 | 381 |
| ആകെ | 3368 | 1122 | 788 | 5268 |

ഭവനലഭ്യതാ പട്ടിക

| വർഷം | RLEGP | NREP | IAY | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 1992-93 | | | ഇല്ല | | | |
| 1993-94 | | | ഇല്ല | | | |
| 1994-95 | | | 1 | | | 1 |
| 1995-96 | | | 9 | 1 | | 10 |
| 1996-97 | | | 4 | | | 4 |

# 5

# 12

# വിഭവസമാഹരണം

പറപ്പൂർ പഞ്ചായത്ത് സാമ്പത്തികമായി വളരെ പിന്നിലാണ്. അതിന് കാരണം വ്യവസായങ്ങളുടെ അഭാവവും ലാഭകരമല്ലാത്ത കൃഷിയുമാണ്. പ്രധാന ധനാഗമമാർങ്ങളായ ചെറുകിട വ്യവസായങ്ങളോ പഞ്ചായത്തിലില്ല.

ജനങ്ങളുടെ പ്രധാന ധനാഗമമാർഗം ഗൾഫിലെ തൊഴിലാണ്. ഈ ധനം പ്രത്യുൽപാദനപരമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. വികസനത്തിന് വ്യവസായങ്ങൾ ആവശ്യമാണല്ലോ. എന്നാൽ വേണ്ടത്ര വൈദ്യുതി ലഭിക്കാത്തതിനാൽ അതിനുള്ള സാധ്യത വളരെ കുറവാണ് ഈ പ്രശ്നം പരിഹരിക്കാതെ ഈ മേഖലയിൽ ആവശ്യമായ വിഭവസമാഹരണം നടത്താൻ കഴിയില്ല.

പഞ്ചായത്തിലെ കാർഷികമേഖല തളർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത്. ഒന്ന്, ജലസേചന സൗകര്യത്തിൻെറ കുറവ്. രണ്ട്, ഉൽപാദനച്ചെലവിനനുസരിച്ച് ഉൽപ്പന്ന വില വർധിക്കുന്നില്ല. രാസവളങ്ങളുടെ അമിതപ്രയോഗം മണ്ണിന് ദോഷകരമാണ്. രാസവളങ്ങൾക്കു നൽകുന്നുപോലെ സബ്സിഡി, ജൈവ വളങ്ങൾക്കും നൽകിയാൽ അവയുടെ ഉപയോഗം വർധിപ്പിക്കാവുന്നതാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ ഈ രംഗത്ത് വിഭവസമാഹരണം വർദ്ധിപ്പിക്കാനാവില്ല. കൃഷിയിലും വ്യവസായങ്ങളിലും ഫലപ്രദമായി ഇടപെടണമെന്നുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഈ മേഖലിൽ നല്ലൊരുമുന്നേറ്റം നടത്താൻ കഴിയു. പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട ഗ്രാൻറുകൾ യഥാസമയം ലഭ്യമാക്കണം. സ്റ്റാമ്പ് ഡ്യൂട്ടി, വാഹനനികുതി എന്നിങ്ങനെയുള്ള വരുമാന മാർഗങ്ങൾ പഞ്ചായത്തുകൾക്ക് നൽകണം.

പഞ്ചായത്തിന് ലഭ്യമായിട്ടുള്ള
ഗ്രാൻറ് വിവരങ്ങൾ- 1995

| | |
|---|---|
| വി.ആർ. എം | -49888.00 |
| എം.ഐ. | -2124 |
| അടിസ്ഥാന നികുതി | -353107.00 |
| ജെ.ആർവൈ. | -273581.00 |
| അൺടൈഡ് ഫണ്ട് | -330200 |

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കേണ്ടതാണ്. നികുതി നൽകുന്നതു വഴി പഞ്ചായത്തൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളും പങ്കാളികളാകുന്നു എന്ന് ജനങ്ങൾ മനസിലാക്കിയാൽ പഞ്ചായത്തിൻെറ വരുമാനം കൂടുകതന്നെ ചെയ്യും. അതിന് ചില നിർദേശങ്ങൾ വിഭവ സമാഹരണ സമിതി നിർദ്ദേശിക്കുകയുണ്ടായി.

1. വരുമാനത്തിൻെറ വളരെ ചെറിയ ശതമാനം മാത്രമേ നികുതിയായി ഈടാക്കാ

ൻ പാടുള്ളൂ.

2. സർക്കാർ ജീവനക്കാർക്ക് പുറമേ വരുമാനമുള്ള മുഴുവൻ തൊഴിലാളികളിൽ നിന്നും നികുതി വസൂലാക്കണം.
3. നികുതികൊടുക്കുന്നതു വഴി തങ്ങളും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം.

## കെട്ടിട നികുതി

നിലവിലുള്ള വിസ്തീർണം മാത്രം അടിസ്ഥാനമാക്കിയുള്ള നികുതി കണക്കാക്കുന്ന രീതി എടുത്തുകളയണം. പകരം, വിലകൂടുതലുള്ള സാമഗ്രികൾ ഉപയോഗിച്ച് ആഡംബരമായി നിർമിക്കുന്ന വീടുകൾക്ക് കൂടുതൽ നികുതി ചുമത്തണം. അങ്ങനെ ഗൃഹനിർമാണത്തിൽ കണ്ടുവരുന്ന അനാവശ്യമായ ധൂർത്ത് ഒഴിവാക്കാൻ കഴിയും.

### കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | കുടിൽ |
|---|---|---|---|---|
| I | 528 | 134 | 332 | 62 |
| II | 572 | 104 | 349 | 129 |
| III | 563 | 107 | 389 | 67 |
| IV | 535 | 110 | 372 | 53 |
| V | 714 | 126 | 474 | 114 |
| VI | 958 | 225 | 639 | 94 |
| VII | 643 | 183 | 372 | 88 |
| VIII | 374 | 66 | 215 | 93 |
| IX | 381 | 67 | 226 | 88 |

(അവലംബം: 1989 വാർഡ് വിഭജനം)

### തൊഴിൽ നികുതി:

തൊഴിൽ നികുതി ഈടാക്കാത്ത വല്ല വിഭാഗങ്ങളും ഉണ്ടെങ്കിൽ അവരെയും കൂടെ തൊഴിൽ നികുതിയുടെ പരിധിക്കുള്ളിൽ കൊണ്ടുവരണം. തൊഴിലാളികളെ മുഴുവൻ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൻെറ കീഴിൽ കൊണ്ടുവരികയും അംഗത്വമുള്ളരിൽ നിന്ന് തൊഴിൽ നികുതി വസൂലാക്കുകയു ചെയ്യാം. ഇത് എല്ലാ വിഭാഗം കച്ചവടക്കാർക്കും നിർമാണ തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്.

### മറ്റു ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്തിലെ ഏക മിനി സ്റ്റേഡിയത്തിൽ സ്ഥിരം ഗാലറി നിർമിച്ച ടൂർണമെൻറ് നടത്തി പണം സമാഹരിക്കാവുന്നതാണ്. പഞ്ചായത്തുകളിലെ രണ്ടു വാർഡുകൾക്ക് ഓരോ സഹകരണസ്റ്റോർ തുടങ്ങാവുന്നതാണ് പഞ്ചാത്തിലെ IX -ാം വാർഡിലെ പൊട്ടിപ്പാട ക്ഷമ വീട് കോളനിയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമിക്കാവുന്നതാണ്. അതേപോലെ V -ാം വാർഡിലെ സർക്കാർ വക കച്ചേരി മൈതാനിയിലെ റോഡിൻെറ വശങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങാവുന്നതാണ്. കാഞ്ഞിരക്കടവ്, മുച്ചറാണിക്കടവ് തുടങ്ങിയ സ്ഥലങ്ങളിൽ പുഴയിലേക്ക് റോഡ് സൗകര്യപെടുത്തുകയാണെങ്കിൽ മണൽ ലേലത്തിലൂടെ കൂടുതൽ പണം ലഭ്യമാക്കുവാൻ സാധിക്കും. കുറഞ്ഞ പലിശനിരക്കിൽ പഞ്ചായത്തിന് പണം വായ്പയായി ലഭ്യമാക്കണം. പുഴയിൽ താൽക്കാലിക ബണ്ടുകൾ പണിയുന്ന ജോലിപോലുള്ള കരാർ ഇന്നത്തേ രീതി മാറ്റി പഞ്ചാത്തിൽ ഉള്ള സന്നദ്ധ സംഘടനകളെ ഏൽപ്പിച്ച് പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് ഒരു പരിധിവരെ കുറക്കുവാൻ സാധിക്കും.

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ:-

| | |
|---|---|
| ആരോഗ്യം | 5004.00 |
| കൃഷി | 49905.00 |

## ബാങ്ക് ഫൈനാൻസിയേഴ്സ്

പഞ്ചായത്തിൽ ഒരു കനറാബാങ്കും ഒരു സർവീസ് സഹകരണ ബാങ്കും ഹരിജൻ സഹകരണം സംഘവുമാണ് ഉള്ളത്. കടലുണ്ടിപുഴ പഞ്ചാത്തിനെ രണ്ടായി വിഭജിക്കുന്നതുകൊണ്ട് എല്ലാ വാർഡിലുമുള്ള ആളുകൾക്ക് ബാങ്കുമായി ബന്ധപ്പെടാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് കാർഷികാവശ്യങ്ങൾക്കും മറ്റും ബാങ്കിനെ വേണ്ട രീതിയിൽ ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. സഹകരണ ബാങ്കിൻെറ ഒരു ശാഖ വീണാലക്കൽ തുടങ്ങാവുന്നതാണ്. കൊട്ടക്കൽ ചങ്കുവെട്ടി കനറാബാങ്കിൻെറ പ്രവർത്തനപരിധിയിൽ കടലുണ്ടിപുഴക്ക് തെക്ക് ഭാഗത്തുള്ള പഞ്ചായത്തിലെ എല്ലാ വാർഡുകളെയും ഉൾപ്പെടുത്തേണ്ടതാണ്.

### മറ്റ് രീതിയിലുള്ള സമാഹരണം

പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് സന്നദ്ധ സംഘടനകളുടെയും ക്ലബുകളുടെയും സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അതിന് വേണ്ട പണി ആയുധങ്ങൾ പഞ്ചായത്ത് നൽകേണ്ടതാണ്. പഞ്ചായത്തിലെ സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ടി റിട്ട. അധ്യാപകരേയും വിദ്യാസമ്പന്നരേയും ഉപയോഗിച്ച് സൗജന്യട്യൂഷൻ ഏർപ്പെടുത്താവുന്നതാണ്. സ്കൂളുകളിൽ ദീർഘകാല ലീവിൽ പോകുന്ന അധ്യാപകരുടെ സേവനം കുട്ടികൾക്ക് ലഭിക്കാത്തതുകൊണ്ട് ആ സമയങ്ങളിൽ പഞ്ചായത്തിൽ അഭ്യസ്ഥവിദ്യരായിട്ടുള്ളവരും സൗജന്യ സേവനം തരുവാൻ തയ്യാറുള്ളവരുമായ യുവാക്കളെ

കണ്ടെത്തി അവരുടെ സേവനം സ്കൂളുകളിൽ ലഭ്യമാക്കണം.

### ചെലവുകൾ

വളരെ കുറഞ്ഞ വരുമാനമുള്ള നമ്മുടെ പഞ്ചായത്ത് വിഭവങ്ങൾ ഇതുവരെ ചെലവഴിച്ചിരുന്നത് തീരെ പ്രത്യുൽപാദനപരമല്ലാത്ത രീതിയിലായിരുന്നു. കൂടുതൽ പണവും ചെലവഴിച്ചിട്ടുള്ളത് റോഡുകൾക്കാണ്. കുറഞ്ഞതോതിൽ മാത്രമേ ജലസേചനം, പെൻഷൻ, കുടിവെള്ള ക്ഷേമ പദ്ധതികൾ എന്നിവക്ക് ചെലവാക്കിയിട്ടുള്ളൂ.

## പഞ്ചായത്ത് വരുമാനം 1995-96

| ഇനം | | വരുമാനം |
|---|---|---|
| കെട്ടിട നികുതി | - | 162696.75 |
| തൊഴിൽ നികുതി | - | 75275.00 |
| ഉപാധിരഹിത നികുതി | - | 330200.00 |
| എസ്.സി.പി- | | ----- |
| ജെ.ആർ.വൈ | - | 273581.00 |
| ഗ്രാൻറുകൾ, സംഭാവനകൾ | - | 46674.00 |
| ആകെ വരവ് | - | 888426.75 |
| ആകെ ചെലവ് | - | 807479 |

### സ്കൂൾ ചെലവ് സംബന്ധിച്ച വിവരം (ആവർത്തന സ്വഭാവമുള്ളത്)

## മനുഷ്യാധ്വാനം

നമ്മുടെ പ്രധാന വിഭവം മനുഷ്യശക്തി ആണ്. ജാതി, മത, കക്ഷി, ചിന്തകൾക്കതീതമായി വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ നാം തയ്യാറാവണം. വർഷക്കാലാരംഭത്തിനു മുമ്പ് റോഡിനിരുവശവുമുള്ള അഴുക്ക് ചാലുകൾ പൂർത്തിയാക്കാവുന്നതാണ്. ചില സ്ഥലങ്ങളിൽ വ്യക്തി താൽപര്യത്തിന് വേണ്ടി അനധികൃതമായി റോഡിനിരുവശവുമുള്ള ഓടകൾ മണ്ണിട്ട് നികത്തുന്നത് കർശനമായി തടയേണ്ടതാണ് ഇത് നടപ്പാക്കിയാൽ ഇടയ്ക്കിടെ റോഡ് റിപ്പയർ നടത്തുന്നത് ഒഴിവാക്കാം നമ്മുടെ പഞ്ചായത്തിലെ പി.എച്ച്.സി., ലൈബ്രറി തുടങ്ങിയവ വൃത്തിയാക്കുന്നതിന് ആർട്സ് സ്പോർട്സ് ക്ലബുകൾക്ക് നേതൃത്വം പോലും നൽകാവുന്നതാണ്. പഞ്ചായത്തന്റെ നിലവിലുള്ള വരുമാനം 25 ശതമാനം ആവശ്യങ്ങൾ നിറവേറ്റാൻ പോലും അപര്യാപ്തമാണ്. പുതിയ ധനാഗമ മാർഗങ്ങൾ കണ്ടെത്തേണ്ടത് അതിനാൽ അനിവാര്യമാണ്.

### ഭൂനികുതി

തരിശായിട്ടിരിക്കുന്ന കൃഷിയോഗ്യമായ ഭൂമിക്ക് പ്രത്യേക നികുതി ചുമത്തി കൃഷിഭൂമി പൂർണമായും ഉപയോഗപ്പെടുത്താനുള്ള പ്രവണത ജനങ്ങളിൽ ഉണ്ടാക്കാവുന്നതാണ്.

### ഷോപ്പിംഗ് കോംപ്ലക്സ്

കാർഷികോൽപ്പന്നങ്ങളും മറ്റും പഞ്ചായത്തിലെ വിപണനം നടത്താൻ ഒരു ഗ്രാമചന്തകൾ തുടങ്ങാവുന്നതാണ്. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ആഴ്ചകൾ തോറും ഇവ സംഘടിപ്പിക്കുവാൻ സാധിക്കുകയാണെങ്കിൽ വളരെ നന്നായിരിക്കും.

ചെയർമാൻ: **ജുമൈല ടീച്ചർ**
കൺവീനർ: **മുഹമ്മദലി.കെ.**

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 1.19 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ (REF:K)

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 6500 | 6500 | 4130 | 3335 | 5550 | 2500 | 4850 | 3900 | 3000 | 2550 | 3100 |
| 2 | 6950 | 2050 | 1150 | 2250 | 950 | 3350 | 2400 | 2950 | 700 | 2000 | 2800 |
| 3 | 2900<br>1000 | 2120<br>500 | 700<br>1750 | 300<br>1000 | 450<br>450 | -<br>500 | 1200<br>300 | -<br>- | 1100<br>- | 1100<br>- | 450<br>- |
| 4 | 2 | | | | | | | | | 1 | 1 |
| 5 | 36 സെന്റ് | | | | | | | | | 20 | 5 |
| 6 | 72 ലക്ഷംവീട് | | | | 70സെന്റ് | | | | 2കോർട്ട് ലക്ഷംവീട | 60സെ. ലക്ഷംവീട | |
| ആകെ | 108 സെന്റ് | | | | 70സെന്റ് | | | | 2ഏക്കർ സെന്റ് | 60സെന്റ് | |

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 1.20 സേവനമേഖലയിലെ ജിവനക്കാരെ സംബന്ധിച്ച വിവരങ്ങൾ (REF: F)

| എണ്ണം | വിദ്യാഭ്യാസം | | | | ആരോഗ്യം | | | | മറ്റ് സേവനമേഖലകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | സഹകരണം | സ്വകാര്യം | ആകെ | സ | സഹ | സ്വകാ: | ആകെ | സ | സഹ | സ്വകാ: | ആകെ |
| സ്ഥാപനം | 4 | - | 10 | 14 | 5 | - | - | 5 | 14 | 2 | - | 21 |
| ജിവനക്കാർ | 58 | - | 196 | 7 | - | - | 7 | 51 | 6 | - | - | 64 |

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 2.2 പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ (REF: പുറമ്പോക്ക് രജിസ്റ്റർ)

| | വിസ്തീർണ്ണം ഏക്കറിൽ | | | | | | |
|---|---|---|---|---|---|---|---|
| | റോഡ് | തോട് | കുളം | പുഴ | റയിൽവേ | റവന്യൂ | ആകെ |
| | 45.62Km | 12.845m | 61 | 51/2Km | - | 5 സെന്റ് | |
| | | | | | | | |
| ആകെ | 49.62Km | 12.845m | 61 | 5.5Km | - | 5 സെന്റ് | |

## പറപ്പൂർ ഗ്രാമപഞ്ചായത്ത്

### 2.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (REF:A രജിസ്റ്റർ BT രജിസ്റ്റർ)

| ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ) | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ | 1 – 10 സെന്റ് | 10–25 സെന്റ് | 25–50 സെന്റ് | 50–100 സെന്റ് | 1 – 2 ഏക്കർ | 2 – 5 ഏക്കർ | 5ന് മേൽ |
| 2901.61 | 610.82 | 177.45 | 32.69 | 3563.07 | 1050 | 2350 | 650 | 300 | 290 | 160 | 20 |
| | | | | | | | | | | | |
| 2901.61 | 610.82 | 177.45 | 32.69 | 3563.07 | 1050 | 2350 | 650 | 300 | 290 | 160 | 20 |

### 9.8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് | ഉപകരണങ്ങൾ/ ഫർണിച്ചറുകൾ അറ്റകുറ്റ പണിക്ക് | ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ-വിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റുറവിടത്തിലുള്ള വരവ് | ആകെ വരവ് |
| എ.എം.എൽ.പി. എസ്. ഇരിങ്ങല്ലൂർ | 3200 | 2800 | 600 | – | 210 | – | 3179 | LSG 100 | 826 100 | – | – | – | – | 2563 | 6600 | 10089 |
| എ.എം.എൽ.പി. എസ്. പറപ്പൂർ ഇരിങ്ങല്ലൂർ | 5000 | 1500 | 750 | – | – | – | – | 605 | 1814 | | | | | | 7250 | 9064 |
| എ.എം.യു. പി.എസ്. കുറ്റിതറമ്മൽ | 962 | 1500 | – | 165 | 500 | 500 | – | 3000 | 2464 | – | 2464 | 4245 | – | 3500 | – | 10209 |
| എ.എം.എൽ.പി. എസ്. ഇരിങ്ങല്ലൂർ ഈസ്റ്റ് | 1350 | 1000 | – | 60 | 170 | 56 | – | – | 560 | – | 560 | – | – | – | – | 560 |
| എ.എം.എൽ.പി. എസ്. ഇരിങ്ങല്ലൂർ | 1750 | 1500 | – | 100 | 250 | 125 | – | – | 920 | – | 920 | – | – | – | – | 920 |

## ഗ്രൂപ്പ് റിപ്പോർട്ടുകൾ തയാറാക്കിയത്

### (1) കൃഷി, ജലസേചനം

ചെയർമാൻ — എം. അബ്ദുറഹിമാൻ ഹാജി
വൈസ് ചെയർമാൻ — സി. ബീരാൻ കുട്ടി മാസ്റ്റർ
കൺവീനർ — ടി.ഇ. കുഞ്ഞിപ്പോക്കർ

### (2) മത്സ്യ ബന്ധനം, മൃഗ പരിപാലനം

ചെയർമാൻ — സി. മാലതി
കൺവീനർ — പി.കെ. അലവി

### (3) വിദ്യാഭ്യാസം

ചെയർമാൻ — ടി. മൊയ്തീൻ കുട്ടി
കൺവീനർ — സി. അഹമ്മദ് മാസ്റ്റർ

### (4)ആരോഗ്യം
### കുടിവെള്ളം പരിസര ശുചിത്വം

ചെയർമാൻ — ടി.ടി. ബീരാവുണ്ണി
വൈസ് ചെയർമാൻ — ടി. അബൂബക്കർ
കൺവീനർ — പി. ആലിക്കുട്ടി

### (5) വ്യവസായം

ചെയർമാൻ — പി. ഇബ്രാഹിം കുട്ടി ഹാജി
കൺവീനർ — ഐ. സലിം

### (6) റോഡുകൾ
### ഊർജ്ജം

ചെയർമാൻ — കെ.എ. ന
വൈസ് ചെയർമാൻ — കെ. മുഹമ്മദ് കുട്ടി (റോഡ്)
കൺവീനർ — വി. അഹമ്മദുണ്ണി (ഊർജ്ജം)

### (7) ഭവന നിർമ്മാണം
### ക്ഷേമ പ്രവർത്തനങ്ങൾ

ചെയർമാൻ — പി.വി.കെ. ഹസീന
കൺവീനർ — എ.കെ. മുഹസിൻ

### (8) സംസ്കാരം

ചെയർമാൻ — ടി.അലവി
കൺവീനർ — എം.ജി. അജിത്കുമാർ

### (9) വനിത

ചെയർമാൻ: — യു. ഖദീജ ടീച്ചർ
കൺവീനർ — സി. സുലൈമൻ

### (10) സഹകരണ മേഖല

ചെയർമാൻ — ടി. കുഞ്ഞാലസൻകുട്ടി
കൺവീനർ — ടി. ഹിദായത്തുള്ള

### (11) പട്ടിജാതി-പട്ടികവർഗം

ചെയർമാൻ — വി. നീലകണ്ഠൻ
കൺവീനർ — സി. മുഹമ്മദ് കുട്ടി

### (12) വിഭവ സമാഹരണം:

ചെയർമാൻ: — ടി.പി. ജുമൈല ടീച്ചർ
കൺവീനർ — കെ. മുഹമ്മദ് അലി


### (13) ചരിത്രം
### നാട്ടറിവ്-കേട്ടറിവ്

ചെയർമാൻ — ലൈസമ്മ തോമസ്
വൈസ് ചെയർമാൻ — കെ. അബ്ദുസലാം
കൺവീനർ — അലവി വേങ്ങര

# അധികാരം ജനങ്ങൾക്ക്


ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി

പറപ്പൂര്
ഗ്രാമ പഞ്ചായത്ത്



- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസന രംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് അനന്ത സാധ്യതകൾ


# തെന്നല ഗ്രാ. പഞ്ചായത്ത്
## ജനകീയ ആസൂത്രണം
## വികസന റിപ്പോർട്ട്



# തെന്നല ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്


# തെന്നല ഗ്രാമപഞ്ചായത്ത്



# തെന്നല ഗ്രാമപഞ്ചായത്ത് ഭരണസമിതി



**ഇ. ആച്ചുട്ടി**
പ്രസിഡന്റ്



**ബി. കെ. സൈയ്തു**
വൈ. പ്രസിഡന്റ്



**പി. സി. ആലി**
ചെയർമാൻ
സ്റ്റാൻഡിംങ് കമ്മിറ്റി

## മെമ്പർമാർ

കെ. വി. അയമുഹാജി
പി. മരക്കാർ ഹാജി
മാതോളി നെഫീസു
പി. ശങ്കരൻ
യൂ. ടി. മൂസ്സ
കെ. മറിയം
എം. സീനത്ത്

# ജന പ്രതിനിധികൾ

| | |
|---|---|
| പാർലമെന്റ് മെമ്പർ (പൊന്നാനി) | : ജ: ജി.എം. ബനാത്ത്‌വാല സാഹിബ് |
| നിയമസഭാ മെമ്പർ (താനൂർ) | : ജ:പി.കെ. അബ്ദുറബ് സാഹിബ് |
| ജില്ലാ പഞ്ചായത്ത് മെമ്പർ (വേങ്ങര ) | : അഡ്വ: കെ.പി. മറിയുമ്മ<br>((പ്രസിഡണ്ട് മലപ്പുറം ജില്ലാ പഞ്ചായത്ത്. |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ (തെന്നല) | : ജ:ടി.വി. മൊയ്തീൻ<br>(സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ വേങ്ങര പഞ്ചായത്ത്) |

# എഡിറ്റോറിയൽ ബോർഡ്

എഡിറ്റർ. — സി. കെ മൊയ്തീൻ കുട്ടി മാസ്ററർ

എഡിറ്റോറിയൽ സ്റ്റാഫ് —
ഏറിയാടൻ. ആച്ചുട്ടി
ടി. വി. മൊയ്തീൻ
സി. കെ. കോയാമു
ബി.കെ. സിദ്ദിഖ്
കെ. ജഗന്നാഥൻ മാസ്റ്റർ
പി. ചന്ദ്രശേഖരൻ
പി. സുബ്രമണ്യൻ

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

സി.കെ. മൊയ്തീൻ കുട്ടിമാസ്റ്റർ
കെ. ജഗനാഥൻ മാസ്റ്റർ
ടി.വി. മൊയ്തീൻ
എം. ബാലകൃഷ്ണൻ മാസ്റ്റർ
ബി. കെ. സിദ്ദിഖ്
സി. അബൂബക്കർ മാസ്റ്റർ
പി. സുബ്രമണ്യൻ
കെ.വി. വാസുദേവൻ മൂസ്സത്
കെ. ചന്ദ്രൻ മാസ്റ്റർ
ബി.കെ. സൈയ്തു
വി.മൊയ്തീൻ
ടി. മുഹമ്മദ് കുട്ടി
വി. മുഹമ്മദ് കുട്ടി
പി.സി. ആലി
കെ.വി അയമുഹാജി
യൂ.ടി. മൂസ്സ
മാതോളി നെഫീസു
ഏറിയാടൻ ആച്ചുട്ടി
പി. മരയ്ക്കാർ ഹാജി
കെ. മറിയം
പി. ശങ്കരൻ
എം. സീനത്ത്
സി.കെ. കോയാമു.
മച്ചിങ്ങൽ ഹുസൈൻ
പൂങ്ങാടൻ ഹുസൈൻ
പൂങ്ങാടൻ അബ്ദുൽ ഗഫൂർ
അലവി കുട്ടി

# താളുകളിലൂടെ

1. ആമുഖം

2. പൊതുവിവരണം

3. സാമൂഹ്യ സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതിയും വിഭവങ്ങളും

5. ജനപ്രകൃതി

6.1 കൃഷിയും ജലസേചനവും

6.2 മൃഗ സംരക്ഷണവും മത്സ്യബന്ധനവും

6.3 വ്യവസായം

6.4 ഗതാഗതം ഊർജ്ജം മാർക്കറ്റ്

6.5 പാർപ്പിടം സാമൂഹ്യക്ഷേമം പൊതുവിതരണം

6.6 കുടിവെള്ളം പൊതുജനാരോഗ്യം

6.7 വിദ്യാഭ്യാസം

6.8 സംസ്കാരം

6.9 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

6.10 വനിത

6.11 സഹകരണം

6.12 വിഭവസമാഹരണം

# ആമുഖം

നൂറ്റാണ്ടുകളോളം വൈദേശിക മേധാവിത്വം നമ്മെ അടക്കി ഭരിക്കുകയായിരുന്നു. 1947 ആഗസ്റ്റ് 15 ാംനു അർദ്ധരാത്രിയോടെ കൊളോണിയൻ ഭരണത്തിന് തിരശ്ശീല വീഴുകയും സ്വതന്ത്ര ഭാരതം നിലവിൽ വരികയും ചെയ്തു. വൈദേശികാധിപത്യത്തിനെതിരെ നടന്ന നിരന്തരമായ സ്വാതന്ത്ര്യ സമരങ്ങൾക്ക് നേതൃത്വം നല്കുമ്പോൾ വെറും വൈകാരികമായൊരു ചടങ്ങ് എന്നതിലുപരി, ജനജീവിതത്തിന്റെ എല്ലാ തലങ്ങളിലും "സ്വാഭിമാനവും സ്വാശ്രയത്വവും 'കൈവരണമെന്നുള്ള വമ്പിച്ചൊരു ഇച്ഛാശക്തിയും നമ്മുടെ ജനനായകന്മാർക്കുണ്ടായിരുന്നു. സ്വാതന്ത്ര്യം നേടുമ്പോൾ പുരോഗതിയിലേക്കുള്ള വലിയ ഒരു കവാടം നമ്മുടെ മുമ്പിൽ കാണാൻ കഴിഞ്ഞു. താമസിയാതെ പുരോഗതിയിലേക്കുള്ള നിരവധി പരിപാടികളുമായി പഞ്ചവത്സര പദ്ധതികൾ രൂപപ്പെട്ടു. 8-ാംമത്തെ പഞ്ച വത്സര പദ്ധതിയും അവസാനിക്കാൻ പോവുകയാണ്.

ഇത് കഴിഞ്ഞ കാലപദ്ധതികളുടെ നേട്ടങ്ങളോ കോട്ടങ്ങളോ വിലയിരുത്താനുള്ള അവസരമല്ലെങ്കിലും അധികാരങ്ങളും ആസൂത്രണവും മുകളിൽ നിന്ന് താഴോട്ട് ഒഴുകുകയായിരുന്നു. അത് കൊണ്ട്തന്നെ തകർന്നുപോയത് ജനങ്ങളുടെ ആവശ്യങ്ങളും പരിഹരിക്കാൻ കഴിയാതെ പോയത് അവരുടെ പ്രശ്നങ്ങളും. ഏതായാലും ഭാരതം സ്വതന്ത്ര്യമായി അഞ്ച് പതിറ്റാണ്ടുകളോളം കാത്തിരുന്നതിന്ന് ശേഷമാണ് പ്രാചീന ഭാരതത്തിലെ ഗ്രാമീണർക്കിടയിലുണ്ടായിരുന്ന അധികാര വകാശങ്ങൾ കുറെയേറെ തിരിച്ചു കിട്ടിയിരിക്കുന്നത്. 1993 -ലെ എഴുപത്തിമൂന്നും എഴുപത്തിനാലും ഭരണഘടനാ ഭേദഗതികൾ അധികാരം താഴെ തട്ടിലേക്ക് പകർന്ന് കൊടുക്കുന്നതിനുള്ള വലിയൊരു കാൽവെപ്പാണ് ബ്രിട്ടീഷുകാരുടെ വരവോടെ നിർവീര്യമാക്കപ്പെട്ട ഗ്രാമീണ ജനതയുടെ ക്രിയാത്മക കഴിവുകളും മുൻകൈയും പങ്കാളിത്ത്വവും വലിയ അളവിൽ പു:നസ്ഥാപിക്കുന്നതിന് ഈ ഭരണഘടനാഭേദഗതി കൊണ്ട് കഴിഞ്ഞിട്ടുണ്ട്.

ആസൂത്രണത്തിലും വികസനപ്രവർത്തനത്തിലും ജാതിമത കക്ഷിരാഷ്ട്രീയ ഭിന്നതയ്ക്കതീതമായി തുല്ല്യ പങ്കാളിത്വം ഉറപ്പ് വരുത്താൻ ജനകീയാസൂത്രണപ്രസ്ഥാനത്തിന് കഴിയണം. അതോടൊപ്പം മേൽ തട്ടിൽ കയ്യടക്കി വെച്ചിട്ടുള്ള അധികാരങ്ങളും ധനവിനിയോഗവും താഴെ തട്ടിലേയ്ക്ക് പകർന്ന് കൊടുക്കുവാൻ തയ്യാറാവുകയും വേണം. എങ്കിൽ മാത്രമേ 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' യായി രൂപാന്തരപ്പെടുകയുള്ളൂ. ഇതിനെല്ലാം തയ്യാറായിക്കൊണ്ടാണ് നമ്മുടെ സർക്കാർ ഒമ്പതാം പദ്ധതി ജനകീയ പങ്കാളിത്വത്തോടെ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ച് തങ്ങളുടെ പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളും മറ്റ് വികസന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്ന സാധാരണ ഗ്രാമീണ ജനങ്ങളാണ്. അത്കൊണ്ട് തന്നെ പദ്ധതി കുറ്റമറ്റതാക്കിതീർക്കുവാൻ കഴിയുമെന്നതും തീർച്ചയാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതി അടങ്കലിന്റെ ഏകദേശം 35-40 ശതമാനം തുകക്ക് വരുന്ന വികസന പരിപാടികൾ ജനപങ്കാളിത്തത്തോടു കൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ഈ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. നമ്മുടെ സംസ്ഥാനവും നമ്മുടെ പഞ്ചായത്തും ഇന്നനുഭവിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുതിയ

ആസൂത്രണതന്ത്രത്തിന് കഴിയും. ബഹുജന പങ്കാളിത്തം ഫലപ്രദമാകുന്നതോടെ സ്വാഭാവികമായും നലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കുവാൻ പോകുന്ന പ്രവർത്തനങ്ങളുടെയും നടത്തിപ്പ് കാര്യക്ഷമതയോടെ വളരെയെളുപ്പത്തിൽ തൃപ്തികരമായി നിർവ്വഹിക്കുവാൻ കഴിയുമെന്ന് മാത്രമല്ല അഴിമതികളും സ്വജന പക്ഷപാതവും ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കുവാൻ കഴിയുമെന്നതും ഇതിന്റെ പ്രത്യേകതയാണ്.

ഈ ലക്ഷ്യങ്ങളോടുകൂടി സ്വന്തം ഗ്രാമത്തിന്റെ നീറുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിന് വേണ്ടി കൂട്ടായ്മയോടെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും തങ്ങളാലാവുന്ന വിഭവങ്ങൾ നല്കി അതിന്റെ നിർവ്വഹണത്തിൽ പങ്കാളികളാവുകയും അതോടൊപ്പം ആ പ്രവർത്തനത്തിന്റെ ദിശാഗതി നിയന്ത്രിക്കുകയും അവസാനം ജന പരിശോധനക്ക് വിധേയമാക്കുകയും ചെയ്തുകൊണ്ടുള്ള ഈ ജനകീയാസൂത്രണത്തിലൂടെ നല്ലത് മാത്രം പ്രതീക്ഷിച്ചുകൊണ്ട് നമുക്ക് മുന്നോട്ടു പോകാം.

1996 സപ്തംമ്പർ 14,15,16 തിയ്യതികളിലായി കോട്ടക്കൽ ജി.എം.യു.പി സ്കൂളിൽ നടന്ന ജില്ലാതല പരിശീലന കാമ്പോടുകൂടി തെന്നല പഞ്ചായത്തിൽ ജനകീയ ആസൂത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇ. അച്ചുട്ടി (പഞ്ചായത്ത് പ്രസിഡണ്ട്) സി.കെ. മൊയ്തീൻ കുട്ടി മാസ്റ്റർ, (മുൻ പഞ്ചായത്ത് പ്രസിഡണ്ട്) T.V. മൊയ്തീൻ (ബ്ലോക്ക് പഞ്ചായത്ത് സ്ററാന്റിംഗ് കമ്മറ്റി ചെയർമാൻ) കെ. ജഗന്നാഥൻ മാസ്റ്റർ, സി. കെ. കോയാമു (പി.എസ്.എം ഓ കോളേജ് സൂപ്രണ്ട്) ടി. മുഹമ്മത് കുട്ടി , പി സുബ്രഹ്മണ്യൻ എന്നിവർ ഡി. ആർ. പി. മരായികൊണ്ട് ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി. സപ്തംബർ 21ന് പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്ന് നാല് വീതം എൽ.ആർ.പി. മാരെയും മറ്റു വിദഗ്ദരെയും പഞ്ചായത്ത് മെമ്പർ മാരെയും പങ്കെടുപ്പിച്ചു കൊണ്ട് പഞ്ചായത്ത് തല ഏകദിന ശില്പശാല നടത്തി. ഈ ശില്പശാലയിൽ ജില്ലാതലത്തിൽ പരിശീലനം നേടിയ സി. ആർ. പി. മാരായിരുന്നു ക്ലാസ്സുകൾ എടുത്തിരുന്നത്. ഇതോടെ ജനകീയാസൂത്രണത്തിന്റെ സന്ദേശം പഞ്ചായത്തിന്റെ മുക്കുമൂലകളിലെല്ലാം എത്തിചേരുകയും ചെയ്തു. ഓരോ വാഡിലും ചേരേണ്ട വിശേഷാൽ ഗ്രാമസഭകൾക്ക് തിയതിയും സമയവും സ്ഥലവും ഗ്രാമ സഭകളിൽ പങ്കെടുക്കേണ്ട ഡി.ആർ. പി. മാരെയും ഈ ശില്പശാലയിൽ വെച്ച് തീരുമാനിച്ചു. ഒക്ടോബർ രണ്ടോടുകൂടി പഞ്ചായത്തിന്റെ 10 വാഡിലും ഗ്രാമസഭകൾ ചേർന്ന് വികസന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. കെ. പി. മറിയുമ്മ ഈ ശില്പ ശാലയിൽ പങ്കെടുത്ത് ആസൂത്രണ പ്രക്രിയയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി.

ഗ്രാമ സഭകൾ കൂടുന്നതിന്റെ മുന്നോടിയായി വാർഡുകളിൽ എൽ.ആർ.പി. മാരുടെ യോഗങ്ങൾ ചേരുകയും ഗ്രാമ സഭകൾ വിജയിപ്പിക്കുന്നതിനുള്ള ഈ പരിപാടികൾ തയ്യാറാക്കുകയും ചെയ്തു. വാർഡ് മെമ്പർമാർക്കും സി.ആർ. പി. മാരും എൽ. ആർ. പി. മാരും ചേർന്നുകൊണ്ടുള്ള സ്ക്വാഡുകാൾ വീട് തോറും കയറിയിറങ്ങിയത് കൊണ്ട് പ്രാഥമിക സർവ്വെ നടത്താനും നേരിട്ട് വിവരങ്ങൾ ശേഖരിക്കുവാനും അതോടൊപ്പം ഗ്രാമസഭകളിലേക്ക് ജനങ്ങളെ ക്ഷണിക്കുവാനും കഴിഞ്ഞു. ഇത്കൊണ്ട് ഗ്രാമ സഭകളെക്കുറിച്ച് ഏകദേശരൂപം ഗ്രാമീണർക്ക് മനസ്സിലാക്കുവാനും അതനുസരിച്ച് ഗ്രൂപ്പ് ചർച്ചകൾ ക്രമപ്പെടുത്തുവാനും എളുപ്പമായിരുന്നു. ഇങ്ങിനെയൊക്കെയായിരുന്നിട്ടും ഈ ഉൾനാടൻ പ്രദേശങ്ങളിലെ ഗ്രാമ സഭകൾ പൂർണ്ണ ജനപങ്കാളിത്തത്തോടെയായിരുന്നുവെന്നവകാശപ്പെട്ടുകൂടാ. എങ്കിലും മോശമല്ലാത്ത പ്രഘടനങ്ങൾ തന്നെയാണ് എല്ലാ ഗ്രമസഭകളിലും കാണാൻ കഴിഞ്ഞത്. മറ്റു സഭകളെ അപേക്ഷിച്ച് ഒന്നാം വാർഡിലെ ഗ്രാമസഭ എല്ലാം കൊണ്ടും മുന്നിട്ടു നില്ക്കുന്നു.

ഗ്രാമ സഭാ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതോടെ ജനപ്രതിനിധികളുടെയും ഡി.ആർ. പി. മാരുടെയും സംയുക്ത യോഗങ്ങൾ പലതവണ നടന്നു. ചിലയോഗങ്ങളിലേക്ക് ഉദ്യോഗസ്ഥന്മാരെയും മറ്റ് വിദഗ്ദരെയും പങ്കെടുപ്പിക്കുകയും മണിക്കൂറുകൾ നീണ്ട ചർച്ചകൾ നടത്തുകയും ചെയ്തു. വിവിധ ഓഫീസുകളിൽ കയറി സെക്കന്ററി ടാറ്റ ശേഖരിക്കുവാൻ ഡി.ആർ. പി. മാരെ ചുമതലപ്പെടുത്തി. ദ്വിദീയ വിവര ശേഖരണം നടത്തിയതിന്റെ ശേഷം വീണ്ടും ഒത്തുകൂടി സ്ഥിതിവിവരകണക്കുകളുടെ നിജസ്ഥിതി വിലയിരുത്തി. തുടർന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിച്ചു കൊണ്ട് വിവിധ വിഷയങ്ങളിൽ റിപ്പോർട്ട് തയ്യാറാക്കുവാൻ ഡി.ആർ.പി. മാരും മറ്റ് വിദഗ്ദരും ഉൾപ്പെടുന്ന കോർഗ്രൂപ്പുകളെ ചുമതലപ്പെടുത്തി. അതോടൊപ്പം രണ്ടാം ഘട്ട ജില്ലാ തല പരിശീലന ക്യാമ്പ് ഒക്ടോബർ 29,30,31 തിയ്യതികളിലായി നടന്നു. ഈ ക്യാമ്പോടുകൂടി വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനെക്കുറിച്ച് വിശദമായി മനസ്സിലാക്കുവാൻ കഴിഞ്ഞു. മാത്രമല്ല ശ്രമകരമായ ഈ ജോലിക്കുവേണ്ടി പിന്നിട്ടുള്ളദിവസങ്ങൾ പൂർണ്ണമായും വിശ്രമമില്ലാതെ ജോലി ചെയ്യാൻ ഡി.ആർ.പി മാർ തയ്യാറാവുകയും ചെയ്തു.

സാമൂഹ്യമായും വിദ്യാഭ്യാസപരമായും വളരെ പിന്നിൽ നിൽക്കുന്ന തെന്നലപഞ്ചായത്തിൽ അറിയപ്പെടുന്ന വിദ്യാഭ്യാസ വിദഗ്ദരോ സാങ്കേതിക പ്രതിഭകളോ ഇല്ലെന്ന് തന്നെ പറയാം. അത് കൊണ്ട് തന്നെ ഒട്ടനവധി പോരായ്മകൾ ഈ വികസന റിപ്പോർട്ടിൽ കാണുമെന്നത് തീർച്ചയാണ്. പരിമിതമായ അറിവും കഴിവും വൈദഗ്ദ്യവും മാത്രം കൈമുതലുള്ള കുറെയാളുകളുടെ കുറെദിവസത്തെ അത്യാദ്ധ്വാനം കൊണ്ടാണ് ഇങ്ങിനെയൊരു വികസന രേഖ രൂപപ്പെടുത്താനായത്. ജനകീയസൂത്രണവും നർവ്വാഹണവും യാഥാർത്ഥ്യമാക്കുവാൻ കാലം നമ്മെ മാടിവിളിക്കുകയാണ് .

ഈ ദൗത്യം ഏറ്റെടുക്കുവാനും നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനം സഫലമാക്കാനും ബഹുജന പങ്കാളിത്വം ആവശ്യമാണ്. ആ പങ്കാളിത്വം പരിപൂർണ്ണമായും ലഭ്യമാകുമെന്ന വിശ്വാസത്തോടെ തെന്നല ഗ്രാമ പഞ്ചായത്ത് വികസന രൂപരേഖ ഈ സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.

# 2. പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : തെന്നല ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : തെന്നല |
| ബ്ലോക്ക് പഞ്ചായത്ത് | : വേങ്ങര |
| താലൂക്ക് | : തിരൂരങ്ങാടി. |
| അസംബ്ലി മണ്ഡലം | : താനൂർ |
| വിസ്തീർണ്ണം | : 10 ച.കി. മി. |
| **അതിരുകൾ** | : |
| പടിഞ്ഞാറ് | : നന്നമ്പ്ര ഒഴൂർ പഞ്ചായത്ത് |
| തെക്ക് | : പൊൻമുണ്ടം ഒഴൂർ പഞ്ചായത്ത് |
| കിഴക്ക് | : എടരിക്കോട് പഞ്ചായത്ത്. |
| വടക്ക് | : തിരൂരങ്ങാടി പഞ്ചായത്ത് |
| ജനസംഖ്യ | : 23965 |
| വാർഡുകളുടെ എണ്ണം | : 10 |
| പ്രസിഡന്റിന്റെ പേര്. | : ശ്രീമതി ഏറിയാടൻ ആച്ചുട്ടി |
| വൈ. പ്രസിഡണ്ടിന്റെ പേര് | : ശ്രീ. ബി.കെ. സൈയ്തു. (സെയ്തലവി ) |
| സ്റ്റാന്റിം കമ്മറ്റി ചെയർമാന്റെ പേര് | : ശ്രീ: പി. സി. ആലി |

# 3 സാമൂഹ്യ സാംസ്കാരിക ചരിത്രം

തെന്നല, തെന്നല-വെന്നിയൂർ, അപ്ല, വാള കൊളം, ക്ലാരി, അമ്പലവട്ടം, പുതുപ്പറമ്പ്, ചെറുശ്ശോല എന്നീ ദേശങ്ങൾ ഉൾപ്പെട്ടതായിരുന്നു പഴയ തെന്നല പഞ്ചായത്ത്.

ഈ പ്രദേശങ്ങളെല്ലാം തന്നെ പഴയ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലായിരുന്നു. 1925 ജനുവരിയിൽ തെന്നല പഞ്ചായത്ത് നിലവിൽ വന്ന തായി ചരിത്ര രേഖകളിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയും. അക്ഷരഭ്യാസമുള്ളവർ ഒത്തുകൂടി കൈ പൊക്കി വോട്ട് ചെയ്താണെത്രെ അക്കാലത്ത് പ്രസി ഡണ്ടിനെ തിരഞ്ഞെടുത്തിരുന്നത്. 1964 ൽ ആണ് ഈ പഞ്ചായത്തിൽ ആദ്യമായി തിരഞ്ഞെടുപ്പ് നട ന്നത്. ആ വർഷം ജനുവരി മാസം തന്നെ പുതിയ പഞ്ചായത്ത് ബോർഡ് നിലവിൽ വരികയും ചെയ്തു. ശ്രീ. പരപ്പിൽ ഗോപാലമേനോനായിരുന്നു ആദ്യത്തെ പഞ്ചായത്ത്ത പ്രസിഡണ്ട്. 85 % ത്തിലധികം മുസ്ലീം കൾ ഉണ്ടായിരുന്നിട്ടും അന്ന് ഗോപാലമേനോനെ പഞ്ചായത്ത് മെമ്പറായി തിരഞ്ഞെടുത്തത് എതിരി ല്ലാതെയായിരുന്നു. അത് പോലെ തന്നെ 9 അംഗ പഞ്ചായത്ത് ബോർഡിൽ മുസ്ലീം ലീഗിന് അഞ്ച് അംഗങ്ങൾ ഉണ്ടായിരുന്നു. എന്നാൽ മസ്ലീം ലീഗുകാ രനല്ലാത്ത ശ്രീ. മേനോനെ പഞ്ചായത്ത് പ്രസിഡ ണ്ടായി തിരഞ്ഞെടുത്തതും ഐക്യ കണ്ഠേനയായി രുന്നു. എന്നത് ശ്രദ്ധേയമാണ്.

ആ കാലങ്ങളിൽ തന്നെ ഇവിട നിലനിന്ന് പോന്നിരുന്ന മതമൈത്രിയുടെയും മുസ്ലീംലീഗിന്റെ വിട്ടുവീഴ്ചാ മനോഭാവത്തന്റെയും ഏറ്റവും വലി യൊരു തെളിവാണത്. തൈക്കാടൻ മൊയ്തീൻ കുട്ടി ഹാജി, പി. നാരായണമേനോൻ, കെ. ആലിക്കുട്ടി, കെ.വി. മുഹമ്മദസ്സൻ, വി. കൃഷ്ണവാരിയർ, പി. കുഞ്ഞിപ്പാലൻ, അരിമ്പ്ര മൂസ്സ, ചീരങ്ങൻ കുഞ്ഞീൻ ഹാജി തുടങ്ങിയവരായിരുന്നു. അംഗങ്ങൾ ഈ ബോർഡ് തിരഞ്ഞെടുത്തത് 5 വർഷത്തേക്കാണെ ങ്കിലും 1979 വരെയുള്ള 15 വർഷക്കാലം അധികാ രത്തിൽ തുടർന്നു. ഈ കാലയളവിൽ മാറിമാറിവന്ന സർക്കാറുകളൊന്നും തന്നെ കേരളത്തിൽ പഞ്ചാ യത്ത് തിരഞ്ഞെടുപ്പ് നടത്താതിരുന്നതാണ് ഇതിന് കാരണം. പഞ്ചായത്തിന്റെ കാലാവുധി 15 വർഷം നീണ്ടുവെങ്കിലും ഗോപാലമേനോൻ ഇടക്ക് പ്രസി ഡണ്ടു സ്ഥാനം ഒഴിഞ്ഞതിനെ തുടർന്ന് വൈസ് പ്രസിഡണ്ടായിരുന്ന തൈക്കാടൻ മൊയ്തീൻ കുട്ടി ഹാജി പ്രസിഡണ്ടായി.

വളരെ വിശാലമായ പഞ്ചായത്ത് ആയതു കൊണ്ടും ഭൂമിശാസ്ത്രപരമായി അശാസ്ത്രീയത നിലനിന്നിരുന്നത് കൊണ്ടും പഞ്ചായത്ത് വിഭജിച്ച് രണ്ടാക്കുക എന്നത് അക്കാലത്ത് പലരുടെയും ആവ ശ്യമായിരുന്നു. അതംഗീകരിച്ചുകൊണ്ട് 1979 ആഗസ്റ്റ് മാസം 3 ന് തെന്നല പഞ്ചായത്ത് വിഭജിച്ച് തെന്നല ഏടരിക്കോട് എന്നീ രണ്ടു പഞ്ചായത്തുകളായി പ്രഖ്യാപിച്ച് കൊണ്ട് ഗവർമ്മേണ്ടുത്തരവായി. ഇതോടെ ഇന്നത്തെ തെന്നല പഞ്ചായത്ത് തീർത്തും അനാഥമായി. കാരണം പഞ്ചായത്തിലേക്ക് വരുമാനം കിട്ടുമായിരുന്ന പലഭാഗങ്ങളും എടരിക്കോട് പഞ്ചാ യത്തിലേക്ക് പോയി. പഞ്ചായത്താപ്പീസിന്റെ നേരെ മുൻഭാഗത്തുള്ള പൊൻമുണ്ടം പഞ്ചായത്തിലെ രാണ്ട് വാർഡുകാർ തെന്നല പഞ്ചായത്തിലേക്ക് ചേർക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും സർക്കാർ അതംഗീകരിച്ചില്ല.

വിഭജനത്തെത്തുടർന്ന് 15. 10. 79 രണ്ട് പഞ്ചാ യത്തിലും ഓരോ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റികളെ

ഗവൺമെന്റ് നോമിനേറ്റ് ചെയ്തു. തൈക്കാടൻ മൊയ്തീൻ കുട്ടിഹാജി എടരിക്കോട് പഞ്ചായത്ത് ബോർഡ് (അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി ) പ്രസിഡണ്ടായി പോയതിനാൽ വി. കൃഷ്ണവാര്യർ തെന്നല പഞ്ചായത്തിൽ പ്രസിഡണ്ടായി ചുമതയേറ്റു. സി. കുഞ്ഞീൻ ഹാജി, ഏ. മൂസ്സ, സി.കെ. മൊയ്തീൻ കുട്ടി മാസ്റ്റർ, പി. അയ്യപ്പൻ, പി.കെ. ലീല തുടങ്ങിയവർ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി അംഗങ്ങളായിരുന്നു. ഈ കമ്മറ്റിയെ തുടരാൻ അനുവദിച്ചില്ല. 1980 ഏപ്രിൽ 1-ന് ഗവൺമേണ്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി പിരിച്ചുവിട്ടു. തുടർന്ന് ഉദ്യോഗസ്ഥ ഭരണത്തിൻ കീഴിലായി. 1981 ൽ പതിനേഴ് വർഷത്തെ ഇടവേളക്ക് ശേഷം കേരളത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്നുവെങ്കിലും പഞ്ചായത്ത്/വാർഡ് വിഭജന പ്രക്രിയ പൂർത്തിയാകാത്തത്കൊണ്ട് തെന്നല - എടരിക്കോട് പഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പ് നടന്നില്ല. അങ്ങിനെ 1988 ജനുവരി 23 ന് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടന്ന് പുതിയ ഭരണ സമിതി ചുമതലയേല്ക്കുന്നത് വരെ ഉദ്യോഗസ്ഥ ഭരണം തന്നെ തുടരുകയായിരുന്നു. തുടർന്ന് കളത്തിങ്ങൽ അബൂബക്കർ ഹാജി പ്രസിഡണ്ടും ബി.കെ. മുഹമ്മദ് വൈസ് പ്രസിഡണ്ടും പഞ്ചായത്ത് ഭരണ സമിതി നിലവിൽ വന്നു. സി.കെ. മൊയ്തീൻ കുട്ടിമാസ്റ്റർ,ടി.വി. മൊയ്തീൻ, പി. ഹംസഹാജി പി. കുഞ്ഞുമൊയ്തീൻ ഹാജി, കെ. ചാത്തൻ, പി.ടി. പാത്തുമ്മക്കുട്ടി സഫിയടീച്ചർ എന്നിവർ അംഗങ്ങളായിരുന്നു. 2.5 വർഷം കഴിഞ്ഞ് അബൂബക്കർ ഹാജിയുടെ രാജിയെ ത്തുടർന്ന് സി.കെ. മൊയ്തീൻ കുട്ടിമാസ്റ്റർ പഞ്ചായത്ത് പ്രസിഡണ്ടും T.V മൊയ്തീൻ വൈസ്പ്രസിഡണ്ടായി ചുമതലയേറ്റു.

ഒമ്പതംഗ പഞ്ചായത്തിൽ മുസ്ലീം ലീഗിന്ന് 8 അംഗങ്ങൾ ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിലാണ് പഞ്ചായത്തിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നത്. 2 കി. മീറ്ററോളം നീളം വരുന്ന നേഷണൽ ഹൈവേയും രണ്ട് കിലോമീറ്റർ ദൂരം വരുന്ന വെന്നിയൂർ താനൂർ റോഡും മാത്രമായിരുന്നു പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 12 കി. മീററോളം റോഡ് ഈ കാലത്ത് ടാർ ചെയ്തു. കുടി വെള്ളപ്രശ്നം പരിഹരിക്കുവാനായി പൊതുകിണറുകളും കുഴൽ കിണറുകളും സ്ഥാപിച്ചു. കോഴിച്ചെന ടാങ്കിലേക്ക് ഭാഗികമായി വെള്ള മെത്തിക്കുവാനും മെയിൻ റോഡിൽ ഏതാനും വാട്ടർ ടാപ്പുകൾ പ്രവർത്തികമാക്കുവാനും കഴിഞ്ഞു. ജലസേചനത്തിനായി ഏതാനും കുളങ്ങൾ നിർമ്മിച്ചു. ജ: കുഞ്ഞിഅഹമ്മദ്കുട്ടി സാഹിബ് എം. എൽ.എ. യുടെയും പഞ്ചായത്ത് പ്രസിഡണ്ടിന്റെയും ശ്രമഫലമായി തെന്നല സ്വാശ്രയ പഞ്ചായത്തായി പ്രഖ്യാപിച്ചതും പഞ്ചായത്ത് ഓഫീസ് പരിസരത്ത് സി. എച്ച്. മുഹമ്മദ് കോയ സ്മാരക സാംസ്കാരിക നിലയം നിർമ്മിച്ചതും ഈ കാലത്ത് തന്നെയായിരുന്നു. സ്വാശ്രപഞ്ചായത്തായതിനാൽ കുറെ ഗ്രാന്റുകൾ കിട്ടുവാൻ അവസരമുണ്ടായി. സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നില്കുന്ന 113 പഞ്ചായത്തുകളാണ് ഗവൺമേണ്ട് സ്വാശ്രയ പഞ്ചായത്തുകളാക്കിയതെന്ന് ഇവിടെ ശ്രദ്ധേയമാണ്.

1995 സപ്തംബർ മാസത്തിൽ പുതിയ പഞ്ചായത്ത് രാജ് സംവിധാനമനുസരിച്ച് തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. ശ്രീമതി ഏറിയാടൻ ആയുട്ടി പ്രസിഡണ്ടും പി. കെ. സൈയ്ത് വൈസ്പ്രസിഡണ്ടും ആയി പഞ്ചായത്ത് ഭരണസമിതി 2 .10. 95 നു അധികാരമേറ്റു. കെ. വി. അയമുഹാജി, പി.സി ആലി, യു. ടി. മൂസ്സ, എം. നഫീസു, പി. മരക്കാർ. ഹാജി, എം. സീനത്ത് , പി. ശങ്കരൻ. കെ. മറിയാമു എന്നിവർ വിവിധ വാർഡുകളെ പ്രതിനിധീകരിക്കുന്നു. പത്തംഗ ബോർഡിൽ മുസ്ലീം ലീഗിന് 6 അംഗങ്ങളുണ്ട്. അംഗങ്ങൾ സ്വതന്ത്ര്യരാണ്.

തെന്നല വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്തിന്റെ 3 സെന്റ് സ്ഥലം റവന്യൂ വകുപ്പിന് സൗജന്യമായി വിട്ടുകൊടുക്കുവാൻ കഴിഞ്ഞ ബോർഡിന്റെ കാലത്ത് തീരുമാനിച്ചിരുന്നുവെങ്കിലും സ്ഥലം കൈമാറിയത് ഇപ്പോഴാണ്. അവിടെ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം നടന്ന് വരുന്നു.

ആദ്യ കാലത്ത് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത് പൂക്കിപറമ്പങ്ങാടിയിലെ ഒരു കെട്ടിടത്തിന് മുകളിലായിരുന്നു. എന്നാൽ കോഴിച്ചെനയിൽ സ്ഥലം ലഭിക്കുകയും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തിയായതിനെ തുടർന്ന് പഞ്ചായത്ത് ഓഫീസ് മേഖല കോഴിച്ചെനയിലേയ്ക്ക് മാറ്റുകയും ചെയ്തു. ഈസ്ഥലം അരിമ്പ്ര മുഹമ്മദ് സാഹിബ് സൗജന്യമായി നല്കിയതാണ്.

എടുത്തു പറയാവുന്നതോ അംഗീകാരമുള്ളതോ ആയ സന്നദ്ധ സംഘടനകൾ ഒന്നും പഞ്ചായത്തിലില്ലെങ്കിൽ തന്നെ പറയാം. എന്നാൽ വികസന രംഗത്ത് ഒട്ടേറെ സന്നദ്ധപ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നതായി കാണാൻ കഴിയും. 1954 -ൽ വെന്നിയൂർ മുതൽ കൊടക്കല്ല് അങ്ങാടിക്ക് സമീപമുള്ള തൂപ്പർവരെ ഏകദേശം 2 .5 കി. മീറ്റർ ദൂരം വരുന്ന ഊട് വഴി ശ്രമദാനത്തിലൂടെ റോഡാക്കി മാറ്റിയത് ശ്രീ. കേപ്രാട്ട് ബാലകൃഷ്ണപണിക്കരുടെ നേതൃത്വത്തിൽ അന്ന് നിലവിലുണ്ടായിരുന്ന ജനകീയ സിമിതിയായിരുന്നു. ഈ റോഡ് പൊതു മരാ

401

മത്ത് വകുപ്പേറ്റെടുക്കണമെന്നായിരുന്നു ആവശ്യം അംഗീകരിക്കാതെ പോയപ്പോൾ സർവ്വ ശ്രീ . ബി. കെ. മുഹമ്മദ് സാഹിബ്, ബാലകൃഷ്ണൻ മാസ്റ്റർ, മണ്ണുത്തനാത്ത് അപ്പുണ്ണി നായർ വി. ആലിക്കുട്ടി സാഹിബ് എന്നിവരുടെ നേതൃത്വത്തിൽ ജനകീയ പ്രക്ഷോഭവുമായി മുന്നോട്ട് നീങ്ങി. 1971 ൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഈ റോഡാണ് ഇപ്പോൾ വെന്നിയൂർ-താനൂർ റോഡായി രൂപാന്തരപ്പെട്ടത്. പ്രസ്തുത ജനകീയ സമിതയുടെ പ്രവർത്തനഫലമായി 1960 ൽ ഒരു പോസ്ററാപ്പീസിന്നും 1972 ൽ ഒരു അലോപതി ആശുപത്രിക്കും അംഗീകാരം ലഭിച്ചുവെങ്കിലും ആവശ്യമായ സ്ഥലം ലഭിക്കാത്തത് കൊണ്ട് ആ നല്ല സംരംഭങ്ങൾ വേണ്ടെന്ന് വെക്കേണ്ടി വന്നു.

പഞ്ചായത്ത് രേഖകളിൽ പെട്ടതും പെടാത്തതുമായ ധാരാളം റോഡുകൾ പഞ്ചായത്തിലുണ്ട്.

ഈ റോഡുകളുടെയെല്ലാം തുടക്കം ശ്രമദാനത്തിലൂടെയും സന്നദ്ധ പ്രവർത്തനത്തിലൂടെയും ആയിരുന്നു എന്നത് ഒരിക്കലും വിസ്മരിച്ച്കൂട. കന്ന് കാലികൾക്ക് പോലും നടക്കൻ കഴിയാതിരുന്ന ഒട്ടനവധി റോഡുകളുടെയെല്ലാം തുടക്കം ശ്രമദാനത്തിലൂടെ സന്നദ്ധ പ്രവർത്തനത്തിലൂടെയും ആയിരുന്നു എന്നത് ഒരിക്കലും വിസ്മരിച്ചുകൂട. കന്ന് കാലികൾക്ക് പോലും നടക്കാൻ കഴിയാതിരുന്ന ഒട്ടനവധി ഇടവഴികളും ഊടു വഴികളും നിരന്തരമായ ശ്രമദാനത്തിലൂടെ റോഡുകളും നടപ്പാതകളുമാക്കി മാറ്റി. ഇന്നും ആ പ്രക്രിയ തുടർന്ന് കൊണ്ടേയിരിക്കുന്നു.

പഞ്ചായത്തിനെ രണ്ടായി വിഭജിച്ച്കൊണ്ട് പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെ കടന്ന് പോകുന്ന പരപ്പനങ്ങാടി കോട്ടക്കൽ റോഡായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ ഗതാഗത മാർഗ്ഗം. ഇന്നീ റോഡ് ബോംബെ - കന്യാകുമാരി നേഷണൽ ഹൈവേയുടെ ഭാഗമാണ്.

കോഴിച്ചെനയിൽ ഒരു ബ്രാഞ്ച് പോസ്റ്റാഫീസായി ആരംഭിച്ച വാളകൊളം പോസ്റ്റാഫീസായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ തപ്പാൽ ആഫീസ്. ഇത് സബ് ഓഫീസാവുകയും താമസിയാതെ തെന്നലയിൽ ഒരു ബ്രാഞ്ച് പോസ്റ്റാഫീസ് നിലവിൽ വരികയും ചെയ്തു. ഇത് ഇപ്പോൾ ഈ. ഡി. സബ്ബ് പോസ്റ്റാപ്പീസായിട്ടുണ്ട്

66 . കെ. വി. എലക്ട്രിക്കൽ ലൈൻ ഈ പഞ്ചായത്തിലൂടെ 1960 മുതൽ തന്നെ കടന്ന് പോയിരുന്നുവെങ്കിലും പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത് 1970 -ന്റെ ശേഷമാണ്. എന്നാൽ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വൈദ്യുതി ഇന്നും എത്തിയിട്ടില്ല എന്നതും വൈദ്യുതി ഉള്ളേടത്ത് തന്നെ തീരെ വോൾട്ടേജ് ഇല്ല എന്നതും ഖേദകരമാണ്.

തെന്നല പോസറ്റാഫീസ് നേടിയെടുക്കുന്നതുൾപ്പെടെ പഞ്ചായത്തിലെ ഒട്ടനവധി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയവരിൽ പ്രമുഖനായിരുന്ന അത്താണി മാസ്റ്റർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഏ. മുഹമ്മദ്.

പഞ്ചായത്തിലെ വിദ്യാഭ്യാസത്തിന്റെ കഥ പറയുമ്പോൾ ഇവിടെ സർക്കാർ മേഖലയിൽ യാതൊരു വിദ്യാഭ്യാസ സ്ഥാപനവും ഇല്ലാ എന്നത് എടുത്തു പറയേണ്ട ഒരു കാര്യമാണ്. 1920 ൽ കൊടക്കല്ലൂർ ഭഗവതികാവുങ്ങൽ കുഞ്ഞഹമ്മതാജിയുടെ മാനേജ്മെന്റിൽ ഒരു എലിമെന്റ്റിസ്കൂകൾ ആരംഭിച്ചു. പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തിന്റെ തുടക്കം അങ്ങിനെയാണ്. അതിന്റെ ശേഷം അപ്പയിൽ ഏ. വി. ഹസ്സൻകുട്ടിഹാജിയും പുള്ളിത്തറയിൽ ടി.ടി.ഖാദർ ഹാജിയും ടി. മൊയ്തീൻ മുസ്ലീയാരും തൂച്ചത്ത്പറമ്പിൽ ടി. മൊയ്തീൻ മുസ്ലീയാരും പെരുമ്പുഴയിൽ കടക്കോട്ട് മൊയ്തീൻ മുസ്ലീയാരും എലിമെന്ററി സ്കൂളുകൾ തുടങ്ങി. ഇതിൽ കൊടക്കല്ലുങ്ങലെയും അപ്പയിലെയും സ്കൂളുകൾ കാലക്രമേണ തകർന്ന് പോയി. മറ്റ് മൂന്ന് വിദ്യാലയങ്ങളും ഇന്നും നിലനില്ക്കുന്നു. അറക്കൽ അങ്ങാടിക്ക് സമീപം പ്രവർത്തിച്ച് വരുന്ന സ്കൂൾ ആരംഭിച്ചത് മാട്ടിൽ അബൂബക്കർ മുസ്ലീയാരുടെ മാനേഡ്മെന്റിലായിരുന്നു. ഇവിടെ ഒരു എൽ. പി. സ്കൂളും ഒരു യു. പി സ്ക്കൂളും ഇന്നും പ്രവർത്തിച്ചു വരുന്നു.

1982 ലാണ് ഒരു ഹൈസ്കൂൾ പഞ്ചായത്തിൽ സ്ഥാപിതമായ്ത്. പൂക്കിപ്പറമ്പുങ്ങാടിക്കണ്ണി സമീപം പ്രവർത്തിച്ച് വരുന്ന കുഞ്ഞഹമ്മദാജി മെമ്മോറിയൽ ഹൈസ്കൂൾ

തെന്നല തറയിൽ പ്രവർത്തിച്ച് വരുന്ന ഹസനിയതീംഖാന, പ്രദേശിക കമ്മറ്റികൾ നടത്തി വരുന്ന മുസ്ലീം മദ്രസ്സകൾ, അറബി കോളേജുകൾ എന്നിവയാണ് പഞ്ചായത്തിലെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. അപ്പ പോലുള്ള സ്ഥലങ്ങളിലെ കൊച്ചു കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന്ന് രണ്ടും മൂന്നും കിലോമീറ്ററുകൾ നടന്ന് പോകേണ്ടി വരുന്നത് ഖേദകരമാണ്. ഒരു പ്രൈമറി വിദ്യാലയം അവിടെയുണ്ടാകണമെന്ന നാട്ടുകാരുടെ ആഗ്രഹം ഇനിയും പൂവണിഞ്ഞിട്ടില്ല.

# 4. ഭൂപ്രകൃതിയും വിഭവങ്ങളും

പ്രകൃതി രമണീയമായ തെന്നല പഞ്ചായത്തിന്റെ വടക്ക് തിരൂരങ്ങാടി, പടിഞ്ഞാറ് ഒഴൂർ, നന്ദമ്പ്ര, തെക്ക് പൊൻ മുണ്ടം കിഴക്ക് എടരിക്കോട് പഞ്ചായത്തുകളാണ്. നേഷനൽ ഹൈവെ 17 പഞ്ചായത്തിനെ രണ്ടായി വിഭജിച്ചുകൊണ്ട് ഏകദേശം മദ്യത്തിലൂടെ കടന്ന് പോകുന്നു. ആനമുടിയുടെ അടിത്തട്ടിൽ നിന്നാരംഭിച്ച് ജില്ലയുടെ വിവിധ ഭാഗങ്ങളിലൂടെ ചുറ്റിത്തിരിഞ്ഞ് അറബിക്കടലിനെ ലക്ഷ്യമാക്കി ഒഴുകുന്ന കടലുണ്ടിപ്പുഴ പഞ്ചായത്തിന്റെ വടക്കെ അറ്റത്തെ തൊട്ട് തലോടികൊണ്ടാണ് മുന്നോട്ട് നീങ്ങുന്നത്. പഞ്ചായത്ത് ആ സ്ഥാനം സ്ഥിതി ചെയ്യുന്ന കോഴിച്ചെന ഏററവും ഉയർന്ന പ്രദേശമാണ്. ഇവിടെ നിന്ന് നോക്കിയാൽ പടിഞ്ഞാറ് അറബിക്കടലും വടക്ക് യൂനിവേഴ്സിറ്റിയും കരിപ്പൂർ വിമാനത്താവളവും കിഴക്ക് മലപ്പുറവും കാണാവുന്നതാണ്. സ്വാതന്ത്ര്യ സമര നീക്കങ്ങളെഅടിച്ചമർത്താൻ വേണ്ടി ബ്രിട്ടീഷ് ഭരണ കാലത്ത് സ്ഥാപിച്ച ക്ലാരി എം. എസ്സ്. പി. ക്യാമ്പ് പഞ്ചായത്തിന് പുറത്താണെങ്കിലും കോഴിച്ചെയിൽ തന്നെയാണ്.

പഞ്ചായത്തിന്റെ മൊത്ത വിസ്തീർണത്തിന്റെ ഏകദേശം 5% വയലുകളാണ്.

വാളകൊളം, അപ്പ, മറക്കപ്പാടം, എന്നീ പേരുകളിലറിയപ്പെടുന്ന മൂന്ന് വയലുകൾ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തും മദ്യഭാഗത്തും പടിഞ്ഞാറ് ഭാഗത്തുമായി ഈ വയലോലകൾ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ പൊതുവിലുള്ള ഭൂപ്രകൃതി പരിശോധിക്കുകയാണെങ്കിൽ ഉയർന്ന സമതലങ്ങളും, കുത്തനെ ചരിഞ്ഞു കിടക്കുന്നതും ചെറിയ ചെരിവുകളോടു കൂടിയതും താഴ്ന്നു കിടക്കുന്ന സമതലങ്ങളുമായി കാണാൻ കഴിയും. ഉയർന്ന ഭാഗങ്ങളിൽ പാറയും പാറയവസാനിക്കുന്നിടത്ത് വലിയ കല്ലുകൾ നിറഞ്ഞ മണ്ണും ചരിവുകളിൽ ചരൽ കലർന്ന മണ്ണും വയലിനടുത്തെത്തുമ്പോൾ തിരിയില്ലാത്ത ചെമ്മണ്ണുമാണ് കാണുക. പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുള്ള വാളക്കൊളം വയൽ വർഷകാലത്ത് പുഴവെള്ളം കയറി കെട്ടിക്കിടക്കുന്നതിനാൽ എക്കൽ അടിയുന്ന പ്രദേശമാണിത്. അവിടെ എക്കൽ മണ്ണാണ് താനും. നേഷനൽ ഹൈവേയുടെ കിഴക്ക് ഭാഗത്തുള്ള ഉയർന്ന കുന്നിൻപ്രദേശങ്ങൾ, കുത്തനെയുള്ള ചരിവുകൾ, ചെറു ചെരിവുകൾ വെള്ളം കയറുന്ന വയലുകൾ, വയലോരത്തെ പള്ളിയിളി എന്നിങ്ങനെ അഞ്ചായി തരംതിരിക്കാം. നേഷണൽ ഹൈവേയുടെ പടിഞ്ഞാറ് ഭാഗവും ഇതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല. പടിഞ്ഞാറെ അറ്റത്തുള്ള മനക്കപ്പാടം വർഷത്തിൽ 8 മാസവും വെള്ളത്തിനടിയിലാണ്. വൈലത്തൂർ, കടുറുങ്ങത്തുണ്ട്. കരിങ്കപ്പാറ എന്നീ ഭാഗങ്ങളിൽ നിന്നെല്ലാം ഒഴുകിയെത്തുന്ന മഴവെള്ളം അടിഞ്ഞുകൂടുന്നത് കളിമണ്ണ് നിറഞ്ഞ ഈ വയലിലാണ്. ഈ വയലേലകൾ നിറയുമ്പോൾ വെള്ളം പടിഞ്ഞാറോട്ടോഴുകി നനമ്പ്ര പഞ്ചായത്തിലൂടെ ബെഞ്ചാലിയും കടന്ന് കടലുണ്ടിപ്പുഴയിലെത്തുന്നു.

കുന്നിൽ പ്രദേശങ്ങളിലും ചരിഞ്ഞ ഭാഗങ്ങളിലും തെങ്ങ് കൃഷി ചെയ്തുവരുന്നു. താഴ്ന്ന പ്രദേശങ്ങളിൽ വായ, കവുങ്ങ്, വെറ്റില എന്നീ കൃഷികളും ധാരാളമാണ്. മാവ്, പ്ലാവ്, കശുമാവ്, എന്നിവയും പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്. ചേന, ചേമ്പ്, കപ്പ, ഇഞ്ചി, മറ്റു പച്ചക്കറികൾ എന്നിവ പറമ്പുകളിൽ ഇടവിളയായി കൃഷിചെയ്തു വന്നിരുന്നുവെങ്കിലും സാഹചര്യങ്ങൾ പ്രതികൂലമായി വരുന്നതിനാൽ അത്തരം കൃഷികളിൽ നിന്നെല്ലാം ജനങ്ങൾ ഒഴിഞ്ഞുമാറുകയാമ്. അത്പോലെ 'മോടൻ' എന്ന പേരിൽ പുതുവർഷാരംഭത്തോടെ പറമ്പുകളിൽ ഇട

വിളയായി ചെയ്തിരുന്ന നെൽകൃഷിയും ഇന്നൊരു പഴംകഥയാണ്.

വയലുകളുടെ വിസ്തീർണ്ണവും മറ്റ് ഭാഗങ്ങളിലെന്നപോലെ ഈ പഞ്ചായത്തിലും അനുദിനം കുറഞ്ഞു കുറഞ്ഞു വരികയാണ്. ആധുനിക കൃഷി സൗകര്യങ്ങളുടെ കുറവ്, ജലസേചനത്തിന്റെ അപര്യാപ്തത, മറ്റ് സാങ്കേതിക വിഷമതകൾ എന്നിവ കൊണ്ടെല്ലാം നെൽകൃഷി നഷ്ടമാണെന്ന് കർഷകർ പറയുന്നു അത് കൊണ്ട് തന്നെ പലരും നെൽ കൃഷിയോട് വിടപറയുന്നു. ഏകദേശം 30 വർഷങ്ങൾക്ക് മുമ്പുള്ള അനുഭവം പറയുകയാണെങ്കിൽ അന്ന് പറമ്പുകളേക്കാൾ കൂടിയ മാർക്കറ്റ് റൈറ്റായയിരുന്ന വയലുകൾക്ക് ഇന്ന് പറമ്പിന്റെ വിലയുടെ പത്തിൽ ഒരംശം പോലും വില വയലുകൾക്ക് ലഭിക്കുന്നില്ല. അത്കൊണ്ട് പലരും കുറഞ്ഞ വിലക്ക് വയലുകൾ വാങ്ങിയമണ്ണിട്ട് തൂർത്ത് അവിടെ വീട് വെക്കുന്നു.

മുൻകാലങ്ങളിലൊക്കെ വയലുകളിലേക്കിറങ്ങിയാൽ അവിടെ "ഏത്ത"ങ്ങളുടെ സംഗീതമായിരുന്നു. ഓരോ കൃഷിക്കാരനും ഓരോ ചെറിയ കിണറും ഓരോ കിണറിലും രണ്ടും മൂന്നും വരെ ഏത്തങ്ങളുമുണ്ടായിരുന്നു. അത് പോലെ ഓലയും പൂഴിയും ഉപയോഗിച്ച് കടലുണ്ടിപ്പുഴയിൽ പെരുമ്പുഴ ഭാഗത്ത് ബണ്ട് കെട്ടി പുഴയിലെ വെള്ളം ഒരു കൈത്തോട് വഴി കിലോ മീറ്ററുകൾ ദൂരെയുള്ള വാളകൊളും വയലിലെത്തിച്ച് നെൽകൃഷിക്ക് ഉപയോഗപ്പെടുത്തിയിരുന്നു. അതെല്ലാം കഴിഞ്ഞുപോയ കാലത്തിന്റെ ഓർമ്മകളായി മാത്രം അവശേഷിക്കുന്നു.

# 5. ജനപ്രകൃതി

1991 ലെ സെൻസസ് രേഖകളനുസരിച്ച് പഞ്ചായത്തിൽ പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടെ 21568 ജനങ്ങൾ അധിവസിക്കുന്നു. കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏകദേശം പത്ത് ശതമാനത്തോളം ജനസംഖ്യയിൽ വർദ്ധനവുണ്ടായതായി ഇപ്പോൾ ശേഖരിച്ച കണക്കുകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിൽ 2300 ആകുന്നു.

അറുപത് ശതമാനത്തിലധികം ജനങ്ങളും കർഷകരോ കർഷകതൊഴിലാളികളോ ആണ്. കാർഷിക രംഗം ആദായകരമല്ലാതായതോടെ ജനങ്ങൾ മറ്റു മേഖലകളിലേക്ക് കടന്ന് കയറുവാൻ ശ്രമിക്കുകയാണ്. അതിനുള്ള യോഗ്യതകളോ വൈദഗ്ദ്യങ്ങളോ ലഭിക്കാത്തവരാണധികവും.

സാമൂഹ്യ ,സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസരംഗങ്ങളിലെല്ലാം തന്നെ ഈ പഞ്ചായത്ത് വളരെ പിന്നിലാണ്. ഏതെങ്കിലും വ്യവസായങ്ങളോ മറ്റേതെങ്കിലും തൊഴിൽ, സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. അതിനാൽ തെന്നല അറക്കൽ ഭാഗങ്ങളിൽ എന്ന് ധാരാളമാളുകൾ ജീവിതമാർഗ്ഗംതേടി ബോംബെ, ബാഗ്ലൂർ, മുതലായ പട്ടണങ്ങളിലേക്ക് നീങ്ങി. അങ്ങനെ പോയവരിൽ പരലർക്കും പിടിച്ച് നില്ക്കുവാൻ കഴിഞ്ഞുവെങ്കിലും വലിയൊരു വിഭാഗം ആളുകളും ലക്ഷ്യത്തിലെത്താതെ തിരിച്ച് പോരുകയാണുണ്ടായത്. അതുപോലെ വാളകൊളും ഭാഗത്ത് നിന്ന് ധാരാളം ചെറുപ്പക്കാർ തൊഴിലന്വേഷിച്ച് പോയത്, നിലമ്പൂർ, കാളികാവ്, തിരുവിതാംകൂർ ഭാഗങ്ങളിലെ റബ്ബർ തോട്ടങ്ങളിലേക്കായിരുന്നു. ഉപജീവനത്തിന് ചെറിയൊരു മാർഗ്ഗം എന്നതിൽ കവിഞ്ഞ് ഉയരാനോ വളരാനോ അവർക്കും കഴിഞ്ഞില്ല. റബ്ബർ തോട്ടങ്ങളിൽ പോയവർ റബ്ബർ കൃഷി സമ്പ്രദായം മനസ്സിലാക്കിക്കൊണ്ട് ഒരു പരീക്ഷണമെന്ന നിലക്ക് ഇവിടെ ചെറിയ തോട്ടങ്ങൾ വെച്ച് പിടിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും വിജയിക്കുവാൻ കഴിഞ്ഞില്ല. ഇങ്ങിനെയുള്ള റബ്ബർ തോട്ടങ്ങൾ പഞ്ചായത്തിന്റെ 6ാം വാർഡിലും 8 ാം വാർഡിലും കാണാം.

1960 - ന്റെ ശേഷം ഗൾഫ് മേഖലകൾ തുറക്കപ്പെട്ടപ്പോൾ പലരും തൊഴിലന്വേഷിച്ചു ഗൾഫിലേക്ക് പുറപ്പെട്ടു. അതോടെയാണ് ഭാഗികമായെങ്കിലും ജനജീവിതത്തിൽ മാറ്റങ്ങൾ വരാൻ തുടങ്ങിയത്. ഗൾഫുകാരുടെ വരുമാനം അവരുടെ കുടുംബത്തിൽ മാത്രം ഒതുങ്ങിനില്കാതെ നിത്യ ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന പലരെയും കൈപിടിച്ചുയർത്താൻ അവർതയ്യാറായി എന്നതാണ് പരമാർത്ഥം. അതോടൊപ്പം നാട്ടിന്റെ മുഖച്ഛായ മാറ്റുന്നതിലും ഗൾഫ് സുഹൃത്തുക്കൾ അമൂല്യങ്ങളായ സംഭാവനകളർപ്പിച്ചിട്ടുണ്ട്. ഗൾഫ് മേഖലയിലെ അസ്വാസ്ത്യങ്ങൾ ജനങ്ങളിൽ ഉൾക്കിടിലമുണ്ടാക്കുന്നു എന്നത് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

വലിയവനായാലും ചെറിയവനായാലും അവനവന്റെ യോഗ്യതക്കും കഴിവിനനുസരിച്ചും ജോലിയെടുത്ത് ജീവിക്കണമെന്നാഗ്രഹിക്കുന്ന് ജനങ്ങളാണ് പഞ്ചായത്തിലുള്ളതെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. ഇതിന്ന് ഉദാഹരണങ്ങൾ നിരവധിയാണ്. പ്രൈമറി തലത്തിൽ പഠിക്കുന്ന കൊച്ചു മിടുക്കൻമ്മാർ സ്കൂൾ വിട്ടാൽ 'ഐസ്' പെട്ടികൾ തലയിലേറ്റി വഴിവാണിഭക്കാരായി നടക്കുന്ന കാഴ്ച ആരെയും പുളകം കൊള്ളിക്കും. ആരുടെയും ഇത്തിക്കണ്ണികളാകാതെ സ്വന്തം കാലിൽ നിൽക്കുക എന്ന്

തന്നെയാണവരുടെ ലക്ഷ്യം. മൂന്നും നാലും മക്കൾ ഗൾഫിലുള്ള പിതാക്കൾ പോലും എല്ലാ വിധ ജീവിത സൗകര്യങ്ങളുമുണ്ടായിട്ടും അതിൽ മുഴുകി അലസന്മാരാകാതെ ചെറുതോ വലുതോ ആയ അവരുടെ കുലത്തൊഴിൽ അന്തസ്സോടെ ചെയ്യുന്ന കാഴ്ചകളും ഇവിടെ കാണാം.

കേരളത്തിൽ പൊതുവെ സ്ത്രീകൾ ദുരിതമനുഭവിക്കുമ്പോൾ യാതൊരു അല്ലും അലട്ടുമില്ലാതെ ഇവിടെ സ്ത്രീകൾ കഴിഞ്ഞു കൂടുന്നു. പുറത്ത് ജോലിക്ക് പോകുന്നവർ വളരെ ചുരുക്കമാണ്. കുടുംബം നോക്കി വീട്ടിൽ അടങ്ങിയൊതുങ്ങിക്കഴിയുന്നവരാണധികവും.

വിവിധ മതവിഭാഗങ്ങൾ വളരെ ഐക്യത്തോടെയും സനേഹത്തോടെയും പരസ്പര വിശ്വാസത്തോടെയും ഇവിടെ കഴിഞ്ഞിരുന്നു.

കല്ല്യാണ സദസ്സുകളിലും മരണവേളകളിലും മറ്റ് അത്യാഹിത രംഗങ്ങളിലുമെല്ലാം പങ്കുചേരുമ്പോഴെ ഈ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ആഴം അളക്കുവാൻ കഴിയൂ. നേർച്ചകളും ഉത്സവങ്ങളും സംഘടിപ്പിക്കുന്നത് ഏതെങ്കിലും ഒരു മതവിഭാഗമാണെങ്കിലും അതിന്റെ പങ്കാളികളും വിജയശില്പികളും മറ്റെല്ലാവരുമാണ്. ജാതി പരമായ ഉച്ചനീചത്വങ്ങൾ മുൻകാലങ്ങളിൽ നലനിന്നിരുന്നുവെങ്കിലും ഇന്ന് അതെല്ലാം തുടച്ച് മാറ്റപ്പെട്ടിട്ടുണ്ട്.

# 6-1 കൃഷിയും ജലസേചനവും

50 വർഷം മുമ്പ് കൃഷിയെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന ഒരു ഗ്രാമമായിരുന്നു തെന്നല. ഇന്നത്തെ ഏടരിക്കോടു പഞ്ചായത്തും കൂടി ഉൾപ്പെട്ടതായിരുന്നു ഇവിടം. വ്യവസായങ്ങൾ എത്തിനോക്കാൻ മടിക്കുന്ന ഇവിടം ഇന്നും കാർഷിക പ്രധാനം തന്നെ. കുന്നുകളും ചരിഞ്ഞ താഴ് വാരങ്ങളും ഉള്ള ഈ പ്രദേശത്ത് വയൽ കുറവാണ്. കോഴിച്ചെന, കറത്താൽ, കുറ്റിക്കാട്ടു പാറ, തച്ചമ്മാട്, എന്നീ ഉയർന്ന പ്രദേശങ്ങളാണ്. അവിടെ നിന്നും തുടങ്ങുന്ന ചരിവുകൾ വയലിലെത്തി നിൽക്കുന്നു. മുഖ്യ കൃഷി തെങ്ങ്. കവുങ്ങ്, നെല്ല്, വെറ്റില എന്നിവയും ചെറിയ തോതിലുണ്ട്.

## കൃഷിയുടെ ചരിത്രവും വിളക്രമവും

50 വർഷങ്ങൾക്കു മുമ്പ്, വയൽ കുറവായ ഈ പ്രദേശത്ത് പറമ്പു വിളകൾക്കായിരുന്നു പ്രാമുഖ്യം. പ്രധാന വിള ഇഞ്ചിയായിരുന്നു. നാടൻ. കിഴക്കൻ തുടങ്ങിയ ഇനമായിരുന്നു കൃഷി ചെയ്തിരുന്നത്. ഇഞ്ചിക്കാലായിൽ അടുത്ത വർഷം 'മോടൻ' എന്ന നെല്ലുണ്ടാക്കിയിരുന്നു. ഇഞ്ചികൃഷിക്കു നല്കിയിരുന്ന കനത്ത ജൈവവളപ്രയോഗം മതിയായിരുന്നു നെല്ലിനെ കരുത്തുറ്റതാക്കാൻ. അരിമോടൻ, കല്ലുരുണ്ണി, കുട്ടാടൻ, എന്നീ നെൽവിത്തുകളാണുപയോഗിച്ചിരുന്നത്. മോടൻ കൊയ്ത കണ്ടത്തിൽ അതേ വർഷം തന്നെ എള്ളു വിതയ്ക്കുമായിരുന്നു.

വ്യാപകമായി കൃഷി ചെയ്യപ്പെട്ടിരുന്ന മറ്റൊരു ധാന്യ മായിരുന്നു, ചാമം, "രായി" (രാഗി) യും ഉണ്ടാക്കിയിരുന്നു. മൂത്രം സംഭരിച്ച് രാഗിക്ക് ഒഴിച്ച് വിള വർദ്ധിപ്പിച്ചിരുന്ന വിരുതന്മാർ ഉണ്ടായിരുന്നുവത്രെ. ഇഞ്ചി നട്ടിരുന്ന കവലകളിൽ ചോളം ഉപോൽപ്പന്നമായിരുന്നു.

പൂള (കപ്പ), മധുരക്കിഴങ്ങ് എന്നിവയും വ്യാപകമായി കൃഷി ചെയ്യപ്പെട്ടിരുന്നു. നനക്കിഴങ്ങ്, കൊള്ളിക്കിഴങ്ങ്, ചേമ്പ്, ചേന, എന്നിവയും ധാരാളമായുണ്ടായിരുന്നു. ചെറിയ ചേമ്പ് കറിയുണ്ടാക്കുന്നതിനും പുഴുക്കുണ്ടാക്കുന്നതിനും പ്രധാന ഇനമായിരുന്നു. മരച്ചുവടുകളിൽ ബിലാത്തിച്ചേമ്പായിരുന്നു പ്രധാനം. ആട്ടിൻ കാഷ്ടം പ്രധാന വളമായി ഉപയോഗിച്ചിരുന്നു. കാവിത്തും (2 തരം . നാടൻ, മൂച്ചി.) കൃഷി ചെയ്യുമായിരുന്നു.

ചെറുപയർ, ഉഴുന്ന്, മുതിര എന്നിവയുടെ കൃഷിയും ഉണ്ടായിരുന്നു. മത്തൻ, ചിരങ്ങ, കുമ്പളം, വെണ്ട എന്നിവ മുററത്തോടു ചേർത്ത് ഉണ്ടാക്കുമായിരുന്നു വർഷക്കാലത്ത്. മുറ്റത്തൊരു 'അമരത്തടം " കൂട്ടാനു"ണ്ടാക്കാനുള്ള ഒരു സ്ഥിരം സ്രോതസ്സായിരുന്നുപോൽ. കയ്പ, പടവലം മുതലായവ പച്ചക്കറികൾ 'വേനൽക്കാലത്ത് പറമ്പിലും, വെള്ളരി, കയ്പ മുതലായവ വയലിലും ( പള്ളിയാൽ ) കൃഷിചെയ്തിരുന്നു.

ക്ഷാമകാലങ്ങളിൽ 'നുകയൻ' ഭക്ഷണമായി ഉപോയഗിച്ചിരുന്നു. പറമ്പുകളിൽ നിന്നും ധാരാളമായി പറിച്ചെടുത്തിരുന്ന 'കൂവ' അരച്ച്, കലക്കി, തെളിയൂറ്റി, കട്ടുകളഞ്ഞ് ഉണക്കിയുണ്ടാക്കുന്ന കുവപ്പൊടി, അസ്ഥിയുരുക്കത്തിനുള്ള സിദ്ധൗഷധമായിരുന്നു വത്രെ. നൂറ്റ, പുള്ളിച്ചേമ്പ് എന്നിവയും കഠിനമായ പ്രോസസിംഗിനുശേഷം ഭക്ഷണമായി ഉപോയോഗിച്ചിരുന്നു. വർഷക്കാലങ്ങളിൽ കഞ്ഞിത്തൂവയുടെ ഇലയും ഉപോയോഗിക്കുമായിരുന്നപോൽ. പന വെട്ടിയ ശേഷം കോതുമ്പോൾ കിട്ടുന്ന പനഞ്ചോറ് ഇടിച്ചു പിഴിഞ്ഞ് സംസ്കരിച്ച് പൊടിയെടുത്ത്

ഉണക്കി വെച്ച് ഇടയ്ക്കിടെ പലഹാരം ഉണ്ടാക്കിയിരുന്ന കാലവും വിദൂരമല്ല. ഈന്തിൻകാ വെട്ടിയുണ്ക്കി തൊത്തുകളഞ്ഞ് സൂക്ഷിച്ചുവെച്ച് കറിയും (ഈന്തിൻപിടി) ഈന്തവിൽ, ഈന്തിൻ പത്തിരി ഈന്തിൻ പിട്ട് എന്നിവയും ഉണ്ടക്കാറുണ്ടായിരുന്നു. 12 ാം വർഷത്തിലൊരിക്കൽ മുളയരിയും സംഭരിച്ചുവെച്ച് ആവശ്യത്തിന്നനുസരിച്ചുപയോഗിച്ചിരുന്നു. ഇവയെല്ലാം പുതിയ തലമുറക്ക് അന്യമാവുകയായിരുന്നു. അന്ന് കൃഷിമേഖല ജനത്തിൻരെ ജീവനായിരുന്നു, അന്യമായൊന്നുമില്ലായിരുന്നു.

വയലേലകളിൽ നെല്ലുമാത്രമാണു കൃഷിചെയ്തിരുന്നത്. ഒരു വിള രണ്ടുവിള, മൂന്നു വിള എന്നിങ്ങനെയെടുക്കുന്നവയായി തിരിച്ചിരിക്കുന്നു,

പഞ്ചായത്തിലെ VI VII,VIII, X എന്നീ വാർഡുകൾ കിഴക്കോട്ടു ചരിഞ്ഞ് വാളക്കുളം വയലിന്നഭിമുഖമായി കിടക്കുന്നു. നീരൊഴുക്ക് കിഴക്കോട്ടും, വയലിലെത്തിയശേഷം തോട്ടിലൂടെ വടക്കോട്ട് പെരുമ്പുഴ (കടലുണ്ടിപ്പുഴ)യിലേക്കും ആണ്. V, II, I, IV,III,IX എന്നീ വാർഡിൽ പെയ്യുന്ന മഴവെള്ളവും കടലിലെത്തുന്നതിനു മുമ്പ് കടലുണ്ടിപ്പുഴയിൽത്തന്നെ എത്തുന്നു സമനിരപ്പായപ്രദേശം പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം.

ജനങ്ങളിൽ ഭൂരിഭാഗവും ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമി ഉള്ളവരാണ്. അവരിൽ ത്തന്നെ 10 സെന്റിൽ താഴെയുള്ളവർ കൂടും.

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ആണെങ്കിൽ പഞ്ചായത്തിന്റേത് 0:04 Htr ആണ്.

പരിചരണം കൂടുതലായി പറമ്പുവിളകൾക്കും, വയലിൽ പുഞ്ചകൃഷിക്കുമായിരുന്നു. പറമ്പു വിളകളെല്ലാം തീർത്തും മഴയെ ആശ്രയിച്ചായിരുന്നു. വാളക്കുളം പാടത്ത്, പരുമ്പുഴയിൽ ചിറകെട്ടി തോട്ടിലൂടെ എത്തിച്ച് കൃഷിചെയ്യുകയായിരുന്നു. സഹകരച്ചായിരുന്നു ഈ പ്രവൃത്തി. മറക്കപ്പാടം, അപ്പപ്പാടം എന്നിവിടങ്ങളിലും, വാളക്കുളം പാടത്തും കുളങ്ങൾ, കുഴികൾ എന്നിവ പുഞ്ചകൃഷിക്ക് ഉപയോഗിച്ചിരുന്നു. ഭൂമിയുടെ ഉടമസ്ഥർ അന്ന് ദേവസ്വങ്ങളും ചില തറവാട്ടുകാരും മാത്രമായിരുന്നു.

ആകെ ഭൂമിയുടെ 15.46% നിലമാണ്. പ്രതിരോധ ശേഷി കൂടിയ നാടൻ നെൽവിത്തിനങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. ചീര, തവളക്കണ്ണൻ, നകര എന്നിവയായിരുന്നു പ്രധാന വിത്തിനങ്ങൾ. കുറഞ്ഞ മൂപ്പ് നെല്ല് തൊണ്ണൂറാനും, ചീരയും ആയിരുന്നു.

ജലസേചനത്തിന്നായി ഉപയോഗിച്ചിരുന്ന തോടുകളുടെ വക്കുകളും കുളങ്ങളുടെ ചുറ്റുഭാഗവും കൈതപിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. ഈ കൈതകളിലെ ഓല മുറിച്ചെടുത്ത് ഉണക്കിപായ, വട്ടി,തടുക്ക്, മുതലായവ നെയ്യാനും ഉപയോഗിച്ചിരുന്നു. പെരുമ്പുഴയിൽ ചിറകെട്ടിയിരുന്നത്, പച്ച ഓല പരത്തിമെടഞ്ഞ് രണ്ടുവരി കാലുകൾ നാട്ടിയതിനിടയിൽ വച്ച് അതിനകത്ത് ചളിയും മണലും നിറച്ചായിരുന്നു. തോടുകളിലെ തടയണകൾ കുലവെട്ടിയ വാഴ, കമ്പ്, കല്ല്, ചളി, പുല്ല്, വാഴയില എന്നിവ ഉപയോഗിച്ചുമായിരുന്നു. എങ്ങനെ കെട്ടിയാലും അൽപ്പമൊക്കെ ചോർച്ച അനുഭവിച്ചിരുന്നതായും പഴമക്കാർ പറയുന്നു. ആദ്യകാലങ്ങളിൽ അടുത്ത് ജലം ലഭ്യമാകുന്ന സ്ഥലങ്ങളിൽപനമ്പോളയും, ഉയരത്തലേക്ക് പൊക്കേണ്ടിടത്ത് ഏത്തവും കയറും മറ്റുമാണ് ഉപയോഗിച്ചിരുന്നത്.

കീട നിയന്ത്രണത്തിന് നാടൻ ഉപായങ്ങളായിരുന്നു അവലംബം. വർഷക്കാലങ്ങളിൽ എലിശല്യം നിയന്ത്രിക്കാൻ മുതുകെണികൾ ഉപയോഗിച്ചിരുന്നു. മുറം കൊണ്ടു വീശിയും, രണ്ടു കമ്പുകളുടെ അറ്റത്ത് തുണി തുന്നിച്ചേർത്ത് ചരിച്ച് ഇടത്തോട്ടും വലത്തോട്ടും വീശിയും ചാഴിയെ പിടിച്ചു നശിപ്പിക്കുമായിരുന്നു. നെല്ലിനെ തിന്നുതീർക്കുന്ന പുഴുക്കളെ മുറം കൊണ്ടു വീശി നടന്നുപോകുന്ന വഴിയിൽ വിതറുക പതിവായിരുന്നു.

ചാണകം. വെണ്ണീർ, പച്ചില, ആട്ടിൻ കാഷ്ടം, കോഴിക്കാഷ്ടം എന്നീ ജൈവവളങ്ങളായിരുന്നു പ്രധാനമായും ഉപയോഗിച്ചിരുന്നത്. ആര്യൻ വിളയുടെ കതിർമാത്രം കൊയ്തെടുത്ത് ബാക്കിവരുന്ന വൈക്കോൽ ആ കണ്ടത്തിൽ തന്നെ ഉഴുത് ചേർത്ത് ചീയിച്ച് നല്ലൊരു വളമായി ഉപയോഗിക്കുന്ന സമ്പ്രദായവും അടുത്ത കാലംവരെ ഉണ്ടായിരുന്നു. കൃഷി ചെയ്യുന്നതിനു കാളകളും പോത്തുകളും ആവശ്യമായിരുന്നതിനാൽ സമ്പുഷ്ടമായ ജൈവവളം ധാരാളം അവനവന്റെ മുറ്റത്തുതന്നെ ലഭ്യമായിരുന്ന ഒരവസ്ഥ ഉണ്ടായിരുന്നു.

പാട്ട വ്യവസ്ഥ നിലവിലുണ്ടായിരുന്ന കാലമായിരുന്നു അത്. നെല്ലുണ്ടായാലും ഇല്ലെങ്കിലും 'പാട്ടം വടി' കൃത്യമായി നടക്കണമായിരുന്നു. ഇല്ലെങ്കിൽ പലിശയും, പലിശയ്ക്കു പലിശയുമായി ഈടാക്കിയിരുന്ന കാലഘട്ടമായിരുന്നു അന്നത്തേത്. കഷ്ടപ്പാടുകളുടെയും, നരകയാതനകളുടേതുമായിരുന്നു ആ കാലഘട്ടം. പാട്ടം അളക്കൽത്തന്നെ ഒരു തരം കബളിപ്പിക്കലായിരുന്നുവെന്ന് പറയാം. ഇന്നും നീരസത്തോടെയാണ് പലരും ആ കാലത്തെ അനുസ്മരിക്കുന്നത്.

ക്ഷാമകാലത്ത് പലിശയ്ക്ക് ധാന്യങ്ങൾ കടം വാങ്ങുന്ന കാലമായിരുന്നു അതത്രെ. കടം വീട്ടാനാകാതെ നാടുവിട്ടുപോയവർ ഉണ്ടായിരുന്നുപോലും. ഉടമസ്ഥരേക്കാൾ കാര്യസ്ഥന്മാർ ഭരിച്ചിരുന്ന കാലമായിരുന്നുവത്രെ അത്. കാർഷിക ഉല്പന്നങ്ങൾ വേങ്ങരച്ചന്തയിലും, കോട്ടക്കൽച്ചന്തയിലും ബാക്കിയായവ കോഴിക്കോട്ട് പട്ടണത്തിലും വിറ്റഴിച്ചിരുന്നു. വെള്ളിക്കോൽ തൂക്കം കാണാനുപയോഗിച്ചിരുന്നു. തൂക്കത്തിൽ കൃത്രിമങ്ങൾ നടത്തിയിരുന്നരീതി അമ്പരപ്പിക്കുന്നതാണ്.

കാണാ വ്യവസ്ഥ മാറി പാട്ട വ്യവസ്ഥ വന്നതോടെ " കുഴിക്കൂറുചമയങ്ങൾ വച്ചുപിടിപ്പിക്കാൻ തുടങ്ങി. പറമ്പു നോക്കാൻ കുടിയാന്മാരെ പാർപ്പിച്ചു. ജനസംഖ്യയുടെ വർധനവ് പറമ്പുകളെ വിഭജിച്ചു. തെങ്ങ് രംഗത്ത് ഇതിനു മുമ്പുതന്നെ വന്നിരുന്നു. തെങ്ങു കഷി വ്യാപകമായതോടെ പറമ്പു വിളകൾ കുറഞ്ഞു വന്നു. തെങ്ങിനു പരിചരണവും ശ്രദ്ധയും കുറച്ചു മതിയായിരുന്നു. കൃഷിപ്പണികളിൽ കുറവു വന്നതോടെ തൊഴിലില്ലാതായവർ സ്ഥലം വിട്ടു. ഉപജീവനമാർഗം തേടി അവർ ബോംബെ, മദ്രാസ്, ബാംഗ്ലൂർ കൽക്കത്ത എന്നീ വൻനഗരങ്ങളിലെക്കു ചേക്കേറി. അവിടുത്തെ തെരുവുകളിൽ കാലിച്ചാക്കു കച്ചവടക്കാരായും, ബേക്കറികളിൽ പണിക്കാരായും പേരിക്കാരായും, ഹോട്ടൽകച്ചവടക്കാരായും മാറി ബോംബംബെയിൽ കുടിയേറിയവർ ഇളനീർ പേരിക്കാരായും, കച്ചവടക്കാരായും, പാട്ടമെടുത്ത് കച്ചവടം നടത്തുന്ന മൊത്ത വിതരണക്കാരായും മാറി. കാർഷിക മേഖലയിൽ നിന്നും വ്യാപരമേഖലയിലേക്കുള്ള ഈ ചുവടുവെപ്പ് ജനങ്ങൾക്ക് എല്ലാതരത്തിലും അനുഗ്രഹമാവുകയാണുണ്ടായത്. ക്രമേണ കൃഷിപ്പണിക്ക് ആളുകൾ കുറഞ്ഞും ഉള്ളവർ കൂടുതൽ കൂലിയാവശ്യപ്പെട്ടു. ക്രമേണ കൃഷി ആദായ കരമല്ലാതായി വന്നു.

1970 ലെ ഭൂപരിഷ്കരണം ഉറങ്ങിക്കിടന്ന കാർഷിക മേഖലയെ പെട്ടെന്നു സജീവമാക്കി. പാട്ട ബാക്കിയ്ക്ക് കോടതികളിൽ കെട്ടിത്തിരിഞ്ഞിരുന്നവർക്ക് ആശ്വാസമായി. അധ്വാന ഫലം അന്യൻ കവരുന്നത് ഇല്ലാതായി. ഈ ആശ്വാസം ആവേശമായി. വയലുകളിൽ കൃഷി വീണ്ടും സജീവമാവുകയായി. വരമ്പുകിളക്കലും, മാടലും, പൂട്ടലും വിതക്കലും, തുറക്കലും വളം ചെയ്യലും ഒക്കെ സജീവമായി ഫലം കുറച്ചു പേർക്ക് വീണ്ടും കാർഷിക രംഗത്ത് തൊഴിൽ കിട്ടി. അടിസ്ഥാന വർഗത്തിന് ആശ്വസമായി. ഇതേ കാലഘട്ടത്തിലാണ് പട്ടാമ്പി നെൽ ഗവേഷണ കേന്ദ്രത്തിലെ ഗവേഷണഫലങ്ങൾ അനുഭവേദ്യമായിത്തുടങ്ങിയത്. വയലുകളിൽ വിയർപ്പൊഴുക്കി. പുതിയ നെൽവിത്തിനങ്ങൾ വന്നു. ഐ. ആ. 8 തൈനാൽ 3 എന്നീ നെൽവിത്തുകൾ വയലുകളിൽ പൊൻകതിരുകളുതിർത്തു. കൃഷി ലാഭകരമായിത്തുടങ്ങി. തുടർന്ന് അതതു വയലിന്റെ സ്വഭാവത്തിനനുസരിച്ച് (വെള്ളത്തിന്റെ ലഭ്യതയും നീർക്കെട്ടും മറ്റും) വിത്തുകൾ ഇറങ്ങി. അവയും അനുഗ്രഹമായി. രാസവളങ്ങൾരംഗത്തു വന്നു. കൃഷി ഹരമായി മാറി. കൂടുതൽ ലാഭം കിട്ടാൻ തുടങ്ങി. കൃഷിപ്പണിക്കാർക്കു കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമായി. അടിസ്ഥാനവർഗ്ഗത്തിന്റെ കുടിലുകളിൽ അൽപ്പം കൂടി സന്തോഷം കടന്നു വന്നു.

ഈ ഹരം തുടർന്നു നിലനിറുത്താൻ തടസ്സങ്ങൾ വരികയായി. അശാസ്ത്രീയമായ രീതിയിൽ രാസവളങ്ങളുപയോഗിച്ചത് പ്രശ്നങ്ങളുണ്ടാക്കി. വയലുകളിൽ നിന്നും തവളകളും, മണ്ണിനെ പൊന്നാക്കിയിരുന്ന മൺവിരകളും അപ്രത്യക്ഷമായി. ജൈവ ജല ശൃംഖലയിൽ വിള്ളലുണ്ടായി. കീടങ്ങൾ പെരുകി. പുതിയ പുതിയ രോഗ ങ്ങൾ കാണാറായി. 18,20, മേനികളിൽ നിന്നും 200 മേനിവരെ ഉയർന്ന വിളവ് താഴോട്ടു വരുവാൻ തുടങ്ങി. കാർഷിക മേഖലയിൽ വീണ്ടും പ്രതിസന്ധി വരികയായി.

ആധുനിക വിദ്യാഭ്യാസം കിട്ടിയവർ കൃഷിമേഖലയിൽ നിന്നകന്നു. തൊഴിൽ തേടി അവർ മറ്റു മേഖലകളിലേക്കു തിരിഞ്ഞു. വ്യാപാരവ്യവസായ രംഗത്ത് പോയവർ സാമ്പത്തികമായി പെട്ടെന്നുയർന്നു. അവർക്ക് സൗകര്യങ്ങളുണ്ടായി. അവരുടെ വില സമൂഹത്തിൽ ഉയർന്നു. അവർക്ക് കൂടുതൽ പിൻമുറക്കാരുണ്ടായി. ആളുകളുടെ ശ്രദ്ധ വീണ്ടും കൃഷിപ്പണിയിർ നിന്നും പിന്നോക്കം പോവുകയായി. തെങ്ങ് ഒഴികെയുള്ള മറ്റു വിളകൾ കുറഞ്ഞു കുറഞ്ഞു വന്നു.

1960 കാലഘട്ടം മറ്റൊരു മാറ്റത്തിന് തുടക്കമിട്ടു. ഗൾഫ് മേഖലയിലേക്കുള്ള കുടിയേറ്റം തുടങ്ങുകയായി. തെങ്ങ് നാണ്യവിളയായതിനാൽ പണം കൊടുത്ത് അരിവാങ്ങുകയെന്നത്, കെട്ടിത്തിരിച്ചിലുകളും കഷ്ടനഷ്ടങ്ങളും ഒഴിവാക്കുവാൻ ഭൂമിയുടെ ഉടമകളെ പ്രേരിപ്പിച്ചു. വയലുകൾ തരിശിടാൻ തുടങ്ങി. ഈ സമയത്ത് കാർഷി വൃത്തിയാൽ മാത്രം ഉപജീവനം നയിച്ചിരുന്ന അടിസ്ഥാന വർഗം വാരത്തിനു വയലുകൾ കൃഷിചെയ്തു. കൃഷിപരമായ ഏതു ജോലിയും സ്വന്തം കുടുംബത്തിലെ ആളെ ഇറക്കി ചെയ്യാൻ കഴിവുള്ള ഹരിജൻ കുടുംബങ്ങൾ കൃഷിരംഗത്തേക്ക് ഉത്സാഹപൂർവ്വം വരികായായി. അവർക്ക് കൃഷി ആദായകരവുമായി.

കൃഷിഭവൻ രംഗത്തു വന്നുതും അടിസ്ഥാന

വർഗത്തിന് ആനുകൂല്യങ്ങൾ നൽകി വിത്തും, വളവും, കാർഷിക ഉപകരണങ്ങളും വിതരണം ചെയ്തതും, കൃഷിയെ സ്നേഹിച്ച ശ്രീ. രഞ്ജിത്തിനെപ്പോലുള്ള കൃഷി അസിസ്റ്റന്റുമാർ കൃഷിക്കാർക്കനുഗ്രഹമാകുകയായിരുന്നു. അവർ കൂട്ടായ്മയോടെ വീണ്ടും കൃഷിരംഗത്ത് സജ്ജീവമായി.

പുരാതന കാലം മുതൽ മണ്ണിനെയും കൃഷിയെയും സ്നേഹിച്ചിരുന്നവരുടെ ഹൃദയങ്ങളിൽ, മൃഗങ്ങൾക്കും സ്ഥാനമുണ്ടായിരുന്നു. കാളപൂട്ട് ഇന്നും വയസ്സന്മാർക്കും കൃഷിമേഖലയിലുള്ളവർക്കും ഹരമാണ്. ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം കൂടുന്തോറും കൃഷിപ്പണിയിലെ കൂലി നിരക്കും കൂടുന്നു. കൃഷിയെ വരുമാനമാർഗ്ഗമായി സ്വീകരിച്ചിരുന്നവർക്ക് പണിയെടുപ്പിച്ച് കൃഷിലാഭകരമാക്കുക ദുഷ്കരമാവുകയാണ്.

ജലസ്രോതസ്സുകൾ പണ്ടുകാലങ്ങളിൽ സംരക്ഷിക്കപ്പെട്ടിരുന്നു. ഉദാഹരണമായി 5ാം വാർഡിലെ അഗത്തിയിൽ തുറ എന്ന കുളം അപ്പപ്പാടത്തെ പുഞ്ചകൃഷിക്കു വെള്ളം തിരിച്ചു നനയ്ക്കാൻ പര്യാപ്തമായിരുന്നു. ഇന്ന് ആ കുളം തൂർന്നു നികന്നു. ഇതെപോലെത്തന്നെയാണ് പഞ്ചായത്തിലെ മൊത്തം സ്ഥിതി. കുളങ്ങളൊക്കെ മണ്ണിടിഞ്ഞു തൂർന്നുവരുന്നു. നിലവിലുള്ള, കുളങ്ങളോ തോടുകളോ ശരിക്കു സംരക്ഷിക്കപ്പെടുന്നില്ല. പണ്ടൊക്കെ നാടൻ കുളങ്ങളിലെ മത്സ്യങ്ങൾ ഭക്ഷണാവശ്യത്തിന്റെചെറിയൊരംശമെങ്കിലും നിറവേറ്റാൻ പോന്നതായിരുന്നു ഇന്നതും നിന്നുപോകുന്ന അവസ്ഥയാണ്.

## ഭൂ വിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2309 ഏക്രയാണ്. ഇത് വയലുകൾ , ചരിഞ്ഞ പ്രദേശങ്ങൾ, പള്ളിയാലുകൾ, ഉയർന്ന പ്രദേശങ്ങൾ എന്നിങ്ങനെയാണ്. വിതരണം ചെയ്യപ്പെട്ടിരിക്കുന്നത്.

പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ പാറയും, വലിയ കല്ലുകൾ നിറഞ്ഞ മണ്ണും ആണുള്ളത്. പുഴയോടു ചേർന്ന വാളക്കുളം പാടത്തിന്റെ ഭാഗങ്ങളിൽ എക്കൽ മണ്ണാണ്. അപ്പ പ്പാടത്ത് തവിട്ടു നിറമുള്ള ചളിമണ്ണാണ്. മറക്കപ്പാടത്ത് കളിമണ്ണാണ്. തെന്നലപ്പാടത്ത് മണൽ കലർന്ന മണ്ണാണ്. ചരിവു പ്രദേശങ്ങളിൽ ചെറിയ ചരൽ കലർന്ന മണ്ണാണുള്ളത്. പള്ളിയാലുകളിൽ തരിയില്ലാത്ത നല്ല മണ്ണാണുള്ളത്.

വയലുകളിൽ നെല്ലാണ് മുഖ്യ കൃഷി. വാളക്കുളം പാടത്ത് വാഴ, കപ്പ, മധുരക്കിഴങ്ങ് എന്നിവയും വേനൽക്കാലത്ത് പച്ചക്കറിയും നാമമാത്രമായി കഷി ചെയ്തിരുന്നു. ചരിഞ്ഞ പ്രദേശങ്ങളിൽ തെങ്ങാണിന്നും കൂടുതൽ കൃഷി ചെയ്തു വരുന്നത്. വയലിനോടടുത്ത പള്ളിയാൽ പ്രദേശങ്ങൾ 95 ശതമാനവും കവുങ്ങു കൃഷി ചെയ്തുവരുന്നു. കവുങ്ങിൻ തോട്ടങ്ങളിൽ വാഴയായിരുന്നു പ്രധാന കൃഷി. മൈസൂർ പൂവൻ,കുന്നൻ, വണ്ണൻ, കദളി ഇലമുറിയൻ എന്നിവയായിരുന്നു വാഴയിനങ്ങൾ. കൂമ്പടപ്പുരോഗം നാടൻ വാഴകൃഷിയെ തരിപ്പണമാക്കി. കവുങ്ങിൽ നാടൻ വെറ്റില ധാരാളം കൃഷി ചെയ്തിരുന്നു. കരിക്ക എന്നറിയപ്പെടുന്ന രോഗം നാടൻ വെറ്റിലകൃഷിയെ മുടിച്ചു. തൽസ്ഥാനത്ത് അമ്ലത കൂടുതലുള്ള കുഴിക്കൊടിയാണിപ്പോൾ. കയററുമതിവഴി കൂടുതൽ പണം നേടാൻ ഈ കൃഷി സഹായിക്കുന്നു. കവുങ്ങിൻ തോട്ടങ്ങളിൽ കൊക്കൊ വൻതോതിൽ ഒരു കാലത്ത് വച്ചുപിടിപ്പിച്ചു. കായ്ക്കാൻ തുടങ്ങിയപ്പോൾ വാങ്ങാനാളില്ലാതായി. കൊക്കൊയുടെ വേരുകൾ കവുങ്ങിനെ ആക്രമിക്കാൻ തുടങ്ങിയപ്പോൾ അവ വെട്ടിക്കളഞ്ഞു. മൾബറി കൃഷിയും ആവേശത്തോടെ തുടങ്ങിയവർ മാർക്കറ്റിംഗ് പ്രശ്നം വന്നതോടെ ബാങ്കുകൾക്ക് കടക്കാരായി മാറി. കുരുമുളക്. കവുങ്ങിൽ പിടിപ്പിച്ചവർ പഞ്ചായത്തിലുണ്ട്. കവുങ്ങിനു ശല്യം ചെയ്യുമെന്നുറപ്പായപ്പോൾ അവയും വലിച്ചു പറിച്ചു കളഞ്ഞ വരും പഞ്ചായത്തിലുണ്ട്. ഉയർന്ന പ്രദേശങ്ങളിൽ റബ്ബർ മരങ്ങൾ വെച്ച് പിടിപ്പിച്ച് പരീക്ഷണം നടത്തിയവർ പരാജയപ്പെട്ടു. റബ്ബർ മരങ്ങൾ വെട്ടി നശിപ്പിച്ചു. ഇപ്പോൾ ഉയർന്ന പ്രദേശങ്ങളിൽ, വിശിഷ്യാ പാറനിറഞ്ഞ പ്രദേശങ്ങളിൽ പ്രധാന കൃഷി കശുവണ്ടിയാണ്.

## നെൽകൃഷി

കൃഷിഭവൻ രേഖ അനുബന്ധം 1.2

| വിള | വിസ്തീർണ്ണം |
|---|---|
| 1. നെല്ല് (ഒന്നാം വിള) | 60 ഹെക്ടർ |
| 2. നെല്ല് ( രണ്ടാം വിള ) | 80 ഹെക്ടർ |
| 3. നെല്ല് ( മൂന്നാം വിള) | 35 ഹെക്ടർ |

നെൽകൃഷിക്ക് ഒന്നാം വിളക്ക് നാടൻ വിത്തുകൾ തന്നെയാണധികവും. ഇന്നുപയോഗിക്കന്നത് നാടൻ നെല്ലിന്റെ ക്ഷമത 1.875 ടണ്ണാണ്. രണ്ടാം വിളക്ക് ക്ഷമത 2.05 ടണ്ണും

മൂന്നാം വിളയിൽ 3.20 ടണ്ണു മാണ് ക്ഷമത. മൂന്നാം വിളക്ക് അത്യുൽപാദന ശേഷിയുള്ള നെല്ലിനങ്ങൾ മാത്രമാണു കൃഷി ചെയ്യുന്നത്. നെൽകൃഷിക്കു ശേഷം വയൽ തരിശിടുകയാണിന്ന്. പക്ഷേ, പൂട്ടിയിടുന്നതിനാൽ മണ്ണിൽ വായുസഞ്ചാരമുണ്ടാകാൻ ഇതു സഹായകരമാണ്.

പട്ടിക

മുഖ്യ ഇടവിളകൾ

(കൃഷിഭവൻ രേഖ അടിസ്ഥാന വിവര രജിസ്റ്റർ)

| നമ്പർ | ഇടവിള | വിസ്തീർണ്ണം |
|---|---|---|
| 1. | പയർ | 16 ഹെക്ടർ |
| 2. | എള്ള് | 6 " |
| 3. | പച്ചക്കറികൾ | 1.5 " |
| 4. | വാഴ | 3 " |
| 5. | മരച്ചീനി | 12 " |
| 6. | കുരുമുളക് | 18 " |
| 7. | പ്ലാവ് | 4" |
| 8. | കശുമാവ് | 5 " |
| 9. | കവുങ്ങ് | 237 " |
| 10. | വെറ്റില | 8 " |

പയറിന്റെ ഉദ്പാദന ക്ഷമത 240 കിലോ ഗ്രാമും എള്ളിന്റെ ഉദ്പാദനക്ഷമത (ഹെക്ടറിൽ) 142 . കിലോഗ്രാമും, പച്ചക്കറികളുടെ ക്ഷമത ഹെക്ടറിനു 2500 കിലോഗ്രാമുമാണെന്ന് രേഖകളിൽ കാണുന്നു.

പഞ്ചായത്തിലെ മുഖ്യ കൃഷി തെങ്ങാണ്. ചരിവു പ്രദേശങ്ങളിലാണ് തെങ്ങു കൂടുതലായും ഉള്ളത്. 425 ഹെക്ടറിൽ തെങ്ങു കൃഷി ചെയ്തിരുന്നതായാണു കണക്ക്. തെങ്ങുകൾക്ക് വേണ്ട പരിചരണം പലഭാഗത്തും പല രീതിയിലാണ് നടക്കുന്നത്. മൺ തരവും, ജലസേചനവും, ഇടവിളകളും, കീടങ്ങളും, വരൾച്ചയും, വിത്ത് തേങ്ങ തെരഞ്ഞെടുക്കലും ഒക്കെ പ്രശ്നങ്ങളാണ്. ഉദ്പാദന ക്ഷമത ഒരു പ്രദേശത്തു തന്നെ അടുത്തടുത്ത രണ്ടു പറമ്പുകളിൽ രണ്ടു തരത്തിലായാണു കാണുന്നത്. അതിൽ തന്നെ പത്തു സെന്റിനും 25 സെന്റിനും ഇടയിൽ വരുന്ന പുരയിടങ്ങളിലെ തെങ്ങു കളുടെ ക്ഷമത കൂടുതലുമാണ്. ഏക്കർ കണക്കിനുള്ളത് വളരെ പിന്നോക്കവും. ശരാശരി ക്ഷമത 20 തേങ്ങയാണ്. സംസ്ഥാന ശരാശരി 38 എന്നതിലേക്കെത്താൻ ഉദ്പാദനക്ഷമത ഇരട്ടിയായി വർദ്ധിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നത്. പഞ്ചായത്തിലെ തോടുകളുടെ വക്കിലും, വയൽ വരമ്പിന്റെ വക്കിലും പ്രതീക്ഷയോടെ തെങ്ങു വച്ചെങ്കിലും അവ മെച്ചപ്പെട്ട ഉദ്പാദനശേഷി കൈവരിച്ചിട്ടില്ല. അതേ സമയം ജലസേചനം തുടങ്ങിയ പറമ്പുകളിൽ ക്ഷമത കൂടിവരുന്നതായി അനുഭവമുണ്ട്. അതിൽതന്നെ ജൈവവളങ്ങൾ മാത്രം ഉപയോഗിക്കുന്നിടങ്ങളിൽ ക്ഷമത കുറവുമാണ്. എന്നാൽ ജൈവവളവും രാസവളവും സംയുക്തമായി ഉപയോഗിക്കുകയും, ജലസേചനം നടത്തുകയും ചെയ്യുന്ന അപൂർവ്വം പറമ്പുകളിൽ ക്ഷമത സംസ്ഥാനശരാശരിയെ കവച്ചുവെക്കുന്ന തരത്തിലാണ്. കടലപ്പിണ്ണാക്ക്, മത്സ്യവളങ്ങൾ, സ്റ്റെറാമീൽ എന്നിവ ഉപയോഗിച്ച സ്ഥലങ്ങളിൽ ഉദ്പാദനം കൂടുന്നതായാണു അനുഭവം.

വിളകളിൽ 2ാം സ്ഥാനത്താണു കവുങ്ങ്. ചരിവുകൾ പള്ളിയാലുകളുമായി ബന്ധിക്കുന്നിടത്ത് വയൽ പരിസരങ്ങളിലാണു മുഖ്യമായും കവുങ്ങ് അറുപതുകളിൽ നല്ല പരിചരണവും ശ്രദ്ധയും ഈ വിളയ്ക്ക് കിട്ടിയിരുന്നു. തെങ്ങിനെ അപേക്ഷിച്ച് കൂടുതൽ പരിചരണവും ശ്രദ്ധയും ആവശ്യമുള്ള കൃഷിയാണിത്. അതിനനുസരിച്ച് മെച്ചവുമാണ്. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കു കൂടുതൽ തൊഴിലവസരങ്ങളും പ്രദാനം ചെയ്യുന്നൊരു മേഖലയാണിത്. കവുങ്ങിൽത്തന്നെ പടർത്തുന്ന വെറ്റില വള്ളികൾ നല്ലൊരു വരുമാന മാർഗമായിരുന്നു. 21 ാം ദിവസം തോറും വെറ്റില നുള്ളിയെടുക്കാം. മാർക്കറ്റിൽ ഡിമാന്റുമാണ്. വെറ്റിലയ്ക്കു നൽകുന്ന പരിചരണം കവുങ്ങിന്റെ ക്ഷമതയെ വളരെ കൂട്ടുവാൻ ഇതു സഹായകമായിരുന്നു. എന്നാൽ കരിക്ക എന്ന രോഗം നാടൻ വെറ്റിലക്കൊടിയെ ബാധിച്ചു. നാടൻ വെറ്റില കൃഷി കുറ്റിയറ്റു. അതോടെ കുറേക്കാലം കവുങ്ങിനും ക്ഷീണമായിരുന്നു.

കവുങ്ങിൻ തോട്ടങ്ങളിൽ മറ്റൊരു ഇടവിളയായി വാഴ (നാടൻ ഇനങ്ങൾ) ഉണ്ടായിരുന്നു. കുമ്പടപ്പുരോഗം നാടൻ വാഴയിനങ്ങളെയും നശിപ്പിച്ചു. അതും കവുങ്ങുകൃഷിയെ ബാധിച്ചു. ആസാമിൽ നിന്നുള്ള അടയ്ക്ക കൽക്കത്തയിലെ മാർക്കറ്റിനെ സമ്പന്നമാക്കുമ്പോഴൊക്കെ അടയ്ക്ക വില കുറവുണ്ടായിരുന്നു. ഇടയ്ക്കു വെച്ച് വിലസ്ഥിരമായി കുറഞ്ഞു വരുന്ന പ്രവണത കണ്ടപ്പോൾ കർഷകർ വലഞ്ഞു. പരിചരണം കുറഞ്ഞു; കവുങ്ങുകൾ ക്ഷീണിച്ചു. എന്നാൽ നികുതി ഘടനയിൽ വന്ന ഒരു മാറ്റം അടയ്ക്ക വിലയിൽ വർദ്ധനവുണ്ടാക്കി. വീണ്ടും രംഗം സജീവമായി. ഇന്ന് കവുങ്ങിനു നല്ല പരിചരണം കിട്ടുന്നു ക്ഷമത ഹെക്ടറിനു 1.092 ടൺ. വളത്തിന്റെ ക്രമീകരണം, നല്ല തൈകളുടെ ലഭ്യതക്കുറവ്, ജലസേചനത്തിലെ പ്രശ്നങ്ങൾ, കീടനാശിനികളുടെ ഉയർന്ന വില, അടയ്ക്ക പറിച്ചെടുക്കുന്ന തൊഴിലാളികളുടെ ലഭ്യതക്കുറവ്, കൂലിക്കൂടുതൽ, മറ്റു പ്രവൃത്തികൾക്ക് ആളെ കിട്ടാനുള്ള പ്രയാസം, ജൈവവളത്തിന്റെ ലഭ്യതക്കുറവ്, രാസവളങ്ങളുടെ അമിത വില എന്നിവയെല്ലാം ഈ രംഗത്ത് പ്രധാന പ്രശ്നങ്ങളായി അവശേഷിക്കുന്നു.

മൂന്നാം സ്ഥാനത്ത് നിൽക്കുന്ന വിളയാണ് നെല്ല്, നിരവധി പ്രശ്നങ്ങൾ ഈ മേഖലയിലുണ്ട്. ഒന്നാം വിള ഭാഗ്യപരീക്ഷണമാണ്; 2ാം വിളയും ചില പ്പോൾ പുഞ്ച ഉണ്ടാക്കിയെടുക്കുന്നു.

## ജൈവ വളങ്ങൾ

പഞ്ചായത്തിലെ കൃഷിക്കാർ ഇന്നും പ്രധാന മായി ആശ്രയിക്കുന്നത് ജൈവ വളങ്ങളെത്തന്നെ യാണ്. നാട്ടിൽ ഉദ്പാദിപ്പിക്കപ്പെടുന്ന ചാണകം, വെണ്ണീർ, ആട്ടിൻകാഷ്ടം, കോഴിക്കാഷ്ടം എന്നിവ ആവശ്യത്തിനു തികയുന്നില്ല. അതിനാൽ തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്ന് ഉണക്കിയ ചാണകം (വളപ്പൊടി) ലോറികളിൽ കൊണ്ടുവരുന്നു. അമിത വിലയാണിതിന്. വെണ്ണീർ തമിഴ് നാട്ടിൽ നിന്നാണ് പ്രധാനമായും കൊണ്ടുവരുന്നത്. ആട്ടിൻകാഷ്ടം, അട്ടപ്പാടി, തമിഴ്നാട് എന്നിവിടങ്ങ ളിൽ നിന്നും കൊണ്ടുവരുന്നു. കോഴിക്കാഷ്ടം തമി ഴ്നാട്ടിൽ നിന്നാണെത്തുന്നത്. അന്യായമായ വില കൊടുത്താണെങ്കിലും കർഷകർ ഇവ വാങ്ങുന്നു. പച്ചിയലയാണു മറ്റൊരു പ്രധാന വളം. പ്രാദേശികോ ല്പാദനം തികയാതെ വരുന്നതിനാൽ ജില്ലയുടെ കിഴ ക്കൻ മേഖലകളിൽ നിന്നും പച്ചിലകൊണ്ടുവരു ന്നുണ്ട്.

കബളിപ്പിക്കലിന്റെ "ഹെഡ്ഡാഫീസുകളാണ്" ഈ ചരക്കുകളധികവും. ചാണകപ്പൊടിയിൽ അട്ടപ്പാ ടിയിലെ കറുത്ത മണ്ണും, ആട്ടിൻ കാഷ്ടത്തിൽ വില കുറഞ്ഞ ചാണകപ്പൊടിയും, കോഴിക്കാഷ്ടത്തിൽ ഈർച്ചപ്പൊടിയും ഉമിയും, വെണ്ണീറിൽ കരിമ്പു ചുട്ട ചാരവും മായം ചേർക്കാനുപയോഗിക്കുന്നുണ്ടെന്നു കർഷകർ പറഞ്ഞു.

## രാസവളം

രാസവളത്തെ അല്പം ഭയാശങ്കകളോയാണ് അതുപോയഗിച്ചവർ കാണുന്നത്. തുടർച്ചയായുള്ള ഉപയോഗം മണ്ണിനെ കേടാക്കുമെന്നവർ തൊട്ടറിഞ്ഞി രിക്കുന്നു. ഉപയോഗം കൂടുതലും വയലിലാണ്. അതും വിശിഷ്യാ പുഞ്ചകൃഷിക്കും പഞ്ചായത്തിൽ രാസവള വില്പനാകേന്ദ്രങ്ങളില്ല. തിരൂരങ്ങാടി പഞ്ചാ യത്തിലെ വെന്നിയൂർ പറമ്പിലും, ചെമ്മാടും കോട്ട ക്കലും ഉള്ള ഡിപ്പോകളെയാണ് കർഷകർ ആശ്രയി ക്കുന്നത്. കീടനാശിനികൾക്കും തഥൈവ. ഡിപ്പകൾ എല്ലാം സ്വകാര്യമേഖലയിലാണ് കണക്കുകൾ കിട്ടാൻ ശ്രമിച്ചിട്ടും ലഭ്യമായില്ല.

പൊട്ടാഷ്, യൂറിയ തുടങ്ങിയവയാണു കൂടു തലും ഉപയോഗിക്കുന്നത്.

## കീടനാശിനികൾ

നെല്ലിനാണ് ( അതും പുഞ്ച കൃഷിക്ക്) കീട നാശിനികൾ കൂടുതലായുപയോഗിക്കുന്നത്. രണ്ടാം സ്ഥാനം കവുങ്ങിനുണ്ടാകുന്ന മഹാളി രോഗത്തി

### കാർഷികോപകരണങ്ങൾ ( കൃഷിഭവൻ രേഖകൾ)

| വാർഡ് | | | ഉഴവുപകരണങ്ങൾ | മരുന്നുതളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക സ്പ്രെയർ | നാപ്സ്റ്റാ സ്പ്രെയർ | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങു കയറ്റ | പോർട്ടബിൾ പമ്പ് സെറ്റ് |
| 1. | - | - | 18 | 8 | 28 | - | 1 | - | 30 |
| 2. | - | - | 10 | 4 | 26 | - | - | - | 18 |
| 3. | - | - | 6 | 2 | 14 | - | - | 1 | 9 |
| 4 | - | - | - | 3 | 5 | - | - | - | 6 |
| 5. | 1 | - | 12 | 9 | 22 | - | 1 | 1 | 28 |
| 6 | - | - | 8 | 2 | 2 | - | - | - | 19 |
| 7 | - | - | 6 | 2 | 4 | - | - | - | 22 |
| 8. | - | - | 9 | 1 | 7 | - | - | - | 24 |
| 9. | - | - | 10 | 1 | 6 | - | - | - | 17 |
| 10 | - | - | 3 | - | 18 | - | - | - | 16 |
| ആകെ | 1 | - | 82 | 32 | 132 | - | 2 | 2 | 189 |

നുള്ള ബോർഡോ മിശ്രതത്തിനാണ്. പച്ചക്കറികൾ, വാഴ എന്നിവയ്ക്ക് അപൂർവ്വമായേ കീടനാശിനി ഉപയോഗിക്കുന്നുള്ളൂ. കീടനാശിനികൾ തെരഞ്ഞെടുക്കാൻ കൃഷിഭവനിലെ ഉദ്യോഗ്ഥരുടെ സേവനം ലഭ്യമാണ്. എന്നാൽ മിക്കവരും അതുപോയോഗിക്കാറില്ല. മാത്രമല്ല തളിക്കുന്ന കീടനാശിനിയുടെ സാന്ദ്രത നിശ്ചയിക്കുന്നതിലുള്ള മാനദണ്ഡങ്ങളെക്കുറിച്ചുള്ള വിജ്ഞാനം പരിമിതമാണ്. മരുന്നടിക്കുന്നതെങ്കിൽ, മരുന്നു പാത്രം എത്രയും വേഗത്തിൽകാലിയാക്കി സുരക്ഷിതമായി തിരിച്ചു പോകലാണു ലക്ഷ്യമത്രെ. ബാക്കി വരുന്നവ കുളങ്ങളിൽ കലക്കി ദ്രോഹം ചെയ്യുന്നവരും ഉണ്ടുപോൽ. മരുന്നു തളിക്കുന്നവർ സുരക്ഷക്കുവേണ്ടി സ്വീകരിക്കേണ്ടുന്ന മുൻകരുതലുകൾ (കാറ്റിന്റെ ദിശ, വായും മൂക്കും മൂടിക്കെട്ടൽ etc) പാലിച്ചു കാണാറില്ല. അറിവില്ലായ്മയാകണം ഇതിനു കാരണം. വാഴയ്ക്ക് വിതറുന്ന തൈമറ്റ് , ഫ്യൂഡൊൽ തുടങ്ങിയവയുടെ ഉപോയഗം തീർത്തും നിയന്ത്രിക്കപ്പെടേണ്ടതായാണിരിക്കുന്നത്. ബോധവൽക്കരണം അനിവാര്യം

ജൈവ കീട നാശിനികൾ ഉപയോഗിക്കാറെ ഇല്ല. അറിവില്ലായകയും പ്രചരിപ്പിക്കപ്പെടായ്കയും കാരണങ്ങളാണ്. വേപ്പിൻ പിണ്ണാക്ക് പോലുള്ള ബഹുമുഖ പ്രയോജനമുള്ള കീടനാശിനികൾക്ക് പ്രാമുഖ്യം വരത്തക്ക വണ്ണം ബോധവൽക്കരണം ആവശ്യമാണ്.

കൃഷിഭവനിൽ നിന്ന് മേൽ വിവരിച്ച സഹായങ്ങൾ കർഷകർക്ക് നൽകി എന്ന് രേഖകളിൽ കാണുന്നുണ്ടെങ്കിലും കർഷകരിൽ അത് വേണ്ടത്ര പ്രതിഫലിച്ച് കാണുന്നില്ല. കാരണം വസ്തു നിഷ്ഠമായി വിലയിരുത്തപ്പെടേണ്ടതാണ്.

## പാട ശേഖര സമിതി

1. മറയ്ക്കപ്പെടാത്ത കൃഷിക്കുവേണ്ടി ഒരു പാടശേഖരസമിതിയുണ്ട്. സേവന തൽപരരായ നാട്ടുകാർ പങ്കാളികളാണ്.

**പട്ടിക: പാടശേഖരങ്ങൾ - വിളക്രമം**

| പാടത്തിന്റെ പേര് | ഒന്നാം വിള | 2 ാം വിള | മൂന്നാം വിള |
|---|---|---|---|
| 1. വാളക്കുളം പാടം | - | നെല്ല്. | നെല്ല് |
| 2. അപ്പപ്പാടം | നെല്ല് | നെല്ല് | - |
| 3. തെന്നല പ്പാടം | നെല്ല് | നെല്ല് | - |
| 4. മറയ്ക്ക പ്പാടം | - | - | നെല്ല് |

## കൂലി നിരക്ക്

കൃഷിയോട് താല്പര്യമുള്ളവർ വളരെ കുറഞ്ഞു വരുന്നു. വിദ്യാഭ്യാസം കിട്ടിയവർ കൃഷിക്കാരന്റെ മക്കളാണെങ്കിലും മറ്റു മേഖലയിലേക്കാണു തുക്കം. മൊത്തമുള്ള 3702 കുടുംബങ്ങളിൽ 498 കുടുംബങ്ങൾക്കാണ് ഒരേക്കറിനു മേൽ ഭൂമിയുള്ളത്. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തദ്ദേശീയരായ കൂലിപ്പണിക്കാർ 25 % വരും, 75 ശതമാനം കൂലിക്കാരും തമിഴ്നാട്ടിൽ നിന്നും വേലയ്ക്കായി വന്നവരാണ്. അവരുടെ നാട്ടിൽ കൃഷിപ്പണിയുണ്ടാകുന്ന സമയത്ത് ഇവിടുത്തെ ആവശ്യത്തിനു അവരെ ലഭിക്കുകയുമില്ല. കാർഷിക വൃത്തിക്ക് പുരുഷന് 125 രൂപയും ( 150 രൂപമൊത്തം) സ്ത്രീകൾക്ക് 65 ഉം ചെലവും (85 രൂപ മൊത്തം കൊടുക്കണം. കൂലിക്ക് ഏകീകൃത നിരക്കോ മാനദണ്ഡങ്ങളോ ഇല്ല.

## കാർഷിക വായ്പ

പ്രധാനമായും ഒരു സഹകരണ ബാങ്ക് മാത്രമെ ഈ പഞ്ചായത്തിലുള്ളു. കൂടാതെ വെന്നിയൂർ പ്രവർത്തിക്കുന്ന സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്, പരപ്പൂരിലെ കനറ ബാങ്ക് ചെമ്മാടുള്ള സഹകരണ കാർഷിക വിസകന ബാങ്ക്, എന്നിവയാണ് വായ്പകൾക്കുള്ള സ്രോതസ്സുകൾ. ഇവയിൽ നിന്നൊക്കെ വായ്പകൾ ലഭിക്കാറുമുണ്ട്. അവ ജനങ്ങൾ പ്രയോജനപ്പെടുത്താറുമുണ്ട് മറിച്ചും സംഭവിക്കാറുണ്ട്.

## ജലസേചനം

മഴയെ ആശ്രയിച്ചാണു കൃഷി അധികവും തെക്കു പടിഞ്ഞാറൻ മൺസൂൺ ആണ് മുഖ്യം. എടവപ്പാതി എന്ന പേരിൽ ഇതറിയപ്പെടുന്നു. ജൂൺ മുതൽ ആഗസ്ത് വരെയാണ് സീസൺ. രണ്ടാമത്തെ സീസൺ വടക്കുകിഴക്കൻ മൺസൂൺ. തുലാവർഷം എന്നു നാടൻ പേര് എടവപ്പാതിയെ ആശങ്കയോടെയാണ് സ്വാഗതം ചെയ്യാറ്. തുലാവർഷം നന്നായില്ലെങ്കിൽ തുലഞ്ഞതുതന്നെ എന്ന് പഴമൊഴി.

പഞ്ചായത്തിലെ മൂന്നു ചോലളും 3 കുളങ്ങളും നീരൊഴുക്കുമായി ബന്ധപ്പെട്ടിരിക്കുന്നു. ചോലകൾ തോടുകളിലേയ്ക്കെത്തുന്നു. കുളങ്ങളിലെ നീരൊഴുക്ക് അവയുമായി സന്ധിക്കുന്നു. ഈ തോടുകൾ (കടലുണ്ടിപ്പുഴ) യിൽ ചേരുന്നു. വയലുകളിൽ പുഞ്ച കൃഷിക്ക് പ്രധാന ആയം തോടും കുഴികളുമാണ്. പുഞ്ച കൃഷിക്ക് പാടത്ത് പറമ്പുകളോടു ചേർന്ന കുഴികളും ചെറുകിട കുളങ്ങളും തോടും ആണാശ്രയം. കവുങ്ങിൻ തോട്ടങ്ങളിൽ ജലസേചനത്തിന് സ്വകാര്യ കിണറുകളാണുപയോഗത്തിൽ ; തെങ്ങു നനയ്ക്കാനും.

## ജലസേചന സംവിധാനങ്ങൾ

| നമ്പർ | പൊതു ജലസേചന കിണർ | കുഴൽക്കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട്. |
|---|---|---|---|---|---|
| 1. | - | - | 1 | - | - |
| 2. | - | - | - | - | - |
| 3. | - | - | - | - | - |
| 4. | - | - | 1 | - | - |
| 5. | - | 1 | - | - | - |
| 6 | - | - | - | - | - |
| 7. | - | - | - | 1 ആലുങ്ങൽ പടി U.C.b. | 50 ഹെക്ടർ |
| 8. | - | - | - | - | - |
| 9. | - | - | 1 | - | - |
| 10. | - | - | - | - | - |

## ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരം

## അവലംബം വില്ലേജ് ലിത്തോ മാപ്പ്

| | പേര് | നീളം | വീതി | സംരക്ഷിക്കപ്പെട്ട | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1. | വാളക്കുളം തോട് | 160.70 മീറ്റർ | 15 മീറ്റർ | 400 മീറ്റർ | 2.5 2ലക്ഷം |
| 2. | അപ്ലതോട് | 708 മീറ്റർ | 4 മീറ്റർ | ഇല്ല | ഇല്ല |
| 3. | മറക്കൽ പാടംതോട് | 2574 മീറ്റർ | 8 മീറ്റർ | ഇല്ല | ഇല്ല |

വാളക്കുളം തോട് മറക്കൽ പാടം തോട് എന്നിവ പുഞ്ചകൃഷിയെ കാര്യമായി സഹായിക്കുന്നുണ്ട് എന്നാൽ അപ്ലതോട് കാര്യമായ പ്രയോജനം നൽകുന്നില്ല. ഇതിൽ മറക്കപ്പാടത്ത് 8 മാസത്തോളം വെള്ളം കെട്ടി നിൽക്കുന്നതിനാൽ പുഞ്ച കൃഷി മാത്രമെ ചെയ്യാൻ സാധിക്കുന്നുള്ളൂ.

### മണ്ണ് ജലസംരക്ഷണം

തുലാവർഷത്തിന്റെ പോക്കോടെ ഒഴിഞ്ഞ കണ്ടങ്ങൾ പൂട്ടിയിടുകയായി, എടവപ്പാതിയെ എതിരേൽക്കാൻ ഏപ്രിൽ മെയ് മാസങ്ങളിൽ എപ്പോഴെങ്കിലും വീണു കിട്ടുന്ന മഴത്തുള്ളികളെ, പൂട്ടിയിട്ട കണ്ടങ്ങൾ ഗർഭത്തിലേക്കാവാഹിക്കുകയായി. പുതിയ ബീജങ്ങൾ അംഗുരിക്കുകയായി. കവുങ്ങിൻ തോട്ടങ്ങൾ കൊത്തിയിളക്കിയിടുന്നു. വരമ്പുകൾ മാടി ശരിയാക്കിയിടുന്നു. ഇങ്ങനെയൊക്കെയാണ് ജല സംരക്ഷണ നടപടികൾ എടുത്തിരുന്നത്. ക്രമേണ ഭൂമി തുണ്ടുകളായി ഭാഗിക്കപ്പെട്ടു. ജീവിതക്രമം മാറി, വിദ്യാഭ്യാസം കിട്ടിയവർ കാലുമാറ്റിച്ചവുട്ടി. കാർഷിക വൃത്തിയോടു ക്രമേണ വിമുഖതയായി. പറമ്പുകൾ വെറുതെയിടുകയായി. കൊത്തും കിളയും മാടലും തുറക്കലുമില്ലാതെ ഈ മാറ്റങ്ങൾ കാർഷിക മേഖലയെ ബാധിച്ചതോടൊപ്പം മണ്ണ് ജല സംരക്ഷണപ്രവർത്തനങ്ങളെയും സാരമായി ബാധിച്ചു. പഴയ ചില തറവാടുകളിൽ ഭയത്തിന്റെ പേരിൽ കോടാലി വെക്കാത്ത അല്പം ചില കാവുകൾ ഇന്നും പഞ്ചായത്തിൽ കാണാം. ജൈവ വൈവിദ്യത്തിന്റെ സ്മരണക്കായി അവനിലകൊള്ളുന്നു. മണ്ണ് ജലസംര

ക്ഷണ പ്രവർത്തനങ്ങളെ ഇന്നും സഹായിച്ചുകൊണ്ടി രിക്കുന്നു. നാഴികകൾക്കകലെ വരെ വേനൽക്കാലത്ത് ജല സേചനത്തിനു സഹായിച്ചിരുന്ന അപ്പച്ചോല സംരക്ഷിക്കപ്പെടാത്തതിന്റെ പേരിൽ വരണ്ടു കൊണ്ടിരിക്കുന്നു. അതേപോലെത്തന്നെ "അഗ്ഗത്തിയിൽ തുറ" എന്ന തെളിനീർക്കുളം തൂർന്ന് ചതുപ്പായി മാറി.

വാട്ടർ ഷെഡ് സ്കീമിന്റെ ഭാഗമായി പരപ്പോടിനെ അവലംബമാക്കി പറമ്പുകളിൽ ഉണ്ടാക്കിയ കുറേ കുഴികൾ, ജലസംരക്ഷണത്തിന്റെ പുതിയ മാതൃകകളാണ്. അവയുടെ പ്രയോജന മൂല്യം (utiliterian Value) കണക്കാക്കപ്പെടേണ്ടിയിരിക്കുന്നു എന്നാലും ഉള്ളതു നല്ലതുതന്നെ.

ചരിവു പ്രദേശങ്ങളിൽ മണ്ണു സംരക്ഷണ നടപടികൾ സ്വീകരിക്കാത്തതിന്റെ ഭാഗമായി ഫലപുഷ്ടമായ മേൽമണ്ണ് ഒലിച്ചുപോയി. മീതെ ചരലും കല്ലുമായിട്ടാണിരിക്കുന്നത്. ഇപ്പോൾ പരിതാപകരമായ ഒര വസ്ഥയാണിത്.

### കൃഷി ഭവൻ

1. 9. 1987 ൽ പഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നു. പ്രതീക്ഷയോടെയാണ് ജനങ്ങൾ കൃഷിഭവനെ കണ്ടത്. ശ്രീ. രഞ്ജിത്തിനെപ്പോലുള്ള ഉദ്യോഗസ്ഥന്മാർ, ജനങ്ങളുടെ പ്രതീക്ഷകൾക്ക് സാഫല്യം നൽകാൻ പോന്നവരായിരുന്നു. ക്രമേണ കൃഷിഭവൻ ചുമരുകൾക്കുള്ളിലൊതുങ്ങുന്ന ആഫീസായി മാറിയെന്നാണ് അനുഭവസ്ഥർ പറഞ്ഞത്. ഫീൽഡ് സ്റ്റാഫ്, ഓഫീസ് സ്റ്റാഫായി . പുത്തൻ പ്രവണതകളും, അറിവുകളും, ഗേവേഷണഫലങ്ങളുംനേരിട്ട് പാടത്തും പറമ്പിലും എത്തേണ്ടതിനു പകരം ചുമരുകൾക്കുള്ളിലെ "സ്വകാര്യ"ങ്ങളിൽ മുരടിച്ചു, "സന്ദർശ"കരിൽ ഒളിച്ചു. ഫലം, സാധാരണക്കാരനു കുമ്പിൾ തന്നെ.

കൃഷി ഭവൻ മുഖേന നടീൽ വസ്തുക്കൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള കണക്കുകൾ ലഭ്യമാണ്. ഉദ്യോഗസ്ഥർക്ക് മേലുദ്യോഗസ്ഥരുടെ സമ്മർദ്ദം പലതലങ്ങളിൽ നിന്നുണ്ടായിരുന്നുവെന്നതും തിരിച്ചറിവാണ്. 1993 മുതൽ 1994 വരെ വിതരണം ചെയ്ത നടീൽ വസ്തു വിവരണം പട്ടികയിൽ കാണാം. കൂടാതെ പ്രതികൂല സാഹചര്യങ്ങളിൽ ദുരിതാശ്വാസം നൽകിയതിന്റെ പട്ടികയും കാണുക.

### നടീൽ വസ്തു വിതരണം

### (Ref: കൃഷിഭവൻ രേഖകൾ)

| ഇനം | എണ്ണം | | | |
|---|---|---|---|---|
| | 1993-94 | 1994-95 | 1995-96 | ആകെ |
| തെങ്ങ് | 406 | 244 | 640 | 1290 |
| കശുമാവ് | - | 500 | 960 | 1460 |
| കുരുമുളക് വള്ളി | 1500 | 5000 | 5000 | 11500 |
| കവുങ്ങ് | 166 | 140 | 250 | 556 |
| ജാതി | 85 | 80 | - | 165 |
| ഫലവൃക്ഷങ്ങൾ | 78 | 80 | - | 158 |
| കറുകപ്പട്ട | - | 20 | - | 20 |

### ദുരിതാശ്വാസ വിതരണം

വർഷം. പ്രശ്ന ബാധ്യത പ്രദേശത്തതിന്റെ വിസ്തീർണ്ണം HTR

| | വെള്ളപ്പോക്കം വരൾച്ച | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക. |
|---|---|---|---|
| 1993-94 | 10 ഹെക്ടർ | 28 | 300കിഗ്രാം നെൽവിത്ത് |
| 1994 - 95 | 32 ഹെക്ടർ | 103 | 10898 - 00 |
| 1995 -96 | - | | - |

സന്നദ്ധ പ്രവർത്തകർ വീടുകൾ സന്ദർശിക്കുകയും കൃഷിക്കാരുമായി സംഭാഷണത്തിലേർപ്പെട്ടും, കാരണവ ചർച്ചനടത്തിയും ആഫീസുകളിൽ നിന്നെടുത്ത സെക്കന്ററി ഡാറ്റ അടിസ്ഥാനമാക്കിയും, തലങ്ങും വിലങ്ങും നടന്ന അനുഭവങ്ങളെയും നിരീക്ഷിച്ച വസ്തുക്കളെയും ആധാരമാക്കിയും ഓരോ വാർഡിലെയും എൽ. ആർ. പി. മാരുടെ സംയുക്ത യോഗത്തിൽ വച്ചു ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് റിപ്പോർട്ടിന്റെ കഴിഞ്ഞ ഭാഗമത്രയും തയാറാക്കിയിരിക്കുന്നത്.

അടുത്ത ഭാഗത്തായി നാം പരിഗണിക്കുന്നത് ഗ്രാമസഭകളിൽ നിന്നുരുത്തിരിഞ്ഞു വന്ന, ഇന്നത്തെ അവസ്ഥയെയും പ്രശ്നങ്ങളെയും പരിഹാര നിർദ്ദേശങ്ങളുടെയും ആണ് അവ താഴെ കാണും വിധം സംഗ്രഹിച്ചിരിക്കുന്നു.

415

**പ്രശ്നങ്ങൾ**

നെല്ല് പുതിയ തരം വിത്തുകളുടെ ദൗർബല്യം

2. കൃഷിഭൂമിയുടെ തുണ്ടു വൽക്കരണം

3. ആധുനിക കൃഷിയന്ത്രങ്ങളുടെ അപര്യാപ്തത

4. ജൈവവളത്തിന്റെ പ്രാദേശിക ദൗർലഭ്യതയും ഇറക്കുമതി ചെയ്യുന്നവയുടെ ഗുണക്കുറവും

5. കാർഷിക വായ്പകൾ സമയത്തിനു ലഭ്യമല്ലായ്ക

6. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത

7. കൂലിപ്പണിക്കാരെ സമയത്തിനു ലഭിക്കായ്ക ഉയർന്ന ഉല്പാദന ച്ചെലവിന്നനുസരിച്ച് ഉൽപ്പന്നങ്ങൾക്ക് വിലകിട്ടാകയും.

8. രാസവളം, കീടനാശിനി എന്നിവയുടെ വില കൂടുതൽ

9. രാസവളം, കീടനാശിനി എന്നിവയുടെ ശാസ്ത്രീയ മായ ഉപയോഗത്തെക്കുറിച്ചുള്ള പ്രായോഗിക അറിവില്ലായ്മ.

10. മണ്ണ് സംരക്ഷണത്തിലെ ധാരണയില്ലായ്മ

11. പരിവർത്തനകൃഷിരീതികളെക്കുറിച്ചറിയായ്ക

12. മുഞ്ഞ, ഗ്വാളീച്ച, വെരാളക്കുല എന്നീ രോഗങ്ങൾ

**തെങ്ങ്**

1. നല്ല തെങ്ങിൻ തൈകളുടെ ലഭ്യതക്കുറവ്

2. ജൈവ വളത്തിന്റെ പ്രാദേശിക ലഭ്യതക്കുറവ്

3. ഇറക്കുമതി വളത്തിന്റെ ഗുണക്കുറവ്.

4. വളം ചെയ്യലിന്റെ ശാസ്ത്രീയതയെ ക്കുറിച്ചുള്ള അറിവില്ലായ്ക

5. ജലസേചന സൗകര്യത്തിന്റെ കുറവ്

6. മച്ചിങ്ങ പൊഴിച്ചിൽ ; കൂമ്പു ചീയൽ, ചെന്നീരൊലി എന്നീ രോഗങ്ങൾ

7. ഉയർന്ന കൂലിനിരക്ക്

8. തേങ്ങയ്ക്കുള്ള വിലക്കുറവ്,

9. വിപണനത്തിലുള്ള അസൗകര്യങ്ങൾ

**കവുങ്ങ്**

1. നല്ലയിനം തൈകളുടെ ലഭ്യതക്കുറവ്

2. മഹാളി രോഗം

3. വേരുണക്കവും പട്ടമഞ്ഞളിപ്പും

4. അടയ്ക്കയുടെ വിപണന സൗകര്യക്കുറവ്

**വെറ്റില**

1. ചീയൽ

2. ഇലയിൽ പുള്ളിവീഴൽ

3. കരിക്ക വഴി ഉണക്കം

4. മുളയുടെയും പനയുടെയും കഴുങ്ങിന്റെയും ലഭ്യതക്കുറവ്

5. വിപണനത്തിൽ ഇടത്തരക്കാരുടെ കളികൾ

6. നല്ലയിനം വള്ളികളുടെ ലഭ്യതക്കുറവ്.

7. ജലസേചന സൗകര്യക്കുറവ്.

**കുരുമുളക്.**

1. നല്ലയിനം വള്ളികളുടെ ലഭ്യതക്കുറവ് (കരിമുണ്ട etc)

2. ദ്രുതവാട്ടം

3. താങ്ങുകാലുകളുടെ അശാസ്ത്രീയത

**കശുമാവ്**

1. തേയിലക്കൊതുകിന്റെ ശല്യം

2. കറയൊലി

**വാഴ**

1. കുമ്പടപ്പ്

**പച്ചക്കറികൾ**

1. നല്ലയിനം വിത്തുകളുടെ ലഭ്യതക്കുറവ്

2. വളം ചെയ്യലിന്റെ അശാസ്ത്രീയത

3. പുതിയരോഗങ്ങളുടെ വരവ്

4. കീടനാശിനികളുടെ അമിത വില

5. ജലസേചന സൗകര്യങ്ങളുടെ കുറവ്

**പൂളക്കിഴങ്ങ് (കപ്പ)**

1. പുതിയ ഇനം കമ്പുകളുടെ ലഭ്യതക്കുറവ്

2. കീടശല്യം

## നിർദ്ദേശങ്ങൾ തുടർച്ച വാർഡു തിരിച്ച്

**Ward 1**

1. മറക്കപ്പാടത്ത ട്രാക്ടർ ഇറക്കാൻ റോഡു സൗകര്യം ഉണ്ടാക്കുക

2. മറക്കപ്പാടത്ത് 8 മസത്തോളം വെള്ളം കെട്ടി നിൽക്കുന്നതുമൂലം 2. വിളനെൽകൃഷി നഷ്ടമാകുന്നതു തടയാനായി , കെട്ടിനിൽക്കുന്ന വെള്ളം ഒഴിവാക്കണം. അതിന്നായി തോടുകൾ ആഴം കൂട്ടുക. സൈഡ് കെട്ടുക

3. വേനൽക്കാലത്തെ ജലക്ഷാമം ഒഴിവാക്കാൻ മറയ്ക്കപ്പാടത്തുള്ള പുറമ്പോക്കു ഭൂമി ഏറ്റെടുത്ത് കുളം നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

**Ward II**

**VII X VIII**

1. വർഷങ്ങളോളമായി പെരുമ്പുഴ കടവത്ത് ഉപദ്രവമായും ഉപയോഗശൂന്യമായും കിടക്കുന്ന ബണ്ടു പണി പൂർത്തീകരിക്കുക.

2. പെരുമ്പുഴ - എടരിക്കോട് തോട് വീതിയും ആഴവും കൂട്ടി ഇരുഭാഗവും കെട്ടി വെള്ളം താങ്ങി നിർത്താൻ സംവിധാനമുണ്ടാക്കുക.

3. പെരുമ്പുഴകടവിൽ മോട്ടോർ പമ്പ് സ്ഥാപിച്ച് വെള്ളം തോടുവഴി മറ്റു കൃഷി സ്ഥലങ്ങളിലേക്കും എത്തിക്കുക.

4. കൃഷി ആവശ്യത്തിനു വേണ്ടി നിർമ്മിച്ച കണ്ണ് എന്ന സ്ഥലത്തുള്ള പഞ്ചായത്തുകളും ആഴം കൂട്ടി, കറന്റ് ലഭ്യമാക്കി മോട്ടോർ പമ്പു സ്ഥാപിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

5. കുളത്തിനടുത്തുള്ള കൈത്തോടുകൾ ജലസേചനയോഗ്യമാക്കുക

**Ward V**

1. അപ്ലപ്പാടത്തെ അഗ്രത്തിയിൽ തുറ സ്ഥതി ചയ്യുന്ന ഭൂമി ഏറ്റെടുത്ത്, കുളം നിർമ്മിച്ച് അവിടെ നിന്നും വെളരിക്കുണ്ട് ഭാഗം വരെയുള്ള സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള ജലസേചനസൗകര്യം ലഭ്യമാക്കുക

2. അപ്ലത്തോട്ടിലെ മണ്ണെടുത്ത്, ബണ്ടുകെട്ടി ജലസംഭരണ ശേഷി കൂട്ടി ജലസംരക്ഷണം ഉറപ്പു വരുത്തുക.

**Ward IX**

1. ഒമ്പതാം വാർഡിലെ പ്രധാനപ്പെട്ട നെൽകൃഷി കേന്ദ്രങ്ങളായ തുറക്കൽ, പാലക്കൽ പനങ്ങാടത്ത് എന്നീ മൂന്നു വയലുകളിലേയ്ക്കും ട്രാക്ടർ ഇറക്കുന്നതിന് റോഡ് സൗകര്യം ഏർപ്പെടുത്തുക.

2. പനങ്ങാത്തറ വയലിൽ ജലസേചനത്തിന് കിണറും പമ്പുസെറ്റും സ്ഥാപിക്കുക

**Ward II**

1. മറക്കപ്പാടം ഭാഗത്ത് ചിറകെട്ടി വെള്ളം തടഞ്ഞു നിർത്തി കൃഷിയോഗ്യമാക്കുക

2. മറക്കപ്പാടത്തുള്ള കാപ്പ് എന്ന സ്ഥലത്ത് കുളം കുഴിച്ച് പരിസരത്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

3. മൂച്ചിത്തറ - പനങ്ങാത്തറ- മറക്കപ്പാടം വയൽ പ്രദേശത്ത് കിണർ നിർമ്മിക്കാനാവശ്യമായ സ്ഥലം കണ്ടെത്തി അതിൽ നിന്നും കൃഷി ഭൂമിയിലേക്ക് വെള്ളമെത്തിക്കുക.

### നിർദ്ദേശങ്ങൾ

**പൊതുവിൽ**

1. മണ്ണൊലിപ്പു തടയാനും ജലസംരക്ഷണത്തിനുമായി വരമ്പുകൾ ഇടുക

2. കാർഷികാവശ്യത്തിനുള്ള യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ കർഷകർക്കിടയിൽ വിതരണം ചെയ്യുക

3. കൂട്ടു കൃഷിരീതി നടപ്പിലാക്കാൻ ബോധവൽക്കരണം നടത്തുക.

4. കൃഷിഭവനിൽ നിന്നും കർഷകർക്കുള്ള നിർദ്ദേശങ്ങൾ കൃഷിക്കാരുടെ അരികിൽ തന്നെ എത്തിക്കുക

5. അടുക്കളത്തോട്ടമുണ്ടാക്കാൻ പ്രേരണ നൽകുക.

6. രാസവളങ്ങളും കീടനാശിനികളും സബ്സിഡി നിരക്കിൽ കർഷകർക്കു ലഭ്യമക്കുക.

7. ഭൂപരിധി നോക്കാതെ അവരവരുടെ അർഹതക്കനുസരിച്ച് സബ്സിഡികൾ ലഭ്യമാക്കുക.

8. അതതു വിഭാഗത്തിൽപ്പെട്ട കർഷകരുടെ പ്രശ്നങ്ങളറിയാനും പദ്ധതികൾ വിശദീകരിക്കാനുമായി കൃഷിഭവനുകളിലുള്ള കമ്മറ്റികൾ "ജനകീയ"മാക്കുക.

9. കൃഷിഭവനിലെ ഫീൽഡ് സ്റ്റാഫ് വല്ലപ്പോഴുമൊരിക്കൽ ഫീൽഡിലിറങ്ങി കർഷകരുമായി ബന്ധം സ്ഥാപിക്കുക

10. പഞ്ചായത്തിൽ ഔഷധ സസ്യങ്ങൾ വളർത്താൻ പറ്റുന്നിടത്ത് അവ വളർത്താൻബോധ വൽക്കരണവും സഹായവും നൽകുക.

11. കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് കവറേജ് ലഭ്യമാക്കാൻ വേണ്ടതു ചെയ്യുക

12. നാലാം വാർഡിൽ ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം നടപ്പിലാക്കിയതു (ശ്രീ. എം. മമ്മുമാസ്റ്റർ ) കണ്ടു മനസ്സിലാക്കി അനുകരണീയമാണെന്നു തോന്നിയാൽ അനുകരിച്ച് നടപ്പിലാക്കുക.

13. പ്രധാന കാർഷിക വിളയായ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൾ പ്രചരിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക.

14. പാറയും ചരലും നിറഞ്ഞ പ്രദേശങ്ങളിൽ തെങ്ങ് ആഴത്തിലും വട്ടത്തിലും തുറന്ന് ചകിരി നിറച്ച് ജലസംഭരണ ശേഷി കൂട്ടുക.

15. പഞ്ചായത്തിലെ ഉയർന്നതും പാറയുള്ളതുമായ കുന്നിൻ പ്രദേശങ്ങളിൽ കശുമാവ് വ്യാപകമായി കൃഷി ചെയ്യാവുന്നതാണ്.

16. ഏകീകൃത കൂലി സമ്പ്രദായം കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടവയ്ക്ക് അത്യാവശ്യമായിരിക്കുന്നു

17. കൃഷിഭവന്റെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

18. കൃഷി ഭവനോടനുബന്ധിച്ച് അംഗ്രാ ക്ലിനിക്കുകൾ , കാർഷിക പരിശീലന കേന്ദ്രങ്ങൾ എന്നിവ തുടങ്ങണം.

19. ഇനിയും നഷ്ടപ്പെടാത്ത നമ്മുടെ ജൈവ സമ്പത്തിനെ കണ്ടെത്തുക മുഞ്ഞ, പൂവാം കുറുന്നില. കോഴിക്കുറുന്തോട്ടി, വെള്ള അമൽ പൊരി. ആനടിയൻ , ചിറ്റരത്ത, അടയ്ക്ക മണിയൻ, കുഞ്ഞുണ്ണി, തുമ്പ, ആടലോടകം തുടങ്ങിയ നാടൻ സിദ്ധൗഷധങ്ങളെ സംരക്ഷിക്കാൻ വേണ്ടതു ചെയ്യുക

മറക്കപ്പാടത്തെ പുറമ്പോക്ക് സ്ഥലത്ത്കുളം നിർമ്മിക്കുകയും തോടുകൾ ആഴം കൂട്ടുകയും ചെയ്ത് വി.സി.ബി. സ്ഥാപിച്ചാൽ തെന്നല, നന്നമ്പ്രാ ഒഴൂർ എന്നീ പഞ്ചായത്തിലെ നെൽ കൃഷിക്കാർക്ക് ഉപകരിക്കുന്നതാണ്.

നമ്മുടെ ജീവിതം മെച്ചപ്പെടുത്തുവാൻ ഉതകുന്ന തരത്തിൽ; നമ്മുടെ കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. നമ്മുടെ വികസനത്തിൽ , നമുക്കും പങ്കാളിയാകാം. അങ്ങനെ ഒരു പുത്തൻ വിസകന സംസ്കാരത്തിന് നമുക്കു തോളോടു തോൾ ചേരാം. ഒരുമിക്കാം. പ്രവർത്തിക്കാം.

# 6.2 മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

കേരളത്തിൽ മൃസംരക്ഷണ രംഗത്ത് കഴിഞ്ഞ 35 വർഷങ്ങൾക്കിടക്കുണ്ടായ വളർച്ചയും വികസനവും പിരിശോധിച്ചാൽ ഏറ്റവും പ്രകടമായി കാണുന്ന വസ്തുത പാലിന്റെ ഉൽപാദനത്തിലും ഉപഭോഗത്തിലുംമുണ്ടായ ഗണ്യമായ വർദ്ധനയാണ്. 1960 കളുടെ മധ്യത്തിൽ മൊത്തം പാൽ ഉൽപാദനം ഏതാണ്ട് രണ്ട് ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 12 ലക്ഷം ടണ്ണിലേറെ വർദ്ധിച്ചതായാണ് കണക്കുകൾ കാണിക്കുന്നത്.

1977-78നും 84-85നും ഇടയ്ക്കു പാലുൽപാദനത്തിൽ 57 ശതമാനം വർദ്ധന രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു പ്രശ്നം ഒറ്റനോട്ടത്തിൽ ഗംഭീരമാണ് എന്ന് തോന്നാമെങ്കിലും തെന്നല ഗ്രാമ പഞ്ചായത്തിൽ പശു, ആട് എന്നിവയാണ വളർത്തുന്ന പ്രധാനം മൃഗങ്ങൾ നാമമാത്രമായി ഉഴവുകളകളെയും, എരുമകളെയും പോത്തുകളെയും വളർത്തപ്പെടുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാന കോഴിയാണഎങ്കിലും ചെറിയ തോതിൽ താറാവുകളെയും വളർത്തുന്നുണ്ട്. മുൻകാലങ്ങളിൽ ആടിനെയും പശുവിനെയും വളർത്തിയും കോഴിമുട്ടയും മറ്റും ഉൽപാദിപ്പിച്ചും നിരവധി കുടുംബങ്ങൾ ഉപജീവനം കണ്ടെത്തിയിരുന്നകാലം വിദൂരമല്ല. ഗ്രാമങ്ങൾ തോറും നടന്ന് കോഴിമുട്ട ശേഖരിച്ചിരുന്ന കച്ചവടക്കാരും അന്നുണ്ടായിരുന്നു. എന്നാൽ അന്ന് നമ്മുടെ ആവശ്യം കഴിഞ്ഞു പുറത്തേക്ക് വിറ്റിരുന്ന മുട്ട ഇന്ന് തമിഴ്നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്യാതെ വന്നാൽ നമുക്ക് കിട്ടാത്ത അവസ്തയാണ്. കോഴിയിറച്ചിയുടെ അവസ്ഥയും ഇതിൽ നിന്നും ഭിന്നമല്ല. 1982 ലെ മൃഗസെൻസസ് അടിസ്ഥാനമാക്കി ജില്ലാ മൃഗ സംരക്ഷണ വകുപ്പിൽ നിന്ന് കിട്ടിയ മൃഗങ്ങളെയും വളർത്തു പക്ഷികളെയും സംബന്ധിച്ച് പട്ടിക താഴെ കൊടുക്കുന്നു.

മൃഗ സംരക്ഷണ വകുപ്പിന്റെ സെൻസസ് കണക്കും ഇന്നത്തെ പഞ്ചായത്തിലെ അവസ്ഥയും താരതമ്യപ്പെടുത്തുമ്പോൾ വളരെ അന്തരമുണ്ട്. ഇന്ന് പഞ്ചായത്തിൽ മൃഗസംരക്ഷണ രംഗം വളരെ ശോചനീയാവസ്ഥയാണ്. പല പ്രശനങ്ങൾ കാരണം ഈ രംഗത്ത് നിന്നും പല കുടുംബങ്ങളും മാറി നിൽക്കുന്ന കാഴ്ചയാണ്. മഡഗ സംരക്ഷണ രംഗത്ത് കാര്യമായ സ്ഥപനങ്ങൾ അടുത്ത കാലം വരെ പഞ്ചായത്തിലുണ്ടായിരുന്നില്ല. ഇവിടങ്ങളിൽ നിന്നും തിരൂരങ്ങാടി, കോട്ടക്കൽ എന്നിവിടങ്ങളിലെ മൃഗാസ്പത്രിയുമായാണ് ബന്ധപ്പെട്ടിരുന്നത്. 1988 കാലത്ത് പഞ്ചായത്തിലെ കൊടക്കല്ലിങ്ങൾ മൃഗ സംരക്ഷണ കേന്ദ്രം തുറന്നിരുന്നെങ്കിലുംഡോക്ടറും മരുന്നും ഇല്ലാത്ത അവസ്ഥയാണ് ഉണ്ടായിരുന്നത്. 1996 വർഷം പഞ്ചായത്തിലേക്ക് അനുവദിച്ച മൃഗാസ്പത്രി ഈ പ്രദേശത്തെ ഏതാനും സന്നദ്ധ പ്രവർത്തകർ വാടക രഹിതമായി കെട്ടിടം സർക്കാറിന്ന് നൽകാമെന്ന് ഉറപ്പ് നൽകിയതിനാൽ കൊടക്കല്ലിങ്ങൾ അനുവദിക്കുകയുണ്ടായി. ഈ ആസ്പത്രിയിൽ തന്നെ മുഴുവൻ സമയ ഡോക്ടറുടെ സേവനം കിട്ടുന്നില്ല. എങ്കിലും ഈ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് മുമ്പത്തെക്കാളും അൽപം ആശ്വാസമാണ്.

### മൃഗ സംരക്ഷണ രംഗത്തെ പ്രശ്നങ്ങൾ

1. സാധാരണ കർഷകർക്ക് കാലതീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നില്ല.

## പട്ടിക 1

### അവലംബം ജില്ലാ മൃഗസംരക്ഷണ വകുപ്പ്

### വളർത്തു മൃഗ സംഖ്യ

| വാർഡ് നമ്പർ | കാള | | നാടൻ കാള സങ്കരം | | പശു നാടൻ | | പശു സങ്കര | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർധനവ് | മറ്റുള്ളവ | വംശവർധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | 1 | 30 | - | 11 | 41 | 26 | 43 | 21 | 10 | 6 | 3 | 49 | 12 | |
| 2 | - | 12 | 6 | - | 23 | 18 | 41 | 13 | 6 | 2 | 6 | 28 | 8 | - |
| 3 | - | 18 | 3 | - | 26 | 21 | 28 | 14 | 3 | 1 | 9 | 31 | 7 | |
| 4 | - | 20 | 3 | - | 18 | 15 | 16 | 11 | 8 | 3 | 11 | 36 | 3 | - |
| 5 | - | 10 | 12 | - | 46 | 21 | 38 | 16 | 11 | 7 | 3 | 47 | 6 | - |
| 6 | - | 5 | 8 | - | 39 | 18 | 13 | 10 | 3 | 1 | 8 | 18 | 13 | - |
| 7 | 1 | 8 | 11 | - | 20 | 12 | 19 | 9 | 6 | 3 | 2 | 24 | 21 | |
| 8 | - | 10 | 13 | - | 18 | 13 | 15 | 7 | 2 | 2 | 6 | 29 | 3 | |
| 9 | - | 12 | 6 | - | 23 | 8 | 23 | 12 | 3 | 1 | 3 | 30 | 6 | |
| 10 | - | 8 | 12 | - | 26 | 13 | 28 | 14 | 4 | 2 | 1 | 26 | 3 | |

## പട്ടിക 3

### അവലംബം ജില്ലാ മൃഗസംരക്ഷണ വകുപ്പ്

### വളർത്തു പക്ഷി

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 36 | 90 | 43 | 12 | 18 | - |
| 2 | 41 | 60 | 90 | 11 | 10 | - |
| 3 | 38 | 70 | 29 | 13 | 20 | - |
| 4 | 21 | 30 | 60 | 16 | 19 | - |
| 5 | 60 | 103 | 90 | 20 | 31 | - |
| 6 | 31 | 69 | 99 | 12 | 19 | - |
| 7 | 28 | 80 | 28 | 13 | 23 | - |
| 8 | 29 | 84 | 65 | 10 | 28 | - |
| 9 | 41 | 54 | 62 | 8 | 20 | - |
| 10 | 43 | 73 | 73 | 3 | 6 | - |

2. തീറ്റപ്പുൽ കൃഷിചെയ്യാനുള്ള പുൽ വിത്ത കളുടെ ലഭ്യതക്കുറവ്.

3. കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ ശേഖ രിക്കാൻ ക്ഷീര സഹകരണ സംഘങ്ങൾ പഞ്ചായ ത്തിലില്ല.

4. ശാസ്ത്രീയ കശാപ്പു ശാലകളില്ലി

5. മെച്ചപ്പെട്ട ആസ്പത്രി സൗകര്യങ്ങൾ-സ്വന്ത മായി മൃഗാസ്പത്രി കെട്ടിടം, ആവശ്യത്തിന്നുള്ള ഫർണ്ണിച്ചർ, വാഹന സൗകര്യം, റഫ്രിജറേറ്റർ, ഉരു ക്കളെ പരിശോധിക്കുന്നതിന്നാവശ്യമായ ട്രപിസ്, മൈക്രോ സ്കോപ്. എന്നിവയില്ല.

6. ക്ഷീര കർഷകർക്ക് ഉരുക്കളെ വാങ്ങാൻ സഹായം കിട്ടുന്നില്ല.

7. കന്ന് കാലികൾ, കോഴികൾ എന്നിവക്ക് രോഗങ്ങൾ പിടിപെടുന്നു.

8. അലഞ്ഞ് നടക്കുന്ന നായകൾ മൃഗങ്ങൾക്ക് ശല്യമാകുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. കന്നുകുട്ടി പരിപാലന പദ്ധതി. ഉയർന്ന ജന തക നിലവാരമുള്ള പശുകുട്ടികൾക്ക് പരിചരണം നൽകുക, ഗുണ മേൻമയുള്ള കാലി തീറ്റ പകുതി വിലക്ക് നൽകുക.

2. തീറ്റപുൽ കൃഷിക്ക് ധന സഹായവും വളവും കുറഞ്ഞ നിരക്കിൽ നൽകുകയും പുൽകൃ ഷിയെ സംബന്ധിച്ച് ബോധവൽക്കരണവും നടത്തു കയും ചെയ്യുക.

3. പാൽ സംഭരണ സൊസൈറ്റികൾ രൂപീക രിക്കുകയും, ഉൽപ്പന്നത്തിന് മതിയായ വില കിട്ടുന്നു ണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

4. ശാസ്ത്രീയമായ കശാപ്പുശാല സ്ഥാപി ക്കുക

5. സ്വന്തമായി മൃഗാസ്പത്രി കെട്ടിടം, ആവ ശ്യത്തിന് മരുന്ന്, ഫർണിച്ചർ വാഹന സൗകര്യം റഫ്രിജറേറ്റർ, ഉരുക്കളെ പരിശോധിക്കാനാവശ്യമായ ട്രപിസ്, മൈക്രോ സ്കോപ്പ് എന്നിവ ഏർപ്പെടു ത്തുക.

6. കറവ മാടുകളെയും മറ്റും വാങ്ങാൻ ധന സഹായം നൽകുക.

7. തുകൽ സംസ്കരണ യൂണിറ്റ് തുടങ്ങുക

8. കോഴിവസന്ത മറ്റ് കാലി രോഗങ്ങൾ എന്നി വക്ക് സൗജന്യ കുത്തിവെപ്പ് നൽകുക.

9. കുത്തിവെപ്പ് ക്യാമ്പുകൾ വാർഡ് തല ത്തിൽ 6 മാസത്തിലൊരിക്കൽ നടത്തുക.

10. പഞ്ചായത്തിൽ മൃഗസംരക്ഷണ ഉപകേ ന്ദ്രങ്ങൾ ആവശ്യമുള്ള വാർഡുകളിൽ അനുവദി ക്കുക.

11. പ്രാദേശിക കാലി തീറ്റകൾ പ്രദേശിക മായി കിട്ടുന്ന പദാർത്ഥങ്ങൾ കൊണ്ട് ഉൽപാദിപ്പി ക്കുക

12. തൊഴിൽ രഹിതരായവർക്ക് കോഴി വളർത്തലിൽ പരിശീലനം നൽകുകയും അത് തുട ങ്ങാൻ ധനസഹായം നൽകുകയും ചെയ്യുക.

13. എഗ്ഗർ നഴ്സറി സ്ഥാപിക്കുക

14. സ്കൂൾ പൗൾട്രി ക്ലബുകൾ രൂപീകരി ക്കുക

15. ഗോബർ ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുക

16. ആടുവളർത്തൽ പദ്ധതി തുടങ്ങുക. മല ബാറി ആടുകളുടെ വംശനാശം ഒഴിവാക്കാൻ പ്രജ നനാവശ്യത്തിന്നുള്ള ആച്ചു വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.

17. കാലി രോഗവിമുക്ത മേഖലാ പദ്ധതി നട പ്പിൽ വരുത്തുക.

18. സ്വകാര്യ മേഖലയിൽ ഹാച്ചറിയും, കന്നു കാലി വളർത്തലും തീററ ഉൽപാദനവും, കോഴിവ ളർത്തൽ യൂണിറ്റുകളും കോഴി കുഞ്ഞുങ്ങളെ ഉൽപാ ദിപ്പിക്കലും പ്രോത്സാഹിപ്പിക്കുക.

19 മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക

20 താറാവ് കൃഷിയിൽ പരിശീലനവും സഹാ യവും നൽകുക.

21. മുഴുവൻ മൃഗങ്ങൾക്കും സൗജന്യ ഇൻഷു റൻസ് സംരക്ഷണം സൗജന്യമായി നൽകുക.

22. അലഞ്ഞ്നടക്കുന്ന നായകളെ നശിപ്പി ക്കുക. വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തി വെപ്പും ലൈസൻസും ഉറപ്പ് വരുത്തുക

" മൃഗ സംരക്ഷണ രംഗത്ത് മുമ്പുണ്ടായിരുന്ന തൊഴിൽ സാദ്ധ്യതകൾ ഇനിയും ഉറപ്പുവരുത്താവു ന്നതാണ്. വീട്ടമ്മമാർക്കും, മറ്റും കോഴി വളർത്തൽ, ആടുവളർത്തൽ, എന്നിവയിൽ പരിശീലനവും സഹാ യവും നൽകിയാൽ ഗ്രാമീണ ജനതയുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂ ഹിക പ്രക്രിയയാക്കി മാറ്റാവുന്നതാണ്. മൃഗ സംഹ

ക്ഷണ രംഗത്തെ ഏത് പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്നത് വ്യക്തം

## മത്സ്യ ബന്ധനം

തെന്നല ഗ്രാമപഞ്ചായത്ത് അതിരലൂടെ കട ലുണ്ടി പുഴയും പെരുമ്പുഴ തോട്, അപ്പപാടം, മറ ക്കൽപാടം എന്നീവയലുകളും 10 പൊതു കുളങ്ങളും 100 സ്വകാര്യ കുളങ്ങളും ഉണ്ടെങ്കിലും മത്സ്യബന ധനവുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർ നാലോ അഞ്ചോ പേർമാത്രമെയുള്ളു. കാലവർഷാരംഭത്തിൽ വിനോദമായി മൽസ്യബന്ധനത്തിന്ന് ജനങ്ങൾ ഒരുൽസവത്തോടെ പങ്കെടുക്കാറുണ്ട്. വാളക്കുളം പാടത്തെ വാളപിടുത്തം പ്രസിദ്ധമാണ്. വേനൽ അവ സാനം മറക്കൽ പാടത്തെ നീർമീൻ പിടുത്തവും വളരെ പ്രസിദ്ധമാണ്. ഈ പാടത്തെ മൽസ്യങ്ങള്ഡ ആമ്പൽ ഭക്ഷിച്ച് വളരുമെന്നതിനാൽ രുചി കൂടും. ഇക്കാരണത്താൽ വിലകൂടുതലാണ്. കാര്യമായി മൽസ്യ കൃഷി ആരും നടത്തുന്നില്ല . 8ാം വാർഡിൽ പരേടത്ത് കമ്മുഹാജി ചെറിയ ടാങ്കുകൾ സ്ഥാപിച്ച് മൽസ്യകൃഷി ചെയ്തുവരുന്നു. പഞ്ചായത്തിൽ 15 കി.മി. പടിഞ്ഞാറുള്ള അറബിക്കടലിൽ നിന്ന് പിടിച്ച് വരുന്ന മൽസ്യമാണ് പ്രധാനമായും വിപണനം നട ത്തുന്നത്.

പ്രശ്നങ്ങൾ

1. മൽസ്യ രോഗം കണ്ട് വരുന്നു

2. മൽസ്യ കൃഷിക്ക് ധനസഹായവും പരിശീ ലനവും കിട്ടുന്നില്ല.

3. തോടുകളിലും വയലുകളിലും വെള്ളം ഒഴു കിപോകുന്നതിനാൽ മൽസ്യ ങ്ങൾ കുറഞ്ഞുവരുന്നു.

4. നല്ലതരം മൽസ്യ കുഞ്ഞുങ്ങളെ കിട്ടുന്നില്ല

പരിഹാരം

1. മൽസ്യ രോഗത്തിന് പരിഹാരം കാണുക

2. മൽസ്യ കൃഷിയിൽ പരിശീലനവും ധനസ ഹായവും നൽകി പ്രോത്സാഹിപ്പിക്കുക.

3. തോടുകളിലും വയലുകളിലും വെള്ളം ഒഴു കിപോകുന്നത് തടയാൻ തടയണ നിർമിക്കുകയും, മൽസ്യങ്ങൾക്ക് സംരക്ഷണം നൽകുകയും ചെയ്യുക.

4. നല്ലതരം മൽസ്യ കുഞ്ഞുങ്ങളെ കർഷ കർക്ക് ലഭ്യമാക്കുക. ഇത്രയും ചെയതാൽ പഞ്ചായ ത്തിലെ മൽസ്യ സമ്പത്ത് പരിപോഷിപ്പിക്കാവുന്ന താണ്.

# 6–3 വ്യവസായം

ലോകം മുഴുവൻ വ്യവസായവൽക്കരണത്തിനു വേണ്ടി ദാഹിക്കുന്നു. വ്യവസായ വൽക്കരിക്കാൻ തീവ്ര ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. ഇന്ന് മനുഷ്യന്റെ ജീവിത ചുറ്റുപാടിനെയും, അവന്റെ സമൂഹത്തിലെ നിലവാരത്തെത്തന്നെയും തീരുമാനിക്കുന്നത് വ്യാപസായിക വളർച്ചയാണ്. സാങ്കേതിക അറിവുകൾ വ്യവസായ വൽക്കാരത്തെ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുമ്പോഴും കേരളത്തിന്റെ വ്യവസായിക ഭൂപടത്തിലേക്ക് ഒന്നും സംഭാവന ചെയ്യാനാകാതെ അന്ധാളിച്ച് അമാന്തിച്ചു നിൽക്കുകയാണ് തെന്നല ഗ്രാമപഞ്ചായത്ത്. മൊത്തം പുരുഷ ജനസംഖ്യയിലെ ചെറിയൊരു ശതമാനം വിദേശത്താണ്. പഞ്ചായത്തിലെ തൊഴിൽ മേഖല മൊത്തം പരിശോധിച്ചാൽ വ്യാവസായികവസ്ഥ വളരെ പിന്നിലാണ്. ചെറുതും വലുതുമായ വ്യവസായിക സ്ഥാപനങ്ങളൊന്നും തന്നെ പ്രസകതമായവയല്ല എന്നു പറയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ റജിസ്ററർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ മൂന്നെണ്ണം ഹോളോ ബ്രിക്സ് നിർമാണ യൂണിറ്റുകളാണ്. മൂന്നെണ്ണം ഇരുമ്പു പട്ടകളുപയോഗിച്ച് ഗ്രിൽ, ഗെയിറ്റ്, റോളിംഗ് ഷട്ടറുകൾ എന്നിവ നിർമ്മിക്കുന്നവയാണ്. മറ്റൊരെണ്ണം മര ഉരുപ്പടികൾ കൊണ്ട് കട്ടില, വാതിൽ, ജന്നൽ, ഫർണിച്ചർ, എന്നിവ ഉണ്ടാക്കുന്നവയാണ്. റൈസ് ഫ്ളോർ, ഓയൽ മില്ലുകളുടെ എണ്ണം മൊത്തം എട്ടാണ്. ഈ മേഖലകളിലെല്ലാം കൂടി തൊണ്ണൂറോളം പേർ തൊഴിലെടുക്കുന്നു.

ചകിരി പിരിക്കൽ പണ്ടുകാലത്ത് കൈത്തൊഴിലായി സ്വീകരിച്ചിരുന്നു. അതേപോലെത്തന്നെ പായ നെയ്ത്ത്, വട്ടി നെയ്ത്ത് എന്നിവയും ചില പ്രത്യേക സമുദായങ്ങളുടെ കൃഷി അനുബന്ധതൊഴിലായിരുന്നു. പഞ്ചായത്തിലെ ഓരോ വീട്ടിലേക്കും ആവശ്യമായ കൈയിലുകൾ ഇവിടെത്തന്നെ നിർമിക്കുകയായിരുന്നു,. വിത്തുകൾ സൂക്ഷിക്കുന്നതിനും ചുമന്നുകൊണ്ടു പോകുന്നതിനും മറ്റും ആവശ്യമായ കൊട്ടകൾ മുള ചീകി ഇവിടെത്തന്നെ ഉണ്ടാക്കിയിരുന്നത് അത്ര പഴയ ഓർമയൊന്നുമല്ല. ഇവിടെ നിന്നും ഇവ ചുമന്നുകൊണ്ടുപോയി തിരൂരങ്ങാടി, കോട്ടക്കൽ, തിരൂർ എന്നീ ചന്തകളിൽ വിറ്റ് ഉപജീവനം നയിച്ചിരുന്നവരും ഉണ്ടായിരുന്നു. അതേ പോലെ മൂച്ചി (മാവ്) പലകകൊണ്ട് തേക്കുകൊട്ടകൾ ഉണ്ടാക്കി വിവിധ ചന്തകളിൽ വിറ്റിരുന്ന ചെറുകിട വ്യവസായ സംരംഭകരും ഉണ്ടായിരുന്നു. കാർഷികോൽപ്പന്നങ്ങൾ ഗ്രാമീണരി ൽ നിന്നും വാങ്ങി ദൂരെ സ്ഥലങ്ങളിൽ കൊണ്ടുപോയി വിപണനം നടത്തുന്നവരും ഉണ്ടായിരുന്നു. നാടൻ മരച്ചക്കുകളിൽ കാലികളെ ഉപയോഗിച്ച് തേങ്ങ,എള്ള് എന്നിവ ആട്ടി വെളിച്ചെണ്ണയും എണ്ണയും ഉദ്പാദിച്ചിരുന്നു. ഈ വക വ്യവസായങ്ങളൊന്നും ഇന്നില്ല.

ചെറുകിട കച്ചവട രംഗത്ത് ഏകദേശം മുന്നൂറ്റി നാൽപ്പതോളം പേർ ജോലി ചെയ്യുന്നു. മൊത്തം തൊഴിൽ മേഖലയിൽ 25% പേർ കാർഷിക മേഖലയിലും 15 % പേർ നിർമാണ രംഗത്തും ജോലി ചെയ്യുന്നു. അടയ്ക്ക കൊപ്ര വിപണനരംഗത്ത് കുറേ പേർ ഇന്നും ജോലി നോക്കുന്നു.

### പ്രശ്നങ്ങൾ

വ്യവസായിക വികസനത്തിന്നാവശ്യമായ വൈദ്യുതി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ

കുറവാണിവിടെ. 10 ചതുരശ്ര കി.മീ. വിസ്തീർണവും 23965 ജനസംഖ്യയും ഉള്ള ഈ പഞ്ചായത്തിൽ 3916 വീടുകളുണ്ട്. എങ്കിലും യാതൊരു തരത്തിലുള്ള വ്യവസായങ്ങളും വളർന്നു വരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ട താണ്.

വ്യവസായ വളർച്ചയ്ക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഉയർന്നതോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷ, ഗതാഗത സൗകര്യങ്ങള് ഉയർന്ന ഉപഭോഗ നിലവാരം എന്നിവയെല്ലാം വേണ്ട രൂപത്തിൽ ഇല്ലെങ്കിലും ഉള്ളതുപയോഗപ്പെടുത്തി വളർച്ച കൈവരിക്കാത്തത് താഴെ പറയുന്ന കാരണങ്ങളാലാണെന്നു പറയാം.

1. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുവാനുള്ള സാധ്യത കുറവ്.

2. സാങ്കേതിക പരിജ്ഞാനക്കുറവ്

3. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്

4. വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവ്

5. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തയാറെടുപ്പിന്റെ പ്രേരണ ക്കുറവ്.

ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് താഴെ കാണിക്കുന്ന കാരണങ്ങൾ തടസ്സമായി നിൽക്കുന്നു.

1. വ്യവസായങ്ങൾ സ്ഥാപിക്കാനാവശ്യമായ സ്ഥലസൗകര്യക്കുറവ്.

2. സംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ ലഭിക്കാൻ നേരിടുന്ന കാലതാമസം.

3. കുടിൽ വ്യവസായങ്ങളിൽ സംരംഭകർക്ക് പരിശീലനത്തിന്റെ അഭാവം

4. വൈദ്യുതിയുടെ ലഭ്യതക്കുറവും മറ്റും

5. തൊഴിൽ രഹിതരായ യുവാക്കൾക്ക് പ്രത്യേക തൊഴിൽ പരിശീലനം കിട്ടായ്ക

6. ഉയർന്ന കൂലിനിരക്ക്.

## സാധ്യതകൾ

വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കാവസ്ഥയിലാണു പഞ്ചായത്ത്. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർ വളരെ കുറവ്. കൂടുതൽ പേരും കേരളത്തിനു പുറത്താണ് ജോലി ചെയ്യുന്നത്.

പരമ്പരാഗത മേഖലയിൽ ജോലി നോക്കുന്നവർ അത്യപൂർവം വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ചില ചെറുകിട വ്യവസായ യൂണിറ്റുകൾ മാത്രമാണിവിടെയുള്ളത്. പ്രധാന കാർഷികോൽപ്പന്നം തേങ്ങയാണെങ്കിലും അതിനെ അടിസ്ഥാനമാക്കിയ കാര്യമായ വ്യവസായങ്ങളൊന്നും നിലവിലില്ല. ശ്രീ. കെ.വി. മമ്മതുഹാജി ഇളനീർ വിപണനത്തിൽ ചില ചലനങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചെങ്കിലും വേണ്ടത്ര വിജയിക്കുകയുണ്ടായില്ല.

കള്ളന്മാർക്ക് പൊളിക്കാൻ പ്രയാസമേറിയതും കള്ളത്താക്കോലിനു വഴങ്ങാത്തതുമായ പൂട്ടുകൾ സ്വന്തം ആലയിൽ നിർമിച്ചു കൊടുക്കുന്ന ഒരു വിദഗ്ധ തൊഴിലാളി ശ്രീ. പി റ്റി ഉണ്ണിക്കുട്ടി പഞ്ചായത്തിലുണ്ട്. ആ കൈകൾ കൊണ്ടു തൊടുന്ന എന്തും അറിയുന്നവർക്കെല്ലാം വിലപ്പെട്ടതാണ്. ഇരുമ്പു കൊണ്ട് ഒരു പുതിയ തരം കലപ്പയുണ്ടാക്കി പരീക്ഷണത്തിനു ശേഷം വിജയമാണെന്നു കണ്ടതിനാൽ ആവശ്യക്കാർക്ക് നിർമ്മിച്ചു കൊടുക്കാൻ തുടങ്ങിയിരിക്കുന്നു. ഒരു സ്റ്റീൽ ഇൻഡസ്ട്രി തുടങ്ങാൻ ദശാബ്ദങ്ങളായി പാടുപെട്ട് ഇപ്പോൾ സാധിച്ചു. വ്യാപാരാടിസ്ഥാനത്തിൽ പൂട്ടു കളും, കാർഷിക ഉപകരണങ്ങളും നിർമ്മിക്കാൻ ശ്രമിച്ചാൽ പഞ്ചായത്തിനും അദ്ദേഹത്തിനും ഗുണം ചെയ്യും.

ആയുർവേദ മരുന്നുകൾ സ്വയം പാകപ്പെടുത്തിയെടുക്കുന്ന ഒന്നു രണ്ടു വീടുകൾ പഞ്ചായത്തിലുണ്ട്. മരുന്നുൽപാദനം വ്യവസായികാടിസ്ഥാനത്തിലാക്കാൻ ശ്രമിച്ചാൽ ഇത് വളരാൻ സാധ്യതകളേറെയുള്ള സാഹചര്യം ഉണ്ട്. പഞ്ചായത്തിൽ നൂറിൽപ്പരമാളുകൾ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സന്നദ്ധരാണെങ്കിലും വേണ്ടത്ര പ്രോത്സാഹനം കിട്ടാത്തതിനാലും സുരക്ഷിതത്വത്തെക്കുറിച്ച് (മുതൽ മുടക്ക്) ആശങ്കയുള്ളതിനാലും മുന്നോട്ടു വരുന്നില്ല. യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വികസനാവബോധം വളർത്തിയെടുക്കേണ്ടതുണ്ട്.

## ചെറുകിട വ്യവസായം

പഞ്ചായത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ വിദേശത്തു നിന്നും തിരിച്ചു വരുന്നവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. അതിന്നായി അവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം. വുഡ് ഇൻഡസ്ട്രീസ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, സോപ്പു നിർമ്മാണം എന്നിവ സാധ്യതയുള്ള മേഖലയാണ് കൊടക്കല്ലിങ്ങലുള്ള ഇഷ്ടിക കമ്പനി പണി പൂർത്തിയാക്കി ഉദ്പാദനം തുടങ്ങേണ്ടതാണ്.

## പട്ടിക 1

### പഞ്ചായത്തിലെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് ആരംഭിക്കാൻ സാധ്യതയുള്ള ചെറുകിട യൂണിറ്റുകൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ എസ്.എസ്.ഐ | 1. | യന്ത്രമുപയോഗിച്ച് പച്ചച്ചകിരിയിൽ നിന്നും ചകിരിനാര് ഉത്പാദിപ്പിക്കൽ |
| | 2. | യന്ത്ര വൽകൃത ചൂടി നിർമ്മാണം. |
| | 3. | ചവിട്ടി, ചൂടിപ്പടം എന്നിവയുടെ നിർമ്മാണം. |
| | 4. | ചകിരി ച്ചോറ് ഉപയോഗിച്ചു വളം |
| | 5. | തെങ്ങിൻ തടികൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഫർണിച്ചറിന്റെയും നിർമ്മാണം. |
| | 6. | കൊപ്ര ആട്ടി വെളിച്ചെണ്ണ എടുക്കൽ |
| | 7. | നേന്ത്രക്കായ, ചക്ക, കപ്പ, എന്നിവയുപയോഗിച്ചുള്ള ചിപ്സ് നിർമ്മാണം |
| വനിത | 1. | ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം. |
| | 2. | കൈതച്ചക്ക . ചക്ക മാങ്ങ എന്നിവയുപയോഗിച്ച് ജാം നിർമ്മിക്കൽ |
| | 3. | മാങ്ങ ,നെല്ലിക്ക, കൈതച്ചക്ക എന്നിവയുപയോഗിച്ചുള്ള അച്ചാറു നിർമ്മാണം. |

## പട്ടിക 2.

### ചുരുങ്ങിയ മുതൽ മുടക്കിൽ തുടങ്ങാവുന്നതും കമ്പോളം ലഭിക്കാൻ സാധ്യതയുള്ളതുമായ വ്യവസായങ്ങൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| | 1. | ശാസ്ത്രീയമായ കോഴിവളർത്തൽ |
| ജനറൽ എസ്.എസ്.ഐ | 2. | മരം കൊണ്ടുള്ള ഫർണിച്ചർ |
| | 3. | ഹവായ് ചെരുപ്പുകൾ നിർമ്മാണം |
| | 4. | അലൂമിനിയ പാത്ര നിർമ്മാണം |
| | 5. | ഫാൻസി ലതർ ഗുഡ്സ് |
| | 6. | സ്കൂൾ ബാഗുകൾ |
| | 7. | അലങ്കാരപ്പണി ചെയ്ത മരംകൊണ്ടുള്ള വീട്ടുപകരണങ്ങൾ |
| | 8. | ലിക്വിഡ് ഡിറ്റർജന്റ് |
| | 9. | ഓട്ടോ ഇലക്ട്രിക് ഷോപ്പ് |
| | 10. | ഇലക്ട്രിക്കൽ ജനറൽ വർക്ക് ഷോപ്പ് |
| | 11. | ഫാൻ, റഗുലേറ്റർ, ഇലക്ട്രോണിക്ക് ചോക്ക് എന്നിവയുടെ നിർമ്മാണം |
| | 12 | സിച്ച് ബോർഡ് നിർമ്മാണം |
| | 13. | കുട്ടികളുടെ ഷൂ നിർമ്മാണം |
| | 14. | ഇരു ചക്ര വാഹനങ്ങളുടെ വർക്ക് ഷോപ്പ് |
| | 15. | കാർഷിക ഉപകരണങ്ങളുടെ നിർമ്മാണം. |

പട്ടിക 3.

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| വനിത | 1. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| | 2. | അലക്കുസോപ്പ് നിർമ്മാണം |
| | 3. | സോപ്പു പൊടി നിർമ്മാണം |
| | 4. | പേപ്പർ കവർ നിർമ്മാണം |
| വനിത സഹകരണ സംഘം | 1. | കുട, നോട്ടുബുക്കു നിർമ്മാണം |
| | 2. | ബാഗ്, റെയിൻ കോട്ട്, മുതലായ റെക്സിൻ ഉൽപന്ന നിർമ്മാണം |
| | 3. | കറി പൗഡർ നിർമ്മാണം |
| | 4. | കരിങ്കല്ല് പൊട്ടിച്ച് ജില്ലിയാക്കൽ |
| സഹകരണ സംഘം ജനറൽ | 1. | സിമന്റ് കൊണ്ടുള്ള, കട്ടിള, ജന്നൽ എന്നിവയുടെ നിർമ്മാണം |
| | 2. | ഇഷ്ടിക നിർമ്മാണം. |
| | 3. | യന്ത്രമുപയോഗിച്ചുള്ള കല്ലുവെട്ടൽ |
| | 4. | നെയ്ത്ത് ഫർണിച്ചറുകളുടെ നിർമ്മാണം |
| സഹകരണം പട്ടികജാതി | 1. | സിമന്റ് ഇഷ്ടിക നിർമ്മാണം |
| | 2. | കുട്ടികൾ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം |
| | 3. | കിടക്ക. തലയണ കുഷ്യനുകൾ |

## ടൂറിസം വികസനം

സർക്കാർ ടൂറിസത്തെ വ്യവസായമായി അംഗീകരിച്ചിരിക്കുകയാണല്ലൊ. കോഴിച്ചെന NH.17 ൽ പി.ഡബ്ല്യൂയു.ഡി.യുടെ കൈവശമുള്ള ഭൂമി ഏറെറടുത്ത് ടൂറിസ്റ്റുകൾക്ക് വിശ്രമിക്കാനുള്ള ടെന്റുകളും ഹോട്ടലും പണിയാം. പാർക്കിംഗ് സൗകര്യം വേണ്ടത്രയുള്ളതിനാൽ മോട്ടലും നടത്താം.

## വൻകിടവ്യവസായം

പഞ്ചായത്തിൽ വൻകിട വ്യവസായം തുടങ്ങാനുള്ള സാധ്യത പൊതുവെ കുറവാണ്. ജനസാന്ദ്രത കൂടിയതും, ഭൂമിയുടെ ലഭ്യതക്കുറവും, വെള്ളത്തിന്റെ രൂക്ഷമായ ക്ഷാമവും, വൈദ്യുതിയുടെ ലഭ്യതക്കുറവും, അസംസ്കൃത വസ്തുക്കൾ വിദഗ്ധ തൊഴിലാളികൾ എന്നിവയുടെ ലഭ്യതക്കുറവും മറ്റും സാധ്യത ഇല്ലാതാക്കുന്നു. സർക്കാർ ഉടമയിലുള്ള വ്യവസായങ്ങൾ ഒന്നും തന്നെ ഇവിടെയില്ല്. P.W.D. കൈവശമുള്ള N.H17 ലെ 8 ഏക്ര സ്ഥലത്ത് ഒരു സ്റ്റീൽ റീറോളിങ്ങ് മില്ലോ, സ്പിന്നിംഗ് മില്ലൊ സ്ഥാപിക്കാം

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

ഗ്രാമസഭാ നിർദ്ദേശങ്ങളെ താഴെക്കാണും വിധം സംഗ്രഹിച്ചിരിക്കുന്നു.

1. വ്യവസായം തുടങ്ങാനുവാശ്യമായ മാർഗ നിർദ്ദേശങ്ങളും വായ്പകളും ലഭ്യമാക്കുക.

2. വിവിധ തൊഴിലുകളിൽ പരിശീലനം നടത്താൻ സാധ്യതയുണ്ടാക്കാനായി ഒരു ട്രൈസ്സം യൂണിറ്റ അനുവദിക്കുക.

3. നിലവിലുള്ള യൂണിറ്റുകൾക്ക് ആവശ്യമായ തൊഴിലുപകരണങ്ങളും, പൾവറൈസർ, റൈസ്മിൽ, ഒയൽമിൽ എന്നിവക്ക് യന്ത്രങ്ങളും ലഭ്യമാക്കുക.

4. സഹകരണാടിസ്ഥാനത്തിൽ വനിതാ വസ്ത്രനിർമ്മാണ യൂണിറ്റു തുടങ്ങാൻ സ്ഥലം ലഭ്യമാണ് അതിന്നായി തയ്യൽമെഷീൻ, തുണി എന്നിവ ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കണം.

5. കോഴി വളർത്തൽ യൂണിറ്റ് തുടങ്ങാൻ നല്ല സാധ്യതയുണ്ട്. വിപണനവും പ്രശ്നമല്ല അതിനാൽ

യൂണിറ്റു തുടങ്ങാൻ ധനസഹായം സംരംഭകർക്ക് ലഭ്യമാക്കണം.

6. തേനീച്ച വളർത്തൽ പളുവളർത്തൽ ആടു വളർത്തൽ എന്നിവ കൃഷി മേഖല മെച്ചപ്പെടുന്നതോടെ തുടങ്ങാൻ സാധിക്കും നിർദ്ദേശങ്ങലും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കണം.

7. ഉള്ള ചെറുകിട വ്യവസായങ്ങൾ നന്നായി നടത്തി ക്കൊണ്ടു പോകുന്നതിന്നായി വൈദ്യുതി അനസ്യൂതമായി ലഭിക്കുന്ന എന്നുറപ്പാക്കുക.

8. വ്യവസായിക സംരംഭങ്ങൾ തുടങ്ങാൻ ബോധവൽക്കരണം നടത്തുക.

## പൊതു നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന ആളുകൾക്ക് ഇപ്പോഴുള്ള അവരുടെ ആശങ്കയകറ്റുന്നതിന് വിജയകരമായ രീതിയിൽ വ്യവസായങ്ങൾ നടത്തി ക്കൊണ്ടു പോകുന്ന വരുമായി ചർച്ചകൾ നടത്തുന്നതിനും, കാര്യങ്ങൾ നേരിൽക്കണ്ടു പഠിക്കുന്നതിനും അവസരമൊരുക്കുക.

2. വൈദ്യുതിയുടെ ക്ഷമത ഉറപ്പവരുത്തുന്നതിന് നിലവിലുള്ള എല്ലാ ലൈനുകളും ത്രീഫയ്സ് ലൈനാക്കി മാറ്റാനാവശ്യമായ നടപടി സ്വീകരിക്കുക.

3. ഉപഭോഗം കുടുന്നതിനനുസരിച്ച് കൂടുതൽ ട്രാൻസ് ഫോർമറുകൾ യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കുക.

4. വ്യവസായം തുടങ്ങുന്നതിനു താത്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുകയും പട്ടിക ശേഖരിക്കുകയും ചെയ്യുക. അഭിരുചിക്കനുസരിച്ച് സംരംഭകർക്ക് പരിശീലനം നൽകുക. പരിശീലനം നൽകുന്നതിന്നായി താഴെ പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്ഥിരം പരിശീലന കേന്ദ്രം ജില്ലാതലത്തിൽ തുടങ്ങുക .

a. ജില്ലാ വ്യവസായ കേന്ദ്രം - മലപ്പുറം

b. ചെറുകിട വ്യവസായ പരിശീലന കേന്ദ്രം- തൃശൂർ

c. കേരള സംസ്ഥാന വ്യവസായിക സാങ്കേതിക അന്വേഷണ സംഘങ്ങൾ - എറണാകുളം.

5. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6. ഉല്പന്നങ്ങളുടെ മാർക്കറ്റിംഗിനാവശ്യമായ പ്രചരണ പരിപാടികൾ ആവിഷ്ക്കരിക്കുക.

7. വ്യവസായ സംരംഭകൾക്ക് പ്രേരണയും ദിശാബോധവും നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ പങ്കെടുപ്പിച്ച് വ്യവസായ സെമിനാറുകൾ സംഘടിപ്പിക്കുക.

8. ഗൾഫിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടു തിരിച്ചു വരുന്ന വരെയും അഭ്യസ്ഥവിദ്യരെയും സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ സാഹചര്യമൊരുക്കുക.

9. പട്ടികജാതിക്കാർക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ കഴിയുമാറ് അവർക്കു ലഭിക്കുന്ന ,സൗജന്യങ്ങളെക്കുറിച്ചും മുൻഗണനയെക്കുറിച്ചും അവരെ ബോധവാന്മാരാക്കുക.

മുമ്പു പഞ്ഞ നിർദ്ദേശങ്ങൽ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചു നടപ്പിലാക്കിയാൽ പഞ്ചായത്തിൽ ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായരംഗത്ത് കാര്യമായ ചലനം സൃഷ്ടിക്കാൻ കഴിയും. നമുക്കാവശ്യമുള്ള നിത്യോപയോഗ സാധനങ്ങൾ കുറെയൊക്കെ ഇവിടെത്തന്നെ ഉദ്പാദിപ്പിക്കപ്പെടാനും അതുവഴി എല്ലാറ്റിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കാനും കഴിയും. കാർശികമേഖല പുരോഗമിക്കുന്നതൊടൊപ്പം മൃഗസംരക്ഷണവും മെച്ചപ്പെട്ടതാക്കാനും അതുവഴി വരുമാനം കൂടുന്നതിനനുസരിച്ച് പണം വ്യവസായ മേഖലയിൽ മുടക്കുന്നതിനും ഒഴിലു സമയങ്ങൾ സാർഥകമായി ഉപോയഗിക്കാനാവുകയും ചെയ്യും. സാമ്പത്തിക രംഗത്തെ പുരോഗതി ആളോഹരി വരുമാനം വർധിപ്പിക്കുകയും അതു വഴി സമൂഹത്തിലന്റെ ക്രയശേഷി വർധിക്കുകയും ചെയ്യും ഇത് ജനങ്ങളുടെ സാംസ്ക്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർന്നു വരാൻ കാരണമാവുകയും ചെയ്യും.

# 6. 4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

ജനങ്ങളുടെ പ്രയത്നവും പരസ്പര സഹകരണവുമാണ് നാടിന്റെ വികസ പ്രക്രിയയെ ത്വരിതപ്പെടുത്തുന്നത്. ജനങ്ങൾ സംഘ ബോധമുള്ളവരും അദ്ധ്വാന ശീലരുമാണെങ്കിൽ മാത്രമെ നാടിന്റെ പുരോഗതിയും ജനങ്ങളുടെ ജീവിത നിലവാരവും മെച്ചപ്പെടലും ഒന്നിച്ചു നടക്കൂ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ നിലവിൽ വന്ന തെന്നല പഞ്ചായത്തിലൽ ചങ്കുവെട്ടി മുതൽ തരൂരങ്ങാടി പഞ്ചായത്തിലെ വെന്നിയൂർവരെയുള്ള ഒരു റോഡുമാത്രമെയുണ്ടായിരുന്നുള്ളൂ. ഈ റോഡാണ് 1961 ൽ കന്യകുമാരി- ബോംബെ നാഷലൻ ഹൈവെ 17 ന്റെ ഭാഗമായി മാറിയത്. പിന്നീട് നിർമ്മിച്ച വെന്നിയൂർ തൂർപ്പിൽ റോഡിൽ തിരൂരങ്ങാടി പഞ്ചായത്ത് അതിർത്തിയായ് കപ്രാട് മുതൽ നന്നമ്പ്ര പഞ്ചായത്ത് അതിർത്തിവരെയുള്ള 2.5 കി.മീ. റോഡും പഞ്ചായത്തിലൂടെ കടന്ന് പോകുന്നു. 1964 ൽ ആദ്യമായി പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുകയും തുടർന്ന് രൂപം കൊണ്ട ഭരണ സമിതിയുടെ താൽപ്പര്യത്തോടെ നാട്ടുകരുടെ ശ്രമദാനമായി പൂക്കിപറമ്പ്-അറക്കൽ റോഡ് നിലവിൽ വന്നു. തുടർന്ന് ജനപങ്കാളിത്തത്തോടെ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ അനേകം റോഡുകൾ നിലവിൽ വന്നു. ഇങ്ങിനെയൊക്കെയാണങ്കിലും മതിയായ വീതിയില്ലാത്ത താണ് റോഡ് രംഗത്തെ വികസനത്തിന് വിഘാതമായി നിൽക്കുന്ന ഘടകം 1988 ൽ നിലവിൽ വന്ന പഞ്ചായത്ത് ഭരണ സമിതിയുടെ കാലത്താണ് പഞ്ചായത്തിലെ വിവിധ റോഡുകൾ ടാർ ചെയ്യുന്നത് പ്രക്രിയ തുടങ്ങിയത്. പഞ്ചായത്തിലെ 35 മീറ്റർ നീളം വരുന്ന റോഡുകളിൽ 12 കി.മീ. മാത്രമാണ് ടാർ ചെയ്യാൻ സാധിച്ചത്.

പഞ്ചായത്തിലെ റോഡ് പട്ടിക പരിശോധിച്ചാൽ ശോചനീയാവസ്ഥ മനസ്സിലാക്കാവുന്നതാണ്

### പ്രശ്നങ്ങൾ

1. 8.6 മീറ്റർ വീതിയുള്ള റോഡുകൾ ഒന്ന് രണ്ടെണ്ണം മാത്രമാണ്.

2. റോഡുകൾ വേണ്ടത്ര വീതിയില്ല.

3. ഡ്രയിനേജ് ഇല്ലാത്തതനിനാൽ കാലവർഷം കഴിഞ്ഞാൽ ഗതാഗതം യോഗ്യമല്ലാതാകുന്നു.

4. ഓവു പാലങ്ങളില്ലാത്തതിനാൽ വെള്ളം കെട്ടിനിൽക്കുന്നു.

5. തീരദേശ ബ്ലോക്കിൽ പെടാത്തതിനാൽ ജെ.ആർ.വൈ. ഫണ്ടനുവദിക്കാൻ 8 മീറ്റർ വീതി വേണം.

6. ഗ്രാമദാന മായി നിർമ്മിക്കുന്ന റോഡുകൾ സാങ്കേതിക കാരണത്താൻ ഏറ്റെടുക്കുവാൻ കഴിയുന്നില്ല.

7. ഗ്രാമ പഞ്ചായത്തുകളിൽ റോഡ് സൂപ്പർവിഷൻ വിവിധ ഏജൻസികളായതിനാൽ ഫണ്ടനുവദിച്ചവ തന്നെ പൂർത്തീകരിക്കാൻ കാലതാമസ വരുന്നു.

8. സർക്കാർക്കാർ സഹായങ്ങൾ നിബന്ധനയോടെ നൽകുന്നതിനാൽ റോഡുകൾക്ക് വിനിയോഗിക്കാൻ പറ്റുന്നില്ല.

പട്ടിക 1

അവലംബം പഞ്ചായത്ത് റോഡ് റജിസ്റ്റർ

## ഭാഗിമായി ടാർ ചെയ്ത റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റജി നമ്പർ | റോഡിന്റെ പേര് | ആകെ നീള മീ. | ടാർചെയ്ത മീ. | ബാക്കി മീ. | വീതി മീ. |
|---|---|---|---|---|---|---|---|
| 1. | 1.2 | 1 | കൊടക്കല്ല്-മണ്ണത്തനാണ് പിടിവെസ്റ്റ് ബസാർ റോഡ് | 1410 | 1160 | 250 | 5 |
| 2. | 1.2 | | 33 ആലുങ്ങൾ-കൊടക്കല്ല് | 147 | 300 | 1170 | 5 |
| 3. | 3 | 32 | ആലുങ്ങൾ കുറ്റിപ്പാലം | 500 | 315 | 185 | 4 |
| 4. | 4 | 20 | അറക്കലങ്ങാടി-മൂച്ചിത്തറ | 1292 | 600 | 692 | 6 |
| 5. | 4 | 31 | ചെനക്കൽ പടി-അപ്പകർത്താൽ | 810 | 200 | 610 | 6 |
| 6. | 5 | 22 | മണ്ണാർപടി-അപ്പതോട് | 1100 | 350 | 750 | 4 |
| 7. | 1.5.2 | 40 | അറക്കൽ-അപ്പപാടംതട്ടാർപടി -കപ്രാട്പടി | 1650 | 650 | 1000 | 4 |
| 8. | 2.3.4 5.9 | 12-47 | പൂക്കിപറമ്പ്-അറക്കൽ-ഒഴൂർ | 4520 | 3815 | 705 | 4-8 |
| 9. | 6 | 34 | കാച്ചടി-കാളികടവ് | 290 | 190 | 100 | 3 |
| 10. | 6 | 9 | പെരുമ്പുഴ-വെന്നിയൂർ | 640 | 250 | 390 | 4 |
| 11. | 7 | 13 | വെന്നിയൂർ-വാളക്കുളം ചിറ | 1492 | 650 | 842 | 4 |
| 12. | 8 | 5.25 | കൂമൻകല്ല്-തിരുത്തി കൊന്നിക്കൽ ഇടവഴി | 867 | 220 | 647 | 4 |
| 13. | 8.10 | 14 | കണ്ടംചിറ-കുണ്ടുകുളം ജമാമസ്ജിത് | 750 | 300 | 450 | 5 |
| 14. | 8 | 30 | കോഴിച്ചെന-ചൊവ്വരമാട് | 1640 | 1640 | nil | 4 |
| 15. | 10 | 3 | പൂക്കിപറമ്പ്-വാകയിൽ ചോല | 728 | 490 | 238 | 4 |
| 16. | | | കോഴിച്ചെന-വെന്നിയൂർ N.H. | 2500 | 2500 | | |
| 17. | | | വെന്നിയൂർ-താനൂർ-തിരൂർ റോഡ് N.H | 2500 | 2500 | | |
| 18. | 6 | 7 | പെരുമ്പുഴ N.S.S. | 640 | 340 | 300 | 4 |
| 19 | | | കൊടക്കല്ല്-ചുള്ളിപ്പാറ റോഡ് | 350 | 30 | – | 5 |

## പട്ടിക 2

### തീരെ ടാർ ചെയ്യാത്തവ

| ക്രമ നമ്പർ | വാർഡ് | രജി.നമ്പർ | റോഡിന്റെ പേര് | നീളം മീ. | വീതി. മീ. |
|---|---|---|---|---|---|
| 1 | 4 | 18 | കർത്താൽ-പൂക്കിപറമ്പ് | 500 | 4 |
| 2 | 4 | 38 | കർത്താൽ-I.S.M.മദ്രസ്സ | 150 | 4 |
| 3. | 4,9 | 41 | കുന്നാൾപാറ-അപ്യത്ത് ഇടവഴി | 1000 | 3 |
| 4. | 5 | 46 | അപ്പമാട്-പരുന്തിയിൽ തോട് | 305 | 4 |
| 5. | 5 | 39 | ജാറം അപ്പപാടം | 826 | 3 |
| 6. | 5 | 23 | അത്താണികുണ്ട്-അപ്പതോട് | 400 | 3 |
| 7. | 5 | 45 | ആശാരി പടി-കാവുപടി | 378 | 3 |
| 8. | 5 | 11 | പോത്ത്കുണ്ട് ഫുട്പാത്ത് മാടപറമ്പ് | 380 | 4 |
| 9. | 6 | 27 | വെന്നിയൂർ-കരുവാരക്കുഴി | 730 | 3 |
| 10. | 6 | 36 | വെന്നിയൂർ-മുള്ളൻമട | 640 | 4 |
| 11. | 6 | 35 | വലിയ പറമ്പ്-പെരുമ്പുഴ | 500 | 3 |
| 12. | 7 | 43 | പുളിനിൽക്കുന്നതൊടി-കുളങ്ങര മദ്രസ്സ | 255 | 3 |
| 13. | 7-10 | 21 | കുണ്ടംചെന-പപ്പാലിപറമ്പ്-ആലുങ്ങൾപടി | 1100 | 4 |
| 14. | 6-7 | 42 | ആർമട-തറയിൽപടി | 750 | 3 |
| 15. | 7 | 8 | ആർമടം കുളങ്ങര പള്ളി | 1118 | 4 |
| 16. | 9 | 2 | തുറക്കൽ-ജുമാമസ്ജിദ് | 1200 | 3 |
| 17. | 10 | 15 | കുണ്ടം ചിന-ഹരിജൻ കോളനി-വരിയത്ത് പാറ | 1000 | 4 |
| 18. | 10 | 6 | പൊറ്റേങ്ങൽ പടി-വാരിയത്ത് പാറ വീട്ടിൽ പള്ളിയാലിൽ | 730 | 4 |
| 19. | 10 | 29 | വാരിയത്ത്പാറ-ആലുങ്ങൽ പടി | 415 | 3 |
| 20. | 10 | 28 | പൂക്കിപറമ്പ്-കെ.എച്ച്.എം.എച്ച്.എസ്. | 160 | 3 |
| 21 | 10 | 26 | കുണ്ടുകുളം-വാകയിൽ ചോല-ഇ.കെ പടി | 617 | 6 |
| 22. | 10 | | നെച്ചിയിൽ-കരുനെച്ചി | 350 | 3 |
| 23 | 61 | 7 | താറയിൽ മദ്രസ്സ്-മണ്ണാം പറമ്പ് | 350 | 3 |
| 24. | 19 | | മണ്ണാംതോട്-തുറക്കൽ | 200 | 3 |
| 25 | 24 | | കല്ലിട്ടേങ്ങര ഫുട്പാത്ത് | 250 | 3 |
| 26. | 37 | | കറുത്താൽ-പുത്താംകുളം | 385 | 3 |
| 27 | 44 | | തുറക്കൾ കുണ്ടുതോട് ഫുട്പാത്ത് | 50 | 2.5 |

## പട്ടിക മൂന്ന്

### പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം മീ. | വീതി.മീ. |
|---|---|---|---|---|
| 1 | 1 | പറമ്പിൽ മൊയ്തീൻ സ്മാരക | 400 | 3 |
| 2. | 1 | തെന്നല-തീരൂരങ്ങാടി-നന്നമ്പ്ര പഞ്ചായത്തുകളുടെ അതിർത്തിയായിരുന്ന ചിറ്റിയൽ | 300 | 3 |
| 3 | 2 | മേലെത്തൊടു -വരിക്കോട് | 400 | 3 |
| 4. | 6 | ടിപ്പുസൽത്താൻ | | |
| 5. | 3 | കുറ്റിപ്പാല-കൊഴക്കോട്ടിൽ പടി | | |
| 6. | 5 | കളത്തിങ്ങപടി-അപ്ലതോട് | | |
| 7. | 5 | കുറ്റിയിൽ ഇടവഴി അപ്ലപാടം പാലം | | |
| 8. | 5 | അപ്ലചോല-പൂക്കിപറമ്പ് | | |
| 10. | 8 | കുണ്ടുകുളം-കോതളം | | |
| 11. | 7 | മണ്ണാത്തിചിന-ആർമട | | |
| 12. | 89 | തറയിൽ തുറക്കൽ | | |
| 13. | 9 | ഒഴൂർ-തറയിൽ കുണാൾ പാറ | | |

## പട്ടിക 3

### ഇടവഴികൾ റോഡാക്കി മാറ്റേണ്ടവ

| ക്രമ നമ്പർ | വാർഡ് | ഇടവഴിയുടെ പേര് |
|---|---|---|
| 1 | 1 | മടത്തിൽ -മറക്കൽ പാടത്തേക്ക് |
| 2 | 1 | കപ്രാട്പടി-മങ്ങലക്കാട് |
| 3 | 1 | തച്ചമ്മാട്-പൈതൽപ്പള്ളി-കുറ്റിക്കാട്ടുപാറ |
| 4 | 1 | ഇരുമ്പിളി |
| 5 | 1 | തുർപ്പ്-മറക്കൽപാടം-കന്ന |
| 6. | 1 | വലിയേടത്തിൽ |
| 7. | 1 | വല്ല്യവീട്ടിൽ പറമ്പ് |
| 8 | 1 | കൊല്ലേരി |
| 9 | 1 | കളത്തിങ്ങൽ തൊടു-ഉള്ളാട്ടുപാറ |
| 10. | 1 | കൊടക്കല്ല്-പൂളാംകണ്ടം-കോറാണത്ത് |
| 11 | 1 | കൊന്നക്കൽ-കള്ളിയത്ത് |
| 12. | 2 | ചെമ്മലപ്പടി-മണ്ണത്താനത്ത് പടി |
| 13. | 2 1,2 | വാർഡുകളുടെ അതിരായി അപ്ലപ്പാടത്തേക്കുള്ള ചങ്കരത്ത് |

| | | |
|---|---|---|
| 14. | 2 | എരണി-പുളിക്കൽ തോടി - പാടം |
| 15. | 1 | കോഴിന്റെക്കിപ്പാറഉള്ളാട്ടിയിൽ പള്ളി |
| 16. | 3 | കാളമ്പ്ര-അപ്യാത്ത് |
| 17. | 8 | കണ്ടംചിറകുണ്ടുകുളം |
| 18. | 5 | കൈപ്പളി |
| 19. | 5 | പൂക്കിപ്പറമ്പ് ഓവുപാലം-അപ്ലപ്പാടം |
| 20. | 5 | നേർച്ചപാറ |
| 21- | 5 | കർത്താൻ-കുനംപാറ |
| 22 | -8 | ചേവരമാട് മുതൽ തിരുത്തി മുജാത്ത് പള്ളി |
| 23. | 9 | പാലക്കൽ - കരിങ്കപാറ |
| 24 | 10 | കുണ്ടൻചിന ഹരിജൻ സ്മശാനം വഴി. N.H. |
| 25. | 8 | കോഴിചെന - കൊതാളം |
| 26. | 8 | കൂമൻ കല്ല്-ഉപ്പുളി ചോല |
| 27. | 8 | കോഴിച്ചെന -അരിക്കചോല |
| 28. | 8 | കുണ്ടുകുളം-ചുള്ളിചോല |

### പട്ടിക 4

### പഞ്ചായത്തിലുള്ള റോഡുകൾ വീതി തിരിച്ച് എണ്ണം

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | ആറ് മീറ്റർ വീതിയുള്ളത് | 3 |
| 2. | അഞ്ച് മീറ്റർ വീതിയുള്ളത് | 3 |
| 3. | നാല് മീറ്റർ വീതിയുള്ളത് | 19 |
| 4. | മൂന്ന് മീറ്റർ വീതിയുള്ളത് | 17 |
| 5. | 2.5 മീറ്റർ വീതിയുള്ളത് | 1 |

9. റോഡുകൾക്കായി പ്രത്യേക ഫണ്ട് കിട്ടുന്നില്ല.

10. പുതിയ റോഡുകൾക്ക് 95 ശതമാനം ഭൂവടമകളും സ്ഥലം നൽകാൻ തയ്യാറാണെങ്കിലും ഒന്നോ രണ്ടോ പേർ സഹകരിക്കാത്ത അവസ്ഥ വന്നാൽ നിർമ്മാണം മുടങ്ങുന്നു.

11. വേണ്ടപ്പോൾ മെയ്ന്റനൻസ് നടത്താത്തതിനാൽ പൊതു ഖജനാവിന്ന് നഷ്ടം വരുന്നു.

12. ഭൂമി വില വർദ്ധനയും ജന സാന്ദ്രത കൂടുതലമായതിനാൽ സ്ഥലം നൽകാൻ വിമുഖത കാണിക്കുന്നു.

### പരിഹാര നിർദ്ദേശങ്ങൾ

1.ഭൂമി വില വർദ്ധനയും, ജന സാന്ദ്രത കൂടുതലുമായതിനാൽ വീതി കുറഞ്ഞ റോഡുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുക.

2. 6 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകളായതിനാൽ ഫണ്ടനുവദിക്കുമ്പോൾ വീതി സംബന്ധിച്ച നിബന്ധന എടുത്ത് കളയുക.

3. ഡ്രെയിനേജില്ലാത്തതിനാൽ കാലവർഷം കഴിഞ്ഞാൽ റോഡ് പൊട്ടി പൊളിയുന്നത് തടയാൻ നിലവിലുള്ള റോഡുകൾ വീതി കൂട്ടി ഡ്രെയിനേജ് സ്ഥാപിക്കണം.

4. ജനങ്ങൾ തിങ്ങി താമസിക്കാത്ത കാലി സ്ഥലങ്ങൾ കൂടുതലുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ മാതൃകയാക്കി ജെ.ആർ.വൈ. ഫണ്ട് ആസൂത്രണം ചെയ്യുന്ന തിനാൽ 8 മീറ്റർ വീതി റോഡിന്ന് വേണമെന്ന അവസ്ഥ വരുന്നു. ഇത്തരം ഫണ്ടുകൾ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുക.

5.വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങളിലെല്ലാം ഓവു പാലങ്ങൾ നിർമ്മിക്കുക.

6. ഒരു റോഡിൽ നിന്ന് തുടങ്ങി ഒരു റോഡിലൊ, വയലിലോ അവസാനിക്കുന്ന റോഡുകളോ ഏറ്റെടുക്കാവൂ എന്ന നിബന്ധന മാറ്റി കൺസന്റ് തന്നത്രയും പ്രദേശങ്ങൾ ഏറ്റെടുക്കാൻ തയ്യാറാവുക.

7. പഞ്ചായത്തുകളിൽ റോഡ് സൂപ്പർവിഷൻ നടത്തുന്നത് ലോക്കൽ വർക്സ്, ബ്ലോക്ക് എന്നിവിടങ്ങളിലെ എഞ്ചിനിയർമാരാണ്. ഇതൊഴിവാക്കി എഞ്ചിനിയർ ബ്ലോക്ക് തലത്തിലും ഓവർസിയർ രണ്ട് പഞ്ചായത്തിന് ഒന്ന എന്ന നിലയിലുമാക്കുക.

8. റോഡ് ടാർ ചെയ്യാൻ അനുവദിക്കുകമ്പോൾ വീതി നിബന്ധന ഒഴിവാക്കുകയും ഏത് തരം ഫണ്ടും റോഡിന്ന വിനിയോഗിക്കാനും അനുവദിക്കുക.

9. റോഡുകൾ നന്നാക്കാനായി മാത്രം പ്രത്യേക ഫണ്ട് അനുവദിക്കുക.

10. 90 ശതമാനത്തിൽ കൂടുതൽ ആളുകൾ ഒരു റോഡിന്ന് സ്ഥലം നൽകാൻ തയ്യാറായാൽ ബാക്കി വരുന്ന സ്ഥലങ്ങൾ ഏറ്റെടുക്കാൻ സർക്കാർ നിയമ നിർമാണം വഴി ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം നൽകുക.

ii. കാലവർഷവും, കാലാവസ്ഥയും നോക്കി റോഡുകൾ മെയിന്റൻസ് നടത്തിയാൽ പൊതു നഷ്ടം ഒഴിവാക്കാവുന്നതാണ്.

12. പാർപ്പിടത്തിന് തന്നെ ഭൂമിയില്ലാത്ത അവസ്ഥയും 10 സെന്റ് ഭൂമിയിൽ കുറവുള്ളവരും തിങ്ങി താമസിക്കുന്ന ഈ പഞ്ചായത്തിന്ന പ്രത്യേകമായി റോഡ് നിബന്ധനയിൽ ഇളവ് അനുവദിക്കണം.

### ജനകിയാ പദ്ധതിയും ജനശക്തിയും

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗം ചെലവഴിച്ചിട്ടും പരാതികൾ മാത്രം ബാക്കിയാവുകയും വിവാദ വിഷയമായി അവശേഷിക്കയും ചെയ്യുന്ന അവസ്ഥയാണ് റോഡ് രംഗം പഞ്ചായത്തിന്റെ പരിമിതമായ ധനശേഷി വെച്ച് നോക്കുമ്പോൾ റോഡ് രംഗത്തെ ആവശ്യം പൂവണിയാൻ കാലങ്ങൾ കഴിയണം ജനശക്തിയാണ് നമ്മുടെ ഈ രംഗത്തെ കൈമുതൽ. നാം തോളോട് തോൾ ചേർന്ന് സങ്കുചിത താൽപ്പര്യവും സ്വാർത്ഥ ചിന്തയും വെടിഞ്ഞ് ഒത്തൊരുമയോടെ ഒരു കൊടിക്ക് കീഴിൽ അണിനിരന്നാൽ മാത്രമെ നമ്മുടെ സ്വപ്നം സാക്ഷാൽകരിക്കപ്പെടുകയുള്ളൂ. അല്ലാതെ ഭരിക്കുന്ന സർക്കാറുകളെയൊ ജനപ്രതിനിധികളെയൊ ഗ്രാമപഞ്ചായത്തിനെയൊ പഴിപറഞ്ഞിട്ട് കാര്യമില്ല. നമ്മൾ ഇന്ന് ഉപോയഗിക്കുന്ന പല സുന്ദരൻ റോഡുകളും നമ്മുടെ പൂർവ്വികർ സ്ഥലവും സമ്പത്തും നൽകി ശ്രമദാനത്തിലൂടെ നേടിയെടുത്തതാണ്. നാടിന്ന് വേണ്ട അവർ എന്ത് ചെയ്തു എന്ന് ചോദിച്ചിരുന്നാൽ നാം പിന്നോട്ടു തന്നെയാകും പഞ്ചായത്തിലെ ഒരോ പൗരനും ഞാൻ നാടിന്ന് വേണ്ടി എന്ത് ചെയ്തു എന്നും എനിക്കെന്ത് ചെയ്യാൻ സാധിക്കുമെന്നും ചിന്തിക്കേണ്ട അവസ്ഥയിലെത്തിയിരിക്കുന്നു. ഉണരുക നാം പ്രവർത്തിക്കുകനാം.

## ഊർജ്ജം

1970 ൽ തെന്നല പഞ്ചായത്തിലെ കൊഴിച്ചെനയിലാണ് ആദ്യമായി വൈദ്യുതി പ്രകാശിതമായത്. നീണ്ട ഇരുപത്തിയാറു വർഷങ്ങൾ കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതിയെത്തയിട്ടില്ല. വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. K.S.E B ഡാറ്റാ പ്രകാരം പഞ്ചായത്തിലുള്ള 2775 ഉപഭോക്താക്കൾ വൈദ്യുതിയുപയോഗിക്കുന്നുണ്ട് ഗ്രാമ പഞ്ചായത്തിലുള്ള പകുതിയിലധികം കുടുംബങ്ങളും ഇനിയും വൈദ്യുതീ കാത്തിരിക്കുകയാണ്. കേരളത്തിൽ ഊർജ്ജത്തിന്റെ കാര്യം പറയുകയാണെങ്കിൽ വളരെ ദയനീയമാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ 90 ശതമാനവും ജലവൈദ്യുത പദ്ധതികളിൽ നിന്നാണല്ലോ അതിന്റെ ഉൽപാദനം മഴയെ ആശ്രയിച്ചുമാണ്. ഏതെങ്കിലും ഒരു വർഷം മഴ കുറയുകയാണെങ്കിൽ ഊർജ്ജത്തിന്റെ കമ്മി നികത്തുവാൻ യാതൊരു പദ്ധതികളുമില്ല. ആണവ നിലയം, താപനിലയം എന്നിവയാണതിന്ന് പോംവഴി. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ നല്ലൊരു ഭാഗവും തെക്കൻ മേഖലകളിൽ നിന്നാണ്. വടക്കൻ മേഖലയിൽ കാര്യമായ പദ്ധതികളൊ ന്നുമില്ല. ആയതിനാൽ മലബാർ മേഖലയിൽ വൈദ്യുതി ഉൽപാദിപ്പിക്കാൻ വേണ്ട പ്ലാന്റുകൾ സ്ഥാപിക്കേണ്ടതാണ്.

തിരൂരിലേക്ക് പോകുന്ന 66.K.V ടവർ ലൈനിൽ നിന്ന് ടാപ്പ് ചെയ്താണ് എടരിക്കോട് സബ് സ്റ്റേഷനിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നത്. മലപ്പുറം തിരൂർ 66. KV ലൈനിനെ മാറ്റ് ഫിഡർ എന്നാണ് വിളിക്കാറ്. ഈ ഫീഡറിൽ പീക്കവർ സമയത്ത് (വൈകുന്നേരം 6 മണിമുതൽ 10 മണിവരെ ) ശരാശരി 300–350 ആബിയർ വൈദ്യുതി പ്രവഹിക്കുന്നുണ്ട്. അതിനാൽ ഈ ഫീഡർ ഓവർ ലോഡ് ഉണ്ടാക്കുകയും കമ്പി പൊട്ടി വീഴാൻ കാരണമാകുകയും ചെയ്യുന്നു. എടരിക്കോട് സബ് സ്റ്റേഷനിൽ നിന്നുള്ള തിരൂരങ്ങാടി ഫീഡർ മിൽ ഫിഡർ എന്നീ II KV ലൈൻ ഫീഡറുകളിൽ നിന്നാണ് തെന്നല പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്.

ഈ ലൈനുകളിൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻശ്ഫോർമറുകൾ അധിക ഭാരം വഹിക്കുന്നവയാണ്.

കെ. എസ്. ഇ.ബി. കണക്കുകൾ പ്രകാരം പഞ്ചായത്തിൽ ഗാർഹിക കണക്ഷൻ 2459 ,വ്യാപാര കണക്ഷൻ 175, വ്യവസായ കണക്ഷൻ

അവലംബം K.S.E.B ഡാറ്റ

| നമ്പർ | പേര് | കപ്പാസിറ്റി | നമ്പർ | പേര് | കപ്പാസിറ്റിഠോ |
|---|---|---|---|---|---|
| 1. | വാളക്കുളം I | 100 kva | 7 | വെസ്റ്റ് ബസാർ | 160 k.v.a |
| 2. | വാളക്കുളം II | 160 kva | 8 | v.s.m | 160 k.v.a |
| 3. | കോഴിച്ചെന | 100 k.v.a. | 9 | കൊടക്കല്ല്. | 100 k.v.a |
| 4. | കർത്താൽ | 63 k.v.a. | 10 | വാരിയത്ത പാറ | 100 k.v.a |
| 5. | അറയ്ക്കൽ | 160 k.v.a. | 11 | ചെമ്മേരിപ്പാറ | 63 k.v.a |
| 6. | ഇല്ലിക്കൽ | 100 k v a | 12 | അപ്ള | 160 k. v. a |

17 കാർഷിക കണക്ഷൻ 124 എന്നിങ്ങനെയാണ്.

പഞ്ചായത്ത് പ്രദേശത്തെ ട്രാൻസ്ഫോർമറുകളെയും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തുന്നു.

പഞ്ചായത്തിലെ എല്ലാതരം ഉപഭോക്താക്കളും വോൾട്ടേജ് കമ്മിയെ സംബന്ധിച്ചും പവർകട്ട്, ലോഡ് ഷെഡിംങ്ങ് എന്നിവ സംബന്ധിച്ചും പരാതി പറയുന്നുണ്ട്. ഗ്രാമ സഭകളിൽ നിന്നുള്ള റിപ്പോർട്ടുകളിൽ അതിന്റെ രൂക്ഷത കാണാവുന്നതാണ്.

## പഞ്ചായത്തിലെ വൈദ്യുതി പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതിയെത്തിയിട്ടില്ല.

2. മലപ്പുറം - തിരൂർ 66 കെ.വി ടവർ ലൈനിൽ നിന്ന് ടാപ്പ് ചെയ്താണ് എടരിക്കോട് സബ് സ്റ്റേഷനിലേക്ക് വൈദ്യുതി യെടുക്കുന്നത്. വൈകുന്നേരം 6 മണി മുതൽ 10 മണിവരെ ഈ ലൈനിന്ന് താങ്ങാൻ കഴിയാത്ത ലോഡ് വരുന്നതിനാൽ വൈദ്യുതി ബന്ധത്തിന് തടസ്സം നേരിടുന്നു.

3. എടരിക്കോട് സബ് സ്റ്റേഷനിൽ 21 മെഗാ വാട്ട് കപ്പാസിറ്റിയാണുള്ളത് വൈകുന്നേരം 6 മണിക്കും രാത്രി 10 മണിക്കും ഇടയിൽ 28 മെഗാ വാട്ട് വൈദ്യുതി ഈ സബ് സ്റ്റേഷനിൽ ആവശ്യമായി വരുന്നതിനാൽ ഓരോ 11 kv ലൈൻ ഫീഡറുകളു അരമണിക്കൂർ വീതം ഓഫ് ചെയ്യേണ്ടിവരുന്നു.

4. തിരൂരങ്ങാടി മിൽ ഫീഡറുകൾ നിശ്ചലമായാൽ വൈദ്യുതി ബന്ധം പുന:സ്ഥാപിക്കാൻ ബദൽ സംവിധാനങ്ങൾ ഒന്നുമില്ല

5. പഞ്ചായത്തിലേക്ക് വൈദ്യുതിയെത്തിക്കുന്ന 11.KV ഫീഡർ ലൈനുകൾ വളരെ നീണ്ട് പോയി. താനൂർ വരെ വ്യാപിച്ചാണ് കിടക്കുന്നത്. ഇത് കാരണം പ്രസരണ നഷ്ടവും പവർക്കമ്മിയും അനുഭവപ്പെടുന്നു.

6. എടരിക്കോട് സബ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിർമ്മിക്കുന്ന ജനറേറ്ററിംഗ് സ്റ്റേഷൻ പണി നിർത്തൽ ചെയ്തിരിക്കുന്നു.

7. സിംഗിൾ ഫെയിസ് ലൈനുകൾ 3 ലൈനുകളാക്കാത്തതിനാൽ വോൾട്ടേജ് ക്ഷാമം നേരിടുന്നു.

8. പണമടച്ചിട്ടും വൈദ്യുതി കിട്ടാൻ കാലതാമസം നേരിടുന്നു.

9. ഡെപ്പോസിറ്റ് വർക്കിൽ ലേബർ ചാർജ് അടക്കം എസ്റ്റിമേറ്റ് തുകയടച്ചിട്ടും ലേബർ ചാർജ് ഉപഭോക്താവ് നൽകേണ്ടിവരുന്നു.

10 വാർഡുകളിലെല്ലായിടത്തും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല.

11. സമ്പത്തു കുടുംബങ്ങളിലെ സ്റ്റെപ്-അപ് കാരണം മറ്റുള്ളവർക്ക് വോൾട്ടേജ് കമ്മിയനുഭവപ്പെടുന്നു.

12. ബോർഡ് ജീവനക്കാരുടെ ചുമതലാ ബോധമില്ലായ്മയും വേണ്ടത്ര ജീവനക്കാരില്ലായ്മയും വിഷമങ്ങൾ കൂട്ടുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതിയെത്തിക്കുക.

2. മലപ്പുറം തിരൂർ 66 കെ.വി. ലൈനിൽ ഓവർ ലോഡായതിനാൽ മലപ്പുറം മുതൽ എടരിക്കോട് വരെയുള്ള ടവർ ലൈനിന്റെ കമ്പിയുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

3. എടരിക്കോട് സബ് സ്റ്റേഷനിൽ 28 മെഗാ

വാട്ട് വിതരണം ചെയ്യാനുള്ള കപ്പസിറ്റിയില്ലാത്തതിനാൽ 21 മെഗാവാട്ട് ശേഷി വർദ്ധിപ്പിക്കാൻ 8 MVA യുടെ ഒരു ട്രാൻസ്ഫോർമർ അടിയന്തിരമായി സ്ഥാപിക്കണം.

4. പരപ്പനങ്ങാടിയിലും ചേളാരിയിലും സബ് സ്റ്റേഷൻ സ്ഥാപിക്കുകയും എടപ്പാൾ സബ് സ്റ്റേഷനിൽ നിന്ന് തിരൂരിലേക്ക് ടവർ ലൈൻ വലിക്കുകയും ചെയ്താൽ ആകെയുള്ള ഒരു ഫീഡറിൽ നിന്നുള്ള വൈദ്യുതി നിലച്ചാലും തിരൂരങ്ങാടി, തിരൂർ താലൂക്കുകൾ അന്ധകാരത്തിലാകുകയില്ല.

5. 11 . kV ഫീഡറുകൾ നീളമധികമായതിനാൽ വൈദ്യുതി തടസ്സം വരുന്നത് തടയാൻ എടരിക്കോട് മുതൽ കക്കാട് വരെ ഒരു ഡ്യൂപ്ലിക്കേറ്റ് 11 കെ.വി. ഫീഡർ സ്ഥാപിക്കണം.

6. എടരിക്കോട് സബ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിർമ്മിക്കുന്ന ജനറേററിംഗ് സ്റ്റേഷൻ ഏത് സ്ത്രോതസ്സ് ഉപയോഗിച്ചായാലും വൈദ്യുതിയുൽപാദിപ്പിക്കുക.

7. സിംഗിൾ ഫെയ്സ് ലൈനുകളെല്ലാം 3 ഫെയിസ് ലൈനുകളാക്കുക.

8. പണമടച്ചാൽ വൈദ്യുതി ഉടനെ നൽകാൻ സംവിധാനം വേണം. ഇതിന്ന് ആവശ്യമായ മെറ്റീരിയൽസ് ഉടനെ അനുവദിക്കുക.

9. ഡെപ്പോസിറ്റ് വർക്കുകൾ ഡിപ്പർട്ടുമെന്റ് തന്നെ മുൻഗണനാക്രമത്തിൽ അല്ലെങ്കിൽ ലേബർ ചാർജ് ഒഴിവാക്കുക. ഉപഭോക്താവ് തന്നെ വർക്ക് നടത്തുന്നതാണ്.

10. സ്റ്റെപ്പ് - അപ് നിർബന്ധമായും എടുത്ത് കളയുക

11. എല്ലാ വാർഡിലും സ്ട്രീറ്റ് ലൈറ്റ് ഏർപ്പെടുത്തുക. ഒരു വർഷം 12 ലൈറ്റ് എന്ന നിലയിൽ നിബന്ധന എടുത്ത് കളയുക

12. പഞ്ചായത്തിലേക്ക് വൈദ്യുതി സപ്ലേ ചെയ്യുന്ന ഓഫീസ് ഗ്രാമ പഞ്ചായത്ത് പരിശോധിക്കാനും, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ജന പ്രതിനിധികളും ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള അധികാരങ്ങളും നൽകണം.

ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന പ്രധാന ആവശ്യങ്ങൾ

**വാർഡ് I**

1. കൊടക്കല്ല് ട്രാൻസ്ഫോർമർ 160 kva യാക്കി ഉയർത്തുക.

കുറ്റിക്കാട്ടു പാറയിലും 500 മീറ്റർ 11. k.v ലൈൻ വലിച്ച് തച്ചമാട് എന്ന സ്ഥലത്തും കൊടക്കല്ല് -തെയ്യാല റോഡിൽ 11 kv ലൈനിൽ തൂർപ്പിൽ എന്ന സ്ഥലത്തും ഓരോ 100 kva ട്രാൻഫോർമറുകൾ സ്ഥാപിക്കുക.

2. നിലവിലുള്ള എൽ. ടി. സിംഗിൾ ലൈനുകളെല്ലാം 3 ഫെയിസ് ലൈനുകളാക്കി മാറ്റുക.

3. വൈദ്യുതിക്ക് അപേക്ഷ നൽകിയവരുടെ വൈദ്യുതി കിട്ടാത്ത വാർഡിലെ 116 കുടുംബങ്ങൾക്ക് വൈദ്യുതി യെത്തിക്കാൻ വേണ്ടത് ചെയ്യുക

4. കാർഷികാവശ്യത്തിന്നുള്ള ലൈൻ പെട്ടെന്ന് വലിക്കണം.

**വാർഡ് 2.**

വാർഡിലെ ഉള്ളാട്ടുപാറ എന്ന സ്ഥലത്ത് 100 k.v.a ട്രാൻസ് ഫോർമർ സ്ഥാപിക്കുകയും എല്ലാ സിംഗിൾ ഫെയിസ് എൽ. ടി. ലൈനുകളും 3 ഫെയിസ് ലൈനുകളാക്കി മാറ്റുകയും ചെയ്യുക

**വാർഡ് 3.**

തെന്നല PHCക്ക് സമീപം ട്രാൻസ് ഫോർമർ സ്ഥാപിക്കയും എല്ലാ എൽ . ടി. സിംഗിൾ ലൈനുകളും ത്രീ ഫെയ്സ് ലൈനാക്കുകയും ചെയ്യണം.

ആശുപത്രി വളപ്പിൽ സോഡിയം പേപ്പർ ലാംബ് സ്ഥാപിക്കുക.

**വാർഡ് 4.**

വാർഡിലെ വൈദ്യുതിയുള്ള സ്ഥലങ്ങളിൽ തന്നെ വോൾട്ടേജില്ല. തെരുവ് വിളക്കുകൾ കത്തുന്നുമില്ല. ഉള്ള ട്രാൻസ്ഫോർമറുകൾ ഉയർത്തുകയും, സിംഗിൾ ലൈനുകളെല്ലാം 3 ലൈനുകളാക്കുകയും ചെയ്യുക

**വാർഡ് 5.**

കപ്രാട് മാട്ടിലുള്ള ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കുകയും തെക്കോട്ട് പോകുന്ന എൽ.ടി.ലൈൻ 3 ഫെയിസ് ലൈനാക്കുകയും ചെയ്യുക. വാർഡിൽ ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് ഉടനെ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുക

കർത്താൽ ട്രാൻസ് ഫോർമറിൽ നിന്ന് അപ്പ അഞ്ചാം വാർഡിലേക്കുള്ള ലൈൻ വേണ്ടത്ര വോൾട്ടേജില്ലാത്തതിനാൽ പകൽ സമയങ്ങളിൽ പോലും ഉപകാരം കിട്ടുന്നില്ല. ആയതിനാൽ മണ്ണാർപടി ഭാഗത്ത് 100 k.v. ട്രാൻസ്ഫോർമർ സ്ഥാപിക്കണം

**വാർഡ് 6**

വാർഡിലെ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കുകയും സിംഗിൾ ലൈനുകൾ 3 ലൈനാക്കി മാറ്റുകയും ചെയ്യുക.

**വാർഡ് 7**

വാർഡിൽ സ്ട്രീറ്റ് ലൈററുകൾ സ്ഥാപിക്കുക.

അപേക്ഷ നൽകിയ എല്ലാ കുടുംബങ്ങൾക്കും കാല താമസം കൂടാതെ വൈദ്യുതി നൽകുക. പാറപ്പുറം എന്ന സ്ഥലത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും സിംഗിൾ എൽ.ടി.ലൈനുകൾ 3 ലൈനാക്കുകയും ലക്ഷം വീട് കോളനിക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യുക

**വാർഡ് 9.**

വാർഡിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം. അപേക്ഷ നൽകിയ എല്ലാ വർക്കും പെട്ടെന്ന് വൈദ്യുതി കണക്ഷൻ നൽകുക. എല്ലാ ഭാഗത്തും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

**വാർഡു 10**

വോൾട്ടേജ് കമ്മി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുക. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ് ഫോർമർ സ്ഥാപിക്കുക. വാർഡിൽ വൈദ്യുതി ലൈൻ നിലവിലുള്ള എല്ലാ ഭാഗങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ അനുവദിക്കുക.

**പൊതു നിർദ്ദേശങ്ങൾ**

പഞ്ചായത്തിലെ ഉപഭോക്താക്കൾക്കായി ഒരു സെക്ഷൻ ഓഫീസ് പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കണം

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ ശേഷി വർദ്ധിപ്പിക്കുക നിലവിലുള്ള 8000 മീറ്ററോളം എൽ. ടി. സിംഗിൾ ലൈൻ 3 ലൈനാക്കണം. രൂക്ഷമായ വോൾട്ടേജ് ക്ഷാമ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക

**തെരുവ് വിളക്ക്**

തെന്നലഗ്രമ പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും സ്ട്രീറ്റ് ലൈററിന്ന് ആവശ്യമുയർന്നിട്ടുണ്ട്. 1. 7. വാർഡുകളിൽ മാത്രമാണ് 12 വീതം ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. തെരുവ് വിളക്കിന്റെ ചാർജ് ഇനത്തിൽ വർഷം തോറും 2520 രൂപ പഞ്ചായത്ത് ചെലവഴിച്ചതായി k.s.e.b രേഖയിൽ പറയുന്നു.

കെ.എസ്. ഇ. ബി. കണക്കുകൾ പ്രകാരം പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ വളരെ കുറവാണ്. എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്. ഇതിന്ന് സ്ത്രോതസ്സ് ഉപയോഗപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ തെരുവ് വിളക്കുകൾ കാണാൻ ആവശ്യമായ സോളാർ സംവിധാനം ഒരിടത്ത് സ്ഥാപിക്കുകയും അങ്ങിനെ തെരുവ് വിളക്ക് പ്രശ്നവും വൈദ്യുതി ക്ഷാമവും പരിഹരിക്കാവുന്നതാണ്.

ഇന്ധനം ലാഭിക്കുന്ന തരത്തിലുള്ള അടുപ്പുകൾ ഹരിജൻ കോളനികൾ എന്നിവിടങ്ങളിൽ സൗജന്യമായും മറ്റ് ആളുകൾക്ക് സൗജന്യ നിരക്കിൽ സബ്സിഡിയോടെ നൽകാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ ഇന്ധനം കുറവുള്ള അടുപ്പുകളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതും വൈദ്യുതി പാഴാക്കുന്നതിനെ സംബന്ധിച്ച് വിവരം നൽകേണ്ടതുമാണ്. വരുമാന പരിധി നോക്കാതെ പാചക ആവശ്യത്തിന് മണ്ണെണ്ണ പെർമിറ്റ് നൽകണം.

ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പാചക വാതകം ലഭിക്കാൻ വളരെ ബുദ്ധിമുട്ടുണ്ട്. കാരണം വാതക വിതരണ ഏജൻസികളുടെ വിതരണ പരിധിയിൽ പഞ്ചായത്ത് വരുന്നില്ലാ എന്നതാണ്. ആയതിനാൽ പാചക വാതക വിതരണ ഏജൻസികളുടെ പരിധിയിൽ തെന്നല ഗ്രാമ പഞ്ചായത്തിനെ ഉൾപ്പെടുത്തേണ്ടതാണ്. സോളാർ പാതൽ ഗൃഹാവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണെന്ന് പ്രചരണം നടത്തേണ്ടതാണ്.

**തെരുവു വിളക്ക് സംബന്ധിച്ച വിവരം**

**അവലംബം K.S.E B ഡാറ്റ**

| വാർഡ് | പേപ്പർ ലാംബ് | ബൾബ് | വാർഡ് | വേപ്പർ | ബൾബ് |
|---|---|---|---|---|---|
| 1. | 1 | 12 | 7 | 1 | 2 |
| 2 | 1 | 3 | 8 | 1 | - |
| 3 | 1 | 3 | 9 | 1 | - |
| 4 | 1 | 3 | 10 | 1 | - |
| 5 | 1 | 3 | - | - | - |
| 6 | 1 | - | - | - | - |

# മാർക്കറ്റ്

തെന്നല ഗ്രാമ പഞ്ചായത്തിൽ വിപണം നടത്തുന്നത് കൂതലായും കാർഷികോൽപ്പന്നങ്ങളാണ്. അത് തന്നെ വർഷങ്ങൾ കഴിയുന്ന മുറക്ക് കുറഞ്ഞ് വരികയാണ്.

പഞ്ചായത്തിൽ സുലഭമായി വിപണനം നടത്തുന്ന തേങ്ങാ അടക്ക, എന്നിവക്ക് പൊതു മാർക്കറ്റ് ഇല്ല. സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ ഇത് സംഭരിക്കുന്ന മാർക്കറ്റ് വേണം. പച്ചക്കറികൾ തുടങ്ങിയവ ന്യായമായ വിലക്ക് ലഭ്യമാക്കാൻ എല്ലാ വാർഡുകളിലും സഹകരണ സ്റ്റോററുകൾ തുടങ്ങണം.

കശുവണ്ടി സംഭരിച്ച് സംസ്കരിക്കാൻ നടപടിയുണ്ടാകണം. സഹകരണ സ്ഥാപനങ്ങളുടെയും ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ ആഴ്ച ചന്ത തുടങ്ങിയാൽ കർഷകർക്കും മറ്റും ഉൽപന്നങ്ങൾ ന്യായവിലക്ക് വിൽപ്പന നടത്താവുന്നതാണ്.

# 6–5 പാർപ്പിടം, സാമൂഹ്യക്ഷേമം, പൊതുവിതരണം

21 ാം നൂറ്റാണ്ടിലെ മനുഷ്യരാശിക്ക് നേരിടേണ്ട ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നായ പാർപ്പിട പ്രശനം ഈ പഞ്ചായത്തിൽ ഇപ്പോൾ തന്നെ ഗൗരവതരമാണ്.

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം താഴെ പറയുന്ന രീതിയിൽ അവലോകനം ചെയ്യുന്നു.

ഇവിടുത്തെ നിവാസികളിൽ ഭൂരിപക്ഷവും വിദ്യാഭ്യാസ പരമായും സാംസ്കാരികപരമായും ശരാശരിയിൽ താഴെയാണ്.

പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഗൾഫ് പണത്തെ ക്രിയാതമക രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. മറിച്ച് ഈ പണം ഭവന നിർമ്മാണ രംഗത്തും മറ്റ് അനാവശ്യ ചിലവുകളിലും ഒതുങ്ങി നില്ക്കുന്നു.

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന വർക്കു പുറമെ കാർഷിക മേഖലയിലും നിർമ്മാണ പ്രവർത്തനങ്ങളിലും കൂലി പണിയെടുത്തും മറ്റും ജീവിക്കുന്നവരാണ് ഈ പഞ്ചായത്തിലെ ഭൂരിപക്ഷവും

പഞ്ചായത്തിലെ 3916 വീടുകളിൽ 700 വീടുകൾ ഭേദപ്പെട്ടതും 2756 വീടുകൾ ഇടത്തരവം 460 വീടുകൾ ഓലമേഞ്ഞ തോ കുടിലോ ആണ്.

ഇതിൽ 905 വീടുകൾ കടപ്പ, മൊസൈക്ക് എന്നിവ പാകിയതും 2656 വീടുകളുടെ തറ സിമന്റിട്ടതും 355 വീടുകളുടെ തറ ചാണകം മെഴുകിയതുമാണ്. പട്ടിക നമ്പർ 1.

സമീപകാലത്തായി പഞ്ചായത്തിൽ കോൺക്രീറ്റ് വീടുകൾ നിർമ്മിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്ന വില വർദ്ധനയും, ഗൾഫു പണത്തിന്റെ ഒഴുക്കിലുണ്ടായ മാന്ദ്യവും ജന സാന്ദ്രത കൂടുതലുള്ളതിനാൽ സ്ഥലത്തിന്റെ ദൗർഭാഗ്യം ഈ രംഗത്തെ നിർമ്മാണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

വിവിധ വായ്പാ ഏജൻസികളിൽ നിന്നും വായ്പ യെടുത്ത് വീടു നിർമ്മിക്കുന്ന വരും വിരളമല്ല. പക്ഷെ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകളും, വായ്പ യഥാസമയം ലഭിക്കായ്കയും കാരണം ഈ വായ്പകൾ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണ്

പഞ്ചായത്തിൽ 500 ഓളം കുടംബങ്ങൾ സ്വന്തമായി വീടില്ലാത്ത വരാണെന്നിരിക്കെ സർക്കാർ ഏജൻസിക്കാർ വഴി ലഭ്യമായ ധനസഹായങ്ങളും വായ്പകളും കൊണ്ട് നിർമ്മിച്ച വീടുകളുടെ എണ്ണം വളരെ കുറവാണെന്ന് സ്ഥിതി വിവര ക്കണക്കുകൾ കാണിക്കുന്നു. പട്ടിക നമ്പർ 11

ഭവന നിർമ്മാണ സാധന സാമഗ്രികളുടെ അമിതമായ വിലക്കയററവും കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവും നിമിത്തം ഇടത്തരം പാവപ്പെട്ടവുരുടെ 'സ്വന്തമായൊരു വീട്' എന്ന ആഗ്രഹം വെറും ആഗ്രഹമായിത്തന്നെ അവശേഷിക്കുന്നു.

പാർപ്പിട നിർമ്മാണ രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.

ഈ സഹകരണ സംഘത്തിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാനുള്ള ശേഷിയും അധികാരങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

a. വീട് നിർമ്മാണത്തിന്നാവശ്യമായ സ്ഥലം ലഭ്യമാക്കി പ്ലോട്ട് അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചു തവണ വ്യവസ്ഥകളോടെ ആവശ്യക്കാർക്കു നല്കുക.

b. വീട് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഉള്ളവർക്ക് നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ചു വായ്പ ലഭ്യമാക്കുക.

c. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്കെത്തിക്കുന്ന ഏജൻസിയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

d. ഭവന നിർമ്മാണത്തിനാവശ്യമായ എഞ്ചിനീയർ മുതൽ ലേബർ വരെയുള്ള വരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക

e. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധനങ്ങളും (സിമന്റ്, കമ്പി, കല്ല്) സാമഗ്രികളും പൊതുജനൾക്ക് ലഭ്യമാക്കുക.

II. നിർമ്മാണ ചിലവ് 30 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് പരിധി ഏർപ്പെടുത്തുക.

III. വായ്പാ അപേക്ഷകൾ ഗ്രാമ പഞ്ചായത്ത് വഴി വിതരണം ചെയ്യുക.

IV. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ കണക്കുകൾ (രേഖകൾ) പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക

V സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

a. RLEGP, JRY, NREP എന്നിവയുടെ പരിധി 30,000 രൂപയായി ഉയർത്തുക

b. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ പരിധി 5,0,000 രൂപയായി ഉയർത്തുക

VI വീട് നിർമാണത്തിന്ന് നിർമ്മിതി തുടങ്ങിയ സർക്കാർ ഏജൻസികളുടെ സഹകരണം ലഭ്യമാക്കുക

വരുന്ന പഞ്ചവത്സര പദ്ധതികൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരമാവധി പരിഹരിക്കുക. എന്ന ലക്ഷ്യത്തിലേക്കുള്ള കൂട്ടായ്മക്കായി നമുക്ക് ഒരുമിക്കാം.

## പട്ടിക 1
### വീടുകളുടെ തരം തിരിവ്.
(വാർഡ് തലത്തിൽ )

| വാർഡ് | ടെറസ്സ് | ഓട് | ഓല | ഇരുനില | ആകെ |
|---|---|---|---|---|---|
| 1. | 59 | 323 | 59 | 72 | 513 |
| 2. | 61 | 122 | 34 | 88 | 305 |
| 3. | 55 | 167 | 19 | 11 | 252 |
| 4. | 56 | 453 | 78 | 24 | 611 |
| 5. | 103 | 341 | 50 | 18 | 512 |
| 6. | 60 | 241 | 39 | 20 | 360 |
| 7 | 21 | 164 | 43 | 11 | 239 |
| 8 | 79 | 183 | 55 | 86 | 403 |
| 9 | 66 | 247 | 39 | 16 | 368 |
| 10 | 43 | 227 | 35 | 48 | 353 |
| ആകെ | 603 | 2468 | 451 | 394 | 3916 |

## പട്ടിക നമ്പർ 2

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ എണ്ണം. | ഇനി ആവശ്യമുള്ള വീടുകളുടെ എണ്ണം. |
|---|---|---|---|
| 1. | 83 | 7 | 76 |
| 2. | 64 | 15 | 49 |
| 3. | 38 | - | 38 |
| 4. | 56 | 9 | 47 |
| 5. | 68 | 5 | 63 |
| 6. | 29 | 6 | 23 |
| 7 | 30 | 7 | 23 |
| 8 | 50 | 5 | 45 |
| 9. | 49 | 1 | 48 |
| 10 | 72 | 9 | 63 |
| ആകെ - | 539 | 64 | 475 |

വിവിധ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെയും ഇനിയും ആവശ്യമുള്ള വീടുകളുടെയും പട്ടിക (വാർഡ് തലത്തിൽ)

സ്വന്തമായൊരു കൂട് ഏവരുടെയും സ്വപ്ന മാണ്. ആ സ്വപ്ന സാക്ഷാത്കാരത്തിനായുള്ള യത്നത്തിൽ ഒരു മിക്കാം, അന്യോന്യം പങ്കാളിക ളാകാം.

## സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെ യുള്ള വരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും സംഘടിത- അസംഘ ടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളും കോർപ്പറേഷനുകളും നിരവധിയുണ്ടെ ങ്കിലും ഈ പഞ്ചായത്തിലെ നിവാസികളെ സംബ ന്ധിച്ചിടത്തോളം അവയൊക്കെ ഏട്ടിലെ പശു വാണ്.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേന യുള്ള സഹായങ്ങളാണ്. ചെറിയ തോതിലെങ്കിലും ഈ പഞ്ചായത്തിൽ ലഭ്യമാവുന്നത്.

നിലവിലുള്ള പദ്ധതികളുടെ അപര്യപ്തത പദ്ധതിയെക്കുറിച്ചു അറിവില്ലായ്മ, അർഹതപ്പെട്ട വർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധ വൽക്കരണക്കുറവ്, ആവശ്യത്തിന്നും സമയത്തിന്നു കിട്ടായ്ക, ഉപോയഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക തടസ്സങ്ങൾ എന്നിവ ഈ രംഗത്തെ പ്രധാന പ്രശ്ന ങ്ങളാണ്.

പട്ടിക ജാതി വികസന കോർപ്പറേഷൻ, വനിതാ കോർപ്പറേഷൻ എന്നിവയെക്കുറിച്ച് ഇവി ടുത്ത ഭൂരിപക്ഷം ജനങ്ങളും കേട്ടുകേൾവി പോലും ഇല്ലാത്തവരാണ്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോ ടുള്ള ഒരൊറ്റ ക്ഷേമനിധി ബോർഡ്കളും നിലവിലില്ല. കർഷകതൊഴിലാളികളും, കെട്ടിട നിർമ്മാണ തൊഴി ലാളികളും ഉണ്ടെങ്കിലും ഇവർ ഭൂരിപക്ഷവും ക്ഷേമ നിധിയിൽ അംഗങ്ങളല്ല.

പട്ടികജാതി വികസന കോർപ്പറേഷന്റെ യാതൊരു വിധ സഹായവും ഇതേ വരെ പഞ്ചായ ത്തിൽ ലഭ്യമല്ല.

വനിതാ വികസന കോർപ്പറേഷനിലൂടെ പഞ്ചായത്തിലെ വനിതകൾക്ക് ആനുകൂല്യങ്ങൾ ലഭി ക്കാറില്ല മിക്കവാറും സ്ത്രീകളും ഈ കോർപ്പറേ ഷന്റെ പ്രവർത്തനത്തെക്കുറിച്ചു തീരെ അജ്ഞരാണ് എന്നതാണ് യാഥാർത്ഥ്യം,

### പട്ടിക നമ്പർ 1

### IRDP സർവ്വെ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരും സഹായം ലഭ്യമായവരും.

വാർഡുതലത്തിൽ

| വാർഡ് | സർവ്വെ പ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ sc/st | സഹായം ലഭ്യമായ കുടുംബങ്ങൾ | ഇതിൽ sc/st | സഹായം ആവശ്യ മുള്ളവരുടെ എണ്ണം. |
|---|---|---|---|---|---|
| 1 | 158 | 5 | 25 | 5 | 110 |
| 2 | 99 | 10 | 23 | 10 | 80 |
| 3 | 73 | 2 | 15 | 2 | 55 |
| 4 | 63 | 2 | 55 | 2 | 60 |
| 5 | 144 | 2 | 23 | 2 | 125 |
| 6 | 140 | 3 | 71 | 3 | 135 |
| 7 | 106 | 6 | 40 | 6 | 100 |
| 8 | 60 | 2 | 50 | 2 | 45 |
| 9 | 147 | 3 | 42 | 3 | 125 |
| 10 | 90 | 2 | 34 | 2 | 85 |

സാമൂഹ്യ ക്ഷേമ രംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വേങ്ങര ബ്ലോക്കിന്റെ കീഴിലുള്ള രണ്ട് VEO സർക്കിൾ വഴി ലഭ്യമായിട്ടുള്ള പദ്ധതി കളെ സംബന്ധിച്ചുള്ള പട്ടിക ഒന്നിൽ ചേർക്കുന്നു.

തെന്നലയിലെ രണ്ട് veo സർക്കിളുകളിലായി IRDP സർവ്വെയിൽ 958 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ള വരായി കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 154 കുടുംബങ്ങൾക്ക് മാത്രമെ IRDP പദ്ധതി പ്രകാരം നാമമാത്രമായിട്ടെങ്കിലും സഹായം ലഭ്യമായിട്ടുള്ളൂ. ഈ പദ്ധതികളെ ക്കുറിച്ചുള്ള ഗവൺമെന്റിന്റെ നിബന്ധനകൾ കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്.

ദാരിദ്ര്യ രേഖയുടെ പരിധി 30,000 രൂപയെങ്കിലും ആക്കി ഉയർത്തേണ്ടതാണ്. ഗുണ ഭോക്താക്കളെ കണ്ടെത്താൻ എല്ലാവർഷവും സർവ്വെ നടത്തണം.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ നല്കുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. ദേവൻ പ്രസാദിച്ചാലും പൂജാരി കനിയില്ല. എന്ന നിലപാടാണ് മിക്ക ദേശസാൽകൃത ബാങ്കുകളും ഗുണഭോക്താക്കളോട് സ്വീകരിക്കുന്നത്.

സഹകരണ മേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചു സഹകരണ ബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ വേണ്ട നടപടി സർക്കാർ സ്വീകരിക്കണം.

## D. W. C. R. A

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിൽ കൂടുതലോ വനിതകൾ കൂട്ടായി നടപ്പാക്കുന്ന ഈ തൊഴിൽ സംരംഭത്തിനും നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര പ്രചാരം കിട്ടുന്നില്ല.

ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ അഞ്ചു യൂണിറ്റുകൾ ആരംഭിച്ചുവെങ്കിലും അഞ്ചാം വാർഡിലുള്ള ഒരു യൂണിറ്റ് മാത്രമെ ഇപ്പോൾ നന്നായി പ്രവർത്തിക്കുന്നുള്ളൂ.

ഓരോ പ്രദേശത്തും പുതിയ യൂണിറ്റുകൾ തുടങ്ങുവാനും മറ്റും വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നല്കുവാനും യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും അതത് പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തകരടങ്ങുന്ന ഒരു കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. ആടുവളർത്തൽ, റെഡിമെയ്ഡ് വസ്ത്ര നിർമാണം. പപ്പട നിർമ്മാണം. കുട

## പട്ടിക നമ്പർ 2

## DWCRA സഹായം ലഭ്യത കണക്ക്

(വാർഡ് തലം)

| വാർഡ് | തൊഴിൽ സംരംഭം ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത |
|---|---|---|---|---|
| 1. | ആട് വളർത്തൽ | 91 92 | 8 | ആട് വളർത്തുന്നുണ്ട് |
| 2 | - | - | - | - |
| 3 | - | - | - | - |
| 4 | - | - | - | - |
| 5. | പൊടിമിൽ | 90 91 | 12 | വിൽപന നടത്തുന്നു. |
| 6. | ആട് വളർത്തൽ | 91 92 | 8 | ബാങ്ക് ലോൺ തീർത്തു തൃപ്തികരം |
| 7 | - | - | - | - |
| 8 | കൊപ്ര സംഭരണം | 91 92 | 10 | ബാങ്ക് ലോൺ തീർത്തുത ഇപ്പോൾ പ്രവർത്തനമില്ല |
| 9 | - | - | - | - |
| 10. | ആട് വളർത്തൽ | 88 89 | 15 | ബാങ്ക് ലോൺ തീർത്തു. പ്രവർത്തനം മോശം |

## സാമൂഹ്യ ക്ഷേമം

## പട്ടിക നമ്പർ - 3

### ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം.

| വാർഡ് | പരിശീലനം വിഷയം | പരിശീലനം ലഭിച്ചവർ | സ്വയംതൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| 1. | പ്ലാസ്റ്റിക്ക് വർക്ക് | 2 | – | 2 |
| | ഇലക്ട്രീഷ്യൻ | 1 | | 1 |
| 2. | പ്രിന്റിംങ്ങ് കമ്പോസിക്ക് | 3 | 3 | - |
| 3. | പ്ലാസ്റ്റിക് വർക്ക് ബുക്ക് | 1 | 1 | – |
| | ബയന്റിംഗ് | 1 | - | 1 |
| 4. | മോട്ടോർ മെക്കാനിക്ക് | 3 | - | - |
| | ബുക്ക് ബൈന്റിംഗ് | 2 | - | - |
| | റേഡിയോ മെക്കാനിക്ക് | 1 | 1 | -2 |
| 5. | റേഡിയോ മെക്കാനിക്ക് | 2 | 2 | |
| | ടൈലറിംഗ്, വാച്ച് റിപ്പയർ | 1 | 1 | - |
| 6. | പ്ലാസ്റ്റിക് വർക്ക് | 1 | 1 | |
| 7. | പ്ലാസ്ററിക് വർക്ക് | 12 | 7 | 5 |
| 8. | പ്ലാസ്റ്റിക് വർക്ക് | 6 | 2 | 4 |
| 9. | റേഡിയോ മെക്കാനിക്ക് | 1 | 1 | - |
| 10 | പ്ലാസ്റ്റിക് വർക്ക് | 10 | 3 | 7 |
| | മോട്ടോർ വൈന്റിംഗ് | 1 | 1 | - |
| | വെൽഡിംഗ് | 1 | 1 | - |
| | മോട്ടോർ റിപ്പയർ | 1 | 1 | - |
| | ആകെ | 52 | 23 | 19 |

നിർമ്മാണം മുതലായവ ചെറുകിട യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.

ഈ പദ്ധതിയിലൂടെ നിർമ്മിക്കപ്പെടുന്ന സാധനങ്ങൾക്ക് വിപണന സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതുണ്ട്.

### ട്രൈസം

നിർദ്ധനരായ യുവതീ യുവാക്കൾക്ക് വിവിധ മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട പരിശീലനം നല്കാനുള്ള ഈ പദ്ധതിയെക്കുറിച്ചുള്ള അജ്ഞത നിമിത്തം ഈ പദ്ധതിക്ക് വേണ്ടത്ര ഗുണഭോക്താക്കളെ ലഭിക്കുന്നില്ല. വളരെ ചുരുക്കം ചിലർക്ക് മാത്രമെ ഈ പദ്ധതിയിലൂടെ പരിശീലനം നല്കാൻ സാധിക്കുന്നുള്ളു.

പരിശീലനം നല്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കാനും ഇപ്പോൾ നല്കി വരുന്ന സ്റ്റൈപന്റ് തുക വർദ്ധിപ്പിക്കാനും വേണ്ടത്ര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

### ടൂൾ കിറ്റ് പദ്ധതി (RAP)

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ ഇതിന് അർഹതപ്പെട്ട 150 പരം ആളുകളുണ്ട്. (IRDP സർവ്വേ റിപ്പോർട്ട് അനുസരിച്ച് ) എന്ന കണ്ടെത്തിയെങ്കിലും, വെറും 40 ൽ താഴെ ആളുകൾക്കേ ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളു എന്ന് കണക്കുകൾ വെളിപ്പെടുത്തുന്നു.

**പട്ടിക നമ്പർ 04**

**ടൂൾ കിറ്റ് വിതരണപ്പട്ടിക ( വാർഡ് തലത്തിൽ)**

| വാർഡ് | അർഹതപ്പെട്ട ഗ്രാമീണ തൊഴിലുകാരുടെ എണ്ണം. | സഹായം ലഭിച്ചവർ |
|---|---|---|
| 1. | 20 | 2 |
| 2 | 10 | 5 |
| 3 | 05 | - |
| 4 | 18 | 5 |
| 5 | 26 | 3 |
| 6 | 12 | 4 |
| 7 | 18 | 8 |
| 8 | 15 | 4 |
| 9 | 14 | 3 |
| 10 | 16 | - |
| ആകെ | 154 | 34 |

ഈ പദ്ധതിപ്രകാരമുള്ള സഹായം ആവശ്യക്കാർക്ക് കിട്ടുന്നില്ല എന്നതും 95-96 വർഷത്തെ സാധനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല എന്നതും. പരക്കെയുള്ള പരാധികളാണ്.

### കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടി (CRSP)

ഗ്രാമത്തിലെ ശുചിത്വ സൗകര്യങ്ങൽ മെച്ചപ്പെടുത്തുന്നിതിന്റെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാറുകൾ സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ള വർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം ലഭിക്കുന്നു.

IRDP സർവ്വെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം 300 ൽ അധികം വരുമെങ്കിലും വെറും 53 കുടുംബങ്ങൾക്ക് മാത്രമാണ് പ്രസ്തുത പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ ധനസഹായം ലഭ്യമായിട്ടുള്ളത്. ഒരേ വർഷത്തിലായി ചുരുക്കം ചിലർക്കേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുള്ളു എന്ന് പരാതിക്ക പുറമെ അനുവദിക്കപ്പെടുന്ന തുക തീരെ കുറഞ്ഞതാണെന്ന് മനസ്സിലാവുന്നു. വർഷം തോറും കൂടുതൽ ആളുകൽക്ക് സഹായം ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

### വിവിധ സഹായ പദ്ധതികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് നിരവധി പെൻഷനുകളും വിവാഹ ധനസഹായ പദ്ധതികളും നടപ്പാക്കുന്നു വെങ്കിലും അവയൊന്നും നമ്മുടെ പഞ്ചായത്തിലെ അർഹതപ്പെട്ടവരിൽ ഭൂരിപക്ഷത്തിന്ന ലഭിക്കുന്നില്ല. നിത്യവൃത്തിക്ക് തന്നെ വളരെയധികം ബുദ്ധിമുട്ടുന്ന അവശർക്ക് നല്കുന്ന ഈ സഹായ പദ്ധതികൾ സമയാസമയം കിട്ടുന്നില്ലെന്നുള്ളത് ഗുരുതരമായ പ്രശ്നം തന്നെയാണ് തിരൂരങ്ങാടി താലൂക്ക് രൂപീകരിക്കന്നതിന് മുമ്പെ അപേക്ഷ നല്കിയതും പാസ്സായതും മായ സഹായങ്ങൾ ഇന്നേ വരെ വിതരണം ചെയ്തിട്ടില്ല. എന്നത് പഞ്ചായത്തിലെ എല്ലാ ഗ്രാമ സഭയിലും ഉയർന്ന കേട്ട പ്രധാന പരാതികളിലൊന്നാണ്.

പുതിയ താലൂക്കിന് ഫണ്ടു അനുവദിക്കാത്തതാണ് ഇതിന് മുഖ്യകാണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇത് അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ട സംഗതിയാണ്.

### പെൻഷനുകളെ സംബന്ധിച്ച്

#### വിധാപെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷന് അർഹതയില്ല എന്ന നിബന്ധന മാറ്റി

വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യ മാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനുള്ള അധികാരം ജില്ലാ ആശുപത്രി അധികൃതർക്കായതിനാലും ജില്ലാ ആശുപത്രി മഞ്ചേരിയിലായതിനാലും എത്തിപ്പെടാനുള്ള വിഷമം കാരണവും സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും കാരണവും ഈ പെൻഷൻ അർഹതപ്പെട്ട പലർക്കും കിട്ടാക്കനിയാണ്. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് നല്കേണ്ടതാണ്.

### കർഷകതൊഴിലാളി പെൻഷൻ

അർഹരായ ഒരു പാട് ആളുകൾക്ക് ഈ പെൻഷൻ കിട്ടാതെ പോവുമ്പോൾ അനർഹരായി പലർക്കും ഇത് ലഭിക്കുന്നതായി കാണുന്നു.

ഇതിന് പരിഹാരമായി ഈ പെൻഷന് അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നല്കുകയും തിരഞ്ഞെടുത്തവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

**പെൻഷൻ ആനുകൂല്യം ലഭിക്കുന്നവരുടെ പട്ടിക**

**പട്ടിക നമ്പർ 04**

(വാർഡ് തലത്തിൽ)

| | |
|---|---|
| വാർദ്ധക്യ കാല പെൻഷൻ | 37 |
| കർഷക തൊഴിലാളി പെൻഷൻ | 24 |
| വിധവ പെൻഷൻ | 16 |
| അഗതി പെൻഷൻ | 4 |
| വികലാംഗ പെൻഷൻ | 29 |
| കുഷ്ഠരോഗ പെൻഷൻ | 1 |
| കാൻസർ രോഗ പെൻഷൻ | 1 |
| മാതൃസഹായം പഞ്ചായത്ത്തലം | - |

### അങ്കണ വാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിലായി 13 എണ്ണം പ്രവർത്തിക്കുന്നു. (പട്ടിക കാണുക )

ആയിരം പേർക്ക് ഒരു അങ്കണ വാടി എന്ന ICDS ന്റെ ലക്ഷ്യത്തിലേക്കെത്താൻ ഇനിയും പതിനൊ ന്ന് അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

ഇതിനാൽ തന്നെ ഉള്ള അങ്കണവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുന്നത് കാരണം അംഗന വാടികളുടെ യഥാർത്ഥ ലക്ഷ്യം നിറവേററപ്പെടുന്നില്ല എന്ന യാഥാർത്ഥ്യം ഗൗരവമർഹിക്കുന്നു. പുത്തൻ വിദ്യാഭ്യാസ സംസ്കാരം നമ്മുടെ പഞ്ചായത്തിനെ കാര്യമായി ബാധിച്ചിട്ടുണ്ട് എന്ന് പറയാനാവില്ല. എങ്കിലും നിലവിലുള്ള അങ്കണ വാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം മാതാപിതാക്കളെ ആ രീതിയിൽ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു എന്നത് ആശങ്കാജനകമാണ്. കൂടാതെ അങ്കണ വാടികളുടെ അസൗകര്യങ്ങൾ ക്രമേണ അങ്കണ വാടികളുടെ തകർച്ചക്കു തന്നെ കാരണമാവുമെന്ന് തർക്കമറ്റ സംഗതിയാണ്.

സ്വന്തമായി സ്ഥലമില്ലാത്തതും, കെട്ടിടമില്ലാത്തതും ഉള്ള കെട്ടിടങ്ങൾ തന്നെ യഥാസമയം അറ്റകുറ്റ പണികൾ നടത്താത്തതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും അങ്കണവാടികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

അങ്കണ വാടികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സ്ഥിതിയും പരമദയനീയമാണ്. രാവിലെ 9 മണിമുതൽ വൈകീട്ട് 3.30 വരെ ജോലിചെയ്യുന്ന ഇവർ തന്നെ, ആരോഗ്യ മേഖലയിലെ പ്രയാസം സഹിച്ച് നാടിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഇവർക്ക് അർഹമായ വേതനം ലഭിക്കുന്നില്ല എന്നത് സഹതാപമർഹിക്കുന്നു. ഈ അവസ്ഥകൾക്ക് പരിഹാരം കാണേണ്ടതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ടോ JRM ഫണ്ട് ഉപയോഗിച്ചോ അങ്കണ വാടികൾക്ക് സ്വന്തമായ കെട്ടിടം ഉണ്ടാക്കുകയും അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യുക.

2. DWCRA യൂണിറ്റുകൾക്ക് നല്കുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ അനുവദിക്കുക.

3. കുട്ടികൾക്ക് പോഷകാഹാരത്തിന് നല്കുന്ന സംഖ്യയുടെ പരിധിവർദ്ധിപ്പിക്കുക

4. പുകയില്ലാത്ത (അനർട്ട്) അടുപ്പുകൾ അങ്കണവാടികളിൽ വ്യാപകമാക്കുക.

5. അങ്കണവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി

## പട്ടിക 5

### അംഗനവാടികളെ സംബന്ധിച്ച വിവരം

| ക്രമനമ്പർ | വാർഡ് | എണ്ണം | അംഗൻവാടി നമ്പർ എണ്ണം | കുട്ടികൾ ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഇല്ലാത്തത് | സ്ഥലം ഇല്ലാത്തത് | സ്ഥലം ഉള്ളത് |
|---|---|---|---|---|---|---|---|---|---|---|
| 1 | | 2 | | 80 | ഇല്ല | 2 | NA | 2 | 2 | NA |
| 2 | | 2 1 | 30 മണ്ണത്തുനാത്തു പടി | 80 | ഇല്ല | 2 | NA | 2 | 2 | NA |
| 3. | | | | | | | | | | |
| 4. | | 2 | | 40 + 38 | ഇല്ല | 2 | 1 | 2 | 1 | 1 |
| 5 | | 1 | | | | | | | | |
| 6 | | 2 | | | | | | | | |
| 7 | | 1 | | 43 | | | | | | |
| 8 | | 1 | | 20 | ഇല്ല | 1 | NA | 1 | NA | 1 |
| 9. | | 1 | | 15 | ഇല്ല | 1 | NA | 1 | 1 | NA |
| 10 | | 1 | 67 തുമ്പത്ത്പറമ്പ് | 40 | 10 | 1 | NA | 1 | 1 | NA |

അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും ചെയ്യുക.

6. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക പൊതു പ്രവർത്തനങ്ങളിൽ വർക്കർമാരെയും ഹെൽപ്പർമാരെയും സജീവമാക്കാൻ ബോധ വല്ക്കരണം നടത്തുക.

**ക്ഷേമ നിധികൾ**

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി പഞ്ചായത്തിൽ കുറെപേർ കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നുവെങ്കിലും മുഴുവനാളുകളും ക്ഷേമ നിധിയിൽ അംഗങ്ങളല്ല.

**കൈതൊഴിലാളി ക്ഷേമ നിധി**

തയ്യൽ, ബാർബർ, മരം കയറ്റക്കാർ , എന്നിവക്ക് ക്ഷേമനിധിയുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ആരും തന്നെ പദ്ധതിയിൽ അംഗങ്ങളല്ല.

ചുരിക്കത്തിൽ സാമൂഹ്യ ക്ഷേമ രംഗത്തെ പ്രവർത്തനങ്ങൾക്ക് വിലങ്ങു തടിയാവുന്നത് പദ്ധതികളുടെയും മറ്റും അഭാവമല്ല. മറിച്ച് അവ നടപ്പാക്കുന്നതിലുള്ള വിവിധതരം പ്രശ്നങ്ങളാണെന്ന് മനസ്സിലാവുന്നു. സാമൂഹ്യമോ ക്ഷേമ രംഗത്തെ സുഗമമായ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാ വുന്നതാണ്.

1. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ മറ്റു സാമൂഹ്യ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഒരു സാമൂഹ്യ ക്ഷേമ സെൽ രൂപീകരിക്കുക

2. പഞ്ചായത്തിലെ കൊടക്കല്ല്, അറക്കൽ, വെസ്റ്റ് ബസാർ, തറയിൽ, വാരിയത്ത് പാറ, പുതുക്കിപ്പറമ്പ്. പെരുമ്പുഴ തുടങ്ങി സ്ഥലങ്ങളിൽ പഞ്ചായത്ത് നോട്ടീസ് ബോർഡുകൾ ,സ്ഥാപിക്കുക

3. പഞ്ചായത്തിൽ കമ്മ്യൂണിറ്റി പോളി

ടെക്നിക്ക് പ്രോഗ്രാം നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4. പെൻഷൻ തപദ്ധതികളുടെ ചുമതല ഗ്രാമ പഞ്ചായത്തിന്ന് കൈമാറുക.

5. സർക്കാർ പ്രഖ്യാപിക്കുന്നു, നടപ്പിക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെ പറ്റി പഞ്ചായത്തിൽ നോട്ടീസ് ബോർഡുകളിലൂടെയും ലഘുലേഖകളിലൂടെയും ജനങ്ങളെ ബോധവാൻമാരാക്കുക. നിരവധി പ്രശ്നങ്ങളുടെ ഒരു കൂടാരമാണ് സാമൂഹ്യ ക്ഷേമം. മേൽ വിവരിച്ച കാര്യങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയാൽ സാമൂഹ്യ ക്ഷേമ രംഗത്തുള്ള പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്നാശിക്കാം. 6. പഞ്ചായത്തിൽ വികസനം സമിതി രൂപീകരിക്കുക.

## പൊതുവിതരണം

നമ്മുടെ പഞ്ചായത്തിൽ ആകെ 7 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്ൽ ഓട്ടാകെ 3503 കാർഡുകൾ ഉണ്ട് കൂടാതെ വാളക്കുളം അപ്പ ഭാഗത്തുമുള്ള ഒരു വിഭാഗം തിരൂരങ്ങാടി പഞ്ചായത്തിലെ വെന്നിയൂരിലെ റേഷൻ ഷാപ്പിനെ ആശ്രയിക്കുന്നുമുണ്ട്.

പഞ്ചായത്തിൽ ഇന്നേവരെ ഒരൊറ്റ മാവേലി സ്റ്റോറും പ്രവർത്തനമാരംഭിച്ചിട്ടില്ല. ഓണം വിഷു റംസാൻ തുടങ്ങിയ വിശേഷ സമയങ്ങളിൽ സിവിൽ സ്പ്ലൈസും മറ്റും സംഘടിപ്പിക്കുന്ന ചന്തകളിലേക്ക് എത്തിപ്പെടാൻ ജനങ്ങൾ വളരെയധികം പ്രയാസമനുഭവിക്കുന്നു.

സഹകരണ ബാങ്കുകൾ മുഖാന്തരം സംഘടിപ്പിക്കപ്പെടുന്ന ചന്തകൾ പഞ്ചായത്തിൽ കാര്യക്ഷമമാകുന്നില്ല.

പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ പുതിപ്പറമ്പ് അങ്ങാടിയിൽ ഒരു മാവേലിസ്റ്റോർ തുടങ്ങാനുള്ള നടപടി കൈകൊള്ളുക.

റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചു പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുക.

തറയിൽ പ്രദേശത്തുള്ള ജനങ്ങൾ റേഷൻ വാങ്ങാൻ 2 കി.മീറ്ററോളം അകലെയുള്ള വെസ്റ്റ ബാസാർ റേഷൻ ഷ്പ്പിനെയാണ് ആശ്രയിക്കുന്നത് ആയതുകൊണ്ട്, തറയിൽ ഭാഗത്ത് ഒരു റേഷൻ ഷാപ്പ് അനുവദിക്കുക.

മേലുദ്ധരിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ പൊതുവിതരണ രംഗം കാര്യക്ഷമമാക്കാം.

# 6 – 6 കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധമായ വായു വെള്ളം എന്നിവ ഒരു ജനതയുടെ ആരോഗ്യ കാര്യത്തിൽ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണെങ്കിലും, കടലുണ്ടിപ്പുഴ ഒരതിരിലൂടെ താളമിട്ടൊഴുകുന്ന തെന്നല പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും കുടിവെള്ളം ഒരു സ്വപ്നം മാത്രമാണ്. വേനൽക്കാലങ്ങളിൽ കുടങ്ങളേന്തിയ അംഗനമാർ കുടിവെള്ളത്തിന്നായി നെട്ടോട്ടമോടുന്ന കാഴ്ച ഹൃദയ ഭേദകമാണ്. പല പദ്ധതികളെ സംബന്ധിച്ചും പറഞ്ഞ് കേൾക്കാമെന്നല്ലാതെ ഒന്നും ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. പഞ്ചായത്തിലെ 23965 വരുന്ന ജനസംഖ്യയിർ 70% പേരും കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവരാണ്. പഞ്ചായത്തിലെ 3007 സാധാരണ കിണറുകളിൽ പകുതിയും വേനൽക്കാലത്ത് വെള്ളം ഇല്ലാത്തവയാണ്. കുന്നും പാറയും ഇടകലർന്ന് നിൽക്കുന്ന പഞ്ചായത്തിലെ ഭൂപ്രദേശങ്ങളിൽ വയലോരങ്ങളിൽ മാത്രമാണ് വർഷം മുഴുവനും വെള്ളം കിട്ടുന്നത്. പഞ്ചായത്ത് വിസ്തൃതിയുടെ മുക്കാൽ ഭാഗവും അതി രൂക്ഷമായ കുവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. കേരള വാട്ടർ അതോറിറ്റി വക പഞ്ചായത്ത് ഓഫീസിന്ന് സമീപം നോക്കുകുത്തിയായി 1982 ൽ 1 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ഓവർ ഹെഡ് ടാങ്ക് വളരെ മനോഹരമായി പണിതീർത്തിട്ടുണ്ട്. ഇത് വരെയായി ടാങ്കിൽ വെള്ളം എത്തിക്കാൻ ബന്ധപ്പെട്ടവർക്ക് സാധിച്ചിട്ടില്ല. തിരൂരങ്ങാടി വാട്ടർ സപ്ലൈ സ്കീമിൽ നിന്നും വെന്നിയൂരിൽ സ്ഥാപിച്ചിട്ടുള്ള ബൂസ്റ്റാർ മുഖേന കോഴിച്ചെനടാങ്കിൽ വെള്ള മെത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നറിയുന്നു. ഈ കാലത്ത് വാട്ടർ അതോറിറ്റി വിഭജനം നടക്കുകയും തെന്നല പഞ്ചായത്ത് എടപ്പാൾ ഡിവിഷന് കീഴിലും, വെള്ളം തരേണ്ട തിരൂരങ്ങാടി മലപ്പുറം ഡിവിഷന് കീഴിലുമാണ് വന്നത്. ഡിവിഷനുകൾ വേവ്വേറെ ആയതിനാൽ ഒരു ഡിവിഷനിൽ നിന്ന് മറ്റൊ രു ഡിവിഷനിലേക്ക് വെള്ളം നൽകാൻ ഡിപ്പാർട്ടുമെന്റ് വിമുഖത കാണിക്കുകയും അങ്ങിനെ ഈ പദ്ധതി അനിശ്ചിതമായി നീളുകയുമാണ് ഉണ്ടായത്. കൊടക്കല്ലിങ്ങലെ കുഴൽ കിണറിൽ നിന്ന് വെന്നിയൂർ ബൂസ്റ്ററിൽ വെള്ളം എത്തിച്ച്, കോഴിച്ചെന ടാങ്കിലേക്ക് പമ്പു ചെയ്യാൻ വിഫലശ്രമം നടത്തിയെങ്കിലും, കൊടക്കല്ല് ഭാഗത്തെ 8 പൊതു ടാപ്പുകളിൽ തന്നെ നൽകാൻ വേണ്ടത്ര വെള്ളമില്ലാഞ്ഞതിനാൽ വെന്നിയൂർ അങ്ങാടി വരെ പൈപ്പ് ലൈൻ സ്ഥാപിച്ചതോടെ ആശ്രമവും പരാജയപ്പെട്ടു. കേരള വാട്ടർ അതോറിറ്റി കൊടക്കല്ലിങ്ങൽ വിവിധ ഭാഗങ്ങളിലായ് ഈ ലൈനിൽ സ്ഥാപിച്ച 8 പൊതുടാപ്പുകളും, നേഷണൽ ഹൈവേയിൽ പൂക്കിപറമ്പിനും കോഴിച്ചെനക്കമിടയിൽ സ്ഥാപിച്ച പൊതു ടാപ്പുകളും കൊടക്കല്ല് ലൈനിൽ ഉയർന്ന പ്രദേശമായ തച്ചമാട്ടിൽ നിർമ്മിച്ച 5000 ലിററർ ശേഷിയുള്ള പ്ലാസ്ററിക്ക് ടാങ്കും നിലവിലുണ്ട്. ഈ പഞ്ചായത്തിൽ കുടിവെള്ളത്തിന്നായ് ആകെയുള്ള പദ്ധതികൾ ഇതൊക്കെ ആണ്. പഞ്ചായത്തിൽ ഹൗസ്-കണക്ഷൻ ഒന്നും തന്നെ ഇല്ല.

## വാർഡുകളിലെ പ്രധാനപ്രശ്നങ്ങൾ

### വാർഡ് 1.

വെന്നിയൂർ, തെയ്യാല റോഡ് കടന്ന് പോകുന്ന വാർഡിലെ ഉയർന്നപ്രദേശങ്ങളിലും, കുറ്റിക്കാട്ട്പ്പാറ, തച്ചമാട്, പൈതൽ പള്ളി ഇടവഴിയുടെ ഇരുഭാഗങ്ങളിലും, ചുള്ളിപ്പാറ റോഡിന്റെ സൈഡ് ഭാഗങ്ങളിലും വെസ്റ്റ് ബസാർ റോഡ്-ഉള്ളാട്ട് പാറ ഇടവഴിയുടെ

ഇരു ഭാഗങ്ങളിലും, കൊല്ലേരി ഇടവഴിയുടെ സൈഡ് ഭാഗങ്ങളിലും, കൊടക്കല്ല്- കോറാണത്ത് ഇടവഴി സൈഡ് എന്നിവിടങ്ങളിലുമുള്ള 450 കുടുംബങ്ങൾ 6 മാസത്തോളം ശുദ്ധജലക്ഷാമത്താൽ കഷ്ടത അനുഭവിക്കുന്നു.

വാർഡ് 2.

മണ്ണത്തനാത്ത് പടി ഹരിജൻ കോളനി, ഉള്ളാട്ട് പാറ, ആലുങ്ങൽ, കടേക്കൽ പള്ളി പരിസരം, വെസ്റ്റ് ബസാർ എന്നിവിടങ്ങളിൽ വർഷത്തിൽ 5 മാസത്തോളം കുടിവെള്ള ക്ഷാമം നേരിടുന്നു.

വാർഡ് 3

വർഷത്തിൽ 6 മാസവും കുടിവെള്ളക്ഷാമം നേരിടുന്നു. കുറ്റിപ്പാല മുതൽ താവുൾ പടിവരെയുള്ള ഇടവഴിയുടെ ഇരു വശത്തും, കുറ്റിപ്പാല മുതൽ തേങ്ങാമൂച്ചിക്കൽവരെയും അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു.

വാർഡ് 4.

വാർഡിൽ 4 മാസത്തിലധികം കുടിവെള്ള ക്ഷാമം നേരിടുന്നു.

വാർഡ് 5.

വാർഡിലെ കിണറുകളിലധികവും വേനൽകാലത്ത് വറ്റുന്നവയാണ്. തെക്ക്ഭാഗത്തും വടക്ക്ഭാഗത്തും കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. പഞ്ചായത്ത് കിണറിൽ വേണ്ടത്ര വെള്ളമില്ല.

വാർഡ് 6.

ഹരിജൻ കോളനി, ട്രാൻസ്ഫോർമർ പരിസരം, പാറമ്മൽ ജുമുഹത്ത് പള്ളി പരിസരം എന്നിവിടങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു.

വാർഡ് 7.

ആർമട, കുണ്ടംചിന, തറയിൽ പടി, പപ്പാലി പറമ്പ്, അലുങ്ങൽ പടി, കുളങ്ങര, പാറപ്പുറം, അത്താണികുണ്ട്, C. K. പടി, എന്നിവിടങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണ്. ആർമട, തറയിൽ പടി എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിച്ചിട്ടും വെള്ളം കിട്ടുന്നില്ല.

വാർഡ് 8.

യാസിം പള്ളി പരിസരം, കുമൻ കല്ല്, ലക്ഷം വീട്, കോളനിപ്രദേശം എന്നിവിടങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു.

വാർഡ് 9.

തറയിൽ പള്ളി ഏരിയ, കുണ്ട്യാറ, ചാത്തേരികുണ്ട്, പാലക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ള ക്ഷാമം നേരിടുന്നു.

വാർഡ് 10

ഹരിജൻ കോളനി, ആലുങ്ങൽ തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളത്തിന്നായി 11/2 കി.മീ. ദൂരം നടന്ന് വേണം വെള്ളം ശേഖരിക്കുവാൻ

## പരിഹാര നിർദ്ദേശങ്ങൾ

വാർഡ് 1.

നിലവിലുള്ള കൊടക്കല്ല് വാട്ടർ സപ്ലെ സ്കീമിൽ കുഴൽക്കിണറിൽ വെള്ളം കുറവായതിനാൽ മറക്കപ്പാടത്ത് പഞ്ചായത്ത് കുഴിച്ച് പണ്ടാറത്തിൽ കുളമൊ, അപ്പപ്പാടത്ത് പഞ്ചായത്ത് കുളമൊ ആഴം കൂട്ടി മോട്ടോർ സ്ഥാപിച്ചു നിലവിലുള്ള പൈപ്പ് ലൈനുമായി യോജിപ്പിക്കുകയും താഴെ പറയുന്ന സ്ഥലങ്ങളിലേക്ക് കൂടി പൈപ്പ് ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്താൽ വാർഡിലെ കുടിവെള്ളക്ഷാമം, പരിഹരിക്കാവുന്നതാണ്. പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ: (1) കൊടക്കല്ല്-ആലുങ്ങൽ റോഡിൽ ചങ്കരത്ത് ഇടവഴിവരെ. (2) കൊടക്കല്ല് അങ്ങാടി മുതൽ തൂർപ്പിൽ വരെ. (3) പുള്ളിപ്പാററോഡിൽ കൊടക്കല്ല് അങ്ങാടി മുതൽ പഞ്ചായത്ത് അതിർത്തിവരെ. (4) കൊടക്കല്ല് കുഴൽ കിണർ പമ്പിംഗ് സ്റ്റേഷൻ മുതൽ മണ്ണത്തനാത്ത് വളവ് വരെ (5) പൈതൽ വള്ളി ഇടവഴിയിൽ കൂടി തച്ചമ്മാട് മുതൽ കുറ്റിക്കാട്ട്പ്പാറ വരെ (6) വെസ്ററ് ബസാർ റോഡിൽ നിന്ന് തുടങ്ങുന്ന കോറാണത്ത് ഇടവഴിയിൽ കൂടി കൊടക്കല്ല്-ആലുങ്ങൽ റോഡ് വരെ. 7.കൊടക്കല്ല്–വെസ്റ്റ് ബസാർ റോഡിൽ നിന്ന വാർഡിലൂടെ കടന്ന് പോകുന്ന ഇടവഴിയിലൂടെ മദ്രസ്സാപരിസരംവരെ. 8. വല്യവീട്ടിൽ ഇടവഴിയിൽ കൂടി പഞ്ചായത്ത് അതിർത്തിവരെ. 9. കൊല്ലേരി ഇടവഴിയിവ് കൂടി ചിറ്റിയിൽ റോഡ് വരെ 10. ചുള്ളിപ്പാറ റോഡിൾ തുടങ്ങി കള്ളിയത്ത് ഇടവഴിയിൽ കൂടി പഞ്ചായത്ത് അതിർത്തിവരെ. 11. പറമ്പിൽ മൊയ്തീൻ സ്മാരക റോഡ് മുതൽ പഞ്ചായത്ത് അതിർത്തിവരെ.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

മേൽപറഞ്ഞ പദ്ധതി നടപ്പിലാക്കാൻ സാർക്കാർ നേരിട്ട് സഹായം നൽകുകയോ L.I.C. പോലുള്ള സാമ്പത്തിക ഏജൻസികളിൽ നിന്നോ വായ്പ എടുത്ത് നടത്താവുന്നതാണ്. ഈ തുക ഹൗസ് കണക്ഷൻ എടുക്കാൻ തയ്യാറുള്ള ഭൂരിഭാഗം വീട്ടുകാരിൽ നിന്നും വെള്ളക്കരമായി സർക്കാറിന്

തന്നെ തിരികെ ലഭിക്കുന്നതുമാണ്. ഇതിന് വേണ്ട സന്നദ്ധ ദസവനം നൽകാൻ വാർഡ് നിവാസികൾ തയ്യാറാണ് കുഴൽകിണർ അനുവദിക്കുകയാണെങ്കിൽ സ്ഥലം നൽകാൻ തയ്യാറുള്ളവർ വരെ വാർഡിലുണ്ട് ശ്രീ. ഉള്ളാട്ട് അയ്യപ്പൻ ഒരു കുഴൽ കിണറിന് സ്ഥലം നൽകാമെന്ന് ഗ്രാമസഭയിൽ വെച്ച് ഏൽക്കുകയും ചെയ്തു.

2. കൊടക്കല്ല് വാട്ടർ സപ്ലൈസ്കീമിൽ വെന്നിയൂർ അങ്ങാടിവരെ സ്ഥാപിച്ചിട്ടുള്ള പൈപ്പു ലൈൻ കോഴിച്ചെന ടാങ്കിൽനിന്നുള്ള ലൈനുമായി യോജിപ്പിക്കുകയും-കോഴിച്ചെന ടാങ്കിൽ വെള്ള മെത്തിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.

3. തച്ചമ്മാട്, കുററക്കാട്ട് പാറ, വലിയവീട്ടിൽ പറമ്പ്, കൊന്നക്കൽവളവ്, മണ്ണത്തനാത്ത് വളവ് എന്നീവിയടങ്ങളിൽ മേൽ വിവരിച്ച പദ്ധതിക്ക് കാലതാമസം വരികയാണെങ്കിൽ ഓരോ കുഴൽ കിണർ അടിയന്തിരമായി അനുവദിക്കണം. പദ്ധതി വന്നാൽ വാർഡിലെ 450 കുടുംബങ്ങളിലെ 3000 ത്തോളം ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതാണ്.

**വാർഡ് 2**

2. വാർഡിന്റെ പടിഞ്ഞാർ ഭാഗത്ത് വയലിൽ കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് ആലുങ്ങൾ ഭാഗത്ത് ടാങ്ക് കെട്ടി വാർഡിൽ മൊത്തം കുടവെള്ളം മെത്തിക്കാവുന്നതാണ്. മണ്ണത്തനാത്ത് ഹരിജൻ കോളനിയിൽ പൊതു കിണർ കുഴിക്കുക ഉള്ളാട്ട് പാറയിൽ ഇപ്പോഴുള്ള പൊതു കിണർ ആഴം കൂട്ടി നന്നാക്കുക. ആലുങ്ങൽ, കടേക്കൽപള്ളി പരിസരം, വെസ്റ്റ് ബസാർ എന്നീവിടങ്ങളിൽ പൊതു കിണർ കുഴിക്കുക. വെസ്റ്റ് ബസാറിന് സമീപമുള്ള കുഴൽ കിണർ നന്നാക്കി ഉപയോഗ്യമാക്കുക.

2. കൊടക്കല്ല് വെസ്റ്റ് ബസാർ റോഡിൽ 1ാാം വാർഡിൽ നിലവിലുള്ള കിണരിൽ നിന്നും പൈപ്പു ലൈൻ വെസ്റ്റ് ബസാൽ വരെ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുക.

**വാർഡ് 3**

വാർഡിന്റെ പടിഞ്ഞാര് ഭാഗത്ത് വയലിന് സമീപം കിണർ കുഴിച്ച് തെന്നല P.H.C. ക്ക് സമീപം ഓവർ ഹെഡ് ടാങ്ക് കെട്ടി പൈപ്പ് വഴി കുറ്റിപ്പാല മുതൽ താവുൾപടി വരെയുള്ള ഇടവഴിയിലൂടെ ഇരു ഭാഗത്തും കുറ്റിപ്പാലമുതൽ തേങ്ങാമൂഴ്യിക്കൽ വരെയും, വാർഡിൽ മൊത്തമായും 20 വീടിന് ഒരു പൊതു ടാപ്പു എന്ന നിലയിൽ സ്ഥ്പിച്ചാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

**വാർഡ് 4** വാർഡിലെ ഉയർന്ന പ്രദേശമായ കർത്താൽ എന്ന സ്ഥലത്ത് നിലവിലുള് കുഴൽ കിണറിനടുത്ത് ഒരു ടാങ്ക് നിർമ്മിച്ച് വെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്കു പൈപ്പ് ലൈൻ വഴിവെള്ളമെക്കാവുന്നതാണ്. ചെമ്മേരിപ്പാറ ഭാഗത്തും ഇതേ പോലെ മിനി വാട്ടർ സ്പ്ലൈ സ്കിം നടപ്പിലാക്കിയാൽ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

**വാർഡ് 5**

ജല ലഭ്യത കുടതലുള്ള അത്താണി കുണ്ട്, മാട്, തുറ എന്നീവിടങ്ങളിലൊ അപ്പപാട്ത്തെ കണ്ണ് എന്ന സ്ഥലത്ത് ഇപ്പോൾ നിലവിലുള്ള കുളമൊ ആഴം കൂട്ടി മോട്ടോർ സ്ഥാപിച്ച് പൈപ്പ് ലൈൻ വഴി വാർഡിൽ ശുദ്ധ ജല മെത്തിക്കാവുന്നതാണ്.

2. കോഴിച്ചെന ടാങ്കിൽ വെള്ള മെത്തിച്ചു n.H. 17 ലൂടെ കടന്ന് പോകുന്ന പൈപ്പ് ലൈൻ അപ്പപള്ളി റോഡിലേക്കും പോത്തിൻ കുണ്ട് റോഡിലേക്കും നീട്ടിയാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

3. വാർഡിൽ അനുവദിച്ച കുഴൽ കിണർ കുഴിക്കുകയും നാല് കുഴൽക്കിണർ കൂടി അനുവദിക്കുകയും കൂടി ചെയ്യുക ആണെങ്കിൽ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

**വാർഡ് 6**

കാവാത്ത് പറമ്പ് ഹരിജൻ കോളനി ട്രാൻസ്ഫോർമർ പരിസരം, പാറമ്മൽ പള്ളി പരിസരം, എന്നീവിടങ്ങളിൽ കുഴൽകിണർ അനുവദിക്കുക. ഇതിന് വേണ്ട സ്ഥലങ്ങൾ നൽകുവാൻ മണപ്പുറത്ത് അലവി, കടക്കോട്ട് ആമി, എം.പി. മരക്കർ മുസ്ല്യാർ എന്നിവർ സന്നദ്ധരാണ്.

2. കടലുണ്ടി പുഴ അതിരായ് ഒഴുകുന്ന വാർഡിൽ പുഴക്ക് സമീപം കിണർ കുഴിച്ച് പൈപ്പ് ലൈൻ മുഖേമ വാർഡിൽ കുടിവെള്ള മെത്തിക്കാവുന്നതാണ്.

**വാർഡ് 7**

1. കോഴിച്ചെന ടാങ്കിൽ വെള്ള മെത്തിച്ച് പൈപ്പു ലൈൻ വഴി വാർഡിൽ കുടിവെള്ള മെത്തിക്കാവുന്നതാണ് കണ്ടംചിന, പാപ്പാലി പറമ്പ്, കുളങ്ങര എന്നിവിടങ്ങളിൽ കുഴൽ കിണർ അനുവദിക്കുകയും ചെയ്താൽ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

2. കുളങ്ങര പള്ളി പരിസരത്തുള്ള പഞ്ചായത്ത് കുളം നന്നാക്കി അതിൽ മോട്ടോർ സ്ഥാപിച്ച് കണ്ടം ചിന ഭാഗത്ത് ഒരു ടാങ്ക് സ്ഥാപിച്ചാൽ ഈ വാർഡിലേയും പരിസര വാർഡുകളായ 6,10, എന്നീ

വാർഡുകളിലും കുടിവെള്ളം എത്തിക്കാൻ കഴിയും.

വാർഡ് 8

യാസിം പള്ളി പരിസരം കുമൻകല്ല് ഭാഗം കുണ്ടുകുളം, പള്ളി പരിസരം എന്നിവിടങ്ങളിലേക്ക് കോഴിച്ചെന ടാങ്കിൽ വെള്ള മെത്തിച്ച് പൈപ്പ് ലൈൻ മുഖേന വെള്ള മെത്തിക്കാവുന്നതാണ്.

2. കുണ്ടും കുളം പള്ളിക്ക് സമീപത്തെ പൊതുകിണറിൽ മോട്ടോർ വെച്ച് ലക്ഷം വീട് കോള നിയിൽ വെള്ളം എത്തിക്കാവുന്നതാണ്.

വാർഡ് 9

വാർഡിലെ വെള്ളം ധാരാളം കിട്ടുന്ന വയലോ രങ്ങളിൽ കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് പൈപ്പ് ലൈൻ മുഖേന വാർഡിൽ മൊത്തം വെള്ളം എത്തി ക്കാവുന്നതാണ് ഇതിന് പഞ്ചായത്ത് കുളം നന്നാക്കി ഉപയോഗിക്കാവുന്നതാണ്.

2. വാർഡിൽ 3 കുഴൽക്കിണർ കുഴിച്ചാൽ ഒരു പരിധിവരെ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹ രിക്കാൻ കഴിയും.

വാർഡ് 10

വാളക്കുളം ഹരിജൻ കോളനിയിലെ നിർദ്ദിഷ്ട I.H.D.P സ്കീം പെട്ടെന്ന് പണി പൂർത്തിയാക്കുക.

2. കോഴിച്ചെന ടാങ്കിൽ വെള്ളം എത്തിച്ചു വാർഡിൽ മൊത്തം പൈപ്പു ലൈൻ ഏർപ്പെടുത്തു കയും നിലവിലുള്ള പൊതു കിണർ, കുഴൽ കിണർ എന്നിവ നന്നാക്കുകയും ചെയ്താൻ വാർഡിലെ കുടി വെള്ളം ക്ഷാമം പരിഹരിക്കാവുന്നതാണ്.

### ചെറുകിട ശുദ്ധ ജല പദ്ധതികൾ

ചെറികിട പദ്ധതികളെ സംബന്ധിച്ച് മിക്ക വാർഡുകളിൽ നിന്നും നിർദ്ദേശങ്ങൾ വന്നിട്ടുണ്ടെ ങ്കിലും ചില വാർഡുകളിൽ നിന്നു മാത്രമാണ് വ്യക്ത മായ നിർദ്ദേശങ്ങൾ ഉള്ളത്. പരമ്പരാഗത ജല സ്രോത സ്സുകൾ ഉപയോഗപ്പെടുത്തി ചെറുകിട പദ്ധതികൾ വാർഡ് തലത്തിൽ നടപ്പാക്കാവുന്നതാണ്.

ഇതിന്ന് വേണ്ട മനുഷ്യാദ്ധ്വാനം സന്നദ്ധമായി നൽകുവാൻ ചില വാർഡുകൾ തയ്യാറാണെന്ന് ഗ്രാമ സഭകളിൽ ഉറപ്പു തന്നിട്ടുണ്ട്. ഇതെല്ലാം കുടിവെള്ള ത്തിന്റെ ക്ഷാമവും അത് വേനൽക്കാലത്ത് ശേഖരി ക്കാനുള്ള കഷ്ടപ്പാടുമാണ് സൂചിപ്പിക്കുന്നത്.

### ഇടത്തരം പദ്ധതികൾ

പഞ്ചായത്തിനെ രണ്ട് മേഖലകളാക്കി തിരിച്ചു ഇടത്തരം പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. കട ലുണ്ടിപ്പുഴയുടെ സമീപം 6ാംം വാർഡിലെ പെരു മ്പുഴയിൽ കിണർ കുഴിച്ച് ഇപ്പോൾ വെന്നിയൂരിൽ സ്ഥിപിച്ചിട്ടുള്ള ബൂസ്റ്റർ മുഖേനകോഴിച്ചെനടാങ്കിൽ വെള്ളം എത്തിച്ച് കൊടക്കല്ല് സ്കീമിൽ നിന്ന് വരുന്ന ലൈനുമായി യോജിപ്പിച്ചാൽ പഞ്ചായത്തിലെ 1,5,6,7,8,10 വാർഡുകളിലെ ശുദ്ധജല ക്ഷാമം പരി ഹരിക്കാവുന്നതാണ്.

2. നാലാം വാർഡിലെ കർത്താലിലുള്ള കുഴൽ കിണറിന് സമീപം ടാങ്ക് കെട്ടിട പൈപ്പു ലൈൻ സ്ഥാപിച്ചാൽ 2,3,4,9 വാർഡുകളിൽ ശുദ്ധജലമെത്തി ക്കാവുന്നതാണ്.

### പഞ്ചായത്ത് തല പദ്ധതി

തെന്നല ഗ്രാമ പഞ്ചായത്ത് അതിർത്തിയിൽ കടലുണ്ടി പുഴക്ക് ചെക്ക് ഡാം നിർമ്മിക്കുകയും, സമീപം വലിയകിണർ കുഴിക്കുകയും, ഓവർഹെഡ് ടാങ്ക് സ്ഥാപിച്ച് നിലവിലുള്ള കോഴിച്ചെന ടാങ്ക് തച്ച മ്മാട് ടാങ്ക് എന്നിവിടങ്ങളിലേക്കും കർത്താലിൽ ടാങ്ക് പണിത അതിലേക്കും പൈപ്പ് ലൈൻ മുഖേന സംയോജിപ്പിക്കുകയും പഞ്ചായത്തിലെ പൈപ്പു ലൈൻ ആവശ്യമുള്ള എല്ലാഭാഗങ്ങളിലും വെള്ളം എത്തിക്കാൻ നടപടി സ്വകരിക്കുകയും ചെയ്താൻ ഈ പഞ്ചായത്തിലെ 23965 വരുന്ന ജനസംഖ്യയിൽ 70% ഉം കുടിവെള്ളം എത്തിക്കാവുന്നതുമാണ്.

### പ്രവർത്തികമാക്കാവുന്ന മറ്റ് നിർദ്ദേശങ്ങൾ

കേരളത്തിലെ എല്ലാ സ്ഥലങ്ങളിലെപ്പോലെ തന്നെ 6 മാസത്തിൽ കൂടുതൽ മഴപെ.യ്യുന്നുണ്ടെ ങ്കിലും അത് എവിടെയും കെട്ടിനിൽക്കാതെ കടലിൽ ചെന്ന് പതിക്കുന്ന അവസ്ഥയാണ് ഉള്ളത്. പറമ്പുക ളിൽ വരമ്പുകൾ ഇടുകയും നീർകുഴികൾ കുഴിക്കു കയും ചെയ്യുക. അതേപോലെ തന്നെ വയലുകളിൽ തോട് സൈഡ് കെട്ടി തടയണകൾ നിർമ്മിച്ച് മഴ വെള്ളം സംഭരിക്കുക ഇതിനുള്ള ബോധവൽക്കരണം നടത്തുക. മഴവെള്ള സംഭരണത്തിന് കുഴികളും പൊട്ടകണറുകളും ഉപയോഗപ്പെടുത്തുക ഇതിന്ന് ധനസഹായം നൽകുക.

## ആരോഗ്യം

1984 വരെ പഞ്ചായത്തിലെ ആരോഗ്യ രംഗം ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. ആധുനിക ചികിത്സാ സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലുണ്ടാ യിരുന്നില്ല. അന്ധ വിശ്വാസ ജഡിലമായ ചികിത്സ കളും ഇന്നത്തേതിൽ കൂടുതലായി നടന്നിരുന്നു.

തിരൂരങ്ങാടി ഗവൺമെന്റ് ആശുപത്രി സ്ഥാപിതമായതിനു ശേഷം 8 കി.മീ. അപ്പുറത്തായിട്ടും ആധുനിക ചികിത്സ ലഭിക്കാൻ പഞ്ചായത്തിലെ ജനങ്ങൾ അങ്ങോട്ട് പോയി തുടങ്ങി. 1972-73 കാലഘട്ടത്തിൽ പഞ്ചായത്തിലെ കൊടക്കല്ല് എന്ന സ്ഥലത്ത് സർക്കാർ ഡിസ്പെൻസറി അനുവദിച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ അത് നടക്കുകയുണ്ടായില്ല്. 1984 ൽ തെന്നലയിൽ സ്ഥാപിതമായ പ്രാഥമികാരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ പറയത്തക്ക ആരോഗ്യ സ്ഥാപനം. ഇത് തന്നെ സ്ഥലസൗകര്യവും മുഴുവൻ സമയ ഡോക്ടറും ഇല്ലാത്ത അവസ്ഥയിലാണ് ആധുനിക ചികിത്സാ സമ്പ്രദായം ജനങ്ങളിലേക്ക് കടന്നു വന്നെങ്കിലും ഇതിന്ന് മുമ്പ് പാരമ്പര്യ വൈദ്യന്മാർ നൽകിയ സേവനം പഞ്ചായത്തിലെ ജനങ്ങൾക്ക് മറക്കാത്ത അനുഭവങ്ങളാണ്. തെന്നലയിൽ പ്രവർത്തിക്കുന്ന വിജയാ ഫാർമസി എടുത്തു പറയേണ്ടതാണ് ആ കാലഘട്ടങ്ങളിൽ ചികിത്സ നൽകി രോഗി സുഖപ്പെടുന്നത് ഇന്നത്തെപ്പോലെ ബിസിനസ്സ് മെന്റാലിറ്റിയായിരുന്നില്ല. മറിച്ച് ദൈവിക പ്രീതിയും സമൂഹത്തിനോടുള്ള കടപ്പാടും ആയിരുന്നു അവരിൽ പ്രകടമായിരുന്നത്. ആധുനിക ചികിത്സ പുരോഗതിയിലെത്തിയിട്ടുള്ള ഇന്ന് ഓപ്പറേഷൻ ടേബിളിൽ കിടത്തി മനുഷ്യ ജീവന് വില പറയുന്ന ചികിത്സാ സമ്പ്രദായം അന്നുണ്ടായിരുന്നില്ല.

ആരോഗ്യ രംഗത്ത് പഞ്ചായത്തിലെ അപര്യാപ്തതയാണ് കണക്കുകൾ കാണിക്കുന്നത് 23965 വരുന്ന ജനസംഖ്യയുള്ള പഞ്ചായത്തിൽ I, PHC യും 5 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുമാണ് രേഖയിലുള്ളത് 1993-94 ൽ ജലജന്യ രോഗങ്ങൾ 335 1994-95 ൽ 338 1995-96 ൽ 131 എന്നിങ്ങനെയാണ് മറ്റ് അനേകം രോഗങ്ങളും പഞ്ചായത്തിൽ കണ്ടുവരുന്നുണ്ട്. തെന്നല P.H.Cയിലെ കണക്ക് മാത്രമാണിത് സമീപത്തെ പഞ്ചായത്തുകളിൽ ചികിത്സ തേടി സ്വകാര്യ ആശുപത്രികളിൽ പോയവരുടെ സംഖ്യ ഇതിലും കൂടുതൽ വരും. അത് ലഭ്യമാക്കാൻ വളരെ പ്രയാസവും ആണ്.

പഞ്ചായത്തിൽ 1993 ൽ 316 ജനനം മരണം 68, 1994 ൽ ജനനം 258 മരണം 74, 1995 ൽ ജനനം 267 മരണം 66 എന്നിങ്ങനെയാണ്

പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പോരായ്മ പരിഹരിക്കാൻ ഒരോ വാർഡുകളിൽ നിന്നു പ്രശ്നങ്ങലും അവയക്കുള്ള പരിഹാര നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട് അതനുസരിച്ച് വാർഡ് തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

### വാർഡ് 1. പ്രശ്നങ്ങൾ

വാർഡിൽ സർക്കാർ തലത്തിലോ സ്വകാര്യ തലത്തിലോ ആരോഗ്യ കോന്ദ്രങ്ങൾ ഒന്നും തന്നെ യില്ല. കിടത്തി ചികിത്സിക്കേണ്ടതിന്ന 10 കിലോമീറ്റർ ദൂരെയുള്ള സർക്കാർ ആശുപത്രിയിൽ പോകണം തൊട്ടടുത്ത് 1.5 കി.മീ. ദൂരെ തെന്നല പി.എച്ച്. സിയുണ്ടെങ്കിലും. സ്ഥീരമായി ഡോക്ടറോ മരുന്നോ ഇല്ല. കിടത്തി ചികിത്സിക്കാൻ സൗകര്യവുമില്ല.

2. കൊതുക് ശല്യം കൂടികൊണ്ടിരിക്കുന്നു.

3. സ്വന്തമായി കക്കൂസില്ലാത്ത 73 കുടുംബങ്ങൾ വാർഡിലുണ്ട്

4. വാർഡിൽ അലോപ്പെതി ഡോക്ടരുടെ സേവനം ഇല്ല.

5. കുടുംബ ക്ഷേമ കേന്ദ്രങ്ങൾ ഇല്ല.

6. ആരോഗ്യ സെമിനാറുകളോ ബോധവൽക്കരണ ക്ലാസ്സുകളോ നടക്കാറില്ല.

### പരിഹാര മാർഗ്ഗങ്ങൾ

1. വാർഡിൽ അലോപ്പതി ഡോക്ടറുടെ സേവനം ഉറപ്പാക്കുക അതിന് ആവശ്യമായ കെട്ടിടത്തിന്റെ വാടക നൽകാൻ വാർഡ് നിവാസികൾ തയ്യാറാണ്.

2. തെന്നല പി.എച്ച്. സിയിൽ 20 ബെഡ്ഡ് അടിയന്തിരമായി അനുവദിക്കുകയും അത്യാവശ്യ മുരന്നു വിതരണം നടത്തുകയും ചെയ്യുകയാണെങ്കിൽ വാർഡിൽ നിന്ന അലോപ്പതി ഡോക്ടർ പരിശോധിച്ച് അഡ്മിറ്റാക്കേണ്ട രോഗികളെ ഇവിടെ അഡ്മിററ് ചെയ്യാവുന്നതുമാണ്.

3. വാർഡിൽ രണ്ട് കുടുംബക്ഷേമ കേന്ദ്രങ്ങൾ ഏർപ്പെടുത്തുകയും P.H. നഴ്സിന്റെ സേവനം ഉറപ്പാക്കുകയും വേണം

**തെന്നല ഗ്രാമ പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ**

**ആരോഗ്യ പട്ടിക 1**

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | |
|---|---|---|---|---|
| 1. | പ്രാഥമികാരോഗ്യ കേന്ദ്രം തെന്നല | 3 | 1984 | 16 |
| 2. | IPP സെന്റർ | 4 | 1985 | |

4. പ്ലാസ്റ്റിക് കടലാസുകളും ഉറകളും ശാസ്ത്രീയമായി സംസ്കരിക്കാൻ സംവിധാനം ഏർപ്പെടുത്തുക.

5. കക്കൂസ് നിർമ്മിക്കാൻ സഹായം നൽകുകയോ പലിശ രഹിത ദീർഘകാല വായ്പ അനുവദിക്കുയോ ഗഡുക്കളായി അടക്കാൻ സൗകര്യം നൽകുക.

6. പ്രതിരോധ കുത്തിവെപ്പുകൾ ജന പങ്കാളിത്തത്തോടെ വാർഡിൽ നടപ്പാക്കുക.

7. ജനനം രജിസ്റ്റർ ചെയ്യാൻ വരുമ്പോഴും സ്കൂളിൽ ചേർക്കാൻ വരുമ്പോഴും പ്രതിരോധ കുത്തിവെപ്പുകൾ നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

8.പോഷകാഹാരത്തെ സംബന്ധിച്ചും പ്രതിരോധ കുത്തിവെപ്പിന്റെ ഗുണത്തെ കുറിച്ചും 3 മാസത്തിലൊരിക്കൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

9. ജീവൻ രക്ഷാ ഔഷധങ്ങളുടെ നികുതികൾ എടുത്തുകളഞ്ഞ് വില കുറച്ച് നൽകാനുള്ള സംവിധാനം ഉണ്ടാക്കുക.

10. വാർഡിൽ ഒരു ആയൂർവേദ ആശുപത്രി അനുവദിക്കുക.

11. പറമ്പുകളിൽ തുറസ്സായ സ്ഥലത്ത് മല വിസർജ്ജനം ചെയ്യുന്നത്കൊണ്ടുള്ള ഭവിഷ്യത്തുകളെപ്പറ്റി ബോധവൽക്കരണം നടത്തുക.

### വാർഡ് 2 പ്രശ്നങ്ങൾ

അടുത്ത വാർഡായ 3 ൽ സ്ഥിതിചെയ്യുന്ന P.H.C ഉയർത്തുകയും മുഴുവൻ സമയ ഡോക്ടറെയും ലേഡി ഡോക്ടറെയും നിയമിക്കുക.

ഹെൽത്ത് വിസിറ്റർമാർ C A N M ഹെൽത്ത് ഹെൽത്ത് ഇൻസ്പെക്ടർ മാസത്തിലൊരിക്കൽ ഗർഭിണികൾക്കുള്ള കുത്തിവെപ്പ് വീട്ടിലെത്തി നൽകുകുയം അവർക് വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.

തെന്നല PHC ൽ 10 കിടക്കകൾകൂടി അനുവദിച്ചു ഗർഭിണികളെയും രോഗികളെയും കിടത്തി ചികിത്സിക്കാൻ പറ്റുന്ന തരത്തിൽ സൗകര്യപ്പെടുത്തുക ഹെൽത്ത് നഴ്സ്മാർ വീടുകളിൽ നടന്നു ബോധവൽക്കരണം നടത്തുക.

### വാർഡ് 3 പ്രശ്നങ്ങൾ

വാർഡിൽ തെന്നല P.H.C യുണ്ടെങ്കിലും സ്ഥിരമായി ഡോക്ടറും മരുന്നും ഇല്ല. കിടത്തി ചികിത്സിക്കുന്ന സംവിധാനവും ഇല്ല.

### പരിഹാരം

പബ്ലിക് ഹെൽത്ത് സെന്റർ പത്ത കിടക്കുകളുള്ള ആശുപത്രിയായി ഉയർത്തുകയും സ്ഥിരമായി മുഴുവൻ സമയ ഡോക്ടറെയും മരുന്നു ഏർപ്പെടുത്തക.

വാർഡ് 4 1. വാർഡിലുള്ള ഐ.പി.പി. സെന്റർ കാര്യക്ഷമമല്ല.

2. ആയുർവ്വേദ ആശുപത്റിയോ ഹോമിയോ ഡിസ്പെൻസറിയോ ഇല്ല.

### പരിഹാരം

1. വാർഡിലുള്ള ഐ.പി.പി സെന്റർ കാര്യക്ഷമമാക്കുക.

2. 3 ാം വാർഡിൽ സ്ഥിതിചെയ്യുന്ന തെന്നല P.H.C 10 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

3. വാർഡിലെ പഞ്ചായത്തിന്റെ കൈവശമുള്ള 50 സെന്റ് സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറിയോ ആയുർവ്വേദ ഡിസ്പെൻസറിയോ അനുവദിക്കാവുന്നതാണഅ.

### വാർഡ് 5 പ്രശ്നങ്ങൾ

വാർഡിൽ H.I.ANM തുടങ്ങിയവരുടെ സേവനങ്ങൾ ലഭ്യമല്ല. സ്വന്തമായി കക്കൂസില്ലാത്ത കുടുംബങ്ങൾ 100 ലധികമുണ്ട്. കൊതുക് ശല്യം കൂടുതലാണ്. വാർഡിൽ യാതൊരു വിധ ചികിത്സാ സൗകര്യങ്ങളും ലഭ്യമല്ല.

### പരിഹാരങ്ങൾ

1. വാർഡിൽ ആയൂർവേദ ആശുപത്രി അനുവദിക്കുക.

2. ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും നഴ്സ്മാരുടെയും സേവനം വാർഡിലെ ജനങ്ങൾക്ക് ഉപകരിക്കതക്ക വിധത്തിൽ ക്രമീകരിക്കുക.

3 . സ്വന്തമായി കക്കൂസില്ലാത്തവർക്ക് അത് നിർമ്മിക്കാൻ സാമ്പത്തിക സഹായം നൽകുക.

4. കൊതുകുകളെയും മറ്റ് കീടങ്ങളെയും നശിപ്പിക്കാൻ ആണ്ടിലൊരിക്കൽ മരുന്ന് തെളിക്കുക.

5. മലിന വസ്തുക്കൾ നിക്ഷേപിക്കാൻ സംവിധാനം ഏർപ്പെടുത്തുക.

6. ചികിത്സാ സൗകര്യ മില്ലാത്ത വാർഡിൽ സൗകര്യങ്ങളെർപ്പെടുത്തുക.

### വാർഡ് 6 പ്രശ്നങ്ങൾ

1. വർഡിൽ ആരോഗ്യ സ്ഥാപനങ്ങൾ ഒന്നു മില്ല.

2. കൊതുക് ശല്യം കൂടുതലാണ്.

### പരിഹാര മാർഗ്ഗങ്ങൾ

1. വാർഡിൽ ഹെൽത്ത് സെന്റർ സ്ഥാപിക്കുക.

2. കൊതുക് നിവാരണ മരുന്ന് തെളിക്കുക.

3. കക്കൂസ് നിർമ്മണത്തിന് സാമ്പത്തിക സഹായം നൽകുക

### വാർഡ് 7 പ്രശ്നങ്ങൾ

1. ആരോഗ്യ സ്ഥാപനങ്ങളൊന്നു മില്ല.

2. 175 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ല.

3. കൊതുക് പെരുകുന്നത് തടയുക

### പരിഹാര മാർഗ്ഗങ്ങൾ

1. വാർഡിൽ സർക്കാർ ഡോക്ടറുടെ സേവനം ലഭിക്കണം സൗകര്യ പ്രദമായ സ്ഥലം ലഭ്യമാണ്.

2. കക്കൂസ് നിർമാണത്തിന് പകുതി സംഖ്യ സഹായം നൽകണം

3. ചെലവ് കുറഞ്ഞ കക്കൂസ് നിർമിക്കാനാവശ്യമായ സാങ്കേതിക അറിവും സാമഗ്രികളും നല്കുക.

### വാർഡ് 8 പ്രശ്നങ്ങൾ

1. വാർഡിൽ ഹെൽത്ത് സെന്റർ ഇല്ല.

2. പാവപ്പെട്ടവർക്ക് കക്കൂസ് ഇല്ല

### പരിഹാരം

1. വാർഡിൽ PHC സ്ഥാപിക്കുക.

2. പാവപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായം സൗജന്യമായി നൽകുക.

### വാർഡ് 9 പ്രശ്നങ്ങൾ

1. വാർഡിൽ ആരോഗ്യ കേന്ദ്രങ്ങളൊന്നുമില്ല. 10 കി.മി. അകലെയാണ് സ്വകാര്യ ആശുപത്രി പോലുള്ളത് .

### പരിഹാരമാർഗ്ഗങ്ങൾ

അടുത്തുള്ള 3-ാം വാർഡിലെ PHC യിൽ അടിസ്ഥാന സൗകര്യങ്ങളെർപ്പെടുത്തുക. രോഗികളെ അഡ്മിറ്റ് ചെയ്യാൻ സൗകര്യങ്ങളെർപ്പെടുത്തുക.

### വാർഡ് 10 പ്രശ്നങ്ങൾ

പൊതു ജനാരോഗ്യ കേന്ദ്രങ്ങളില്ല. ഛർദ്ദിവയറിളക്ക രോഗങ്ങൾ കണ്ടുവരുന്നു. 25 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ല PHC യിൽ അത്യാവശ്യമരുന്നില്ല. ആരോഗ്യ കേന്ദ്രത്തിൽ സ്ഥിരമായി ഡോക്ടറില്ല

### പരിഹാര മാർഗ്ഗങ്ങൾ

ആരോഗ്യ കേന്ദ്രത്തിൽ സ്ഥിരം ഡോക്ടറെ നിയമിക്കുക ആരോഗ്യ ക്ലാസുകൾ നടത്തണം

കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകണം.

## ആരോഗ്യത്തെ സംബന്ധിച്ച്

വാർഡുകളിൽ നിന്നുള്ള നിർദ്ദേശാടിസ്ഥാനത്തിൽ

പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ടത്

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നു പഞ്ചായത്തിലെ ഏക പ്രൈമറി ഹെൽത്ത് സെന്ററിന്റെ ശോചിനീയാവസ്ഥയെ സംബന്ധിച്ചു കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നും മുഴുവൻ സമയ ഡോക്ടറെ നിയമിക്കണമെന്നും മരുന്നുകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെടുന്നതായി കാണുന്നു. ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആവിശ്യമായി പരിഗണിച്ചു തന്നെല PHC ഉയർത്തുകതന്നെ വേണം. അതേപോലെ സ്ത്രീജനങ്ങൾ അധികമുള്ള ഇവിടെ ഒരു ലേഡിഡോക്ടറുടെ സേവനം നിർബന്ധമായും ഉറപ്പ് വരുത്തണം. അതേപോലെ ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ലാത്ത വാർഡുകളുടെ സ്ഥിതിയും അതിദയനീയമാണ്. ആരോഗ്യ സ്ഥാപനങ്ങൾ ഒന്നുമില്ലാത്ത വാർഡുകൾ പഞ്ചായത്തിൽ നിരവധിയുണ്ട്. സ്ഥാപനങ്ങളില്ലാത്ത വാർഡുകൾക്ക് ഒരു അലോപ്പതി ഡോക്ടർ എന്ന നിലയിൽ പകൽ 8മണിമുതൽ രാത്രി 8മണിവരെ കൺസൾട്ടിങ്ങ് സൗകര്യം ഏർപ്പെടുത്തണം. ഇതിന് വേണ്ടി വരുന്ന കെട്ടിടവാടക വാർഡ് നിവാസികൾ നൽകുന്നതാണ ഇവിടെ വരുന്ന രോഗികളിൽ അഡ്മിറ്റ് ചെയ്യേണ്ടവരെ

തെന്നല PHC ഉയർത്തിയാൽ അവിടേയ്ക്കു റഫർ ചെയ്യാവുന്നതാണ്. ഒരു തരത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളുമില്ലാത്ത വാർഡുകളിൽ ഓരോ കുടുംബക്ഷേമ കേന്ദ്രങ്ങൾ ഏർപ്പെടുത്തണം കൊതുശല്യം പഞ്ചായത്തിന്റെ എല്ലാവാർഡിൽ നിന്നും റിപ്പോർട്ടു ചെയ്യുന്നു. ഇതിനുകാരണ പരിസരമലീനീകരണവും പ്ലാസ്റ്റിക് കടലാസുകൾ ഉറകൾ എന്നിവയിൽ വെള്ളം കെട്ടിനിൽകുന്നതിനാൽ കൊതുക് മുട്ടയിട്ട് പെരുകുന്നതുമാണ്. ഇതിന് പ്ലാസ്റ്റിക്ക് കടലാസും ഉറകളും ശാസ്ത്രീയമായി സംസ്കരിക്കാൻ സംവിധാനം ഏർപ്പെടുത്തുകയും വർഷത്തിൽ 2 പ്രാവിശ്യമെങ്കിലും കൊതുക് നാശിനി തളിക്കുകയും വേണം. അതേപോലെ തന്നെ പുരാതന ചികിത്സകളെ പരിപോഷിപ്പിക്കുകയും പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറിയും ഒരു ഹോമിയോ ഡിസ്പെൻസറിയും നിർബന്ധമായും അനുവദിക്കണം ജനനം രജിസ്റ്റർ ചെയ്യാൻ വരുമ്പോഴും സ്ക്കൂളിൽ ചേർക്കാൻ വരുമ്പോഴും പ്രതിരോധകുത്തിവെപ്പ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ്വരുത്തണം പഞ്ചായത്ത് തലത്തിൽ ആരോഗ്യ സെമിനാർ സംഘടിപ്പിക്കണം മാസത്തിൽ 2 പ്രാവശ്യം വീതം ഹെൽത്ത് ഇൻസ്പെക്ടർമാർ അങ്ങാടികൾ ഭക്ഷണ ശാലകൾ മാർക്കറ്റ് എന്നിവിടങ്ങളിൽ പരിശോധന നടത്തേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ 6മാസ്ത്തിലൊരിക്കൽ രോഗനിർണ്ണയ ക്യാമ്പ് നടത്തേണ്ടതും വിദഗ്ദ ചികിത്സ കിട്ടേണ്ട രോഗികൾക്ക് സാമ്പത്തിക സഹായം സാമ്പത്തിക നിലനോക്കി നൽകേണ്ടതുമാണ്. പഞ്ചായത്ത് തലത്തിൽ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് നടത്തേണ്ടതും സാംക്രമിക രോഗങ്ങളെ സംബന്ധിച്ചും അവ വരാതിരിക്കാനുള്ള മുൻകരുതലുകളെ സംബന്ധിച്ചും ജനങ്ങളെ ബോധവൽക്കരിക്കണം. പോഷകാഹാരത്തെ സംബന്ധിച്ച് അമ്മമാർക്കിടയിൽ ചർച്ചയും ഉൽബോധനവും നടത്തേണ്ടതും പാവപ്പെട്ട കുട്ടികളെ കണ്ടെത്തി പോഷകാഹാരം സൗജന്യമായി നൽകേണ്ടതുമാണ്. പഞ്ചായത്ത് പൗരന്മാർക്ക് ഹെൽത്ത് കാർഡ് ഏർപ്പെടുത്തണം ആവശ്യ സാധനമായ മരുന്നകൾക്കുള്ള എല്ലാ വിധ നികുതികളും എടുത്തുകളയുകയും എല്ലാമരുന്നിനും വില കുറയ്ക്കുകയും ചെയ്യണം വർഷത്തിൽ ഒരിക്കലെങ്കിലും ആരോഗ്യ സ്ഥിതിയെപ്പറ്റി പഞ്ചായത്ത തലത്തിൽ വിലയിരുത്തൽ നടത്തണം.

## കക്കൂസ്

ജനങ്ങളുടെ അടിസ്ഥാന കാര്യങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ശുചിത്വം ഇതിന്ന് പ്രഥമ മായി വേണ്ടത് കക്കൂസ് ആണ്.

കക്കൂസ് സംബന്ധമായി വാർഡ് തിരിച്ചുള്ള കണക്ക്.

അവലംഭം IRDP സർവ്വേ

| ക്രമ നമ്പർ | വാർഡ് | കക്കൂസ് ഇല്ലാത്ത കുടുംബം |
|---|---|---|
| 1 | 1 | 143 |
| 2 | 2 | 67 |
| 3 | 3 | 60 |
| 4 | 4 | 58 |
| 5 | 5 | 100 |
| 6 | 6 | 125 |
| 7 | 7 | 76 |
| 8 | 8 | 60 |
| 9 | 9 | 79 |
| 10 | 10 | 82 |
| കക്കൂസ് ഇല്ലാത്തവരുടെ എണ്ണം ആകെ 850 | | |

കക്കൂസിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ അതു നിർമ്മിക്കാൻ കഴിയാത്തത് സാമ്പത്തിക പ്രയാസം തന്നെയാണ്. സർക്കാറിൽ നിന്ന് സഹായം കിട്ടിയാൽ മാത്രമെ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കക്കൂസ് നിർമ്മണത്തിൽ ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒരു മർമ്മ പ്രധാന പ്രശ്നമുണ്ട്. ജനങ്ങൾ തിങ്ങിതാമസിക്കുകയും കുറഞ്ഞ ഭൂമികൈവശമുള്ള ആളുകളുമാണ് പഞ്ചായത്തിൽ അധിവസിക്കുന്നത്. ഇ കുറഞ്ഞ ഭൂമിയിൽ ഒരു വീടും കക്കൂസും കിണറും പണിയുന്നു. കക്കൂസും കിണറും തമ്മിൽ വാരകൾ മാത്രമാണ് അകലമുള്ളത്. ചുരുങ്ങിയത് മൺപ്രദേശങ്ങളിൽ 50 അടി അകലം വേണമെന്നാണ് കണക്ക് സ്ഥല മില്ലാത്തതിനാൽ ഇത് പാലിക്കാറ സാധിക്കുന്നില്ല. സർക്കാർ തരുന്ന കുറഞ്ഞ സംഖ്യ കൊണ്ട് സാധാരണ കുഴികക്കൂസ് തന്നെ നിർമ്മിക്കാൻ സാധാരണക്കാരന് കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഇങ്ങിനെ നിർമ്മിക്കുന്ന കുഴികക്കൂസിൽ നിന്നുള്ള മലിന ജലം നേരെ കിണറ്റിലാണ് എത്തുന്നത് ഇത് ഭാവിയിൽ ജലജന്യ രോഗങ്ങൾ വർദ്ധിപ്പിക്കാൻ കാരണമാകുന്നമെന്നതിനാൽ യാതൊരു സംശയവും ഇല്ല. ഇത് പരിഹരിക്കാൻ രണ്ടോ മൂന്നോ കുടുംബങ്ങൾക്ക് ഒരു സെപ്റ്റിക് ടാങ്ക് എന്ന നിലയിൽ പണിത് ചുറ്റുമുള്ള വീടുകളുടെ കക്കൂസുമായി ബന്ധിപ്പിക്കാവുന്നതാണ് ഇതിന് വൻതുക വേണ്ടി വരുമെന്നതിനാൽ സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയം വിദഗ്ദരുടെ മേൽ നോട്ടത്തിൽ കക്കൂസ്

ടാങ്ക് നിർമ്മിക്കുയം ചെയ്യണം ഈകാര്യം ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും കക്കൂസിന്ന് സെപ്റ്റിക് ടാങ്ക് പണിയേണ്ട ആവശ്യകത ബോധ്യപ്പെടുത്തുകയും വേണം.

## പരിസര ശുചിത്വം

പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളും ശുചീകരണ നടത്തണം ആഴ്ചയിൽ രണ്ടുതവണ ഇത് ചെയ്യണം മാർക്കറ്റ്, അങ്ങാടികൾ എന്നിവിടങ്ങളിൽ നിന്നു പുറംതള്ളുന്ന പാഴ് വസ്തുകൾ ശാസ്ത്രീയമായി സംസ്ക്കരിക്കുകയും കവലകളിലും അങ്ങാടികളിലും അണു നാശിനി തളിക്കുകയും ചെയ്യണം മത്സ്യ മാംസ മാർക്കറ്റുകൾ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധിക്കുയം ആവിശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം കിണറുകളിൽ ക്ലോറിനേഷൻ ഈച്ച നശീകരണം കൊതുക് നശീകരണം എന്നിവ നിർഹബന്ധ മാക്കണം.

## പൊതു ശ്മശാനം

പഞ്ചായത്ത് പ്രദേശത്ത് ഒരു പൊതു ശ്മശാനം വളരെ ആവശ്യമാണ്. പ്രത്യേക ശവപ്പറമ്പുകളും കബറിടങ്ങളും ഇല്ലാത്ത സമുദായങ്ങൾക്ക് അന്യനാട്ടിൽ നിന്ന ഉപജീവനത്തിന് വരുന്നവർക്കും അനാഥ പ്രേതങ്ങൾക്കും ഇത് വളരെ ആവശ്യമാണ്.

## പാരമ്പര്യ വൈദ്യ മേഖല

പഞ്ചായത്തിൽ പാരമ്പര്യ വൈദ്യ കുടുംബങ്ങളുണ്ട് ഈ കുടുംബങ്ങളിലെ പൂർവ്വികരെയായിരുന്നു മുൻകാലങ്ങളിൽ ജനങ്ങൾ ആശ്രയിച്ചിരുന്നത് ഇന്ന് ഈ ദേശത്ത് പറയത്തക്ക കണ്ണിതെന്നലയിൽ പ്രവർത്തിക്കുന്നു. വിജയാ ഫാർമസിയാണ് 1950 ൽ ശ്രീ. ടി.പി. വേലായുധൻ വൈദ്യരാണ് ആയുർവ്വേദ ഡോക്ടറായി പുറത്ത് വന്നയാൾ തുടർന്നു 1952 T.P. കൃഷ്ണൻ 1954 ശ്രീമാൻ ടി.പി. തെയ്യൻകുട്ടി എന്നിവരും ആയുർവേദ ഡോക്ടർമാരായി സേവനത്തിനിറങ്ങി.

# 6 – 7 വിദ്യാഭ്യാസം

വിശ്വ പ്രശസ്തമായ കോട്ടക്കൽ പട്ടണത്തിൽ നിന്നും മലബാറിന്റെ തലസ്ഥാനമായ കോഴിക്കോട് പട്ടണത്തിലേക്കുള്ള ദേശീയ പാതയിൽ (N- H-17) എടരിക്കോടിനും വെന്നിയൂരിനുമിടയിൽ കയറ്റവും ഇറക്കവുമായി കിടക്കുന്ന പ്രദേശമാണ് തെന്നല പഞ്ചായത്ത്. 1982 വരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു പോലും 10 കി. മീ. അകലെയുള്ള തിരൂരങ്ങാടി പഞ്ചായത്തിലെ ഗവ : ഹൈസ്കൂളിനെയും 12 കി. മീ. അകലെയുള്ള കോട്ടക്കൽ രാജാസ് ഹൈസ്കൂളിനെയും ആശ്രയിക്കേണ്ട ഗതികേടിലായിരുന്നു പഞ്ചായത്തു നിവാസികൾ. മലപ്പുറത്തും പരപ്പനങ്ങാടിയിലും പോയി താസിച്ചു പഠിച്ചവരും 1940 കളിൽ പഞ്ചായത്തിലുണ്ടായിരുന്നു. പഞ്ചായത്തിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയ ആദ്യത്തെ മുസ്ലീം വനിത അഴുവളപ്പിൽ ഹസ്സൻകുട്ടഹാജിയുടെ മകൾ ആയിരുന്നു. 1940 ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അവർ തുടർന്നു പട്ടാളത്തിൽ ചേരുകയും നഴ്സായി സേവനം അനുഷ്ഠിക്കുകയുമാണുണ്ടായത്. പഞ്ചായത്തിലെ ആദ്യത്തെ അധ്യാപകൻ മാട്ടിൽ അബൂബക്കർ മാസ്റ്റർ ആയിരുന്നു, കടക്കോട്ടിൽ മൊയ്തീൻ കുട്ടി മുസ്ല്യാർ, നരിമടക്കൽ കുട്ടു, സി.കെ, കോമുക്കുട്ടി മാസ്റ്റർ, അത്താണിക്കൽ മുഹമ്മദ് മാസ്റ്റർ എന്നിവരുടെ നാമധേയങ്ങൾ ഇവിടെ സ്മരണീയങ്ങളാണ്.

ഗ്രാമത്തിലെ ജനങ്ങൾക്ക് ഹിന്ദിയും അതുപോലെ പല ഉത്തരേന്ത്യൻ ഭാഷകളും അറിയാം. സാക്ഷരതയിൽ എന്നും പിന്നോക്കമാണിവിടം. മതപഠനത്തിനുള്ള ഊന്നൽ ഭൗതിക വിദ്യാഭ്യാസത്തിനു കിട്ടുന്നില്ല; പങ്കാളിത്തവും കുറവാണ്.

1920 ൽ കൊടക്കല്ലൂർ ഭഗവതികാവുങ്ങൽ കുഞ്ഞഹമ്മദ് ഹാജി എന്നവർ മാനേജരായിപഞ്ചായത്തിൽ ഒരു പ്രൈമറി വിദ്യാലയം സ്ഥാപിച്ചിരുന്നു. 5- ാം തരം വരെ ക്ലാസുകൾ ഉണ്ടായിരുന്നു. അഞ്ചാം വാർഡിൽ അഴുവളപ്പിൽ ഹസ്സൻകുട്ടിഹാജിയും ഒരു പ്രൈമറി വിദ്യാലയം സ്ഥാപിച്ചിരുന്നു. 1921 ലെ മലബാർ കലാപത്തിന്റെ ബാക്കി പത്രം തദ്ദേശീയരുടെ വെള്ളക്കാരോടുള്ള വെറുപ്പും അവരുടെ പരിഷ്കാരങ്ങളോടുള്ള എതിർപ്പുകാരണമായിരുന്നു തുടർന്ന് മേപ്പടി രണ്ട് സ്കൂളുകളും അടച്ചു പൂട്ടേണ്ടി വന്നു, 1934 ൽ തെക്കരത്തൊടിക ഖാദർ ഹാജി മാനേജർ ആയി സ്ഥാപിച്ച പുള്ളിത്തറ എ.എം. എൽപി,. സ്കൂളും, അതേ കാലത്തുതന്നെ ടി.മൊയ്തീൻ മുസലിയാർ മാനേജരായി സ്ഥാപിച്ച ഇന്നത്തെ തുമ്പത്തു പറമ്പ എ.എം. എൽ.പി. സ്കൂളും 6 ാംവാർഡിൽ കടക്കോട്ട് മൊയ്തീൻ മുസ്ലിയാർ സ്ഥാപിച്ച പെരുമ്പുഴ എ.എം.എൽ.പി. സ്കൂളും നിലവിൽ വന്നു. തുടർന്ന് കുണ്ടിൽ പറമ്പ എ.എം.എൽ.പി. സ്കൂൾ സ്ഥാപിതമായി. ഇവ നാലും ഇന്നും നിലനിൽക്കുന്നു.

1979 വരെ പഞ്ചായത്തിൽ ഒരു യു.പി.സ്കൂൾ ഉണ്ടായിരുന്നില്ല. 1979 ൽ തെന്നല അറയ്ക്കൽ അങ്ങാടിക്കു സമീപം ജ: മാട്ടിൽ അബൂബക്കർ മുസലിയാരുടെ മാനേജുമെന്റിൽ "അറക്കൽ എം.എ.എം.യു.പി.എസ് " സ്ഥാപിതമായി. അതുവരെ അയൽ പഞ്ചായത്തുകളിലെ കക്കാട്. ജി.എം. യു.പി. സ്കൂൾ, കരിങ്കപ്പാറ ജീ.യു.പി. സ്കൂൾ, എന്നിവിടങ്ങളിലാണു യു.പി. വിദ്യഭ്യാസത്തിനു സൗകര്യമുണ്ടായിരുന്നത്.

ഹൈസ്കൂൾ 1982 ൽ സ്ഥാപിതമായി. പൂക്കി

പ്പറമ്പിൽ (10ാം വാർഡ്) എടക്കണ്ടത്തിൽ ബീരാൻ കുട്ടിഹാജിയുടെ മാനേജുമെന്റിൽ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ, കെ. എച്ച്. എം. എസ്. സ്ഥാപിതമായി.

പ്രൈമറി വിദ്യാഭ്യാസത്തിനു അൽപം കൂടി പോഷണം നൽകാൻ പഞ്ചായത്തിൽ സ്ഥാപിതമായ അംഗൻവാടികൾ സഹായകമായി. അതോടെ ഒന്നാം ക്ലാസിന്റെ "ബാലികേറാ മല" എന്ന അവസ്ഥ മാറ്റി ഇന്നു ഒന്നാം ക്ലാസിന്റെ കരുത്ത് അംഗൻവാടികളാണ്. പഞ്ചായത്തിൽ മൊത്തം 13 അംഗൻ വാടികൾ പ്രവർത്തിക്കുന്നു. കൂടാതെ 3ാം വാർഡിലെ പ്രൈവറ്റ് മേഖലയിലുള്ള രണ്ട് നഴ്സറി സ്കൂളുകളും 5, 8 വാർഡുകളിൽ ഓരോ പ്രൈവറ്റ് നഴ്സറിസ്കൂളും നടത്തി വരുന്നു. 3ാം വാർഡിൽ സ്വകാര്യമേഖലയിൽ പെൺകുട്ടികൾക്കായി അംഗീകാരമില്ലാത്ത രണ്ട് വനിതാ ഹൈസ്കൂളുകളും പ്രവർത്തിക്കുന്നു. രണ്ടും സ്വകാര്യ നഴ്സറികളും വനിത ഹൈസ്കൂളുകളും മുസ്ലീം പെൺകുട്ടികൾക്കു മാത്രമായി നടത്തപ്പെടുന്നവയാണ്.

### കുട്ടികൾ

**വിശകലനം :** 1. പഞ്ചായത്തിലെ 10 വാർഡുകളിലെ 3000 ത്തോളം വരുന്ന കുട്ടികൾക്ക് ആകെ നാലു പ്രൈമറി സ്കൂൾ മാത്രം

2. സർക്കാർ മേഖല തീരെ ഇല്ല.

3. പെൺകുട്ടികളുടെ എണ്ണം കുറവ്

4. പെൺകുട്ടികളുടെ പങ്കാളിത്തം 48.12

### അധ്യാപകർ:

1. പ്രൈമറി തലത്തിൽ ശരാശരി 33.34 കുട്ടികൾക്ക് ഒരു അധ്യാപകനുണ്ട്.

2. അധ്യാപകരിൽ വനിത പങ്കാളിത്തം 54 . 68% ആകുന്നു.

### വിദ്യാർത്ഥികൾ അധ്യാപകർ - പ്രൈമറി (L. P)

| നമ്പർ | പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം. | | | അധ്യാപകരുടെ എണ്ണം. | | |
|---|---|---|---|---|---|---|---|---|
| | | | M | F | T | M | F | T |
| 1 | എ. എം. എൽ. പി. എസ് അറക്കൽ, പുള്ളിത്തറ | എയിയഡ് | 297 | 286 | 583 | 8 | 10 | 18 |
| 2. | എ.എം.എൽ.പി.എസ് കുണ്ടിൽ പറമ്പ | എയിഡഡ്. | 450 | 387 | 837 | 12 | 11 | 23 |
| 3. | എ.എം. എൽ. പി. എസ്. പെരുമ്പുഴ | എയ്ഡഡ് | 103 | 143 | 246 | 2 | 6 | 8 |
| 4. | എ.എം. എൽ. പി. എസ് തുമ്പത്തുപറമ്പ് | എയിഡ്ഡ് | 257 | 211 | 468 | 7 | 8 | 15 |
| | ആകെ | 4 | 1107 | 1027 | 2134 | 29 | 35 | 640 |

### വിദ്യാർത്ഥികൾ അധ്യാപകർ പ്രൈമറി (യു.പി. വിഭാഗം)

| നമ്പർ | പേര് | മാനേജ് മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | എം. എ. എം. യുപി എസ്. അറയ്ക്കൽ | എയിഡഡ് | 717 | 704 | 1421 | 23 | 21 | 44 |

വിശകലനം 1. പഞ്ചായത്തിൽ ആകെ 1921 ഓളം കുട്ടികൾക്ക് ഒരു യു. പി. സ്കൂൾ മാത്രം

2. സർക്കാർ മേഖല തീരെ ഇല്ല

3. പെൺകുട്ടികളുടെ പങ്കാളിത്തം 49.54 %

**2. അധ്യാപകർ**

1. യുപി. തലത്തിൽ 32.29 കുട്ടിക്ക് ഒരധ്യാപകനുണ്ട്

2. അധ്യാപകരിൽ സ്ത്രീ പങ്കാളിത്തം 47.72% ആകുന്നു.

സ്കൂൾ സ്ഥാപനം കാലഘട്ടം
സ്വാതന്ത്ര്യത്തിന് മുമ്പ് സ്വാതന്ത്ര്യത്തിനുശേഷം

| L.P. | UP. | HS | LP | UP | HS |
|---|---|---|---|---|---|
| 6 | - | - | - | 1 | 1 |

നിലനിൽപ്പ്
സ്വാതന്ത്ര്യത്തിനു ശേഷം

| LP | UP | HS |
|---|---|---|
| 4 | 1 | 1 |

**വിദ്യാർത്ഥികൾ അധ്യാപകർ ഹൈസ്ക്കൂൾ തലം**

| നമ്പർ | പേര് | മാനേജ് മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | കെ.എച്ച്.എം.എച്.എസ് വാളക്കുളം. | എയിഡഡ് | 775 | 709 | 1484 | 23 | 20 | 43 |

**വിശകലനം** 1. പഞ്ചായത്തിൽ 2000 ത്തിലധികം വരുന്ന കുട്ടികൾക്ക് ഒരു ഹൈസ്കൂൾ മാത്രം

സർക്കാർ മേഖലക്ക് പങ്കാളിത്തം ഇല്ല.

പെൺകുട്ടികളുടെ പങ്കാളിത്തം 47. 77%

**2. അധ്യാപകർ**

ഹൈസ്കൂൾ തലത്തിൽ 34. 51 കുട്ടിക്ക് ഒരു അധ്യാപകനുണ്ട്

വനിതാപങ്കാളിത്തം 46,51 % ആകുന്നു.

സ്വാതന്ത്ര്യത്തിനുശേഷം പഞ്ചായത്തിൽ ജനസംഖ്യ കുതിച്ചുയർന്നിട്ടും പ്രൈമറി തലത്തിൽ ഉണ്ടായിരുന്ന രണ്ടു പ്രൈമറി സ്കൂളുകൾ നിന്നു പോവുകയാണുണ്ടായത്.

പുതിയ സ്ഥാപനങ്ങൾ പ്രൈമറി തലത്തിൽ തുടങ്ങിയതേയില്ല

**പട്ടിക ജാതി പട്ടിക വർഗ വിദ്യാർത്ഥികളുടെ കണക്ക്.**

| L P | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ. | SC | % | ആകെ | SC | % | ആകെ | SC | % |
| 2134 | 19 | 0.89 | 1421 | 37 | 2.6. | 1484 | 41 | 2.76 |

പട്ടികജാതിയിൽ പ്പെട്ട എല്ലാ കുട്ടികളും പ്രൈമറിയിലും തുടർന്ന് HSലും എത്തുന്നുണ്ട് എന്നാൽ ഭൗതിക സാഹചര്യങ്ങളാൽ പഠനനിലവാരം മോശമായിട്ടാണ് കാണുന്നത്.

## പഠനം നിർത്തിയവരുടെ കണക്ക്

| മേഖല | SC | | | മറ്റുള്ളവർ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ. | ആൺ. | പെൺ | ആകെ | ആൺ | പെൺ | ആകെ |
| പ്രൈമറി | – | – | – | – | – | – | – | – | – |
| യു.പി. | - | - | - | 145 | 6 | 20 | 14 | 6 | 20 |
| എച്ച് എസ്സ് | - | - | - | 48 | 35 | 83 | 48 | 35 | 83 |

## വിശകലനം

പ്രൈമറിതലത്തിൽ പഠനം നിർത്തിയവർ തീരെ ഇല്ല

യു. പി. തലത്തിൽ പഠനം നിർത്തിയവർ 20

ഹൈസ്കൂൾ തലത്തിൽ പഠനം നിർത്തിയവർ 83.

## കഴിഞ്ഞ 5 വർഷത്തെ വിദ്യാർത്ഥികളുടെ പങ്കാളിത്തം

| നമ്പർ | പേര് | 1992-93 | | | 93 94 | | | 94 95 | | | 95 96 | | | 96 97 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | T | B | G | T | B | G | T | B | G | T | B | G | T |
| 1. | എ. എം. എൽ. പി. എസ് അറക്കൽ പുള്ളിത്തറ. | 289 | 297 | 586 | 301 | 310 | 611 | 299 | 310 | 609 | 293 | 280 | 573 | 298 | 284 | 582 |
| 2. | എ.എം.എൽ.പി.എസ് കുണ്ടിൽ പറമ്പ് | 462 | 422 | 884 | 453 | 460 | 913 | 506 | 487 | 993 | 467 | 418 | 885 | 447 | 388 | 835 |
| 3 | എ.എം.എൽ.പി.എസ് തൂമ്പത്ത് പറമ്പ് | 243 | 210 | 453 | 215 | 214 | 429 | 231 | 216 | 447 | 264 | 221 | 485 | 257 | 211 | 468 |
| 4. | എ.എം.എൽ.പി.എസ് പെരുമ്പുഴ | 104 | 105 | 209 | 116 | 103 | 219 | 116 | 112 | 228 | 118 | 122 | 240 | 103 | 143 | 246 |
| 5. | എ.എം.എൽ.പി.എസ്. അറയ്ക്കൽ | 551 | 564 | 1115 | 622 | 550 | 1172 | 643 | 578 | 1221 | 683 | 651 | 1334 | 717 | 704 | 1421 |
| 6. | കെ.എച്ച്.എം.എച്ച്.എസ് വാളക്കുളം | 590 | 572 | 1162 | 585 | 579 | 1164 | 786 | 716 | 1502 | 772 | 721 | 1493 | 775 | 709 | 1484 |

## വിശകലനം

1. പ്രൈമറി തലത്തിൽ വിദ്യാർത്ഥികൾ കുറയുന്നു.

2. യു. പി. തലത്തിൽ കുട്ടികൾ കൂടുന്നു. കാരണം സമീപ പഞ്ചായത്തുകളിൽ നിന്നുള്ള കുട്ടികൾ എത്തുന്നതിനാലാണിത്.

3. ഹൈസ്കൂൾ തലത്തിൽ കുട്ടികൾ കൂടുന്നു.

**ഉന്നത വിദ്യാഭ്യാസത്തിനു പോകുന്നവരുടെ കണക്ക്.**

| | |
|---|---|
| പ്രീഡിഗ്രി | 42 |
| ഡിഗ്രി | 16 |
| ഐ.ടി. ഐ. | 3 |
| എഞ്ചിനീയറിംഗ് | 2. |
| കമ്പ്യൂട്ടർ | 16 |
| മെഡിസിൻ | 2 |
| പോസ്റ്റ് ഗ്രാജ്വേഷൻ | 2. |
| ടി.ടി.ഐ. | – |
| ബി.എഡ് | 2 |
| നിയമം | – |
| മററുള്ളവ | – |

## അക്കാദമിക്ക് സൗകര്യങ്ങൾ

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീമിൽ ലൈബ്രറി, ലാബ്, തുടങ്ങിയ പഠനോപാധികൾ ലഭ്യമാണ്. യു.പി.യിലും ഹൈസ്കൂളിലും ലാബ് ഉണ്ട് പ്രൈമറി വിദ്യാലയങ്ങൾക്ക് ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി ഫണ്ട് ലഭിക്കുന്നതിനാൽ പഠനോപകരണങ്ങൾക്ക് പഞ്ഞമില്ല. എന്നാൽ ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ രണ്ടു വിദ്യാലയത്തിൽ മാത്രമെയുള്ളൂ. കഴിഞ്ഞ അധ്യയന വർഷത്തിൽ (95 . 96 പ്രൈമറി വിദ്യാലയങ്ങളിൽ 183 ഉം ഹൈസ്കൂളിൽ 171 ഉം പ്രവൃത്തിദിവസങ്ങൾ കിട്ടിയിട്ടുണ്ട് എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ. പ്രവർത്തിക്കുന്നു. മാതൃ സമിതിയിലും സജീവമാണ്

വർ ഏററവും കൂടുതൽ ഹൈസ്കൂളുകളിലും രണ്ടാമത് യു.പി. യിലും മൂന്നാമത് എൽ. പി. വിഭാഗത്തിലുമാണ്.

2. 31 മുതൽ 40 വരെ ശതമാനം മാർക്ക് നേടുന്നവർ പ്രൈമറിതലത്തി ഉള്ളതിനേക്കാൾ കുറവാണ്. ഹൈസ്കൂൾ തലത്തിൽ

3. 41 മുതൽ 50 വരെ ശതമാനം മാർക്ക് നേടുന്നവർ പ്രൈമറിയിൽ കൂടുതലും ഹൈസ്കൂൾ തലത്തിൽ തീരെ കുറവുമാണ്.

4. 51 മുതൽ 60 ശതമാനം വരെ മാർക്ക് നേടുന്നവർ യു. പി. തലത്തിൽ കൂടുതലും എൽപി തലത്തിൽ കുറവും ഹൈസ്കൂൾ തലത്തിൽ തീരെ കുറവുമാണ്.

### അക്കാദമിക്ക് നിലവാരം

പദവാർഷിക പരീക്ഷ 96 - 97

| കുട്ടികളുടെ പൊതു നിലവാരം (മാർക്ക്) | | | | | | | S.S.L.C വിജയ ശതമാം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്ലാസ് | ആകെ കുട്ടികൾ | 30 % നേടുന്നവർ | 31 40 | 41 50 | 51 60 | 60 ൽ കൂടുതൽ | 91 92 | 92 93 | 93 94 | 94 95 | 95 96 |
| III | 567 | 166 | 135 | 105 | 114 | 47 | | | | | |
| IV | 530 | 157 | 123 | 94 | 106 | 50 | | | | | |
| V | 472 | 165 | 94 | 85 | 71 | 57 | | | | | |
| VI | 473 | 189 | 118 | 62 | 57 | 47 | | | | | |
| VII | 476 | 176 | 143 | 71 | 48 | 38 | | | | | |
| VIII | 557 | 457 | 81 | 12 | 4 | 3 | | | | | |
| IX | 423 | 335 | 70 | 10 | 4 | 4 | | | | | |
| X | 296 | 192 | 81 | 10 | 6 | 7 | | | | | |
| | | | | | | | 18% | 18% | 20 % | 22 % | 29 % |

വിശകലനം LP സ്കൂളുകളിൽ 50 ശതമാനം വരെ മാർക്ക് നേടുന്നവർ 18 . 14 % വും UP വിഭാകത്തിൽ 15.34% വും ഹൈസ്കൂൾ തലത്തിൽ 2.5% ആണ്. എന്നാൽ S.S.L.C വിജയശതമാനം മുൻകൊല്ലങ്ങളെ അപേക്ഷിച്ച് കൂടിവരുന്നു.

(അവലംബം-അനുബന്ധം 9.5)

(ചാർട്ട് അടുത്ത പേജ് കാണുക)


**വിശകലനം**

1. 30 ശതമാനത്തിൽ കുറവ് മാർക്ക് നേടുന്ന


5. പഞ്ചായത്തിലെ സ്കൂളുകളിൽ മെറിറ്റ് സ്കോളർഷിപ്പ് വാങ്ങുന്ന ഒരു കുട്ടിയും ലംപ്സം ഗ്രാന്റ് വാങ്ങുന്ന 98 കുട്ടികളും മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് വാങ്ങുന്ന 560 കുട്ടികളും വികലാംഗ സ്കോളർഷിപ്പു വാങ്ങുന്നവർ 4 കുട്ടികളും ജില്ലാതലത്തിൽ അവാർഡ് കിട്ടിയ ഒരു കുട്ടിയുമാണ്.

ആവർത്തന സ്വഭാവമുള്ള ചെലവും സംബന്ധിച്ച വിവരങ്ങൾ

ഈ പഞ്ചായത്തിലെ ആറു വിദ്യാലയങ്ങളിലായി ജോലി ചെയ്യുന്ന 151 അദ്ധ്യാപകർക്കും




(X-axis Standard Y axis Persentage)




അധ്യാപകേതര ജീവനക്കാർക്കു കൂടി ഒരു വർഷത്തിൽ 5996877 രൂപ ചെലവു വരുന്നുണ്ട്.

സ്പെഷ്യൽ ഫീസിനത്തിൽ വിദ്യാർത്ഥികളിൽ നിന്ന് 25933 രൂപാ 95-96 ൽ പിരിഞ്ഞു കിട്ടി. മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 11500 രൂപാ സർക്കാറിന് ചെലവുവരുന്നു

പട്ടികജായതി പട്ടിക വർഗ്ഗത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ മൂന്ന് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും തോറ്റിട്ടും തുടർന്നു പഠിക്കുന്നു. ഇവരിൽ പഠിത്തം നിർത്തിയവരായി ആരും തന്നെയില്ല.

വിശകലനം : കൊഴിഞ്ഞുപോക്ക് ഏറ്റവും കുറവ് പ്രൈമറി തലത്തിലും കൂടുതൽ HS തലത്തിലും കാണുന്നു,

## കൊഴിഞ്ഞു പോകുന്നവർ

| നമ്പർ | പേര് | 92 93 | | | 93 94 | | | 94 95 | | | 95 96 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | T | B | G | T | B | G | T | B | G | T |
| 1. | എ.എം.എൽ.പി. എസ് അറയ്ക്കൽ പുള്ളിത്തറ | 1. | 3. | 4 | 1 | 2 | 3 | 2 | 3 | 5 | 1 | 2 | 3 |
| 2. | എ.എം. എൽ പി. എസ്. അറയ്ക്കൽ കുണ്ടിൽ പറമ്പ | 10 | 2 | 12 | 12 | 10 | 22 | 41 | 33 | 74 | 18 | 17 | 35 |
| 3. | എം.എ.എം.യു.പി. എസ്, അറയ്ക്കൽ | 37 | 26 | 63 | 34 | 42 | 76 | 29 | 22 | 51 | 38 | 17 | 55 |
| 4. | കെ.എച്ച് എസ്സ് പൂക്കിപറമ്പ് | 4 | 8 | 12 | 5 | 6 | 11 | 2 | 4 | 6 | 2 | 3 | 6 |

അവലംബം :- സെക്കന്ററി ഡാറ്റ

461

## വിദ്യാലയസൗകര്യങ്ങൾ

| നമ്പർ | പേര് | ക്ലാസുമുറി | വിസ്തീർണം | ഓഫീസ് മുറി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|
| 1. | എ.എം.എൽ.പി. എസ് അറയ്ക്കൽ പുള്ളിത്തറ | 16 | .36 ഏ | 1 | – | 1 |
| 2. | എ.എം. എൽ പി. എസ് അറയ്ക്കൽ കുണ്ടിൽപറമ്പ് | 21 | ·30 ഏ | ഇല്ല | ഇല്ല | ഇല്ല |
| 3. | എ.എം.എൽ. പി, എസ് തുമ്പത്തുപറമ്പ്. | 14 | 1.40 ഏ | 1 | ഉണ്ട് | 1 |
| 4. | എ.എം എൽ പി. എസ് പെരുമ്പുഴ | 9 | . 85 ഏ | 1 | ഇല്ല | ഇല്ല |
| 5. | എം. എ.എം,യു.പി. എസ് അറയ്ക്കൽ | 30 | 1.84 ഏ. | 1 | ഇല്ല | 1 |
| 6. | കെ. എച്ച് എം. എച്ച് എസ് വാളക്കുളം | 35 | 3.00 ഏ | 1 | ഉണ്ട് | 1 |

അവലബം : സെക്കന്ററി ഡാറ്റ്

വിശകലനം: പ്രൈമറി സ്കൂളുകളിൽ സ്ഥലം വളരെ കുറവായിട്ടാണു കാണുന്നത്. കുട്ടികൾക്ക് കളിയ്ക്കാനും മറ്റും സൗകര്യകുറവാണ് കളിസ്ഥലം ഇല്ലാത്ത സ്കൂളുകളും ഉണ്ട്. ഹൈസ്കൂളിൽ എല്ലാ സൗകര്യങ്ങളും ഉള്ളതായി കാണുന്നു.

വാർഡ് സർക്കാർ എയ്ഡഡ് അൺഎയ്ഡഡ് മറ്റുള്ളവ ആകെ സർക്കാർ

ഇവിടെ ഒരു പട്ടിക തെന്നൽ 5 ൽ ടൈപ്പ് ചെയ്യാനുണ്ട്

### പ്രശ്നങ്ങൾ

1. 1934 നു ശേഷം ജനസംഘ്യയിൽ വലിയ വർദ്ധനവുണ്ടായിട്ടും ഒരു പ്രാഥമിക വിദ്യാലയം പോലും പഞ്ചായത്തിൽ പുതുതായി സ്ഥാപിതമായിട്ടില്ല.

2. 23965 ജനങ്ങൾ താമസിക്കുന്ന പഞ്ചായത്തിൽ ആകെ ഒരു യു.പി. സ്കൂൾ മാത്രമേ യുള്ളൂ. ഇത് അത്യാവശ്യത്തിനു പോലും തികയുന്നില്ല. ഇന്നും പുറത്തുള്ള യു.പി. സ്കൂളുകളാണ് കുട്ടികൾക്കാശ്രയം

3. പഞ്ചായത്തിൽ ഒരേ ഒരു ഹൈസ്കൂൾ മാത്രമേ ഉള്ളൂ. പ്രത്യേക സാംസ്കാരിക പശ്ചാത്തലത്തിലും ജനസംഖ്യനുപാദികമായും ഇനുയും സൗകര്യം പോരാതെയാണിരിക്കുന്നത്.

4. എൽ . പി. വിഭാഗത്തിൽ 1995 96 , 1996 97 എന്നീ വർഷങ്ങളിൽ ,കുട്ടികളുടെ പ്രവേശനം കുറഞ്ഞു വരുന്നതായി കാണുന്നു.

5. പഞ്ചായത്തിലെ സ്കൂളുകളിൽ എട്ടു മൂത്രപ്പുരകളുടെ കുറവുണ്ട് മൂന്നു സ്കൂളുകളിൽ കക്കൂസ് സൗകര്യം തീരെ ഇല്ല  കുടിവെള്ളസംവിധാനം പോലും ഇല്ലാത്ത പ്രൈമറി വിദ്യാലയങ്ങളുണ്ട്. ഫർണിച്ചറിന്റെ അപര്യാപ്തതയും ഉണ്ട്.

6 ഹൈസ്കൂളിൽ ഒഴിച്ച് ബാക്കി ഒരിടത്തും ക്ലാസ്സുമുറികൾക്ക് ഇടഭിത്തികൾ ഇല്ല.

7. സ്കൂളുകളിൽ നിലവാരത്തകർച്ചയുണ്ട്

8. ഹൈസ്കൂൾതലം കഴിഞ്ഞാൽ ഉപരി പഠനത്തിന് പഞ്ചായത്തിൽ ആശ്രയം തിരൂരങ്ങാടിയിലെ പി.എസ്.എം.ഒ. കോളേജാണെങ്കിലും പ്രസ്തുത കോളേജിന്റെ പരിധിയിൽ വലിയൊരു പ്രദേശം വരുന്നതിനാൽ വളരെ ക്കുറച്ചു പേർക്കേ പ്രവേശനം സാധ്യമാകുന്നുള്ളൂ

തിരൂർ, തിരൂരങ്ങാടി, കോട്ടക്കൽ, ചെമ്മാട്, മലപ്പുറം എന്നിവിടങ്ങളിലെ പാര ലൽ കോളേജുകളെയാണ് ഉപരിപഠനത്തിനാഗ്രഹിക്കുന്നവർ ആശ്രയിക്കുന്നത്. സാങ്കേതിക പഠനത്തിനു ആഗ്രഹിക്കുന്നവർക്ക് തിരൂരിലെ എസ്സ്.എസ്. എം. പോളിയറ്ണാശ്രയം.

9. ഐ.ടി.ഐ.കൾ പരിസരത്തെ ഒരു പഞ്ചായത്തിലുമില്ലാത്തത് സാധാരണക്കാർക്ക് പ്രശ്നമാണ്,

10 ടൈപ്പ് റൈറ്റിംഗ് പഠിക്കാൻ തക്കയാതൊരു സൗകര്യവും പഞ്ചായത്തിലില്ല.

പ്രീ-പ്രൈമറി. കുട്ടികളുടെ ബുദ്ധിവികസിക്കുന്ന പ്രധാന കാലഘട്ടമാണ് പ്രി പ്രൈമറിയിൽ വരുന്ന കാലം. പഞ്ചായത്തിൽ 4 നഴ്സറികളാണു പ്രവർത്തിക്കുന്നത്. അവയെല്ലാം തന്നെ മദ്രസക

ളോടു ചേർന്ന പ്രവർത്തിക്കുന്നതും മതപഠനവുമായി ബന്ധപ്പെട്ടതും. ചിലവ ഇംഗ്ലീഷ് മീഡിയത്തിലുമാണ് ആവശ്യത്തിനു ഒട്ടും മതിയാകാത്തതാണ് മേൽപ്പറഞ്ഞവ,

12 പഞ്ചായത്തിൽ ആകെ 13 അംഗൻവാടികളാണുള്ളത്. ഭൗതിക സാഹചര്യം വളരെ മോശമാണു പലയിടത്തും. വാടകക്കെട്ടിടത്തിലാണു മിക്കതും. വാടക ടീച്ചർമാർ കൈയിൽ നിന്നും കൊടുക്കേണ്ടി വരുന്നു എന്നതാണ് ഒരു അധ്യാപിക പറഞ്ഞത്. പഞ്ചായത്തിലെ 23965 വരുന്ന ജനസംഖ്യക്ക് 24 അംഗൻവാടികളുടെ സാധ്യതയുണ്ട്. 1000 പേർക്ക് 1 എന്ന തോതിൽ അംഗൻവാടികൾ അനുവദിക്കപ്പെടുകയാണെങ്കിൽ ഇനിയും 11 അംഗൻവാടികൾ ക്കു സാധ്യതയുണ്ട്

13 ഭൂമിയുടെ ഉയർന്ന മാർക്കറ്റു വിലയും ജന സാന്ദ്രതയും മറ്റും കാരണം അംഗൻ വാടികൾക്കു സ്ഥലം ലഭ്യമാക്കാൻ ശ്രമിച്ച പലരും നിരാശരായി പിൻവാങ്ങിയതായാണ് അനുഭവം. ബോധവൽക്കരണം നടത്തി സമൂഹം ഒന്നടങ്കം ശ്രമിക്കുകയാണെങ്കിൽ സുപ്രധാനമായ ഈ മേഖലയെ ഇനിയും വ്യാപിപ്പിക്കാനും ഭൗതികസാഹചര്യങ്ങളെ മെച്ചപ്പെടുത്തുവാനും കഴിയും. സൗകര്യക്കുറവും നിലവാരക്കുറവുമാണ് വമ്പിച്ച ഫീസു നൽകി കുട്ടികളെ പരിസര പഞ്ചായത്തുകളിലെയും പട്ടണങ്ങളിലെയും നഴ്സറികളിലേക്ക് തിരിച്ചുവിടുന്നത്.

ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ പഠനത്തെ സഹായിക്കാനായി നടത്തുന്ന ഒരു സ്വകാര്യ വിദ്യാലയം കൊടക്കല്ലങ്ങൾ പ്രവർത്തിച്ചു വരുന്നു. പൊതു മേഖലയിൽ ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതാണ്.

കോഴിക്കോടു സർവകലാശാല അടുത്താണെങ്കിലും ഉപരിപഠനത്തിനു പോകുന്നവർ ഇല്ല; ഗവേഷണത്തിനു പോകുന്നവരും " കുറഞ്ഞ അധ്വാനം, കൂടുതൽ വരുമാനം " എന്ന മടിയൻ സമീപനം യുവാക്കൾക്കിടയിലുണ്ട്

സാക്ഷരത പ്രവർത്തനം വളരെ കാര്യക്ഷമമായി നടന്ന ഒരു പഞ്ചായത്താണ് തെന്നല. ഒന്നാം ഘട്ടത്തിൽ പൊതുജനപങ്കാളിത്തം നന്നായി കിട്ടിയിരുന്നു. തുടർ സാക്ഷരതാ പ്രവർത്തനം വേണ്ടത്ര ആഴത്തിൽ ജനങ്ങളിലേക്കെത്തിക്കാൻ സംവിധാനങ്ങളുടെ അപര്യാപ്തത കാരണമായി. തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ വേണ്ടത്ര സ്ഥാപിക്കാഞ്ഞത് "കുറച്ചിൽ തന്നെയാണ്." നിരക്ഷരർ പൊതുവെ കുറവാണ്. വിശേഷിച്ചും സ്ത്രീകളിൽ ഇന്നത്തെ നിശ്ചലാവസ്തയിൽ സാക്ഷരർ നിരക്ഷരരായി മാറാനുള്ള സാധ്യത കൂടുതലാണ്.

സർക്കാർ ഉടമയിലുള്ള പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല. അറയ്ക്കൽ എം.എ.എം.യു. പിസ്കൂളിന് പഞ്ചായത്തും പൊതുജനങ്ങളും സഹകരിച്ച് നിർമിച്ചുകൊടുത്ത ഒരു കുടിവെള്ളം പദ്ധതി വളരെയധികം ഉപകരിച്ചിട്ടുണ്ട്. സ്കൂൾ കോംപ്ലക്സുകൾ എടരിക്കോട് ഹൈസ്കൂളിനെ കേന്ദ്രീകരിച്ചാണാദ്യം നടത്തിവന്നിരുന്നത്. പഞ്ചായത്തു വിഭജനം നടക്കുകയും എടരിക്കോട് ഹൈസ്കൂൾ എടരിക്കോട് പഞ്ചായത്തിലാവുകയും ചെയ്തു. തുടർന്ന് പഞ്ചായത്തിൽ കെ.എച്ച്. എം. എസ്സ്. നിലവിൽ വന്നതൊടെ കോംപ്ലക്സ് കേന്ദ്രം പ്രസ്തുതസ്ളാബായി. ഇപ്പോൾ പ്രവർത്തനം മന്ദഗതിയിലാണ്. ഏക ഹൈസ്കൂൾ കുറഞ്ഞ കാലമായി "സിക്ക്" ആയിട്ടാണ്, പരിഗണിച്ചു വന്നിരുന്നത്. അധ്യാപകരുടെ അകമഴിഞ്ഞ സഹകരണത്തോടെ ഇന്ന് ആ നില തരണം ചെയ്തിരിക്കുന്നു. എങ്കിലും പഴയ നല്ല നിലവാരത്തിലേക്ക് സ്കൂൾ എത്തിയിട്ടില്ല. എത്തിക്കാനുള്ള ശ്രമത്തിലാണ് എല്ലാവരും

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും സ്വാകര്യ മേഖലയിലായിരുന്നതിനാൽ അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ട സൗകര്യങ്ങൾക്കായി ഇട പെടാൻ PTA കൾക്കു പരിമിതികളുണ്ടിവിടെ. അതു പോലെ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിൽ PTAകൾക്കും ചെറിയ വൈമുഖ്യമുണ്ട്. ഏതു മേഖലയിലായാലും നികുതി ദായകന്റെ മക്കളാണു പഠിക്കുന്നതെന്നും അവർക്കു നീതി നിഷേധിക്കുന്നത് ന്യായമല്ലെന്നും, ബോധ്യപ്പെട്ടു വരേണ്ടിയിരിക്കുന്നു. ഇന്നത്തെ ഭൗതിക സാഹചര്യത്തിൽത്തന്നെയാണു കുട്ടികൾ തുടർന്നു പഠിക്കുന്നതെങ്കിൽ സാഹചര്യമില്ലാത്തതിന്റെ പേരിൽ കുട്ടികൾ നേടിയെടുക്കേണ്ട "പ്രാപ്തി"കൾ നേടിയെടുക്കുന്നതിനാവശ്യമായ വൈവിധ്യമാർന്ന പരിപാടികൾ ഊന്നൽ നൽകി നടപ്പിലാക്കാൻ അധ്യാപർക്കു സാധിക്കാതെ വരും. ഫലം കുട്ടികൾ പിൻതള്ളപ്പെട്ടു പോകും. ഈ രീതി ആശാസ്യമല്ല തന്നെ. അതിനാൽ മാനേജരും, അധ്യാപകരും രക്ഷിതാക്കളും സമൂഹവും എല്ലാം ചേർന്ന് നല്ല ലക്ഷ്യത്തിനു വേണ്ടിയുള്ള പുതിയൊരു കൂട്ടായ്മയും സംഘയത്നവും അനിവാര്യമായി വന്നിരിക്കയാണ്. ബോധവൽക്കരണത്തിലൂടെ പുതിയൊരു സഹകരണത്തിന്റെ വഴിത്താര തുറക്കേണ്ടിയിരിക്കുന്നു. തുറന്നേപറ്റൂ.

ഗ്രാമ സഭകളിലെ ചർച്ചകളിൽ 2ാം സ്ഥാനമാണ് വിദ്യഭ്യാസത്തിനു കിട്ടിയതെന്നു ഗ്രാമ സഭ റിപ്പോർട്ടുകളിൽ നിന്നനുമാനിക്കാം.

എങ്കിലും ബോധമുള്ളവരുള്ളിടത്തെല്ലാം വിദ്യാഭ്യാസത്തിനു ഊന്നൽ നൽകിക്കണ്ടു. വീടുവീ

ടാന്തരം ബന്ധപ്പെട്ടു നടത്തിയ പ്രാഥമിക സർവ്വെയുടെയും, ദ്വിതീയ വിവര ശേഖരണത്തിന്റെയും കാരണവയർച്ചയുടെയും അധ്യാപകരും സാമൂഹ്യപ്രവർത്തകരുമായുള്ള മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, അധ്യാപക വിദ്യാർത്ഥി അനുപാതം അധ്യാപക രക്ഷാകർതൃസമിതിയുടെ പ്രവർത്തന വൈകല്യം, ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ളവയുടെ അപക്ഗ്രഡേഷൻ, അധ്യാപക പുന:പരിശീലനം, കൂട്ട ക്ലാസുകയറ്റം, പാഠ്യേതര പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി കാര്യങ്ങൾ നോക്കിക്കാണാൻ ശ്രമം ഉണ്ടായിട്ടുണ്ടെന്നുള്ളത് ശുഭോദർക്കമായി കാണുന്നു. സർക്കാർ സ്ഥലം ലഭ്യമല്ല എന്നുള്ള ന്യൂനത പരിഹരിക്കാൻ പ്രയാസം അതിനാൽ സന്നദ്ധ സംഘടനകൾ മുന്നോട്ടു വരുന്നിടത്ത് അവരെ സഹായിക്കുകയാണു കരണീയം

മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കാൻ ഒന്നാമതായി വേണ്ടത് അധ്യയനാന്തരീക്ഷത്തിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുക എന്നുള്ളതുതന്നെയാണ്. ഒരധ്യാപകന്റെ പാട്ട് 7 ക്ലാസ്സുകളുള്ള ഒരു ഹാളിനെ എങ്ങനെ ബാധിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഒരു ക്ലാസിലെ മൈമിംഗ് മറ്റു ക്ലാസ്സുകളെ നിഷ്ചലമാക്കാം. മറ്റൊരു ക്ലാസ്സിലെ റോൾ പ്ലെ എല്ലാ ക്ലാസിനെയും അങ്ങോട്ടാകർഷിക്കും. നല്ലൊരു ചിത്രം പുതിയൊരു ചാർട്ട്, ചെറിയൊരു മിമിക്രി, ചെറിയൊരു നാടകം, ഒരു കവിതയുടെ ഡിസ്പ്ലെ, തുടങ്ങിയവയെല്ലാം തന്നെ നിരവധി പ്രശ്നങ്ങളുണ്ടാക്കും. ഓരോ ക്ലാസിനും ചെറിയൊരു "മറ" ഇതൊക്കെ ഒരു പരിധിവരെ പരിഹരിക്കുകയും ചെയ്യും. കുട്ടികളുടെ ശ്രദ്ധ കേന്ദ്രീകരിച്ചു കിട്ടാതെ വന്നാൽ അധ്യാപകൻ ചെയ്യുന്നതെല്ലാം ജലരേഖയായി മാറും. കുറച്ചു കഴിഞ്ഞാൽ അധ്യാപകനും കുട്ടിക്കും മടുക്കും. മുരടിപ്പുതന്നെ ഫലം. ആ മേഖലയിൽ മുടക്കുന്ന പണത്തിന്റെ മൂല്യം പൂജ്യമാകുന്നു എന്നും ചെറിയൊരിടപെടൽ മതി ഇതൊക്കെ ശരിയാക്കാൻ . വിശേഷിച്ചും പ്രൈമറി തലത്തിൽ

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ലൈബ്രറി പുസ്തകങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഉണ്ട്. അവ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നു എന്നുറപ്പാക്കേണ്ടത് ആദ്യമായി പ്രൈമറി തലത്തിൽ തന്നെയാണ്. ശീലങ്ങളും മനോഭാവങ്ങളും കരുപ്പിടിപ്പിച്ചു തുടങ്ങേണ്ടത് അവിടെ നിന്നു തന്നെയാണല്ലോ. അതിനുള്ള സാഹചര്യങ്ങൾ അതതു സ്ഥാപനങ്ങളിൽ ഉണ്ടാകണം.

എത്ര പഠനോപകരണങ്ങളുണ്ടെങ്കിലും സാഹചര്യം അനുകൂലമല്ലെങ്കിൽ പ്രയോജനപ്പെടില്ല. തീർച്ച റേഡിയോ , ടേപ്പ്, ഉപയോഗം തീരെ കുറവുമാകണം. കാരണം സാഹചര്യം

അതേപോലെത്തന്നെ പ്രാധാന്യമർഹിക്കുന്നതാണ് ലബോറട്ടറി സൗകര്യം. ഉപകരണങ്ങൾഉള്ളതുകൊണ്ടു മാത്രമായില്ലല്ലോ! പ്രയോജനപ്പെടാൻ സാഹചര്യവും മറ്റും വേണമല്ലോ. അതൊരുക്കേണ്ടിയിരിക്കുന്നു.

ധിഷണശാലികളും, സാമൂഹ്യ ബോധമുള്ളവരും സേവന തൽപ്പരരും, സർവ്വോപരി അർപ്പണ ബോധമുള്ള ഒരു കൂട്ടം അധ്യാപകർ യു.പി.യുടെ മുതൽകൂട്ടാണ്. ആ സാധ്യതകൾ വേണ്ടത്ര വ്യാപ്തിയിൽ പ്രയോജനപ്പെടാതെ പോകുന്നത് വിദ്യാർത്ഥി സമൂഹത്തിനും നാടിനും, നഷ്ടം തന്നെ. ഉപയോഗിക്കാഞ്ഞാൽ മൂർച്ച കെടും. തിളക്കം പോവും, മരവിക്കും. ദ്രവിക്കും. അങ്ങനെ സംഭവിക്കാതെ നോക്കാൻ നല്ല സാഹചര്യമൊരുക്കേണ്ടതനിവാര്യമാണ്.

ഹൈസ്കൂൾ ഭൗതിക സാഹചര്യങ്ങളാൽ ധന്യമായ ഒരിടമാണ്. അവിടെ ആദ്യം രക്ഷിതാക്കളും അവരിലൂടെ പഠിതാക്കളും ബോധവൽക്കരിക്കപ്പെടേണ്ടതായാണു കാണുന്നത്.

അവനവനു വേണ്ടിയും അതുവഴി സമൂഹത്തിനു വേണ്ടിയുമാണ് വിദ്യാഭ്യാസം എന്ന തിരിച്ചറിവ് പ്രായോഗികമാക്കേണ്ടിയിരിക്കുന്നു.

ഗ്രാമ സഭാ റിപ്പോർട്ടുകളുടെ അടചിസ്ഥാനത്തിൽ 9ാം പദ്ധതിയിൽ ഉൾപ്പെടുത്താനായി നിർദ്ദേശിക്കപ്പെട്ട വാർഡ് പ്രശ്നങ്ങൾ, പരിഹാരങ്ങൾ എന്ന ക്രമത്തിൽ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വാർഡ് 1. A, പ്രശ്നം വിസ്തീർണത്തിലും ജനസംഖ്യായിലും ഒന്നാം സ്ഥാനത്തു നിൽക്കുന്ന ഒന്നാം വാർഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. ഒന്നര കി.മീ. വരെ യാത്ര ചെയ്താണ് LP സ്കൂൾ കുട്ടികൾ പോകുന്നത്.

### B പരിഹാര നിർദ്ദേശങ്ങൾ

1. അടിയന്തിരമായി ഒരു പ്രൈമറി വിദ്യാലയം ഈ വാർഡിൽ ആവശ്യമാണ്. സർക്കാർ സ്ഥലം ലഭ്യമല്ല. അക്വയർ ചെയ്തുകിട്ടിയാൽ നാട്ടുകാർ കെട്ടിടം ഉണ്ടാക്കാൻ സന്നദ്ധമാണ്.

2. സ്വകാര്യ മേഖലയിൽ അനുവദിക്കുകയാണെങ്കിൽ വ്യക്തികളും സംഘടനകളും ഏറ്റെടുത്തു നടത്താൻ സന്നദ്ധമാണ്.

ഇതുവഴി 1,2 വാർഡുകളിലെ കുട്ടികൾക്കു

വളരെ കാര്യമായ പ്രോയോജനം ലഭിക്കും.

വാർഡ് A സ്കൂളില്ല. സ്ഥാപിക്കാനാവശ്യമായ സ്ഥലവും ലഭ്യമല്ല 3ാം വാർഡിലെ എൽ.പി.സ്കൂളിനെ ആശ്രയിക്കുന്നു; UP തലത്തിൽ IV ാം വാർഡിനെയും.

B പരിഹാര നിർദ്ദേശങ്ങൾ 3 ാം വാർഡിലെ എൽ.പി. സ്കൂൾ അപ്ഗേഡ് ചെയ്യുകയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക

**പ്രസക്തമായ നിർദ്ദേശമാണ്.**

വാർഡ് IV A ഹൈ സ്കൂൾ സൗകര്യമില്ല. ഹൈസ്കൂൾ വളരെ ദൂരെയാണ്. കളിസ്ഥലം ഇല്ല. ഇരിപ്പിട സൗകര്യങ്ങൾ വേണ്ടത്രയില്ല. B പരി.നിർദ്ദേശങ്ങൾ.

1. നിലവിലുള്ള യു.പി. അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കുക

2. പുതിയ ഹൈസ്കൂൾ അനുവദിക്കുക

രണ്ടിലൊന്ന് ചെയ്താൽ ഈ പഞ്ചായത്തിലെ I II.III IV IX V എന്നീ വാർഡുകളിലെ കുട്ടികൾക്കും തിരൂരങ്ങാടി പഞ്ചായത്തിലെ XIV XV എന്നീ വാർഡിലെ കുട്ടികൾക്കും, പൊന്മുണ്ടം പഞ്ചായത്തിലെ തൊട്ടു കിടക്കുന്ന വാർഡിലെ കുട്ടികൾക്കും വളരെയധികം പ്രയോജനപ്പെടും.

വാർഡ് V A ഈ വാർഡിൽ സ്കൂളുകൾ ഒന്നുമില്ല. 4 കി.മീ. വരെ നടന്ന് N H 17 ക്രോസ്ചെയ്ത് വേണം പ്രൈമറിയിൽപോലുമെത്താൻ.

B. വാർഡിൽ സർക്കാർ സ്ഥലം ലഭ്യമല്ലാത്തതിനാൽ സ്വകാര്യ മേഖലയിൽ അനുവദിച്ചാൽ ഐറ്റെടുത്ത് നടത്താൻ സ്വകാര്യ വ്യക്തികളും സംഘടനകളും തയ്യാറാണ്.

ഭൂപ്രകൃതി പരിഗണിച്ച് ഒരു പ്രൈമറി സ്കൂളെങ്കിലും അനുവദിക്കപ്പെടേണ്ടത് സാമാന്യനീതിമാത്രമാണ്.

**വാർഡ് VI നിർദ്ദേശങ്ങളില്ല**

വാർഡ് VII A പ്രൈമറി തലത്തിൽ വിദ്യാഭ്യാസം മോശമാണ്.

B പ്രൈമറി തലത്തിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്തണം. വാർഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. വാർഡിലുള്ളവർ തിരൂരങ്ങാടി പഞ്ചായത്തിലെ XIII വാർഡിലുള്ള വെന്നിയൂർ ജി. എം. യു. പി. സ്കൂളിനെയാണാശ്രയിക്കുന്നത്. വേണ്ടതു ചെയ്യണം.

വാർഡ് VIII A സ്കൂളുകൾ ഒന്നുമില്ല.

B 1. യു.പി. വിദ്യാഭ്യാസത്തിന് തൊട്ടടുത്ത തുമ്പത്തുപറമ്പ എ.എം.എൽ.പി സ്കൂൾ അപ്ഗ്രേഡ് ചെയ്യുക. 2. അല്ലെങ്കിൽ K.H. M. H. S. യു. പി. വിഭാഗം തുടങ്ങുക

വാർഡ് IX A എൽ. പി. സ്കൂൾ ഇല്ല

B സ്വകാര്യ മേഖലയിൽ അനുവദിക്കുകയാണെങ്കിൽ മദ്രസ്സ കമ്മറ്റി ഏറ്റെടുത്തു നടത്താൻ തയാറാണ്.

വാർഡ് III A സ്വകാര്യ മേഖലയിൽ 2 നഴ്സറികളും ഒരു എൽ.പി. സ്കൂളും ഉണ്ട്. ഭൗതിക സാഹചര്യം മോശമാണ്

B. സ്കൂളിൽ കക്കൂസും ഇടമതിലുകളും നിർമ്മിക്കുക.

വാർഡ് X

ചില പൊതു നിർദ്ദേശങ്ങൾ ( അവലംബം : ഗ്രാമ സഭകളിൽ എത്താൻ കഴിയാതിരുന്ന വിദ്ഗ്ദരിൽ സാമൂഹ്യ പ്രവർത്തകർ, ഉദ്യോഗസ്ഥർ, കാരണവന്മാർ എന്നിവരുമായുള്ള മുഖാമുഖം)

1. പ്രൈമറി തലം പ്രബലമാക്കാനായി 1000 ജനങ്ങൾക്ക് ഒന്ന് എന്ന തോതിൽ അംഗൻ വാടികൾ ആരംഭിക്കണം.

അംഗൻവാടികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഗ്രാമ പഞ്ചായത്ത്, പൊതുജനം എന്നിവർ സംയുക്തമായി ശ്രമിക്കണം.

2. പ്രൈവറ്റ് മാനേജുമെന്റാണെങ്കിലും പ്രൈമറിതലത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഗ്രാമ പഞ്ചായത്തും, പൊതു ജനങ്ങളും, ധനാഢ്യരായ തദ്ദേശീയരും തോളോടു തോൾ ചേർന്നു പ്രവർത്തിക്കണം.

3. ഓരോ സ്കൂളിലും ക്ലാസ് പി.ടി.എ.കൾ രൂപീകരിക്കുകയും രക്ഷിതാക്കൾ കുട്ടികളുടെ അധ്യാപകരുമായി ബന്ധപ്പെടുകയും വേണ്ട ഭൗതിക സാഹചര്യമൊരുക്കുക എന്നതിനും സഹകരിക്കുകയും സൗഹൃദപൂർവ്വം പെരുമാറുകയും വേണം.

4. "പഠിപ്പിക്കുക" എന്നതിൽ നിന്നും "പഠിക്കാനുള്ള സാഹചര്യങ്ങളൊരുക്കുക" എന്നതിലേക്ക് വരാൻ വേണ്ട ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ അധ്യാപകർക്ക്താങ്ങായി രക്ഷിതാക്കൾ വർത്തിക്കുക.

5. പഠന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന പുതിയ പഠന - ബോധന സമ്പ്രദായങ്ങൾ സ്വായത്തമാക്കാൻ സ്കൂൾ കോംപ്ലക്സ് തലത്തിലും,

സ്കൂൾ തലത്തിലും, വേണ്ടിവന്നാൽ ക്ലാസുതലത്തിലും അധ്യാപകർക്ക് പരിശീലനം നൽകി തൊഴിൽ പരമായ നൈപുണി വർദ്ധിപ്പിക്കുക.

6. ഒരേ ക്ലാസ്സുകളിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അധ്യാപകർക്ക് അവരവരുടെ പാഠഭാരങ്ങളിൽ വരാവുന്ന പഠന പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനും മെച്ചപ്പെട്ടവ തെരഞ്ഞെടുക്കുന്നതിനും ആഴ്ചയിലൊരിക്കലെങ്കിലും അൽപ്പം നേരം കൂടിയിരിക്കാൻ സന്ദർഭമൊരുക്കുക.

7. പഠന - ബോധന ഉപകരണങ്ങൾ നിർമ്മിക്കാൻ സമൂഹ പങ്കാളിത്തം ഉറപ്പാക്കുക. ( സമൂഹത്തിലെ ചിത്രകാരന്മാർ മുതലായവ ഉപയോഗപ്പെടുത്തുക.)

8. ദൂരദേശങ്ങളിലേക്കുള്ള ടൂർ കഴിയുന്നതും ഒഴിവാക്കുക. പകരം അടുത്ത പൊതു സ്ഥാപനങ്ങളിലേക്കോ വയൽ പ്രദേശങ്ങളിലേക്കോ, പഠന മൂല്യമുള്ള ചെറു ചെറു യാത്രകൾക്കോ ( പണം ചെലവാക്കാതെത്തന്നെ) പ്രാമുഘ്യം കൊടുക്കുകയും, അത തുപാഠ്യ വസ്തുക്കളുമായി അവയെ ബന്ധിപ്പിച്ച് നടപ്പിലാക്കുകയും ചെയ്യുക. അതു വഴി നേരിട്ടറിയാനും, നിരീക്ഷിക്കാനും, തൊട്ടറിയാനും, മണത്തറിയാനും അനുഭവിക്കാനും മറ്റും മറ്റും കുട്ടികളെ പ്രാപ്തരാക്കുക

9. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വ്യത്യസ്ത ഗ്രേഡുകളെ കൈകാര്യം ചെയ്യേണ്ട രീതി സ്വായത്തമാക്കാനും പ്രാവർത്തികമാക്കാനും അധ്യാകരെ സഹായിക്കുക.

10. ലൈബ്രറികളും, ലബോറട്ടറികളും കുട്ടികൾക്കായി തുറന്നുനൽകുക.

11. പരീക്ഷാ സമ്പ്രദായങ്ങളിൽ കാലത്തിന്നനുസരിച്ച മാറ്റം വരുത്തുക.

12. കാര്യക്ഷമമായ ജനകീയ സമിതികളുടെ മോണിറ്ററിംഗ് സ്കൂളുകളിൽ ഏർപ്പെടുത്തുക.

13. പഠനാനുബന്ധ മേഖലയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുക.

a. സ്കൂൾ അസംബ്ലി കഴിയുന്നത്ര നടത്തുക

b. യൂണിഫോം നടപ്പിലാക്കുക

c. വായന കോർണറുകൾ സംഘടിപ്പിക്കുക

d. വിവിധ ക്ലബ്ബുകൾ രൂപീകരിച്ച് പരിപാടികളും പ്രവർത്തന പദ്ധതികളും നിർദ്ദേശിക്കുക.

e. സാഹിത്യ സമാജം നടപ്പാക്കുക

F. ഹൈസ്കൂളുകളിൽ സ്കൂൾ പാർലമെന്റുകൾ നടപ്പിലാക്കുക

g. കുട്ടികൾക്കായി കൈയെഴുത്തു മാസികകൾ നടത്തുക

h. ആൽബങ്ങൾ ശേഖരങ്ങൾ എന്നിവയുണ്ടാക്കാൻ കുട്ടികൾക്കു നിർദ്ദേശം നൽകുക. പുരോഗതി നിരീക്ഷിക്കുക

i. പഠനോപകരണങ്ങൾ നിർമിക്കാൻ അധ്യാപകരെ സഹായിക്കാൻ പ്രേരിപ്പിക്കുക.

j. പച്ചക്കറിത്തോട്ടം നിർമ്മിക്കാനും അതിനായി കൃഷിഭവന്റെ സഹായം തലഭ്യമാക്കാനും വേണ്ടതു ചെയ്യുക.

14. മാതൃ സമാജം സജീവവും പ്രവർത്തനക്ഷമവുമായിത്തന്നെ നിലനിർത്തുക

15. കുട്ടികളെ അവരുടെ പൂർവികരുടെ ചരിത്രത്തെപ്പറ്റി ബോധവൽക്കരിക്കുക.

16. പഞ്ചായത്തിൽ ഹൈസ്കൂൾ വിടുന്ന കുട്ടികൾക്കു തൊഴിലധിഷ്ഠിത വിദ്യാഭ്യാ സം ലഭ്യമാക്കാനായി സാങ്കേതിക സ്ഥാപനങ്ങൾ, ( ഇലക്ട്രിക്കൽ , കാർപന്ററി, വയറിംഗ് , പ്ലംബിങ്ങ്, എന്നീ ട്രേഡുകൾ ഉള്ള I T I അല്ലെങ്കിൽ പോളിടെക്നിക്ക് അനുവദിക്കുക. ഇതിന്നായി PWD യുടെ കൈവശമുള്ള ( N . H നു ചേർന്ന് റി. സ. 247 / A യിലുള്ള 8 ഏക്ര ഭൂമി ലഭ്യമാക്കുക.

ജനങ്ങളും ജനകീയ സ്ഥാപനങ്ങളും ഒത്തു ചേർന്നാൽ വിദ്യാഭ്യാസ രംഗത്തെ സമ്പുഷ്ടമാക്കാനും സമൂഹത്തിനു പ്രയോജനപ്പെടുന്ന സ്രോതസ്സാക്കി മാറ്റാനും നമുക്കാകും.

# 6–8 സാംസ്കാരികം

തെന്നല പഞ്ചായത്തിന്റെ സാംസ്കാരിക വളർച്ചയിൽ ഔപചാരികവും അനൗപചാരികവുമായ നിരവധി പ്രസ്ഥാനങ്ങൾ സംഭാവന നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്തെ വളർച്ച സാംസകാരക രംഗത്ത് കാര്യമായ ചലനങ്ങൾക്ക കാരണമായി.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും സാക്ഷരതാ പ്രസ്ഥാനവും പഞ്ചായത്തിന്റെ സാംസ്കാരിക വളർച്ചയിൽ കാര്യമായ സംഭാവനകൾ നലികിയിട്ടുണ്ട്

ഗ്രന്ഥശാലാ രംഗത്ത് സി.എച്ച്. സ്മാരക പഞ്ചായത്ത് ലൈബ്രറി മാത്രമാണ് ഉള്ളത്. 1992 ൽ ഇത് പ്രവർത്തന മാരംഭിച്ചുവെങ്കിലും പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങൾക്കും ഇത്കൊണ്ടു പ്രയോജനം ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ മുഴുവൻ സാംസ്കാരിക പ്രവർത്തനങ്ങളുടെയും കേന്ദ്രസ്ഥാപനമെന്ന നിലയിൽ ഇത് വളർത്തിയെടുക്കേണ്ടതുണ്ട്.

പഞ്ചായത്ത് പരിധിക്കുള്ളിൽ കൊടക്കല്ല് കപ്രാട്ട് പാടി കേന്ദ്രീകരിച്ചു ചേതക കലാസമിതി പ്രവർത്തിക്കുന്നുണ്ടെങ്കിലും അവരുടെ പ്രവർത്തനം മിക്കവാറും തീരൂരങ്ങാടി പഞ്ചായത്ത് കേന്ദ്രീകരിച്ചാണ്.

തെന്നല ഭാഗത്ത് തൂലിക ക്ലബ്ബ്, കിവി, എവർഷൈൻ ക്ലബ്ബ്, ഫ്രന്റസ് കലാസമിതി തുടങ്ങിയ ഇടക്കാലത്ത് പ്രതീക്ഷയുണരത്തിയിരുന്നെങ്കിലും കുറച്ചു കാലമായി അവയൊക്കെ നിർജ്ജീവമായി അവസ്ഥയിലാണ്.

10ാം വാർഡ് കേന്ദ്രീകരിച്ച് പുരോഗമന കലാ സാഹിത്യ സംഘവും കലാസമിതുയം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫലപ്രദമായിട്ടാണെന്ന് പറയുക വയ്യ.

അറക്കൽ കേന്ദ്രീകരിച്ചു ശാസ്ര്തസാഹിത്യ പരിഷത്ത് നിലവിലുണ്ടെങ്കിലും ജനകീയമല്ല.

വെസ്റ്റ് ബസാൻ കോന്ദ്രീകരിച്ചു അടുത്ത കാലത്ത് രൂപീകരിച്ച ടാസ്ക് അകാല ചരമം പ്രാപിച്ച നിലയിലാണ്.

10ാം വാർഡിലെ ചിലങ്ക ക്ലബ്ബിന് അംഗീകാരം ലഭിച്ചിട്ടില്ല്.

മത സംഘടനകൾ നടത്തുന്ന ലൈബ്രറികളും വായനശാലകളും ഉണ്ടെങ്കിലും അതെല്ലാം വെറും പത്രവായന കേന്ദ്രങ്ങൾ എന്നതിലുപരി സാംസകാരിക സ്ഥാപനം എന്ന നിലയിലേക്ക് ഉയർന്നിട്ടില്ല.

കോൽക്കളി പടകളി, ദഫ്മുട്ട് തുടങ്ങിയ നാടൻ കലാ രൂപങ്ങളിൽ പ്രാവീണ്യ മുള്ളവരുണ്ടെങ്കിലും അവരുടെ കലാ പ്രവർത്തനങ്ങൾ സംഘടിത രൂപത്തിലേക്ക് മാറ്റുകയോ പരിശീലനത്തിന്റെയോ പ്രചരണത്തിന്റേയോ തലത്തിലേക്ക് എത്തുകയോ, ചെയ്തിട്ടില്ല.

പത്ര മാധ്യമങ്ങൾക്കും മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കും പഞ്ചായത്തിൽ മോശമല്ലാത്ത് പ്രചാരമുണ്ട് ഇലക്ടോണിക് മാധ്യമങ്ങൾക്കും വേണ്ടത്ര പ്രചാരമുണ്ട്.

### കായിക രംഗം

കായിക രംഗത്ത് വളരെയധികം താല്പര്യമുള്ളവരാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ. പക്ഷെ ഈ രംഗത്തെ അടിസ്ഥാന സൗകര്യങ്ങളുടെ

അഭാവം ഒരു വലിയ പ്രശ്നമാണ്.

ഒരു മിനി സ്റ്റേഡിയം പോലുമില്ലാത്ത അവസ്ഥയാണ് പഞ്ചായത്തിലുള്ളത്.

ഏറ്റവുമധികം പ്രചാരം സിദ്ധിച്ചിട്ടുള്ളത് ഫുട്ബോളിനാണ്. വളരെയധികം പ്രതിഭകൾ ഈ രംഗത്ത് വളർന്നു വരികയുണ്ടായെങ്കിലും. തുടർന്നുള്ള പരിശീലനത്തിന്റെയും പ്രോത്സാഹനത്തിന്റെയും അഭാവം കാരണം അവരെയൊക്കം മളയിലെ കരിഞ്ഞുപോവുകയാണുണ്ടായത്.

ഫുട്ബോൾ മേളകൾക്കായി കൃഷിക്കുപയോഗിക്കുന്ന വയലുകളെ ആശ്രയിക്കേണ്ടി വരുന്നു 12 വർഷത്തിലധികമായി എവർഷൈൻ ക്ലബ്ബ് ഫുട്ബോൾ ടൂർണ്ണമെന്റ് വിജയികരമായി സംഘടിപ്പിച്ചുവരുന്നു. ഗവൺമെന്റ് അംഗീകാര പോലുമില്ലാത്ത. ഈ സംഘടകനായാണ് ഫുട്ബോൾ പ്രേമികൾക്ക് അല്പമെങ്കിലും പ്രത്യാശക്ക് വക നൽകുന്നത്.

ഗവൺമെന്റ് അംഗീകാരവും നെഹറു-യുവ കേന്ദ്രയുടെ അഫിലിയേഷനും ലഭിച്ചിട്ടുള്ള കിവി സ്പോർട്സ് ക്ലബ്ബ് തികച്ചും നിർജ്ജീവമാണ്.

ക്രിക്കറ്റ്. വോളിബോൾ തുടങ്ങിയവയിലും അത്യധികം താത്പര്യമുള്ളവരാണെങ്കിലും അവരുടെ കായികാഭിരുചി അടിസ്ഥാന സൗകര്യങ്ങളുടെയും പ്രോത്സാഹനത്തിന്റെയും അഭാവത്തിൽ നഷ്ടപ്പെട്ടു പോകുകയാണ്.

സാംസ്കാരിക-കായിക രംഗത്ത് പഞ്ചായത്ത് നിവാസികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. പഞ്ചായത്ത് ലൈബ്രറിയല്ലാതെ മറ്റൊരു വാർഡിലും ഗ്രന്ശാലകളില്ല. ജനങ്ങളിൽ വായനാശീലം പ്രോത്സാഹിപ്പിക്കാനുള്ള യാതൊരു സംവിധാനവുമില്ല.

2. റേഡിയോ, ടി.വി കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഒരിടത്തും പ്രവർത്തിക്കുന്നില്ല.

3. സ്ഥിരമായ കളിക്കളങ്ങളോ കായിക പരിശീലനം നേടാനുള്ള സൗകര്യങ്ങളോ ഇല്ല.

പഞ്ചായത്തിലെ കായികവും സാംസ്കാരികവുമായ ഉന്നമനത്തിന്ന് താഴെ പയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1.അറക്കൽ കൊടക്കല്ല്, പൂക്കിപ്പറമ്പ്, പൊരുമ്പവു, വാരിയത്ത് പാറ, കുണ്ടും ചിന. വെസ്റ്റ് ബസാർ എന്നിവിടങ്ങളിൽ പഞ്ചായത്ത് ധനസഹായത്തോടെയും ജനപങ്കാളിതത്തോടെയും സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

2. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൽക്കും ഉപകാര പ്രദമായ നിലയിൽ മിനിസ്റ്റേഡിയം സ്ഥാപിക്കുക.

3.പഞ്ചായത്തിൽ നിർജ്ജീവമായ ക്ലബ്ബുകളെ പ്രവർത്തനത്തിൽ ഏകോപിപ്പിക്കുവാൻ പഞ്ചായത്ത് തലത്തിൽ കേന്ദ്രകലാ സാഹിത്യ സമിതി രൂപീകരിക്കുക.

4. കലാ-കായിക-സാംസ്കരിക രംഗത്ത് നെഹറു-യുവ കേന്ദ്ര തുടങ്ങിയ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ പ്രചരണ, പരിശീലന, ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

5. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ സേവനം പഞ്ചായത്തിൽ ലഭ്യമാക്കുക.

6. നവ സാക്ഷരർക്ക് തുടർ വിദ്യാഭ്യാസ നല്കാനുള്ള പദ്ധതികൾ ആവിഷക്കരിക്കുക.

# 6.9 പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യുടെ 1.5 % പട്ടിക ജാതി വിഭാഗമാണ് 87 പട്ടിക ജാതി കുടുംബങ്ങൾ ഇവിടെ താമസിച്ചു വരുന്നു. 2 അംഗീകൃത കോളനിയിലും ഒരു അംഗീകാരത്തിനു സമർപ്പിച്ച കോളനിലുമായി 252 അംഗങ്ങളും 72 അംഗങ്ങൾ ഇടകലർന്നുമാണ് ജീവിച്ചു വരുന്നത്. ആകെ 324 പട്ടികജാതി അംഗങ്ങൾ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ ഒട്ടനവധി പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം ചട്ടങ്ങളുകളിലും പങ്കെടുക്കുകയും എല്ലാ പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കു വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതും കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൊണ്ട് പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ബന്ധപ്പെട്ടവരുടെ അനാസ്ഥ കാരണം ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാനേ കഴിഞ്ഞിട്ടുള്ളു. അതു കൊണ്ടു തന്നെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്. കോളനികളുടെ വിവരം 10000 പട്ടികയിൽ ചേർക്കുന്നു. ലഭ്യമായ കണക്കു പ്രകാരം കോളനിയിലടക്കം ജനസംഖ്യ 376 ആണ് അംഗീകാരത്തിന സമർപ്പിച്ച കോളനികൾ അംഗീകരിച്ചു കിട്ടുന്നതിനും മറ്റമുള്ളവ അംഗീകാരത്തിന് ശ്രമിക്കേണ്ടതു മുണ്ട്.

വിദ്യാഭ്യാസം

നിരക്ഷരർ പൊതുവെ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈരിക്കാൻ കഴിഞ്ഞിട്ടില്ല s.s.l.c ക്കു ശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടികളും താൽപര്യം കാണിക്കുന്നില്ല. സാമ്പത്തിക ശേഷികുറവും രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതും ഒരു പരിധിവരെ കാരണമാണ്. കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടിവരുന്നതിനാൽ പഠനം നിർത്തേണ്ടി വന്ന നിരവധി കുട്ടികൾ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതുണ്ട് 97-97 അദ്ധ്യയന വർഷത്തിൽ 98 പട്ടിക ജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95-96 അദ്ധ്യയന വർഷത്തിൽ യുപിയിലും ഹൈസ്ക്കൂളിലുമായി ഒറ്റ പട്ടികജാതിക്കുട്ടിയും പഠനം നിർത്തിയിട്ടില്ല. എസ്.എസ്.എല്.സിക്ക് പരാജയപ്പെട്ടാൽ തുടർന്നു പഠിക്കാൻ തയ്യാറാവവുന്നില്ല സാമ്പത്തികവും മറ്റു സാഹചര്യങ്ങളും ഇതിന് പ്രധാനകാരണമാണ്. കുട്ടികൾ മാത്രമാണ് തുടർന്ന പഠിക്കാൻ താൽപര്യം കാണിച്ചിട്ടുള്ളത്. പൊതുവെ എസ്.എസ്. എൽ.സിക്കു ഉപരിയായി വിദ്യാഭ്യാസ മുള്ള വരുടെ എണ്ണം വളരെ കുറവാണ് ഉള്ള വരിൽതന്നെ സാങ്കേ

തിക വിദ്യാഭ്യാസം ഉള്ളവർക്ക പോലും ജോലിയില്ല ഈ അവസ്ഥ ഉടനെ മാറ്റി എടുക്കേണ്ടതുണ്ട്.

പട്ടിക 1

| കോളനിയുടെ പേര് | വാർഡ് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| മണ്ണത്ത്നാത്ത് പടി | 2 | 18 | 103 |
| വാളക്കുള് (IHDP) അംഗീകാരത്തിന് സമർപ്പിച്ചത് | 10.7 | 26 | 113 |
| ചെമ്മേരിപാറ അംഗീകാരത്തിന് സമർപ്പിക്കേണ്ടത് | 4 | 11 | 36 |
| കവാത്തുപറമ്പ് ഒററപ്പെട്ട കുടുംബങ്ങൾ | 6 | 10 | 29 |
| കപ്രാട്ട് പടി | 1 | 7 | 39 |
| തറയിൽ | 9 | 3 | 14 |

## തൊഴിൽ

പട്ടിക ജാതി കുടുംബങ്ങളിൽ ഭൂപരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവരുന്നവരാണ്. എന്നാൽ അടുത്ത കാല ത്തായി കാർഷികമേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവി ക്കാനുള്ള തൊഴിലിനു വേണ്ടി മറ്റു മേഖലകളിലേക്ക് പോകാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തി ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ സ്ത്രീക്ക് 90 രൂപയും പുരുഷന് 125 രൂപയും കൂലി ലഭിക്കുന്നുണ്ട്. തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറി സ്ത്രീകൾ മാത്രം ചെയ്തിരുന്ന "നടീൽ" തുട ങ്ങിയ പ്രവർത്തികൾ വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം മാത്രം ഉണ്ടാവുകയുള്ളു. തൊഴിൽ എന്ന തിലുപരി ഭക്ഷ്യ ധാന്യ ഉൽപാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കു ന്നതിനു വേണ്ടി ആവശ്യമായ നടപടികൾ കൈക്കൊ ള്ളേണ്ടതുണ്ട്.

കാർഷിക മേഖലയിൽ സീസണുകളിലാണ് തൊഴിൽ എന്നതുകൊണ്ട് മിക്ക കർഷക തൊഴിലാ ളികളുടെയും പ്രധാന കൈത്തൊഴിലായിരുന്നു പായ നെയ്ത്ത്. അസംസ്കൃത സാധനമായ കൈതോല സംരക്ഷിക്കപ്പെടാൻ കഴിയാത്തതിനാൽ പൂർണ്ണ മായും തടസപ്പെട്ടിരിക്കുകയാണ്. കൂലിവേല ചെയ്ത് മാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംര ഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരി ക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹാ യകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറ്റ കുടി ലുകളിൽ നിന്നും മോചനമായിട്ടുണ്ട്. ചില കുടുംബ ങ്ങൾക്ക് ഇതിന്റെ പ്രയോജനം ഇനിയും ലഭിക്കേണ്ട തുണ്ട്. ഇവരിൽ പലരും വിവിധ ഏജൻസികൾ നട പ്പിലാക്കിവരുന്ന വായ്പയെടുത്ത് വലിയകടക്കെണി യിൽപെട്ടു പോയതിനാൽ മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീട് നിർമ്മാ ണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിട ക്കുന്നുണ്ട്. വീട് വെക്കാൻ സ്ഥലമില്ലാത്ത കുടുംബ ങ്ങൾക്ക് വീട് വെക്കാനാവശ്യമായ സ്ഥലവും വീടി നുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്ര കാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു.

പല കോളനികളിലും ഒറ്റപ്പെട്ട കുടുംബങ്ങ ളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് അനുവദിച്ചു കൊടുത്ത് ഈ പ്രശ്നം പരി ഹരിക്കപ്പെടേണ്ടതാണ്. മേൽ സൗകര്യങ്ങളെ സംബ ന്ധിച്ച വിവരം 2-ാം പട്ടികയിൽ കൊടുക്കുന്നു.

കോളനിയുടെ പേര് വീടിന്റെ സ്വഭാവം ആവ ശ്യമുള്ള വീടുകളുടെ എണ്ണം കക്കൂസ് ആവശ്യമില്ലാ ത്തവർ കക്കൂസ് ആവശ്യമുള്ളവർ.

മണ്ണത്ത് നാത്ത്പടി 3 6

വാളക്കുളം - 17 4,5 5 16 10

## പ്രശ്നങ്ങൾ

(1) വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

(2) കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാർഷിക മേഖലയിൽ നിന്ന് തൊഴിലാളി കൾ ഒഴിഞ്ഞു പോകുന്നു. തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധി യിലേക്കു നീങ്ങുന്നു.

(3) എല്ലാവർക്കും സ്വന്തമായി വീടില്ല. വീടു വെക്കാൻ സ്വന്തമായി സ്ഥലമില്ല. ഉള്ള വീടുകൾ

പൂർത്തീകരിച്ചിട്ടില്ല. വീടുവെക്കാൻ നൽകുന്ന ധന സഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ, കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.

**പ്രാഥമിക സൗകര്യങ്ങൾ ഇല്ല.**

(4) കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല. വൈദ്യുതി തീരെയില്ല. റോഡു സൗകര്യങ്ങൾ ഇല്ല. (5) പൊതു ശ്മാശാനം ഇല്ല.

(6) ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

(7) നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധന സഹായം ലഭിക്കുന്നില്ല.

(8) അർഹരായ കർഷകതൊഴിലാളികൾക്കും, വിധവകൾക്കും വികലാംഗർക്കും പെൻഷൻ ലഭിക്കുന്നില്ല.

(9) ഐ.ആർ.ഡി.പി പദ്ധതിയും മറ്റു പല പദ്ധതികളും ഫലവത്തായി ഉപയോഗപ്പെടുത്തുന്നില്ല.

(10) പട്ടിക ജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് നൽകുന്ന വായ്പകളും ധന സഹായവും ലക്ഷ്യം നേടുന്നില്ല.

(11) പട്ടിക ജാതി-വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്ര ലഭിക്കുന്നില്ല. അതുകൊണ്ട് പല പദ്ധതികളും നഷ്ടപ്പെടുന്നു.

**സാദ്ധ്യതകൾ**

വൈദ്യുതി: വാളക്കുളം കോളനിയിൽ നടപ്പാക്കിവരുന്ന IHDP പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി വൈദ്യുതീകരണം അടിയന്തിരമായി നടത്താവുന്നതാണ്. മററു കോളനികളിലും ഒററപ്പെട്ട കുടുംബങ്ങളിലുമായി കുറച്ചു വീടുകളിൽ മാത്രമേ വൈദ്യതീകരണം നടന്നിട്ടുള്ളു. ഇവിടങ്ങളിൽ വൈദ്യുതീകരണം നടത്താൻ ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

കുടിവെള്ളം: എല്ലാ കോളനികളിലും കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. ഇന്ന് നിലവിലുള്ള പല കിണറുകളും കുഴൽ കിണറുകളും വെള്ള മില്ലാതെ ഉപയോഗശൂന്യമാണ്. ഇത് പരിഹരിക്കാൻ വാളക്കുളം കോളനിയിൽ IHDP പദ്ധതി പ്രകാരമുള്ള ശുദ്ധജല പദ്ധതിയുടെ ജോലി ത്വരിതപ്പെടുത്തി ടാപ്പുകൾ സ്ഥാപിക്കുക. മണ്ണത്തനാത്ത് പടി കോളനിയിൽ ഒന്നോ രണ്ടോ പൊതു കിണർ കുഴിക്കുക. കവാത്തു പറമ്പിൽ കുഴൽ കിണർ കുഴിക്കുക സ്ഥലം സൗജന്യമായി നൽകാൻ തയ്യാറാണ്. തറയിൽ ഭാഗത്ത് കുടിവെള്ളത്തിന് പരിഹാരം കാണുക.

പൊതുജനാരോഗ്യം: 2,3,4,9 വാർഡുകൾക്ക് ഉപകാരപ്രദമാവുന്ന കുററിപ്പാല പ്രഥമികാരോഗ്യ കേന്ദ്രം ഫലപ്രദമാക്കിയാൽ പ്രസ്തുത വാർഡിലെ കോളനി നിവാസികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും. മറ്റു വാർഡുകളിൽ ഇതിന് അടിയന്തിര പരിഹാരം കാണേണ്ടതാണ്.

ക്ഷേമ പദ്ധതികളെ കുറിച്ച് അറിവുണ്ടാവുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാവുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടിക ജാതി ക്ഷേമത്തിനായി പ്രവർത്തിച്ചു വരുന്ന ഹരിജന ക്ഷേമ വകുപ്പും പട്ടിക ജാതി കോർപ്പറേഷനും നടപ്പിലാക്കിവരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിനാ വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരഭങ്ങളും മററും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിനു കഴിയും. പട്ടിക ജാതി-പട്ടികവർഗ്ഗ ക്ഷേമ മുൻനിർത്തി സത്വര ശ്രദ്ധപതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

പായനെയ്ത്ത് നിർമ്മാണം വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക

കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും, അവരുടെ സഹകരണ സംഘങ്ങൾ രൂപികരിക്കുകയും ചെയ്യുക. ഇതിന് പഞ്ചായത്ത് എല്ലാ വിധ സഹായസഹകരണങ്ങളും നൽകുക.

കുടിവെള്ളക്ഷാമം അടിയന്തിരമായി പരിഹരിക്കുക.

അഭ്യസ്ഥവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകി വരുന്ന (പട്ടിക ജാതി വികസനവകുപ്പ്-ഹരിജൻ കോർപ്പറേഷൻ) വായ്പകളും ധനസഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും, വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽ നോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപിക്കുകയും ചെയ്യുക.

വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും വായ്പകൾ ഉദ്ദേശിച്ച കാര്യത്തനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന പരിശോധന നടത്തുകയും

വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുകയും ചെയ്യുന്നതിനുളള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകുക.

സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായ്നെയ്ത്ത്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക.

പട്ടിക ജാതി സർവ്വീസ് സഹകരണസംഘം ആരംഭിക്കുക.

പഞ്ചായത്തിൽ പട്ടിക ജാതി സ്ത്രീകളെ ഉപയോഗപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറിതോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം നൽകുകയും ചെയ്യുക. കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക. കൃഷിഭവൻ നൽകി വരുന്ന ഉപകരണങ്ങൾ അടക്കം ഇതിന് ഉപയോഗപ്പെടുത്താൻ കഴിയും.

വീടു നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. വീടുവെക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് അനുവാദം നൽകുക.

നിലവിലുളള പൂർത്തികരിക്കാത്ത വീടുകളുടെ അറ്റകുററ പണികൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക.

പട്ടിക ജാതി-വികസനവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കുക.

കോളനികളിലെ പുരയിടത്തിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.

ഒന്നാം വാർഡിൽ ഒരു പൊതു ശ്മാശനം അനുവദിക്കുകയും രണ്ടാം വാർഡിൽ ശ്മശാനത്തിലേക്ക് ശവം ചുമക്കാൻ ഒരു ശവമഞ്ചം അനുവദിക്കുകയും ചെയ്യുക.

6-ാം വാർഡിൽ പൊതുശ്മശാനം അനുവദിക്കുക. നാല്-പത്ത് വാർഡുകളിലെ ഹരിജൻ ശ്മശാനത്തിൽ ചുററുമതിൽ കെട്ടുകയും ഓരോ സോഡിയം വേപ്പർ ലാംപ് സ്ഥാപിക്കുകയും ചെയ്യുക.

പട്ടിക ജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന 3 മുതൽ 5 വയസ്സുവരെ പ്രായമുളള കുട്ടികൾക്ക് ബാലവാടി വാളക്കുളം കോളനിയിൽ ഏർപ്പെടുത്തുക.

കോളനികളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

വായനശാലകൾ സ്ഥാപിക്കുക.

കുടുംബ ബാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനമേർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.

അഭ്യസ്ത വിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

കോളനികളിൽ വയോജന ക്ലാസുകൾ ഏർപ്പെടുത്തുക

എസ്.എസ്.എൽ.സി വരെയും തുടർന്നും പഠനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്യുക. (സ്കോളർഷിപ്പ് നടപ്പിലാക്കുക)

ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി.സെറ്റുകൾ സ്ഥാപിക്കുക. അനുവദിച്ച ടി.വി.സെറ്റുകൾ കോളനികളിൽ എത്താതിരുന്നതിന്റെ കാരണം പരിശോധിക്കുക.

വാളക്കുളം ഹരിജൻ കോളനിയിലൂടെ കടന്നു പോകുന്ന വെന്നിയൂർ- വാരിയത്ത് പാറ റോഡ് ഗതാഗതയോഗ്യമാക്കുക. പൂക്കിപ്പറമ്പിൽ നിന്നും കോളനിയിലേക്കുളള വഴിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

6-ാം വാർഡിലെ കവാത്ത് പറമ്പ് കോളനിയിലേക്ക് തടസപ്പെട്ട റോഡ് ഗതാഗത യോഗ്യമാക്കുക.

മണ്ണത്തന്നത്ത് പടി കോളനിയിലേക്ക് കൊടക്കല്ല് വെസ്റ്റ് ബസാർ റോഡിൽ നിന്നോ, കൊടക്കല്ല്-ആലുങ്ങൽ റോഡിൽ നിന്നോ റോഡ് അനുവദിക്കുക.

60 വയസു കഴിഞ്ഞ കർഷകതൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുക.

കോളനികളിലെ പാർപ്പിട പ്രശ്നത്തിൽ ഉടൻ പരിഹാരം കാണുക.

അടിസ്ഥാന വർഗത്തിന്റെ സാമ്പത്തികോന്നതി ഒരു രാജ്യത്തിന്റെ പുരോഗതിയുടെ മുന്നേറ്റം കുറിക്കുന്നു. സർക്കാരും, ജനകീയ സംവിധാനങ്ങളും ഒന്നിച്ച് ശ്രമിച്ചാൽ "പട്ടികജാതി പട്ടികവർഗക്ഷേമം" എന്ന ഗാന്ധിജിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കാനാകും.

# 6–10 വനിത

സ്ത്രീ പീഡനങ്ങൾക്കും വിമോചന ത്തിനുമെതിരെ നാടെങ്ങും വനിതാ പ്രസ്ഥാനങ്ങൾ ശബ്ദമുയർത്തുന്ന ഈ കാലത്ത് നമ്മുടെ പഞ്ചായത്തിലെ വനിതാ മേഖല പൊതുവെ ശാന്തമാണ്. പല കാരണങ്ങളാലും നമ്മുടെ സ്ത്രീകൾ പൊതുവെ കുഡുംബത്തിൽ തന്നെ ഒതുങ്ങി ക്കൂടാൻ ആഗ്രഹിക്കുന്നവരായതിനാൽ സാമൂഹ്യ രംഗത്തുള്ള അവരുടെ പങ്കാളിത്തം തുലോം കുറവാണ്.

തെന്നല പഞ്ചായത്തിൽ ജിസംഖ്യയിൽ പകുതിയിലധികവും സ്ത്രീകളാണ്. 1991 - ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 11426 വനിതകളുണ്ട്.

പഞ്ചായത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക വളർച്ചയോടൊപ്പം തന്നെ വനിതകളുടെ പൊതുവായ നിലയിലും മാറ്റമുണ്ടായിട്ടുണ്ട്

തൊഴിൽ മേഖലയിൽ പൊതുവെ പങ്കാളിത്തം കുറവാണെങ്കിലും സാങ്കേതിക പരിശീലനം കുറവായമേഖലകളിൽ അടുത്തിടെയായി വനിതാ പ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിൽ ഹൈസ്കൂളിന്റെ സ്ഥാപനത്തോടെ മിക്കവാറും പെൺകുട്ടികൾ പത്താം തരം പൂർത്തിയാക്കുന്നുണ്ട്. കോളേജ് വിദ്യാഭ്യാസം ലഭിച്ചവരും കുറവല്ല.

അധ്യാപന മേഖലയിൽ അടുത്തിടെയായി വനികതകൾ കടന്നു വരുന്നുണ്ട്. കാർഷക തൊഴിലാളി കെട്ടിട നിർമ്മാണ തൊഴിലാളികൾക്കിടയിലും നാമമാത്രമായെങ്കിലും സ്ത്രീകളുണ്ട്.

പഞ്ചായത്തിലെ രാഷ്ട്രീയ രംഗത്ത് ചുരുങ്ങിയ തോതിലെങ്കിലും സ്ത്രീ പ്രാതനിധ്യമുണ്ടെങ്കിലും ഇവരുടെ നേതൃപരമായ പ്രവർത്തനം ഇല്ലെന്നു പറയാം.

സാമൂഹ്യ രംഗത്തെ സ്ത്രീകൾ ഏറ്റെടുത്ത് വിജയിപ്പിച്ച ഒരു പ്രസ്ഥാനമായിരുന്നു സമ്പൂർണ്ണ സാക്ഷരതാ യജ്ഞം. മൊത്തം സാക്ഷരതാ പ്രവർത്തകരിൽ 80% സ്ത്രീകളായിരുന്നു.

നമ്മുടെ സ്ത്രീകളുടെ നേതൃപരവും സംഘടനാപരവുമായ ഒരു മേഖല തന്നെയായിരുന്നു സാക്ഷരതാ തരംഗം

വനിതകളുടെത് മാത്രമായി അഞ്ച് തൊഴിൽ യൂണിറ്റുകൾ DWCRA പദ്ധതി പ്രകാരം പഞ്ചായത്തിൽ തുടങ്ങിയിരുന്നുവെങ്കിലും ഒരു യൂണിറ്റു മാത്രമെ ഇപ്പോൾ തൃപ്തികരമായ നിലയിൽ പ്രവർത്തിക്കുന്നുള്ളു.

വാരിയത്ത് പാറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മഹിളാ സമാജമാണ് പഞ്ചായത്തിലെ ഏക വനിതാ സമാജം

സി. ബി. എൻ. പി.യുടെ നേതൃത്വം മഹിളകൾക്കാണ്. പെൺകുട്ടികൾക്ക് മാത്രമായി ഒരു സെക്കണ്ടറി വിദ്യാലയം ആലുങ്ങൽ കേന്ദ്രമാക്കി നടത്തുന്നുണ്ട്. സ്കൂൾ തലത്തിൽ പെൺകുട്ടികൾ പഠനത്തിൽ മുൻപന്തിയിൽ നില്കുന്നുവെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ മികവ് പ്രകടമല്ല.

സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം. സത്രീപീഡന കേസ്സുകൾ പഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. അടുത്തിടെ ഉണ്ടായ ചാരായ

നിരോധം പൊതുവെ എല്ലാ സ്ത്രീകളും സ്വാഗതം ചെയ്യുന്നു.

## വനിതകളുടെ പ്രശ്നങ്ങൾ

വിദ്യാർത്ഥിനികളുടെ യാത്രാ പ്രശ്നം രൂക്ഷമാണ്

വിധവാ പെൻഷൻ അർഹതയുള്ളവർക്ക് ലഭിക്കുന്നില്ല.

വനിതകൾക്ക് കൈതൊഴിൽ പഠിക്കാനുള്ള സൗകര്യങ്ങളില്ല.

കൈതൊഴിൽ അറിയുന്നവർ തന്നെ വെറുടെ നില്ക്കുന്നു.

കാർഷിക മേഖലയിലെ സ്ത്രീ-പുരുഷ വിവേചനം

എല്ലാ വാർഡിലും മഹിളാ സമാജങ്ങൾ ഇല്ല.

സ്വയം തൊഴിൽ സംരഭങ്ങൾക്ക് തുടർ പ്രവർത്തനവും പ്രോത്സാഹനവും ലഭ്യമല്ല.

വനിതാ വ്യവസായ യൂണിറ്റുകൾ ഒന്നും ലഭ്യമല്ല.

വനിതാ വ്യവസായ യൂണിറ്റുകൾ ഒന്നും ഇല്ല.

സ്ത്രീകൾക്കുള്ള സർക്കാർ സഹായങ്ങളെക്കുറിച്ച് പൊതുവെ അജ്ഞരാണ്.

അംഗന വാടികളുടെ സൗകര്യക്കുറവ് സ്ത്രീകളുടെ കൂടി ച്ചേരലിന് ആശയ വിനിമയത്തിനും തടസ്സം നില്ക്കുന്നു.

സ്ത്രീ ധന പ്രശ്നം രൂക്ഷമാണ്.

## പരിഗണിക്കാവുന്നവ പരിഹാരം നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൽ സ്ത്രീകളുടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സമാന്തര സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുക.

2. വിധവാ പെൻഷൻ അർഹതപ്പെട്ടവർക്ക് വേഗം ലഭ്യമാവാൻ വേണ്ട നടപടികൾ സ്വീകരിക്കുക

3. മാസത്തിൽ ഒരു തവണയെങ്കിലും വാർഡു തലത്തിൽ വനിതാ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

4. പഞ്ചായത്തു തലത്തിൽ ഒരു വനിതാ തൊഴിൽ പരിശീന കേന്ദ്രം ആരംഭിക്കുക.

5. വനിതാ വ്യവസായ യൂണിറ്റുകൾ- കളിക്കോപ്പ് നിർമ്മാണം. സോപ്പ്, കറി പൗഡർ കുട ചെരുപ്പ് പപ്പടം തുടങ്ങിയ മേഖലകളിൽ തുടങ്ങുകയും അതിനുള്ള വിപണന സാദ്ധ്യതകൾ മുൻകൂട്ടി ആസൂത്രണം ചെയ്യുകയും ചെയ്യുക

6. സ്ത്രീ ധനത്തിനെതിരെ സാമൂഹ്യ ബോധവൽക്കരണം നടത്തുക

7. അംഗനവാടികളെ ശിശു സംരക്ഷണം, പോഷകാഹാരം, കുടുംബ ഭരണം തുടങ്ങിയവയിൽ പരിശീലനം നല്കുന്ന സ്ഥാപനങ്ങളായി ഉയർത്തുക.

6. അംഗന വാടി അധ്യാപകരുടെ പ്രതിഫലം ഉയർത്തുക

ഈ നിർദ്ദേശങ്ങൾ പരിഗണിച്ച് പ്രാവർത്തികമാക്കുകയാണെങ്കിൽ പഞ്ചായത്തിലെ വനിതകളുടെ എല്ലാ മേഖലകളിലുള്ള പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാമെന്നു പ്രതീക്ഷിക്കാം.

# 6 – 11 സഹകരണം

സഹകരണം ഒരു ജീവിതക്രമമാണ്. "ഒരുമിച്ച് പ്രവർത്തിക്കുക" എന്നാണ് ആവാക്കിന്റെ അർത്ഥം. 1904 ലെ സഹകരണ ധന സഹായ നിയമം നിലവിൽ വന്നതോടെയാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത്. കൃഷിക്കാരുടെയും കൈതൊഴിൽകാരുടെയും പരിമിതമായ വരമാനുമുള്ളവരുടെയും മിതവ്യയം സ്വാശ്രയം സഹകരണ ബോധം എന്നിവ വളർത്തുന്നതോടൊപ്പം അവരെ സഹായിക്കുക എന്നതും ഈ സഹകരണ നിയമത്തിന്റെ ഉദ്ദേശമായിരുന്നു.

1926 -ൽ രൂപീകരിച്ച അപ്പ വിവിധോദ്ദേശ ഐക്യനാണയ സംഘമാണ് തെന്നല പഞ്ചായത്തിൽ സഹകരണ രംഗത്തെ ആദ്യത്തെ സംരംഭം. ഈ സംഘം മുഖേന കർഷകർക്കും ദരിദ്ര ജനവിഭാഗങ്ങൾക്കും വായ്പ നൽകിയിരുന്നു പട്ടത്തൊടിക കുഞ്ഞികുട്ടി, കെ.പി ഏരച്ചു, ചീരങ്ങൻ കുഞ്ഞീൻഹാജി, മുക്കറ മുഹമ്മദ്, മങ്കട അഹമ്മത് കുട്ടി, ഏറിയാടൻ മുഹമ്മദ്കുട്ടി ഹാജി, പരേടത്ത് ഉണ്ണീതുഹാജി എന്നിവരെല്ലാമാണ് സംഘത്തിന്റെ ആദ്യകാലപ്രവർത്തകന്മാർ. 1964 -ൽ ഐക്യനാണയ സംഘം അപ്പ സർവ്വീസ് സഹകരണ സംഘമായി മാറി. കെ. പി. മാമ രുട്ടിയായിരുന്നു പ്രസിഡണ്ട്. 1976 - ൽ ഈ സംഘത്തന്റെ പേർ തെന്നല പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്ക് എന്നാക്കി മാറ്റപ്പെട്ടു. ബേങ്കിന്റെ പ്രഥമ പ്രസിഡന്റ് മാട്ടിൽ മൊയ്തീൻ ആയിരുന്നു. തുടർന്ന് തെന്നല പഞ്ചായത്തിന്റെ വിഭജനത്തോടെ എടരിക്കോട് പഞ്ചായത്ത് നിലവിൽ വരികയും ആ മേഖലയിൽ പുതിയ സഹകരണ സംഘം ഉണ്ടാവുകയും ചെയ്തപ്പോൾ ആ ഭാഗങ്ങളിലുള്ളവർ ഇവിടെ നിന്ന് അംഗത്വം ഒഴിവായി. എന്നാൽ എടരിക്കോട് പഞ്ചായത്തിലെ പുതുപ്പറമ്പ് - വാളകൊളം ഭാഗങ്ങളിലുള്ള കുറെയാളുകൾ ഇന്നും ഈ ബേങ്കിൽ അംഗങ്ങളായി തുടരുന്നുണ്ട്. നല്ല നിലയിൽ പ്രവർത്തിച്ച് പോന്നിരുന്ന ഈ ബേങ്ക് 1984 - ൽ കൊള്ള ചെയ്യപ്പെട്ടു. അതോടെ സാമ്പത്തികമായി തകരുകയും നിക്ഷേപകർക്ക് അവരാവശ്യപ്പെടുമ്പോൾ അവരുടെ പണം തിരിച്ചു കൊടുക്കുവാനോ അംഗങ്ങൾക്ക് കടം കൊടുക്കുവാനോ കഴിയാതെ വരികയും അവസാനം ബേങ്ക് അനിശ്ചിതമായി കുറെ കാലത്തേക്ക് പൂട്ടയിടുകയും ചെയ്തു. 1987 - ൽ സി.കെ. കോയാമു പ്രസിഡണ്ടായി ചുമതലയേൽക്കുകയും നിക്ഷേപ സമാഹരണത്തിലൂടെയും മറ്റും ഫണ്ട് സ്വരൂപിച്ചു കൊള്ളയെ തുടർന്ന് സ്വർണ്ണ പണ്ടം നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നല്കി. അതോടെ ബേങ്കിന് ജനങ്ങളുടെ വിശ്വാസം പിടിച്ചെടുക്കുവാൻ കഴിഞ്ഞു.

ഇന്ന് നഷ്ടത്തിലാണെങ്കിലും ഈ ബേങ്ക് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു നിക്ഷേപകരുടെ പൂർണ്ണമായ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ഇൻഷുറൻസ് സമ്പ്രദായം നടപ്പിലാക്കിയിട്ടുമുണ്ട്.

1964 മുതൽക്കുള്ള വിവിധ ഘട്ടങ്ങളിൽ സംഘത്തിന്റെ പ്രവർത്തന മൂലധനത്തിന്റെയും സംഘത്തിൽ നിന്ന് കൊടുത്ത കടത്തിന്റെയും വിവരം താഴെ കൊടുക്കുന്നു.

24000 ത്തിലധികം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ സഹകരണ മേഖലയിലുള്ള ഒരേ ഒരു സ്ഥാപനമാണ് ഈ ബേങ്ക്. മൊത്തം ജനസംഖ്യയുടെ ചെറിയൊരു ഭാഗം ആളുകൾ മാത്രമെ സംഘത്തിൽ അംഗങ്ങളായിട്ടുള്ളൂ. അംഗങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്ക് താഴെകൊടുക്കുന്നു.

## പ്രവർത്തന മൂലധനം

| ഇനം | സംഖ്യ | | | |
|---|---|---|---|---|
| | 1964 | 1976 | 1984 | 1996 |
| ഓഹരി മൂനധനം | 5645 | 38893 | 105511 | 1410000 |
| പിരിഞ്ഞു കിട്ടിയ ഓഹരിമൂലധനം | | | | 333905 |
| സർക്കാർ ഓഹരി | | 14500 | 13000 | 58000 |
| നിക്ഷേപങ്ങൾ | 1491 | 69622 | 387707 | 5400000 |
| ജില്ലാ ബേങ്ക് ലോൺ | 32100 | 84 234 | 623311 | 1800000 |
| ആകെ | 39236 | 207249 | 1134629 | 9001905 |

## നിൽപ്പ് വായ്പകൾ

| ഇനം | 1964 | 1976 | 1984 | 1996 |
|---|---|---|---|---|
| കാർഷിക വായ്പ | 36253 | 153337 | 453367 | 277186 |
| കാർഷികേതര വായ്പ | | 26061 | 210250 | 1816000 |
| ആകെ | 36253 | 17938 | 685387 | 5551036 |

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | മറ്റ് ഭാഗം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | | | | | | | | | | | | |
| 1964 | | | | | | | | | | | | 300 |
| 1976 | | | | | | | | | | | | 511 |
| 1996 | 296 | 268 | 190 | 392 | 218 | 211 | 194 | 394 | 94 | 286 | 312 | 2855 |

ജനസംഖ്യയുടെ അറുപത് ശതമാനത്തില ധികം ജനങ്ങൾ കർഷകരാണെങ്കിലും അവർ ഈ മേഖലയുമായി വേണ്ട വിധത്തിൽ ബന്ധപ്പെടുന്നി ല്ലെന്ന് മലസ്സിലാകുന്നു. അതേ സമയം നിലവിലുള്ള അംഗങ്ങൾക്ക് തന്നെ ആവശ്യാനുസരണം കടം കൊടുക്കുവാൻ ബേങ്കിന് കഴിയുന്നില്ല എന്നതും സത്യമാണ്. 1995-96 വർഷത്തിൽ ഈ ബേങ്കിൽ നിന്ന് യാതൊരു വിധ കാർഷിക ലോണും കൊടു ത്തിട്ടില്ല. മെമ്പർമാരുടെ പക്കൽ നിന്ന് കിട്ടാനുള്ള തിനേക്കാൾ കൂടുതൽ കാർഷിക ലോൺ ജില്ലാ ബേങ്കിലേക്ക് തിരിച്ചടക്കാനുണ്ട്. ഈ കവറേജ് വ്യത്യാസം നിലനിൽക്കുന്നത് കൊണ്ട് കാർശിക കട ങ്ങൾ ജില്ലാബാങ്കിൽ നിന്ന് വാങ്ങുവാൻ കഴിയുന്നില്ല.

### പ്രശ്നങ്ങൾ

1. 30.6.96 -ലെ കട ധന പട്ടികയനുസരിച്ച് തെന്നല സർവ്വീസ് സഹകരണ ബേങ്ക് ഇരുപത്തി ഒന്ന് ലക്ഷത്തിലധികം രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടം നികത്താതെ ബേങ്കിന്റെ പ്രവർത്തനം വിജയകരമായി മുന്നോട്ട് പോവുക പ്രയാസമാണ്. അത് കൊണ്ട് നഷ്ടം നികത്തുന്നതി നായി തുല്ല്യമായ തുകക്കുള്ള ദീർഗ്ഗകാല പലിശര ഹിത വായ്പയോ ഓഹരി മൂലധനമോ നൽകുവാൻ നടപടികളുണ്ടാകേണ്ടതാണ്.

2. പഞ്ചായത്തിലെ എല്ലാ വിഭാഗം കർഷകരെയും ബാങ്കിൽ അംഗങ്ങളാക്കികൊണ്ട് ബേങ്കിന്റെ മൂലധനം വർദ്ധിപ്പിക്കുക.

3. പഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങളും അവരുടെ മിച്ചം പഞ്ചായത്തിലെ സഹകരണബേങ്കിൽതന്നെ നിക്ഷേപിക്കുവാൻ സന്നദ്ധരാവുക.

4. ഇപ്പോൾ സഹകരണ ബേങ്കുകളിൽ ചിട്ടികൾ നടത്തുന്നതിന് ധാരാളം സാങ്കേതിക തടസ്ഥങ്ങൾ നിലനിൽക്കുന്നുണ്ട്. ചിട്ടികൾ നടത്തുന്നതിനാവശ്യമായ ഭേദഗതികൾ ചിട്ടി നിയമത്തിൽ വരുത്തുക.

5. നിക്ഷേപ സമാഹരണങ്ങളും മറ്റും നടത്തി ബേങ്കിന്റെ മൂലധനം വർദ്ധിപ്പിക്കുകയും കൺസ്യൂമർ വായ്പ സ്വർണപണ്ട പണ്യവായ്പ, ഭവന നിർമ്മാണ വായ്പ എന്നിവയ്ക്ക് വിനിയോഗിക്കുകയും ചെയ്യുക

6. ഓഡിറ്റ് ക്ലാസ്സിഫിക്കേഷൻ അനുസരിച്ച് ക്ലാസ്സ് ,സി.യിൽ പ്രവർത്തിക്കുന്ന ഈ ബേങ്കിൽ പഞ്ചായത്ത് ഫണ്ടുകൾ നിക്ഷേപിക്കുന്നതിന് നിയമ തടസ്ഥമുണ്ട്. അതിനാൽ ഇത്തരം നിക്ഷേപങ്ങൾ പുറത്ത് പോകുന്നു. ബേങ്കിന്റെ ക്ലാസ്സ് കണക്കിലെടുക്കാതെ പഞ്ചായത്തിന്റെ ഫണ്ടുകൾ പഞ്ചായത്തിലെ സഹകരണ ബേങ്കിൽ തന്നെ നിക്ഷേപിക്കുന്നതിനാവശ്യമായ നിയമഭേദഗതികൾ ഉണ്ടാക്കേണ്ടതാണ്.

7. കാർഷിക കടങ്ങൾക്ക് ഗവൺമേണ്ടിൽ നിന്ന് ലഭിക്കേണ്ട പലിശ സബ്സിഡറി ലഭിക്കുവാൻ കർഷകർ വർഷങ്ങൾ തന്നെ കാത്തിരിക്കേണ്ടി വരുന്ന സമ്പ്രദായം മാറ്റികൊണ്ട് ലോൺ ക്ലോസ് ചെയ്യുന്ന അവസരത്തിൽ തന്നെ പലിശ സബ്സിഡിയറി അനുവദിച്ചു കൊടുക്കുവാൻ സംവിധാനമുണ്ടാക്കുക.

8. ഐ.ആർ.ഡി.പി. പോലുള്ള ലോണുകൾ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി പ്രാഥമിക സംഘങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്ന് കൊടുക്കണമെന്ന് പറയുന്നു. ഇങ്ങിനെ വരുമ്പോൾ പ്രാഥമിക സംഘങ്ങൾ നിക്ഷേപകർക്ക് നല്കുന്ന തിലും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകേണ്ടതായി വരും ഇത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന ചെറിയ സംഘങ്ങളെ സാമ്പത്തികമായി തകർക്കും. അത്കൊണ്ട് ഇത്തരം ലോണുകൾക്ക് മുൻകാലങ്ങളിലെ പോലെതന്നെ ഫണ്ടുകൾ അനുവദിച്ചു കൊടുക്കുക.

9. സഹകരണ ബേങ്ക് പഞ്ചായത്തിലെ കർഷകരുടെ പൂർണ്ണ വിവരങ്ങളോടു കൂടിയ ലാന്റ് റജിസ്ത്ര് തയ്യാറാക്കി സൂക്ഷിക്കേണ്ടും അതനുസരിച്ച് ഓരോ വർഷത്തേക്കും ആവശ്യമായ വായ്പത്തുക തിട്ടപ്പെടുത്തുകയും ചെയ്യുപ്പെടേണ്ടതാണ്.

10 ബിസിനസ്സ്കാർക്ക് ചെറിയവരുമാനമുള്ള വർക്കും വളരെ പ്രയോജനപ്പെടുന്ന നിത്യ നിക്ഷേപ പദ്ധതി പല ബേങ്കുകളിലും പല രൂപത്തിലാണ് നടക്കുന്നത്. പദ്ധതിയുടെ കാലവുധി, കലക്ററിംഗ് ഏജന്റിന്റെ കമ്മീഷൻ എന്നിവ ഏകീകരിച്ച് കിണ്ടുള്ള പൊതു നിയമം നടപ്പിലാക്കേണ്ടതാണ്.

11. കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്നും മറ്റും കൺസഷനൽ ഫിനാൻസ് കൃത്യമായി അനുവദിച്ച് കിട്ടുന്നതിന്ന് ആവശ്യമായ നടപടികളെടുക്കുക.

12. വ്യക്തികൾക്ക് നല്കുന്ന വായ്പാ പരിധി കർഷകരുടെ ആവശ്യം കണക്കിലെടുത്ത് വർദ്ധിപ്പിക്കേണ്ടതാണ്. ഈ ബേങ്കിൽ ഇപ്പോൾ പരമാവധി 5000 കയാണ് കൊടുക്കുന്നത്.

13. വളം, വിത്ത്, കാർഷികോപകരണങ്ങൾ എന്നിവ വിതരണം ചെയ്യുവാനും കാർഷികോൽപന്നങ്ങൾ സംഭരിക്കുവാനും ബേങ്കുകളിൽ സംവിധാനമുണ്ടാക്കും.

14. കാർഷികോൽപന്നങ്ങൽക്ക് വിലയിടിവ് നേരിടുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങികൊണ്ട് കീലോൽ അനുവദിച്ചുകൊടുക്കുവാൻ സൗകര്യങ്ങളുണ്ടാക്കേണ്ടതാണ്.

15. കാർഷിക വായ്പ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ കാർഷികേതര വായ്പകളും ആവശ്യകാർക്കു യഥാസമയം കടം കൊടുക്കുവാനാവശ്യമായ ഫണ്ടും സൗകര്യങ്ങളും ഉണ്ടാക്കുക.

16. ബിസിനസ്സ്കാർക്ക് ആവശ്യമായ കാഷ് ക്രഡിറ്റ് സമ്പ്രദായം നടപ്പിലാക്കുക.

17. താഴെ കോഴിച്ചെന അങ്ങാടിയിൽ ഒരു ഈവനിംഗ് ബ്രാഞ്ചും കൊടക്കല്ല് അങ്ങാടിയിൽ ഒരു സാധാരണ ബ്രാഞ്ചും ആരംഭിക്കുവാൻ നടപടികളുണ്ടാക്കുക.

18. 95-96 വർഷത്തിൽ കാർഷികലോൺ കൊടുക്കുവാൻ കഴിയാത്തതിന്റെ മുഖ്യ കാരണം ജില്ലാ ബേങ്കിലേക്കുള്ള കവറേജ് വ്യത്യാസമാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങൾക്ക് പലപ്പോഴും കവറേജ് നിലനിറുത്തുവാൻ കഴിയാതെവരുന്നു. തന്മൂലം കർഷകർക്കുണ്ടാകുന്ന ആനുകൂല്യം നഷ്ടപ്പെടാതിരിക്കുവാൻ കവറേജ് വ്യത്യാസം കണക്കിലെടുക്കാതെ ലോൺ ലിമിറ്റ് കൂട്ടി തരുവാൻ നടപിടകളുണ്ടാവുക.

### ദീർഘ കാല വായ്പാ സൗകര്യങ്ങൾ

**1. കാർഷിക വായ്പ :-** പഴയ തരിരൂർ താലൂക്കിന്റെ പ്രവർത്തനപരിധിയിലുള്ള തിരൂർ സഹകരണ കാർഷിക ഗ്രാമവികസന ബേങ്കാണ് പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല കാർഷിക വായ്പകൾ നല്കിവരുന്നത്. ആവശ്യമായ ഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം മിക്ക കർഷകർക്കും വായ്പ വിനിയോഗി

ക്കുന്നില്ല എന്നതാണ് സത്യം.

**2. ഭവന നിർമ്മാണ വായ്പ.**

വളരെ പ്രധാനപ്പെട്ട ഭവന നിർമ്മാണത്തിന് യഥാസമയം വായ്പ ലഭിക്കുവാനുള്ള യാതൊരു സൗകര്യവും ഈ പഞ്ചായത്തിലില്ല. തിരൂർ താലൂക്ക് ഹൗസിംഗ് സഹകരണ സംഘത്തിന്റെ പരിധിയിൽ ഈ പഞ്ചായത്ത് ഉൾപ്പെടുന്നുണ്ടെങ്കിലും താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വർദ്ധിച്ചുവരുന്ന ലോൺ അപേക്ഷകൾ ഫണ്ടുകളുടെ അപര്യാപ്തത മൂലം പരിഗണിക്കപ്പെടാൻ കഴിയാതെ വരുന്നു. ഈ രംഗത്ത് വായ്പ നല്കി വരുന്ന മലപ്പുറം ജില്ലാ സഹകരണ ബേങ്കിന്റെയും അവസ്ഥ ഇത് തന്നെയാണ്. കൂടാതെ ലോൺ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും ഈ രംഗത്തെ തീരാശാപമാണ്.

**നിർദ്ദേശങ്ങൾ**

1. തിരൂർ താലൂക്ക് വിഭജിച്ചു പുതിയ തിരൂരങ്ങാടി, വന്നതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ആസ്ഥാനമാക്കിക്കൊണ്ട് പുതിയ കാർഷിക വികസന ബേങ്കും ഹൗസിംഗ് സഹകരണ ബേങ്കും താലൂക്ക് നിലവിൽ വരാൻ നടപടികളെടുക്കുക.

2. വായ്പ നിയമങ്ങൾ ലളിതമാക്കുകയും വായ്പകൾ യഥാ സമം ആവശ്യക്കാർക്ക് ലഭിക്കുവാനുള്ള സൗകര്യങ്ങളുണ്ടാക്കുകയും ചെയ്യുക.

3. പ്രാഥമിക സഹകരണ സംഘങ്ങളിലും ഇത്തരത്തിലുള്ള ദീർഘകാല വായ്പകൾ നല്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക

**കൺസ്യൂമർ മേഖല:-**

1. സഹകരണ മേഖലയിലോ മറ്റേതെങ്കിലും പൊതു മേഖലയിലോ യാതൊരു വിധ കൺസൂമർ സ്റ്റോക്കുകളോ പൊതു സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. പഞ്ചായത്തിന്റെ 1ാം വാർഡിൽ പെട്ട കൊടക്കല്ല് അങ്ങാടിയിൽ ഒരു സഹകരണ സ്റ്റോർ തുടങ്ങുണമെന്ന ഗ്രാമസഭയുടെ ആവശ്യം സഗൗരവം പരിഗണിക്കേണ്ടതാണ്.

2. തെന്നല പഞ്ചായത്ത് പരിധിയിൽ ഒരു കൺസ്യൂമർ സഹകരണ സംഘം അടിയന്തിരമായി രൂപീകരിക്കേണ്ടതാണ്.

**ഹരിജൻ മേഖല**

പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടിക ജാതിക്കാരുടെ ക്ഷേമത്തിന്നും അവർക്ക് തൊഴിൽ നല്കുന്നതിനും മറ്റ് ആവശ്യമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ഒരു ഹരിജൻ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

**കാർഷിക മേഖല:-**

1. കാർഷിക രംഗം കൂടുതൽ സജീവമാക്കുവാനും കർഷകർക്കാവശ്യമായ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുവാനും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കണമെന്ന പഞ്ചായത്തിന്റെ 1, 2, 5 വാർഡുകളിലെ ഗ്രാമ സഭകൾ ആവശ്യപ്പെട്ടത് അംഗീകരിക്കേണ്ടതാണ്.

2. ധാരാളം വെറ്റില കൃഷിക്കാരുള്ള അപ്പയിലെ വെറ്റിലകർഷകരെ സംഘടിപ്പിച്ച് കൊണ്ട് ഒരു വെറ്റില കൃഷി സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

**വ്യവസായ മേഖല:-**

മെഴുകുതിരി നിർമ്മാണം, അച്ചാർ നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടത്തുവാൻ സൗകര്യങ്ങളുണ്ടാക്കുകയോ അല്ലെങ്കിൽ ഇത്തരം കാര്യങ്ങൾക്ക് വേണ്ടി കുടിൽ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയോ ചെയ്യേണ്ടതാണെന്ന് പഞ്ചായത്തിന്റെ 3 ,5,6, വാർഡുകളിലെ ഗ്രാമ സഭകൾ ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം അംഗീകരിച്ചു പ്രാവർത്തികമാക്കേണ്ടതാണ്.

**ക്ഷീരമേഖല**

1. ക്ഷീര കർഷകരെ സഹായക്കുവാനോ പ്രോത്സാഹിപ്പിക്കുവാനോ യാതൊരു വിധ സൗകര്യങ്ങളും ഈ പഞ്ചായത്തിൽ നിലവിലില്ല. പഞ്ചായത്തിൽ ഒരുമിൽക്ക് സൊസൈറ്റി സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ കൈകൊള്ളണമെന്ന 1ാം വാർഡ് ഗ്രാമ സഭയുടെ ആവശ്യം അംഗീകരിച്ച് പ്രാവർത്തികമാക്കേണ്ടതാണ്.

2. സഹകരണ മേഖലയിൽ പശു. ആട്, കോഴി എന്നിവ വളർത്തുന്നതിന്നാവശ്യമായ സൗകര്യങ്ങൾ ഉണ്ടാകണമെന്ന് മിക്കഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്.

**ബോധവൽക്കരണം**

എല്ലാ നിലയിലും വളരെ പിന്നോക്കം നില്ക്കുന്ന ഈ പഞ്ചായത്തിലെ കർഷകരും മറ്റ് ജനവിഭാഗങ്ങളും സഹകരണമേഖലയുമായി വേണ്ട വിധത്തിൽ ബന്ധപ്പെടുന്നില്ലെന്ന് മുകളിൽ പറഞ്ഞ കണക്കുകളിൽ നിന്ന് വ്യക്തമാണ്. അത് കൊണ്ട് സഹകരണ മേഖലയുടെ മേന്മയെക്കുറിച്ച് അത്മൂലം ജനങ്ങൾക്കുണ്ടാകുന്ന നന്മകളെക്കുറിച്ചും മനസ്സിലാക്കിക്കൊടുക്കുവാനും അത്തരം ജനങ്ങളെ സഹകരണ മേഖലയുമായി അടുപ്പിക്കുവാനും ആവശ്യമായ ബോധവൽക്കരണം നടത്തണമെന്ന് മിക്ക ഗ്രാമസഭകളിലും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം അംഗീകരിച്ചു നടപ്പിൽ വരുത്തേണ്ടതാണ്.

ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും നടുവിലാണെങ്കിലും മേൽ വിവരിച്ച പ്രശ്ന പരിഹാര മാർഗങ്ങൾ പ്രാവർത്തികമാക്കുകയാണെങ്കിൽ സഹകരണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളും അതുവഴി പുരോഗതിയും നേടാമെന്നു പ്രത്യാശിക്കാം.

# 6–12 വിഭവ സമാഹരണം

പഞ്ചായത്തുകൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സാമ്പത്തിക പ്രതിസന്ധി തന്നെയാണ്. ഇത് പരിഹരിക്കാൻ കഴിയാത്തിടത്തോളം കാലം വികസന പ്രവർത്തനങ്ങൾ യഥാ സമയം നടത്തുവാൻ കഴിയാതെ വരും. 1995-96 വർഷത്തിൽ പഞ്ചായത്തിന്റെ മൊത്തം വരുമാനം 979979 ക യാണ്. അതേ വർഷം എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 342432 ക ചിലവായിട്ടുണ്ട്. ഇത് മൊത്തം വരുമാനത്തിന്റെ 35 ശതമാനത്തോളം വരും. ഈ കാലയളവിൽ തൊഴിൽ നികുതിയും കെട്ടിട നികുതിയും ഉൾപ്പെടെ ആകെ പിരിഞ്ഞുകിട്ടിയത് 91326 കയാണ്. അതായത് എസ്റ്റാബ്ലിഷ്മെന്റ് ചിലവിന്റെ 27 ശതമാനം മാത്രം. കഴിഞ്ഞ അഞ്ച് വർഷത്തെ പഞ്ചായത്തിന്റെ വരവ് ചിലവ് വിവരം താഴെകൊടുക്കുന്നു.

ഗ്രാമപ്രദേശങ്ങൾ മാത്രം ഉൾപ്പെടുന്ന പഞ്ചായത്തുകളുടെ സാമ്പത്തിക നില വളരെ മോശമാണ്. താസിക്കുന്ന വീടുകളുടെ നികുതി മാത്രമെ ഇവിടെ ലഭിക്കുന്നുള്ളൂ. വാടക കെട്ടിടങ്ങളും മറ്റും കുറവാണ് എന്നത് തന്നെ കാരണം.

സ്വകാര്യ വ്യക്തികൾ നടത്തിവരുന്ന ഏതാനും പൊടിമില്ലുകൾ ഒഴികെ മറ്റ് വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. ലോൺ കിട്ടുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ വൈദ്യുതിയുടെ അപര്യാപ്തത തുടങ്ങിയ കാര്യങ്ങളെല്ലാം ഈ മേഖലയിൽ നിന്നും ആളുകളെ അകറ്റുന്നു.

കാർഷിക രംഗം അനുദിനം മോശമായി വരുന്നു. കൃഷിയിടങ്ങൾ താമസപ്പറമ്പുകളായി മാറു

**പട്ടിക 1.**

| ഇനം | 91. 92 | 92 93 | 93 94 | 94 95 | 95 96 |
|---|---|---|---|---|---|
| കെട്ടിട നികുതി | 75698 | 18059 | 79706 | 107437 | 69867 |
| വിനോദ നികുതി. | 1773 | – | – | – | – |
| തൊഴിൽ നികുതി. | 20112 | 20577 | 31010 | 38325 | 21460 |
| ഉപാധിരഹിത ഫണ്ട്. | 182800 | 187600 | 183400 | 275300 | 247800 |
| ജെ. ആർ വൈ ഗ്രാന്റുകാർ | 174200 | 170000 | 9806 | 167360 | 89208 |
| ഗ്രാന്റുകൾ | 144873 | 221360 | 1960160 | 77457 | 205255 |
| മറ്റിനങ്ങൾ | 77759 | 98533 | 223787 | 334452 | 346389 |
| ആകെ | 677215 | 716129 | 723869 | 1000331 | 99979 |
| എസ്റ്റാബ്ലിഷ്മെന്റ് | 175384 | 205111 | 254758 | 112680 | 142432 |

479

ന്നത് എവിടെയാം കാണും. കൃഷി രംഗത്ത് നിന്ന് കൃഷിക്കാർ ഒഴിഞ്ഞ് പോരുകയാണ് ഉയർന്ന വരുന്ന കൂലി, രാസവളങ്ങളുടെ ദോഷഫലങ്ങൾ, ജൈവ വളങ്ങളുടെ അപര്യാപ്തത, ജലസേചന സൗകര്യക്കുറവ് ഇവയെല്ലാം കർഷകരെ അലട്ടുന്ന പ്രശ്നങ്ങളാണ്. ഇവയെ ല്ലാം പരിഹരിച്ച് കൊണ്ട് കർഷകരെ ഈ രംഗത്തേക്ക് തിരിച്ച് കൊണ്ട് വരാൻ കഴിഞ്ഞാൽ കൃഷി ലാഭകരമാക്കുവാനും കഴിയും

കച്ചവട സ്ഥാപനങ്ങളെപോലെ തന്നെ കച്ചവടം നടത്തുന്ന വ്യക്തികൾക്കും ലൈസൻസ് കൊടുക്കുന്ന സമ്പ്രദായം ഏർപ്പെടുത്തണം. ഉൾപ്രദേശങ്ങളിൽ നിന്ന് തേങ്ങ, അടക്ക, മത്സ്യം മുതലയ കച്ചവടം നടത്തുന്ന ധാരാളം വ്യക്തികൾ ഉണ്ട്. അവർ ആവശ്യപ്പെട്ടാൽ പോലും അവരുടെ കച്ചവടം സ്ഥിരമായി ഒരു മുറിയിലോ കെട്ടിടത്തിലോ അല്ലാ എന്ന കാരണം കൊണ്ടവർക്ക് ലൈസൻസ് കൊടുക്കുന്നില്ല. ലോണുകളും മറ്റും എടുക്കേണ്ട ഘട്ടം വരുമ്പോൾ മാത്രമേ പലരും ലൈസെൻസ് എടുക്കുന്നുള്ളൂ. ഇത് മാറ്റികൊണ്ട് എല്ലാ കച്ചവടക്കാർക്കും ലൈസൻസ് കൊടുക്കുവാൻ വ്യവസ്തയുണ്ടാക്കി അത് വഴിയും വിഭവ സമാഹരണം വർദ്ധിപ്പിക്കുവാൻ കഴിയും.

ഗവൺമെണ്ട് നല്കുന്ന ഗ്രാന്റുകൾ യഥാസമയം കൊടുക്കുന്നതിന് സംവിധ..റമുണ്ടാകണം. ഫണ്ടുകൾ ഉപയോഗിക്കുന്നതിൽ മേൽതട്ടിൽ നിന്നുള്ള അനാവശ്യമായ നിയന്ത്രണങ്ങൾ ഒഴിവാക്കുവാൻ കഴിയണം. അത്പോലെതന്നെ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രശ്നങ്ങളുടെ ഗൗരവം നോക്കി കൊണ്ടും പിന്നോക്കാവസ്ഥ കണക്കിലെടുത്ത് കൊണ്ടും ഗ്രാന്റുകൾ വർദ്ധിപ്പിച്ച് കൊടുക്കാൻ കഴിയണം. പിന്നോക്കം നില്ക്കുന്ന പഞ്ചായത്തുകൾക്ക് കൂടുതൽ ഗ്രാന്റ് കൊടുക്കേണ്ടതാണ്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 80 ശതമാനത്തിലധികം ജനങ്ങളും പിന്നോക്ക വിഭാഗത്തിൽ പെട്ട വരും ദരിദ്രരുമാണ്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ കുറവുമാണ്. അതിനാൽ ചില കേന്ദ്രഗവൺമെണ്ട് ഗ്രാന്റുകൾ കുറയുന്നു. അത്തരം ഗ്രാന്റുകൾ ജനസംഖ്യാനുപാതികമായി നല്കുകയാണെങ്കിൽ പഞ്ചായത്തിലെ എല്ലാ ദുർബല ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടും. ഇത് നിയമത്തിൽ മാറ്റം വരുത്തിക്കൊണ്ട് പ്രയോഗികമാക്കേണ്ടതാണ്.

സ്വത്ത് കൈമാറ്റം നികുതിയുടെ എഴുപത്തി അഞ്ച് ശതമാനം മാത്രമേ ഇപ്പോൾ പഞ്ചായത്തിന്ന് കിട്ടുന്നുള്ളൂ. അത് മാറ്റിക്കൊണ്ട് സ്വത്ത് കൈമാറ്റ നികുതി പൂർണ്ണമായും പഞ്ചായത്തിന്ന് ന ല്കാൻ ആവശ്യമായ നിയമഭേദഗതി വരുത്തേണ്ടതാണ്. അത് പോലെ പഞ്ചായത്തിന്ന് നല്കുന്ന ബേസിക് ടാക്സ്, വാഹനനികുതി, വി.ആർ.എം എന്നീ ഗ്രാന്റുകൾ വർദ്ധിപ്പിക്കുവാൻ നടപടികളുണ്ടാകണം.

ഏറ്റവുമധികം പിന്നോക്കം നില്ക്കുന്ന പഞ്ചായത്ത് എന്നനിലക്ക് തതെന്നലയെ സ്വാശ്രയ പഞ്ചായത്തായി ഗവർമ്മെണ്ട് നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പഞ്ചായത്തിന് നല്കി വരുന്ന എസ്സ് ആർ വി. ഗ്രാന്റ് കൂടുതൽ വർദ്ധിപ്പിച്ച് നല്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്തിന് ഇന്നത്തെ അവസ്ഥയിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ.

## കെട്ടിട നികുതി

കെട്ടിടങ്ങളുടെ തറയുടെ വിസ്തീർണ്ണം കണക്കാക്കികൊണ്ടാണ് 5 വർഷത്തിലൊരിക്കൽ കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുന്നത്. ഈ സമ്പ്രദായം ശാസ്ത്രീയമല്ല. നികുതി കണക്കാക്കുമ്പോൾ കെട്ടിടങ്ങളുടെ പ്രൗഢിയും ആഡംബരവും നിർമാണ ചിലവും വിസ്തീർണ്ണവും എല്ലാ മാനദണ്ഡങ്ങളാകേണ്ടതാണ്. അത് പോലെ കെട്ടിട നികുതി ചുമത്തുന്നതിൽ സ്ലാബ് സമ്പ്രദായം നടപ്പാക്കുകയാണെങ്കിൽ നികുതി വരുമാനം വർദ്ധിക്കുന്നതോടൊപ്പം ഈ രംഗത്തുള്ള ഒരു അനാവശ്യമായ ധൂർത്തുകൾ ഒഴിവാക്കാനും കഴിയും. വാടകക്ക് കൊടുക്കുന്ന കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. നികുതി പിരിച്ചെടുക്കുന്ന സമ്പ്രദായത്തിൽ ചില മാറ്റങ്ങൾ ആവശ്യമാണ്. ഓരോ വാർഡിലും നികുതി പിരിക്കുന്ന തിയതിയും സമയവും സ്ഥലവും മുൻകൂട്ടി നിശ്ചയിച്ച് വാർഡ് മെമ്പറുടെ കൂടി സഹായത്തോടെ വാർഡിലെ നികുതി പൂർണ്ണമായും പിരിക്കാൻ കഴിയണം. വീടുകളുടെ എണ്ണത്തിനനുസരിച്ച് നികുതി പിരിക്കുവാനാവശ്യമായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാൻ സൗകര്യങ്ങളുണ്ടാക്കുകയും വേണം. ഇങ്ങിനെ നികുതി യിനത്തിലുള്ള കുടിശ്ശിക പൂർണ്ണമായും ഇല്ലാതാവേണ്ടതാണ്.

## തൊഴിൽ നികുതി

സർക്കാരുദ്യോഗസ്ഥന്മാരും സ്കൂൾ അദ്ധ്യാപകരും മറ്റ് പൊതു മേഖലയിൽ ജോലി ചെയ്യുന്നവരും മാത്രമെ ഇപ്പോൾ തൊഴിൽ നികുതി നൽകിവരുന്നുള്ളൂ. മറ്റ തൊഴിലുകൾ ചെയ്യുന്ന വരും തൊഴിൽ നികുതി കൊടുക്കുവാൻ തയ്യാറാകേണ്ടതാണ്. തൊഴിൽ നികുതിയിനത്തിൽ കഴിഞ്ഞ വർഷത്തെ വരുമാനം 21460 ക മാത്രമാണെന്ന് കുടിശ്ശിക തൊഴിൽ നികുതിയിനത്തിലും വരുന്നുണ്ട്. ഇത് യഥാ

ത്സമയം അടയ്ക്കുന്ന കാര്യത്തിൽ നികുതി ദായകർ പ്രത്യേകം താൽപര്യം കാണിക്കേണ്ടതാണ്.

## ലൈസൻസ് ഫീസ്

നമ്മുടെ പഞ്ചായത്തിൽ ധാരാളം കച്ചവടക്കാരുണ്ട്. ഇവരിൽ പലർക്കും ലൈസൻസില്ല. എന്തെങ്കിലും പ്രത്യേക ആവശ്യം വരുമ്പോൾ മാത്രം ലൈസൻസിന്റെ കാര്യം ആലോചിക്കുകയാണ് പതിവ്. അതോടൊപ്പം ലൈസൻസ് കിട്ടുന്നതിനുള്ള ചില സാങ്കേതിക വിഷമതകൾ വേറെയും. എല്ലാ കച്ചവടക്കാരും ലൈസൻസ് എടുക്കുവാൻ തയ്യാറാവുകയും അവർക്കാവശ്യമായ സൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ടാവുകയും വേണം. എങ്കിൽ ഈ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

## വിനോദ നികുതി.

1991 92 വർഷത്തിൽ 1773 ക തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടിയതൊഴിച്ചാൽ മറ്റ് വിനോദ നികുതികൾ ഒന്നും തന്നെ ഇതേവരെ പഞ്ചായത്തിലില്ല. വാളക്കൊളം ഭാഗത്തുണ്ടായിരുന്ന സിനിമാ തിയേറ്റർ കാലഹരണപ്പെട്ടു പോയതാണിതിന്റെ കാരണം. സിനിമാ തിയേറ്ററുകൾ പഞ്ചായത്തിൽ ഇപ്പോൾ നിലവിലില്ല.

## മണൽ

പഞ്ചായത്തിന്റെ വാടക്കെ അറ്റം പുഴയാണെങ്കിലും അത് വേങ്ങര പഞ്ചായത്തിന്റെ അധീനത്തിലാണ്. ഈ ഭാഗത്ത് നിന്ന് മണൽ വാരുവാനുള്ള അവകാശം തെന്നല പഞ്ചായത്തിന് ലഭിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും. ഈ ഭാഗം പുഴ തെന്നല പഞ്ചായത്തിൽ ഉൾപ്പെടുത്താൻ നടപടികളുണ്ടാകേണ്ടതാണ്.

## മാർക്കറ്റ്

പഞ്ചായത്തിൽ ഇപ്പോൾ അംഗീകൃത മാർക്കറ്റുകളില്ല. പൂക്കിപ്പറമ്പ്, കൊടക്കല്ല് എന്നിവിടങ്ങളിൽ മാർക്കറ്റുകൾ സ്ഥാപിക്കേണ്ടതാണ്. ഇങ്ങിനെ മാർക്കറ്റുകളും മറ്റു സ്ഥാപിക്കുമ്പോൾ ലേലം വകയിലും ലൈസൻസി ഫീസ് ഇനത്തിലും വരുമാനം വർദ്ധിപ്പിക്കുവാൻ അവസരമുണ്ടാകും.

## മറ്റുള്ള വരുമാന മാർഗ്ഗങ്ങൾ

1. മുൻകാലങ്ങളിൽ വെഹിക്കിൾ ടാക്സ് എന്നപേരിൽ, സൈക്കിൾ, കാളവണ്ടി, ഉന്തുവണ്ടി മുതലായവക്ക് നികുതി ചുമത്തിയിരുന്നു. അത് ചില സാങ്കേതിക കാരണങ്ങളാൽ വേണ്ടെന്ന് വെച്ചതാണ്. ഓട്ടോറിക്ഷ, സ്കൂട്ടർ ബൈക്ക് മുതലായ വാഹനങ്ങളുടെ രജിസ്ട്രേഷൻ പഞ്ചായത്ത് മുഖേന നടപ്പാക്കുക. ഇതിന് ചെറിയ ഫീസ് ചുമത്തുവാൻ നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക. ഇതും വിഭവ വർദ്ധനവിന് സഹായകമാവും

2. ജനന മരണ സർട്ടിഫിക്കറ്റുകൾ നല്കുമ്പോൾ ഒരു ചെറിയ സംഖ്യ ഫീസായി വാങ്ങാവുന്നതാണ്. അത് പോലെ ഇത് നിലവിലുള്ള തിരച്ചിൽ ഫീസ് പകർപ്പ് ഫീസ് എന്നിവ വർദ്ധിപ്പച്ച് കൊണ്ടും പഞ്ചായത്തിന്റെ വരുമാത്തിൽ മാറ്റമുണ്ടാക്കുവാൻ കഴിയും

3. പഞ്ചായത്തിൽ ആവശ്യത്തിന് തെരുവ് വിളക്കുകളില്ല. എന്നാൽ നിലവിലുള്ള തെരുവ് വിളക്കുകൾ തന്നെ യഥാസമയത്ത് കത്തിക്കുകയോ കെടുക്കുകയോ ചെയ്യുന്നില്ല. കത്തിയാലും ഇല്ലെങ്കിലും സ്ഥാപിച്ച് കഴിഞ്ഞാൽ ചാർജ്ജ് കൊടുക്കണമെന്ന വ്യവസ്ഥ മാറുകയും തെരുവ വിളക്കുകൾക്കും മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുവാൻ സൗകര്യങ്ങളുണ്ടാക്കുകയും ചെയ്യുക. ഏറ്റവും മോശമായ ബൾബുകളാണ് തെരുവിൽ വിളക്കിൽ ഉപയോഗിച്ചിട്ടുള്ളതെന്ന് കാണാം. ബൾബുകൾ മണിക്കൂറുകൾ കൊണ്ട് തന്നെ കത്തി ചാമ്പലാകുന്നു. തെരുവ് വിളക്കുകളുടെ സംരക്ഷണം ഓരോ ഭാഗങ്ങളിലും സന്നദ്ധ സംഘടനകളെ ഏല്പിക്കണം. അത്പോലെ ഏറ്റവും വലിയ പൊതു മേഖലാ സ്ഥാപനമെന്ന നിലക്ക് തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് കാര്യത്തിൽ എലക്ട്രിസിറ്റ ബോർഡ് ഇളവുകൾ അനുവദിക്കേണ്ടതാണ്.

4. പൊതു വാട്ടർ ടാപ്പിന്റെ കഥ ഇത് തന്നെയാണ്. ടാപ്പ് സ്ഥാപിച്ചു കഴിഞ്ഞാൽ വെള്ളം ഉണ്ടോ ഇല്ലയോ എന്നത് പ്രശ്നമാകുന്നില്ല. മാസം 825 ക വീതം പഞ്ചായത്ത് നൽകി വരുന്നു. ഇത് മാറിയേ തീരൂ. ഇത് പരിഹരിക്കുവാൻ പഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് കൊണ്ട് അനുയോജ്യമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിൽ ലക്ഷങ്ങൾ ചിലവ് കണക്കാക്കുന്ന ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ശ്രമദാനത്തിലൂടെ ചെയ്തതായി കാണാൻ കഴിയും. എല്ലാ ഗ്രാമ സഭാ റിപ്പോർട്ടുകളിലും മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാമെന്ന പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുമുണ്ട്. കക്ഷിരാഷ്ട്രീയ ജാതിമത ചിന്തകൾക്കതീതമായി സ്വന്തം ഗ്രാമത്തിന്റെ വികസനത്തിന് വേണ്ടി ദേഹദ്ധ്വാനം സംഭാവന നല്കുക എന്നത് ഒരു പുണ്യ കർമ്മം കൂടിയാണ്.

നമ്മുടെ മക്കൾ പഠിക്കുന്ന വിദ്യാലയങ്ങളുടെ

നില മെച്ചപ്പെടുത്താനും അവിടെ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുവാനും സ്കൂൾ പി.ടി.എ. വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കും. ഈ കാര്യത്തിൽ പൂർവ്വ വിദ്യാർത്ഥികളും സഹകരിക്കേണ്ടത് താണ്. ഓരോ വിദ്യാലയങ്ങളെയും ബന്ധപ്പെട്ട പൂർവ്വവിദ്യാർത്ഥിസംഘടനകളും നിലവിൽ വരേണ്ട താണ്.

കാലവർഷ കെടുതികൾ കാരണം നമ്മുടെ റോഡുകളും മറ്റും ചീത്തയാവുക പതിവാണ്. ഇത് ഒഴിവാക്കുവാൻ വർഷാരംഭത്തിന് മുമ്പുതന്നെ റോഡ് സൈഡിലെ അഴുക്കുള്ള ചാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചപ്പു ചവറുകളും മറ്റും ഒഴിവാക്കുവാൻ റോഡ് ഉപയോഗിക്കുന്നവരും റോഡിന് ഇരുവശത്ത് താമസിക്കുന്നവരും വിചാരിച്ചാൽ മതി.

റോഡിൽ വരുന്ന ചെറിയ കുഴികളും മറ്റും യഥാസമയം നാട്ടുകാർ തന്നെ മണ്ണിട്ട നന്നാക്കുകയാണെങ്കിൽ വലിയ സാമ്പത്തിക ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുവാൻ കഴിയും.

വീടുകളിലെ മാലിന്യങ്ങൾ റോഡിലേക്ക് ഒഴിവാക്കുന്ന സാമൂഹ്യദ്രോഹികൾ നാടിന്റെ തീരാ ശാപമാണ്. ഇത്തരം സാമൂഹ്യ വികസനം പ്രവർത്തനങ്ങളെ നേരിടാൻ നാട്ടുകാർ തയ്യാറല്ലെങ്കിൽ അത് നമുക്ക് തന്നെ തീരാ നഷ്ടമുണ്ടാക്കും. കോഴിയുടെ അവശിഷ്ടങ്ങളും മറ്റും വീടു പരിസരത്ത് കുഴിച്ചിട്ട് മൂടുന്നതിന്ന് പകരം റോഡ് സൈഡിൽ ഇറക്കിവിടുന്ന വരന്മാർ ധാരാളമുണ്ട്.

പൊതു സ്വത്തുക്കളെല്ലാം തന്നെ നമ്മുടെ സ്വന്തം സ്വത്തായി കാണാനും അതിന്റെ ഉടമകളും സംരക്ഷകരും നാം ഓരോരുത്തരുമാണെന്ന് നമുക്ക് ഉറപ്പുവരുത്താനും കഴിഞ്ഞാൽ അത് നമ്മുടെ പഞ്ചായത്തിന്നും നമ്മുടെ ഗ്രാമത്തിനും വിലമതിക്കാനാവാത്ത സമ്പത്തായിരിക്കും. തീർച്ച.

# ഉപസംഹാരം

ജനകീയ ആസൂത്രണ പ്രസ്ഥാനം നമ്മുടെ സംസ്ഥാനത്തിന്റെയും ആസൂത്രണ പ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറുകയാണ്. വികസന പദ്ധതികളും പരിപാടികളും ജനപങ്കാളിത്തത്തോട് കൂടി ഏറ്റവും താഴെ തട്ടിൽ നിന്ന് തന്നെ രൂപപ്പെടുത്തി യെടുക്കുക എന്നാണിതിന്റെ ലക്ഷ്യം. റോഡുകളും പാലങ്ങളുമായാൽ വികസനമായി എന്നതാണ് പലരുടെയും ധാരണ. ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ് വികസനം. ഇതിന്ന് കഴിയണമെങ്കിൽ മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം പാർപ്പിടം തുടങ്ങിയവ ആവശ്യാനുസരണം ലഭ്യമാക്കാൻ നമുക്ക് കഴിയണം. കാർഷിക വ്യവസായിക മേഖലകളുടെ വളർച്ചയിലൂടെ മാത്രമെ അത്തരത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റാൻ നമുക്ക് സാധിക്കുകയുള്ളൂ

വികസന പ്രവർത്തനങ്ങളെ തിരിച്ചറിയുക, അവയുടെ പരിഹാരത്തിന് പറ്റിയ സ്കീമുകൾ തയ്യാറാക്കുക, സ്കീമുകളെ മുൻഗണനാ ക്രമത്തിൽ ചിട്ടപ്പെടുത്തി പ്രാദേശിക വികസന പദ്ധതികൾക്ക് രൂപം കൊടുക്കുക തുടങ്ങിയ ആസൂത്രണ ദൗത്യങ്ങൾ ഏറ്റെടുക്കുന്നതിൽ ഇന്ന് പഞ്ചായത്തുകൾക്ക് ഒട്ടേറെ പരിധികളും പരിമിതികളും ഉണ്ട്. പദ്ധതി പ്രവർത്തനങ്ങളിലെ പരിചയമില്ലായ്മ, സ്ഥിതി വിവരകണക്കുകളുടെ അഭാവം, ആസൂത്രണ സാങ്കേതങ്ങളിൽ വൈദഗ്ദ്യം നേടിയവരുടെ കുറവ് തുടങ്ങിയ പരിമിതികളെ മറികടക്കാനും ആസൂത്രണ പ്രക്രിയയിൽ ഭരണ ഘടനാ ദത്തമായ പങ്ക് ഏറ്റെടുക്കുവാനും പഞ്ചായത്തുകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് നമ്മുടെ ഈ സർക്കാർ ജനകീയ പ്രസ്ഥാനത്തിന് രൂപം കൊടുത്തിരിക്കുന്നത്.

വികസന രംഗം പരിപൂർണ്ണമായും അഴിമതി വിമുക്ത മാക്കാൻ നമുക്ക് കഴിയണം. അതോടൊപ്പം ഡിപ്പാർട്ട്മെന്റ് കളുടെ വികസനേതര താൽപര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ അവസ്ഥ മാറുകയും വേണം. വികസന പ്രക്രിയയിൽ ജന പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തുകയാണന്നതിനുള്ള മാർഗം. ഫണ്ടുകളുടെ ദൗർബല്യം പഞ്ചായത്തിന്റെ ഏറ്റവും വലിയ പ്രശ്നമാണ്. ഫണ്ടുകൾ സ്വരൂപിക്കാൻ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താൻ നമുക്ക് കഴിയണം. സർക്കാർ ഇതര ഏജൻസികളുടെ സേവനവും ഈ കാര്യത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്.

ഏറ്റവും പാവപ്പെട്ട ജനങ്ങൾക്ക് ഗുണം കിട്ടണമെന്നതായിരിക്കണം ഏത് പദ്ധതിയുടെയും അടിസ്ഥാനം ഓരോ പ്രദേശത്തിന്റെയും പ്രത്യേക അവസ്ഥയും സാധ്യതകളും പരിഗണിക്കുകയും വേണം. ആവശ്യങ്ങളെ തിരിച്ചറിയുകയും അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ആരായുകയുമാണ് വേണ്ടത്.

ജനങ്ങളുടെ പ്രശ്നങ്ങളെ പദ്ധതികളാക്കി മാറ്റി ഫലപ്രദമായി നടപ്പാക്കാനുള്ള മാർഗ്ഗമാണ് ജനകീയ ആസൂത്രണം. നമ്മുടെ ഗ്രാമസഭകൾ ഒരുപാട് പ്രശ്നങ്ങൾ എടുത്ത് കാണിച്ചിട്ടുണ്ട്. ഗ്രാമസഭകളുടെ പ്രതീക്ഷകൾ വൈകാതെ തന്നെ പ്രാവർത്തികമാക്കുവാൻ നമുക്ക് കഴിയുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ വികസന റിപ്പോർട്ട് വിശദമായ വിശകലനത്തിനും കാര്യമാത്ര പ്രസക്തമായ ചർച്ചക്കും ആവശ്യമായ പരിഷ്കണത്തിനും വേണ്ടി തെന്നല ഗ്രാമപഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

ഏറിയാടൻ ആച്ചുട്ടി

പ്രസിഡണ്ട്


തെന്നല ഗ്രാമപഞ്ചായത്ത്.


അധികാരം ജനങ്ങളിലേക്ക്
9-ാം പദ്ധതി ജനകീയ പദ്ധതി
40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
വികസന പ്രക്രിയ അഴിമതിരഹിതമാകുന്നു
ബഹുജനസഹകരണം അനിവാര്യം
അധികാര വികേന്ദ്രീകരണം വഴിജനകീയവും ശാസ്ത്രീ
യവുമായ ഗ്രാമ തലആസൂത്രണം

# വേങ്ങര പഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്രവികസന രേഖ



# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## വേങ്ങര ഗ്രാമപഞ്ചായത്ത്
## വികസന സെമിനാർ
## സമഗ്ര വികസന രേഖ



## എഡിറ്റോറിയൽ ബോർഡ്

മണി നീലഞ്ചേരി : ചീഫ് എഡിറ്റർ

പുക്കയിൽ ഫാത്തിമടീച്ചർ : (ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)

എൻ. ടി. അബ്ദുൽ നാസർ : (ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്)

കെ.ടി. അലവിക്കുട്ടി : മെമ്പർ (എഡിറ്റോറിയൽ ബോർഡ്)

സുകുമാർ കക്കാട് : മെമ്പർ (എഡിറ്റോറിയൽ ബോർഡ്)

പി. അബ്ദുൽ കരീം : മെമ്പർ (എഡിറ്റോറിയൽ ബോർഡ്)


കല്ലൻ മുഹമ്മദ് മാസ്റ്റർ : മെമ്പർ (എഡിറ്റോറിയൽ ബോർഡ്)

കെ. അബ്ദുറഹിമാൻ : മെമ്പർ (എഡിറ്റോറിയൽ ബോർഡ്)

പി.എ.ബി. അച്ചനമ്പലം : മെമ്പർ (എഡിറ്റോറിയൽ ബോർഡ്)

പഞ്ചായത്ത് രാജ്
സ്ഥാപിക്കപ്പെട്ടു കഴി
യുമ്പോൾ അക്രമത്തിന്
ഒരിക്കലും നേടാൻ കഴി
യാത്തത് പൊതുജനാഭി
പ്രായത്തിന് നിർവ്വഹി
ക്കാൻ കഴിയും.

ഗാന്ധിജി.



ഗ്രാമങ്ങൾ ഇന്ത്യയുടെ
ഹൃദയങ്ങളാണ്.
ഗ്രാമീണ ജനത നശി
ച്ചാൽ ഇന്ത്യ നശി
ക്കും.

ഗാന്ധിജി.

# വേങ്ങര ഗ്രാമപഞ്ചായത്ത്
# ഭരണസമിതി

ഫോൺ
ഓഫീസ് : 50226



**പൂക്കയിൽ ഫാത്തിമ ടീച്ചർ** (പ്രസിഡന്റ്)



**എൻ.ടി. അബ്ദുൽ നാസർ കുഞ്ഞുട്ടി** (വൈസ് പ്രസിഡന്റ്)



**ദമാം. പി.ഇ. അബൂബക്കർ ഹാജി** (ചെയർമാൻ സ്റ്റാന്റിംങ് കമ്മിറ്റി)

പി.പി. അഹമ്മദ് (മെമ്പർ)

കല്ലൻ മുഹമ്മദ് മാസ്റ്റർ (മെമ്പർ)

പുളാട്ട് ആയിഷക്കുട്ടി (മെമ്പർ)

കെ. രാമൻ (മെമ്പർ)

ടി.കെ. റംലാബി (മെമ്പർ)

തൊട്ടിയിൽ ജാനകി (മെമ്പർ)

ചാക്കീരി അഹ്ദുൽ ഹഖ് (മെമ്പർ)

നല്ലാടൻ കതിയാമു (മെമ്പർ)

മരുതിൽ ഹംസകുട്ടി (മെമ്പർ)

എ.കെ. കുഞ്ഞിമുഹമ്മദ് (മെമ്പർ)

പി.പി. മുഹമ്മദലി (മെമ്പർ)

എൻ. ടി. കോമുക്കുട്ടി (മെമ്പർ)

# ഉള്ളടക്കം

1. ആമുഖം
2. പൊതുവിവരണം
3. ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
5. സാമൂഹ്യ സാമ്പത്തിക മേഖലകൾ
   - 5–1 കൃഷി – ജലസേജനം
   - 5–2 മൃഗസംരക്ഷണം – മൽസ്യ ബന്ധനം
   - 5–3 വ്യവസായം
   - 5–4 വിദ്യാഭ്യാസം
   - 5–5 കുടിവെള്ളം – പൊതുജനാരോഗ്യം
   - 5–6 ഗതാകതം, ഉർജ്ജം, മാർക്കറ്റ്
   - 5–7 പാർപ്പിടം – സാമൂഹിക ക്ഷേമം
   - 5–8 സംസ്കാരം
   - 5–9 വനിത
   - 5–10 സഹകരണം
   - 5–11 പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം
   - 5–12 വിഭവസമാഹരണം
6. പ്രവർത്തന മേഖല.
7. ഉപസംഹാരം.

# ആമുഖം


ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ കാതലായ അധികാരം ജനങ്ങളിലേക്കെന്ന കേരള സർക്കാറിൻെറ പുതിയ സാമ്പത്തിക ആസൂത്രണ പരിപാടിയുടെ ഭാഗമായി. വേങ്ങര ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിക്കുന്ന സമഗ്ര വികസന രേഖ പൊതു ജന സമക്ഷം സമർപ്പിക്കുകയാണ്. "ഓരോ ഗ്രാമവും സ്വയം പര്യാപ്തമാകുമ്പോൾ മാത്രമെ രാഷ്ട്രം സ്വയം പര്യാപ്തമാകൂ" എന്ന രാഷ്ട്രപിതാവ് മഹാത്മജിയുടെ വാക്കുൾ ഇത്തരുണത്തിൽ സ്മരണീയ മാണ്.

നമ്മുടെ ഗ്രാമത്തിൻെറ ഉൾത്തുടിപ്പുകൾ അറിയാനുതകുന്ന ഒരു പാട് വിവരങ്ങൾ ശേഖരിക്കുന്നതിനായി ഞങ്ങളോടൊപ്പം യത്നിച്ച വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു കൂട്ടം സേവനതല്പരരുടെ കൂട്ടായ അദ്ധ്വാനമാണ് ഈ രേഖകൾ. തെറ്റുകളും ന്യൂനതകളും കുറയൊക്കെ ചൂണ്ടികാണിക്കാൻ സാധിച്ചേക്കാം. എങ്കിലും പരമാവധി നേരിൻെറ മാർഗ്ഗത്തിലൂടെ വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള വ്യക്തിത്വങ്ങൾ ഈ ആശയ വിനിമയത്തിന് നേതൃത്വം കൊടുത്തിട്ടുണ്ട്.

ഇത്തരുണത്തിൽ വേങ്ങരയുടെ ആദ്യകാല പ്രവർത്തന മേഖലകളിലെ മൺ മറഞ്ഞ നേതാക്കന്മാരുടെ മാർഗ്ഗ ദർശനങ്ങളെ നന്ദിയോടെ സ്മരിച്ചുകൊണ്ട് തന്നെ തലമുറയിലെ ഇന്നത്തെ കാരണവന്മാരുടെ വിലപ്പെട്ട നിർദ്ദേശങ്ങളെ മാനിക്കാനും പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൻെറ വികസനവുമായി ബന്ധപ്പെട്ട വിചാര വികാരങ്ങൾ ഗ്രാമസഭകളിൽ ജന സഹസ്രങ്ങളിലുടെ പുതിയൊരു വികസന ചരിത്രത്തിന്നായി ഉരുതിരിഞ്ഞ് വന്ന ഈ വേളയിൽ ക്രിയാത്മക ചർച്ചകൾക്കും പരിഹാരനിർദ്ദേശങ്ങൾക്കും വേണ്ടി നാളെയിലെ മറ്റൊരു മാതൃകാഗ്രാമത്തിൻെറ സൃഷ്ടിക്കായിപൊതു ജനസമക്ഷം ഈ സമഗ്രരേഖ താഴ്മയോടെ സമർപ്പി ക്കുന്നു.

# പഞ്ചായത്ത് പൊതു വിവരണം



## 2
## പഞ്ചായത്ത് പൊതുവിവരണം.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | വേങ്ങര പഞ്ചായത്ത് |
| ഉൾപെടുന്ന വില്ലേജുകൾ | : | വേങ്ങര, കണ്ണമംഗലം |
| ബ്ലോക്ക് പഞ്ചായത്ത് | : | വേങ്ങര |
| താലൂക്ക് | : | തിരൂരങ്ങാടി |
| അസ്സംബ്ലി മണ്ഡലം | : | മലപ്പുറം |
| പാർലമെന്റ് മണ്ഡലം | : | മഞ്ചേരി |
| വിസ്തീർണം | : | 46.9 **Sq. Km.** |
| അതിരുകൾ | : | തെക്ക് കടലുണ്ടി പുഴയും പറപ്പൂർ പഞ്ചായത്തും. വടക്ക് നെടിയിരുപ്പ്, പള്ളിക്കൽ, തേഞ്ഞിപ്പലം, എ. ആർ. നഗർ പഞ്ചായത്തുകൾ. കിഴക്ക് ഊരകം പഞ്ചായത്ത്. പടിഞ്ഞാറ് കടലുണ്ടി പുഴയും, ഏ.ആർ നഗർ പഞ്ചായത്തും. |
| ജനസംഖ്യ | : | 76916 |
| പുരുഷൻമാർ | : | 38032 |
| സ്ത്രീകൾ | : | 38884 |
| ആകെ വോട്ടർമാർ | : | 38500 (1995) |
| ജനസാന്ദ്രത | : | 1640 (**Sq. Km.**) |
| വാർഡുകൾ | : | 15 |
| സെക്രട്ടറിയുടെ പേര് | : | **E.O.** ബാബു അബ്ദുൽ അസീസ് |

# ചരിത്രം

## സാമൂഹിക സാംസ്കാരിക പശ്ചാത്തലം

ദേശിയ സ്വാതന്ത്ര്യസമരചരിത്രത്തിൽ ഒട്ടേറ സംഭാവനകൾ അവകാശപ്പെടാൻ ഈ പഞ്ചായത്തിന് ഉണ്ട്. ദേശിയ മുഖ്യധാരയിൽ എല്ലാമാറ്റങ്ങളെയും നൻമയുടെ ഭാഗത്ത് നിന്ന് താലോലിച്ച മഹത്തായ പൈതൃകമാണ്. വേങ്ങരക്കുള്ളത്. സ്വതന്ത്രസമരത്തിൽ പങ്കെടുത്ത് പങ്കെടുത്തു എന്നതിനാലും ഐ. എൻ. ഏ. അംഗത്വം മുണ്ടായിരുന്നതു കൊണ്ടും നീണ്ടകാലം ജയിൽ വാസമനുഭവിക്കേണ്ടി വന്ന ധാരാളം വ്യക്തികളും സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തും സ്വന്തം പ്രയത്നങ്ങൾകൊണ്ട് വിരോചിത ചരിത്രം രചിച്ച ഒരു പാട് നല്ല മനുഷ്യാത്മാക്കളുടെയും ജനനം കൊണ്ട് ധന്യമാണി പ്രദേശം.

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മലയാള ഭാഷ സാഹിത്യത്തിൽ ഉന്നത സ്ഥാനം പുലർത്തിയിരുന്ന ബദർ ഖിസ്സാപ്പാട്ടിന്റെ ഉപജ്ഞാതാവ് വേങ്ങര പഞ്ചായത്തിൽ ഉൾപ്പെടുന്ന ചേറൂർ സ്വദേശിയായ ചാക്കീരി മൊയ്തീൻ കുട്ടി സാഹിബാണ്. പ്രമുഖ മതപണ്ഡിതനും, ചിന്തകനും സാഹിത്യരചയിതാവുമായ സി. എൻ. അഹമ്മദ് മൗലവിയും ഈ പ്രദേശത്തുകാരൻ തന്നെ. ഇദ്ദേഹം രചിച്ച ഇംഗ്ലീഷ് പുസ്തകങ്ങൾ അമേരിക്കയിലെ പ്രൈവറ്റ് ഇസ്ലാമിക്ക് സ്കൂളുകളിൽ പാഠപുസതകമാണ്. കേന്ദ്ര സംസ്ഥാന ഗവർമെൻറുകളുടെ പാരിതോഷികങ്ങളും ലഭിച്ചിട്ടുണ്ട്.

1952 -ൽ മദ്രാസ് അസംബ്ലിയിലേക്ക് കോട്ടക്കൽ ഫർക്കയിൽ നിന്നും കുഇജുണ്ണിനെടുങ്ങാടിയെ പരാജയപ്പെടുത്തി വിജയം കൈവരിക്കുകയും, കേരളപ്പിറവിക്കുശേഷം ആദ്യയം നടന്ന തെരെഞ്ഞെടുപ്പിൽ കുറ്റിപ്പുറം മണ്ഡലത്തിൽ നിന്ന് തെരെഞ്ഞെടുത്ത് കേരളത്തിൻെറ ആദ്യ നിയമസാഭാംഗങ്ങളിൽ ഒരാളായി തീരുകയും പിൻക്കാലത്ത് 1974 ൽ കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും, നിയമസഭ സ്പീക്കറുമായി സേവനമനുഷ്ഠിക്കുകയും ചെയ്ത ചാക്കിരി അഹമ്മദ്കുട്ടി സാഹിബ് ചാക്കിരിമൊയിതീൻകുട്ടി സാഹിബിൻെറ ഏകപുത്രനാണ്.

അക്കാലഘട്ടങ്ങളിൽ വേങ്ങര പഞ്ചായത്തിൻെറ സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയരംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ചവരിൽ പ്രമുഖരാണ്. മാളിയേക്കൽ അബ്ദുള്ള ഹാജി. കറുവണ്ണികുഞ്ഞിമുഹമ്മദ് സാഹിബ്, എൻ. ടി. ഹസ്സൻകുട്ടി ഹാജി, ടി. കെ. മമ്മദ്, എൻ. ടി. മുത്താലി സാഹിബ്, പൂവിൽ മുഹമ്മദ് എന്നബാപ്പു, എൻ. ടി. മുഹമ്മദ് ഹസ്സൻഹാജി, സി. മുഹമ്മദ് മാസ്റ്റർ, ബാർബർ ക്കുഞ്ഞൻ, പലേരി എറമുമാസ്റ്റർ, പൂച്ചിമാഷ്, എം. മുഹമ്മദ് മാസ്റ്റർ, പുല്ലമ്പലവൻ അഹമ്മദ്കുട്ടി കാപ്പൻ ആലികുട്ടി, ടി. കെ. മുഹമ്മദ് എനന മാനു, പറങ്ങോടത്ത് കുഞ്ഞിമമുഹാജി, വി. കെ. അഹമ്മദ് കുട്ടി ഹാജി ഇ. കെ. കുഞ്ഞിമൊയ്തു ഹാജി, പറമ്പേരി മുഹമ്മദ് മേക്കമണ്ണിൽ പോക്കരുട്ടി പി. കെ. മുഹമ്മദ് അധികാരി. പി. കെ. ഹുസ്സൻ മാസ്റ്റർ, ഒ. വേലായുധൻ, കെ. പി. ബാലൻ മാസ്റ്റർ, കെ. പി. ശങ്കരൻ മാസ്റ്റർ, പി. പി. ഹസലാജി, വലിയപറമ്പിൽ മൂസ്സമൊയ്തീൻ, ഇ. കെ. അലിമൊയ്തീൻ സാഹിബ്, എം. ടി. ആലിഹാജി, കൊല്ലിരി മാധവൻ നായർ തെന്മാത്താട്ട് ദാമോധരൻ നായർ, മടപ്പള്ളിമുഹമ്മദു ഹാജി, പി. എ. അബ്ദുറഹ്മാൻ ഹാജി; സി. പി. കോമുഹാജി, നീലഞ്ചേരി കേശവൻ നായർ, നീലഞ്ചേരി കരുണാകരൻ നായർ തുടങ്ങിയവർ.

## ഭരണചരിത്രം.

മലബാർ ഡിസ്ട്രിക്ക് ബോർഡിന് കീഴിലായുരുന്ന പ്രദേശത്ത് വലിയോറ, കണ്ണമംഗലം അംശങ്ങളിൽ 1954-55 കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നിരുന്നു. എങ്കിലും വേങ്ങര, ചേറൂർ, അംശങ്ങളിൽ അന്ന് പഞ്ചായത്ത് തിരെഞ്ഞെടുപ്പ് നടന്നിരുന്നില്ല. വലിയോറ പഞ്ചായത്തിൻെറ അധിപൻ യശശരീരനായ എൻ. ടി. ഹസ്സൻകുട്ടി ഹാജിയും, കണ്ണമംഗലം പഞ്ചായത്ത് അധിപൻ യശ്ശ്ശരീരനായ ഇ. കെ. കുഞ്ഞിമൊയ്തു ഹാജിയായിരുന്നു. വോട്ടർമാർ ഒരു സ്ഥലത്ത് ഒത്തുകൂടി കൈപ്പൊക്കി വോട്ടു രേഖപ്പെടുത്തിയാണ് അക്കാലത്ത് പ്രസിഡണ്ടിനെ തിരെഞ്ഞെടുത്തിരുന്നത്.

വേങ്ങര, കണ്ണമംഗലം വില്ലേജുകൾ ഉൾപ്പെടെ ഇന്നത്തെ വെങ്ങര പഞ്ചായത്ത് 1961 - 12 ാം മാസത്തിലാണ് നിലവിൽ വന്നത്. 1964 - ൽ ആദ്യതിരെഞ്ഞെടുപ്പ് നടന്നു. പതിനൊന്ന് വാർഡുകളുള്ള പഞ്ചായത്തിൻെറ ഏഴാം വാർഡിൽ നിന്ന് തിരെഞ്ഞെടുക്കപ്പെട്ട ചാക്കീരി അഹമ്മദ് കുട്ടി സാഹിബായിരുന്നു പഞ്ചായത്തിൻെ പ്രഥമ പ്രസിഡണ്ട്. പ്രഥമ ഭരണസമിതി അംഗങ്ങൾ 1 ാം വാർഡിൽ വി. പി. മുഹമ്മദ് എന്ന ബാപ്പുട്ടി 2-ാം വാർഡിൽ പി. പി. മൊയ്തീൻകുട്ടി, 3-ാം വാർഡിൽ ടി. കെ. മുഹമ്മദ് എന്ന മാനു 4 -ാം വാർഡിൽ എ. കുഞ്ഞാലി ഹാജി 5 -ാം വാർഡിൽ മാളിയേക്കൽ അബ്ദുള്ളഹാജി 7 -ാം വാർഡിൽ ചാക്കീരി അഹമ്മദ്കുട്ടി സാഹിബ്. 8 -ാം വാർഡിൽ എ. കുഞ്ഞിക്കോയ മുട്ടി എന്നകുഞ്ഞിമോൻ 9-ാം വാർഡിൽ പറങ്ങോടതത് കുഞ്ഞിമ്മുഹാജി 10-ാം വാർഡിൽ കെ. ടി. മുഹമ്മദ് ഹാജി 11-ാം വാർഡിൽ വി. കെ. അഹമ്മദ്കുട്ടി ഹാജി.

അടുത്ത പഞ്ചായത്ത് തിരെഞ്ഞെടുപ്പിൽ ജനസംഖ്യാനുപാതികമായി രണ്ട് വാർഡുകൾ കൂടി നിലവിൽവന്നു. തിരെഞ്ഞെടുപ്പിൽ ഓളിയേക്കൽ അബ്ദുള്ളഹാജി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. അന്നത്തെ അംഗങ്ങൾ: ചെള്ളി അഹമ്മദ് (1), എൻ. ടി. മൊയ്തീൻകുട്ടി എന്ന ഇന്തപ്പഹാജി (2), കെ. പി. മൊയ്തീൻകുട്ടിഹാജി (3), നീലകണ്ഡൻ (4), പൂങ്ങാട്ടിൽ കുഞ്ഞഹമാദാജി (5), കണ്ണേത്തുബാവ(6), ചാക്കീരി മൊയ്തീൻ കുട്ടി എന്ന ഇപ്പു(7), മാളിയേക്കൽ അബ്ദുള്ള ഹാജി (8), പാത്തുമ്മകുട്ടി (9), കറുവണണികുഞ്ഞിമുഹമ്മദ് (10), കെ. ടി. ഇസ്മായിൽ ഹാജി (11), കുഞ്ഞമ്മിമ്മുഹാജി (12), അഹമ്മദ്കുട്ടി ഹാജി (13).

ജനസംഖ്യാനപാതികമായി 15 വാർഡുകളാക്കി പിന്നിട്ട് നടന്ന തെരെഞ്ഞെടുപ്പിൽ മാളിയേക്കൽ അബ്ദുള്ള ഹാജി വീണ്ടും പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. അംഗങ്ങൾ 1 പി. പി. മുഹമ്മദലി എന്ന ചെറീത്, 2 വി. എ. മുഹമ്മദ് കുട്ടി എന്ന ബാപ്പുട്ടി, 3 കല്ലൻ മുഹമ്മദ് മാസ്റ്റർ, 4. ഇ. കെ. ഹസ്സൻ കുട്ടി, 5. എൻ. ഫാത്തിമ, 6, സി. എം. ഫാത്തിമ, 7. ചാക്കീരി അവറാൻ, 8. മാളിയേക്കൽ അബ്ദുള്ള ഹാജി, 9. കാട്ടുമൊയ്തീൻ, 10, പാറയിൽ അബ്ദുള്ള ക്കോയ തങ്ങൾ, 11. എ. കെ. സൈതലവി, 12. കെ. ഉമ്മർ ഹാജി, 13. കെ. പി. രാമൻ മാസ്റ്റർ, 14. കെ. പി. ശങ്കരൻ, 15. എൻ. ടി. മുഹമ്മദലി എന്ന ബാപ്പുട്ടി. ഒന്നര കൊല്ലത്തിനു ശേഷം പ്രസിഡണ്ടായിരുന്ന മാളിയേക്കൽ അബ്ദുള്ള ഹാജി വാഹനപകടത്തിൽ മരണപ്പെടുകയും വൈസ്. പ്രസിഡണ്ടായിരുന്ന പാറയിൽ അബ്ദുള്ള കോയ തങ്ങൾ ചാർജ്ജെടുക്കുകയും ചെയ്തു. ശേഷം നടന്ന പ്രസിഡണ്ട് തിരിഞ്ഞെടുപ്പിൽ കെ. പി. രാമൻ മാസ്റ്റർ പ്രസിഡണ്ടായി തിരെഞ്ഞുടകകുകയും ചെയ്തു. കെ. പി. രാമൻ മാസ്റ്റർ ഖാദിബോർഡ് ചെയർമാനായി ചാർജ് എടുത്തപ്പോൾ പ്രസിഡണ്ട് പദം രാജിവെക്കുകയും എൻ. ടി. മുഹമ്മദലി എന്ന ബാപ്പുട്ടി തെരെഞ്ഞെടുക്കപപെട്ടു ഇപ്പോൾ നിലവിലുള്ള പ്പഞ്ചായത്ത് ഭരണസമിതി 1996 ഒക്ടോബർ 2 -ാം തിയ്യതി പൂകകയിൽ ഫാത്തിമ ടീച്ചർ പ്രസിഡണ്ടായി അധികാരമേറ്റു. അംഗങ്ങൾ 1 -ാംവാർഡിൽ എൻ. ടി. നാസർ എന്ന കുഞ്ഞുട്ടി (വൈസ് പ്രസിഡണ്ട്), 2 -ാം വാർഡിൽ പി. പി. മുഹമ്മദ് എന്ന കുഞ്ഞുട്ടി, 3 -ാം വാർഡിൽ കല്ലൻ മുഹമ്മദ് മാസ്റ്റർ, 4 -ാം വാർഡിൽ പൂളളാട്ട് ആയിഷകുട്ടി ടീച്ചർ, 5 -ാം വാർഡിൽ അബൂബക്കർ ഹാജി, 6 -ാം വാർഡിൽ കെ. രാമൻ, 7 -ാം വാർഡിൽ ടി. കെ. റംലാബി, 8 -ാം വാർഡിൽ ടി. ജാനകി, 9 -ാം വാർഡിൽ ചാക്കീരി അബ്ദുൽ ഹഖ് (കുഞ്ഞുട്ടി) 10 -ാം വാർഡിൽ നല്ലാടൻ

കദീയാമു 11 -ാം വാർഡിൽ കാട്ടു ഹംസകുട്ടി, 12 -ാം വാർഡിൽ അഞ്ചുകണ്ടൻ കുഞ്ഞിമുഹമ്മദ് എന്ന ബാപ്പുട്ടി. 13 -ാം വാർഡിൽ പൂക്കയിൽ ഫാത്തിമ ടീച്ചർ 14 -ാം വാർഡിൽ പി. പി. മുഹമ്മദലി എന്ന ചെറീത്. 15 -ാം വാർഡിൽ എൻ. ടി. കോമുകുട്ടി.

ആദ്യപഞ്ചായത്ത് ഓഫീസ് പ്രവർത്തന മാരംഭിച്ചത് കച്ചേരിപ്പടിയിലുള്ള പുത്തൻ പീടികയിലാണ് കൊല്ലങ്ങൾക്ക് ശേഷം പൊതു ജന സൗകര്യാർത്ഥം വേങ്ങര അങ്ങാടിയിലുള്ള ടി. കെ. ബാപ്പുവിൻെറ കെട്ടിടത്തി ലേക്ക് മാറ്റി, പിന്നീട് മുള്ളൻപ്പറമ്പ് എന്ന സ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിച്ച് പഞ്ചായത്താഫീസ് അങ്ങോട്ടു മാറ്റി. പൊതുജന സൗകര്യാർത്ഥം ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ നിന്ന് ഇപ്പോഴുള്ള പഞ്ചായത്ത് കെട്ടിടത്തിൽലേക്ക് മാറ്റുകയാണണ്ടായത്.

## വിദ്യാഭ്യാസ ചരിത്രം

1958 കാലഘട്ടം വരെ വേങ്ങര പഞ്ചായത്തിൽ 5 -ാം ക്ലാസ് ഉൾകൊള്ളുന്ന 13 എൽ. പി. സ്കൂളുകളും, വേങ്ങര മാർക്കറ്റ് റോഡിലുള്ള 8 -ാം ക്ലാസ് ഉൾകൊള്ളുന്ന ഹയർ എലിമെൻററി സ്കൂളും മാത്രമാണുണ്ടായിരുന്നത്.

1958 ൽ ഒന്നാമത്തെ കേരള ഗവൺമെൻറ് വേങ്ങരയിലേക്ക് ഒരു ഹൈസ്കൂൾ അനുവദിച്ചുവെങ്കിലും വേങ്ങരയിൽ സ്കൂൾ സ്ഥാപിക്കാൻ സൗകര്യപ്പെട്ടസ്ഥലം കിട്ടാത്തത് കാരണം ഊരകം പഞ്ചായത്തിൽ പ്പെട്ടനെടും പറമ്പിലാണ്, ടി. കെ. മാനുവിൻെറ നേതൃത്വത്തിൽ പൊതുജന സഹകരണത്തോടെകൂടി ആദ്യ കെട്ടിടം നിർമ്മിച്ച് സ്കൂൾ തുടങ്ങിയത്. ഇന്നും ഊരകം പഞ്ചായത്തിൽ സ്ഥതി ചെയ്യുന്ന പ്രസ്തുത സ്കൂളിന് വേങ്ങര ഹൈസ്കൂൾ എന്നാണ് അറിയപ്പെടുന്നത് അതിന് ശേഷം 1984 -ൽ കേരള ഗവൺമെൻറ് മാർക്കറ്റ് റോഡിലുള്ള യു. പി. സ്കൂൾ ഗേൾസ് ഹൈസ്കൂളാക്കി ഉയർത്തി. ഇന്ന് 19 പ്രൈമറിസ്കൂളുകളും 3 ഹൈസ്കൂളും പഞ്ചായ ത്തിലുണ്ടെങ്കിലും ശാസ്ത്ര സ്ങ്കേതിക രംഗത്തുള്ള ഒരു വിദ്യഭ്യാസ സ്ഥാപനവും പഞ്ചായത്തിൽ ഇല്ല.

മുൻപ് മുണ്ടിയൻതടം എന്നറിയ പ്പെട്ടിരുന്ന വേങ്ങര അങ്ങാടി മലഞ്ചരക്ക് വ്യാപാര ത്തിനും മററു കാർഷികോൽപ്പന്ന വിപണനത്തിനും പ്രാമുഖ്യമുള്ളതും നടീൽ വസ്തുക്കൽ വാങ്ങുന്നത്തിന് സമീപവാസികൾ ആശ്രയിച്ചിരുന്ന പ്രധാന കേന്ദ്രമായിരുന്നു. നിത്യോപയോഗ വസ്തക്കളും, സാധന സാമഗ്രികളും വാങ്ങാനും വിൽക്കാനും അന്നാശ്രയിച്ചിരുന്നത് തിങ്കളാഴ്ചതോറും നടത്തിയിരുന്ന ആഴ്ച ചന്തയെയാണ്. വിശേഷ ദിവസങ്ങളുടെ മുന്നോടിയായി ചന്ത ദിവസം മാറ്റുമ്പോൾ വിവരം പൊതു ജനങ്ങളെ പെരുമ്പറകൊട്ടി അറിയിക്കുക പതിവായിരുന്നു.

## സന്നദ്ധ പ്രവർത്തനങ്ങൾ

ഈ പഞ്ചായത്തിൻെറ പൂർവ്വകാല പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മിക്കാവാറും ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിന് അതതു പ്രദേശത്തെ ജനങ്ങൾ. സ്വയം സന്നദ്ധരായി സേവനം നടത്തിയിട്ടുണ്ട്. കൃഷിയിടം സംരക്ഷിക്കുന്നതിനുവേണ്ടി പാറ വെട്ടി താഴ്ത്തി തോടുകൾ നിർമ്മിച്ചതും, ധാരാളം കുളങ്ങൾ നിർമ്മിച്ചതും, കാലികൾക്ക് വെള്ളം കുടിക്കാൻ സൗകര്യമേർപ്പെടുത്തിയതും എല്ലാ് പഴമക്കാരുടെ സ്വയം സന്നദ്ധത പ്രകടമാക്കുന്ന സംരഭങ്ങളാണ്.

വേങ്ങരയിലെ പ്രധാനപൊതുസ്ഥാപന ങ്ങളായ ബ്ലോക്ക് ഓഫീസ്, കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ മൃഗാശുപത്രി, മുൻ പഞ്ചായത്ത് ആപ്പീസ്, എന്നിവ സ്ഥിതിചെയ്യുന്ന സ്ഥലം യശശ്ശരീരനായ മാളിയേക്കൽ അബ്ദുള്ള ഹാജിയുടെ മഹാമനസ്കത കാരണം ലഭിച്ചതാണ്. ആയുർവേദ ആശുപത്രി, സാംസ്കാരിക നിലയം എന്നിവ സ്ഥിതിചെയ്യുന്ന ഭൂമി നല്ലാട്ടു തൊടിക ഹംസകുട്ടി ഹാജി നൽകിയ തുമാണ്.

വേങ്ങര പഞ്ചായത്തിൻെറ സാമൂഹിക സാംസ്കാരിക, രാഷ്ട്രീയ ചരിത്രത്തിൽ മഹോന്നതങ്ങളായ സംഭാവനകൾ നൽകി മൺ മറഞ്ഞു പോയ വരും ഇന്ന് ജീവിച്ചിരിക്കുന്നവരുമായ മുൻതലമുറയുടെ കാലടിപ്പാടുകൾ ഇന്നത്തെ തലമുറക്ക് ആവേശവും ഉൾക്കരുത്തുമാകട്ടെ.

# ഭൂപ്രകൃതി
# ജലപ്രകൃതി
# ജനപ്രകൃതി

ഭൂപ്രകൃതി

ജനസംഖ്യകൊണ്ടും വിസ്തീർണ്ണംകൊണ്ടും കേരളത്തിൽ മൂന്നാമത്തേതും മലപ്പുറം ജില്ലയിൽ ഒന്നാമത്തേതുമായ ഒരു വലിയ ഗ്രാമ പഞ്ചായത്താണ് വേങ്ങര.

മലപ്പുറം ജില്ലയിലെ പ്രസിദ്ധമായ തിരൂവോണം മല എന്നപേരിൽ അറിയപ്പെടുന്ന ഇന്നത്തെ ഊരകം മലയുടെ താഴ്‌വരയിൽ നിന്ന് തുടങ്ങി തെക്കഭാഗം പറപ്പൂർ ഗ്രാമപഞ്ചായത്തും, കടലുണ്ടിപ്പുഴയും പടിഞ്ഞാറുഭാഗം നാഷണൽ ഹൈവേയും, അബ്ദുറഹിമാൻ നഗർ പഞ്ചായത്തും വടക്കുഭാഗം പള്ളിക്കൽ, നെടിയിരിപ്പ ഗ്രാമപഞ്ചായത്തുകളും, കിഴക്ക് ഊരകം ഗ്രാമ പഞ്ചായത്തുമാണ് ഈ പഞ്ചായത്തിൻെറ അതിരുകൾ.

വേങ്ങര വില്ലേജിൻെറ തെക്കുഭാഗത്ത് കടലുണ്ടിപ്പുഴയുടെ തീരത്ത് നിന്ന് സമതലത്തോട് കൂടി വടക്കോട്ട് ഉയർന്നുകിടക്കുന്ന കണ്ണമംഗലം വില്ലേജ് ഉൾപ്പെടുന്ന പ്രദേശമായ ഈ പഞ്ചായത്തിൻെറ വിസ്തീർണ്ണം 46.9 ച:കി.മീറ്റർ ആണ്. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ 9 ആയി തരം. തിരിക്കാം.

| നമ്പ്ര് | പേര് | വിസ്തീർണ്ണം -ഹെക്റ്റർ | മൺതരങ്ങൾ |
|---|---|---|---|
| 1 | തീരസമതലം | 120 | പൂഴിമണ്ണ് |
| 2 | വെള്ളം കയറുന്ന പ്രദേശം | 150 | പൂഴിമണ്ണ്, ചെളിമണ്ണ് |
| 3 | സമതലം | 260.6 | ചെമ്മണ്ണ്, ചെങ്കൽപ്പാറ, ചരൽമണ്ണ് |
| 4 | വയലുകൾ | 225 | ചെളിമണ്ണ് |
| 5 | ചെറുതോടുകൾ | 4.5 | ചെളിമണ്ണ് |
| 6 | ചെറുചെരിവ് | 2314 | ചെമ്മണ്ണ്, ചെങ്കൽപ്പാറ, ചരൽമണ്ണ് |
| 7 | ഇടത്തരം ചെരിവുകൾ | 750 | കരിമ്പാറ, പൂഴിമണ്ണ്, കരിങ്കൽപ്പൂഴി കലർന്ന മണ്ണ് |
| 8 | ഉയർന്ന കുന്നുകൾ | 700 | കരിങ്കൽപ്പാറ, കരിങ്കൽപ്പൂഴി, ചെമ്മണ്ണ് |
| 9 | ഉയർന്ന സമതലം | 50 | കരിങ്കൽപ്പാറ, കരിങ്കൽപ്പൂഴി, ചെമ്മണ്ണ് |

*പട്ടിക പഠന പര്യടനത്തിലൂടെയുള്ള ഏകദേശ വിവരണമാണ്*

## ജലപ്രകൃതി

പഞ്ചായത്തിലെ പ്രധാനപ്പെട്ട ജലാശയങ്ങളായ കടലുണ്ടിപ്പുഴ, വേങ്ങരതോട്, ചെങ്ങാനിതോട്, ചേറൂർ തോട്, അരീക്കതോട്, വലിയ തോട്, വലിയോറ തോട്, മൂഴിക്കൽ തോട് എന്നിവയും ഏകദേശം 35 ഹെക്ടറോളം വരുന്ന അൻപതോളം കുളങ്ങളും 9000ത്തിൽ പരം കിണറുകളും ജല സ്രോതസ്സുകളായി ഉപയോഗിക്കുന്നുണ്ട്.

കാർഷിക മേഖലയെ അടിസ്ഥാനമാക്കി നോക്കുകയാണെങ്കിൽ ഉത്തര മധ്യ മേഖലയിൽ - നോർത്തേൺ മിഡ് സാൻഡ് സോൺ ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 2907 മി.മീറ്റർ മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ് മാസങ്ങളിൽ ഏറ്റവും കൂടുതൽ മഴയും സെപ്തംബറിൽ തുലാവർഷ മഴയും ലഭിക്കുന്നു. നവംബർ-ഡിസംബർ മാസങ്ങളിൽ കൂടുതൽ തണുപ്പും മാർച്ച്-ഏപ്രിൽ-മെയ് മാസങ്ങളിൽ കൂടുതൽ ചൂടും അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ ജനുവരിമുതൽ 4 മാസക്കാലം ജലാശയങ്ങൾ വറ്റിവരണ്ട് ഏകദേശം 150 ഹെക്ടർ സ്ഥലം ഒഴിച്ച് എല്ലാ പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

## ജനപ്രകൃതി

*പട്ടിക–1991 സെൻസസ്*

| ജനസംഖ്യ | | പുരുഷൻ | സ്ത്രീ | വ്യത്യാസം |
|---|---|---|---|---|
| ആകെ: | 65817 | 31685 | 34132 | 2447 |
| എസ്സി-എസ്ടി | 5414 | 2657 | 2757 | 100 |

വിദ്യാഭ്യാസരംഗത്ത് ജനങ്ങൾ മുന്നോക്കമാണെങ്കിലും പഠന നിലവാരത്തിൽ പിന്നോക്കമാണ്. ഒരു ച.കി.മീറ്ററിൽ ശരാശരി ജനസംഖ്യ 1403 ഉള്ള ഈ പഞ്ചായത്തിൽ 87% ജനങ്ങൾ സാക്ഷരതയുള്ളവരാണ്.

മൊത്തം 10070-ഓളം വീടുകളുള്ളതിൽ തൊഴിലില്ലാത്തവരുടെ അംഗസംഖ്യ കൂടുതലാണ്. ഇതിന് പരിഹാരമായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് മുൻഗണന നൽകുകയും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ബോധവൽക്കരണം ആവശ്യമാണ്.

വിദേശ രാജ്യങ്ങളിലേക്കും, അന്യ സംസ്ഥാനങ്ങളിലേക്കും തൊഴിൽ തേടി പോയിക്കൊണ്ടിരിക്കുന്നതോടൊപ്പം കാർഷിക മേഖല ആദായകരമല്ലാത്തതിനാൽ മറ്റു തൊഴിൽ മേഖലകളിലേക്ക് പോകുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. തൊഴിലില്ലായ്മ അനുഭവപ്പെടുന്നത് കൂടുതലും സ്ത്രീജനങ്ങളിലാണ്. ഉച്ച നീചത്വങ്ങൾ മുൻകാലങ്ങളിൽ നിലനിന്നിരുന്നുവെങ്കിലും, കഴിഞ്ഞ കാലങ്ങളിലെ സാമൂഹിക-സാംസ്ക്കാരിക, വിദ്യാഭ്യാസ രംഗങ്ങളിൽ പ്രവർത്തിച്ച നായകൻമാരുടെ ശ്രമഫലമായി പഞ്ചായത്തിൽ ഒരു പരിധിവരെ ഇതൊഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ഇന്ന് എല്ലാ ജാതി-മത വിഭാഗത്തിൽപെട്ടവരും വളരെ സൗഹാർദ പരമായി ജീവിക്കുന്ന ഒരു അന്തരീക്ഷമാണ് പഞ്ചായത്തിൽ നിലനിൽക്കുന്നത്.

# കൃഷിയും ജലസേചനവും അൽപം ചരിത്രം

കാർഷിക മേഖലയായിരുന്ന വേങ്ങര പഞ്ചായത്തിലെ മുഖ്യ ജീവിതോ പാധികൃഷി യായിരുന്നു. ഈ നൂറ്റാണ്ടിൻെറ മദ്ധ്യഘട്ടം മുതൽ പരിശോധിച്ചാൽ ഇവിടെ പ്രധാനമായി കൃഷി ചെയ്തു വന്നിരുന്നത് നെല്ല്, ഇഞ്ചി, മരച്ചീനി, നാളികേരം, എള്ള്, മധുരക്കിഴങ്ങ്, അടക്ക, കുരുമുളക്, പച്ചക്കറികൾ എന്നിവയായിരുന്നു. പ്രധാന തൊഴിൽ കൃഷി ആയിരുന്നത് കൊണ്ട് വിള ഇറക്കലും, വിളവെടുപ്പും ഒരു ഉത്സവഛായയുടെ പ്രതീതി ജനിപ്പിച്ചിരുന്നു.

ജന്മം, കാണം രീതികളിലായിരുന്നു ഇവിടത്തെ ഭൂവുടമാവകാശം. ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നു സമ്പ്രദായവും നടപ്പുണ്ടായിരുന്നു അക്കാലങ്ങളിൽ ഭൂമി തരിശിടുന്ന അവസ്ഥ തീരെ യില്ലായിരുന്നവെന്ന തന്നെ പറയാം തൊഴിലാളികൾ കൂലി ധാന്യമായിത്തന്നെ സ്വീകരിക്കുന്ന പതം എന്ന സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. പതം എന്നതു കൊണ്ട്ദ്ദേശിക്കുന്നത് വിളവെടുക്കുന്ന ധാന്യത്തിൻെറ ഒരു നിശ്ചിത വിഹിതമാണ്. കൃഷിയുടെ ഭൂരിഭാഗവും പാട്ടത്തിനെടത്ത് നടത്തുകയായിരുന്നു.

ഭൂവുടമ സർക്കാരിലേക്ക് ഒടുക്കേണ്ടി യിരുന്ന ഭൂനികുതി ഒടുക്കിയിരുന്നില്ലെങ്കിൽ ഗ്രാമാധിപൻ കൃഷി സ്ഥലത്ത് വിലങ്ങുകുത്തി വിളവെടുപ്പ് തടഞ്ഞിരുന്ന ഒരു സ്ഥിതി വിശേഷ മുണ്ടായിരുന്നു.

അന്ന് ജല സേചനത്തിനു മുഖ്യമായി ആശ്രയിച്ചിരുന്നത് മഴയെയായിരുന്നു. പ്രകൃതി ദത്തമായ നദി, തോട്, തീരുറവകൾ, കുളം കിണർ എന്നിവയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നത്. കൃഷി സ്ഥലത്ത് വെള്ളമെത്തിക്കുന്നതിന്, ഏത്തം(കുട്ട) തോണി ഏത്തം, കാള ഏത്തം, ചക്രം, തുടി എന്നിവ ഉപയോഗിച്ചിരുന്നു. തോടുകളിൽ തെങ്ങിൻതടി, മുള (ഈറ്റ), ഓല, പനംപാത്തി, വൈക്കോൽ എന്നിവ ഉപയോഗിച്ച് ചിറകെട്ടി ജലസേചനം സുഗമമാക്കിയിരുന്നു.

നിലമുഴുന്നതിന് കലപ്പയും, കാള പോത്ത് തുടങ്ങിയ കാലികളെയുമാണുപയോഗിച്ചിരുന്നത്. അതു പോലെ ജൈവ വളങ്ങൾ മാത്രമാണ് കൃഷിക്കുപയോഗിച്ചിരുന്നത്.

പരമ്പരാഗത വിത്തുകളായ തെക്കൻ ചീര, തെക്കൻ, ആര്യൻ, വെള്ളരി, കുട്ടാടൻ, നകര തുടങ്ങിയ നെൽ വിത്തുകളാണ് ഉപയോച്ചിരുന്നത്. അതുകൊണ്ട് തന്നെ വിത്തിൻെറ കാര്യത്തിൽ അന്ന് ഏകീരണമുണ്ടായിരുന്നു. ഈ ഏകീകരണം കാരണം കീടങ്ങളുടെ അക്രമത്തെ ഒരു പരിധി വരെ കുറക്കാൻ സഹായിച്ചിരുന്നു.

ഇല ചുരട്ടിപ്പുഴു, ചാഴി എന്നീ കീടങ്ങളെ യാണ് അപൂർവ്വമായി കണ്ടിരുന്നത്. ചാഴിയെ ചാഴി വല ഉപയോഗിച്ചും ഇല ചുരുട്ടി പ്പുഴുവിനെ മുറം വീശി പിടിച്ചുമാണ് ഒഴിവാക്കിയിരുന്നത്.

498

കൃഷിക്കു കാവലേർപെടുത്തിയിരുന്ന സമ്പ്രദായം ഇവിടെ നിലവിലുണ്ടായിരുന്നു. കുറെയേറെ കൃഷിസ്ഥലങ്ങൾ ഉൾകൊള്ളുന്ന ഒരു ഭൂവിഭാഗം നോക്കി സംരക്ഷിക്കുന്നതിന് ഒരു കാവൽമാടവും അവിടെ ഒരു കാവൽക്കാരനും രാപകൽ ഭേദമെന്യേകാവൽ നിന്നിരുന്നു. കാവൽക്കാരനു വിളവെടുപ്പിൽ ഒരു ചെറിയ അംശം അവകാശമായി നിലനിന്നിരുന്നു.

ഈ കാലഘട്ടങ്ങളിൽ കുടുംബങ്ങളുടെ പ്രതാപം കണക്കാക്കിയിരുന്നത് കാലികളുടെ എണ്ണവും, വൈക്കോൽ കൂനകളുടെ എണ്ണവും നോക്കിയാണ്.

കൃഷി വിഭവങ്ങളുടെ മൂല്യം ഇന്നത്തേക്കാളുപരി അന്നു വിലപ്പെട്ടതായിരുന്നു. ഒരു മണി നെല്ല് പോലും നഷ്ടപ്പെടരുതെന്ന വാശികൃഷിക്കാരനും തൊഴിലാളികൾക്കും ഉള്ളതുപോലെ തോന്നിയിരുന്നു. വൈക്കോൽ തല്ലി അതിലവശേഷിച്ചിരുന്ന നെല്ല് വീണ്ടും എടുത്തിരുന്നു. പതിരു പോലും മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിയിരുന്നു.

കൃഷിക്കു സാമൂഹ്യബന്ധങ്ങൾ അരക്കിട്ടുറപ്പിക്കുന്നതിലും ഒരു പ്രധാന സ്ഥാനമുണ്ടായിരുന്നു. കൃഷിയായുധങ്ങൾ നിർമിച്ചിരുന്നവർക്കും, റിപ്പയർ നടത്തിയിരുന്നവർക്കും, പരമ്പരാഗതതൊളിലാളികൾക്കും വിളവെടുപ്പിൽ നിന്ന് ഒരു വിഹിതം നല്കിയിരുന്ന മാമൂൽ സമ്പ്രദായം നിലവിലുണ്ടായിരുന്നു.

ഭൂപരിശ്ക്കരണ നിയമത്തിൻെറ ഫലമായി സംസ്ഥാനത്തൊട്ടാകെ വന്ന മാറ്റങ്ങൾ ഈ പ്രദേശത്തെ കൃഷിയിലും മാറ്റങ്ങളുണ്ടാക്കി. കൃഷിഭൂമി തുണ്ടുവൽക്കരിക്കപ്പെട്ടതും ഭീമമായ കൃഷിച്ചെലവും, തൊഴിൽ തേടി വിദേശ രാഷ്ട്രങ്ങളിലേക്ക് പോകുന്ന പ്രവണത കൂടി വന്നതും കാർഷിക മേഖലയെ ദുർബലമാക്കുന്നതിൽ കാര്യമായ സ്വാധീനം ചെലുത്തി. നെല്ലിനെ അപേക്ഷിച്ചു തേങ്ങയ്ക്കു മെച്ചപ്പെട്ട വില ലഭിച്ചതും കൃഷി ച്ചെലവ് കുറഞ്ഞതും കർഷകരിൽ വിളമാറ്റത്തിനു പ്രേരണമാക്കി ക്രമാതീതമായ ജനസംഖ്യാവർദ്ധനവും, വർദ്ധനവനുസരിച്ച് പാർപ്പിട സൗകര്യങ്ങൾക്കു കൃഷിഭൂമി കണ്ടെത്തിയതു് കൃഷി ക്ഷയിക്കുന്നതിനു കാരണമായിട്ടുണ്ട്. ഗൾഫ് പണത്തിൻെറ സ്വാധീനം മൂലം പുരയിടങ്ങൾക്കു കൂടുതൽ ഭൂമി ഉപയോഗപ്പെടുത്തി. മുമ്പ് മൊത്തം വിസ്തീർണത്തിൻെറ 75% ഭാഗവും കൃഷിക്കുപയോഗപ്പെടുത്തിയിരുന്നു വെങ്കിൽ ഇന്ന് ഇത് 25% ത്തിനു താഴെ മാത്രമേ ഉപയോഗപെടത്തുന്നുള്ള. (4610.12 ഹെക്ടർ വിസ്തീർണമുള്ള 75.6% ഭാഗവും പുരയിടമായി മാറിക്കഴിഞ്ഞു. ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിലെ പാകപ്പിഴവുകളും പുതിയ തലമുറയെ കൃഷിയിലേക്കു ആകർഷിക്കുന്നതിനു തടസ്സമായി പഞ്ചായത്തിൻെറ തെക്കേ അറ്റത്തുകൂടി ഒഴുകുന്ന കടലുണ്ടി പുഴയിൽ നിന്നും അശാസ്ത്രീയമായി മണൽ വാരുന്നതു മൂലം ജലനിരപ്പ് താഴാനിടയാക്കിയതും, പരമ്പരാഗത ജലസ്രോതസ്സുകളായ വേങ്ങര തോട്, ചെങ്ങാനിതോട്, എന്നീ പ്രധാന തോടുകളിലെ ജലം ജലസേചനത്തിനു പരമാവധി ഉപയോഗപ്പെടുത്താതിരുന്നതും കൃഷിക്ഷയത്തിനു കാരണമായിട്ടുണ്ട്. അശാസ്ത്രീയമായ കൃഷിരീതി അവലംഭിച്ചതും, കൃഷിഭൂമി തുണ്ടുകളായി മാറിയതും മുഖ്യ ഉൽപന്നങ്ങളായ നെല്ലിൻെറയും തേങ്ങയുടെയും ഉൽപാദനക്ഷമത കുറയുവാൻ നിമിത്തമായി. പഞ്ചായത്തിലെ തെങ്ങുകളിലെ ശരാശരി ഉൽപാദനം 20 തേങ്ങയാണ് കർഷകരുടെ മനോഗതിയിൽ വന്ന മാറ്റമാണ് കൃഷിമേഖലയെ ക്ഷയിപ്പിക്കാനിടയായ മറ്റൊരു കാരണം. കൃഷി മുഖ്യ വരുമാന മാർഗ്ഗമല്ല കാർഷികാദായം വളരെ തുച്ഛമാണ് മറ്റു ജോലികളിലേർപെട്ടാൽ താരതമ്യേന മെച്ചപ്പെട്ടകൂലി ലഭ്യമാകും എന്നിത്യാധി തോന്നലുകൾ കർശകരെ ഈ രംഗത്തു നിന്നകറ്റാൻ കാരണമാക്കിയിട്ടുണ്ട്. കർഷകതൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ടും, കർഷകർക്കു നേരെയുള്ള വായ്പാ ഏജൻസികലുടെ മുഖം തിരിച്ചിലും കർഷകരെ നിരാശരാക്കിയിട്ടുണ്ട്.

നിലവിലുള്ള കണക്കനുസരിച്ച് പഞ്ചായത്തിൽ 6,000 ത്തൊളം നാമമാത്രകൾഷകരും, 110 ഓളംചെറുകിട കർഷകരും, 70 ഓളം വൻകിട കർഷകരുമുണ്ട്.

## വിളചേരുവ

മുഖ്യ വിളകളായി, യഥാക്രമം തെങ്ങ്, നെല്ല് വാഴ, മരച്ചീനി, കവുങ്ങ്, എള്ള്, പയർ, പച്ചക്കറികൾ, കശുമാവ്, കുരമുളക്, റബ്ബർ ഇഞ്ചി എന്നിവ ഇവിടെ കൃഷി ചെയ്യുന്നു.

## ഉൽപാദനക്ഷമത

നെല്ലിൻെറ ഉൽപാദനക്ഷമത ഹെക്ടറിനു ശരാശരി 2500 കി. ഗ്രമാണം. ഇത് സ്റ്റേറ്റു ആവറേജിന് മീതെയാണ്. പക്ഷേ ഉൽപാദന ച്ചെലവുകൾ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായതു കൊണ്ട് കൃഷിയിൽ നിന്നുമുള്ള വരുമാനം തുച്ഛമാണ്. ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ ഹെക്ടറൊന്നിനു 7500 നാളികേരവും ജല ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ 3440 നാളികേരവും ലഭിക്കുന്നു. വാഴകൃഷിയുടെ ഉൽപാദനക്ഷമത ഹെക്ടറൊന്നിനു 6,000 കി. ഗ്രാമാണ്.

### വിളവിസ്തീർണവും ഉൽപാദനവും

| വിള (ഹെക്ടർ) | വിസ്തീർണ്ണം ഉൽപാദനം | മൊത്തം (ഹെക്റ്ററിന്) | ഉൽപാദനക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 77 | 154 - 9 ടൺ | 2012 Kg. |
| നെല്ല് (രണ്ടാംവിള) | 175 | 347 - 03 ടൺ | 1983 Kg. |
| നെല്ല് (മൂന്നാംവിള) | 50 | 117 - 35 ടൺ | 2347 Kg. |
| പയർ | 27 | 14ടൺ | 520 Kg. |
| എള്ള് | 32 | 7.1ടൺ | 221Kg. |
| പച്ചക്കറികൾ | 15 | 6.9ടൺ | 462 Kg. |
| തെങ്ങ് | 2216 | 11.08million nuts | 5003 nuts |
| വാഴ | 66 | 488.9ടൺ | 6000 Kg. |
| മരച്ചീനി | 33 | 620.4ടൺ | 18822 Kg. |
| കുരുമുളക് | 15 | 4.23ടൺ | 282 Kg. |
| പ്ലാവ് | 3.5 | – | A |
| കശുമാവ് | 5 | 4ടൺ | 800 Kg. |
| മാവ് | – | – | – |
| റബ്ബർ | 6 | 3.66ടൺ | 600Kg. |
| കവുങ്ങ് | 25 | 4.28nillion nuts | 183288 nuts |
| ഇഞ്ചി | | | |
| മഞ്ഞൾ | | | |

പട്ടിക അവലംഭം = കൃഷിഭവൻ - വേങ്ങര

## ജലസേചന സൗകര്യങ്ങൾ

നിലവിലുള്ള 50 കുളങ്ങളും 60 പൊതു ജല സേചന കിണറുകളും, ഏകദേശം 8 കി. മിറ്ററോളം നീളത്തിൽ കിടക്കുന്ന കലുണ്ടിപ്പുഴയും 121100 മീറ്റർ നീളത്തിൽ കിടക്കുന്ന ചേറൂർ - വേങ്ങര തോടും, 1200 മീറ്റർ നീളത്തിലുള്ള ചെങ്ങാനിത്തോടും 1500 മിറ്റർ വരുന്ന അരിക്കത്തോടും 1250 മീറ്റർ നീളത്തിലുള്ള വലിയ തോടും, 1500 മീറ്റർ നീളത്തിലുള്ള വലിയോറതോടും 750 മീറ്റർ നിളത്തിലുള്ള മൂഴിക്കൽ തോടുമാണ് പഞ്ചായത്തിലെ പ്രധാന ഉപരിതല ജലസ്രോതസ്സുകൾ. ഇതിൽ അരിക്കത്തോട്ടിലും മൂഴിക്കൽ തോട്ടിലും 6 മാസമേ വെള്ളം കിട്ടുകയുള്ളൂ. ഇതിന്

പുറമെ കൃഷിഭവൻ രേഖയനുസരിച്ച് 17 ക്രോസ് ബാറുകൾ ഇവടെയുണ്ട്. പൂർണ്ണമായും കൃഷിക്കു വേണ്ടി നിർമിക്കപ്പെട്ട പല കുളങ്ങളും ഇവിടെയുണ്ടെങ്കിലും ഇപ്പോൾ ഒന്നും തന്നെ പൂർണ്ണായും കൃഷിക്കുപയോഗപ്പെടുത്തുനനില്ല. ജൂൺ - ജൂലായ് മാസങ്ങളിലാണ് ഇവിടെ കനത്ത മഴിലഭിക്കുനനത്. ഓഗസ്ത്, സെപ്തമ്പർ, ഒക്ടോബർ, നവമ്പർ മാസങ്ങളിൽ ദുർബലമായ വർഷ പാതമാണനുഭവപ്പെടുന്നത് അടുത്ത ചില കാലങ്ങളിലായി ദുർബലമായ തുലാവർഷമാണ നുഭവപ്പെടുന്നത്. നമുക്ക് ലഭ്യമായ കണക്കനുസരിച്ച് ശരാശിര 2863 മി. മി. മഴലഭിക്കുന്നു. ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം രണ്ടെണ്ണം നിലവിലുണ്ട് എങ്കിലും 50 ഹെക്ടർ സ്ഥലത്തു മാത്രമെ ഭാഗികമായി പ്രയോജനം ലഭിക്കുന്നുള്ളു. ഇവിടെ ചോലകളെല്ലാം വറ്റി വരണ്ടിരിക്കുന്നു. വയലുകളിലെ കിണറുകളും, കുളങ്ങളും പൂർണ്ണ മായോ, ഭാഗികമായോ നശിച്ചുപോയിട്ടുണ്ട്. പറമ്പുകളിലെ ജല സേചന സൗകര്യം വളരെ കുറവാണ്. മഴയെ മാത്രം ആശ്രയിച്ചാണ് പറമ്പുകളിൽ കൃഷിയിറക്കുന്നത്. 100 ഓളം പമ്പു സെറ്റുകൾ ജലസേചനത്തിനായുണ്ടെങ്കിലും ജല ഔർലഭ്യം കാരണം ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല.

## ഉൽപന്നങ്ങളുടെ വിലയും വിപണനവും

സ്വകാര്യ വിപണന ഏജൻസികളാണ് പഞ്ചായത്തിൽ വിപണനത്തിനു നിലവിലുള്ളത്. നെല്ല് വിപണനം നടക്കുന്നില്ല. സ്വന്തം ആവശ്യത്തിനു മാത്രമാണ് നെല്ലുൽപാദിപ്പിക്കുന്നത്. തേങ്ങ, അടക്ക, വാഴക്കുല, കശുവണ്ടി, കുരുമുളക്, മരച്ചീനി എന്നിവ മാത്രമാണ് വിപണിയിലെത്തുന്നത്. പച്ചക്കറി, മറ്റുള്ള വിളകൾ എന്നിവയുടെ ഉൽപാദനം സ്വന്തം ആവശ്യങ്ങൾക്കാണപയോഗിക്കുന്നത്.

കൂലി സേവന വ്യവസ്ഥ

| | |
|---|---|
| നിലം ഉഴവിന്... | 200 രൂ. മുതൽ 250 രൂ. വരെ (3 മണിക്കൂൾ) |
| കിളയ്ക്കൽ | 125 രൂ. മുതൽ 70 രൂ. വരെ (5മണിക്കൂൾ) |
| ഞാറുനടീലും പറിക്കലും, കള പറിക്കലും: | 60 രൂ. മുതൽ 70 രൂ. വരെ (7 മണിക്കൂർ) (സ്ത്രീകൾ മാത്രം) |
| കൊയ്ത്തുകൂലി: | 100 രൂപ (കൊയ്യുന്നതിനു മാത്രം) |
| കറ്റക്കൂലി: | 150 രൂപ. (പുരുഷൻ) |
| മെതിക്കുന്നതിന്: | 1/7 പതം (ധാന്യമായി നല്കുന്നു) |
| തേങ്ങപറിക്കൽ: | 100 തെങ്ങു കയറുന്നതിന് 125 തേങ്ങ |
| അടയ്ക്ക പറിക്കുന്നതിന് | കുലയൊന്നിന് ഒരു ഇണർപ് |

## വളം-ഉപഭോഗം

സ്വകാര്യ ഏജൻസി മാത്രമാണ് ഇപ്പോൾ രാസവള വിപണന രംഗത്തുള്ളത്. ലഭ്യമായ കണക്കു പ്രകാരം പ്രതിവർഷം 800 ടൺ രാസവളം ഈ പഞ്ചായത്തിൽ വിപണനം നടത്തുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് ജൈവ വളം ഇടയ്ക്കിടയ്ക്കു ഇറക്കുമതി ചെയ്യുന്നുണ്ട്. ഇതിൻെറ ഗുണമേന്മയെപ്പറ്റിയോ, അളവിനെപ്പറ്റിയോ വ്യക്തമായ ധാരണയില്ല. പരമ്പരാഗത മായ ജൈവ വള പ്രയോഗവും ഉൽപാദനവും ഗണ്യമായി കുറഞ്ഞു വരുന്നു.

## രോഗങ്ങളും കീടങ്ങളും

| | |
|---|---|
| നെല്ല്:- | മുഞ്ഞ, മഞ്ഞളിപ്പ് തണ്ട് ചീയൽ ഓല ചുരട്ടിപ്പുഴു, ചാഴി |
| തെങ്ങ്:- | ചെന്നീരൊലിപ്പും, മണ്ടചീയലും |
| വാഴ:- | ആയിരം തൂമ്പ്, കന്ന് ചുവപ്പ് (അടുത്ത കാലത്ത് കണ്ടു വരുന്നു) |
| കുരുമുളക്:- | ദ്രുതവാട്ടം |
| പച്ചക്കറികൾക്ക്:- | കായീച്ചയുടെ ആക്രമണം പുഴുക്കുത്ത്, മഞ്ഞളിപ്പ്. |
| കശുമാവിന്:- | തണ്ടു തുരപ്പൻ പുഴുവിൻെറ ആക്രമണം. തെയിലകൊതുകിൻെറ ആക്രമണം. |
| കവുങ്ങിന്:- | മഹാളിരോഗം |

## നടപ്പ് കാർഷിക വികസന പദ്ധതികൾ

**1. നെല്ലുൽപാദകർക്കുള്ള പ്രോത്സാഹന ബോണസ്**

നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി കർഷകർക്ക് ഏക്ര ഒന്നിനു 100 രൂപ വച്ചു നല്കുന്ന ഒരു പ്രോത്സാഹന പദ്ധതിയാണിത്.

**2. സമഗ്ര നാളികേര വികസന പദ്ധതി**

നാളികേര കർഷകർക്കു കിണറും പമ്പു സെറ്റ് ഈ പദ്ധതി വഴി ലഭിക്കുന്നു. ഓരോന്നിനും 2500 രൂപ വീതം സബ്സിഡിയായി ലഭിക്കുന്നു. ഈ പദ്ധതിക്കീഴിൽ ഒരു തെങ്ങുകയറ്റയന്ത്രം നല്കുകയും, ഒരു കർഷക സെമിനാർ നടത്തുകയുമുണ്ടായിട്ടുണ്ട്.

**3. കശുമാവ് വികസനം**

(A) കശുമാവ് കർഷകനു സൗജന്യമായി തൈകളും തൈ ഒന്നിനു 3 രൂപ നിരക്കിൽ നടീൽ ചിലവിലേക്കു നല്കുകയും ചെയ്യുന്നു.

(B) കശുമാവ് രോഗ നിവാരണ പദ്ധതി

കശുമാവു കൃഷിയുടെ രോഗ നിവാരണത്തിനു ഹെക്ടറൊന്നിനു 300 രൂപ വച്ച് ധനസഹായം നല്കുന്ന പദ്ധിതയാണിത്.

**4. ഉൽപാദന പ്രോത്സാഹനസമ്മാനം**

നെല്ല് (വിരിപ്പ്, മുണ്ടകൻ, പുഞ്ച) തെങ്ങ്, കുരുമുളക്, പച്ചകറി തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട ഉൽപാദനം കാഴ്ച വച്ച കർഷകർക്ക് ഓരോ വിഭാഗത്തിനും പ്രത്യേകമായി 500 രൂപ വചചു പാരിതോഷികം നല്കുന്നു പദ്ധിതയാണ്.

**5. പിന്നോക്ക ജാതി/വർഗ്ഗ വികസനം (Scp)**

പിന്നോക്ക ജന വിഭാഗങ്ങൾക്കു സാമ്പത്തിക സഹായവും, കാർഷികോപകരണങ്ങളും നല്കുന്ന ഒരു പദ്ധതിയാണിത്.

**6. കിഴങ്ങുവർഗ്ഗ വികസനം**

മാതൃകാ കൃഷിത്തോട്ടങ്ങൾക്കു സാമ്പത്തിക സഹായം നല്കപ്പെടുന്ന ഒരു പദ്ധിതിയാണിത്.

**7. പയറുവർഗ്ഗ വികസനം**

വിത്തും കീടനാശിനിയും സൗജന്യമായി ലഭിക്കുന്ന ഒരു പദ്ധതിയാണിത്.

**8. അത്യുൽപാദന കിഴങ്ങു വർഗ്ഗ വികസന പദ്ധതി.**

275 രൂപയോളം വില വരുന്ന അത്യുൽപാദന ശേഷിയുള്ള വിത്തുകളുൾക്കൊള്ളുന്ന കിറ്റുകൾ സൗജന്യമായി ലഭിക്കുന്നു.

**9. പ്രധാന മന്ത്രിയുടെ പ്രത്യേക പദ്ധതി**

കൃഷി - ജലസേചന വികസനത്തിനായി പ്രധാന മന്ത്രിയുടെ ഫണ്ടിൽ നിന്നും ലഭിക്കുന്ന സഹായമാണിത്.

**10. സുഗന്ധവിള വികസനം (IPDS)**

സുഗന്ധവിളകൾക്ക് സാമ്പത്തിക സഹായം നല്കുന്ന പദ്ധതിയാണിത്.

**11. ജൈവ വള വികസനം**

കമ്പോസ്റ്റ് കുഴികളും, പരിശീലന ക്ലാസ്സുകളും ഈ പദ്ധതിക്കീഴിൽ നടത്തപ്പെടുന്നു.

**12. പച്ചക്കറി വികസനം**

വിദ്യാർത്ഥികളിൽ കൃഷി താൽപര്യം വളർത്തുന്നതിനു പകരിക്കുന്ന ഒരു പദ്ധിതയാണിത് മികച്ച വിളവുൽപാദിപ്പിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ ഈ പദ്ധതി വഴികൊടുക്കുന്നു.

**13. ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാനപദ്ധതി.**

കാർഷിക പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള യുവജനകർഷകർക്കായി, സഞ്ചരിക്കുനന പചചക്കറി ശാല, കൊപ്ര സംസ്കകരണശാല, തേനീച്ച വളർത്തുന്നതിനും, കാർഷിക ഉപകരണങ്ങൾ സൗജന്യമായി ലഭിക്കുന്നതിനും മറ്റുമുള്ള ഒരു പദ്ധതിയാണ്ത്.

**14. കവുങ്ങ് രോഗ നിവാരണം.**

കവുങ്ങിൻ തോട്ടങ്ങളിലെ മഹാളിരോഗ നിവാരണത്തിനായി ഈ പദ്ധതി ഉപയോഗപ്പെടുത്തുന്നു.

**15. മണ്ണു പരിശോധന**

മണ്ണ് പരിശോധനയിലൂടെ കൃഷി ഭൂമിയുടെ ഗണനിലവാരം തിട്ടപ്പെടുത്തി ആവശ്യമായ ശുപാർശ നല്കുന്ന ഒരു പദ്ധതിയാണിത്.

**16. കീട നാശിനി - രാസവള പരിശോധന**

കീടനാശിനി രാസവള ഡിപ്പോകളിൽ നിന്നും കർഷകർക്കു ലഭിക്കുന്ന വളങ്ങളുടെയും, കീടനാശിനികളുടെയും മേന്മ പരിശോധിച്ച് ഉറപ്പ്

വരുത്തുന്ന പദ്ധതിയാണിത്.

17. കുരുമുളകു വികസനം

കുരുമുളകു കൃഷിയുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടി തൈകളും, സാമ്പത്തിക സഹായങ്ങളും നല്കുന്ന പദ്ധതി.

18. പൊതുജന സമ്പർക്ക പരിപാടി

വിവിധ മേഖലകളിലെ കൃഷിക്കാർക്ക് പ്രോത്സാഹന സഹായം നല്കുന്ന പദ്ധതിയാണിത്.

19. എണ്ണക്കുരു വികസനം.

ഈ പദ്ധതി വഴി കർഷകർക്കു വിത്തും കീടനാശിനികളും സൗജന്യമായി ലഭിക്കുന്നു.

20. പ്രകൃതിക്ഷോഭം

പ്രകൃതി ക്ഷോഭം മൂലം കൃഷി നാശം സംഭവിച്ചാൽ നഷ്ട പരിഹാരം നല്കുന്ന പദ്ധതിയാണിത്.

21. ഡ്രിപ് ഇറിഗേഷൻ

തെങ്ങിൻ തോപ്പുകളിൽ കണിക ജലസേചനത്തിനുള്ള ഒരു പദ്ധതിയാണിത് ഈ പദ്ധതി വഴി ഹെക്റ്ററിന് പരമാവധി 15,000 രൂപ വരെ സാമ്പത്തിക സഹായം ലഭിക്കുന്നു.

ഈ പദ്ധികളത്രയും കർഷകർക്കു വേണ്ടി കൃഷി ഭവൻ മുഖേനയാണ് നടപ്പാക്കിക്കൊണ്ടിരികകുന്നത്.

ഇതിനു പുറമെ വേങ്ങര വികസന ബ്ലോക്കിൻെറ കീഴെ താഴെ പറയുന്ന പദ്ധതികൾകൂടി ഇവിടെ നടപ്പാക്കിയിട്ടുണ്ട്.

## 1 ദശ ലക്ഷം കിണർ പദ്ധതി

ഭക്ഷ്യ വിളകളോ, പച്ചക്കറിയോ, നാണ്യ വിളകളോ കൃഷിചെയ്യാനുള്ള ഭൂമി സ്വന്തമായുള്ളവർക്ക് കൃഷിഭൂമി വികസിപ്പിക്കുന്നതിൻെറ ഭാഗമായി ജലസേചനത്തിനുള്ള കിണറുകൾ, ടാങ്കുകൾ, കനാലുകൾ, ഇവ നിർമിക്കുന്നതിനും, മഴവെള്ളം സംഭരിക്കുക, മണ്ണൊലിപ്പുതടയുക. തുടങ്ങിയ നിർമ്മാണ പ്രവർത്തികൾക്കും ഈ പദ്ധതിവഴി സഹായങ്ങൾ നല്കി വരുന്നു

### സാമൂഹിക വനവൽക്കരണം.

ഈ പദ്ധിതിയിൽ കൂടി അത്യുൽപാദന ശേഷിയുള്ള ഫലവൃക്ഷത്തൈകളും മറ്റും വിതരണം ചെയ്തു വരുന്നു. പട്ടിക ജാതി/വർഗ്ഗക്കാർക്കു പരിപൂർണ്ണ സൗജന്യമായിട്ടാണ് ഇവ വിതരണം ചെയ്യുന്നത്.

## കാർഷിക പ്രശ്നങ്ങൾ

1. ജലദൗർലഭ്യം

പഞ്ചായതതിലെ മുഴുവൻ വാർഡുകളിലും മുഴുവൻ കൃഷി സ്ഥലത്തും അനുഭവപ്പെടുന്ന മുഖ്യ പ്രശ്നമാണ് ജല ഔർലഭ്യം മിക്കവാറും എല്ലാ ഗ്രമസഭകളും ജല ദൗർലഭ്യം ഒരു മുഖ്യ പ്രശ്നമായി രേഖപ്പെടുത്തിയിട്ടുണ്ട്.

2. നിലവിലുള്ള ജലസേചന ഉപാധികൾ ശരിയായി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല.

1,2,3,12, 13,14,15, വാർഡുകളിലെ ജലസേചന സൗകര്യത്തിനു ഉപകരിക്കുന്ന കൂരിയാട്, വലിയോറ ലിഫ്റ്റ് ഇറിഗേഷനുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല; മോട്ടോറുകളുടെ കാലപ്പഴക്കം, ശക്തികുറവ്, കനാലുകളുടെ ദൈർഘ്യക്കുറവ് എന്നിവ മിക്ക വാർഡുകളുടെ വികസന റിപ്പോർട്ടിലും പ്രശ്നമായി രേഖപ്പെടുത്തിയിട്ടുണ്ട്.

(തോടുകളും, കിണറുകളും, കുളങ്ങളും: പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങൾക്കും ഉപയോഗപ്പെടുത്താൻ കഴിയുന്ന പ്രധാനതോടുകളായ ചെങ്ങാനിത്തോട് ചേറൂർതോട് വേങ്ങരത്തോട്,) വലിയതോട്, എന്നിവയിലെ ജലം പരമാവധി കൃഷിക്കു ഉപയോഗപ്പെടുത്തുന്നില്ല. അതുപോലെ പഞ്ചായത്തിലെ പൊതു ജലസേചന കുളങ്ങളും, കിണറുകളും ലക്ഷ്യം പ്രാപ്തിക്കായി ഉപയോഗപപെടുത്തുന്നില്ല.

3. മണ്ണു പരിശോധനയുടെ അഭാവം

പഞ്ചായത്തിൽ പൊതുവായി മണ്ണുപരിശോധനയ്ക്കുള്ള സംവിധാനമില്ല.

4. കൃഷിയിടങ്ങളിൽ വൈദ്യുതി എത്തായ്ക

പ്രധാനപ്പെട്ട പാട ശേഖരങ്ങളിൽ കൃഷിയാറവശ്യത്തിനു മതിയായ വൈദ്യുതി എത്തിയിട്ടില്ല

5. ആധുനികയന്ത്രോപകരണങ്ങളുടെ അപര്യാപ്തത

എല്ലാ പ്രദേശങ്ങളിലും അനുഭവപ്പെടുന്ന ഒരു മുഖ്യ പ്രശ്നമാണിത്.

6. കൃഷിയിടങ്ങളിലേക്കുള്ള ഗതാഗത സൗകര്യക്കുറവ്

യന്ത്രോപകരണങ്ങളും മറ്റും കൃഷിയിടങ്ങ

ളിലേക്ക് എത്തിക്കാനുള്ള പ്രയാസം പൊതുവായി അനുഭവപ്പെടുന്നതാണ്.

7. കർഷകർക്കു തക്കതായ വായ്പാ സൗകര്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

എല്ലാ കർഷകരെയും പൊതുവായി ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണിത് വായ്പ ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ പലതുമുണ്ടെങ്കിലും അതു കിട്ടുന്നതിനുള്ള ഊരാക്കുടുക്കുകൾ കർഷകർക്കു പ്രശ്നമായിത്തന്നെ നില നില്ക്കുന്നു.

8. ജൈവവളങ്ങൾ കിട്ടാനില്ല.

എല്ലാ വാർഡുകളിലും അനുഭവപ്പെടുന്ന ഒരു പ്രശ്നമാണിത്.

9. രാസവളങ്ങളുടെയും കീട നാശിനികളുടെയും ഗണ്യമായ വില വർദ്ധവനവ്

10. കർശകത്തൊഴിലാളികളെ കിട്ടാനില്ല.

11. ഉൽപന്നങ്ങൾക്കു മതിയായ വില കിട്ടായ്മ.

12. വിപണനത്തിനുള്ള സൗകര്യക്കുറവ്

13. ബോധവൽക്കരണത്തിൻെറ അഭാവം

14. മണ്ണിടിച്ചിലും മണ്ണൊലിപ്പും

പുഴയുടെ തീരങ്ങളിലും, തോടുകളിലും അനുഭവപ്പെടുന്ന മണ്ണിടിച്ചിൽ കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഗണ്യമായ തോതിലല്ലെങ്കിലും മണ്ണൊലിപ്പും എല്ലാ ഭാഗത്തും അനുഭവപ്പെടുന്നുണ്ട്.

15. നീർക്കട്ടെ

വേങ്ങര പാടത്ത് ഇല്ലികകൽ ചിറ ഭാഗത്ത് റോഡിനു ഓവ് പാല മില്ലാത്തതിനാൽ നിർകെട്ടനുഭാവപ്പെടുന്നുണ്ട്. 6 -ാം വാർഡിൽ ഇരിങ്ങളത്തൂർ പാടത്ത് മണ്ണിടിഞ്ഞു കിടക്കുന്നതിൻെറ ഫലമായി നിർ കെട്ടനുഭവപ്പെടുന്നുണ്ട്. 8 -ാം വാർഡിൽ കിളിനക്കോട് വെട്ടുതോടു ഭാഗത്തും കുളപ്പുറം പാടത്തും ചെറിയ തോതിൽ നീർകെട്ട് അനുഭവപ്പെടുന്നു. കൂരിയാടു ഭാഗത്തും വലിയോറ പാടത്തും, വേങ്ങര പാടത്തും നിർകെട്ടുണ്ട്.

16. കൃഷിസ്ഥലങ്ങൾ തരിശിടുന്നു.

വേങ്ങര, വലിയോറ പാടങ്ങളിലാണ് കൂടുതൽ തരിശിടുന്ന സ്വഭാവം കണ്ടു വരുന്നത്.

17. കൃഷിഭവൻ വഴി ലഭിക്കുന്ന സഹായങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

18. കൃഷിയിടങ്ങൾ പുരയിടങ്ങളായി മാറുന്നു. പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഒരു പ്രവണതയാണിത്.

19. കൃഷിയും വ്യവസായവും സമന്വയിപ്പിക്കുന്നില്ല.

20 അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കൾ കിട്ടുന്നില്ല.

21. ഉൽപന്ന സംസ്ക്കരണത്തിനുള്ള സൗകര്യങ്ങളില്ല.

22. വിത്തുകളുടെ ഏകീരണമില്ലായ്മ

പാട ശേഖരങ്ങളിൽ വിവിധതരം വിത്തുകൾ ഇറക്കുന്നത് കൃഷിയെ ദോഷകരമായി ബാധിക്കുന്നു.

23. കൃഷിക്കാരുടെ കൂട്ടായ്മയില്ലായ്മ

കർഷകരിൽ ഐക്യബോധമില്ലായ്മ കാരണം കൃഷി ആദായകരമല്ലാത്ത അവസ്ഥ പൊതുവെ നിലനില്ക്കുന്നു.

24. സർക്കാർ സഹായം ലഭിക്കുന്നതിന് അർഹത തിട്ടപ്പെടുത്തുമ്പോഴുള്ള പരിധി നിർണയങ്ങൾ കൃഷിയെ ദോഷകരമായി ബാധിക്കുന്നു.

25. ആശാസ്ത്രീയമായ മണൽ വാരൽ

കടലുണ്ടിപ്പുഴയിൽ നിന്നും അശാസ്ത്രീയമായി മണൽ വാരുന്നതു മൂലം ജലനിരപ്പ് താഴാനിടയാക്കുന്നു. ഇത് പഞ്ചായത്തിൻെറ തെക്കൻ മേഖലയെ മൊത്തമായി ബാധിക്കുന്നു. ഇത് തേർകയം ഭാഗത്ത് ഇറിഗേഷനും പാലത്തിനും ഭീഷണി ഉയർത്തുന്നു.

26 മണ്ണുകളുടെ ഫലപുഷ്ടിയില്ലായ്മ

2,3,4,6 വാർഡുകളിൽ മണ്ണിനു ഫലപുഷ്ടിക്കുറവ് കണ്ടു വരുന്നു.

27. കർഷക സഹകരണ സംഘങ്ങളുടെ അപര്യാപ്തത

വിത്ത് വളം കീടനാശിനികൾ, യന്ത്രോപകരണങ്ങൾ, വായ്പാ സഹായങ്ങൾ, തുടങ്ങയവ ലഭിക്കുന്നതിനുള്ള സൗകര്യങ്ങളില്ല.

28. നിർത്തട പദ്ധതിയുടെ അഭാവം

ഈ പഞ്ചായത്തിലെയും, അയൽ പഞ്ചായത്തുകളിലെയും, കൃഷി - കുടിജല പ്രശ്നങ്ങൾക്ക് മതിയായ പരിഹാരമാകുന്ന ഒരു നീർത്തട പദ്ധതിയുടെ അഭാവം ഒരു വലിയ പരശ്നമാണ്

29. പഞ്ചായത്തിലെ ശരാശരി ജലനിലപ്പ് 35 - 40 മീറ്ററിനു താഴയാണ്.

SO4

## പരിഹാര നിർദ്ദേശങ്ങൾ

1. വേങ്ങര തോട്ടിൽ കുതിരച്ചിറ എന്ന ഭാഗത്ത് നിലവിലുള്ള ചിറ നന്നാക്കി ഇരുഭാഗങ്ങളിലെക്കും ചെറിയ കനാലുകൾ നിർമിക്കുക.
2. കുറ്റൂര് പാടത്ത് കൈത്തോട്ടിൽ കൃഷിഭവൻ മുഖേന നടത്തിയ പണി ബാക്കിയുള്ളത് പൂർത്തിയാക്കുക.
3. കുറ്റിക്കുളക്കാട്ടിൽ ചിറ നിർമിച്ച് ജല സേചന സൗകര്യം വർദ്ധിപ്പിക്കുക.
4. കുതിരച്ചിര, ചിറ്റത്തിൽ ചിറ ആടംബു ചിറ എന്നിവ ഉപയോഗയോഗ്യമാക്കുക.
5. 2 -ാം വാർഡിലെ പഞ്ചായത്ത് കുളമായ പള്ളിക്കുളം (താവയിലെ) വികസിപ്പിച്ച് പമ്പുസെറ്റ് ഉപയോഗിച്ച് കനാൽ വഴി ജലസേചനം നടത്തുക.
6. എറിയാട് അരുവിലുള്ള പഞ്ചായത്തുകളും പണിതീർത്ത് കൂടുതൽ ഭാഗങ്ങളിലേക്ക് ജലസേചനം നടത്തുക.
7. ഇല്ലിക്കൽ ചിറ പാത്തിക്കൽ ചിറ ചീപ്പ് ചിറ, തൊമ്മങ്ങാട്ടു ചിറ, കുതിരച്ചിറ എന്നീ ചിറകൾക്കു കൈത്തോട് നിർമ്മിച്ച ഇരു ഭാഗങ്ങലേക്കും വെള്ളമെത്തിക്കുക.
8. മേൽ ചിറകളിൽ നിന്നും കനാൽ നിർമാണത്തിനു പറ്റാത്ത സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിക്കുക.
9. കണ്ണ മംഗലം വയലിൻെറ മദ്ധ്യ ഭാഗത്ത് കുളം നിർമിക്കുക.
10. രാമഞ്ചിറ കുളം, വെരണിക്കുളങ്ങര കുളം എന്നിവ നന്നാക്കി പമ്പ്ഹൗസും കനാലും നിർമമിച്ച് കണ്ണമംഗലം പാടത്തേക്കു വെള്ളമെത്തിക്കുക.
11. വാളക്കൂട, മേമാട്ടുപാറ, തീണ്ടേക്കാട്, എടക്കാപറമ്പ് എന്നീ പ്രദേശങ്ങളിൽ കുഴൽകിണറുകൾ നിർമ്മിച്ച് ഗ്രൂപ്പ് ടാപിംഗ് ഏർപെടുത്തുക.
12. ചാലിപോക്കിലും, കോഴിച്ചെങ്ങാനിയിലും തോടുകൾക്ക് ചിറകെട്ടുക.
13. പുള്ളിശ്ശേരി അരു, പൊക്കപ്പള്ളിയാളി കണ്ടൻ ചിറകുളം എന്നിവിടങ്ങളിൽ കുളങ്ങൾ നിർമിക്കുക.
14. ചിറക്കാട് നെടും കാഞ്ഞിരം, പാലം തൊടു, വാളക്കൂട കൂർക്കം പറമ്പ് എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.
15. ഉപയോഗ ശൂന്യമായ ചിറക്കാട്, തോട്ടശ്ശേരിയറ പാലക്കപ്പള്ളി വളപ്പ് എന്നിവിടങ്ങളിലെ കുഴൽ കിണറുകൾ റിപ്പയർ ചെയ്യുക.
16. വെട്ടുതോട്, കുളക്കാട്ടിൽ ചിറ, പാത്തിക്കൽ ചിറ, തൊമ്മങ്ങാടയ്യു ചിറ ഇല്ലിക്കൽ ചിറ, വലിയ തോടുചിറ എന്നിവ റിപ്പയർ ചെയ്ത് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
17. പൂച്ചോലമാട്ടിൽ പുത്തംകുളം നന്നാക്കി പമ്പുസെറ്റ്, പൈപ്പ്ലൈനും സ്ഥാപിക്കുക.
18. ഇരിങ്ങളത്തൂർ പാടത്ത് നിലവിലുള്ള കുളം റിപ്പയർ നടത്തി പമ്പ് ഹൗസ് സ്ഥാപിക്കുക.
19. കറുവണ്ണിക്കുളം റിപ്പയർ ചെയ്തു പമ്പ് ഹൗസ് സ്ഥാപിക്കുക.
20. അറേകുളം വിപുലീകരിച്ച് പമ്പ് ഹൗസ് സ്ഥാപിക്കുക. സ്ഥലം സൗജന്യമായി വിട്ടുതരുന്നതാണ്.
21. ഇരിങ്ങളത്തൂർ തോട് മണ്ണുവാരി ആഴംകൂട്ടി അരിക് കെട്ടുക.
22. പരപ്പൻ ചിന (ഗാന്ധിക്കുന്ന്) കോളനിയിൽ സ്ഥിതി ചെയ്യുന്ന കുഴൽ കിണറിനു ടാങ്ക് കെട്ടി മോട്ടോർ സ്ഥാപിച്ച് പൈപുലൈൻ നടത്തി ജനസേചനസൗകര്യം വർദ്ധിപ്പിക്കുക.
23. ഗാന്ധിക്കുന്ന് ഗാന്ധി റോഡിൽ നിന്ന് കോളനിറോഡിലൂടെ കുഴൽ കിണർ വരെ പൈപുലൈൻ നീട്ടി സ്ഥാപിക്കുക.
24. കക്കുളം, പെരുംകുളം എന്നിവ പുനരുദ്ധരിക്കുക.
25. ചേറൂർ തോടിനു നെടുങ്ങാട്ട് അരുചിറ. കടുക്കഴിചിറ, ആറങ്ങാട്ടു ചിറ എന്നിവ നിർമിക്കുക.
26. മേമാട്ടുപാടത്ത് നിന്ന് ചേറൂർ തോട്ടിലേക്ക് കനാൽ നിർമ്മിക്കുക. സ്ഥലം സൗജന്യമായി നല്കുന്നതാണ്.
27. ചാലിക്കുളം, ചേരുകുളം, ചിറ്റടിക്കുളം എന്നിവ നന്നാക്കി പമ്പുസെറ്റ് സ്ഥാപിക്കുക.
28. കുളപ്പുറം പാടത്ത് നിന്ന് ബാലത്തിൽ തോടുവഴിയും, മലഭാഗത്ത് നിന്ന് ചിറ്റടിക്കുളം വഴിയും, ഒലിച്ചെത്തി ഒന്നിച്ച് ഒഴുകുന്ന ആണിത്തോട് നന്നാക്കി ജലം ചാലിപ്പാടത്ത് എത്തിക്കാനുള്ള സംവിധാന ഏർപ്പെടുത്തുക.
29. കണ്ടം കുളം നന്നാക്കി പമ്പു സെറ്റ് സ്ഥാപിക്കുക.

30 പൂക്കുളം നന്നാക്കി മുമ്പുണ്ടായിരുന്ന ചീർപ്പ് സ്ഥാപിക്കുക.

31. അമ്പലക്കുളം മണ്ണെടുത്ത് നന്നാക്കുക.

32. മുതവുൽ തോട്ടിൽ നഷ്ടപ്പെടുന്ന ജലം ഉപയോഗ പ്രദമാക്കുക.

33 ഊക്കത്ത് അയലൊളി ഭാഗത്ത് ചെറിയ ചിറകൾ കെട്ടുക.

34. ഊക്കത്ത് അയലൊളി ഭാഗത്ത് മുൻപുണ്ടായിരുന്ന കിണറുകൾ പുനർ നിർമിക്കുക.

35 മേലേകുപ്പേരി, താഴെക്കുപ്പേരിഎന്നിവിടങ്ങളിൽ തോട് നന്നാക്കി രണ്ടു പുതിയ ചിറകൾ നിർമിക്കുക.

36. കല്ലം ചിറ തോടും, പട്ടറേട്ടിൽ തോടും ഒന്നിച്ചു ചേരുന്ന ഭാഗത്ത് ചിറകെട്ടി തുവ്വക്കാട് പള്ളിയാളിയിലേക്ക് വെള്ളം തിരിച്ച് വിടുക.

37. ചേറൂര് യത്തീം ഖാനയ്ക്കു പിന്നിലുള്ള നടക്കൽ ചിറ നന്നാക്കുക.

38. കൊങ്ങനാടൻ ചിറ കൊട്ടിയാട് ചിറ, പാലത്തിനുമേലെയുള്ള ചിറ, ഇവ റിപ്പയർ നടത്തുക.

39. കാപ്പികുളം, വഴുക്കൽകുളം, പാണിക്കല്ല് കുളം എന്നിവ റിപ്പയർ നടത്തുക.

40 വെട്ടുതോട് ചിറക്കും, കുളക്കാട് ചിറയ്ക്കും, തൊമ്മങ്ങാട്ടു ചിറയ് ക്കും ചീർപുകൾ സ്ഥാപിക്കുക.

41. തുമ്മരത്തിക്കുളം നന്നക്കി പമ്പുസെറ്റ്സ്ഥാപിക്കുക.

42. കുറുകകുളം റിപ്പയർ നടത്തി വിപുലീകരിക്കുക. സ്ഥലം സൗജന്യമായി നല്കുന്നതാണ്.

43. വലിയോറപ്പാടത്ത് കുണ്ടൂർ ചോല ഭാഗത്ത് കുളം നിർമ്മിക്കുക. സ്ഥലം സൗജന്മയായി നല്കുന്നതാണ്.

44. 13 -ാം വാർഡിലെ പഞ്ചായത്ത് കുളത്തിൽ പമ്പു സെറ്റ് പുനഃസ്ഥാപിക്കുക.

45. വലിയോറപ്പാറത്ത് വിലിയ തോടിൻെറ ആഴം വർദ്ധിപ്പിക്കുക.

46. മാതാട്ട് വലിയകുളം റിപ്പയർ ചെയ്യുക.

47. വേങ്ങര തോട്ടിൽ നിന്ന് കുറ്റികുളക്കാട് ഭാഗത്തേക്കുള്ള കൈത്തോട് അരികുകെട്ടി സംരക്ഷിക്കുക.

48. കുറ്റൂർ തോട് ആഴംകൂട്ടി സൈഡ് കെട്ടി സുരക്ഷിതമാക്കുക.

49. വലിയോറ തോട്ടിലും വേങ്ങര തോട്ടിലും മണ്ണുവാരി ആഴം വർദ്ധിപ്പിക്കുക.

(a) 15 -ാം വാർഡിൽ ചോഴിമാത്തിൽ ഭാഗത്ത് കുളം നിർമ്മിക്കുക. സ്ഥലം വിട്ടു തരാൻ തയ്യാറാണ്.

50. പഞ്ചായത്തിലെ മൊത്തം കർഷകർക്കും മണ്ണ് പരിശോധനക്കുള്ള സംവിധാനം വിപുലീകരിക്കുക.

51. 7 -ാം വാർഡിൽ വെട്ടുതോട് മുതൽ കുഞ്ഞോളിപ്പാടം വരെ വൈദ്യുതലൈൻ എത്തിക്കുക.

12 -ാം വാർഡിൽ തിരുത്തി എന്ന ഭാഗത്തേക്കും ഇരിങ്ങല്ലര് പാടത്തത്തേക്കും വൈദ്യുതി എത്തിക്കുക.

13, 15 വാർഡുകളിലെ വലിയോറപ്പാടം ഉൾഭാഗത്തേക്കും വൈദ്യുതി എത്തിക്കുക.

52. പഞ്ചായത്തിലെ എല്ലാ പാട ശേഖരങ്ങളിലേക്കും സൗകര്യപ്പെടുമാറ് ആധുനിക യന്ത്രോപകരണങ്ങളും കാർഷികോപകരണങ്ങളും നല്കുക.

53. വാർഡ് 2 ലെ കുറ്റൂർ പാടത്ത് നിന്ന് പടിഞ്ഞാറു ഭാഗത്ത് കൂടി പോകുന്ന റോഡ് പാടത്തി നരികെ ബന്ധിപ്പിക്കുക.

വാർഡ് 5 ലെ തോട്ടശ്ശരിയറ മുതൽ എടക്കാപറമ്പ് റോഡ് വരെ കണ്ണ മംഗലം പാടത്ത് കൂടിയും പെരുവള്ളൂർ മുതൽ ഒലിക്കോട് ചോല വരെ ചെങ്ങാനിപ്പാടത്തിലൂടെ റോഡ് നിർമ്മിക്കുക.

വാർഡ് 8 ൽ ചേറൂര് ചെറേക്കാട് റോഡ് കുഞ്ഞം പുറായ - കുറുത്തേടത്ത് പാറവഴി മലയിലേക്കു പോകുന്ന റോഡ് ഗതാഗത യോഗ്യമാക്കുക.

വാർഡിൽ കോട്ടേമാട് റോഡ് പാടത്തെക്കുനീട്ടുക.

വാർഡ് 12 ൽ പരപ്പിൽ പാറ - കുണ്ടുർ ചോല റോഡിൽ നിന്ന് മണ്ണോടിവഴി തിരുത്തിയിലേക്ക് റോഡ് നിർമ്മിക്കുക. ആയിഷാബാദ് റോഡ് ഇരിങ്ങല്ലൂര് പാടത്തേക്ക് നീട്ടി ഗതാഗതയോഗ്യയമാക്കുക.

ചിനക്കൽ നിന്നും ഇരിങ്ങല്ലൂർ പാടത്തേക്കുള്ള റോഡ് ഗതാഗത ജോഗ്യമാക്കുക.

14 -ാം വാർഡിലെ വലിയോറപ്പാടത്തേക്കും വേങ്ങരപ്പാടത്തേക്കും റാംപുകൾ നിർമ്മിക്കുക.

15 -ാംവാർഡിൽ കുണ്ടൂർ ചോല അമ്പലം മുതൽ കുന്നുമ്മൽ പള്ളി വരെ റോഡു നിർമ്മിക്കുക.

തടാപിറ മുതൽ തിരുത്തിവരെ റോഡ് നിർമ്മിക്കുക.

കുന്നേക്കാവ് ഇടവഴി റോഡാക്കിമാറ്റുക

പത്തുമൂച്ചി- പുളിക്കൽകുണ്ടു റോഡ് നവുഞ്ഞിപ്പാടം വരെ നീട്ടി ഗതാഗതജോഗ്യമാക്കുക.

54. കർഷകർക്ക് യഥാ സമയം വായ്പാ സഹായങ്ങൾ ലഭിക്കുന്നതിന് കാർഷിക വികസന ബാങ്കുകൾ സ്ഥാപിക്കുകയും, നിലവിലുള്ള സാമ്പത്തിക ഏജൻസികളുടെ സഹായങ്ങൾ കർഷകർക്കു ലഭ്യമാക്കുകയും ചെയ്യുക.

55. വേങ്ങര ടൗണിൽ നിന്ന് മറ്റും തൂത്തു വാരി എടുക്കുന്ന ചപ്പു ചവറുകൾ നിക്ഷേപിച്ച് കമ്പോഡ്റ്റ് വളമാക്കി മാറ്റി എടക്കുന്നതിനുള്ള സംവിധാനം ആരംഭിക്കുക.

56. പുറം പോക്ക് സ്ഥലങ്ങളിലും പ്രധാനറോഡരുകുകളിലും പച്ചില സസ്യങ്ങൾ വച്ചു പിടിപ്പിച്ച് പച്ചില വള സമ്പത്ത് വർദ്ധിപ്പിക്കുക.

57 വീടുകളിൽ കമ്പോസ്റ്റ് കുഴി പ്രോത്സാഹിപ്പിക്കുക.

58. പഞ്ചായത്തു തലത്തിൽ വിപണനകേന്ദ്രങ്ങൾ ആരംഭിക്കുക.

59. കർഷകരിൽ ശാസ്ത്രീയ കൃഷിയെക്കുറിച്ചും, സാമ്പത്തിക സഹായങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിനു വേണ്ടി സെമിനാറുകളും, പ്രചരണ പ്രവർത്തനങ്ങളും നടത്തുക.

60. പ്രധാന കവലകളിലെല്ലാം. കാർഷിക വാർത്താ പത്രികകൾ സ്ഥാപിക്കുക.

61. വേങ്ങര തോട്, കുറ്റൂർ തോട്, വെട്ടുത്തോട് തൊമ്മങ്ങാട് ചിറ എന്നിവടങ്ങളിൽ തോട്ടിൻെറ അരിക്കു കെട്ടി സംരക്ഷിക്കുക.

62. കൂരിയാടു മുതൽ മൂഴിക്കൽ മടവു വരെ കടലുണ്ടി പുഴയുടെ സൈഡ്കെട്ടി മണ്ണിടിച്ചിൽ ഒഴിവാക്കുക.

63. മേലേകുപ്പെരി - താഴെകുപ്പെരി എന്നിവിടങ്ങളിൽ തോടു സൈഡ് കെട്ടുക.

64. വേങ്ങര തോട്ടിൻെറ ചിറകൾക്കിടയിൽ നടപ്പാലം നിർമ്മിക്കുക.

തെക്കൻ ചിറ ഭാഗത്തേക്കും, എട്ടു വീടൻ ഭാഗത്തേക്കും ട്രാക്റ്റർ കൊണ്ടുപോകുന്നതിനു സൗകര്യമേർപെടുത്തുക.

65. പാതയോരങ്ങളിൽ നിന്നും പാടശേഖരങ്ങളിലേക്ക് ഉണ്ടാകുന്ന മണ്ണൊലിപ്പ് തടയുന്നതിന് പരിപാടി ആവിഷ്ക്കരിക്കുക.

66. കൃഷിയും വ്യവസായവും സമന്വയിപ്പിക്കുന്നതിന് കാർഷിക വസ്തുക്കൾ ഉപയോഗിച്ച് നടത്താൻ പറ്റുന്ന വ്യാവസായിക സംരഭങ്ങൾ ആരംഭിക്കുക.

67. അത്യൽ പാദനശേഷിയുള്ള നടീൻ വസ്തുക്കൾ എല്ലാ കർഷകർക്കും ലഭിക്കുന്നതിന് ഒരു നഴ്സറിയും, വിപണന ശാലയും ആരംഭിക്കുക.

68. പാടശേഖരങ്ങളിൽ ഒരേ സമയം ഒരേ വിത്ത് ഇറക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

69. കൂട്ടുകൃഷി സമ്പ്രദായം എല്ലാ പാടശേഖരങ്ങളിലും നിർബന്ധമാക്കുക.

70 കാർഷിക വൃത്തിക്കു വേണ്ടി സർക്കാർ സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുക.

71. കടലുണ്ടി പുഴയിൽ നിന്നും അശാസ്ത്രീയ മായി മണൽവാരൽ നിയന്ത്രിക്കുന്നതിനുള്ള നടപിടകൾ സ്വീകരിക്കുക.

72. വിത്ത്, വളം കീടനാശിനികൾ യന്ത്രോപകരണങ്ങൾ, വായ്പാ സഹായങ്ങൾ തുടങ്ങിയവ യഥാ സമയം ലഭിക്കുന്നതിനു വേണ്ടി കർഷക സഹകരണ സംഘങ്ങൾ ഏർപ്പെടത്തു.

73. കൃഷിഭവൻെറ പ്രവർത്തനം കൂറ്റമറ്റതും കാര്യക്ഷമവുമാക്കി മാറ്റുക.

74. കർഷക കമ്മറ്റികളുടെ പ്രവർത്തനം വിപുലവും സുതാര്യവുമാക്കി മാറ്റുകയും പ്രവർത്തനം വിലയിരുത്താനുള്ള (Evaluvation)ള്ള സംവിധാനമേർപ്പെടുത്തുകയും ചെയ്യുക.

75. നെൽപാടങ്ങൾ തത്വദീക്ഷയില്ലാതെ നികത്തുന്ന പ്രവണതക്കെതിരെ സാമൂഹികാഭിപ്രായം വളർതിക്കൊണ്ടു് വരികും നിരുത്സാഹി

പ്പെടുത്തുകയും ചെയ്യുക.

76. വലിയോറ ലിഫ്റ്റ് ഇറിഗേഷൻ പമ്പുസെറ്റുകൾ ശക്തി വർദ്ധിപ്പിച്ച് കർഷകരുടെ സൗകര്യാർത്ഥം ആവശ്യമായ സമയങ്ങളിൽ പ്രവർത്തിപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. ലിഫ്റ്റ് ഇറഗേഷൻെറ പ്രവർത്തനം ഗ്രാമപഞ്ചായതതിന് കീഴിൽ കൊണ്ട് വരിക.

77. വെട്ട് തോട് ചിറ മുതൽ കുതിരച്ചിറ വരെ പാടത്ത്കൂടെ റോഡ് നിർമ്മിക്കുക.

78. കടലുണ്ടി പ്പുഴക്ക് കൂരിയാട് ഭാഗതത് ഒര്ചെക്ക് ഡാം നിർമ്മിച്ച് ഒരു നീർമറി അടിസ്ഥാനത്തിലുള്ള പദ്ധതി നടപ്പിലാക്കുക.

## പച്ചക്കറി

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഒരു വീട്ടിൽ ഒരു അടക്കളത്തോട്ടം എന്ന രൂപത്തിൽ കർമ്മപദ്ധതി തയ്യാറാക്കുക.

വയലുകളിൽ ഇടവിളയായും തോട്ടങ്ങളിൽ ഇടവിളയായും പച്ചക്കറികൃഷിയെ പരിപോഷിക്കുക.

കൃഷിഭവൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഈ പഞ്ചായതതിലെ എല്ലാ കർഷകർക്കും പരിമിതിമൂലം ലഭ്യമായിട്ടില്ല. എങ്കിലും ഒരു വലിയ വിഭാഗം കർഷകർക്കും ഈ പദ്ധതികളുടെ ചെറിയ രൂപത്തിലുള്ള ഗുണങ്ങൾ ലഭ്യമായിട്ടുണ്ട്. ഇനിയും എല്ലാ കർഷകരിലും കൃഷിഭവൻെറ സഹായം എത്തിക്കാൻ സഹായകമായ രൂപത്തിൽ പദ്ധതികൾ നടപ്പിലാക്കണം.

മേൽ നിർദേശിച്ച പ്രശ്നപരിഹാര മാർഗ്ഗങ്ങൾ സുതാര്യതയോട് കൂടി നടപ്പിലാക്കി ഈ പഞ്ചായത്തിലെ കാർഷിക മേഖല ആഭിവൃദ്ധിപ്പെടുത്തുമ്പോൾ കാർഷിക മേഖലയെ വ്യവസായ മേഖലയുമായി കിടിയിണക്കാനും വേങ്ങര പഞ്ചായത്തിൻെറ വികസന രംഗതത് ഒരു കുതിച്ചുചാട്ടം നടത്താനും സാദ്ധ്യതയുണ്ട്.

S508

# മൃഗസംരക്ഷണം മത്സ്യബന്ധനം

വേങ്ങര പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ഒരു വരുമാനമാർഗ്ഗം എന്ന നിലയിൽ പുരാതനകാലം മുതൽ തന്നെ ആടുമാടുകളെയും കോഴികളെയും വളർത്തിയിരുന്നു. പഞ്ചായത്തിൻെറ വടക്കുഭാഗത്തുള്ള മലമ്പ്രദേശത്തും അതിനോടു ചേർന്നു വരുന്ന പ്രദേശങ്ങളിലും ഒരു കാലത്ത് ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം തന്നെ കാലിവളർത്തലായിരുന്നു. കുറച്ചു കറവപ്പശുക്കളോ നിലം ഉഴുന്നതിനുള്ള കാളകളോ, പോത്തുകളോ, ഏതാനും ആടുകളെങ്കിലുമോ ഇല്ലാത്ത ഒരു വീടുപോലും മുൻകാലങ്ങളിൽ ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നില്ല. കാലികൾക്ക് സ്വതന്ത്രമായി മേഞ്ഞുനടക്കുന്നതിന് മൈതാനങ്ങളും പുൽമേടുകളും കുടി വെള്ളത്തിന് വറ്റാത്ത ഉറവകളും അന്ന് സുലഭമായിരുന്നു. കാലികളെ മേയ്ക്കൽ ഒരു സ്ഥിരം ജോലിയായി അന്ന് കരുതിപ്പോന്നു. പാല്, പാലുല്പന്നങ്ങൾ കാലിവളം എന്നിവ ലഭിച്ചതിനു പുറമെ നിലമുഴുന്നതിനും വണ്ടിവലിക്കുന്നതിനും ആവശ്യമായ കാളകളും ലഭ്യമായിരുന്നു.

നാടൻ ഇനത്തിൽപ്പെട്ട ആടുമാടുകളെയാണ് അന്ന് വളർത്തിയിരുന്നത്. കാലികളെ മാസങ്ങളോളം കാട്ടിൽ മേയാൻ വിടുകയും അവ പ്രസവിച്ചാൽ ഇറക്കികൊണ്ടു വരികയും അക്കാലത്തെ പതിവായിരുന്നു. കാലിവളർത്തലിന് കാര്യമായ മുതൽ മുടക്കൊന്നും അക്കാലത്ത് വേണ്ടി വന്നിരുന്നില്ല എന്ന് ചുരുക്കിപ്പറയാം.

കാലിവളർത്തലും കൃഷിയുമായി അഭേദ്യബന്ധമാണുണ്ടായിരുന്നു. ജനങ്ങളുടെ പ്രധാനവരുമാന മാർഗം കൃഷിയും തൊഴിൽ കാർഷികവൃത്തിയുമായിരുന്നുത്കൊണ്ട് കാലിവളർത്തൽ കാർഷിക വൃത്തിയുടെ ഭാഗമായിത്തന്നെയാണ്. അന്ന് കണ്ടുവന്നിരുന്നത്.

കാലക്രമത്തിൽ നാട്ടിലെ സാമ്പത്തിക മേഖലകളിൽ മാറ്റങ്ങൾ പ്രത്യക്ഷപ്പെടുകയും മാറ്റങ്ങൾ കൂടുതൽ സങ്കീർണമായി വരുകയും ചെയ്തു. തൽഫലമായി കൃഷിഭൂമി ചുരുങ്ങി. മലകളും നിലങ്ങളും നാണ്യവിളകൾ കൈയ്യടക്കി. കാടുകൾ ഇല്ലാതായി നീരുറവകൾ വറ്റിവരണ്ടു. വലിയ ഭൂപ്രദേശങ്ങളേല്ലാം തുണ്ടുതുണ്ടുകളായി അവിടങ്ങളിൽ പാർപ്പിടങ്ങളും ഉയർന്നു.

ഈ മാറ്റങ്ങൾ കാലിവളർത്തൽ എന്ന തൊഴിലിനെയും ബാധിച്ചു. കാലികളെ മുൻകാലങ്ങളിലെപ്പോലെ അഴിച്ചു വിടാൻ സാധിക്കാതെവന്നു. ആടുമേയ്ക്കാൻ പുൽമേടുകൾ ഇല്ലാതായി. പുല്ല്, വൈക്കോൽ, ഇലകൾ ഇവശേഖരിച്ചുകൊടുത്താണ്. പിന്നീട് കാലികളെ വളർത്തിയതും ഇപ്പോൾ വളർത്തി വരുന്നതും ഈ കാലഘട്ടത്തിൽ കാര്യമായ രോഗങ്ങൾ ഒന്നും കന്നുകാലികളെ ബാധിച്ചിരുന്നില്ല.

ധവള വിപ്ലവ കാലത്തോടുകൂടി സങ്കരയിനം പശുക്കൾ പഞ്ചായത്ത് പ്രദേശങ്ങളിലും എത്തി. പലകർഷകരും കുറഞ്ഞ പാൽ തരുന്ന നാടൻ ഇനങ്ങളെ ഒഴിവാക്കി കൂടുതൽ പാൽ തരുന്ന സങ്കര ഇനം പശുക്കളെ വളർത്താൻ തുടങ്ങി. ഇത്തരം പശുക്കൾക്ക് ഒരു വലിയ ന്യൂനത ഉണ്ട് അവയ്ക്ക് രോഗ പ്രതിരോധശേഷി കുറവാണ് കൂടാതെ ശരിയായ പരിചരണവും ആവശ്യമാണ്. നാടൻ പശുക്കളെ നാടൻ മട്ടിൽ വളർത്തി ശീലിച്ച

നാട്ടുകാർക്കിടയിൽ പുതിയ ഇനം വളരെയധികം പ്രശ്നങ്ങൾ ഉണ്ടാക്കി അവയ്ക്ക് ഇടയ്ക്കിടെ രോഗങ്ങൾ വന്നു. അകിടുവീക്കം, കുളമ്പുരോഗം എന്നിവ നിത്യസംഭവങ്ങളായി മാറി. രോഗപ്രതിരോധത്തിലും, ശരിയായ ചികിത്സാരീതിയിലും, പരിചരണത്തിലും കർഷകർക്ക് വേണ്ടത്ര പരിജ്ഞാനം ഇല്ലായ്മ മൂലം ധാരാളം പശുക്കൾ ചത്തൊടുങ്ങി. ഈ രംഗത്തു നിന്ന് ജനങ്ങൾ പിൻവാങ്ങുന്നതിന് ഇത് വലിയ ഒരു കാരണമായി തീർന്നു.

ഇന്ന് നമ്മുടെ രാജ്യത്തെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമാണ്. കാലി വളർത്തൽ, ഉല്പാദനക്ഷമതയുള്ള പശുക്കൾ ലഭ്യമാണ്. ചികിത്സാ സൗകര്യങ്ങളും കുറച്ചൊക്കെ ഉണ്ട്. മാർക്കറ്റിൽ കാലത്തീറ്റകൾ ലഭ്യമാണ്. കാലിവളർത്തലിനെ സർക്കാർ പല സൗജന്യങ്ങളും നൽകി പ്രോത്സാഹിപ്പിക്കുന്നുമുണ്ട്.

എന്നാൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ചുരുക്കം വീടുകളിൽ മാത്രമാണ് ഇന്ന് കറവപ്പശു, എരുമ, ആട് എന്നിവയെ വളർത്തുന്നുള്ളു. ഇവയിൽത്തന്നെ സങ്കര ഇനവും നാടൻ ഇനവും ഉണ്ട്. ആടുവളർത്തലാകട്ടെ ഏതാനും വീടുകളിൽ ഒന്നും രണ്ടും എണ്ണമായി ചുരുങ്ങി.

ഇവയിൽ നിന്ന് ലഭിക്കുന്ന പാൽ സമീപത്തുള്ള ഹോട്ടലുകളിലും വീടുകളിലുമാണ് വിറ്റഴിക്കുന്നത്. ഇത് ആകെ ഉപഭോഗത്തിൻെറ ചെറിയഭാഗം മാത്രമേ വരൂ. കൂടുതലായി വേണ്ടിവരുന്ന പാല് മറ്റുപ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. മാംസാവശ്യത്തിനുള്ള ആടുമാടുകൾക്കും നാം മറ്റു പ്രദേശങ്ങളെ ആശ്രയിക്കുകയാണ്. പഞ്ചായത്തിലെ എല്ലാസാധ്യതകളും പ്രയോജനപ്പെടുത്തി കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിച്ചാൽ പഞ്ചായത്തിലെ ആവശ്യത്തിനുതകുന്ന വളർത്തു മൃഗങ്ങളെ പ്രാദേശികമായിത്തന്നെ ഉല്പാദിപ്പിക്കാൻ കഴിയും.

പഞ്ചായത്തിൽ ഏറ്റവും മധികം വിറ്റഴിക്കപ്പെടുന്ന രണ്ടുല്പന്നങ്ങളാണ് ഇറച്ചിക്കോഴിയും മുട്ടയും. തമിഴ്നാട്ടിൽ നിന്നാണ ഇന്ന് ഇവ ഇറക്കുമതി ചെയ്യുന്നത്. വീടുകളിൽ ചെറിയ തോതിൽ വളർത്തുന്ന കോഴികളിൽ നിന്ന് ആവശ്യത്തിൻെറ 1% പോലും ലഭിക്കുന്നില്ല. ഏറ്റവും സാധ്യതയുള്ള കുടിൽ വ്യവസായമായി കോഴി വളർത്തലിനെ ഉയർത്തിക്കൊണ്ടുവരാൻ കഴിയും. അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതിക്കാവശ്യമായ കോഴിക്കുഞ്ഞുങ്ങളെ പ്പോലും മറ്റു പ്രദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്താണ് വിതരണം നടത്തുന്നത്.

മൃഗങ്ങൾക്കും പക്ഷികൾക്കുമുള്ള പ്രതിരോധകുത്തിവെയ്പ്, ചികിത്സ എന്നിവ നടത്തുന്നതിന് വേങ്ങരയിൽ പ്രവർത്തിക്കുന്ന സർക്കാർ മൃഗാശുപത്രിമാത്രമാണ്. ഇന്ന് ആശ്രയം. 1968 ൽ വേങ്ങര ബ്ലോക്കിൻെറ കീഴിൽ ആരംഭിച്ചതാണ് ഈ സ്ഥാപനം 50 സെൻറ് ഭൂമിയിൽ സ്വന്തം കെട്ടിടത്തിലാണ് ഇന്ന് ആശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ വെറ്റിനറി ഡോക്ടർ, ലൈവ്സ്റ്റോക്ക് അസിസ്റ്റൻറ് തുടങ്ങിയ ഉദ്യോഗസ്ഥർ ഉണ്ട്. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പല പദ്ധതികളും നടപ്പിൽ വരുത്തുന്നതും ആശുപത്രിമുഖേനയാണ്.

നിലവിലുള്ള പദ്ധതികൾ

1. ഗോരക്ഷാക്യാമ്പ് -പഞ്ചായത്തിൽ രണ്ടു ക്യാമ്പ്
2. വന്ധ്യതാ നിവാരണ ക്യാമ്പ് -2 വീതം.
3. അടക്കളമുറ്റത്ത് കോഴിവളർത്തൽ പദ്ധതി
4. പേ വിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ്
5. കുളമ്പു രോഗത്തിന് പ്രതിരോധ വാക്സിൻ.
6. എഗ്ഗർ നഴ്സറി

## പട്ടിക -1, വളർത്തു മൃഗസംഖ്യ

| കാള നാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | പോത്ത് | ആട് |
|---|---|---|---|---|---|---|---|---|---|---|---|
| വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവഇല്ലാത്തത് | കറവ ഉള്ളത് | കറവഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലത്തത് | | |
| NIL | 139 | – | 70 | 348 | 226 | 260 | 176 | 33 | 47 | 6 | 1340 |

(1996 ജനുവരിയിലെ സെൻസസ് പ്രകാരം)

## പട്ടിക 2 വളർത്തുപക്ഷികൾ

| പൂവൻകോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|
| | മുട്ടയിടുന്നവ | മുട്ടയിടാത്തവ | ആൺ | പെൺ |
| 1331 | 1205 | 3091 | 23 | 59 |

## പട്ടിക 3, രോഗവിവരം
### (ജനുവരി 96 മുതൽ സെപതംബർ 96 കൂടി)

| | | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 446 | 17 | 367 | - |
| 2. | ശ്വാസകോശസംബന്ധം | 11 | - | 18 | - |
| 3. | ഉപാപചയസംബന്ധം | 29 | - | 7 | - |
| 4. | ത്വക്ക് രോഗങ്ങൾ | 20 | - | 10 | - |
| 5. | ധാതു ലവണങ്ങളുടെ അഭാവം | 34 | - | 12 | - |
| 6. | പരാദ രോഗങ്ങൾ | 245 | - | 43 | 85 |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 55 | - | 28 | - |
| 8. | വന്ധ്യത | 48 | - | - | - |
| 9. | അകിടുവീക്കം | 60 | - | 12 | - |
| 10. | മുടന്തൻ പനി | 60 | - | 12 | - |
| 11. | പകർച്ചവ്യാധികൾ | - | - | - | 316 |

511

പട്ടിക 4, കൃത്രിമബീജ സങ്കലന വിവരങ്ങൾ
(ജനുവരി 96 മുതൽ സെപ്റ്റംബർ 96 കൂടി)

| വളർത്തു മൃഗം (ഇനം) | ആകെ എണ്ണം | കൃത്രിമബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| 1. പശു | | 418 | 56 |
| 2. കിടാരി | | 54 | 29 |
| 3. എരുമ | | 9 | 1 |

## മൃഗസംരക്ഷണരംഗത്തെ പ്രശ്നങ്ങൾ

1. വർഗ്ഗശുദ്ധിയുള്ള മെച്ചപ്പെട്ട ഇനം കന്നുകാലികൾക്കും കോഴികൾക്കും വില വളരെ കൂടുതലാണ്. സാധാരണക്കാരന് ഇവയെ വില കൊടുത്ത് വാങ്ങാൻ കഴിയുന്നില്ല.
2. കാലിത്തീറ്റ, പുല്ല്, വൈക്കോൽ ഇവയുടെ വിലകൂടുതലും ദൗർലഭ്യവും, കാലിത്തീറ്റക്ക് വിലകൂടുതലും ഗുണമേന്മ കുറവുമാണ്. തീറ്റപ്പുല്ല് കൃഷി നടത്തുന്നില്ല. നെൽകൃഷികുറവായതിനാൽ വൈക്കോൽ ലഭിക്കുന്നില്ല.
3. പ്രതിരോധ കുത്തിവെപ്പ് ചികിത്സ എന്നിവയ്ക്ക് സമീപത്ത് സൗകര്യം ഇല്ല.
4. ഉല്പന്നങ്ങൾ ന്യായ വിലക്ക് വിറ്റഴിക്കാൻ കഴിയുന്നില്ല.
5. കാലികൾക്ക് സ്വതന്ത്രമായി മേഞ്ഞ് നടക്കാൻ സ്ഥലമില്ല.
6. ആധുനിക രീതിയിലുള്ള പരിചരണ മാർഗ്ഗങ്ങൾ ജനങ്ങൾക്കിടയിൽ എത്തിയിട്ടില്ല. കാലി വളർത്തൽ കോഴിവളർത്തൽ ഇവയിൽ ബോധവൽക്കരണം നടക്കുന്നില്ല.
7. ഇൻഷ്വറൻസ് വ്യവസ്ഥകൾ.
8. പേപ്പട്ടിശല്യം.
9. ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ദൗർലഭ്യം.
10. കന്നു കാലികൾക്കുള്ള മരുന്നിനും തീവിലയാണ്.

## പരിഹാരമാർഗ്ഗങ്ങൾ.

1. താല്പര്യമുള്ള എല്ലാവർക്കും പശു, എരുമ, ആട്, കോഴി എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുക. ഐ. ആർ. ഡി. പി. ഗുണഭോക്താക്കൾ ഹരിജനങ്ങൾ എന്നിവർക്ക് പശു, ആട്, എരുമ കോഴി എന്നവയെ പകുതി വിലക്ക് നൽകുക.
2. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക. അതിനവേണ്ടി ബോധ വല്കരണം. നടത്തുക.
3. എല്ലാ കർഷകർക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുക. ഇന്ന് ലഭിക്കുന്ന കാലിത്തീറ്റകൾ കമ്പനികൾക്ക് ലാഭം ഉണ്ടാക്കിക്കൊടുക്കുന്നവ മാത്രമാണ്. ഗുണനിലവാരം ഇല്ലാത്തവയും വിലകൂടിയതുംമായ ഇവയുടെ സ്ഥാനത്ത് പ്രാദേശികമായി. ലഭിക്കുന്ന പദാർത്ഥങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുന്നതിന് സാധ്യതകൾ കണ്ടെത്തുകയും സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുകയും വേണം.
4. ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുക. പാക്കടപ്പുറായ, കണ്ണമംഗലം, കിളിനക്കോട് എന്നീ സ്ഥലങ്ങളിലും V, VII, XII വാർഡുകളിൽ സൗകര്യപ്രദമായ സ്ഥലങ്ങളിലും വെറ്റിനറി സബ്സെൻററുകൾ സ്ഥാപിക്കണം. എല്ലാ വാർഡുകളിലും ആഴ്ചയിൽ ഒരു ദിവസം മൃഗങ്ങളെ പരിരോധിക്കന്നതിനും പ്രതിരോധ മരുന്നുകൾ നൽകുന്നതിനും സൗകര്യം ഉണ്ടാക്കണം.
5. പാൽ വിതരണ ശൃംഖല വിജയിപ്പിക്കുക. പാക്കടപ്പുറായ, കുറ്റൂർ നോർത്ത്, ചേറൂർ, അച്ചനമ്പലം എന്നീസ്ഥലങ്ങളിലും IV, V, VI, VIII, X, XI, XII, XIII, XIV, XV എന്നീ വാർഡുകളിൽ അനുയോജ്യമായ സ്ഥലങ്ങളിലും ക്ഷീരവികസന സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

512

6. 1. IV, V, VI, VIII, XIII, XV വാർഡുകളിൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങണം.
2. വനിത സഹകരണസംഘങ്ങൾ സ്ഥാപിച്ച്. ഇറച്ചിക്കോഴി വളർത്ത് കേന്ദ്രം സ്ഥാപിക്കണം.
3. അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതിയും എഗ്ഗർ നഴ്സറിയും വ്യാപകമാക്കുക.

7. കാലികൾ, കോഴി വളർത്തൽ എന്നിവയിൽ ബോധ വല്കരണം നടത്തുക.

8. സൗജന്യനിരക്കിൽ ഇൻഷുറൻസ് സൗകര്യം ഏർപ്പെടുത്തുക.

9. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ പിടികൂടി നശിപ്പിക്കുക വളർത്തു നായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തിക.

10. മരുന്നുകൾക്കുള്ള ചെലവ് തിരിച്ചു നൽകുന്നതിന് പദ്ധതി ഏർപ്പെടുത്തുക.

11. മാംസ ഉല്പാദന വിതരണ രംഗത്തെ അശാസത്രീയത ഒഴിവാക്കുക. അനധികൃത കശാപ്പു ശാലകൾ നിർത്തുക. പരിശോധിച്ച മൃങ്ങളുടെ മാംസം ശാസ്ത്രീയമായി സംസ്കരിച്ച് ആരോഗ്യക രമായ ചുറ്റുപാടിൽ വതരണം നടത്തുന്നതിന് ആധുനിക രീതിയിലുള്ള അറവുശാലകളും മാർക്കറ്റുകളും സ്ഥാപിക്കുക.

## മത്സ്യബന്ധനം.

പഞ്ചായത്തിലെ ജനങ്ങളുടെ ഒരു പ്രധനാഹാരമാണ്. മത്സ്യം. പഞ്ചായത്തിന് കടലോരം ഇല്ല. കാലയലുകൾ ഇല്ല. 5 കി. മി. പുഴ ഉണ്ട്. പുഴയിലും കുളങ്ങളിലും ശുദ്ധജല മത്സ്യങ്ങൾ വളരുന്നുണ്ട്. ഇവിടെ ശാസത്രീയമായ മത്സ്യകൃഷി ഇനിയും എത്തിയിട്ടില്ല. മത്സ്യം വളർത്തുന്നതനിനുള്ള സാധ്യതകൾ ഉണ്ട്. പഞ്ചായത്ത് വകയും സ്വകാര്യ വ്യക്തികളുടെ വകയുമായ കുളങ്ങൾ കിണറുകൾ എന്നിവയിൽ മത്സ്യങ്ങളെ വളർത്താൻ കഴിയും.

പ്രശ്നങ്ങൾ

1. മത്സ്യം വളർത്തൽ സംബന്ധമായ ബോധ വല്ക്കരണം നടക്കുന്നില്ല.

2. കുളങ്ങൾ മണ്ണ് നിറഞ്ഞ് തൂർന്നു പോയിരിക്കുന്നു.

3. മത്സ്യ കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.

### പരിഹാരങ്ങൾ.

1. മത്സ്യ കൃഷിയിൽ നിന്നുള്ള ആദായത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

2. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള കുളങ്ങൾ മണ്ണെടുത്ത് ഉപയോഗപ്രദമാക്കണം.

3. മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് പഞ്ചായത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കണം.

4. കടലുണ്ടിപുഴയിൽ ചെക്ക് ഡാം നിർമ്മിച്ച് സഹകരണാടിസ്ഥാനത്തിൽ മത്സ്യം വളർത്തുക.

പഞ്ചായത്തിലെ പരിമിതമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ കുറച്ചുപേർക്കെങ്കിലും തൊഴിലും കുറച്ചെങ്കിലും ശുദ്ധ ജല മത്സ്യങ്ങളെ ഭക്ഷണമായി ഉപയോഗിക്കുവാൻ ലഭിക്കുകയും ചെയ്യും. ആവശ്യമായ മാർഗ്ഗം നിർദ്ദേശങ്ങളും ബോധവൽക്കരണവും ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

# വ്യവസായം

മുഖ്യമായും കാർഷിക മേഖലയായ വേങ്ങര പഞ്ചായത്തിൽ കൃഷിയുമായി ബന്ധപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾക്കായിരുന്നു പ്രാമുഖ്യം. കൊട്ടനെയത്ത്, കാർഷിക ഉപകരണ നിർമ്മാണം മരപ്പണി തുടങ്ങിയവയിൽ പരമ്പരാഗത തൊഴിലാളികൾ ഏർപ്പെട്ടിരുന്നു. തേങ്ങ, അടക്ക, ഇഞ്ചി, മരച്ചീനി, എള്ള്, കുരുമുളക് മുതലായവ സംഭരിക്കുകയും സംസ്ക്കരിക്കുകയും ചെയ്തശേഷം മലബാറിലെ പ്രമുഖ വാണിജ്യ നഗരമായ കോഴിക്കോട് പട്ടണത്തിലേക്ക് എത്തിച്ചിരുന്നു. കൂടാതെ മൺപാത്രനിർമ്മാണം ചെരുപ്പ് നിർമ്മാണം, തൊപ്പിക്കുടനിർമ്മാണം തുടങ്ങിയവയും ഇവിടങ്ങളിൽ നിലിനിന്നിരുന്നു.

പ്രദേശത്തെ കാർഷിക മേഖലക്കാവശ്യമായ കൈക്കോട്ട്-മൺവെട്ടി, ചെറോട്ടി, കരി-കലപ്പ, അരിവാൾ, മഴു, അരിവാക്കത്തി, കത്തി, വെട്ടുകത്തി, എന്നിവയും വീടുനിർമ്മാണത്തിനാവശ്യമായ ഇരുമ്പുസാമഗ്രികൾ കൊല്ല വിഭാഗത്തിൽപെട്ട തൊഴിലാളികളാൽ നിർമ്മിക്കപ്പെട്ടിരുന്നു. വേങ്ങര മൺവെട്ടി എന്നപേരിൽ ഇന്നും ചില വ്യവസായ സ്ഥാപനങ്ങൾ മൺവെട്ടി ഇറക്കുന്നുണ്ട്. ഇഞ്ചികൃഷി, മരച്ചീനികൃഷി എന്നീ ഇനങ്ങളുമായി ബന്ധപ്പെട്ടതാണ് വേങ്ങര മൺവെട്ടിയുടെ പ്രാധാന്യം.

പഞ്ചായത്തിൻെറ തെക്കെ അതിർത്തിയിലൂടെ കടലുണ്ടിപ്പുഴ കടന്നുപോകുന്നതിനാൽ ജലഗതാഗതത്തിന് സുപ്രധാനമായൊരു സ്ഥാനം മുമ്പുണ്ടായിരുന്നു. കരമാർഗ്ഗമുള്ള ഗതാഗതത്തിന് കാളവണ്ടിയായിരുന്നല്ലോ മുൻകാലങ്ങളിൽ ആശ്രയിച്ചിരുന്നത്. ആയതിനാൽ തോണിനിർമ്മാണവും കാളവണ്ടി നിർമ്മാണവും ഇവിടങ്ങളിൽ നിലനിന്നിരുന്നു. ഇന്നത്തെ ഗേൾസ് ഹൈസ്ക്കൂൾ നിൽക്കുന്നസ്ഥലം വണ്ടിപ്പേട്ട എന്ന പേരിലാണ് അന്ന് അറിയപ്പെട്ടിരുന്നത്. ഈ പ്ഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും -ചക്കര- വ്യവസായിക അടിസ്ഥാനത്തിൽ പഴയകാലത്ത് ഉല്പ്പാദിപ്പിച്ചിരുന്നു. കെട്ടിട നിർമ്മാണത്തിനാവശ്യമായ ചെങ്കല്ല് ഇവിടങ്ങളിൽനിന്ന് വെട്ടിയെടുത്ത് തീരമേഖലകളിലേക്ക് കൊണ്ടുപോയിരുന്നു. പടുമരങ്ങൾ ഉപയോഗിച്ചുള്ള ചൂളകളിൽ കരിനിർമ്മിക്കപ്പെടുന്ന വ്യവസായത്തിലും ഒരുകാലത്ത് വേങ്ങര മുൻപന്തിയിലായിരുന്നു. അതുപോലെ ബിസ്ക്കറ്റ് നിർമ്മാണത്തിനും സോപ്പ് നിർമ്മാണത്തിനും ആവശ്യമായ അച്ചുകൾ ഇവിടങ്ങളിൽ നിർമ്മിച്ച് അന്യ സംസ്ഥാനങ്ങളിലേക്ക് വരെ കയറ്റി അയച്ചിരുന്നു.

പിൽക്കാലത്തുണ്ടായ വ്യവസായിക വളർച്ചയുടേയും കാർഷിക മേഖലയുടെ തളർച്ചയും കാരണം ആ വിഭാഗം തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് മാറിയതിനാൽ അതിന്ന് പൂർണ്ണമായും തകർന്നിരിക്കുകയാണ്. അതുപോലെ തന്നെ കെട്ടിട നിർമ്മാണത്തിമാവശ്യമായ ചെങ്കല്ല്, വെട്ട് തൊഴിലാളികൾ ഇവിടെ ഉണ്ടെങ്കിലും യന്ത്രവൽക്കരണവും ആധുനിക ഫാക്ടറികളിൽ ഉല്പാദിപ്പിക്കുന്ന ഇഷ്ടിക, ഹോളോബ്രിക്സ് എന്നിവയുടെ വരവും കാരണം ഈ മേഖലയെ തകർത്തിട്ടുണ്ട്. മരങ്ങളുടെ ലഭ്യതക്കുറവും ആധുനിക രീതിയിലുള്ള കരിയുൽപ്പന്നങ്ങളുടെ വരവും ഈ മേഖലയുടെ തകർച്ച പൂർണ്ണമാക്കി. വിൻകിട യൂണിറ്റികളുടെ കടന്നുകയറ്റം മൂലം പരമ്പരാഗത വ്യവസായമായിരുന്ന ബിസ്ക്കറ്റ് അച്ച് നിർമ്മാണവും സോപ്പ് അച്ച് നിർമ്മാണവും തീരെ ഇല്ലെന്ന് തന്നെ പറയാം.

മുന്നൂറിൽപ്പരം തൊഴിലാളികൾ ജോലിചെയ്തിരുന്ന ബീഡിക്കമ്പനി വേങ്ങരയുടെ കീർത്തി അന്യ സംസ്ഥാനങ്ങൾ വരെ എത്തിച്ചിരുന്നു. കാലഘട്ടത്തിന്നനുസൃതമായ കൂലി പർദ്ധനവും ആനുകൂല്യങ്ങളും ലഭിക്കാത്തതിനാൽ മറ്റു മേഖലകളിലേക്ക് തൊഴിലാളികൾക്ക് തിരിയേണ്ടിവന്നു. ഇന്നത്തെ തലമുറയാണെങ്കിൽ ഈതൊഴിലിനോട് താൽപ്പര്യം പ്രകടിപ്പിക്കുന്നില്ല. ഇതുപോലെ ചെറുകിട കമ്പനികൾ വേറെയും വേങ്ങരയിൽ തകർന്നുപോയിട്ടുണ്ട്. ഖാദി ബോർഡിൻെറ സഹായത്തോട് കൂടി സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചിരുന്ന ഒരു ചകിരിമില്ലും കാർഷിക പണിയായുധങ്ങൾ നിർമ്മിച്ചിരുന്ന കമ്പനിയും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പപ്പട

514

വ്യവസായത്തിലും വേങ്ങരക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നു. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലേക്ക് ഇവിടെനിന്നും പപ്പടം കയറ്റി അയച്ചിരുന്നു. എന്നാൽ തൊഴിലാളികളുടെ ഉയർന്ന ജീവിത നിലവാരം തേടിയുള്ള നെട്ടോട്ടത്തിൽ-ഗൾഫ് ആയിനത്തിലും വളരെ കുറഞ്ഞ ആളുകളെ ഇപ്പോൾ ജോലിചെയ്യുന്നുള്ളു. ബേക്കറി വ്യവസായത്തിൽ ഇന്നും ഏറെക്കുറേ ആളുകൾ കേരളത്തിന് പുറത്ത് ജോലിചെയ്യുന്നുണ്ട്.

## നിലവിലുള്ള വ്യവസായങ്ങളുടെ വിവരണപ്പട്ടിക.

| വാർഡ് | ചെറുകിട വ്യവസായങ്ങൾ | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | 5 | 1 | 10 | 5 | 21 |
| 2 | 7 | 9 | 17 | 22 | 55 |
| 3 | 4 | 1 | 13 | 7 | 25 |
| 4 | 6 | 6 | 12 | 10 | 34 |
| 5 | 7 | 9 | 26 | 29 | 71 |
| 6 | 5 | 2 | 12 | 6 | 25 |
| 7 | 7 | 14 | 20 | 18 | 59 |
| 8 | 3 | 1 | 23 | 20 | 47 |
| 9 | 31 | 13 | 261 | 178 | 483 |
| 10 | 9 | 6 | 96 | 76 | 187 |
| 11 | 5 | 4 | 19 | 11 | 39 |
| 12 | 2 | 4 | 17 | 9 | 32 |
| 13 | 4 | 1 | 21 | 8 | 34 |
| 14 | 2 | 3 | 16 | 13 | 34 |
| 15 | 4 | 3 | 13 | 5 | 25 |
| ആകെ | 101 | 77 | 576 | 417 | 1171 |

*ഡാറ്റാ അവലംബം-പഞ്ചായത്ത് ആഫീസ്*

### പ്രശ്നങ്ങൾ

- പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ സഹകരണ മേഖലയിലോ വിൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇവിടെയില്ല.
- സാങ്കേതിക വിദഗ്ധരുടെ അഭാവം
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം
- നിയമ നടപടികളുടെ സങ്കീർണ്ണാവസ്ഥ
- ഊർജ്ജ പ്രതിസന്ധി
- ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ്പ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.
- വൻകിട കമ്പനികളുമായി മത്സരിക്കാനുള്ള കഴിവില്ലായ്മ.
- വനിതകൾക്ക് തൊഴിലവസരങ്ങൾ വളരെ കുറവാണ്.
- മുഖ്യ കാർഷികോല്പന്നമായ തേങ്ങ, അടക്ക, കശുവണ്ടി, കുരുമുളക്, തുടങ്ങിയവ വ്യവസായ രംഗത്ത് വേണ്ടതായ രീതിയിൽ

പ്രയോജനപ്പെടുത്തുന്നില്ല.

- വ്യവസായം തുടങ്ങുന്നവർക്ക് ആവശ്യമായ രേഖകൾ ബന്ധപ്പെട്ട സർക്കാർ ആഫീസിൽ നിന്നും ലഭിക്കുവാൻ താമസം വരുന്നു.
- വ്യത്യസ്ഥ വകുപ്പുകൾ തമ്മിലുള്ള പരസ്പര ബന്ധമില്ലായ്മ വ്യവസായ സംരംഭകരെ ബുദ്ധിമുട്ടിക്കുന്നു.
- വ്യവസായ സബ്സിഡി ഉപയോഗപ്രദമായ രീതിയിലും സമയത്തും ലഭിക്കുന്നില്ല.
- കൊട്ടനെയ്ത്ത് തൊഴിലാളികൾക്ക് മുള ലഭിക്കുവാൻ വലിയ വില കൊടുക്കേണ്ടിവരുന്നു.

## സാധ്യതകൾ

- അസംഘടിത മേഖലകളിൽ ജോലിചെട്ടുന്ന പരമ്പരാഗത തൊഴിലാളികൾക്ക് പഞ്ചായത്തിന്റെ കീഴിൽ ഒരു യൂണിറ്റ് നിർമ്മിക്കുക.കൊട്ടനെയ്ത്ത്, പായനെയ്ത്ത്, പരമ്പ് നെയ്ത്ത്
- പഞ്ചായത്തിലെ മുഖ്യ കാർഷിക വിളയായ തേങ്ങ, അടക്ക തുടങ്ങിയവ ഉപയോഗിച്ചുള്ള ഒരു വ്യവസായ യൂണിറ്റ്.
- പഴയ പ്ലാസ്റ്റിക്ക്, റീസൈക്ക്ള് ചെയ്യുവാൻ ഒരു പ്ലാൻറ്
- തേങ്ങാവെള്ളം ഉപയോഗിച്ച് വിനാഗിരി നിർമ്മാണ യൂണിറ്റ്
- ഇഷ്ടിക വർക്ക്സ് യൂണിറ്റ്
- ചകിരി ഉപയോഗിച്ചുള്ള ഫൈബർ മെത്ത യൂണിറ്റ്
- വനിതകൾക്ക് സഹകരണാടിസ്ഥാനത്തിലൊരു റെഡിമേഡ് നിർമ്മാണ യൂണിറ്റ്

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

- വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
- വിപണന സൗകര്യത്തിനുള്ള സംവിധാനം
- പി.എം.ആർ.വൈ. പദ്ധതിയിൽ നിന്നും സഹായം കിട്ടുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക.
- സബ്സിഡി വർദ്ധിപ്പിക്കുക
- ഖാദിബോർഡ് മുഖേനയുള്ള വായ്പ്പ ലഭ്യമാക്കുക.
- ചെറുകിടവ്യവസായങ്ങൾ തുടങ്ങുവാനുള്ള വിദഗ്ധ സഹായം യഥേഷ്ടം ലഭ്യമാക്കുക.
- ചക്ക, മാങ്ങ, കൈതച്ചക്ക, പപ്പായ മുതലായവ സംസ്ക്കരിച്ച് വിദേശത്തേക്ക് കയറ്റുവാനുള്ള സൗകര്യമുണ്ടാക്കണം.
- കാർഷിക മേഖലയെ മെച്ചപ്പെടുത്തുക.
- പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുക.
- അടക്ക, തേങ്ങ, കളിയടക്ക, സുഗന്ധ സുഫാരി എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകുക.
- സ്ത്രീകൾക്ക് ബാഗ് നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണം, പട്ട് നൂൽപ്പുഴു വളർത്താൻ സെറിഫെഡ് മുഖേന സഹായം കിട്ടണം.
- പരപ്പൻചിന ഭാഗത്ത് മിനി ഇൻഡസ്ട്രീസ് സ്ഥാപിക്കുക.
- സർക്കാരിൽ നിന്നും സഹായം ലഭിക്കുകയാണെങ്കിൽ തീപ്പെട്ടി, ബിസ്ക്കറ്റ്, കയർ, പായ, ഫർണ്ണിച്ചർ റെഡിമെയ്ഡ് മിനറൽ വാട്ടർ എന്നിവ തുടങ്ങുവാൻ താൽപ്പര്യമുണ്ട്.
- ഗൾഫ് മലയാളികളുടേയും ഗൾഫിൽനിന്നും തിരിച്ചുവന്നവരുടേയും സഹകരണത്തോടെ വ്യവസായം തുടങ്ങുവാൻ താൽപ്പര്യമുള്ളവർ പഞ്ചായത്തിലുണ്ട്.
- മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുകയാണെങ്കിൽ സ്ഥലം നൽകുവാൻ തയ്യാറുള്ളവർ പഞ്ചായത്തിലുണ്ട്.
- പരപ്പൻചിനയിൽ ഒരാണിഫാക്ടറി ഗവൺമെൻറ്

516

ഉടമയിലോ സ്വകാര്യ മേഖലയിലോ സ്ഥാപിക്കണം.

- സ്പിന്നിംഗ് മില്ല്, പായനെയ്ത്ത്, വനിതകൾക്ക് തയ്യൽ പരിശീലനം, സോപ്പ്നിർമ്മാണം എന്നിവയുടെ യൂണിറ്റ്
- വൈദ്യുതോപകരണ നിർമ്മാണ യൂണിറ്റ്
- വനിതാ സഹകരണ സംഘം മുഖേന അച്ചാർ, കറിപൗഡർ, പഴസംസ്ക്കരണ യൂണിറ്റ്
- അലുമിനിയ പാത്രനിർമ്മാണ യൂണിറ്റ്
- ക്ഷീരോത്പാദന യൂണിറ്റ് സഹകരണ മേഖലയിൽ
- ഡയമണ്ട് കട്ടിംഗ്, ഹോളോബ്രിക്സ്, പപ്പടം, മെഴുകുതിരി, ചന്ദനത്തിരി എന്നിവയുടെ യൂണിറ്റ്
- കോക്കനട്ട് ഷെൽപൗഡർ നിർമ്മാണം, ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ.
- ഇളനീർ ജ്യൂസ്, സ്ക്വാഷ്, ജാം എന്നിവയുടെ യൂണിറ്റ്
- കരിങ്കല്ല് ഉപയോഗിച്ചുള്ള ഗാർഹികോപകരണങ്ങളുടെ യൂണിറ്റ്
- സ്ത്രീകൾക്ക് വേണ്ടി ഹരിജൻ കോളനിയിൽ വീവിംഗ് മില്ല് സ്ഥാപിക്കുക.
- ഒര് പി.വിസി. പൈപ്പ് യൂണിറ്റ്

ഗ്രാമ സഭയിൽ നിന്നും ഉരിത്തിരിഞ്ഞ് വന്നിട്ടുള്ള നിർദ്ദേശങ്ങളും സാധ്യതകളും പ്രശ്നങ്ങളുമൊക്കെ നിരവധിയാണ്. ഇവയിൽ നിന്നും പഞ്ചായത്തിൻെറ വ്യവസായ വൽക്കരണത്തിൻെറ അവസ്ഥ വളരെ പരിതാപകരമാണ്. പ്രദേശത്തിൻെറ പൊതുസ്ഥിതി പരിശോധിച്ചാൽ കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായ സ്ഥാപനങ്ങൾക്കാണ് ഏറെ സാധ്യതയെന്ന് മനസ്സിലാവും. ഫ്രൂട്ടി പോലുള്ള സ്ഫോറ്റ് ഡ്രിംഗ്സ് മാർക്കറ്റിൽ വിറ്റഴിക്കുന്നതുപോലെ ഇളനീർ ജ്യൂസ് പാക്ക് ചെയ്ത് വിപണിയിലിറക്കുകയും പഴസംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്താൽ വ്യവസായത്തോടൊപ്പം കാർഷിക മേഖലയും അഭിവൃദ്ധിപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. ഇതേപോലെത്തന്നെ പരമ്പരാഗത തൊഴിൽ മേഖലകളിൽ ആധുനിക വൽക്കരണത്തിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ ഈ മേഖലയെ തട്ടിയുണർത്താനും തൊഴിൽ രംഗത്ത് ഒരു നവോൻമേഷം ഉണ്ടാക്കുവാനും സാധിക്കും. ഉദാഹരണമായി കെട്ടിട നിർമ്മാണം ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ മേഖലയിൽ അതുമായി ബന്ധപ്പെട്ട പുട്ട്, വിജാവിരി, കുറ്റി, കൊളുത്ത് എന്നിവയ്ക്ക് നല്ലവിപണനം ഉണ്ട്. ആയതിനാൽ പരമ്പരാഗതമായി ഈ ഇനത്തിൽ ഇവയുടെ ഉൽപാദനവും ബന്ധപ്പെട്ട തൊഴിലാളികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകിയാൽ ഈ രംഗത്തും വമ്പിച്ച പുരോഗതിയുണ്ടാക്കാം. ജനസംഖ്യയിൽ നല്ലൊരു ശതമാനം ആളുകൾ ഗൾഫുമായി ബന്ധപ്പെട്ടവരായതിനാൽ നിക്ഷേപ രംഗത്ത് അവരുടെ ശേഷി വ്യാവസായിക മേഖലയിലേക്ക് തിരിച്ചുവിടാൻ കഴിഞ്ഞാൽ ഈ മേഖലയിൽ വലിയ മാറ്റം ഉണ്ടാക്കുവാൻ നമുക്ക് കഴിയും. ഇതിനൊക്കെ പുറമെ പ്രാദേശികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും അത് വാങ്ങി ഉപയോഗിക്കുവാനുള്ള താൽപ്പര്യം ഉണ്ടാക്കുവാൻ ആവശ്യമായ ബോധവൽക്കരണവും നടത്തേണ്ടതുണ്ട്.

ഇങ്ങനെയൊക്കെ ചെയ്യുകയാണെങ്കിൽ പ്രദേശത്തെ തൊഴിൽ സാധ്യത വർദ്ധിക്കുകയും തൻമൂലം ജനങ്ങളുടെ ക്രയ ശേഷിയും ആളോഹരി വരുമാനവും ഉയരുകയും അതുവഴി സർവ്വോൻമുഖമായ പുരോഗതിയുണ്ടാവുകയും ചെയ്യും.........

# വിദ്യാഭ്യാസമേഖല

ജില്ലാ ആസ്ഥാനമായ മലപ്പുറത്തുനിന്നും 16 കി.മി. പടിഞ്ഞാറ് മാറി ഊരകം, പറപ്പൂർ, തിരൂരങ്ങാടി, എ.ആർ. നഗർ, തേഞ്ഞിപ്പലം, പള്ളിക്കൽ, നെടിയിരിപ്പ് പഞ്ചായത്തുകൾ അതിരിട്ട് കിടക്കുന്ന വേങ്ങര പഞ്ചായത്ത് 1920 കളിൽ തന്നെ ഭൗതിക വിദ്യാഭ്യാസരംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു.

മത പഠനരംഗത്ത് പള്ളി ദർസുകൾ സ്തുത്യർഹമായ സേവനങ്ങൾ കാഴ്ച്ച വെച്ചപ്പോൾ -മൊല്ലാക്കമാർ നടത്തിവന്ന ഓത്തുപള്ളികൾ എന്നറിയപ്പെട്ടിരുന്ന കുടിപള്ളിക്കൂടങ്ങൾക്ക് തുല്യമായ കേന്ദ്രങ്ങളിൽ ഖുർആൻ ഓതാൻ പഠിപ്പിക്കുന്നതോടൊപ്പം മലയാളം അത്യാവശ്യമായി എഴുതാനും വായിക്കാനും പഠിപ്പിച്ച് തുടങ്ങി. കുലീന കുടുംബങ്ങളിലെ കുട്ടികൾ മാത്രമെ ഇതിനായി മുന്നോട്ട് വന്നുള്ളൂ.

വൈദേശികാധിപത്യത്തിനെതിരെയുള്ള പ്രതിഷേധ സൂചകമായി ഭൗതിക വിദ്യാഭ്യാസത്തിനെതിരെ ഒരു വിഭാഗം പുറം തിരിഞ്ഞ് നിന്നതും വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് കാരണമായി. മേൽപ്പറഞ്ഞ ഓത്തുപള്ളികളിൽ പലതും പിൽക്കാലത്ത് പ്രൈമറി വിദ്യാലയങ്ങളായി അംഗീകരിക്കപ്പെടുകയും ചെയ്തു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ഉയർന്ന് പഠിക്കാനുണ്ടായിരുന്ന-അന്നത്തെ ഏക സാധ്യത 15ൽപ്പരം കി.മി. അകലെയുള്ള മലപ്പുറം ഗവഃ ഹൈസ്ക്കൂൾ മാത്രമായിരുന്നു. 1920കളുടെ ആദ്യത്തിൽ പാലമഠത്തിൽ പുതുപ്പറമ്പിൽ *ചെറാട്ടിൽ* ഏനിക്കുട്ടി സാഹിബിന് ഇന്നത്തെ ഒന്നാം വാർഡിൽ ഒരു പ്രാഥമിക വിദ്യാലയം അനുവദിക്കപ്പെട്ടെങ്കിലും, പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ അംഗീകാരം പിൻവലിക്കുകയുണ്ടായി. ഇതേ കാലയളവിൽ തന്നെയാണ് പുതുപ്പറമ്പിൽ തറവാട്ടുകാരുടെ സൗകര്യാർത്ഥം ഇന്നത്തെ ഒന്നാം വാർഡിൽ ഒറ്റക്കണ്ടത്തിൽ എന്നസ്ഥലത്ത് ഒരു പ്രൈമറി സ്ക്കൂൾ സ്ഥാപിച്ചത്. ഈ സ്ക്കൂളാണ് പിന്നീട് കണ്ണാട്ടിപ്പടിയിലേക്ക് മാറ്റിയ ഇപ്പോഴത്തെ കുറ്റൂർ സൗത്ത് എ.എം.എൽ.പി. സ്ക്കൂൾ. ഇതേ കാലയളവിൽ തന്നെ ഇന്നത്തെ രണ്ടാം വാർഡിൽ ഉള്ളാട്ട് പറമ്പ് എന്ന സ്ഥലത്ത് ഒരു പ്രാഥമിക

വിദ്യാലയം നിലവിൽ വന്നിരുന്നു. ഈ വിദ്യാലയത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കാനായി തിരുവിതാംകൂറിൽനിന്ന് ബഷീർ എന്ന ഒരു അധ്യാപകനെ വരുത്തുകയുണ്ടായി. അദ്ദേഹം ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ നിപുണനായിരുന്നു. ഇന്ന് നാം എഴുതുന്ന "ഈ" എന്ന അക്ഷരത്തിനു പകരം അന്ന് മലബാറിൽ പരക്കെ ഉപയോഗിച്ചുപോന്നിരുന്നത് ഠരം എന്ന അക്ഷര രൂപമായിരുന്നു. പ്രസ്തുത അക്ഷര രൂപം കുട്ടികൾക്കു പഠിക്കുന്നതിനുവേണ്ടി ബോർഡിൽ എഴുതിക്കൊടുത്തത് സ്ക്കൂൾ പരിശോധിക്കാനെത്തിയ ഡെപ്യൂട്ടി ഇൻസ്പെക്റ്ററുടെ ശ്രദ്ധയിൽ പെട്ടു. ഠഈം എന്നെഴുതുന്നത് തെറ്റാണെന്ന് ഇൻസ്പെക്റ്റർ വാദിച്ചപ്പോൾ അധ്യാപകൻ ഉള്ളൂരിൻെറ ഒരു കവിതാപുസ്തകത്തിൽ ഇങ്ങനെ എഴുതിയതായി കാണിച്ചുകൊടുത്തെങ്കിലും ഇൻസ്പെക്റ്റർ അത് അംഗീകരിച്ചില്ല. കുട്ടികൾക്ക് തെറ്റ് പഠിപ്പിച്ച അധ്യാപകനെ പിരിച്ചുവിടാൻ മാനേജരോട് ആവശ്യപ്പെടുകയും, പ്രസ്തുത അധ്യാപകനെ പിരിച്ചുവിടുകയും ചെയ്തു.

1910 കാലഘട്ടത്തിൽ ചാക്കീരി കുഞ്ഞാലൻകുട്ടി അധികാരിയുടെ പറമ്പിൽ ഒരു സ്ക്കൂൾ പ്രവർത്തിച്ചിരുന്നു. തിരുവിതാംകൂർ ഭാഗത്ത് നിന്ന് അബുബക്കർ, ബഷീർ എന്നീ അധ്യാപകർ ഇവിടെ വന്നം പഠിപ്പിച്ചിരുന്നു. പ്രദേശത്തെ പ്രമുഖ വ്യക്തികളുടെ പ്രാഥമിക വിദ്യാഭ്യാസം ഇവിടെയായിരുന്നു.

ചേറൂർ വി.കെ. മാട് പ്രദേശത്ത് കണ്ണേത്ത് കുഞ്ഞമ്മദ് എന്നവരുടെ നേതൃത്വത്തിൽ ഒരുസ്ക്കൂൾ സ്ഥാപിച്ചിരുന്നു. പിൽക്കാലത്ത് ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡണ്ടായിരുന്ന ഖാൻ ബഹദൂർ, കല്ലടി ഉണ്ണി കമ്മുസാഹബിൻെറ നിർദേശപ്രകാരം ഇത് ഗവൺമെൻറ് സ്ക്കൂളാക്കുകയും ചെയ്തു. ഇതേ കാലഘട്ടത്തിൽ ക്ലിനക്കോട് കാവുങ്ങൽ കുടുംബം ഒരു സ്ക്കൂൾ നടത്തിയിരുന്നു. ഇതാണ് ഇന്ന് നിലവിലുള്ള ജി.എൽ.പി.എസ്. ക്ലിനക്കോട്.

മലബാറിലെ മുസ്ലിംകൾക്കിടയിൽ വിദ്യാഭ്യാസ ബോധം വളർത്താനായി നിയമിതനായ ഡെപ്യൂട്ടി ഇൻസ്പെക്റ്റർ ഗഫൂർഷാ ഓത്തുപള്ളികൾ നടത്തുന്ന മൊല്ലാക്കമാരിൽ മലയാളം എഴുതാനും വായിക്കാനും അറിയുന്നവരെ തേടിപ്പിടിച്ച് ടീച്ചേഴ്സ് ട്രെനിംഗിനയക്കുകയും ഓത്തുപള്ളികൾ സ്കൂളുകളാക്കി അംഗീകരിക്കുകയും ചെയ്തു. ഇത്തരം സ്ക്കൂളുകളാണ് പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള പലസ്ക്കൂളുകളും.

കേരളപ്പിറവിക്കുശേഷം വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങൾ പെട്ടെന്നായിരുന്നു. ഇതിനു പിന്നിൽ പഞ്ചായത്തിലെ ഒട്ടനേകം മഹദ് വ്യക്തിത്വങ്ങളുടെ അശ്രാന്ത പരിശ്രമങ്ങളുമുണ്ടായിരുന്നു. ഇതിൽ എടുത്തുപറയേണ്ട വ്യക്തിയാണ് പരേതനായ ചാക്കീരി അഹമ്മദ്കുട്ടി സാഹിബ്. ദീർഘകാലം നമ്മുടെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ചാക്കീരി സാഹിബ് പിന്നീട് മദ്രാസ് അസംബ്ലിയിലും തുടർന്ന് കേരളാ നിയമസഭയിലും അംഗമാവുകയും കേരള വിദ്യാഭ്യാസ മന്ത്രിയും, സ്പീക്കറുമായും പ്രശോഭിക്കുകയും ചെയ്തു. ഈ കാലഘട്ടം വേങ്ങരയുടെ വിദ്യാഭ്യാസ സുവർണ്ണ കാലഘട്ടമായിരുന്നു. ഐക്യകേരളം രൂപപ്പെട്ടതിന് ശേഷം തിരുവിതാംകൂർ, തിരുകൊച്ചി ഭാഗങ്ങളിൽ നിന്നും ധാരാളം അധ്യാപകർ തൊഴിൽ തേടി ഇവിടെയെത്തി. ജോലിക്കായി പുതിയ തസ്തികകൾ നിർമ്മിക്കുന്നതിന് വേണ്ടിയും ലഭിച്ച ജോലി നില നിർത്തുന്നതിന് വേണ്ടിയും വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം നിയമാനുസൃതം നിലനിർത്തേണ്ടത് ആവശ്യമായി വന്നു. ഇതിനായി 1956-60 കാലഘട്ടത്തിൽ അധ്യാപകർ വീടുകൾ തോറും കയറിയിറങ്ങി വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ച് രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്തുകയും കുട്ടികളെ സ്ക്കൂളിൽ എത്തിക്കാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്തു.

1963-64 ൽ പരപ്പനങ്ങാടി വിദ്യാഭ്യാസ ഉപജില്ല ഭാഗിച്ചുകൊണ്ട് വേങ്ങര ആസ്ഥാനമായി വേങ്ങര ഉപജില്ല നിലവിൽ വന്നു. ഈ ഉപജില്ലയിൽ 8 പഞ്ചായത്തുകൾ ഉൾക്കൊള്ളുന്നു. പ്രസ്തുത ഉപജില്ലക്ക് കീഴിലായി 20 പ്രൈമറി വിദ്യാലയങ്ങളും 3 സെക്കണ്ടറി വിദ്യാലയങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലായി മൊത്തം 19646 വിദ്യാർത്ഥികളും 561 അധ്യാപകരും ഉണ്ട്. അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും തരം തിരിച്ച കണക്കുകൾ പട്ടിക 1.എ. യിൽ കൊടുത്തിരിക്കുന്നു.

| പട്ടിക 1.എ അവലംബം ദ്വിതീയ വിവര ശേഖരം ജനകീയാസൂത്രണം | | | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | AMLPS തോട്ടശ്ശേരിയറ | എയിഡഡ് | 306 | 282 | 588 | 6 | 11 | 17 |
| 2 | AMLPS വലിയോറ നോർത്ത് | എയിഡഡ് | 247 | 200 | 447 | 5 | 9 | 14 |
| 3 | AMLPS കുറ്റൂർ സൗത്ത് | എയിഡഡ് | 93 | 75 | 168 | 2 | 5 | 7 |
| 4 | SULPS കുറ്റൂർ | എയിഡഡ് | 150 | 129 | 279 | 7 | 3 | 10 |
| 5 | KMLPS കുറ്റൂർ നോർത്ത് | എയിഡഡ് | 231 | 219 | 450 | 5 | 9 | 14 |
| 6 | AMLPS വേങ്ങര കുറ്റൂർ | എയിഡഡ് | 274 | 267 | 541 | 5 | 11 | 16 |
| 7 | GLPS കിളിനക്കോട് | സർക്കാർ | 186 | 196 | 382 | 7 | 2 | 9 |
| 8 | GLPS തട്ടാഞ്ചേരിമല | സർക്കാർ | 62 | 92 | 154 | 4 | 1 | 5 |
| 9 | GLPS കണ്ണമംഗലം | സർക്കാർ | 98 | 87 | 185 | 3 | 2 | 5 |
| 10 | GLPS എടക്കാപറമ്പ് | സർക്കാർ | 334 | 276 | 610 | 11 | 5 | 16 |
| 11 | GLPS നൊട്ടപ്പുറം | സർക്കാർ | 139 | 108 | 247 | 3 | 3 | 6 |
| 12 | GMLPS ചേറൂർ | സർക്കാർ | 209 | 241 | 450 | 7 | 5 | 12 |
| 13 | MHMAUPS കിളിനക്കോട് | എയിഡഡ് | 192 | 208 | 400 | 7 | 7 | 14 |
| 14 | AMUPS വലിയോറ ഈസ്റ്റ് | എയിഡഡ് | 723 | 609 | 1332 | 20 | 20 | 40 |
| 15 | PMSAUPS വേങ്ങര കുറ്റൂർ | എയിഡഡ് | 284 | 332 | 616 | 4 | 9 | 13 |
| 16 | AUPS എടക്കാപറമ്പ് | എയിഡഡ് | 249 | 257 | 506 | 8 | 10 | 18 |
| 17 | GMUPS ചേറൂർ | സർക്കാർ | 752 | 583 | 1335 | 15 | 14 | 29 |
| 18 | GMUPS വലിയോറ | സർക്കാർ | 420 | 360 | 780 | 6 | 6 | 12 |
| 19 | GUPS കുറുക | സർക്കാർ | 585 | 553 | 1138 | 12 | 15 | 27 |
| 20 | GMUPS കണ്ണമംഗലം | സർക്കാർ | 602 | 524 | 1126 | 13 | 13 | 26 |
| 21 | KMHS കുറ്റൂർ നോർത്ത് | എയിഡഡ് | 868 | 803 | 1671 | 25 | 41 | 66 |
| 22 | GGVHSS വേങ്ങര | സർക്കാർ | 1117 | 2132 | 3249 | 40 | 49 | 89 |
| 23 | PPTMYHS ചേറൂർ | എയിഡഡ് | 1560 | 1432 | 2992 | 69 | 37 | 106 |

ഡിപിഇപി യുടെ കീഴിൽ എം.എൽ.എൽ. (*അവശ്യ പഠന നിലവാര പദ്ധതി*) പ്രകാരം നടപ്പിലാക്കിയ 18 സ്ക്കൂളുകളും പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സർക്കാർ തലത്തിൽ ഒരു വനിതാ ടൈലറിംഗ് ട്രൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സ്വകാര്യമേഖലയിൽ 4 ടൈപ്പ് റൈറ്റിംഗ് പരിശീലന കേന്ദ്രങ്ങളും രണ്ട് കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങളും 4 പ്രൈമറി വിദ്യാലയങ്ങളും 5-ാം വാർഡിൽ ഐ.സി.ഡി.എസ് ന് കീഴിൽ ഒരു നഴ്സറിയും, 8-ാം വാർഡിൽ സി.ബി.എസ്.ഇ. സിലബസോടു കൂടിയ ഒരു സ്കൂളും പ്രവർത്തിക്കുന്നു. കൂടാതെ സ്കൂൾ സമയത്തിന് മുമ്പും വൈകുന്നേരങ്ങളിലുമായി 48 മദ്രസ്സകളും പ്രവർത്തിക്കുന്നു.

ബുദ്ധിമാന്ദ്യമുള്ള കുട്ടികളേയും ബധിര-മൂകരായ കുട്ടികളേയും സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി ചലനം സാമൂഹ്യാധിഷ്ഠിത പുനരധിവാസ കേന്ദ്രം എന്ന പേരിൽ വേങ്ങരയിൽ ഇത്തരം കുട്ടികൾക്കായി വേങ്ങര കച്ചേരിപ്പടിയിൽ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ.ടി. അബ്ദുന്നാസർ സൗജന്യമായി കൊടുത്ത കെട്ടിടത്തിൽ ഒരു സ്കൂൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു. പ്രസ്തുത ചലനം എന്ന സ്ഥാപനം കുട്ടികളിൽ വായനാ ശീലം വളർത്തുന്നതിനു വേണ്ടി റീഡിംഗ് പ്രമോഷൻ ക്ലബ്ബ് നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ കച്ചേരിപ്പടി, ഗാന്ധിക്കുന്ന്, കണ്ണാട്ടിപ്പടി എന്നീ സ്ഥലങ്ങളിൽ ജനകീയ സ്വയാശ്രയ വിദ്യാലയങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. കണ്ണമംഗലം വില്ലേജിലേക്കും പാക്കടപ്പുറായ, ബാലിക്കാട്ട്പ്പുറായ തുടങ്ങിയ സ്ഥലങ്ങളിലും ജനകീയ സ്വാശ്രയ വിദ്യാലംയങ്ങൾ താമസം വിനാ ആരംഭിക്കാനും ഇവർക്ക് പരിപാടിയുണ്ട്. ദേശീയ യുവജന അവാർഡ് നേടിയ കുമാരി കെ.പി. റാബിയയാണ് ചലനത്തിൻെറ പ്രസിഡണ്ട്

ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നതിനു വേണ്ടി വേങ്ങര ടൗണിൽ എ.ഡബ്ല്യു.എച്ച്ൻെറ കീഴിൽ മറ്റൊരു സ്ക്കൂളും പ്രവർത്തിച്ചുകൊണ്ടാരിക്കുന്നു.

ഈ നേട്ടങ്ങളെല്ലാം ഉണ്ടെങ്കിലും പഞ്ചായത്തിൻെറ വിദ്യാഭ്യാസ പരമായ ഇന്നത്തെ അവസ്ഥ വളരെ പിന്നോക്കമാണ് എന്ന് പറയാം. വിദ്യാലയങ്ങൾ ഗണപരമായ വർദ്ധനയുണ്ടായെങ്കിലും ഗുണപരമായ വർദ്ധനവുണ്ടായില്ല എന്ന് മനസ്സിലാകുന്നു. പട്ടിക 1.ബിയിൽ കാണുക.

എസ്.എസ്.എൽ.സി. വിജയശതമാനം - പട്ടിക 1.ബി

| സ്ക്കൂളിൻെറ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| പാണക്കാട് പൂക്കോയതങ്ങൾ മെമ്മോറിയൽ യതീംഖാന ഹൈസ്ക്കൂൾ, ചേറൂർ | 70% | 65% | 47% | 60% | 33% |
| ഗവ: ഗേൾസ് വെക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂൾ, വേങ്ങര | | 22% | 28% | 37% | 10.2% |
| കുഞ്ഞിമൊയ്തു മെമ്മോറിയൽ ഹൈസ്ക്കൂൾ, കുറ്റൂർ നോർത്ത് | 16% | 23% | 21% | 19% | 11% |

അവലംബം - ദ്വിതീയ വിവര ശേഖരം - ജനകീയാസൂത്രണം

S21

സ്ക്കൂളുകളുടെ എണ്ണത്തിലും വിദ്യാഭ്യാസ ചെലവിലും വർദ്ധനയുണ്ടായെങ്കിലും വിദ്യാഭ്യാസത്തിൻെറ ഗുണ നിലവാരം ഉയർന്നില്ലയെന്ന് കാണുന്നു. ഈ നിലവാരത്തകർച്ചക്ക് വ്യാപകമായ ചില കാരണങ്ങൾ കണ്ടെത്താൻ സാധികുന്നു.

1 വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തെറ്റായ ധാരണ.

2 സാമൂഹികമായ പിന്നോക്കാവസ്ഥ.

3 വീട്ടിലെ പഠന പരിമിതി

4 സ്കൂളിലെ പഠന പരിമിതി

5 പഴഞ്ചൻ ബോധന രീതി.

6. അധ്യാപക പരിശീലനത്തിലെ ഗുണനിലവാരക്കുറവ്.

7 മോണിറ്ററിംഗിൻെറ അപര്യാപ്തത.

8 പാഠ്യാനുബന്ധ പ്രവർത്തനങ്ങളോടുള്ള താൽപ്പര്യക്കുറവ്

9 പരീക്ഷമാത്രം ലക്ഷ്യമിട്ടുള്ള വിദ്യാഭ്യാസ രീതി.

10 വിദ്യാഭ്യാസവും മനുഷ്യ ജീവിതവും തമ്മിലുള്ള അന്തരം

11 പ്രാദേശിക ബന്ധപ്പെടലുകളുടെ പോരായ്മ

ഇത്തരം ഒരു റിപ്പോർട്ടിൽ പ്രഥമ പരിഗണയർഹിക്കുന്ന ഒന്നാണ് അക്കാഡമിക് സൗകര്യങ്ങൾ. ക്ലാസ് മുറിയിൽ വീർപ്പുമുട്ടുന്ന കുട്ടികൾക്ക് ഉൻമേഷം പകരാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലാബ്, പഠനോപകരണങ്ങൾ, ദൃശ്യ, ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയുള്ള ബ്ലാക്ക് ബോർഡുകൾ ഉപയോഗയോഗ്യമായ ഫർണ്ണിച്ചറുകൾ എന്നിവ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൻെറ യോഗ്യതകളായി ഗണിക്കപ്പെടുന്നു. ഇവിടുത്തെ വിദ്യാലയങ്ങളിലെ സൗകര്യങ്ങളുടെ പരിമിതിപ്പട്ടിക 1.സി യിൽ കാണാം.

അക്കാദമിക് സൗകര്യ ലഭ്യതപട്ടിക 1.സി

| അവസ്ഥ | ഉണ്ട് | ഇല്ല | പ്രവർത്തനമില്ല |
|---|---|---|---|
| ലൈബ്രറി | 19 | 3 | 1 |
| ലാബ് | 14 | 9 | - |
| പഠനോപകരണങ്ങൾ | 9 | 14 | 2 |
| റേഡിയോ | 17 | 6 | 6 |
| ടേപ്പ് റിക്കോർഡർ | 13 | 10 | - |
| ടെലിവിഷൻ | 1 | 22 | - |
| വി.സി.ആർ | - | 23 | - |
| സിനിമാപ്രൊജക്റ്റർ | - | 23 | - |
| സ്ലൈഡ്പ്രൊജക്റ്റർ | 1 | 22 | - |
| ഓവർഹെഡ്പ്രൊജക്റ്റർ | 1 | 22 | - |
| കംപ്യൂട്ടർ | - | 23 | - |
| ബ്ലാക്ക്ബോർഡ് ആവശ്യമുള്ള സ്ക്കൂളുകൾ | 19 | 4 | - |
| മാതൃസംഗമം | 23 | - | - |
| ക്ലാസ് പി.ടി.എ | 13 | 10 | - |
| സ്ക്കൂൾ പി.ടി.എ | 23 | - | 5 |

അവലംബം - ദ്വിതീയ വിവര ശേഖരം - ജനകീയാസൂത്രണം

മൂത്രപ്പുരയില്ലാത്ത 7ഉം കക്കൂസില്ലാത്ത 13ഉം വൈദ്യുതിയില്ലാത്ത 13ഉം വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. കുടിവെള്ളം, മൂത്രപ്പുര തുടങ്ങി ഭൗതിക സാഹചര്യങ്ങളുടെ ലഭ്യതപ്പട്ടിക 1.ഡിയിൽ കൊടുത്തിരിക്കുന്നു.

## പട്ടിക 1.ഡി — പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ

അവലംബം: ദ്വിതീയ വിവര ശേഖരം ജനകീയാസൂത്രണം

| നമ്പർ | സ്കൂളിന്റെ പേര് | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | കുടിവെള്ളം കിണർ പൈപ്പ് | മൂത്രപ്പുര ഒരുസമയം എത്രപേരിക്ക് | വൈദ്യുതി | കക്കൂസ് |
|---|---|---|---|---|---|---|---|
| 1 | AMLPS തോട്ടശ്ശേരിയറ | 588 | 17 | കിണർ | 10 | ഇല്ല | ഇല്ല |
| 2 | AMLPS കുറ്റൂർ സൗത്ത് | 168 | 7 | കിണർ | 6 | ഇല്ല | ഇല്ല |
| 3 | AMLPS വലിയോറ നോർത്ത് | 447 | 14 | കിണർ | ഇല്ല | ഇല്ല | ഇല്ല |
| 4 | SULPS കുറ്റൂർ | 279 | 10 | കിണർ | 12 | ഇല്ല | ഇല്ല |
| 5 | KMLPS കുറ്റൂർ നോർത്ത് | 450 | 14 | കിണർ പൈപ്പ് | 2 | ഉണ്ട് | 1 |
| 6 | AMLPS വേങ്ങര കുറ്റൂർ | 541 | 16 | കിണർ | 20 | ഇല്ല | 1 |
| 7 | GLPS കിളിനക്കോട് | 382 | 9 | കിണർ | ഉപയോഗശൂന്യം | ഇല്ല | ഉപയോഗശൂന്യം |
| 8 | GLPS തട്ടാഞ്ചേരിമല | 154 | 5 | കിണർ | 20 | ഇല്ല | 2 |
| 9 | GLPS കണ്ണമംഗലം | 185 | 5 | കിണർ ഇല്ല | ഉപയോഗശൂന്യം | ഇല്ല | ഇല്ല |
| 10 | GLPS എടക്കാപറമ്പ് | 610 | 16 | കിണർ | 10 | ഉണ്ട് | ഇല്ല |
| 11 | GLPS നൊട്ടപ്പുറം | 247 | 6 | കിണർ | ഉപയോഗശൂന്യം | ഇല്ല | ഇല്ല |
| 12 | GMLPS ചേറൂർ | 450 | 12 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 13 | MHMAUPS കിളിനക്കോട് | 400 | 14 | കിണർ | 5 | ഇല്ല | ഉപയോഗശൂന്യം |
| 14 | AMUPS വലിയോറ ഈസ്റ്റ് | 1332 | 40 | കിണർ | 20 | ഉണ്ട് | 2 |
| 15 | PMSAUPS വേങ്ങര കുറ്റൂർ | 616 | 13 | കിണർ | 4 | ഇല്ല | ഇല്ല |
| 16 | AUPS എടക്കാപറമ്പ് | 506 | 18 | കിണർ | 5 | ഉണ്ട് | 1 |
| 17 | GMUPS ചേറൂർ | 1335 | 29 | കിണർ | 2 | ഉണ്ട് | 1 |
| 18 | GMUPS വലിയോറ | 780 | 12 | കിണർ | 5 | ഉണ്ട് | 1 |
| 19 | GUPS കുറുക | 1138 | 17 | കിണർ | 20 | ഉണ്ട് | 2 |
| 20 | GMUPS കണ്ണമംഗലം | 1126 | 26 | കിണർ പൈപ്പ് | 12 | ഉണ്ട് | ഇല്ല |
| 21 | PPTMYHS ചേറൂർ | 2992 | 106 | കിണർ പൈപ്പ് | 76 | ഉണ്ട് | 5 |
| 22 | KMHS കുറ്റൂർ നോർത്ത് | 1671 | 66 | കിണർ പൈപ്പ് | 50 | ഉണ്ട് | 4 |
| 23 | GGVHSS വേങ്ങര | 3249 | 89 | കിണർ | ഇല്ല | ഉണ്ട് | ഇല്ല |

| പട്ടിക 1.ഇ അവലംബം ദ്വിതീയ വിവര ശേഖരം ജനകീയാസൂത്രണം | | വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള പട്ടിക | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| നമ്പർ | സ്ക്കൂളിന്റെ പേര് | Std. I | Std. II | Std. III | Std. IV | Std. V | Std. VI | Std. VII | Std. VII | Std. IX | Std. X |
| 1 | AMLPS തോട്ടശ്ശേരിയറ | 152 | 162 | 148 | 126 | | | | | | |
| 2 | AMLPS കുറ്റൂർ സൗത്ത് | 27 | 53 | 55 | 33 | | | | | | |
| 3 | AMLPS വലിയോറ നോർത്ത് | 105 | 120 | 113 | 109 | | | | | | |
| 4 | SULPS കുറ്റൂർ | 60 | 70 | 80 | 69 | | | | | | |
| 5 | KMLPS കുറ്റൂർ നോർത്ത് | 99 | 107 | 120 | 124 | | | | | | |
| 6 | AMLPS വേങ്ങര കുറ്റൂർ | 160 | 123 | 114 | 144 | | | | | | |
| 7 | GLPS കിളിനക്കോട് | 84 | 105 | 102 | 91 | | | | | | |
| 8 | GLPS തട്ടാഞ്ചേരിമല | 41 | 41 | 35 | 37 | | | | | | |
| 9 | GLPS കണ്ണമംഗലം | 41 | 56 | 46 | 42 | | | | | | |
| 10 | GLPS എടക്കാപറമ്പ് | 156 | 141 | 156 | 157 | | | | | | |
| 11 | GLPS നൊട്ടപ്പുറം | 57 | 57 | 70 | 63 | | | | | | |
| 12 | GMLPS ചേറൂർ | 106 | 112 | 121 | 111 | | | | | | |
| 13 | MHMAUPS കിളിനക്കോട് | | | | | 120 | 149 | 131 | | | |
| 14 | AMUPS വലിയോറ ഈസ്റ്റ് | 169 | 193 | 173 | 175 | 223 | 202 | 197 | | | |
| 15 | PMSAUPS വേങ്ങര കുറ്റൂർ | | | | | 222 | 223 | 171 | | | |
| 16 | AUPS എടക്കാപറമ്പ് | | | | | 175 | 167 | 164 | | | |
| 17 | GMUPS ചേറൂർ | 121 | 115 | 148 | 136 | 236 | 303 | 276 | | | |
| 18 | GMUPS വലിയോറ | 87 | 87 | 98 | 78 | 152 | 165 | 113 | | | |
| 19 | GUPS കുറുക | 149 | 148 | 173 | 153 | 174 | 186 | 155 | | | |
| 20 | GMUPS കണ്ണമംഗലം | 123 | 126 | 146 | 123 | 223 | 195 | 190 | | | |
| 21 | PPTMYHS ചേറൂർ | | | | | | | | 1252 | 998 | 742 |
| 22 | KMHS കുറ്റൂർ നോർത്ത് | | | | | 147 | 149 | 181 | 424 | 429 | 341 |
| 23 | GGVHSS വേങ്ങര | 221 | 201 | 237 | 246 | 396 | 454 | 434 | 367 | 377 | 316 |
| ഓരോക്ലാസിലേയും കുട്ടികൾ | | 1958 | 2017 | 2135 | 2017 | 2068 | 2193 | 2012 | 2043 | 1804 | 1399 |

524

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. മലപ്പുറം, തിരൂരങ്ങാടി, കൊണ്ടോട്ടി, എന്നിവിടങ്ങളിലെ കോളേജുകളിലേക്കാണ് കുട്ടികളെ അയക്കുന്നത്. പഞ്ചായത്തിലെ 3 ഹൈസ്ക്കൂളുകളുടേയും വിജയശതമാനം താരതമ്യേന കുറവാണ്. വിജയിക്കുന്നവർക്ക് തന്നെ മാർക്കും കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ ചെറിയൊരു വിഭാഗത്തിനു മാത്രമേ അഡ്മിഷൻ ലഭിക്കുന്നുള്ളൂ. ബാക്കി വരുന്ന നല്ലൊരു ശതമാനം കുട്ടികൾ പാരലൽ കോളേജുകളെ ആശ്രയിക്കുകയാണ്. ഇതിന് പരിഹാരമായി വേങ്ങര ആസ്ഥാനമായി ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം അനുവദിക്കുന്നത് പ്രായോഗികമായിരിക്കും.

പഞ്ചായത്തിൽ നടത്തിയ ഒരു പഠനത്തിൽ നിന്നും ഗവൺമെൻറ് സ്ക്കൂളുകളിൽ സ്വകാര്യ സ്ക്കൂളുകളേക്കാൾ അധ്യാപകരുടെ ഒഴിവ് വളരെ കൂടുതലായി കാണപ്പെടുന്നു. ഇതും വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരത്തകർച്ചക്ക് കാരണമായിത്തീരുന്നു. സർക്കാർ സ്ക്കൂളുകളിൽ യഥാസമയം അധ്യാപകരെ നിയമിക്കുകയും സമയത്തിനുതന്നെ പാഠപുസ്തകങ്ങൾ ലഭ്യമാക്കുകയും വേണം. പഞ്ചായത്തിലെ പല വിദ്യാലയങ്ങളിലും കൊഴിഞ്ഞുപോക്ക് അനുഭവപ്പെടുന്നു. പഞ്ചായത്തിലെ 22 സ്ക്കൂളിലേയും 1-10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ പട്ടിക 1.ഇ- യിൽ കൊടുത്തിരിക്കുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് വളരെയധികം പിന്നിലാണ്. പഞ്ചായത്തിൽ മൊത്തം 22 ഹരിജൻ കോളനികളുണ്ട്. എങ്കിലും വിദ്യാഭ്യാസ മേഖലയിൽ ഈ ഹരിജൻ ആനുപാദം ദൃശ്യമല്ല. ഇതിന് പരിഹാരമായി ഹൈസ്ക്കൂൾ തലത്തിൽ പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനായി സർക്കാർ മേഖലയിൽ ഒരു ട്യൂഷൻ സെൻറർ ഏർപ്പെടുത്തുന്നത് ഗുണകരമായിരിക്കും.

വിദ്യാഭ്യാസ മേഖലയിൽ ഹരിജൻ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സൻ ഗ്രാൻറും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി ലഭ്യമാക്കുന്നത് വിദ്യാഭ്യാസ വളർച്ചക്ക് സഹായകമാവും.


പഞ്ചായത്തിലെ മൊത്തം ഹരിജൻ വിദ്യാർത്ഥികളുടെ കണക്ക് എൽ.പി, യു.പി., എച്ച്..എസ്. എന്നിവ തിരിച്ച് പട്ടിക 1.എഫിൽ കൊടുത്തിരിക്കുന്നു.

| 1.എഫ് | | | | | | | | |
|---|---|---|---|---|---|---|---|---|
| എൽപി. | | | യുപി | | | ഹൈസ്ക്കൂൾ | | |
| പട്ടികജാതി വിദ്യാർത്ഥികൾ | | | പട്ടികജാതി വിദ്യാർത്ഥികൾ | | | പട്ടികജാതി വിദ്യാർത്ഥികൾ | | |
| ആൺ | പെൺ | ശതമാനം | ആൺ | പെൺ | ശതമാനം | ആൺ | പെൺ | ശതമാനം |
| 252 | 231 | 6.661% | 214 | 227 | 6.96% | 191 | 246 | 8.33% |
| | ആകെകുട്ടികൾ | | | | | | | |
| 3842 | 3409 | - | 3234 | 3099 | - | 2161 | 3085 | - |
| അവലംബം- ദ്വിദീയ വിവര ശേഖരം - ജനകീയാസൂത്രണം | | | | | | | | |

പഞ്ചായത്തിലെ പ്രൈമറി സ്ക്കൂളുകളിൽ വിദ്യാർത്ഥികളുടെ ബാഹുല്യം കാണപ്പെടുന്നു. ഹൈസ്ക്കൂളുകൾ വേണ്ടത്ര പഞ്ചായത്തിൽ ഇനിയും ആവശ്യമായി വരുന്നു. ഇന്ന് പ്രൈമറി തലങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ മൂന്നിൽ രണ്ടു ഭാഗത്തിനു പഠിക്കാൻ മാത്രമേ ഹൈസ്ക്കൂൾ സൗകര്യങ്ങൾ നിലവിലുള്ളു.

പഞ്ചായത്തിലെ ഹൈസ്ക്കൂൾ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പട്ടിക 1 ജി. യിൽ കാണുക.

## പട്ടിക-1.ജി



S26

പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന ചില പൊതു നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1 പാക്കടപുറായയിലും, ബാലിക്കാട് പ്രദേശത്തും, പൂച്ചോലമാട്ടിലും ഓരോ പ്രീപ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കുക.

2 ആയിരം ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന ഐ.സി.ഡി.എസ്. തത്വത്തിനനുസൃതമായി പഞ്ചായത്തിൽ 35 അംഗൻവാടികൾ കൂടി സ്ഥാപിക്കുക.

3 പാക്കടപ്പുറായയിൽ ഒരു ഹൈസ്ക്കൂൾ അനുവദിക്കുക. ഈ പ്രദേശത്തുള്ള കുട്ടികൾ ഒരു വയൽ കടന്നുവേണം തൊട്ടടുത്ത സ്ക്കൂളായ കുറ്റൂർ നോർത്തിലെത്തിപ്പെടാൻ വർഷക്കാലങ്ങളിൽ ഇത് വളരെയധികം പ്രയാസമുണ്ടാക്കുന്നു. അത്കൊണ്ട് പഞ്ചായത്തിലെ 1,2,3 വാർഡുകൾക്ക് സൗകര്യപ്രദമായിരിക്കും പ്രസ്തുത ഹൈസ്ക്കൂൾ പരപ്പൻചിന ഭാഗത്തുള്ള 4 ഏക്കർ മിച്ചഭൂമി ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. പാക്കടപുറായയിൽ ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രം അനുവദിക്കണമെന്നും വാർഡ് നിവാസികൾ ആവശ്യപ്പെട്ടു.

4 പഞ്ചായത്തിലെ ഒരു ഗവൺമെൻറ് എൽ.പി.സ്ക്കൂളും ഒരു സ്വകാര്യ യു.പി.സ്ക്കൂളുകളുമുള്ള പ്രദേശമാണ് എടക്കാപ്പറമ്പ് ഈ ഗവൺമെൻറ് എൽ.പി.സ്ക്കൂളിന് മതിയായ ബിൽഡിംഗ് സൗകര്യങ്ങളോ, ഫർണ്ണിച്ചറുകളോ ഇല്ല മാത്രമല്ല ഈ സ്ക്കൂളിൻെറ കളിസ്ഥലം ഉപയോഗപ്രദമല്ല. കളിസ്ഥലം നിരപ്പാക്കുകയും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുകയും ചെയ്താൽ ഇവിടത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനാവും.

5 വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് പഞ്ചായത്തിൻെറ വടക്കേയറ്റത്ത് നിൽക്കുന്ന അഞ്ചാം വാർഡ് 1950 കളിൽ സ്ഥാപിതമായ തോട്ടശ്ശേരിയറ എ.എം.എൽ.പി. സ്ക്കൂളാണ് ഈ വാർഡിലെ ഏക പ്രാഥമിക വിദ്യാലയം. ഉന്നത വിദ്യാഭ്യാസത്തിനായി ഈ പ്രദേശത്തുകാർ ആശ്രയിക്കേണ്ടിവരുന്നത് 7 കി.മി. അകലെയുള്ള ചേറൂർ ഹൈസ്ക്കൂളിനേയൊ, 5 കി.മി. അകലെയുള്ള കുറ്റൂർ ഹൈസ്ക്കൂളിനേയൊ, 8 കി.മീ. അകലെയുള്ള കുണ്ടോട്ടി ഹൈസ്ക്കൂളിനേയൊ, 6 കി.മി. അകലെയുള്ള പെരുവള്ളൂർ ഹൈസ്ക്കൂളിനേയൊ, 6 കി.മി. അകലെയുള്ള ചെണ്ടപ്പുറായ ഹൈസ്ക്കൂളിനേയൊയാണ് ദീർഘിച്ച ഈ ദൂരം പെൺകുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കുന്നു. ഈ ദുസ്ഥിതിക്കുള്ള ഏകപോംപഴി തോട്ടശ്ശേരിയറയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കലാണ്. ഇത് സ്വകാര്യമേഖലയിലാണെങ്കിലും, ട്രസ്റ്റ് മേഖലയിലാണെങ്കിലും ആവശ്യമായ സ്ഥലവും കെട്ടിടങ്ങളും നൽകാൻ തദ്ദേശവാസികൾ തയ്യാറാണ്.

പാലക്കാവളപ്പിലുള്ള പഞ്ചായത്ത് നഴ്സറി സ്ക്കൂൾ എൽ.പി.സ്ക്കൂളായി ഉയർത്തിയാൽ ഈ പ്രദേശത്തെ പ്രൈമറി വിദ്യാഭ്യാസ പ്രശ്നങ്ങൾ തീർക്കാം. സാക്ഷരതാ പ്രവർത്തനം ജനകീയമാക്കിയാൽ മുതിർന്നവരുടെ നിരക്ഷരത ഏറെക്കുറേ കുറക്കാം.

6. ആറാം വാർഡിൽ 2 സർക്കാർ പ്രൈമറി വിദ്യാലയങ്ങളുണ്ട്. കണ്ണമംഗലത്ത് അന്നത്തെ അധികാരിയുടെ ശ്രമഫലമായി 1927ൽ സ്ഥാപിച്ച പടപ്പറമ്പ് ജി.എൽ.പി.സ്ക്കൂളും-*കണ്ണമംഗലം* നൊട്ടപ്പുറം ജി.എൽ.പി.സ്ക്കൂളും. മേൽപ്പറഞ്ഞ രണ്ട് സ്ക്കൂളുകളിലും പ്രാഥമിക സൗകര്യങ്ങളൊന്നുമില്ല. ഇവിടെ കുടിവെള്ളം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. നൊട്ടപ്പുറം ജി.എൽ.പി.സ്ക്കൂൾ യു.പി. സ്ക്കൂളാക്കി അപ്ഗ്രേഡ് ചെയ്താൽ ഈ പ്രദേശത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സാധിക്കും. എസ്.എസ്.എൽ.സി. കഴിഞ്ഞ കുട്ടികൾക്കായി ഒരു തൊഴിൽ പരിശീലന കേന്ദ്രം നൊട്ടപ്പുറത്ത് സ്ഥാപിക്കണം.

7. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കണ്ണമംഗലം ജി.യു.പി. സ്ക്കൂൾ മാത്രമാണ് 7-ാം വാർഡിൽ ആകെയുള്ള വിദ്യാലയം. അധ്യാപകരുടെ കുറവാണ് ഈ സ്ക്കൂളിൻെറ മുഖ്യമായ പ്രശ്നം. ഈ വാർഡിൻെറ വടക്കുപ്രദേശമായ ചെറേക്കട് അനുവദിച്ച ഏകാധ്യാപക വിദ്യാലയം *ഡി.പി.ഇ.പി* ഒരു എൽ.പി. സ്ക്കൂളായി ഉയർത്തേണ്ടത് അത്യാവശ്യമാണ്. ഈ പ്രദേശത്തെ കുട്ടികൾ ഇപ്പോൾ ആശ്രയിക്കുന്നത് തോട്ടശ്ശേരിയറ എൽ.പി.സ്ക്കൂളിനെയാണ്. ചൂലൻകുന്ന്, ചെള്ളിവളപ്പ് പ്രദേശത്ത് ഒരു പ്രീ പ്രൈമറി വിദ്യാലയം ആരംഭിക്കേണ്ടതാണ്.

8 ഒരു എൽ.പി. സ്ക്കൂളും, ഒരു യു.പി.

S27

സ്ക്കൂളുമുള്ള 8-ാം വാർഡിൽ മുതുവിൽ കുണ്ടിൽ ഒരു പ്രൈമറി സ്ക്കൂൾ അനുവദിക്കേണ്ടത് അത്യാവശ്യമാണ്. ഇവിടെയുള്ള എൽ.പി. സ്ക്കൂളിൽ കൂടുതൽ അധ്യാപകരെ നിയമിക്കണം. കിളിനക്കോട ഒരു ഹൈസ്ക്കൂൾ അനുവദിക്കണം. ഇത് ഊരകം പഞ്ചായത്തിലെ പാറക്കണ്ണി, പൂളാപ്പീസ് എന്നീ പ്രദേശങ്ങളിലുള്ളവർക്കും ഉപയോഗപ്പെടും.

9 9-ാം വാർഡിലെ ചേറൂർ ജി.എൽ.പി. സ്ക്കൂൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് സൗകര്യങ്ങൾ വളരെ കുറവാണ്. സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചേറൂർ ജി.എൽ.പി. സ്ക്കൂളിനും വേണ്ടത്ര സൗകര്യങ്ങളില്ല. ഈ രണ്ട് സ്ക്കൂളുകൾക്കും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കണം. ഈ വാർഡിലെ ഹരിജൻ കോളനികളിൽ ജി.എൽ.പി. സ്ക്കൂൾ സ്ഥാപിക്കണം.

10 പഞ്ചായത്തിൽ ഒരു വിദ്യാലയം പോലുമില്ലാത്ത വാർഡാണ് 10-ാം വാർഡ്. പിഞ്ചുകുട്ടികൾക്ക് സർക്കാർ ഗേൾസ് ഹൈസ്ക്കൂളിൽ എത്തിപ്പെടാൻ പ്രയാസമാണ്. അതുകൊണ്ട് ഉപയുക്തമായ സ്ഥലത്ത് ഒരു എൽ.പി.സ്ക്കൂൾ അനുവദിക്കേണ്ടതാണ്.

11 ജി.ജി.വി.എച്ച്.എസ്. 11-ാംവാർഡിൽ സ്ഥിതിചെയ്യുന്നു. 1910ൽ സ്ഥാപിതമായ ഈ സ്ക്കൂൾ. 1939ൽ ഹയർ എലിമെൻഡറി സ്ക്കൂളാക്കി ഉയർത്തുകയും 1959ൽ ഹൈസ്ക്കൂളായെങ്കിലും വേങ്ങര ഹൈസ്ക്കൂൾ എന്ന പേരിൽ ഊരകം പഞ്ചായത്തിലേക്ക് മാറ്റി സ്ഥാപിച്ചു. 1984ൽ വീണ്ടും ഗേൾസ് ഹൈസ്ക്കൂളായും പിന്നീട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായും ഉയർന്നു. ഗേൾസ് ഹൈസ്ക്കൂളിന് അത്യാവശ്യമായി 40 മുറികളുള്ള ഒരു കെട്ടിടം അടിയന്തിരമാണ്. ഈ സ്ക്കൂൾ നിർബന്ധമായും എൽ.പി, യു.പി, എച്ച്.എസ്. വി.എച്ച്.എസ്. എന്നിങ്ങനെ നാലായി ഭാഗിക്കേണ്ടതും അത്യാവശ്യമാണ്. വാർഡിൽ ഒരു ഐ.ടി.ഐയും, നഴ്സറി സ്ക്കൂൾ ടീച്ചേഴ്സ് ട്രൈനിംഗ് കോളേജും അനുവദിക്കണം.

12 12-ാം വാർഡിലാണ് കുറുക ജി.യു.പി.സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. സ്ഥല സൗകര്യങ്ങ ളുണ്ടെങ്കിലും ആവശ്യത്തിന് ഫർണിച്ചറുകളില്ല നല്ലൊരു ലൈബ്രറിയും, ലാബും, ഓഡിയോവിഷ്വൽ ഉപകരണങ്ങളും ആവശ്യപ്പെടുന്നു. കുറുക ജി.യു.പി.സ്ക്കൂൾ ഹൈസ്ക്കൂളാക്കി ഉയർത്തിയാൽ ഇവിടത്തെ ഹൈസ്ക്കൂൾ വിദ്യാഭ്യാസ പ്രശ്നം പരിഹരിക്കാൻ സാധികും. ഈ വാർഡിൽ ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം ആവശ്യമാണ്. വേങ്ങര പഞ്ചായത്തിൽ ഒരു കോളേജ് അനുവദിക്കണം.

13 13-ാം വാർഡിൽ ഒരു അംഗീകൃത യു.പി.സ്ക്കൂൾ മാത്രമാണ് ഉള്ളത്. ഹൈസ്ക്കൂൾ വിദ്യാഭ്യാ സത്തിന് ഇവിടെയുള്ള കുട്ടികൾ വളരെയധികം പ്രയാസപ്പെടുന്നു. 4കി.മി. മുതൽ 8.കി.മി. വരെ അകലമുള്ള വിദ്യാലയങ്ങളായ വേങ്ങര ഗേൾസ് ഹൈസ്ക്കൂൾ, വേങ്ങര ഹൈസ്ക്കൂൾ, ചേറൂർ യതീംഖാന ഹൈസ്ക്കൂൾ എന്നിവയെയാണ് ആശ്രയി ക്കുന്നത്. ഇതിന് പരിഹാരമായി വാർഡിൽ ഒരു ഹൈസ്ക്കൂൾ അനുവദിച്ചാൽ പുഴയുടെ മറുകരയിൽ കിടക്കുന്ന തിരൂരങ്ങാടി തെന്നല പഞ്ചായത്തുകൾക്കുകൂടി പ്രയോജനകരമാകും. വാർഡിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കണം. പാഠപുസ്തക വിതരണത്തിന് പഞ്ചായത്ത്തല സംവിധാനമേർപ്പെടുത്തിയാൽ സൗകര്യപ്രദമായിരിക്കും.

14 പാലച്ചിറമാട് പ്രവർത്തിക്കുന്ന വലിയോറ ജി.യു.പി. സ്ക്കൂളിന് അടിയന്തിരമായും ഇരുപത് ക്ലാസ് മുറികളെങ്കിലും നിർമ്മിക്കണം. ഇതൊരു ഗേൾസ് ഹൈസ്ക്കൂളായോ, ടെക്നിക്കൽ ഹൈസ്ക്കൂളായോ ഉയർത്തുക. മാതാട് ഭാഗത്ത് ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കുക. സ്ക്കൂളുകളിൽ ഉച്ചകഞ്ഞി സംവിധാനം നടപ്പിലാക്കണം

15 കച്ചേരിപ്പടിയിൽ ഒരു എൽ.പി. സ്ക്കൂൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ഇവിടെ ഒരു യു.പി. സ്ക്കൂൾ അനുവദിച്ചാൽ സൗകര്യപ്രദമാകും. കച്ചേരിപ്പടിയിൽ ഒരു ഐ.ടി.ഐ സ്ഥാപിക്കുക.

വിദ്യാഭ്യാസത്തിൻെറ പരമ പ്രധാനമായ ലക്ഷ്യം സാമൂഹ്യമായും, സാംസ്ക്കാരികമായും ഒരു നല്ല മനുഷ്യനെ സൃഷ്ടിക്കുക എന്നതാണല്ലോ. ഇന്നത്തെ വിദ്യാഭ്യാസരീതി ഈ ലക്ഷ്യത്തിന് എത്രകണ്ട് ഫലപ്രദമാകുന്നു എന്നതും സജീവ ചർച്ചക്ക് വിഷയീഭവിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ ഇന്ത്യക്ക് തന്നെ മാതൃകയായി നമ്മുടെ സംസ്ഥാനം മുന്നിൽ നിൽക്കുന്നു. സാർവത്രികവും, സൗജന്യവുമായ

S28

പ്രൈമറി വിദ്യാഭ്യാസം നിലവിലുള്ളയും നമ്മുടെ സംസ്ഥാനത്താണ്. എന്നിട്ടും വിദ്യാഭ്യാസ ഗുണ നിലവാരത്തിൽ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മൾ 18-ാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടുന്നു. ജനകീയമായി വിദ്യാഭ്യാസ ആസൂത്രണം നടക്കുമ്പോൾ ചർച്ചകൾ നീങ്ങേണ്ടത് ഇതിനൊരു പരിഹാരം കാണുന്നതിനായിരിക്കണം. നമ്മുടെ പഞ്ചായത്തിലെ 3 ഹൈസ്കൂളുകൾ കേന്ദ്രമാക്കി 3 സ്ക്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കാവുന്നതാണ്. അനുപൂരക വിദ്യാഭ്യാസസമ്പ്രദായത്തിലൂടെയും പഞ്ചായത്തിലെ വിദ്യാഭ്യാസ നില മെച്ചപ്പെടുത്താൻ കഴിയും. ഇതേ രീതിയിൽ കാര്യക്ഷമമായ മോണിറ്ററിംഗും വിദ്യാഭ്യാസത്തിൻെറ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്. ഇതിനായി പഞ്ചായത്ത് തലത്തിൽ ഹെഡ്മാസ്റ്റർ മാരെയും മറ്റുവിദഗ്ദരേയും ഉൾപ്പെടുത്തി മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിലെ ചില എയ്ഡഡ് സ്ക്കൂളുകളടക്കം പല വിദ്യാലയങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ബഹുദൂരം പിന്നിലാണ്. ബെഞ്ച്, ഡസ്ക്ക്, ബ്ലാക്ക് ബോർഡ് എന്നിവപോലുമില്ലാത്ത വിദ്യാലയങ്ങളെ സഹായിക്കാൻ പഞ്ചായത്തും ജനങ്ങളും മുന്നിട്ടിറങ്ങണം. ഇതിനായി വാർഡ്തല വിദ്യാഭ്യാസ സമിതി രൂപീകരിക്കാവുന്നതാണ് പ്രസ്തുത സമിതി വാർഡ് തലങ്ങളിൽ ആവശ്യമായ പഠനം നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി-ആവശ്യമായ നിർദ്ദേശങ്ങളും ട്യൂഷനുകളും നൽകാവുന്നതാണ്. തൊഴിൽ മാത്രം ലക്ഷ്യമാക്കി വിദ്യതേടുന്ന ആധുനിക യുഗത്തിൽ പഞ്ചായത്തിനാവശ്യം തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. വിദ്യാഭ്യാസം എന്നത് ഒരു ജോലി നേടാനുള്ള മാർഗ്ഗം മാത്രമാണ് എന്നുള്ള ഇന്നത്തെ ചിന്താഗതി മാറേണ്ടിയിരിക്കുന്നു. ഇതിനായി പാഠ്യവിഷയങ്ങൾ പോലെതന്നെ പാഠ്യേതര വിഷയങ്ങൾക്കും പ്രാമുഖ്യം നൽകേണ്ടതാണ്. കയ്യെഴുത്തുമാസികകൾ, സാഹിത്യസമാജങ്ങൾ, സയൻസ്-സ്പോട്സ് ക്ലബ്ബുകൾ, ക്വിസ് മത്സരങ്ങൾ, മാസ്ഡ്രിൽ, പഠനവിനോദയാത്രകൾ എന്നിവയിലൂടെ വിദ്യാർത്ഥികളെ പാഠ്യരംഗവുമായി കൂടുതൽ അടുപ്പിക്കാൻ സാധിക്കും. പഞ്ചായത്തിൻെറ വിദ്യാഭ്യാസരംഗത്ത് അടിയന്തിരമായി നടപ്പിലാക്കേണ്ടതും, ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നതുമായ ചില പ്രധാന നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു. ഇവ അടിയന്തിരമായി നടപ്പിലാക്കിയാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാനാവും.

ലോപർപ്രൈമറി സ്ക്കൂളുകൾ

8-ാം വാർഡിലെ മുതുവിൽ കുണ്ടിലും വി.കെ. മാട്ടിലും 7-ാം വാർഡിലെ ചെറേക്കാട്ടും 10-ാം വാർഡിലെ വേങ്ങര വെട്ട് തോടിലും 1-ാം വാർഡിലെ മാതാടും, 5-ാം വാർഡിലെ പാലക്കാവളപ്പിലും എൽ.പി.സ്ക്കൂളുകൾ അനുവദിക്കുക.

അപ്പർപ്രൈമറി സ്ക്കൂളുകൾ


15-ാം വാർഡിലെ കച്ചേരിപ്പടിയിൽ ഒരു യു.പി.സ്ക്കൂളുകൾ അനുവദിക്കുക.

ഹൈസ്ക്കൂൾ

1-2-3 വാർഡുകൾ കൂടിച്ചേരുന്ന **പാക്കടപുറായയിലും** പഞ്ചായത്തിലെ 4-5-6 വാർഡുകൾക്കുവേണ്ടിയും സമീപപ്രദേശങ്ങളായ എ.ആർ.നഗർ, തേഞ്ഞിപ്പലം, പള്ളിക്കൽ, നെടിയിരുപ്പ് പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും ഉപയുക്തമാകുന്ന രീതിയിൽ **തോട്ടശ്ശേരിയറയിൽ** സ്ഥാപിക്കുക. പ്രസ്തുത ഹൈസ്ക്കൂൾ ചുറ്റുപാടുകളിലായി സ്ഥിതി ചെയ്യുന്ന അഞ്ച് ഹരിജൻ കോളനികളിലെ വിദ്യാർത്ഥികൾക്കും സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉപയോഗപ്രദമായിരിക്കും.

വാർഡിലെ ഹൈസ്ക്കൂൾ പഠന സൗകര്യങ്ങളെക്കുറിച്ച് വിദ്യാഭ്യാസ പ്രവർത്തകർ നടത്തിയ പഠനം കാണുക.

8-ാം വാർഡിലെ കിളിനക്കോട് പ്രദേശത്ത് ഒരു ഹൈസ്ക്കൂൾ അത്യാവശ്യമാണ്. വിശാലമായ ഈ വാർഡിലെ വി.കെ.മാട്, മുതുവിൽ കുണ്ട്, മണ്ണാത്തിപ്പറമ്പ്, കിളിനക്കോട്, ഊരകം മലപ്രദേശത്തുള്ളവർക്ക് ഇപ്പോൾ 2 മുതൽ 6 കി.മി. വരെ യാത്രചെയ്ത് വേണം സമീപ പ്രദേശത്തെ ഹൈസ്ക്കൂളിലെത്താൻ. കൂടാതെ ഊരകം പഞ്ചായത്തിലെ പൂളാപ്പീസ് തൊട്ട് എടരിപ്പറമ്പ്, കുണ്ടിൽ വട്ടപ്പറമ്പ് അഞ്ചുപറമ്പ്. കൂടലിക്കുണ്ട്, മാലറമ്പ് എന്നീ സ്ഥലങ്ങളിലെ നിവാസികൾക്കും ഇത് ഉപകാരപ്രദമായിരിക്കും. 13-ാം വാർഡിലെ പുത്തനങ്ങാടിയിലും തെന്നല, എടരിക്കോട്




അഞ്ചാം വാർഡിലെ ഹൈസ്ക്കൂൾ സൗകര്യങ്ങൾ

പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കുകൂടി സൗകര്യപ്രദമായ രീതിയിലും പഞ്ചായത്തിൽ 4 ഹൈസ്ക്കൂൾ സ്ഥാപിക്കുക. 14-ാം വാർഡിലെ ജി.യു.പി. സ്ക്കൂളിന് 10 ക്ലാസ് മുറികളും, വേങ്ങര ഗേൾസ് ഹൈസ്ക്കൂളിന് 40 ക്ലാസ് മുറികളും അടിയന്തിരമായി നിർമ്മിക്കുകയും, അതോടൊപ്പം തന്നെ വിദ്യാർത്ഥി ബാഹുല്യം കൊണ്ട് വീർപ്പ് മുട്ടുന്ന വേങ്ങര സർക്കാർ ഗേൾസ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂൾ ഭാഗിച്ച് എൽ.പി., യു.പി, ഹൈസ്ക്കൂൾ പ്ലസ് ഹയർസെക്കണ്ടറി എന്നിങ്ങനെ മൂന്നായി ഭാഗിക്കുക.

ഗവൺമെൻറ് ഹൈസ്ക്കൂളിലെ അധ്യാപകരുടെ ഒഴിവുവന്ന തസ്തികതൾ എത്രയും പെട്ടന്ന് നികത്തുക. പാഠപുസ്തക വിതരണത്തിന് പഞ്ചായത്ത് തലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തുക. വിസ്തൃതമായ വേങ്ങര വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് പ്രവർത്തന സൗകര്യം വർദ്ധിപ്പിക്കുക. പഞ്ചായത്ത് തലത്തിൽ സ്ക്കൂൾ കോംപ്ലക്സുകൾ ഹൈസ്ക്കൂൾ കേന്ദ്രമാക്കി പ്രവർത്തനമാരംഭിക്കുക. സ്ക്കൂൾ കേന്ദ്രമാക്കി പൂർവ്വ വിദ്യാർത്ഥിസംഘടന രൂപീകരിക്കുക.

വാർഡ് തലത്തിൽ മുഴുവൻ ജനങ്ങളേയും ഉൾപ്പെടുത്തി സ്ക്കൂൾ സംരക്ഷണ സമിതി രൂപീകരിക്കുക. സ്ക്കൂൾ പരിസരത്ത് മയക്കുമരുന്ന് വിൽപ്പന തട്ടിക്കൊണ്ടുപോകൽ എന്നിവ തടയാൻ ഈ സമിതി സഹായകമാവും.

എസ്.എസ്.എൽ.സി.ക്ക് പഠിക്കുന്ന കുട്ടികൾക്ക് പിന്നോക്കം നിൽക്കുന്ന വിഷയങ്ങൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ ഈ സ്കൂൾ സംരക്ഷണസമിതിയുടെ കീഴിൽ നടത്തുക.

അധികാരം ജനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വികസനത്തിൻെറയും ആവശ്യങ്ങളുടേയും പുത്തൻ നിർദേശങ്ങൾ ജനങ്ങളിൽ നിന്ന് ഉയർന്ന് വരികയും ചെയ്യുന്ന പ്രതീക്ഷാനിർഭരമായ വേളയിൽ വേങ്ങര ഗ്രാമപഞ്ചായത്തിൻെറ അനിവാര്യമായ ആവശ്യങ്ങൾ ചർച്ചകൾക്കും പുതിയ നിർദ്ദേശങ്ങൾക്കുമായി വികസന സെമിനാർ മുമ്പാകെ പ്രതീക്ഷാപൂർവ്വം സമർപ്പിക്കട്ടെ!

530

# കുടിവെള്ളവും, പൊതുജനാരോഗ്യവും

## കുടിവെള്ളം:

പൊതുജനാരോഗ്യ രംഗം ശക്തിപ്പെടുത്തുന്നതിൽ, ശുദ്ധ ജലത്തിനും, ശുചിത്വമുള്ള പരിസരത്തിനും, ശുദ്ധമായ അന്തരീക്ഷത്തിനുമുള്ള പങ്ക് വളരെ പ്രധാനമാണ്. പഞ്ചായത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണം മേൽപ്പറഞ്ഞ കാര്യങ്ങളുടെ അഭാവമാണ്. അന്തരീക്ഷ മലിനീകരണം ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണെങ്കിലും, ശുദ്ധജലത്തിന്റെ അപര്യാപ്തതയും, പരിസരമലിനീകരണവും ഇവിടുത്തെ ആരോഗ്യ പ്രശനങ്ങൾക്ക് കൂടുതൽ കാരണമാണ്.

ഈ പഞ്ചായത്തിലെ ശുദ്ധജല സ്രോതസ്സുകളെക്കുറിച്ചും, ദൗർലഭ്യത്തെക്കുറിച്ചും ഗ്രാമസഭകളിൽ നിന്നും. ഉയർന്നനുവന്ന വിലയിരുത്തലുകളും, പഞ്ചായത്ത് സ്ഥിതിവിവരക്കണക്കുകളും പരിശോധിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

ഈ പഞ്ചായത്തിലെ 90% ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ്. ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിലെ ഏതാണ്ട് 45% ഭാഗങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നു. KWAയുടെ രണ്ട് ജലവിതരണ പദ്ധതികളുള്ളതിൽ ഒന്നിൽ നിന്നു മാത്രമാണ്. ജലവിതരണം നടക്കുന്നത്. (വേങ്ങര ആയുർവ്വേദ ആശുപത്രിക്കു സമീപം) പഞ്ചായത്തിൽ 12 ടാപ്പുകളും, 33 പൊതുകിണറുകളും, 25 കുഴൽകിണറുകളും ഉണ്ട്. പൊതു കിണറുകളും, കുഴൽക്കിണറുകളും വേണ്ടത്ര പ്രയോജനപ്രദമല്ല.

## ശുദ്ധജലസ്രോതസ്സുകൾ:

പട്ടിക ഒന്ന് കാണുക.

ശുദ്ധജല സ്രോതസ്സുകൾ
(കുടിവെള്ളം പട്ടിക 1)

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 33 | -- | 8900 | -- | 25 | 8958 |

531

| (കുടിവെള്ളം പട്ടിക 2 KWA. പദ്ധതികൾ) | | |
|---|---|---|
| ചേറൂർ | വേങ്ങര | മൊത്തം ടാപ്പുകൾ |
| 1<br>(വിതരണം തുടങ്ങിയയിട്ടില്ല.) | 1 | 12 |

1995-96ൽ, വേങ്ങര സി. എച്ച്, സി. യുടെ കണക്കനുസരിച്ച് 1427 പേർക്ക് ജലജന്യരോഗങ്ങൾ ബാധിക്കുകയുണ്ടായി. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും വേനൽക്കാലത്ത് കുടിവെള്ളം ശേഖരിക്കുവാൻ 2 - 4 കി. മീ. ദൂരം സഞ്ചരിക്കേണ്ടി വരുന്നു. ഗ്രാസഭകളിൽ നിന്നുമുയർന്നുവന്ന പരിഹാരമാർഗ്ഗങ്ങളും പഞ്ചായത്തിന് മൊത്തം ബാധകമാക്കാവുന്ന നിർദ്ദേശങ്ങളും സൂക്ഷ്മ വിശകരണത്തിനായി താഴെ ചേർത്തിട്ടുള്ള പട്ടിക മൂന്നിൽ വാർഡ് തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

## കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും, പരിഹാരമാർഗ്ഗങ്ങളും.

(അടിസ്ഥാനം പട്ടിക 3)

### ചെറുകിട ശുദ്ധജല പദ്ധതികൾ.

പഞ്ചായത്തിൽ നിലവിലുള്ള പൊതുകുളങ്ങൾ വൃത്തിയാക്കി ആഴം കൂട്ടി, ശുദ്ധജല സംഭരണികളാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന കടലുണ്ടിപുഴക്ക് യോജ്യമായ സ്ഥലങ്ങളിൽ തടയണ കെട്ടിയാൽ സമീപപ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. ഗ്രൗണ്ട് വാട്ടർ വകുപ്പ് സർവ്വേയിൽ കണ്ടെത്തിയ ജലസമ്പന്നമായ സ്ഥലങ്ങളിൽ കിണറുകളും, കുഴൽക്കിണറുകളും കുഴിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

മറ്റ് നിർദ്ദേശങ്ങൾ:

പറമ്പുകളിൽ വരമ്പിട്ടും, ഉയർന്ന സ്ഥലങ്ങളിൽ വെള്ളം കെട്ടി നിൽക്കാൻ കുഴികൾ നിർമ്മിച്ചും മണ്ണിൻെറ ജലസംരഭരണശേഷി വർദ്ധിപ്പിച്ചും. ഇതിനായി ബോധവൽക്കരണവും നടത്തേണ്ടതാണ്.

കൃഷിവകുപ്പ് മുഖേനയുള്ള നീർമറി പ്രദേശ സജ്ജീകരണവും ആലോചോക്കാവുന്നതാണ്.

നിലവിലുള്ള തോടുകൾ സംരക്ഷിച്ച് ബണ്ടുകൾ നിർമ്മിക്കുക.

## ആരോഗ്യം

2000 -ാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിലെത്താൻ, പഞ്ചായത്തിൽ സമഗ്രമായ ഒരു പൊതുജനാരോഗ്യ പരിപാടി ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ ആരോഗ്യമേഖലയുടെ ചരിത്രം താഴെപ്പറയുന്ന രീതിയിൽ വിശകലനം ചെയ്യാം.

1950 - തുകളുടെ തുടക്കത്തിൽ വേങ്ങരയിൽ ആദ്യമായി സർക്കാർ തലത്തിൽ ഒരു ആയുർവ്വേദ ആശുപത്രി തുറന്നു പ്രവർത്തിക്കാൻ തുടങ്ങി. ഡോ. ഗാന്ധിദാസ് ആയിരുന്നു മെഡിക്കൽ ഓഫീസ്സർ ഇതിനുമുമ്പ് ഡോ. അപ്പുനായർ കമ്പൗണ്ടർ, കുഞ്ഞിരാമൻ നായർ എന്നിവരായിരുന്നു ആധുനിക ചികിത്സാ സമ്പ്രദായത്തിന് പഞ്ചായത്തിൽ തുടക്കം കുറിച്ചത്.

1964 കാലഘട്ടം വരെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ പാരമ്പര്യവൈദ്യ കുടുംബങ്ങൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ആ കാലഘട്ടങ്ങളിൽ മറ്റ് ചികിത്സാ സമ്പ്രദായങ്ങളും സ്ഥാപനങ്ങളും വേണ്ടത്ര ഉണ്ടായിരുന്നില്ല. അന്ധ വിശ്വാസാധിഷ്ഠിതമായ ചികിത്സാരീതികൾ ഈ കാലഘട്ടത്തിൽ പ്രചരിച്ചിരുന്നു. ഇന്നും അപൂർവ്വമായി ഈ അന്ധ വിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്. എങ്കിലും ജനങ്ങളിൽ ഭൂരിപക്ഷവും ആധുനിക ചികിത്സാ സമ്പ്രദായങ്ങളിൽ വിശ്വസിക്കുന്നവരാണ്.

6 - 4 - 1964 ൽ കച്ചേരിപ്പടിയിൽ എൻ. ടി. മുഹമ്മദസ്സൻ ഹാജിയുടെ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങിയ പ്രാഥമികാരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ തലത്തിലുള്ള ആധുനിക ചികിത്സാ കേന്ദ്രം. തുടക്കത്തിൽ ഡോക്ടറടക്കം പത്തോളം ജീവനക്കാ

| (കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും പട്ടിക 3) | | |
|---|---|---|
| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
| I | 1. ബാലിക്കാട് പട്ടികജാതി കോളനി<br>2. മാടംചിന, കാളത്തുപറമ്പ് ചിനക്കപറമ്പ, ചാലിൽ പുറായ | പ്രവർത്തന രഹിതമായ കിടക്കുന്ന 11 ടാപ്പുകൾ ഉപയോഗയോഗ്യമാക്കുക.<br>കുഴൽകിണറുകൾ കുഴിക്കുക |
| II | 1. പാക്കടപുറായ<br>2. വലിയ പീടികയ്ക്കൽ<br>3. മാട്ടിൽ പുറായ<br>4. പുവ്വത്ത് പറമ്പ് (പട്ടികജാതി കോളനി)<br>5. പരപ്പൽ ചിന<br>6. പൂങ്കടായ<br>7. കുറ്റൂർ നോർത്ത്<br>8. എ. ആർ. നഗർ അങ്ങാടിയുടെ തെക്ക് ഭാഗം<br>9. കുറ്റൂർ പാടം റോഡ്<br>10. കാരാട്ട് ഉടവഴി (റോഡ്) | കെ. ഡബ്ല്യ. എ. യുടെ പൈപ്പ് ലൈൻ സ്ഥാപിക്കുക ചുരുങ്ങിയത് 12 കുഴൽ കിണറുകൾ കഴിക്കുക.<br>പൊതു കിണറുകൾ കുഴിക്കുക.<br>വീടുകളിലേക്ക് കെ. ഡബ്ല്യ. എ. യുടെ പൈപ്പ് ലൈൻ കണക്ഷൻ കൊടുക്കുക<br>പട്ടികജാതി കോളനികളിൽ സാധാരണകിണറുകൾ/കുഴൽ കിണറുകൾ കുഴിക്കുക<br>ജലലഭ്യമായ കിണറുകൾക്ക് ജലസംഭരണി ഉയർന്ന സ്ഥലത്ത് സ്ഥാപിക്കുക. |
| III | 1. കണ്ണാട്ടിപടി പാക്കടപുറായ റോഡ്, ഇരുകുളംപറമങ്ങാട്ടുത്ത് പുറായറോഡ്, ഇരുകുളം പൊട്ടത്ത്മാട് റോഡ് തയ്യിൽ പുറായ ദേവസ്വം പറമ്പ് റോഡ്, കണ്ണാട്ടിപടി പോത്തും പെട്ടി റോഡ്.<br>2. പൊട്ടത്തുമാട്, പള്ളിയത്ത് പറമ്പിന് സമീപം, കുനിയൻ കാട്ടിൽ, ജക്ഷൻ, കുഴിച്ചിന, അന്നങ്ങാടി പുറായ, പാക്കട പുറായ അച്ചനമ്പലം റോഡ്<br>3. കനാറ്റുപറായ പട്ടികജാതി കോളനി മലവാരത്ത് പട്ടികജാതി കോളനി, ഇരുകളം. | 1. കെ. ഡബ്ല്യു. എ. യുടെ പൈപ്പ് ലൈൻ ഇടുക<br>2. കുഴൽ കിണറുകൾ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് ജലവിതരണം നടത്തുക<br>3. നിലവിലുള്ള കുഴൽ കിണറിന് മോട്ടോർ വെച്ച് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക |

| (കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും പട്ടിക 3) | | |
|---|---|---|
| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
| IV. | വാളക്കുട്, മേമാട്ടുപാറ, തീങ്ങോക്കാട് എടക്കാപറമ്പ്, ഇ. കെ. പടി തടത്തിൽ പുറായ പുത്തരിക്കാട് പുറായ | വാളക്കുട ഭാഗത്ത് കണ്ണമംഗലം വയലിന് സമീപം കിണർ കുഴിച്ച് മോട്ടോർ സ്ഥാപിക്കുക.<br>എടക്കാപറമ്പ് മേമാട്ട് പാറ ഭാഗത്തേക്ക് പൈപ്പ് ലൈൻ ഇടുക.<br>വാളക്കുട, മേമാട്ടുപാറ, തീണ്ടേക്കാട്, എടക്കാപറമ്പ് ഇ. കെ. പടി, തടത്തിൽ പുറായ ഭാഗങ്ങളിൽ കുഴൽ കിണറുകൾ കുഴിക്കുക.<br>തീണ്ടേക്കാട് അംഗൻ വാടിയുടെ സമീപത്തേക്ക്ക പൈപ്പ് ലൈൻ നീട്ടുക.<br>വട്ടപൊന്ത ഹരിജൻ കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടുക.<br>വുത്തിരിക്കാട്ട് പുറായയിൽ കുഴൽക്കിണർ കുഴിച്ച് മോട്ടോർ വെച്ച് ശുദ്ധജലവിതരണം നടത്തുക. |
| V. | 1. തോട്ടശ്ശേരി അറ, വാളക്കുട, ചിറേക്കാട്, പാലന്തോട്<br>2. പനക്കൽ ഹരിജൻ കോളനി അംഗന്തൻ കുണ്ട്, പമാട്ട്, പൊട്ടി ചിന, ഇറേകുളങ്ങര.<br>3. കാരട്ടാലുങ്കൽ, കുളിപറമ്പ്, ചെങ്ങാനികുണ്ട്.<br>4. തോട്ടശ്ശേരിയറസ്ക്കൂൾ. | തോട്ടശ്ശേരി അറയിലെ പൊതുകിണറ്റൽ മോട്ടോർ ഘടിപ്പിച്ച് വാളക്കുട, ചിറേക്കാട് ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ ഇടുക.<br>കുഴൽ കിണറ് കുഴിക്കുക.<br>വി. ഡബ്ല്യു. എ. യുടെ പൈപ്പ് ലൈൻ നീട്ടുക. വാർഡിലെ നിലവിലുള്ള ടാപ്പുകളിൽ വെള്ളം ഉണ്ടാവാനുള്ള പ്രവർത്തനങ്ങൾ ചെയ്യുക.<br>തോട്ടശ്ശേരി അറസ്കൂളിന് ടാപ്പ് അനുവദിക്കുക. |
| VI. | 1. നെല്ലിക്കാപറമ്പ് ഹരിജൻ കോളനി<br>2. എടക്കാപറമ്പ് ഹരിജൻ കോളനി.<br>3. നെച്ചിക്കാട്ടുകുണ്ട് അംബേദ്ക്കർ ഹരിജൻ കോളനി. | ഇരിങ്ങളത്തൂർ വയലിൽ കിണർകുഴിച്ച് ടാങ്ക് സ്ഥാപിക്കുക. ഇത്മൂലം എടക്കാപറമ്പ്, നെച്ചിക്കാട്ട് കുണ്ട്, നെല്ലാക്കാപറമ്പ് (ഹരിജൻ കോളനികൾ) കൊറ്റശ്ശേരി പുറായ, എന്നീ പ്രദേശങ്ങളിൽ ജലം വിതരണം ചെയ്യാം.<br>നൊട്ടപുറത്ത് നിലവിലുള്ള കുഴൽകിണറിൽ മോട്ടോർ സ്ഥാപിക്കുക. |

534

(കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും പട്ടിക 3)

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| | 4. കൊറ്റശ്ശേരി പുറായ<br>5. നൊട്ടപുറം.<br>6. ഗാന്ധികുന്ന് ഭാഗം.<br>7. മുട്ടുംപുറം ഹരിജൻ കോളനി<br>8. ഇ. കെ. പടി.<br>9. പടപ്പറമ്പ് ജി. എൽ. പി. സ്കൂൾ. | പരപ്പൻ ചിനഭാഗത്ത് നിലവിലുള്ള കുഴൽകിണറിൽ മോട്ടോർ വെച്ച് ടാങ്ക് സ്ഥാപിച്ച് ജലവിതരണം സാദ്ധ്യമാക്കാം.<br>മുട്ടംപുറം കുഴൽകിണറിന് മോട്ടോർ സ്ഥാപിച്ച് ടാങ്ക് കെട്ടി ജലവിതരണം സാദ്ധ്യമാക്കാം.<br>പടപറമ്പ് ചളി ഇഴവഴിയിൽ കുഴൽകിണർ കുഴിക്കുക.<br>ഇ. കെ. പടി. അംഗൻ വാടിയിൽ വട്ടർ ടാപ്പ് സ്ഥാപിക്കുക.<br>എടക്കാപറമ്പ് എച്ച്. ഡി. പി. കോളനിയിലെ കുഴൽ കിണർ താഴ്ത്തി ടാങ്ക് കെട്ടിമൊട്ടോർ വെച്ച്ജല വിതരണം നടത്താവുന്നതാണ്.<br>വേങ്ങര കുന്നും പുറം റോഡിൽ പാറമ്പ് പട്ടികജാതി കോളനിയിലേക്ക് ശുദ്ധജലം വിതരണം ചെയ്യുക.<br>എരണിപ്പടികുറ്റൂർ നോർത്ത് റോഡിൽ നിന്ന് മണ്ണാരപ്പടി ഇടവഴിയിലേക്ക് പൈപ്പ് ലൈൻ നീട്ടുക. |
| VII. | 1. ചെറെക്കാട്ട്, വട്ടപൊന്ത ഹരിജൻ കോളനികൾ, ചുലൻകുന്ന് പ്രദേശം.<br>2. വളപ്പ്. ചെള്ളിവളപ്പ്.<br>3. അച്ചനനമ്പലം, യു. പി. റോഡ് ഭാഗം, പെരണ്ടക്കൽ അമ്പലം.<br>4. പുച്ചോലമാട്, പൊട്ടൻ വളപ്പ്. | തോട്ടശ്ശേരി അറ, വാളകുട, വട്ടപൊന്ത ഭാഗത്തേക്ക് കെ. ഡബ്ല്യൂ. എ. യുടെ പൈപ്പ് ലൈൻ നീട്ടുക.<br>കുഴൽ കിണറുകൾ കുഴിക്കുക.<br>കെ. ഡബ്ല്യൂ. എ. യുടെ പൈപ്പ് ലൈൻ സ്ഥാപിക്കുക.<br>നിലവിലുള്ള കിണറ്റിൽ മോട്ടോർ സ്ഥാപിച്ച് ടാങ്ക് കെട്ടി ജലവിതരണം സാദ്ധ്യമാക്കുക. |
| VIII. | പടപ്പറമ്പ്, മതുക്കപ്പറമ്പ്, ചെനക്കപ്പറമ്പ്, കള്ളിക്കൂട്ടം, തെക്കും പറമ്പ് ഭാഗം, ക്ലീനക്കോട്ട് യു. പി. സ്കൂൾ പരിസരം, മുതുവിൽകുണ്ട് വടക്കെ ഭാഗം, കൊങ്ങംപറമ്പ് മുതവിൽകുണ്ട് അംഗൻവാടി പ്രദേശം പൊറലത്തൊടി, ആലിൻ ചുവട്. | കെ. ഡബ്ല്യൂ എ. യുടെ പൈപ്പ് ലൈൻ നടത്തി പൊതുടാപ്പുകൾ സ്ഥപിക്കുകയും വീടുകൾക്ക് കണക്ഷൻ നൽകുകയും ചെയ്യുക.<br>വി. കെ. മാടുള്ള കുഴൽകിണറിൽ മോട്ടോർ വെച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുക. |

| (കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും പട്ടിക 3) | | |
|---|---|---|
| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
| | | മുതുവിൽ കുണ്ടു റോഡിലെ ആലിൻ ചുവട്ടിലെ കുഴൽ കിണറിന് മോട്ടോർ വെച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുക.<br>കുഞ്ഞൻപുറായ കുഴൽ കിണറിൽ മോട്ടോർ വെച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുക.<br>മതുക്കപ്പറമ്പ് പരശ്ശിരിയിൽ കുഴൽകിണറുകൾ സ്ഥാപിക്കുക.<br>ചാലിയുടെ അടുത്തുള്ള കുഴൽകിണറിൽ മോട്ടോർ വെച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുക.<br>കാശ്മീരിലെ കുഴൽകിണറിൽ മോട്ടോർ വെച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുക.<br>മുളവിൽ ചോല പഞ്ചായത്ത് എറ്റെടത്ത് കൃഷിയ്ക്കും വീട്ടാവശ്യത്തിനും വെള്ളം വിതരണം ചെയ്യുക.<br>പടപ്പറമ്പ് പട്ടികജാതി കോളനിയിൽ പൊതുകിണർ സ്ഥിപാക്കുക.<br>മണ്ണാത്തിപ്പറമ്പിലും കടത്തോടത്ത് പാറയിലും കുഴൽകിണർ കുഴിക്കുക.<br>പൂക്കുളം, കുളസിക്കുളം ചിറ്റടിക്കുളം ചേന്നൻകുളം, കണ്ടൻകുളം, ചാലിക്കുളം കള്ളാടിക്കുളം, പൈക്കത്തെകുളം കലക്കികുളം കമ്പളക്കാട്ട് അമ്പലക്കുളം എന്നിവ നന്നാക്കുക. |
| IX. | 1. വി. കെ. മാട, ആലിൻ ചോട്ടിൽ | മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുക. |
| | 2. ചേറ്റൂർ വി. കെ. മാട്, കിളിനക്കോട് റോഡ്, ചേറ്റൂർ അങ്ങാടി പൂകള്ളം റോഡ്, മണ്ണാരംകുന്ന് നായാടി പാററോജ് മിനികോവില പാററോഡ് കോട്ടമാട്, ഇരുപത്തി രണ്ടാംതൊടി, കാപ്പിൽ കോളനി, ചണ്ണകോളനി. | പൈപ്പ് ലൈൻ ഇടുക. പോതു ടാപ്പുകൾ സ്ഥാപിക്കുക, സ്വകാര്യടാപ്പുകൾ അനുവദിക്കുക. |

| (കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും പട്ടിക 3) | | |
|---|---|---|
| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
| | 3. ചന്ദ്രോത്ത് പറമ്പ് വി. കെ. മാട് റോഡ് തേലപുറത്ത് പടി. വി. കെ. മച്ച് റോഡുകൾ സന്ധിക്കുന്നിടത്ത്, നായാടി പാറ, കുവ്വ പറമ്പ്, കാട്ടാകുവിഞ്ഞി. | കുഴൽകിണർ കുഴിക്കുക.<br>കോവിലപാറഅംഗൻവാടി സമീപം പോകുന്ന പൈപ്പ് ലൈൻ വടക്ക് ഭാഗത്തേക്ക് നീട്ടുക. ഈ വാർഡിൽ സ്ഥിതി ചെയ്യുന്ന കെ. ഡബ്ല്യു എ. യുടെ ജലസംഭരണയിൽ നിന്ന് ഈ വാർഡിലെ ജലക്ഷാമമേഖലയിലേക്ക് പൈപ് ലൈൻ ഇടുക. |
| X. | 1. വെട്ടു തോഡ്, ചെമ്പട്ടകോളനി, നെല്ലി പറമ്പ് കോളനി, അമ്പല പുറായ കോളനി<br>2. വേങ്ങര എസ്. എസ്. റോഡ്, വെട്ടുതോട് റോഡ്, കറുവണ്ണി, അമ്പലപുറായ മാറ്റാനും, ഗാന്ധിചുടല പാററോഡ്, | ഓരോ കുഴൽ കിണർ കുഴിക്കുക.<br>പൈപ്പ് ലൈൻ (കെ. ഡബ്ല്യു എ. ) സ്ഥാപിക്കുക. |
| XI. | ലക്ഷം വീട് കോളനി, തറയിട്ടാൽ പുറായ കഞ്ചാത്ത്, മാട്ടിൽ മദ്രസ്സപരിസരം, ചുള്ളിപറമ്പ്, ചാത്തൻകുളം ഭാഗം, പനച്ചിക്കൽ പുറായ, കുറുവിൽതൊടിക കോളനി. | കുഴൻ കിണറുകൾ സ്ഥാപിക്കുക, ഊരകം വേങ്ങര ശുദ്ധജല വിതരണം പദ്ധതിയിൽ നിന്ന് വാർഡിലെ മുഴുവൻ ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ പൊതു വാട്ടർ ടാപ്പുകൾ സ്ഥാപിക്കുക.<br>ഉപയോഗ ശൂന്യമായി കിടക്കുന്ന കാട്ടിക്കുളം ഉപയോഗപ്രദമാക്കി പൊതു ജനങ്ങൾക്ക് തുറന്നു കൊടുക്കു.<br>പറപ്പൂർ പുഴയിൽ മഞ്ഞമാട് ഒരു റഗുലേറ്റർ നിർമ്മിക്കുക. |
| XII. | പുത്തനങ്ങാടി, ചെനക്കൽ | കടലുണ്ടിപുഴയിൽ തേർക്കഴം ഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കുക. |

537

(കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും പട്ടിക 3)

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| | | പുത്തനങ്ങാടി മഞ്ഞമാട് റോഡ്, ചെനക്കൽ മനാടി പറമ്പ് റോഡ്, അയിഷാബാദ് റോഡ്, കുറുക ഇരിങ്ങല്ലൂർ പാടം റോഡ്, ഖുറൈശി റോഡ് പാക്കടപ്പാറ മനാട്ടി റോഡ്, കുണ്ടൂർ |
| | | ചോല പരപ്പിൽ പാററോഡ് എന്നിറോഡുകളുടെ പാർശ്വങ്ങളിൽ ആവശ്യമായ സ്ഥലങ്ങളിൽ പൈപ്പ് ലൈനുകളും ടാപ്പുകളും സ്ഥാപിക്കുക.<br>സ്ഥിരമായി ശുദ്ധ ജലവിതരണത്തിന് ഒരു ടാങ്കർ ലോറി ഏർപ്പെടുത്തണം. |
| XIII. | 1. ചെള്ളിത്തൊടി പട്ടികജാതി കോളനി.<br>2. മുതലമാട് അംഗൻ വാടിക്ക് സമീപം.<br>3. അടക്കാപുര സ്കൂളിന് സമീപം. | വാർഡിലെ രണ്ട് പൊതു കിണറുകളുടെ ആഴവും വിസ്താരവും വർദ്ധിപ്പിക്കുക. ഇവയിൽ മോട്ടോർ ഘടിപ്പിക്കുക.<br>കേരള വാട്ടർ അതോറിറ്റിയുടെ ടാപ്പ് സ്ഥാപിക്കുക.<br>കുഴൽക്കിണർ കുഴിക്കുക (സ്കൂളിനു സമീപം)<br>കടലുണ്ടി പുഴയിൽ ചെക്ക് ഡാം സ്ഥാപിക്കുക.<br>ചെള്ളിത്തൊടി പട്ടികജാതി കോളനിയിലെ കുഴൽ ക്കിണറിൽ മോട്ടോർ സ്ഥാപിക്കുക. |
| XIV. | 1. പാണ്ടികശാല, ചെറുകരമല<br>2. തട്ടാഞ്ചേരിമല ജി. എൽ. പി. സ്കൂൾ, പള്ളിപ്പറമ്പ് ഭാഗം.<br>3. പാലച്ചിറമാട്, വേങ്ങര പാടം റോഡിൽ മദ്രസ്സ ഭാഗം.<br>4. പാലച്ചിറമാട് പട്ടികജാതി കോളനി. | കലുണ്ടി പുഴയിൽ പാറക്കടത്ത് കടവിൽ പമ്പ് ഹൗസ് സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യുക.<br>കെ. ഡബ്ല്യു എ. പൈപ്പ് ലൈൻ സ്ഥാപിക്കുക.<br>ഓരെ കെ. ഡബ്ല്യു. എ. വാട്ടർ ടാപ്പ് സ്ഥാപിക്കുക.<br>കുഴൽ ക്കിണർ തന്നാക്കുകയും, കോളനിയിലേക്ക് പൈപ് ലൈൻ അനുവദിക്കുകയും ചെയ്യുക. |

| (കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും പട്ടിക 3) : | | |
|---|---|---|
| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
| XV. | 1. കച്ചേരിപടി അംഗൻ വാടി നിലഞ്ചേരി പറമ്പ് പട്ടികജാതി കോളനി, പറമ്പിൽ പടി, പുതിയത്ത് ഇടവഴി പഞ്ചായത്ത് റോഡ്, കച്ചേരി പടി നായാട്ടിൽ ഇടവഴി, പത്തിമുച്ചി വേങ്ങര പാടം റോഡ്, ചേറ്റിപുറമാട് മുണ്ടേന്യൻകാവ് യു. പി. സ്കൂൾ കോമ്പൗകുണ്ടൂ ക്രസൻറ് സോമിൽ, കുണ്ടൂർ ചോല റോഡ്.<br>2. കച്ചേരി പടി<br>3. മനാട്ടി പറമ്പ് ഇള്ളോട്ട് 100 മീറ്റർ, പുളിക്കൽ കുണ്ട് കച്ചേരിപടി പട്ടികജാതി കോളനി. | കെ. ഡബ്ല്യു. എ. യുടെ പൊതു ടാപ്പുകൾ സ്ഥാപിക്കുക.<br><br>കുഴൽ ക്കിററുകൾ ആഴം കൂട്ടുക<br>കുഴൽക്കിണറിൻെറ മോട്ടോർ നന്നാക്കുക.<br>കുഴൽ കിണറുകൾ കുഴിക്കുക. കൂരിയാട് പനമ്പുഴയിൽ ഡാം നിർമ്മിക്കുക. |

രുള്ള സ്ഥാപനമായിരുന്നു അത്. 1972 ൽ ഈ സ്ഥാപനം പഞ്ചായത്ത് അതിർത്തിയായ 11 ാം വാർഡിൽ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റിസ്ഥാപിച്ചു. ഇന്ന് 16 കിടക്കകളും, ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെയുള്ള ആധുധിക സൗകര്യങ്ങളും ഈ സ്ഥാപനത്തിലുണ്ട്. 1988 ൽ ഈ സ്ഥാപനം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തപ്പെട്ടെങ്കിലും ആവശ്യമായ സൗകര്യങ്ങളും ജീവനക്കാരും ഇനിയും ലഭ്യമായിട്ടില്ല.

1969 -ൽ നാമമാത്രമായികിടന്നിരുന്ന ഗവ: ആയുർവ്വേദ ഡിസ്പൻസറി വിപുലീകരിച്ചു. 10 കിടക്കകളും, ഡോക്ടറടക്കം എട്ട് ജീവക്കാരുമുള്ള സ്ഥാപനമായിമാറി. ദിവസവും ഏകദേശം 75 ാളം രോഗികൾ ഈ ആശുപത്രീയിൽ ചികിത്സക്കായി എത്തുന്നുണ്ട്.ആയുർവ്വേദ രംഗത്തെ മിക്ക ചികിത്സാ സൗകര്യങ്ങളും ഇവിടെ നിന്നും ലഭിക്കുന്നുണ്ട്.

ഇന്ന് ഈ പഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രിയടക്കം 10 ഗവർമൻറ് സ്ഥാപനങ്ങൾ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ, രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള മൂന്ന് ആശുപത്രികൾ ഈ പഞ്ചായത്തിലുണ്ട്. 5 അലോപ്പതി ക്ലിനിക്കുകളും ഒരു ഹോമിയോ ക്ലിനിക്കും, അഞ്ചോളം ആയുർവ്വേദ ക്ലിനിക്കുകളും മൂന്ന് ദന്തഡോക്ടർമാരും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 11 പാരമ്പര്യ വൈദ്യന്മാരും ഈ പഞ്ചായത്തിലെ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നു. ഹെർബോ ഇൻഡ്യ എന്ന പേരിൽ ഒരു ആയുർവ്വേദ ഔഷധ സംസ്കരണ വിപണനശാല 5 - 10 - 1994 ൽ ഈ പഞ്ചായത്തിൽ നിലവിൽ വന്നു. ആരോഗ്യ രംഗത്ത് ഇത്രയേറ സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാണെങ്കിലും ജലജന്യരോഗങ്ങളും, പരിസര മലീനീകരണം കൊണ്ട് ഉണ്ടാകാവുന്ന രോഗങ്ങളും ഫലവത്തായി തടയാൻ സാധിച്ചിട്ടില്ല എന്നാണ്. കണക്കുകൾ കാണിക്കുന്നത്. 1995-96 വർഷത്തിൽ 1427 ജലജന്യരോഗങ്ങളും, 48 വായു ജന്യരോഗങ്ങളും. 59 പ്രാണിജന്യരോഗങ്ങളും 35658 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കുഷ്ഠരോഗം ബാധിച്ച 10 പേർ ചികിത്സയിൽ ഉണ്ട്. പഞ്ചായത്തിലെ ജനനനിരക്ക് 18 ഉം മാതൃമരണനിരക്ക് 0.7 ഉം മരണനിരക്ക് 6.42 ഉം ആണ്. ശരാശരി കുടുംബവലിപ്പം 7 മാത്രമാണ്. (അവലംഭം റിപ്പോർട്ട് കമ്മ്യൂണിറ്റി ഹെൽത്തു സെൻറർ)

പഞ്ചയാത്തിൻെറ വിദൂരഭാഗങ്ങളായ കിളിനക്കോട്, എടക്കാപ്പറമ്പ്, വാളക്കുട, ചെങ്ങാനി, കണ്ണമംഗലം എന്നിവിടങ്ങളിൽ നിന്ന് വേങ്ങര കമ്മ്യൂണിറ്റ് ഹെൽത്ത് സെൻററിലെത്താൻ ഏതാണ്ട്. 6 കി. മി. ദൂരം യാത്ര ചെയ്യേണ്ടതുണ്ട്. സമീപ പഞ്ചായത്തുകളിൽ നിന്നും ധാരാളം രോഗികൾ ഈ ആശുപത്രിയിൽ നിത്യേന ചികിത്സക്കായി എത്തുന്നുണ്ട്.

## സ്ഥാപനങ്ങളും, സേവനങ്ങളും.

വേങ്ങര പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

| | | |
|---|---|---|
| 1. | സാമൂഹ്യാരോഗ്യ കേന്ദ്രം, വേങ്ങര | 1 |
| 2. | ഗവ: ആയുർവ്വേദ ആശുപത്രി | 1 |
| 3. | ഐ. വി. പി. ഉപകേന്ദ്രങ്ങൾ | 7 |
| 4. | കുടുംബക്ഷേമ ഉപകേന്ദ്രം | 1 |

പട്ടിക 1 ആരോഗ്യം കാണുക

ആരോഗ്യ സംരക്ഷണകാര്യത്തിൽ ബോധവൽരക്കരണ ക്ലാസ്സുകൾ, ഫീൽഡ് വർക്ക് എന്നിവക്ക് വളരെ പ്രാധാന്യമുണ്ട് ആരോഗ്യ ഫീൽഡ് വർക്കർമാരിൽ ഭൂരിഭാഗത്തിലും കാണുന്ന പ്രവർത്തനവിമുഖത ആരോഗ്യപ്രവർത്തനത്തിന് തളർച്ച ഉണ്ടാക്കുന്നുണ്ട്. പൊതുജനാരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾ വിമുഖരാണ് എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

വേങ്ങര സാമൂഹികാരോഗ്യകേനദ്രം പഞ്ചായത്തിൻെറ അതിർത്തിയിൽ ആയതിനാൽ, പഞ്ചായത്തിൻെറ വിദൂരഭാഗങ്ങളിലുള്ള ജനങ്ങൾക്ക് ഇവിടെ എത്തിച്ചേരാൻ ഏരാൻ ചുരുങ്ങിയത് 6 കി. മീ. ദൂരം സഞ്ചരിക്കേണ്ടതുണ്ട്. അതിനാൽ ഈ പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം കൂടി കണ്ണമംഗലം - അച്ചനമ്പലം മേഖലയിൽ സ്ഥാപിക്കാവുന്നതാണ്. 15 വാർഡുകളുള്ള ഈപഞ്ചായത്തിൽ 8 ആരോഗ്യ ഉപകേനദ്രങ്ങളാണുള്ളത്. ആയതിനാൽ, 5000 ജനസംഖ്യക്ക് ഒന്ന് എന്ന തോതിൽ 7 ആരോഗ്യ ഉപകേനദ്രങ്ങൾ

## സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ (ആരോഗ്യം. പട്ടിക 1)

| നമ്പർ | സ്ഥപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1. | ഐ. പി. പി. സബ്ബ് സെൻറർ, കൂരിയാട് | I | – | I |
| 2. | ഇല്ല | II | – | – |
| 3. | ഐ. പി. പി. സബ്ബ് സെൻറർ പാക്കടപുറായ | III | 1987 | I |
| 4. | ഐ. പി. പി. സബ്ബ് സെൻറർ എടക്കാപറമ്പ | IV | 1990 | I |
| 5. | ഐ. പി. പി. സബ്ബ് സെൻറർ, വാളക്കുട | V | – | 2 |
| 6. | ഐ. പി. പി. സബ്ബ് സെൻറർ, കണ്ണമംഗലം | VI | 1987 | I |
| 7. | ഇല്ല | VII | – | – |
| 8. | 1. ഐ. പി. പി. സബ്ബ് സെൻറർ, മുതവിൽ കുണ്ട്<br>2. ഐ. പി. പി. സബ്ബ് സെൻറർ, കിളിനക്കോട് | VIII | – | 2 |
| 9. | ഇല്ല | IX | – | – |
| 10. | ഗവ: ആയുർവ്വേദ ആശുപത്രി | X | 1964 | 8 |
| 11. | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, വേങ്ങര | XI | 1972 | 41 |
| 12. | ഇല്ല | XII | – | – |
| 13. | ഐ. പി. പി. സബ്സെൻറർ വലിയോറ | XIII | 1973 | I |
| 14. | ഇല്ല | XIV | – | – |
| 15. | ഇല്ല | XV | – | |

541

കൂടി ഈ പഞ്ചായത്തിൽ സ്ഥാപിക്കുന്നത് ആരോഗ്യ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കും.

ഗ്രാമസഭകളിൽ നിന്നുമുയർന്ന് നിർദ്ദേശങ്ങൾ പഞ്ചായത്ത് തലത്തിൽ ചർച്ചയ്ക്കത് അടിസ്ഥാനമാക്കി, സമഗ്രമായ ഒരു ആരോഗ്യപരിപാടിവഴി ആരോഗ്യപൂർണ്ണമായ ഒരു പഞ്ചയാത്ത് സൃഷ്ടിച്ചെടുക്കുക എന്നതാണ്. ലക്ഷ്യ മാക്കിയിരിക്കുന്നത്.

ശുദ്ധ ജലം, ശുദ്ധ വായു, വൃത്തിയുള്ള പിസരം എന്നിവയാണ് ആരോഗ്യപൂർണ്ണമായ സമൂഹതതെ സൃഷ്ടിക്കാൻ ആവശ്യം, പരിസരശുചിത്വം വരിക്കുന്നതിന് കക്കൂസുകൾ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. ഗ്രാമസഭകളിലെ ചർച്ചകൾ വെളിപ്പെടുത്തുന്നത് ഗ്രാമീണ ജനതയിൽ വലിയൊരു ശതമാനത്തിനും കക്കൂസുകൾ ഇല്ല എന്നതാണ്. ഇതിനുള്ള പരിഹാരമായി ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

# പരിസരശുചിത്വം

(പരിസരശുചിത്വം പട്ടിക 1)

വ്യവസായ വൽക്കരണം വളരെ കുറവായിതിനാൽ പരിസരമലീനീകരണം ഗുരതരമല്ല. എങ്കിലും വേങ്ങര പഞ്ചായത്തിലെ ജന സംഖ്യാ പെരുപ്പവും, വാഹനപ്പെരുപ്പവും പരിസരമലിനീകരണ മുണ്ടാക്കുന്നുണ്ട്. പഞ്ചായത്തിനെ സമ്പാലിന്യവിമാക്കാൻ കാര്യക്ഷമവും, മയബന്ധിതവുമായ പരിപാടി ആവിഷ്ക്കരിക്കുക എന്ന ലക്ഷ്യമാണ്. ഉണ്ടാവേണ്ടത്.

ഗ്രമാസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും പിഹാരങ്ങളും താഴെപ്പുറയും വിധം ക്രമീകരിക്കാം. പഞ്ചായത്തിലെ പ്രധാന അങ്ങാടിയായ വേങ്ങര ടൗൺ, വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം ജനങ്ങൾ ബഹുമുഖ ആവശ്യങ്ങൾക്കായി എത്തിപ്പെടുന്ന സ്ഥലമാണ്. അവിടെയുള്ള മാർക്കറ്റ് മാലിന്യങ്ങൾ നിറഞ്ഞതാണ്. മാർക്കറ്റിൽ കോഴി ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾ, മത്സ്യവിൽപ്പന, ആട്, മാടിറച്ചി വിൽപ്പന എന്നിവ ഏത്താണ്. ഒരു

(പരിസരശുചിത്വം പട്ടിക 1)

| തടസ്സകാരണങ്ങൾ | പരിസഹാരമാർഗ്ഗങ്ങൾ. |
|---|---|
| സാമ്പത്തികപരാധീനത | സർക്കാർ, അർദ്ധ സർക്കാർ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താം. |
| പട്ടികജാതി കോളനി പോലുള്ള സ്ഥലങ്ങൾ | ഒരു പൊതു സെപ്ടിക് ടാങ്ക് നിർമ്മിചച് ഓരോ കുടുംബത്തിനും കക്കൂസുകൾ നിർമ്മിച്ച് ശുചിത്വമുള്ള പരിസരസൃഷ്ടി. |
| ഗ്രാമീണ ജനതയുടെ താൽപ്പര്യരാഹിത്യം | ആരോഗ്യ ബോധവൽക്കരണ പ്രവർത്തനം വിപുലമാക്കുക, ആരോഗ്യപ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് ചർച്ചാക്ലാസ്സുകൾ, ഫീൽഡ്, പബ്ലിസിറ്റി വിഭാഗത്തിൻെറ പ്രദർശനങ്ങൾ സ്ലൈഡ്, വീഡിയോ പ്രദർശനങ്ങൾ എന്നിവ നടത്താവുന്നതാണ്. |

542

സ്ഥലത്തായി നടത്തുന്നു. അഴുക്കുജലവും, ഇറച്ചിയുടെ അവശിഷ്ടങ്ങളും ശരിയായ രീതിയിൽ ഒഴിവാക്കുവാൻ ഒരു സംവിധാനവുമില്ല. മാംസാവിശ്ഷ്ടങ്ങൾ മത്സ്യാവശിഷ്ടങ്ങൾ, അഴുക്കുജലം എന്നിവ രണ്ട് കുഴികളിലേക്ക് ഒഴുകുന്നു എങ്കിലും ഇവയിൽ ഒന്ന് മൂടപ്പെട്ടതല്ല. മൂടപ്പെട്ടതിൽ തന്നെ വർഷകാലത്ത് ജലം നിറഞ്ഞ് പുറത്തേക്ക് ഒഴുകി മാർക്കറ്റിൽ കെട്ടിക്കിടക്കുന്ന അവസ്ഥയാണുള്ളത്. ഉണക്കമീൻ കച്ചവടസ്ഥലം പൊതുവെ പൊട്ടിപൊളിഞ്ഞ കെട്ടിടത്തിലാണ്. മാർക്കറ്റി അഴുക്കുചാലുകൾ വൃത്തിയാക്കാത്ത തിനാൽ പുഴുക്കൾ കുമിഞ്ഞ് കാണപ്പെടാറുണ്ട്. കൂടാതെ ചീഞ്ഞ് കേടുവന്ന ഉണക്ക മത്സ്യം, പച്ചമത്സ്യം എന്നിവ വില്പന നടത്തുന്നത് സാധാരണമാണ്.

വേങ്ങര മാർക്കറ്റിലെ ചപ്പുചവറുകൾ, പച്ചക്കറി അവശിഷ്ടങ്ങൾ എന്നിവ വാരിമാറ്റുന്നുണ്ടെങ്കിലും വേണ്ടത്ര ഫലപ്രദമായരീതിയിലാണെന്ന് പറയാൻ കഴിയില്ല. "ക്ലീൻ സിറ്റിവേങ്ങര" പരിപാടി വേങ്ങര ടൗണിൽ വിലയ പ്രചാരണത്തോടെ ആരംഭിച്ചുവെങ്കിലും വേണ്ടത്ര വിജയപ്രദമായില്ല.

അച്ചനമ്പലം പ്രദേശത്ത് ചെറിയ അങ്ങാടി ഉള്ളതിനാൽ മാലിന്യങ്ങൾ ജനജീവിതത്തിന് പ്രശ്നമുണ്ടാക്കുന്നു. ഇറച്ചി, മത്സ്യം. പച്ചക്കറി എന്നിവയുടെ അവശിഷ്ടങ്ങൾ വേണ്ട രീതിയിൽ ഒഴിവാക്കാൻ കഴിയാത്തതാണ് കാരണം. പഞ്ചായ ത്തിൻെറ പല ഭാഗതതും മാലിന്യങ്ങൾ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഇത്തരതതിൽ മലിനമായ പരി സരം വേനൽക്കാലത്തും വാർഷകാലത്തും ഒരു പോലെ പലവിധ രോഗങ്ങൾക്കും കാരണമാകുന്നു.

പഞ്ചായത്തും, ആരോഗ്യവകുപ്പ് പ്രവർത്തകരും സന്നദ്ധ സംഘടനകളും ചേർന്ന് കാര്യക്ഷമമായ ആരോഗ്യ ബോധവൽകകരണം നടത്തേണ്ടതുണ്ട്. ശീതള പാനീയ കച്ചവടക്കാർ, ഇറച്ചി മത്സ്യ വ്യാപാരികൾ, ഹോട്ടലുകൾ തുടങ്ങിയ മറ്റു കച്ചവടക്കാർ എന്നിവർക്ക് പ്രത്യേക ആരോഗ്യ ബോധവൽകകരണ ക്ലാസ്സുകൾ കൊടുക്കാൻ പരിപാടിയുണ്ടാക്കേണ്ടതാണ്.

ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോ ധനയും, പഴകിയതും ചീഞ്ഞതുമായ ഭക്ഷണ സാധനങ്ങൾ നശിപ്പിക്കലും കർശനമാക്കേണ്ടതുണ്ട്.

അഴുക്കുകൾ നിക്ഷേപിക്കുവാൻ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ തൊട്ടികൾ സ്ഥാപിക്കുക, അഴുക്കുവെള്ളവും, മത്സ്യമാംസാവശിഷ്ടങ്ങളും മാറ്റുവാൻ സംവിധാനമുണ്ടാക്കുക, മാർക്കറ്റിൽ ആവശ്യത്തിന് നല്ല കെട്ടിടങ്ങൾ നിർമ്മിക്കുക, അഴുക്കചാലുകൾ വൃത്തിയാക്കുവാൻ പരിപാടികൾ ആവഷ്ക്കരി ക്കുക, പഞ്ചായത്തിന് മൊത്തത്തിൽ ഒരു ആധുനിക അറവുശാല നിർമ്മിക്കുക, എന്നിവ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.

വീടുകളിൽ അടുക്കളവശിഷ്ടങ്ങളും, ചപ്പ് ചവറുകൾകൂടി കിടക്കുന്നത് മൂലവും, കക്കൂസ് കുഴലുകൾ വിലയിടാത്തത് കാരണവും കൊതുകും ഈച്ചയും പെരുകുന്നു. വർഷകാലത്ത് പലയിടങ്ങളിലും വെള്ളം കെട്ടിനിൽക്കുന്നത് കൊതുക് വളരാൻ കാരണമാകും. ഇങ്ങിനെയുള്ള മലിനീകരണം ഇല്ലാതാകകാൻ വ്യക്തി ആരോഗ്യശീ ലങ്ങൾ പരിപോഷിപ്പിക്കുകയാണ് മാർഗ്ഗം. ആയതിന് ആരോഗ്യബോധവൽക്കരണ പരിപാടി കൾ നടത്തേണ്ടതുണ്ട്.

## 1. പഞ്ചായത്ത് തലത്തിൽ പ്രാവർത്തിക മാക്കാവുന്ന നിർദ്ദേശങ്ങൾ

കായിക പരിശീലനം ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാൻ ആവശ്യമായ തിനാൽ കായിക പരിശീലന കേന്ദ്രം, കളിസ്ഥലങ്ങൾ എന്നിവ നിർമ്മിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2. വയോജന ആരോഗ്യ കേന്ദ്രം.

വൃദ്ധ ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹിക്കാൻ വയോജന ആരോഗ്യ കേന്ദ്രങ്ങൾ രൂപീകരിക്കുകയും, ഈ വിഭാഗത്തിൻെറ മാനസികവും ശാരീരികവുമായ ആരോഗ്യ പ്രശ്ന ങ്ങൾ പരിഹരിക്കാനുള്ള പദ്ധതികൾ ആവിശ്ക്കരി ക്കുകയും ചെയ്യണം.

## 3. പാരമ്പര്യ വൈദ്യ മേഖല

പാരമ്പര്യവൈദ്യന്മാരുടെ വിജ്ഞാനവും കഴിവുകളും വരും തലമുറക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കണം. ഇവരുടെ പാരമ്പര്യാർജിത വിജ്ഞാനം

## പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച് സ്ഥിതി വിശേഷവും
(ആരോഗ്യ പട്ടിക 2)

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെ ക്കുറിച്ചുള്ള വിലയിരുത്തൽ | സ്ഥാപനത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ | വാർഡിലെ പൊതു ആരോഗ്യ പ്രശ്നങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വാകര്യ സ്ഥാപനങ്ങൾ | | | | | |
| I | ഐ. പി. പി. സബ്ബ് സെൻറർ കൂരിയാട് | ഇല്ല | വയറിളക്കം ചൊറി ദന്തരോഗങ്ങൾ | പ്രതിരോധകുത്തി വെപ്പ് നടത്താറുണ്ട് ആരോഗ്യബോധവല്ക്കരണം കുറവ് | ആഴ്ചയിലൊരിക്കൽ ഡോക്ടർ സബ്ബ് സെൻററിൽ വരിക. ആരോഗ്യബോധവല്ക്കരണ ക്ലാസ്സുകൾ മാസത്തിൽ ഒരിക്കൽ നടത്തുക. | ആവശ്യമായ കക്കൂസുകൾ ഉണ്ടാക്കാൻ ധനസഹായം ചെയ്യുക വേണ്ടത്ര കക്കൂസുകളില്ല. ചികിത്സാസൗകര്യം കിട്ടാൻ 7 കി. മി. യാത്ര ചെയ്യണം. | കക്കൂസുകൾ നിർമ്മിക്കാൻ ധന സഹായം ചെയ്യുക. പാക്കടപുറായയിൽ ആയുർവ്വേദ ഡിസ്പൻസറി സ്ഥാപിക്കുക |
| II | ഇല്ല | ഇല്ല | വയറിളക്കം പനി ചൊറി ദന്തരോഗങ്ങൾ മഞ്ഞപിത്തം | പ്രതിരോധകുത്തി വെപ്പ് നത്താറുണ്ട് ആരോഗ്യബോധ വല്ക്കരണം കുറവ് | ആരോഗ്യബോധ വല്ക്കരണ ക്ലാസുകൾ മാസത്തിൽ ഒരിക്കൽ നടത്തണം. സമീപവാർഡിലെ IIP സബ്ബ് സെൻറർ ഹെൽത്ത് സെൻറായി ഉയർത്തുക. | കൊതുകു ശല്യം വേണ്ടത്രകക്കൂസുകളില്ല. മാലിന്യങ്ങൾ നീക്കാനുള്ള സജ്ജീകരണങ്ങളില്ല. | കൊതുകു നശീകരണപ്രവർത്തനങ്ങൾ നടത്തുക. ആവശ്യമായ കക്കൂസുകൾ നിർമ്മിക്കാൻ നടപടി എടുക്കുക. (ധനസഹായം) ഹരിജൻ കോളനിയിൽ പൊതുകക്കൂസ് സ്ഥാപിക്കുക. |



543

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | സൗജന്യമെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക. | | ഹരിജൻ കോളനിയിൽ പൊതുകക്കൂസ് സ്ഥാപിക്കുക. മാലിന്യങ്ങൾ നീക്കാൻ സംവിധാനം ഏർപ്പെടുത്തുക. |
| III | ഐ. പി. പി. സബ്ബ് സെൻറർ പാക്കടപ്പുറായ | ഇല്ല | വയറിളക്കം പനി ദന്തരോഗം ചെങ്കണ്ണ് | പ്രതിരോധകുത്തിവെപ്പ് നടത്താറുണ്ട് ഗർഭിണികൾക്കായുള്ള പരിശോധനനടക്കുന്നുണ്ട്. | ആക്കാസ്റ്ററിക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിലെ ഡോക്ടറുടെ സേവനം ലഭ്യമാക്കുക. | ചികിത്സാ സൗകര്യത്തിന് പത്ത് കി. മി. യാത്ര ചെയ്യേണ്ടിവരുന്നു. ആവശ്യത്തിന് കക്കൂസുകളില്ല | പരപ്പൻ ചിനയിൽ ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുക സ്ഥലം മിച്ച ഭൂമിയിൽ നിന്നെടുക്കാവുന്നതാണ്. (2 ഏർ 30 സെൻറ്) |
| IV | ഐ. പി. പി. സബ് സെൻറർ, എടക്കാപറമ്പ് | ഇല്ല | ടൈയ് ഫോയ്ഡ് നേത്രരോഗം വയറിളക്കം ചർദ്ദി | രോഗപ്രതിരോധ കുത്തിവെപ്പ് നടത്താറുണ്ട്.. ഗൃഹസന്ദർശനം നടത്താറുണ്ട് ഗർഭിണികളുടെ പരിശോധന നടത്താറുണ്ട് മാതൃസംഘമം നടത്താറുണ്ട് ആരോഗ്യക്ലാസ്സുകൾ നടത്താറില്ല. | ആരോഗ്യ ബോധവല്ക്കരണ ക്ളാസ്സുകൾ നടത്തുക. ആവശ്യത്തിന് മരുന്നുകൾ എത്തിക്കുക. | ആവശ്യത്തിന് കക്കൂസുകളില്ല. | കക്കൂസുകൾ സ്ഥാപിക്കാൻ ധന സഹായം നല്കുക |

| | | | | | | | |
|---|---|---|---|---|---|---|---|
| V | ഐ. പി. പി. സബ് സെൻറർ, വാളക്കുട | ഇല്ല | വയറിളക്കം ചർദ്ദി പനി കണ്ണുരോഗങ്ങൾ | രോഗപ്രതിരോധ കുത്തിവെപ്പുകൾ നടത്താറുണ്ട് ഗർഭിണികളുടെ പരിശോധന നടത്തുന്നുണ്ട്. മാതൃസംഘമം നടക്കുന്നുണ്ട്. ആരോഗ്യക്ലാസ്സുകൾ നടത്തുന്നത് കുറവാണ്. | ആരോഗ്യ ബോധവല്ക്കരണ ക്ലാസുകളുടെ എണ്ണം കൂട്ടുക | ആവശ്യത്തിന് കക്കൂസുകളില്ല. മാലിന്യങ്ങൾ നീക്കാനുള്ള സംവിധാനങ്ങളില്ല. | കക്കൂസുകൾ നിർമ്മിക്കാൻ ധന സഹായം ചെയ്യുക. വാളക്കുട ചെങ്ങാനി എന്നിവിടങ്ങളിൽ പൊതു കക്കൂസുകൾ നിർമ്മിക്കുക മാലിന്യങ്ങൾ നീക്കാൻ കുപ്പതൊട്ടികൾ സ്ഥാപിക്കുക |
| VI | ഐ. പി. പി. സബ് സെൻറർ, കണ്ണമംഗലം | ഇല്ല | വയറിളക്കം ചർദ്ദി പനി നേത്രരോഗങ്ങൾ ദന്തരോഗങ്ങൾ | രോഗപ്രതിരോധ കുത്തിവെപ്പുകൾ നടത്താറുണ്ട് ഗർഭിണികൾക്കുള്ള പരിശോധന നടത്തുന്നുണ്ട്. മാതൃസംഘമം നടത്തുന്നുണ്ട്. ആരോഗ്യക്ലാസ്സുകൾ നടത്തുന്ന്. | ആരോഗ്യ ബോധവല്ക്കരണ ക്ലാസുകൾ കൂടുതൽ നടത്തേണ്ടതുണ്ട്. ആഴ്ചയിൽ ഒരു ദിവസമെങ്കിലും സബ്ബ് സെൻററിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക. | ആവശ്യത്തിന് കക്കൂസുകളില്ല. | കക്കൂസുകൾ നിർമ്മിക്കാൻ ധനസഹായം ചെയുക<br><br>പൊറ്റശ്ശേരി പുറായയിൽ സബ്സെൻറർ നിർമ്മിക്കുക<br><br>നൊട്ടപുറം ഭാഗത്ത് ഹെൽത്ത് സെൻറർ സ്ഥാപിക്കുക |
| | | | | | | | |



545

| | | | | | | | |
|---|---|---|---|---|---|---|---|
| VII | ഇല്ല | ഇല്ല | വയറിളക്കം പനി മഞ്ഞപ്പിത്തം | പ്രതിരോധ കുത്തിവെപ്പുകൾ നടത്താറുണ്ട് ആറാം വാർഡിലെ സബ് സെൻററിൽ വെച്ചും ഏഴാം വാർഡിലെ വീടുകളിൽ വെച്ചും നടത്തുന്നു | | കൊതുകുശല്യം കൂടി വരുന്നു. അച്ചനമ്പലത്ത് മാലിന്യങ്ങൾ കൂടികിടക്കുന്നു. സബ്ബ് സെൻറർ ഇല്ലാത്തതിനാൽ ആരോഗ്യപ്രവർത്തനം തൃപ്തികരമായി നടപ്പാക്കാൻ കഴിയുന്നില്ല. | മരുന്നു തളി, ആരോഗ്യബോധ വല്ക്കരണം മാലിന്യങ്ങൾ നീക്കം ചെയ്യാൻ കോൺക്രീറ്റ് കുഴി നിർമ്മിക്കുക. മത്സ്യം, ഇറച്ചി എന്നിവക്കായി പ്രത്യേക മാർക്കറ്റ് സ്ഥാപിക്കണം സബ്ബ് സെൻറർ സ്ഥാപിക്കുക |
| VIII | ഐ. പി. പി. സബ് സെൻറർ കിളിനക്കോട്<br><br>ഐ. പി. പി. സബ് സെൻറർ മൂതുവിൽകുണ്ട് | ഇല്ല | പകർച്ചവ്യാധികൾ ഇല്ല. | ഗൃഹസന്ദർശനം ശരിയായി നടക്കുന്നു. പ്രതിരോധകുത്തിവെപ്പ് നടത്തപ്പെടുന്നു. ആരോഗ്യവിദ്യാഭ്യാ സബോധവല്ക്ക രണ്ണം കുറവ് | ആരോഗ്യവിദ്യഭ്യാസ ക്ലാസുകൾ മെച്ച പെട്ടരീതിയിൽ നടത്തുക. അത്യാവശ്യമരുന്നുകൾ സബ് സെൻററുകളിൽ ലഭ്യമാക്കു.ക. ആഴ്ചയിൽ ഒരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക. | കക്കൂസുകൾ 60% വീടുകളിലും ഇല്ല.<br><br>ആശുപത്രീയിലെത്താൻ 4 മുതൽ 7 വരെ കി. മി. സഞ്ചരിക്കണം. | കക്കൂസുകൾ നിർമ്മിക്കാൻ ധന സഹായം നല്കുക<br><br>ചേറൂരിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം അനുവദിക്കുക |
| IX | ഇല്ല | ഇല്ല | വയറിളക്കം ചുമ | അംഗൻവാടികൾ കേന്ദ്രീകരിച്ച് പ്രതിരോധ കുത്തിവെപ്പുകൾ | ആരോഗ്യവിദ്യാഭ്യാസ ബോധവല്ക്കരണം മെച്ചപെടുത്തുക | കക്കൂസുകൾ കുറവ് ജീ. എം. യു. പി. സ്കൂൾ പരിസരത്ത് | കക്കൂസുകൾ നിർമ്മിക്കാൻ ധന സഹായം അനുവദിക്കുക |



546

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | നടത്തുന്നു ആരോഗ്യവിദ്യാഭ്യസ ബോധവല്ക്കരണം കുറവ് | | മാലിന്യങ്ങൾ കെട്ടികിടക്കുന്നു. ആശുപത്രിയിലെത്താൻ 4 കി. മി. യാത്രചെയ്യണം. | സബ്ബ് സെൻറർ അനുവദിക്കുക. മാലിന്യങ്ങൾ ഒഴിവാക്കാൻ നടപടിഎടുക്കുക. |
| X | ആയുർവ്വേദ ഡിസ്പൻസറി വേങ്ങര | വേങ്ങര നഴ്സിങ്ങ് ഹോം ക്ലീനിക്കുകൾ (അപോപ്പതി) (അഞ്ചു) ദന്തരോഗക്ലീനിക്ക് (രണ്ട്) | വയറിളക്കം ചുമ ദന്തരോഗം മഞ്ഞപ്പിത്തം | കൂടുതൽ ജനങ്ങൾ ആരോഗ്യ കാര്യങ്ങൾക്ക് കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിനെ ആശ്രയിക്കുന്ന. സ്വകാര്യ ക്ലീനിക്കുകളിലും ധാരാളം ജനങ്ങൾ പോകുന്നു. | ആരോഗ്യബോധ വല്ക്കരണം ഊർജ്ജിത മാകുക സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൻെറ സൗര്യങ്ങൾ വർദ്ധിപ്പിക്കുക. | | |
| XI | കമ്മ്യൂണിറ്റി ഹൈൽത്ത് സെൻറർ വേങ്ങര | പ്രൈവറ്റ് ആശുപത്രി ക്ലിനിക്കുകൾ നാലെണ്ണം ഹോമിയോ ക്ലീനിക്ക് ഒരെണ്ണം | വയറിളക്കം മഞ്ഞപിത്തം ചുമ സന്നിപാതജ്വരം | ഈ വാർഡിലുള്ള ജനങ്ങൾ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിനെ ആശ്രയിക്കുന്നു. സ്വകാര്യ ക്ലീനിക്കുകളിലും ധാരാളം ജനങ്ങൾ പോകുന്നു. ഹൈൽത്ത് ഇൻസെക്ടറടെയും, ആരോഗ്യ | ആരോഗ്യബോധ വല്ക്കരണ ക്ലാസ്സുകൾ നടത്തി ബഹു ജനങ്ങളെ ബോധവന്മാരാക്കുക ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം മെച്ചപ്പെടുത്തുക | ചീഞ്ഞമത്സ്യം, പഴകിഴ ഭക്ഷണം, ഇറച്ചി എന്നിവ വില്ക്കപ്പെടുന്നു, കൊതുകു ശല്യം അധികമുണ്ട് പിഞ്ചുകുട്ടികളുടെ ആരോഗ്യത്തിന് ഹാനികരമായ കളർ ചേർത്ത മിഠായികൾ വില്ക്കുന്നു. കാരണമായ അഴുക്ക ജലം | സി. എച്ച് സി. യിൽ ഗൈനക്കോളജിസ്റ്റുഅടക്കം 5 ഡോക്ടർമാരെ കൂടി നിയമിക്കുക. സി. എച്ച്. സി. യുടെ ചികിത്സാസൗകര്യം മെച്ച പെടുത്തുക. മാർക്കറ്റുംടൗണും വൃത്തിയായി സൂക്ഷിക്കാൻ |



547

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | പ്രവർത്തകരുടെയും സേവനം ഫലപ്രദമല്ല. | | രോഗങ്ങളുടെ ആധിക്യം. | ആവശ്യമായ നടപടികൾ ഹെൽത്ത് ഇൻസ്പെട്ടരും സ്റ്റാഫും ചെയ്യുക. പരിസര ശുചീകരണം അനാരോഗ്യകരമായ ഭക്ഷണങ്ങൾ എന്നിവയെക്കുറിച്ച് ആരോഗ്യബോധവല്ക്കരണപരിപാടി നടത്തുക. |
| XII | ഇല്ല | ഇല്ല | വയറിളക്കം ചുമ മഞ്ഞപ്പിത്തം പനി | ജനങ്ങൾ ചികിത്സക്ക് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെയും സ്വകാര്യക്ലിനിക്കുകളെയും ആശ്രയിക്കുന്നു. വേങ്ങര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ചികിത്സാ സൗകര്യം കുറവാണ്, പ്രതിരോധകുത്തിവെപ്പ് നടത്തുന്നു. | ആരോഗ്യബോധവല്ക്കരണം ആവശ്യമാണ്. | | പുത്തനങ്ങാടിയിൽ ആയുർവ്വേദ ആശുപത്രി, ചെനക്കലങ്ങാടിയിൽ ഹോമിയോ ഡിസ്പൻസറി എന്നിവ സ്ഥാപിക്കുക സി. എച്ച്. സിയിൽ എക്സ്റെ, സ്കാനിങ്ങ്, കാഷ്വാലിറ്റി എന്നിവ ഉണ്ടാക്കുക. |

548

| | | | | | | | |
|---|---|---|---|---|---|---|---|
| XIII | എഫ്. ഡബ്ല്യു. സി. വലിയോറ | ഇല്ല | ചുമ വയറിളക്കം ചെങ്കണ്ണ് പനി | ആരോഗ്യബോധ വൽല്കകരണം തൃതികരമല്ല. പ്രതിരോധ കുത്തിവെപ്പ് നല്കുന്നു. | ആരോഗ്യ ബോധവല്ക്കരണം ഊർജ്ജിത പ്പെടുത്തുക ആഴ്ചയിൽ രണ്ട് തവണ ഡോക്ടറുടെ സേവനം ലഭ്യമാക്കുക അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുക | കക്കൂസുകൾ വേണ്ടത്രയില്ല. ധാരാളം ജനങ്ങൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നു. സി. എച്ച് സിയിൽ സൗകര്യങ്ങൾ കുറവായതു പ്രയാസ മുണ്ടാക്കുന്നു. | കക്കൂസുകൾ നിർമ്മിക്കാൻ ധന സഹായം ലഭ്യമാക്കുക സി. എച്ച് സി. യിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുക, മരുന്ന് ലഭ്യമാക്കുക. നിലവിലുള്ള സബ് സെൻറർ പ്രാധമിക ആരോഗ്യ കേന്ദ്രമാക്കുക. |
| XIV | ഇല്ല | ഇല്ല | ചുമ പനി വയറിളക്കം | ആരോഗ്യ ബോധവല്ക്കരണം തൃപ്തികരമല്ല. പ്രതിരോധ കുത്തിവെപ്പ് ആവശ്യത്തിനില്ല. | പ്രതിരോധകുത്തി വെപ്പ് പരിപാടിമെച്ച പെടുത്തുക. ആരോഗ്യബോധ വല്ക്കരണ പരിപാടി നടത്തുക | കക്കൂസുകൾ 35% കുറവാണ്. കൂരിയാട് NH ൻെറ ഒരറ്റത്ത് കോഴി ഇറച്ചി ഭാഗങ്ങൾ ഇടുന്നത് മൂലം മലിനീകരനം ഉണ്ട്. | കക്കൂസുകൾ ഉണ്ടാക്കാൻ ധന സഹായം ചെയ്യുക സബ്ബ്സെൻറർ പാണ്ടികശാല ഭാഗത്ത് നിർമ്മി ക്കുക. കൂരിയാട് ഭാഗത്ത് കോഴി ഇറച്ചി ഭാഗങ്ങൾ ഇടുന്നത് കൊണ്ടു ള്ള മലിനീകരണം ഒഴിവാക്കുക |



549

| | | | | | | | |
|---|---|---|---|---|---|---|---|
| XV | ഇല്ല | ഇല്ല | ചുമ പനി വയറിളക്കം ടി. ബി. ലെപ്രസി. | ആരോഗ്യ ബോധവല്ക്കരണം തൃപ്തികരമല്ല. പ്രതിരോധ കുത്തിവെപ്പ് നടത്തുന്നുണ്ട്. | ആരോഗ്യബോധവല്ക്കരണ പരിപാടി നടത്തുക | കക്കൂസുകൾ 25% ആളുകൾക്കില്ല. സി. എച്ച്. സി. യിൽ സൗകര്യങ്ങൾ കുറവായതിനാൽ വാർഡിലെ ജനങ്ങൾക്ക് ചികിത്സപ്രയാസകരമാകുന്നു. സബ്ബ് സെൻറർ ഇല്ലാത്തത് ആരോഗ്യപരിപാടികൾ നടത്തുന്നതിന് പ്രയാസമുണ്ടാക്കുന്നു. | കക്കൂസുകൾ നിർമ്മിക്കാൻ ധന സഹായം ചെയ്യുക സി. എച്ച് സി. യിലെ സൗകര്യങ്ങൾ മെച്ചപെടുത്തുക. സബ്ബ്സെൻറർ വാർഡിൽ സൗകര്യപ്രദമായ സ്ഥലത്ത് നിർമ്മിക്കുക. |

രേഖപ്പെടത്താനും, അവരുടെ കൂടിച്ചേരലുകളും ചർച്ചകളും സംഘടിപ്പിച്ച് ഈ മേഖലയെ കൂടുതൽ സമ്പുഷ്ടമാക്കുവാനും ശ്രമിക്കേണ്ടതാണ്. ഔഷധസ്സ്യങ്ങൾ വെച്ച് പിടിപ്പിക്കുവാനും, സംരക്ഷിക്കുവാനും പാരമ്പര്യവൈദ്യൻമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ 1994 -ൽ സ്ഥാപിച്ച് ഹെർബോ ഇൻഡ്യ എനന ആയുർവ്വേദ മരുനനു സംസ്കരണ വിപണന കേന്ദ്രം, ഇനന് പ്രവർത്തനം മന്ദീഭവിചച നിലയിലാണ്. ഈ സ്ഥാപനം മെച്ചപ്പെടുത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

## 4. ക്ലീൻ സിറ്റി; ഗ്രീൻ സിറ്റി


ക്ലീൻ സിറ്റി; ഗ്രീൻ സിറ്റി എനന ആശയം പ്രാവർതതിക മാക്കാൻ ശ്രദ്ധചെലുത്തെണ്ടതാണ്. അതിനുള്ള പരിശ്രമം എന്ന നിലയിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതോടൊപ്പം വേങ്ങര പഞ്ചായത്തിൽ പറ്റിയ സ്ഥലങ്ങളിൽ യോജിച്ച രീതിയിൽ മരങ്ങൾ, ചെടികൾ എന്നിവ നട്ടുപിടിപ്പിക്കേണ്ടതും, സംരക്ഷിക്കേണ്ടതുമാണ്. സ്ക്കൂൾ പറമ്പുകൾ, ഓഫീസ് കോമ്പൗണ്ടുകൾ, സി. എച്ച് സി. കോമ്പൗണ്ട് എന്നിവിടങ്ങളിൽ പൂന്തോട്ടങ്ങളും, ഔഷധസ്സ്യങ്ങൾ വെച്ച് പിടിപ്പിക്കുകയും അവയെ സംരക്ഷിക്കുവാൻ സ്ഥാപനത്തിലെ ജീവനക്കാരും നാട്ടുകാരുമടങ്ങിയ കമ്മിറ്റികൾ രൂപീകരിക്കുന്നതും ആലോചിക്കാവുന്നതാണ്.

അലഞ്ഞുതിരിയുന്ന കന്നുകാലികൾ വേങ്ങര പഞ്ചായത്തിൽ ജനജീവിതത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പട്ടികൾ പേവിഷഭാദക്കും കാരണമാകയാൽ ആരോഗ്യ പ്രശ്നവും സൃഷ്ടിക്കുന്നു. മാത്രമല്ല ക്ലീൻസിറ്റി; ഗ്രീൻസിറ്റി എന്ന ആശയം നടപ്പിലാക്കുവാനും ഇവ തടയെണ്ടത് ആവശ്യമാണ്. അതിനുവേണ്ട കാര്യക്ഷമമായ പദ്ധതി പൊതുജനപങ്കാളിത്തത്തോടെ ആരംഭിക്കേണ്ടതായിട്ടുണ്ട്.

വേങ്ങര ടൗണിലെ അഴുക്കുവസ്തുക്കൾ വാരി കമ്പോസ്റ്റ് ആക്കാനുള്ള ഒരു പരിപാടി ആരംഭിക്കുന്ന കാര്യം ശ്രദ്ധിക്കേണ്ടതും, ഓരോ വീട്ടിലും ഇത്തരം കമ്പോസ്റ്റ് നിർമ്മാണം നടത്താൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന കാര്യ് ആലോചിക്കാവുന്നതുമാണ്.

പഞ്ചായത്ത് നിവാസികളുടെ പൊതു ആരോഗ്യ സ്ഥിതിക്ക് ഹാനികരമായ പുകവലി, മദ്യാപാനം, മയക്കുമരുന്നുകളുടെ ഉപയോഗം തുടങ്ങിയവക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ, സനനദ്ധ സംഘടനകൾ മുഖേനയും ആരോഗ്യവകുപ്പ് പ്രവർത്തകർ മുഖേനയും നടത്തേണ്ടതാണ്.

നിലവിലുള്ള സാഹചര്യങ്ങൾക്കനുസരിച്ച്, സന്നദ്ധ സംഘടനകൾ, ആരോഗ്യസ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഏകോപിത പ്രവർത്തനത്താൽ ആരോഗ്യപൂർണ്ണമായ പഞ്ചായത്ത് കെട്ടിപ്പടുക്കുക എന്നതാണ് നമ്മുടെ കടമ.



552

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

കണ്ണമംഗലം, വേങ്ങര വില്ലേജുകൾ ഉൾപ്പെടുന്ന കുന്നും മലയും വയലുകളും കൂടിയ സമിശ്ര പ്രദേശമാണ് ഈ പഞ്ചായത്ത്. 50 കൊല്ലങ്ങൾക്ക് മുമ്പ് മലപ്പുറം പരപ്പനങ്ങാടി റോഡിൽ കൂരിയാട് മുതൽ ഗാന്ധിദാസ് പടിവരെയുള്ള റോഡ് മാത്രമാണ് വേങ്ങരയിൽ ഉണ്ടായിരുന്നത്. 1921 ലെ മലബാർ സമരകാലത്ത് ബ്രിട്ടീഷുകാരാൽ നിർമ്മിക്കപ്പെട്ടതാണ് മലപ്പുറം പരപ്പനങ്ങാടി റോഡ്. അതിനുശേഷം 1954-55 കാലത്ത് വലിയോറ അംശത്തിലും കണ്ണമംഗലം അംശത്തിലും ഓരോ ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നു. യശശരീനായ എൻ.ടി. ഹസ്സൻകുട്ടി ഹാജി വലിയോറ പഞ്ചായത്ത് പ്രസിഡണ്ടും യശശരീനായ ഇ.കെ. കുഞ്ഞിമൊയ്തുഹാജി കണ്ണമംഗലം പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്നു. അക്കാലത്ത് പഞ്ചായത്ത് ബോർഡ് അംഗങ്ങളേയും പഞ്ചായത്ത് പ്രസിഡണ്ടിനേയും കൈപൊക്കിയാണ് തെരെഞ്ഞെടുത്തിരുന്നത്. വേങ്ങര അംശത്തിലും ചേറൂർ അംശത്തിലും അന്ന് പഞ്ചായത്ത് തെരെഞ്ഞെടുപ്പ് നടന്നിരുന്നില്ല. ആദ്യമായി വലിയോറപഞ്ചായത്ത് നിർമ്മിച്ച റോഡാണ് കച്ചേരിപ്പടി - പുത്തനങ്ങാടി റോഡ്. തീണ്ടേക്കാട് - പടപ്പറമ്പ് റോഡാണ് കണ്ണമംഗലം പഞ്ചായത്ത് ആദ്യമായി നിർമ്മിച്ചത്. 1964ൽ വലിയോറ, വേങ്ങര, ചേറൂർ, കണ്ണമംഗലം എന്നീ അംശങ്ങൾ ഉൾപ്പെടുത്തി വേങ്ങര പഞ്ചായത്ത് നിലവിൽ വന്നു. യശശരീനായ ചാക്കീരി അഹമ്മദ് കുട്ടി സാഹിബ് പ്രസിഡണ്ടും, യശശരീനായ മാളിയേക്കൽ അബ്ദുള്ളഹാജി വൈസ് പ്രസിഡണ്ടുമായി 11 അംഗ പഞ്ചായത്ത് ബോർഡ് നിലവിൽ വന്നതിനു ശേഷമാണ് വേങ്ങരയിൽ റോഡ് വികസനത്തിന് തുടക്കം കുറിച്ചത്. വേങ്ങര - മുതലമാട് റോഡ്, വേങ്ങര - മാർക്കറ്റ് റോഡ്, എസ് - എസ് റോഡ്, അച്ചനമ്പലം - പാക്കടപ്പുറായ റോഡ്, കുറ്റൂർ നോർത്ത് - പടപ്പറമ്പ് റോഡ് എന്നിവ അക്കാലത്താണ് ഉണ്ടായത്. 1952 - 53 കാലത്ത് മലബാർ പ്രദേശം മദ്രാസ് സംസ്ഥാനത്തിലായിരുന്നപ്പോൾ ഈ പ്രദേശത്തെ എം.എൽ.എ. ആയിരുന്ന മർഹും. ചാക്കീരി അഹമ്മദ് കുട്ടി സാഹിബ് സ്വന്തം ചിലവിൽ മലപ്പുറം പരപ്പനങ്ങാടി റോഡിൽ നിന്നും അദ്ദേഹത്തിൻെറ നാടായ ചേറൂരിലേക്ക് ഒരു റോഡ് നിർമ്മിച്ചിരുന്നു. ആ റോഡാണ് പിൽക്കാലത്ത് വേങ്ങര - അച്ചനമ്പലം - കുന്നുംപുറം പി.ഡബ്ല്യു.ഡി. റോഡായി മാറിയത്. ശേഷം മാറി വന്ന പല ഭരണ സമിതികളുടേയും ജന പ്രതിനിധികളുടേയും പ്രവർത്തന ഫലമായി 108.617 കി.മി. പഞ്ചായത്ത് റോഡും 23.400 കി.മി. പിഡബ്ല്യൂ.ഡി. റോഡും ഒന്നര കിലോമീറ്റർ എൻ-എച്ച് റോഡും 5.5 കി.മി. ഫുട് പാത്തുകളും വേങ്ങര പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൻെറ ഭൂവിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ ഇത് തീരെ അപര്യാപ്തമാണ്. ഉള്ള റോഡുകളിൽ ഭൂരിഭാഗവും ഓടകളും കലുങ്കുകളും ഇല്ലാത്തതും കുണ്ടും

കുഴിയും നിറഞ്ഞ് ഗതാഗത യോഗ്യമല്ലാത്തതുമാണ്. 10.338 കി.മി പഞ്ചായത്ത് റോഡ് മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. അത് തന്നെ അറ്റകുറ്റ പണികൾ യഥാസമയം നടത്താത്തതിനാൽ ഗതാഗത യോഗ്യമല്ലാതായിട്ടുണ്ട്. കച്ചേരിപ്പടി - കുറ്റൂർ നോർത്ത് - കക്കാടംപുറം റോഡ് ഗവൺമെൻറ് ഏറ്റെടുക്കുകയും എ.എസും. എസ്.എസും. ലഭിച്ചുവെങ്കിലും ടെക്നിക്കൽ സാങ്ഷൻ കിട്ടാത്തതു കാരണം ടെണ്ടർ ചെയ്യുകയോ പണി തുടങ്ങുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്ന് പ്രസ്തുത റോഡ് എത്രയും പെട്ടെന്ന് പണി തുടങ്ങണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. 1969ൽ വേങ്ങര പഞ്ചായത്ത് മെമ്പർ ആയിരുന്ന യശശരീരനായ ടി.കെ. മുഹമ്മദ് എന്ന മാനു മുൻകൈ എടുത്ത് ഗാന്ധിക്കുന്നിലും പരിസര പ്രദേശങ്ങളിലുമുള്ള ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ബഹുജന പങ്കാളിത്തത്തോട്കൂടി നിർമ്മിച്ചതാണ് വേങ്ങര ഗാന്ധിറോഡ്. പിന്നീട് അത് പഞ്ചായത്ത് ഏറ്റെടുത്ത് പുരോഗമന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വേങ്ങര ടൗണിൽ വാഹനങ്ങളുടെ ബാഹുല്യം കാരണം ഗതാഗത തടസ്സം നേരിടുന്നുണ്ട്. പഞ്ചായത്ത് വക ഒരു ബസ് സ്റ്റാൻറ് നിലവിലുണ്ടെങ്കിലും ടാക്സി സ്റ്റാൻഡ് ഓട്ടോറിക്ഷാ സ്റ്റാൻഡ് എന്നിവ ഇല്ലാത്തതിനാൽ മെയിൻ റോഡിൻെറ ഇരുവശവും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം വിദ്യാർത്ഥികൾക്കും കാൽനടയാത്രക്കാർക്കും സുഗമമായി നടന്നു പോകാൻ സാധിക്കുന്നില്ല. ഒരു ടാക്സി സറ്റാൻഡും ഓട്ടോറിക്ഷാസ്റ്റാൻഡും വേങ്ങര ടൗണിൽ അടിയന്തിരമായി നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്ന് വിശേഷാൽ ഗ്രാമ സഭകളിൽ നിന്നും നിർദ്ദേശമുണ്ടായി. അതോടൊപ്പം തന്നെ ജനങ്ങൾക്ക് നിർഭയം നടന്നുപോകുന്നതിന് വേണ്ടി വേങ്ങര ടൗണിൽ മലപ്പുറം പരപ്പനങ്ങാടി റോഡിൽ ഇരുവശത്തും നടപ്പാത നിർമ്മിക്കുകയും ഇപ്പോൾ റോഡിൻെറ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക്കൽ പോസ്റ്റുകൾ സൈഡിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്താൽ വേങ്ങരയിലെ ഗതാഗതക്കുരുക്ക് തീർക്കാൻ സാധിക്കും.

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

*ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ*

| വാർഡ് | | റോഡുകൾ |
|---|---|---|
| -1- | 1 | എസ്.യു.എൽപി.സ്ക്കൂൾ - മടത്തിൽ ഇടവഴി റോഡ് |
| | 2 | ആസാദ് നഗർ - കുറ്റൂർ വയൽ റോഡ് *(കാരിപുറായ)* |
| | 3 | മാടൻചിന - ചെമ്പൻതൊടു *(കുറ്റൂർപാടം റോഡ്)* |
| | 4 | കൂരിയാട് - ബാലിക്കാട് റോഡ് ടു ഫസലിയ്യ റോഡ് *(നിർമ്മാണം)* |
| -2- | 1 | പാക്കടപുറായ - കുറ്റൂർ നോർത്ത് റോഡ് *(പാടം പൂർത്തിയാക്കുക)* |
| | 2 | കുന്നാംചേരിപള്ളി - കുറ്റൂർപാടം റോഡ് *(വഴി-വൈദ്യാർതൊടിക ഇടവഴി)* |
| | 3 | ചോലക്കുണ്ട് ഇടവഴി റോഡാക്കുക. |
| | 4 | മാടാത്തൊടു - കുറ്റൂർപാടം റോഡ് |
| | 5 | കഴനിയിൽ ഇടവഴി റോഡ് |
| | 6 | ഫസലിയ റോഡ് - കാരാട്ട്പറമ്പ് റോഡ് |

| വാർഡ് | | റോഡുകൾ |
|---|---|---|
| -3- | 1 | ഇല്ലിക്കൽചിറ - തൊമ്മങ്ങാട്ടു അരു റോഡ് *(വഴി-പാങ്ങാട്ട് അരു)* |
| | 2 | പൊട്ടത്തുമാട് - പാങ്ങാട്ട്അരു റോഡ് |
| | 3 | തയ്യിൽപുറായ - കുഴിച്ചിന റോഡ് |
| | 4 | ഇരുകുളം - മലവാരത്ത് ഹരിജൻ കോളനി താമലഅരു റോഡ് *(എസ്.സി.പി)* |
| | 5 | കണ്ണാട്ടിപ്പടി - പള്ളിയാളിഅരു റോഡ് |
| -4- | 1 | നെല്ലിക്കാപറമ്പ് - ഭരണിക്കുളങ്ങര പുളിച്ചീരി വഴി വാളക്കുട റോഡ് |
| | 2 | തടത്തിൽപുറായ, കുണ്ടിൽതൊടുവഴി കണ്ണമംഗലം പാടം റോഡ് |
| | 3 | മേമ്മാട്ടുപാറ - ചുവന്നകുന്ന് - പെരന്തക്കൽ റോഡ് |
| -5- | 1 | ചെങ്ങാനി ഹെൽത്ത് സെൻറർ റോഡ് കൂർക്കംപറമ്പ് റോഡുമായി ബന്ധിപ്പിക്കൽ |
| | 2 | പാലംതൊടു - എറേക്കുടശ്ശേരി റോഡ് |
| | 3 | പാലക്കാവളപ്പ് - കോണിക്കുട് - നരേക്കറാട് റോഡ് |
| | 4 | തോട്ടശ്ശേരിയറ - പനക്കൽ കോളനി റോഡ് *(എസ്.സി.പി)* |
| | 5 | കൂർക്കംപറമ്പ് - അങ്കത്തംകുണ്ട് - ചെങ്ങാണി റോഡ് ബന്ധിപ്പിക്കൽ |
| | 6 | ഇട്ടെപ്പടി - മധുക്കൽ റോഡ് |
| -6- | 1 | പടപ്പറമ്പ് - തൊടിഞ്ചീരിവഴി ഇരങ്ങളത്തൂർപാടം റോഡ് |
| | 2 | പടപ്പറമ്പ് - തോണിപ്പുറായ തൊടാമ്പുറത്ത്പാറ റോഡ് പൂർത്തിയാക്കൽ |
| | 3 | പുച്ചോലമാട് ബാലവാടി - മുട്ടുംപുറം റോഡ് |
| | 4 | ഗാന്ധിക്കുന്ന് കോളനി - പരപ്പൻചിന റോഡ് |
| | 5 | കൊറ്റശ്ശീരിപ്പുറായ - കുറ്റൂർ - അച്ചനമ്പലം റോഡ് |
| | 6 | കുറ്റൂർ നോർത്ത് - നെച്ചിക്കാട് കുണ്ട് - അമ്പേദ്കർ കോളനി റോഡ് പൂർത്തീകരിച്ച് ടാർ ചെയ്യൽ *(എസ്.സി.പി)* |
| | 7 | ഗാന്ധിക്കുന്ന് - മാട്ടറ ഇടവഴി - വേങ്ങരപാടം റോഡ് |
| | 8 | ഗാന്ധിക്കുന്ന് - അംഗൻവാടി റോഡ് |
| | 9 | മണ്ണാരപ്പടി - അടാംപുറം - ഇരിങ്ങളത്തൂർ റോഡ് |
| | 10 | കൊറ്റശ്ശീരിപ്പുറായ - ഇരിങ്ങളത്തൂർ റോഡ് |
| | 11 | നൊട്ടപ്പുറം - കൊളക്കാട്ട്ചിറപാടം റോഡ് |
| -7- | 1 | പൂച്ചോലമാട് - ചേറൂർയത്തീംഖാന റോഡ് |
| | 2 | പൂച്ചോലമാട് - കാളങ്ങാട്ട് ഇടവഴി ചേറൂർ *(പാടംറോഡ്)* |

555

| വാർഡ് | റോഡുകൾ |
|---|---|
| -8- | 1 കുഞ്ഞൻപുറായ കറുത്തേടത്ത് പറമ്പ് റോഡ്<br>2 കിളിനക്കോട് - മണ്ണാത്തിപ്പറമ്പ് റോഡ്<br>3 മധുക്കപ്പറമ്പ് യു.പി. സ്ക്കൂൾ - അമ്പലക്കുന്ന് റോഡ് *(വെള്ളച്ചാൽ റോഡ്)*<br>4 തോണിച്ചാൽ - ചീച്ചിപ്പാറ റോഡ്<br>5 കിളിനക്കോട് - ചിനക്കപ്പറമ്പ് - മണ്ണാത്തിപ്പറമ്പ് - ചാരക്കാട് - കോട്ടക്കൽമല റോഡ്<br>6 മുതുവിൽകുണ്ട് - ആലിൻ ചുവട് - മതുക്കപ്പറമ്പ് വഴി മല റോഡ്<br>7 രാമൻകുളങ്ങര - മുതുവിൽകുണ്ട് റോഡ്<br>8 മുതുവിൽകുണ്ട് - പള്ളി ജംഗ്ഷൻ - കിളിനക്കോട് - മണ്ണാത്തിപ്പറമ്പ് റോഡ് |
| -9- | 1 ചേറൂർ കാപ്പിൽപ്പള്ളി റോഡ് - മിനിറോഡുമായി ബന്ധിപ്പിക്കൽ<br>2 ചേറൂർ കോട്ടമാട് റോഡ് - വേങ്ങര വെട്ടത്തോട് റോഡുമായി ബന്ധിപ്പിക്കൽ<br>3 അടിവാരം കാപ്പിൽ റോഡ്<br>4 ചേറൂർ യത്തീംഖാന പിൻവശം റോഡ് പൂച്ചോല മാട് റോഡുമായി ബന്ധിപ്പിക്കൽ<br>5 ചേറൂർ കൂരിക്കാട് റോഡ് ചെന്ത്രോത്ത്പറമ്പ് റോഡുമായി ബന്ധിപ്പിക്കൽ<br>6 മിനി - കിളിനക്കോട് റോഡ് പള്ളിക്കൽ ബസാർ വഴി തടത്തിപ്പാറ റോഡുമായി ബന്ധിപ്പിക്കൽ<br>7 ചേറൂർ അങ്ങാടി - പൂക്കുളം റോഡ് |
| -10- | 1 വെട്ടുതോട് - ചുടലപ്പാറ - കഴുകൻചീന റോഡ്<br>2 കറുവെണ്ണി റോഡ് - കല്ലള്ളിപ്പാറ - കൊളക്കാട്ട് അരു റോഡ്<br>3 ആയുർവ്വേദ ആശുപത്രി മുതൽ നെല്ലിപ്പറമ്പ് റോഡുമായി ബന്ധിപ്പിക്കൽ<br>4 എസ്.എസ്. റോഡിൽ നിന്നും നെല്ലിപ്പറമ്പ് റോഡിലേക്ക് കിഴക്കേകുണ്ട് വഴി പുട്പാത്ത് നിർമ്മാണം *സ്ലാബ്*<br>5 മാറ്റാനം ലക്ഷംവീട് കോളനി റോഡും അമ്പലപ്പുറായ റോഡും ബന്ധിപ്പിക്കൽ<br>6 അമ്പലപ്പുറായ റോഡ് വേങ്ങര പാടം വഴി ഗാന്ധിക്കുന്നിലേക്ക് റോഡ് നിർമ്മിക്കൽ |
| 11 | 1 കള്ളുഷാപ്പുമുതൽ കാട്ടിക്കുളം വരെ ഇടവഴിക്ക് സ്ലാബ് നിർമ്മാണം.<br>2 കുറുകക്കുണ്ട് ജി.ജി.എച്ച്.എസ്. ബസ്സ്റ്റാൻറ് പുട്പാത്ത് നിർമ്മാണം.<br>3 യാഹുംകുളം മുതൽ ചന്തപ്പടി റോഡിലേക്ക് പുട്പാത്ത് നിർമ്മാണം.<br>4 മാട്ടിൽപള്ളി - കഞ്ചളത്ത് ഇടവഴി കുറുകപ്പാടം റോഡ്<br>5 ഹെൽത്ത് സെൻറർ മുതൽ വരുവെട്ടിച്ചാൽ കുറുകപ്പാടം *ആശാരി ഇടവഴി* റോഡ് നിർമ്മാണം |

| വാർഡ് | റോഡുകൾ |
|---|---|
| -12- | 1 കുണ്ടൂർചോല - വലിയോറ പാടം റോഡ്<br>2 മാട്ടിൽപടി - അരീക്കപ്പള്ളിയാളി റോഡ്<br>3 കുണ്ടൂർചോല - പൂക്കുളം മണ്ണൊടി - വലിയോറ പാടം തിരുത്തി റോഡ് |
| -13- | 1 ചെള്ളിത്തൊടു - വലിയോറ പാടം റോഡ്<br>2 അടക്കാപുര - ഇരുക്കുളം പള്ളി റോഡ് - വലിയോറ പാടത്തേക്ക് നീട്ടൽ<br>3 വലിയോറ പാടം - തിരുത്തി റോഡ്<br>4. പടിക്കപ്പാറ - മേക്കാണിക്കുണ്ട് റോഡ് |
| -14- | 1 കുണ്ടുപുഴക്കൽ ഇടവഴി മെതുലാട് ഇരിക്കുളം വലിയോറ പാടം വഴി റോഡ് നിർമ്മാണം.<br>2 പെരുമ്പുഴ - പാണ്ടികശാല മുതൽ കൂരിയാട് പനമ്പുഴ പാലം വരെ പുട്പാത്ത് നിർമ്മാണം.<br>3 തേർക്കയം തട്ടാഞ്ചേരി മല റോഡ് |
| -15- | 1 കച്ചേരിപ്പടി - നീലഞ്ചേരി പറമ്പ് ഹരിജൻ കോളനി റോഡ് പുനർനിർമ്മാണത്തിൽ 150 മീറ്റർ ദൂരം പൊതുജനങ്ങൾ നിർമ്മിച്ചു ബാക്കി പൂർത്തിയാക്കൽ<br>2 വലിയോറ പാടം - കോരം കുളങ്ങര പള്ളി - കുന്നുമ്മൽപള്ളി വരെ റോഡ് നിർമ്മാണം.<br>3 കച്ചേരിപ്പടി - മലയാംപള്ളി റോഡ്<br>4 പറമ്പിൽപടി - വേങ്ങര പാടം റോഡ് പൂർത്തിയാക്കൽ<br>5 നമ്പ്രത്ത് ഇടവഴി റോഡ് നിർമ്മിക്കൽ<br>6 കുന്നേക്കാവിൽ ഇടവഴി റോഡ് നിർമ്മിക്കൽ<br>7 കച്ചേരിപ്പടി - കുറുകപ്പാടം നായാട്ടിൽ ഇടവഴി റോഡ് നിർമ്മാണം<br>8 പുളിക്കൽകുണ്ട് - പാങ്ങാട്ട് അരു റോഡ് നിർമ്മാണം |

## ഇടവഴി നന്നാക്കൽ

*ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ*

| | |
|---|---|
| 1 | 1 ചെല്ലാനിപ്പുറം ഇടവഴി സ്റ്റെപ്പ് കെട്ടൽ<br>2 കാരിപ്പുറായ ഇടവഴി *റിപ്പേർ* |
| 2 | 1 ചോലക്കുണ്ട് ഇടവഴി നന്നാക്കൽ |

| വാർഡ് | | ഇടവഴി നന്നാക്കൽ |
|---|---|---|
| 3 | 1 | ഇല്ലത്ത് ഇടവഴി നന്നാക്കൽ |
| | 2 | പാങ്ങാട്ട് ഇടവഴി നന്നാക്കൽ |
| 4 | 1 | മേമാട്ടുപാറ - എറാട്ടു ഇടവഴി |
| | 2 | മേമാട്ടുപാറ - മടത്തിൽ ഇടവഴി |
| | 3 | വാളക്കുട - ചെറിയ വാളക്കുട ഇടവഴി |
| 5 | 1 | ചെങ്ങാനി - മുത്തപ്പൻ കോട്ടപാടം വഴി പെരുവള്ളൂർ എറേക്കുളങ്ങര പുട്പാത്ത് നിർമ്മാണം |
| 6 | 1 | മാട്ടറ ഇടവഴി |
| 7 | 1 | പി.കെ.മാട് - ആശാരികോളനി ഇടവഴി നന്നാക്കൽ |
| | 2 | ചെണ്ണ - മേലെപ്പള്ളി ഇടവഴി നന്നാക്കൽ |
| 8 | 1 | പാങ്ങാട്ട് ഇടവഴി വീതികൂട്ടി റിപ്പേർ |
| 9 | 1 | ചിനക്കൽ ഇരിങ്ങല്ലൂർ പടം ഇടവഴി |

| വേങ്ങര പഞ്ചായത്തിൽ ബസ് വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കാൻ നിർദ്ദേശം വന്നിട്ടുള്ള സ്ഥലങ്ങൾ | |
|---|---|
| 1. | കൂരിയാട് ജംഗ്ഷൻ |
| 2. | പത്തുമൂച്ചി - മെയിൻ റോഡിൽ ഇടതുവശം |
| 3. | എം.എൽ.എ. റോഡിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിന് മുൻവശം |
| 4. | തറയിട്ടാൽ ജംഗ്ഷന് സമീപം |
| 5. | ചിനക്കൽ സ്ക്കൂളിന് സമീപം |
| 6. | പുത്തനങ്ങാടി ടൗണിന് സമീപം |
| 7. | മെതുലാട് |
| 8. | അച്ചനമ്പലം |
| 9. | തീണ്ടേക്കാട് |
| 10. | ചിന്നമ്മപ്പടി *ഫോറിൻപടി* |
| 11. | എടക്കാപറമ്പ് ജംഗ്ഷൻ |
| 12. | പാക്കടപ്പുറായ സ്ക്കൂളിന് സമീപം |
| 13. | കച്ചേരിപ്പടി-കുറ്റൂർ നോർത്ത് റോഡിൽ പരപ്പൻചിന ജംഗ്ഷൻ |
| 14. | അച്ചനമ്പലം കൂരിയാട് റോഡിൽ തോന്നിപ്പുറായ ജംഗ്ഷൻ |
| 15. | മാടംചിന ജംഗ്ഷൻ |
| 16. | തോട്ടശ്ശേരിയറ ടൗണിൽ |
| 17. | ചെങ്ങാനി - കാരാട്ടാലുങ്ങൽ |
| 18. | ചെങ്ങാനിപ്പാടം |
| | *കൂരിയാട് എൻ.എച്ച്. റോഡിൽ ട്രാഫിക്ക് ഐലൻറ് സ്ഥാപിക്കുക* |

| വാർഡ് | കോഡ് | ടാർ ചെയ്യാൻ നിർദ്ദേശം വന്ന റോഡുകൾ<br>റോഡിൻെറ പേര് | ദൂരം. കി.മീ. | വീതി. മീറ്റർ | | മെറ്റൽ<br>ചെയ്തത് | മെറ്റൽ<br>ചെയ്യാത്തത് | ഓട<br>ഉള്ളത് | ഓട<br>വേണ്ടത് | കലുങ്ക്<br>ഉള്ളത് | കലുങ്ക്<br>വേണ്ടത് | അറ്റകുറ്റ പണി |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 01 | മാടംചിനചക്കനകത്ത് വഴി വലിയ പീടികക്കൽ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 02 | പാക്കടപുറായ വലിയപീടിയേക്കൽ താവയിൽ വഴി എ. ആർ. നഗർ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | ബാലിക്കാട് ഹരിജൻ കോളനി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | തിരുത്തി ഇടവഴി കുറ്റൂർ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | പാക്കടപുറായ ചേറ്റി പുറം മാട് റോഡ് | | | | | ☑ | | ☑ | | ☑ | |
| 2 | 01 | കച്ചേരിപ്പടി കുറ്റൂർ നോർത്ത് കക്കാടംപുറം റോഡ് പി. ഡബ്ളിയു. ഡി. | | | | | | | ☑ | | ☑ | |
| | 02 | പരപ്പൻചിന പൂവ്വത്ത് പറമ്പ് ഹരിജൻ കോളനി റോഡ്. എസ്. സി. പി. | | | | | ☑ | | ☑ | | ☑ | |
| | 03 | കാരാട്ട് ഇടവഴി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | പാക്കടപുറായ താവയിൽ അരുവയൽ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | കുഴിച്ചെന ആശാരിക്കുണ്ട് റോഡ് | | | | | ☑ | | ☑ | | ☑ | |
| 3 | 01 | കച്ചേരിപ്പടി കുറ്റൂർ നോർത്ത് കക്കാടംപുറം റോഡ് | | | | | | | ☑ | | ☑ | |
| | 02 | കണ്ണാട്ടിപ്പടി പാക്കടപുറായ റോഡ് | | | | | | | ☑ | | ☑ | |
| | 03 | ഇരുകുളം - പറമങ്ങാട്ടു പുറായ റോഡ് | | | | | ☑ | | ☑ | | | |
| | 04 | പാക്കടപുറായ പാങ്ങാട്ടുമാട് റോഡ് *ചെമ്പൻ റോഡ്* | | | | | ☑ | | ☑ | | | |
| | 05 | ഇരുകുളം - പൊട്ടത്തുമാട് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 06 | മലവാരത്ത് ഹരിജൻ കോളനി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 07 | ദേവസ്വം പറമ്പ് തയ്യിൽപുറായ റോഡ് | | | | | ☑ | | ☑ | | | |
| | 08 | കണ്ണാട്ടിപ്പടി പോത്തുംപെട്ടി റോഡ് | | | | | ☑ | | ☑ | | | |
| | 09 | അച്ചനമ്പലം കൂരിയാട് റോഡ് | | | | | | | ☑ | | | റീടാറിംഗ് |
| | 10 | ഗാന്ധി റോഡ് കണ്ണാട്ടിപ്പടി ലിങ്ക് റോഡ് | | | | | | | ☑ | | | റീടാറിംഗ് |
| 4 | 01 | മേമാട്ടുപാറ വട്ടപ്പൊന്ത ഹരിജൻ കോളനി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 02 | എടക്കാപറമ്പ് വാളക്കുട ഹരിജൻ കോളനി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | ചിനക്കൽ താഴെകോട്ടാല റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | മേമാട്ടുപാറ ഉണ്യാൽ ഹരിജൻ കോളനി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | എടക്കാപറമ്പ് മേമാട്ടുപാറ റോഡ് | | | | | | | ☑ | | | റീടാറിംഗ് |
| | 06 | മേമാട്ടുപാറ തീണ്ടേക്കാട് റോഡ് | | | | | ☑ | | ☑ | | ☑ | |
| 5 | 01 | പാലംതൊടു ചെറേക്കാട് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 02 | മുല്ലപ്പടി നേഴ്സറി സ്ക്കൂൾ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | ചെങ്ങാനി കൂളിപറമ്പ് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | പുള്ളിപ്പാറ പൂങ്ങാട്ടുകുണ്ടിൽ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | തോട്ടശ്ശേരിഅറ - വാളക്കുട റോഡ് | | | | | ☑ | | ☑ | | ☑ | |


| വാർഡ് | കോഡ് | റോഡിന്റെ പേര് | ദൂരം. കി.മി. | വീതി. മീറ്റർ | | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യാത്തത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റ പണി |
|---|---|---|---|---|---|---|---|---|---|---|---|---|
| 5 | 06 | ചെങ്ങാനി മുത്തപ്പൻകോട്ട റോഡ് | | | | | ☑ | | ☑ | | ☑ | |
| | 07 | ചെങ്ങാനി ഹെൽത്ത് സെൻറർ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 08 | പനക്കൽ കോളനി - അങ്കത്തംകുണ്ട് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 09 | ചെങ്ങാനി എറേകുളങ്ങര റോഡ് | | | | | ☑ | | ☑ | | ☑ | |
| 6 | 01 | തീണ്ടേക്കാട് പടപ്പറമ്പ് റോഡ് | | | | | | | ☑ | | ☑ | |
| | 02 | പടിഞ്ഞാറെ പടപ്പറമ്പ് അച്ചനമ്പലം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | ഗാന്ധിക്കുന്ന് കുഴൽകിണർ റോഡ്<br>*പുത്തൻപള്ളി കോളനി റോഡ്* | | | | | ☑ | | ☑ | | ☑ | |
| | 04 | മണ്ണാർപടി പുഴമ്മൽ ഇരിങ്ങളത്തൂർ പാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | പൂച്ചോലമാട് മുട്ടുംപുറം ഹരിജൻ കോളനി റോഡ് എസ്.സി.പി. | | | | | ☑ | | ☑ | | ☑ | |
| | 06 | പടപ്പറമ്പ് മുട്ടുംപുറം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 07 | നെല്ലിക്കാപറമ്പ് ഹരിജൻ കോളനി റോഡ്<br>*എസ്.സി.പി.* | | | | | ☑ | | ☑ | | ☑ | |
| | 08 | മുക്കിൽ പീടിക അറാംകുളം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 09 | പരപ്പൻ ചിന ഗാന്ധിക്കുന്ന് ജംഗ്ഷൻ<br>*പരപ്പൻ ചിന ശ്മശാനം റോഡ്*<br>*എസ്.സി.പി.* | | | | | ☑ | | ☑ | | ☑ | |
| | 10 | നൊട്ടപ്പുറം ഗാന്ധിക്കുന്ന് ഹരിജൻ കോളനി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 11 | ഗാന്ധിക്കുന്ന് മുട്ടുംപുറം റോഡ്<br>*നൊട്ടപ്പുറം മുട്ടുംപുറം റോഡ്* | | | | | ☑ | | ☑ | | ☑ | |
| | 12 | പടിഞ്ഞാറേ പടപ്പറമ്പ് - പൂങ്കടായ് മുട്ടുംപുറം ഹരിജൻ കോളനി റോഡ്<br>*പൂങ്കടായ് - തുറമ്പത്തുപാറ - പടപ്പറമ്പ് റോഡ്* | | | | | ☑ | | ☑ | | ☑ | |
| 7 | 01 | വെട്ടുത്തോട് പാലം പൂച്ചോലമാട് എസ്.എസ്. റോഡ് | | | | | ☑ | | ☑ | | ☑ | |
| | 02 | അച്ചനമ്പലം പെരണ്ടമ്പലം മേമാട്ടുപാറ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | അച്ചനമ്പലം മദ്രസ്സ - പൂയത്തുമാട് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | അച്ചനമ്പലം വെള്ളച്ചാൽ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | അച്ചനമ്പലം ചെറേക്കാട് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 06 | അച്ചനമ്പലം തോന്നിപ്പുറായ റോഡ് | | | | | | | ☑ | | | റീടാറിംഗ് |
| | 07 | അച്ചനമ്പലം പടപ്പറമ്പ് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 08 | പൂച്ചോലമാട് - നൊട്ടനവളപ്പ് റോഡ് | | | | | ☑ | | ☑ | | ☑ | |
| 8 | 01 | ഫോറിൻപടി കിളിനക്കോട് റോഡ്<br>ചിന്നമ്മപ്പടി - കിളിനക്കോട് റോഡ് | | | | | | | ☑ | | ☑ | റീടാറിംഗ് |

| വാർഡ് | കോഡ് | റോഡിന്റെ പേര് | ദൂരം. കി.മീ. | വീതി. മീറ്റർ | | മെറ്റൽ | | ഓട | | കലുങ്ക് | | അറ്റകുറ്റ പണി |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | |
| 8 | 02 | ചേറൂർ - മുതുവിൽകുണ്ട് റോഡ് | | | | | | | | | | റീടാറിംഗ് |
| | 03 | തടത്തിൽ പാറ പാറക്കണ്ണി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | മിനി - കിളിനക്കോട് റോഡ് | | | | | | | ☑ | | ☑ | |
| | 05 | ചേറൂർ അങ്ങാടി വി.കെ. മാട് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 06 | ചേറൂർ - പടപ്പറമ്പ് ഹരിജൻ കോളനി മല റോഡ് | | | | | ☑ | | ☑ | | ☑ | |
| | 07 | ചേറൂർ - ചെറേക്കാട് റോഡ് | | | | | ☑ | | ☑ | | ☑ | |
| 9 | 01 | മിനി -അക്കരക്കാപ്പ് - കിളിനക്കോട് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 02 | ഫോറിൻ പടി കിളിനക്കോട് റോഡ് | | | | | | | ☑ | | ☑ | റീടാറിംഗ് |
| | 03 | ചണ്ണ - ഹരിജൻകോളനി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | പൂക്കുളം - മധുക്കരപ്പറമ്പ് നായാടിപ്പാറ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | ചക്കിട്ടക്കണ്ടി പുറലത്തൊടി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 06 | പാണ്ടിക്കല്ല് ഹരിജൻകോളനി റോഡ് എസ്.സി.പി. | | | | | ☑ | | ☑ | | ☑ | |
| | 07 | നായാടിപ്പാറ പടപ്പറമ്പ് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 08 | ചേറൂർ ചെന്ത്രോത്ത്പറമ്പ് - മഞ്ഞേങ്ങര റോഡ് | | | | | ☑ | | ☑ | | ☑ | |
| 10 | 01 | വേങ്ങര എസ്.എസ്. റോഡ് | | | | | ☑ | | ☑ | | ☑ | |
| | 02 | വെട്ടുതോട് നെല്ലിപ്പറമ്പ് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | മാറ്റാനം ലക്ഷംവീട് റോഡ് | | | | | ☑ | | ☑ | | | |
| | 04 | കറുവെണ്ണി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | എസ്.എസ്. റോഡ് അമ്പലപ്പുറായ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 06 | ചെമ്പട്ട ഹരിജൻകോളനി റോഡ് എസ്.സി.പി. | | | | | ☑ | | ☑ | | ☑ | |
| 11 | 01 | മുള്ളൻപറമ്പ് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 02 | ചുള്ളിപ്പറമ്പ് - കുറുകപ്പാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | ചന്തപ്പടി - ചുള്ളിപ്പറമ്പ് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | ആശാരിപ്പടി - കുറുകപ്പാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | കുറുവിൽതൊടി ഹരിജൻകോളനി റോഡ് എസ്.സി.പി. | | | | | ☑ | | ☑ | | ☑ | |
| | 06 | കെ.കെ.നഗർ മദ്രസ്സ റോഡ് | | | | | ☑ | | ☑ | | ☑ | |
| 12 | 01 | ചുള്ളിപ്പറമ്പ് - കുറുകപ്പാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 02 | ചിനക്കൽ - ഇരിങ്ങല്ലൂർ പാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | ചിനക്കൽ - മനാട്ടിപ്പറമ്പ് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | ആയിഷാബാദ് - ഇരിങ്ങല്ലൂർ പാടം റോഡ് | | | | | ☑ | | ☑ | | ☑ | |

| വാർഡ് | കോഡ് | റോഡിൻെറ പേര് | ദൂരം. കി.മീ. | വീതി. മീറ്റർ | | മെറ്റൽ | | ഓട | | കലുങ്ക് | | അറ്റകുറ്റ പണി |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | |
| 12 | 05 | ആയിഷാബാദ് ജംഗ്ഷൻ - ഇരിങ്ങല്ലൂർ പാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 06 | പുത്തനങ്ങാടി മഞ്ഞേമാട് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 07 | പുത്തനങ്ങാടി കച്ചേരിപ്പടി റോഡ് | | | | | ☑ | | ☑ | | ☑ | റീടാറിംഗ് |
| | 08 | പുത്തനങ്ങാടി വെട്ടക്കയം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 09 | പരപ്പിൽപാറ കുണ്ടൂർ ചോല റോഡ് | | | | | ☑ | | ☑ | | ☑ | |
| 13 | 01 | മെതുലാട് - പെരുമ്പുഴ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 02 | മെതുലാട് - വലിയോറപ്പാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | മണപ്പുറം - തൈച്ചി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | കാളിക്കടവ് തേക്കിൻകാട് റോഡ് *പൊതുജന പങ്കാളിത്തം* | | | | | ☑ | | ☑ | | ☑ | |
| | 05 | പടിക്കപ്പറമ്പ് വെളുത്തേടത്ത് കടവ് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 06 | പരപ്പിൽപാറ വലിയോറപ്പാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 07 | പടിക്കപ്പറമ്പ് വെളുത്തേടത്ത് കടവ് *ഡോക്ടർ റോഡ്* | | | | | ☑ | | ☑ | | ☑ | |
| | 08 | കക്കമ്പർ സിറ്റി റോഡ് | | | | | ☑ | | ☑ | | ☑ | |
| 14 | 01 | പാലച്ചിറമാട് പള്ളിപ്പറമ്പ് - ചുടല റോഡ് | | | | | ☑ | | ☑ | | ☑ | |
| | 02 | കൂരിയാട് പനമ്പുഴ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | പാണ്ടികശാല ബാക്കിക്കയം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | പാലച്ചിറമാട് വലിയോറപാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | മണ്ണിൽപിലാക്കൽ പാണ്ടികശാല *ഒതനവഴി റോഡ്* | | | | | ☑ | | ☑ | | ☑ | |
| 15 | 01 | കച്ചേരിപ്പടി കുറ്റൂർ നോർത്ത് കക്കാടുംപുറം റോഡ് *പി.ഡബ്ലിയു.ഡി.* | | | | | | | ☑ | | ☑ | |
| | 02 | ചേറ്റിപ്പുറംമാട് പാക്കടപ്പുറായ റോഡ് | | | | | ☑ | | ☑ | | ☑ | |
| | 03 | കച്ചേരിപ്പടി കുണ്ടൂർ ചോലമാട് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 04 | പത്തുമുച്ചി പുളിക്കൽകുണ്ട് റോഡ് | | | | | ☑ | | ☑ | | ☑ | |
| | 05 | പറമ്പിൽപടി കുറുകപാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 06 | പാലച്ചിറമാട് വലിയോറപാടം അമ്പാട്ട് ഇടവഴി റോഡ് | | | | | ☑ | | ☑ | | ☑ | |

| വാർഡ് | കോഡ് | റോഡിന്റെ പേര് | ദൂരം. കി.മി. | വീതി. മീറ്റർ | | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യാത്തത് | ഓട ഉള്ളത് | ഓട വേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റ പണി |
|---|---|---|---|---|---|---|---|---|---|---|---|---|
| 15 | 07 | പാക്കടപ്പുറായ മനാട്ടി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 08 | പത്തുമുച്ചി വേങ്ങരപ്പാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | 09 | കച്ചേരിപ്പടി പുത്തനങ്ങാടി റോഡ് | | | | | ☑ | | ☑ | | ☑ | റീടാറിംഗ് |
| | 10 | താഴെകൊല്ലീരി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 11 | കാരാട്ടിടവഴി റോഡ് | | | | | ☑ | | ☑ | | ☑ | |
| | 12 | പത്തുമൂച്ചി വലിയോറപാടം റോഡ് | | | | | ☑ | | ☑ | | ☑ | |
| | | *മനാട്ടി ഫുട്പാത്ത് റോഡ്* | | | | | | | | | | |

ഗ്രാമസഭകളിൽ നിന്നു വന്നി ട്ടുള്ള നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പാക്കുക വഴി വേങ്ങര പഞ്ചായത്തിന്റെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കിട്ടുവാൻ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.



# ഊർജ്ജം

വേങ്ങര ഗ്രാമ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് 1950 കളിൽ കൂരിയാട് മുതൽ വേങ്ങര ഗാന്ധിദാസ് വഴി വരെയായിരുന്നു. അതിനു ശേഷം വൈദ്യുതീകരിച്ച സ്ഥലം പുത്തനങ്ങാടി മുതൽ കച്ചേരിപ്പടി വരെയാണ്. ആ കാലത്ത് കച്ചവടക്കാരുടെ ആവശ്യത്തിനു മാത്രമായിരുന്നു വൈദ്യുതി ഉപയോഗിച്ചിരുന്നത്

ഇപ്പോൾ വേങ്ങരയിലേക്ക് മലപ്പുറം, എടരിക്കോട്, കിഴിശ്ശേരി എന്നീ 3 സബ് സ്റ്റേഷനുകളിൽ നിന്ന് 27 ട്രാൻസ്ഫോർമുകളിൽ കൂടിയാണ് വൈദ്യുതി എത്തുന്നത് എങ്കിലും ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കുറവ് മൂലമുള്ള വോൾട്ടേജ് കമ്മി കാരണം കാർഷിക, വ്യാവസായിക രംഗത്തുള്ള പുരോഗതി തടസ്സപ്പെട്ടിരിക്കയാണ്

വേങ്ങര ഗ്രാമ പഞ്ചായത്തിലെ കണ്ണമംഗലത്ത് ഒരു സബ് സ്റ്റേഷൻ വളരെ കാലമായി ആവശ്യപ്പെടുന്നുണ്ടെങ്കിലും ഇതുവരെ യാതൊന്നും നടന്നിട്ടില്ല. വേണ്ടത്ര വൈദ്യുതി ലഭിക്കുകയാണെങ്കിൽ കാർഷിക, വ്യാവസായിക മേഖലകളിൽ വളരെയേറെ പുരോഗതി കൈവരിക്കാൻ ഉതകുന്ന പ്രദേശമാണ് കണ്ണമംഗലം. ധാരാളം തരിശുഭൂമി ഉപയോഗമില്ലാതെ കിടക്കുന്നുണ്ട്. പ്രശ്നത്തിന് പരിഹാരമെന്നോണം എത്രയും പെട്ടന്ന് ഒരു 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കണം. ആവശ്യമായ സ്ഥലം നാട്ടുകാരിൽ നിന്നും ലഭിക്കുന്നതാണ്.

വേങ്ങര ഗ്രാമ പഞ്ചായത്തിലെ ഇപ്പോൾ നിലവിലുള്ള വ്യവസായങ്ങളിൽ ഭൂരിഭാഗവും കണ്ണമംഗലം ഭാഗത്താണ് സ്ഥിതിചെയ്യുന്നത്

പഞ്ചായത്തിലെ മോത്തം വീട്ടുകാരിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും കൂടി 5%-ത്തിൽ താഴെ വീട്ടുകാർക്ക് മാത്രമേ പാചക ഗ്യാസ് ഉപയോഗിക്കാൻ സാധിക്കുന്നുള്ളൂ. വേങ്ങരയിൽ പൊതുമേഖലയിൽ ഒരു ഗ്യാസ് ഏജൻസി ഇല്ലാത്തത് കാരണമാണ് ഇത്രയും കുറവ് വന്നത്. അന്യ സ്ഥലങ്ങളിൽ നിന്നും വരുന്ന വിറക് 50 ടണ്ണോളം വേങ്ങരയിൽ ദിവസവും ചെലവാകുന്നുണ്ട്. അതിനു പുറമേ ഈ പഞ്ചായത്തിനുള്ള തെങ്ങുൽപ്പന്നങ്ങളും ഈർജ്ജമായി ഉപയോഗിക്കുന്നുണ്ട്. കൂടാതെ 7%-ത്തോളം ജനങ്ങൾ മണ്ണെണ്ണ ഊർജ്ജമായി ഉപയോഗിക്കുന്നുണ്ട്. സൗരോർജ്ജ വിളക്കുകൾ ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലില്ല. തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ സൗരോർജ്ജവിളക്കുകൾ ആക്കുകയാണെങ്കിൽ ഒരു പരിധി വരെ വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ സാധിക്കും. വീടുകളിലും കടകളിലും എനർജിസേവർ ഡേലൈറ്റ് ഉപയോഗിക്കാൻ പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

സ്പെഷൽ ഗ്രാമസഭാ നിർദ്ദേശങ്ങൾ
*ട്രാൻസ്ഫോർമർ വെക്കാനുള്ള സ്ഥലങ്ങൾ.*

വാർഡ് 1.

01. മാടംചിനയിൽ.

വാർഡ് 2.

01. കക്കാടംപുറം-കുറ്റൂർ നോർത്തിൻെറ ഇടയിൽ
02. കാരാട് ഇടവഴി റോഡ് ജംങ്ക്ഷൻ
03. പാക്കടപുറായ- കുറുക്കൻ പീടികക്ക് ഇടയിൽ.

വാർഡ് 3.

01. കണ്ണാട്ടിപ്പടി- ഗാന്ധിക്കുന്ന് ട്രാൻസ്ഫോർമറുകൾക്ക് മെറ്റീരിയൽസ് നല്കുക.
02. ഇരുകുളം
03. വാങ്ങാട്മാട്

വാർഡ് 4.

01. വാളകുട
02. എടക്കാപറമ്പ്- വാളകുട റോഡിൽ മുസ്ലീം പള്ളിക്ക് താഴെ
03. തീണ്ടേക്കാട് മേമാട്ടുപാറ റോഡ് ജംഗ്ഷൻ

വാർഡ് 5.

01. പനക്കൽ കോളനി
02. ചെങ്ങാനി ഹെൽത്ത് സെൻറർ
03 ചെറേക്കാട്

വാർഡ് 6.

01. പടപ്പറമ്പ്
02. പടിഞ്ഞാറെ പടപ്പറമ്പ് -കുറ്റൂർ നോർത്ത് ജംഗ്ഷൻ
03. പൂച്ചോലമാട്
04. കൊറ്റശ്ശേരിപ്പുറായ എടക്കാപറമ്പ് ഐ.എച്ച്.ഡി.പി. നെച്ചിക്കാട് കുണ്ട് കോളനിക്ക് ഇടയിൽ
05. തുറുമ്പുറത്ത്പാറ *അരിക്കാട് വളവിന് സമീപം*

വാർഡ് 7.

01. കണ്ണമംഗലത്ത് ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക.
02. നൊട്ടന വളപ്പ് *പൂച്ചോലമാട്* ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

വാർഡ് 8.

01. ചേറൂർ കൊണ്ടമ്പറമ്പിൽ *മുതുവിൽകുണ്ട് റോഡിൽ*

വാർഡ് 9

01. റഹ്മാനിയ മസ്ജിദ്
02. അക്കരെച്ചണ്ണ
03. പാണ്ടികല്ല് പട്ടികജാതി കോളനി
04. നായാടിപ്പാറ
05. കണ്ണമംഗലം വില്ലേജ് ഓഫീസിന് മുൻവശം

വാർഡ് 10.

01. വേങ്ങര ടൗൺ എസ്.എസ് റോഡ്
02. നെല്ലിപ്പറമ്പ് പട്ടികജാതി കോളനി എസ്.സി

വാർഡ് 11.

01. വരിവെട്ടിച്ചാൽ
02. കുറുകകുണ്ട്

വാർഡ് 12.

01. ചെനക്കൽ
02. മനാട്ടി
03. അരീക്കപള്ളിയാളി
04. മാട്ടിൽപാറ
05. ആയിഷാബാദ്
06. മാഞ്ഞേമാട്

വാർഡ് 14.

01. തട്ടാഞ്ചേരിമല എൽ.പി സ്കൂളിന് താഴെ ഭാഗത്ത്

വാർഡ് 15.

01. വേങ്ങര പഞ്ചായത്തിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക
02. കച്ചേരിപ്പടി ജംഗ്ഷനിൽ, പറമ്പിൽപടി, ചേറ്റിപ്പുംമാട്, എന്നീ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ദിപ്പിക്കുക

ത്രിഫേസ് ലൈൻ വലിക്കാൻ ഗ്രാമസഭയിൽ വന്ന നിർദ്ദേശങ്ങളിൽപ്പെട്ട സ്ഥലങ്ങൾ

വാർഡ് 2.

എല്ലാ ലൈനുകളും ത്രിഫേസ് ആക്കുക

വാർഡ് 3.

01. കണ്ണാട്ടിപ്പടി ലൈനിൽ നിന്നും പടിഞ്ഞാറോട്ട്

പോകുന്ന രണ്ട് ലൈനും ത്രിഫേസ് ആക്കുക

02. പാക്കടപ്പുറായ താഴെ അങ്ങാടി മുതൽ പാങ്ങാട്ടുമാട് വരെയുള്ള ലൈൻ ത്രിഫേസ് ആക്കുക

03. പാക്കടപുറായ ഇരുകുളം പള്ളി ലൈൻ

04. കണ്ണാട്ടിപ്പടി മദ്രസ്സ ലൈൻ

05. കുഴിച്ചിന പള്ളി ലൈൻ

വാർഡ് 5.

01. തോട്ടശ്ശേരി അറ- വട്ടപൊന്ത, ചെറേക്കാട്, പട്ടികജാതി കോളനി ലൈൻ

02. ചെങ്ങാണി- ഹെൽത്ത് സെൻറർ പൂങ്ങാട്ടിൽ കുണ്ട് ലൈൻ

വാർഡ് 6

01. നെച്ചിക്കാട്ട്കുണ്ട് അംബേദ്കർ കോളനി ലൈൻ ത്രിഫേസ് ലൈൻ ആക്കിമാറ്റുക

02. നൊട്ടപുറം മുതൽ ഗാന്ധികുന്ന് പള്ളിവരെ പഞ്ചായത്ത് റോഡിലൂടെ ത്രിഫേസ് ലൈൻ വലിക്കുക

03. നെല്ലിക്കാപറമ്പ് ഹരിജൻ കോളനി ലൈൻ ത്രിഫേസ് ആക്കുക

04. നൊട്ടപ്പുറം മുതൽ ഗാന്ധികുന്ന് വരെ ത്രിഫേസ് ആക്കുകയും ഗാന്ധികുന്ന് അംഗൻവാടി വൈദ്യുതികരിക്കുകയും ചെയ്യുക

വാർഡ് 7

01. എല്ലാ ലൈനുകളും ത്രിഫേസ് ലൈനാക്കിമാറ്റുക

വാർഡ് 8

01 എല്ലാലൈനുകളും ത്രിഫേസ് ആക്കുക.

വാർഡ് 9

01 അച്ചനമ്പലം ട്രാൻസ്ഫോർമറിൽനിന്ന് തേട്ടമാടിലേക്കുള്ള കണക്ഷൻ കട്ട് ചെയ്ത് മിനി ട്രാൻസ്ഫോർമറിൽ നിന്ന് കണക്ഷൻ കൊടുക്കുക.

02. വാർഡിലെ എല്ലാ ലൈനുകളും ത്രിഫേസ് ആക്കുക

വാർഡ് 10

01. വാർഡിലെ എല്ലാ ലൈനുകളും ത്രിഫേസ് ആക്കുക

വാർഡ് 11

01. ചന്തപ്പടി - കുറുകകുണ്ട് ലൈൻ ത്രിഫേസ് ലൈനാക്കി മാറ്റുക

വാർഡ് 12

01. വാർഡിലെ എല്ലാ ലൈനുകളും ത്രിഫേസ് ആക്കി മാറ്റുക

വാർഡ് 13

01. മെതുലാട് - വലിയോറ പാടം റോഡ് ലൈൻ ത്രിഫേസ് ആക്കുക

വാർഡ് 14

02. എല്ലാ ലൈനുകളും ത്രിഫേസ് ആക്കി മാറ്റുക

വാർഡ് 15

01. കോരളകുളങ്ങര പള്ളി റോഡ് ലൈൻ ത്രിഫേസ് ലൈനാക്കിമാറ്റുക

02. പുളിക്കൽകുണ്ട് പത്തുമുച്ചിലൈൻ ത്രിഫേസ് ആക്കുക

03. ചേറ്റിപ്പുറംമാട് - പാക്കടപ്പുറായ റോഡ് ത്രിഫേസ് ലൈനാക്കി മാറ്റുക

04. മലയമ്പള്ളി ലൈൻ ത്രിഫേസ് ആക്കുക

## തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

വാർഡ് 1

01. പാക്കടപ്പുറായ മുതൽ - കുറ്റൂർപാടം വരെ

02. മാടെചിന പള്ളികക്കുസമീപം

03. ബാലിക്കാട് അങ്ങാടി

04. പാക്കടപ്പുറായ - ഖുമൈനി അങ്ങാടി വരെ

05. പുളിക്കപെറമ്പ്

06. തുമ്പയിൽമാട്

07. പാക്കടപ്പുറായ ചേറ്റിപുറമാട് റോഡ്

08. ഫസലിയാ പള്ളിക്ക് സമീപം

09. ചെറാട്ടിൽ പള്ളിക്ക് സമീപം

വാർഡ് 2

01. പാക്കടപ്പുറായ അച്ചനമ്പലം റോഡ്

02. കക്കാടംപുറം - കുറ്റൂർനോർത്ത്

വാർഡ് 3

01. കണ്ണാട്ടിപ്പടി അംഗൻവാടി മുതൽ ബാലൻ പീടിക വരെ എട്ട് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക

വാർഡ് 4

01. എടക്കാപറമ്പ് ജംഗ്ഷൻ
02. മണ്ണാരപ്പുറായ
03. തീണ്ടേക്കാട്
04. എരണിപ്പടി
05. നെല്ലിക്കാപറമ്പ് ജംഗ്ഷൻ
06. ഇ.കെ പടി
07. എടക്കാപറമ്പ് വാളകുട ജംഗ്ഷൻ
08. ചെനക്കൽപുറായ എ.എൽ.പി സ്കൂളിന് സമീപം
09. വാളകുട
10. എടക്കാപറമ്പ് പള്ളിക്ക് സമീപം
11. കുഞ്ഞാലിക്കുട്ടികാക്കാൻെറ പീടികക്ക് സമീപം
12. വാളകുട ക്ഷേത്രത്തിനുസമീപം
13. അരിക്കോട്ടുർ പറമ്പിന് മുകളിൽ
14. ചെറിയ വാളകുട
15. വാളക്കുട എടക്കാപറമ്പ് റോഡ് ജംങ്കഷൻ
16. മേമാട്ടുപാറ - വട്ടപൊന്ത റോഡ്
17. കാളിയത്ത് ഇടവഴി മാട്ടിൽ
18. കളത്തിങ്കൽ റോഡ് ജംങ്കഷൻ
19. മാരാത്ത്
20. മണ്ണംപറമ്പ്
21. കേക്കുംകര
22. വട്ടപൊന്ത

വാർഡ് 5

01. തോട്ടശ്ശേരിയറ - ചെറേക്കാട് വരെ
02. മുല്ലപ്പടി - പാലക്കാവളപ്പ്
03. പാലംതൊട്ടു മുതൽ- ചെറേക്കാട്
04. ചെങ്ങാനിമുതൽ - ഹെൽത്ത് സെൻെറർ
05. കീപാറമുതൽ - കൂളിപറമ്പ് വരെ
06. തോട്ടശ്ശേരിയറ - പെരുവള്ളൂർ റോഡ്

വാർഡ് 6

01. പടപറമ്പ് മുതൽ തോന്നിപ്പുറായ
02. കുറ്റൂർ നോർത്ത് മുതൽ അച്ചനമ്പലം വരെ
03. മുട്ടുംപുറം - പടപ്പറമ്പ്
04. തീണ്ടേക്കാട് മുതൽ പടപറമ്പ്
05. ഇ.കെ പടി
06. എടക്കാപറമ്പ്
07. പടപറമ്പ്
08. മുട്ടുംപുറം
09. ഗാന്ധികുന്ന്
10. പൂച്ചോലമാട്
11. പടിഞ്ഞാറെ പടപ്പറമ്പ്

വാർഡ് 7

01. എസ്.എസ് റോഡ് അച്ചനമ്പലം മുതൽ വെട്ട്തോട് വരെ
02. അച്ചനമ്പലം - പടപ്പറമ്പ്
03. അച്ചനമ്പലം - ചെറേക്കാട് റോഡ്

വാർഡ് 8

01. ഫോറിൻപടി - കിളിനക്കോട് റോഡ്
02. ചേറൂർ - മുതുവിൽകുണ്ട് റോഡ്
03. ചേറൂർ വി.കെ മാട് റോഡ്

വാർഡ് 9

01. വേങ്ങര - കുന്നുംപുറം റോഡിൽ ചേറൂർ അങ്ങാടി വരെ
02. വാർഡിലെ എല്ലാ പഞ്ചായത്ത് റോഡിലും

വാർഡ് 10

01. നെല്ലിപറമ്പ് റോഡ്
02. കറുവണ്ണിറോഡ്
03. അമ്പലപ്പുറായ റോഡ്
04. ചെമ്പട്ട പട്ടികജാതി കോളനി റോഡ്
05. നെല്ലിപ്പറമ്പ് എച്ച്സി റോഡ്
06. കൊളക്കാട്ട് ചിറക് സമീപം
07. തോമട്ട് ചിറക്ക് സമീപം
08. ഗാന്ധികുന്ന് പട്ടികജാതി കോളനി വരെ *ഗാന്ധിറോഡ്*

വാർഡ് 11

01. എം.എ.എൽ റോഡ് മുതൽ
02. മാർക്കറ്റ് റോഡ്
03. ചന്തപ്പടി- ചുള്ളിപറമ്പ് റോഡ്
04. ചുള്ളിപറമ്പ് - കുറുകപാടം റോഡ്
05. പറമ്പിൽപടി - ചെനക്കൽ റോഡ്
06. കുറുവിൽതൊടി പട്ടികജാതി കോളനി റോഡ്

വാർഡ് 12

01. എം.എൽ.എ റോഡ്
02. കച്ചേരിപ്പടി - പുത്തനങ്ങാടി റോഡ്
03. ചെനക്കൽ - പറമ്പിൽ റോഡ്

വാർഡ് 13

01. വാർഡിലെ മുഴുവൻ റോഡുകളും
02. മൊതുലാട് - പെരുമ്പുഴ റോഡ്
03. മൊതുലാട് - വലിയോറ റോഡ്

04. പടിക്കപറമ്പ് - കാട്ടിടവഴി- മേക്കാണികുണ്ട് റോഡ്
05. അടക്കാപുര - ഇരുകുളം പള്ളി റോഡ്
06. കാളിയടവ് റോഡ്
07. പടിക്കപറമ്പ് - വെളുത്തേടത്ത് കടവ് റോഡ്
08. പരപ്പിൽപാറ - വലിയോറപാടം റോഡ്
09. കക്കമ്പർ സിറ്റി റോഡ്

വാർഡ് 14

01. കൂരിയാട് - കുറ്റൂർ റോഡ്
02. മണ്ണിൽ പുലാക്കൽ - പാണ്ടികശാല റോഡ്

വാർഡ് 15

01. കച്ചേരിപ്പടി കുറ്റൂർ നോർത്ത് റോഡിൽ കണ്ണാടിപ്പടി
02. പത്തുമൂച്ചി- കോരാകുളങ്ങര പള്ളി റോഡ്
03. ചേറ്റിപ്പുറം മാട് വേങ്ങരപാടം റോഡിൽ

**സോഡിയം പേപ്പർ ലാമ്പ് വെക്കാനുള്ള സ്ഥലങ്ങൾ**

വാർഡ് 1

01. മാടംച്ചിന പള്ളിക്ക് മുൻവശം റോഡ് ജംഗ്ഷനിൽ

വാർഡ് 2

01. പാക്കയപ്പുറായ അങ്ങാടി
02. കുറ്റൂർ നോർത്ത് അച്ചനമ്പലം റോഡ് ജംഗ്ഷനിൽ

വാർഡ് 3

01. കുഴിച്ചിന പള്ളിക്ക് സമീപം
02. പാക്കടപ്പുറായ എൽ.പി, യു.പി സ്കൂൾ മുൻവശം
03. കുറുക്കൻ പീടിക്ക് സമീപം
04. പരപ്പൻ ചിന പട്ടികജാതി ശ്മശാനത്തിന് സമീപം
05. കണ്ണാട്ടിപ്പടീ ടൗണിൽ

വാർഡ് 4

01. എടക്കാപറമ്പ്
02. മേമാട്ടുപാറ
03. വാളക്കുട
04. തീണ്ടേക്കാട്

വാർഡ് 5

01. തോട്ടേശ്ശേരിയറ
02. വാളകുട
03. ചെങ്ങാനി

വാർഡ് 6

01. ഇ.കെ പടി
02. എടക്കാപറമ്പ് - ഐ.എച്ച്.ഡി.പി *മേനനക്കൽ*
03. പടപ്പറമ്പ്
04. മുട്ടുംപുറം
05. പൂച്ചോലമാട്
06. ഗാന്ധിക്കുന്ന്
07. പടിഞ്ഞാറെ പടപ്പറമ്പ്
08. കാറ്റുപറമ്പ്
09. നെച്ചിക്കാട്കുണ്ട് അംബേദ്കർ കോളനി
10. മുക്കിൽ പീടിക

വാർഡ് 7

01. പാക്കടപുറായ - അച്ചനമ്പലം റോഡിൽ തോന്നിപ്പുറായ ജംങ്കഷനിൽ
02. എസ്.എസ് റോഡിൽ കാഞ്ഞിരക്കോട്ടുപറമ്പിനു സമീപം
03. പൂച്ചോലമാട് മദ്രസ്സക്ക് സമീപം

വാർഡ് 8

01. വി.കെ മാട് ,
02. കിളിനക്കോട്
03. തടത്തിപാറ
04. കാശ്മീർ
05. മുതുവിൽ കുണ്ട്
06. ചേറൂർ വി.കെ മാട് റോഡ് ജംഗ്ഷൻ

വാർഡ് 9

01. കഴുകൻചിന - ഹെർബോ
02. അടിവാരം റേഷൻഷാപ്പ്
03. അടിവാരം
04. കാവിൽ - കിളിനക്കോട് റോഡ് ജംങ്കഷൻ
05. നായാടിപാറ റോഡ് ജംങ്കഷൻ
06. ചേറൂർ വില്ലേജ് ഓഫീസിന് മുൻവശം

വാർഡ് 10

01. വേങ്ങര ടൗൺ മുതൽ വെട്ട് തോട് വരെ 4 എണ്ണം
02. ചളിയിടവഴി ഇറക്കത്തിൽ ഓവുപാലത്തിന് സമീപം ഗാന്ധിറോഡ് ജംങ്കഷനിൽ

വാർഡ് 12

01. വ്യാപാരഭവൻ റോഡിൻെറ 2 തലപ്പത്തും
02. ചന്തപ്പടി ചുള്ളിപറമ്പ് റോഡ് ജംങ്കഷൻ *മെയിൻറോഡിൽ*

03. എം.എൽ.എ റോഡ് തുടക്കത്തിൽ പുതിയ പള്ളിക്ക് സമീപമുള്ള ജംഗ്ഷനിൽ
04. ആശാരിപ്പടി ട്രാൻസ്ഫോർമർ റോഡ് ജംഗ്ഷൻ
05. മനാട്ടി
06. മാട്ടിൽപ്പള്ളി
07. പുത്തനങ്ങാടിപള്ളി മുൻവശം

വാർഡ് 13

01. കാളികടവ്
02. തേർക്കയം
03. ഡി.എം.എ കോളേജ്
04. മെതുലാട് ബസ്സ് സ്റ്റോപ്പ്

വാർഡ് 14

01. പാണ്ടികശാല
02. എൻ.എച്ച് റോഡിൽ പനമ്പുഴപാലത്തിന് സമീപം പഞ്ചായത്ത് അതൃത്തിയിൽ

വാർഡ് 15

01. കാരാട്ട് ഇടവഴി ജംങ്കഷനിൽ
02. മുണ്ടിയിൽ കാവിന് മുൻവശം
03. കച്ചേരിപ്പടിക്കും പറമ്പിൽപടിക്കും മധ്യത്തിൽ മെയിൻ റോഡിൽ
04. കച്ചേരിപ്പടി പുത്തനങ്ങാടി റോഡിൽ കുണ്ടൂർചോല ജംഗ്ഷനിൽ
05. കച്ചേരിപ്പടി - കുറ്റൂർ നോർത്ത് റോഡിൽ എൽ.പി സ്കൂളിന് പിൻവശം

### 15 ഗ്രാമസഭകളിൽ നിന്നുംവന്ന മറ്റു നിർദ്ദേശങ്ങൾ

1. വേങ്ങരപഞ്ചായത്തിലെ പ്രധാനപ്പെട്ട എല്ലാട്രാൻസ്ഫോർമറുകളുടേയും കപ്പാസിറ്റികൂട്ടുക
2. സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി ധനസഹായം അടക്കമുള്ള എല്ലാ സഹായങ്ങളും നല്കുക.
3. ലൈനിൽ തട്ടുന്ന മരക്കൊമ്പുകളും ചില്ലകളും യഥാസമയം വെട്ടിമാറ്റുന്നതിന്ന് കമ്മറ്റിരൂപീകരിക്കുക.
4. എടരിക്കോട് സ്ഥാപിക്കുന്ന ഡീസൽ നിലയത്തിൻെറ പണിപൂർത്തിയാക്കി വേങ്ങരയിലേക്കുള്ള ലൈനുമായി ബന്ധിപ്പിക്കുക.
5. എല്ലാ പട്ടികജാതി കോളനികളും വൈദ്യുതീകരിക്കുക.
6. പാവപ്പെട്ടവീടുകാർക്ക് വൈദ്യുതീകരിക്കുന്നതിന്നാവശ്യമായ സഹായധനം നല്കുക
7. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നതിന്ന് വേണ്ട ബോധവല്കരണം നടത്തുക
8. വേങ്ങരയിൽ പൊതുമേഖലാ ഗ്യാസ് ഏജൻസികൾ അനുവദിക്കുക.
9. ചേറൂർ ചകിരിമില്ലിലെ ട്രാൻസ്ഫോർമറിൽനിന്ന് 40% വൈദ്യുതി പൊതുജനങ്ങൾക്ക് അനുവദിക്കുക.

വേങ്ങര പഞ്ചായത്തിലെ ഊർജ്ജ പ്രശ്നത്തിന് പരിഹാമായി ഗ്രാമസഭകളിൽനിന്ന് വന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി പരിഹാരം കാണുന്നതിന് ഈ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

# മാർക്കറ്റ്

വളരെ കാലം മുമ്പ് മലബാർ ഡിസ്ട്രിക്ട് ബോർഡ് നിലവിലുള്ള കാലത്ത് വേങ്ങര അങ്ങാടിക്ക് *മുണ്ടിയം തടം* എന്നു പേരിണ്ടായിരുന്നു. അന്ന് വേങ്ങര ടൗണിൽ മാർക്കറ്റ് ബോർഡിൻെറ കീഴിലുണ്ടായിരുന്ന മത്സ്യ-മാംസ മാർക്കറ്റ് കേരള പിറവിക്ക് ശേഷം വേങ്ങര പഞ്ചായത്തിന് കീഴിൽ വരികയും ചെയ്തു. യശശരീരനായ ചാക്കീരി അഹമ്മദ് കുട്ടി സാഹിബ് പ്രസിഡൻറ് ആയിരുന്ന പഞ്ചായത്ത് സമിതി മാർക്കറ്റ് പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം കേരളാ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ ആർ.ഡി.ബി യുടെ സഹായത്തോടെ മാർക്കറ്റ് ഇന്നുകാണുന്ന അവസ്ഥയിൽ പരിഷ്കരിക്കുകയും ചെയ്തു. എങ്കിലും വേങ്ങരയുടെ അവസ്ഥക്കനുസരിച്ച് മാർക്കറ്റ് ഇന്നും വേണ്ട രീതിയിൽ പരിഷ്കരിക്കാൻ സാധിച്ചിട്ടില്ല. ആ കാലത്ത് വേങ്ങരയിൽ ഒരു ആഴ്ച ചന്ത തിങ്കളാഴ്ച തോറും നടന്ന് വന്നിരുന്നു. ദൂര പ്രദേശങ്ങളിലുള്ള കച്ചവടക്കാരും ഉപഭോക്താക്കളും കാർഷികോല്പന്നങ്ങളുടെ വിപണനത്തിനും സാധനങ്ങൾ വാങ്ങുന്നതിനും ഈ ആഴ്ച ചന്തയെയാണ് ആശ്രയിച്ചിരുന്നത്. ആഴ്ച ചന്ത ഉണ്ടായിരുന്ന കാലത്ത് വേങ്ങരയിലെ പ്രധാന കാർഷികോല്പന്നങ്ങളായ നാളികേരം, അടക്ക, പച്ചക്കറി, മലഞ്ചരക്ക് നേന്ത്രപ്പഴം എന്നിവ കർഷകർക്ക് ന്യായമായ വിലക്ക് വില്പന നടത്തുന്നതിനും ഉപഭോക്താവിന് ന്യായമായ വിലക്ക് ആഴ്ചക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കാനും സാധിച്ചിരുന്നു.

ഒരളവോളം വേങ്ങരയിലെ വിലകയറ്റത്തെ പിടിച്ചുനിർത്താൻ ഈ ആഴ്ച ചന്തക്ക് സാധിച്ചിരുന്നു. സ്വകാര്യ വ്യക്തിയുടെ സ്ഥലത്തായിരുന്നു ചന്ത നടന്നിരുന്നത്. അതിനാൽ ചന്ത നിർത്തൽ ചെയ്യുകയാണുണ്ടായത്

കാർഷികോൽപന്നങ്ങളും അവയുമായി ബന്ധപ്പെട്ട് മാർക്കറ്റിംഗ് പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും അടങ്ങിയ വാർഡ് അടിസ്ഥാനത്തിലുള്ള പട്ടികയാണ് താഴെ കൊടുക്കുന്നത് *അവലംബം സ്പെഷൽ ഗ്രാമസഭാ റിപ്പോർട്ട്*

1. ഉപഭോക്താക്കൾക്ക് ന്യായമായ വിലക്ക് സാധനങ്ങൾ വാങ്ങുന്നതിനും കർഷകർക്ക് ന്യായമായ വിലക്ക് കാർഷികോൽപന്നങ്ങൾ വിറ്റഴിക്കുന്നതിനും സഹായമെന്നോണം വേങ്ങരയിലെ ആഴ്ച ചന്ത പുനഃസ്ഥാപിക്കുക.
2. വേങ്ങര ടൗണിലുള്ള മത്സ്യ-മാംസ മാർക്കറ്റ് ആധുനികരീതിയിൽ പരിഷ്കരിക്കുക
3. വേങ്ങരയിൽ ഒരു പൊതു റെഗുലേറ്റഡ് മാർക്കറ്റ് സ്ഥാപിക്കുക.

താഴെ പറയുന്ന സ്ഥലങ്ങളിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശങ്ങൾ വന്നു

**വാർഡ് 1** - ബാലിക്കാട്

**വാർഡ് 5** - തോട്ടശ്ശേരിയറ അങ്ങാടിയിലെ മത്സ്യമാർക്കറ്റ് പരിഷ്കരിക്കുക. ഇതിനായി അവിടെയുള്ള പുറംപോക്ക് ഭൂമി ഉപയുക്തമാക്കാവുന്നതാണ്.

ചെങ്ങാനി, വാളക്കുട

**വാർഡ് 7** - അച്ചനമ്പലത്ത് മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക.

**വാർഡ് 9.** - ചേറൂർ അങ്ങാടിയിൽ ആധുനിക രീതിയിലുള്ള മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക.

**വാർഡ് 15** - മണ്ണിൽ പിലാക്കൽ അങ്ങാടിയിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക. ഇതിനായി മണ്ണിൽ പീലാക്കലുള്ള പുറംപോക്ക് ഭൂമി ഉപയോഗിക്കാവുന്നതാണ്

വേങ്ങര ടൗണിലുള്ള വഴി വാണിഭം കർശനമായും നിരോധിക്കണമെന്ന് സ്പെഷൽ ഗ്രാമസഭയിൽ നിർദ്ദേശം വന്നിട്ടുണ്ട്

വേങ്ങര പഞ്ചായത്തിലെ വ്യവസായ കാർഷിക മേഖലയിലെ വിപണനത്തിനും മാർക്കറ്റിംഗ് സംവിധാനത്തിനും കൂടുതൽ പ്രായോഗികമായ നിർദ്ദേശങ്ങൾ ഉരുത്തിരിയാൻ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

# പാർപ്പിടം

46.9Sq. Km. വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ പഞ്ചാത്ത് ആണ് വേങ്ങര. പഞ്ചായത്തിൽ മൊത്ത്. 10,070 കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ കുടിലുകൾ 2.025 ഉം ഓലമേഞ്ഞത് 288 ഉം ഓടിട്ടത് 6,459 ഉം ടെറസ് 1,298ഉം ആണ്. ഈ പഞ്ചായത്ത് വേങ്ങര, കണ്ണമംഗലം എന്നീ രണ്ടു വില്ലേജുകൾ ചേർന്നതാണ്. മൊത്തം ജനസംഖ്യ 73707 ഉള ഈപഞ്ചായത്തിൽ ജനസാന്ദ്ര ഏറ്റവും കൂടുതലാണ്. പഞ്ചായത്തിലെ ജനങ്ങളുടെ മൊത്തം വാർഷിക വരുമാനത്തിൻെറ എഴുപത് ശതമാനത്തോളം വരുന്നത് ഗൾഫ് മേഖലയിൽ നിന്നാണ്. കണ്ണമംഗലം വില്ലേജിലെ ഭൂരിഭാഗം ജനങ്ങ ും കൃഷിയിൽ താല്പര്യമുള്ളവ രാണ്. വേങ്ങര വില്ലേജിലാവട്ടെ, വ്യാവസാക വാണിജ്യമേഖലയിൽ താല്പര്യമുള്ളവരാണ്. കൂടുതൽ പേരും.

ജനസാന്ദ്രത കൂടുതലായിതിനാൽ തന്നെ പാർപ്പിടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ധാരാളമായി അനുഭവിക്കുന്നവരാണ്. പഞ്ചായത്തിലെ ജനങ്ങൾ ഓരോ കുടുംബത്തിനും ഓരോ വീട് എന്ന സങ്കൽപം പ്രാവർത്തിക മാവാൻ നാം ഇനിയും കാത്തിരിക്കേണ്ടിയിരുക്കുന്നു. വീടുവെക്കാൻ സ്വന്തമായി സ്ഥലമില്ലത്തതു സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം വീടുവെക്കാൻ കഴിയാത്ത കുടുംബങ്ങളും ധാരാളമുണ്ട്. അത്യാവശ്യ സൗകര്യങ്ങൾ പോലും ഇല്ലാത്തധാരാളം വീടുകൾ പഞ്ചാത്തിൽ ഉണ്ട്. എന്നിരുന്നാലും എല്ലാവിധ സൗകര്യങ്ങളുമുള്ള ആധുനിക വീടുകളും പഞ്ചായത്തിൽ ഉണ്ട്.

രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹാരിക്കുന്നതിന്NREP, RLEGP, JRY ഇന്ദിരാ ആവാസ്യോജന എന്നീപദ്ധതികൾ പഞ്ചായത്തിന് പ്രയോജനകരമായിട്ടുണ്ട്. 1995-96വരെ ഈ പഞ്ചായത്തിൽ 285 കുടുംബങ്ങൾക്ക് മേൽ പദ്ധതിവഴി വീടു ലഭിച്ചുട്ടുണ്ട്. എങ്കിലും പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളുടെ ഇരുപത്തിമൂന്നു ശതമാനവും ഇന്നും ഉപയോഗയോഗ്യമായ വീടുകളിലല്ലതാമസിക്കുന്നത്.

കുടിലുകളിൽ താമസിക്കുന്നവരുടെ എണ്ണം വാർഡ് തലത്തിൽ താഴെകൊടുക്കുന്നു.

പട്ടിക 1

| വാർഡ് | കുടിലുകളുടെ എണ്ണം |
|---|---|
| 1 | 13 |
| 2 | 205 |
| 3 | 164 |
| 4 | 131 |
| 5 | 433 |
| 6 | 119 |
| 7 | 94 |
| 8 | 48 |
| 9 | 174 |
| 10 | 60 |
| 11 | 62 |
| 12 | 59 |
| 13 | 148 |
| 14 | 187 |
| 15 | 128 |
| മൊത്തം | 2025 |

ഇത്രയും കുടിലുകളെ പഞ്ചായത്തിലെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

പാർപ്പിട നിർമ്മാണ രംഗത്തെ പൊതുമായ പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ കെട്ടിട നിർമ്മാണ വസ്തുക്കളുടെ ദൗലഭ്യവും വിലക്കയറ്റവും തൊഴിലാളികളുടെ കൂലിവർദ്ധനവും ഈ പ്രശ്നത്തെ ഒന്നുകൂടി വർദ്ധിപ്പിച്ചതായി കാണാം. ഗൾഫ് പണത്തിൻെറ സ്വാധീനം കൂലി വർദ്ധനവിനെയും വസ്തുക്കളുടെ വിലക്കയറ്റത്തിനും ഇടയാക്കിയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മറ്റൊരു പ്രവണത കാണുന്നത് കെട്ടിട നിർമ്മാണരംഗത്തെ തൊഴിലാളികൾ അധികവും തെക്കൻ ജില്ലകളിൽ നിന്നുള്ളവരും തമിഴ്നാട്ടുകാരുമാണ്. കൂലിയിനത്തിൽ നല്ലൊരു സംഖ്യപഞ്ചായത്തിന് ഈ വിധത്തിൽ നഷ്ടമാവുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ഉറപ്പേറിയ ചെങ്കല്ലുകൾ ധാരാളമുണ്ടെങ്കിലും ചെങ്കൽ നിർമ്മാണ രംഗത്ത് തൊഴിലാളികൾകുറവാണ്. ചിലസ്ഥലങ്ങളിൽ യന്ത്രങ്ങൾ ഉപയോഗിച്ച് കല്ല് വെട്ടുന്നുണ്ട്. 1980കളെ അപേക്ഷിച്ച് ചെങ്കല്ലിൻെറ ഉപയോഗം അൻപത് ശതമാനമെങ്കിലും വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഇതിൻെറ വിലയിലും വർദ്ധനവ് അനുഭവപ്പെടുന്നതായികാണാം. 1980 -ൽ ഒരു കല്ലിന് 1.50 രൂപയുണ്ടായിരുന്നത് ഇന്ന് 8.50 രൂപയിലെത്തിനിൽക്കുന്നു. പഞ്ചായത്തിലെ സാധാരണവരുമാനക്കാർക്ക് താങ്ങാൻ കഴിയാത്തതാണ് ഇത്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി നിർമ്മിക്കുന്ന സിമൻറ്കട്ട, സിമൻറ് ഹോളോ ബ്രിക്സ്, ഇഷ്ടിക മുതലായവയാണ് ജനങ്ങൾക്ക് കുറച്ചെങ്കിലും ആശ്വാസം നൽകുന്നത്.

1987 കളിലും 1996 -ലും പഞ്ചായത്തിൻെറ കെട്ടിട നിർമ്മാണ സാമഗ്രികൾക്കുണ്ടായിട്ടുള്ള വിലക്കയറ്റം പട്ടികയിലൂടെ കാണിച്ചിരിക്കുന്നു.

## പട്ടിക 7-2

| സാധനസാമഗ്രികൾ | 87-88 | 98-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 | 96-97 |
|---|---|---|---|---|---|---|---|---|---|---|
| മണൽ | 180 | 250 | 350 | 400 | 500 | 525 | 600 | 625 | 650 | 650 |
| കരിങ്കല്ല് ലോഡ് | 160 | 250 | 300 | 325 | 400 | 450 | 550 | 650 | 700 | 700 |
| മരം M3 | 200 | | | | | | | | | |
| കമ്പി Kg. | 13 | 13 | 13.50 | 14 | 14.50 | 15.50 | 15 | 15.50 | 16 | 17 |
| സിമൻറ് | 70 | 90 | 110 | 100 | 125 | 130 | 135 | 140 | 160 | 180 |
| ഓട് | 300 | 325 | 325 | 350 | 300 | 300 | 450 | 450 | 500 | 550 |
| ചെങ്കല്ല് | 1200 | 3300 | 4000 | 5000 | 6500 | 7100 | 7250 | 7250 | 7500 | 7500 |
| കൂലി യൂനിറ്റ് | 1600 | 1200 | 1300 | 1400 | 1500 | 1600 | 1700 | 1800 | 1900 | 2500 |

കൂലി നിരക്കിലുള്ള വർദ്ധനല ശ്രദ്ധിക്കുക.

## പട്ടിക A 7.-3


| | 1972-73 | 75-76 | 92-93 | 94-96 |
|---|---|---|---|---|
| വിദ്ഗ്ദ്ധതൊഴിലാളി | 8 | 10 | 85 | 110 |
| അവിദ്ഗ്ദ്ധതൊഴിലാളി. | 5 | 7 | 70 | 90 |

ഈ പഞ്ചായത്തിലെ പാവപ്പെട്ട ജനങ്ങൾ ബാങ്ക് വായ്പകളെയും മറ്റു വായ്പകളെയും ആശ്രയിച്ചാണ് വീട് നിർമ്മിക്കുന്നത്. ഭവന നിർമ്മാണ വായ്പരംഗത്ത് പ്രവർത്തിക്കുന്ന തിരൂർ കാർഷിക വികസനബാങ്കിൻെറ (ഭൂപണയബാങ്ക്) ചെമ്മാട് ശാഖ, കോട്ടക്കൽ സഹകരബാങ്കിൻെറ വേങ്ങര ശാഖ എന്നിവയാണ് പഞ്ചായത്തിലെ ജനങ്ങൾ വീടുനിർമ്മാണത്തിന് ഉപയോഗപ്പടുത്തുന്നത്. എന്നാൽ അമിത പലിശയും സങ്കീർണ മായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പലഭിക്കായ്കയും കാരണം ഈ വായ്പകൾ സാധാരണ ക്കാരന് പ്രയോജന പ്പെടാത്ത സ്ഥിതിയാണുള്ളത്.

ഈ ഭവനവായ്പകൾ സാധാരണക്കാരന് പ്രയോജനകരമാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പലഭ്യമാക്കുക.
2. പലിശ നിരക്ക് 10 ശതമാനമാക്കി നിജപ്പെടുത്തുക.
3. അവശജന വിഭാഗത്തിന് വായ്പയിൽ സബ്സിഡിഅനുവദിക്കുക.
4. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലകയറ്റവും കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവും കണക്കിലെടുത്ത് ധനസഹായ സംഖ്യവർദ്ധിപ്പിക്കുക.
5. വേങ്ങര ആസ്ഥാനമായി ഒരു ഭവന നിർമ്മാണ സൊസൈറ്റി സ്ഥാപിക്കുക.
6. ഭവന നിർമ്മാണത്തിനാവശ്യമായ ചെങ്കല്ല്, ഇഷ്ടിക, മരം എന്നിവ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് സഹകരണസംഘം സ്ഥാപിക്കുക.
7. പഞ്ചായത്തിൽ വൻതോതിൽ ലഭിക്കുന്ന (ഉദ്: ചെങ്കല്ല്, കരിങ്കല്ല, മണൽ, കളിമൺ, ഇഷ്ടിക) ഭവന നിർമ്മാണ സാമഗ്രികൾ പഞ്ചായത്ത് നിവാസികൾക്ക് സഹകരണാടിസ്ഥനത്തിൽ ലഭ്യമാക്കുക.
8. മൈത്രീ ഭവനനിർമ്മാണ പദ്ധിയുടെ അപേക്ഷാഫോറം ഗ്രാമപഞ്ചായത്ത് മുഖേനലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
9. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമിസർക്കാർ പുറമ്പോക്കുഭൂമി, പഞ്ചായത്ത് ലീസ് ഭൂമി എന്നിവ ഭവനരഹിതരായ ഭൂരഹിതർക്ക് 5 സെൻറ് വീതം സൗജന്യമായി നല്കുകയും അവിടെങ്ങളിൽ എൽ. ഐ. സി. തുടങ്ങിയ കേന്ദ്രപൊതുസ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പലഭ്യമാക്കുകയുഴ വീടിൻെറ നിർമ്മാണം നിർമ്മിതി കേന്ദ്രം പോലുള്ള ഏജൻസികളെ കൊണ്ട് നടത്തിക്കുക. ഇതിനായി ഗുണഭോക്താക്കളുടെയും സന്നദ്ധയുവജനസംഘടനകലുടെയും പരമാവധിമനുഷ്യാധ്വാനം ഉപയോഗപ്പെടുത്താവുന്നതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അദികാരം ഗ്രാമ പഞ്ചായത്തിന് നല്കുകയും വേണം.
10. കോളനികളിലെ വീടുകൾ തമ്മിലുള്ള അടുപ്പവും ജനബാഹുല്യവും പ്രശ്നസങ്കീർണമാണ്. ഡാനിഡ, ഇന്ദിര ആവാസ്യോജന, രാജീവ് മെമ്മോറിയൽ ട്രസ്റ്റ് തുടങ്ങിയ വിദേശ, കെന്ദ്ര ഏജൻസികളെ ഉപയോഗപ്പെടുത്തി കോളനികളിൽ ഫ്ലാറ്റ് സിസ്റ്റം പരിഗണിക്കാവുന്നതാണ്.
11. ദരിദ്രരേഖക്ക് താഴെയുള്ള പിന്നോക്ക ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കാൻ സർക്കാർ നൽകിവരുന്ന സഹായം വളരെ കുറച്ച് പേർക്കേ ലഭിക്കുന്നുള്ള. അത്കൊണ്ട് പ്രസ്തുത സഹായം അനുവദിക്കുന്നവരുടെ എണ്ണവും, സംഖ്യയും വർദ്ധിപ്പിക്കുക.

നമ്മുടെ ലക്ഷ്യം പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹാരിക്കലാകണം. അലാവുദ്ധീൻെറ അത്ഭുത വിളക്ക് പോലെ പെട്ടെന്നല്ലെങ്കിലും അതിനുള്ള കൂട്ടായ്മക്കായി നമുക്കൊന്നിക്കാം. ഒരു മിക്കാം.



# സാമൂഹ്യക്ഷേമം

വേങ്ങര പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളിൽ 52 ശതമാനവും ദാരിദ്ര്യരേഖക്ക് താഴെയുളളവരാണ്. കേന്ദ്ര സംസ്ഥാന ഗവൺമെണ്ടുകൾ നടപ്പാക്കിവുരന്ന സാമൂഹ്യ ക്ഷേമ പദ്ധതികളിൽ അധികവും ലഭ്യമാക്കാൻ ദാരദ്ര്യരേഖക്ക് താഴെയുള്ള സാധാരണക്കാർ ഒരു പാട് പ്രയാസപ്പെടുന്നു. ഉദ്യോഗസ്ഥന്മാരുടെ അലംഭാവവും നിയമത്തിൻെറ നൂലാമാലകളും ഇവർക്ക് തടസ്സമാവുന്നു. എങ്കിലും ഈ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ രംഗത്ത് ഏറ്റവും വലിയ നേട്ടമാണ് 1975 ഒക്ടോബർ 2 -തിയ്യതി ഇന്ത്യയിൽ തന്നെ ഇദം പ്രഥമമായി വേങ്ങര ബ്ലോക്കിനനുവദിച്ച ഐ. സി. ഡി. എസ്. പ്രോജക്ട്.

അഞ്ചാം പഞ്ചവത്സരപദ്ധതിയിൽ രൂപം നൽകിയ സംയോജിത ശിശു വികസന സേവന പദ്ധിത കേരളത്തിൽ ആദ്യമായി പിന്നോക്ക പ്രദേശമായ മലപ്പുറം ജില്ലയിൽ വേങ്ങര ബ്ലോക്കിൽ അന്നത്തെ വിദ്യാഭ്യാസ സാമൂഹ്യക്ഷേമ വകുപ്പു മന്ത്രിയും ഈ നാട്ടുകാരനുമായിരുന്ന ജനാബ് ചാക്കീരി മഹമ്മദ്കുട്ടി സാഹിബ് ഔപചാരികമായി ഉദ്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിച്ചു. അന്ന് വേങ്ങര ബ്ലോക്കിലെ ജനസംഖ്യ 1,38653 ആയിരുന്നു. അഞ്ചു പഞ്ചായത്ത് പ്രദേശങ്ങൾ പൂർണ്ണമായും ഒരു പഞ്ചായത്തിൻെറ ഒരു വില്ലേജും ഉൾക്കൊള്ളുന്ന പ്രദേശമാണ്. ഈ പദ്ധതിയുടെ പ്രവർത്തന മേഖല. കോഴിക്കോട് മെഡിക്കൽ കോളേജിൻെറ കീഴിൽ നടത്തപ്പെട്ട പ്രഥമ സർവ്വേയിൽ ശിശുക്കളിൽ പോഷണകുറവ് രോഗങ്ങൾ കണ്ടുപിടിക്കപ്പെട്ടു. പ്രധാനമായും വയറിളക്കം, ചൊറി, അഞ്ചാം പനി, വില്ലൻ ചുമ എന്നിവയായിരുന്നു. അവർ രക്തകുറവ് കുട്ടികളിലും സ്ത്രീകളിലും സർവ്വസാധാരണമാണെന്ന് കണ്ടെത്തി ഗർഭകാല പ്രസവാനന്തര ശുശ്രൂഷകളുടെ കാര്യത്തിൽ പ്രത്യേകമായി ആചാരസമ്പദായങ്ങളൊന്നും അനുഷ്ഠിച്ചു പോന്നിരുന്നില്ലങ്കിലും പോഷണമൂല്യങ്ങൾ അടങ്ങിയ ആഹാരസാധനങ്ങളൊന്നും കഴിച്ചിരുന്നില്ല. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വെച്ചു പുലർത്തിയിരുന്നു.

ആദ്യഘട്ടത്തിൽ വേങ്ങര ബ്ലോക്ക് ഡവലപ്പുമെൻറ് ഓഫീസിൽ പ്രവർത്തനം ആരംഭിച്ച ശിശു വികസന പ്രോജക്റ്റ് ഓഫീസ് തൊട്ടടുത്ത സൗകര്യപ്രദമായ സ്വകാര്യ കെട്ടിടത്തിലേക്കു മാറ്റുകയുണ്ടായി.

വിദ്യാഭ്യാസ പരമായിപിന്നോക്കം നിൽക്കുന്ന പ്രദേശമായതിനാൽ എസ്. എസ്. എൽ. സി. പാസ്സായ സ്ത്രീകളിൽ നിന്നും അംഗൻവാടി വർക്കർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷകൾ വേണ്ടത്ര ലഭ്യമാകാതെ വന്നു. അതുകൊണ്ട് തന്നെ എസ്. എസ്. എൽ. സി. പാസ്സാകാത്തവരിൽ നിന്നും അപേക്ഷകൾ നിയമനത്തിനായി പരിഗണിക്കപ്പെട്ടു. തുടക്കത്തിൽ 100 അംഗൻവാടികളാണ്. അനുവദിച്ചത്. ഐ. സി. ഡി. എസ്. പ്രവർത്തനം ആരംബിക്കുമ്പോൾ സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കീഴിൽ 13 പ്രത്യേക പ്രോഷകാഹാരകേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു.

കുട്ടികൾക്ക് റൊട്ടിയും വൈറ്റമിൻ ഗുളികകളും പ്രസ്തുത കേന്ദ്രങ്ങൾവഴി വിതരണം ചെയ്തിരുന്നു. കൂടാതെ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ മൂന്ന് ബാലവാടി

കളും പ്രവർത്തിച്ച പൊന്നിരുന്നു. 1978 ൽ പ്രത്യേക പോഷകാഹാര വിതരണകേന്ദ്രങ്ങൾ നിർത്തൽ ചെയ്യുകയും തൽസ്ഥാനത്ത് 22 അംഗനവാടികൂടി അനുവദിക്കയും ചെയ്തു, ദരിദ്രരും അക്ഷരാഭ്യാസമില്ലാത്തവരുമായ സമൂഹത്തിൽ പോഷകവൈകല്യങ്ങൾ മൂലം രോഗങ്ങളും മറ്റും വർദ്ധിച്ചു വരുന്നമെന്നത്തർക്കമറ്റ വസ്തുതയാണ്.

കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ആരോഗ്യ സംരക്ഷണത്തി ന്നാവശ്യമായ പോഷകമൂല്യങ്ങൾ അവർ കഴിക്കുന്ന ആഹാരത്തിൽനിന്നും ലഭ്യമായിരുന്നില്ല. അത്തരം വിഭാഗങ്ങളെ കണ്ടെത്തി അവർക്കാവശ്യമായ പോഷകങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തു ന്നതിനാവശ്യമായ ആഹാരം അംഗൻ വാടികളിൽ കൂടി വിതരണം ചെയ്യുന്നു. പ്രാരംഭഘട്ടത്തിൽ പോഷകാഹാരകുറവുമൂലം 40 ശതമാനം കുട്ടികൾ രോഗങ്ങൾക്ക് അടിമപ്പെട്ടിരുന്നു. തടുർന്നു ICDS ലൂടെ പോഷകാഹാരങ്ങൾ നൽകുകയും പോഷകമൂല്യങ്ങളെ സംബന്ധിച്ചു അമ്മമാരെ ബോധവതികളാക്കുകയും ചെയ്തതിൻെറ ഫലമായി കുട്ടികളുടെ ആരോഗ്യസ്ഥിയിൽ അത്ഭുതാവഹമായ നേട്ടമുണ്ടായി

3 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കും അമ്മമാർക്കും പൂരകാഹാരവും 3 വയസ്സിനും 6 വയസ്സിനും ഇടയിലുള്ള കുട്ടികൾക്കും പൂരകപോഷണ ഭക്ഷണത്തിന് പുറമെ ഉച്ചഭക്ഷണവും നൽകിയിരുന്നു.

ശിശുമരണ നിരക്ക് 1976 -ൽ 1000ത്തിന് 54 എന്നത് 1995 -ൽ 1000 ത്തിന് 17 എന്ന നിരക്കിൽ കുറഞ്ഞിട്ടുണ്ട്. രോഗപ്രതിരോധ നടപടികളും ആരോഗ്യ പരിശോധനയും അംഗൻവാടികളിൽകൂടി നടപ്പിലാക്കി വരുന്നു. ഇതിൻെറ അടിസ്ഥാനത്തിലാണ്. ഈ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത്. ഓരോ അംഗൻ വാടിയിലും 3 നും 6 നും ഇടക്ക് പ്രായമുള്ള ശരാശരി 35 മു. 40 വരെ കുട്ടികൾ അനൗപചാരിക വിദ്യാഭ്യാസത്തിന് ഹാജരാകുന്നു. വിദ്യാഭ്യാസത്തിന് ഒരു ഏകീകൃത രൂപം നൽകുകയും നിത്യ ജീവിതത്തിൽ കാണുന്ന വസ്തുക്കളെ ആസ്പദമാക്കിയും ഉള്ള ബോധന രീതിയാണ്. അംഗൻവാടികളിൽ സ്വീകരിച്ചിട്ടുള്ളത്. സ്കൂൾ ഡ്രോപ് ഓട്ട് ഗണ്യമായി കുറക്കുവാൻ സാധിച്ചിട്ടുണ്ട്.

വേങ്ങര പഞ്ചായത്തിൽ ഇപോൾ ജനസംഖ്യ 73707 ആണ്. 1000 ജനസംഖ്യക്ക് ഒന്ന് എന്ന തത്വത്തിൽ അംഗൻവാടികൾ ആയിട്ടില്ല. പഞ്ചായത്തിൽ 40 അംഗൻവാടികൾ ഇപ്പോൾ ഉണ്ട് ഇനി 33 അംഗൻ വാടികൾ ജനസംഖ്യാനുപാത ത്തിൽ വേണ്ടതായിട്ടുണ്ട്. ഈ 40 അംഗൻവാടി കളിൽ കെട്ടിട മുള്ള വ കുറവാണ് എല്ലാ അംഗൻ വാടികൾക്കും കെട്ടിടം അത്യാവശ്യമാണം.

ഓരോ അംഗൻവാടിയോടനുബന്ധിച്ചു ലോക്കൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റികളിൽ ആ പ്രദേശത്തെ വാർഡ് മെമ്പർ ലോക്കൽ കമ്മിറ്റി പ്രസിഡണ്ടായിരിക്കും കമ്മിറ്റിഅംഗങ്ങൾ അംഗൻവാടികളുടെ ക്ഷേമ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ചു പോരുന്നു. ICDS -ൽ സ്ത്രീകളുടെ പങ്കാളിത്തം അതിപ്രധാനമായ ഒരു ഘടകമാണം. 15 നും 45നും ഇടയിൽ പ്രായമുള്ള നിരക്ഷരരായ സ്ത്രീകളെ സാക്ഷരരാക്കുന്നതോടൊപ്പം ജീവിതാവശ്യത്തിനുത കുന്ന രീതിയിൽ വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒരു തൊഴിൽകൂടി അഭ്യസിപ്പിക്കുക എന്നലക്ഷ്യ ത്തോടെ തൊഴിലധിഷ്ഠിതസാക്ഷരതാ വിദ്യാഭ്യാസം 1976 മുതൽ അംഗൻ വാടികളിൽ ആരംഭിച്ചിരുന്നു. പദ്ധതിയുടെ ആരംഭത്തിൽ സ്ത്രീകളിൽ സാക്ഷരതാ നിലവാരം താഴ്ന്നതായിരുന്നു. അന്ന് എല്ലാ അംഗൻവാടികളിലും തയ്യൽമിഷ്യനുകൾ വിതരണം ചെയ്തിരുന്നു ഈ പദ്ധതി 1985 മുതൽ നിർത്തൽ ചെയ്തു. പഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ ജന സംഖ്യ 5-414 ആണ്. ആവരുടെ ഉന്നമനത്തിന് വേണ്ടിപല ക്ഷേമ പ്രവർത്തനങ്ങളും നപ്പിലാക്കിവരുന്നുണ്ട്. പട്ടികജാതി കോളനികളിൽ പ്പെട്ട അംഗൻവാടി കൾക്ക് സ്വന്തമായി കെട്ടിമുണ്ടാക്കുന്നതിന് ഫണ്ടു അനുവദിക്കുക പ്രീസ്കൂൾ ക്ലാസിൽ വരുന്ന കുട്ടികൾക്ക് വസ്ത്രം നൽകുക അവർക്ക് ഭക്ഷണം കഴിക്കുന്നതിന് പാത്രം ഗ്ലാസ്സ് എന്നിവനൽകുക. കളിക്കോപ്പുകൾ നൽകുക. പട്ടിക ജാതി അമ്മമാർ ക്കു പോഷകാഹാരക്യാമ്പുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുക ഇവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

വരും തലമുറയെ വാർത്തെടുക്കുന്നതിൽ പ്രധാനപങ്കുവഹിക്കുന്ന അംഗൻ വാടികളിലെ ജീവനക്കാരുടെ സ്ഥിതിയും വലിയ

പരിതാപകരമാണ് ം. താഴെകിടയിലുള്ള ഏതൊരു വിവരം പെട്ടെന്ന് ശേഖരിക്കുവാൻ ഫീൽഡ് വർക്കു നടത്തുന്നതിന് വ്യക്തികളും വകുപ്പുകളും ഇവരെ ഉപയോഗപ്പെടുത്താറുണ്ട്. രാവിലെ 9 മണി മുതൽ 3 മണി വരെ ഓഫീസ്‌വർക്കിന് പുറമെയാണംത്. എന്തു പ്രയാസം സഹിച്ചും സമൂഹത്തിൻെറ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഇവരുടെ

ഉപയോഗപ്പെടുത്താറുണ്ട്. രാവിലെ 9 മണി മുതൽ 3 മണി വരെ ഓഫീസ് വർക്കിന് പുറമെയാണിത് എന്തു പ്രയാസം സഹിച്ചു സൂഹത്തിൻെറ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഇവരുടെ വേതനം വളരെ തുച്ഛമാണം. ഈ ഒരവസ്ഥക്ക് ഒരു പരിഹാരം കാണേണ്ടിയിരിക്കുന്നു.

പട്ടിക **7-4**

| ക്രമനമ്പർ | വാർഡ് | അംഗൻവാടി | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം അംഗൻവാടി ഏരിയായിൽ | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത | സ്ഥലം ഇല്ലാത്ത് | കളിപ്പാടം ഉള്ളത് | കളിപ്പാടം ഇല്ലാത്തത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്. |
|---|---|---|---|---|---|---|---|---|---|---|---|
| 1 | I | 2 | 29 33 | 186 140 | 2 | - | - | - | - | - | - |
| 2 | II | - | | | | | | | | | |
| 3 | III | 4 | 31 32 42 60 | 274 216 191 242 | 3 | 1 | - | - | - | - | - |
| 4 | IV | 3 | 54 53 122 | 169 277 242 | 3 | - | | | | | |
| 5 | V | 5 | 126 87 88 123 | 199 202 189 149 | | | | | | | |
| 6 | VI | 5 | 108 51 48 59 41 | 180 213 218 171 197 | 4 | 1 | | | | | |
| 7 | VII | 1 | 43 | 341 | | 1 | | | | | |
| 8 | VIII | 4 | 45 44 107 135 | 179 246 311 123 | 2 | 2 | 1 | 1 | - | - | - |
| 9 | IX | 2 | 46 47 | 216 315 | 2 | - | - | - | | | |
| 10 | X | 2 | 49 133 | 239 277 | | 2 | 1 | | | | |
| 11 | XI | 3 | 110 55 52 | 188 137 217 | 1 | 2 | | | | | |
| 12 | XII | 4 | 38 39 21 35 | 253 197 281 289 | 1 | 3 | | | | | |
| 13 | XIII | 2 | 22 40 | 197 254 | | 2 | 2 | | | | |
| 14 | XIV | 2 | 28 30 | 191 186 | 1 | 1 | | | | | |
| 15 | XV | 2 | 111 34 | 249 288 | 1 | 1 | | | | | |

## ഐ. ആർ. ഡി. പി. സ്കീമുകൾ

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ടു പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് വേങ്ങര കണ്ണമംഗലം എന്നീ രണ്ടു വില്ലേജുകളിലായി നാല് സർക്കിളുകൾ വഴിയാണ്. നാല്സർക്കിളുകളിലൂടെയും നടപ്പാക്കിയ പദ്ധതികളെക്കുറിച്ച ശരിയായി വിലയിരുത്തപ്പെടണ മെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും ശരിയായ വിവരങ്ങൾ ശേഖരിക്കേണ്ടിയിരുക്കുന്നു.

പഞ്ചായത്തിലെ നാലു V.E.O സർക്കിളു കളിലായി ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തി ലുള്ള വിവരണം നിർദ്ദേശങ്ങളുൾപ്പെടെ ചുവടെ ചേർക്കുന്നു.

1981 മുതൽ 1996 വരെയുള്ള കാലഘട്ടത്തിൽ 899 പട്ടിക ജാതികുംടുംബങ്ങൾ ഉൾപ്പെടെ 2265 കുടുംബങ്ങൾക്ക് സഹായം ലഭിക്കുകയുണ്ടായി. സഹായം ലഭിച്ചതിൽ 45 ശതമാനം ദാരിദ്യരേഖക്ക് മുകളിലെത്തുകയും 55 ശതമാനത്തിന് അവരുടെ നിലവിലുള്ള വരുമാനം വർദ്ധിപ്പിക്കുകവാൻ സാധിക്കുകയും ചെയ്യിട്ടുണ്ട്. 96 - 97 സാമ്പത്തിക വർഷം 80 കുടുംബങ്ങൾക്ക് സഹായധനം ലഭ്യമാക്കിയതായി കാണുന്നു. ഗുണഭോക്താക്കൾക്ക് പദ്ധതി നടത്തുന്നതിനുള്ള അറവില്ലായ്മയും ആസ്തികളുടെ ദുരുപയോഗവും പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിന് നടസ്സമായി ട്ടുണ്ട്. ഐ. ആർ. ഡി. പി. പദ്ധതിയെ കുറിച്ചുള്ള സർക്കാറിൻെറ നിർവചനം കാലോച്ചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കെണ്ടതാണ്. ദാരിദ്യരേഖ യുടെ പരിധി 20000 രൂപയെങ്കിലുമായി നിശ്ചയിക്കേണ്ടതാണ്. ദേസസാൽകൃതബാങ്കുകൾ ഈ പദ്ധതി ആനുസരിച്ചുള്ള വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണ മേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ചു കൊണ്ട് സഹകരണബാങ്കു കൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്ഖളെ സഹയാക്കാൻ അവസരം നൽകണം. അതോടൊപ്പം ദേശാൽകൃതബാങ്കുകളെകൊണ്ട് ഗുണഭോക്തക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടിസ്സ്വീ കരിക്കണം. യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വേണ്ടി വർഷം തോറും സർവ്വേനടത്തണം.

## ഡി. ഡബ്ലിയു. സി. ആർ. എ. സഹായലഭ്യത.

ഐ. ആർ. ഡി. പിയുടെ അനുബന്ധമായുള്ള ഈ പദ്ധതിയിൽ ഗ്രാമീണ വനിതകളുടെ വരുമാനവും -ജീവിതനിലവാരവും മെച്ചപ്പെടുത്താനുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണിത് കേരളത്തിൽ 1983 - 84 ൽ ഈ പരിപാടി ആരംഭിച്ചെങ്കിലും 88 - 89 ലാണ് നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കാൻ തുടങ്ങിയത് സ്ഥാപിതയൂനിറ്റുകൾക്ക് വായ്പ, ധനസഹായം എന്നിവക്ക് പുറമെ 15000 രൂ. റിവോൾവിംഗ് ഫണ്ട് ആയും നൽകി വരുന്നുണ്ട്. 95 - 96 മുതൽ ആരംഭിക്കുന്ന പുതിയ യൂനിറ്റുൾക്ക് റിവോൾ വിംഗ് ഫണ്ട് 25000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. D.W.C.R.A മുഖേന പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ പട്ടികയിൽ ചേർത്തിരിക്കുന്നു. (പട്ടിക നമ്പർ 7.5)

ഈ പദ്ധതികളുടെ ആരംഭഘട്ടത്തിൽ പാക്കടപുറായയിൽ ആരംഭിച്ച കയർയൂനിറ്റ് അസംസ്കൃത പദാർത്ഥങ്ങൾ അടുത്ത പ്രദേശത്തുനിന്നും ലഭ്യമാകാതിരുന്ന തിനാലും അതുമൂലം ഉണ്ടായ ഉയർന്ന ഉൽപാദന ചിലവിനാലും വിപണയിലെ മത്സരരംഗത്ത് നേരിടാൻ കഴിയാതെ അടച്ചു പൂട്ടുകയുണ്ടായി. ഉൽപാദന രംഗത്തെകുറിച്ച് അംഗങ്ങൾക്കുള്ള പരിജ്ഞാന കുറവും പരാജയത്തിന് മുഖ്യകാരണമാവുന്നു. ഉൽപന്നങ്ങൾക് ആവശ്യമായ വിപണിയും സാങ്കെതിക സഹായങ്ങളും കൂടുതൽ ലഭ്യമാക്കിയാൽ കൂടുതൽ യൂനിറ്റുകൾ വിജയകരമായി പ്രവർത്തിപ്പിക്കാൻ കഴിയും.

## ട്രൈസം പരിശീലനം.

18 മുതൽ 35 വയസ്സുവരെ യുള്ള യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധിതിയാണ്. ട്രൈസം. ട്രൈസം തൊഴിൽ പരിശീലനം നേടിവരുടെ വിവരം പട്ടികയിലൂടെ കാണുക. (A)

കൂടാതെ 96 - 97 കാലഘട്ടത്തിൽ ട്രൈസം

## പട്ടിക നമ്പർ 7.5

| ക്രമ നമ്പർ | വാർഡ് നമ്പർ | തൊഴിൽ സരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗ ങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | I | വാടകസ്റ്റോർ | 90 - 91 | 10 |
| 2 | II | ആട് വളർത്തൽ | 92 - 93 | 7 (ഇൽഫോർമൽ) |
| 3 | V | ജില്ലി നിർമ്മാണം. | 89 - 90 | 16 |
| 4. | V | ആട് വളർത്തൽ | 92 -- 93 | 10 |
| 5 | V | ആട് വളർത്തൽ | 93 - 94 | 6 (ഇൽ ഫോർമൽ) |
| 6 | VIII | പശുവളർത്തൽ | 94 - 95 | 10 |
| 7 | IX | ആട്വളർത്തൽ | 93 - 94 | 10 |
| 8 | XIII | ആട്വളർത്തൽ | 88 - 89 | 15 |
| 9 | VI | കൈകുത്തരി നിർമ്മാണം | 90 | 16 |
| 10 | V | ആട്വളർത്തൽ | 91 - 92 | 10 |

പദ്ധതിയിലൂടെ പഞ്ചായത്തിൽ 17 യുവാക്കൾക്ക് കൂടി പരിശീലനം ലഭിച്ചതായി കാണുന്നു.

ട്രൈസം പദ്ധതിയിലൂടെ പരിശീലനം നേടിയ ആളുകൾ തന്നെ അപരിചിത മേഖലയിൽ ജോലി ചെയ്യുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇവരെ ഉപയോഗപ്പെടുത്തി പഞ്ചായത്തിന് ജനക്ഷേമകരമായ പ്രർത്തന ങ്ങൾ നടത്താവുന്നതാണ്. (പട്ടിക നമ്പർ 7.6)

പഞ്ചായത്തിൽ കേടുവരുന്ന കുഴൽ കിണറുകൾ നന്നാക്കുന്നതിന് ഭീമമായ സംഖ്യയാണ് പഞ്ചായത്ത് ചിലവഴിക്കുന്നത്, ട്രൈസം പദ്ധിതിയിലൂടെ കുഴൽ കിണർ റിപ്പയറിംഗിന് പരിശീലനം നൽകി അവരെക്കൊണ്ട് പ്രസ്തുത ജോലികൾ നിർവ്വഹിച്ചാൽ പഞ്ചാത്തിന് സാമ്പത്തിക ലാഭമുണ്ടാക്കാൻ സാധിക്കും.

## ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാന് മെച്ചപ്പെടുത്തുന്നതിനും ആയി നവീന തൊഴിലുപകരണങ്ങൾ നൽകാൻ 1992 - 93 മുതൽ നടപ്പിലാക്കി വരുന്ന ഈ പരിപാടി IRDP യുടെ മറ്റൊരനുബന്ധമാ്.. ഇതിൻെറ 10% തുക

## (പട്ടിക നമ്പർ 7-6)

| പരിശീലനം വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ച വരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെ ത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|
| പ്രിൻറിംഗ് | 42 | 28 | 14 | - |
| എംബ്രോയിഡറി | 9 | 8 | 1 | - |
| ഇലക്ട്രോണിക്സ് | 13 | 7 | 6 | - |
| ഡ്രൈവിംഗ് | 1 | 1 | - | - |
| ഫോട്ടോഗ്രാഫി | 4 | 3 | 1 | - |
| മോട്ടോർ വൈൻറിംഗ് | 12 | 7 | 5 | - |
| പ്ലാസ്റ്റിക് കെൽ വർക്ക് | 9 | 5 | 4 | - |
| A/c. റഫ്രിജറേഷൻ | 7 | 4 | 3 | - |
| വാച്ച് റിപ്പയർ | 1 | 1 | - | - |
| വെൽഡിംഗ് | 4 | 3 | 1 | - |
| ടൈലറിംഗ് | 7 | 5 | 1 | 1 |
| ഓട്ടോമൊബൈൽ | 2 | 1 | 1- | |
| റേഡിയോറിപ്പയർ | 4 | 2 | 2 | - |

ഗുണഭോക്താവിന്റെ വിഹിതമായിരിക്കും. 2000 രൂപക്കുള്ള തൊഴിലുപകരണങ്ങളാണ് ഒരാർക്ക് ലഭിക്കുക. വേങ്ങര പഞ്ചായത്തിൽ 1996. വരെ 1,70,000 രൂപ ചിലവഴിച്ച്, 85 പേർക്കു ഇതിന്റെ സാഹയം ലഭ്യമായതായി കാണുന്നു. ടൂൾകിറ്റ് വിതരണം ചെയ്യതിന്റെ പട്ടിക കാണുക (പട്ടിക No. 7.7.)

## CRSP

പഞ്ചായത്തിലെ ആരോഗ്യരംഗത്തെ മുഖ്യപ്രശ്നം കക്കൂസ് ആണ്. പഞ്ചായത്തിൽ 65 ശതമാനം വീടുകളും സ്വന്തമായി ലാട്രീൻ സൗകര്യമില്ലാത്തവരാണ്. ഇതിൽ 50 ശതമാനം ആളുകളും ലാട്രിന്റെ ആവശ്യകതയെകുറിച്ച് ബോധമുള്ളവരാണെങ്കിലും സാമ്പത്തി പരാധീനതയാണ്. ഇതിന് തടസ്സം നിൽക്കുന്നത്. 93 - 94 മുതൽ 96 - 97 വെര 1,78,000 രൂപ ചിലവഴിച്ച് 89 കക്കൂസുകൾ നിർമ്മിക്കുകയും ണ്ടായി. പ്രസ്തുക പദ്ധതിയുടെ വില്ലേജ് സർക്കിൾ തിരിച്ചുള്ള കണ്ക്കും ചിലവഴിച്ച തുടയും പട്ടിക നമ്പർ 7 -8 ൽ കൊടുത്തിരിക്കുന്നു.

ഇത് കൂടാതെ ഇന്ദിരാ ആവാസ് യോജന, ജവഹർതൊഴിൽ ദാന പദ്ധതി മില്ല്യൻ വെൽസ്സ്കീം, സാമൂഹിക വനവൽക്കരണം, ദേശീയ സമ്പാദ്ധ്യപദ്ധതി ജെ. ആർ. വൈ. തുടങ്ങിയസ്കീമുകലിലൂടെ സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നെങ്കിലും ഇവയുടെ കണക്കുകൾ ലഭ്യമല്ല.

(പട്ടിക നമ്പർ 7-7)

| ക്രമനമ്പർ | വാർഡ് നമ്പർ | സഹായം (കിറ്റ്) ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവർ | സർവ്വേപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം |
|---|---|---|---|---|
| 1 | I | 1 | NIL | 1 |
| 2 | II | 17 | 3 | 20 |
| 3 | III | 5 | 3 | 8 |
| 4 | IV | 5 | 5 | 10 |
| 5 | V | 10 | 6 | 16 |
| 6 | VI | 5 | NIL | 5 |
| 7 | VII | 12 | 10 | 22 |
| 8 | VIII | 2 | NIL | 2 |
| 9 | IX | 3 | 2 | 5 |
| 10 | X | 5 | 12 | 17 |
| 11 | XI | 8 | 12 | 20 |
| 12 | XII | 8 | 15 | 23 |
| 13 | XIII | 1 | 2 | 3 |
| 14 | XIV | 1 | 5 | 6 |
| 15 | XV | 2 | 13 | 15 |

പട്ടിക നമ്പർ **7 - 8**

| VEO സർക്കിളുകളുടെ പേര് | 93-94 | | 94-95 | | 95-96 | | 96-97 | |
|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| വേങ്ങര | 10 | 20000 | 12 | 24000 | 6 | 12000 | | |
| വലിയോറ | 14 | 28000 | 3 | 6000 | 4 | 8000 | | |
| ചേറൂർ | 3 | 6000 | 4 | 8000 | 3 | 6000 | | |
| കണ്ണമംഗലം | 17 | 34000 | 9 | 18000 | 4 | 8000 | | |

വേങ്ങര - കണ്ണമംഗലം വില്ലേജിൽ 1996 - 97 ൽ നടപ്രിലാക്കുന്ന പദ്ധതികൾ. പട്ടിക 7 - 9

| ക്രമ നമ്പർ | നടപ്പിലാക്കിയ പദ്ധതികൾ | ലക്ഷ്യം | | റമാർക്സ് | |
|---|---|---|---|---|---|
| | | വേങ്ങര | കണ്ണമംഗലം | വേങ്ങര | കണ്ണമംഗലം |
| 1. | സംയോജിത ഗ്രാമവികസന പരിപാടി | 40 കുടുംബ ങ്ങളെ സഹായിക്കൽ | 40 കുടുംബ ങ്ങളെ സഹായിക്കൽ | – | – |
| 2. | ട്രൈസം | 8 പേർക്കു പരിശീലനം | 9 പേർക്ക് പരിശീലനം | – | – |
| 3. | ഇന്ദിരാ ആവാസ് യോജന (IAY) | 3വീട്,കക്കൂസ് നിർമ്മാണം | 7വീട്,കക്കൂസ് നിർമ്മാണം | – – | – – |
| 4 | ഗ്രാമീണവനിതശിശുവികസന പരിപാടി (DWCRA) | – | – | ഈ വർഷം വേങ്ങര പഞ്ചാ യത്തിൽ നടപ്പാക്കുന്നില്ല. | |
| 5. | ഗ്രാമീണ കൈത്തൊഴിലു പകരണ വിതരണപരിപാടി | – | – | ഈ വർഷം നടപ്പിലാ ക്കുന്നതിന് അനുമദി ലഭിച്ചിട്ടില്ല | |
| 6. | മില്ല്യൻ വെൽസ് സ്കീം (MWS) | | | " | " |
| 7. | കേന്ദ്ര ഗ്രാമ ശുചിത്വരിപാടി (CRSP) | | | " | " |
| 8. | ജവഹർ തൊഴിൽധാന പരിപാടി (JRY) | | | " | " |
| 9 | സാമൂഹ്യ വനവൽക്കരണം പരിപാടി | ഫലവൃക്ഷതൈ കൾ വിതരണം | | S/c. STകുടും ബങ്ങൾക്ക് സൗജന്യ വിതരണം ചെറുകിട പരിമത കർ ഷകൾക്ക് 50 ശതമാനം വിലകിഴിവ. | |

## സി. ബി. എൻ. പി.

പാവപ്പെട്ട സ്ത്രീകളെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ദാരിദ്ര്യ നിർമാജ്ജന പരിപാടിയാണ് ഇത്. സർവ്വേപ്രകാരം ആളുകളെകണ്ടെത്തി മെമ്പർഷിപ്പ് എടുത്തിട്ടാണ് ഇതിൽ അംഗത്വം ലഭിക്കുന്നത്.

പഞ്ചായത്തിൽ എല്ലാ ഇടങ്ങളിലും ഇത് നടപ്പായിട്ടില്ലെങ്കിലും നടപ്പായിട്ടുള്ള സ്ഥലങ്ങളിൽ സ്ത്രീകൾക്കും വളരെയേറെ പ്രയോജന പ്രദമാവുന്നുണ്ട് കൂടുതലും നടപ്പായിട്ടുള്ളത് കണ്ണമംഗലം വില്ലേജിലാണ്. ത്രീഫ്റ്റ് സൊസൈറ്റി മുഖേന പഞ്ചായത്തിൽ മൊത്തം 14 വനിതകൾക്കായി 64000 ക. വിവിധ ആവശ്യങ്ങൾ ക്കായി ലോൺ അനുവദിക്കയുണ്ടായി ഇത് വളരെ ചുരുങ്ങിയ മാസങ്ങൾകൊണ്ട് തന്നെ തിരിച്ചടക്കുന്നു. ഇതിൽ സിംഹഭാഗവും കണ്ണണമംഗലം വില്ലേജിലുള്ള ആളുകൾക്കാണ്. പ്രയോജനം ചെയ്തിരിക്കുന്നത്. വേങ്ങര ഏറ്റവും വലിയ പഞ്ചായത്തായതിനാൽ വേങ്ങര വില്ലേജിന് മാത്രം നാലു ഓർഗനൈസർമാരെ നിയോഗിച്ച് സി. ബി. എൻ. പി. കൂടുതൽ ഊർജ്ജസ്വമാക്കേണ്ടിയിരി ക്കുന്നു.

പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയിട്ടു രണ്ടു വർഷത്തോളമായി. എന്നിട്ടും നിലവിലുള്ള അവസ്ഥയിൽ സി. പി. എൻ. പി. യുടെ പ്രവർത്തന ങ്ങളിൽ ഗ്രാമപഞ്ചായത്തിന് യാതൊരറിവോ സ്വാധീനമോ ഇല്ല. അതുകൊണ്ട് തന്നെ ഈ പരിപാടി പഞ്ചായത്തിന് കീഴിൽ കൊണ്ടുവന്ന പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും നടപ്പാക്കേ ണ്ടിയിരിക്കുന്നു.

## വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമ പദ്ധതികൾ

സാമൂഹ്യക്ഷേമ രംഗത്ത് റവന്യുവകുപ്പ് കാര്യമായി പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായവുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത് അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം കിട്ടുന്നില്ല എന്നുമാത്രമല്ല അനർഹരായ കുറെ പേർ ഈ ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്യുന്നതായി ക്ഷേമ പദ്ധിതികളെ വിലയിരുത്തു മ്പോൾ കാണുന്നു.

ഇത്തരം ആനുകൂല്യങ്ങൾക്ക് വേണ്ടി അപേക്ഷ നൽകി കാത്തിരുന്നു നിരാശരായവരുടെ ആവലാതിയും പരാതിയും ഗ്രാമസഭാ റിപ്പോർട്ടു കളിൽ കാണുന്നു. ഇത് അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടാണ്. ഈ പദ്ധതികളുടെ ചുമതല ഗ്രാമ പഞ്ചായത്തിന് കൈമാറേണ്ടതും എത്രയും പെട്ടെന്ന് ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്. ഇന്നത്തെ പെൻഷൻ ധനസഹായതുകകളിൽ കാലോചിതമായ വർദ്ധനവ് അനിവാര്യമായ ഘടകമാണ്.

## പെൻഷനുകൾ

### വിധവാ പെൻഷൻ

ഇതിൻെറ മാനദണ്ഡം വരുമാനം പരിധിയായിനിശ്ചയിക്കുകയും അർഹരായമുഴുവൻ ആളുകൾക്കും പെൻഷൻ ലഭ്യമാക്കുകയു് വേണം. പഞ്ചായത്തിൽ 139 പേർ ഈ പെൻഷൻ കൈപ്പറ്റുന്നതായി ലഭ്യമായ കണക്കുകളിൽ നിന്ന് വ്യക്തമാവുന്നു.

### വികലാംഗപെൻഷൻ

പഞ്ചായത്തിൽ മൊത്തം 575 വികലാംഗരുണ്ടെങ്കിലും 45 ആളുകൾ മാത്രമാണ് പെൻഷൻ കൈപ്പറ്റുന്നത് ഈ പെൻഷൻ ലഭ്യമാക്കുന്നതിനുള്ള പ്രധാനതടസ്സം വൈകല്യ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റാണ്. വിക ലാംഗനായ വ്യക്തിക്ക് മഞ്ചേരി ജില്ലാ ആശുപത്രിയിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും സർട്ടിഫിക്കറ്റുകിട്ടാനുള്ള കാലതാമസവും ഇതിന് പ്രധാന കാരണമാകുന്നു. ഇതിന് പരിഹാരമായി പഞ്ചായത്ത് തലത്തിൽ മൂന്ന് മാസത്തിൽ ഒരിക്കൽ സിറ്റിംഗ്നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ ആവശ്യമായ സൗകര്യങ്ങൾ ചെയ്യേണ്ടതാണ്.

### കർഷകതൊഴിലാളി പെൻഷൻ

പഞ്ചായത്തിലെ മൊത്തം ജനസംഖ്യുടെ 15 ശതമാനം കർഷകരാണ്. ഇതിൽ 8 ശതമാനം പെൻഷന് അർഹരാണെങ്കിലും 4 ശതമാനത്തിന് പോലും ലഭിക്കുന്നില്ല. ഇതിന് പ്രധാനപ്പെട്ട കാരണം പുതിയ നിയമത്തിലെ വരുമാനപരിധിയാണ് ഇത് നിയമം മാറ്റി അർഹരായ മുഴുവൻ കർഷകൾക്കും

പെൻഷൻ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

## വാർദ്ധക്യകാലപെൻഷൻ

ഇത് പഞ്ചായത്തിൽ നിന്ന് 68 ആളുകൾ വാങ്ങുന്നു.

### തൊഴിലില്ലായ്മ വേതനം.

അഭ്യസ്ഥവിദ്യാരായ തൊഴിൽ രഹിതരായ യുവതിയുവാക്കളിൽ 20 ശതമാനം ആളുകൾ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നുണ്ട്. മാത്രമല്ല അനർഹാരായ ആളുകളും ഈ സഹായം കൈപ്പറ്റുന്നതായി മനസ്സിലാവുന്നു.

## കർഷകതൊഴിലാളി ക്ഷേമ നിധി

പഞ്ചായത്തിലെ വേങ്ങരവില്ലേജിൽ 275 പേരും കണ്ണമംഗലം വില്ലേജിൽ 414 പേരും ഈ ക്ഷേമ നിധിയിൽ അംഗങ്ങളാണ് കർഷക തൊഴിലാളിക്ഷേമനിധിയിൽ ഭൂളടമാവിഹിതം പരിച്ചെടുക്കുന്നതിന് നടപടിയുണ്ടാകണം.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ മൊത്തം 1300 ആളുകൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്.

## പൊതു വിതരണ കേന്ദ്രം

പഞ്ചായത്തിൽ ആകെ 19 പൊതു വിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ ആണ് നിലവിലുള്ളത്. ഇത് വേങ്ങര വില്ലേജിലെ 10 -ാം വാർഡിലാണ്. ഇത്കാരണം പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും ഇത് പ്രയോജനപ്പെടുന്നില്ല. അത്കൊണ്ട് തന്നെ വലിയോറ, പാക്കടപുറായ, ചേറൂർ, തോട്ടശ്ശേരിയറ, അച്ചനമ്പലം എന്നീസ്ഥല ങ്ങളിൽ മാവേലിസ്റ്റോറുകൾ അനുവദിക്കണ്.

സാമൂഹ്യക്ഷേമ വകുപ്പിനോടനുബന്ധിച്ചു താഴെ പറുയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്ന താണ്.

1. ദുർബ്ബല വിഭാഗങ്ങൾക്ക് വീട്, കക്കൂസ് എന്നിവനിർമ്മിക്കുന്നതിനുള്ള സഹായധനം കാലോചിതമായിവർദ്ധിപ്പിക്കുക.
2. പഞ്ചായത്തിലെ തുന്നൽ അറിയാവുന്ന സത്രീകൾക്ക് തുന്നൽ മിഷ്യൻ ലഭ്യമാക്കുക.
3. സാമൂഹ്യക്ഷേമ പെൻഷൻനുകളെകുറിച്ച് ബോധവൽക്കരണം നടത്തുകയും നടപടിക്രമ ങ്ങൾ ലഘൂകരിക്കയും ചെയ്യുക.
4. ജനസംഖ്യാനപാതികമായി അംഗൻവാടികൾ സ്ഥാപിക്കുക.
5. അംഗൻവാടികളിലേക്ക് ആവശ്യമായ ബഞ്ച്, സ്റ്റീൽ പ്ലേറ്റ് സ്റ്റീൽ ഗ്ലാസ്, കിടക്കാനുള്ളഷീറ്റ്, കളിക്കോപ്പുകൾ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കുക. കൂടാതെ വാടക മെയിൽറനൽസ് തുകകൾ വർദ്ധിപ്പിക്കക.
6. കെട്ടിടം ഇല്ലാത്ത മുഴുവൻ അംഗൻവാടികൾക്കും കെട്ടിടംപണിയുക. ചിൽഡ്രൻസ് പാർക്കും അനുവദിക്കുക.
7. കണ്ണമംഗലം വില്ലേജിലെ രണ്ടു സർക്കിളുകളിലേക്കും VEO യെ സ്ഥാരമായി നിയമിക്കുക.
8. പൂച്ചോലമാട് ഭാഗത്ത് തറക്കല്ലിട്ട AWH ഫാക്ടറി തുടങ്ങുക.
9. തൊഴിൽ രഹിതരായ സ്ത്രീകൾക്കു് കുടിൽ വ്യവസായങ്ങൾ ഏർപ്പെടുത്തുക.
10. വിവാഹധന സഹായം വർദ്ധിപ്പിക്കുക.
11. ഓലമേഞ്ഞവീടുകൾക്ക് ഓടിടാനുള്ള സഹായം ലഭ്യമാക്കുക.
12. ധനസഹാഹായത്തിനു അർഹതയുള്ളവരുടെ മുൻഗണനാ ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ പ്രസിദ്ധപ്പെടുത്തുക.

13 വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്കായി മഹിളാസമാജങ്ങൾ രൂപീകരിക്കുക.

14. കച്ചേരിപ്പടിയിൽ പ്രവർത്തിക്കുന്ന 'ചലനം' വികലാംഗ വിദ്യാലയം സാമൂഹ്യക്ഷേമവ കുപ്പിൻെറ കീഴിൽ കൊണ്ടുവന്നു കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കു ന്നതിനാവ ശ്യമായ ധനസഹായം ലഭ്യമാക്കുക.

582

# സംസ്കാരം

പഴയ മദിരാശി സംസ്ഥാനത്തിലെ മലബാർ ജില്ലയുടെ ഭാഗമായിരുന്ന ഈ ഗ്രാമം എന്നും തനതായ സംസ്കാരികതനിമ നിലനിർത്തിയിരുന്നു.

നാട്ടുരാജാക്കന്മാരുടെ കാലഘട്ടത്തിലും ബ്രിട്ടീഷ് തേർവാഴ്ചയിലും, ഭൂപ്രഭുവർഗങ്ങളുടെ സർവ്വാധിപത്യത്തിൻ കീഴിലും അടിമത്തത്തിൻെറ തിക്താനുഭവങ്ങളിലൂടെ കടന്നുവന്നവരാണ് ഇവിടത്തെ അടിസ്ഥാനവർഗങ്ങൾ. ഈ നൂറ്റാണ്ടിൻെറ മദ്ധ്യകാലഘട്ടത്തിലും സാധാരണകാർക്ക് നല്ല വസ്ത്രങ്ങൾ ധരിക്കാനോ ചെരുപ്പുകൾ ഉപയോഗിക്കാനോ സ്ത്രീകൾക്ക് മാറ് മറക്കാനോ അനുവാദമില്ലായിരുന്നു. മാത്രമല്ല പിന്നോക്ക വിഭാഗങ്ങൾക്ക് സവർണ്ണമേധാവികളുടെ വടക്കിനിമുറ്റത്ത് കുഴികുത്തി ഇലവെച്ച് കഞ്ഞി കുടിച്ചിരുന്ന കിരാതസമ്പ്രദായം ഇവിടെ നിലനിന്നിരുന്നു. എന്നാൽ അത്തരം അനാചാരങ്ങൾക്കും ഉച്ചനീചത്വങ്ങൾക്കുമെതിരെ സംഘടിതമല്ലെങ്കിലും ചെറിയ രൂപത്തിലുള്ള പ്രക്ഷോപങ്ങൾ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും നടന്നിട്ടുണ്ട്. തൽഫലമായി സവർണ്ണ കുടുംബാംഗങ്ങളോടൊപ്പം പഠിക്കാനും കളിക്കാനും, ഒരേകുളത്തിൽ കുളിക്കാനും വരെയുള്ള അവകാശങ്ങൾ അധഃസ്ഥിത വർഗങ്ങൾ നേടിയെടുക്കുകയുണ്ടായി

പട്ടിണിയും ദാരിദ്ര്യവും ജനങ്ങളുടെ സാംസ്കാരിക നിലവാരം മെച്ചപ്പെടുത്തുന്നതിന് ഒരു വിലങ്ങുതടിയായിരുന്നു. എങ്കിലും കേരള സംസ്ഥാനത്തിൻെറ പിറവിക്കുശേഷം നമ്മുടെ രാഷ്ട്രീയ, സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലുണ്ടായ നേട്ടം പഞ്ചായത്തിലെ സാംസ്കാരിക നിലവാരത്തെ പോഷിപ്പിക്കുകയുണ്ടായി.

1957ൽ കേരള സർക്കാർ പഞ്ചായത്തിൻെറ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് ഒരു ഹൈസ്കൂൾ അനുവദിക്കുകയുണ്ടായി. അതും നമ്മുടെ സാംസ്കാരിക പുരോഗതിക്ക് ഒരുകാരണമാണ്

സാംസ്കാരികപ്രവർത്തനത്തിൻെറ ഭാഗമായി ചില കുടുംബങ്ങളിൽ ഹോം ലൈബ്രറികകൾ പണ്ടുകാലം മുതൽക്കേ പ്രവർത്തിച്ചിരുന്നു എന്നത് നമ്മുടെ സാംസ്കാരിക പൈതൃകത്തിൻെറ ഒരു ഉത്തമോദാഹരണമാണ്. അതിൽ പ്രധാനപ്പെട്ട ഒരു ലൈബ്രറിയാണ് കുളിപിലാക്കൽ എന്നറിയപ്പെടുന്ന ഇടത്തോള വീട്ടിൽ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

കലാകായിക രംഗങ്ങളിൽ മുൻകാലങ്ങളിൽത്തന്നെ അഭിരുചിയുള്ളവരായിരുന്നു ഇന്നാട്ടിലെ ജനത. നാടൻ കലാരൂപങ്ങളായ പൂതംകെട്ട്, ചെണ്ടകൊട്ട്, ഉടുക്ക്, തുടി, തോറ്റംപാട്ട്, ഞാറ്റുപാട്ട്, ചവിട്ടുകളി, കോൽക്കളി, പരിചമുട്ടുകളി, കൈകൊട്ടിപ്പാട്ട്, ഒപ്പന, ചിത്രരചന, ഖിസ്സാപാട്ടുകൾ എന്നിവയും കൂടാതെ പകിടകളി, പടകളി, കാറകളി, കബടി തുടങ്ങിയ കായിക വിനോദങ്ങളും നിലവിലുണ്ടായിരുന്നു. കാർഷിക സംസ്കാരത്തിൻെറ ഭാഗമായ കാളപൂട്ട് മത്സരം ഇവിടത്തെ ഒരു പഴയകാലവിനോദമായിരുന്നു. ഇത്തരം കലാകായികവിനോദങ്ങളിൽ നൈപുണ്യംനേടിയവർ പഞ്ചായത്തിൻെറ പലഭാഗങ്ങളിലുമുണ്ടായിരുന്നു.

കലാസാസ്കാരികരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പല വ്യക്തികളും നമ്മുടെ ഗ്രാമത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ടായിരുന്നു. ചാക്കീരി മൊയ്തീൻകുട്ടി സാഹിബ്, സി.പി. മുഹമ്മദ് സാഹിബ്, തുടങ്ങിയ മാപ്പിളകവികളും, സി.എൻ അഹമ്മദ്മൗലവി,

ചെണ്ടകൊട്ടുകാരൻ രാവുണ്ണി. കവിയും സാംസ്കാരിക പ്രവർത്തകനുമായിരുന്ന സി.എം തെയ്യുണ്ണി മാസ്റ്റർ, കെ.പി ശങ്കരൻമാസ്റ്റർ എന്നിവർ പേരെടുത്തുപറയാവുന്നവരാണ്.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് താമ്രപത്രം ലഭിച്ച ടി.കെ മുഹമ്മദ് സാഹിബ്, പാലേരി ആലി തുടങ്ങിയവർ ഈ ഗ്രാമത്തിൻെറ സംഭാവനകളായിരുന്നു.

സാംസ്കാരിക ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച പല മഹൽ വ്യക്തികളും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. ടി.കെ മുഹമ്മത് എന്ന മാനു സാഹിബ്, ആലിമുഹമ്മദ് മാസ്റ്റർ, കെ.പി ബാലൻ മാസ്റ്റർ, ഹുസ്സൻ മാസ്റ്റർ വലിയോറ, കറുവണ്ണി കുഞ്ഞിമുഹമ്മദ്സാഹിബ്, എം.ടി ആലിഹാജി, തൊമ്മങ്ങാട് ദാമോദരൻ നായർ, ഒറുവിങ്ങൽ വേലായുധൻ വൈദ്യർ, കെ.കുഞ്ഞിരാമൻ വൈദ്യർ, പുല്ലമ്പലവൻ അഹമ്മദ കുട്ടി ഹാജി, പൂവ്വിൽ മുഹമ്മത് എന്ന ബാപ്പു, തെങ്ങിലകത്ത് മുഹമ്മസ്സൻഹാജി, വി.കെ അഹമ്മദ്കുട്ടിഹാജി, സി മുഹമ്മദ് മാസ്റ്റർ, എൻ.ടി ഹസ്സൻകുട്ടിഹാജി, ഇ.കെ കുഞ്ഞിമൊയ്തുഹാജി, മാളിയേക്കൽ അബ്ദുള്ളഹാജി, പറങ്ങോടത്ത് കുഞ്ഞിമ്മുഹാജി, പൂച്ചിമാസ്റ്റർ, തുടങ്ങിടവർ അവരിൽ പ്രമുഖരാണ്. അതിലുപരിയായി പഞ്ചായത്തിൻെറ സർവ്വതോൻമുഖമായ വികസനത്തിനും സാംസ്കാരിക പുരോഗതിക്കും വേണ്ടി പ്രവർത്തിച്ചിരുന്ന മഹാനായിരുന്നു ചാക്കീരി അഹമ്മദ് കുട്ടി സാഹിബ്. സംസ്ഥാന രാഷ്ട്രിയത്തിൽ നിറഞ്ഞുനിന്നിരുന്ന അദ്ദേഹം തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ആദ്യത്തെ പഞ്ചായത്ത് ബോർഡ് പ്രസിഡണ്ടായിരുന്നു. ഇന്ന് ജീവിച്ചിരുപ്പുള്ള പഴയ തലമുറയിലെ ഉന്നതസാംസ്കാരികനായകൻമാരാണ്. ഇ.കെ മൊയ്തീൻകുട്ടിമാസ്റ്റർ, കെ. ബാപ്പു, പി.പി ബാപ്പുട്ടി ഹാജി കൂരിയാട് തുടങ്ങിയവർ.

മാമൻമാപ്പിള നോവൽ അവാർഡ് ലഭിച്ച സുകുമാർ കക്കാട്, വി.പി വലിയോറ, പി.എ.ബി. അച്ചനബലം, എസ്. മൊയ്തീൻകുട്ടി മാസ്റ്റർ, ഹൈദർ കുറ്റൂർ, വടക്കൻ ജബ്ബാർ, ബാലൻ വേങ്ങര, തുടങ്ങിയ സാഹിത്യകാരന്മാർ ഈ പഞ്ചായത്തിൻെറ സാംസ്കാരിക രംഗത്തെ മുതൽ കൂട്ടാകുന്നു.

ഇവിടെ 80 ശതമാനത്തോളം മുസ്ലീകളും, 20 ശതമാനത്തോളം ഹിന്ദുക്കളുമാണ്. നാമമാത്രമായി ക്രിസ്ത്യൻ കുടുംബങ്ങളും അങ്ങിങ്ങായി താമസമുണ്ട്. ഇവർ പരസ്പരധാരണയോടും ഒത്തൊരുമയോടും കൂടി ജീവിക്കുന്നു.

കേരളത്തിൻെറ ദേശീയോത്സവമായ ഓണവും, മുസ്ലിം ജനവിഭാഗത്തിൻെറ പ്രധാനാഘോഷമായ ബലിപെരുന്നാൾ, ചെറിയപെരുന്നൾ, എന്നിവയും വിഷു ക്രിസ്റ്റുമസ്സ് തുടങ്ങിയവയും ഇവിടെ പരസ്പര സഹകരണത്തോടെ ആഘോഷിക്കാറുണ്ട്.

അമ്മാഞ്ചേരി ഭഗവതി ക്ഷേത്രത്തിലെ താലപ്പൊലിമഹോത്സവവും, മടപ്പള്ളി ജാറം നേർച്ചയും ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ടുത്സവങ്ങളാണ്. ഈ രണ്ടുത്സവങ്ങളും ഇവിടത്തെ മതസൗഹാദ്ദത്തിൻെറ പ്രതീകങ്ങളാണ്.

മുസ്ലീം സമുദാത്തിൻെറ പുണ്യമാസമായ റംസാൻ ഭക്തിസാന്ദ്രമായ വ്രതാനുഷ്ഠാനത്തിൻെറ കാലമാണ്. ചെറിയപെരുന്നാളോടുകൂടി അതിൻെറ പരിസമാപ്തി കുറിക്കുന്നു.

വൃഞ്ചികമാസം ഒന്നുമുതൽ ഹിന്ദുക്കൾ മണ്ഡലംനോമ്പും ക്ഷേത്രങ്ങളിൽ പ്രത്യേക ആരാധനകളും നടത്തി വരുന്നു. നബിദിനവും ശ്രികൃഷ്ണ ജയന്തിയും ഇരു വിഭാഗത്തിൻെറ പുണ്യദിനമായി ആചരിക്കുന്നു.

പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ ചെറിയതോതിലുള്ള ഹൈന്ദവോത്സവങ്ങളും, ആണ്ടുനേർച്ചയും നടത്തിവരാറുണ്ട്. നേർച്ചകളിൽ നൂറുകണക്കിന് വിവിധ മതസ്ഥരായ പാവപ്പെട്ടവർക്ക് അന്നദാനവും നടത്തിവരുന്നു.

സാംസ്കാരികനിലവാരം മെച്ചപ്പെടപത്തുന്നതിൽ രാഷ്ട്രിയപാർട്ടികളുടെ പങ്ക് നിഷേധിക്കാവുന്നതല്ല. ഈ ഗ്രാമത്തിലെ രണ്ടുപ്രബലരാഷ്ട്രിയ കക്ഷികളായിരുന്നു ഇന്ത്യൻനാഷണൽ കോൺഗ്രസ്സും, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും. ഇന്ന് ഇവയെ കൂടാതെ സി.പി.എം, സി.പി.ഐ., ജനതാദൾ, നേഷണൽ ലീഗ്, ബി.ജെ.പി, പി.ഡി.പി, കോൺഗ്രസ്സ് എസ് തുടങ്ങിയവ പ്രവർത്തിക്കുന്നു. ഈ പ്രസ്ഥാനങ്ങളുടെ യുവജനസംഘടനകളും പ്രവർത്തിച്ചുവരുന്നു. ജനങ്ങളുടെ പൊതുവായ പ്രശ്നങ്ങളിൽ രാഷ്ട്രിയ മതചിന്തകൾക്കതീതമായി

കാഴ്ചപാട് ഇവിടത്തെ ജനങ്ങൾക്കുണ്ട് എന്നതും അഭിമാനപൂർവ്വം സൂചിപ്പിക്കട്ടെ.

സാംസ്കാരികവളർച്ചക്ക് വഴിവെച്ചതിൽ പ്രഥമസ്ഥാനം വിദ്യഭ്യാസത്തിന് തന്നെയാണെന്ന് കാണാം. ഔപചാരിക-അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ പതിറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. പൊതുമേഖലയിലും മാനേജ്മെൻറുകളുടെ കീഴിലുമായി അവ പ്രവർത്തിക്കുന്നു.

വിദ്യാവിതരണത്തിൽ പങ്കുവഹിച്ച മറ്റുസ്ഥാപനങ്ങളാണ് ഗ്രന്ഥശാലകളും വായനശാലകളും. സ്വാതന്ത്ര്യലബ്ദിക്കുമുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനം ആരംഭിച്ചിരുന്നു. അതിനു തുടക്കം കുറിച്ചത് 1942-ൽ വേങ്ങര ടൗണിൽ രൂപം കൊണ്ട ദേശീയ വായനശാലയാണ്. ആ സ്ഥാപനം ഇന്ന് നിലവിലില്ല. 1952-ൽ തുടങ്ങിയ വലിയോറദേശപ്രഭവായനശാല ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 1954-ൽ വേങ്ങര ടൗണിൽ സ്ഥാപിച്ച കോയക്കുട്ടിമാസ്റ്റർ സ്മാരക വായലശാല, കുരിക്കൾ മെമ്മോറിയൽ റീഡിംഗ് റൂം ആൻറ് ലൈബ്രറി എന്നിവ പഞ്ചായത്ത് ഏറ്റെടുത്ത് സാംസ്കാരിക നിലയത്തിൽ പ്രവർത്തിച്ചുവരുന്നു. കച്ചേരിപ്പടി ഇരുകുളങ്ങര മൊയ്തീൻകുട്ടി മാസ്റ്റർ മെമ്മോറിയൽ വായനശാല എന്നിവ മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്നവയാണ്. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥാലയങ്ങളുടെ വിവരങ്ങൾ താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു.

സാംസ്കാരികനവോത്ഥാനത്തിന് വഴിയൊരുക്കിയവയാണ് മഹിളാസമാജങ്ങളും കലാസമിതികളും ക്ലബുകളും. കൊല്ലീരിരാജമ്മയുടെ നേതൃത്വത്തിൽ ചേറ്റിപ്പുറംമാട് കേന്ദ്രീകരിച്ച് രൂപം കൊണ്ട മഹിളാസമാജമാണ് പഞ്ചായത്തിലെ പ്രഥമ വനിതാസംഘടന. നിരവധി കലാകായിക സമിതികൾ പലപ്പോഴായി ഉടലെടുക്കുകയും പിന്നീട് നാമാവശേഷമാവുകയും ചെയ്തിട്ടുണ്ട്. ഇടക്കാലങ്ങളിലായി രൂപം കൊണ്ടവയടക്കം കലാസാംസ്കാരിക കായികരംഗത്ത് സജീവ സാന്നിദ്ധ്യ നല്കുന്ന 24 സംഘടനകളുണ്ട്.

## കായികരംഗം

കായികരംഗത്ത് ഏതാനും ഫൂട്ബാൾക്ലബ്ബുകളും, വോളിബാൾ ക്ലബുകളും ഈയിടെയായി ഉയർന്നുവന്ന ചില ക്രിക്കറ്റുക്ലബുകളും ഇവിടെയുണ്ട്. ധാരാളം ഫുട്ബാൾ കളിക്കാരും, വോളിബാൾ കളിക്കാരും ഉണ്ടെങ്കിലും അവരെ വേണ്ടവിധത്തിൽ പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നില്ല. പുതിയ തലമുറക്ക് പരിശീലനം നൽകിരംഗത്തു കൊണ്ടുവരാൻ സൗകര്യമുള്ള കളിസ്ഥലം ലഭിക്കുന്നതിന് സ്ഥലദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്.

ഏതാണ്ട് 15 ശതമാനത്തോളം വരുന്ന വീടുകളിലും ഇപ്പോൾ ദിനപത്രങ്ങൾ എത്തിക്കൊണ്ടിരിക്കുന്നു. വാരികകളും മാസികകളും 80 ശതമാനം വീടുകളിലും എത്തുന്നുണ്ട്. പൈങ്കിളി വാരികകളുടെ വ്യാപകമായ പ്രചരണം യുവതലമുറയെ വിശിഷ്യാ കൗമാരപ്രായത്തിലുള്ള പെൺകുട്ടികളെ സാരമായി ബാധിക്കുന്നു. ഇതവരുടെ വിദ്യാഭ്യാസാംസ്കാരിക നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്

നമ്മുടെ പ്രദേശത്ത് ടെലിവിഷൻ പോലുള്ള ഇലക്ട്രാണിക് മാധ്യമങ്ങൾക്ക് വമ്പിച്ച സ്വാധീനമുണ്ട്. ഒരളവുവരെ ഇവ വിദ്യാഭ്യാസ സാംസ്കാരികവളർച്ചക്ക് ഉപകരിക്കുന്നുണ്ടെങ്കിലും വിദേശചാനലുകളുടെ കടന്നുകയറ്റം നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന് നിരക്കാത്ത പ്രവണതകളിലേക്ക് കടന്നുചെല്ലുന്നു.

ഇനി നമുക്ക് ഇന്നത്തെ പ്രശ്നത്തിലേക്ക് കടക്കാം. അവ ഇങ്ങനെ വിലയിരുത്താം.

1. ഒന്ന്, ആറ്, ഒമ്പത്, പതിനാല്, പതിനഞ്ച് എന്നീവാർഡുകളിൽ വായനശാലയോ ഗ്രന്ഥാലയമോ ഇല്ല. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത വായനശാലകളാണ് വാർഡിലുള്ളവയൊക്കെ.

2. കലാകായിക രംഗത്ത് അഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

585

3. യു.പി., എൽ.പി വിദ്യാലയങ്ങളിൽ പാഠ്യേതര വിഷയങ്ങൾ പഠിപ്പിക്കുന്നതിന് വേണ്ടത്ര സൗകര്യങ്ങളോ പ്രോത്സാഹനങ്ങളോ ഇല്ല

4. പഞ്ചായത്തിൽ ഒരു ഇൻഫോർമേഷൻ സെൻറർ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

5. വായലശാലകൾക്ക് പത്രങ്ങളും മാസികകളും വരുത്തുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

6. രണ്ട്, മൂന്ന്, നാല്, എട്ട്, ഒമ്പത്,, പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിനാല്, പതിനഞ്ച്, എന്നിവാർഡുകളിൽ പൊതു ടി.വി. യില്ല. പൊതു ടിവി സ്ഥാപിച്ച ചിലസ്ഥലങ്ങളിൽ അവ പ്രവർത്തന രഹിതമാണ്

7. ഗ്രന്ഥാലയങ്ങൾക്ക് വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങൾ ലഭിക്കുന്നില്ല.

8. രണ്ടാംഘട്ട സാക്ഷരതാപ്രവർത്തനവും നവസാക്ഷരർക്കായി പ്രവർത്തിച്ചിരുന്ന ജനവിദ്യാകേന്ദ്രങ്ങളും പ്രവർത്തനക്ഷമങ്ങളല്ല.

9. പഴയ കലാകായിക വിനോദങ്ങളായ കാളപൂട്ട്, കോൽക്കളി, തുടങ്ങിയവ ഇന്ന് അന്യമായികൊണ്ടിരിക്കുന്നു. നാടൻ കലകൾ പഠിക്കുവാനുള്ള സജ്ജീകരണങ്ങൾ ഇല്ല.

10. കലാകായികരംഗത്തുപ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നില്ല

11. പഞ്ചായത്ത്, സാംസ്കാരിക നിലയം പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്നില്ല. ഗ്രന്ഥങ്ങളിൽ പലതും ഉപയോഗശൂന്യമായിട്ടുണ്ട്. ഒരു മുഴുവൻ സമയ ലൈബ്രേറിയൻ ഇല്ലാത്തത് പ്രവർത്തനങ്ങളെ ബാധിക്കുന്നു.

## പ്രശ്നപരിഹാരനിർദ്ദേശങ്ങൾ.

1. പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കുക. കേടായിക്കൊണ്ടിരിക്കുന്ന വിലപിടിപ്പുള്ള ഗ്രന്ഥങ്ങൾ സംരക്ഷിക്കുന്നതിന് സംവിധാനങ്ങൾ ഉണ്ടാക്കുക. ഒരു പൊതു ടി.വി സ്ഥാപിക്കുക.

2. വായനശാലകളില്ലാത്ത വാർഡുകളിൽ വായനശാലകൾ സ്ഥാപിച്ച്, പത്രങ്ങൾ, വരുത്തുന്നതിന് വേണ്ട സാമ്പത്തികസഹായം പഞ്ചായത്ത് ബോർഡ് നല്കുക.

3. വനിതകൾക്ക് വായനാശീലം വളർത്തുന്നതിന് അംഗനവാടികളോടനുബന്ധിച്ച് ലൈബ്രറികൾ സ്ഥാപിക്കുക.

4. വനിതകളിൽ സാംസ്കാരികബോധം വളർത്തുന്നതിന് മഹിളാസമാജങ്ങൾ സ്ഥാപിക്കുകയും ഇന്ന് നിർജീവങ്ങളായ മഹിളാസംഘടനകളെ പുനർ ജീവിപ്പിക്കുകയും അവക്ക് സാമ്പത്തിക സഹായം അനുവദിക്കകുകയും ചെയ്യണം

5. ജനങ്ങളിൽ സാംസ്കാരികബോധം വളർത്തുന്നതിന് വായനശാലകൾ കേന്ദ്രീകരിച്ച് മാസംതോറും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

6. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ഗ്രന്ഥശാലകൾക്ക് കെട്ടിടങ്ങൾ പണിയുകയും ഗ്രാൻറുകൾ വർദ്ധിപ്പികക്കുകയും ചെയ്യുക.

7. പഞ്ചായത്തടിസ്ഥാനത്തിൽ വായനശാലകൾക്ക് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് മാസംതോറും പ്രവർത്തനം വിലയിരുത്തുക

8. മുഴുവൻഅംഗീകൃത പട്ടികജാതി കോളനികളിലും പൊതു ടി.വി, റേഡിയോ, വായനശാല എന്നിവ സ്ഥാപിക്കുക.

9. മുഴുവൻ അംഗീകൃത പട്ടികജാതി കോളനികളിലും പൊതു ടി.വി, റേഡിയോ, വായനശാല എന്നിവ സ്ഥാപിക്കുക.

10. പൊതു ടിവി, റേഡിയോ എന്നിവയില്ലാത്ത എല്ലാ വാർഡുകളിലും വാർഡുകളിലെ പ്രധാന കവലകളിലും പൊതു ടിവി, റേഡിയോവും അനുവദിക്കുക.

11. എല്ലാ വിദ്യാലയങ്ങളിലും പൊതുവായനാശീലം വളർത്തുന്നതിന് ലൈബ്രറികളും, കായികനിലവാരം മെച്ചപെടുത്തുന്നതിന് കളിസ്ഥലങ്ങളും നിർമ്മിക്കാനാവശ്യമായ സഹായങ്ങൾ നലല്കുക.

12. കലാസമിതികൾക്കും, ക്ലബ്ബുകൾക്കും സാമ്പത്തിക സഹായം നല്കുക.

13. യുവജനമേളകൾ വർഷംതോറും നടത്തുകയും, കലാസമിതികൾക്കും ക്ലബ്ബുകൾക്കും മുൻകൂട്ടിവിവരം നല്കുകയും ചെയ്യുക

14. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നാടൻ കലകളെ പോഷിപ്പിക്കുന്നതിന് താല്പര്യമുള്ള കലാസമിതികൾക്ക് ആവശ്യമായ സാമ്പത്തികസഹായം നല്കുക.

15. കായികസംസ്കാരം വളർത്തിയെടുക്കുന്നതിൻെറ ഭാഗമായി പഞ്ചായത്തിൽ ഒരുമിനി സ്റ്റേഡിയം നിർമ്മിക്കുക.

16. വാർഡുകൾതോറും ഓരോ പൊതു കളിസ്ഥലം ജനപങ്കാളിത്തത്തോടെ നിർമ്മിക്കുക.

17. 11-ാം വാർഡിൽ ഒരു ജിംനേഷ്യം സ്ഥാപിക്കുക.

18. പഞ്ചായത്ത് ആസ്ഥാനത്ത് ഒരു ഇൻഫോർമേഷൻ സെൻെറർ സ്ഥാപിക്കുക.

19. അമൂല്യഗ്രന്ഥങ്ങൾ ഉൾപെടുന്ന ഇടത്തോളഹോം ലൈബ്രറി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

20. പഞ്ചായത്തിൽ നിലവിലുള്ള ഏറ്റവും പഴയ വായനശാലയായ ദേശപ്രഭ വായനശാലയുടെ ജീർണ്ണിച്ച കെട്ടിടം പുനരുദ്ധാരണം നടത്തി വിപുലീകരിക്കുകയും ടിവി, റേഡിയോ എന്നിവ പ്രവർത്തനക്ഷമമാക്കുകയും ചെയ്യേണ്ടതാണ്

21. 2-ാം ഘട്ട സാക്ഷരതാപ്രവർത്തനവും നവസാക്ഷരർക്കായുള്ള ജനവിദ്യാകേന്ദ്രങ്ങളും പുനരുജ്ജീവിപ്പിക്കുക.

തൊട്ടടുത്തിരിക്കുന്ന വിദ്യാർത്ഥിയെ ഇഷ്ടികകൊണ്ടിടിക്കുന്ന സംസ്കാരം ഇല്ലാതാക്കാൻ ചെറിയക്ലാസുകൾ തൊട്ടേ ധാർമ്മികമൂല്യങ്ങൾ ക്ലാസിൽ പഠിപ്പിക്കേണ്ടതാണ്

സാംസ്കാരികരംഗത്തെ, വിശിഷ്യാ യുവാക്കളിലെ മൂല്യച്യുതി കാണാതിരുന്നുകൂടാ. ഇതിനെ ബോധപൂർവ്വവും സംഘടിതവുമായ പ്രവർത്തനം നമുക്കാവശ്യമാണ്. സംസ്കാരവും സാഹിത്യകലാദികളും മറ്റു പ്രവർത്തനങ്ങൾക്കുശേഷം മാത്രം ശ്രദ്ധിക്കേണ്ട ഒരു വിനോദോപാധിയല്ല. മറിച്ച് വിനോദത്തോടൊപ്പം വികസനത്തേയും വിദ്യാഭ്യാസത്തെയും സമ്പന്നമാക്കേണ്ട ഒരു സമാന്തര പ്രവർത്തനമാണ്. നമ്മുടെ ആസൂത്രണപ്രക്രിയയിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് അർഹമായ സ്ഥാനം നല്കിയാൽ മാത്രമേ വികസനം അർത്ഥപൂർണ്ണമാവുകയുള്ളു.

ഈ ലക്ഷ്യപൂർത്തീകരണത്തിന് നമുക്കൊത്തൊരുമിച്ച് മുന്നേറാം

## നിലവിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങൾ

| നമ്പർ | പേരും വിലാസവും | വാർഡ് നമ്പ്ര് |
|---|---|---|
| 1. | സി.എച്ച് മുഹമ്മദ് കോയസ്മാരക ലൈബ്രറി, തീണ്ടെക്കാട്, കണ്ണമംഗലം | 4 |
| 2. | കുഞ്ഞിമൊയ്തു മെമ്മോറിയൽ ലൈബ്രറി, കുറ്റൂർ നോർത്ത് | 2 |
| 3. | ദേശപ്രഭ വായനശാല, മുതലമാട്, വലിയോറ | 13 |
| 4. | സീതിസാഹിബ് മെമ്മോറിയൽ റീഡിംഗ് റൂം, കുറ്റൂർ നോർത്ത് | 2 |
| 5. | ഇരുകുളങ്ങര മൊയ്തീൻ കുട്ടി മാസ്റ്റർ മെമ്മോറിയൽ വായനശാല. കച്ചേരിപ്പടി | 15 |
| 6. | ദേശീയവായനശാല മാട്ടിൽപള്ളി | 11 |
| 7. | സ്വപ്നവായനശാല, കിളിനിക്കോട്, ചേറൂർ | 8 |
| | | |

567

| നമ്പർ | പേരും വിലാസവും | വാർഡ് നമ്പ്ര് |
|---|---|---|
| 8. | തടത്തിപ്പാറ വായനശാല, കിളിനിക്കോട്, ചേറൂർ | 8 |
| 9. | ദമാമിയ കൾച്ചറൽ ക്ലബ്ബ്, ചേറ്റിപുറംമാട് | 15 |
| 10. | ഐഡിയൽ റീഡിംഗ് റൂം, പാക്കടപുറായ | 2 |
| 11. | ക്രസൻെറ് സ്പോർട്സ് ക്ലബ്ബ് & റീഡിംഗ് റൂം, പത്തുമുച്ചി | 15 |
| 12. | മഖ്ദൂമിയ ഇസ്ലാമിക്ക് ലൈബ്രറി & റീഡീംഗ് റൂം, വേങ്ങര | 10 |
| 13. | മാളിയേക്കൽ അബദുള്ളഹാജി മെമ്മോറിയൽ ലൈബ്രറി, അച്ചനമ്പലം | 7 |
| 14. | ബാഫക്കിയൂത്ത് സെൻറർ റീഡിംഗ് റൂം, വലിയോറ | 12 |
| 15. | ഉദയ വായനശാല, കണ്ണാടിപ്പടി | 3 |
| 16. | പുത്തനങ്ങാടി റീഡിംഗ് റൂം, പുത്തനങ്ങാടി | 12 |
| 17. | പൊതുജനവായനശാല, ചിനക്കൽ, വലിയോറ | 12 |
| 18. | ഇടക്കാപറമ്പ് ലൈബ്രറി & റീഡിംഗ് റൂം എടക്കാപറമ്പ് | 4 |
| 19. | യുവതാവായനശാല, കുറുക, വലിയോറ | 11 |
| 20. | കലാസാംകാരികഫെഡറേഷൻ, അടക്കാപുര | 13 |
| 21. | ചിനക്കൽ വായനശാല, ചിനക്കൽ വലിയോറ | 12 |
| 22. | ന്യൂകിക്കേർസ് സ്പോർട്സ് ക്ലബ്ബ്, മണ്ണിൽപിലാക്കൽ. | 14 |
| 23. | ന്യൂക്ലാസിക്ക് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മാർക്കറ്റ്റോഡ്, വേങ്ങര | 11 |
| 24. | ക്രസൻെറ് ലൈബ്രറി & റീഡിഗ് റൂം, മുതുവിൽകുണ്ട് ചേറൂർ | 8 |
| 25. | സെഞ്ചറി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചേറ്റിപ്പുറംമാട് | 15 |
| 26. | വായനാസംഗമം റീഡീംഗ് റൂം കണ്ണാട്ടിപ്പടി | 3 |
| 27. | റെഡ്സറ്റാർ തിയേറ്റേർസ് വേങ്ങര | 10 |
| 28. | കുരിക്കൾ മെമ്മോറിയൽ വായനശാല, വേങ്ങര സാംസ്കാരിക നിലയം | 10 |
| 29. | കണ്ണാട്ടിപ്പടി യുവജനസംഘം ലൈബ്രറി & റീഡിംഗ് റൂം കണ്ണാട്ടിപ്പടി | 3 |
| 30. | ഉദയാ ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്, കണ്ണാട്ടിപ്പടി | 3 |
| 31. | ക്രസൻെറ് ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്, കണ്ണാട്ടിപ്പടി | 3 |
| 32. | ഈഗിൾ ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്, വേങ്ങര ടൗൺ | 11 |
| 33. | വലിയോറ വോളി ക്ലബ്ബ് അടക്കാപുര | 13. |

# വനിത

ജനസംഖ്യയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണെങ്കിലും വികസന പ്രക്രിയയിൽ പ്രധാനമായും സ്ത്രീകൾ അവഗണിക്കപ്പെടുന്നു.

1970നു മുമ്പ് വേങ്ങര പഞ്ചായത്തിൽ മുഖ്യതൊഴിൽ മേഖലയായിരുന്ന കാർഷികരംഗത്ത് തൊഴിലാളികളിൽ ഭൂരിപക്ഷവും സ്ത്രീകളായിരുന്നു. സാമ്പത്തിക പരാധീനത കാരണം തൊഴിലെടുത്തല്ലാതെ നിത്യവൃത്തിക്ക് സാധിക്കുമായിരുന്നില്ല.

വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികൾക്ക് പ്രോത്സാഹനം ലഭിക്കുമായിരുന്നില്ല. ചുരുങ്ങിയ കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികൾക്ക് മാത്രമെ പ്രൈമറി ഘട്ടം വരെയുള്ള വിദ്യാഭ്യാസം പോലും ലഭിച്ചിരുന്നുള്ളു.

എഴുപതുകൾക്കുശേഷം ഈപ്രദേശത്ത് ഗൾഫ് സ്വാധീനം ജനങ്ങളിൽ വരുത്തിയ മാറ്റവും, കാർഷിക മേഖലയുടെ മുരടിപ്പും കാർഷിക മേഖലയിലെ സ്ത്രീതൊഴിലാളികളുടെ എണ്ണം കുറയാൻ ഇടയാക്കി എങ്കിലും ഒരു ചെറിയശതമാനം സത്രീകളിന്നും കാർഷിക തൊഴിലാളികളായിട്ടുണ്ട്.

പുതിയ വിദ്യാലയങ്ങൾ ഉണ്ടായതോടെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് ഇത് കൂടുതൽ സൗകര്യ പ്രദമാവുകയും ഈ മേഖലയിൽ ഒട്ടേറ പുരോഗതി ഉണ്ടാവുകയും ചെയ്തിട്ടുണ്ട് സാമ്പത്തികമായി പിന്നോക്കം നില്കുന്ന മുസ്ലിംപെൺകുട്ടികൾക്ക് സ്കോളർഷിപ്പും സാമൂഹ്യപിന്നോക്കാവസ്ഥയിൽ നിൽകുന്നവർക്കു നൽകിവരുന്ന ആനുകൂല്യങ്ങളും വിദ്യാഭ്യസ രംഗത്തെ പുരോഗതിക്ക് സഹായകരമായിട്ടുണ്ട്. പൈമറിതലംതൊട്ട് ഹൈസ്കൂളുകളിലും സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കോളേജുകളിലും ഇന്നു പെൺകൂട്ടികൾ പഠിക്കുന്നുണ്ട്.

പഞ്ചായത്തിലെ പുരുഷന്മാരിൽ 40%വും വിദേശത്തും അന്യസംസ്ഥാനങ്ങളിലും ആണ് തൊഴിലെടുക്കുന്നത് ഇത് കണ്ണമംഗലം വില്ലേജിനേക്കാൾ വേങ്ങരവില്ലേജിലാണ് കൂടുതലായി കാണുന്നത് ഇങ്ങനെയുള്ള കുടുംബങ്ങളിൽ ഗൃഹനായകത്വം സ്ത്രീകൾക്കാണ്.

തൊഴിൽ മേഖല പരിശോധിച്ചാൽ പുരുഷന്മാരേക്കാൾ കുറഞ്ഞ കൂലിയാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്. കാർഷിക മേഖലക്കുണ്ടായ മുരടിപ്പും കൂലിക്കുറവും ഇവരെ മറ്റു മേഖലകളിലേക്ക് പ്രത്യേകിച്ച് കെട്ടിട നിർമ്മാണരംഗത്തേക്ക് മാറാൻ പ്രേരണയാക്കി ഈ രംഗത്തും കൂലിയിലുള്ള വിവേചനം നിലനില്ക്കുന്നു.

കർഷകതൊഴിലാളികൾക്ക് പുരുഷന് 100 രൂപ ലഭിക്കുമ്പോൾ സ്ത്രീതൊഴിലാളിക്ക് 60 രൂപയും നിർമ്മാണരംഗത്ത് പുരുഷന് 125 രൂപയും സ്ത്രീക്ക് 75 രൂപയുമാണം ശരാശരി ലഭിക്കുന്നത്. കാർഷിക മേഖലയിൽ 40 ശതമാനവും നിർമ്മാണ രംഗതത് 35 ശതമാനവും സ്ത്രീ തൊളിലാളികളാണ്.

പൊതു പ്രവർത്തനരംഗത്ത് വനികളുടെ പങ്കാളിത്തം വളരെ കുറവാണ് സാമൂഹിക ചുറ്റുപാടും വനിതകളുടെ വിമുഖതയും ഇതിന് ആക്കംകൂട്ടുന്നു.

പഞ്ചായത്തീരാജ് സംവിധാനത്തിൽ സ്ത്രീൾക്ക് 33 1/3 ശതമാനം സംവരണ മേർപ്പെടുത്തിയതിനാൽ കഴിഞ്ഞപഞ്ചായത്ത് തിരഞ്ഞെടുപ്പിൽ അഞ്ചുവനിതകൾ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടത് വനിതകളെ പൊതു പ്രവർത്തകരംഗത്തേക്ക് ആകർഷിക്കുവാൻ സഹായകമായിട്ടുണ്ട്.

പഞ്ചായത്തിൽ പല വാർഡുകളിലും മുമ്പ് മഹിളാ സമാജങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ വളരെകുറച്ച് മഹിളാ സമാജങ്ങൾമാത്രമാണ് പ്രവർത്തിക്കുന്നത്.

ഐ. സി. ഡി. എസിൻെറ കീഴിൽ 40 അങ്കനവാടികൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ 23 വിദ്യാലയങ്ങളിലായി സേവനമനുഷ്ടിക്കുന്ന 526 അദ്ധ്യാപകരിൽ 271 വനിതകളാണ് മറ്റു സേവന മേഖലകളിൽ 172 പേർ വനിതകളാണ് ഇവരിൽ ഈ പ്രദേശത്തുകാർവളരെ കുറവാണം സി. ബി. എൻ. പി. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ കൂടുതലും വനിതകളാണം. DWCRA പദ്ധതിയിൽ 6 ആടുവളർത്തൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ഖാദി ബോർഡിൻെറ കീഴിൽ പ്രവർത്തിക്കുന്ന ആയുർവേധ ഔഷധ നിർമ്മാണ സഹകരണസംഘത്തിൽ 96 സ്ത്രീകളും 48 പുരുഷന്മാരും ജോലിചെയ്തിരുന്നു വെങ്കിലും ഇപ്പോൾ 19 പേർ മാത്രമാണ് ജോലിചെയ്യുന്നത്.

1995-96ൽ മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം.

897 ഉം 704 ഗർഭിണകളും ഉണ്ട്. വിധവാ പെൻഷൻ ലഭിക്കുന്ന ഏകദേശം 139 പേരുണ്ട്.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥിനികൾ സ്വയം തൊഴിൽ നേടുന്നതിന് കൂടുതലും ആശ്രയിക്കുന്നത് തുനൽമേഖലയെയാണ് ഇതിന് സഹായകമായി കച്ചേരിപ്പടിയിൽ പ്രവർത്തിക്കുന്ന ടെയ്‌ലറിംഗ് ഇൻററിസ്റ്റ്യൂട്ട് മാത്രമാണ് പൊതു മേഖലയിൽ ഈ രംഗത്തുള്ളത് കൂടാതെ വേങ്ങര V.V.G.H.S.ൽ ഹയർസെക്രൻററി കോഴ്സുകളുടെ ഭാഗമായി തുന്നൽ പരിശീലനവും ഓഫീസ് വർക്കും അഭ്യസിപ്പിക്കുന്നത് വിദ്യാർത്ഥിനികളിൽ പ്രതീക്ഷജനിപ്പിക്കുന്നു.

സ്വകാര്യ ഏജൻസികൾ നടത്തുന്ന ഏതാനും തുന്നൽ പരിശീലനകേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും ഇതിൽ നിന്നും പഠിച്ചു പുറത്തുവരുന്നവർക്ക് തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലില്ല. ഇവിടങ്ങളിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങളിൽ (പ്രൈവറ്റ്) പെൺകുട്ടികൾ വിരളമാണ് ടൈപ്പ് റൈറ്റിംഗ് പരിശീലിക്കുന്ന ഏതാനും വിദ്യാർത്ഥിനികൾ ഇവിടെയുണ്ടെങ്കിലും ഷോർട്ട് ഹാൻറ് പരിശീലനം നടക്കുന്നില്ല.

1991 ലെ സെൻസസ് പ്രകാരം പുരുഷന്മാരേക്കാൾ കൂടുതൽ നിരക്ഷരർ സ്ത്രീകളാണ് ഇവരെ മുഴുവൻ സാക്ഷരതാക്ലാസുകളിഎത്തിക്കാനും സാക്ഷരരാക്കുവാനും കഴിഞ്ഞിട്ടില്ല. ഒന്നാംഘട്ടത്തിൽ തുടയങ്ങിയ സാക്ഷരതാ കേന്ദ്രങ്ങൾ നിലച്ചുപോവുകയാണു ണ്ടായത്.

അംഗൻവാടികൾ വഴി അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഒട്ടേറ പ്രയോജനങ്ങൾ ലഭിക്കുന്നുണ്ട്. അങ്കണവാടി ജീവനക്കാർക്ക് കിട്ടുന്ന വേതനം വളരെ കുറവായത് ഇവരെ കടുത്ത പ്രയാസത്തിലെത്തിക്കുന്നു.

പ്രശ്നങ്ങൾ

1. കാർഷിക രംഗത്തെമാന്ദ്യം തോഴിൽ സാധന്യകുറക്കുന്നു.
2. തൊഴിൽ മേഖലകളിൽ കൂലിനിരക്കിൽ വിവേചനം നിലനില്ക്കുന്നു.
3. തുന്നൽ പരിശീലം നേടിയ വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള പ്രയാസം.
4. മറ്റു സാധ്യതയുള്ളതൊഴിൽ രംഗത്ത് പരിശീലനമോ സാങ്കേതികജ്ഞാനമോ ലഭ്യമല്ല.
5. പൊതുപ്രവർത്തനരംഗത്തും സാമൂഹ്യസേവനരംഗത്തും വനിതകളുടെ എണ്ണംവറെകുറവാണംയ.
6. സർക്കാർ സഹായങ്ങളെ സംബന്ധിച്ചോ തൊഴിൽസാധ്യതകളെ സംബന്ധിച്ചോ വ്യക്തമായ അറിവ് ലഭിക്കുന്നില്ല.
7. അങ്കൺവാടികളുടെ ശോച്യാവസ്ഥയും വേതനക്കുറവും ആ മേഖലയിലുള്ളവരുടെ ബുദ്ധിമുട്ട് വർദ്ധിപ്പിക്കുന്നു.

8. ആരോഗ്യവിദ്യാഭ്യാസകാര്യങ്ങളിൽ ശാസ്ത്രീയജ്ഞാനം ലഭിക്കാത്തതിനാൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുറെയൊക്കെനിനില്കുന്നു.
9. സ്ത്രീധനസമ്പ്രദായം പാവപ്പെട്ട ജനങ്ങൾക്ക് ഭീഷണിയാകുന്നു.
10. സ്ത്രീ പീഢനങ്ങളും സ്ത്രീകൾക്കെതിരെ അക്രമങ്ങളും മുൻപുള്ളതിനേക്കാൾ വർദ്ധിച്ചുവരുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. കാർഷികമേഖല പുനരുജ്ജീവിപ്പിക്കുകയും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക.
2. സ്വയം തൊഴിൽ നേടുന്നതോടൊപ്പം സ്വാശ്രയത്വം വർദ്ധിപ്പിക്കുന്നതിന് അടുക്കളതോട്ടം, ഔഷധസസ്യകൃഷി കുറ്റിമുല്ലകൃഷി, കൂൺകൃഷി എന്നിവ വ്യാപകമാക്കുകയും അതിനാവശ്യമായ വിത്തും വളവും സാങ്കേതികജ്ഞാനവും വിപണന സൗകര്യവും ഉണ്ടാക്കിക്കൊടുക്കുക.
3. മൃഗസംരക്ഷണമേഖല വികസിപ്പിച്ച് കൊഴിവളർത്തലിനും പശു, ആട് എന്നിവയുടെ സംരക്ഷണത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തുകയും DWCRAയുടെ സഹായം ഉപയോഗപ്പെടുത്തി വ്യാപകമാക്കുകയും ചെയ്യുക.

## തൊഴിൽ മേഖല

1. സ്വയം തൊഴിൽ നേടുന്നതിനും സ്വാശ്രയത്വം വർദ്ധിപ്പിക്കുന്നതിനും വനിതകളെ സംഘടിപ്പിച്ച് സഹകരണ മേഖലയിലേക്കാകർഷിക്കുക.

വിവിധ വാർഡുകളിൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അതിനു കീഴിൽ ഓരോ വാർഡിനും അനുയോജ്യമായ പരിശീലന കേന്ദ്രങ്ങളോ കുടിൽ വ്യവസായ സംരംഭങ്ങളോ സ്ഥാപിക്കാം. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം അച്ചാർനിർമ്മാണം, ഹൗസ് നഴ്സിങ്ങ്, നഴ്സറിട്രൈനിങ്ങ് സെൻറർ, പായനെയ്ത്, മെഴുകുതിരി നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, ഫുഡ് പ്രൊസസിങ്ങ് യൂണിറ്റ്, ചെരുപ്പ് നിർമ്മാണം, എന്നിവയുടെ നടത്തിപ്പും വിപണനവും നടത്താം. ഈ സ്ഥാപനങ്ങൾ നടത്തുന്നതിനാവശ്യ മായ സാങ്കേതികവും സാമ്പത്തികവും ആയസഹായങ്ങൾ ലഭ്യമാക്കണം. ശക്തവും സുസംഘടിതവുമായ മാനേജ്മെൻറിൻെറ നേതൃത്വത്തിൽ പ്രവർത്തിക്കുകയും മാർക്കറ്റിംഗ് മേഖലകണ്ടെത്തുകയും വേണം. വൈവിദ്യമുള്ള തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ പരിശീലനം ബ്ലോക്കുതലത്തിലോ പഞ്ചായത്തി തലത്തിലോ നൽകണം.

## വിദ്യാഭ്യാസം ആരോഗ്യം

1. സ്ത്രീവിദ്യാഭ്യാസരംഗത്തുള്ള പോരായ്മ പരിഹരിക്കണം. ആവശ്യമുള്ളസ്ഥലങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കണം. തൊഴിൽ പരിശീലിക്കാനുള്ള സാങ്കേതിസ്ഥാപനങ്ങൾ ആവശ്യമാണ്. നിർദ്ധനർക്ക് സഹായം നൽകുക. നിരക്ഷരരായ വനിതകളെ സാക്ഷരരാക്കുക.
2. അങ്കൺവാടികളുടെ എണ്ണം വാർദ്ധിപ്പിച്ച് 1000 ജനസംഖ്യക്ക് ഒന്ന് എന്നനിലയിൽ ഇവ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ ശോച്യാവസ്ഥ പരിഹരിക്കപ്പെടുകയും കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ നൽകുകയും അങ്കൺവാടികൾ മുഖേന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നൽകുന്ന ഇന്നത്തെ സേവനങ്ങൾ വിപുലപ്പെടുത്തുകയും അങ്കൺവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.
3. എന്തിനും ഏതിനും ആശുപത്രിയിൽ പോകുന്ന ഇന്നത്തെ പ്രവണത അവസാനിപ്പിക്കുകയും ആരോഗ്യ കാര്യങ്ങളിൽ ചികിത്സയേക്കാൾ രോഗനിയന്ത്രണത്തിന് മുൻഗണന നൽകുന്നവിധത്തിൽ ബോധവൽക്കണം നടത്തേണ്ടതുമാണ്.
4. ഗ്രാമീണ വായന ശാലകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതോടൊപ്പം വനിതകൾക്കുമാത്രമായി ഒരു ഗ്രന്ഥശാലയും വായനശാലയും പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിച്ചാൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനും കലാസാംസ്കാരികപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും സാധിക്കു ഇതിനോടനുബന്ധിച്ചു സഞ്ചരിക്കുന്ന

വായനശാലകൂടി സ്ഥാപിച്ചാൽ എല്ലാവർഡിലുമുള്ള വനിതകൾക്ക് പ്രയോജനപ്പെടും.

5. സ്ത്രീകളുടെ പുരോഗതിക്കും ക്ഷേമത്തിനും സർക്കാർ ആവിഷ്കരിച്ച പല പദ്ധതികളും ആവർക്കന്യമാണ്. യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നില്ല. കർഷകതൊഴിലാളി പെൻഷൻ വിധവാ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ എന്നിവക്കു ഇന്നു നൽകുന്ന തുക അപര്യാപ്ത മായ തിനാൽ തുകവർദ്ധിപ്പിക്കുകയും അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ലഭിക്കത്തക്കവിധത്തിൽ വിപുലീകരിക്കുകയും വേണം. നിർധനരായ പെൺകുട്ടികളുടെ വിവാഹത്തിനു് ആവശ്യമായ ധനസഹായം നൽകുകയും വേണം.

6. കമ്പോള സംസ്കാരത്തിന്റെ ഭാഗമായി സ്ത്രീകളെ ഉപഭോഗവസ്തുവായി കാണുന്ന പ്രവണത അവസാനിപ്പിച്ച് ഉല്പന്നങ്ങളുടെ പരസ്യത്തിനും ടി. വി. സിനിമ തുടങ്ങിയ മാധ്യമങ്ങളിലും സ്ത്രീസൗന്ദര്യം വില്പനചരക്കാക്കുന്നത് നിയമംമൂലം നിരോധിക്കുകയും ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും വേണം.

7. കടലുണ്ടി പുഴയിൽ ആവശ്യമായ സ്ഥലങ്ങളിൽ സ്ത്രീകൾക്കായി കുളിക്കടവ് നിർമ്മിക്കണം.

8. ദരിദ്രരേഖക്ക് താഴെയുള്ള തുന്നൽ പരിശീലനം നേടിയ വനികൾക്ക് തുന്നൽ മെഷീൻ വാങ്ങാനുള്ള കൂടുതൽ പേർക്ക് ധനസഹായം അനുവദിക്കുക.

ഈ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ മുഖ്യ ജാലക ശക്തി ആക്കാവുന്ന വനിതകളെ ജീവതത്തിന്റെ മുഖ്യ ധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരാനും, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പു വരുത്താനും മേൽ നിർദ്ധേശിച്ച് കാര്യങ്ങൾ പ്രാവർത്തിക മാക്കുന്നതോടെ കുറയേറെ സാധിക്കും.



# സഹകരണം

വിസ്തീർണ്ണം കൊണ്ടും ജനസംഖ്യകൊണ്ടും കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്തുകളിൽ ഒന്നായ വേങ്ങര പഞ്ചായത്ത് സഹകരണ മേഖലയിൽ ബഹുദൂരം പിറകിലാണ്. ഊരകം, പറപ്പൂർ, തിരൂതങ്ങാടി, തേഞ്ഞിപ്പലം, എ.ആർ. നഗർ, പള്ളിക്കൽ നെടിയിരുപ്പ് പഞ്ചായത്തുകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന ഈ പഞ്ചായത്ത് 1970 കൾക്ക് മുമ്പ് സാമ്പത്തിക രംഗത്ത് വളരെ പിന്നോക്കമായിരുന്നു. 1970ന് ശേഷം അഭൂതപൂർവ്വമായ ഒരു മുന്നേറ്റമാണ് സാമ്പത്തിക മേഖലയിൽ വേങ്ങരയിലുണ്ടായത്, ഗൾഫ് പണത്തിൻെറ ഒഴുക്കോടെയാണ് സാമ്പത്തിക രംഗം ഇത്രയധികം അഭിവൃദ്ധി പ്രാപിച്ചത്. എങ്കിലും ഈ മുന്നേറ്റം സന്തുലിതമായിരുന്നില്ല.

പഞ്ചായത്തിൽ ആദ്യം ഉണ്ടായ സഹകരണസ്ഥാപനം 1933ൽ സ്ഥാപിതമായ വേങ്ങര സഹകരണ സ്റ്റോറാണ്. പ്രധാനമായും തുണിത്തരങ്ങളായിരുന്നു ഇവിടെ വിൽപ്പന നടത്തിയിരുന്നത്. ഒരു കാലത്ത് മലബാറിലെ ഏറ്റവും നല്ല സഹകരണ സ്റ്റോർ എന്ന ഖ്യാതി നേടിയ ഈ സ്ഥാപനം പിൽക്കാലത്ത് നാമാവശേഷമാവുകയാണുണ്ടായത്, അതുപോലെ വേങ്ങരയിൽ ഇന്ന് നിലവിലുള്ള വേങ്ങര സർവ്വീസ് സഹകരണബാങ്കിൻെറ തുടക്കം 1956ൽ കോട്ടക്കൽ റൂറൽ ബാങ്ക് എന്ന പേരിൽ ആയിരുന്നു. അക്കാലത്ത് കോഡൂർ, മലപ്പുറം, കോട്ടക്കൽ, പറപ്പൂർ, എ.ആർ. നഗർ, പെരുവള്ളൂർ, വേങ്ങര, എന്നീ പ്രദേശങ്ങൾ ഈ ബാങ്കിൻെറ പ്രവർത്തന പരിധിക്ക് കീഴിലായിരുന്നു. ഈ സംഘത്തിൻെറ സംസ്ഥാപനത്തിനു വേണ്ടി മുൻകൈ എടുത്തത് മുൻ മന്ത്രിയും, സ്പീക്കറുമായിരുന്ന ചാക്കീരി അഹമ്മദ് കുട്ടി സാഹിബ്, മുൻ മന്ത്രിമാരായ യു.എ. ബീരാൻ സാഹിബ്, കെ. അവുക്കാദർ കുട്ടിനഹാ സാഹിബ്, ഒറുവിങ്ങൽ വേലായുധൻ വൈധ്യർ, കറുവണ്ണി കുഞ്ഞിമുഹമ്മദ് സാഹിബ് തുടങ്ങിയവരായിരുന്നു. 1964ൽ പ്രസ്തുത സ്ഥാപനം വേങ്ങര സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിലാക്കി മാറ്റുകയും പ്രവർത്തന പരിധി വേങ്ങര പഞ്ചായത്തായി നിശ്ച്ചയിക്കുകയും ചെയ്തു.

പഞ്ചായത്തിൽ നിലവിൽ 5 സഹകരണ സ്ഥാപനങ്ങളും 3 സ്ക്കൂൾ സഹകരണ സംഘങ്ങളും, 4 പാടശേഖര കമ്മറ്റികൾ കൃഷിഭവന് കീഴിലും ഒരു കേര വികസന സമിതിയും പ്രവർത്തിക്കുന്നു. സഹകരണ രംഗം മന്ദഗതിയിലാണെങ്കിൽ പോലും പ്രധാനമായും കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മേഖലകളിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സഹകരണ സ്ഥാപന്ങ്ങളിൽ നിന്നുള്ള കൂടുതൽ വായ്പ്പകളും കാർഷിക വായ്പ്പകളും മറ്റു അനുബനധ വായ്പ്പകളുമാണ്. പഞ്ചായത്തിലെ 5 സഹകരണ സ്ഥാപന്ങ്ങളെക്കുറിച്ച് താഴെ പട്ടികയിൽ വിവരിക്കുന്നു.

| നമ്പർ | സംഘത്തിൻെറ പേര് | സ്ഥലം | സ്ഥാപിച്ച വർഷം | പ്രവർത്തന മേഖല | ജീവനക്കാർ |
|---|---|---|---|---|---|
| 1 | വേങ്ങര സർവ്വീസ് സഹകരണ ബാങ്ക് | വേങ്ങര ടൗൺ | 1954 | കാർഷിക വായ്പ്പകൾ, കശുവണ്ടി -കൊപ്രസംഭരണം | 6 |
| 2 | മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | വേങ്ങര ടൗൺ | 1978 | കാർഷിക ഭവന വായ്പ്പകളും മറ്റും | 8 |
| 3 | കണ്ണമംഗലം പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം. | തീണ്ടേക്കാട് | 1983 | കാർഷിക,ഐ,ആർ.ഡി.പി.വായ്പ്പകൾ | ലഭ്യമല്ല |
| 4 | ഹെർബോ-ഇന്ത്യ ആയുർവേദിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | വേങ്ങര | 1989 | ആയുർ'മരുന്നുകൾ നിർമ്മിച്ച് വിപണനം | 19 |
| 5 | കോട്ടക്കൽ കോ-ഓപ്പറേറ്റീവ അർബൻ ബാങ്ക് | വേങ്ങര ടൗൺ | 1994 | കാർഷിക, ഭവന,മൃഗ സംരക്ഷണ വായ്പ്പകളും മറ്റും | 4 |

പഞ്ചായത്തിൻെറ സഹകരണ മേഖലയിലുള്ള അവസ്ഥ പരിശോധിക്കുമ്പോൾ നമ്മൾ വളരെയേറെ പിന്നിലാണെന്ന് മനസ്സിലാവുന്നു. പഞ്ചായത്തലുണ്ടായിട്ടുള്ള സാമ്പത്തികാഭിവൃദ്ധി സഹകരണ മേഖലയിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിനു പ്രധാന കാരണങ്ങൾ സഹകരണ മേഖലയെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞതയും, സഹകരണ സന്ദേശം സാധാരണക്കാരിൽ എത്തിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങൾക്കു വന്ന വീഴ്ച്ചകളുമാണ്.

പഞ്ചായത്തിൽ ക്ഷീരോൽപാദക സഹകരണ സംഘങ്ങളൊന്നും തന്നെ നിലവിലില്ല. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധൽക്കരിക്കുകയും, സർക്കാർ നൽകി വരുന്ന ഭവന-കക്കൂസ് നിർമ്മാണ വായ്പ്പകളും മറ്റു സാമ്പത്തിക സഹായങ്ങളും സഹകരണ ബാങ്കുകൾ മുഖേനയാക്കുകയും ചെയ്താൽ പഞ്ചായത്തിലെ സഹകരണ മേഖല കുറച്ച് കൂടി പുഷ്ടിപ്പെടുത്താൻ കഴിയും.

## പ്രശ്നങ്ങൾ

സഹകരണ സംഘത്തിൽ ഓഹരിയെടുക്കുന്നതിനും, ആവശ്യമായ വായ്പ്പകൾ യഥാസമയത്ത് ലഭ്യമാക്കുന്നതിനും സഹകരണ മേഖലയിൽ സംവിധാനങ്ങളില്ല, മാത്രവുമല്ല വായ്പകൾക്ക് ചുമത്തപ്പെടുന്ന അമിത പലിശയും കുറഞ്ഞ കാലയളവും ജനങ്ങളെ വലക്കുന്നു. വായ്പാ രംഗത്ത് ഇന്ന് പ്രവർത്തിക്കുന്ന മുഴുവൻ സംഘങ്ങളും നിൽക്കുന്നത് പഞ്ചായത്തിൻെറ ഒരറ്റത്താണ്. ഇവിടെ എത്തിപ്പെടാൻ പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിലുള്ളവർ വളരെയധികം കഷ്ടപ്പെടുന്നുണ്ട്. പഞ്ചായത്തിൽ വർദ്ധിച്ചുവരുന്ന ഒന്നാണ് പാർപ്പിട പ്രശ്നം. ഭവന വായ്പ്പയെ ആശ്രയിക്കുന്നവരാണ് കൂടുതൽ ജനങ്ങളും. ഫണ്ടുകളുടെ അപര്യാപ്തതയും, ജാമ്യ വ്യവസ്ഥകളുടെ നൂലാമാലകളും കാരണം നല്ലൊരു ശതമാനം ജനങ്ങൾക്കും ഇതിൻെറ പ്രയോജനം ലഭിക്കുന്നില്ല. പഞ്ചായത്തിൻെറ സാമ്പത്തിക ശ്രോതസ്സ് പ്രധാനമായും ഗൾഫ് പണമാണ്. വിദേശ നാണയ വിനിമയ സൗകര്യങ്ങളും മറ്റും സഹകരണ ബാങ്കുകളിൽ വേണ്ട രീതിയിൽ ലഭ്യമല്ലാത്തതും സഹകരണ രംഗത്തെ മാന്ദ്യത്തിന് കാരണമാകുന്നു.

## വേങ്ങര സർവ്വീസ് സഹകരണ ബാങ്ക്

പഞ്ചായത്തിൽ നിലവിലുള്ള സഹകരണ സംഘങ്ങളിൽ ആദ്യത്തെയാണിത്. നിലവിൽ 10741 അംഗങ്ങളാണ് ഉള്ളത്. ഒരു ലക്ഷം രൂപ സർക്കാർ ഓഹരിയുൾപ്പെടെ 2025000 രൂപ മൂലധനത്തിലാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നത്. ബാങ്കിൽ നിന്ന് കാർഷിക വായ്പ്പകളും മറ്റു ചെറുകിട ധന

സഹായങ്ങളും നൽകുകയും കൊപ്ര, കശുവണ്ടി സംഭരണ ഡിപ്പോകൾ നടത്തുകയും ചെയ്യുന്നു. 42 ലക്ഷത്തോളം രൂപ ബാങ്ക് വായ്പ്പാ ഇനത്തിൽ നൽകിയിട്ടുണ്ട്. ഇപ്പോൾ ചെറിയ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ പരമാവധി ആളുകളെ സഹകരണ സംഘങ്ങളിൽ അംഗങ്ങളാക്കുന്നതിന് ഒരു തീവ്രയത്ന പരിപാടി ആരംഭിക്കുകയും പഞ്ചായത്തിലെ മുഴുവൻ സന്നദ്ധ സംഘടനകളും യുവജനസംഘടനകളും മുന്നിട്ടിറങ്ങി ഇതിന് വഴിയൊരുക്കുകയും പഞ്ചായത്തിലെ ജനങ്ങളുടെ പരമാവധി നിക്ഷേപം സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയും, കൂടാതെ പഞ്ചായത്തിൻെറ മുഴുവൻ ഫണ്ടുകളും സഹകരണബാങ്ക് മുഖേന കൈകാര്യം ചെയ്യുകയും ചെയ്താൽ ഈ ബാങ്കിന് ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയും.

## കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്

ഈ സ്ഥാപനം പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുന്നത് 1994 ലാണ്. വ്യാവസായിക ആവശ്യങ്ങളിലേക്കും, ഭവന നിർമ്മാണം, മൃഗസംരക്ഷണം എന്നിവക്കെല്ലാമായി 50000 രൂപയോളം വായ്പ്പയായി നൽകുന്നുണ്ട്. മറ്റു ബാങ്കുകൾ, വിശേഷിച്ച് ദേശസാൽകൃത്ബാങ്കുകൾ നിക്ഷേപങ്ങൾക്കുവേണ്ടി അമിത താൽപ്പര്യം കാണിക്കുകയും, വായ്പ്പകളും മറ്റും അനുവദിക്കുന്നതിൽ വിമുഖത കാണിക്കുകയും ചെയ്യുമ്പോൾ ഈ സ്ഥാപനം 42 ലക്ഷം രൂപ നിക്ഷേപമായി സ്വീകരിച്ച് അത്രയും തുക വയ്പ്പയായി നൽകിയിട്ടുണ്ട്.

ഈ ബാങ്കിൽ അംഗത്വം ലഭിക്കണമെങ്കിൽ കോട്ടക്കലുള്ള പ്രധാനഓഫീസിൽ നിന്നായിരിക്കണമെന്നുള്ളത് സാധാരണക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുളവാക്കുന്നു. ഈ ശാഖയിൽ വെച്ച്തന്നെ അംഗത്വം നൽകുന്നതിനുള്ള സൗകര്യമേർപ്പെടുത്തി നല്ലൊരു വിഭാഗം ജനങ്ങളെ സഹകരണ രംഗത്തേക്ക് ആകർഷിക്കാൻ കഴിയും.

## മലപ്പുറം ജില്ലാ സഹകരണ ബാങ്ക്

1978ൽ സ്ഥാപിതമായ ഈ സ്ഥാപനം 25 ലക്ഷം രൂപ കാർഷിക വായ്പ്പകളായും അത്രയും തുക മറ്റുവായ്പ്പകളായും നൽകിയിട്ടുണ്ട്. സംഘത്തിലെ മൊത്തം അംഗങ്ങളുടെ എണ്ണം ലഭ്യമല്ല. സ്ഥാപനം ലാഭത്തിൽ പ്രവർത്തിച്ച് വരുന്നു. ബ്ലേഡ് ബാങ്കുകളുടെ വളർച്ച ഇത്തരം സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. പൊതുജനങ്ങൾ അവരുടെ നിക്ഷേപങ്ങൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചാൽ ഈ സ്ഥാപനം കൂടുതൽ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

### കണ്ണമംഗലം പട്ടികജാതി സർവ്വീസ് സഹകരണ സംഘം

1983ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിൽ പഞ്ചായത്തിലെ 885 പേർ അംഗങ്ങളാണ്. ഈ സ്ഥാപനത്തിന് വളരെ ചുരുങ്ങിയ സർക്കാർ ഓഹരിയേയുള്ളു. പട്ടികജാതി വിഭാഗത്തിൻെറ കാർഷികവും, കാർഷികേതരവുമായ കാര്യങ്ങയക്ക് ഈ സംഘം വായ്പ്പകൾ നൽകിവരുന്നു. വിവിധ പദ്ധതികൾക്ക് കീഴിലായി പ്രവർത്തന കാലയളവിൽ 7 ലക്ഷത്തോളം രൂപ വായ്പ്പയായി നൽകിയിട്ടുണ്ട്.

പട്ടികജാതി ജനവിഭാഗങ്ങൾക്കിടവിൽ സഹകരണ സംഘങ്ങളുടെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്തുകയും, ഈ സംഘത്തിന് നൽകി വരുന്ന സർക്കാർ സഹായം വർദ്ധിപ്പിക്കുകയും ചെയ്താൽ പട്ടികജാതി ജനവിഭാഗത്തിൻെറ ഉന്നമനത്തിനായി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ സാധിക്കും. പഞ്ചായത്തിലെ മറ്റൊരു വില്ലേജായ വേങ്ങര വില്ലേജിൽ ഇത്തരത്തിലൊരു സഹകരണസംഘം ആരംഭിക്കുന്നത് സഹകരണമേഖലക്കും വിശിഷ്യ പട്ടികജാതി വിഭാഗ്ങ്ങൾക്കും പ്രയോജനപ്രദമായിരിക്കും.

### ഹെർബോ-ഇന്ത്യാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

1989ൽ സംഘം രൂപീകൃതമായെങ്കിലും ഉൽപ്പാദനം ആരംഭിക്കുന്നത് 1995 ജനുവരി 1നാണ്. ആയുർവ്വേദ മരുന്നുകൾ നിർമ്മിച്ച് വിപണനം നടത്തുകയാണ് സംഘത്തിൻെറ പ്രവർത്തനം. മലപ്പുറം ജില്ലയിലെ ഏഴോളം ബ്ലോക്കുകൾ ഈ സംഘത്തിൻെറ പ്രവർത്തന പരിധിയിലാണ്. ഓഹരികൾ വഴിയും

595

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൻേറയും ഖാദി കമ്മീഷൻെറയും സാമ്പത്തിക സഹായങ്ങൾ ഈ സംഘത്തിന് ലഭിക്കുന്നു. 13 സ്ത്രീകളടക്കം 19 പേർ ഈ സംഘത്തിനുകീഴിൽ ജോലി ചെയ്യുന്നു. അഞ്ച് ലക്ഷം രൂപ വാർഷിക വിറ്റുവരവുള്ള ഈ സ്ഥാപനമിപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ കൃത്യമായ ലഭ്യതയുണ്ടാവുകയും, സർക്കാറിൽ നിന്ന് ലഭിക്കേണ്ട സാമ്പത്തിക സഹായങ്ങൾ കാലതാമസം കൂടാതെ ലഭ്യമാവുകയും, കൂടുതൽ പേർ ഓഹരികളിലൂടെ അംഗങ്ങളാവുകയും ചെയ്താൽ ഈ സഹകരണ സംഘം നല്ലനിലയിൽ മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയും. മാത്രവുമല്ല ശക്തമായ മൽസരം നടക്കുന്ന ആയുർവേദ മരുന്ന് വിപണിയിൽ നല്ല ഗുണനിലവാരത്തോടും പ്രചാരണത്തോടേയും നിലനിൽക്കാനായാൽ പഞ്ചായത്തിലെ ഏറ്റവും നല്ല സഹകരണസംഘമായി മാറാൻ ഇതിന് കഴിയും.

## ഹൈസ്ക്കൂൾ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ 3 ഹൈസ്ക്കൂളുകളെ കേന്ദ്രമാക്കി 3 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. 6 ലക്ഷത്തോളം രൂപ വാർഷിക വിറ്റുവരവുണ്ട് ഈ സംഘങ്ങൾക്ക്. 3 സഹകരണസംഘങ്ങളും ലാഭത്തിൽ പ്രവർത്തിക്കുന്നു. ഇവ യഥാക്രമം ഗവഃ ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ വേങ്ങര, പാണക്കാട് പൂക്കോയതങ്ങൾ മെമ്മോറിയൽ യത്തീംഖാന ഹൈസ്ക്കൂൾ ചേറൂർ, കുഞ്ഞിമൊയ്തു മെമ്മോറിയൽ ഹൈസ്ക്കൂൾ കുറ്റൂർ നോർത്ത് എന്നിവയാണ്.

മുഖ്യമായും പാഠപുസ്തകങ്ങളും നോട്ട് ബുക്കുകളും മറ്റ് പഠന സാമഗ്രികളും സ്ക്കൂൾ കേന്ദ്രമാക്കി ലഭ്യമാക്കുകയാണ് ഈ സംഘങ്ങളുടെ പ്രവർത്തനങ്ങൾ. ഈ സംഘങ്ങളിൽ സ്ഥിരം ജീവിക്കാരില്ല. നിലവിലുള്ള സംഘങ്ങലിൽ സെക്രട്ടറിമാരായി പ്രവർത്തിക്കുന്നത് സ്ക്കൂളിലെ അദ്ധ്യാപകരാണ്. ഇവർക്ക് സ്ക്കൂൾ തുറന്ന് രണ്ട് മാസത്തോളം ക്ലാസ്സുമായും മറ്റും ബന്ധപ്പെടാൻ കഴിയുന്നില്ല. ഇത് അദ്ധ്യാപക കുറവുള്ള സ്ക്കുളുകളിലൊക്കെയും കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു. ആയതുകൊണ്ട് ഒരു സ്ഥിരം ജീവനക്കാരന് സഹകരണസംഘത്തിൻെറ സെക്രട്ടറിയായി നിശ്ച്ചയിക്കുകയാണെങ്കിൽ സഹകരണ സംഘങ്ങൾ വിപുലപ്പെടുത്താൻ കഴിയും.

സഹകരണസംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:-

1. സഹകരണമേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ആവശ്യമായ ബോധവൽക്കരണം നടത്തുക.
2. വാർഡ് തലത്തിൽ വനിതാ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
3. പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളായ പാക്കടപുറായ്യ, കുറ്റൂർ നോർത്ത്. തോട്ടശ്ശേരിയറ എന്നീവിടങ്ങളിൽ ഓരോ സഹകരണ മാവേലിസ്റ്റോറുകൾ സ്ഥാപിക്കുക.
4. അച്ചനമ്പലത്ത് സഹകരണ മേഖലയിൽ ഒരു മൊബൈൽ മാവേലിസ്റ്റോർ അനുവദിക്കുക.
5. തോട്ടശ്ശേരിയറ, അച്ചനമ്പലം, കണ്ണാട്ടിപ്പടി. പാക്കടപുറായ, കച്ചേരിപ്പടി, വലിയോറ എന്നീസ്ഥലങ്ങളിൽ ക്ഷീരോൽപ്പദക സഹകരണസംഘങ്ങൾ രൂപീകരിക്കുക.
6. സഹകരണബാങ്കിൽ ആവശ്യക്കാർക്ക് മുഴുവൻ അംഗത്വം നൽകുക.
7. എടക്കാപറമ്പ്, ചേറൂർ, തോട്ടശ്ശേരിയറ, പാക്കടപുറായ്യ, അച്ചനമ്പലം, എന്നിവിടങ്ങളിൽ വേങ്ങര സർവ്വീസ് സഹകരണ ബാങ്കിൻെറ ഓരോ ശാഖകൾ അനുവദിക്കുക.
8. എടക്കാപറമ്പിൽ സഹകരണ മേഖലയിൽ ഒരു ബീഡി തെറുപ്പ് കേന്ദ്രവും, നോട്ട് ബുക്ക് നിർമ്മാണ കേന്ദ്രവും ആരംഭിക്കുക.
9. പഞ്ചായത്ത് തലത്തിൽ ഒരു ലേബർ കോൺട്രാക്റ്റ് സൊസൈറ്റി ആരംഭിക്കുക.
10. കാർഷിക മേഖലയിൽ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം സഹകരണ മേഖലയിലൂടെ കാര്യക്ഷമമാക്കുക.
11. പാവപ്പെട്ടവർക്ക് വീടുകൾ നിർമ്മിക്കുന്നതിന്

ചുരുങ്ങിയ പലിശനിരക്കിൽ സഹായധനം ലഭ്യമാക്കുന്നതിനാവശ്യമായ സഹകരണ സംഘം രൂപീകരിക്കുക.

12. വിദേശ വിപണി മുന്നിൽകണ്ട് ചേറൂരിൽ ഒരു മാംസ സംസ്ക്കരണ വിപണന കേന്ദ്രം സഹകരണ മേഖലയിൽ അനുവദിക്കുക.

13. കാർഷിക ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കാൻ ചേറൂരിൽ ഒരു സഹകരണ മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുക.

14. പച്ചക്കറി മേഖലയിൽ സ്വയം പര്യാപ്തമാവുന്നതിന് ഹോൾട്ടികൾച്ചർ സമ്പ്രദായവും സഹകരണ മേഖലയിൽ ഒരു പച്ചക്കറി മാർക്കറ്റും പഞ്ചായത്ത് തലത്തിൽ അനുവദിക്കുക.

15. വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിനോടനബന്ധിച്ച് ഒരു സഹകരണ മെഡിക്കൽ സ്റ്റോർ അനുവദിക്കുക.

16. 12-ാം വാർഡിൽ ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ അനുവദിക്കുക.


17. കാലിത്തീറ്റ വിതരണത്തിനായി പഞ്ചായത്ത് തലത്തിൽ ഒരു സഹകരണ സംഘം സ്ഥാപിക്കുക.

18. സഹകരണ സംഘങ്ങൾ നൽകിവരുന്ന വായ്പ്പകളുടെ കാലാവധി ദീർഘിപ്പിക്കുക.

19. കർഷകർക്ക് ന്യായവിലക്ക് വളങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി സഹകരണ മേഖലയിൽ ഒരു വളം ഡിപ്പോ അനുവദിക്കുക.

20. സഹകരണ മേഖലയിൽ തോട്ടശ്ശേരിയറയിൽ ഒരു നാളികേര സംസ്ക്കരണ കേന്ദ്രം അനുവദിക്കുക.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായും, ചിട്ടയോടും മുന്നോട്ട് നീങ്ങിയാൽ പഞ്ചായത്തിൻെറ കാർഷിക-തൊഴിൽ-സാമ്പത്തിക മേഖലകളിൽ സ്വപ്നതുല്യമായ ഒരു മാറ്റത്തിന് നാന്ദി കുറിക്കപ്പെടും. സഹകരണ സ്ഥാപനങ്ങളുടെ ഉന്നതി ഒരു പ്രദേശത്തിൻെറ മുഴുവൻ ഉന്നതിയാണെന്ന നിലയിൽ വേണം പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളേയും നിർദ്ദേശങ്ങളേയും കുറിച്ചുള്ള തീരുമാനങ്ങളെടുക്കേണ്ടത്. ചർച്ചകൾക്കും കൂടുതൽ നിർദ്ദേശങ്ങൾക്കുമായി ഈ റിപ്പോർട്ട് വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം.

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 8.24% പട്ടികജാതി വിഭാഗമാണ്. 995 പട്ടികജാതി കുടുംബങ്ങൾ ഇവിടെ താമസിച്ചു വരുന്നു. 22 അംഗീകൃത കോളനികളിലായി 732 കുടുംബങ്ങളും 264 കുടുംബങ്ങൾ ഇടകലർന്നുമാണ് ജീവിക്കുന്നത്. ആകെ 5414 അംഗങ്ങൾ ഉണ്ട്.

പട്ടികജാതിക്കാരോട് വളരെ അടുത്തകാലം വരെ സവർണ്ണരും മറ്റും അയിത്തം കല്പിച്ചിരുന്നു. പൊതുവഴിയിൽ കൂടി നടക്കാനുള്ള സ്വാതന്ത്ര്യം പോലും ഇവർക്ക് ഇല്ലായിരുന്നു. അക്കാലത്ത് സ്ത്രീകൾ ബ്ലൗസ് ധരിക്കുന്ന പതിവല്ലായിരുന്നു. ഇവർ കല്ല് മാലയും ധാരാളമായി ധരിച്ചിരുന്നു. ജോലിക്ക് കൃത്യമായ സമയമൊന്നും ഇല്ലായിരുന്നു. രാവും പകലു ˇപണിചെയ്താൽ ഇഷ്ടമുള്ളത് കൊടുക്കുന്ന സമ്പ്രദായംമായിരുന്നു അന്ന്. കൂലി ചോദിച്ചതിന് മർദ്ധനം പോലും സഹിക്കേണ്ടി വന്നിരുന്നു. ഓരോ കുടുംബവും ഓരോ ജന്മിക്കു കീഴിലായിരുന്നു. ആ ജന്മിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചായിരുന്നു ആ കുടുംബം ജീവിക്കേണ്ടിയിരുന്നത്.

പട്ടിക ജാതിക്കാർക്കിടയിൽ സ്ത്രീകൾ പ്രസവിച്ചാൽ വേറെ കുടിൽകെട്ടി താമസിക്കുന്ന കിരാത സമ്പ്രദായമുണ്ടായിരുന്നു. അതേ പോലെ ഒട്ടനവധി അനാചരങ്ങളും അന്ധവിസ്വാസങ്ങളും ഈ വിഭാഗത്തിനടിയിൽ ഉണ്ടായിരുന്നു.

തിറകളി, ചവിട്ടുകളി, ഞാറ്റുപാട്ട് പരിചമുട്ടുകളി എന്നിവ ഇവർക്കിടയിലെ കലാ പ്രകടനങ്ങളായിരിക്കുന്നു.

സാമൂഹ്യസാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്നു ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായകരകമായിട്ടുണ്ട്. വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ കുറെയൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും ഒരു പരിധിവരെ മോചനം നേടാൻ ഇന്നു കഴിഞ്ഞിട്ടുണ്ട്. പട്ടിക ജാതി കുടുംബങ്ങളിൽ ഈ പഞ്ചായത്തിൽ നല്ലൊരുവിഭാഗം ബഹുജനസംഘടനകൾക്ക് നേതൃത്വം നൽകിവരുന്നു. നല്ലൊരു വിഭാഗം ജനങ്ങളും സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരാണ് അതുകൊണ്ടുതന്നെ എല്ലാ ജാതിമതസ്ഥരുടേയും എല്ലാതരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്. അതുപോലെ പട്ടികജാതിക്കാരുടെ എല്ലാവിധ പരിപാടികളിലും മറ്റു മതസ്ഥരും പങ്കെടുക്കാറുണ്ട്.

ഈ വിഭാഗത്തിൻെറ ഉയർച്ചക്കുവേണ്ടി നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബ്നധിച്ചു വേണ്ടത്ര അറിവില്ലാത്തതുകെണ്ടും പദ്ധതികളുടെ

പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും ബന്ധപ്പെട്ട അധികാരികൾ സമയത്തിന് വിവരം അറിയിക്കാത്തതുകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുനതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാശികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്. കോളനികളുടെ വിവരം 1 -ാം പട്ടയികയിൽ ചേർക്കുന്നു.

തീണ്ടേക്കാട്, നെല്ലിപറമ്പ് - വെട്ടുതോട്, അച്ചനമ്പലം, ചെള്ളിതൊടുവിൽ, ചേറ്റിപ്പുറമാട് എന്നിവിടങ്ങളിൽ പുതുതായി കോളനികളായി അംഗീകരിക്കേണ്ടതാണ്. ഒറ്റപ്പെട്ടു ജീവിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കും കോളനി നിവാസികളുടേതും പോലുള്ള സഹായം ലഭ്യമാക്കേണ്ടതാണ്.

വിദ്യാഭ്യാസം: പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രായം ചെന്നവരിൽ നല്ലൊരു ശതമാനം നിരക്ഷരർ തന്നെ. സാക്ഷരതാ പ്രസ്ഥാനം കൊണ്ട് കുറെയൊക്കെ സാക്ഷരരായിരുന്നുവെങ്കിലും തുടർ വിദ്യാഭ്യാസം കിട്ടാതിരുന്നതിനാൽ അവരിൽ നല്ലൊരുപങ്ക് നിരക്ഷരപട്ടികയിലാണിന്നും! പല കോളനികളുടേയും സമീപത്തൊന്നുംതരുന്നെ പ്രൈമറി സ്കൂളുകളില്ലാത്തതു കൊണ്ടും സാമ്പത്തിക ബുദ്ധിമുട്ടുകാരണവും പഠനം നിർത്തുന്ന അവസ്ഥ നിലനിൽക്കുന്നു. കുടുംബ ബാധ്യ ഏറ്റെടക്കേണ്ടിവന്നതിനാൽ പഠനം നിർത്തേണ്ടിവന്ന കുട്ടികൾ നിരവധി ഉണ്ട്. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. 96 - 97 ആധ്യായനവർഷത്തിൽ 1295 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95 - 96 വർഷത്തിൽ യു. പി. യിലും ഹൈസ്ക്കൂളിലുമായി 86 കുട്ടികൾ പഠനം നിർത്തി എസ്. എസ്. എൽ. സി. ക്കു പരാജനപ്പെട്ടാൽ തുടർന്ന് പഠിക്കുന്നതിന് തയ്യാറാവുന്നില്ല. പൊതുവെ എസ്. എസ്. എൽ. സിക്ക് ഉപരിയായി വിദ്യാഭ്യാസ മുള്ളവരുടെ എണ്ണം വളരെ കുറവാണ്.

നിലവിൽസർക്കാരിൽ നിന്നും ലഭിക്കുന്ന ലംപസംഗ്രാൻറ് തുക, പാഠപുസ്തകങ്ങളും യൂണിഫോമുകളും വങ്ങാൽ അപര്യാപ്തമായിതിനാൽ ഗ്രാൻറ് സംഖ്യ കാലോചിതമായി വർദ്ധിപ്പിക്കണം.

<u>തൊഴിൽ:</u> പട്ടിക ജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചു വരുന്നവരാണ്. എന്നാൽ അടുത്ത് കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിൻെറ തൊഴിൽ നഷ്ടപ്പെടുത്തുകയും തൊഴിലിനുവേണ്ടി മറ്റുമേഖലകളിലേക്ക് പോവാൻ നിർബന്ധിതരാവുകയും ചെയതു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് ജോലി ചെയ്യുന്നത്. എന്നാൽ ഗൾഫിൽ നിന്നുള്ള തിരിച്ചു വരവ് ഈ രംഗത്ത് തൊഴിൽ അവസരം കുറഞ്ഞു വരാൻ കാരണമാകുന്നു. കാർഷിക മേഖലയിൽ സീസണുകളിലാണ് തൊഴിൽ എന്നത് കൊണ്ട് മിക്ക കർഷക തൊഴിലാളികളുടേയും പ്രധാനകൈതൊഴിലായിരുന്ന പായനെയ്ത്തിൻെറ അസംസ്കൃത പദാർത്ഥമായ കൈതോല സംരക്ഷിക്കപ്പെടാൻ കഴിയാത്തതിനാൽ പൂർണ്ണമായും ഈ രംഗത്തെ തൊഴിലും നഷ്ടപ്പെട്ടിരിക്കയാണ്. കൂലിവേല മാത്രം ചെയത് ഉപജീവനം കഴിച്ച്വരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പ് വരുത്തുകയും പുതിയതൊഴിൽ സംരഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

<u>പാർപ്പിടം:</u> പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ചെറ്റക്കുടിലുകൾ ഇപ്പോഴും അൽപാൽപമായി നിലനിൽക്കുന്നുണ്ട്. അത്പോലെ ഒറ്റപ്പെട്ട വീടുകൾ നിരവധിയുണ്ട് മാത്രവുമല്ല പലവീടുകളിലും ഒന്നിലധികം കുടുംബങ്ങൾ താമസിക്കുകയും ചെയ്യുന്നു. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പണി പൂർത്തിയാക്കാതെ കടക്കെണിയിൽ അകപ്പെട്ടു പോയിട്ടുണ്ട് വീടുവെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട് വെക്കാൻ സ്ഥലവും വീടിനുള്ള

ധനസഹായവും പുനരാധിവാസ പദ്ധതി പ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ള. പല കോളനികളിലും നാമമാത്രമായേ കക്കൂസുകളുള്ളു. കക്കൂസില്ലായ്മ നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുന്നു. ഓരോ വീടിനും ഓരോ കക്കൂസ് അനുവദിച്ച് ഈ പ്രശ്നം പരിഹാരിക്കേണ്ടതാണ്. മേൽ സൗകര്യങ്ങളെ സംബന്ധിച്ച വിവരം പട്ടിക 2 ൽ ചേർക്കുന്നു.

<u>കുടിവെള്ളം:</u> കോളനികളിൽ മുഴുവനായും കുടത്ത ശുദ്ധജലക്ഷാമം അനുഭവിപ്പെടുന്നു. വളരെ കുറഞ്ഞ കിണർ സൗകര്യങ്ങളേയുള്ളൂ. ഈ കിണറുകളിൽ ഭൂരിഭാഗവും ചുറ്റുമതിലുകൾ ഇല്ലാത്തവയാണ്. ഇവക്ക് ചുറ്റുമതിലുകൾ കെട്ടാൻ പദ്ധതിയുണ്ടാവണം. മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിന് കുഴൽ കിണറുകളും സാധാരണ കിണറുകളും മിനിവാട്ടർ സപ്ലൈസ്കീമുകളും നടപ്പാക്കേണ്ടതാണ്.

കോളനികളിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ എണ്ണം ഏകദേശം 264 എണ്ണത്തോളവരും ഈ കുടുംബങ്ങൾക്കായി 150 വീടുകളും 170 കക്കൂസുകളും മറ്റു സൗകര്യങ്ങളും അനുവദിക്കേണ്ടതായുണ്ട്.

## കണ്ണമംഗലം പട്ടികജാതി സർവ്വീസ് സഹകരണസംഘം

<u>സംഘം:</u> 1983ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ പഞ്ചായത്തിലെ 885 പേർ അംഗങ്ങളാണ്. പട്ടിക ജാതി വിഭാഗത്തിൻെറ കാർഷികവും, കാർഷികേതരവുമായ കാര്യങ്ങൾക്ക് ഈ സംഘം വായ്പകൾ നൽകിവരുന്നു.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞ് പോകുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞ് വരുന്നു. കാർഷിക മേഖലയിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞ് പോകുന്നു. തൊഴിൽ സാധ്യത കുറഞ്ഞ് വരുന്നു.
3. എല്ലാവർക്കും വീടില്ല. ഉള്ള വീടുകളിൽ പലതും റിപ്പയർ ചെയ്യേണ്ടതാണ്. വീട് വെക്കാൻ സ്ഥലമില്ല. വീട് വെക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ നിൽക്കുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല. കുടികിടപ്പിന് പട്ടയം നൽകിയിട്ടില്ല.
4. കുടിവെള്ളം ആവശ്യത്തിനില്ല.
5. വൈദ്യുതിയില്ല.
6. പൊതുശ്മശാനം ഇല്ല. ഉള്ളവയിലേക്ക് ഗതാഗത സൗകര്യങ്ങളോ ചുറ്റുമതിലോ ഇല്ല.
7. ആരോഗ്യ സംവിധാനം മെച്ചപ്പെട്ടതല്ല
8. നിർധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും, പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
9. ഐ. ആർ. ഡി. പി. പദ്ധതിയും മറ്റുപദ്ധിതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
10. പട്ടിക ജാതി വികസന കോർപറേഷനും, പട്ടികജാതിഹരിജനക്ഷേമവകുപ്പും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും സഹായങ്ങളും ലക്ഷ്യം നേടുന്നില്ല.
11. പട്ടികജാതി വിഭാഗത്തിൻെറ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് അറിവ് വേണ്ടത്രയില്ല.
12. കടക്കെണിയിൽപ്പെട്ട് പോവുന്നു.

## സാധ്യതകൾ

<u>വൈദ്യുതി:-</u> പഞ്ചായത്തിലെ പനക്കൽ, എടക്കാപറമ്പ്, നെല്ലിക്കാ പറമ്പ്, മുട്ടുംപുറം, നെച്ചിക്കാട്ട്കുണ്ട്, ഗാന്ധിക്കുന്ന്, വി. കെ. മാട്, കാപ്പിൽ, ചണ്ണയിൽ, കുറവിൽതൊടി, ബാലിക്കാട്, പുവ്വത്തുപറമ്പ്, അരീക്കാട് പറമ്പ് കൂരിയാട്, പാലച്ചിറമാട്, മലവാരത്ത്, ഞാറ്റുപുറായ, ഉള്ളാട്ടുപറമ്പ്, മാടൻചിന കോളനികളിലായി 239 വീടുകളാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. ഈ കോളനികളിലെ മറ്റു വീടുകൾ വൈദ്യുതീകരിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം. അത് പോലെ തീരേ വൈദ്യുതികരിക്കാത്ത കോളനികൾ വൈദ്യുതീകരിക്കാൻ ആവശ്യമായ പദ്ധിതികൾക്ക് രൂപം നൽകണം.

**കുടിവെള്ളം:-** കോളനികളിൽ കുടിവെള്ളം പ്രശ്നം രൂക്ഷമാണ്. ഇത് പരിഹാരിക്കുന്നതിന് പഞ്ചായത്ത്, ബ്ലോക്ക് പന്നീ ഏജൻസികൾ കുഴൽകിണറുകളും കിണറുകളും സ്ഥാപിച്ചിട്ടു ണ്ടെങ്കിലും പലതും ഉപയോഗ ശൂന്യമാണ്. കുടിവെള്ളം പ്രശ്നം പരിഹരിക്കുന്നതിന് പു തിയ പദ്ധതികൾ കണ്ടെത്തണം.

വിവിധ കോളനികളിലെ, വൈദ്യുതി, കുടിവെള്ളം എന്നിവയുടെ സ്ഥിതി വിവരകണക്കു കൾ 3 ാം പട്ടികയിൽ കൊടുക്കുന്നു.

മുഴവൻ ശ്മശാനങ്ങൾക്കും മതിൽ കെട്ടു കയും ശ്മശാനതതിലേക്ക് ഗതാഗത സൗകര്യമുണ്ടാ ക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട താണ്.

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കു ന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമപദ്ധിതികൾ അർഹരായ വർക്ക് ലഭ്യമാവുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടിക ജാതി ക്ഷേമതതിനായി പ്രവർത്തിച്ച് വരുന്ന, പട്ടികജാതി ക്ഷേമവകുപ്പ് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളും പദ്ധതികളും ഫലപ്രദമായി നടപ്പാക്കാൻ കഴിയണ മെങ്കിൽ ഇതിൻെറ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേ തീരൂ. ലളിതമായ വ്യാവസ്ഥ കളിലൂടെമാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധന സഹായങ്ങളും മറ്റും ഉപയോഗപ്പെടുത്തി തൊഴിൽ സംരഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രമപഞ്ചായത്ത് മുഖേന യാണെകങ്ങിൽ കൂടുതൽ ഫലപ്രദമാക്കാൻ കഴിയും.

## പട്ടികജാതി - പട്ടിക വർഗ്ഗ ക്ഷേമം മുൻ നിർത്തി സത്വര ശ്രദ്ധപതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. കാർഷിക മേഖല അഭവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത ലഭ്യമാക്കുകയും വർദ്ധപ്പിക്കുകയും ചെയ്യുക.
2. പായനെയ്ത്ത് - കൊട്ട - പനമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനതതിൽ സംഘടിപ്പിക്കുക.
3. കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിലുകൾ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാവിധ സഹായവും ചെയ്യുക.
4. കുടിവെള്ളം പ്രശ്നം പരിഹരിക്കുക.
5. അഭ്യസ്തവിദ്യർക്ക് ഇന്ന് സർക്കാർ നൽകിവരുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും, വായപയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൻനോട്ടം ഗ്വാമപഞ്ചായത്തിനെ ഏൻപ്പിക്കുകയും ചെയ്യുക.
6. വ്യവസായ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പകൾ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ചകാര്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധി ക്കുകയും വായ്പകൾ ദുരുപയോഗം ചെയ്യു ന്നത് തടയുകയും ചെയ്യുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
7. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായനെയത്ത്, റെഡിമെയ്ഡ്സ്, കയറുൽപ്പന്ന ങ്ങളുടെ നിർമ്മാണം എന്നിവ ആരംഭികകു ന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.
8. വേങ്ങര വില്ലേജിൽ പട്ടികജാതി സർവ്വീസ് സഹകരണസംഘം ആരംഭിക്കുക.
9. വീട് നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക, കക്കൂസ് ഉണ്ടാക്കുന്നതിനും, മറ്റു സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ധനസാഹയം നൽകുക വീടുകളുടെ അററകുറ്റ പണികൾക്ക് സഹായം അനുവദിക്കുക.
10. എല്ലാപദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽ നോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
11. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ഭുരഹിത - ഭവനരഹിത പുനരിധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.
12. കോളനികളിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.

13. ലക്ഷം വീട് കോളനികളിൽ വീട് പുതക്കിപ്പണിയുന്നതിന് ധനസഹായം അനുവദിക്കുക.
14. എല്ലാ കോളനികളിലും അംഗൻവാടികൾ സ്ഥാപിക്കുക.
15. 5 മുതൽ 10 വരെ സ്റ്റാൻേർഡിൽ പ്രീ. മെട്രിക് ഹോസ്റ്റൽ എല്ലാവിധ സൗകര്യങ്ങളോടും കൂടി നിർമ്മിക്കുക.
16. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
17. വായനശാല, ഗരന്ഥശാല, കമ്മ്യൂണിറ്റഹാൾ എന്നിവ സ്ഥാപികകുക.
18. കുടുംബ ബാധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുതതുക.
19. ആഭ്യസ്ത വിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.
20. ടി. വി. സെറ്റുകൾ സ്ഥാപിക്കുക.
21. ട്രാക്ടർ, ട്രില്ലർ എന്നിവ സൗജന്യമായി അനുവദികകുക.
22. അഗ്രോസർവവീസ് തുടങ്ങുക.
23. മുഴുവൻ കുടുംബങ്ങൾക്കും കാർഷിക ഉപകരണങ്ങൾ നൽകുക.
24. മുഴുവൻ കോളനികളിലും വൈദ്യുതി എത്തിക്കുകയും, സ്ട്രീറ്റ് ലൈറ്റുകൾ ഘടിപ്പിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാംമ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
25. തയ്യൽ പിശീലന കേന്ദ്രങ്ങൾ തുറക്കുക.
26. മുഴുവൻ കുടുംബങ്ങൾകകും, ആട് കോഴി പശു എന്നിവ വളർത്തുന്നതിന് സഹായങ്ങൾ ചെയ്യുക.
27. ക്ഷീര വികസന സൊസൈറ്റികൾ സ്ഥാപിക്കുക.
28. കോയിശേരി പാലക്കാവളപ്പ്, ചെറേക്കാട്, വട്ടപ്പൊന്ത കോളനികളിൽ പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യം ഏർപ്പെടുത്തുക.
29. കൃഷിയാവശ്യത്തിന് പമ്പ്സെറ്റുകൾ നൽകുക.
30. അർഹരായ മുഴുവൻ കർഷകതൊഴിലാളികൾകർക്കും പെൻഷൻ അനുവദിക്കുക.
31. വിധവകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിന് ധനസഹായം നൽകുക.
32. തീപ്പെട്ടികമ്പനി, സ്പിന്നിംഗ്മിൽ എന്നിവ തുടങ്ങുക.
33. മുഴുവൻ കുടുംബങ്ങൾക്കും പട്ടയം നൽകുക.
34. ദുരഹിതരായ പട്ടിക ജാതിക്കാക്ക് പഞ്ചായത്തിലെമിച്ച ഭൂമികൾ പതിച്ച് നൽകുക.
35. പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ ടൂഷൻ അനുവദികകുക.
36. കോളനികൾ കേന്ദ്രീകരിച്ച് സൗജന്യമെഡികൽ ക്യാമ്പുകളും മറ്റും സംഘടിപ്പിക്കുക.
37. വീട്, കക്കൂസ്, വയറിംഗ് എന്നിവ ലഭിക്കുന്നതിന് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുക.
38. മലവാരത്ത്, ഞാറ്റുപ്പുറായ എടക്കാപറമ്പ് ഐ. എച്ച്. ഡി. പി. കോളനികളിലെ കുഴൽകിണറുകളിൽ പമ്പുസെററ് വെച്ച് ശുദ്ധജല വിതരണം നടത്തുക.
39. എല്ലാ കോളനികളിലും കുഴൽകിണറുകൾ സ്ഥാപിക്കുക. ഉപയോഗശൂന്യമായ കുഴൽ കിണറുകളും പൊതുകിണറുകളും റിപ്പയർ ചെയ്യുക.
40. കുറുവിൽതൊടി, ബാലിക്കാട് അരിക്കാട്ട് പറമ്പ്, മലവാരത്ത് പനക്കൽ, ഞാറ്റുപ്പുറായ, എടക്കാപറമ്പ്, പൂലൻകുന്ന്, കാപ്പിൽ എന്നീ കോളനികളിൽ അംഗൻവാടികൾ സ്ഥാപിക്കുക.
41. ഞാറ്റുപ്പുറായ അംഗൻവാടിക്ക് സ്ഥലം സൗജന്യമായി നൽകാൻ തദ്ദേശവാസികൾ തയ്യാറാണ്.
42. പടപ്പറമ്പ് അംഗൻ വാടിക്ക് കെട്ടിടം നിർമ്മിക്കുവാൻ, നിർമ്മാണ ജോലി സ്ഥലവാസികൾ സൗജന്യസേവനം നൽകുന്നതാണ്.
43. എല്ലാ കോളനികളേയും ഐ. എച്ച്. ഡി. പി. പദ്ധതിയൽ ഉൾപ്പെടുത്തുക.

| ക്രമനമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | പുരുഷൻ | സ്ത്രീ |
|---|---|---|---|---|---|---|
| 1. | 1 | ബാലിക്കാട് I.H.D.P. | 50 | 244 | 121 | 123 |
| 2. | 2 | പൂവ്വത്തുപറമ്പ് | 23 | 128 | 62 | 66 |
| 3 | 2 | ഉള്ളാട്ടു പറമ്പ് | 20 | 126 | 61 | 65 |
| 4 | 2 | അരിക്കാട്ടുപറമ്പ് | 24 | 156 | 81 | 75 |
| 5 | 3 | മലവാരത്ത് | 13 | 53 | 22 | 31 |
| 6 | 3 | ഞാറ്റുപുറായ | 17 | 68 | 37 | 31 |
| 7 | 5 | പനക്കൽ | 60 | 320 | 153 | 167 |
| 8 | 5 | കോയിശേരി പാലക്കാവളപ്പ് | 15 | 86 | 42 | 44 |
| 9 | 4,5,7 | ചെറേക്കാട് വട്ടപൊന്ത | 38 | 211 | 102 | 109 |
| 10 | 6 | നെല്ലിക്കാ പറമ്പ് | 45 | 249 | 133 | 116 |
| 11 | 6 | എടക്കാപറമ്പ് IHDP | 53 | 300 | 135 | 165 |
| 12 | 6 | മുട്ടും പുറം | 47 | 285 | 136 | 149 |
| 13 | 6 | ചൂച്ചോലമാട് | 12 | 80 | 35 | 45 |
| 14 | 6 | നെച്ചിക്കാട്ടുകുണ്ട് അംബേദ്കർ | 43 | 228 | 122 | 106 |
| 15 | 6 | ഗാന്ധികുന്ന് | 34 | 229 | 115 | 114 |
| 16 | 7 | പൂലൻകുന്ന് | 24 | 151 | 71 | 80 |
| 17 | 8 | പടപ്പറമ്പ് | 39 | 242 | 118 | 124 |
| 18 | 9 | വി. കെ. മാട് കാപ്പിൽ | 36 | 233 | 116 | 117 |
| 19 | 9 | ചണ്ണയിൽ | 44 | 270 | 14 | 122 |
| 20 | 11 | കുറുവിൽ തൊടി | 21 | 132 | 65 | 67 |
| 21 | 14 | കൂരിയാട് | 30 | 197 | 89 | 108 |
| 22 | 14 | പാലച്ചിറമാട് | 44 | 246 | 129 | 117 |
| | | ആകെ | 732 | 4234 | 2093 | 2141 |
| | | | | | | |
| | | | | | | |
| | | അംഗീകാരത്തിനു സമർപ്പിച്ചത് | | | | |
| 1 | 15 | നിലഞ്ചേരിപറമ്പ് | 30 | 162 | 77 | 85 |
| | | | | | | |
| | | ലക്ഷം വീട് കോളനികൾ | | | | |
| 1 | 10 | മാറ്റാനം | 18 | 107 | 49 | 58 |
| 2 | 11 | മുള്ളൻപറമ്പ് വേങ്ങര | 20 | 122 | 60 | 62 |

603

| ക്രമനമ്പർ | കോളനിയുടെ പേര് | വീട് | | | | ഒരേ വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾക്കുള്ള വീട് | കക്കൂസ് | | കുടികിടപ്പ് പട്ടയം ലഭിക്കാത്തവർ |
|---|---|---|---|---|---|---|---|---|---|
| | | ഓട് | ഓല | ടെറസ് | വാടക | | ഉള്ളവർ | ഇല്ലാത്തവർ | |
| 1. | ബലിക്കാട് I. H. D. P | 43 | 7 | - | - | 16 | 38 | 12 | - |
| 2. | പൂവ്വത്തുപറമ്പ് | 22 | 1 | - | - | 9 | 10 | 13 | - |
| 3. | ഉള്ളാട്ടുപറമ്പ് | 17 | 3 | - | - | 15 | 06 | 14 | - |
| 4. | അരീക്കാട്ടുപറമ്പ് | 23 | 1 | - | - | 6 | 19 | 5 | - |
| 5. | മലവാരത്ത് | 13 | - | - | - | 4 | 5 | 8 | - |
| 6. | ഞാറ്റുപുറായ | 17 | - | - | - | 7 | 7 | 10 | - |
| 7. | പനക്കൽ | 39 | 10 | 2 | 9 | 20 | 18 | 42 | 2 |
| 8. | കോയിശ്ശേരി പാലക്കാവളപ്പ് | 8 | 6 | 1 | - | 4 | 3 | 12 | 1 |
| 9. | ചെറേക്കാട് വട്ടപൊന്ത | 21 | 16 | 1 | - | 17 | 2 | 36 | - |
| 10. | നെല്ലിക്കാപറമ്പ് | 38 | 7 | - | - | 15 | 25 | 20 | - |
| 11. | എടക്കാപറമ്പ് I.H.D.P. | 47 | 5 | 1 | - | 16 | 20 | 33 | 10 |
| 12. | മുട്ടുംപുറം | 33 | 14 | 18 | - | 12 | 18 | 29 | - |
| 13. | പൂച്ചോലമാട് | 5 | 7 | - | - | 6 | 3 | 9 | - |
| 14. | നെച്ചിക്കാട്ടുകണ്ടി അംബേദ്കർ | 43 | - | - | - | 14 | 42 | 1 | - |
| 15. | ഗാന്ധികുന്ന് | 33 | 1 | - | - | 12 | 20 | 14 | - |
| 16 | ചൂലൻകുന്ന് | 10 | 14 | - | - | 9 | 8 | 16 | - |
| 17 | പടപറമ്പ് | 20 | 19 | - | - | 13 | - | 39 | - |
| 18. | വി. കെ. മാട് കാപ്പിൽ | 28 | 8 | - | - | 17 | 12 | 24 | - |
| 19. | പണ്ണയിൽ | 36 | 7 | 1 | - | 18 | 24 | 20 | - |
| 20 | കുറുവിൽ തൊടി | 18 | 3 | - | - | 16 | 14 | 7 | - |
| 21. | കൂരിയാട് | 24 | 1 | 5 | - | 9 | 10 | 20 | - |
| 22 | പാലച്ചിറമാട് | 40 | 2 | 2 | - | 16 | 36 | 8 | - |
| | ആകെ | 578 | 132 | 13 | 9 | 271 | 340 | 392 | 14 |
| അംഗീകാരത്തിനു സമർപ്പിച്ചത് | | | | | | | | | |
| 1. | നിലഞ്ചേരി പറമ്പ് | 23 | 7 | - | - | 12 | 19 | 11 | - |
| | ലക്ഷംവീട് കോളനികൾ | | | | | | | | |
| 1 | മാറ്റാനം | 16 | 2 | - | - | - | 12 | 4 | - |
| 2 | മുള്ളൻകുന്ന്, വേങ്ങര | 20 | 0 | - | - | - | 10 | 0 | - |

പട്ടിക 2

*ഒരേ വീട്ടിൽ ഒരു സൗകര്യവുമില്ലാതെ രണ്ടും മൂന്നു കുടുംബങ്ങൾ താമസിക്കുന്നു. അവർകാവശ്യമായ വീടുകളുടെ എണ്ണം: **271**


| ക്രമനമ്പർ | കോളനിയുടെ പേര് | വൈദ്യുത | | വയറിങ്ങ് നടത്തി വൈദ്യുതി ലഭിക്കാത്തവർ | കുടിവെള്ളം | |
|---|---|---|---|---|---|---|
| | | ലഭിച്ച കുടുംബം | ലഭിക്കാത്ത കുടുംബം | | കിണർ ഉള്ളവർ | കിണർ ഇല്ലാത്തവർ |
| 1 | ബലിക്കാട് I H D P | 17 | 33 | 8 | 35 | 15 |
| 2. | പൂവ്വത്തുപറമ്പ് | 19 | 4 | 3 | 5 | 18 |
| 3. | ഉള്ളാട്ടുപറമ്പ് | 1 | 19 | 10 | 5 | 15 |
| 4. | അരിക്കാട്ടുപറമ്പ് | 7 | 17 | 9 | 9 | 15 |
| 5. | മലവാരത്ത് | 3 | 10 | - | 4 | 9 |
| 6. | ഞാറ്റുപുറായ | 4 | 13 | 3 | 5 | 12 |
| 7. | പനക്കൽ | 5 | 55 | 6 | 17 | 43 |
| 8. | കോയിശ്ശേരി പാലക്കാവളപ്പ് | - | 15 | 1 | 4 | 11 |
| 9. | പെരേക്കാട് വട്ടപ്പൊന്ത | - | 38 | - | 9 | 29 |
| 10. | നെല്ലിക്കാപറമ്പ് | 20 | 25 | - | 19 | 26 |
| 11. | എടക്കാപറമ്പ് I H. D P | -40 | 13 | 3- | 20 | 33 |
| 12. | മുട്ടുംപുറം | 21 | 26 | - | 15 | 32 |
| 13. | പൂച്ചോലമാട് | -- | 12 | - | 1 | 11 |
| 14. | നെച്ചിക്കാട്ടുകണ്ട് അംബേദ്ക്കർ | 37 | 6 | 4 | 20 | 23 |
| 15. | ഗാന്ധികുന്ന് | 6 | 28 | 10 | 15 | 19 |
| 16. | പൂവൻകുന്ന് | - | 24 | - | 7 | 17 |
| 17. | പടപറമ്പ് | - | 39 | - | 11 | 28 |
| 18. | വി. കെ. മാട് കാപ്പിൽ | 4 | 32 | - | 14 | 22 |
| 19. | ചണ്ണയിൽ | 5 | 39 | - | 18 | 26 |
| 20 | കുറുവിൽ തൊടി | 15 | 6 | 1 | 11 | 10 |
| 21. | കൂരിയാട് | 10 | 20 | 6 | 13 | 17 |
| 22 | പാലച്ചിറമാട് | 25 | 19 | 2 | 19 | 25 |
| | ആകെ | 239 | 493 | 66 | 276 | 456 |

605

**കോളനികളിൽ പ്രധാനമായും ടാർചെയ്ത് ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ:-**

1. വിലിയകല്ലുങ്ങൽ - കൂർക്കം പറമ്പ് റോഡ്
2. മൊല്ലപ്പടി - പാലക്കാവളപ്പ്
3. കാരാട്ടാലുങ്ങൽ -- പാലക്കാവളപ്പ്
4. മിനി - കിളിനക്കോട്
5. അടിവാരം - കോട്ടമാട്
6. പാണ്ടിക്കല്ല് - വി കെ. മാട്
7. അവ്വനമ്പലം - ചെറേക്കാട്
8. ബാലിക്കാട് - പാക്കടപ്പുറായ
9. മുട്ടുംപുറം - പടപ്പറമ്പ്
10. മുട്ടുംപുറം - നൊട്ടപുറം
11. യു. കെ. ബസാർ - ഇരിങ്ങളത്തൂർ
12. നെച്ചിക്കാട്ടുക്കുണ്ട് -കൂറ്റൂർ നോർത്ത്
13. പാറയിൽ - പരപ്പൻ ചിനശ്മശാനം
14. പാറയിൽ - നൊട്ടപ്പുറം
15. നെല്ലിക്കാപറമ്പ് - കോളനി റോഡ്
16. പാറയിൽ - ഗാന്ധിക്കുന്ന് റോഡ്
17. ചേറൂർ - പടപ്പറമ്പ്
18. പുത്തൻപള്ളി - പരപ്പൻ ചിന ശ്മശാനം
19. ഉരുകുളം പള്ളിപ്പാറമുതൽ - പാങ്ങാട്ട് വരെ റോഡ് വെട്ടുക.
20. ഒറ്റക്കണ്ടം ഇടവഴി ഗതാഗത യോഗ്യമാക്കുക.
21. പടപ്പറമ്പ്തോന്നിപുറായ

ഇത്രയും വദ്ധതിയും നിർദേശങ്ങളുമാണ് ഗ്രാമ സഭകളിൽ നിന്നും മറ്റും ഉരുത്തിരിഞ്ഞ് വന്നത്. ഇനി കൂടുതൽ നിർദേശങ്ങൾക്കും. കാര്യങ്ങൾക്കുമായി ഈ റിപ്പോർട്ട് വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.



# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിലെ പ്രധാന വരുമാനം ഗൾഫ് മേഖലയിൽ നിന്നാണ്. എന്നാൽ ഈ പണം പ്രധാനമായും കെട്ടിടനിർമ്മാണ മേഖലയിലേക്കും ഉപഭോഗവസ്തക്കൾ വാങ്ങുന്നതിനുമാണ്. ഉപയോഗിക്കുന്നത്. ഗൾഫ് മേഖലയിൽ നമ്മുടെ നാട്ടിൽ നിന്നുള്ളവർക്ക് പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല നിലവിലുള്ള ഗൾഫ് മലയാളികളുടെ അവസരങ്ങൾ കൂടി കുറഞ്ഞുവരികയാണ്. സമീപ ഭാവിയിൽ ഗൾഫിൽ നിന്ന് കേരളത്തിലെക്ക് ധാരാളമാളുകൾ തൊഴിൽ രഹിതരായി തിരിച്ചുവന്നേക്കാം.

വലിയ വ്യവസായ ശാലകളോ ഇടത്തരം വ്യവസായശാലകളോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. കാർഷിക ചെറുകിട വ്യവസായങ്ങൾ മുരടിച്ചു കിടക്കുകയാണ്. തൊഴിലോടുകൂടിയ ഉല്പാദന വർദ്ധനവാണല്ലോ ഒമ്പതാം പദ്ധതിയിയുടെ ലക്ഷ്യം. ഗൾഫ് മേഖലയിൽ നിന്ന് നമ്മുടെ നാട്ടിലെത്തുന്ന സമ്പത്ത് കാർഷിക ചെറുകിട വ്യവസായ മേഖലകളിലേക്ക് ഗതിമാറ്റി വിട്ടുകൊണ്ടല്ലാതെ പഞ്ചായത്തിൻെറ സമ്പദ്ഘടനയെ വികസിപ്പിക്കാൻ കഴിയില്ല.

പഞ്ചായത്തിൻെറ വരവ് ചെലവുകളിൽ കഴിഞ്ഞ അഞ്ച് വർഷമായി ഉണ്ടായിട്ടുള്ള വ്യതിയാനവും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | വരുമാനം 1990 - 91 | 1995 -96 |
|---|---|---|---|
| 1. | കെട്ടിടനികുതി | 314881 | 589696 |
| 2. | തൊഴിൽ നികുതി | 96675 | 148700 |
| 3. | മാർക്കറ്റ് | 51000 | 83575 |
| 4. | മണൽ ലേലം | 15655 | 114291 |
| 5. | വാടക | 185080 | 363942 |
| 6. | സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാൻറ് | 390428 | 494199 |
| 7. | സർക്കാർ ഗ്രാൻറുകൾ | 317836 | 557597 |
| 8. | നിക്ഷേപങ്ങൾ | 150344 | 325151 |
| 9. | മറ്റുള്ളവ | 75198 | 248010 |
| | ആകെ | 1597097 | 2925161 |

| ക്രമ നമ്പർ | ഇനം | ചെലവുകൾ | |
|---|---|---|---|
| | | 1990 - 91 | 1995 - 96 |
| 1. | എസ്റ്റാബ്ലിഷ്മെൻറ് ചെലവ് 1 | 365118 | 797308 |
| 2. | പൊതുമരാമത്ത് | 239471 | 220638 |
| 3. | വിദ്യാഭ്യാസം | 123640 | 71302 |
| 4. | കുടിവെള്ളം, ഡ്രെയിനേജ്, പൊതു ജനാരോഗ്യം | 52070 | 203275 |
| 5. | തെരുവ് വിളക്കുകൾ | 21781 | 34755 |
| 6. | മറ്റ് ചെലവുകൾ | 758717 | 1249263 |
| | ആകെ | 1560797 | 2576541 |

നിലവിലുള്ള നികുതികൾ യുക്തി സഹമാക്കുകയും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെതായ പങ്ക് നിർവ്വഹിക്കുകയാണ് നികുതിക്കൊടുക്കുന്നത് വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാ് പഞ്ചായത്തുകൾക്ക് നൽകുന്ന ഗ്രാൻറുകൾ ജനസംഖ്യാനുപാതികമായി നൽകുകയും വേണം.

## കെട്ടിട നികുതി

കെട്ടിട നികുതി കുറച്ച്കൂടി ശാസ്ത്രീയമായി കണക്കാക്കെണ്ടതുണ്ട്. നികുതിചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മത്രം അടിസ്ഥാനമാക്കിയാൽ പോര - ആഡംബരത്വവും വിലകൂടിയ സാമഗ്രികളുടെ ഉപയോഗവും കണക്കിലെടുക്കണം.

നികുതി ചുമത്തുന്ന പ്രക്രിയ സുതാര്യമാക്കുന്നതിനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു അസ്സസ്മെൻറ് കമ്മറ്റി രൂപികരിക്കാവുന്നതാണ്. കെട്ടിടങ്ങൾ ഉണ്ടാക്കുന്ന വർഷത്തിൽ രജിസ്ട്രേഷൻ ഫീസ് ഊടാക്കാം.

## തൊഴിൽ നികുതി.

തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതികൊടക്കുന്ന സംവിധാനമുണ്ടാക്കണം. തൊഴിലാളികളെ മുഴുവൻ പേരെയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും, സ്കീമിൽ അംഗങ്ങളായ മുഴുവൻ അംഗങ്ങളിൽ നിന്നും നികുതി പിരിക്കുകയും ചെയ്യാം. ഇങ്ങിനെ ചെയ്താൽ പഞ്ചായത്തിൻെറ വരുമാനത്തിൽ സാരമായ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും.

## വിനോദനികുതി

ഇപ്പോൾ നിലവിൽ പഞ്ചായത്തിൽ സിനിമാതിയേറ്ററുകൾ ഇല്ല. പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗമാണ് വിനോദനികുതി. താൽപര്യമുള്ളവർ ഉണ്ടെങ്കിൽ സിനിമാ തിയേറ്റർ തുടങ്ങാൻ അനുമതികൊടുക്കുകയും അങ്ങിനെ വിനോദനികുതിയിനത്തിൽ പഞ്ചായത്തിന് നല്ല വരുമാനമുണ്ടാക്കാൻ കഴിയും.

## ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണബേങ്കിനെ കൂടാതെ മലപ്പുറം ജില്ലാ സഹകരണ ബേങ്കിൻെറയും, കോട്ടക്കൽ കോ-ഓപറെറ്റീവ് അർബൻബേങ്കിൻെറയും ഓരോ ശാഖകളും, സ്റ്റേറ്റ് ബേങ്ക് ഓഫ് ട്രാവൻകൂറിൻെറ രണ്ട്ശാഖകളും, സൗത്ത് മലബാർ ഗ്രാമീണ ബേങ്കിൻെറ മൂന്ന് ശാഖകളും, നെടുങ്ങാടി ബേങ്കിൻെറ ഒരു ശാഖയും ഉണ്ട്. ഇവിടെ നിന്ന്

Gos

സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ സിംഹഭാഗവും ഇവിടെത്തെ ഉൽപാദന മേഖലകളിലേക്ക് വായ്പയായി നൽകുന്ന് സമീപനം ബാങ്കുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

## ജലവിഭവം

പഞ്ചായത്തിൻെറ വടക്കേ അറ്റം മുതൽ തെക്കെ അറ്റംവരെ ഏകദേശം 8 കിലോമീറ്റർ നിളമുള്ള ചേറൂർ വേങ്ങര തോടിൻെറ ഇരുകരകളും കെട്ടി സംരക്ഷിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ ബണ്ട്കെട്ടുകയും ചെയ്യണം. ഇതിനായി അതാത് പ്രദേശങ്ങളിലെ മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൻെറ തെക്കെ അതിർത്തിയിലൂടെ നീങ്ങുന്ന കടലുണ്ടിപുഴയിൽ തടയണ നിർമ്മിക്കണം. ഈ രണ്ട് കാര്യങ്ങളും ചെയ്താൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം, ജലസേചന സൗകര്യങ്ങളിലെ കുറവ് എന്നിവ പരിഹരിക്കാം.

## മനുഷ്യാദ്ധ്വാനം.

നാട്ടിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവം തന്നെയാണ്. പഞ്ചായത്തിൻെറ വികസനത്തെക്കുറിച്ച്. ബഹുജന സംഘടനകൾക്ക് അവബോധം നൽകുകയും അവരുടെ പങ്കാളിത്തത്തോടെയുള്ള വികസന പരിപാടികൾക്ക് രൂപം നൽകുകയും വേണം. ജനങ്ങളുടെ അദ്ധ്വാനം കൊണ്ടുണ്ടാകുന്ന സാമൂഹ്യാസ്തികൾ സംരക്ഷിക്കാൻ അവർ തന്നെ മുന്നോട്ട്വരും.

## മറ്റ് നിർദേശങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ബേങ്കുകളിൽ നിക്ഷേപിക്കുന്നവിരിൽ പലിശ വാങ്ങാൻ താൽപര്യമില്ലാത്തവരുണ്ട്. ഇങ്ങിനെയുള്ളവരുടെ നിക്ഷേപങ്ങളിൽ നിന്നുണ്ടാകുന്ന പലിശ ബേങ്കുകളിൽ നിന്ന് പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള സംവിധാനങ്ങളുണ്ടാകണം.

പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിലേക്ക് ജനങ്ങളിൽ നിന്ന് ഒരു പലിശ രഹിത. നിധി ശേഖരിക്കാവുന്നതാണ്. ഇങ്ങിനെ ലഭിക്കുന്നതുകയിൽ നിന്നും പകുതി തുക ഇന്ദിരാവികാസ് പത്രികയിൽ നിക്ഷേപിച്ചാൽ അഞ്ചാം വർഷം കഴിയുമ്പോൾ ഇറക്കിയ മുതൽ ജനങ്ങൾക്ക് തിരിച്ച് കൊടുക്കാൻ കഴിയും. ബാക്കിവരുന്ന പകുതിതുക പഞ്ചായത്തിൻെറ പൊതുവെ യുള്ള വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെക്കാൻ കഴിയും.

ബസ്സ്റ്റാൻറ് പരിസരത്ത് ഒരു കമ്പ്യൂട്ട റൈസ്ഡ് ഇല്ല്യൂമിനേറ്റഡ് ഇലക്ട്രോണിക് അട്വൈർടൈസ്മെൻറ് ബോർഡ് സ്ഥാപിച്ച് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാവുന്ന താണ്. പഞ്ചായത്തിൻെറ കൈവശമുള്ള പ്രദേശങ്ങ ളിൽ ജനശ്രദ്ധ ആകർപ്പിക്കുന്ന സ്ഥലങ്ങളിൽ ജി. ഐ. ഷീറ്റ് ഉപയോഗിച്ചുള്ള പരസ്യബോർഡുകൾ സ്ഥാപിച്ച് വാടകക്ക് നൽകണം.

ഗാന്ധിക്കുന്ന്, ചാത്തംകുളം, ഇല്ലിക്കൽ പ്പാടം, കുറ്റികൊളക്കാട്, ചെറേക്കാട് എന്നിവിടെ ങ്ങളിലെവിടെങ്കിലും ഒരു മിനിസ്റ്റേഡിയം സ്ഥാപി ക്കുകയും അതിനായി വലിയ തോതിലുള്ള മനുഷ്യാ ദ്ധ്വാനം സംഭാവനയായി സ്വീകരിക്കുകയും വേണം. സ്റ്റേഡിയത്തിൽ ഏർപ്പെടുത്തുന്ന പരിപാടികൾക്ക് ചുങ്കം ഏർപ്പെടുത്താവുന്നതാണ്.

ബസ്സ്റ്റാൻറ് ബിൽഡിംഗിൻെറ മുകൾ ഭാഗത്ത് ഒരു കമ്മ്യൂണിററിഹാൾ നിർമ്മിക്കുകയും ബസ്സ്റ്റാൻറിൽ ഒരു ക്ലോക്ക്റൂം നിർമ്മിക്കുകയും വേണം. നിലവിലുള്ള മാർക്കറ്റ് പോളിച്ച് ഒരു ബഹുനിലഷോപ്പിംഗ് സെൻറർ, മാർക്കറ്റ്, അറവ് ശാല എന്നിവ സ്ഥാപിക്കണം ഷോപ്പിങ്ങ് സെൻററിലെ മുറികൾ ആവാശ്യമുള്ളവരിൽ നിന്ന് അഡ്വാൻസ് വാങ്ങി ഇതിനായുള്ള ധനം കണ്ടെത്താ വുന്നതാണ്.

നിലവിലുള്ള വാടകകെട്ടിടങ്ങളുടെ യഥാർത്ഥ വാടകകണ്ടു പിടിച്ച് ഉടമസ്ഥരിൽ നിന്ന് കിട്ടേണ്ട നികുതി പിരിച്ചെടുക്കേണ്ടതാണ്. ലൈസൻസില്ലാത്ത കടകൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും ഉള്ളവയഥാസമയം പുത ക്കുന്ന തിനാവശ്യമായ സംവിധാനം ഉണ്ടാക്കുകയും വേണം.


കൂരിയാട് ഭാഗത്ത് ഒരു കംഫർട്ട് സ്റ്റേഷൻ കം ക്ലോക്ക് റൂം സ്ഥാപിക്കണം. തോട്ടശ്ശേരിയറയിൽ പഞ്ചായത്ത് വക പുറം പോക്കിൽ ഒരു മാർക്കറ്റ് കം ഷോപ്പിംഗ് സെൻറർ സ്ഥാപിക്കണം.

പഞ്ചായത്ത് റോഡിൻെറ ഇരുവശങ്ങളിലും തേക്ക്, ഈട്ടി, പ്ലാവ് തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പി ക്കുകയും, ഇത് ബഹുജന പങ്കാളിത്തത്തോ ടെയാവുകയും ഇതിൻെറ സംരക്ഷണറോഡ്

609

സംരക്ഷണ സമിതിയെ ഏൽപ്പിക്കുകയും ചെയ്താൽ പിൽക്കാലത്ത് പഞ്ചായത്തിന് ഒരു മുതൽക്കൂട്ടാവും.

വിഭവ സമാഹരണ രംഗത്ത് ഇത്രയും നിർദ്ദേശങ്ങളാണ് പഞ്ചായത്തിൻെറ വികസന സെമിനാറിൽ ഞങ്ങൾക്ക് സമർപ്പിക്കാനുള്ളത്. ഇത്രയും കാര്യങ്ങൾ ആത്മാർത്ഥതയോടും ശ്രദ്ധയോടും കൂടി ചെയ്യുകയാണെങ്കിൽ വിഭവ സമാഹരണത്തിൽ ഗണ്യമായ ഒരു പങ്ക് നിർവ്വഹിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ കൂടുതൽ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി വികസനസെമിനാർ മുമ്പാകെ സവിനയം സമർപ്പിക്കുന്നു.



610

## വേങ്ങര ഗ്രാമപഞ്ചായത്ത്

*പ്രവർത്തനരേഖ*

1995 ഒക്ടോബർ 2ന് ഈ പഞ്ചായത്ത് ബോർഡ് അധികാരമേറ്റ ഉടനെ ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് മാലിന്യങ്ങൾ നീക്കാനായി ട്രൈലർ വാങ്ങുകയും കഴിഞ്ഞ പഞ്ചായത്ത് ബോർഡ് നിർദ്ദേശിച്ചിരുന്ന എല്ലാ പണികളും പൂർത്തിയാക്കുകയുമാണ് ചെയ്തത്. ഈ ഒരു കൊല്ലത്തിന്നടക്ക് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഈ പഞ്ചായത്ത് ബോർഡിന് കഴിഞ്ഞിട്ടുണ്ട്.

രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാനായി കുഴൽകിണറുകൾ കുഴിക്കുകയും, പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി നൂറിലധികം ടാപ്പുകൾ അനുവദിക്കുകയും ഉപയോഗശൂന്യമായി കിടന്നിരുന്ന ഒട്ടേറെ കിണറുകൾ പുനരുദ്ധാരണം നടത്തുകയും ചെയ്തു.

പഞ്ചായത്ത് ബസ്സ്റ്റാൻറ്, മാർക്കറ്റ് റോഡ്, പത്തുമൂച്ചി - വേങ്ങര പാടം റോഡ് എന്നിവ ടാർ ചെയ്തു. അടക്കാപുര - ഇരുകുളം, വേങ്ങര - വെട്ടുതോട്, പാക്കടപ്പുറായ - ചേറ്റിപ്പുറമാട് എന്നീ റോഡുകൾ ടാർ ചെയ്യുവാൻ ടെണ്ടർ കൊടുത്തു. തോട്ടശ്ശേറിയറ - വാളക്കുട റോഡ്, അച്ചനമ്പലം - ചെറേക്കാട് റോഡ്, അച്ചനമ്പലം - ബാലിക്കാട് റോഡ് എന്നീ റോഡുകളുടെ പ്രവർത്തനങ്ങൾക്കുള്ള നടപടി എടുത്തു. തട്ടാഞ്ചേരിമല സ്കൂൾ റോഡ്, പുത്തനങ്ങാടി - ഇരിങ്ങല്ലൂർ പാടം റോഡ്, പരപ്പിൽപാറ - മൂന്നാംമൂല റോഡ്, മൂന്നാംമൂല - കുണ്ടുചോല റോഡ് എന്നീ റോഡുകളുടെ പ്രവർത്തനങ്ങൾ നടത്തി. പാണ്ടികശാല - ബാക്കിക്കയം റോഡിൻെറ പുരോഗമന പ്രവർത്തനം ടെണ്ടർ കൊടുത്തു. കൂടാതെ പല റോഡുകളിലും ചെറുകിട പുരോഗമന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

ബസ് സ്റ്റാൻറിൽ കംഫർട്ട് സ്റ്റേഷൻ, പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 3 ബസ് വെയിറ്റംഗ് ഷെഡുകൾ എന്നിവ നിർമ്മിച്ചു. മത്സ്യമാർക്കറ്റിൻെറ ശോചനീയാവസ്ഥ പരിഹരിക്കാനായി മാർക്കറ്റ് പരിസരം കോൺക്രീറ്റ് ചെയ്യാൻ ഫണ്ട് നീക്കിവെക്കുകയും, മാർക്കറ്റിലെ വെയിസ്റ്റ് പിറ്റ് നന്നാക്കുകയും ചെയ്തു. അലഞ്ഞുതിരിഞ്ഞു നടക്കുന്ന കാലികളെ പിടിച്ചു കെട്ടാനായി കന്നുകാലി പൗണ്ട് ഉപയോഗപ്രദമാക്കി. ഇനിയും 12 ഓളം റോഡുകളുടെ പുരോഗമന പ്രവർത്തനങ്ങൾക്കുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു.


പഞ്ചായത്തിലെ ദുർബലജന വിഭാഗങ്ങൾക്ക് പുര കെട്ടിമേയാനുള്ള സഹായവും, ജനറൽ സെക്ടറിൽ 30 ഉം എസ്.സി. എസ്.ടി. വിഭാഗത്തിന് 60ഉം കക്കൂസുകളും അനുവദിച്ചു. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡും, പൾസ് പോളിയോ പരിപാടിയിൽ ഏറ്റവും നന്നായി സഹകരിച്ചതിന് എല്ലാ അംഗൻവാടി ടീച്ചർമാർക്കും ക്യാഷ് അവാർഡും നൽകി. പഞ്ചായത്തിലെ 8ാം വാർഡിലും 10ാം വാർഡിലും അംഗൻവാടി നിർമ്മിക്കുവാൻ സ്ഥലം നൽകുകയും, ബാലിക്കാട് ഹരിജൻ കോളനി, പനക്കൽ ഹരിജൻ കോളനി എന്നിവിടങ്ങളിൽ ടിവി. സ്ഥാപിക്കുകയും ചെയ്തു.

കൊതുകു നിവാരണ വാരത്തോടനുബന്ധിച്ച് പഞ്ചായത്ത് മെമ്പർമാരും സന്നദ്ധസംഘടനകളും ചേർന്ന് ബസ്സ്റ്റാൻറും വേങ്ങര അങ്ങാടിയും ശുചീകരണം നടത്തി.

ചിങ്ങം ഒന്നിന് കൃഷിഭവൻെറ സഹായത്തോടെ കർഷകരെ ആദരിക്കുകയും കർഷക സെമിനാറുകൾ സംഘടിപ്പിക്കുകയും ഓണാഘോഷത്തോടനുബന്ധിച്ച് സാംസ്കാരിക സംഘടനകളുമായി സഹകരിച്ച് കായിക മത്സരം സംഘടിപ്പിക്കുകയും ബ്ലോക്ക് തല കായിക മത്സരത്തിൽ രണ്ടാം സ്ഥാനം നേടുകയും ചെയ്തു. സാമൂഹ്യ ഐക്യദാർഢ്യ ദിനത്തോടനുബന്ധിച്ച് ബാലിക്കാട് ഹരിജൻ കോളനിയിൽ രക്തഗ്രൂപ്പ് നിർണ്ണയവും ,സൗജന്യ വൈദ്യപരിശോധനയും ആരോഗ്യ ബോധവൽക്കരണ സെമിനാറും നടത്തി.

വിശേഷാൽ ഗ്രാമസഭയിൽ 2500 പേർ പങ്കെടുക്കുകയും ആസൂത്രണ പരിപാടിയുടെ വിജയത്തിന്നായി വിവിധ രാഷ്ട്രീയ, സാമൂഹ്യ സംഘടനകളിൽ പെട്ടവരും ഒന്നിലും പെടാത്തവരുമായ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

നവമ്പർ ഒന്നിൻെറ പുനരർപ്പണ ദിനത്തോടനുബന്ധിച്ച് 15 വാർഡുകളിലും ബഹുജന പങ്കാളിത്തത്തോടെ ഒട്ടേറെ പുരോഗമന പ്രവർത്തനങ്ങൾ നടന്നു. ഇതിനായി 78265 രൂപ പണമായും 1000 ത്തിലധികം തൊഴിൽദിനങ്ങൾ ശ്രമദാനമായും ലഭിച്ചു. വേങ്ങര അങ്ങാടിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ പറ്റുന്ന വിധത്തിൽ ഗേൾസ് ഹൈസ്കൂളിന് മുന്നിലൂടെ വ്യാപാരി വ്യവസായി ഏകോപന സമിതി വേങ്ങര യൂണിറ്റ് സ്വന്തം ചെലവിൽ 300 മീറ്റർ റോഡ് നിർമ്മിച്ച് ടാറിംഗിനുള്ള നടപടികൾ പൂർത്തിയാക്കിയത് വികസന പ്രവർത്തനങ്ങളിൽ ബഹുജന പങ്കാളിത്തത്തിനുള്ള ഏറ്റവും നല്ലൊരു മാതൃകയാണ്. ഗ്രാമസഭകളിലേയും വിശേഷാൽ ഗ്രാമസഭകളിലേയും ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സർക്കാറിൻെറയും വിവിധ തുറകളിലുള്ള മഹാമനസ്ക്കരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന അഭ്യർത്ഥനയോടെ ഈ രേഖ ബഹുജന സമക്ഷം സമർപ്പിക്കുന്നു.



# ഉപസംഹാരം

അര നൂറ്റാണ്ടു കാലത്തോളം വകുപ്പു മേധാവികളിലും ഉദ്യോഗസ്ഥ വൃന്ദങ്ങളിലും കേന്ദ്രീകരിച്ചിരുന്ന ഒരാസൂത്രണ സമ്പ്രദായമായിരുന്നു നമ്മുടെ രാജ്യത്ത് നിലനിന്നിരുന്നത്. കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളിലും അതാണ് നമുക്കു കാണാൻ കഴിഞ്ഞത്. ഒമ്പതാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന കാര്യങ്ങളും മറ്റും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ ജനപങ്കാളിത്തത്തോടു കൂടി വേണം നടപ്പാക്കാൻ എന്ന സംസ്ഥാന ആസൂത്രണ ബോർഡിൻെറ തീരുമാനത്തിലൂടെ ഭാരിച്ച ഒരു ഉത്തരവാദിത്വമാണ് നമുക്ക് ഏറ്റെടുത്ത് നടത്താനുള്ളത്.

ഇക്കാലമത്രയും നടന്നിരുന്ന ആസൂത്രണ പ്രക്രിയകളിൽ നിന്ന് വ്യത്യസ്ഥമായി ഒമ്പതാം പദ്ധതി രണ്ടു തലങ്ങളിൽ വെച്ചാണ് രൂപപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

1 പ്രാദേശിക റിപ്പോർട്ടുകൾ

2 സംസ്ഥാന തലത്തിൽ ആസൂത്രണ ബോർഡ് നിയോഗിച്ചിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റികളും ചേർന്ന് തയ്യാറാക്കുന്ന ഉന്നത തല റിപ്പോർട്ടുകൾ

അടിസ്ഥാന ഘടകമായ പ്രത്യേക ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള സമിതികളും പഞ്ചായത്തിനകത്തുള്ള വിദഗ്ദരും ജനകീയാസൂത്രണ പ്രവർത്തകരും ചേർന്ന് തയ്യാറാക്കിയ പരിഹാരനിർദ്ദേശങ്ങളും സാദ്ധ്യതകളുമടങ്ങിയ പ്രാദേശിക വികസന റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്.

ഇതു പോലെയുള്ള ഒരു പ്രവർത്തന ശൈലി നമ്മെ സംബന്ധിച്ചിടത്തോളം ഒരു പുതിയ അനുഭവമായതിനാലും ചുരുങ്ങിയ കാലയളവിൽ ചെയ്തു തീർക്കേണ്ടി വന്നതിനാലും പല പോരായ്മകളും റിപ്പോർട്ടിൽ ഉണ്ടായേക്കാം

റോഡുകളും പാലങ്ങളും ബഹുനില കെട്ടിടങ്ങളും മാത്രമാണ് വികസനം എന്ന നമ്മുടെ പാരമ്പര്യ ചിന്തയിൽ നിന്നും വ്യത്യസ്മായി ഉൽപാദന മേഖലകളും സേവന മേഖലകളും പരിപൂർണ്ണമായും വളരുമ്പോഴും വികസിക്കുമ്പോഴുമാണ് വികസനം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കാൻ കഴിയുന്നത്. അതിന്നായി കുറേയധികം നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിലൂടെ മുന്നോട്ട് വെച്ചിരിക്കുകയാണ്.

പ്രത്യേക ഗ്രാമസഭകൾ നടത്തുന്നതിനും വികസന റിപ്പോർട്ടിന്നാവശ്യമായ സ്ഥിതിവിവരണ കണക്കുകൾ ശേഖരിക്കുന്നതിനും ഭൂപ്രകൃതി പഠനത്തിനും പഞ്ചായത്തിലെ നിരവധി ആളുകളുടെ കക്ഷിരാഷ്ട്രീയത്തിന്നതീതമായ ഒരു ഐക്യനിര ഉണ്ടാക്കിയെടുക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഈ വികസന രേഖയിൽ പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളും ഒറ്റയടിക്ക് നടപ്പിലാക്കുവാൻ നമുക്ക് പരിമിതികളുണ്ട്. കാരണം പദ്ധതി നടത്തിപ്പിന്നായി ആസൂത്രണ ബോർഡ് അനുവദിച്ചിട്ടുള്ള അടങ്കൽ തുക വളരെ അപര്യാപ്തമാണ്. ആയതിനാൽ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രൂക്ഷമായ തൊഴിലില്ലായ്മക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്ന ഒരു മുൻഗണനാ ക്രമം റിപ്പോർട്ടിലെ പരിപാടികൾക്ക് നിശ്ചയിക്കേണ്ടതുണ്ട്. അതിന്നായി മനുഷ്യാദ്ധ്വാനവും വിഭവങ്ങളും നമുക്ക് കണ്ടെത്തേണ്ടി വരും. നമ്മുടെ നാടിന് വേണ്ടി നാം രൂപം നൽകിയ പരിപാടികളുടെ വിജയത്തിന്നായി നാം പടുത്തുയർത്തിയ ബഹുജന ഐക്യനിര വിപുലമാക്കാനും കരുത്തുറ്റതാക്കിത്തീർക്കുകയും വേണം. എങ്കിൽ മാത്രമേ നാം ലക്ഷ്യപ്രാപ്തിയിലെത്തുകയുള്ളൂ.

കക്ഷിരാഷ്ട്രീയ വിഭാഗീയ ചിന്തകൾക്കതീതമായ സേവന സന്നദ്ധതയോടു കൂടിയ ഒരു കൂട്ടായ്മയിലൂടെ മാത്രമേ നമുക്ക് അതിന് കഴിയുകയുള്ളൂ എന്ന് അനുഭവം നമുക്ക് ഒരു പാഠമാണ്. അതു കൊണ്ടു തന്നെ നമ്മുടെ നാട്ടിൽ ഒരു പുത്തൻ വികസന സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള ഒരു തുടക്കമെന്ന നിലയിൽ ഈ വികസന രേഖ വിശദമായ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി വേങ്ങര പഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സമർപ്പിച്ചു കൊള്ളട്ടെ.

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

## C.M. സദാനന്ദൻ, കൺവീനർ, വികസന സമിതി

### കൃഷി - ജലസേചനം

എ.കെ. കുഞ്ഞിമുഹമ്മദ്
വി.ജി. ചിത്ര (കൃഷിഓഫീസർ)
എൻ.ടി. മുഹമ്മദ് ശരീഫ് (DRP)
എ.കെ. ബാവമാസ്റ്റർ
ടി.കെ. കുഞ്ഞിതു
ടി.കെ. മുഹമ്മദ്
പി.ചെക്കു
സി.എം. കുട്ടി
വി.കെ. ഷാഹുൽ ഹമീദ്
സി.മുഹമ്മദ്
ടി.പി. മൊയ്തീൻകുട്ടി ഹാജി
ടി.കെ. അച്ചുതൻ നായർ
എ. ദാമോദരൻ

### മൃഗസംരക്ഷണം - മത്സ്യ ബന്ധനം

പി.പി. അഹമ്മദ് (കുഞ്ഞാപ്പുട്ടി)
ഡോ. വി. സുരേഷ് (മൃഗസംരക്ഷണ വകുപ്പ്)
എ.കെ. മുഹമ്മദ്
വി.പി. നാരായണൻകുട്ടി മാസ്റ്റർ
ഒ.കെ. വേലായുധൻ
എം.ടി. അബൂബക്കർ മൈനർ
എ.കെ. വേലായുധൻ

### വിദ്യാഭ്യാസം

എൻ. ടി. അബ്ദുൽ നാസർ
ഹൈദർ കുറ്റൂർ (V.E.C. സെക്രട്ടറി)
പള്ളിക്കൽ മൊയ്തീൻ കുട്ടി
കെ. അബ്ദുറഹിമാൻ
കെ.പി. റസിന

### വ്യവസായം

ചാക്കീരി അബ്ദുൽ ഹഖ്
കെ.അഹമ്മദ്കുട്ടി (DRP)
ഇ.കെ. ആലിമൊയ്തീൻ
വടക്കൻ അബ്ദുൽ ജബ്ബാർ
മുരളി മോഹൻദാസ്
എ.കെ. അബ്ദുറസാഖ്

### ആരോഗ്യം കുടിവെള്ളം

പി. ആയിശക്കുട്ടി ടീച്ചർ
ഡോ. മോഹൻ മാമുണ്ണി (PHC) വേങ്ങര
സി.എം. മോഹൻദാസ്
ഇ.പി. സുബൈദ
സുബിന
കെ. മജീദ് മാസ്റ്റർ
വള്ളിടീച്ചർ (DRP)

### ഗതാഗതം - ഊർജ്ജം - മർക്കറ്റ്

കല്ലൻ മുഹമ്മദ് മാസ്റ്റർ
എൻ.ടി. മൊയ്തുക്കുട്ടി
എൻ.കെ. അബ്ദുൽ നാസർ (DRP)
എൻ.കെ.പോക്കർ
എൻ. മൊയ്തീൻ കുട്ടി
കെ. താജ്മുദ്ദീൻ
കെ. മുസ്തഫ
എ.കെ. മുഹമ്മദ്
പി. അഹമ്മദ്കുട്ടി
എൻ.കെ. മുജീബ് റഹ്മാൻ

### പാർപ്പിടവും സാമൂഹിക ക്ഷേമവും

ശാന്തടീച്ചർ
ഗീത (DRP)
പി.എ. മുഹമ്മദ് കുട്ടി (DRP)
എൻ.പി. ചന്ദ്രൻ
സി.പി. കരുണാകരൻ
ഗോപിനാഥൻ മാസ്റ്റർ

### സാംസ്കാരം

മരുതിൽ ഹംസക്കുട്ടി
ബഷീർ മാസ്റ്റർ എ.കെ. (ബ്ലോക്ക് പ്രസി.)
സി.എം. സദാനന്ദൻ (DRP)
കെ.കെ. രാമകൃഷ്ണൻ
സുബ്രഹ്മണ്യൻ
എൻ.കെ. അബ്ദുൽ ലത്തീഫ്
പി.കെ. മുഹമ്മദ് മാസ്റ്റർ

### വനിത

പുക്കയിൽ ഫാത്തിമ
C.J. സുബ്രഹ്മണ്യൻ (BDO)
കെ.ഗംഗാധരൻ (DRP)
ഇന്ദിര
രവീന്ദ്രൻ മാസ്റ്റർ

### സഹകരണം

പി.ഇ. അബൂബക്കർ ഹാജി
മൈനർ മുഴിക്കൽ (DRP)
P.I. മുഹമ്മദ് കുട്ടി
കെ.പി. മുഹമ്മദ് അക്രം
വി.കെ. അബ്ദുൽ ഗഫൂർ

### പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കെ.രാമൻ
എ. ശശി
എ.പി. ഉണ്ണികൃഷ്ണൻ (DRP)
വി.ദേവകി
ബി.കെ. വിജയൻ
കെ. ജാനകി
പി.വേലായുധൻ

### വിഭവ സമാഹരണം

ടി.കെ. റഷീദലി
എൻ. കതിയുമ്മ
ഇ.ഒ. ബാബു അബ്ദുൽ അസീസ് (പഞ്ചായത്ത് സെക്രട്ടറി)
പി.വി. ജോസ്
മാളിയേക്കൽ അബൂബക്കർ
കുന്നുമ്മൽ മൊയ്തീൻ കുട്ടി

### ഉപദേശക സമിതി

പി.എ. സെയ്തു
ടി.കെ. അലിക്കുട്ടി
സുന്ദരൻ നീലഞ്ചേരി
കെ.എസ്. കുഞ്ഞാപ്പുട്ടി
പി.എ. ചെറീത്
പി.കെ. മുഹമ്മദലി ഹാജി.


ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി
★ പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ബഹുജന പങ്കാളിത്തം
★ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങളും വിഭവങ്ങളും.
★ തൊഴിലോട് കൂടിയ ഉൽപാദന വർദ്ധനവ്.
★ വികസന പ്രക്രിയ അഴിമതി രഹിതമാവുന്നു.
★ പ്രാദേശിക വിഭവങ്ങളും വൈദഗ്ദ്യവും ഉപയോഗിക്കപ്പെടുന്നു.
★ വികസന പ്രക്രിയയിൽ സ്ത്രീകൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും പൂർവ്വാധിക പങ്കാളിത്തം.
★ കേരളം ഒരിക്കൽക്കൂടി ലോകത്തിന് മാതൃകയാകുന്നു.
നമ്മുടെ നാടിനു
നമ്മുടെ പദ്ധതി.
(അധികാരം
ജനങ്ങൾക്ക്)